# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

2022 ജൂലൈ 14, വ്യാഴം

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 188 - നമ്പർ 10

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

**2022 ജൂലൈ 14, വ്യാഴം**

സ്പീക്കർ
**ശ്രീ. എം. ബി. രാജേഷ്**

ഡെപ്യൂട്ടി സ്പീക്കർ
**ശ്രീ. ചിറ്റയം ഗോപകുമാർ**

സെക്രട്ടറി-ഇൻ-ചാർജ്ജ്
**ശ്രീമതി കവിത ഉണ്ണിത്താൻ**

ചീഫ് എഡിറ്റർ
**ശ്രീമതി എസ്. ജയശ്രീ**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# മന്ത്രിസഭാംഗങ്ങൾ

| | |
|---|---|
| മുഖ്യമന്ത്രി | : ശ്രീ. പിണറായി വിജയൻ |
| മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി | : ശ്രീ. വി. അബ്ദുറഹിമാൻ |
| തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി | : ശ്രീ. അഹമ്മദ് ദേവർകോവിൽ |
| ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി | : ശ്രീ. ജി. ആർ. അനിൽ |
| ഗതാഗത വകുപ്പുമന്ത്രി | : ശ്രീ. ആന്റണി രാജു |
| ധനകാര്യ വകുപ്പുമന്ത്രി | : ശ്രീ. കെ. എൻ. ബാലഗോപാൽ |
| ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി | : ഡോ. ആർ. ബിന്ദു |
| മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി | : ശ്രീമതി ജെ. ചിഞ്ചുറാണി |
| തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി | : ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ |
| വൈദ്യുതി വകുപ്പുമന്ത്രി | : ശ്രീ. കെ. കൃഷ്ണൻകുട്ടി |
| പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി | : ശ്രീ. പി. എ. മുഹമ്മദ് റിയാസ് |
| കൃഷി വകുപ്പുമന്ത്രി | : ശ്രീ. പി. പ്രസാദ് |
| പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : ശ്രീ. കെ. രാധാകൃഷ്ണൻ |
| റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി | : ശ്രീ. കെ. രാജൻ |
| നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി | : ശ്രീ. പി. രാജീവ് |
| ജലവിഭവ വകുപ്പുമന്ത്രി | : ശ്രീ. റോഷി അഗസ്റ്റിൻ |
| വനം-വന്യജീവി വകുപ്പുമന്ത്രി | : ശ്രീ. എ. കെ. ശശീന്ദ്രൻ |
| പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി | : ശ്രീ. വി. ശിവൻകുട്ടി |
| സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി | : ശ്രീ. വി. എൻ. വാസവൻ |
| ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി | : ശ്രീമതി വീണാ ജോർജ് |

## ഉള്ളടക്കം


**I. ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

**II. അടിയന്തരപ്രമേയം**

അട്ടപ്പാടിയിലെ ശിശുമരണം

- ശ്രീ. എൻ. ഷംസുദ്ദീൻ

(അവതരണാനുമതി നിഷേധിച്ചു)

**III. ശ്രദ്ധ ക്ഷണിക്കൽ**

(1) ശങ്കരൻ കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കൽ

- ശ്രീ. പ്രമോദ് നാരായൺ

(2) കൊച്ചി ടൂറിസം ആക്ഷൻ പ്ലാൻ

- ശ്രീ. ടി. ജെ. വിനോദ്

**IV. സബ്മിഷൻ**

(1) പൂഞ്ഞാറിലെ ഗ്രാമീണ റോഡുകളുടെയും പാലങ്ങളുടെയും പുനരുദ്ധാരണം

- ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ

(2) കാലിത്തീറ്റയുടെ വില വർദ്ധനവ്

- ശ്രീ. ടി. സിദ്ദിഖ്

(3) തൃപ്പൂണിത്തുറയിലെ ഇരുമ്പുപാലം
- ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)

(4) കോട്ടായി ഐ.എച്ച്.ആർ.ഡി. കോളേജിന്റെ കെട്ടിട നിർമ്മാണം
- ശ്രീ. പി. പി. സുമോദ്

(5) സ്കൂൾ വിദ്യാർത്ഥികൾക്ക് ഉച്ചഭക്ഷണം
- ശ്രീ. വി. ആർ. സുനിൽ കുമാർ

(6) അമ്പലപ്പുഴയിലെ റോഡുകളുടെ ശോച്യാവസ്ഥ
- ശ്രീ. എച്ച്. സലാം

(7) തിരൂർ-പൊൻമുണ്ടം റെയിൽവേ ഓവർ ബ്രിഡ്ജ്
- ശ്രീ. കുറുക്കോളി മൊയ്തീൻ

(8) ചാലക്കുടിയിലെ അടിപ്പാത നിർമ്മാണം
- ശ്രീ. സനീഷ്കുമാർ ജോസഫ്

(9) മോട്ടോർ തൊഴിലാളി മേഖലയിലെ പ്രശ്നങ്ങൾ
- ശ്രീ. കടകംപള്ളി സുരേന്ദ്രൻ

(10) മരബോട്ടുകളുടെ ലൈസൻസ്
- ശ്രീ. കെ. വി. സുമേഷ്

## V. റിപ്പോർട്ടുകളുടെ സമർപ്പണം

(1) 2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെ ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും 2021 ഏപ്രിൽ 1 മുതൽ 2022 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും

(2) 2022-ലെ കേരള ധനകാര്യ ബിൽ, കേരള ധനാകാര്യ (2-ാം നമ്പർ) ബിൽ എന്നിവ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ റിപ്പോർട്ടുകൾ

(3) സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റിയുടെ ആറ് മുതൽ പത്ത് വരെയുള്ള റിപ്പോർട്ടുകൾ

(4) അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ ആറാമത് റിപ്പോർട്ട്

## VI. വ്യക്തിപരമായ വിശദീകരണം

കോട്ടത്തറ ആശുപത്രിയുമായി ബന്ധപ്പെട്ട് ശ്രീ. എൻ. ഷംസുദ്ദീൻ എം.എൽ.എ. നടത്തിയ പരാമർശം

- ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്)

## VII. ധനകാര്യം

2022-23 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും:

ധനാഭ്യർത്ഥന നമ്പർ - XVII – വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം

ധനാഭ്യർത്ഥന നമ്പർ - XXIV – തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും

ധനാഭ്യർത്ഥന നമ്പർ - XLVI – സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും

**അപരാഹ്ന സമ്മേളനം**

ധനാഭ്യർത്ഥന നമ്പർ - XII – പോലീസ്

ധനാഭ്യർത്ഥന നമ്പർ - XIII – ജയിലുകൾ

ധനാഭ്യർത്ഥന നമ്പർ - XIV – സ്റ്റേഷനറിയും അച്ചടിയും മറ്റു ഭരണപരമായ സർവ്വീസുകളും

ധനാഭ്യർത്ഥന നമ്പർ - XXIII – വാർത്താ വിതരണവും പ്രചരണവും

**അനുബന്ധം**

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

2022 ജൂലൈ 14, വ്യാഴം

---

വാല്യം 188} ഔദ്യോഗിക റിപ്പോർട്ട് {നമ്പർ 10

---

നിയമസഭ 2022 ജൂലൈ മാസം 14-ാം തീയതി വ്യാഴാഴ്ച രാവിലെ 09.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**I. ചോദ്യോത്തരങ്ങൾ**

(ഈ സമ്മേളനകാലത്തേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

# 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ... ഓർഡർ... ചോദ്യം നമ്പർ (*271)

## കെ.എസ്.ആർ.ടി.സി.-യിൽ ഉന്നതതല ഓഡിറ്റ്

1 (*271) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. സജീവ് ജോസഫ്:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിൽ ഉന്നതതല ഓഡിറ്റ് വേണമെന്നുള്ള ഹൈക്കോടതി ഉത്തരവ് നടപ്പാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) മൂവായിരത്തി അഞ്ഞൂറ് കോടി രൂപയുടെ നിലവിലെ നഷ്ടം നികത്താതെ ലാഭകരമായി മുന്നോട്ടുപോകാൻ കെ.എസ്.ആർ.ടി.സി.-ക്ക് സാധിക്കില്ല എന്നത് വസ്തുതയാണോ; വ്യക്തമാക്കുമോ;

(സി) എങ്കിൽ പ്രസ്തുത നഷ്ടം നികത്താൻ കെ.എസ്.ആർ.ടി.സി. സർക്കാരിൽനിന്നും സഹായം തേടിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു): സർ, (എ)

കെ.എസ്.ആർ.ടി.സി.-യിൽ ഉന്നതതല ആഡിറ്റ് വേണമെന്ന് WP(C) 15353/2022, 18462/2022 എന്നീ റിട്ട് ഹർജികൾ പരിഗണിക്കുന്ന വേളയിൽ തുറന്ന കോടതിയിൽ വാക്കാൽ പരാമർശം ഉണ്ടായെങ്കിലും ഇടക്കാല ഉത്തരവുകളിൽ അത്തരത്തിലുള്ള നിർദ്ദേശം ബഹുമാനപ്പെട്ട ഹൈക്കോടതി കെ.എസ്.ആർ.ടി.സി.-ക്ക് നൽകിയിട്ടില്ല. അക്കൗണ്ടന്റ് ജനറലിന്റെ ഒരു resident audit യൂണിറ്റ് കെ.എസ്.ആർ.ടി.സി.-യിൽ സ്ഥിരമായി പ്രവർത്തിക്കുന്നുണ്ട്.

(ബി) സി. & എ.ജി. ആഡിറ്റ് പൂർത്തിയാക്കിയ 2015-16 സാമ്പത്തിക വർഷം വരെയുള്ള കോർപ്പറേഷന്റെ സഞ്ചിത നഷ്ടം 6048.25 കോടി രൂപയും, സി. & എ.ജി. ആഡിറ്റ് അനുമതി ലഭ്യമാകാത്ത 2021-22 സാമ്പത്തിക വർഷംവരെയുള്ള താൽക്കാലിക കണക്കനുസരിച്ച് ടി സഞ്ചിത നഷ്ടം 15,952.22 കോടി രൂപയുമാണ്. കെ.എസ്.ആർ.ടി.സി.-യുടെ നഷ്ടം കുറയ്ക്കുന്നതിലേയ്ക്കായി പ്രൊഫ. സുശീൽ ഖന്നയുടെ റിപ്പോർട്ടിലെ പുനരുദ്ധാരണ പാക്കേജിലെ നിർദ്ദേശാനുസരണം വിവിധ ധനകാര്യ സ്ഥാപനങ്ങളിൽനിന്നും വർദ്ധിച്ച പലിശ നിരക്കിലും കുറഞ്ഞ തിരിച്ചടവ് കാലയളവിലും എടുത്ത വായ്പകൾ പൊതുമേഖലാ ബാങ്കുകളുടെ കൺസോർഷ്യം വഴി 3100 കോടി രൂപ വായ്പ സമാഹരിച്ച് ലാഭകരമായി

പുനഃക്രമീകരിച്ചിട്ടുണ്ട്. ടി വായ്പയുടെ തിരിച്ചടവ് ദൈനംദിന വരുമാനത്തിൽനിന്നും മുടക്കംകൂടാതെ ഒടുക്കുന്നുമുണ്ട്. മാത്രമല്ല കോവിഡിനെത്തുടർന്ന് ടി കൺസോർഷ്യം വായ്പയുടെ തിരിച്ചടവ് മുടങ്ങിയ സാഹചര്യത്തിൽ ബാങ്കുകളിൽനിന്നുള്ള നിയമനടപടികൾ ഒഴിവാക്കുന്നതിനായി സർക്കാർ വിവിധ ഘട്ടങ്ങളിലായി 420 കോടി രൂപ വായ്പ തിരിച്ചടവിനായി ധനസഹായം അനുവദിച്ചിട്ടുണ്ട്. ഡീസൽ വിലയിലെ അനിയന്ത്രിത വർദ്ധനവ്നിമിത്തം വരുമാനത്തിന്റെ സിംഹഭാഗവും ഡീസൽ ചെലവിനത്തിലും കൺസോർഷ്യം വായ്പ തിരിച്ചടവിനത്തിലും ചെലവഴിക്കുകയാണ്. പ്രസ്തുത സാഹചര്യത്തിൽ 3100 കോടി രൂപയുടെ കൺസോർഷ്യം വായ്പ തിരിച്ചടവ് കോർപ്പറേഷന് അധിക ബാധ്യതയാണെങ്കിലും നിലവിലെ സാമ്പത്തിക പ്രതിസന്ധി മറികടക്കാൻ സാധിക്കുന്നതാണ്. കെ.എസ്.ആർ.ടി.സി.-യുടെ മുൻകാല ബാധ്യത ഒഴിവാക്കിയാൽ, പ്രവർത്തന ചെലവ് ചുരുക്കുന്ന ഒട്ടേറെ നടപടികളാണ് ഈ സ്ഥാപനം നടപ്പാക്കികൊണ്ടിരിക്കുന്നത്. ജീവനക്കാരുടെ വേതനം പുതിയ നിയമനംമൂലം ഇനി വർദ്ധിക്കില്ലെന്ന് മാത്രമല്ല കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റിന്റെ സഹായത്താൽ ഓപ്പറേറ്റിംഗ് ചെലവ് കുറയ്ക്കാനും ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കാനും സാധിച്ചിട്ടുണ്ടെന്നും കഴിഞ്ഞ 2

മാസങ്ങളിലെ കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റിന്റെ പ്രവർത്തനത്തിലൂടെ തെളിഞ്ഞിട്ടുണ്ട്. തൊഴിലാളികളുമായി ആലോചിച്ച് കെ.എസ്.ആർ.ടി.സി.-യിൽ പ്രൊഫ. സുശീൽ ഖന്ന റിപ്പോർട്ടിന്റെ ശിപാർശ നടപ്പാക്കുമ്പോൾ നിലവിലെ പ്രതിസന്ധി മാറുമെന്ന കണക്കുകൂട്ടലാണ് ഗവൺമെന്റിനുള്ളത്. കെ.എസ്.ആർ.ടി.സി.-യുടെ 3,500 കോടി രൂപയുടെ നഷ്ടം ഒറ്റയടിക്ക് നികത്താനാകില്ല. നിലവിൽ ബാങ്കുകളുടെ കടം വീട്ടാനുള്ള സഹായം ഗവൺമെന്റ് നൽകുന്നുണ്ട്.

(സി) കെ.എസ്.ആർ.ടി.സി.-യുടെ വരുമാനത്തിൽനിന്നും ഡീസൽ, സ്പെയർപാർട്സ്, കൺസോർഷ്യം വായ്പ തിരിച്ചടവ് ഉൾപ്പെടെയുള്ള ദൈനംദിന ചെലവുകൾ കഴിച്ച് പ്രതിമാസ വരവും ചെലവും തമ്മിലുള്ള അന്തരം ഏകദേശം 100 കോടി രൂപ വരും. ഈ അന്തരം നിമിത്തമാണ് ജീവനക്കാരുടെ ശമ്പള വിതരണത്തിനായി പ്രത്യേക തുക കണ്ടെത്താൻ കഴിയാത്തത്. വരവ്-ചെലവിലെ അന്തരത്തിന് ആനുപാതികമായി ജീവനക്കാരുടെ ശമ്പളം വിതരണം ചെയ്യുന്നതിനായി കോർപ്പറേഷൻ എല്ലാ മാസവും മുൻകൂറായി സർക്കാരിൽനിന്നും 60 മുതൽ 70 കോടി രൂപ വരെ സാമ്പത്തിക സഹായം തേടുന്നുണ്ട്.

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: സർ, കോവിഡ് പ്രതിസന്ധിയിൽ

സർവ്വീസ് നടത്താതെ 2,885 കെ.എസ്.ആർ.ടി.സി. ബസ്സുകൾ ആക്രിയാകുന്നുവെന്ന് മാധ്യമ റിപ്പോർട്ടുണ്ടായിരുന്നു. ചുരുങ്ങിയത് അഞ്ഞൂറ് കോടി രൂപയുടെ പൊതുമുതലാണ് ഇത്തരത്തിൽ നശിച്ചുപോകുന്നത്. ഇതിൽ ഏഴുവർഷം മാത്രം പഴക്കമുള്ള ബസ്സുകളുണ്ട്. ആലുവ, എടപ്പാൾ, ഈഞ്ചയ്ക്കൽ, തേവര, ചടയമംഗലം, ചാത്തന്നൂർ, ആറ്റിങ്ങൽ എന്നിവിടങ്ങളിൽ ഒതുക്കിയിട്ടിരുന്ന നിരവധി വാഹനങ്ങൾ നശിച്ചുപോയി. സർക്കാരിന്റെ തെറ്റായ നയംമൂലമല്ലേ ഈ ദുരവസ്ഥയുണ്ടായത്; ഇത്രയും കോടിരൂപയുടെ നഷ്ടമുണ്ടാകാനുള്ള കാരണം വിശദീകരിക്കാമോ?

<u>ശ്രീ. ആന്റണി രാജു</u>: സർ, ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചത് വളരെ അതിശയോക്തിയുള്ള കണക്കാണ്. ഈ കാലഘട്ടത്തിൽ പല കാരണങ്ങൾകൊണ്ട് തൊള്ളായിരത്തിൽപ്പരം വാഹനങ്ങൾ സ്ക്രാപ് ചെയ്യാനായി മാറ്റിയിടുകയും ഏതാണ്ട് നാനൂറിൽപ്പരം ബസ്സുകൾ സ്ക്രാപ് ചെയ്യുകയും ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ സ്ക്രാപ് ചെയ്ത വാഹനങ്ങളുടെ കൃത്യമായ കണക്ക് കഴിഞ്ഞ തവണ നിയമസഭയിൽ വ്യക്തമാക്കിയിരുന്നു. ബാക്കി ബസ്സുകൾ സ്ക്രാപ് ചെയ്യുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ പൂർത്തിയായി വരികയാണ്. ഇതിൽ ഉപയോഗിക്കാൻ കഴിയുന്ന വാഹനങ്ങൾ എപ്രകാരം ഉപയാഗപ്രദമാക്കാമെന്നതിനെക്കുറിച്ച്

പരിശോധിച്ചുവരികയാണ്. ഇത്തരത്തിൽ 900 വാഹനങ്ങൾ മാത്രം സ്ക്രാപ് ചെയ്യാനുള്ളപ്പോൾ അതിനെ 2000, 3000, 4000 വാഹനങ്ങൾ സ്ക്രാപ് ചെയ്യാനുണ്ടെന്ന രീതിയിൽ ചിത്രീകരിക്കുന്നത് പൊതുവെ ഗുണകരമല്ല.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, കോവിഡ് കാലത്ത് റൊട്ടേഷൻ അടിസ്ഥാനത്തിലായിരുന്നു ബസ്സുകൾ ഉപയോഗിച്ചിരുന്നത്. അതായത്, ഷെഡ്യൂൾ കുറഞ്ഞെങ്കിലും ഒരേ റൂട്ടിലേയ്ക്ക് ബസ്സുകൾ മാറിമാറി ഉപയോഗിക്കുമായിരുന്നു. ഡീസൽ ബസ്സുകൾ ദീർഘനാൾ ഓടിക്കാതിരുന്നാൽ അവ പ്രവർത്തനരഹിതമാകുമെന്ന വസ്തുതയുടെ അടിസ്ഥാനത്തിലായിരുന്നു റൊട്ടേഷൻ സംവിധാനം നിലവിൽ വന്നത്. എന്നാൽ ഇത് അട്ടിമറിക്കപ്പെടുകയാണുണ്ടായത്. അതിന്റെ കാരണം വിശദമാക്കാമോ; നിരവധി ബസ്സുകൾ നശിക്കാൻ ഇത് കാരണമായില്ലേ?

ശ്രീ. ആന്റണി രാജു: സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യം ശരിയല്ല. കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടുകൂടി പല ഘട്ടങ്ങളിലായി എല്ലാ സംസ്ഥാനങ്ങളും ജൻറം ബസ്സുകൾ വാങ്ങാൻ നിർബന്ധിതമായ ഘട്ടത്തിൽ കേരളം വാങ്ങിയ 720 ജെൻറം ബസ്സുകളാണ് കൂടുതൽ ബുദ്ധിമുട്ടുണ്ടാക്കുന്നതായി അനുഭവപ്പെടുന്നത്. കാരണം ഈ ബസ്സുകൾക്ക് മെയിന്റനൻസ് കോസ്റ്റും ഡീസൽ ചെലവും വളരെ

കൂടുതലാണെന്നുള്ളതുകൊണ്ടുതന്നെ ഇവ ലാഭകരമായി ഓടിക്കാൻ സാധിച്ചില്ല. ആയതിനാൽ റൊട്ടേഷനടിസ്ഥാനത്തിൽ കോവിഡ് കാലഘട്ടത്തിൽ എ.സി. ബസ്സുകൾ സർവ്വീസ് നടത്താൻ സാധിച്ചിരുന്നില്ല. എ.സി. ബസ്സുകളിൽ പലതും ജെൻറം ബസ്സുകളാണ്. എ.സി. ബസ്സുകൾ റൊട്ടേഷനടിസ്ഥാനത്തിൽ ഓടിക്കാൻ കഴിയുമെന്ന വാദം ശരിയല്ല. കോവിഡ്മൂലം രണ്ടുവർഷക്കാലം കെ.എസ്.ആർ.ടി.സി.-യുടെ സർവ്വീസുകൾ വളരെ കുറഞ്ഞിരുന്നതുകൊണ്ടാണ് ഇപ്രകാരം സംഭവിച്ചത്. അല്ലാതെ ബോധപൂർവ്വം യാതൊരു രീതിയിലും ബസ്സുകൾ കേടാക്കുന്ന തരത്തിലുള്ള പ്രവർത്തനം നടത്തിയിട്ടില്ല.

<u>ശ്രീ. സജീവ് ജോസഫ്</u>: സർ, കെ.എസ്.ആർ.ടി.സി.-യിൽ 5,098 സ്ഥിര നിയമനങ്ങൾ ഒഴിവാക്കാൻ നിർദ്ദേശം നൽകിയെന്നാണ് അറിയാൻ കഴിഞ്ഞത്. വിരമിക്കുന്ന ജീവനക്കാർക്ക് പകരം നിയമനം നടത്താൻ തയ്യാറാകാത്തത് ലക്ഷക്കണക്കിന് തൊഴിൽരഹിതരോടുള്ള അനീതിയല്ലേ. സർക്കാർ സർവ്വീസിലെ ജോലി വെട്ടിക്കുറച്ചുകൊണ്ട് കരാർ ജീവനക്കാരെ നിയമിക്കുന്നത് സർക്കാരിന്റെ നയമാണോ?

<u>ശ്രീ. ആന്റണി രാജു</u>: സർ, എം-പാനൽ ജീവനക്കാരെ നിയമിച്ചുതുടങ്ങിയത് ഏത് കാലഘട്ടം മുതലാണെന്ന് ഞാൻ പറയാൻ

ആഗ്രഹിക്കുന്നില്ല. നിലവിൽ കെ.എസ്.ആർ.ടി.സി.-യിൽ 26,173 ജീവനക്കാർ മാത്രമാണുള്ളത്. അതിൽ 8,994 കണ്ടക്ടർമാരും 9,461 ഡ്രൈവർമാരുമാണുള്ളത്. നിലവിൽ കണ്ടക്ടർമാർക്കും ഡ്രൈവർമാർക്കും ഇവിടത്തെ മറ്റ് ജീവനക്കാർക്കും ജോലി കൊടുക്കാതിരിക്കുന്നില്ല. ഇവരെ നിലനിർത്തിക്കൊണ്ട് കെ.എസ്.ആർ.ടി.സി. കോൺട്രാക്ട് അടിസ്ഥാനത്തിൽ ഒരാളെപ്പോലും നിയമിക്കുന്നുമില്ല. വ്യാജ പത്രവാർത്തയുടെ അടിസ്ഥാനത്തിൽ ആരെങ്കിലും ഊതിപ്പെരുപ്പിക്കുന്നതുകേട്ട് ബഹുമാനപ്പെട്ട അംഗങ്ങൾ നിയമസഭപോലുള്ള വേദിയിൽ ഇത്തരം അടിസ്ഥാനരഹിതമായ കണക്കുകൾ പറയരുത്. കെഎസ്.ആർ.ടി.സി.-യിൽ കരാറടിസ്ഥാനത്തിൽ താഴെത്തട്ടിൽ നിയമനം നടത്തുന്നില്ല. എന്നാൽ അഡ്മിനിസ്ട്രേറ്റീവ് വിംഗിൽ കരാർ അടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കാൻ വ്യവസ്ഥയുണ്ട്; അതും പരിമിതമായ നിയമനം മാത്രമാണ് നടത്തുന്നത്. ഇതൊഴിച്ചാൽ നിലവിലുള്ള കണ്ടക്ടർ, ഡ്രൈവർ, മെക്കാനിക് തുടങ്ങിയ തസ്തികകളിലും മറ്റ് മേഖലകളിലും കോൺട്രാക്ടടിസ്ഥാനത്തിൽ ആളുകളെ നിയമിക്കുന്നില്ല.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, കെ.എസ്.ആർ.ടി.സി.-യുടെ ഷെഡ്യൂളുകൾ വെട്ടിക്കുറച്ച് നഷ്ടം നികത്താൻ ആലോചിക്കുന്നതിനുപകരം

എല്ലാ ഷെഡ്യൂളും ഓപ്പറേറ്റ് ചെയ്തുകൊണ്ട് ലാഭകരമായി പ്രവർത്തിപ്പിക്കാനുള്ള നടപടിയെക്കുറിച്ച് ആലോചിച്ചിട്ടുണ്ടോ? മാത്രമല്ല, ജൂൺ മാസത്തെ ജീവനക്കാരുടെ ശമ്പളം എന്നുകൊടുക്കാൻ സാധിക്കുമെന്നുകൂടി വ്യക്തമാക്കാമോ?

ശ്രീ. ആന്റണി രാജു: സർ, കെ.എസ്.ആർ.ടി.സി.-യിൽ സഞ്ചരിക്കുന്ന യാത്രക്കാരുടെ എണ്ണം കോവിഡ് കാലഘട്ടത്തിനുമുമ്പ് ഏതാണ്ട് മുപ്പതുലക്ഷമായിരുന്നത് നിലവിൽ പ്രതിദിനം പതിനെട്ട് ലക്ഷമായി ചുരുങ്ങിയിരിക്കുന്നു. തദവസരത്തിലാണ് കെ.എസ്.ആർ.ടി.സി.-യുടെ ഷെഡ്യൂളുകൾ വെട്ടിക്കുറയ്ക്കാൻ നിർബന്ധിതമായത്. നിലവിലുള്ള ജീവനക്കാരെവച്ച് കൂടുതൽ സർവ്വീസ് ഓപ്പറേറ്റ് ചെയ്യാൻ സാധിക്കും. സുശീൽ ഖന്ന റിപ്പോട്ടിന്റെ അടിസ്ഥാനത്തിൽ സിംഗിൾ ഡ്യൂട്ടി സംവിധാനം ശാസ്ത്രീയമായ രീതിയിൽ നടപ്പാക്കാൻ കഴിഞ്ഞാൽ നിലവിലുള്ള ജീവനക്കാരെ ഉപയോഗപ്പെടുത്തിക്കൊണ്ടുതന്നെ കൂടുതൽ സർവ്വീസ് ഓപ്പറേറ്റ് ചെയ്യാൻ സാധിക്കുന്നതാണ്. ഇതുവഴി 180-190 കോടി രൂപയായിരുന്ന വരുമാനം 240 കോടി രൂപയായി വർദ്ധിപ്പിക്കാൻ കഴിയും. സുശീൽ ഖന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സിംഗിൾ ഡ്യൂട്ടി സംവിധാനം നടപ്പാക്കുന്ന കാര്യത്തിൽ ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണ്.

അതിന് മുന്നോടിയായി ആലോചനകളും ചർച്ചകളും നടന്നുവരികയാണ്. ജീവനക്കാരുടെ ശമ്പളവുമായി ബന്ധപ്പെട്ട് ധനകാര്യ വകുപ്പിനോട് ആവശ്യം അറിയിച്ചിട്ടുണ്ട്, തുക ലഭ്യമാകുന്നമുറയ്ക്ക് എത്രയുംവേഗം ശമ്പളം നൽകുന്നതാണ്.

<u>ശ്രീ. സണ്ണി ജോസഫ്</u>: സർ, കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട മന്ത്രി കെ.എസ്.ആർ.ടി.സി.-യുടെ പ്രശ്നപരിഹാരത്തിന്റെ ഭാഗമായി ആവശ്യമില്ലാത്ത ചില സംവിധാനങ്ങൾ (വർക്ക്ഷോപ്പുകൾ പോലുള്ള ഡിപ്ലോയ്മെന്റുകൾ) ഒഴിവാക്കുന്നതിനെക്കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. എന്നാൽ ആവശ്യമുള്ള ചില സംവിധാനങ്ങൾ നിലനിർത്തേണ്ടതുണ്ട്. എന്റെ നിയോജകമണ്ഡലത്തിലെ ഇരിട്ടി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സിൽ ബസ് ഡിപ്പോയില്ല. അവിടെ യാത്രക്കാർക്കാവശ്യമായ യാതൊരു സംവിധാനങ്ങളുമില്ല. ഇത് വയനാട്, കർണ്ണാടക (ബാംഗ്ലൂർ) എന്നീ ഭാഗങ്ങളിലേയ്ക്ക് പോകുന്ന ജംഗ്ഷനാണ്. ഇവിടെയൊരു ഡീസൽ ഡിപ്പോയുൾപ്പെടെ സ്ഥാപിക്കേണ്ടത് അത്യാവശ്യമാണ്. കണ്ണൂർ വിമാനത്താവളം, കണ്ണൂർ-തലശ്ശേരി-തളിപ്പറമ്പ്-കാസർഗോഡ് എന്നീ ഭാഗങ്ങളിലേയ്ക്കെല്ലാം പോകുന്ന വാഹനങ്ങൾ കണ്ണൂരിലോ തലശ്ശേരിയിലോ ചെന്ന് ഡീസലടിച്ചശേഷം വീണ്ടും വരണം. അതിന്

പരിഹാരമെന്നനിലയിൽ ജനനിബിഡമായ ഇരിട്ടി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് സ്ഥിതി ചെയ്യുന്ന പ്രദേശത്ത് കെ.എസ്.ആർ.ടി.സി.-യുടെ ഡീസൽ ഡിപ്പോ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. ആന്റണി രാജു: സർ, കെ.എസ്.ആർ.ടി.സി. ഡിപ്പോകളും ഓപ്പറേറ്റിംഗ് സെന്ററുകളും വെട്ടിക്കുറയ്ക്കുന്നുവെന്നതരത്തിൽ ദുഷ്പ്രചരണം നടക്കുന്നുണ്ട്. കേരളത്തിൽ നിലവിലുള്ള ഡിപ്പോകളും ഓപ്പറേറ്റിംഗ് സെന്ററുകളും ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ അധികാരത്തിലിരിക്കുമ്പോൾ വെട്ടിക്കുറയ്ക്കില്ല. കേരളത്തിൽ 71 ഡിപ്പോകളും 22 ഓപ്പറേറ്റിംഗ് സെന്ററുകളുമാണുള്ളത്. എന്നാൽ, ഇത്രയേറെ ഡിപ്പോകൾ നിലവിലുള്ളപ്പോൾ പുതതായി ഡിപ്പോ ആരംഭിക്കുന്നതിനെക്കുറിച്ച് ഇതുവരെ തീരുമാനമെടുത്തിട്ടില്ല. കണ്ണൂരിന്റെ മലയോര പ്രദേശങ്ങളിൽ ഡിപ്പോകളുടെയും ഓപ്പറേറ്റിംഗ് സെന്ററുകളുടെയും കുറവുണ്ട്. തൽസ്ഥിതിക്ക് മാറ്റം വരുത്തുന്നതിനായി ബഹുമാനപ്പെട്ട എം.എൽ.എ.-മാർ സജീവമായി ഇടപെട്ട് സ്ഥലവും ഓപ്പറേറ്റിംഗ് സെന്ററിനുള്ള കെട്ടിടത്തിന് എം.എൽ.എ. ഫണ്ടും ലഭ്യമാക്കിയാൽ അവിടെ ഓപ്പറേറ്റിംഗ് സെന്ററോ ഡിപ്പോയോ ആരംഭിക്കുന്നകാര്യം സജീവമായി പരിഗണിക്കാവുന്നതാണ്.

ഇത്രയും ഡിപ്പോകളും ഓപ്പറേറ്റിംഗ് സെന്ററുകളും (ആകെ 93 എണ്ണം)

ഉള്ളപ്പോൾ അവിടെ അഡ്മിനിസ്ട്രേറ്റീവ് ഓഫീസിന്റെ ആവശ്യമില്ല. കർണ്ണാടകയിൽ കേരളത്തിലുള്ളതിനെക്കാൾ മൂന്നിരട്ടി ബസ്സുകളും ജീവനക്കാരുമുണ്ട്. അവിടെ 18 അഡ്മിനിസ്ട്രേറ്റീവ് ഓഫീസുകളാണുള്ളത്. കേരളത്തിൽ 93 അഡ്മിനിസ്ട്രേറ്റീവ് ഓഫീസുകളുണ്ട്. സുശീൽ ഖന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടി 93 അഡ്മിനിസ്ട്രേറ്റീവ് ഓഫീസുകളെയും ജില്ലാ ഹെഡ്ക്വാർട്ടേഴ്സിലേയ്ക്ക് മാറ്റിയപ്പോൾ ഇത് 15 എണ്ണമായി ചുരുങ്ങിയിട്ടുണ്ട്. അടുത്ത തിങ്കളാഴ്ച മുതൽ കേരളത്തിൽ 15 അഡ്മിനിസ്ട്രേറ്റീവ് ഓഫീസുകൾ മാത്രമെ ഉണ്ടാകുകയുള്ളൂ. സുശീൽ ഖന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ഈ തീരുമാനമെടുത്തത്. ഈ സംവിധാനം വരുമ്പോൾ സർവ്വീസുകളൊന്നും മുടങ്ങില്ലെന്നും ഇത് ഓപ്പറേഷനുകളെയൊന്നും ബാധിക്കുകയില്ലെന്നും വ്യക്തമാക്കുകയാണ്. അവിടെയുള്ള ജൂനിയർ സൂപ്രണ്ട്, ക്ലാർക്ക്, ടൈപ്പിസ്റ്റ് ഉൾപ്പെടെയുള്ള മൂന്ന്-നാല് സ്റ്റാഫിനെ ഓരോ ജില്ലയിലും കേന്ദ്രീകരിക്കുന്നതാണ്. അവരുടെ സേവനം ഓഫീസ് പ്രവർത്തനങ്ങൾക്കും അറ്റന്റൻസ്, സാലറി, അച്ചടക്ക നടപടി തുടങ്ങിയ കാര്യങ്ങൾക്കുവേണ്ടി മാത്രമായിരിക്കും. അതേസമയം കൺസെഷൻ, മറ്റ് പാസ്സുകൾ എന്നിവ വിതരണം ചെയ്യുന്ന സംവിധാനം എല്ലാ ഡിപ്പോകളിലും അതേരീതിയിൽ നിലനിൽക്കും. അതിനാൽ

ഇക്കാര്യത്തിൽ യാതൊരു ആശങ്കയുടെയും ആവശ്യമില്ല, കേരളത്തിലെ ഒരു ഡിപ്പോയും ഓപ്പറേറ്റിംഗ് സെന്ററും നിർത്തലാക്കുകയില്ല.

ശ്രീ. ടി. ജെ. വിനോദ്: സർ, എറണാകുളം കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാൻഡിന്റെ ശോചനീയാവസ്ഥ അങ്ങേയ്ക്ക് നേരിട്ട് അറിയാവുന്നതാണ്. പല പദ്ധതികളും നടപ്പാക്കുമെന്ന് ധാരണയുണ്ടായെങ്കിലും അത് യാഥാർത്ഥ്യമാകുന്നതിൽ വലിയ പ്രയാസം നേരിടുകയാണ്. എറണാകുളത്തിന്റെ മുഖമാണ് കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാൻഡ്. അവിടെ 8 ഏക്കറോളം നല്ല കൊമേഴ്സ്യൽ വാല്യു ഉള്ള സ്ഥലത്ത് ഒരു പുതിയ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാൻഡ് നിർമ്മിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. ആന്റണി രാജു: സർ, ഇത് ഇന്നത്തെ ചോദ്യവുമായി പുലബന്ധം പോലുമില്ലാത്തതാണ്. പ്രത്യേകമായി എഴുതി തന്നാൽ മാത്രമെ ഈ ചോദ്യത്തിന് വ്യക്തമായ മറുപടി പറയാൻ സാധിക്കുകയുള്ളൂ. എന്നാൽ ഇക്കാര്യത്തെക്കുറിച്ച് അങ്ങേയ്ക്കും എനിക്കും അറിയാവുന്നതുപോലെ, പ്രസ്തുത കെ.എസ്.ആർ.ടി.സി. ബസ് ഡിപ്പോയുടെ പുനർനിർമ്മാണവുമായി ബന്ധപ്പെട്ട് ചില നീക്കങ്ങൾ നമ്മൾ ഒരുമിച്ച് നടത്താൻ ആലോചിക്കുന്നുണ്ട്; ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി ഇക്കാര്യത്തിൽ നേതൃത്വപരമായ

പങ്ക് വഹിക്കുന്നുണ്ട്. സ്മാർട്ട് സിറ്റിയുടെ സഹായത്തോടെ അവിടെ പുതിയ ഡിപ്പോയ്ക്കുള്ള ആലോചനകൾ ഗൗരവമായി നടത്തിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. ലിന്റോ ജോസഫ്: സർ, ഡീസൽ ക്ഷാമംമൂലം മലയോര മേഖലകളിൽ സർവ്വീസ് നടത്തുന്ന കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ ചില ട്രിപ്പുകൾ കട്ടായിപ്പോകുന്ന സാഹചര്യം നിലനിൽക്കുന്നുണ്ട്. ഇത് കെ.എസ്.ആർ.ടി.സി. ബസ്സിനെ മാത്രം ആശ്രയിച്ച് യാത്ര ചെയ്യുന്നവരെ ദുരിതത്തിലാക്കുകയാണ്. തിരുവമ്പാടി നിയോജകമണ്ഡലത്തിൽ പൂവാറംതോട്, കക്കാടംപൊയിൽ, പാറത്തോട്, ആനക്കാംപൊയിൽ, കരിമ്പ് തുടങ്ങിയ പ്രദേശങ്ങളിലേയ്ക്കുള്ള ട്രിപ്പുകൾ റദ്ദാകുന്ന സാഹചര്യം ഈ ബസ്സുകളെ മാത്രം ആശ്രയിച്ച് ജീവിക്കുന്നവരുടെയും യാത്ര ചെയ്യുന്നവരുടെയും അവസ്ഥ ദുഷ്കരമാക്കിയിരിക്കുന്നു. അത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. ആന്റണി രാജു: സർ, കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ യാത്രക്കാരുടെ എണ്ണം പല പ്രദേശങ്ങളിലും ഗണ്യമായി കുറഞ്ഞതുകൊണ്ട് പൊതുവെ പല സർവ്വീസുകളും നിർത്തലാക്കേണ്ട സാഹചര്യമാണുണ്ടായത്. പക്ഷെ, ഇത്തരത്തിൽ നിർത്തലാക്കിയ സർവ്വീസുകൾ ഘട്ടംഘട്ടമായി പുനഃസ്ഥാപിച്ചുകൊണ്ടിരിക്കുകയാണ്.

വളരെയധികം നഷ്ടം സഹിച്ചുകൊണ്ട് സർവ്വീസ് നടത്താൻ സാധിക്കുന്ന അവസ്ഥ നിലവിലില്ല. ആയതിനാൽ, നഷ്ടമില്ലാത്ത റൂട്ടുകളിൽ നിർത്തിവച്ചിരിക്കുന്ന സർവ്വീസുകൾ ഘട്ടംഘട്ടമായി പുനഃസ്ഥാപിക്കാനുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കിവരികയാണ്. ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച വിഷയം പ്രത്യേകമായി എഴുതി തന്നാൽ അക്കാര്യം പരിശോധിച്ച് ആവശ്യമായ നടപടി കൈക്കൊള്ളുന്നതാണ്.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, തിരൂരിൽനിന്ന് ജില്ലയിലെ മറ്റൊരു ഭാഗമായ പെരിന്തൽമണ്ണ-വഴിക്കടവ് പ്രദേശത്തേയ്ക്കും തിരൂരിൽനിന്ന് തൃശ്ശൂരിലേയ്ക്കും ഗോപാലപുരത്തേയ്ക്കും ഉണ്ടായിരുന്ന സർവ്വീസുകൾ കുറെക്കാലമായി നിർത്തൽ ചെയ്തിരിക്കുകയാണ്. അവ പുനഃസ്ഥാപിക്കാനാവശ്യമായ സംവിധാനമുണ്ടാക്കാമോ?

ശ്രീ. ആന്റണി രാജു: സർ, അക്കാര്യം പ്രത്യേകമായി പരിശോധിക്കേണ്ടതാണ്. ക്യാൻസൽ ചെയ്ത ട്രിപ്പുകളെയും നിർത്തിവച്ച ട്രിപ്പുകളെയും സംബന്ധിച്ച് പ്രത്യേകം ചോദ്യം ഉന്നയിച്ചാൽ മാത്രമെ മറുപടി പറയാൻ സാധിക്കുകയുള്ളൂ. എന്നിരുന്നാലും ബഹുമാനപ്പെട്ട അംഗം പറഞ്ഞ കാര്യം പരിശോധിക്കുന്നതാണ്.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, മലയോര മേഖലയിലും പിന്നാക്ക

മേഖലകളിലും ഭൂമി ലഭ്യമായാൽ ഓപ്പറേറ്റിംഗ് സെന്റർ ആരംഭിക്കാൻ നടപടി സ്വീകരിക്കുമെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് സ്വാഗതാർഹമാണ്. എന്റെ നിയോജകമണ്ഡലത്തിൽ കർണ്ണാടക അതിർത്തിയായ പെരിക്കല്ലൂരിൽ രണ്ടേക്കർ ഭൂമിയിൽ കെ.എസ്.ആർ.ടി.സി./വകുപ്പ് പറയുന്ന രീതിയിൽ ഓപ്പറേറ്റിംഗ് സെന്റർ ആരംഭിക്കുന്നതിനായി എം.എൽ.എ. ഫണ്ടും ജില്ലാ-ബ്ലോക്ക്-ഗ്രാമപഞ്ചായത്തുകളുടെ ഫണ്ടും ഉപയോഗപ്പെടുത്തി ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ചെയ്തുകൊടുക്കാൻ തയ്യാറാണ്. ആയതിനാൽ ഈ ഭൂമി ഏറ്റെടുത്ത് അവിടെ കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റിംഗ് സെന്റർ സ്ഥാപിക്കാൻ തയ്യാറാകുമോ?

ശ്രീ. ആന്റണി രാജു: സർ, ഏതെങ്കിലും പ്രദേശത്ത് സ്ഥലവും കെട്ടിടവും ലഭ്യമാണെന്ന് പറഞ്ഞതുകൊണ്ടുമാത്രം കാര്യമില്ല. അവിടെ സൗകര്യപ്രദമായി സർവ്വീസ് നടത്താൻ സാധിക്കുന്നതോടൊപ്പം അത് ജനങ്ങൾക്ക് ഉപയോഗപ്രദമാണെന്ന് കെ.എസ്.ആർ.ടി.സി.-ക്കുകൂടി ബോധ്യപ്പെടുന്ന സ്ഥലങ്ങൾ ആയിരിക്കണം. ബഹുമാനപ്പെട്ട അംഗം പറഞ്ഞ സ്ഥലവും സൗകര്യങ്ങളും അത്തരം അവസ്ഥയിൽ ലഭ്യമാക്കുകയാണെങ്കിൽ, അത് ഫീസിബിളാണെങ്കിൽ വയനാട് ജില്ലയുടെ പ്രത്യേക സാധ്യതകൾ

പരിഗണിച്ച് അവിടെ നിശ്ചയമായും ഓപ്പറേറ്റിംഗ് സെന്റർ ആരംഭിക്കുന്ന കാര്യം ഗൗരവമായി ആലോചിക്കുന്നതാണ്.

ശ്രീമതി കാനത്തിൽ ജമീല: സർ, കെ.എസ്.ആർ.ടി.സി.-യുടെ ടൂർ പാക്കേജ് ജനങ്ങൾ വളരെ നന്നായി ഉപയോഗപ്രദമാക്കുന്നുണ്ട്. ഇപ്പോൾ പ്രധാനപ്പെട്ട പല ടൂറിസ്റ്റ് കേന്ദ്രങ്ങളിലും കെ.എസ്.ആർ.ടി.സി. ടൂർ പാക്കേജുമായി എത്തുന്നുണ്ട്. ഇന്ത്യയുടെ മറ്റ് സംസ്ഥാനങ്ങളിലെ ടൂറിസ്റ്റ് കേന്ദ്രങ്ങളെക്കൂടി കെ.എസ്.ആർ.ടി.സി. ഈ പാക്കേജിൽ ഉൾപ്പെടുത്തുമോ; ഇല്ലെങ്കിൽ അത് സാധ്യമാക്കാമോ?

ശ്രീ. ആന്റണി രാജു: സർ, അടുത്ത കാലത്തായി കെ.എസ്.ആർ.ടി.സി. പുതുതായി ആരംഭിച്ച സംവിധാനമാണിത്. അതിന് വളരെയേറെ പ്രോത്സാഹജനകമായ പിന്തുണയാണ് ജനങ്ങളിൽനിന്നും ലഭിച്ചുകൊണ്ടിരിക്കുന്നത്. മാത്രമല്ല, ഇതിൽനിന്നും നല്ല വരുമാനവും ലഭിച്ചുതുടങ്ങിയിട്ടുണ്ട്. അത് വിപുലീകരിക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നുമുണ്ട്. ഇതിലുള്ള പ്രശ്നം, week end-ലാണ് ടൂർ പോകുന്നതിനുള്ള ആവശ്യം വരുന്നത്. ഈ കാലയളവിൽ കെ.എസ്.ആർ.ടി.സി.-യുടെ ബസ് സർവ്വീസ് മുടക്കാൻ സാധിക്കില്ല. അതിന് പരിഹാരമെന്ന നിലയിൽ കെ.എസ്.ആർ.ടി.സി.-ക്ക്

ലാഭമുണ്ടാകുന്ന വിധത്തിൽ സ്വകാര്യ ബസ്സുകളെ ആ ദിവസങ്ങളിൽമാത്രം വാടകയ്ക്കെടുത്ത് ടൂർ പാക്കേജുകൾ ഓപ്പറേറ്റ് ചെയ്യുന്നുണ്ട്. ഇത്തരം ടൂർ പാക്കേജുകൾ വിപുലീകരിച്ച് അന്യസംസ്ഥാനങ്ങളിലേയ്ക്ക് പോകുന്നതിനെക്കുറിച്ച് ആലോചിക്കുന്നതാണ്. കെ.എസ്.ആർ.ടി.സി.-ക്ക് പ്രത്യേക പെർമിറ്റുകൾ എടുക്കുന്നത് ചെലവേറുന്ന കാര്യമാണ്. അതേസമയം പെർമിറ്റുള്ള സ്വകാര്യ ബസ്സുകളെ ഉപയോഗിച്ച് സർവ്വീസ് നടത്തുകയാണെങ്കിൽ സ്വകാര്യ ബസ്സുടമകൾ ഇന്ന് അനുഭവിക്കുന്ന യാതനകൾക്കും പരിഹാരമുണ്ടാകുന്നതാണ്. ഈ സംവിധാനത്തിലൂടെ ജനങ്ങൾക്ക് കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റ് ചെയ്യുന്നതുകൊണ്ടുള്ള വിശ്വാസം നിലനിർത്താൻ സാധിക്കുന്നതോടൊപ്പം കെ.എസ്.ആർ.ടി.സി.-ക്ക് വരുമാനം വർദ്ധിപ്പിക്കാനും സാധിക്കും.

ശ്രീ. എം. വിൻസെന്റ്: സർ, ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവിൽ കെ.എസ്.ആർ.ടി.സി.-യുടെ ചെലവിനത്തിൽ ഒന്നാമത്തെ പ്രയോറിറ്റി നൽകേണ്ടത് തൊഴിലാളികളുടെ ശമ്പളത്തിനാണെന്ന് പറഞ്ഞിട്ടുണ്ട്. പ്രസ്തുത ഉത്തരവ് വന്നതിനുശേഷവും ശമ്പളം കൊടുക്കുന്നതിനേക്കാൾ പ്രയോറിറ്റി മറ്റ് കാര്യങ്ങൾക്കുവേണ്ടി വിനിയോഗിക്കുന്നതായി കാണുന്നു. ഇനിയെങ്കിലും കെ.എസ്.ആർ.ടി.സി.-

യുടെ വരുമാനത്തിൽനിന്ന് ചെലവ് ചെയ്യുന്ന അവസരത്തിൽ ജീവനക്കാർക്ക് ശമ്പളം കൊടുക്കുന്ന കാര്യത്തിന് പ്രഥമ പരിഗണന കൊടുക്കുമോ?

ശ്രീ. ആന്റണി രാജു: സർ, കെ.എസ്.ആർ.ടി.സി.-യുടെ പ്രയോറിറ്റി ശമ്പളം കൊടുക്കുന്നത് തന്നെയാണ്. പക്ഷെ ഡീസലിന്റെ കാശ് കൊടുക്കേണ്ടേ? ബഹുമാനപ്പെട്ട ഹൈക്കോടതി പറഞ്ഞത് അങ്ങ് ശരിയായ അർത്ഥത്തിലല്ല മനസ്സിലാക്കിയിരിക്കുന്നത്. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവിൽ പറഞ്ഞിരിക്കുന്നത്, ശമ്പളം കൊടുക്കുമ്പോൾ കണ്ടക്ടർ, ഡ്രൈവർ, താഴെത്തട്ടിലുള്ള ജീവനക്കാർ എന്നിവർക്ക് പ്രയോറിറ്റി നൽകണമെന്നാണ്. ഓഫീസർമാർക്ക് അതുകഴിഞ്ഞുള്ള പ്രയോറിറ്റിയാണ് നൽകേണ്ടത്. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ നിർദ്ദേശം നിലവിലുള്ള സാഹചര്യത്തിൽ അതല്ലേ ഞങ്ങൾക്ക് അനുസരിക്കാൻ സാധിക്കുകയുള്ളൂ; കോടതി ഉത്തരവ് ലംഘിക്കാൻ കെ.എസ്.ആർ.ടി.സി.-ക്ക് കഴിയില്ല. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ കെ.എസ്.ആർ.ടി.സി.-യുടെ ചുമതലയുള്ള മന്ത്രി ആയതിനുശേഷം (2012-നുശേഷം), ചരിത്രത്തിൽ ആദ്യമായി കെ.എസ്.ആർ.ടി.സി. ഓപ്പറേഷണൽ പ്രോഫിറ്റിലേയ്ക്ക് എത്തിയത് 2022 മേയ്, ജൂൺ മാസങ്ങളിലാണ്. 2012 കാലയളവിനുശേഷമുള്ള ഓപ്പറേഷൻ

ഇൻകം ആൻഡ് എക്സ്പെൻഡിച്ചർ പരിശോധിച്ചാൽ മേയ് മാസത്തെ പ്രോഫിറ്റ് 5.42 കോടി രൂപയും ജൂൺ മാസത്തെ പ്രോഫിറ്റ് 3.68 കോടി രൂപയുമാണെന്ന് കാണാൻ സാധിക്കും. അങ്ങനെ കെ.എസ്.ആർ.ടി.സി. പഴയ അവസ്ഥയിൽനിന്ന് ഇംപ്രൂവ് ചെയ്തുവരികയാണ്. പക്ഷേ പഴയ കടങ്ങൾ, ബാങ്കിന്റെ കൺസോർഷ്യം, ഒ.ഡി. പേമെന്റ്, എം.എ.സി.റ്റി./എൽ.എ.ആർ. കേസ്സുകൾ എന്നിവയുൾപ്പെടെ ധാരാളം പഴയ കടങ്ങൾ വീട്ടിക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ടാണ് കെ.എസ്.ആർ.ടി.സി.-യിൽ സാമ്പത്തിക പ്രതിസന്ധിയിൽ തുടരുന്നത്. ഓപ്പറേഷണൽ പ്രോഫിറ്റും എക്സ്പെൻസും ഇൻകവും പരിശോധിച്ചാൽ നിലവിൽ ഓപ്പറേഷണൽ പ്രോഫിറ്റാണുള്ളത്. ഡീസലിന്റെ ചെലവും ശമ്പളവും വരുമാനവും തട്ടിച്ചുനോക്കുമ്പോൾ ഈ ലാഭം കെ.എസ്.ആർ.ടി.സി.-ക്ക് ലഭിക്കുന്നുണ്ട്. പക്ഷേ ഈ സ്ഥാപനത്തിന്റെ പഴയ കുടിശ്ശികകൾ എല്ലാവരുംകൂടി ഉണ്ടാക്കിവച്ചതാണ്.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, മുമ്പ് കെ.എസ്.ആർ.ടി.സി.-യുടെ ചില പ്രധാനപ്പെട്ട കേന്ദ്രങ്ങളെ കൊമേഴ്സ്യലി വയബിളായ സ്ഥാപനങ്ങളാക്കി മാറ്റുന്ന പദ്ധതിയുണ്ടായിരുന്നു. തമ്പാനൂർ, തിരുവല്ല, ഹരിപ്പാട്, കോഴിക്കോട് തുടങ്ങിയ കൊമേഴ്സ്യലി വയബിളായ സ്ഥലങ്ങളിലും

ഹൈവേയുടെ സമീപത്തും കൊമേഴ്സ്യൽ കോംപ്ലക്സുകൾ നിർമ്മിക്കുന്ന പദ്ധതിയുണ്ടായിരുന്നു. അവയൊന്നും ഫലപ്രദമാകുന്നില്ലെന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. ഇത് കെ.എസ്.ആർ.ടി.സി. പരിശോധിച്ചിട്ടുണ്ടോ; ഇപ്പോൾ പല സ്ഥലത്തും കെട്ടിടങ്ങൾ നിർമ്മിച്ചിട്ടുണ്ട്; അവ കൊമേഴ്സ്യലി വയബിളാക്കാനുള്ള എന്തെങ്കിലും പദ്ധതിയെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുന്നുണ്ടോ? കോടിക്കണക്കിന് രൂപ മുടക്കി കോംപ്ലക്സുകൾ ഉൾപ്പെടെ നിർമ്മിച്ചിട്ടുണ്ടെങ്കിലും ഇതിൽനിന്നും വരുമാനമൊന്നും ലഭിക്കുന്നില്ലെന്നതാണ് എന്റെ പ്രാഥമിക നിഗമനം. ബഹുമാനപ്പെട്ട മന്ത്രി അക്കാര്യം പരിശോധിക്കുമോ, അവയെ കൊമേഴ്സ്യലി വയബിളാക്കാനുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീ. ആന്റണി രാജു</u>: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞത് പ്രധാനപ്പെട്ട കാര്യമാണ്. പ്രത്യേകിച്ച് അങ്ങയുടെ മണ്ഡലമായ ഹരിപ്പാട് രണ്ടുമൂന്ന് യോഗങ്ങൾ ചേരുകയും മുടങ്ങിക്കിടന്ന വർക്കുകൾ പുനഃസ്ഥാപിക്കാനുള്ള നടപടി ത്വരിതപ്പെടുത്തി വരികയുമാണ്. ഹരിപ്പാട് ബസ് ടെർമിനൽ-കം-ഷോപ്പിംഗ് കോംപ്ലക്സിന്റെ ബാക്കിയുള്ള ഏതാണ്ട് 50 ശതമാനം പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ട്. യാർഡ് ഡെവലപ്മെന്റിനുള്ള എ.എസ്. ഇഷ്യൂ ചെയ്തിട്ടുണ്ട്. പല ബാങ്കുകളെയും

സർക്കാർ ഓഫീസുകളെയും സമീപിച്ചപ്പോൾ അവർ നിർമ്മാണം പൂർത്തീകരിച്ച കെട്ടിടങ്ങളിൽ പ്രവർത്തനം ആരംഭിക്കുന്നതിനായി മുന്നോട്ട് വന്നിട്ടുണ്ട്. അങ്ങ് പറഞ്ഞതുപോലെ സംസ്ഥാനത്ത് നിരവധി സ്ഥലങ്ങളുണ്ടെങ്കിലും കെ.എസ്.ആർ.ടി.സി.-യുടെ ഇന്നത്തെ സാമ്പത്തിക പരിമിതിമൂലം ലോൺ ലഭ്യമാക്കി കെട്ടിടം നിർമ്മിക്കാൻ കഴിയാത്ത അവസ്ഥയാണുള്ളത്. അതുകൊണ്ട് സംസ്ഥാനത്തെ ഇത്തരം കേന്ദ്രങ്ങളിൽ പി.പി.പി. മോഡലിൽ കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കോംപ്ലക്സുകൾ, ഷോപ്പിംഗ് കോംപ്ലക്സുകൾ എന്നിവ നിർമ്മിക്കുന്നതിനെക്കുറിച്ചാണ് ഗവൺമെന്റ് ആലോചിക്കുന്നത്. അതുസംബന്ധിച്ച് ധനകാര്യവകുപ്പുമായും കിഫ്ബിയുമായും ഗൗരവമായ ചർച്ചകൾ നടത്തിക്കൊണ്ടിരിക്കുകയാണ്. കേരളത്തിലെ ഏറ്റവും കണ്ണായ സ്ഥലങ്ങൾ കെ.എസ്.ആർ.ടി.സി.-ക്കുണ്ടെങ്കിലും അവ അൻപത്-എഴുപത് വർഷങ്ങളായി ഐഡിലായി കിടക്കുകയാണ്. ഇത്തരം സ്ഥലങ്ങൾ പ്രയോജനപ്പെടുത്തി കെ.എസ്.ആർ.ടി.സി.-ക്ക് വരുമാനമുണ്ടാക്കാനുള്ള ബൃഹത് പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. ആദ്യഘട്ടത്തിൽ എട്ട് കേന്ദ്രങ്ങളിൽ ഇത്തരം നടപടികൾ ആരംഭിക്കാനുള്ള പരിശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്. അതിന് നിരവധി കടമ്പകളുണ്ട്; അവ

തരണം ചെയ്യാനുള്ള പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്.

## പച്ചക്കറി ഉല്പാദനത്തിൽ സ്വയംപര്യാപ്തത

2(*272) ശ്രീ. ടി.സിദ്ദിഖ്:
ശ്രീമതി ഉമ തോമസ്:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) സംസ്ഥാനത്ത് പച്ചക്കറി ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനും നല്ല ഭക്ഷണം ഉറപ്പ് വരുത്തുന്നതിനുമായി പുരയിട കൃഷിയുടെ ഭാഗമായുള്ള പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് പദ്ധതി നടപ്പാക്കുന്നുണ്ടോ;

(ബി) മാർക്കറ്റ് ആവശ്യകത അനുസരിച്ച് പച്ചക്കറി ഉല്പാദനം ക്രമീകരിക്കുന്നതിന് പച്ചക്കറി ഉല്പാദന കലണ്ടർ നിലവിലുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(സി) പച്ചക്കറി കൃഷിക്കായി പ്രത്യേക കാർഷിക മേഖലകൾ നിലവിലുണ്ടോ; വ്യക്തമാക്കാമോ?

കൃഷി വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം റവന്യൂ-

ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, (എ) പച്ചക്കറി ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനും നല്ല ഭക്ഷണം ഉറപ്പ് വരുത്തുന്നതിനും എല്ലാ കുടുംബങ്ങളെയും കൃഷിയിലേക്ക് ആകർഷിക്കുന്നതിനും കൃഷി വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന ജനകീയ തുടർ പദ്ധതിയാണ് "ഞങ്ങളും കൃഷിയിലേക്ക്."

പച്ചക്കറികളുടെയും പഴവർഗ്ഗങ്ങളുടെയും ഉൽപാദനത്തിൽ കുടുംബങ്ങൾ കേന്ദ്രീകൃതമായ കൃഷിയിലൂടെ സ്വയം പര്യാപ്തതയും പദ്ധതിയുടെ ഭാഗമായി ഉണ്ടാകുന്ന കൃഷിക്കൂട്ടങ്ങളിലൂടെ പ്രാദേശികമായ ഉൽപാദന വർദ്ധനവും സാമ്പത്തിക സ്വയംപര്യാപ്തതയും ലക്ഷ്യമിടുന്നു. ഉൽപാദന സേവന വിപണന മൂല്യവർദ്ധന മേഖലയിൽ പഞ്ചായത്തുകൾ കേന്ദ്രീകരിച്ചുണ്ടാകുന്ന കൃഷിക്കൂട്ടങ്ങൾ ഉൽപാദന വർദ്ധനവിനും അതുവഴി കാർഷിക മേഖലയിലെ വൈവിധ്യവത്കരണത്തിനും വഴിതെളിക്കുന്നു. ഉത്തരം ദീർഘമായതിനാൽ ബാക്കിഭാഗം മേശപ്പുറത്തുവയ്ക്കുന്നു.+

(ബി) ഇല്ല. എന്നാൽ "ഞങ്ങളും കൃഷിയിലേക്ക്" എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി വാർഡടിസ്ഥാനത്തിലും പഞ്ചായത്തടിസ്ഥാനത്തിലും ബ്ലോക്ക്-ജില്ലാ അടിസ്ഥാനത്തിലും വിള നിർണയ പ്ലാനുകൾ ആവിഷ്കരിച്ച്

+ അനുബന്ധമായി ചേർത്തിട്ടുണ്ട്.

അംഗീകാരം ലഭ്യമാക്കിയാകണം വിള നിർണയിക്കേണ്ടതെന്നുള്ള നിർദ്ദേശം ബന്ധപ്പെട്ടവർക്ക് നൽകിയിട്ടുണ്ട്. കാർഷിക പാരിസ്ഥിതിക മേഖലയും കാർഷിക പാരിസ്ഥിതിക യൂണിറ്റുകളും മാനദണ്ഡമാക്കിയുള്ള വിള നിർണ്ണയമാണ് അനുവർത്തിക്കേണ്ടതെന്നും അതനുസരിച്ചുള്ള ബഡ്ജറ്റിംഗ് ആയിരിക്കണം കൃഷി വകുപ്പ് നടപ്പിലാക്കേണ്ടതെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതനുസരിച്ചുള്ള നടപടികൾ പൂർത്തിയാകുന്നതോടെ കാർഷിക വിളകളുടെ ഇനം, വിസ്തൃതി, പരിചരണമുറകൾ, ഉൽപ്പാദനം എന്നിവ മുൻകൂട്ടി നിശ്ചയിക്കാനും അതനുസരിച്ചുള്ള വിപണി മുൻകൂട്ടി കണ്ടെത്താനും സാധിക്കും.

(സി) പച്ചക്കറി കൃഷിക്കായി പ്രത്യേക കാർഷിക മേഖല നിലവിലുണ്ട്. ആലപ്പുഴ ജില്ലയിൽ കഞ്ഞിക്കുഴി, ഇടുക്കി ജില്ലയിൽ ദേവികുളം, പാലക്കാട് ജില്ലയിൽ ചിറ്റൂർ, തൃശ്ശൂർ ജില്ലയിൽ പഴയന്നൂർ എന്നീ സ്ഥലങ്ങളാണ് പച്ചക്കറി കൃഷിക്കായുള്ള പ്രത്യേക കാർഷിക മേഖലകൾ. പാരിസ്ഥിതികവും സാമ്പത്തികവുമായ നേട്ടങ്ങൾ കർഷകർക്ക് പ്രദാനം ചെയ്യുന്നതിനുവേണ്ടിയാണ് പച്ചക്കറി കൃഷിക്കായി പ്രത്യേക കാർഷിക മേഖലയ്ക്ക് രൂപം നൽകിയിട്ടുള്ളത്. കൂടാതെ കാലാവസ്ഥയുടെയും മണ്ണിന്റെ ഘടനയുടെയും അടിസ്ഥാനത്തിൽ സംസ്ഥാനത്തെ 5 കാർഷിക

പാരിസ്ഥിതിക മേഖലയായും 23 കാർഷിക പാരിസ്ഥിതിക യൂണിറ്റുകളായും തരംതിരിച്ചിട്ടുണ്ട്. അനുയോജ്യമായ പച്ചക്കറികൾ ബന്ധപ്പെട്ട പാരിസ്ഥിതിക മേഖലകളിലും യൂണിറ്റുകളിലും കൃഷി ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. ഇടുക്കി, വയനാട് ജില്ലകളിൽ കൂടുതലായി ശീതകാല പച്ചക്കറികൾ കൃഷി ചെയ്യുന്നതിന് പ്രത്യേക ഘടകവും ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

ശ്രീ. ടി. സിദ്ദിഖ്: സർ, സംസ്ഥാനത്ത് കാൻസർ, അവയവ തകരാറുകൾ, മെറ്റബോളിസത്തിന്റെ തകർച്ചമൂലമുള്ള വിവിധ പ്രശ്നങ്ങൾ എന്നിവ വളരെയധികം വർദ്ധിച്ചുവരികയാണ്. സ്വാഭാവികമായും ഇതിനുള്ള കാരണം അന്യസംസ്ഥാനങ്ങളിൽനിന്നുള്ള വിഷം കലർന്ന പച്ചക്കറികളുടെ ഉപയോഗമാണ്. നമ്മൾ പച്ചക്കറി ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത പ്രഖ്യാപിക്കാൻ തുടങ്ങിയിട്ട് നാളുകൾ ഏറെയായി. കോവിഡ് കാലത്ത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ ഇക്കാര്യത്തിനായി പ്രത്യേക പദ്ധതി വിഭാവനം ചെയ്യുകയും പഴം-പച്ചക്കറികളുടെ പ്രത്യേകമായ നയം രൂപീകരിക്കുകയും ചെയ്തിരുന്നു. ഇത്രയൊക്കെ ചെയ്തിട്ടും ഓർഗാനിക് പച്ചക്കറിയുടെ കാര്യത്തിൽ ഇപ്പോഴും മുന്നോട്ടുപോകാൻ സാധിച്ചില്ലെന്നുമാത്രമല്ല, അന്യസംസ്ഥാനങ്ങളെ ആശ്രയിച്ച് വിഷം കലർന്ന

പച്ചക്കറികൾ ഉപയോഗിച്ച് ജനങ്ങൾ ആരോഗ്യത്തകർച്ച നേരിട്ടുകൊണ്ടിരിക്കുകയുമാണ്. ഇതിലേയ്ക്കായി സമഗ്രതലത്തിൽ നയം രൂപീകരിച്ച് മുന്നോട്ടുപോകാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. രാജൻ: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞതിന്റെ ഒരു വശം ശരിയാണ്. പക്ഷെ അദ്ദേഹം എന്തുകൊണ്ടാണ് ഇപ്രകാരം പറഞ്ഞതെന്നറിയില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടേയും കൃഷി വകുപ്പിന്റേയും നേതൃത്വത്തിൽ നടന്ന ഈ പരിശ്രമങ്ങൾ ചരിത്ര വിജയമാണ് നേടിയിട്ടുള്ളതെന്നാണ് കണക്കുകൾ ബോധ്യപ്പെടുത്തുന്നത്. 2015-16-ൽ കേരളത്തിലുണ്ടായ പച്ചക്കറിയുടെ ഉൽപ്പാദനം 6.28 ലക്ഷം മെട്രിക് ടൺ ആയിരുന്നെങ്കിൽ 2021-22-ൽ അത് 16.01 ലക്ഷം മെട്രിക് ടണ്ണാണ്. ഇത് വളരെ പ്രധാനപ്പെട്ട കണക്കാണ്. കേരളത്തിൽ പച്ചക്കറിയുടെ കാര്യത്തിൽ സ്വയംപര്യാപ്തതയുണ്ടാകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് വലിയ മുന്നേറ്റമാണ് നടത്തുന്നത്. സംസ്ഥാനത്ത് സാധാരണനിലയിൽ ഉപയോഗിക്കേണ്ടിവരുന്ന പച്ചക്കറിയുടെ കണക്ക് 20 ലക്ഷം മെട്രിക് ടണ്ണാണെന്നാണ് നാഷണൽ സാമ്പിൾ സർവ്വേ ഓർഗനൈസേഷൻ പറയുന്നത്. ഇത് കുറച്ചുകൂടി മെച്ചപ്പെടുത്തിയാൽ മൂന്നരക്കോടി മലയാളികളെ പൂർണ്ണമായും ആരോഗ്യവാൻമാരാക്കി മാറ്റാൻ സാധിക്കുമെന്നും അതിലേയ്ക്കായി 200 ഗ്രാം

പച്ചക്കറിയും, 50 ഗ്രാം ഇലവർഗ്ഗങ്ങളും 50 ഗ്രാം കിഴങ്ങും 100 ഗ്രാം പഴവർഗ്ഗങ്ങളും ആവശ്യമാണെന്നുമാണ് ഇന്ത്യൻ കൗൺസിൽ ഫോർ മെഡിക്കൽ റിസർച്ച് കണ്ടെത്തിയിരിക്കുന്നത്. അങ്ങനെവരുമ്പോൾ 33.73 ലക്ഷം മെട്രിക് ടൺ പച്ചക്കറി വേണ്ടിവരും. അന്യസംസ്ഥാനങ്ങളിൽനിന്നുള്ള വിഷലിപ്ത പച്ചക്കറികളുടെ ഉപയോഗം കാൻസർ ഉൾപ്പെടെയുള്ള അസുഖങ്ങൾക്ക് കാരണമാകുന്നുണ്ട്. ഇത് മുന്നിൽ കണ്ടുകൊണ്ടാണ് 20 ലക്ഷം മെട്രിക് ടൺ പച്ചക്കറി ആവശ്യമായി വരുന്ന സ്ഥാനത്ത് 16 ലക്ഷം മെട്രിക് ടൺ പച്ചക്കറി ഇപ്പോൾ ഉൽപ്പാദിപ്പിക്കാൻ സാധിച്ചിട്ടുള്ളത്. 4 ലക്ഷം മെട്രിക് ടൺ പച്ചക്കറി ഉൽപാദനം വർദ്ധിപ്പിക്കുന്നതിനായി സംസ്ഥാന ചരിത്രത്തിലെ ഏറ്റവും വലിയ പദ്ധതിയെന്ന നിലയിൽ 'ഞങ്ങളും കൃഷിയിലേക്ക്' എന്ന മുദ്രാവാക്യം ഉയർത്തിപ്പിടിച്ചുകൊണ്ട് തദ്ദേശസ്വയംഭരണ വകുപ്പിന്റെ സഹായത്തോടെ വലിയ ജനകീയ മുന്നേറ്റം കേരളത്തിൽ സൃഷ്ടിക്കാനുള്ള ശ്രമമാണ് നടത്തിക്കൊണ്ടിരിക്കുന്നത്.

<u>ശ്രീ. ടി. സിദ്ദിഖ്</u>: സർ, സർക്കാരിന്റെ കാർഷിക നയത്തിൽ പറഞ്ഞിട്ടുള്ള പ്രധാനപ്പെട്ട കാര്യം, കാർഷികോൽപ്പന്നങ്ങൾ വിൽക്കുമ്പോൾ ലഭിക്കുന്ന വരുമാനത്തിന്റെ ഒരു ഭാഗം കർഷകർക്ക് നൽകുമെന്നാണ്.

ഇതുവരെയും അത് പ്രാവർത്തികമായി കണ്ടിട്ടില്ല. നേരത്തെ വിദ്യാലയങ്ങളിലും സർക്കാർ ഓഫീസുകളിലും വഴിയോരങ്ങളിലും ക്രമാതീതമായി ഓർഗാനിക് പച്ചക്കറികളുടെ ഉൽപ്പാദനം ഒരു മിഷനായി നടപ്പാക്കിയിരുന്നെങ്കിലും ഇടയ്ക്കുവച്ച് വിദ്യാലയങ്ങൾ ഉൾപ്പെടെ അതിൽ നിന്ന് പുറകോട്ടുപോകുന്ന അവസ്ഥയുണ്ടായിട്ടുണ്ട്. വിദ്യാലയങ്ങളെയും പൊതുസ്ഥലങ്ങളെയും ഗവൺമെന്റ് ഓഫീസുകളെയും കോർത്തിണക്കിക്കൊണ്ട് വിഷരഹിത പച്ചക്കറി ഉൽപാദിപ്പിക്കുന്ന മൂവ്മെന്റ് പ്രോത്സാഹിപ്പിക്കുന്നതിനും അതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് ത്വരിതഗതിയിൽ നേതൃത്വം കൊടുക്കുന്നതിനും പദ്ധതി തയ്യാറാക്കുമോ?

<u>ശ്രീ. കെ. രാജൻ</u>: സർ, അങ്ങയുടെ മണ്ഡലത്തിലുൾപ്പെടെ നല്ല രീതിയിൽ നടപ്പാക്കിവരുന്ന പദ്ധതിയാണ് 'ഞങ്ങളും കൃഷിയിലേക്ക്' എന്ന കൃഷി വകുപ്പിന്റെ ഏറ്റവും ശ്രദ്ധേയമായ പദ്ധതി. അതിലൂടെ സമഗ്രമായ പച്ചക്കറി ഉൽപാദനത്തിനുവേണ്ടി ഓരോ ക്ലസ്റ്ററിനും ഒന്നേകാൽ ലക്ഷം രൂപ അനുവദിക്കാനാണ് ഇത്തവണത്തെ ബഡ്ജറ്റിൽ തീരുമാനിച്ചിട്ടുള്ളത്. പച്ചക്കറി വിപണി ഒരുക്കുന്നതിന്റെ ഭാഗമായി കേരളത്തിലെ എല്ലാ സ്കൂളുകളെയും കൃഷി രംഗത്തേയ്ക്ക് കൊണ്ടുവരാനുള്ള ശ്രമം നടത്തിവരികയാണ്. സംസ്ഥാനം ഒരുകാര്യത്തിൽനിന്നും പുറകോട്ട്

പോയില്ലെന്നു മാത്രമല്ല, പച്ചക്കറിയുടെ കാര്യത്തിൽ നേടിയ വലിയ മുന്നേറ്റം അക്ഷരാർത്ഥത്തിൽ കേരളത്തിലെ വിവിധ തലങ്ങളിൽ നമ്മൾ ഉണ്ടാക്കിയെടുക്കാൻ പോകുന്ന കൃഷി മുന്നേറ്റത്തിന്റെ ഭാഗമായാണ് കാണേണ്ടത്. 'ഞങ്ങളും കൃഷിയിലേക്ക്' എന്ന പദ്ധതിയിലൂടെ സംസ്ഥാന സർക്കാർ ആദ്യഘട്ടത്തിൽ 10000 കൃഷിക്കൂട്ടങ്ങൾ രൂപീകരിക്കാനാണ് നിശ്ചയിച്ചിരുന്നത്. എന്നാൽ അഭിമാനപൂർവ്വം പറയട്ടേ, പതിനായിരം കൃഷിക്കൂട്ടങ്ങളെ ലക്ഷ്യംവച്ച് ആരംഭിച്ച പദ്ധതി ഇതിനോടകം 23436 കൃഷിക്കൂട്ടങ്ങളാണ് കേരളത്തിൽ രൂപീകരിച്ചിരിക്കുന്നത്. ഇക്കാര്യത്തിൽ ശക്തമായിത്തന്നെ നമുക്ക് മുന്നോട്ട് പോകാം.

<u>ശ്രീമതി ഉമ തോമസ്</u>: സർ, ഹോർട്ടികോർപ്പ് കർഷകരിൽനിന്നും കർഷക സംഘങ്ങളിൽനിന്നും പച്ചക്കറി സംഭരിച്ച് വിതരണം നടത്തിയെങ്കിലും അതിന്റെ വില ഇതുവരെയും കൊടുത്തിട്ടില്ല; അതിനാവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ശ്രീ. കെ. രാജൻ</u>: സർ, തീർച്ചയായും ഈ അഭിപ്രായം ശരിയാണ്. ഹോർട്ടികോർപ്പ് പണം കൊടുക്കാനുള്ള കേസുകൾ ഓരോന്നായി സർക്കാർ ഇടപെട്ട് പരിഹരിച്ചുവരികയാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതിലേയ്ക്കായി 21.25 കോടി രൂപ അനുവദിച്ചുകഴിഞ്ഞു.

കഴിഞ്ഞ സാമ്പത്തിക വർഷം 16.25 കോടി രൂപയും ഈ സാമ്പത്തിക വർഷം 5 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. പച്ചക്കറി സംഭരിച്ച വകയിൽ ഹോർട്ടികോർപ്പ് വിതരണം ചെയ്യാനുള്ള സംഖ്യകൾ അതിവേഗം കൊടുത്തുതീർക്കാൻ സർക്കാരും ഹോർട്ടികോർപ്പും ആലോചിച്ചുവരികയാണ്.

ശ്രീ. അൻവർ സാദത്ത്: സർ, നമ്മുടെ നാടിന്റെ നട്ടെല്ലാണ് കർഷകർ. മണ്ണിനോട് മല്ലടിച്ചുകൊണ്ട് കൃഷി ചെയ്യുന്ന കർഷകർ വലിയ പ്രയാസങ്ങൾ നേരിട്ട് മുന്നോട്ടുപോകുമ്പോഴും അവർ കൃഷി ചെയ്യുന്നത് നിർത്താറില്ല. കാലാവസ്ഥാ വ്യതിയാനത്തിന്റെ ഭാഗമായി പല ഘട്ടങ്ങളിലും വൻതോതിൽ കൃഷിനാശങ്ങളുണ്ടാകാറുണ്ട്. പലപ്പോഴും കാലാവസ്ഥ മാറിമറിഞ്ഞ് കൃഷിനാശമുണ്ടാകുമ്പോൾ കർഷകർക്ക് വളരെ തുച്ഛമായ നഷ്ടപരിഹാരമാണ് സർക്കാർ നൽകുന്നത്. മാത്രമല്ല ഈ നഷ്ടപരിഹാരത്തുക സമയബന്ധിതമായി കൊടുക്കാൻ സാധിക്കാത്തതുമൂലം കർഷകർ വലിയ പ്രതിസന്ധിയിൽപ്പെടുന്ന സാഹചര്യമാണുള്ളത്. നാടിന്റെ നട്ടെല്ലായ കർഷകർക്ക് നൽകുന്ന നഷ്ടപരിഹാരത്തുക വർദ്ധിപ്പിക്കാനും ഈ തുക അടുത്ത കൃഷിനാശം വരുമ്പോൾ കൊടുക്കുന്നതിനുപകരം സമയബന്ധിതമായി നൽകാനും നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. രാജൻ: സർ, ഇതിനെക്കുറിച്ചുള്ള കണക്കുകൾ സൂചിപ്പിക്കുന്നത് അപ്രകാരമല്ല. 2021-22 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പ്ലാൻ ഫണ്ടിൽ 6743 കോടി രൂപ അനുവദിച്ചതിൽ കേരളത്തിലെ പ്രകൃതിക്ഷോഭങ്ങളുടെ ഭാഗമായി 6729 ലക്ഷം രൂപ അതേവർഷം കൊടുത്തുതീർത്തിട്ടുണ്ട്. ഇതിനുപുറമെയാണ് SDRF (State Disaster Response Fund)-ൽനിന്നും 1690 ലക്ഷം രൂപ ചെലവഴിച്ചത്. CMDRF-ൽനിന്നും കഴിഞ്ഞ വർഷത്തെ ബാക്കിയുള്ള 23 കോടി രൂപകൂടി കണക്കിലെടുത്താൽ 8443 ലക്ഷം രൂപ കഴിഞ്ഞ ഒരു വർഷക്കാലം പ്രകൃതിക്ഷോഭത്തിന്റെ ഭാഗമായി സർക്കാർ വിതരണം ചെയ്തിട്ടുണ്ട്. കഴിഞ്ഞവർഷം വിള ഇൻഷ്വറൻസിന്റെ ഭാഗമായി കൊടുത്തുതീർത്തത് 4004.86 ലക്ഷം രൂപയാണ്. ഇത്തവണ വിള ഇൻഷ്വറൻസിനുവേണ്ടി 3000 ലക്ഷം രൂപ കൂടി കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം പറഞ്ഞത് പ്രധാനപ്പെട്ട പ്രശ്നമാണ്. ഈ മേഖലയിൽ കാലാവസ്ഥാവ്യതിയാനത്തിനനുസൃതമായി ചില മാറ്റങ്ങളുണ്ടാക്കേണ്ടതുണ്ട്. അതുകൊണ്ടാണ് ഇത്തവണ ഗവൺമെന്റ് വിളയധിഷ്ഠിത ആസൂത്രണം എന്നതിൽനിന്നും വ്യത്യസ്തമായി വിളയിടാധിഷ്ഠിത ആസൂത്രണം എന്ന പദ്ധതിയിലേയ്ക്ക് പോകുന്നത്. ഇത് കേരളത്തിലുണ്ടാകുന്ന ചരിത്ര മാറ്റമാണ്.

കർഷകന്റെ കൈവശമുള്ള കൃഷിയിടങ്ങളിൽ വിവിധ സംരംഭങ്ങൾ സമർത്ഥമായി സമന്വയിപ്പിച്ച് സാധ്യമായ വിധത്തിൽ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് കൃഷിയിടാധിഷ്ഠിത മാസ്റ്റർ പ്ലാനിലൂടെ സാധിക്കുന്നതാണ്. ഇതുവഴി വിളനാശംമൂലം ഒരു ക്രോപ്പിനുമാത്രം പ്രത്യേകമായുണ്ടാകുന്ന നഷ്ടം മാറ്റിയെടുത്ത് ഒരു പുതിയ സംവിധാനം കേരളത്തിൽ കൊണ്ടുവരാൻ കഴിയുമെന്നാണ് ഗവൺമെന്റ് പ്രതീക്ഷിക്കുന്നത്.

ശ്രീ. സനീഷ്കുമാർ ജോസഫ്: സർ, ചാലക്കുടി നിയോജകമണ്ഡലത്തിലെ പരിയാരം, മേലൂർ, കോടശ്ശേരി ഉൾപ്പെടെയുള്ള പ്രദേശങ്ങളിലാണ് കേരളത്തിൽ ഏറ്റവും കൂടുതൽ റമ്പൂട്ടാൻ, മാങ്കോസ്റ്റീൻ എന്നീ ഫലങ്ങൾ ഉല്പാദിപ്പിക്കപ്പെടുന്നത്. ഇത്തരം പഴവർഗ്ഗങ്ങളുടെ സംഭരണവും വിപണനവുമായി ബന്ധപ്പെട്ട് നാളിതുവരെയും യാതൊരു പദ്ധതിയും നിലവിലില്ല. അതുകൊണ്ടുതന്നെ ഈ മേഖലയിൽ ഇടനിലക്കാർ ലാഭം കൊയ്യുന്ന അവസ്ഥയാണുള്ളത്. ഉല്പാദനം, വിപണനം, കയറ്റുമതി എന്നിവ ലക്ഷ്യമാക്കിക്കൊണ്ടുള്ള സമഗ്രപദ്ധതി ചാലക്കുടി കേന്ദ്രീകരിച്ച് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. രാജൻ: സർ, ആ പ്രദേശത്തെ അറിയാവുന്ന ഒരാളെന്ന

നിലയിൽ ബഹുമാനപ്പെട്ട അംഗം പറഞ്ഞത് വളരെ ശരിയാണ്. പ്രത്യേക പദ്ധതി അവിടെ വേണമോയെന്ന കാര്യം പരിശോധിക്കേണ്ടതാണ്. പക്ഷെ, കേരളത്തിലിപ്പോൾ 'ഞങ്ങളും കൃഷിയിലേയ്ക്ക്' എന്ന ആശയം മുൻനിർത്തി തയ്യാറാക്കിയ കൃഷിക്കൂട്ടങ്ങൾക്ക് മൂന്ന് പ്രധാനപ്പെട്ട ലക്ഷ്യങ്ങൾ കൊടുത്തിട്ടുണ്ട്. അതിൽ ഒന്നാമത്തേത്, കാർഷിക ഉല്പാദനമാണെങ്കിൽ മറ്റൊന്ന് കാർഷിക സേവനവും മൂന്നാമത്തേത് കാർഷിക വിളകളുടെ സംസ്കരണവും മൂല്യവർദ്ധിത ഉല്പന്നങ്ങളും എന്നതാണ്. അങ്ങ് പറഞ്ഞ വിളകളെക്കൂടി അതിൽ പ്രത്യേകം പരിഗണിച്ച് ക്ലസ്റ്ററെന്നതുപോലെ, പ്രസ്തുത ഫലങ്ങളുടെ സംഭരണത്തിനും വിതരണത്തിനും പ്രത്യേക പ്രാധാന്യം നൽകാവുന്ന കൃഷിക്കൂട്ടങ്ങൾ സൃഷ്ടിക്കുന്ന കാര്യത്തിൽ സർക്കാർ പ്രത്യേക പരിഗണന നൽകുന്നതാണ്.

ശ്രീ. മുരളി പെരുനെല്ലി: സർ, രണ്ടാം നൂറുദിന കർമ്മപരിപാടിയുടെ ഭാഗമായി 'ഞങ്ങളും കൃഷിയിലേയ്ക്ക്' എന്ന പദ്ധതി ആരംഭിച്ചത് സ്വാഗതാർഹമാണ്. ഇതിൽ പതിനായിരം കർഷകക്കൂട്ടങ്ങളാണ് ലക്ഷ്യം വച്ചതെങ്കിലും ഇപ്പോഴത് ഇരുപത്തെയ്യായിരത്തിലേയ്ക്ക് വർദ്ധിച്ചുവെന്നുള്ളത് ഗവൺമെന്റിന് കർഷകരുടെ പിന്തുണയുണ്ടെന്ന് വ്യക്തമാക്കുന്ന കാര്യമാണ്. വിഷം തീണ്ടിയ പച്ചക്കറിയിൽനിന്നുള്ള മോചനത്തിനായി വിഷഘടകങ്ങൾ

ശാസ്ത്രീയമായി പരിശോധിക്കാനും ശാസ്ത്രീയ കൃഷിരീതികൾ വ്യാപിപ്പിക്കാനും ഉറവിട ട്രേസിംഗ് പ്ലാറ്റ്ഫോമുകൾ സ്ഥാപിക്കുന്നതിനും മായംചേർക്കലിനും വിഷാംശത്തിനുമെതിരെ കർശനനടപടി സ്വീകരിക്കുന്നതിനുമായി എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ?

<u>ശ്രീ. കെ. രാജൻ</u>: സർ, വളരെ പ്രധാനപ്പെട്ട ചോദ്യമാണ് ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചത്. കേരളത്തിലേയ്ക്ക് അനിയന്ത്രിതമായി വിഷം ചേർത്ത പച്ചക്കറികൾ കൊണ്ടുവരുന്നതിന്റെ ഭാഗമായി പൊതുവെ ജനങ്ങളുടെ ജീവിതത്തിലും ശീലങ്ങളിലും പ്രയാസങ്ങൾ ഉണ്ടായിട്ടുണ്ട്. അതിന്റെ ഭാഗമായി കേരളത്തിനാവശ്യമായ മുഴുവൻ ഉല്പന്നങ്ങളും ഇവിടെത്തന്നെ ഉല്പാദിപ്പിക്കുന്നതിനാണ് 'ഞങ്ങളും കൃഷിയിലേയ്ക്ക്' എന്ന പദ്ധതിയുടെ ഭാഗമായി ആഗ്രഹിക്കുന്നത്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച കാര്യങ്ങളെല്ലാം നടപ്പാക്കുന്നതാണ്. ഇതോടൊപ്പം കാർഷിക സർവ്വകലാശാല കേന്ദ്രീകരിച്ച് അന്യസംസ്ഥാനങ്ങളിൽനിന്ന് എത്തിച്ചേരുന്ന പച്ചക്കറികളിലുള്ള വിഷാംശങ്ങൾ കണ്ടെത്താനും അത്തരത്തിൽ കണ്ടെത്തുന്നവ പിടിച്ചെടുക്കാനുമുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. അതിന്റെ ഭാഗമായി ഇതിനോടകം കാർഷിക

സർവ്വകലാശാല കൃഷിവകുപ്പിന് ഒരു പ്രോജക്ട് സമർപ്പിച്ചിട്ടുണ്ട്. 'Safe to Eat' എന്ന പദ്ധതിയുടെ ഭാഗമായി ടി പ്രോജക്ട് നടപ്പിലാക്കുകയെന്നത് ഗവൺമെന്റിന്റെ പ്രധാനപ്പെട്ട ലക്ഷ്യങ്ങളിലൊന്നാണ്.

ശ്രീ. മുഹമ്മദ് മുഹസിൻ: സർ, പച്ചക്കറി ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കാനുള്ള മികച്ച പ്രവർത്തനങ്ങൾ നടത്തുന്ന കൃഷിവകുപ്പിനെയും സർക്കാരിനെയും അഭിനന്ദിക്കുകയാണ്. കർഷകർക്ക് ന്യായവില ഉറപ്പാക്കുന്നതോടൊപ്പം ഇത് വളരെക്കുറഞ്ഞ വിലയ്ക്ക് ഉപഭോക്താക്കൾക്ക് ലഭ്യമാക്കുകയും വേണം. പച്ചക്കറി ഉല്പാദനത്തിലൂടെ പരമാവധി വില കർഷകന് ലഭിക്കാനും വിഷരഹിത പച്ചക്കറികൾ പൊതുജനങ്ങൾക്ക് കുറഞ്ഞ വിലയിൽ ലഭ്യമാക്കാനും കൃഷിവകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

ശ്രീ. കെ. രാജൻ: സർ, കേരളത്തിൽ രണ്ടുമൂന്ന് കാര്യങ്ങളിൽ ഗവൺമെന്റ് വലിയ മുന്നേറ്റം നടത്തിയിരിക്കുകയാണ്. സംസ്ഥാനത്ത് ചർച്ച ചെയ്യപ്പെട്ടതിലും നടപ്പാക്കിയതിലും വച്ച് ഏറ്റവും പ്രധാനപ്പെട്ടതാണ് 'കേരള ഫാം ഫ്രഷ് പഴം-പച്ചക്കറി അടിസ്ഥാനവില പദ്ധതി'. 2020 നവംബർ 1-ാം തീയതി കേരളപ്പിറവി ദിനത്തിലാരംഭിച്ച ഈ പദ്ധതിയുടെ ഭാഗമായി കേരളത്തിൽ 300 മാർക്കറ്റുകൾ ആരംഭിച്ചിരിക്കുകയാണ്. ഈ

പദ്ധതിപ്രകാരം വിവിധയിനം സാധനങ്ങൾക്ക് പ്രഖ്യാപിച്ചിട്ടുള്ള വിലയേക്കാൾ പൊതുമാർക്കറ്റിൽ വില താഴ്ന്നാൽ ഈ മുന്നൂറോളം സംഭരണ കേന്ദ്രങ്ങളിൽ അത് സംഭരിക്കാൻ തീരുമാനിക്കുകയും 16 ഇനങ്ങൾക്ക് താങ്ങുവില പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്. ഉത്സവകാലഘട്ടത്തിൽ കൃഷിവകുപ്പിന്റെ ആഭിമുഖ്യത്തിൽ VFPCK (Vegetable and Fruit Promotion Council Keralam)-യും ഹോർട്ടികോർപ്പും ചേർന്ന് ആരംഭിച്ച കർഷകചന്തകളിൽ ഒരേ സമയം കർഷകരെയും ഉപഭോക്താക്കളെയും സഹായിക്കുന്ന നടപടിയാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. കർഷകന് ഉല്പന്നങ്ങൾ മാർക്കറ്റിൽ വിൽക്കുമ്പോൾ ലഭിക്കുന്ന വിലയേക്കാൾ 10 ശതമാനം കൂടുതൽ തുക കൊടുത്ത് അവരിൽനിന്നും സംഭരിക്കുകയും ഉപഭോക്താവിന് മാർക്കറ്റിൽനിന്ന് ലഭിക്കുന്ന വിലയേക്കാൾ 30 ശതമാനം വിലകുറച്ച് വിപണിയിലേയ്ക്ക് കൊടുക്കുകയും ചെയ്യുന്ന അത്ഭുതകരമായ പ്രവർത്തനമാണ് കഴിഞ്ഞ 6 വർഷക്കാലമായി കൃഷി വകുപ്പ് നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. 'ഒന്ന് ചീഞ്ഞാലേ മറ്റൊന്നിന് വളമാകൂ' എന്നത് പഴമൊഴി അല്ലെന്ന് തെളിയിക്കുന്ന വിധത്തിൽ കർഷകന് കൂടുതൽ തുകയും ഉപഭോക്താവിന് കുറഞ്ഞ തുകയും കൊടുക്കാൻ കഴിയുന്ന തരത്തിലുള്ള സബ്സിഡി കൃഷിവകുപ്പ് നടപ്പിലാക്കുകയാണ്. ഇതിന്റെ

ഭാഗമായി കൃഷിവകുപ്പുമായി ബന്ധപ്പെട്ട് വിവിധ ഏജൻസികൾ നടത്തിക്കൊണ്ടിരുന്ന ഉത്സവകാല ചന്തകളെ ജോയിന്റ് പ്ലാറ്റ്ഫോം എന്ന നിലയിൽ ഒരു കുടക്കീഴിൽ കൊണ്ടുവരാനും ഇക്കാലയളവിൽ കൃഷിവകുപ്പിന് സാധിച്ചിട്ടുണ്ട്.

മി. സ്പീക്കർ: വിഷയം പച്ചക്കറിയായതുകൊണ്ട് പൊതുവിലൊരു ഉദാസീനത കാണാനുണ്ട്.

ശ്രീ. കെ. പി. എ. മജീദ്: സർ, ബഹുമാനപ്പെട്ട മന്ത്രി പറയുന്ന കണക്കുകൾ ഈ സഭയിൽ പറയുമ്പോൾ കേൾക്കാൻ കൊള്ളാവുള്ളതാണ്. പക്ഷേ, ഞാൻ പറയുന്നത് അനുഭവത്തിന്റെ വെളിച്ചത്തിലുള്ള കാര്യങ്ങളാണ്. എന്റെ മണ്ഡലത്തിലെ തെന്നല പഞ്ചായത്തിൽ ഒരു കൂട്ടം ചെറുപ്പക്കാർ തണ്ണിമത്തൻ കൃഷി നടത്തി. വിളവെടുപ്പിന് സമയമായപ്പോൾ അകാലത്തിൽ മഴവരികയും തുടർന്ന് കോവിഡ് സാഹചര്യമായതിനാലും തണ്ണിമത്തൻ മാർക്കറ്റിൽ കൊണ്ടുപോയി വിറ്റഴിക്കാൻ സാധിക്കാതെവന്നു. തദവസരത്തിൽ ഇത് പഞ്ചായത്തിലെ എല്ലാ വീട്ടുകാർക്കും തുച്ഛമായ നിരക്കിൽ കൊടുക്കുകയാണുണ്ടായത്. ഇതുമൂലം കൃഷി ചെയ്ത ചെറുപ്പക്കാർക്ക് ഭീമമായ നഷ്ടമുണ്ടായി. ഇത്തരം അനുഭവമുണ്ടായവരോട് വീണ്ടും കൃഷിയിലേയ്ക്ക് പോകണമെന്ന് പറഞ്ഞാൽ അത് അംഗീകരിക്കാൻ

കഴിയുമോ; ഇത്തത്തിലുള്ള പ്രത്യേകഘട്ടങ്ങളിൽ നാമമാത്രമായ നഷ്ടപരിഹാരംകൊണ്ട് അവരുടെ പ്രയാസം അഭിമുഖീകരിക്കാൻ കഴിയില്ലെന്ന സാഹചര്യം കണക്കിലെടുത്ത് അവർക്ക് എന്തെങ്കിലും സഹായം ചെയ്യാനുള്ള നടപടി സ്വീകരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. കെ. രാജൻ: സർ, അങ്ങ് ഇക്കാര്യങ്ങളെക്കുറിച്ച് കുറച്ചുകൂടി അന്വേഷിച്ചാൽ ബോധ്യപ്പെടുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. കാരണം, നാമമാത്രമായ സംഖ്യയല്ല ഇതിനായി ചെലവഴിച്ചത്. കേരളത്തിൽ 2020-ൽ പ്രഖ്യാപിച്ച താങ്ങുവില പദ്ധതി, 21 വർഷത്തിനുശേഷം 2017-ൽ പുതുക്കി നിശ്ചയിച്ച വിള ഇൻഷ്വറൻസ് പദ്ധതി തുടങ്ങിയവയിലൂടെ കൃഷിക്കാർക്ക് വലിയ സഹായമാണുണ്ടായിരിക്കുന്നത്. കോവിഡിനുശേഷമുള്ള കാലഘട്ടത്തിൽ മറ്റുവിളകളെക്കാൾ അധികോത്പാദനം നടത്തിയ വിളകളിലൊന്നാണ് മരച്ചീനി. നമ്മുടെ നാട്ടിൽ കോവിഡ് മഹാമാരി പിടിപെട്ടകാലത്ത്, കൃഷിക്കാരെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയും കൂട്ടിയോജിപ്പിച്ചുകൊണ്ട് നാം കൊണ്ടുവന്ന പദ്ധതിയിലൂടെ മരച്ചീനി ധാരാളമായി ഉത്പാദിപ്പിക്കുകയുണ്ടായി. എന്നാൽ അതിന്റെ പൂർണ്ണമായ വിപണനം സാധ്യമാകാതെവന്ന ഘട്ടത്തിലാണ് കൃഷി വകുപ്പ് ഹോർട്ടികോർപ്പിന്റെ നേതൃത്വത്തിൽ സംസ്ഥാനത്തെ എല്ലാ

പ്രദേശങ്ങളിലും മരച്ചീനി സംഭരിക്കാനുള്ള സംവിധാനമുണ്ടാക്കുകയും അത് മൂല്യവർദ്ധിത ഉത്പന്നങ്ങളാക്കിമാറ്റി വിതരണം ചെയ്യാനും നടപടി സ്വീകരിച്ചത്. കേരളത്തിലെ ഗവൺമെന്റ് ഈ കാലയളവിൽ ഫാർമേഴ്സ് പ്രൊഡ്യൂസേഴ്സ് ഓർഗനൈസേഷന്റെ 80 യൂണിറ്റുകൾ ആരംഭിച്ചു. മൂല്യവർദ്ധിത ഉത്പന്നങ്ങളുണ്ടാക്കാനും സംസ്കരിക്കാനും വിപണനം ചെയ്യാനും കഴിയുന്നവിധത്തിൽ ഇത്തരം സംവിധാനങ്ങളെ മുമ്പോട്ടുകൊണ്ടുപോകാനാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്. ഏതെങ്കിലും വിധത്തിലുള്ള പ്രയാസങ്ങൾ ഉത്പന്നങ്ങളുടെ വിപണനം സംബന്ധിച്ചുണ്ടായാൽ, ബന്ധപ്പെട്ട ഗവൺമെന്റ് ഏജൻസികൾ മുൻകയ്യെടുത്ത് മരച്ചീനി ശേഖരിച്ച് മൂല്യവർദ്ധിത ഉത്പന്നങ്ങളാക്കി ഹോർട്ടികോർപ്പ് മുഖാന്തരം വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. ഇപ്പോൾ ചക്കയെ ഗവൺമെന്റിന്റെ വിളയായി പ്രഖ്യാപിച്ചത് എല്ലാവർക്കും അറിയാമല്ലോ. വയനാട്ടിലും ഇടുക്കിയിലുമായി രണ്ട് കേന്ദ്രങ്ങൾ ആരംഭിച്ച്, ഒരു കിലോ ചക്കയ്ക്ക് അതത് സ്ഥലങ്ങളിലുള്ള വിലയേക്കാൾ 5 രൂപ കൂടുതൽ കൊടുത്ത് സംഭരിക്കാനുള്ള അനുവാദം നൽകിയപ്പോൾ ആദ്യവർഷം 40 മെട്രിക് ടൺ ചക്കയും രണ്ടാംവർഷം നൂറ് മെട്രിക് ടൺ ചക്കയും സംഭരിക്കാൻ സാധിച്ചു. നിയമസഭാ

സാമാജികരുമായി ആലോചിച്ച് അവരുടെ മണ്ഡലങ്ങളിലെ അധികോത്പാദനമുള്ള വിളകൾ സംഭരിക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്. ഈ വിഷയവുമായി ബന്ധപ്പെട്ട് ഒരു പ്രൊഡക്ഷൻ കലണ്ടർ ഇല്ലാത്തതാണ് നമുക്കുണ്ടാകുന്ന പ്രശ്നം. പ്രൊഡക്ഷൻ കലണ്ടർ തയ്യാറാക്കുന്നത് 'ഞങ്ങളും കൃഷിയിലേയ്ക്ക്' എന്ന പദ്ധതിയുടെ പ്രധാന ഭാഗമാണ്. നമ്മുടെ മേഖലയിൽ ഉത്പാദിപ്പിക്കാൻ കഴിയുന്ന ഉത്പന്നങ്ങൾ ഏതൊക്കെയെന്നും അവയുടെ അളവ് എത്രയെന്നും സംബന്ധിച്ച കണക്കെടുത്ത് ബന്ധപ്പെട്ട കൃഷിഭവനുകളിലേയ്ക്ക് നൽകിയാൽ അവ വിതരണംചെയ്യാനും, വിപണനം ചെയ്യാനുമുള്ള സൗകര്യമുണ്ടാക്കുന്നതാണ്. ക്രോപ്പ് കലണ്ടറും പ്രൊഡക്ഷൻ കലണ്ടറും കൃഷി വകുപ്പിൽ അനിവാര്യമാണ്. അതത് മണ്ഡലങ്ങളിൽ സംഘടിപ്പിക്കുന്ന കാർഷിക പ്രോജക്ടുകളിലൂടെ ആ വിവരം കൃഷിവകുപ്പിനെ അറിയിക്കണമെന്നാണ് സർക്കാരിന്റെ അഭ്യർത്ഥന. അതിനനുസരിച്ച് നടപടി സ്വീകരിക്കുന്നതാണ്.

ശ്രീമതി യു. പ്രതിഭ: സർ, ഗ്രൂപ്പ് കൃഷിയും സംയോജിത കൃഷിയും കൂടുതൽ മികവുറ്റതാക്കുന്നതിനായി 'കൃഷിക്കൂട്ടം ' എന്ന സംവിധാനത്തിലൂടെ ഏതുതരത്തിലുള്ള പ്രവർത്തനങ്ങൾക്കാണ് ലക്ഷ്യമിടുന്നത്?

ശ്രീ. കെ. രാജൻ: സർ, വളരെ പ്രധാനപ്പെട്ട ചോദ്യമാണിത്.

അയൽക്കൂട്ടങ്ങൾപോലെ കേരളത്തിലെ കൃഷിക്കൂട്ടങ്ങൾ യഥാർത്ഥ്യമാവുകയാണ്. എത്ര മനോഹരമായ ആശയമാണ് ഈ ഗവൺമെന്റ് പങ്കുവെയ്ക്കുന്നതെന്ന് അങ്ങ് സങ്കൽപ്പിച്ചുനോക്കൂ! സംസ്ഥാനത്ത് 23436 കൃഷിക്കൂട്ടങ്ങൾ സംഘടിപ്പിച്ചു. കൃഷിക്കൂട്ടങ്ങളിലൂടെ കാർഷിക ഉത്പാദനം മാത്രമല്ല ലക്ഷ്യംവയ്ക്കുന്നത്. കൃഷിക്കൂട്ടങ്ങളുടെ 80 ശതമാനം യൂണിറ്റുകളെ ഉത്പാദന മേഖലയിൽ നിലനിർത്തുമ്പോൾ ബാക്കി 20 ശതമാനം സേവനത്തിനും സംസ്കരണ-മൂല്യവർദ്ധിത ഉത്പാദന പ്രക്രിയയ്ക്കുംവേണ്ടി നിലകൊള്ളുകയാണ്. ഉദാഹരണമായി ഒരു കൃഷിക്കൂട്ടം വിള ഉത്പാദന മേഖലയിൽ പ്രവർത്തിക്കുമ്പോൾ അതിലേയ്ക്കുള്ള യന്ത്രസാമഗ്രികൾ, കർഷകത്തൊഴിലാളികളുമായി ബന്ധപ്പെട്ട ആവശ്യങ്ങൾ എന്നിവ നിർവ്വഹിക്കാൻ മറ്റൊരു കൃഷിക്കൂട്ടത്തിന് സാധിക്കും. അതുപോലെതന്നെ ഇത്തരത്തിൽ ലഭ്യമാകുന്ന കാർഷികോത്പന്നങ്ങൾ സംസ്കരിക്കാനും മൂല്യവർദ്ധിത ഉത്പന്നങ്ങളാക്കി മാറ്റാനും മറ്റൊരു കൃഷിക്കൂട്ടത്തിന് സാധിക്കും. കൃഷിക്കൂട്ടത്തിലെ 80 ശതമാനത്തിന് ഉത്പാദന പ്രക്രിയയിലും ബാക്കി 20 ശതമാനത്തിന് മൂല്യവർദ്ധിത - സംസ്കരണ - സേവന മേഖലകളിലും പ്രവർത്തിപ്പിക്കാൻ കഴിയുന്നതരത്തിൽ ശ്രദ്ധേയമായ സംവിധാനമാണ് ഒരുക്കിയിരിക്കുന്നത്. ഇതനുസരിച്ച്

ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ പ്രസ്തുത വകുപ്പുമായി കൂടിയാലോചിച്ച് അതത് സ്ഥലങ്ങളിൽ തദ്ദേശസ്വയംഭരണ വകുപ്പ് കണ്ടെത്തുന്ന സ്ഥലങ്ങളിൽ പ്രസ്തുത സംവിധാനം പ്രാവർത്തികമാക്കുന്നതാണ്. ഒരു കൃഷിക്കൂട്ടത്തിൽ 5 മുതൽ 25 വരെ അംഗങ്ങൾ ഉണ്ടായിരിക്കുന്നതും 5 സെന്റ് മുതൽ 2 ഏക്കർ വരെയുള്ള ഭൂമിയിൽ കൃഷിചെയ്യാൻ കഴിയുന്നതുമാണ്. ഇതിലൂടെ ഉല്പാദനം മാത്രമല്ല, വിപണനവും യന്ത്രസഹായങ്ങളും ജോലി ഏൽപ്പിക്കുന്നതടക്കം ആവശ്യമായ എല്ലാ പ്രവർത്തനങ്ങളിലേയ്ക്കും കൊണ്ടുപോകാൻ കഴിയുന്നതാണ്. കേരളത്തിന്റെ കാർഷിക മേഖലയിൽ വ്യാവസായികാടിസ്ഥാനത്തിൽ കൃഷിചെയ്യുന്നതടക്കമുള്ള നടപടിയിലേയ്ക്ക് കൊണ്ടുപോകാൻ സാധിക്കുന്നതരത്തിലാണ് കൃഷിക്കൂട്ടങ്ങൾ രൂപകൽപ്പന ചെയ്തിട്ടുള്ളത്.

വിള ഇൻഷ്വറൻസ് പദ്ധതി

3 (*273) ശ്രീ. പി. ബാലചന്ദ്രൻ:
ശ്രീ. പി. എസ്. സുപാൽ:
ശ്രീമതി സി. കെ. ആശ:
ശ്രീ. വാഴൂർ സോമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തുടരെയുണ്ടാകുന്ന കാലാവസ്ഥാ വ്യതിയാനവും പ്രകൃതി ക്ഷോഭങ്ങളുംമൂലം വിളനാശം സംഭവിച്ച കർഷകർക്ക് അർഹമായ

നഷ്ടപരിഹാരം യഥാസമയം നൽകുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മുൻകാലങ്ങളെ അപേക്ഷിച്ച് കർഷകർക്ക് കൂടുതൽ തുക നഷ്ടപരിഹാരമായി അനുവദിക്കാൻ കഴിഞ്ഞിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) കൃഷിനാശം ഉണ്ടായാൽ കർഷകർക്ക് കാലതാമസം കൂടാതെ നഷ്ടപരിഹാരം നൽകുന്നതിന് ഇൻഷ്വറൻസ് വ്യവസ്ഥകൾ പരിഷ്കരിക്കുമോ; വിശദമാക്കാമോ;

(ഡി) കൃഷിനാശം വിലയിരുത്തി റിപ്പോർട്ട് അയയ്ക്കുന്നതിനായി മൊബൈൽ ആപ്പ് ഉൾപ്പെടെയുള്ള നവീന സാങ്കേതികവിദ്യകൾ ഉപയോഗിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

കൃഷി വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (<u>ശ്രീ. കെ. രാജൻ</u>): സർ, (എ) പ്രകൃതിക്ഷോഭംമൂലം വിളനാശമുണ്ടാകുന്ന സാഹചര്യത്തിൽ പ്രകൃതിദുരന്തങ്ങൾക്കായുള്ള അടിയന്തര പരിപാടി പദ്ധതി മുഖേന വിളനാശത്തിന് നഷ്ടപരിഹാരമായി സംസ്ഥാന വിഹിതവും സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നുള്ള വിഹിതവും നൽകുന്നുണ്ട്. കൂടാതെ

സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി മുഖേന ഇൻഷ്വർചെയ്ത വിളകൾക്ക് നാശനഷ്ടം സംഭവിക്കുമ്പോൾ പദ്ധതി മാനദണ്ഡങ്ങൾക്കും നിരക്കുകൾക്കും വിധേയമായി നഷ്ടപരിഹാരം നൽകുന്നുണ്ട്. ഈ പദ്ധതികൾ കൃഷിവകുപ്പിന്റെ AIMS (Agriculture Information Management System) പോർട്ടൽ മുഖേനയാണ് നടപ്പിലാക്കിവരുന്നത്. യഥാസമയം കർഷകർക്ക് നഷ്ടപരിഹാരത്തിനായി അപേക്ഷിക്കുന്നതിനും പരിശോധനകൾക്കും അംഗീകാരത്തിനുംശേഷം തുക അതത് കർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് അനുവദിക്കുന്നതിനുമുള്ള സംവിധാനം നിലവിൽ എയിംസ് പോർട്ടൽ മുഖേന നടപ്പിലാക്കിവരുന്നു.

വിള ഇൻഷ്വറൻസ് പദ്ധതി AIMS പോർട്ടലിൽ ഉൾപ്പെടുത്തിയതിലൂടെ കർഷകർക്ക് പദ്ധതിയിൽ അംഗമാകുന്നതിനും, പോളിസി ലഭ്യമാക്കുന്നതിനും നഷ്ടപരിഹാരം നേരിട്ട് കർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് Centralised DBT സംവിധാനത്തിലൂടെ നൽകുന്നതിനും സാധ്യമാകുന്നുണ്ട്. അതുവഴി കാലതാമസം ഒഴിവാക്കി ആനുകൂല്യം കർഷകർക്ക് വേഗത്തിൽ ലഭ്യമാക്കുന്നതിന് സാധ്യമാകുന്നുണ്ട്. കൂടാതെ കേന്ദ്രസർക്കാരുമായി സംയോജിച്ച് കേന്ദ്രാവിഷ്കൃത വിള ഇൻഷ്വറൻസ് പദ്ധതികളായ പ്രധാനമന്ത്രി ഫസൽ ബീമാ യോജന, കാലാവസ്ഥാധിഷ്ഠിത

വിള ഇൻഷ്വറൻസ് പദ്ധതി എന്നിവയും അഗ്രികൾച്ചർ ഇൻഷ്വറൻസ് കമ്പനി ഓഫ് ഇന്ത്യ ലിമിറ്റഡ് മുഖേന നടപ്പിലാക്കുന്നുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2021-22 വർഷത്തിൽ പ്രകൃതിക്ഷോഭ ദുരിതാശ്വാസത്തിന് സംസ്ഥാന വിഹിതമായി 6743.86 ലക്ഷം രൂപ അനുവദിക്കുകയും ആയതിൽ വിളനാശം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരമായി 6493.47781 ലക്ഷം രൂപയും മടവീഴ്ചയിൽ നാശനഷ്ടം സംഭവിച്ച കർഷകർക്ക് മട പുനരുദ്ധാരണത്തിന് 12.16347 ലക്ഷം രൂപയും വിതച്ച നെൽപ്പാടങ്ങൾക്കുണ്ടായ നാശനഷ്ടത്തിനായി കർഷകർക്ക് സൗജന്യമായി നെൽ വിത്ത് നൽകിയ ഇനത്തിൽ സംസ്ഥാന വിത്ത് വിതരണ അതോറിറ്റിക്ക് 200 ലക്ഷം രൂപയും കീടരോഗ ബാധമൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക് 23.66608 ലക്ഷം രൂപയും ചേർത്ത് ആകെ 6729.30736 ലക്ഷം രൂപ വിതരണം ചെയ്തിട്ടുണ്ട്. സംസ്ഥാന ദുരന്ത നിവാരണ നിധിയിൽനിന്നും 1690.62807 ലക്ഷം രൂപയും വിതരണം ചെയ്തിട്ടുണ്ട്.

കൂടാതെ സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയുടെ നഷ്ടപരിഹാരം നൽകുന്നതിനായി സംസ്ഥാന സർക്കാർ 3200 ലക്ഷം രൂപ അനുവദിക്കുകയും ആയതിൽ 3179.95005 ലക്ഷം രൂപ വിതരണം

ചെയ്യുകയും ചെയ്തിട്ടുണ്ട്. പരിഷ്കരിച്ച സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി ഫണ്ടിൽനിന്നും 825 ലക്ഷം രൂപ നൽകിയിട്ടുണ്ട്. 2022-2023 സാമ്പത്തിക വർഷത്തിൽ സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയുടെ നഷ്ടപരിഹാരം നൽകുന്നതിനായി 3000 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ആയത് വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

കേന്ദ്ര വിള ഇൻഷ്വറൻസ് പദ്ധതികളായ പ്രധാനമന്ത്രി ഫസൽ ബീമാ യോജന, കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി എന്നിവയുടെ പ്രീമിയം സബ്സിഡിയുടെ സംസ്ഥാന വിഹിതമായി 6014.02090 ലക്ഷം രൂപ നടത്തിപ്പ് ഏജൻസിയായ ഇൻഷ്വറൻസ് കമ്പനിക്ക് വിതരണം ചെയ്തിട്ടുണ്ട്.

(സി) ഇതിന്റെ മറുപടി ദീർഘമായതിനാൽ മേശപ്പുറത്ത് വയ്ക്കുകയാണ്. +

(ഡി) ഉണ്ട്. കൃഷി നാശം വിലയിരുത്തുന്നതിനും കർഷകർക്ക് അപേക്ഷ സമർപ്പിക്കുന്നതിനും അർഹമായ നഷ്ടപരിഹാരം ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് നൽകുന്നതിനും ഓൺലൈൻ സംവിധാനമായ എയിംസ് പോർട്ടൽ മുഖേന സാധിക്കുന്നു. എയിംസ് പോർട്ടലിന്റെ മൊബൈൽ ആപ്പ് കർഷകർക്കും ഉദ്യോഗസ്ഥർക്കും

\+ അനുബന്ധമായി ചേർത്തിട്ടുണ്ട്.

ഉപയോഗിക്കാവുന്നതാണ്.

ശ്രീ. പി. ബാലചന്ദ്രൻ: സർ, കാലാവസ്ഥാ വ്യതിയാനം, പ്രകൃതിക്ഷോഭം, വന്യജീവികളുടെ ഉപദ്രവം എന്നിവയിലൂടെ വ്യാപകമായി കൃഷിനാശം സംഭവിച്ചുകൊണ്ടിരിക്കുകയാണ്. ഇത്തരം കൃഷിനാശത്തിന് വിള ഇൻഷ്വറൻസിനുപുറമേ മറ്റേതെങ്കിലും പദ്ധതി മുഖേന ഗവൺമെന്റ് നഷ്ടപരിഹാരം കൊടുക്കുന്നുണ്ടോ; ഇല്ലെങ്കിൽ കൊടുക്കാനുദ്ദേശിക്കുന്നുണ്ടോ?

ശ്രീ. കെ. രാജൻ: സർ, 27 വിളകൾക്ക് പ്രത്യേകമായ ആനുകൂല്യങ്ങൾ പ്രഖ്യാപിച്ചുകൊണ്ടുള്ള പദ്ധതിയാണ് സംസ്ഥാന വിള ഇൻഷ്വറൻസ്. ഇതിനുപുറമേ പ്രധാനമന്ത്രി ഫസൽ ബീമായോജന പദ്ധതി കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടെ നടപ്പിലാക്കുന്നുണ്ട്. പ്രസ്തുത പദ്ധതിയിലൂടെ ആലപ്പുഴ, കോട്ടയം, പത്തനംതിട്ട എന്നീ ജില്ലകൾക്ക് നെല്ലും മറ്റെല്ലാ ജില്ലകൾക്കും വാഴയും മരച്ചീനിയും ഇൻഷ്വർ ചെയ്യാവുന്നതാണ്. ഇതിനുപുറമേ പുനരാവിഷ്കൃത-കേന്ദ്രാവിഷ്കൃത വിള ഇൻഷ്വറൻസ് പദ്ധതിപ്രകാരം മറ്റുജില്ലകളിലെ നെല്ലിനും 21 വിളകൾക്കും എല്ലാ സീസണിലും ഇൻഷ്വർ ചെയ്യാനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിനുപുറമേ പ്ലാൻ ഫണ്ടിൽനിന്നും തുക മാറ്റിവച്ചുകൊണ്ട് പ്രകൃതിക്ഷോഭങ്ങളിൽപ്പെട്ട കർഷകരെ സഹായിക്കാൻ ഈയിനത്തിനായി

പ്രത്യേക പദ്ധതി കേരള സർക്കാർ വഹിക്കുന്നുണ്ട്. 2021-22 വർഷത്തിൽ 6729 ലക്ഷം രൂപ പ്രകൃതിക്ഷോഭംമൂലം കൃഷിനശിച്ച കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്. 1690 ലക്ഷം രൂപ സംസ്ഥാന ദുരന്തപ്രതികരണനിധിയിൽ (SDRF)നിന്നും വിതരണംചെയ്തിട്ടുണ്ട്. ഇതടക്കം 2021-22 വർഷത്തിൽ കേരളത്തിൽ 8443 ലക്ഷം രൂപ പ്രകൃതിക്ഷോഭങ്ങളിൽപ്പെട്ടവരെ സഹായിക്കുന്നതിനായി വിതരണം ചെയ്തിട്ടുണ്ട്.

ശ്രീ. പി. ബാലചന്ദ്രൻ: സർ, സംസ്ഥാനത്ത് റവന്യൂ തരിശുഭൂമിയിൽപ്പെട്ട സ്ഥലങ്ങൾ 'ഞങ്ങളും കൃഷിയിലേയ്ക്ക് 'എന്ന പുതിയ സംരംഭത്തിനായി സൊസൈറ്റികൾ മുഖേനയോ വ്യക്തികൾ മുഖേനയോ കൊടുക്കാനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഏതൊക്കെ ജില്ലകൾ കേന്ദ്രീകരിച്ച് ടി പദ്ധതി ആരംഭിക്കാൻ സാധിക്കും?

ശ്രീ. കെ. രാജൻ: സർ, കേരളത്തിൽ 'ഞങ്ങളും കൃഷിയിലേയ്ക്ക്' എന്ന പദ്ധതിയിലൂടെ പ്രധാനമായും പച്ചക്കറി വിതരണത്തിന്റെ സ്വയംപര്യാപ്തതയാണ് വിഭാവനം ചെയ്യുന്നത്. വരാൻപോകുന്ന പഞ്ചവത്സരപദ്ധതി ലക്ഷ്യംവച്ചുള്ള വലിയൊരു പദ്ധതിയുടെ ടാർജറ്റാണ് ഗവൺമെന്റ് തയ്യാറാക്കിയിട്ടുള്ളത്. നെല്ലുൽപ്പാദനത്തിൽ ഒരു ഹെക്ടറിൽ മൂന്ന് ടണ്ണാണ് നിലവിൽ ഉല്പാദിപ്പിക്കാൻ കഴിയുന്നതെങ്കിൽ ഈ

പഞ്ചവത്സരപദ്ധതി പൂർത്തീകരിക്കുന്നതോടെ ഒരു ഹെക്ടറിൽനിന്ന് നാലര ടൺ നെല്ലുല്പാദിപ്പിക്കണമെന്ന ടാർജറ്റാണുള്ളത്. ഒരു തെങ്ങിൽനിന്ന് ഒരു വർഷം 36 നാളികേരമാണ് ലഭിക്കുന്നതെങ്കിൽ അത് 80 ആക്കി വർദ്ധിപ്പിക്കണമെന്നതാണ് ലക്ഷ്യം. നിലവിൽ ഒരു ഹെക്ടറിൽനിന്ന് 15 ടൺ പച്ചക്കറിയാണ്ഉല്പാദിപ്പിക്കുന്നതെങ്കിൽ അത് 30 ടണ്ണായി വർദ്ധിപ്പിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. പച്ചക്കറിയുടെയും കാർഷികോത്പ്പാദനത്തിന്റെയും കാര്യത്തിൽ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി വിവിധ വകുപ്പുകളെ ബന്ധപ്പെടുത്തി പ്രവർത്തനം നടത്തുന്നതാണ്. കഴിഞ്ഞ ഗവൺമെന്റ് പറഞ്ഞിട്ടുള്ളതുപോലെ എല്ലാവരും കൃഷിക്കാരാവുക, എല്ലായിടങ്ങളും കൃഷിയിടങ്ങളാക്കുകയെന്നതാണ് 'ഞങ്ങളും കൃഷിയിലേയ്ക്ക്' എന്ന പദ്ധതിയുടെ പ്രധാന ലക്ഷ്യം. അതിലേയ്ക്കായി പ്രത്യേകമായൊരു ജില്ലയുടെ കാര്യം പറയേണ്ടതില്ല; ഏതൊക്കെ ജില്ലകളിലാണോ ഈ പദ്ധതി ആരംഭിക്കാൻ സാധിക്കുന്നത്, അവിടെയെല്ലാം ആരംഭിക്കുന്നതാണ്.

<u>ശ്രീ. പി. എസ്. സുപാൽ</u>: സർ, ഈ ഗവൺമെന്റ് കാർഷിക മേഖലയിൽ മികച്ച ഇടപെടൽ നടത്തിക്കൊണ്ടിരിക്കുകയാണ്. കർഷകർക്ക് നഷ്ടപരിഹാരം കൊടുക്കുന്ന കാര്യത്തിലും മാതൃകാപരമായ നിലപാടാണ്

സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. കാലാവസ്ഥാ വ്യതിയാനംമൂലം കാർഷിക മേഖല ഗുരുതരമായ പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുകയാണ്. ഉരുൾപൊട്ടൽ, ജലത്തിന്റെ കുത്തൊഴുക്ക് എന്നിവ കാരണം ഭൂമിയുടെ ഘടനയിൽത്തന്നെ മാറ്റങ്ങൾ വരികയാണ്. സാമ്പത്തിക ബുദ്ധിമുട്ടുകാരണം കർഷകർക്ക് കൃഷിഭൂമി പഴയ സ്ഥിതിയിലാക്കാൻ കഴിയാതെവരുന്നു. കാലാവസ്ഥാ വ്യതിയാനംമൂലം അടിക്കടി കൃഷിനാശവും സംഭവിച്ചുകൊണ്ടിരിക്കുകയാണ്. ഇത് കർഷർക്ക് താങ്ങാൻ കഴിയാത്ത നിലയിലേയ്ക്ക് വന്നുകൊണ്ടിരിക്കുന്നു. ഈ പ്രത്യേക സാഹചര്യത്തിൽ കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതിനായി കൂടുതൽ ഉദാരമായ സാഹചര്യമുണ്ടാക്കുന്നതിന് പ്രത്യേക റിവോൾവിംഗ് ഫണ്ട് രൂപീകരിക്കാൻ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. കെ. രാജൻ</u>: സർ, അങ്ങ് ചോദിച്ചത് വളരെ പ്രസക്തമായ ചോദ്യമാണ്. ചിറ്റൂരിൽ പ്രാഥമികമായി പരിശോധിച്ചുകൊണ്ടിരിക്കുന്ന പ്രിസംപ്ഷൻ ഫാമിംഗ് പോലുള്ള പ്രോജക്ടുകൾ ഇത്തരം നഷ്ടങ്ങളുണ്ടാകുന്നതിൽനിന്നും വലിയതോതിൽ സഹായിക്കാൻ കഴിയുന്നവയാണ്. ഇൻഷ്വറൻസ് മേഖലയുമായി ബന്ധപ്പെട്ട് കൃഷി വകുപ്പ് സമഗ്രമായ പരിഷ്കരണമാണ് ലക്ഷ്യമിടുന്നത്. അതിന്റെ ഭാഗമായി 'Smart

Crop Insurance' എന്ന പദ്ധതി കേരളത്തിൽ നടപ്പിലാക്കുന്നതിനെക്കുറിച്ചുള്ള ആദ്യഘട്ട ആലോചനയിലേയ്ക്ക് ഗവൺമെന്റ് കടക്കുകയാണ്. ഇതിന്റെ ഭാഗമായി അഗ്രിക്കൾച്ചർ ഇൻഷ്വറൻസ് കമ്പനി ഓഫ് ഇന്ത്യ ലിമിറ്റഡിനോട് പ്രോജക്ട് തയ്യാറാക്കി സർക്കാരിന് സമർപ്പിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. പൂനെ ആസ്ഥാനമായി പ്രവർത്തിക്കുന്ന നാഷണൽ ഇൻഷ്വറൻസ് അക്കാഡമിയോടും ഇതുമായി ബന്ധപ്പെട്ട പ്രോജക്ട് തയ്യാറാക്കി നൽകാൻ ആവശ്യപ്പെട്ടിട്ടുണ്ട്. അവർ പ്രോജക്ട് സമർപ്പിക്കുമ്പോൾ ഇൻഷ്വറൻസ് പരിരക്ഷയെ കുറേക്കൂടി ഗംഭീരമായി അവതരിപ്പിക്കാനുള്ള കാര്യങ്ങൾ പരിശോധിക്കുന്നതാണ്. ഇക്കാര്യം സംബന്ധിച്ച് ധനകാര്യ വകുപ്പുമന്ത്രിയുമായി കൂടിയാലോചിച്ച് തീരുമാനമെടുക്കുന്നതാണ്.

<u>ശ്രീമതി സി. കെ. ആശ</u>: സർ, സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന വിള ഇൻഷ്വറൻസ് പദ്ധതി പരിഷ്കരിക്കുന്നതിനും അത് ഇൻഷ്വറൻസ് കമ്പനി മുഖേന നടപ്പാക്കുന്നതിനെക്കുറിച്ചും സർക്കാർ പഠനം നടത്തിയിട്ടുണ്ടോ; അത്തരം പഠനം നടത്തിയിട്ടുണ്ടെങ്കിൽ കർഷകർക്കുണ്ടാകുന്ന നേട്ടങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ?

ശ്രീ. കെ. രാജൻ: സർ, സംസ്ഥാന സർക്കാർ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന വിള ഇൻഷ്വറൻസ് പദ്ധതി 2017-ൽ വീണ്ടും പുതുക്കുന്നതിലൂടെ 21 വർഷത്തിനുശേഷമുള്ള പുതിയൊരു സംരംഭമായാണ് നടപ്പിലാക്കിയിരിക്കുന്നത്. അഗ്രിക്കൾച്ചർ ഇൻഷ്വറൻസ് കമ്പനി ഓഫ് ഇന്ത്യ ലിമിറ്റഡിനോട് ആവശ്യപ്പെട്ടതനുസരിച്ച് പുതിയൊരു പ്രോജക്റ്റ് തയ്യാറാക്കി സർക്കാരിന് സമർപ്പിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഈ പ്രോജക്റ്റിലൂടെ  വിള നഷ്ടം തിട്ടപ്പെടുത്തേണ്ട രീതി അടിസ്ഥാനമാക്കി വിള ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതിന് പ്രത്യേക പാക്കേജുണ്ടാക്കി കർഷർക്ക് ഗുണകരമായ രീതിയിൽ നടപ്പിലാക്കാനുള്ള ശ്രമം നടത്തുന്നതാണ്.

ശ്രീ. വാഴൂർ സോമൻ: സർ, 'ഞങ്ങളും കൃഷിയിലേയ്ക്ക്' എന്ന മുദ്രാവാക്യമുയർത്തി കൃഷി വകുപ്പ് നടത്തിക്കൊണ്ടിരിക്കുന്ന പദ്ധതി വളരെ വിജയകരമായി മുന്നേറുന്നതിൽ സർക്കാരിനെയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെയും വകുപ്പുമന്ത്രിയെയും അഭിനന്ദിക്കുകയാണ്. കോവിഡ് മഹാമാരി കാലത്താണ് മൊബൈൽ കണക്റ്റിവിറ്റിയുടെ പ്രശ്നം ഗൗരവമായി ചർച്ച ചെയ്തത്. എന്റെ നിയോജകമണ്ഡലത്തിലെ രണ്ട് കുട്ടികൾ മൊബൈൽ കണക്റ്റിവിറ്റി ലഭിക്കാത്തതുകൊണ്ട് മാവിൻ മരത്തിനുമുകളിൽ

കയറിയിരുന്ന വാർത്ത ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടപ്പോൾ അദ്ദേഹം ബി.എസ്.എൻ.എൽ.-മായി ബന്ധപ്പെട്ട് അവിടെ ബൂസ്റ്റർ സംവിധാനമൊരുക്കി മൊബൈൽ കണക്ടിവിറ്റി ലഭ്യമാക്കുകയുണ്ടായി. നിലവിൽ കർഷകർക്ക് മൊബൈൽ ആപ്പിലൂടെയും ആധുനിക സംവിധാനങ്ങളിലൂടെയുമാണ് വിള ഇൻഷുറൻസ് രജിസ്റ്റർ ചെയ്യുന്നത്. ആയതിനാൽ മൊബൈൽ കണക്ടിവിറ്റിയില്ലാത്ത ജില്ലകൾക്ക് പകരം എന്ത് സംവിധാനമാണ് ഒരുക്കിയിരിക്കുന്നത്?

ശ്രീ. കെ. രാജൻ: സർ, ഓൺലൈനിലൂടെ ഇത്തരം സംവിധാനങ്ങൾ കൊണ്ടുവരുന്നത് കൂടുതൽ വേഗതയിൽ കാര്യങ്ങൾ നടപ്പാക്കാൻ വേണ്ടിയാണ്. ഓൺലൈനായി രജിസ്റ്റർ ചെയ്യുന്നതിലുള്ള കാലതാമസം ഒഴിവാക്കുന്നതിനായി ഇൻഷ്വറൻസ് പോളിസികൾ നൽകാനുള്ള അവകാശം പി.എ.ഒ. (പ്രിൻസിപ്പൽ അഗ്രിക്കൾച്ചറൽ ഓഫീസർ)-യിൽനിന്ന് ബ്ലോക്ക് എ.ഡി.എ.-മാർക്ക് കൈമാറിയിട്ടുണ്ട്. മൊബൈൽ ഫോണും സിഗ്നലും ലഭിക്കാത്ത സ്ഥലങ്ങളെക്കുറിച്ച് അങ്ങ് സൂചിപ്പിച്ചു. അക്ഷയ കേന്ദ്രങ്ങൾ മുഖേന ഓൺലൈൻ രജിസ്ട്രേഷനും മറ്റും സാദ്ധ്യമായില്ലെങ്കിൽ കൃഷി വകുപ്പിന് പ്രത്യേക നിർദ്ദേശം നൽകി ഇതിലേയ്ക്കായി കൃഷി ഭവനെ ചുമതലപ്പെടുത്തിക്കൊണ്ട് ഇവ ശേഖരിച്ച് ഓൺലൈൻ പോർട്ടലിലേയ്ക്ക്

അപ്‌ലോഡ് ചെയ്യിപ്പിക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നതാണ്.

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, പ്രകൃതിക്ഷോഭം, കാലാവസ്ഥാ വ്യതിയാനം തുടങ്ങിയ കാരണങ്ങളാൽ വിളനാശം സംഭവിച്ച കൃഷിക്കാരുടെ അപേക്ഷകൾ യഥാസമയം പരിശോധിച്ച് നടപടിയെടുക്കുന്നതിന് കാലതാമസം നേരിടുന്നുണ്ട്. അതിനുള്ള പ്രധാന കാരണം കൃഷിഭവനുകളിൽ ആവശ്യത്തിന് സ്റ്റാഫില്ലാത്തതാണ്. ഉദ്യോഗസ്ഥർക്ക് ഫീൽഡ് വർക്കും ഓഫീസ് വർക്കും സമാന്തരമായി ചെയ്യേണ്ട ഗതികേടാണ് നിലവിലുള്ളത്. ഈ ഉത്തരവാദിത്വം ഏൽപ്പിക്കുന്നതിന് ഒരു ക്ലറിക്കൽ സ്റ്റാഫിനെയെങ്കിലും നിയമിക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. രാജൻ: സർ, തസ്തികകൾക്കനുസരിച്ച് ഏതെങ്കിലും സ്ഥലത്ത് ഒഴിവുകളുണ്ടെങ്കിൽ ആളുകളെ വേഗത്തിൽ നിയമിക്കുന്നതാണ്. വിളയ്ക്ക് അപകടമോ നാശനഷ്ടമോ ഉണ്ടായാൽ 15 ദിവസത്തിനുള്ളിൽ അക്കാര്യം അപ്‌ലോഡ് ചെയ്യണമെന്നാണ് കർഷകരോട് ആവശ്യപ്പെട്ടതെങ്കിൽ അതിനുള്ള നഷ്ടപരിഹാരം കണക്കാക്കി 30 ദിവസത്തിനകം അപ്‌ലോഡ് ചെയ്യുന്നതിന് കൃഷി ഉദ്യോഗസ്ഥർക്ക് പ്രത്യേക നിർദ്ദേശം കൊടുത്തിട്ടുണ്ട്. അതുകൊണ്ട് അക്കാര്യം വേഗത്തിലാക്കാൻ സാധിക്കുന്നതാണ്.

ശ്രീ. എം. രാജഗോപാലൻ: സർ, കാലവർഷത്തെത്തുടർന്ന് കാസർഗോഡ് ജില്ലയിൽ പ്രത്യേകിച്ച് മടിക്കൈ ഗ്രാമപഞ്ചായത്തിൽ ഏതാണ്ട് എൺപതിനായിരത്തോളം നേന്ത്രവാഴ വെള്ളത്തിനടിയിലായ അവസ്ഥയിലാണ്. നെൽക്കൃഷിയും ഇതേ പ്രശ്നം നേരിടുകയാണ്. ഒരു സ്പെഷ്യൽ ടീമിനെ നിയോഗിച്ച് കർഷകർക്ക് അടിയന്തര സഹായം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. രാജൻ: സർ, മടിക്കൈ ഗ്രാമപഞ്ചായത്തിൽ പ്രത്യേക സംഘത്തെ നിയോഗിച്ച് അക്കാര്യം എത്രയുംപെട്ടെന്ന് റിപ്പോർട്ട് ചെയ്യാനുള്ള സൗകര്യമുണ്ടാക്കുന്നതാണ്.

ശ്രീ. കെ. ഡി. പ്രസേനൻ: സർ, നെൽകർഷകരുടെ റോയൽറ്റിക്കും വിവിധ സീസണിലെ വിള ഇൻഷ്വറൻസിനും എയിംസ് പോർട്ടലിലാണ് രജിസ്റ്റർ ചെയ്യേണ്ടത്. ഇതിലേയ്ക്കായി നിരവധി സർട്ടിഫിക്കറ്റുകൾ ഓരോ തവണയും ഹാജരാക്കേണ്ടതുണ്ട്. ഇതൊഴിവാക്കുന്നതിനായി ഒറ്റ തവണ രജിസ്ട്രേഷൻ നടത്തി സ്മാർട്ട് കാർഡ് വിതരണം നടത്തിയാൽ പിന്നീടത് പുതുക്കിയാൽ മതിയാകും. അത്തരം സംവിധാനമൊരുക്കാൻ സാധിക്കുമോ?

ശ്രീ. കെ. രാജൻ: സർ, അങ്ങയുടെ ആശയം പരിശോധിക്കാവുന്നതാണ്. ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കണമെങ്കിൽ

കേരള ബാങ്കിന്റെ ശാഖയിലടച്ച രസീത് കൊണ്ടുവന്ന് അപ്‌ലോഡ് ചെയ്യണം. അതിൽ മാറ്റംവരുത്തി കൃഷി ഡയറക്ടറുടെ പേരിൽ ട്രഷറിയിൽ ഇതിനുവേണ്ടി മാത്രമായി അക്കൗണ്ടെടുത്ത് ഓൺലൈൻ മുഖേന അപേക്ഷിക്കുന്നവർക്ക് ഓൺലൈനിലൂടെ പണമടയ്ക്കാനുള്ള സംവിധാനം ഒരുക്കുന്നതാണ്. അതുകൊണ്ട് ഇനി പുതുതായി അപ്‌ലോഡ് ചെയ്യേണ്ടിവരില്ല. അത്തരത്തിൽ ഈ പ്രശ്നം പരിഹരിക്കുന്നതാണ്.

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, നിലമായി രേഖപ്പെടുത്തിയിരിക്കുന്ന പത്തിരുപത് സെന്റ് സ്ഥലത്ത് വീട് വയ്ക്കുന്നതിനും മറ്റാവശ്യങ്ങൾക്കും കൃഷി ഓഫീസർ സ്ഥലം ഇൻസ്പെക്ട് ചെയ്യണമെന്നാണ് നിലവിലെ കീഴ്വഴക്കം. കൃഷിഓഫീസും വില്ലേജാഫീസും കയറിയിറങ്ങി ജനങ്ങൾ വളരെയേറെ ബുദ്ധിമുട്ടുകയാണ്. ഇക്കാര്യത്തിന് അനന്തമായി കാത്തിരിക്കേണ്ടിവരികയാണ്. ഇത് രണ്ട് വകുപ്പുകളുമായി ബന്ധപ്പെട്ട പ്രശ്നമായതുകൊണ്ടാണ് ഈ ചോദ്യം ഉന്നയിച്ചത്. എത്രയുംവേഗം ഇത്തരം കേസുകളിൽ അടിയന്തരമായി അനുമതി നൽകാൻ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. കെ. രാജൻ</u>: സർ, വില്ലേജോഫീസുകളിലെ മുഴുവൻ അപേക്ഷകളും നവംബർ മാസത്തിൽ തീർപ്പാക്കുന്നതാണ്. അതിനുമുമ്പ് എട്ട്

ആർ.ഡി. ഓഫീസുകളിലുള്ള അപേക്ഷകൾ ആഗസ്റ്റ് മാസത്തിൽ തീർപ്പാക്കുന്നതാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നിർദ്ദേശപ്രകാരം അധികമായി ഫയലുകളുള്ള 640 വില്ലേജുകൾക്കുവേണ്ടി 320 വാഹനങ്ങൾ ഇപ്പോൾ അനുവദിച്ചിട്ടുണ്ട്. വില്ലേജാഫീസർ ഒറ്റയ്ക്കുപോയി സ്ഥലം പരിശോധിച്ചശേഷം കൃഷി ഓഫീസർ പോകുകയെന്ന രീതിയിൽ മാറ്റം വരുത്തി വില്ലേജാഫീസറും കൃഷി ഓഫീസറും സർക്കാർ അനുവദിച്ച ഈ വാഹനത്തിൽ ഒരുമിച്ചുപോയി സ്ഥിതിഗതികൾ പരിശോധിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. അതുകൊണ്ട് ഇക്കാര്യങ്ങൾ വേഗത്തിൽ നടപ്പാക്കാൻ സാധിക്കുന്നതാണ്.

മി. സ്പീക്കർ: ഓർഡർ.......ഓർഡർ....... ചോദ്യോത്തരവേള അവസാനിച്ചിരിക്കുന്നു.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

## 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

### (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### അന്യാധീനപ്പെട്ട വഖഫ് സ്വത്തുക്കൾ തിരിച്ചുപിടിക്കാൻ നടപടി

4 (*274) ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. പി. അബ്ദുൽ ഹമീദ്:
ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ) സദയം മറുപടി നൽകുമോ:

(എ) അന്യാധീനപ്പെട്ട വഖഫ് വസ്തുവകകൾ തിരിച്ച് പിടിക്കുന്നതിനായി വഖഫ് വസ്തുവകകളുടെ വിശദാംശം അടങ്ങിയ ലിസ്റ്റ് റവന്യൂ വകുപ്പിന് കൈമാറണമെന്ന് നിർദ്ദേശം നൽകിയിരുന്നോ; ഇക്കാര്യത്തിൽ വഖഫ് ബോർഡ് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ബഹുമാനപ്പെട്ട റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ 30-11-2021-ന് കൂടിയ യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ അന്യാധീനപ്പെട്ട വഖഫ് വസ്തുവകകൾ തിരിച്ച് പിടിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി

കേരള സംസ്ഥാന വഖഫ് ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള വഖഫ് വസ്തുവകകളുടെ വിശദാംശം അടങ്ങിയ ലിസ്റ്റ് റവന്യൂ വകുപ്പിനും, സർവ്വേയും ഭൂരേഖയും വകുപ്പിനും കൈമാറണമെന്ന് നിർദ്ദേശം നല്കിയിരുന്നു. അതിൻപ്രകാരം വഖഫ് ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ സംസ്ഥാനത്തെ 14 ജില്ലകളിലുമുള്ള വഖഫ് വസ്തുക്കളുടെ വിശദാംശങ്ങളടങ്ങുന്ന ലിസ്റ്റ് ലാൻഡ് റവന്യൂ കമ്മീഷണർക്കും സർവ്വേയും ഭൂരേഖയും വകുപ്പ് ഡയറക്ടർക്കും അയച്ചുകൊടുത്തിട്ടുണ്ട്.

(ബി) അനധികൃത കയ്യേറ്റം തടയുന്നതിനും ഒഴിപ്പിക്കുന്നതിനും വഖഫ് ചട്ടങ്ങളിൽ ഭേദഗതി വരുത്തിയിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം മാറ്റങ്ങളാണ് വരുത്തിയതെന്ന് അറിയിക്കാമോ?

അന്യാധീനപ്പെട്ട വഖഫ് വസ്തുക്കൾ വീണ്ടെടുക്കുന്നതിനായി 1995-ലെ കേന്ദ്ര വഖഫ് നിയമപ്രകാരവും 2019-ലെ കേരള സ്റ്റേറ്റ് വഖഫ് ചട്ടങ്ങൾ പ്രകാരവും നിലവിൽ നടപടി സ്വീകരിച്ചുവരുന്നുണ്ട്. ഇതിനുപുറമെ, ബഹുമാനപ്പെട്ട റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ 30-11-2021-ന് കൂടിയ യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അനധികൃത കയ്യേറ്റം തടയുന്നതിനുള്ള/ ഒഴിപ്പിക്കുന്നതിനുള്ള വേഗം കൈവരിക്കുന്നതിന് ബന്ധപ്പെട്ട വഖഫ്

ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതികൾ വരുത്തുന്നതിന് കരട് ഭേദഗതി നിയമം ഉൾപ്പെട്ട നിർദ്ദേശം സമർപ്പിക്കുവാൻ ലാൻഡ് റവന്യൂ കമ്മീഷണർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്.

(സി) കോവിഡ് കാലഘട്ടത്തിൽ ടാറ്റയുമായി ചേർന്ന് കാസർഗോഡ് ആശുപത്രി നിർമ്മാണത്തിന് ഏറ്റെടുത്ത വഖഫ് ബോർഡിന്റെ സ്ഥലത്തിന് പകരം ഭൂമി നൽകുമെന്ന സർക്കാർ വാഗ്ദാനം പാലിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ?

ഉണ്ട്. കോവിഡ് കാലഘട്ടത്തിൽ ടാറ്റയുമായി ചേർന്ന് കാസർഗോഡ് ആശുപത്രി നിർമ്മാണത്തിന് ഏറ്റെടുത്ത വഖഫ് വസ്തുവിനുപകരമായി കാസർഗോഡ് ജില്ലയിലെ തെക്കിൽ വില്ലേജിൽ റീസർവ്വെ നമ്പർ 266/1, 267/2 ബി1 ബി, 276/1 എ, 277/1 എ എന്നിവയിൽപ്പെടുന്ന 1.6695 ഹെക്ടർ വസ്തു ബന്ധപ്പെട്ട വഖഫിന് പതിച്ചുനൽകുന്ന വിഷയം മന്ത്രിസഭയുടെ അംഗീകാരത്തിനായി സമർപ്പിക്കുന്ന നടപടികൾ അന്തിമഘട്ടത്തിലാണ്.

## സമഗ്ര ഗതാഗത നയം

5 (*275) ശ്രീ. വി. കെ. പ്രശാന്ത്:
ഡോ. കെ. ടി. ജലീൽ:
ശ്രീ. പി. വി. ശ്രീനിജിൻ:

ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റോഡുകൾക്ക് ഉൾക്കൊള്ളാവുന്ന പരിധിക്കപ്പുറമുള്ള വാഹന സാന്ദ്രതയും വർദ്ധിച്ച തോതിലുള്ള വാഹനപ്പെരുപ്പവും അപകടം വർദ്ധിപ്പിക്കുകയും സഞ്ചാരം ദുഷ്കരമാക്കുകയും ചെയ്യുന്നത് കണക്കിലെടുത്ത് പൊതുഗതാഗത സംവിധാനം കാര്യക്ഷമമാക്കാൻവേണ്ട ഇടപെടൽ നടത്തുന്നുണ്ടോ; പൊതു വാഹനങ്ങളിൽ വെഹിക്കിൾ ട്രാക്കിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

സംസ്ഥാനത്ത് പൊതുഗതാഗത സംവിധാനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി, തിരുവനന്തപുരം നഗരത്തിലെ യാത്രാത്തിരക്കും സ്വകാര്യ വാഹന സാന്ദ്രതയും കുറയ്ക്കുന്നതിനായി, കെ.എസ്.ആർ.ടി.സി.-യുടെ 68 ബസ്സുകൾ, സിറ്റി സർക്കുലർ ഷെഡ്യൂളുകളായി സർവ്വീസ് നടത്തിവരുന്നു. ടി സർവ്വീസുകൾ തിരുവനന്തപുരം നഗരപരിധിയിൽപ്പെട്ട പ്രധാന സ്ഥലങ്ങളേയും പ്രധാന സർക്കാർ ഓഫീസുകളേയും ബന്ധിപ്പിച്ചാണ് സർവ്വീസ് നടത്തി വരുന്നത്.

കൂടാതെ, സിറ്റി സർക്കുലർ, സിറ്റി ഷട്ടിൽ, സിറ്റി റേഡിയൽ, ബൈപ്പാസ് റൈഡർ എന്നിവ ലാസ്റ്റ് മൈൽ/ഫസ്റ്റ് മൈൽ കണക്ടിവിറ്റി ഉറപ്പാക്കി സർവ്വീസ് നടത്തുന്നവയാണ്. സ്വകാര്യ വാഹന ഉപയോഗം കുറയ്ക്കുവാൻ ഇതിലൂടെ കഴിഞ്ഞിട്ടുണ്ട്. ഈ ലക്ഷ്യത്തോടെ ഈ സംവിധാനം ഘട്ടംഘട്ടമായി സംസ്ഥാനം മുഴുവൻ വ്യാപിപ്പിക്കാനും ഉദ്ദേശിക്കുന്നുണ്ട്. പൊതുഗതാഗതം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി.-ക്ക് സർക്കാർ സാമ്പത്തികസഹായം നൽകിവരുന്നുണ്ട്. കഴിഞ്ഞ സാമ്പത്തികവർഷം ആകെ 2037 കോടി രൂപയുടെ സഹായം ലഭ്യമാക്കുകയുണ്ടായി. കെ.എസ്.ആർ.ടി.സി.-യുടെ വാഹനങ്ങളെ റോഡ് നികുതി അടയ്ക്കുന്നതിൽനിന്നും 5 വർഷത്തേയ്ക്ക് ഒഴിവാക്കുകയുമുണ്ടായി. കൂടാതെ, കോവിഡ് മഹാമാരി കാരണം സർവ്വീസ് നടത്താൻ കഴിയാത്ത സാഹചര്യം പരിഗണിച്ച് സ്വകാര്യ ബസ്സുകൾക്കും സ്കൂൾ ബസ്സുകൾക്കും റോഡ് നികുതിയിൽ ഇളവും അനുവദിക്കുകയുണ്ടായി.

കൂടാതെ ഹരിത ഇന്ധന വാഹനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 50 ഇലക്ട്രിക് ബസ്സുകൾ ഉപയോഗിച്ച് സർവ്വീസ് പുന:ക്രമീകരിക്കുന്നതിനും കെ.എസ്.ആർ.ടി.സി. നടപടി സ്വീകരിച്ചുവരുന്നു. ഇതിൽ 5 ഇലക്ട്രിക് ബസ്സുകൾ ഇതിനോടകം ലഭ്യമായിട്ടുണ്ട്. ലാസ്റ്റ് മൈൽ

കണക്റ്റിവിറ്റി ഏർപ്പെടുത്തുകവഴി ദീർഘദൂര യാത്രകൾക്കായി സ്വകാര്യ വാഹനങ്ങൾ റെയിൽവെ/ബസ് സ്റ്റേഷനുകളിലേയ്ക്ക് കൊണ്ടുവരുന്നത് ഒഴിവാക്കാനാകും. കെ.എസ്.ആർ.ടി.സി., കെ.റ്റി.ഡി.എഫ്.സി., മോട്ടോർ വാഹന വകുപ്പ് എന്നീ സ്ഥാപനങ്ങൾ ചേർന്ന് ഇലക്ട്രിക് ഓട്ടോറിക്ഷകൾ നിരത്തിലിറക്കി ലാസ്റ്റ് മൈൽ കണക്റ്റിവിറ്റി സാദ്ധ്യമാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

പൊതുജനങ്ങൾക്കും യാത്രക്കാർക്കും ഉപയോഗപ്രദമാകുന്ന രീതിയിൽ വിവരസാങ്കേതികവിദ്യ ഉപയോഗിച്ച്, ഷെഡ്യൂളുകളുടെയും സർവ്വീസുകളുടെയും യഥാർത്ഥ സമയക്രമം നൽകുന്നതിനായി പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം (PIS), വെഹിക്കിൾ ലൊക്കേഷൻ ട്രാക്കിംഗ് സിസ്റ്റം (VLTS) എന്നിവ നടപ്പിലാക്കുന്ന ഒരു പദ്ധതിക്കായി, DIMTS (Delhi Integrated Multi-model Transit System)-നെ, കെ.എസ്.ആർ.ടി.സി. ചുമതലപ്പെടുത്തുകയും, ആയതിന്റെ നടപടികൾ പുരോഗമിച്ചുവരികയുമാണ്. ടി പദ്ധതിയിൽ ഉൾപ്പെടുന്ന പ്രധാന ഘടകങ്ങൾ പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം (PIS), വെഹിക്കിൾ ലൊക്കേഷൻ ട്രാക്കിംഗ് സിസ്റ്റം (VLTS), Decision Support System, Control room monitoring system എന്നിവയാണ്. ടി പദ്ധതി പൂർണ്ണമായി നടപ്പിലാക്കുന്നതിലൂടെ,

പൊതുജനങ്ങൾക്കും, യാത്രക്കാർക്കും, മൊബൈൽ ആപ്ലിക്കേഷൻ ഉപയോഗിച്ച് ഷെഡ്യൂളുകളുടെയും സർവ്വീസുകളുടെയും യഥാർത്ഥ സമയക്രമം ഓൺലൈനായി ലഭ്യമാകുകയും വെഹിക്കിൾ ട്രാക്കിംഗ് സിസ്റ്റത്തിലൂടെ, ബസ്സുകളുടെ ലൊക്കേഷൻ ലൈവ് ആയി ലഭ്യമാകുകയും ബസ് Utilization, Mileage, Service എന്നിവ സംബന്ധിച്ച വിവരം വിശകലനം ചെയ്യാനും സാധിക്കുന്നതിലൂടെ പൊതുഗതാഗത സംവിധാനം കൂടുതൽ പേരെ ആകർഷിക്കുന്നതാണ്. ഓട്ടോറിക്ഷ ഒഴികെ പൊതുഗതാഗതത്തിന് ഉപയോഗിക്കുന്ന എല്ലാ വാഹനങ്ങളിലും വെഹിക്കിൾ ലൊക്കേഷൻ ട്രാക്കിംഗ് ഡിവൈസ് ഘടിപ്പിക്കേണ്ടതാണ്. പൊതുവാഹനങ്ങളിൽ വെഹിക്കിൾ ട്രാക്കിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിലേയ്ക്കായി 'സുരക്ഷാമിത്ര' എന്ന ആപ്ലിക്കേഷൻ സി-ഡാക്ക് മുഖേന തയ്യാറാക്കിയിട്ടുള്ളതും ട്രാക്കിംഗ് സംബന്ധിച്ച വിവരം കേന്ദ്രീകൃതമായി പരിശോധിക്കുന്നതിന് ട്രാൻസ്പോർട്ട് കമ്മീഷണറേറ്റിൽ കൺട്രോൾ റൂം സ്ഥാപിച്ചിട്ടുള്ളതുമാണ്. കൂടാതെ, ജില്ലാതലത്തിൽ മിനി കൺട്രോൾ റൂമുകൾക്കാവശ്യമായ ഉപകരണങ്ങൾ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്ക് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുള്ള ആകെ വാഹനങ്ങൾ എത്രയെന്നും അവയിൽ നിലവിൽ ഓപ്പറേറ്റ് ചെയ്യുന്ന സ്റ്റേജ് ക്യാരേജുകൾ, കെ.എസ്.ആർ.ടി.സി.-യും സ്വകാര്യ വാഹനങ്ങളും ഉൾപ്പെടെ എത്രയെന്നുമുള്ള ക്രോഡീകരിച്ച കണക്ക് ലഭ്യമാണോ; എങ്കിൽ നൽകാമോ?

05-07-2022 വരെ കേരളത്തിൽ 16043555 വാഹനങ്ങളാണ് രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ളത്. അവയിൽ 4013 കെ.എസ്.ആർ.ടി.സി. ബസ്സുകളും 10304 പ്രൈവറ്റ് ബസ്സുകളും നിലവിൽ ഓപ്പറേറ്റ് ചെയ്യുന്നുണ്ട്.

(സി) പൊതുഗതാഗതം പ്രോത്സാഹിപ്പിക്കുന്ന തരത്തിൽ സംസ്ഥാനത്ത് സമഗ്ര ഗതാഗതനയം രൂപീകരിക്കാനുള്ള പ്രവർത്തനത്തിന്റെ പുരോഗതി അറിയിക്കാമോ?

യാത്രാസൗകര്യം ഉറപ്പുവരുത്തുന്നതിനായി ഇന്റലിജന്റ് പബ്ലിക് ട്രാൻസ്പോർട്ട് സിസ്റ്റം (ഐ.ടി.എസ്.) നടപ്പിലാക്കാൻ പദ്ധതിയുണ്ട്. ഇതിൽ ഒരു ട്രാവൽ ഡിമാൻഡ് മാനേജ്മെന്റ് സിസ്റ്റവും വാഹനങ്ങളുടെ വരവ്/ പുറപ്പെടൽ സമയം, വാഹനങ്ങളുടെ റൂട്ട് മാപ്പ്, സീറ്റ് ലഭ്യത, റിസർവേഷൻ എന്നിവ ഉൾപ്പെടുന്ന സമഗ്രമായ ഓൺലൈൻ ആപ്ലിക്കേഷനും ഉൾപ്പെടുന്നു. വിവിധ ഗതാഗതമാർഗ്ഗങ്ങളെ ബന്ധിപ്പിക്കുന്നതിനുള്ള ഒരു സംയോജിത

സംവിധാനമാണിത്. പൊതുഗതാഗത സംവിധാനത്തിന് ഏറ്റവും ഫലപ്രദവും ഉപയോക്തൃ സൗഹൃദപരവുമായ ബസ് ബേ-കളുടെയും മറ്റ് സൗകര്യങ്ങളുടെയും നവീകരണവും ഇതിൽ ഉൾപ്പെടുന്നു. പൊതുഗതാഗത സംവിധാനത്തിൽ വെഹിക്കിൾ ലൊക്കേഷൻ ട്രാക്കിംഗ് ഡിവൈസ് ഘടിപ്പിക്കുന്നതിലൂടെ, ഒരു പരിധിവരെ സുരക്ഷ ഉറപ്പാക്കാൻ കഴിയും. തുടർന്ന് യാത്രക്കാർക്ക് ട്രാക്കിംഗ് സോഫ്റ്റ്-വെയറിൽ പ്രവേശനം നൽകുന്നതിലൂടെ അവരുടെ യാത്ര ആസൂത്രണം ചെയ്യാനും സഹായിക്കുന്നതാണ്. ITS ഓൺലൈൻ പ്ലാറ്റ്ഫോമിൽ, "വെഹിക്കിൾ പാർക്കിംഗ് മാനേജ്മെന്റിന്" മാത്രമുള്ള ഒരു ഓൺലൈൻ സംവിധാനം ഒരൊറ്റ മൊഡ്യൂളായി ഉൾപ്പെടുത്താവുന്നതാണ്. നിലവിലുള്ള എല്ലാ പാർക്കിംഗ് സ്ഥലങ്ങളും ITS ആപ്ലിക്കേഷനിൽ ഉൾപ്പെടുത്തേണ്ടതുണ്ട്. പാർക്കിംഗ് സ്ലോട്ട് ലഭ്യത നിരീക്ഷിക്കാനും മുൻകൂട്ടി ബുക്കിംഗിനുള്ള സൗകര്യങ്ങൾ ഉൾപ്പെടുത്താനും ഇതിലൂടെ കഴിയും. ബസ്സുകളുടെ സ്പോട് ലൊക്കേഷനും ടൈമിംഗും അറിയുവാനുള്ള എൽ.ഇ.ഡി. ഡിജിറ്റൽ ഡിസ്പ്ലേ ബോർഡുകൾ ബസ് സ്റ്റേഷനുകളിൽ സ്ഥാപിക്കാനും പദ്ധതിയുണ്ട്. സമഗ്ര ഗതാഗതനയം രൂപീകരിക്കുന്നതിനുള്ള ആലോചനകൾ നടന്നു വരുന്നു.

## സർവകലാശാല നിയമങ്ങളും പരീക്ഷ സംവിധാനവും പരിഷ്കരിക്കാൻ നടപടി

6 (*276) ശ്രീ. കെ. എം. സച്ചിൻദേവ്:
ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. കെ. പ്രേംകുമാർ:
ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസമേഖലയെ ലോകോത്തര നിലവാരത്തിലേയ്ക്കുയർത്തുന്നതിനായി നൂതന വിജ്ഞാന ശാഖകളിൽ ഫ്രാൻസ്, ജപ്പാൻ, അമേരിക്ക തുടങ്ങിയ വികസിത രാജ്യങ്ങളുമായുള്ള സഹകരണത്തിന്റെ സാദ്ധ്യത തേടുന്നുണ്ടോ; വ്യക്തമാക്കാമോ?

സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസമേഖലയെ ലോകോത്തര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനായി നൂതന വിജ്ഞാനശാഖകളിൽ വിവിധ വികസിത രാജ്യങ്ങളുമായി ചുവടെപ്പറയുന്ന സർവ്വകലാശാലകൾ സഹകരണം സ്ഥാപിച്ചിട്ടുണ്ട്.

മഹാത്മാഗാന്ധി സർവ്വകലാശാല

Kerala State Higher Education Council പിന്തുണയോടെ ERUDITE PROGRAMME എന്ന പദ്ധതിയിലൂടെ നോബൽ സമ്മാന ജേതാക്കളായ പ്രഗത്ഭരായ ശാസ്ത്രജ്ഞന്മാരുടെ നൂറ്റിയൻപതിൽപരം ലക്ചർ സീരീസുകൾ SCHOLAR IN RESIDENCE എന്ന പേരിൽ സംഘടിപ്പിച്ചിട്ടുണ്ട്. Student-Teacher Exchange, ഗവേഷണ മേഖലയിലെ സഹകരണം എന്നിവ ലക്ഷ്യമിട്ട് National Centre for Polar and Ocean Research (NCPOR), Lincoln University College, Malaysia, Czech University of Life Sciences തുടങ്ങി 20-ൽപ്പരം ദേശീയസ്ഥാപനങ്ങളുമായി ധാരണാപത്രത്തിൽ ഏർപ്പെട്ടിട്ടുണ്ട്. ആഗോളതലത്തിലെ പേരുകേട്ട സ്ഥാപനങ്ങളുമായി അദ്ധ്യാപനം, ഗവേഷണം, ഔട്ട്റീച്ച് എന്നീ മേഖലകളിലുള്ള സഹകരണം ലക്ഷ്യമിട്ടുകൊണ്ട് University Centre for International Co-operation (UCIC) സ്ഥാപിച്ചിട്ടുണ്ട്.

<u>കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല</u>

ജപ്പാനിലെ,

1. SHIMANE UNIVERSTIY, MATSUE
2. NIPPON KAIJI KYOKAI (CLASS NK), TOKYO

3. NIGATA UNIVERSITY, JAPAN

4. SHIMANE UNIVERSITY

5. YANAGATA UNIVERSITY എന്നീ സർവ്വകലാശാലകളുമായും ഫ്രാൻസിലെ UNIVERSITE DE RENNES സർവ്വകലാശാലയുമായും അമേരിക്കയിലെ OLD DOMINION UNIVERSITY-യുമായും ധാരണാപത്രങ്ങളുടെ അടിസ്ഥാനത്തിൽ നൂതന വിജ്ഞാനശാഖകളിൽ കുസാറ്റ് സഹകരിച്ചുവരുന്നു.

<u>കണ്ണൂർ സർവ്വകലാശാല</u>

കണ്ണൂർ സർവ്വകലാശാലയ്ക്ക് നിലവിൽ താഴെപ്പറയുന്ന വിദേശ സർവ്വകലാശാലകളുമായി അക്കാദമിക് രംഗത്ത് സഹകരണ ബന്ധങ്ങളുണ്ട്:

1. ജർമനിയിലെ Erfurt സർവ്വകലാശാലയുമായി ധാരണപത്രവും Agreement for Academic Collaboration -ഉം ഒപ്പിട്ടിട്ടുണ്ട്.

2. ഇറ്റലിയിലെ Chieti സർവ്വകലാശാലയുമായി Bilateral Agreement ഒപ്പിട്ടിട്ടുണ്ട്.

3. അമേരിക്കയിലെ Oregon State University College of Forestry-യുമായി Letter of Collaboration ഒപ്പിട്ടിട്ടുണ്ട്.

(ബി) ജ്ഞാന സമൂഹ സൃഷ്ടിയെന്ന ലക്ഷ്യത്തിനനുരൂപമായി സർവ്വകലാശാല നിയമങ്ങളും പരീക്ഷ സംവിധാനവും പരിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇതിനായി രൂപീകരിച്ച കമ്മീഷനുകൾ പ്രവർത്തനം പൂർത്തിയാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസത്തിന്റെ ഘടനയും ഉള്ളടക്കവും പരിഷ്കരിക്കുന്നതിന് ഉന്നത വിദ്യാഭ്യാസ പരിഷ്കരണ കമ്മീഷൻ, നിയമപരിഷ്കരണ കമ്മീഷൻ, പരീക്ഷാ പരിഷ്കരണ കമ്മീഷൻ എന്നിങ്ങനെ മൂന്ന് കമ്മീഷനുകളെ നിയമിച്ചിട്ടുണ്ട്. ഇതിൽ ഉന്നത വിദ്യാഭ്യാസ പരിഷ്കരണ കമ്മീഷനും, പരീക്ഷാ പരിഷ്കരണ കമ്മീഷനും ഇടക്കാല റിപ്പോർട്ടുകൾ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. പരീക്ഷാ പരിഷ്കരണ കമ്മീഷൻ അന്തിമ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. സർക്കാർ ഇത് പരിശോധിച്ചുവരുന്നു. ഉന്നതവിദ്യാഭ്യാസ പരിഷ്കരണ കമ്മീഷന്റെ കാലാവധി 20-08-2022 വരെ ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസ പരിഷ്കരണ കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശകളുടെ സംഗ്രഹം ചുവടെ ലഭ്യമാക്കുന്നു.

<u>ഉന്നത വിദ്യാഭ്യാസ പരിഷ്കരണ കമ്മീഷൻ ഊന്നൽ നൽകുന്ന വിഷയങ്ങൾ:-</u>

1. ഗുണമേന്മ, സമത, സാമൂഹ്യനീതി ഇവയിൽ അധിഷ്ഠിതമായി വിപുലമായ പ്രാപ്യത സംവിധാനം ഒരുക്കുക.

2. അക്കാദമിക സ്വയംഭരണവും മേന്മയും ഉറപ്പാക്കുന്നതിനാവശ്യമായ സ്ഥാപന വികസനം ലക്ഷ്യമിടുക.

3. ഉള്ളടക്കത്തിലും വിലയിരുത്തലിലും ഉൾപ്പെടെയുള്ള കരിക്കുലം പരിഷ്കരണം.

4. വിദ്യാർത്ഥികളും അദ്ധ്യാപകരും അടങ്ങുന്ന അക്കാദമിക് സമൂഹത്തിൽ വിശ്വാസത്തിന്റെയും, മാന്യതയുടെയും, സ്വാതന്ത്ര്യത്തിന്റെയും അന്തരീക്ഷം സൃഷ്ടിക്കുക.

5. സർവ്വകലാശാലകളിലെയും കോളേജുകളിലെയും വിവിധ ശ്രേണിയിൽപ്പെട്ട അദ്ധ്യാപകർക്കിടയിൽ സമത്വവും സഹകരണവും സൃഷ്ടിക്കുക.

6. സംസ്ഥാനത്തിന്റെ ആവശ്യങ്ങളും അഭിലാഷങ്ങളും നിറവേറ്റാനുതകുംവിധം നൂതനവും വൈവിദ്ധ്യവുമുള്ള സ്ഥാപനങ്ങൾ, പ്രോഗ്രാമുകൾ, കോഴ്സുകൾ എന്നിവ രൂപപ്പെടുത്തുക.

7. സർവ്വകലാശാലാ ഭരണസംവിധാനത്തിന്റെ അക്കാദമികവും ഭരണപരവുമായ മാനങ്ങൾ വ്യക്തമായി രേഖപ്പെടുത്തുക.

8. അക്കാദമിക സ്വാതന്ത്ര്യവും സ്വയംഭരണവും സൃഷ്ടിക്കാൻ ആവശ്യമായ അന്തരീക്ഷം ഒരുക്കുക.

<u>മേൽപ്പറഞ്ഞ ലക്ഷ്യങ്ങൾ നിറവേറ്റുന്നതിനായി കമ്മീഷൻ മുന്നോട്ടുവയ്ക്കുന്ന ശിപാർശകൾ:</u>

1. നിയമപരമായ വ്യവസ്ഥകൾ സൃഷ്ടിക്കലും ഭേദഗതികളും.

2. സർവ്വകലാശാലകളിലെയും കോളേജുകളിലെയും ഭരണസംവിധാനങ്ങളുടെ പരിവർത്തനം.

3. സാമ്പത്തിക വിഭവങ്ങൾ സമാഹരിക്കുന്നതിനും അവ വിന്യസിക്കുന്നതിനും ആവശ്യമായ സംവിധാനങ്ങൾ സൃഷ്ടിക്കുക.

4. ഉന്നത വിദ്യാഭ്യാസത്തിന്റെ ഗുണമേന്മ മെച്ചപ്പെടുത്തുന്നതിന് നേതൃത്വം ഏറ്റെടുക്കാൻ സർവ്വകലാശാലകളെ ശാക്തീകരിക്കുക.

(സി) പ്രഖ്യാപിത ലക്ഷ്യം കൈവരിക്കത്തക്കരീതിയിൽ ഉന്നത വിദ്യാഭ്യാസത്തിന്റെ ഘടനയും ഉള്ളടക്കവും പരിഷ്കരിക്കുന്നതിന് നിയമിച്ച ഉന്നത വിദ്യാഭ്യാസ പരിഷ്കരണ കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം (ബി)-യിൽ നൽകിയിരിക്കുന്നു.

## ശ്രീനാരായണ ഗുരു ഓപ്പൺ സർവ്വകലാശാല

7(*277) ശ്രീ. കെ. ബി. ഗണേഷ് കുമാർ:
ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി:
ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു) സദയം മറുപടി നൽകുമോ:

(എ) ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാലയുടെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ?

ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിക്ക് യു.ജി.സി. ആക്ടിലെ സെക്ഷൻ 2(f) പ്രകാരം ഓപ്പൺ ഡിസ്റ്റൻസ് ലേർണിംഗിലൂടെ (ODL) പ്രവർത്തിക്കാനുള്ള അനുമതി UGC ലഭ്യമാക്കിയിട്ടുണ്ട്. താഴെപ്പറയുന്ന 12 യു.ജി. പ്രോഗ്രാമുകളും 5 പി.ജി. പ്രോഗ്രാമുകളും 2022-23 അക്കാദമിക വർഷം തുടങ്ങുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

<u>UG Programmes</u>

1. Arabic (BA)
2. BBA
3. BCA
4. Commerce (B.Com.)
5. Economics (BA)
6. English (BA)
7. Hindi (BA)
8. History (BA)
9. Malayalam (BA)
10. Philosophy (BA)
11. Sanskrit (BA)

12.Sociology (BA)

PG Programmes

1. Commerce (M.Com.)
2. English (MA)
3. History (MA)
4. Malayalam (MA)
5. Sociology (MA)

ഈ കോഴ്സുകൾക്കാവശ്യമായ SLM (Self Learning Materials) തയ്യാറാക്കിയിട്ടുണ്ട്. 46 അദ്ധ്യാപകരെ നാല് സ്കൂളുകളിലായി നിയമിച്ച് അക്കാദമിക വിഭാഗം പ്രവർത്തനം തുടങ്ങി. School of Languages, School of Humanities and Social Science, School of Law and Business Studies, School of Communication and Information Science എന്നീ പഠനവകുപ്പുകളിൽ മേധാവികളെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നാല് പ്രാദേശിക കേന്ദ്രങ്ങളിലേയ്ക്കും ഡയറക്ടർമാരെ സർക്കാർ നിയമിച്ചു. സംസ്ഥാനത്തുടനീളം അമ്പതോളം ലേണേഴ്സ് സപ്പോർട്ട് സെന്ററുകൾ കണ്ടെത്തിയിട്ടുണ്ട്. ODL സമ്പ്രദായത്തിൽ ഓരോ കോഴ്സിനും പ്രത്യേകം UGC അനുമതി ആവശ്യമാണ്. കോഴ്സുകൾക്ക് UGC Distance Education Bureau (DEB)-യുടെ അംഗീകാരത്തിനാവശ്യമായ

രേഖകളോടെ അപേക്ഷ യഥാസമയം സമർപ്പിച്ചിട്ടുണ്ട്. യു.ജി.സി.-യുടെ അന്തിമ അനുമതി ലഭിച്ചാൽ ഈ അക്കാദമിക സെഷനിൽ തന്നെ മേൽപ്പറഞ്ഞ കോഴ്സുകൾ തുടങ്ങാൻ സാധിക്കും.

(ബി) പ്രസ്തുത സർവ്വകലാശാലയിൽ കൂടുതൽ തൊഴിലധിഷ്ഠിത ഷോർട്ട് ടേം കോഴ്സുകൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ASAP-മായി ചേർന്ന് തൊഴിലധിഷ്ഠിതവും വിവിധ കാലയളവുള്ളതുമായ കോഴ്സുകൾ തുടങ്ങുന്നതിനുള്ള നടപടികൾ തുടങ്ങിയിട്ടുണ്ട്.

(സി) വിദേശങ്ങളിൽ ഉൾപ്പെടെ പ്രസ്തുത സർവ്വകലാശാലയ്ക്ക് പഠന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

അത്തരത്തിലുള്ള പഠന കേന്ദ്രങ്ങൾ തുടങ്ങുന്നതിന് നിലവിലുള്ള UGC ചട്ടങ്ങൾ അനുവദിക്കുന്നില്ല.

## മൃഗസംരക്ഷണ മേഖലയിൽ സംരംഭകത്വ വികസനം

8 (*278) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ശ്രീ. പ്രമോദ് നാരായൺ:
ശ്രീ. ജോബ് മൈക്കിൾ:

ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മൃഗസംരക്ഷണ മേഖലയിൽ നടപ്പിലാക്കിവരുന്ന സംരംഭകത്വ വികസന പരിപാടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

മൃഗസംരക്ഷണ വകുപ്പിന്റെ എല്ലാ വിജ്ഞാന വ്യാപന പ്രവർത്തനങ്ങളും സംരംഭകത്വത്തിൽ അധിഷ്ഠിതമായാണ് നടപ്പിലാക്കുന്നത്. വകുപ്പിനുകീഴിലുള്ള കർഷക പരിശീലനം, താലൂക്കടിസ്ഥാനത്തിൽ സംരംഭകത്വ വികസന സെമിനാറുകൾ, മികച്ച വാണിജ്യാടിസ്ഥാനത്തിൽ പശുക്കളെ വളർത്തുന്നതിനുള്ള ക്ഷീര കർഷകനുള്ള അവാർഡ്, വകുപ്പിനുകീഴിലുള്ള മാധ്യമ വിഭാഗം വഴിയുള്ള സംരംഭകത്വ പരിപാടികൾ, ഈ വർഷം വ്യവസായ വകുപ്പുമായി ചേർന്നുള്ള സംരംഭകത്വ വികസന പ്രവർത്തനങ്ങൾ, വാണിജ്യ അടിസ്ഥാനത്തിൽ ആട് വളർത്തൽ പദ്ധതി, വനിതകൾക്കായുള്ള ക്ഷീര സംരംഭകത്വ പരിപാടി എന്നിവ നടത്തിവരുന്നു.

ലൈവ് സ്റ്റോക്ക് മാനേജ്മെന്റ് ട്രെയിനിംഗ്-ട്രെയിനിംഗ് സെന്റർ വഴിയുള്ള കർഷക പരിശീലനം

പശു വളർത്തൽ, ആടുവളർത്തൽ, മുട്ടക്കോഴി വളർത്തൽ, എരുമ

വളർത്തൽ, പുൽക്കൃഷിക്കായുള്ള പരിശീലനം, അലങ്കാര പക്ഷികളെ വളർത്തുന്നതിനായുള്ള പരിശീലനം, മുയൽ വളർത്തൽ, താറാവ് വളർത്തൽ, ടർക്കി കോഴി വളർത്തൽ, Male Calf Flattening തുടങ്ങിയവ.

താലൂക്കതലത്തിൽ വ്യവസായ വകുപ്പുമായി ചേർന്ന് മൃഗസംരക്ഷണ മേഖലയിലെ വിദഗ്ധർ, ധനകാര്യ സ്ഥാപങ്ങളിലെ പ്രതിനിധികൾ, പൊല്യൂഷൻ കൺട്രോൾ ബോർഡിലെ ഉദ്യോഗസ്ഥർ, വ്യവസായ വകുപ്പിലെ ഉദ്യോഗസ്ഥർ എന്നിവരെ ഉൾപ്പെടുത്തി താലൂക്കതല സംരംഭകത്വ സെമിനാറുകൾ സംഘടിപ്പിക്കുന്നു. ഈ വർഷം ഈ പദ്ധതി നടപ്പിലാക്കുകയാണ്.

<u>കർഷക അവാർഡ്</u>

വാണിജ്യാടിസ്ഥാനത്തിൽ ഡയറി ഫാം നടത്തുന്ന മികച്ച സംരംഭകരെ കണ്ടെത്തി ഒരു ലക്ഷം രൂപയും പ്രശസ്തി പത്രവും നൽകുന്നു.

<u>മാധ്യമ വിഭാഗം</u>

മൃഗസംരക്ഷണ വകുപ്പിനുകീഴിൽ മാധ്യമ വിഭാഗംവഴി വിജ്ഞാന വ്യാപന പ്രവർത്തങ്ങൾക്കായി ജീവജാലകം പ്രസിദ്ധീകരണം, സോഷ്യൽ മീഡിയ പ്ലാറ്റ്ഫോം എന്നിവ ആരംഭിച്ചു .

വ്യാവസായികാടിസ്ഥാനത്തിലുള്ള ആടുവളർത്തൽ

വ്യാവസായികാടിസ്ഥാനത്തിൽ ആടുകളെ വളർത്തുന്നതിന് താല്പര്യമുള്ള കർഷകരെ കണ്ടെത്തി അവർക്ക് ഒരു ലക്ഷം രൂപയുടെ സബ്സിഡി നൽകുന്നു. നടപ്പുസാമ്പത്തിക വർഷത്തേയ്ക്കായി 240 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. 19 പെണ്ണാടിനെയും ഒരു ആണാടിനെയുമാണ് ഒരു യൂണിറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്.

WIDE വനിതകൾക്കായുള്ള ക്ഷീര സംരംഭകത്വ പരിപാടി

പ്രസ്തുത പദ്ധതി മുഖേന വനിതാ സംരംഭകർക്ക് 3 പശുക്കളെ വളർത്തുന്നതിനുള്ള സാമ്പത്തികസഹായം നൽകുന്നു. ഒരു യൂണിറ്റിന് 75,000/- രൂപയുടെ സാമ്പത്തിക സഹായം നൽകുന്നു. നടപ്പുസാമ്പത്തിക വർഷം പ്രസ്തുത പദ്ധതിക്കായി 125 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ദേശീയ ലൈവ്സ്റ്റോക്ക് മിഷൻ പദ്ധതിയിലൂടെ സ്വകാര്യ സംരംഭകർക്ക് ഗ്രാമീണ കോഴി, ആട്, പന്നി വളർത്തൽ, തീറ്റപ്പുൽ സംസ്കരണം എന്നിവയ്ക്ക് 50 ശതമാനം വരെ മൂലധന (back ended) സബ്സിഡി നൽകുന്നുണ്ട്. കോഴി, ആട്, പന്നി വളർത്തൽ എന്നീ മേഖലകളിൽ സ്വകാര്യ സംരംഭകരെ പ്രോത്സാഹിപ്പിക്കുകയും സഹായിക്കുകയും ചെയ്യുക, രോഗമുക്തമായതും മികച്ച ഉത്പ്പാദന ശേഷിയുമുള്ള കോഴി, ആട്, പന്നി എന്നിവയെ കൂടുതലായി

ഉൽപ്പാദിപ്പിക്കുക എന്നിവയാണ് ഈ പദ്ധതിയിലെ പ്രധാന ലക്ഷ്യങ്ങൾ.

മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യയുടെ  ഇറച്ചി ഉൽപ്പന്ന വിപണനശാലകൾ തുടങ്ങാൻ സംരഭകർക്ക് ഡീലർഷിപ്പ് നൽകുന്നു.

വനിതാ വികസന കോർപ്പറേഷനുമായി സഹകരിച്ച് പോത്തിൻകിടാരികളെയും ആട്ടിൻകുട്ടികളെയും വളർത്തിയെടുക്കാൻ വനിതാ സംരംഭകർക്ക് ലളിതവ്യവസ്ഥയിൽ വായ്പ നൽകാനുള്ള പദ്ധതി നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഒരാൾക്ക് 5 പോത്തിൻ കുട്ടികളെവരെ വളർത്താൻ നൽകുകയാണ് ലക്ഷ്യം. വളർച്ചയെത്തിയ പോത്തുകളെ എം.പി.ഐ. ഇറച്ചി സംസ്കരണത്തിനായി തിരികെ വാങ്ങും. അതുപോലെ വിദേശത്തുനിന്നും മടങ്ങിയെത്തിയ പ്രവാസികളുടെ പുനരധിവാസം ലക്ഷ്യമിട്ട് നോർക്ക റൂട്ട്സ് അംഗീകൃത ബാങ്കുകളുമായി ചേർന്ന് വായ്പാ പദ്ധതിയുമായി സഹകരിച്ച് ആട്/പോത്ത് കുട്ടികളെ വളർത്തിയെടുക്കാനുള്ള പ്രോജക്ട് എം.പി.ഐ. നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ആട് ഗ്രാമം/പോത്ത് ഗ്രാമം പദ്ധതികൾ നടപ്പിലാക്കുവാൻ ഉള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) അലങ്കാര പക്ഷികൾ, മുയലുകൾ, നായ്ക്കൾ എന്നിവയുടെ പരിപാലനം സംരംഭകത്വ സ്വഭാവത്തിലേയ്ക്ക് മാറ്റുന്നതിന് നടപടി

സ്വീകരിക്കാമോ?

നിലവിൽ മൃഗസംരക്ഷണ പരിശീലന കേന്ദ്രങ്ങൾ വഴി അലങ്കാര പക്ഷികൾ മുയലുകൾ, നായ്ക്കൾ എന്നിവക്കായി വിവിധ പരിശീലനങ്ങൾ നടത്തിവരുന്നുണ്ട്. ആയതിനെ സംരംഭകത്വ മാതൃകയിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ആട്, പശു, പോത്ത് എന്നിവയുടെ ഫാമുകൾ നടത്തുന്നതിനുള്ള നിബന്ധനകൾ വിശദമാക്കാമോ; ഇതിനായി സബ്സിഡിയോ പ്രോത്സാഹന നടപടികളോ നിലവിൽ നടപ്പിലാക്കുന്നുണ്ടോയെന്ന് അറിയിക്കാമോ?

സംസ്ഥാനത്ത് 2012-ലെ കേരള പഞ്ചായത്ത് രാജ് (ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരമുള്ള നിബന്ധനകൾ ആട്, പോത്ത്, പശു എന്നിവയുടെ ഫാമുകൾ നടത്തുന്നതിനാവശ്യമാണ്. ഈ നിബന്ധനപ്രകാരം 20 ആടുകൾ 5 പശുക്കൾ 5 പോത്തുകൾ എന്നിവയിൽ കൂടുതൽ വളർത്തുന്നതിന് മേൽ ചട്ടങ്ങൾ പ്രകാരം അതത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ലൈസൻസ് ആവശ്യമാണ്. ഈ ലൈസൻസ് ലഭിക്കുന്നതിന് ഫാമിലുള്ള ഉരുക്കളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ മാലിന്യ നിർമ്മാർജ്ജന സംവിധാനങ്ങൾ

ഏർപ്പെടുത്തേണ്ടതുണ്ട്. ചെറുകിട ആടുവളർത്തൽ പദ്ധതി, വ്യാവസായികാടിസ്ഥാനത്തിൽ ആടുവളർത്തൽ പദ്ധതി, വനിതകൾക്കായി ക്ഷീര സംരംഭകത്വ പദ്ധതി എന്നിവ നടപ്പിലാക്കുന്നു. ദേശീയ കന്നുകാലി മിഷന്റെ ഭാഗമായി ആടുവളർത്തൽ സംരംഭത്തിനായി 500 പെണ്ണാടുകളെയും 25 മുട്ടനാടുകളെയും വളർത്തുന്ന ഒരു യൂണിറ്റിന് പദ്ധതി തുകയുടെ 50 ശതമാനം തുകയോ അല്ലെങ്കിൽ 50 ലക്ഷം രൂപയോ സബ്സിഡി നൽകുന്നു. ആട്, പോത്ത് എന്നിവയുടെ ഫാമുകൾ നടത്തുന്നതിന് എം.പി.ഐ. താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടത്തുന്നു.

പോത്ത് കിടാരി വളർത്തൽ

പോത്ത് ഗ്രാമം പദ്ധതി -കിസാൻ ക്രെഡിറ്റ് വ്യവസ്ഥയിൽ അംഗീകൃത ബാങ്കുകളുടെ മൈക്രോ ഫിനാൻസ് വഴിയാണ് ഈ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

പ്രവാസി പുനരധിവാസ പദ്ധതി

പ്രവാസികൾക്കായി നോർക്ക റൂട്ട്സ് സംവിധാനം ചെയ്തിട്ടുള്ള പദ്ധതി പ്രകാരം 30 ലക്ഷം രൂപവരെ ഒരു അപേക്ഷകന് മൈക്രോഫിനാൻസ് ബാങ്കുകൾ നൽകും. 30 പോത്തിൻകുട്ടികളെ ഒരു സംരംഭകന് നൽകും.

ഇവയെ വളർത്തുന്നതിനുവേണ്ട ഷെഡ്, ബയോഗ്യാസ് പ്ലാൻറ് ഇൻഷ്വറൻസ് എന്നിവ വായ്പതുകയിൽനിന്നും എം.പി.ഐ.-ക്ക് ലഭ്യമാകുന്നമുറയ്ക്ക് ചെയ്തു നൽകും. നോർക്ക റൂട്ട്സ് പരമാവധി 3 ലക്ഷം രൂപവരെ സബ്സിഡി അനുവദിക്കും.

<u>ആട്ടുവളർത്തൽ പദ്ധതി</u>

ഒരു പ്രവാസി സംരംഭകന് 50 ആട്ടിൻകുട്ടികളെ വളർത്താൻ നൽകുന്ന പദ്ധതിയാണിത്. ആട്ടിൻകുട്ടികൾ, വളർത്താനുള്ള കൂട്, കുടിവെള്ള സംവിധാനം, ഇൻഷ്വറൻസ്, ഇവ എം.പി.ഐ. ചെയ്തുകൊടുക്കും.

(ഡി) എങ്കിൽ പ്രസ്തുത പ്രോത്സാഹന നടപടിക്ക് മാധ്യമങ്ങളിലൂടെ എത്രമാത്രം പ്രചാരം നൽകുന്നുണ്ടെന്ന് വിശദമാക്കാമോ; പ്രചാരണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കാൻ നടപടി സ്വീകരിക്കാമോ?

മൃഗസംരക്ഷണ വകുപ്പിനുകീഴിൽ മാധ്യമ വിഭാഗംവഴി വിജ്ഞാന വ്യാപന പ്രവർത്തങ്ങൾക്കായി ജീവജാലകം പ്രസിദ്ധീകരണം, സോഷ്യൽ മീഡിയ പ്ലാറ്റ്ഫോം എന്നിവ ആരംഭിച്ചു. പ്രമുഖ ദൃശ്യ-പത്ര മാധ്യമങ്ങളിലൂടെ പ്രചാരണം നൽകിയിട്ടുണ്ട്. കൂടാതെ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമായ ഫേസ്ബുക്ക്, യു-ട്യൂബ് എന്നിവ വഴിയും വാർത്തകൾ നൽകാറുണ്ട്.

## കാർഷിക ഉല്പാദക സംഘടനകളുടെ പ്രവർത്തനങ്ങൾ

9 (*279) ശ്രീമതി ദെലീമ:
ശ്രീ. കെ. ആൻസലൻ:
ശ്രീ. ഒ. ആർ. കേളു:
ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാർഷിക ഉല്പാദക സംഘടനകളുടെ രൂപീകരണം വ്യാപിപ്പിച്ചുകൊണ്ടും നിലവിലുള്ളവയെ ശാക്തീകരിച്ചുകൊണ്ടും ഉല്പാദനം മുതൽ വിപണനം വരെയുള്ള പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കി കർഷകരുടെ വരുമാനം വർദ്ധിപ്പിക്കാൻ പദ്ധതിയുണ്ടോ?

ഉണ്ട്.

(ബി) വാണിജ്യ സംഘടന എന്ന നിലയിൽ ഇവയുടെ പ്രവർത്തനം ഏതുതരത്തിലാണെന്ന് വ്യക്തമാക്കാമോ?

കേരളത്തിലെ അസംഘടിത മേഖലയിലെ കർഷകരെ സംഘടിത ശക്തിയായി വളർത്തുന്നതിനും അവരുടെ ഉൽപ്പന്നങ്ങൾക്ക് പരമാവധി വില ഉറപ്പുവരുത്തുന്നതിനും തദ്വാര കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുമാണ് കർഷക ഉത്പാദക സംഘടനകൾ (FPO കൾ)

രൂപീകരിച്ചിട്ടുള്ളത്. സംസ്ഥാന കൃഷി വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന ചെറുകിട കർഷക കാർഷിക വ്യാപാര കൺസോർഷ്യം (SFAC) എന്ന സ്ഥാപനമാണ് RKVY പദ്ധതി പ്രകാരം കർഷക ഉത്പാദക സംഘടനകളുടെ രൂപീകരണം നിർവ്വഹിക്കുന്നത്. പ്രസ്തുത പദ്ധതി പ്രകാരം പുതുതായി 50 കർഷക ഉത്പാദക സംഘടനകളും നിലവിലുള്ള 50 എണ്ണത്തിന്റെ ശാക്തീകരണവുമാണ് ലക്ഷ്യമിടുന്നത്. താഴെപ്പറയുന്ന രീതിയിൽ എഫ്.പി.ഒ.-യുടെ പ്രവർത്തനം സാധ്യമാക്കുകയാണ് പദ്ധതി പ്രകാരം ലക്ഷ്യമിടുന്നത്.

1. കർഷകർക്ക് ആവശ്യമുള്ള സാങ്കേതിക വിദ്യ, ഉൽപ്പാദനോപാധികൾ നൽകുക.
2. വായ്പാ സംവിധാനം ഏർപ്പെടുത്തുക.
3. വിള ഇൻഷ്വറൻസ് പരിരക്ഷകളെപ്പറ്റി കർഷകരെ ബോധവാന്മാരാക്കുക, അതിനായി അവരെ സഹായിക്കുക.
4. ഉൽപ്പാദന മേഖലയിൽ ധനം നിക്ഷേപിക്കുന്നതിനുള്ള ആർജ്ജവം അസംഘടിത മേഖലയിൽ വർത്തിക്കുന്ന കർഷകരിൽ വളർത്തിയെടുക്കുക.
5. ഉൽപ്പന്നങ്ങൾക്ക് കൂട്ടായ വിപണന മാർഗ്ഗങ്ങൾ അവലംബിക്കാൻ പ്രോത്സാഹനം നല്കുക.

6. കാർഷിക ഉൽപ്പാദനം മെച്ചമാക്കുന്നതിന് പുതിയ ശാസ്ത്രീയ കൃഷി രീതികളിൽ പരിശീലനം നൽകുക.

7. കാർഷിക ഉൽപ്പന്നങ്ങൾക്ക് ഗ്രേഡിംഗ്, സോർട്ടിംഗ്, പായ്ക്കിംഗ് എന്നിവ നടത്തുന്നതിന് പായ്ക്ക് ഹൗസുകൾ സ്ഥാപിക്കുക.

8. ഉൽപ്പന്നങ്ങൾക്ക് സർക്കാർ നേതൃത്വം വഹിച്ചുകൊണ്ട് ബ്രാൻഡിംഗ് ഏർപ്പെടുത്തുക.

9. കർഷകർക്ക് ന്യായമായ നിരക്കിൽ അവരുടെ ആവശ്യത്തിനുതകുന്ന യന്ത്ര സാമഗ്രികൾ നൽകുന്നതിനുള്ള കസ്റ്റം ഹയറിംഗ് സെന്ററുകളും ഉല്പാദനോപാധികൾ ന്യായവിലയ്ക്ക് ലഭ്യമാക്കുന്നതിന് ഇൻപുട്ട് സെന്ററുകളും സ്ഥാപിക്കുക.

10. ആഭ്യന്തര ഉപയോഗത്തിന് ശേഷം ബാക്കിവരുന്ന കാർഷിക ഉൽപ്പന്നങ്ങൾ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി മെച്ചപ്പെട്ടരീതിയിൽ വിപണനം നടത്തുവാൻ സഹായിക്കുക.

മേൽപ്പറഞ്ഞ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി എഫ്.പി.ഒ.-കൾക്ക് വിവിധ സർക്കാർ പദ്ധതിപ്രകാരം നൽകുന്ന എല്ലാ ആനുകൂല്യങ്ങളും സംയോജിപ്പിച്ച് നൽകുന്നു. ഇത്തരത്തിൽ AIF ഫണ്ട്, MSME പദ്ധതി, ട്രെയിനിംഗുകൾ തുടങ്ങിയ വിവിധ പദ്ധതിയാനുകൂല്യങ്ങൾ കർഷക ഉൽപ്പാദക സംഘടകളുടെ ശാക്തീകരണത്തിനായി സംയോജിപ്പിച്ചിട്ടുണ്ട്. നിലവിൽ പുതുതായി രൂപീകരിക്കുന്ന കർഷക ഉത്പാദക സംഘടന ഒന്നിന്

60 ലക്ഷം രൂപയാണ് മൂന്ന് വർഷത്തേയ്ക്ക് വകയിരുത്തിയിട്ടുള്ളത്. 2021-2022 സാമ്പത്തികവർഷത്തിൽ 44 കർഷക ഉൽപ്പാദക സംഘടനകൾ പുതുതായി രൂപീകരിച്ചിട്ടുണ്ട്. നിലവിലുള്ള 50 കർഷക ഉൽപ്പാദക സംഘടനകളെ ശാക്തീകരിക്കുന്ന പ്രവൃത്തികൾക്കും ഈ കാലയളവിൽ തുടക്കം കുറിച്ചിട്ടുണ്ട്. വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരളം (വി.എഫ്.പി.സി.കെ.) മുഖേന 41 കാർഷിക ഉത്പാദക സംഘടനകൾ രൂപീകരിക്കുകയും അതിലേയ്ക്കായി 3 കോടി രൂപ വകയിരുത്തുകയും ചെയ്തിട്ടുണ്ട്. കാർഷികവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്ന കർഷകരെ കാർഷിക വ്യവസായത്തിലേയ്ക്കും മൂല്യവർദ്ധിത സംരംഭമേഖലയിലേയ്ക്കും ആകർഷിക്കുകയെന്ന ലക്ഷ്യത്തോടെയാണ് കർഷക ഉൽപ്പാദക സംഘടനകൾ പ്രവർത്തിക്കുന്നത്. എഫ്.പി.ഒ.-കളുടെ വാണിജ്യലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുന്നതിന് ഈ മേഖലയിൽ പ്രാവീണ്യം കൈവരിച്ചിട്ടുള്ളതും ഇത്തരം കർഷക കൂട്ടായ്മകളെ ശാക്തീകരിക്കുന്നതിൽ പ്രാഗത്ഭ്യം തെളിയിച്ചിട്ടുള്ളതുമായ ഹാൻഡ് ഹോൾഡിംഗ് ഏജൻസികളെ (അഗ്രി ബിസിനസ്സ് പ്രോമോട്ടിംഗ് ഏജൻസി-ABPA) ചുമതലപ്പെടുത്തിയിട്ടുണ്ട്. വാല്യൂചെയിൻ വിദഗ്ധൻ, ഫിനാൻസ് വിദഗ്ധൻ, അഗ്രി ബിസിനസ്സ് സ്പെഷ്യലിസ്റ്റ്, അഗ്രിബിസിനസ്സ് അഡ്വൈസർ

എന്നിങ്ങനെയുള്ള സ്പെഷ്യലിസ്റ്റുകൾ ഉൾപ്പെടുന്ന ടീമാണ് അഗ്രി ബിസിനസ്സ് പ്രൊമോട്ടിംഗ് ഏജൻസിയിലുള്ളത്.

FPO-കളുടെ വാണിജ്യപരമായ പ്രവർത്തനങ്ങളായ ബിസിനസ്സ് പ്ലാൻ തയ്യാറാക്കൽ, വായ്പയൊരുക്കൽ, മൂല്യവർദ്ധന സംരംഭപ്രവർത്തനങ്ങൾ, വിപണനം, ബ്രാൻഡിംഗ്, മറ്റ് പദ്ധതികളുമായുള്ള സംയോജനം തുടങ്ങിയവയിൽ ABPA സഹായിക്കുന്നു.

(സി) പൊതു ബ്രാൻഡ് രൂപീകരിച്ച് കാർഷിക ഉല്പാദക സംഘടനകൾ മുഖേന മികച്ച വിപണി ഇടപെടലിന് സാധ്യതയുണ്ടോ; വ്യക്തമാക്കാമോ?

ഉണ്ട്. പൊതു ബ്രാൻഡ് രൂപീകരിച്ച് കർഷക ഉൽപ്പാദക സംഘടനകൾക്ക് മികച്ച വിപണി കണ്ടെത്തുന്നതിന് കൃഷിവകുപ്പ് ലക്ഷ്യമിടുന്നുണ്ട്.

(ഡി) കാർഷിക മേഖലയിലെ മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്ന സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കാൻ നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ?

എല്ലാ കാർഷികോല്പന്നങ്ങളുടെയും മൂല്യവർദ്ധനവ് ലക്ഷ്യമിട്ടുകൊണ്ട് ചെറുകിട കർഷക കാർഷിക വ്യാപാര കൺസോർഷ്യം അഥവാ

എസ്.എഫ്.എ.സി. കേരള എന്ന സ്ഥാപനം മുഖേന നടപ്പിലാക്കുന്ന പദ്ധതിയാണ് സൂക്ഷ്മ ചെറുകിട ഇടത്തരം മൂല്യവർദ്ധന സംരംഭങ്ങൾക്കുള്ള പ്രോത്സാഹന പദ്ധതി (MSME). കൃഷി വകുപ്പിന്റെ കീഴിലുള്ള സ്ഥാപനമാണ് എസ്.എഫ്.എ.സി. MSME പദ്ധതി പ്രകാരം നൽകുന്ന ആനുകൂല്യത്തിന്റെ വിവരം ചുവടെ ചേർക്കുന്നു.

ഈ പദ്ധതിയിൽ ഉൾപ്പെടുത്തി കാർഷിക മേഖലയിലെ സംരംഭകർക്ക് അവരുടെ ഫാക്ടറിയുടെ കെട്ടിടനിർമ്മാണം, യന്ത്രവൽക്കരണം, മാലിന്യ സംസ്കരണം, ഓഫീസ് ഉപകരണങ്ങൾ, സാങ്കേതിക വിദ്യ തുടങ്ങിയ എല്ലാ ഘടകങ്ങൾക്കും ധനസഹായം നൽകുന്നു. സംരംഭകർ പദ്ധതി പ്രകാരമുള്ള ആനുകൂല്യത്തിനായി www.sfackerala.org എന്ന വെബ്സൈറ്റ് മുഖേന അപേക്ഷ സമർപ്പിക്കണം. അപേക്ഷയോടൊപ്പം വിശദമായ പ്രോജക്ട്, നിലവിലുള്ള അടിസ്ഥാനസൗകര്യങ്ങൾ, ബാങ്ക് വായ്പയെ സംബന്ധിച്ച വിവരങ്ങൾ, മൂല്യവർദ്ധനവിനുപയോഗിക്കുന്ന ഉൽപ്പന്നത്തിന്റെ വിശദാംശങ്ങൾ തുടങ്ങിയവ സമർപ്പിക്കണം. സബ്സിഡി തുക നൽകുന്നത് മൂലധന നിക്ഷേപത്തിന് അനുസൃതമായാണ്.

സബ്സിഡിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. സൂക്ഷ്മതല സംരംഭം (മൂലധനം 10 ലക്ഷം രൂപ മുതൽ 25 ലക്ഷം രൂപ വരെ) 50 ശതമാനം സബ്സിഡി പരമാവധി 10 ലക്ഷം രൂപ.

2. ചെറുകിട സംരംഭം (മൂലധനം 25 ലക്ഷം മുതൽ 1 കോടി രൂപ വരെ) 40 ശതാമനം സബ്സിഡി പരമാവധി 25 ലക്ഷം രൂപ.

3. ഇടത്തരം സംരംഭം (മൂലധനം1 കോടി മുതൽ5 കോടി രൂപ വരെ)30 ശതാമനം സബ്സിഡി പരമാവധി 50 ലക്ഷം രൂപ.

ദേശസാൽകൃത / സ്വകാര്യ / ഷെഡ്യൂൾഡ് / സഹകരണ / ഗ്രാമീണ ബാങ്കുകൾ തുടങ്ങിയ സ്ഥാപനങ്ങളിൽനിന്നും ഗവൺമെന്റ് ഉടമസ്ഥതയിലുള്ള ബാങ്കിതര ധനകാര്യ സ്ഥാപനങ്ങളിൽനിന്നും ഗുണഭോക്താക്കൾക്ക് വായ്പ എടുക്കാവുന്നതാണ്. ബാങ്ക് വായ്പ അനുവദിക്കുന്നമുറയ്ക്ക് പ്രോജക്ട് റിപ്പോർട്ടും ബാങ്കിന്റെ അനുമതിപത്രവും എസ്.എഫ്.എ.സി.-ക്ക് സമർപ്പിക്കേണ്ടതാണ്. സംയുക്ത സംരംഭ പ്രോജക്ടുകൾക്ക് പാർട്ട്ണർഷിപ്പ് ഉടമ്പടി, മെമ്മോറാണ്ടം/ആർട്ടിക്കിൾസ് ഓഫ് അസോസിയേഷൻ (കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾക്ക്) എന്നിവ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്. സ്വന്തം പേരിലുള്ളതോ ഡയറക്ടർബോർഡ് മെമ്പറുടെ ഉടമസ്ഥതയിലുള്ളതോ ആയ സ്ഥലത്താണ് സംരംഭം പ്രവർത്തിക്കുന്നതെങ്കിൽ പ്രസ്തുത സ്ഥാപനത്തിന്റെ നികുതിയടച്ച രസീതിന്റെ പകർപ്പോ പാട്ടത്തിനാണെങ്കിൽ

10 വർഷത്തിനുമുകളിൽ കാലാവധിയുള്ള പാട്ടക്കരാറിന്റെ പകർപ്പും ഹാജരാക്കേണ്ടതാണ്. പദ്ധതി രൂപരേഖ എസ്.എഫ്.എ.സി.-യുടെ സാങ്കേതികസമിതിയുടെ വിശദപരിശോധനയ്ക്ക് വിധേയമാക്കി റിപ്പോർട്ട് നൽകുന്നമുറയ്ക്ക് ഗവേണിംഗ് ബോഡിയുടെ അംഗീകാരത്തിനുശേഷം സബ്സിഡി തുക സംരംഭകരുടെ വായ്പ അക്കൗണ്ടിലേയ്ക്ക് ബാക്ക് എൻഡഡ് സബ്സിഡിയായി നിക്ഷേപിക്കുന്നതാണ്. സംരംഭത്തിന്റെ പ്രവർത്തനങ്ങൾ തുടങ്ങി കുറഞ്ഞത് 5 വർഷമെങ്കിലും വിജയകരമായി നടപ്പിലാക്കേണ്ടതാണ്.

2021-22 കാലയളവിൽ സംസ്ഥാന സർക്കാർ MSME പദ്ധതിയിലേയ്ക്ക് 17 സംരംഭകർക്ക് പദ്ധതി ആനുകൂല്യമായി 2,47,74,519/- രൂപ നൽകിയിരുന്നു. 2022-23 കാലയളവിൽ 400 ലക്ഷം രൂപയാണ് ഇതിനായി വകയിരുത്തിയിരിക്കുന്നത്. കൃഷി ലാഭകരമാക്കുന്നതിന്റെ ഭാഗമായി മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനാവശ്യമായ കർഷക പരിശീലനങ്ങളും മേൽപറഞ്ഞ യൂണിറ്റുകൾക്കാവശ്യമായ അടിസ്ഥാന സൗകര്യവികസനം, മൂല്യവർദ്ധനവിനാവശ്യമായ യന്ത്രസാമഗ്രികൾ വാങ്ങുന്നതിനുള്ള സഹായം, ബ്രാൻഡിംഗ്, പായ്ക്കിംഗ്, ലേബലിംഗ് എന്നിവയ്ക്കുള്ള സഹായവും വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി VFPCK ലഭ്യമാക്കിയിട്ടുണ്ട്. കാർഷികോൽപ്പന്നങ്ങളുടെ മൂല്യവർദ്ധനവും

സംസ്കരണവും പ്രോത്സാഹിപ്പിക്കുന്നതിനും സംരംഭകരെ വാർത്തെടുക്കുന്നതിനുംവേണ്ട അടിസ്ഥാനസൗകര്യങ്ങൾ ചുരുങ്ങിയ ചെലവിൽ ലഭ്യമാക്കുന്നതിനുമായി എറണാകുളം ജില്ലയിലെ കക്കാട്, പുത്തൻവേലിക്കര, കാഞ്ഞൂർ എന്നീ സ്വാശ്രയ കർഷക സമിതികളിലും കോഴിക്കോട് ജില്ലയിലെ തിരുവമ്പാടി സ്വാശ്രയ കർഷക സമിതിയിലും ഇൻകുബേഷൻ സെന്ററുകൾ തുടങ്ങുന്നതിനുള്ള പദ്ധതിയും നടപ്പിലാക്കി വരുന്നു. സംസ്ഥാനത്ത് കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിനായി VFPCK പായ്ക്ക് ഹൗസുകളും സ്ഥാപിച്ചിട്ടുണ്ട്.

## റോഡപകടങ്ങൾ നിയന്ത്രിക്കുന്നതിന് ബോധവൽക്കരണം

10(*280) ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. മോൻസ് ജോസഫ്:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. മാണി. സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റോഡപകടങ്ങൾ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എങ്കിൽ റോഡപകടങ്ങൾ കുറയ്ക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്;

(സി) റോഡപകടങ്ങൾ നിയന്ത്രിക്കുന്നതുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾക്ക് ബോധവൽക്കരണം നടത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

(ബി&സി) സംസ്ഥാനത്ത് വാഹനാപകടങ്ങൾ കുറയ്ക്കുന്നതിനായി താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

(1) <u>സേഫ് കേരള പദ്ധതി</u>

സംസ്ഥാനത്തെ ഗതാഗത നിയമങ്ങളും ചട്ടങ്ങളും പാലിക്കുന്നത് പരിശോധിച്ച് ഉറപ്പുവരുത്തുന്നതിന് കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ സഹകരണത്തോടെ മോട്ടോർ വാഹന വകുപ്പ് നടപ്പാക്കുന്ന പദ്ധതിയാണ് 'സേഫ് കേരള'. സേഫ് കേരള പദ്ധതി ആവിഷ്കരിക്കുകവഴി റോഡ് സുരക്ഷയ്ക്കാവശ്യമായ എൻഫോഴ്സ്മെന്റ് ഘടകം ഉറപ്പുവരുത്തി പ്രതിവർഷം 10 ശതമാനം വരെ അപകടങ്ങൾ കുറയ്ക്കാൻ പദ്ധതി ലക്ഷ്യമിടുന്നു. പ്രസ്തുത പദ്ധതിയുടെ ഭാഗമായി 24 മണിക്കൂറും പ്രവർത്തിക്കുന്ന 85 എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ സംസ്ഥാനത്തുടനീളം വാഹന പരിശോധന നടത്തുന്നു. കൂടാതെ സംസ്ഥാനത്തുടനീളം ഗതാഗത ലംഘനം

കണ്ടെത്തുന്നതിലേയ്ക്കായി 726 ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ക്യാമറകൾ സ്ഥാപിക്കുന്നതിന്റെ നടപടികൾ അന്തിമഘട്ടത്തിലാണ്.

(2) ബ്ലാക്ക് സ്പോട്ട് പരിഹാര നടപടികൾ

മുൻവർഷങ്ങളിൽ റിപ്പോർട്ട് ചെയ്തിട്ടുള്ള അപകടങ്ങൾ അപഗ്രഥിച്ച് സംസ്ഥാനത്തെ ഏറ്റവും അപകടസാധ്യത കൂടിയ ഇടങ്ങളായ 'ബ്ലാക്ക്സ്പോട്ട്'-കൾ കണ്ടെത്തി കേരള റോഡ് സുരക്ഷാ അതോറിറ്റിയും നാറ്റ്പാക്കും പോലീസും പൊതുമരാമത്ത് വകുപ്പും മോട്ടോർ വാഹന വകുപ്പും സംയുക്തമായി പരിശോധന നടത്തി, റോഡ് സുരക്ഷയ്ക്ക് അത്യാവശ്യമായ പദ്ധതികൾ തയ്യാറാക്കി, റോഡ് സുരക്ഷാ ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്നു.

(3) സുരക്ഷാ വീഥി

സുരക്ഷിത യാത്ര ഉറപ്പുവരുത്തുന്നതിനായി അന്താരാഷ്ട്ര നിലവാരമുള്ള റോഡ് സുരക്ഷാ ക്രമീകരണങ്ങൾ സ്ഥാപിച്ച് സുരക്ഷാ ഇടനാഴികൾ സൃഷ്ടിക്കുന്ന പദ്ധതിയാണിത്. ഇതിലാദ്യത്തേതാണ് ലോക ബാങ്കിന്റെ സഹായത്തോടെ നിർമ്മിച്ച അടൂർ-കഴക്കൂട്ടം മാതൃകാ സുരക്ഷാവീഥി. കേരള റോഡ് സുരക്ഷാ അതോറിറ്റി അംഗീകാരം നൽകി കെ.എസ്.റ്റി.പി.

മുഖാന്തരം മറ്റു ജില്ലകളായ എറണാകുളം, കൊല്ലം, തിരുവനന്തപുരം, കോഴിക്കോട് എന്നിവിടങ്ങളിൽ സുരക്ഷാ വീഥി നടപ്പിലാക്കി വരുന്നു.

(4) <u>സ്കൂൾ സുരക്ഷാ മേഖല</u>

കുട്ടികൾക്ക് സ്കൂളിലേയ്ക്ക് സുരക്ഷിതമായി യാത്ര ചെയ്യുന്നതിന് ആവിഷ്കരിച്ച പദ്ധതിയാണ് 'സ്കൂൾ സോൺ ഇംപ്രൂവ്മെന്റ്.' സ്കൂൾ മേഖല അപകടരഹിതമാക്കുന്നതിനും കുട്ടികളുടെ സുഗമമായ യാത്ര ഉറപ്പുവരുത്തുന്നതിനും വേണ്ടി നടപ്പാതകൾ, കൈവരികൾ, സീബ്രാ ക്രോസ്സിംഗ് എന്നിവ നിർമ്മിക്കുന്നതിനും, ആവശ്യമായ സൈൻ ബോർഡുകളും, മാർക്കിംഗുകളും നടപ്പിലാക്കുന്നതിനുമാണ് ടി പദ്ധതി. ആദ്യഘട്ടമായി സംസ്ഥാനത്തുടനീളം തെരഞ്ഞെടുത്ത 50 സ്കൂളുകളിൽ നടപ്പിലാക്കുന്നതിനായി റോഡ് സുരക്ഷാ ഫണ്ട് അനുവദിച്ചിട്ടുണ്ട്. 'കാൽനട യാത്രക്കാരും സ്കൂൾ കുട്ടികളും ഉൾപ്പെടുന്ന അപകടങ്ങൾ' കുറയ്ക്കാൻ ഈ പദ്ധതികൊണ്ട് സാധിക്കും.

(5) <u>ഡിഫൻഡർ ട്രോമ കിറ്റ്</u>

ട്രാഫിക് അപകടങ്ങളിൽപ്പെടുന്നവർക്ക് പ്രാഥമിക ശുശ്രൂഷ നൽകി ജീവൻ രക്ഷിക്കാൻ ഹൈവേ പട്രോളിംഗ് വാഹനങ്ങളിൽ 'ഡിഫൻഡർ ട്രോമ കിറ്റ് സ്ഥാപിക്കുന്നതിന് റോഡ് സുരക്ഷാ ഫണ്ട് നൽകിയിട്ടുണ്ട്.

(6) എൻഫോഴ്സ്മെന്റ് ഏജൻസികൾക്ക് സാമ്പത്തിക പിന്തുണ

എൻഫോഴ്സ്മെന്റ് ഉപകരണങ്ങൾ വാങ്ങുന്നതിന് പോലീസ് വകുപ്പിനും, മോട്ടോർ വാഹന വകുപ്പിനും കേരള റോഡ് സുരക്ഷാ അതോറിറ്റിയിൽനിന്നും ഫണ്ട് നൽകിവരുന്നു. ശരിയായ ഹൈവേ പട്രോളിംഗ് ഉറപ്പാക്കാൻ വാഹനങ്ങൾ വാങ്ങുന്നതിനും പോലീസ് വകുപ്പിന് ഫണ്ട് നൽകിയിട്ടുണ്ട്.

(7) ബോധവൽക്കരണ പരിപാടികൾ

റോഡ് സുരക്ഷാ ഫണ്ടുപയോഗിച്ച് താഴെപ്പറയുന്ന ബോധവൽക്കരണ പരിപാടികൾ നടത്തിവരുന്നു.

റോഡ് സുരക്ഷാ വാരാചരണം, എഫ്.എം., ഓൾ ഇന്ത്യ റേഡിയോകളിലൂടെയുള്ള റോഡ് സുരക്ഷാ സന്ദേശങ്ങളുടെ പ്രചരണം, റോഡ് സുരക്ഷാ സന്ദേശങ്ങൾ ഉൾക്കൊള്ളുന്ന കലാപരിപാടികളുടെ പ്രദർശനം, ഡ്രൈവർമാർക്കും ഡ്രൈവിംഗ് സ്കൂളുകൾക്കും നൽകുന്ന അവബോധ ക്ലാസ്സുകൾ, അച്ചടി-ഇലക്ട്രോണിക്ക് മാധ്യമങ്ങളിലൂടെയുള്ള പ്രചാരണ

പരിപാടികൾ തുടങ്ങിയ റോഡ് സുരക്ഷാ അവബോധം സൃഷ്ടിക്കുന്ന പരിപാടികളും നടത്തിവരുന്നു.

(8) ഓപ്പറേഷൻ റെയിൻബോ

മഴക്കാലത്ത് സംഭവിക്കുന്ന റോഡപകടങ്ങൾ ഒഴിവാക്കാനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനുള്ള പ്രചാരണ പരിപാടിയാണ് 'ഓപ്പറേഷൻ റെയിൻബോ'. പൊതുജന താൽപര്യാർത്ഥം മഴക്കാലത്ത് റോഡപകടം കുറയ്ക്കാൻ കേരള റോഡ് സുരക്ഷാ അതോറിറ്റി നൽകുന്ന സന്ദേശങ്ങൾ അച്ചടി, ശ്രവണ മാധ്യമങ്ങൾ വഴി നൽകിവരുന്നു. കാൽനട/സൈക്കിൾ യാത്രക്കാർ, ഇരുചക്ര വാഹനക്കാർ, ഓട്ടോ, കാർ/മറ്റ് സ്വകാര്യ വാഹനയാത്രക്കാർ എന്നിവർ മഴക്കാലത്ത് പാലിക്കേണ്ട നിർദ്ദേശങ്ങളടങ്ങിയ മാർഗ്ഗരേഖയാണിത്.

(9) റോഡ് സുരക്ഷാ വാരാചരണം

റോഡപകടങ്ങൾ കുറയ്ക്കുന്നതിനും ട്രാഫിക് നിയമ ലംഘനങ്ങൾ തടയുന്നതിനും ഉതകുന്ന കർശന വാഹന പരിശോധന, ബോധവൽക്കരണ പരിപാടികൾ, ഡ്രൈവർമാർക്കുള്ള അവബോധ/പരിശീലന പരിപാടികൾ, കാഴ്ച മറയ്ക്കുന്ന തരത്തിലുള്ള റോഡിനരികിലെ വൃക്ഷശിഖരങ്ങൾ, സുഗമമായ

യാത്രയ്ക്ക് വിഘാതം നിൽക്കുന്ന ബോർഡുകൾ/ഫ്ളക്സുകൾ/ഹോർഡിംഗുകൾ എന്നിവ നീക്കം ചെയ്യൽ തുടങ്ങിയ പ്രവൃത്തിയും നടത്തിവരുന്നു.

(10) മറ്റ് റോഡ് സുരക്ഷാ പ്രവർത്തനങ്ങൾ

വിവിധ ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകളുടെ അഭ്യർത്ഥന പ്രകാരം പെഡസ്ട്രിയൻ ക്രോസിംഗ്, ബസ്ബേകൾ, സീബ്രാ ക്രോസിംഗുകൾ, മുന്നറിയിപ്പ് ബ്ലിങ്കറുകൾ, സിഗ്നൽലൈറ്റുകൾ, സൈൻ ബോർഡുകൾ, ഫുട്പാത്ത്, ഹാൻഡ് റെയിൽ മുതലായ റോഡ് സുരക്ഷാ ഫണ്ട് നൽകിവരുന്നു.

അപകടസാധ്യത മേഖലകളിൽ കേരള റോഡ് സുരക്ഷാ അതോറിറ്റി, പോലീസ്, മോട്ടോർ വാഹന വകുപ്പ് ഓണിംഗ് ഏജൻസികളായ പൊതുമരാമത്ത് (റോഡ്സ്) പൊതുമരാമത്ത് (ദേശീയ പാത) എന്നിവർ സംയുക്തമായി പരിശോധനകൾ നടത്തി അപാകതകൾ കണ്ടെത്തി നടപടികൾ സ്വീകരിക്കാറുണ്ട്.

റോഡ് സുരക്ഷാ ബോധവൽക്കരണ ക്ലാസുകൾ നടത്തിവരുന്നു. സംസ്ഥാനത്തുടനീളം പലതരത്തിലുള്ള സ്പെഷ്യൽ ഡ്രൈവുകൾ നടത്തി

ഗതാഗത നിയമലംഘനം പരമാവധി കുറയ്ക്കുന്നതിനും തന്മൂലം റോഡപകടങ്ങൾ നിയന്ത്രിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു.

കൂടാതെ, കേരളത്തിലെ എല്ലാ റോഡുകളും എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥർക്കും റോഡുസുരക്ഷ ഉദ്യോഗസ്ഥർക്കും ബ്ലാക്ക് സ്പോട്ട് അടിസ്ഥാനമാക്കി വീതിച്ചുനൽകിയിട്ടുള്ളതും അവരവരുടെ ടെറിട്ടറിയിൽ എത്ര ശതമാനം അപകടങ്ങൾ കുറച്ചുകൊണ്ട് വരാൻ സാധിച്ചുവെന്നത് പ്രവർത്തനമികവ് വിലയിരുത്തുന്നതിനുള്ള സൂചികയായി പരിഗണിക്കപ്പെടുന്നതുമാണ്. സമാന നിർദ്ദേശങ്ങൾ ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുള്ളതും അപകടങ്ങളുടെ വിശകലനം സമയാസമയം വിലയിരുത്തുകയും ചെയ്യുന്നുണ്ട്. കൂടാതെ, എല്ലാ ആർ.ടി.ഒ., സബ് ആർ.ടി. ഓഫീസുകളിലും റോഡ് സുരക്ഷാബോധവൽക്കരണ ക്ലാസുകൾ, ഓരോ വർഷവും റോഡ് സുരക്ഷാവാരാചരണം/മാസാചരണത്തിന്റെ ഭാഗമായി പൊതുസ്ഥലങ്ങളിലും മറ്റും പൊതുജനങ്ങൾക്കായി റോഡ് സുരക്ഷാ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. കൂടാതെ പാഠ്യപദ്ധതികളുടെ ഭാഗമായി റോഡ് സുരക്ഷ ഉൾപ്പെടുത്തുന്നതിനും വകുപ്പ് ലക്ഷ്യമിടുന്നു.

(ഡി) വിഷ ദ്രാവകങ്ങൾ, അപകടകരമായ രാസവസ്തുക്കൾ എന്നിവ കൊണ്ടുപോകുന്ന വാഹനങ്ങൾക്ക് പ്രത്യേക നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

വിഷ ദ്രാവകങ്ങൾ, അപകടകരമായ രാസവസ്തുക്കൾ എന്നിവ കൊണ്ടുപോകുന്ന വാഹനങ്ങൾ ഓടിക്കുന്നതിന് അതിൽ പ്രത്യേക പരിശീലനം പൂർത്തിയാക്കിയിട്ടുള്ള ഡ്രൈവർമാർക്ക് മാത്രമെ ലൈസൻസ് നൽകാറുള്ളൂ. പ്രസ്തുത പരിശീലനത്തിൽ ഓരോ പ്രത്യേക സാഹചര്യങ്ങളിലും സ്വീകരിക്കേണ്ട മുൻകരുതലുകൾ എന്തൊക്കെയാണെന്നുള്ള പരിശീലനവും ഡ്രൈവർമാർക്ക് ലഭിക്കാറുണ്ട്. ഇതുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുള്ളതാണ്.

## നെൽകൃഷി പ്രോത്സാഹനം

11 (*281) ശ്രീ. ജി. സ്റ്റീഫൻ:
ശ്രീ. കെ. ബാബു (നെന്മാറ):
ശ്രീ. പി. പി. ചിത്തരഞ്ജൻ:
ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്) സദയം മറുപടി നൽകുമോ:

(എ) പാരിസ്ഥിതിക പ്രാധാന്യവും ഭക്ഷ്യസുരക്ഷയും കണക്കിലെടുത്ത് നെൽകൃഷി പ്രോത്സാഹിക്കുന്നതിനായി നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

സംസ്ഥാന സർക്കാരിന്റെ നെൽകൃഷി വികസന പദ്ധതി, മണ്ണിന്റെയും വേരിന്റെയും ആരോഗ്യ പരിപാലന പദ്ധതി, പാലക്കാട് ജില്ലയ്ക്കായി നടപ്പാക്കുന്ന ദേശീയ ഭക്ഷ്യസുരക്ഷാ പദ്ധതി, ജനകീയാസൂത്രണംവഴി നടപ്പിലാക്കുന്ന വിവിധ നെൽകൃഷി വികസന പദ്ധതികൾ എന്നിവയിലൂടെ പാരിസ്ഥിതിക പ്രാധാന്യവും ഭക്ഷ്യസുരക്ഷയും കണക്കിലെടുത്ത് നെൽകൃഷിയുടെ വിസ്തൃതിയും ഉല്പാദനവും വർദ്ധിപ്പിക്കാനും സംസ്ഥാനത്ത് ഭക്ഷ്യ സ്വയംപര്യാപ്തത കൈവരിക്കാനും വേണ്ടിയുള്ള വിവിധ പദ്ധതികൾ കൃഷി വകുപ്പ് 2022-23 വർഷം നടപ്പിലാക്കി വരുന്നു. ആയത് സംബന്ധിച്ച വിശദവിവരം അനുബന്ധമായി ചേർക്കുന്നു.+

(ബി) സുസ്ഥിര നെൽകൃഷി വികസന പദ്ധതിയിൽ ഉല്പാദനോപാധികൾക്ക് സഹായം നൽകിവരുന്നുണ്ടോ; നെൽവയൽ ഉടമകൾക്ക് നൽകിവന്നിരുന്ന റോയൽറ്റി തുക വർദ്ധിപ്പിച്ചിട്ടുണ്ടോ?

ഉണ്ട്. നെൽകൃഷി വികസന പദ്ധതിയിൽ സുസ്ഥിര നെൽകൃഷി വികസനം എന്ന ഘടക പദ്ധതി ഉൾപ്പെടുത്തി നെൽകൃഷിക്കുവേണ്ടി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഗുണമേന്മയുള്ള വിത്ത്, മറ്റ് ഉല്പാദനോപാധികൾ, ജൈവിക രോഗ-കീട നിയന്ത്രണകാരികൾ എന്നിവയുടെ ആനുകൂല്യമായി ഹെക്ടറിന് 5,500 രൂപയാണ് നൽകുന്നത്. 2022-23 വർഷത്തിൽ ഈ ഘടക പദ്ധതിക്കായി 92727 ഹെക്ടറിലേയ്ക്ക് 5,100 ലക്ഷം രൂപയാണ് ബഡ്ജറ്റ് വിഹിതമായി നീക്കിവച്ചിട്ടുള്ളത്.

2020-21 സാമ്പത്തികവർഷത്തിലാണ് സംസ്ഥാനത്ത് നെൽവയലുകളുടെ ഉടമയ്ക്ക് റോയൽറ്റി നൽകുന്ന പദ്ധതി നിലവിൽ വന്നത്. നെൽവയലുകൾ രൂപമാറ്റം വരുത്താതെ നിലനിർത്തി സംരക്ഷിക്കുകയും കൃഷിക്കായി ഉപയുക്തമാക്കുകയും ചെയ്യുന്ന നെൽവയലുകളുടെ ഉടമകൾക്കാണ് (owners of cultivable paddy land) ഹെക്ടറിന് 2,000 രൂപ നിരക്കിൽ റോയൽറ്റി അനുവദിച്ചത്. 2022-23 വർഷത്തെ ബഡ്ജറ്റിൽ നെൽവയലുകളുടെ ഉടമസ്ഥർക്ക് ഹെക്ടറിന് 3,000 രൂപ റോയൽറ്റി നൽകുമെന്ന് പ്രഖ്യാപിച്ചിരുന്നതിന്റെ അടിസ്ഥാനത്തിൽ നെൽകൃഷി വികസന പദ്ധതിയിൽ റോയൽറ്റി നൽകുന്നതിലേയ്ക്കായി 30000 ഹെക്ടറിന് 900 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്ത് നെല്ലിന്റെ താങ്ങുവില വർദ്ധിപ്പിച്ചിരുന്നോ; രാജ്യത്ത് ഏറ്റവും ഉയർന്ന നിരക്കിലാണോ സംഭരണവില നിശ്ചയിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ?

സംസ്ഥാനത്ത് സുസ്ഥിരമായ നെൽകൃഷി ഉറപ്പാക്കുന്നതിനും നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുമായി സിവിൽ സപ്ലൈസ് കോർപ്പറേഷൻ കർഷകരിൽനിന്നും സംഭരിക്കുന്ന നെല്ലിന് കേന്ദ്രസർക്കാർ നിശ്ചയിച്ചിട്ടുള്ള താങ്ങുവിലയായിരുന്ന 19 രൂപ 40 പൈസക്ക് പുറമെ സംസ്ഥാന പ്രോത്സാഹന ബോണസ്സായ 8 രൂപ 80 പൈസയും ചേർത്ത് 2022-23 സീസൺ മുതൽ നെല്ലിന്റെ സംഭരണവില കിലോഗ്രാമിന് 28.20 രൂപയായി വർദ്ധിപ്പിച്ച് 19-4-2022-ലെ G.O.(Ms.)9/2022/F&CS പ്രകാരം ഉത്തരവായിട്ടുണ്ട്.

(ഡി) നെല്ലുല്പാദന ബോണസ്സായും കാർഷിക യന്ത്രോപകരണങ്ങൾ വാങ്ങുന്നതിനും സഹായം നൽകുന്നുണ്ടോ; വ്യക്തമാക്കാമോ?

നോൺ പ്ലാൻ (പദ്ധതിയേതരം) ഇനത്തിൽ ഉൾപ്പെടുത്തി നെല്ലിന്റെ ഉല്പാദന ബോണസ്സായി ഓരോ സീസണിലെ നെൽകൃഷിക്കും ഹെക്ടറിന് 1,000 രൂപ നൽകുന്നു. 2022-23 വർഷത്തിൽ ഗ്രാമപഞ്ചായത്തുകൾക്കായി 1,324 ലക്ഷം രൂപയും മുനിസിപ്പാലിറ്റികൾക്കായി 44 ലക്ഷം രൂപയും

കോർപ്പറേഷനുകൾക്കായി 0.50 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. കാർഷികയന്ത്രവൽക്കരണം പ്രോത്സാഹിപ്പിക്കുന്നതിനായി കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കുന്ന Sub Mission on Agricultural Mechanization (SMAM) പദ്ധതിയിൽ പ്രധാനമായും മൂന്ന് തരം ആനുകൂല്യങ്ങളാണ് കർഷകർക്ക് ലഭ്യമാക്കുന്നത്.

(i) വ്യക്തിഗത ഉപഭോക്താക്കൾക്ക് കാർഷികയന്ത്രങ്ങൾ വാങ്ങുന്നതിനായി 40 മുതൽ 60 ശതമാനം വരെ സബ്സിഡി നൽകുന്നു. ഇതനുസരിച്ച് ചെറുകിട നാമമാത്ര കർഷകർക്കും, പട്ടികജാതി-പട്ടികവർഗ്ഗ കർഷകർക്കും, വനിതകൾക്കും കാർഷിക യന്ത്രോപകരണങ്ങൾ വാങ്ങുന്നതിന് 50 ശതമാനം വരെയും മറ്റ് കർഷകർക്ക് 40 ശതമാനം വരെയും, വിള സംസ്കരണവുമായി ബന്ധപ്പെട്ട യന്ത്രോപകരണങ്ങൾ വാങ്ങുന്നതിനായി ചെറുകിട നാമമാത്ര കർഷകർക്കും, പട്ടികജാതി, പട്ടികവർഗ്ഗ കർഷകർക്കും വനിതകൾക്കും 50 മുതൽ 60 ശതമാനംവരെയും മറ്റു കർഷകർക്ക് 40 മുതൽ 50 ശതമാനംവരെയും സബ്സിഡി ലഭ്യമാക്കുന്നു.

(ii) വ്യക്തികൾക്കും കാർഷിക സ്വയംസഹകരണ സംഘങ്ങൾ, പാടശേഖര സമിതികൾ എഫ്.പി.ഒ. തുടങ്ങിയവർക്കും കാർഷിക

യന്ത്രങ്ങളുടെ വാടക കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് 60 ലക്ഷം വരെയുള്ള പ്രോജക്ടുകൾക്ക് 40 ശതമാനം വരെ സബ്സിഡി നൽകുന്നു.

(iii) തെരഞ്ഞെടുത്ത വില്ലേജുകളിൽ കാർഷിക യന്ത്രോപകരണങ്ങളുടെ ബാങ്കുകൾ സ്ഥാപിക്കുന്നതിന് കർഷക ഗ്രൂപ്പുകൾ, സ്വയം സഹായ സംഘങ്ങൾ, പ്രാഥമിക സഹകരണ സംഘങ്ങൾ, പഞ്ചായത്തുകൾ, തുടങ്ങിയവയ്ക്ക് 10 ലക്ഷം ലക്ഷം രൂപവരെയുള്ള പ്രോജക്ടുകൾക്ക് പരമാവധി 80 ശതമാനം വരെ സബ്സിഡി നൽകുന്നു. ഇതുകൂടാതെ ബ്ലോക്ക് തലത്തിൽ 99 അഗ്രോ സർവീസ് സെന്ററുകളും ഗ്രാമപഞ്ചായത്തുതലത്തിൽ 368 കാർഷിക കർമസേനകളും സ്ഥാപിച്ചുകൊണ്ട് കർഷകർക്ക് മിതമായ നിരക്കിൽ യന്ത്രവത്കൃത കൃഷി നടത്തുവാനുള്ള സേവനങ്ങൾ ചെയ്തുവരുന്നുണ്ട്. എല്ലാ ജില്ലകളിലും പ്രവർത്തിക്കുന്ന കൃഷിവകുപ്പിന്റെ 14 കസ്റ്റം ഹയറിംഗ് സെന്ററുകൾ മുഖേനയും കാർഷിക യന്ത്രങ്ങൾ മിതമായ നിരക്കിൽ കർഷകർക്ക് വാടകയ്ക്ക് നൽകി വരുന്നുണ്ട്.

<u>സുരക്ഷിത പച്ചക്കറി ലഭ്യമാക്കാൻ നടപടി</u>

12 (*282) <u>ശ്രീ. ഷാഫി പറമ്പിൽ</u>:
<u>ശ്രീ. സണ്ണി ജോസഫ്</u>:
<u>ശ്രീ. സനീഷ്കുമാർ ജോസഫ്</u>:

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉപഭോക്താക്കൾക്ക് വിഷരഹിത പച്ചക്കറി ലഭ്യമാക്കുന്നതിനും കർഷകർക്ക് ന്യായവില ലഭ്യമാക്കുന്നതിനും സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

സംസ്ഥാനത്ത് ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാർ 'ജൈവകൃഷിയും ഉത്തമ കൃഷി മുറകളും' എന്ന പദ്ധതി നടപ്പിലാക്കുന്നു. പ്രസ്തുത പദ്ധതിയിൽ 2022-23 സാമ്പത്തികവർഷത്തിൽ ജൈവ കൃഷി പ്രോത്സാഹനത്തിനും, മണ്ണിന്റെ ഘടന മെച്ചപ്പെടുത്തുന്നതിന് ഉപയോഗിക്കുന്ന പയറുവർഗ്ഗത്തിൽപ്പെട്ട പച്ചിലവളങ്ങൾ കൃഷി ചെയ്യുന്നതിനും, ജൈവ ഉല്പന്നങ്ങൾ വില്പന നടത്തുന്നതിനും ഹൈടെക് ഓർഗാനിക് സൂപ്പർ മാർക്കറ്റുകൾ സ്ഥാപിക്കുന്നതിനുമായി 600 ലക്ഷം രൂപയുടെ പദ്ധതിക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. കൂടാതെ തുടർച്ചയായി മൂന്ന് വർഷത്തേയ്ക്ക് നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളായ പരമ്പരാഗത കൃഷി വികാസ് യോജനയും സുഭിക്ഷം സുരക്ഷിതം (ഭാരതീയ പ്രകൃതി കൃഷി) പദ്ധതിയും 2022-23 വർഷവും സംസ്ഥാനത്ത് നടപ്പിലാക്കുന്നതാണ്.

a) <u>പരമ്പരാഗത കൃഷി വികാസ് യോജന പദ്ധതി.</u>

പദ്ധതി നടപ്പിലാക്കുന്നതിലൂടെ പൂർണ്ണമായും രാസകീടനാശിനികളുടെ ഉപയോഗം ഒഴിവാക്കി ജൈവകീടനാശിനികൾ ഉപയോഗിച്ച് കൃഷി ചെയ്യുന്നതിന് കർഷകരെ പ്രാപ്തരാക്കുന്നു. നിലവിൽ വയനാട് ജില്ലയിൽ, ടി പദ്ധതി പ്രകാരം 5 ക്ലസ്റ്ററുകൾ രൂപീകരിച്ചിട്ടുണ്ട്. 100 ഹെക്ടർ സ്ഥലത്ത് 498 കർഷകരെ പങ്കാളികളാക്കിയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കിവരുന്നത്. പദ്ധതിയിലെ ക്ലസ്റ്ററിൽ അംഗമാകുന്ന കർഷകർക്ക് ജൈവ ഉല്പാദനോപാധികൾ നിർമ്മിക്കുന്നതിനും പരിശീലന പരിപാടി സംഘടിപ്പിക്കുന്നതിനുമായി ധനസഹായം നൽകി വരുന്നു.

b) <u>സുഭിക്ഷം സുരക്ഷിതം (ഭാരതീയ പ്രകൃതിക് കൃഷി) പദ്ധതി</u>

സുഭിക്ഷം സുരക്ഷിതം (ഭാരതീയ പ്രകൃതിക് കൃഷി) പദ്ധതിയിൻകീഴിൽ ഫാർമർ ഇൻടസ്റ്റ് ഗ്രൂപ്പുകൾ (FIG) വഴി വിവിധ പ്രവർത്തനങ്ങൾ നടത്തുന്നു. പ്രസ്തുത പദ്ധതിയിൽ കൃഷി സംബന്ധമായ പരമ്പരാഗത നാട്ടറിവുകൾ കർഷകരിലേയ്ക്കെത്തിക്കുന്നതിനും അതത് പ്രദേശത്തിന് അനുയോജ്യമായ പരമ്പരാഗത വിളകളുടെ വിത്തുല്പാദിപ്പിച്ച് മറ്റ് കർഷകർക്ക് കൈമാറ്റം ചെയ്യുന്നതിനും, പദ്ധതി മാനദണ്ഡങ്ങൾ പാലിച്ച് മാതൃക കൃഷിത്തോട്ടങ്ങൾ നിർമ്മിക്കുന്നതിനും ധനസഹായം നൽകിവരുന്നു. പദ്ധതി

പ്രകാരം 75162.456 ഹെക്ടർ സ്ഥലത്ത് 2021-22 സാമ്പത്തികവർഷത്തിൽ ജൈവ കൃഷി നടപ്പിലാക്കി. ജൈവ ഉല്പാദനോപാധികൾ ഉല്പാദിപ്പിച്ച് ക്ലസ്റ്ററിലെ മറ്റ് കർഷകർക്ക് സൗജന്യമായി നൽകുന്നതിന് ഫാർമർ ഇൻട്രസ്റ്റ് ഗ്രൂപ്പ് 1 (FIG 1) പ്രവർത്തിക്കുന്നു. മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിച്ച് വില്പന നടത്തുന്നതിനായി ഫാർമർ ഇൻട്രസ്റ്റ് ഗ്രൂപ്പ് 2 (FIG 2) പ്രവർത്തിക്കുന്നു. കൃഷി വകുപ്പ്, വിവിധ പദ്ധതി പ്രകാരം സ്ഥാപിച്ചിട്ടുള്ള ഇക്കോഷോപ്പുകൾ, എ ഗ്രേഡ് ക്ലസ്റ്ററുകൾ, ബ്ലോക്ക് ലെവൽ ഫെഡറേറ്റഡ് ക്ലസ്റ്ററുകൾ, ആഴ്ച ചന്തകൾ, നഗര വഴിയോര ആഴ്ച ചന്തകൾ തുടങ്ങിയവവഴി അതത് ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പ്രദേശങ്ങളിൽ കർഷകർ ഉത്പാദിപ്പിക്കുന്ന പഴം, പച്ചക്കറികൾ കർഷകർക്ക് നേരിട്ട് ഉപഭോക്താക്കൾക്ക് വിപണനം നടത്തുന്നതിനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്. കൃഷി വകുപ്പിന്റെ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്, വയനാട് എന്നീ ജില്ലകളിലുള്ള 6 (ആറ്) കാർഷിക മൊത്തവ്യാപാര വിപണികളിലും കർഷകർക്ക് നേരിട്ട് അവരുടെ പച്ചക്കറികൾ എത്തിച്ച് ലേലത്തിൽ കർഷകരുടെ ഉൽപ്പന്നങ്ങൾ ന്യായവിലയ്ക്ക് വിറ്റഴിക്കുവാനുള്ള സംവിധാനവും കൃഷി വകുപ്പ് ഒരുക്കിയിട്ടുണ്ട്. കൃഷി വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന വെജിറ്റബിൾ ആൻഡ് ഫ്രൂട്ട്സ്

പ്രൊമോഷൻ കൗൺസിൽ കേരളം (VFPCK)-യുടെ കീഴിൽ സംസ്ഥാനത്തൊട്ടാകെയുള്ള 'സ്വാശ്രയ കർഷക വിപണികൾ' മുഖേന ന്യായവിലയ്ക്ക് കർഷകരിൽ നിന്നും സംഭരിച്ച് വിപണനം നടത്തിവരുന്നു. കൂടാതെ കൃഷിവകുപ്പ് സംരംഭമായ 'ഹോർട്ടികോർപ്പും' കർഷകരിൽനിന്നും പഴം പച്ചക്കറികൾ സംഭരിച്ച് ഹോർട്ടികോർപ്പിന്റെ ഔട്ട്ലെറ്റുകൾവഴി വിപണനം നടത്തിവരുന്നു. ഉത്സവ കാലങ്ങളാണ് കേരളത്തിൽ ഗണ്യമായ തോതിൽ പച്ചക്കറി ഉല്പാദിപ്പിക്കുന്ന സമയം. ഇക്കാലയളവിൽ വിവിധ പച്ചക്കറി ഇനങ്ങളിൽ അധിക ഉത്പാദനം ഉണ്ടെങ്കിലും വിപണികളിൽ വിലക്കയറ്റം ദൃശ്യമാകാറുണ്ട്. ആയതിനാൽ ഉത്സവകാലങ്ങളിൽ കർഷകരിൽനിന്നും നേരിട്ട് സംഭരിക്കുന്ന പച്ചക്കറികൾ പൊതുവിപണികളിൽ നിന്നും ലഭ്യമാകുന്ന അതത് ഇനങ്ങളുടെ സംഭരണ വിലയേക്കാൾ 10 ശതമാനം അധികം വില നൽകി സംഭരിക്കുന്നു. വിപണികളിലൂടെ വിൽപ്പന നടത്തുമ്പോൾ പൊതുവിപണി വിൽപന വിലയിൽനിന്നും 30 ശതമാനം കുറഞ്ഞ വിലയ്ക്ക് ഉപഭോക്താക്കൾക്ക് ലഭ്യമാകുന്നതിനുള്ള വിപണി ഇടപെടലുകളും ഹോർട്ടികോർപ്പ് വഴി നടത്തി വരുന്നുണ്ട്. സംസ്ഥാനത്തെ കർഷകർ ഉത്പാദിപ്പിക്കുന്ന പഴം പച്ചക്കറികൾക്ക് വിളവെടുപ്പ് സമയത്തുണ്ടാകുന്ന വിലയിടിവ്

വാണിജ്യാടിസ്ഥാനത്തിലുള്ള കൃഷിവ്യാപനത്തിന് തടസ്സമാകുന്നത് പരിഹരിക്കുന്നതിന് സംസ്ഥാന സർക്കാർ 16 ഇനം പഴം പച്ചക്കറികൾക്ക് അടിസ്ഥാനവില പ്രഖ്യാപിച്ചിട്ടുണ്ട്. സംസ്ഥാനത്ത് കർഷകർ ഉല്പാദിപ്പിക്കുന്ന കാർഷിക ഉത്പന്നങ്ങൾ ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി ന്യായവില ലഭ്യമാക്കുന്നതിനായി കേരള ഫാം ഫ്രഷ് പഴം പച്ചക്കറി അടിസ്ഥാനവില പദ്ധതി 2020 നവംബർ ഒന്നിന് പ്രാബല്യത്തിൽ വന്നു. മരച്ചീനി, നേന്ത്രൻ, കൈതച്ചക്ക, കുമ്പളം, വെള്ളരി, പാവൽ, പടവലം, വള്ളിപ്പയർ, തക്കാളി, വെണ്ട, ക്യാബേജ്, ക്യാരറ്റ്, ഉരുളക്കിഴങ്ങ്, ബീൻസ്, ബീറ്റ്റൂട്ട്, വെളുത്തുള്ളി എന്നിവയ്ക്കാണ് അടിസ്ഥാനവില പ്രഖ്യാപിച്ചിട്ടുള്ളത്. കൃഷി വകുപ്പിന്റെ AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ അർഹരായ കർഷകർക്കും ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കും. കൃഷിവകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ ഈ വിപണികൾ പ്രവർത്തിക്കുന്നതിനാൽ ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി പ്രാദേശികമായി കർഷകർക്ക് നല്ല വില ലഭിക്കുന്നതിനും അതോടൊപ്പം ഉപഭോക്താക്കൾക്ക് ന്യായവിലയ്ക്ക് ഉൽപന്നങ്ങൾ ലഭ്യമാക്കാനും വഴി ഒരുക്കുന്നു. പദ്ധതി പ്രകാരം പഴം പച്ചക്കറികൾ സംഭരിക്കുമ്പോഴുണ്ടാകുന്ന അടിസ്ഥാനവിലയിൽ നിന്നുള്ള വ്യത്യാസം കർഷകന്റെ അക്കൗണ്ടിലേയ്ക്ക് DBT-യായി നൽകുന്നു.

(ബി) സംസ്ഥാനത്തെ ജൈവ ഉല്പന്നങ്ങൾക്ക് വിദേശ വിപണി നേടിയെടുക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉണ്ട്. സംസ്ഥാനത്തെ ജൈവ ഉല്പന്നങ്ങൾക്ക് വിദേശ വിപണി നേടിയെടുക്കുന്നതിന് 2017-18 വർഷത്തിൽ കൃഷി വകുപ്പ് തുടക്കം കുറിച്ചിരുന്നു. പാലക്കാട് ജില്ലയിലെ അട്ടപ്പാടിയിലെ ആദിവാസികൾ ഉല്പാദിപ്പിക്കുന്ന ചെറുധാന്യങ്ങൾക്ക് അന്താരാഷ്ട്ര വിപണി ലഭ്യമാക്കുന്നതിലേയ്ക്കായി അവിടത്തെ 926 കർഷകരുടെ 741.97 ഹെക്ടർ സ്ഥലത്തിന് ജൈവ സർട്ടിഫിക്കേഷൻ ലഭ്യമാക്കിയിരുന്നു.

(സി) സംസ്ഥാനത്ത് ജൈവം എന്ന ലേബലിൽ ഉപഭോക്താക്കൾക്ക് നൽകുന്ന പച്ചക്കറിയും പഴവും ഓർഗാനിക്കാണോയെന്ന് സർട്ടിഫൈ ചെയ്യുന്നതിനുള്ള സംവിധാനം നിലവിലുണ്ടോ; വിശദാംശം നൽകാമോ?

നിലവിലില്ല. എന്നാൽ കേന്ദ്രാവിഷ്കൃത പദ്ധതിയിൻകീഴിൽ ക്ലസ്റ്റർ രൂപീകരിച്ച് രജിസ്റ്റർ ചെയ്തിട്ടുള്ള കർഷകരുടെ ഉല്പന്നങ്ങൾക്ക് "PGS ഇന്ത്യ" സർട്ടിഫിക്കേഷൻ നടത്തിവരുന്നു. ജൈവരീതി അനുവർത്തിക്കപ്പെടുന്ന കൃഷിയിടങ്ങൾക്ക്, നാഷണൽ സെന്റർ ഓഫ് ഓർഗാനിക് ഫാമിംഗ് മുഖേന പി.ജി.എസ്. ഇന്ത്യ ഓർഗാനിക് സർട്ടിഫിക്കേഷൻ നൽകിവരുന്നു. ജൈവ

കൃഷിയിൽ താല്പര്യമുള്ള കർഷകരുടെ സംഘങ്ങളായ ലോക്കൽ ഗ്രൂപ്പുകൾ രൂപീകരിച്ച് അംഗങ്ങൾക്ക് ജൈവകൃഷിയിൽ പരിശീലനങ്ങൾ നൽകുകയും നിശ്ചിത കാലങ്ങളിൽ ഈ സംഘങ്ങൾ യോഗങ്ങൾ കൂടി ജൈവ ഉല്പാദനോപാധികൾ സ്വരൂപിക്കൽ തുടങ്ങിയവ ചർച്ച നടത്തി തീരുമാനങ്ങൾ റെക്കോർഡ് ചെയ്യുന്നു. കൂടാതെ അവരുടെ കൃഷിയിടങ്ങൾ അന്യോന്യം പരിശോധിച്ച് വിലയിരുത്തി സമയബന്ധിതമായ Peer appraisal നടത്തുകയും ജൈവ സർട്ടിഫിക്കേഷൻ നൽകുന്നതിനുള്ള കൂട്ടായ തീരുമാനം കൈക്കൊള്ളുകയും ചെയ്യുന്നു. ആയത് പി.ജി.എസ്. സർട്ടിഫിക്കേഷൻ നടത്തുന്ന നാഷണൽ സെൻറർ ഓഫ് ഓർഗാനിക് ഫാമിംഗിന്റെ റീജിയണൽ കൗൺസിലിലേയ്ക്ക് ഓൺലൈനായി സമർപ്പിക്കുന്നു. തുടർന്ന് റീജിയണൽ കൗൺസിൽ അവ പരിശോധിച്ച് അർഹരായ കർഷകർക്ക് പി.ജി.എസ്. ഗ്രീൻ സർട്ടിഫിക്കറ്റ് നൽകും. ഇതിനുശേഷം മണ്ണ് പരിശോധന, അവശിഷ്ട വിഷ വിശകലനം എന്നിവ റീജിയണൽ കൗൺസിൽ പരിശോധിക്കുകയും തൃപ്തികരമായ മാനദണ്ഡങ്ങൾ പാലിക്കുന്ന പക്ഷം മൂന്നാം വർഷം പി.ജി.എസ്. ഇന്ത്യ ഓർഗാനിക് സർട്ടിഫിക്കേഷൻ നൽകുകയും ചെയ്യും. നിലവിൽ കൃഷി വകുപ്പിന്റെ കീഴിൽ, അപ്രകാരം ജൈവ സർട്ടിഫിക്കേഷൻ ചെയ്യുന്ന അംഗീകൃത റീജിയണൽ

കൗൺസിൽ ആയ കേരള സ്റ്റേറ്റ് സീഡ് സർട്ടിഫിക്കേഷൻ ഡിപ്പാർട്ടുമെന്റിനെ ചുമതലപ്പെടുത്തിയെങ്കിലും ചില സാങ്കേതിക കാരണത്താൽ പ്രവർത്തനം ആരംഭിച്ചില്ല. തുടർന്ന് കൃഷി വകുപ്പിന്റെ കീഴിൽ ആനയറയിൽ പ്രവർത്തിക്കുന്ന സമിതിയുടെ ഡയറക്ടറെ റീജിയണൽ കൗൺസിലായി അംഗീകരിക്കുന്നതിനുവേണ്ടിയുള്ള അപേക്ഷ നാഷണൽ സെൻറർ ഓഫ് ഓർഗാനിക് ഫാമിംഗിന് (NCOF) സമർപ്പിച്ചിട്ടുണ്ട്. സംസ്ഥാനത്ത് സ്വകാര്യ മേഖലയിൽ സർട്ടിഫിക്കേഷൻ നടത്തുന്നതിന് അംഗീകാരമുള്ള 5 റീജിയണൽ കൗൺസിൽ പ്രവർത്തിക്കുന്നുണ്ട്.

## ക്ഷീര മേഖലയിലെ ഉല്പാദനച്ചെലവ്

13 (*283) ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. ഡി. കെ. മുരളി:
ശ്രീ. എം. എസ്. അരുൺ കുമാർ:
ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്ഷീര മേഖലയിലെ ഉല്പാദനച്ചെലവ് കൂടുന്നതിനുള്ള കാരണങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ഉണ്ട്. ഉല്പാദനച്ചെലവ് വർദ്ധിക്കുന്നതിനുള്ള കാരണം കാലികളുടെ തീറ്റച്ചെലവാണ്. തീറ്റപ്പുൽ, വൈക്കോൽ എന്നിവയുടെ ദൗർലഭ്യം നിലനിൽക്കുന്നതിനാൽ ക്ഷീരകർഷകർ കാലിത്തീറ്റയെയാണ് ആശ്രയിക്കുന്നത്. എന്നാൽ കാലിത്തീറ്റയുടെ നിർമ്മാണത്തിനാവശ്യമായ അസംസ്കൃത വസ്തുക്കളെല്ലാം ഉല്പാദിപ്പിക്കുന്നത് അയൽ സംസ്ഥാനങ്ങളിലാണ്. അയൽസംസ്ഥാനങ്ങളിൽനിന്ന് ലഭ്യമാകുന്ന അസംസ്കൃതവസ്തുക്കളുടെ വിലക്കയറ്റത്തിന് ആനുപാതികമായാണ് കാലിത്തീറ്റയുടെ വില വർദ്ധിപ്പിക്കുന്നത്. കൂടാതെ ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ തൊഴിലാളികളുടെ വേതനവും കൂടുതലാണ്. തൊഴിലാളികളുടെ ദൗർലഭ്യം, ഇന്ധനവിലയിലുണ്ടായ വ്യതിയാനംമൂലം ട്രാൻസ്പോർട്ടേഷൻ ചാർജ്ജിലുണ്ടായ വർദ്ധനവ്, വൈദ്യുതി ചാർജ്ജിലുണ്ടായ വർദ്ധനവ് എന്നിവയും ക്ഷീരമേഖലയിലെ ഉല്പാദനച്ചെലവ് വർദ്ധിക്കുന്നതിന് കാരണമാകുന്നു. കാലിത്തീറ്റയുടെ അമിത വിലവർദ്ധനവും കാലവർഷക്കെടുതിയുംമൂലം സംഭവിച്ച തീറ്റവസ്തുക്കളുടെ ലഭ്യതക്കുറവ് പരിഹരിക്കുന്നതിനായി ക്ഷീരകർഷകർക്ക് പച്ചപ്പുല്ലും, വൈക്കോലും, സബ്സിഡി നിരക്കിൽ നൽകി വരുന്നു.

(ബി) കന്നുകാലികൾക്കാവശ്യമായ പരുഷാഹാരത്തിന്റെ ദൗർലഭ്യം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വെളിപ്പെടുത്താമോ?

കന്നുകാലികൾക്കാവശ്യമായ പരുഷാഹാരത്തിന്റെ ദൗർലഭ്യം പരിഹരിക്കുകയെന്ന ലക്ഷ്യത്തോടെയാണ് ക്ഷീരവികസന വകുപ്പ് സംസ്ഥാനത്തുടനീളം പുൽകൃഷി പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നത്. ഇതിലൂടെ തീറ്റപ്പുല്ലിനെ ആശ്രയിച്ച് പശുവളർത്തുന്ന കർഷകർക്ക് ലാഭകരമായി പശുവളർത്തൽ മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കും. മിൽമയുടെ ആഭിമുഖ്യത്തിൽ കന്നുകാലികൾക്കാവശ്യമായ പരുഷാഹാരത്തിന്റെ ദൗർലഭ്യം പരിഹരിക്കുന്നതിന് മേഖലാ യൂണിയനുകൾ വിവിധ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നുണ്ട്. മലബാർ മേഖലായൂണിയൻ പാലുൽപ്പാദനച്ചെലവ് പരമാവധി കുറയ്ക്കുന്നതിനും പശുക്കളുടെ ആരോഗ്യത്തോടെയുള്ള പാലുൽപ്പാദനം സാധ്യമാക്കുന്നതിനും വേണ്ടി തീറ്റപ്പുല്ല്, ചോളപ്പുല്ല്, ചോളം സൈലേജ്, വൈക്കോൽ എന്നീ പരുഷാഹാരങ്ങൾ സബ്സിഡിയോടെ ആവശ്യമുള്ള കർഷകർക്ക് വിതരണം ചെയ്തുവരുന്നുണ്ട്. 2021-2022 സാമ്പത്തികവർഷത്തിൽ 2 കോടി കിലോഗ്രാം പരുഷാഹാരങ്ങൾ ആവശ്യമുള്ള കർഷകർക്ക് സബ്സിഡിയോടുകൂടി വിതരണം ചെയ്തു കൊണ്ടിരിക്കുന്നു. എറണാകുളം

മേഖലായൂണിയൻ പരുഷാഹാരത്തിന്റെ ദൗർലഭ്യം പരിഹരിക്കുന്നതിന് സബ്സിഡി നിരക്കിൽ വൈക്കോലും സൈലേജും വിതരണം ചെയ്തുവരുന്നു. തിരുവനന്തപുരം മേഖലായൂണിയനും സബ്സിഡി നിരക്കിൽ സൈലേജ് നൽകുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. കന്നുകാലികൾക്കാവശ്യമായ പരുഷാഹാരത്തിന്റെ ലഭ്യതക്കുറവ് പരിഹരിക്കുന്നതിനായി കേരളാ ഫീഡ്സ് സമ്പുഷ്ടീകരിച്ച വയ്ക്കോൽ കട്ട (TMR) വിപണിയിൽ ഇറക്കിയിട്ടുണ്ട്. കന്നുകാലിക്കുള്ള സമ്പൂർണ്ണ ആഹാരമായ സമ്പുഷ്ടീകരിച്ച വയ്ക്കോൽ കട്ട (TMR) 40 ശതമാനം പരുഷാഹാരമാണ്.

(സി) ക്ഷീരോല്പാദകരുടെ കൂട്ടായ്മ, എസ്.എച്ച്.ജി., മറ്റ് സന്നദ്ധ സംഘങ്ങൾ എന്നിവയിലൂടെ പൊതു, സ്വകാര്യ, വ്യക്തിഗത മേഖലയിലുള്ള തരിശുഭൂമികളിലും ഉപയോഗശൂന്യമായ സ്ഥലങ്ങളിലും വാണിജ്യാടിസ്ഥാനത്തിൽ തീറ്റപ്പുൽകൃഷി വ്യാപിപ്പിക്കുന്നതിനുള്ള പദ്ധതിയുടെ പുരോഗതി വ്യക്തമാക്കാമോ?

തരിശുഭൂമികളിലും ഉപയോഗശൂന്യമായ സ്ഥലങ്ങളിലും വാണിജ്യാടിസ്ഥാനത്തിൽ തീറ്റപ്പുൽകൃഷി വ്യാപിപ്പിക്കുന്നതിനുള്ള പദ്ധതികൾ ക്ഷീരവികസന വകുപ്പ് മുൻകയ്യെടുത്ത് നടപ്പാക്കിവരുന്നു. വനിതാ സ്വയം സഹായ സംഘങ്ങളിൽ ഉൾപ്പെട്ട വനിതകൾക്ക് തങ്ങളുടെ

വരുമാന മാർഗ്ഗം വർദ്ധിപ്പിക്കുന്നതിനായി തീറ്റപ്പുൽകൃഷി വ്യാപന പദ്ധതിയിലെ 'തീറ്റപ്പുൽകൃഷിയും വിപണനവും' എന്ന ഘടക പദ്ധതിയിലൂടെ ധനസഹായം നൽകിവരുന്നു. കൂടാതെ, തരിശുഭൂമിയിലെ തീറ്റപ്പുൽകൃഷി, യന്ത്രവൽക്കരണ പദ്ധതികൾ, മക്കച്ചോളം കൃഷി ചെയ്യുന്നതിനുള്ള പദ്ധതികൾ ജലസേചന സൗകര്യത്തിനായുള്ള പദ്ധതികൾ തുടങ്ങിയവ തീറ്റപ്പുൽകൃഷി ഒരു തൊഴിലായി സ്വീകരിച്ചുവരുന്നവരെ പ്രോത്സാഹിപ്പിക്കുന്നതിനായി ആവിഷ്കരിച്ചിട്ടുണ്ട്. ഈ സാമ്പത്തികവർഷം തീറ്റപ്പുൽകൃഷി പദ്ധതി നടപ്പിലാക്കുന്നതിനുള്ള അപേക്ഷകൾ ക്ഷണിച്ച് തുടർനടപടികൾ നടന്നുവരുന്നു. പ്രസ്തുത പദ്ധതി മുഖാന്തരം 2021-22 സാമ്പത്തികവർഷം 87 ഹെക്ടർ തരിശു ഭൂമിയിൽ തീറ്റപ്പുൽകൃഷി നടപ്പിലാക്കിയിട്ടുണ്ട്. 2022-23 വർഷം 51 ഹെക്ടർ തരിശു ഭൂമിയിൽ തീറ്റപ്പുൽ കൃഷി നടപ്പാക്കാൻ ഉദ്ദേശിക്കുന്നു.

(ഡി) പ്രസ്തുത പദ്ധതിക്കായി നൽകിവരുന്ന സഹായങ്ങൾ വ്യക്തമാക്കുമോ?

തീറ്റപ്പുൽകൃഷിയുടെ നോഡൽ ഏജൻസിയെന്ന നിലയിൽ ക്ഷീരവികസന വകുപ്പ് വിവിധങ്ങളായ തീറ്റപ്പുൽകൃഷി വികസന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

1. 20 സെന്റ് സ്ഥലത്തിനുമുകളിൽ തീറ്റപ്പുൽകൃഷി ചെയ്യുന്നതിന് ഹെക്ടറിന് 24,250/- രൂപ ധനസഹായം നൽകുന്നു. 20 സെന്റിന് താഴെ കൃഷി ചെയ്യുന്നവർക്ക് സൗജന്യമായി തീറ്റപ്പുൽക്കടകൾ നൽകുന്നു.

2. ഒരു ഏക്കറിൽ താഴെയുള്ള തീറ്റപ്പുൽകൃഷി തോട്ടങ്ങൾക്ക് ജലസേചന സൗകര്യം ഒരുക്കുന്നതിനായി 10,000/- രൂപ വരെ ധനസഹായം.

3. ഒരു ഏക്കറിന് മുകളിൽ തീറ്റപ്പുൽകൃഷി തോട്ടങ്ങൾ ജലസേചന സൗകര്യം ഒരുക്കുന്നതിനായി പരമാവധി 25,000/- രൂപ വരെ ധനസഹായം.

4. തരിശ്ശ് നിലത്ത് തീറ്റപ്പുൽ കൃഷിക്കായി ഹെക്ടറിന് 94,272/- രൂപ ധനസഹായം നൽകുന്നു.

5. തീറ്റപ്പുൽകൃഷി യന്ത്രവൽക്കരണത്തിനായി ക്ഷീര കർഷകർക്ക് 10,000/- രൂപ ധനസഹായം നൽകുന്ന പദ്ധതി.

6. ഹൈഡ്രോപോണിക്സ് തീറ്റപ്പുൽകൃഷി പദ്ധതി.

7. മക്കച്ചോളം കൃഷി ചെയ്യുന്നതിന് ഹെക്ടറിന് 15,785/- രൂപ ധനസഹായം കൂടാതെ, സ്വയം സഹായസംഘങ്ങൾ മുഖേന

തീറ്റപ്പുൽകൃഷി വ്യാപന-വിപണന പദ്ധതികൾക്കായി 75,000/- രൂപ ധനസഹായം നൽകുന്നു. വൃക്ഷവിളകൾ വിതരണം ചെയ്യുന്ന പദ്ധതി, വലിയതുറ സ്റ്റേറ്റ് ഫോഡർ ഫാമിനായുള്ള വികസന പദ്ധതികൾ എന്നീ പദ്ധതികളും ക്ഷീരവികസനവകുപ്പ് നടപ്പിലാക്കി വരുന്നു.

## ഗതാഗത നിയമലംഘനങ്ങൾ തടയാൻ ആർട്ടിഫിഷ്യൽ ഇന്റലിജൻസ്

14 (*284) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ:
ശ്രീ. പി. വി. അൻവർ:
ശ്രീ. ആന്റണി ജോൺ:
ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റോഡപകടങ്ങളിൽ ഭൂരിഭാഗവും ഗതാഗത നിയമ ലംഘനം മൂലമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ?

കണ്ടെത്തിയിട്ടുണ്ട്.

(ബി) അപകടകരമായ രീതിയിൽ വാഹനം ഓടിക്കുന്നതുൾപ്പെടെയുള്ള ഗതാഗത നിയമ ലംഘനങ്ങൾ കണ്ടുപിടിക്കാൻ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് സംവിധാനമുള്ള ക്യാമറ ശൃംഖല പ്രാവർത്തികമായിട്ടുണ്ടോയെന്ന് അറിയിക്കാമോ?

ഇല്ല. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ക്യാമറാ സംവിധാനം പ്രവർത്തനക്ഷമമാക്കുന്ന പ്രവർത്തനം അന്തിമഘട്ടത്തിലാണ്.

(സി) സംസ്ഥാനത്ത് റോഡപകടങ്ങൾ കൂടുതൽ ഉണ്ടാകുന്നതായി കണ്ടെത്തിയിട്ടുള്ള സ്ഥലങ്ങൾ സുരക്ഷിതമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ബ്ലാക്ക് സ്പോട്ടുകൾ കണ്ടെത്തി ടി സ്ഥലങ്ങളിൽ സുരക്ഷ ഉറപ്പാക്കുന്നതിനുള്ള നടപടികൾ കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ നേതൃത്വത്തിൽ നടന്നുവരുന്നു. ദേശിയപാതയിലെ ബ്ലാക്ക് സ്പോട്ടുകൾ പരിഹരിക്കേണ്ടത് ദേശീയപാത അതോറിറ്റിയും കേന്ദ്ര റോഡ് ഗതാഗത മന്ത്രാലയവുമാണ്. ആയതിനാൽ ദേശിയപാതയിലെ ബ്ലാക്ക് സ്പോട്ടുകളുടെ ശാശ്വത പരിഹാരത്തിനായി കേന്ദ്ര റോഡ് ഗതാഗത മന്ത്രാലയത്തിന്റെയും ദേശീയപാത അതോറിറ്റിയുടെയും ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 98 ബ്ലാക്ക്സ്പോട്ടുകൾ അടിയന്തിരമായി പരിഹരിക്കുന്നതിന് റോഡ് സുരക്ഷ ഫണ്ടിൽ നിന്നും പൊതുമരാമത്ത് വകുപ്പിന് ഫണ്ട് അനുവദിച്ചിട്ടുണ്ട്.

(ഡി) വാഹനങ്ങൾ ലൈറ്റ് ഡിം ചെയ്യാതിരിക്കുന്നതും തീവ്രപ്രകാശമുള്ള ലൈറ്റുകൾ ഉപയോഗിക്കുന്നതും അപകടങ്ങൾക്ക്

മുഖ്യകാരണമാകുന്നതിനാൽ അവ കർശനമായി തടയുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ?

തീവ്രപ്രകാശമുള്ള ലൈറ്റുകൾ ഉപയോഗിക്കുന്നതിനെതിരെയും വാഹനങ്ങൾ ലൈറ്റ് ഡിം ചെയ്യാതിരിക്കുന്നത് സംബന്ധിച്ചും മോട്ടോർ വാഹന വകുപ്പ് കർശനമായ ചെക്കിംഗ് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഇത്തരം നിയമ ലംഘനങ്ങൾക്കെതിരെ 'ഓപ്പറേഷൻ ഫോക്കസ്', 'ഓപ്പറേഷൻ ആൽഫ' പോലുള്ള പ്രത്യേക പരിശോധനകൾ നടത്തി വരുന്നുണ്ട്.

## സ്പോർട്സ് കേരള ഫൗണ്ടേഷൻ

15 (*285) ശ്രീ. എം. മുകേഷ്:
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി:
ശ്രീ. കെ. വി. സുമേഷ്:
ശ്രീ. വി. കെ. പ്രശാന്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കായിക മേഖലയ്ക്ക് ദിശാബോധം പകരുന്നതിന് നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ?

കായിക മേഖലയ്ക്ക് ദിശാബോധം പകരുകയെന്ന ലക്ഷ്യം വച്ച് കായിക മേഖലയിൽ അടിസ്ഥാനസൗകര്യ വികസനം വിവിധ തലങ്ങളിലായാണ് ഈ സർക്കാർ നടപ്പിലാക്കിവരുന്നത്. അടിസ്ഥാനഘടകമായ ഗ്രാമീണ കളിസ്ഥലങ്ങളുടെ വികസനമാണ് കായിക വകുപ്പ് നടപ്പാക്കുന്ന സുപ്രധാന പദ്ധതികളിലൊന്ന്. 'ഒരു പഞ്ചായത്തിൽ ഒരു കളിക്കളം' പദ്ധതിയുടെ ഭാഗമായി ഒരു കളിസ്ഥലം നിർമ്മിക്കുന്നതിനാവശ്യമായി വരുന്ന ഒരു കോടി രൂപയിൽ 50 ലക്ഷം രൂപ കായിക വകുപ്പും ബാക്കി വരുന്ന തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ജനപ്രതിനിധികളുടെ ആസ്തി വികസന ഫണ്ട്, വിവിധ സ്ഥാപനങ്ങളുടെ സാമൂഹ്യ പ്രതിബദ്ധതാ ഫണ്ട് എന്നിവയിൽനിന്നും കണ്ടെത്തുന്നതിനാണ് ലക്ഷ്യമിടുന്നത്. പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് ജനപ്രതിനിധികളിൽനിന്നും മുൻഗണനാടിസ്ഥാനത്തിലുള്ള പ്രൊപ്പോസലുകൾ സ്വീകരിച്ച് ആയത് പരിശോധിച്ച് സ്ഥലപരിശോധന നടത്തുകയും പദ്ധതിയിൽ പരാമർശിക്കുന്ന ഘടകങ്ങൾക്കനുസൃതമായവ തെരഞ്ഞെടുത്ത് മുൻഗണനാ പട്ടിക തയ്യാറാക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു. പ്രസ്തുത പദ്ധതിയുടെ മാർഗ്ഗരേഖ പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. പ്രസ്തുത മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിൽ ലഭ്യമാകുന്ന പ്രൊപ്പോസലുകൾ

പരിശോധിച്ച് ഭരണാനുമതി നൽകികൊണ്ട് പദ്ധതി ആരംഭിക്കുന്നതിന് സമയബന്ധിതമായി നടപടി സ്വീകരിക്കുന്നതാണ്. സർക്കാരിന്റെ 'എല്ലാവർക്കും ആരോഗ്യം' എന്ന പ്രഖ്യാപിത ലക്ഷ്യത്തിന്റെ ഭാഗമായി സംസ്ഥാനത്ത് തുടക്കം കുറിച്ച സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്ററുകളിൽ 9 എണ്ണത്തിന്റെ നിർമ്മാണം പൂർത്തീകരിക്കുകയും ബാക്കി 10 സെന്ററുകളുടെ നിർമ്മാണം പുരോഗമിച്ചുവരുന്നുമുണ്ട്. ഫിറ്റ്നസ് സെന്ററുകളിലേയ്ക്ക് ഫിറ്റ്നസ് ഉപകരണങ്ങൾ വാങ്ങുന്നതിലേയ്ക്കായി (3 വർഷത്തെ എ.എം.സി. ഉൾപ്പെടെ) 4.69 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇന്റീരിയർ പ്രവൃത്തികൾ പൂർത്തീകരിക്കുന്നമുറയ്ക്ക് ഉപകരണങ്ങൾ സജ്ജീകരിച്ച് ഫിറ്റ്നസ് സെന്ററുകൾ പ്രവർത്തനം ആരംഭിക്കുന്നതാണ്. ടൂറിസം വകുപ്പുമായി ചേർന്ന് 7 ജില്ലകളിലെ (തിരുവനന്തപുരം, ആലപ്പുഴ, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ്) തെരഞ്ഞെടുക്കപ്പെടുന്ന സ്ഥലങ്ങളിൽ ഓപ്പൺ ജിം ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിക്കായി 1,48,26,900/- രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത ജില്ലകളിൽ ഏത് സ്ഥലത്താണ് ജിം സ്ഥാപിക്കേണ്ടതെന്നതിനെക്കുറിച്ചുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. ടൂറിസം വകുപ്പിൽനിന്നും സ്ഥലം നിർദ്ദേശിച്ച് നൽകുന്നമുറയ്ക്ക് പദ്ധതിയുടെ

പ്രാരംഭ പ്രവൃത്തികൾ ആരംഭിക്കുന്നതാണ്. കൂടാതെ തൃത്താല നിയോജകമണ്ഡലത്തിലെ തിരുമിറ്റക്കോട്, നാഗലശ്ശേരി, ചാലിശ്ശേരി, തൃത്താല എന്നീ പഞ്ചായത്തുകളിൽ ഓപ്പൺ ജിംനേഷ്യവും അനുബന്ധ സംവിധാനങ്ങളും സ്ഥാപിക്കുന്നതിനായി എം.എൽ.എ. ഫണ്ട് മുഖേന 40,00,000/- രൂപ അനുവദിച്ചിട്ടുണ്ട്. കായികരംഗത്തിന്റെ വികസനത്തിനായി കായികയുവജനകാര്യാലയം മുഖേന വിവിധ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്.+ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ മുഖേന ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന പദ്ധതികൾ സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു.

ഓപ്പറേഷൻ ഒളിമ്പ്യ

2024 ഒളിമ്പിക്സിൽ കേരള കായിക താരങ്ങൾ മെഡൽ കരസ്ഥമാക്കുന്നത് ലക്ഷ്യമാക്കി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ മുഖേന നടപ്പാക്കുന്ന പ്രമുഖ കായിക പദ്ധതിയാണ് ഓപ്പറേഷൻ ഒളിമ്പ്യ. പ്രസ്തുത പദ്ധതിയിലേയ്ക്ക് അത്‌ലറ്റിക്, സൈക്ലിംഗ്, ബോക്സിംഗ്, സ്വിമ്മിംഗ്, റസ്‌ലിംഗ്, കനോയിംഗ് & കയാക്കിംഗ്, റോവിംഗ്, ബാഡ്മിന്റൺ,

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഫെൻസിംഗ്, ആർച്ചറി, ഷൂട്ടിംഗ് എന്നീ 11 കായികയിനങ്ങൾ തെരഞ്ഞെടുത്തിരുന്നു. ഈ കായികയിനങ്ങളിൽനിന്നും ആർച്ചറി, ഷൂട്ടിംഗ് എന്നിവ ഒഴികെ ബാക്കിയുള്ള 9 കായിക ഇനങ്ങൾ ആദ്യ ഘട്ടത്തിൽ ആരംഭിച്ചു. നിലവിൽ ആരംഭിച്ച 9 കായിക ഇനങ്ങളിൽനിന്ന് ദേശീയ അന്തർദേശീയ നിലവാരമുള്ള 5 കായികയിനങ്ങളായ ബോക്സിംഗ്, ബാഡ്മിന്റൺ, റോവിംഗ്, ഫെൻസിംഗ്, അത്‌ലറ്റിക്സ് എന്നീ കായിക ഇനങ്ങൾ ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതിയിൽ ഉൾപ്പെടുത്തി തുടരുവാനും ബാക്കിയുള്ള 4 കായികയിനങ്ങളായ സൈക്ലിംഗ്, റസ്ലിംഗ്, സ്വിമ്മിംഗ്, കനോയിംഗ് & കയാക്കിംഗ് എന്നിവ ഫീഡിംഗ് സെന്ററായി തുടരുവാനും തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയിലെ ബോക്സിംഗ് തിരുവനന്തപുരം ജില്ലയിലും, റോവിംഗ് ആലപ്പുഴ ജില്ലയിലും, ബാഡ്മിന്റൺ എറണാകുളം ജില്ലയിലും, ഫെൻസിംഗ് കണ്ണൂർ ജില്ലയിലും പരിശീലനം തുടർന്നുവരുന്നു. ഓരോ കായികയിനത്തിലും 15 കായിക താരങ്ങൾ വീതമാണ് പരിശീലനം നടത്തിവരുന്നത്. ഓരോവർഷത്തിലും പരിശീലനത്തിന്റെ മികവ് വിലയിരുത്തി വീഡ് ഔട്ട് നടത്തുന്നുണ്ട്.

<u>എലൈറ്റ് സ്കീം</u>

മികച്ച കായിക താരങ്ങൾക്ക് ശാസ്ത്രീയമായ ഉന്നത പരിശീലനം നൽകി ലോകോത്തര നിലവാരമുള്ള കളിക്കാരാക്കി മാറ്റുന്നതിന് അത്‌ലറ്റിക്സ്, വോളീബോൾ, ഫെൻസിംഗ്, ബാസ്കറ്റ് ബോൾ എന്നീ കായിക ഇനങ്ങളിൽ എലൈറ്റ് ട്രെയിനിംഗ് സെന്ററുകൾ കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിനുകീഴിൽ പ്രവർത്തിക്കുന്നുണ്ട്. കായിക താരങ്ങളെ ഏഷ്യൻ/കോമൺവെൽത്ത് ഒളിമ്പിക്സ് എന്നീ രാജ്യാന്തര മത്സരങ്ങളിൽ മെഡൽ സാധ്യത ഉറപ്പാക്കുന്ന രീതിയിൽ വളർത്തിയെടുക്കുകയെന്നതാണ് പ്രസ്തുത പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. മികച്ച കായിക താരങ്ങളെ തെരഞ്ഞെടുത്ത് അവർക്ക് ഉന്നത പരിശീലനം ലക്ഷ്യമാക്കി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ നിയന്ത്രണത്തിൽ വിവിധ ജില്ലകളിൽ വിവിധ കായിക ഇനങ്ങളിലായി 31 ജില്ലാ സ്പോർട്സ് അക്കാഡമികൾ, 51 കോളേജ് സ്പോർട്സ് അക്കാഡമികൾ, 22 സ്കൂൾ സ്പോർട്സ് അക്കാഡമികൾ എന്നിവ പ്രവർത്തിച്ചുവരുന്നതോടൊപ്പം കൗൺസിലിലെ പരിശീലകരുടെ കീഴിൽ കായികതാരങ്ങൾക്ക് വിദഗ്ദ്ധ പരിശീലനം നൽകി വരുന്നുമുണ്ട്. ദേശീയ, അന്തർദേശീയ തലങ്ങളിൽ മികവ് പുലർത്തിയ കായികതാരങ്ങൾക്ക് തുടർപരിശീലനത്തിനുള്ള സാമ്പത്തിക സഹായവും എ.പി.ജെ. അബ്ദുൾ കലാം സ്കോളർഷിപ്പ് പദ്ധതിയിലുൾപ്പെടുത്തി സ്കോളർഷിപ്പും

അനുവദിച്ചുവരുന്നുണ്ട്. കൗൺസിലിന്റെ കീഴിലുള്ള അന്താരാഷ്ട്ര സ്റ്റേഡിയങ്ങൾ, സ്വിമ്മിംഗ് പൂളുകൾ, ഇൻഡോർ സ്റ്റേഡിയങ്ങൾ എന്നിവിടങ്ങളിൽ കായികതാരങ്ങൾക്ക് പരിശീലനം ചെയ്യുന്നതിനുള്ള സൗകര്യവും ഒരുക്കിയിട്ടുണ്ട്. കൂടാതെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നൂറുദിന കർമ്മ പരിപാടിയിലുൾപ്പെടുത്തി എറണാകുളം ജില്ലയിലെ പനമ്പിള്ളി നഗറിൽ വനിതകൾക്കായി ഒരു ഫുട്ബോൾ അക്കാഡമി ആരംഭിച്ചിട്ടുണ്ട്. കായികതാരങ്ങൾക്ക് പരിശീലനം നടത്തുന്നതിനും മത്സരങ്ങളിൽ പങ്കെടുക്കുന്നതിന് സജ്ജരാക്കുന്നതിലേയ്ക്കുമായി സിന്തറ്റിക് ട്രാക്കുൾപ്പെടെ അന്തർദേശീയ നിലവാരത്തിലുള്ള സ്റ്റേഡിയങ്ങൾ, സ്വിമ്മിംഗ് പൂളുകൾ തുടങ്ങി അടിസ്ഥാനസൗകര്യവികസനവും നടപ്പിലാക്കിവരുന്നു. സംസ്ഥാനത്തിന് പുതിയ കായിക നയം രൂപീകരിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

(ബി) കായിക മേഖലയിൽ കിഫ്ബി ഫണ്ടുൾപ്പെടെ ഉപയോഗിച്ചുകൊണ്ട് നടത്തുന്ന അടിസ്ഥാനസൗകര്യ വികസന പദ്ധതികളുടെ പുരോഗതി അറിയിക്കാമോ?

സംസ്ഥാനത്ത് കായികക്ഷമതയുള്ള യുവതലമുറയെ വാർത്തെടുക്കുകയെന്ന ലക്ഷ്യത്തോടെ കിഫ്ബി കായികമേഖലയിലെ 37

പദ്ധതികൾക്കായി 749 കോടി രൂപയുടെ സാമ്പത്തികാനുമതിക്കാണ് നാളിതുവരെ അംഗീകാരം നൽകിയിട്ടുള്ളത്. ടി പദ്ധതികളിൽ 104.52 കോടി രൂപയുടെ പദ്ധതികൾ പൂർത്തീകരിച്ച് കായിക മേഖലയുടെ ഉന്നമനത്തിനായി സമർപ്പിച്ചിട്ടുണ്ട്. കിഫ്ബി അംഗീകാരം നൽകിയ പദ്ധതികളുടെ പുരോഗതിയും അവയുടെ വിശദാംശങ്ങളും അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്.+

(സി) കായിക അടിസ്ഥാനസൗകര്യങ്ങളുടെ നിർമ്മാണത്തിനും പരിപാലനത്തിനും രൂപീകരിച്ചിട്ടുള്ള സ്പോർട്സ് കേരള ഫൗണ്ടേഷന്റെ പ്രവർത്തനം വ്യക്തമാക്കാമോ?

കായിക യുവജനകാര്യാലയത്തിനുകീഴിൽ പ്രവർത്തിച്ചുവരുന്ന കായിക എഞ്ചിനീയറിംഗ് വിഭാഗത്തെ പുനർവിന്യസിച്ചുകൊണ്ട് 'സ്പോർട്സ് കേരള ഫൗണ്ടേഷൻ' എന്ന പൊതുമേഖല കമ്പനി 2021 ഒക്ടോബർ 01-ന് രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്പനിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.

1. സംസ്ഥാനത്തെ കായിക അടിസ്ഥാനസൗകര്യങ്ങളുടെ നിർമ്മാണം, പരിപാലനം, സൗകര്യ പ്രവർത്തനങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള ഒരു

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സംയോജിത മൂലധന നിർമ്മാണ മാനേജ്മെന്റ് കമ്പനിയായി പ്രവർത്തിക്കുക.

2. സർക്കാർ അനുമതി നൽകിയതും കായിക എഞ്ചിനീയറിംഗ് വിംഗ് നടത്തുന്നതുമായ എല്ലാ പ്രവൃത്തികളും ഏറ്റെടുത്ത് നടത്തുന്നതിനുള്ള ചുമതല.

3. കായിക യുവജനകാര്യാലയത്തിനുകീഴിലുള്ള ജിമ്മി ജോർജ്ജ് സ്പോർട്സ് ഹബ്ബ്, തിരുവനന്തപുരം കുമാരപുരം ടെന്നീസ് അക്കാദമി, തിരുവനന്തപുരം വട്ടിയൂർക്കാവ് ഷൂട്ടിംഗ് റേഞ്ച്, തിരുവനന്തപുരം, കായിക യുവജനകാര്യാലയത്തിനുകീഴിലുള്ള വിവിധ സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്ററുകൾ എന്നിവയുടെ പരിപാലനവും നടത്തിപ്പും.

4. കിഫ്ബി ധനസഹായത്തോടെ നിർമ്മിക്കുന്ന ജില്ലാ സ്റ്റേഡിയങ്ങളുടെ അറ്റകുറ്റപ്പണികളുടെ ഉത്തരവാദിത്വം.

5. സംസ്ഥാനത്തെ കായിക മേഖലയുടെ പരിപോഷണത്തിനായി സ്പോർട്സ് ഇൻഫ്രാസ്ട്രക്ചറുകളുടെ രൂപകൽപ്പന, നിർവ്വഹണം, സ്ഥാപനം, സ്റ്റേഡിയങ്ങൾ, വിവിധ പ്ലേ ഏര്യകൾ, ജിംനേഷ്യം/ഫിറ്റ്നസ് സെൻററുകൾ ഇവയുടെ നിർവ്വഹണം.

6. സംസ്ഥാനത്തെ കായികമേഖലയിൽ പ്രവർത്തിക്കുന്ന സ്പോർട്സ് സ്കൂളുകൾ, സ്റ്റേഡിയങ്ങൾ, വിവിധ പ്ലേ ഏര്യകൾ, ജിംനേഷ്യം/ഫിറ്റ്നസ് സെൻററുകൾ എന്നിവയുടെ സ്വയംപര്യാപ്തതയോടെയുള്ള നടത്തിപ്പ്, പരിപാലനം ഒപ്പം കായിക താരങ്ങൾക്കും, പൊതുജനങ്ങൾക്കും ഈ സൗകര്യങ്ങൾ ലഭ്യമാക്കാനുള്ള നടപടികൾ.

7. കായികമേഖലയിൽ ദേശീയ അന്തർദേശീയ നിലവാരത്തിലുള്ള പരിശീലന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുക, എല്ലാ വിഭാഗത്തിലുള്ള കായിക താരങ്ങൾക്കും കായിക ക്ഷമത കൈവരിക്കാനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുക.

8. സംസ്ഥാനത്തിന്റെ താഴെതട്ട് മുതൽ കായികവികസനം ശക്തിപ്പെടുത്തുന്നതിലേയ്ക്കായി സ്കൂൾ, കോളേജ് വിദ്യാർത്ഥികളേയും കായിക തൽപ്പരരായ പൊതുജനങ്ങളേയും കണ്ടെത്തി അവർക്കുവേണ്ട പരിശീലന സൗകര്യങ്ങൾ ഒരുക്കുകയും, പരിശീലന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുകയും ചെയ്യുക.

9. സംസ്ഥാനത്തിന്റെ കായികമേഖലയുടെ വളർച്ചയ്ക്കുവേണ്ടി പഞ്ചായത്ത്, ബ്ലോക്ക്, ജില്ല, സംസ്ഥാന തലങ്ങളിൽ വിവിധ ഇനങ്ങളിലുള്ള കായിക മത്സരങ്ങൾ, പരിശീലന പരിപാടികൾ, എന്നിവ

സംഘടിപ്പിക്കുകയും കായിക താരങ്ങൾക്കും ബന്ധപ്പെട്ട പരിശീലകർക്കും വിദഗ്ധ പരിശീലനവും മെഡിക്കൽ സഹായങ്ങളും, കായിക ഉപകരണങ്ങളും ലഭ്യമാക്കാനുള്ള നടപടികളും സ്വീകരിക്കുക.

സ്പോർട്സ് കേരള ഫൗണ്ടേഷൻ രൂപീകരിച്ചതിനുശേഷം ബഡ്ജറ്റ് വർക്കുകളിൽ 97.21 കോടി രൂപ അടങ്കൽ വരുന്ന 48 പ്രവൃത്തികൾക്കും പ്ലാൻ ഫണ്ടിൽനിന്നും 44.13 കോടി രൂപ അടങ്കൽവരുന്ന 40 പ്രവൃത്തികൾക്കും MLA-ADF സ്പോർട്സ് കൗൺസിൽ, ഇതര വകുപ്പുകൾ എന്നിവയുടെ 6.97 കോടിയോളം രൂപ അടങ്കൽ വരുന്ന 12 പ്രവൃത്തികൾക്കും എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഭരണാനുമതി നൽകുന്നമുറയ്ക്ക് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതാണ്. 102.84 കോടി രൂപ അടങ്കൽ വരുന്ന 77 പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. 76.64 കോടി രൂപ അടങ്കൽ വരുന്ന 77 പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകി ടെണ്ടർ ചെയ്തിട്ടുണ്ട്. 80.18 കോടി രൂപയുടെ 78 പ്രവൃത്തികൾ നിലവിൽ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു. സ്പോർട്സ് കേരള ഫൗണ്ടേഷൻ രൂപീകൃതമായതിനുശേഷം 2021 നവംബറിൽ കോഴിക്കോട് വച്ച് നടന്ന ദേശീയ വനിതാ ഫുട്ബോൾ ചാമ്പ്യൻഷിപ്പിനും, 2022 ഏപ്രിൽ മാസത്തിൽ മലപ്പുറത്ത് വച്ച് നടന്ന സന്തോഷ് ട്രോഫി ഫുട്ബോൾ ടൂർണമെൻറിനും

ആവശ്യമായ പശ്ചാത്തലസൗകര്യങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുകയും ടൂർണമെൻറുകൾ വിജകരമായി സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. 2022-23 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ 48.5 കോടി രൂപ അടങ്കൽ തുകയിൽ കായിക വകുപ്പിന്റെ കീഴിൽ വകയിരുത്തിയിട്ടുള്ള 14 പ്രവൃത്തികൾ പൂർത്തീകരിക്കാനുള്ള ടോട്ടൽ-സ്റ്റേഷൻ സർവ്വേ അടക്കമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നിലവിൽ കിഫ്ബി ഫണ്ടിൽ ചെയ്തുവരുന്ന പ്രവൃത്തികളുടെ പുരോഗതി അവലോകനവും ആയതിന്റെ എസ്റ്റിമേറ്റുകൾ പരിശോധിച്ച് സാങ്കേതികാനുമതികളും സാങ്കേതിക നിർദ്ദേശങ്ങളും നൽകുന്നതിനും ഈ പ്രവൃത്തികൾ സന്ദർശിച്ച് സാങ്കേതികമായ തടസ്സങ്ങളും ന്യൂനതകളും പരിശോധിക്കുന്നതിനും, ന്യൂനതകൾ കൂടാതെ എസ്.പി.വി. ആയ കിറ്റ്കോ മുഖാന്തരം സമയബന്ധിതമായി ടി പ്രവൃത്തികൾ പൂർത്തീകരിച്ച് പൊതുജനങ്ങൾക്ക് കായികസൗകര്യം എത്രയുംവേഗം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ നിലവിൽ പൂർത്തീകരിച്ചിട്ടും പ്രവർത്തരഹിതമായി കിടക്കുന്ന സ്റ്റേഡിയങ്ങൾ ഏറ്റെടുത്ത് മെയിൻറനൻസ് നടത്തി ഏറ്റവും ഉചിതമായ രീതിയിൽ കായിക രംഗത്ത് സൗകര്യങ്ങൾ ഉപയോഗപ്പെടുത്തുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. കിഫ്ബി പദ്ധതികളുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ

(എസ്.പി.വി.) ആയി സ്പോർട്സ് കേരള ഫൗണ്ടേഷനെ നിയമിച്ചിട്ടുണ്ട്. 2016-17 കാലഘട്ടത്തിൽ അനുമതി ലഭ്യമായിട്ടും മുമ്പ് എസ്.പി.വി. ആയിരുന്ന കിറ്റ്കോയ്ക്ക് തുടങ്ങാൻ സാധിക്കാത്ത ഏകദേശം 500 കോടി രൂപ അടങ്കൽ തുക വരുന്ന 25 ഓളം പ്രവൃത്തികൾ കിഫ്ബി സാമ്പത്തിക സഹായത്തോടുകൂടി സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന ഏറ്റെടുത്ത് നടപ്പിലാക്കുന്നതിനും കിഫ്ബി പദ്ധതിയിൽ പൂർത്തീകരിക്കുന്ന വിവിധ സ്റ്റേഡിയങ്ങളുടെ മാനേജ്മെന്റ്/മെയിൻറനൻസും പ്രസ്തുത കമ്പനി മുഖേന നടപ്പിലാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

## സംസ്ഥാനത്തെ റെയിൽവേ വികസനം

16 (*286) ശ്രീ. വി. ജോയി:
ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീമതി കാനത്തിൽ ജമീല:
ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ) സദയം മറുപടി നൽകുമോ:

(എ) കഞ്ചിക്കോട് കോച്ച് ഫാക്ടറി, നേമം കോച്ചിംഗ് ടെർമിനൽ എന്നീ പദ്ധതികളിൽ നിന്നും പിന്മാറുകയും ശബരി റെയിൽ പദ്ധതി ദീർഘകാലമായി അനുമതി നൽകാതെ നീട്ടിക്കൊണ്ട് പോകുന്നതും

ഉൾപ്പെടെയുള്ള വികസന വിരുദ്ധ നടപടികൾ തിരുത്താൻ റെയിൽവേ മന്ത്രാലയത്തോട് ആവശ്യപ്പെടുമോ;

(ബി) അങ്കമാലി-എരുമേലി പാതയുടെ പകുതി ചെലവ് വഹിക്കാമെന്ന വ്യവസ്ഥ സംസ്ഥാനം അംഗീകരിച്ചതിനെത്തുടർന്ന് ഉണ്ടായിട്ടുള്ള പുരോഗതി അറിയിക്കാമോ; പുതുക്കിയ എസ്റ്റിമേറ്റ് റെയിൽവേയുടെ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ടോ; എസ്റ്റിമേറ്റിന്റെ വിശദാംശം അറിയിക്കാമോ?

(എ&ബി) 2008-09-ലെ ബഡ്ജറ്റിൽ പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് ഏകദേശം 1,215 കോടി രൂപ ചെലവിൽ 430.59 ഏക്കർ സ്ഥലത്ത് തുടങ്ങാനുദ്ദേശിച്ചിരുന്നതായിരുന്നു പാലക്കാട് റെയിൽ കോച്ച് ഫാക്ടറിയുടെ പദ്ധതി. പ്രതിവർഷം 400 കോച്ചുകൾ എന്ന ക്രമത്തിൽ പകുതി റെയിൽവേ കോച്ചുകളും പകുതി മെട്രോ കോച്ചുകളും ഉൾപ്പെടെ 4000-ത്തോളം അലുമിനിയം കോച്ചുകൾ നിർമ്മിക്കുവാനുള്ള പദ്ധതിയാണ് വിഭാവന ചെയ്തിരുന്നത്. ഇതിനായി 239 ഏക്കർ ഭൂമി 2012-ൽ ഏറ്റെടുത്തു നൽകുകയുണ്ടായി. പാലക്കാട് കോച്ച് ഫാക്ടറിയോടൊപ്പം പ്രഖ്യാപിച്ച മറ്റ് ഫാക്ടറികൾ പ്രവർത്തിച്ചുതുടങ്ങിയ സാഹചര്യത്തിലും നിർദ്ദിഷ്ട കോച്ച് ഫാക്ടറി മാറ്റാൻ പോകുന്നുവെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്നും

കഞ്ചിക്കോട് റെയിൽവേയ്ക്ക് കൈമാറിയ സ്ഥലത്തെക്കുറിച്ചുള്ള അവ്യക്തതകൾ നീക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് കേരള സർക്കാർ കത്ത് നൽകുകയുണ്ടായി. കൂടാതെ എം.പി.-മാർവഴിയും ഉദ്യോഗസ്ഥതലത്തിലും സമ്മർദ്ദം ചെലുത്തുകയും ചെയ്തിരുന്നു. എന്നാൽ 550 കോടി രൂപ ചെലവിൽ നടപ്പിലാക്കാനുദ്ദേശിച്ചിരുന്ന ഒന്നാംഘട്ട പദ്ധതി നടപ്പിലാക്കുവാൻ നിലവിൽ കേന്ദ്ര സർക്കാർ ഉദ്ദേശിക്കുന്നില്ലെന്ന് കേന്ദ്ര റെയിൽവേ മന്ത്രി പ്രഖ്യാപിക്കുകയുണ്ടായി. ഇതോടൊപ്പം നിലവിലുള്ള റെയിൽവേയുടെ സൗകര്യങ്ങൾ ഭാവിയിൽ ഉണ്ടാകാവുന്ന കോച്ചുകളുടെ ആവശ്യം പരിഹരിക്കാനുതകുന്നതാണെന്നും ആയതിനാൽ പദ്ധതി നടപ്പിലാക്കാൻ നിർവ്വാഹമില്ലെന്നും കേന്ദ്ര റെയിൽവേ മന്ത്രി സംസ്ഥാന സർക്കാരിനെ അറിയിച്ചു. തുടർന്ന് പാലക്കാട് റെയിൽ കോച്ച് ഫാക്ടറി പദ്ധതി പുനരാലോചിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് 28-11-2018-ൽ സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് കത്തു നൽകി. കൂടാതെ 2021-22 ബഡ്ജറ്റിൽ തുക അനുവദിക്കുന്നതിനുവേണ്ടി 17-01-2021-ൽ കേന്ദ്ര മന്ത്രിക്ക് കത്ത് നൽകിയിരുന്നു. കേരളത്തിലെ റെയിൽവേ വികസനത്തിന് ഊർജ്ജം പകരുകയെന്ന ലക്ഷ്യത്തോടെ 2011-12 കേന്ദ്ര റെയിൽ ബഡ്ജറ്റിൽ പ്രഖ്യാപിച്ച നേമം കോച്ചിംഗ് ടെർമിനൽ പദ്ധതിക്ക് 2019 മാർച്ച് 7-ന്

അന്നത്തെ റെയിൽവേ മന്ത്രിയായിരുന്ന ശ്രീ. പിയൂഷ് ഗോയൽ വീഡിയോ കോൺഫറൻസ് മുഖേന തറക്കല്ലിടുകയുണ്ടായി. തിരുവനന്തപുരം സെൻട്രലിലെ തിരക്ക് കുറയ്ക്കുന്നതിനുവേണ്ടി ഒരു സാറ്റലൈറ്റ് ടെർമിനലായാണ് നേമം ടെർമിനൽ വിഭാവനം ചെയ്തിരിക്കുന്നത്. നേമം കോച്ചിംഗ് ടെർമിനലിന്റെ ആദ്യഘട്ട വികസന പ്രവർത്തനങ്ങൾക്കായി ആകെ 2.03 ഹെക്ടർ ഭൂമി ഏറ്റെടുക്കേണ്ടതായുണ്ട്. തിരുവനന്തപുരം ഡിവിഷണൽ റെയിൽവേ മാനേജരിൽനിന്നും ലഭ്യമായ വിവരം അനുസരിച്ച് ആദ്യഘട്ട വികസന പ്രവർത്തനങ്ങളുടെ ഡി.പി.ആർ.-ന് റെയിൽവേ ബോർഡിൽ നിന്നുള്ള അംഗീകാരം ലഭ്യമായശേഷം മാത്രമെ ഭൂമി ഏറ്റെടുക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിക്കുകയുള്ളൂ.

ശ്രീ. ജോൺ ബ്രിട്ടാസ് എം.പി. രാജ്യസഭയിൽ നേമം കോച്ചിംഗ് ടെർമിനൽ സംബന്ധിച്ച് ചോദ്യം ഉന്നയിച്ചപ്പോൾ, ഡി.പി.ആർ. ഇപ്പോഴും പരിശോധിച്ചുവരുന്നുവെന്നും അംബ്രല്ലാ വർക്കിനുകീഴിൽ നേമം തെരഞ്ഞെടുത്തിട്ടുണ്ടെന്ന മറുപടിയാണ് 04-02-2022-ൽ കേന്ദ്ര റെയിൽവേ മന്ത്രി നൽകിയത്. തുടർന്ന് രാജ്യസഭാ അദ്ധ്യക്ഷന് എം.പി. നൽകിയ പരാതിക്ക് മറുപടിയായി 15-05-2022-ലെ ഓഫീസ് മെമ്മോറാണ്ടത്തിലൂടെ തിരുവനന്തപുരം സെൻട്രലിന്റെ ഉപടെർമിനലായി കൊച്ചുവേളിയുള്ള

സ്ഥിതിക്ക് നേമം ടെർമിനൽ പദ്ധതി ഉപേക്ഷിച്ചുവെന്ന വിവരം രാജ്യസഭാ സെക്രട്ടേറിയറ്റ് മുഖേന എം.പി.-യെ അറിയിച്ചിട്ടുണ്ട്. 20-06-2022-ൽ റെയിൽവേ അധികാരികളും മറ്റ് ഉന്നത ഉദ്യോഗസ്ഥരുമായി ചീഫ് സെക്രട്ടറി നടത്തിയ ജോയിന്റ് റിവ്യൂ മീറ്റിംഗിൽ പ്രസ്തുത പദ്ധതി സംബന്ധിച്ച് പരാമർശിക്കവേ മേൽ പദ്ധതി പിൻവലിക്കുന്ന തരത്തിലുള്ള തീരുമാനങ്ങളൊന്നും നിലവിൽ എടുത്തിട്ടില്ലെന്നാണ് റെയിൽവേ അധികൃതർ അറിയിച്ചത്. മാത്രമല്ല, നേമം കോച്ചിംഗ് ടെർമിനൽ പദ്ധതി ഉപേക്ഷിക്കുകയാണെന്ന തരത്തിലുള്ള അറിയിപ്പുകളൊന്നും റെയിൽവേ ബോർഡിൽ നിന്നോ റെയിൽവേ മന്ത്രാലയത്തിൽ നിന്നോ സർക്കാരിൽ ലഭ്യമായിട്ടില്ല. നേമം കോച്ചിംഗ് ടെർമിനൽ പദ്ധതിയുടെ പ്രാധാന്യവും അത് തലസ്ഥാന നഗരിയിലെ സെൻട്രൽ സ്റ്റേഷൻ വികസനത്തിൽ എത്രത്തോളം ഒഴിച്ചുകൂടാനാകാത്ത പദ്ധതിയാണെന്നും വ്യക്തമാക്കിക്കൊണ്ട് നേമം കോച്ചിംഗ് ടെർമിനൽ പദ്ധതി പിൻവലിക്കാനുള്ള നീക്കം ഉപേക്ഷിക്കുവാൻ അഭ്യർത്ഥിച്ചുകൊണ്ട് ബഹുമാനപ്പെട്ട കേന്ദ്ര റെയിൽവേ മന്ത്രിക്ക് സർക്കാർ കത്ത് നൽകിയിട്ടുണ്ട്.

1997-98-ലെ റെയിൽവേ ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതിയാണ് എരുമേലി വഴിയുള്ള ശബരിപാത. ശബരിമല ദർശനത്തിന് രാജ്യത്തിന്റെ

വിവിധ ഭാഗങ്ങളിൽ നിന്നെത്തുന്ന തീർത്ഥാടകരുടെ സൗകര്യവും സംസ്ഥാനത്തിന്റെ തെക്ക്-കിഴക്ക് ഭാഗങ്ങളുടെ വികസനവും മുന്നിൽ കണ്ടാണ് ഈ പദ്ധതി വിഭാവനം ചെയ്തത്. അങ്കമാലി-ശബരി റെയിൽവേ ലൈനിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് പദ്ധതി ചെലവിന്റെ 50 ശതമാനം കേരള സർക്കാർ വഹിക്കുന്നതാണെന്ന് 07-01-2021-ലെ G.O(Ms)No.1/2021/Trans പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത തീരുമാനം റെയിൽവേ ബോർഡിന്റെ അറിവിലേക്കും തുടർ നടപടികൾക്കുമായി അറിയിക്കുകയും ചെയ്തു. തുടർന്ന്, അങ്കമാലി-എരുമേലി പദ്ധതിയുടെ എസ്റ്റിമേറ്റ് പുതുക്കുന്നതിനായി കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷനെ (കെ.ആർ.ഡി.സി.എൽ.) ചുമതലപ്പെടുത്തുകയും വിശദമായ എസ്റ്റിമേറ്റ് 21-03-2022-ൽ കെ.ആർ.ഡി.സി.എൽ. റെയിൽവേയുടെ തുടർപരിശോധനയ്ക്കും അംഗീകാരത്തിനുമായി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത എസ്റ്റിമേറ്റ് പ്രകാരം ഭൂമി ഏറ്റെടുക്കൽ ചെലവ് ഉൾപ്പെടെ പദ്ധതിയുടെ ആകെ തുക 3459.09 കോടി രൂപയാണ്. (എസ്റ്റിമേറ്റിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു).+ താൽക്കാലികമായി മരവിപ്പിച്ച പ്രസ്തുത പദ്ധതി de-freeze ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എത്രയുംപെട്ടെന്ന് സ്വീകരിക്കണമെന്ന് കേന്ദ്ര റെയിൽവേ മന്ത്രാലയത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) ഗുരുവായൂർ-തിരുനാവായ പാത, എറണാകുളം-ഷൊർണ്ണൂർ മൂന്നാം പാത എന്നിവയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

എറണാകുളം-ഷൊർണ്ണൂർ മൂന്നാം പാതയുടെ സർവ്വേ നടപടികൾ അവസാന ഘട്ടത്തിലാണ്. ഗുരുവായൂർ-തിരുനാവായ പാത സംബന്ധിച്ച പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല.

## മീറ്റ് സ്ട്രാറ്റജിക് പ്ലാൻ

17(*287) ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. വി. ആർ. സുനിൽകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇറച്ചി, മുട്ട ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി മീറ്റ് സ്ട്രാറ്റജിക് പ്ലാൻ നടപ്പിൽവരുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

ഇറച്ചിയുടെ ഉല്പാദനം, സംസ്കരണം, വിതരണം എന്നിവയ്ക്ക് ഒരു മീറ്റ് സ്ട്രാറ്റജിക്ക് പ്ലാനുണ്ടാക്കുന്നത് സംബന്ധിച്ച് 30-09-2021-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ഒരു യോഗം ചേരികയുണ്ടായി. പ്രസ്തുത യോഗത്തിൽ കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും സംസ്ഥാനത്ത് സമഗ്രമായ ഒരു മീറ്റ് സ്ട്രാറ്റജിക് പ്ലാൻ രൂപീകരിക്കുന്നതിനുമായി പ്ലാനിംഗ് ബോർഡിന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറും ഈ മേഖലയിലെ വിഷയ വിദഗ്ധരും അടങ്ങിയ ഒരു കമ്മിറ്റി രൂപീകരിക്കുകയുണ്ടായി. പ്രസ്തുത കമ്മിറ്റി സ്ട്രാറ്റജിക് പ്ലാൻ രൂപീകരിക്കുന്നതിനാവശ്യമായ ചർച്ചകൾ നടത്തിവരുന്നു. എം.പി.ഐ.-യുടെ കീഴിൽ കൊല്ലം ജില്ലയിലെ ഏരൂർ എന്ന സ്ഥലത്ത് മൂല്യവർദ്ധിത ഇറച്ചി ഉല്പന്നശാല പൂർത്തിയായി. മാംസ ഉത്പാദനം പ്രോത്സാഹിപ്പിക്കാൻ മൃഗസംരക്ഷണ വകുപ്പ് മുഖാന്തരം പോത്തുകുട്ടി വളർത്തൽ പദ്ധതി നടപ്പിലാക്കി വരുന്നു.

(ബി) പൊതുമേഖല സ്ഥാപനമായ മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യയുടെ ഉല്പന്നങ്ങൾക്ക് ആഭ്യന്തര, അന്തർദേശീയ വിപണി കണ്ടെത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

മീറ്റ് പ്രൊഡക്ട്സ് ഓഫ് ഇൻഡ്യയുടെ ഉല്പന്നങ്ങൾക്ക് അന്തർദേശീയ വിപണി കണ്ടെത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഹൈടെക് സ്ലോട്ടർ ഹൗസിന്റെ ഉൽപാദനശേഷി പരമാവധി ഉപയോഗിക്കാനുള്ള പ്രവർത്തന മൂലധനം ലഭ്യമാക്കി കയറ്റുമതി നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ആഭ്യന്തര വിപണി വിപുലീകരണത്തിന്റെ ഭാഗമായി കേരള സംസ്ഥാന സിവിൽ സപ്ളൈസ് കോർപ്പറേഷന്റെ സൂപ്പർ മാർക്കറ്റ്; ഹൈപ്പർ മാർക്കറ്റ്, പീപ്പിൾസ് ബസാർ എന്നിവിടങ്ങളിൽ എം.പി.ഐ. ഇറച്ചി ഉൽപ്പന്നങ്ങൾ വിപണനം നടത്താനുള്ള സ്റ്റാളുകൾ തുടങ്ങാൻ നടപടികളായിട്ടുണ്ട്. 2022-23 സാമ്പത്തികവർഷം ഇതിനായി 1 കോടി രൂപ സംസ്ഥാന ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുണ്ട്. 5 സ്റ്റാളുകളും, 450-ൽപ്പരം ഡീലർഷോപ്പുകളും എം.പി.ഐ.-യുടെ സ്വന്തമായുള്ള 7 ഔട്ട്ലെറ്റുകളും സംസ്ഥാനത്ത് പ്രവർത്തിക്കുന്നു. മത്സ്യഫെഡുമായി സഹകരിച്ച് രണ്ടു സ്ഥാപനങ്ങളുടെയും ഉൽപ്പന്നങ്ങൾ പരസ്പരം വിപണനം നടത്താനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അന്യസംസ്ഥാനങ്ങളിൽ കൂടി എം.പി.ഐ. ഉൽപന്നങ്ങൾ വിപണനം നടത്താൻ ഡിസ്ട്രിബ്യൂട്ടർമാരെ നിയോഗിക്കുന്നതാണ്.

(സി) അന്തർദേശീയ വിപണികളിൽ ഉല്പന്നങ്ങളുടെ ഗുണനിലവാരവും സുരക്ഷിതത്വവും കൂടുതൽ പരിഗണിക്കപ്പെടുന്നതിനാൽ മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യയുടെ മാംസ ഉല്പന്നങ്ങളുടെ ഗുണനിലവാര പരിശോധന കാര്യക്ഷമമായി നടത്തുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് അറിയിക്കാമോ?

ഉൽപന്നങ്ങളുടെ ഗുണനിലവാരവും സുരക്ഷിതത്വവും ഉറപ്പുവരുത്തുവാൻ എം.പി.ഐ. താഴെപ്പറയുന്ന മാനദണ്ഡങ്ങൾ സ്വീകരിച്ചിട്ടുണ്ട്:

1. FSSAI ലൈസൻസ്.

2. ഭക്ഷ്യ സുരക്ഷാ നിയമപ്രകാരമുള്ള 2013-ലെ രജിസ്ട്രേഷൻ.

3. മൃഗങ്ങളോടുള്ള ക്രൂരതാ നിരോധന നിയമം (1960) പാലിച്ചുള്ള കശാപ്പ് മാർഗ്ഗങ്ങൾ സ്വീകരിക്കുന്നു. വെറ്ററിനറി ഡോക്ടർമാർ നേരിട്ടുതന്നെ കശാപ്പിനുള്ള മൃഗങ്ങളുടെ ആന്റീമോർട്ടം/പോസ്റ്റ്മോർട്ടം എന്നിവ നടത്തിവരുന്നു.

4. അത്യാധുനിക സംവിധാനങ്ങളുള്ള അബറ്റയർ സ്ഥാപിച്ചുകൊണ്ടുള്ള ഉത്പാദന പ്രക്രിയ.

5. കോൾഡ് ചെയിൻ സമ്പ്രദായത്തിലുള്ള ഇറച്ചി ഉൽപന്ന വിതരണ ശൃംഖല.

6. അത്യാധുനിക ക്വാളിറ്റി കൺട്രോൾ ലാബ്.

7. ഫുഡ് ടെക്നോളജിസ്റ്റ്/മൈക്രോ ബയോളജിസ്റ്റ് ഇവരുടെ സേവനം

8. കയറ്റുമതി നടത്തുന്നതിന്റെ ഭാഗമായുള്ള HACCP/ISO സർട്ടിഫിക്കേഷനുകൾ, APEDA രജിസ്ട്രേഷൻ എന്നിവയ്ക്കുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യയുടെ ഉല്പന്നങ്ങൾ ഹോം ഡെലിവറിയായി എത്തിക്കുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യയുടെ ഉൽപന്നങ്ങൾ ഹോം ഡെലിവറിയായി സ്വന്തം ഔട്ട്ലെറ്റുകളിൽനിന്ന് കമ്പനിതന്നെ നേരിട്ടും മറ്റിടങ്ങളിൽ അംഗീകൃത ഏജൻസികൾ വഴിയും പരിമിതമായ രീതിയിൽ നടപ്പിലാക്കിയിട്ടുണ്ട്. ഇത് പൂർണ്ണതോതിൽ സംസ്ഥാനമൊട്ടാകെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

<u>ഉന്നത വിദ്യാഭ്യാസ മേഖലയിൽ ലേണിംഗ് മാനേജ്മെന്റ് സിസ്റ്റം</u>

18 (*288) <u>ഡോ. മാത്യു കുഴൽനാടൻ:</u>
<u>ശ്രീമതി ഉമ തോമസ്:</u>

ശ്രീ. റോജി എം. ജോൺ:
ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു) സദയം മറുപടി നൽകുമോ:

(എ) കോവിഡ് പ്രതിസന്ധിയുടെ കാലഘട്ടത്തിൽ ഓൺലൈൻ വിദ്യാഭ്യാസസൗകര്യങ്ങൾ കുറവായതിനാൽ ഉന്നത വിദ്യാഭ്യാസ മേഖലയിൽ പ്രതിസന്ധി ഉണ്ടായതായി പറയപ്പെടുന്നത് ഗൗരവത്തോടെ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച് എന്തൊക്കെ പരിഹാര നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

പ്രതിസന്ധിയുണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കോവിഡ് പ്രതിസന്ധിയുടെ കാലഘട്ടത്തിൽ ഉന്നതവിദ്യാഭ്യാസ മേഖലയിലെ വിദ്യാർത്ഥികൾക്ക് ഓൺലൈൻ വിദ്യാഭ്യാസ പ്രതിസന്ധി ഉണ്ടാകാതിരിക്കാൻ, വിദ്യാർത്ഥികൾക്ക് ഓൺലൈൻ പഠനത്തിനാവശ്യമായ ഡിജിറ്റൽ ഉപകരണം ലഭ്യമാണോയെന്നത് സംബന്ധിച്ച കണക്കെടുപ്പുകൾ സ്ഥാപനതലത്തിൽ നടത്തിയിരുന്നു. കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിൽ വിദ്യാർത്ഥികൾക്ക് ഡിജിറ്റൽ പഠനോപകരണങ്ങൾ ലഭ്യമാക്കുന്നതിനുള്ള അപേക്ഷകൾ വിദ്യാർത്ഥികളിൽ നിന്നും സ്വീകരിച്ചിരുന്നു. സാങ്കേതിക വിദ്യാഭ്യാസ

വകുപ്പിനുകീഴിലുള്ള കോളേജുകളിൽ വിദ്യാർത്ഥികൾക്ക് ഫലപ്രദമായ രീതിയിൽ ഓൺലൈൻ/ഡിജിറ്റൽ പഠനം നടത്തുന്നതിനായി പി.ടി.എ., പൂർവ്വവിദ്യാർത്ഥി കൂട്ടായ്മകൾ, സന്നദ്ധസംഘടനകൾ എന്നിവയിലൂടെ പഠനോപകരണങ്ങൾ സമാഹരിക്കുന്ന നടപടി സ്വീകരിച്ചു. SC/ST വിദ്യാർത്ഥികൾക്ക് കോഴ്സുകളുടെ ആരംഭഘട്ടത്തിൽത്തന്നെ ലാപ്ടോപ് SC/ST ഡിപ്പാർട്ട്മെൻറ് നൽകിവരുന്നു. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന സമർത്ഥരായ വിദ്യാർത്ഥികളെ KTU തന്നെ കണ്ടെത്തി ഏകദേശം ആയിരം വിദ്യാർത്ഥികൾക്ക് ലാപ്ടോപ് ലഭ്യമാക്കുകയുണ്ടായി. കൂടാതെ, കോവിഡ് പ്രതിസന്ധിയുടെ കാലഘട്ടത്തിൽ പഠനപ്രക്രിയ ഓൺലൈനായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഡിജിറ്റൽ ലേണിംഗ് റിസോഴ്സസ്, യൂട്യൂബ് ലിങ്കുകൾ, പാഠ്യഭാഗങ്ങളുടെ സോഫ്റ്റ് കോപ്പി, എന്നിവ വിദ്യാർഥികൾക്ക് ലഭ്യമാക്കിയിട്ടുണ്ട്.

സർക്കാർ/എയ്ഡഡ് കോളേജുകളിലും, പോളിടെക്നിക് കോളേജുകളിലും ഓപ്പൺ റിസോഴ്സ് ലേണിംഗ് മാനേജ്മെന്റ് സിസ്റ്റം "MOODLE" നടപ്പിലാക്കി വരുന്നു. ഇതുമായി ബന്ധപ്പെട്ട് അദ്ധ്യാപകർക്ക് പരിശീലന പരിപാടികളും നൽകുന്നുണ്ട്. ഡിജിറ്റൽ ലൈബ്രറികൾ, ഇ-ബുക്ക്, ഇ-ജേർണൽ എന്നീ സൗകര്യങ്ങളും വകുപ്പിനുകീഴിലെ

ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ലഭ്യമാക്കിവരുന്നു. ഇതുമായി ബന്ധപ്പെട്ടുള്ള സെർവർ/ ക്ലൗഡ് സ്പേസ് അതത് സ്ഥാപനങ്ങൾ തന്നെയാണ് സജ്ജീകരിക്കുന്നത്.

എല്ലാ സർക്കാർ/സർക്കാർ എയ്ഡഡ് പോളിടെക്നിക് കോളേജുകളിലും നിലവിലുള്ള സ്മാർട്ട് ക്ലാസ് മുറികൾ ഫലപ്രദമായ ഓൺലൈൻ/മിശ്രിത അദ്ധ്യാപന-പഠന പ്രക്രിയയ്ക്കായി ഏറ്റവും പുതിയ ഉപകരണങ്ങൾ ഉപയോഗിച്ച് ആധുനികവൽക്കരിച്ചുകൊണ്ടിരിക്കുന്നു. കൂടാതെ, ഈ കോളേജുകളിലെ ഡിജിറ്റൽ സ്റ്റുഡിയോ റൂമുകൾ പഠനോപകരണങ്ങൾ തയ്യാറാക്കുന്നതിനും ഓൺലൈൻ/മിശ്രിത അദ്ധ്യാപന-പഠന പ്രക്രിയ നടത്തുന്നതിനും സജ്ജമാക്കി വരുന്നു. സർക്കാർ/സർക്കാർ എയ്ഡഡ് പോളിടെക്നിക് കോളേജുകളിൽ ക്ലാസ്സുകൾ, ക്ലാസ്സ് ടെസ്റ്റുകൾ, അസൈൻമെന്റുകൾ, എന്നിവ ' MOODLE' LMS വഴി നടത്തുന്നു. പുതുതായി ജോലിയിൽ പ്രവേശിക്കുന്ന അദ്ധ്യാപകർക്കുള്ള " Induction Training Program" -ഉം ഉൾപ്പെടുത്തിയിട്ടുണ്ട്. എൽ.ബി.എസ്.-ന്റെ കീഴിൽ വരുന്ന 2 എഞ്ചിനീയറിംഗ് കോളേജുകളിലും ഒരു ഡിഗ്രി കോളേജിലും ഏകദേശം 95 ശതമാനം വിദ്യാർത്ഥികൾക്കും ഡിജിറ്റൽ പഠനോപകരണം ലഭ്യമായിട്ടുണ്ട്. മറ്റ് വിദ്യാർത്ഥികൾക്ക് സന്നദ്ധ

സംഘടനകളും കോളേജ് alumni association-നുമായി ബന്ധപ്പെട്ട് ഡിജിറ്റൽ പഠനോപകരണം ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ കോളേജിലെ കമ്പ്യൂട്ടറുകൾ താൽക്കാലികമായി വീട്ടിൽ കൊണ്ടുപോയി ഉപയോഗിക്കാനുള്ള അനുമതിയും നൽകിയിരുന്നു. കേരളത്തിലെ എല്ലാ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഡിജിറ്റൽ വിദ്യാഭ്യാസത്തിന് സൗകര്യം ഒരുക്കാൻ ഉദ്ദേശിച്ചുകൊണ്ട് ഉന്നതവിദ്യാഭ്യാസ കൗൺസിലും ഡിജിറ്റൽ സർവ്വകലാശാലയും സംയുക്തമായി ആവിഷ്കരിച്ച പദ്ധതിയാണ് 'ലെറ്റ്സ് ഗോ ഡിജിറ്റൽ' പദ്ധതി (ഡിജിറ്റൽ എനേബിൾമെൻറ് ഓഫ് ഹയർ എഡ്യൂക്കേഷൻ ഇൻസ്റ്റിറ്റ്യൂഷൻസ് ഇൻ കേരള). ഈ പദ്ധതി, മിഷൻ രീതിയിൽ നടപ്പാക്കുന്നതിനും സംസ്ഥാനതല ഏകോപനം നടത്തുന്നതിനും 30-07-2021-ലെ സ.ഉ.(സാധാ)നം.983/2021/ഉ.വി.വ. പ്രകാരം ഉന്നതവിദ്യാഭ്യാസ വകുപ്പുമന്ത്രി ചെയർമാനായ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. കേരളത്തിലെ മുഴുവൻ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും അദ്ധ്യയനം (Teaching), പഠനം (Learning), വിലയിരുത്തൽ (Assessment), പരീക്ഷ (Examination) ഇവയെല്ലാം പൊതുവായ Moodle ലേണിംഗ് മാനേജ്മെന്റ് സിസ്റ്റത്തിൽ

കൊണ്ടുവരികയാണ് ഡിജിറ്റൽ എനേബിൾമെന്റ് ഓഫ് ഹയർ എഡ്യൂക്കേഷൻ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്.

(ബി) ഉന്നതവിദ്യാഭ്യാസ മേഖലയിലെ അദ്ധ്യാപന, പഠന പ്രക്രിയ ഡിജിറ്റൈസ് ചെയ്യുന്ന പ്രവൃത്തി കാര്യമായ പുരോഗതി കൈവരിച്ചിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിലിത് വേഗത്തിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഉന്നതവിദ്യാഭ്യാസമേഖലയിൽ ഡിജിറ്റൽ വിദ്യാഭ്യാസത്തിന് ഊന്നൽ നൽകിക്കൊണ്ടുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. ഉന്നതവിദ്യാഭ്യാസ കൗൺസിലിനുകീഴിൽ പ്രവർത്തിക്കുന്ന ഫാക്കൽറ്റി ഡെവലപ്മെന്റ് സെന്റർ, 'ലെറ്റ്സ് ഗോ ഡിജിറ്റൽ' പദ്ധതിയുടെ കീഴിൽ 2267 അദ്ധ്യാപകർക്ക് ഓൺലൈൻ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട പരിശീലനം നൽകിയിട്ടുണ്ട്. പരിശീലന പരിപാടി സംസ്ഥാനം-ക്ലസ്റ്റർ-സ്ഥാപനം എന്നീ മൂന്നുതലങ്ങളിലാണ് സംഘടിപ്പിച്ചുവരുന്നത്. 22 കോളേജുകളുടെ ലേണിംഗ് മാനേജ്മെന്റ് സിസ്റ്റത്തിന് (MOODLE LMS) ആവശ്യമായ സൗജന്യ സെർവർ സൗകര്യം നൽകിക്കഴിഞ്ഞു. 31-ഓളം കോളേജുകൾക്ക്കൂടി ഈ സൗകര്യം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) സർവ്വകലാശാലകളും കോളേജുകളും ഉൾപ്പെടെയുള്ള എല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ലേണിംഗ് മാനേജ്മെന്റ് സിസ്റ്റം സ്ഥാപിക്കുവാൻ സാധിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെ സഹകരണത്തോടെ കേരള സ്റ്റേറ്റ് ഹയർ എഡ്യൂക്കേഷൻ കൗൺസിൽ സംസ്ഥാനത്തെ കോളേജുകളിൽ ലേണിംഗ് മാനേജ്മെന്റ് സിസ്റ്റം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും തെരഞ്ഞെടുക്കപ്പെട്ട കോളേജുകളിൽ ആദ്യഘട്ടമായി ടി പദ്ധതി നടപ്പിലാക്കുകയും ചെയ്തു. അതോടൊപ്പം കോളേജ് വിദ്യാഭ്യാസ വകുപ്പിലെ എല്ലാ സർക്കാർ കോളേജുകളിലും കേന്ദ്രീകൃത ലേണിംഗ് മാനേജ്മെന്റ് സിസ്റ്റം നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. സർവ്വകലാശാലകളും കോളേജുകളും ഉൾപ്പെടെയുള്ള എല്ലാ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലും ലേണിംഗ് മാനേജ്മെന്റ് സിസ്റ്റം (LMS) നടപ്പിലാക്കുന്നതിന്റെ ഭാഗമായി, സംസ്ഥാനതലത്തിലും ഓരോ വിദ്യാഭ്യാസ സ്ഥാപനതലത്തിലും ആവശ്യമായ ഓൺലൈൻ പഠനസംവിധാനമാണ് ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്. സംസ്ഥാനത്തെ വിവിധ സർവ്വകലാശാലകൾ, ഐ.എച്ച്.ആർ.ഡി., എൽ.ബി.എസ്, കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റ്, സാങ്കേതിക

വിദ്യാഭ്യാസ ഡയറക്ടറേറ്റ്, എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാല എന്നീ സ്ഥാപനങ്ങളും ഇതിന്റെ ഭാഗമാകുന്നതാണ്. ചെലവുകുറഞ്ഞതും എന്നാൽ അതിവേഗം തന്നെ പ്രാവർത്തികമാക്കാൻ കഴിയുന്നതുമായ ഒരു കേന്ദ്രീകൃത മാതൃകയാണ് നടപ്പിലാക്കാനുദ്ദേശിക്കുന്നത്. Virtual Machine Docker Containers System (VMDCS) എന്ന ടെക്നോളജി അടിസ്ഥാനപ്പെടുത്തിയാണ് ഇത് നടപ്പിലാക്കുന്നത്. സർവ്വകലാശാലകളിലെയും കോളേജുകളിലെയും എല്ലാ വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും Moodle പോർട്ടൽ ലഭ്യത ഇത് ഉറപ്പാക്കുന്നു. ഇതുപയോഗിച്ച് ഓരോ കോളേജിനും യൂണിവേഴ്സിറ്റിക്കും അവരുടേതായ അക്കാദമിക് പ്രവർത്തനങ്ങൾ നടത്തുന്നതിനാവശ്യമായ സംവിധാനം ഒരുക്കാവുന്നതാണ്. സംസ്ഥാനത്തെ 22 കോളേജുകളിൽ ഓൺലൈൻ ക്ലാസുകൾക്കായുള്ള ഏകീകൃത പ്ലാറ്റ്ഫോം (MOODLE LMS) Digital University Server സംവിധാനത്തിൽ സ്ഥാപിച്ചു കഴിഞ്ഞു. 31 കോളേജുകളുടെ പരിശീലന പരിപാടികൾ പൂർത്തീകരിച്ചിട്ടുണ്ട്. മറ്റു സ്ഥാപനങ്ങളിലും ഓൺലൈൻ സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

## ഉന്നത വിദ്യാഭ്യാസ മേഖലയിലെ എൻറോൾമെന്റ് റേഷ്യോ വർദ്ധന

19 (*289) ശ്രീ. എച്ച്. സലാം:
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. വി. ജോയി:
ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉന്നതവിദ്യാഭ്യാസ മേഖലയിലെ എൻറോൾമെന്റ് റേഷ്യോ എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; ഇത് അഖിലേന്ത്യ ശരാശരിയിലും കൂടുതലാണോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

2019-2020-ലെ അഖിലേന്ത്യ ഉന്നത വിദ്യാഭ്യാസ സർവ്വേ (AISHE) പ്രകാരം സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസ മേഖലയിലെ ഗ്രോസ് എൻറോൾമെന്റ് റേഷ്യോ (GER) 38.8 ശതമാനമാണ്. ഇത് ദേശീയ ശരാശരിയേക്കാൾ (27.1 ശതമാനം) കൂടുതലാണ്.

(ബി) സംസ്ഥാനത്ത് എൻറോൾമെന്റ് റേഷ്യോ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി സർവകലാശാലകളിൽ ബിരുദ, ബിരുദാനന്തര ബിരുദ സീറ്റുകളും

ഗവേഷണ ഗൈഡുകളുടെ എണ്ണവും ഗവേഷണ സീറ്റുകളും വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

സംസ്ഥാനത്തെ സർവ്വകലാശാലകളിലും കോളേജുകളിലും ബിരുദ-ബിരുദാനന്തര ബിരുദ കോഴ്സുകൾക്ക് 2020-ൽ ഇരുപതിനായിരത്തോളം സീറ്റുകൾ വർദ്ധിപ്പിക്കുകയുണ്ടായി. കൂടാതെ സർവ്വകലാശാലകളിലും കോളേജുകളിലും പുത്തൻ തലമുറ (New Generation Inter Disciplinary) സ്വഭാവമുള്ള 170-ഓളം കോഴ്സുകൾ ആരംഭിക്കുകയുണ്ടായി. സർവ്വകലാശാലകളിൽ പ്രോജക്ട് മോഡ് പ്രോഗ്രാമുകൾ ആരംഭിക്കാനുള്ള നിർദ്ദേശം 2022-23 ബഡ്ജറ്റിൽ സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. പിഎച്ച്.ഡി. ഗവേഷണം നിയന്ത്രിക്കുന്നത് കാലാകാലങ്ങളിൽ യു.ജി.സി. ഇത് സംബന്ധിച്ച് പുറപ്പെടുവിക്കുന്ന റഗുലേഷനുകളാണ്. യു.ജി.സി. റഗുലേഷനുകൾക്കനുസൃതമായി മാത്രമെ പിഎച്ച്.ഡി. സീറ്റുകൾ നിർണ്ണയിക്കാൻ കഴിയൂ. സർവ്വകലാശാലകളിലെയും അംഗീകൃത ഗവേഷണ കേന്ദ്രങ്ങളിലേയും അദ്ധ്യാപകരുടെ എണ്ണം വർദ്ധിക്കുന്നതോടെ പിഎച്ച്.ഡി. ഗവേഷണ അവസരങ്ങളും സ്വാഭാവികമായി വർദ്ധിക്കുന്നതാണ്.

(സി) സർവ്വകലാശാലകൾക്കുള്ളിൽ ഇന്റർ യൂണിവേഴ്സിറ്റി സെന്ററുകളും സ്കൂളുകളും സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ എന്തൊക്കെ കാര്യങ്ങളാണ് ഇതുവഴി ലക്ഷ്യമിടുന്നത്; വിശദമാക്കാമോ?

സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നിലവാരം ഉയർത്തുന്നതിന്റെ ഭാഗമായി മികവിന്റെ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. സർവ്വകലാശാലകൾക്കുള്ളിൽ സെന്റർ ഓഫ് എക്സലൻസ് സ്ഥാപിക്കുന്നതിനായി താഴെപ്പറയുന്ന ശിപാർശകൾ സംസ്ഥാന ഉന്നതവിദ്യാഭ്യാസ കൗൺസിൽ സർക്കാർ മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്.

1. കണ്ണൂർ ഇരിട്ടിയിലെ സെന്റർ ഓഫ് എക്സലൻസ് ഇൻ ആയുർവ്വേദിക് റിസർച്ച്, മാനുസ്ക്രിപ്റ്റ് മ്യൂസിയം, മെഡിസിനൽ പ്ലാന്റ്സ് ഗാർഡൻ.
2. സെന്റർ ഓഫ് എക്സലൻസ് ആയി സ്കൂൾ ഓഫ് മാത്തമറ്റിക്സ്, കോഴിക്കോട്.
3. കേരള സർവ്വകലാശാല ക്യാമ്പസിൽ താണു പത്മനാഭൻ സെന്റർ ഓഫ് എക്സലൻസ് ഇൻ അസ്ട്രോണമി ആൻഡ് ആസ്ട്രോഫിസിക്സ്.
4. കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിൽ സെന്റർ ഓഫ് എക്സലൻസ് ഇൻ ന്യൂറോഡീജനറേഷൻ ആൻഡ് ബ്രെയിൻ ഹെൽത്ത്.

5. വയനാട് കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസ് സർവ്വകലാശാലയിൽ സെന്റർ ഓഫ് എക്സലൻസ് ഇൻ വൺ ഹെൽത്ത്, വെസ്റ്റേൺ ഗാട്ട്സ് ബയോഡൈവേഴ്സിറ്റി, ഹ്യൂമൺ-വൈൽഡ് ലൈഫ് ഇൻറർഫെയ്സ് ആൻഡ് സൂവോനോട്ടിക് ഡിസീസസ്.

6. മഹാത്മാഗാന്ധി സർവ്വകലാശാലയിൽ സെന്റർ ഓഫ് എക്സലൻസ് ഇൻ നാനോ സയൻസ് ആൻഡ് നാനോ ടെക്നോളജി.

ഗവേഷണ രംഗത്ത് കൂടുതൽ അവസരങ്ങൾ സൃഷ്ടിക്കുകയും ഗവേഷണ ഫലങ്ങൾ സാധാരണ ജനങ്ങളിലേയ്ക്ക് എത്തിക്കുകയുമാണ് ഇതുകൊണ്ട് ലക്ഷ്യമിടുന്നത്.

<u>കാർഷിക മേഖലയിൽ നിന്നുള്ള മൊത്ത മൂല്യവർദ്ധന</u>

20(*290) <u>ശ്രീ. മോൻസ് ജോസഫ്</u>:
<u>ശ്രീ. അനൂപ് ജേക്കബ്</u>:
<u>ശ്രീ. മാണി സി. കാപ്പൻ</u>:
<u>ശ്രീ. പി. ജെ. ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി (<u>ശ്രീ. പി. പ്രസാദ്</u>) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാർഷിക മേഖലയിൽ നിന്നുള്ള മൊത്ത മൂല്യവർദ്ധന കുറഞ്ഞുവരുന്നത് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

സാമ്പത്തിക സ്ഥിതിവിവര കണക്കുകളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് കാർഷികമേഖലയിൽ നിന്നുള്ള മൊത്ത മൂല്യവർദ്ധനവിനെ സംബന്ധിക്കുന്ന വസ്തുതകൾ പരിശോധിച്ചിട്ടുണ്ട്. 2020-21 സാമ്പത്തികവർഷത്തെ Quick revised estimate പ്രകാരവും 2021-22-ലെ projected estimate പ്രകാരം constant price-ലും Current price-ലും വർദ്ധനവാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ 2011-12 സാമ്പത്തിക വർഷത്തെ കണക്കുകളെ അപേക്ഷിച്ച് constant price എസ്റ്റിമേഷനിൽ 2012-13 മുതൽ 2019-20 വരെ നേരിയ കുറവ് രേഖപ്പെടുത്തിയിട്ടുണ്ട്. 2020-21 മുതൽ വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ട്. Current price എസ്റ്റിമേഷനിലും 2015-16 വരെ ഏറ്റക്കുറച്ചിലുകൾ രേഖപ്പെടുത്തിയെങ്കിലും 2016-17 മുതൽ വർദ്ധനവാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

(ബി) വനമേഖലയുമായി ചേർന്ന് കിടക്കുന്ന കൃഷിഭൂമിയുള്ള കർഷകർക്ക് വന്യജീവി ആക്രമണത്തിൽനിന്നും വിളസംരക്ഷണം ലഭിക്കാത്തത് ഇതിന് കാരണമായി കരുതുന്നുണ്ടോ; വിശദമാക്കാമോ?

വിളനാശം സംഭവിക്കുന്നത് ഉല്പാദന വർദ്ധനവ് കുറയുന്നതിനൊരു കാരണമായി കണ്ടെത്തിയിട്ടുണ്ട്. എന്നാൽ വന്യമൃഗ ശല്യംമൂലം കൃഷി

നശിക്കുന്നതുകൊണ്ട് എത്രമാത്രം ഉല്പാദനവർദ്ധനവ് സാദ്ധ്യമാകാതിരിക്കുന്നുവെന്നതിന്റെ പ്രത്യേക കണക്ക് ലഭ്യമല്ല.

(സി) 2013-14 കാലയളവിൽ 12.37 ശതമാനമായിരുന്ന കാർഷിക മേഖലയിലെ മൂല്യവർദ്ധന 2021-ൽ 8.03 ശതമാനമായി കുറഞ്ഞതിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

2013-14 കാലയളവിൽ constant price-ൽ മൊത്തം മൂല്യവർദ്ധനവായിരുന്ന 25,99,876 ലക്ഷം രൂപ 2020-21-ൽ 22,37,330 ലക്ഷം രൂപയായി കുറഞ്ഞിട്ടുണ്ട്. എന്നാൽ current price-ൽ 2013-14-ൽ 28,37,347 ലക്ഷം രൂപ എന്നത് 2020-21-ൽ 33,05,097 ലക്ഷം രൂപയായി വർദ്ധിച്ചിട്ടുണ്ടെന്നാണ് സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് പ്രസിദ്ധീകരിച്ചിട്ടുള്ള റിപ്പോർട്ടിൽ പറയുന്നത്.

2013-14-ലെ സംസ്ഥാനത്തിലെ മൊത്തം മൂല്യവർദ്ധനവിൽ (GSVA-Gross State Value Added) കൃഷി അനുബന്ധ മേഖലയുടെ constant price-ലെ വിഹിതമാണ് 12.37 ശതമാനം. അതിൽ കൃഷിക്കുമാത്രമുള്ള വിഹിതം 7 ശതമാനമാണ്. 2020-21-ൽ അത് യഥാക്രമം 9.44 ശതമാനവും 4.96 ശതമാനവുമാണ്. ആയത് മുൻവർഷത്തേക്കാൾ (2019-20) വർദ്ധിച്ചിട്ടുണ്ട്. Current Price അടിസ്ഥാനത്തിൽ 2020-21 വർഷത്തെ കൃഷി അനുബന്ധ

മേഖലകളിൽ GSVA വിഹിതം 11.86 ശതമാനമാണ്. അതിൽ കൃഷിക്ക് മാത്രമുള്ള വിഹിതം 4.63 ശതമാനമാണ്. ആയത് മുൻ വർഷത്തെക്കാൾ (2019-20) വർദ്ധനവുണ്ടായിട്ടുള്ളതാണ്.

(ഡി) എങ്കിൽ കാർഷിക മേഖലയെ പുനരുജ്ജീവിപ്പിക്കാൻ എന്തെല്ലാം സമഗ്ര പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

സംസ്ഥാനത്തെ കാർഷിക സ്വയംപര്യാപ്തമാക്കാനുദ്ദേശിച്ച് കൃഷി വകുപ്പ് ദീർഘകാലാടിസ്ഥാനത്തിലും പുതിയതുമായ പല പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. കാർഷിക ഉല്പാദനം വർദ്ധിപ്പിക്കാനും സുസ്ഥിരവികസന ലക്ഷ്യങ്ങൾ നേടുന്നതിനുവേണ്ടിയും ഉല്പാദനം, ഉല്പാദനക്ഷമത എന്നീ മേഖലകളിൽ കൂടുതൽ ശ്രദ്ധകേന്ദ്രീകരിച്ചിട്ടുണ്ട്. ഭക്ഷ്യവിളയായ നെല്ല്, പച്ചക്കറി, സുഗന്ധവിളകൾ, പഴവർഗ്ഗങ്ങൾ മുതലായവയുടെ കൃഷി നിലനിർത്തുന്നതോടൊപ്പം കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് കൃഷി വ്യാപിപ്പിക്കുന്നതിനും ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു. തെങ്ങിൻ തോട്ടങ്ങളിൽ മെച്ചപ്പെട്ട കാർഷിക പരിപാലനം, ഇടവിള കൃഷി, സമ്മിശ്രകൃഷി എന്നിവ നടത്തി യൂണിറ്റ് വിസ്തീർണ്ണത്തിൽ പരമാവധി

ആദായം വർദ്ധിപ്പിക്കുന്നതിന് സമഗ്രവികസന പദ്ധതിയായ കേരഗ്രാമം, കാമ്പയിൻ അടിസ്ഥാനത്തിൽ തെങ്ങിൻ തോട്ടങ്ങളിൽ പയർവർഗ്ഗം, പച്ചിലവളം, പച്ചില ഇലവിള പ്രയോഗം, തെങ്ങിൻ തടം തുറക്കൽ, വളപ്രയോഗം, മറ്റു കൃഷിപ്പണികൾ, കീടരോഗ നിയന്ത്രണ പദ്ധതി (കേര രക്ഷാ വാരം) എന്നിവ ഈ വർഷം നടപ്പിലാക്കാനുദ്ദേശിക്കുന്നു. കർഷകരുടെ വരുമാനം, സുസ്ഥിരത, ഭക്ഷ്യസുരക്ഷ, പാരിസ്ഥിതിക സ്ഥിരത എന്നിവ മെച്ചപ്പെടുത്തുന്നതിന് ഇപ്പോൾ പിന്തുടരുന്ന വിള-കേന്ദ്രീകൃത സമീപനത്തിന്റെ അപര്യാപ്തത കണക്കിലെടുത്ത് ലഭ്യമായ വിഭവങ്ങൾ സുസ്ഥിരമായ രീതിയിൽ കാര്യക്ഷമമായും വിവേചനാപരവുമായി ഉപയോഗിക്കുന്നതിനും ഉറപ്പായ വരുമാനം കർഷകർക്ക് ലഭിക്കുന്നതിനുമായി വിള അടിസ്ഥാനമാക്കിയുള്ള വികസനത്തിൽ നിന്നും കൃഷിയിടാധിഷ്ഠിത വികസന സമീപനത്തിന് ഈ വർഷം തുടക്കമിടുന്നു.

കാർഷിക സ്വയംപര്യാപ്തത കൈവരിക്കുന്നതിനുവേണ്ടി ഈ സാമ്പത്തികവർഷം നടപ്പിലാക്കുവാനുദ്ദേശിക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

(1) <u>കൃഷിയിടാസൂത്രണാധിഷ്ഠിത വികസന സമീപനം</u>

വിളയധിഷ്ഠിത സമീപനത്തിൽനിന്നുംമാറി സംയോജിത-ബഹുവിള കൃഷിസമ്പ്രദായത്തിലേയ്ക്കുള്ള മാറ്റത്തിലൂടെ നിലവിലുള്ള കൈവശഭൂമിയിൽനിന്നും പരമാവധി വരുമാനം ഉറപ്പുവരുത്തുകയെന്നതാണ് ഈ സമീപനത്തിന്റെ പ്രധാന ലക്ഷ്യം.

(2) വിള വിസ്തൃതി വർദ്ധനവും വികസന സമീപനവും

വിവിധ വിളകളുടെ വിസ്തൃതി വർദ്ധിപ്പിക്കുന്നതിനും കാർഷിക ആവാസ വ്യവസ്ഥാ യൂണിറ്റുകളുടെ അടിസ്ഥാനത്തിൽ കൃഷി സമ്പ്രദായത്തിൽ മാറ്റങ്ങൾ കൊണ്ടുവരുന്നതിനുമാണ് ഈ സമീപനം ലക്ഷ്യമിടുന്നത്. ഈ സമീപനത്തിൽ ഉൾപ്പെടുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

(a) നെൽകൃഷി വികസന പദ്ധതി

(b) പച്ചക്കറി വികസനം

(c) നാളികേര വികസനം

(d) സംയോജിത കൃഷിസമ്പ്രദായ സമീപനത്തിലൂടെ വിളകളുടെ വികസനം

(e) ജൈവ കൃഷിയും ഉത്തമ കൃഷി രീതികളും

(f) കുട്ടനാട് മേഖലയിലെ കാർഷിക വികസനത്തിനുള്ള പദ്ധതി

(3) കാർഷിക വിപണനവും വിളവെടുപ്പിനുശേഷമുള്ള പരിപാലനവും

കർഷകർക്ക് ഉയർന്ന വരുമാനം ഉറപ്പാക്കുന്നതിനുവേണ്ടി കാർഷികോൽപ്പന്നങ്ങൾക്കായി മികച്ച രീതിയിൽ രൂപകൽപ്പന ചെയ്തതും കാര്യക്ഷമവുമായ വിപണന സംവിധാന വികസനം, വിളവെടുപ്പിനുശേഷമുള്ള നഷ്ടം തടയുക, ഉയർന്ന വില ഉറപ്പുവരുത്തുന്നതിനായി മൂല്യവർദ്ധനവിന്റെ പ്രോത്സാഹനം തുടങ്ങിയവയ്ക്ക് ഊന്നൽ നൽകി ഈ സാമ്പത്തികവർഷത്തിൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുവാനുദ്ദേശിക്കുന്നു. വിപണി വികസനത്തിനുള്ള പദ്ധതികൾ, വില സ്ഥിരതയ്ക്കുള്ള വിപണി ഇടപെടൽ സഹായം, കേരള ഫാം ഫ്രഷ് പഴം പച്ചക്കറി- ബേസ് പ്രൈസ് പദ്ധതി, വിളവെടുപ്പിന് ശേഷമുള്ള പരിപാലനവും മൂല്യവർദ്ധനവും എന്ന പദ്ധതി എന്നിവയാണ് ഇതിൽ ഉൾപ്പെടുന്നത്.

(4) <u>വരുമാനം ഉറപ്പാക്കലും നഷ്ട സാദ്ധ്യതാ ലഘൂകരണവും</u>

നഷ്ടസാധ്യത ലഘൂകരിക്കുവാനുള്ള നടപടികൾ സ്വീകരിച്ചും കർഷകർക്ക് തങ്ങളുടെ വിളയിൽ നിന്നും പ്രതീക്ഷിക്കുന്ന വരുമാനം ഉറപ്പുവരുത്തുന്നതിനും പ്രകൃതിക്ഷോഭംമൂലം വിളനാശം ഉണ്ടായാൽ നഷ്ടപരിഹാരം നൽകുന്നതിനും ഈ പദ്ധതി സഹായകരമാകുന്നു. സംസ്ഥാന വിള ഇൻഷ്വറൻസ്, പ്രകൃതിക്ഷോഭങ്ങൾ നേരിടുന്നതിനും

കീടരോഗനിയന്ത്രണത്തിനുമുള്ള അടിയന്തര നടപടി എന്നീ പദ്ധതികൾ ഇതിൽ ഉൾപ്പെടുന്നു.

(5) മറ്റ് പദ്ധതികൾ

(a) ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ഉല്പാദനവും വിതരണവും
(b) മണ്ണിന്റെ ആരോഗ്യപരിപാലനവും ഉല്പാദനക്ഷമത ഉയർത്തലും
(c) വിള ആരോഗ്യപരിപാലനം
(d) ലബോറട്ടറികളുടെ ആധുനികീകരണം
(e) ഫാം യന്ത്രവൽക്കരണത്തിനുള്ള സഹായം.

(6) കേന്ദ്രാവിഷ്കൃത പദ്ധതികൾ

(a) ഹോർട്ടികൾച്ചർ വികസനത്തിനായുള്ള മിഷൻ
(b) രാഷ്ട്രീയ കൃഷി വികാസ് യോജന (ആർ.കെ.വി.വൈ.)
(c) സബ് മിഷൻ ഓൺ അഗ്രിക്കൾച്ചർ മെക്കനൈസേഷൻ
(d) ദേശീയ ഭക്ഷ്യസുരക്ഷാ മിഷൻ (എൻ.എഫ്.എസ്.എം.)
(e) ആത്മ
(f) നാളികേര വികസന ബോർഡ് പദ്ധതികൾ
(g) പ്രധാൻ മന്ത്രി കൃഷി സിഞ്ചായ് യോജന (പി.എം.കെ.എസ്.വൈ.)
(h) റെയിൻ ഫെഡ് ഏരിയ ഡെവലപ്മെന്റ് പദ്ധതി
(i) സോയിൽ ഹെൽത്ത് കാർഡ്
(j) നാഷണൽ മിഷൻ ഓൺ എഡിബിൾ ഓയിൽ സീഡ്സ് പദ്ധതി.

## പൊതു ഗതാഗതം ശക്തിപ്പെടുത്താൻ നടപടി

21 (*291) ശ്രീ. കെ. പി.മോഹനൻ:

ശ്രീ. തോമസ് കെ. തോമസ്:

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുഗതാഗതം ശക്തിപ്പെടുത്താൻ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്തെ റോഡുകളിലെ വാഹനത്തിരക്ക് ഒഴിവാക്കേണ്ടത് വളരെ അത്യാവശ്യമായ ഒരു സമയമാണിത്. സംസ്ഥാനത്ത് പൊതുഗതാഗതം ശക്തിപ്പെടുത്താൻ വിവിധ പദ്ധതികൾ കെ.എസ്.ആർ.ടി.സി. ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. തിരുവനന്തപുരം നഗരത്തിലെ സമഗ്രമായ നഗര ഗതാഗതത്തിന് നഗരപരിധിയിൽ വിവിധ പ്രദേശങ്ങളെയും സ്ഥാപനങ്ങളേയും ബന്ധിപ്പിച്ച് നഗരത്തിലേയ്ക്ക് വിവിധ ആവശ്യങ്ങൾക്കായി എത്തിച്ചേരുന്ന പൊതുജനങ്ങൾക്കും നഗരത്തിലെ വിവിധ ഭാഗങ്ങളിൽ സഞ്ചരിക്കേണ്ട യാത്രക്കാർക്കും പ്രയോജനകരമായ രീതിയിൽ സിറ്റി സർക്കുലർ (ഹോപ് ഓൺ ഹോപ് ഓഫ്) ആരംഭിച്ചു. ഈ സർവ്വീസിനെ പ്രതിദിനം 29000 യാത്രക്കാർ ആശ്രയിക്കുന്നതായി കണക്കാക്കുന്നു. ഇതുമൂലം തിരുവനന്തപുരം നഗരത്തിലേയ്ക്കുള്ള സ്വകാര്യവാഹനങ്ങളുടെ തിരക്കും പാർക്കിംഗും അന്തരീക്ഷ മലിനീകരണവും കുറയ്ക്കുവാൻ കഴിഞ്ഞിട്ടുണ്ട്. തിരുവനന്തപുരം

നഗരത്തിലെ പൊതുഗതാഗത സംവിധാനം പരിഷ്കരിക്കുന്നതിന്റെ ഭാഗമായി സിറ്റി സർക്കുലർ സർവ്വീസിന് അനുബന്ധമായി ആരംഭിച്ച നൂതന ബസ് സർവ്വീസ് ആണ് " സിറ്റി ഷട്ടിൽ" . തിരുവനന്തപുരം ജില്ല കേന്ദ്രീകരിച്ച് നടത്തിയ ശാസ്ത്രീയപഠനത്തിന്റെ വെളിച്ചത്തിൽ തിരുവനന്തപുരം നഗരവുമായി ബന്ധപ്പെട്ട് വിവിധ തൊഴിലുകളിൽ ഏർപ്പെടുന്നതിനും വിവിധ ആവശ്യങ്ങൾക്കായി അവരെ ലക്ഷ്യസ്ഥാനത്ത് നേരിട്ട് എത്തിക്കുകയും ചെയ്യുകയെന്ന ലക്ഷ്യത്തോടെ ആരംഭിച്ച സർവ്വീസ്, വർദ്ധിച്ച ജനസമ്മതിയും ഉയർന്ന വരുമാനവും ലഭ്യമായി വരുന്നത് യാത്രക്കാരുടെ എണ്ണത്തിലുണ്ടായ വർദ്ധനവ് സൂചിപ്പിക്കുന്നു. ഇത് കൂടാതെ ആരംഭിച്ച " സിറ്റി റേഡിയൽ" സർവ്വീസ് യാത്രക്കാർക്ക് നേരിട്ട് നഗരത്തിന് വെളിയിലെ രണ്ട് കേന്ദ്രങ്ങളിലേയ്ക്ക് ഇറങ്ങി കയറാതെ യാത്ര ചെയ്യുന്നതിന് ലക്ഷ്യമായിട്ടുള്ളതാണ്. ഈ സർവ്വീസിനും വൻജനസമ്മതിയോടെ വർദ്ധിച്ച യാത്രക്കാർ ലഭ്യമായിട്ടുണ്ട്. നഗരങ്ങളിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കി യാത്രക്കാരെ നിശ്ചിത സ്ഥലത്ത് കുറഞ്ഞ സമയത്തിൽ എത്തിക്കുന്നതിനായി തിരുവനന്തപുരത്തിനും കോഴിക്കോടിനും ഇടയിൽ കെ.എസ്.ആർ.ടി.സി. " ബൈപ്പാസ് റൈഡർ" എന്ന പേരിൽ സർവ്വീസുകൾ ആരംഭിച്ചുവരുന്നു. ഗതാഗതക്കുരുക്ക് ഒഴിവാക്കി ചെലവ്

കുറയ്ക്കുന്നതിനും കാലതാമസം ഒഴിവാക്കുന്നതും ലക്ഷ്യമിട്ട് ആരംഭിച്ച് വരുന്ന ഈ സർവ്വീസുകൾ പ്രധാനമായും നാഷണൽ ഹൈവേയിലേയും, എം.സി. റോഡിലേയും സമാന്തര ബൈപ്പാസ് റോഡുകളിലൂടെയാണ് സർവ്വീസ് നടത്തുന്നത്. ബൈപ്പാസുകളിലെ നിർദ്ദിഷ്ട സ്ഥലങ്ങളിൽ യാത്രക്കാർക്ക് സൗകര്യപ്രദമായി വിശ്രമിക്കുന്നതിനും ബസ് കാത്തിരിക്കുന്നതിനും " ഫീഡർ സ്റ്റേഷനുകൾ" പഴയ ലോഫ്ളോർ ബസ്സുകളിൽ ക്രമീകരിച്ചിട്ടുണ്ട്. ഇത്തരം ഫീഡർ സ്റ്റേഷനുകളിലേയ്ക്ക് ബന്ധപ്പെട്ട യൂണിറ്റുകളിൽനിന്നും പ്രത്യേക നിറത്തിലുള്ള " ഫീഡർ സർവ്വീസുകൾ" യാത്രക്കാർക്കായി നടത്തുന്നുമുണ്ട്. ബൈപ്പാസ് റൈഡർ സർവ്വീസുകളിൽ റിസർവ് ചെയ്ത യാത്രക്കാർക്ക് ഫീഡർ ബസ്സുകളിൽ ഫീഡർ സ്റ്റേഷനിലേയ്ക്ക് സൗജന്യമായി യാത്ര ചെയ്യാം. ദീർഘദൂര യാത്രകൾക്കായി ബൈപ്പാസ് റൈഡറുകൾ ഉപയോഗപ്പെടുത്തുന്ന യാത്രക്കാർക്ക് സാധാരണ മറ്റ് റോഡുകളിലൂടെയുള്ള യാത്രാസമയത്തേക്കാൾ സമയം ലാഭിക്കാമെന്നുള്ളത് ഈ സർവ്വീസിന്റെ പ്രത്യേകതയാണ്. കുറഞ്ഞത് ഓരോ മണിക്കൂർ ഇടവേളകളിൽ ടി സർവ്വീസിന്റെ സേവനം നാഷണൽ ഹൈവേ വഴിയും എം.സി. റോഡ് വഴിയും പൂർണ്ണമാക്കുന്നതിനുള്ള പദ്ധതികൾ അന്തിമഘട്ടത്തിലാണ്. നിലവിൽ ആരംഭിച്ച കെ-സ്വിഫ്റ്റ് സൂപ്പർ ക്ലാസ്

ബസ്സുകൾ ഇത്തരത്തിൽ ഓപ്പറേറ്റ് ചെയ്യുകയും വരുമാന വർദ്ധനവും സ്വീകാര്യതയും വർദ്ധിച്ചിട്ടുമുണ്ട്. സാധാരണക്കാരായ മത്സ്യ തൊഴിലാളികൾക്കായി ആരംഭിച്ച മൂന്ന് സമുദ്ര സർവ്വീസുകൾ സർക്കാർ സഹായത്തോടുകൂടി സൗജന്യമായി നടത്തിവരുന്നു. ഇതിന് വൻജനപ്രീതിയാണുള്ളത്. ഇതിൽ മത്സ്യതൊഴിലാളി സ്ത്രീകൾ മത്സ്യ വിപണനത്തിനായി ഏതാണ്ട് ഇരുപതിനായിരത്തിലധികം യാത്രകൾ ചെയ്തിട്ടുള്ളതായി കാണുന്നുണ്ട്. മറ്റ് യാത്രാസൗകര്യം ഇല്ലാതെ പാർശ്വവൽക്കരിക്കപ്പെട്ട വലിയ ഒരു വിഭാഗം ഗ്രാമങ്ങളിൽ താമസിക്കുന്നുണ്ട്. ഇവർക്കായി ഉൾനാടൻ ഗ്രാമപ്രദേശങ്ങളിലേയ്ക്ക് സർവ്വീസ് നടത്തുന്നതിന് കെ.എസ്.ആർ.ടി.സി.-യും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചെലവ് പങ്കുവച്ച് സഹകരിച്ച് നൂതന സംരംഭമായ 'ഗ്രാമവണ്ടി പദ്ധതി' ഉടൻ ആരംഭിക്കും. ഇത് ഗ്രാമീണ മേഖലയിലെ യാത്രാക്ലേശം പൂർണ്ണമായും പരിഹരിക്കും.

<u>കമ്പ്യൂട്ടറൈസ്ഡ് വെഹിക്കിൾ ട്രാക്കിംഗ് ആൻഡ് മോണിറ്ററിംഗ് സിസ്റ്റം</u>

പൊതുജനങ്ങൾക്കും യാത്രക്കാർക്കും ഉപയോഗപ്രദമാകുന്ന രീതിയിൽ വിവരസാങ്കേതികവിദ്യ ഉപയോഗിച്ച് ഷെഡ്യൂളുകളുടേയും സർവ്വീസുകളുടേയും യഥാർത്ഥ സമയക്രമം നൽകുന്നതിനായി പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം

(PIS), വെഹിക്കിൾ ട്രാക്കിംഗ് സിസ്റ്റം (VLTS) എന്നിവ നടപ്പിലാക്കുന്നതിനായി ഒരു പദ്ധതി DIMTS (Delhi Integrated Multi-model Transit System)-നെ ഏൽപ്പിച്ച് നടപടികൾ പുരോഗമിച്ചുവരുന്നു. ടി പദ്ധതിയിൽ വരുന്ന പ്രധാന ഘടകങ്ങൾ പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം (PIS), വെഹിക്കിൾ ലൊക്കേഷൻ ട്രാക്കിംഗ് സിസ്റ്റം (VLTS), Decision Support System, Control room monitoring system എന്നിവയാണ്. ടി പദ്ധതി പൂർണ്ണമായി നടപ്പിലാക്കി കഴിയുന്നതിലൂടെ താഴെപ്പറയുന്ന പ്രയോജനങ്ങൾ ലഭ്യമാകുന്നതാണ്.

- പൊതുജനങ്ങൾക്കും യാത്രക്കാർക്കും മൊബൈൽ ആപ്ലിക്കേഷൻ ഉപയോഗിച്ച് ഷെഡ്യൂളുകളുടേയും സർവ്വീസുകളുടേയും യഥാർത്ഥ സമയക്രമം ഓൺലൈനായി ലഭ്യമാകും.
- വെഹിക്കിൾ ട്രാക്കിംഗ് സിസ്റ്റത്തിലൂടെ യാത്രക്കാർക്ക് ബസുകളുടെ ലൊക്കേഷൻ ലൈവ് ആയിത്തന്നെ ലഭ്യമാകും.
- Bus Utilization, Mileage, Service സംബന്ധിച്ച വിവരങ്ങൾ വിശകലനം ചെയ്യുവാൻ സാധിക്കും. ഇതിന്റെ ഭാഗമായി വെഹിക്കിൾ ലൊക്കേഷൻ ട്രാക്കിംഗ് ഡിവൈസുകൾ വാങ്ങുവാനുള്ള പർച്ചേസ് ഓർഡർ നൽകുകയും അതിൻപ്രകാരം ബസുകളിൽ ടി ഡിവൈസുകൾ ഘടിപ്പിക്കുന്ന നടപടികൾ പുരോഗമിച്ചു വരികയുമാണ്.

ക്രൂ റോസ്റ്ററിങ് ആൻഡ് ബസ് ഷെഡ്യൂളിംഗ് സോഫ്റ്റ്‌വെയർ

ശാസ്ത്രീയമായ രീതിയിൽ ഷെഡ്യൂളുകൾ ക്രമീകരിക്കാനും, ക്രൂവിന്റെ ഡ്യൂട്ടി അനുസരിച്ച് ശാസ്ത്രീയമായി ഡ്യൂട്ടി പോസ്റ്റ് ചെയ്യുവാനും പുതുതായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ക്രൂ റോസ്റ്ററിംഗ് ആൻഡ് ബസ് ഷെഡ്യൂളിംഗ് സോഫ്റ്റ്‌വെയർ വഴി സാധിക്കും

ജലഗതാഗത വകുപ്പ്

1) ആലപ്പുഴ, കൊല്ലം, കോട്ടയം, എറണാകുളം, കണ്ണൂർ, കാസർഗോഡ് എന്നീ ആറ് ജില്ലകളിൽ സംസ്ഥാന ജലഗതാഗത വകുപ്പ് സർവ്വീസുകൾ നടത്തിവരുന്നു. പൊതുഗതാഗതം ശക്തിപ്പെടുത്തുന്നതിനും കൂടുതൽ സുരക്ഷിതമാക്കുന്നതിനും വേണ്ടി തടി, സ്റ്റീൽ ബോട്ടുകൾക്ക് പുറമെ കറ്റാമറൈൻ ഫൈബർ ബോട്ടുകളും സർവ്വീസ് നടത്തിപ്പിനായി ഉപയോഗിച്ചുവരുന്നു. ടി ബോട്ടുകളുപയോഗിച്ച് വകുപ്പ് പാസഞ്ചർ, പാസഞ്ചർ-കം-ടൂറിസ്റ്റ് സർവ്വീസ്, ആംബുലൻസ് സർവ്വീസ്, വാട്ടർ ടാക്സി സർവീസ് എന്നിവ നടത്തുന്നു.

2) കാലപ്പഴക്കം ചെന്ന ബോട്ടുകൾ പിൻവലിച്ച് ആധുനിക സുരക്ഷാ സംവിധാനങ്ങളോടുകൂടിയ ബോട്ടുകൾ സർവ്വീസിൽ ഉൾപ്പെടുത്തുന്നതിന്റെ

ഭാഗമായി 100 പാസഞ്ചർ കപ്പാസിറ്റിയുള്ള 9 ബോട്ടുകളുടെ നിർമ്മാണം ആരംഭിക്കുകയും, ഇവയിൽ 4 ബോട്ടുകൾ നിർമ്മാണം പൂർത്തീകരിച്ച് സർവ്വീസിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

3) പരിസ്ഥിതി മലിനീകരണം നിയന്ത്രിക്കുക, പ്രവർത്തനച്ചെലവ് കുറയ്ക്കുക എന്നീ ലക്ഷ്യത്തോടുകൂടി ആരംഭിച്ച ഇന്ത്യയിലെ പ്രഥമ സംരഭമായ സോളാർ ബോട്ടിന്റെ പ്രവർത്തനം വൻവിജയമായതിനെ തുടർന്ന് 5 വർഷം കൊണ്ട് 50 ശതമാനം ബോട്ടുകൾ സോളാറിലേയ്ക്ക് മാറ്റുന്നതിന് നടപടി സ്വീകരിക്കുന്നുണ്ട്. നിലവിൽ 9 ബോട്ടുകൾ നിർമ്മാണത്തിലാണ്.

4) പരിസ്ഥിതി സൗഹൃദവും, മലിനീകരണ വിമുക്തവുമായ, ഒരേ സമയം 100 യാത്രക്കാരെ വഹിക്കാൻ കഴിയുന്നതുമായ ഇന്ത്യയിലെ ആദ്യ സൗരോർജ്ജ/വൈദ്യുത ബോട്ടിന്റെയും, വെള്ളപ്പൊക്ക സമയത്തും മറ്റും മറ്റ് ബോട്ടുകൾക്ക് എത്തിപ്പെടാൻ കഴിയാത്ത സ്ഥലങ്ങളിൽ എത്തി രക്ഷാപ്രവർത്തനം നടത്തുന്നതിനായി രൂപകല്പന ചെയ്ത ഡിങ്കി ബോട്ടുകളുടെയും നിർമ്മാണം അന്തിമഘട്ടത്തിലാണ്.

5) ഇന്ത്യയിലെ തന്നെ ആദ്യ സോളാർ ഇലക്ട്രിക് റോ-റോ നാലുചക്രങ്ങൾ (കണ്ടെയ്നറുകൾ ഉൾപ്പെടെ) കയറ്റാവുന്ന രീതിയിലാണ് രൂപകല്പന ചെയ്തിട്ടുള്ളത്. അന്തരീക്ഷ മലിനീകരണം കുറച്ച്, പ്രകൃതിയോട്

ഇണങ്ങി സർവ്വീസ് നടത്താൻ സാധിക്കുന്ന സോളാർ ഇലക്ട്രിക് റോ-റോ അടുത്ത മാർച്ച് മാസത്തോടെ നിർമ്മാണം പൂർത്തീകരിച്ച് സർവ്വീസിനായി ലഭിക്കുന്നതാണ്.

6) ആലപ്പുഴ ജില്ലയിലെ കനാലുകളുടെ സൗന്ദര്യം ആസ്വദിച്ചുകൊണ്ട് പാതിരാമണൽ ദ്വീപ്, കുമരകം എന്നീ ടൂറിസ്റ്റ് കേന്ദ്രങ്ങൾ സന്ദർശിക്കുന്നതിനും കുറഞ്ഞ ചെലവിൽ സുരക്ഷിത യാത്ര ഒരുക്കുകയെന്ന ഉദ്ദേശ്യത്തോടെയും ആലപ്പുഴ-കുമരകം-കോട്ടയം റൂട്ടിൽ ഒരു 120 പാസഞ്ചർ കപ്പാസിറ്റിയുള്ള ഒരു കാറ്റമറൈൻ (വേഗ-2) പാസഞ്ചർ-കം-ടൂറിസ്റ്റ് സർവ്വീസ് ബോട്ടിന്റെയും വാട്ടർ ടാക്സിയുടെയും നിർമ്മാണം പൂർത്തിയാക്കി വിജയകരമായി സർവീസ് നടത്തിവരുന്നു. വാട്ടർ ടാക്സികൾ ഉപയോഗിച്ച് ആലപ്പുഴ ജില്ലയിലെ മുഹമ്മയിലും, കണ്ണൂർ ജില്ലയിലെ പറശ്ശിനിക്കടവിലും സർവ്വീസ് നടത്തിവരുന്നു. മണിക്കൂറിൽ 30 കിലോമീറ്റർ വേഗത കൈവരിക്കാവുന്ന ഡീസൽ ഔട്ട്ബോർഡ് എൻജിൻ, വാട്ടർ ടാക്സിയിൽ സ്ഥാപിച്ചിട്ടുള്ളതിനാൽ പൊതുജനങ്ങൾക്ക് റോഡ് മാർഗ്ഗം എന്ന പോലെ തന്നെ ജലത്തിലൂടെയും വളരെ പെട്ടെന്ന് ഒരു സ്ഥലത്ത്നിന്ന് മറ്റൊരു സ്ഥലത്തേയ്ക്ക് എത്തിച്ചേരുവാൻ സാധിക്കുന്നതാണ്.

7) കൊല്ലം ജില്ലയിലെ അഷ്ടമുടിക്കായലിന്റെ സൗന്ദര്യം ആസ്വദിക്കുന്നതിനായി സാധാരണ യാത്രക്കാർക്കും, ടൂറിസ്റ്റുകൾക്കും ഒരുപോലെ ഉപയോഗപ്പെടുത്താവുന്ന രീതിയിൽ നിർമ്മിച്ചുകൊണ്ടിരിക്കുന്ന 2 ഡെക്കുകളുള്ള പാസഞ്ചർ-കം-ടൂറിസ്റ്റ് ബോട്ടുകളുടെ നിർമ്മാണം പുരോഗമിക്കുന്നു.

8) എല്ലാ ബോട്ടുകളിലും ആവശ്യമായ ലൈഫ് ജാക്കറ്റുകൾ, അഗ്നിശമന ഉപകരണങ്ങൾ എന്നിവ സജ്ജമാക്കിയും, യാത്രക്കാർക്കും, ജീവനക്കാർക്കും ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയും സുരക്ഷിതത്വം ഉറപ്പുവരുത്തിയിട്ടുണ്ട്.

9) എല്ലാ ബോട്ടുകളിലും പ്രധാനപ്പെട്ട സ്റ്റേഷനോഫീസുകളിലും സ്ഥാപിച്ചിട്ടുള്ള എൽ.ഇ.ഡി. ടി.വി.-കളിലൂടെ സുരക്ഷാ ഉപകരണങ്ങൾ ഉപയോഗിക്കേണ്ടതിന്റെ ആവശ്യകത, രീതി, എന്നിവ മനസ്സിലാക്കുന്നതിനും, കായൽ മലിനീകരണം ഒഴിവാക്കുന്നതിനുമുള്ള സന്ദേശങ്ങളും നല്കിവരുന്നു.

10) വേഗതയേറിയതും സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതുമായ ബോട്ടുകൾ സർവ്വീസിൽ ഉൾപ്പെടുത്തുന്നതിന്റെയും, ഉൾനാടൻ ജലഗതാഗതം പ്രോത്സാഹിപ്പിക്കുന്നതിന്റെയും ഭാഗമായി 30 പാസഞ്ചർ കപ്പാസിറ്റിയുള്ള 4

സോളാർ ബോട്ടുകൾ, 120 പാസഞ്ചർ കപ്പാസിറ്റിയുള്ള ഒരു പാസഞ്ചർ-കം-ടൂറിസ്റ്റ് ബോട്ട്, 75 പാസഞ്ചർ കപ്പാസിറ്റിയുള്ള 2 സോളാർ ബോട്ടുകൾ, 5 ഡിങ്കി ബോട്ടുകൾ എന്നിവ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

11) നിലവിലുള്ള ഡീസൽ ബോട്ടുകളിൽ നിശ്ചിത എണ്ണം CNG-യിലേയ്ക്ക് മാറ്റുന്നതിനും വകുപ്പ് ലക്ഷ്യമിടുന്നു.

12) ബോട്ടുകളുടെ അറ്റകുറ്റപ്പണികൾക്കാവശ്യമായ പശ്ചാത്തല സൗകര്യങ്ങൾ ശാക്തീകരിക്കുന്നതിന്റെ ഭാഗമായി ആലപ്പുഴ, പയ്യന്നൂർ, തേവര എന്നീ മേഖലയിലെ സ്ലിപ് വേ, ഡ്രൈഡോക്ക് എന്നിവയുടെ നവീകരണവും ആധുനികവത്ക്കരണവും വകുപ്പ് ലക്ഷ്യമിടുന്നു.

പൊതുഗതാഗത സൗകര്യം ഉറപ്പുവരുത്തുന്നതിനായി, ഇന്റലിജന്റ് പബ്ലിക് ട്രാൻസ്പോർട്ട് സിസ്റ്റം (ഐ.ടി.എസ്.) നടപ്പിലാക്കാൻ മോട്ടോർ വാഹന വകുപ്പിന് പദ്ധതിയുണ്ട്. ഇതിൽ ഒരു ട്രാവൽ ഡിമാന്റ് മാനേജ്മെന്റ് സിസ്റ്റവും വാഹനങ്ങളുടെ വരവ്/പുറപ്പെടൽ സമയം, വാഹനങ്ങളുടെ റൂട്ട് മാപ്പ് സീറ്റ് ലഭ്യത, റിസർവേഷൻ എന്നിവ ഉൾപ്പെടുന്ന സമഗ്രമായ ഓൺലൈൻ ആപ്ലിക്കേഷനും ഉൾപ്പെടുന്നു. വിവിധ ഗതാഗത മാർഗ്ഗങ്ങളെ ബന്ധിപ്പിക്കുന്നതിനുള്ള ഒരു സംയോജിത സംവിധാനമാണിത്.

പൊതുഗതാഗത സംവിധാനത്തിന് ഏറ്റവും ഫലപ്രദമായും ഉപയോക്തൃ സൗഹൃദപരമായും അനുബന്ധമായ ബസ് ബേകളുടെയും മറ്റ് സൗകര്യങ്ങളുടെയും നവീകരണവും ഇതിൽ ഉൾപ്പെടുന്നു. പൊതുഗതാഗത സംവിധാനത്തിൽ വെഹിക്കിൾ ലൊക്കേഷൻ ആൻഡ് ട്രാക്കിംഗ് സിസ്റ്റത്തിന്റെ (വി.എൽ.ടി.എസ്.) ലഭ്യത ഉറപ്പാക്കുന്നതിലൂടെ, കാര്യക്ഷമതയും സുരക്ഷയും ഒരു പരിധി വരെ ഉറപ്പാക്കാൻ കഴിയും. തുടർന്ന് യാത്രക്കാർക്ക് ട്രാക്കിംഗ് സോഫ്റ്റ്‌വെയറിൽ പ്രവേശനം നൽകുന്നത് അവരുടെ യാത്ര കണ്ടെത്താനും ആസൂത്രണം ചെയ്യാനും സഹായിക്കും. ഈ ITS ഓൺലൈൻ പ്ലാറ്റ്ഫോമിൽ " വെഹിക്കിൾ പാർക്കിംഗ് മാനേജ്മെന്റിന് മാത്രമുള്ള ഒരു ഓൺലൈൻ സംവിധാനം ഒരൊറ്റ മോഡ്യൂളായി ഉൾപ്പെടുത്താവുന്നതാണ്. നിലവിലുള്ള എല്ലാ പാർക്കിംഗ് സ്ഥലങ്ങളും അറിയിക്കുകയും ITS ആപ്ലിക്കേഷനിൽ ഉൾപ്പെടുത്തുകയും വേണം. പാർക്കിംഗ് സ്ലോട്ട് ലഭ്യതയുടെ നില നിരീക്ഷിക്കുവാനും മുൻകൂട്ടി ബുക്കിംഗിനുള്ള സൗകര്യങ്ങളും ഉൾപ്പെടുത്താനും ഇതിലൂടെ കഴിയും. ബസുകളുടെ സ്പോട്ട് ലൊക്കേഷനും ടൈമിംഗും അറിയുവാനുള്ള എൽ.ഇ.ഡി. ഡിജിറ്റൽ ഡിസ്‌പ്ലേ ബോർഡുകൾ ബസ് സ്റ്റേഷനുകളിൽ സ്ഥാപിക്കുവാൻ വകുപ്പിന് പദ്ധതിയുണ്ട്.

(ബി) ലാഭത്തിൽ ഓടിയിരുന്നതും ജനങ്ങൾക്ക് വളരെ ഉപകാരപ്രദവുമായിരുന്ന നിർത്തലാക്കിയ കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ പുനരാരംഭിക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

2019 ഡിസംബർ മാസം വരെ ഓപ്പറേറ്റ് ചെയ്തിരുന്ന പ്രവർത്തന ചെലവ് ലഭ്യമായിരുന്ന പ്രധാന സർവ്വീസുകൾ, ജനകീയ പ്രതിബദ്ധതയിൽ നടത്തിവന്നിരുന്ന സർവ്വീസുകൾ എന്നിവ പുനരാരംഭിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. ഒരേ റൂട്ടിൽ കാര്യക്ഷമമല്ലാതെ ഓപ്പറേറ്റ് ചെയ്തിരുന്ന സർവ്വീസുകൾ കാര്യക്ഷമമായി ഒരുമിച്ച് ചേർത്ത് ഗുണകരമാക്കി ആരംഭിക്കുകയും, നഷ്ടത്തിലുള്ളതും പ്രയോജനരഹിതവുമായ ട്രിപ്പുകളും സർവ്വീസുകളും ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്. കടുത്ത നഷ്ടത്തിൽ ഓപ്പറേറ്റ് ചെയ്തിരുന്നതും സമാനമായ സ്റ്റേജ് ക്യാരേജ് സർവ്വീസുകൾ നടത്തുന്നതുമായ റൂട്ടുകളിൽ അനാവശ്യ മത്സരം ഒഴിവാക്കി കാര്യക്ഷമമായും ജനോപകാരപ്രദമായും ഓപ്പറേറ്റ് ചെയ്തിരുന്ന സർവ്വീസുകൾക്ക് മുൻഗണന നല്കി പുനരാരംഭിച്ചിട്ടുണ്ട്. എന്നാൽ പ്രവർത്തന ചെലവുപോലും ലഭിക്കാത്ത സർവ്വീസുകൾ പുനരാരംഭിക്കുന്നതിന് നിലവിലെ സാമ്പത്തിക സ്ഥിതിയിൽ കഴിയാത്തതിനാൽ അത്തരം സർവ്വീസുകൾ തദ്ദേശസ്വയംഭരണ

സ്ഥാപനങ്ങളുമായി ചേർന്ന് ഗ്രാമവണ്ടി പദ്ധതിയിലുൾപ്പെടുത്തി ഓപ്പറേറ്റ് ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. ഇത് ജനപ്രതിനിധികളുടെ സഹകരണത്തോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഡീസൽ തുക മാത്രം ലഭ്യമാക്കിയാൽ എത്രയുംവേഗം ആരംഭിക്കുവാൻ കഴിയും സ്പോൺസർഷിപ്പിലൂടെയും പ്രസ്തുത തുക തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് സ്വരൂപിക്കുവാൻ കഴിയുമെന്നത് പദ്ധതി ആരംഭിക്കുവാൻ സഹായകരമാകും.

കെ-സ്വിഫ്റ്റ് ബസ് സർവ്വീസ്

22 (*292) ശ്രീ. കെ. വി.സുമേഷ്:
ശ്രീ. എം. എം. മണി:
ശ്രീ. പി. മമ്മിക്കുട്ടി:
ശ്രീ. എം. നൗഷാദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു) സദയം മറുപടി നൽകുമോ:

(എ) അന്തർ സംസ്ഥാന സർവ്വീസുകൾക്കും സംസ്ഥാനത്തിനുള്ളിലെ ദീർഘദൂര യാത്രകൾക്കും സ്വകാര്യ കോൺട്രാക്ട് വാഹനങ്ങൾ അമിത ചാർജ് ഈടാക്കുകയും യാത്രക്കാർക്കുവേണ്ട സൗകര്യങ്ങൾ ഏർപ്പെടുത്താതിരിക്കുകയും യാത്രക്കാരോട് അപമര്യാദയായി പെരുമാറുകയും ചെയ്യുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം സർവ്വീസുകൾ പ്രധാനമായും രാത്രികാലങ്ങളിലാണ് നടത്തപ്പെടുന്നത്. ഉത്സവകാലങ്ങളിലുംമറ്റും ഇത്തരത്തിലുള്ള ട്രാവൽ ഏജൻസികൾ അമിതമായി യാത്രാക്കൂലി ഈടാക്കുന്നതായുള്ള ചില പരാതികൾ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ, ഇക്കാര്യം അന്വേഷിച്ച് നടപടി സ്വീകരിക്കുവാൻ ബന്ധപ്പെട്ട എൻഫോഴ്സ്മെന്റ് ആർ.ടി.ഒ.-മാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. സംസ്ഥാനത്തുനിന്നും അയൽ സംസ്ഥാനങ്ങളിലേയ്ക്ക് കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റ് ബസുകൾ മിതമായ നിരക്കിൽ സർവ്വീസ് നടത്തുന്നതിനാലും കോവിഡിനുശേഷം ട്രെയിൻ ഗതാഗതം നിലവിൽവന്നതിനാലും ട്രാവൽ ഏജൻസികളുടെ അമിത ചൂഷണം സംബന്ധിച്ച് വലിയ തോതിലുള്ള പരാതികൾ ഇപ്പോൾ ലഭിക്കുന്നില്ല.

(ബി) ദീർഘദൂര, അന്തർ സംസ്ഥാന യാത്രക്കായി കിടക്കയാത്രയുൾപ്പടെയുള്ള മികച്ച യാത്രാസൗകര്യങ്ങളോടെ കെ-സ്വിഫ്റ്റ് സർവ്വീസ് ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ നിലവിൽ എത്ര ബസ്സുകളാണ് പ്രസ്തുത സർവ്വീസ് നടത്തുന്നതെന്ന് അറിയിക്കാമോ?

ദീർഘദൂര അന്തർ സംസ്ഥാന യാത്രകൾക്കായി, കിടന്നുയാത്രചെയ്യാനുള്ള സൗകര്യമുൾപ്പെടെ, മികച്ച

യാത്രാസംവിധാനങ്ങളോടെ KSRTC-SWIFT സർവ്വീസുകൾ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത സർവ്വീസുകൾ 11-4-2022-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി flag off ചെയ്യുകയുണ്ടായി. പ്രസ്തുത ബസ്സുകളെ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു;

AC multi-axle Volvo sleeper- 8

AC seater premium Ashok Leyland- 20

Non-AC Ashok Leyland Deluxe- 88

ആകെ - 116

(സി) അയൽ സംസ്ഥാന നഗരങ്ങൾ ഉൾപ്പെടെ പ്രധാന നഗരങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് കൂടുതൽ ബസ് സർവ്വീസ് ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നുണ്ടോയെന്ന് വെളിപ്പെടുത്താമോ?

അയൽ സംസ്ഥാനങ്ങളായ തമിഴ്നാട്, കർണ്ണാടക എന്നിവയുമായി ഏർപ്പെട്ടിട്ടുള്ള അന്തർ സംസ്ഥാന കരാർ വ്യവസ്ഥകൾ പ്രകാരമാണ് കെ.എസ്.ആർ.ടി.സി. അന്തർ സംസ്ഥാന സർവ്വീസുകൾ നടത്തിവരുന്നത്. കർണ്ണാടകയിലെ ബാംഗ്ലൂർ, മൈസൂർ, മൂകാംബിക, മംഗലാപുരം, സുള്ള്യ, വിരാജ്പേട്ട്, ഗുണ്ടൽപേട്ട്, മെർക്കാറ എന്നീ പ്രധാന സ്ഥലങ്ങളിലേയ്ക്കും തമിഴ്നാട്ടിലെ ചെന്നൈ, മധുര, നാഗർകോവിൽ, തെങ്കാശി, കോയമ്പത്തൂർ,

സേലം, ഈറോഡ്, പഴനി, തൃച്ചി, തിരുനെൽവേലി, ആറ്റിൻകരപള്ളി എന്നീ സ്ഥലങ്ങളിലേയ്ക്കും പ്രതിദിന സർവ്വീസുകൾ നടത്തിവരുന്നു. കൂടാതെ, യാത്രാത്തിരക്ക് പരിഗണിച്ച് വാരാന്ത്യ ദിവസങ്ങളിലും വാരാദ്യ ദിവസങ്ങളിലും, മറ്റ് ഉത്സവകാലങ്ങളിലും അധികമായി സർവ്വീസുകൾ ക്രമീകരിച്ചുവരുന്നുണ്ട്. കണ്ണൂരിൽനിന്നും പുതുച്ചേരിയിലേയ്ക്കുള്ള സർവ്വീസ് ഉടൻ ആരംഭിക്കുന്നതാണ്. കർണ്ണാടകയുമായി 2016-ലും തമിഴ്നാടുമായി 2019-ലുമാണ് അവസാനമായി ഗതാഗത കരാറുകളിൽ ഏർപ്പെട്ടിട്ടുള്ളത്. കൂടുതൽ സർവ്വീസുകൾ ആരംഭിക്കുന്നതിന് മറ്റ് സംസ്ഥാനങ്ങളുമായി ഗതാഗത കരാറിൽ ഏർപ്പെടേണ്ടതുണ്ട്. ആയതിനുള്ള ചർച്ചകൾ ആരംഭിച്ചിട്ടുണ്ട്.

(ഡി) സർവ്വീസ് നവീകരണത്തിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി.-യിൽ ഇ-ഗവേണൻസ് നടപ്പിലാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

<u>ഇ-ഓഫീസ്</u>

സർവ്വീസ് നവീകരണത്തിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി.-യിൽ നടപ്പിലാക്കിവരുന്ന ഇ-ഓഫീസ് സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു:

ഇ-ഓഫീസ് പ്രവർത്തനങ്ങൾ സുഗമവും കാര്യക്ഷമവുമാക്കുന്നതിനായി കേരള സ്റ്റേറ്റ് ഐ.ടി. മിഷൻ/NIC എന്നിവയുമായി ചേർന്ന് ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആദ്യഘട്ടമെന്ന നിലയിൽ കെ.എസ്.ആർ.ടി.സി.-യുടെ ചീഫ് ഓഫീസിലും മൂന്ന് സോണൽ ഓഫീസുകളിലും ടി സംവിധാനം നടപ്പിലാക്കുന്നതാണ്. ഇതിനാവശ്യമായ കമ്പ്യൂട്ടറും മറ്റനുബന്ധ ഉപകരണങ്ങളും ടെണ്ടർ നടപടികളിലൂടെ വാങ്ങിയിട്ടുണ്ട്.

GPRS, Bluetooth, RFID സംവിധാനമുള്ള ETM

ഓരോ ട്രിപ്പിന്റെയും കളക്ഷൻ സംബന്ധിച്ച വിവരം, യാത്രക്കാരുടെ എണ്ണം, വരുമാനം എന്നിവ മനസ്സിലാക്കാൻ കഴിയുന്നതിനും പ്രീ-പെയ്ഡ് സ്മാർട്ട് കാർഡ് ഉപയോഗിച്ച് പണരഹിതമായി യാത്ര ചെയ്യുന്നതിനുള്ള സൗകര്യം നൽകുന്നതിനുമായി, Closed Loop Smart Card സംവിധാനം ഉപയോഗിക്കത്തക്ക വിധത്തിൽ GPRS Bluetooth, RFID സംവിധാനമുള്ള ETM മെഷീനുകൾ വാങ്ങുന്നതിനുള്ള പർച്ചേഴ്സ് ഓർഡർ നൽകുകയും വിവിധ ഡിപ്പോകളിലേക്ക് ടി മെഷീനുകൾ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

ഓൺലൈൻ ടിക്കറ്റ് റിസർവേഷൻ ബുക്കിംഗ് സംവിധാനം

കെ.എസ്.ആർ.ടി.സി.-യിലേയ്ക്ക് യാത്രക്കാരെ ആകർഷിക്കുന്നതിനും ടിക്കറ്റുകൾ മുൻകൂർ ബുക്ക് ചെയ്യുന്നതിനും, പരിഷ്കരിച്ചതും കൂടുതൽ സൗകര്യങ്ങളോടുകൂടിയതുമായ ഓൺലൈൻ റിസർവേഷൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിലൂടെ യാത്രക്കാർക്ക് 30 ദിവസം മുൻകൂറായി ടിക്കറ്റുകൾ ബുക്ക് ചെയ്യാവുന്നതാണ്. മുൻകൂർ ടിക്കറ്റ് ബുക്കിംഗിനായി "എന്റെ കെ.എസ്.ആർ.ടി.സി.” എന്ന മൊബൈൽ ആപ്ലിക്കേഷൻ ആരംഭിച്ചിട്ടുണ്ട്. ടി App ഉപയോഗിച്ചും യാത്രക്കാർക്ക് കെ.എസ്.ആർ.ടി.സി. ബസുകളിൽ ടിക്കറ്റ് ബുക്ക് ചെയ്യാവുന്നതാണ്.

KSRTC-യുടെ യാത്രാ പാസ്സ്, സ്റ്റുഡന്റ് കൺസഷൻ ഓൺലൈൻ സേവനങ്ങൾ

അംഗ വൈകല്യമുള്ളവർ, കാഴ്ചശക്തി ഇല്ലാത്തവർ, മാധ്യമ പ്രവർത്തകർ തുടങ്ങിയവർക്ക് KSRTC നൽകിവരുന്ന വിവിധതരം യാത്രാ പാസ്സുകൾ, വിദ്യാർത്ഥികൾക്കുള്ള കൺസഷൻ എന്നീ സേവനങ്ങൾ കേരള സ്റ്റേറ്റ് ഐ.ടി. മിഷൻ/NIC എന്നിവയുമായി ചേർന്ന്, "സർവീസ് പ്ലസ്" എന്ന ആപ്ലിക്കേഷനിലൂടെ, ഓൺലൈൻ സംവിധാനത്തിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

ക്രൂ റോസ്റ്ററിംഗ് ആൻഡ് ബസ് ഷെഡ്യൂളിംഗ് സോഫ്റ്റ്‌വെയർ

കെ.എ.സ്.ആർ.ടി.സി.-യിൽ പുതുതായി നടപ്പിലാക്കാനുദ്ദേശിക്കുന്ന 'ക്രൂ റോസ്റ്ററിംഗ് ആൻഡ് ബസ് ഷെഡ്യൂളിംഗ് സോഫ്റ്റ്‌വെയർ' ഉപയോഗപ്പെടുത്തുന്നതിലൂടെ ശാസ്ത്രീയമായ രീതിയിൽ ഷെഡ്യൂളുകൾ ക്രമീകരിക്കാനും ക്രൂവിന്റെ ഡ്യൂട്ടിയനുസരിച്ച് ശാസ്ത്രീയമായ രീതിയിൽ ഡ്യൂട്ടി പോസ്റ്റ് ചെയ്യാനും സാധിക്കും. ടി പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് വർക്ക് ഓർഡർ നൽകി തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

ERP സൊല്യൂഷൻ

അക്കൗണ്ടിംഗിനായി ERP സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്നതിലൂടെ, പണം കൈകാര്യം ചെയ്യുന്നത് കൂടുതൽ സുതാര്യമാക്കാൻ സാധിക്കും. കൂടാതെ ജീവനക്കാരുടെ ജോലിഭാരം കുറയ്ക്കാനും ശരിയായ സാമ്പത്തിക മാനേജ്മെന്റ് നടപ്പിലാക്കാനും സാധിക്കുന്നതാണ്. ഈ പദ്ധതിയിൽ ഉൾപ്പെടുന്ന ഇൻവെന്ററി മാനേജ്മെന്റ് മൊഡ്യൂളിലൂടെ ചീഫ് സ്റ്റോർ, വർക്ക്ഷോപ്പ്, ഡിപ്പോകൾ തുടങ്ങിയവയിൽ ലഭ്യമായിട്ടുള്ള സ്പെയർ പാർട്ട്സ്, മറ്റ് സാധനസാമഗ്രികൾ എന്നിവ ട്രാക്ക് ചെയ്യുന്നതിനും ശരിയായ സ്ഥലത്ത് ആവശ്യത്തിന് സപ്ലൈസ് ഉണ്ടെന്ന് ഉറപ്പാക്കുന്നതിനും സാധിക്കും. സ്പെയർ പാർട്ട്സ് സ്വീകരിക്കുന്നത് മുതൽ അനുവദിക്കുന്നത്

വരെയുള്ള എല്ലാ പ്രവർത്തനങ്ങളും സുഗമമായും കൃത്യതയോടെയും കൈകാര്യം ചെയ്യുവാൻ ഇതിലൂടെ സാധ്യമാകും.

കമ്പ്യൂട്ടറൈസ്ഡ് വെഹിക്കിൾ ട്രാക്കിംഗ് ആൻഡ് മോണിറ്ററിംഗ് സിസ്റ്റം

പൊതുജനങ്ങൾക്ക് ഉപയോഗപ്രദമാകുന്ന രീതിയിൽ വിവരസാങ്കേതികവിദ്യ ഉപയോഗിച്ച് ഷെഡ്യൂളുകളുടേയും സർവ്വീസുകളുടേയും യഥാർത്ഥ സമയക്രമം നൽകുന്നതിനായി പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം (PIS), വെഹിക്കിൾ ട്രാക്കിംഗ് സിസ്റ്റം (VLTS) എന്നിവ നടപ്പിലാക്കുന്നതിനായി ഒരു പദ്ധതി DIMTS (Delhi Integrated Multi-model Transit System)-നെ ഏൽപിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച നടപടികൾ പുരോഗമിച്ചുവരുന്നു.

കെ.എസ്.ആർ.ടി.സി.-യിലെ ഡ്യൂട്ടി പാറ്റേൺ ഏകീകരണം

23 (*293) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു) സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യുടെ മുഴുവൻ ഷെഡ്യൂളുകളുടെയും ഡ്യൂട്ടി പാറ്റേൺ ഏകീകരിക്കുന്നതിനും ഷെഡ്യൂളുകൾ ശാസ്ത്രീയമായി പരിഷ്കരിച്ച്

ജീവനക്കാരുടെ വിഭവശേഷി പൂർണ്ണമായി ഉപയോഗപ്പെടുത്തുന്നതിനും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

കെ.എസ്.ആർ.ടി.സി.-യുടെ മുഴുവൻ ഷെഡ്യൂളുകളുടെയും ഡ്യൂട്ടി പാറ്റേൺ മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്ട് 1961 പ്രകാരം ക്രമീകരിക്കുന്നതിനും ഇത്തരത്തിൽ ഷെഡ്യൂളുകൾ ശാസ്ത്രീയമായി പരിഷ്കരിച്ച് ജീവനക്കാരുടെ വിഭവശേഷി പൂർണ്ണമായി ഉപയോഗപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു.

അധികമായി നോൺ പീക്ക് സമയത്ത് ഓപ്പറേറ്റ് ചെയ്തിരുന്ന ട്രിപ്പുകൾ ക്രമീകരിക്കുകയും പീക്ക് സമയത്ത് പരമാവധി ട്രിപ്പുകൾ ലഭിക്കുകയും ചെയ്യുന്ന രീതിയിൽ സിംഗിൾ ഡ്യൂട്ടി സമ്പ്രദായം മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്ട് 1961 പ്രകാരം ക്രമീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. ഇപ്രകാരം സർവ്വീസ് ക്രമീകരിച്ചതിൽ സർവ്വീസുകളുടെ ഓപ്റ്റിമൈസേഷൻ സാദ്ധ്യമാവുകയും തദ്വാര ബസ്/കിലോമീറ്റർ വർദ്ധിക്കുകയും ബസ് സ്റ്റാഫ് റേഷ്യോ കുറയുകയും ചെയ്യുമെന്ന് മനസ്സിലായിട്ടുണ്ട്. നിലവിൽ 72 സിംഗിൾ ഡ്യൂട്ടികളും 1300 എണ്ണം 12 മണിക്കൂർ (37 ശതമാനം മാത്രം) ഇപ്രകാരം നടത്തി വരുന്നുണ്ട്. ലഭ്യമായ സാങ്കേതികവിദ്യയുടെ സഹായത്താൽ എല്ലാ യൂണിറ്റുകളുടേയും ട്രിപ്പ് വൈസ്

കളക്ഷൻ പരിശോധിച്ച് ഷെഡ്യൂളുകളിലെ ഡീസൽ തുക പോലും ലഭിക്കാത്ത ഡെഡ് ട്രിപ്പുകളുടെ എണ്ണത്തിൽ കുറവ് വരുത്തുവാൻ ഒരു പരിധി വരെ കഴിഞ്ഞിട്ടുണ്ട്. ദീർഘദൂര സർവ്വീസുകളിലും, അന്തർ സംസ്ഥാന സർവ്വീസുകളിലും കൂടുതൽ പഠനം നടത്തി ക്രൂ ചെയ്ഞ്ച്, ഡ്രൈവർ-കം-കണ്ടക്ടർ സംവിധാനം എന്നിവ ഏർപ്പെടുത്തുന്നത് ഉൾപ്പെടെ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഇപ്രകാരം ജീവനക്കാരുടെ ഉപയോഗം കൂട്ടുവാൻ കഴിയും. യാത്രക്കാരുടെ ഡിമാന്റ് പരിശോധിച്ച് "ഒറിജിൻ-ഡെസ്റ്റിനേഷൻ" പൈലറ്റ് സ്റ്റഡി നടത്തി ഡിമാന്റനുസരിച്ച് പരീക്ഷണാർത്ഥം എറണാകുളം-തിരുവനന്തപുരം റൂട്ടിൽ നോൺ സ്റ്റോപ്പ് സർവ്വീസുകൾ കണ്ടക്ടർ-കം-ഡ്രൈവറായി ആരംഭിച്ചതിൽ നിലവിലെ ജീവനക്കാരുടെ എണ്ണം കുറയ്ക്കുവാൻ കഴിഞ്ഞിട്ടുണ്ട്. പഠനം നടത്തി കൂടുതൽ നോൺസ്റ്റോപ്പ് ഡ്രൈവർ-കം-കണ്ടക്ടർ സർവ്വീസുകൾ ആരംഭിക്കുന്നതുവഴി ബസ്സുകളുടെയും ജീവനക്കാരുടെയും ഉപയോഗം വർദ്ധിപ്പിക്കുവാൻ കഴിയും. നൂതന സാങ്കേതിക വിദ്യയുടെ സഹായത്തോടെ ട്രാവൽ ഡിമാന്റ് ലൊക്കേഷൻ ട്രാക്കിംഗ് എന്നിവ കണ്ടെത്തുന്നതിന് DIMTS എന്ന സ്ഥാപനത്തെ പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടന്റായി നിയോഗിക്കുകയും പ്രവർത്തനങ്ങൾ നടന്നുവരികയുമാണ്. ഇത്തരത്തിൽ

ഡാറ്റാ പ്രോസസിംഗ് പൂർത്തിയാകുന്നതോടെ വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടെ റൂട്ടുകൾ പുനഃക്രമീകരിക്കുകയും ട്രിപ്പുകൾ കാര്യക്ഷമമാക്കുകയും നോൺ സ്റ്റോപ്പ് ലിമിറ്റഡ് സ്റ്റോപ്പ് ബസ്സുകൾ കൂടുതൽ ആരംഭിച്ച് ഷെഡ്യൂളുകൾ കാര്യക്ഷമമാക്കി ജീവനക്കാരുടെ ഉപയോഗം മെച്ചപ്പെടുത്തുന്നതിനുമുള്ള പദ്ധതി നടന്നുവരുന്നു. കൂടാതെ സുശീൽ ഖന്ന റിപ്പോർട്ടനുസരിച്ച് കെ.എസ്.ആർ.ടി.സി.-യിലെ എല്ലാ മൾട്ടിപ്പിൾ ഡ്യൂട്ടികളും സിംഗിൾ ഡ്യൂട്ടികളാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. KSRTC ബസ്സുകൾ അപകടം ഉണ്ടാക്കുന്നതിനുള്ള ഒരു കാരണം നിലവിലുള്ള (63 ശതമാനം) multiple duty സമ്പ്രദായമാണെന്ന് സുശീൽ ഖന്ന റിപ്പോർട്ടിൽ പറയുന്നു. ഇതുപ്രകാരം ആറ്റിങ്ങൽ, കണിയാപുരം ഡിപ്പോകളിൽ പരീക്ഷണാടിസ്ഥാനത്തിൽ ഡ്യൂട്ടി പരിഷ്കരണം നടത്തുന്നതിനുവേണ്ടി പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.

(ബി) കെ.എസ്.ആർ.ടി.സി.യുടെ ഫ്ളീറ്റ് യൂട്ടിലൈസേഷൻ നിലവിൽ എത്രയാണ്; അത് ദേശീയ ശരാശരിയിലേയ്ക്ക് വർദ്ധിപ്പിക്കുന്നതിനായി കെ.എസ്.ആർ.ടി.സി. നടപ്പിലാക്കിയ പരിഷ്കരണം ഫലപ്രദമാണോ?

ഇന്ത്യയിലെ ഏറ്റവും മികച്ച ശമ്പളവും ചുരുക്കം STU-കൾ മാത്രം നടപ്പിലാക്കിയിട്ടുള്ള പെൻഷനും ഇന്ത്യയിലെ ഏറ്റവും ഉയർന്ന ബസ്സ്-സ്റ്റാഫ് റേഷ്യോയും (8.37 സുശീൽ ഖന്ന റിപ്പോർട്ട് പ്രകാരം) ഉള്ളത് KSRTC-യിലാണ്. ഇന്ത്യയിലെ ഏറ്റവും കുറവ് ഉൽപാദനക്ഷമത 32 km/staff/day ആന്ധ്രയിലും മറ്റും ഇത് 70 km ആണ്. ഫ്ലീറ്റ് യൂട്ടിലൈസേഷൻ നിലവിൽ 71 ശതമാനമാണ്. ആയത് ദേശീയ ശരാശരിയിൽ എത്തിക്കുന്നതിന് ശ്രമങ്ങൾ നടന്നുവരുന്നു. അധികമായി നോൺ പീക്ക് സമയത്ത് ഓപ്പറേറ്റ് ചെയ്തിരുന്ന ട്രിപ്പുകൾ ക്രമീകരിക്കുകയും പീക്ക് സമയത്ത് പരമവധി ട്രിപ്പുകൾ ലഭിക്കുകയും ചെയ്യുന്ന രീതിയിൽ സിംഗിൾ ഡ്യൂട്ടി സമ്പ്രദായം മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്ട് 1961 പ്രകാരം ക്രമീകരിച്ചുവരുന്നു. നിലവിൽ ഇപ്രകാരം സർവ്വീസ് ക്രമീകരിച്ചതിൽ സർവ്വീസുകളുടെ ഓപ്റ്റിമൈസേഷൻ സാദ്ധ്യമാവുകയും തദ്വാര ബസ് ഉപയോഗം വർദ്ധിക്കുകയും ചെയ്തിട്ടുണ്ട്. ഫ്ലീറ്റ് ആന്റ് മെയിന്റനൻസ് മാനേജ്മെന്റ് സോഫ്റ്റ്‌വെയർ നടപ്പിൽ വരുത്തുന്നതിന്റെ പ്രവർത്തനം പുരോഗമിക്കുന്നു.

(സി) പഴക്കംചെന്ന സൂപ്പർ ക്ലാസ്സ് ബസ്സുകൾ മാറ്റുന്നതിനും പുതിയ സർവ്വീസുകൾ ആരംഭിക്കുന്നതിനുമായി ബസ്സുകൾ വാങ്ങുന്നതിന് പദ്ധതിയുണ്ടോയെന്ന് വ്യക്തമാക്കാമോ; വിശദാംശം നൽകാമോ?

പദ്ധതി ഉണ്ട്. നടപ്പുസാമ്പത്തിക വർഷത്തിൽ 50 കോടി രൂപ പദ്ധതി വിഹിതത്തിൽ അനുവദിച്ചിട്ടുണ്ട്. ഇതുപയോഗിച്ച് 140 സൂപ്പർ ക്ലാസ് ബസ്സുകൾ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കഴിഞ്ഞ വർഷം കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റിനായി 116 ബസ്സുകൾ വാങ്ങിയിരുന്നു. നിലവിൽ സൂപ്പർ ക്ലാസ്സ് ബസ്സുകൾ ഓപ്പറേറ്റ് ചെയ്യുന്നതിന് അനുവദിച്ചിട്ടുള്ള കാലാവധി 9 വർഷമാണ്. ഇതുപ്രകാരം 2022-2023 കാലയളവിൽ 9 വർഷം പൂർത്തിയാകുന്ന 271 ഡീസൽ ബസ്സുകൾ സൂപ്പർ ക്ലാസ്സ് വിഭാഗത്തിൽനിന്നും മാറ്റേണ്ടതായി വരും.

2022-2023-ലെ ബഡ്ജറ്റിൽ സി.എൻ.ജി./ എൽ.എൻ.ജി. / ഇലക്ട്രിക് ബസുകളുടെ പരിവർത്തനത്തിന് അനുവദിച്ച 50 കോടി രൂപ ഉപയോഗിച്ച് 9 വർഷം കാലാവധി പൂർത്തിയാക്കുന്ന സൂപ്പർ ക്ലാസ് ഡീസൽ ബസ്സുകൾക്ക് പകരം പുക മലിനീകരണം കുറഞ്ഞതും നൂതന സാങ്കേതികവിദ്യ ഉൾപ്പെടുത്തിയുള്ള BSVI ഗണത്തിൽപ്പെട്ട Automated Transmission (AMT) ഘടിപ്പിച്ചിട്ടുള്ള 140 ഫുള്ളി ബിൽറ്റ് ഡീസൽ ബസ്സുകൾ വാങ്ങുന്നതിനുള്ള ടെണ്ടർ ഉടൻ പുറപ്പെടുവിക്കും.

## കാർഷികോല്പന്നങ്ങളുടെ മൂല്യവർദ്ധനവും വിപണനവും

24 (*294)ശ്രീ. മുഹമ്മദ് മുഹസിൻ:

ശ്രീ. ഇ ചന്ദ്രശേഖരൻ:
ശ്രീ. വി. ശശി:
ശ്രീ. സി. സി. മുകുന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാർഷികോല്പന്നങ്ങളിൽനിന്ന് മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിന് എന്തെല്ലാം സഹായ പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്; വിശദമാക്കുമോ?

സംസ്ഥാനത്ത് കാർഷികോല്പന്നങ്ങളിൽനിന്ന് മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ട് നടപ്പിലാക്കുന്ന പദ്ധതിയാണ് സൂക്ഷ്മ ചെറുകിട ഇടത്തരം മൂല്യവർദ്ധന സംരംഭങ്ങൾക്കുള്ള പ്രോത്സാഹന പദ്ധതി. കൃഷി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ചെറുകിട കർഷക കാർഷിക വ്യാപാര കൺസോർഷ്യം (എസ്.എഫ്.എ.സി.) മുഖേനയാണ് പദ്ധതി നടപ്പിലാക്കുന്നത്. കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുതകുന്ന തരത്തിൽ മൂല്യവർദ്ധിത ഉല്പന്ന നിർമ്മാണ വ്യവസായങ്ങൾക്ക് പദ്ധതി പ്രകാരം പ്രോത്സാഹനം നൽകുന്നു. ഇത്തരം സംരംഭങ്ങൾ തുടങ്ങുന്നതിനായി 2022-23 വർഷത്തിൽ 400 ലക്ഷം രൂപയാണ് എസ്.എഫ്.എ.സി.-ക്കായി വകയിരുത്തിയിട്ടുള്ളത്. പദ്ധതി

പ്രകാരം കെട്ടിട നിർമ്മാണം, യന്ത്രവൽക്കരണം, മാലിന്യ സംസ്കരണം, ഓഫീസ് ഉപകരണങ്ങൾ, തുടങ്ങിയവയ്ക്ക് സഹായം നൽകുന്നു.

കേരള കാർഷിക സർവ്വകലാശാലയിൽ നാൽപ്പതോളം മൂല്യവർദ്ധിത ഉല്പന്നങ്ങൾക്കുള്ള സാങ്കേതികവിദ്യകൾ ഇതിനോടകം വികസിപ്പിച്ച് സംരംഭകർക്ക് ലഭ്യമാക്കിവരുന്നു. RKVY, RAFTAAR, ABI പ്രോജക്ടിൽ 3 ബാച്ചുകൾക്ക് സംരംഭകത്വ പരിശീലനം പൂർത്തീകരിച്ചു. 42 പേരടങ്ങുന്ന നാലാമത്തെ ബാച്ചിന് പരിശീലനം കൊടുക്കാനുള്ള തയ്യാറെടുപ്പിലാണ്. പരിശീലനം ലഭിച്ച സംരംഭകരടക്കം കേരള കാർഷിക സർവ്വകലാശാലയുടെ ആഭിമുഖ്യത്തിൽ 146 സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. പ്രധാൻ മന്ത്രി ഫോർമലൈസേഷൻ ഓഫ് മൈക്രോ ഫുഡ് പ്രോസസിംഗ് എന്റർപ്രൈസസ് (PMFME) പദ്ധതിയുടെ ഭാഗമായി 'ഒരു ജില്ല ഒരു ഉല്പന്നം' (ODOP-വൺ ഡിസ്ട്രിക്ട് വൺ പ്രോഡക്ട്) എന്ന ആശയത്തിലൂന്നി എല്ലാ ജില്ലകളിലും മൈക്രോ സംരംഭങ്ങളുടെ കൂട്ടായ്മകൾക്കുള്ള പരിശീലനം പൂർത്തിയാക്കിയിട്ടുണ്ട്. ഇതുകൂടാതെ 275 ലക്ഷം മുതൽമുടക്കിൽ ഒരു കോമൺ ഇൻക്യുബേഷൻ ഫെസിലിറ്റി വെള്ളാനിക്കരയിൽ സ്ഥാപിച്ചിട്ടുണ്ട്.

കേരള കാർഷിക സർവ്വകലാശാലയുടെ ഏഴ് കൃഷി വിജ്ഞാന കേന്ദ്രങ്ങളിൽ കർഷകർക്കായി ഇൻക്യുബേഷൻ സെന്ററുകൾ

പ്രവർത്തിച്ചുവരുന്നു. കർഷകർക്ക് അവരുടെ ഉൽപന്നങ്ങൾ മൂല്യവർദ്ധിത രൂപത്തിലാക്കുന്നതിനുള്ള യന്ത്രസാമഗ്രികൾ ഈ സ്ഥലങ്ങളിലെല്ലാം ഉണ്ട്. ഈ സൗകര്യം ഉപയോഗിക്കുന്നതിന് ചെറിയ ഒരു യൂസർ ഫീസ് മാത്രമാണ് ഈടാക്കി വരുന്നത്. ഇതുവഴി കാര്യമായ സാമ്പത്തിക നിക്ഷേപം ഇല്ലാതെ തന്നെ മൂല്യവർദ്ധിത ഉൽപന്നങ്ങൾ ഉണ്ടാക്കാൻ കഴിയുന്നു. ജാം, ജെല്ലി, സിറപ്പ്, ചക്ക വരട്ടി, പഴം വരട്ടി തുടങ്ങിയ ഉൽപന്നങ്ങളും കൊണ്ടാട്ടം തുടങ്ങിയ ഉണക്കിയ ഉത്പന്നങ്ങളും ധാരാളമായി കർഷകർ ഉണ്ടാക്കി ശാസ്ത്രീയമായി പായ്ക്ക് ചെയ്ത് കൊണ്ടുപോകുന്നു.

കേരളത്തിലെ കർഷകർ ഉല്പാദിപ്പിക്കുന്ന കാർഷികോത്പന്നങ്ങളുടെ വിപണനത്തിലും മൂല്യവർദ്ധനവിനും സംസ്ഥാനത്തെ പ്രാഥമിക സഹകരണ സംഘങ്ങളുടെ പങ്ക് വലുതാണ്. കൃഷി വകുപ്പ് 2021-22 സാമ്പത്തികവർഷത്തിൽ 7 മൂല്യവർദ്ധിത യൂണിറ്റുകൾ തുടങ്ങുന്നതിനായി 80.10 ലക്ഷം രൂപ അനുവദിച്ചു. ഇതിൽ 3 യൂണിറ്റുകൾക്കായി പ്രാഥമിക സഹകരണ സംഘങ്ങൾവഴി 39.28 ലക്ഷം രൂപയും 4 യൂണിറ്റുകൾക്കായി മറ്റ് സ്ഥാപനങ്ങൾവഴി 40.82 ലക്ഷം രൂപയും അനുവദിച്ചു. കൂടാതെ 105 വ്യക്തിഗത മൂല്യവർദ്ധിത യൂണിറ്റുകൾ തുടങ്ങുന്നതിനായി 82.82 ലക്ഷം രൂപയും നൽകുകയുണ്ടായി.

FPO-കൾവഴി കാർഷിക മേഖലയിലെ മൂല്യവർദ്ധനവിനും, തദ്വാര കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും സാധിക്കുന്നു. RKVY പദ്ധതി പ്രകാരം എസ്.എഫ്.എ.സി. മുഖേന 50 എഫ്.പി.ഒ.-കൾ പുതുതായി രൂപീകരിക്കുവാൻ ലക്ഷ്യമിട്ടതിൽ 39 FPO-കളുടെ രജിസ്ട്രേഷൻ പൂർത്തിയായിട്ടുണ്ട്. കൂടാതെ 50 എഫ്.പി.ഒ.-കളുടെ നവീകരണത്തിനും നടപടികൾ സ്വീകരിച്ചുവരുന്നു. വി.എഫ്.പി.സി.കെ. മുഖേന 41 എഫ്.പി.ഒ.-കളുടെ രജിസ്ട്രേഷൻ പൂർത്തിയാക്കിയിട്ടുണ്ട്. ഇതുവഴി കാർഷിക മേഖലയിലെ മൂല്യവർദ്ധനവിനും വരുമാനം വർദ്ധിപ്പിക്കുന്നതിനും സാധിക്കും. കാർഷികോത്പാദനം മുതൽ വിപണനം, മൂല്യവർദ്ധനവ്, അവയുടെ വിപണനം എന്നിവയുടെ ഏകോപനം FPO-കളിലൂടെ സാധ്യമാകും.

നടപ്പുസാമ്പത്തിക വർഷത്തിൽ (2022-23) മൂല്യവർദ്ധിത യൂണിറ്റുകൾ ആരംഭിക്കുന്നതിന് പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾക്കായി 200 ലക്ഷം രൂപയും, സർക്കാർ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, കുടുംബശ്രീ, എഫ്.പി.ഒ.-കൾ എന്നിവയ്ക്ക് 140 ലക്ഷം രൂപയും, കൊപ്ര ഡ്രയറുകൾ സ്ഥാപിക്കുന്നതിന് സഹകരണ സംഘങ്ങൾ, കാർഷിക കർമ്മ സേന, അഗ്രോ സർവീസ് സെന്ററുകൾ, കർഷക ഗ്രൂപ്പുകൾ

എന്നിവയ്ക്ക് 140 ലക്ഷം രൂപയും ഉൾപ്പടെ ആകെ 480 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

കൃഷി വകുപ്പിന്റെ കീഴിലെ വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരളം (വി.എഫ്.പി.സി.കെ.) കർഷകരുടെ ഉൽപ്പന്നങ്ങൾ തളിർ ബ്രാൻഡിൽ വിറ്റഴിക്കുന്നതിനായി 7 പ്രൈമറി പ്രോസസ്സിംഗ് യൂണിറ്റുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. വി.എഫ്.പി.സി.കെ.-യുടെ കീഴിൽ തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് ജില്ലകളിൽ കട്ട് വെജിറ്റബിൾ യൂണിറ്റും കോട്ടയം ജില്ലയിൽ പഴം സംസ്കരണ യൂണിറ്റും പ്രവർത്തിച്ചുവരുന്നു. റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി ഇടുക്കി ജില്ലയിലെ കലയന്താനിയിലും വയനാട് ജില്ലയിലെ മുട്ടിലിലും ചക്ക സംസ്കരണകേന്ദ്രം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇതിനുപുറമേ, തിരുവനന്തപുരം ജില്ലയിൽ വെമ്പായത്ത് മഞ്ഞൾ സംസ്കരണ യൂണിറ്റും പാലക്കാട് ജില്ലയിലെ പെരുമാട്ടിയിൽ പച്ചക്കറി ഉണക്കി സംസ്കരിക്കുന്ന യൂണിറ്റും ആരംഭിക്കുന്നതാണ്.

കൃഷി ലാഭകരമാക്കുന്നതിന്റെ ഭാഗമായി മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനാവശ്യമായ കർഷക പരിശീലനങ്ങളും മേൽപ്പറഞ്ഞ യൂണിറ്റുകൾക്കാവശ്യമായ അടിസ്ഥാന സൗകര്യവികസനം

മൂല്യവർദ്ധനത്തിനാവശ്യമായ യന്ത്രസാമഗ്രികൾ വാങ്ങുന്നതിനുള്ള സഹായം, ബ്രാൻഡിംഗ്, പായ്ക്കിംഗ്, ലേബലിംഗ് എന്നിവയ്ക്കുള്ള സഹായവും വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി വി.എഫ്.പി.സി.കെ. ലഭ്യമാക്കിയിട്ടുണ്ട്.

കാർഷികോൽപ്പന്നങ്ങളുടെ മൂല്യവർദ്ധനവും സംസ്കരണവും പ്രോത്സാഹിപ്പിക്കുന്നതിനും സംരംഭകരെ വാർത്തെടുക്കുന്നതിനും വേണ്ട അടിസ്ഥാനസൗകര്യങ്ങൾ ചുരുങ്ങിയ ചെലവിൽ ലഭ്യമാക്കുന്നതിനുമായി VFPCK എറണാകുളം ജില്ലയിലെ കക്കാട്, പുത്തൻവേലിക്കര, കാഞ്ഞൂർ എന്നീ സ്വാശ്രയ കർഷക സമിതികളിലും കോഴിക്കോട് ജില്ലയിലെ തിരുവമ്പാടി സ്വാശ്രയ കർഷക സമിതിയിലും ഇൻകുബേഷൻ സെന്ററുകൾ തുടങ്ങുന്നതിനുള്ള പദ്ധതിയും നടപ്പിലാക്കിവരുന്നു.

വി.എഫ്.പി.സി.കെ. സംസ്ഥാനത്ത് കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിനായി പായ്ക്ക് ഹൗസുകളും സ്ഥാപിച്ചിട്ടുണ്ട്. അപെഡ (അഗ്രിക്കൾച്ചറൽ ആന്റ് പ്രോസസ്ഡ് ഫുഡ് പ്രോഡക്ട്സ് എക്സ്പോർട്ട് ഡെവലപ്മെന്റ് അതോറിറ്റി)-യുടെ സാമ്പത്തിക സഹായത്തോടെ തെരഞ്ഞെടുക്കപ്പെട്ട ഉദ്യോഗസ്ഥർക്കും കർഷകർക്കും കയറ്റുമതി അധിഷ്ഠിത പരിശീലനങ്ങൾ ലഭ്യമാക്കി കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിന് കയറ്റുമതി മൂല്യമുള്ള ഉൽപന്നങ്ങളുടെ ഉൽപാദനം, GAP/PGS

മാനദണ്ഡങ്ങളനുസരിച്ചുള്ള കൃഷി എന്നിവ 500 ഹെക്ടറിൽ നടപ്പിലാക്കി. 45 മെട്രിക് ടണ്ണോളം ഉൽപ്പന്നങ്ങൾ ദുബായ്, കുവൈത്ത്, സിംഗപ്പൂർ, ലണ്ടൻ എന്നിവിടങ്ങളിലേയ്ക്ക് കയറ്റുമതി ചെയ്യുന്നതിന് സാദ്ധ്യമായി. ഈ പദ്ധതി 2022-23 സാമ്പത്തിക വർഷവും നടപ്പിലാക്കുന്നതാണ്.

(ബി) സംസ്ഥാനത്ത് മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ നിർമ്മാണത്തിനും അതുവഴി സുസ്ഥിര കാർഷിക വികസനത്തിനുമായി അഗ്രോ പാർക്കുകൾ സ്ഥാപിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

സംസ്ഥാനത്ത് മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ നിർമ്മാണത്തിനും അതുവഴി സുസ്ഥിര കാർഷിക വികസനത്തിനുമായി അഗ്രോ പാർക്കുകൾ സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. ഓരോ വിളയെ അടിസ്ഥാനമാക്കി നാളികേരം, വാഴ, തേൻ, മാവ്, പച്ചക്കറികൾ എന്നിവയുടെ സംഭരണം, സംസ്കരണം, മൂല്യവർദ്ധനവ് എന്നിവ ഒരുക്കുന്നതിനാണ് അഗ്രോപാർക്കുകളിലൂടെ ലക്ഷ്യമിടുന്നത്.

കാർഷികമേഖലയിൽ മൂല്യവർദ്ധിത വ്യവസായങ്ങൾ ആരംഭിക്കുന്നതിനായി KIIFB-യുടെ സാമ്പത്തിക സഹായത്തോടെ 5 അഗ്രോപാർക്കുകൾ സ്ഥാപിക്കുന്നതിന് 100.13 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

തൃശ്ശൂർ ജില്ലയിലെ കണ്ണാറ ഫാമിൽ " ബനാന & ഹണി പാർക്ക്" സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് കെട്ടിടനിർമ്മാണ പ്രവൃത്തി 90 ശതമാനം പൂർത്തീകരിക്കുകയും, തേൻ സംസ്കരണത്തിനായുള്ള യന്ത്രങ്ങൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ബനാന പാർക്കിൽ യന്ത്രസാമഗ്രികൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

Agri Business Incubator എന്ന പേരിൽ പ്രവർത്തിക്കുന്ന കേരള കാർഷിക സർവ്വകലാശാലയുടെ സ്ഥാപനം വാണിജ്യാവശ്യത്തിനായി കമ്പനി തുടങ്ങുന്നവർക്ക് ഉപയോഗിക്കുവാൻ കഴിയുന്ന വലിയ യന്ത്രങ്ങളുടെ പ്രദർശനവും പരിശീലനവും നൽകിവരുന്നു. ഒരു പുതിയ സംരംഭം തുടങ്ങുവാൻ ശ്രമിക്കുന്ന ഉപഭോക്താവിനുതന്നെ ഉത്പന്നം ഇവിടെ പരീക്ഷിച്ച് ഗുണമൂല്യവും ലാഭനഷ്ടവും കണക്കാക്കി തീരുമാനമെടുക്കുവാനുള്ള സൗകര്യം ഒരുക്കിയിട്ടുമുണ്ട്.

(സി) മൂല്യവർദ്ധിത ഉല്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ?

മൂല്യവർദ്ധിത ഉല്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനായി കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ, ഹോർട്ടികോർപ്, വി.എഫ്.പി.സി.കെ. തുടങ്ങിയ സ്ഥാപനങ്ങളുടെ വിപണികൾ

പ്രവർത്തിക്കുന്നുണ്ട്. കൃഷി വകുപ്പിന്റെ കീഴിലുള്ള ഇക്കോഷോപ്പുകൾ വഴിയും ഉല്പന്നങ്ങളുടെ വിപണനം നടത്തിവരുന്നു. വി.എഫ്.പി.സി.കെ.-യുടെ കീഴിൽ പ്രവർത്തിക്കുന്ന മൂല്യവർദ്ധിത ഉല്പന്ന നിർമ്മാണ കേന്ദ്രത്തിൽനിന്നുള്ള ഉൽപന്നങ്ങൾ 'തളിർ' എന്ന ഏകീകൃത ബ്രാൻഡിൽ വി.എഫ്.പി.സി.കെ.-യുടെ കീഴിൽ പ്രവർത്തിക്കുന്ന 'തളിർ ഗ്രീൻ' ഔട്ട്ലെറ്റുകൾ, കൃഷി ബിസിനസ്സ് കേന്ദ്ര, മറ്റ് സർക്കാർ ഏജൻസികളുടെ വിൽപനശാലകൾ എന്നിവ വഴി വിറ്റഴിച്ചുവരുന്നു. റീബിൽഡ് കേരള പദ്ധതിയുടെ ഭാഗമായി ശൃംഖല ശക്തിപ്പെടുത്തുന്നതിനും ബ്രാൻഡ് ചെയ്ത് പച്ചക്കറികൾ വിപണിയിലെത്തിക്കുന്നതിനും ലക്ഷ്യമിടുന്നു. വിപണന മേഖല വിപുലീകരിക്കുന്നതിന്റെ ഭാഗമായി ഓൺലൈൻ വിപണന പ്ലാറ്റ്ഫോം സജ്ജമാക്കുന്നതിനും പദ്ധതിയുണ്ട്.

കൃഷി വകുപ്പ് എല്ലാവർഷവും നടത്തിവരുന്ന Value Addition for Income Generation in Agriculture (VAIGA)-ൽ എസ്.എഫ്.എ.സി. സജീവ സാന്നിദ്ധ്യമായി പ്രവർത്തിക്കുന്നു. വൈഗയിലൂടെ എസ്.എഫ്.എ.സി.വഴി സബ്സിഡി നൽകിയിട്ടുള്ള സംരംഭകർക്ക് അവരുടെ ഉൽപ്പന്നം പൊതുവിപണിക്ക് പരിചയപ്പെടുത്തുകയും കച്ചവടക്കാർക്കും ഉപഭോക്താക്കൾക്കും നേരിട്ട് കണ്ട് അവയുടെ ഗുണമേന്മ

ഉറപ്പാക്കുന്നതിനും വിപണന ശൃംഖല വർദ്ധിപ്പിക്കുന്നതിനും അവസരം ഒരുക്കുകയും ചെയ്യുന്നു. വൈഗയോടനുബന്ധിച്ച് നടത്തുന്ന മേളയിൽ പ്രത്യേകം സജ്ജീകരിച്ച സ്റ്റാളുകൾ ഒരുക്കി സംരംഭകരുടെ ഉല്പന്നങ്ങൾക്ക് വിപണന പ്രോത്സാഹനം നടത്താറുണ്ട്. കൂടാതെ B2B മീറ്റുകൾ സംഘടിപ്പിക്കുന്നതിലും നല്ല നിലയിൽ പ്രവർത്തിക്കുന്ന സംഘടനകളെ ആകർഷിക്കുന്നതിനും എസ്.എഫ്.എ.സി. തലത്തിൽ പരിശീലനങ്ങളും മേളകളും സംഘടിപ്പിച്ചിട്ടുണ്ട്.

മൂല്യവർദ്ധിത ഉല്പന്നം വിപണനം നടത്തുന്നതിനായി FPO വഴി ശ്രമങ്ങൾ നടത്തിവരുന്നു. കണ്ണൂർ, വയനാട്, പാലക്കാട് കൃഷി വിജ്ഞാന കേന്ദ്രങ്ങൾവഴി ഇത് നല്ല രീതിയിൽ നടന്നു വരുന്നുമുണ്ട്. കൂടാതെ കേരള കാർഷിക സർവ്വകലാശാല പങ്കെടുക്കുന്ന Exhibition-നുകളിൽ സംരംഭകർ ഉത്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾക്ക് പ്രത്യകം കൗണ്ടർ ഒരുക്കി കൊടുക്കാറുമുണ്ട്.

മൂല്യവർദ്ധിത ഉല്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനായി ODOP അധിഷ്ഠിതമായി ആരംഭിച്ച ജില്ലതോറുമുള്ള മൈക്രോ സംരഭങ്ങളുടെ കൂട്ടായ്മയ്ക്ക് വിപണി സംബന്ധമായ പരിശീലനങ്ങൾ നൽകിയിട്ടുണ്ട്.

## യുവജനങ്ങളെ കാർഷികവൃത്തിയിലേയ്ക്ക് ആകർഷിക്കാൻ നടപടി

25 (*295) ശ്രീ. എം. രാജഗോപാലൻ:
ശ്രീമതി യു. പ്രതിഭ:
ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ:
ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്) സദയം മറുപടി നൽകുമോ:

(എ) ഉല്പന്നങ്ങളുടെ വിലസ്ഥിരതയില്ലായ്മ, ന്യായമായ വരുമാനം ലഭിക്കാത്തത്, വരുമാനത്തിലെ സുസ്ഥിരതയില്ലായ്മ എന്നിവ യുവജനങ്ങളെ കാർഷികവൃത്തി ഉപജീവനോപാധിയാക്കുന്നതിൽനിന്ന് വിമുഖരാക്കുന്നത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കാമോ?

കാർഷിക ഉല്പാദനം വർദ്ധിപ്പിക്കുവാനും സുസ്ഥിരവികസന ലക്ഷ്യങ്ങൾ നേടുന്നതിനുവേണ്ടിയും ഉല്പാദനം, ഉല്പാദനക്ഷമത എന്നീ മേഖലകളിൽ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് കൂടുതൽ ശ്രദ്ധ കേന്ദ്രീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് കാർഷിക ഉല്പന്നങ്ങൾക്ക് വില സ്ഥിരതയില്ലായ്മ ചെറുക്കുവാൻവേണ്ടി 16 ഇനം പച്ചക്കറികൾക്കും പഴങ്ങൾക്കും താങ്ങുവില പ്രഖ്യാപിച്ചു കൊണ്ടുള്ള "കേരള ഫാം ഫ്രഷ് പഴം പച്ചക്കറി-ബേസ് പ്രൈസ്" എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി

വരുന്നു. കൂടാതെ വില സ്ഥിരതയ്ക്കുള്ള വിപണി ഇടപെടൽ സഹായം എന്ന പദ്ധതിയും കൃഷി വകുപ്പ് നടപ്പിലാക്കിവരുന്നു. ഉത്സവകാലങ്ങളിൽ കർഷകർക്ക് അവരുടെ ഉല്പന്നങ്ങൾക്ക് ഉറപ്പായ വില നൽകുകയും ഉപഭോക്താക്കൾക്ക് വിപണി വിലയേക്കാൾ കുറഞ്ഞ വിലയിൽ ഗുണമേന്മയുള്ള ഉല്പന്നങ്ങൾ ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. പ്രസ്തുത പദ്ധതിയിലൂടെ വിളവെടുപ്പ് കാലത്ത് നിയുക്ത ഏജൻസികൾ മുഖേന തെരഞ്ഞെടുത്ത കാർഷികോല്പന്നങ്ങളുടെ സംഭരണ പ്രവർത്തനങ്ങൾക്ക് സഹായം നൽകുന്നു. 2022-23 സാമ്പത്തികവർഷത്തിൽ ടി പദ്ധതിയിലൂടെ വി.എഫ്.പി.സി.കെ., ഹോർട്ടികോർപ്, പച്ചത്തേങ്ങ സംഭരണത്തിന് കേരഫെഡ് എന്നിവയ്ക്ക് സഹായം നൽകുവാൻ ലക്ഷ്യമിടുന്നു. വിളയധിഷ്ഠിത സമീപനത്തിൽ നിന്നും മാറി സംയോജിത- ബഹുവിളകൃഷി സമ്പ്രദായത്തിലേയ്ക്കുള്ള മാറ്റത്തിലൂടെ നിലവിലുള്ള കൈവശഭൂമിയിൽനിന്നും പരമാവധി വരുമാനം ഉറപ്പുവരുത്താനാകും. എല്ലാ കാർഷികോല്പന്നങ്ങളുടെയും മൂല്യവർദ്ധനവ് ലക്ഷ്യമിട്ടുകൊണ്ടുള്ള പദ്ധതിയാണ് സൂക്ഷ്മ ചെറുകിട ഇടത്തരം മൂല്യവർദ്ധന സംരംഭങ്ങൾക്കുള്ള പ്രോത്സാഹന പദ്ധതി. എസ്.എഫ്.എ.സി. മുഖേനയാണ് പദ്ധതി നടപ്പാക്കുന്നത്. കർഷകരുടെ വരുമാനം

വർദ്ധിപ്പിക്കുന്നതിനുതകുന്ന തരത്തിൽ മൂല്യവർദ്ധിത ഉത്പന്ന നിർമ്മാണ വ്യവസായങ്ങൾക്ക് പ്രോത്സാഹനം നൽകുന്നു. കാർഷിക മേഖലയിൽ വിദ്യാസമ്പന്നരായ യുവാക്കൾക്ക് അവസരമൊരുക്കുക, സർക്കാർ പരിപാടികൾ മികച്ച രീതിയിൽ നടപ്പിലാക്കുന്നതിന് താഴേത്തട്ടിൽ സേവനം ലഭ്യമാക്കുക എന്നീ ഇരട്ടലക്ഷ്യത്തോടെ 2022-23 വർഷം കൃഷിഭവനുകളിൽ ഇന്റേൺഷിപ്പ് പ്രോഗ്രാം നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. ഇതിലൂടെ പ്രതിമാസം 2,500/- രൂപ ഇൻസെന്റീവോടെ ആറുമാസത്തേയ്ക്ക് യുവാക്കളെ ജോലിയിൽ ഏർപ്പെടുത്തുവാൻ ലക്ഷ്യമിടുന്നു. ആയതിലൂടെ കൃഷി വകുപ്പിന്റെ പദ്ധതികളെക്കുറിച്ചും, കൃഷി വകുപ്പ് നൽകി വരുന്ന ആനുകൂല്യങ്ങളെകുറിച്ചും കാർഷിക മേഖലയിലെ സാധ്യതകളെക്കുറിച്ചും യുവാക്കൾക്ക് മനസ്സിലാക്കുവാൻ സാധിക്കും. യുവജനങ്ങളെയും വിദ്യാർത്ഥികളെയും കാർഷിക മേഖലയിലേയ്ക്ക് ആകർഷിക്കുകയെന്ന ലക്ഷ്യത്തോടെ നടപ്പിലാക്കി വരുന്ന കാമ്പയിനാണ് "ഞങ്ങളും കൃഷിയിലേയ്ക്ക്". കൃഷി വകുപ്പ്, തദ്ദേശസ്വയംഭരണ സ്ഥാപനം, മറ്റ് അനുബന്ധ വകുപ്പുകൾ എന്നിവയുടെ ഏകോപനത്തിലൂടെയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്. എല്ലാവരെയും കാർഷിക മേഖലയിലേയ്ക്ക് ആകർഷിക്കുക, ഉല്പാദന വിപണന മൂല്യവർദ്ധന മേഖലയിൽ "കൃഷി

കൂട്ടങ്ങൾ" രൂപീകരിച്ച് കൃഷി ആദായകരമാക്കുക, കാർഷിക മേഖല പ്രധാന തൊഴിൽ മേഖലയാക്കുക തുടങ്ങിയവയാണ് ഈ കാമ്പയിനിന്റെ പ്രധാന ലക്ഷ്യം. കൂടാതെ കേരള കാർഷിക സർവ്വകലാശാല കർഷകരുടെ ആവശ്യങ്ങൾ പരിഗണിച്ച് വിവിധ ഹ്രസ്വ-ദീർഘകാല പരിശീലന പരിപാടികളും നടത്തിവരുന്നുണ്ട്. കൃഷിയിലും ഇതരമേഖലകളിലും നൈപുണ്യാധിഷ്ഠിത പരിശീലനങ്ങളും നൽകിവരുന്നു. കാർഷിക സർവ്വകലാശാലയുടെ കാർഷിക മേഖലയിലെ പ്രാഗത്ഭ്യമുപയോഗിച്ച് വിവിധ വികസന ഏജൻസികൾക്ക് കാർഷിക മേഖലയിലും അനുബന്ധ മേഖലയിലും തൊഴിലധിഷ്ഠിത കാര്യക്ഷമതാ വികസന പദ്ധതികൾ നടപ്പിലാക്കുന്നതിനുതകുന്ന നിർദ്ദേശങ്ങളും നൽകി വരുന്നു.

(ബി) കൃഷിയിലെ നൂതന സാങ്കേതികവിദ്യകൾ കർഷകരിലേയ്ക്കെത്തിക്കുന്നതിനും കാർഷിക യന്ത്രവൽക്കരണത്തിനും എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തുന്നത്?

കാർഷിക മേഖലയിലെ നൂതന സാങ്കേതികവിദ്യകൾ ഫലപ്രദമായി കർഷകർക്ക് കൈമാറ്റം ചെയ്യുന്നതിനും വിജ്ഞാന വ്യാപന സേവനങ്ങൾ ശക്തിപ്പെടുത്തുന്നതിനും മാനവവിഭവശേഷി വികസനത്തിനുമായി കാർഷിക വിജ്ഞാന വ്യാപനസേവനങ്ങൾ 2022-23 സാമ്പത്തിക വർഷത്തിൽ

നടപ്പിലാക്കുവാനുദ്ദേശിക്കുന്നു. ഇതിൽ ഉൾപ്പെടുന്ന പദ്ധതികൾ കാർഷിക വിജ്ഞാന വ്യാപനം ശക്തിപ്പെടുത്തൽ, കൃഷി പാഠശാല, കാർഷിക വിവരവും വിനിമയവും, മാനവ വിഭവശേഷി വികസനം എന്നിവയാണ്. (വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.)+ കൃഷിയിലെ നൂതന സാങ്കേതികവിദ്യകൾ പരിശീലനങ്ങൾ പ്രദർശനങ്ങൾ എന്നിവയിലൂടെയും സമൂഹമാധ്യമങ്ങളിലൂടെയും കർഷകരിലേയ്ക്കെത്തിക്കുന്നു. കാർഷിക യന്ത്രവത്ക്കരണം ഫലപ്രദമാക്കുന്നതിനും, യന്ത്രവൽക്കരണത്തിന്റെ പ്രയോജനം എല്ലാ കർഷകർക്കും ലഭ്യമാക്കുവാനും കേരള സ്റ്റേറ്റ് മെക്കനൈസേഷൻ മിഷൻ എന്ന ബൃഹത്തായ പദ്ധതി കൃഷി വകുപ്പും കേരള കാർഷിക സർവ്വകലാശാലയും സംയുക്തമായി നടപ്പാക്കിവരുന്നു. ഡ്രോൺ ടെക്നോളജി പോലെയുള്ള നൂതന സാങ്കേതികവിദ്യകൾ കാർഷിക വിജ്ഞാന കേന്ദ്രങ്ങളുടെ നേതൃത്വത്തിൽ കൃഷിയിടത്തിൽ തന്നെ നടത്തുന്ന മുൻനിര സാങ്കേതികവിദ്യ പ്രദർശനത്തിലൂടെ കർഷകരിലേയ്ക്കെത്തിക്കുന്നു.

(സി) കാർഷിക മേഖലയിൽ ചെറുകിട, ഇടത്തരം മൂല്യവർദ്ധന സംരംഭങ്ങളും കാർഷികോല്പന്നങ്ങളുടെ സംസ്കരണവും വ്യാപിപ്പിക്കുന്നതിനുള്ള പദ്ധതികളെക്കുറിച്ച് അറിയിക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എല്ലാ കാർഷികോല്പന്നങ്ങളുടെയും മൂല്യവർദ്ധനവ് ലക്ഷ്യമിട്ടുകൊണ്ട് കൃഷി വകുപ്പിന്റെ കീഴിലുള്ള ചെറുകിട കർഷക കാർഷിക വ്യാപാര കൺസോർഷ്യം അഥവാ (എസ്.എഫ്.എ.സി. കേരള) എന്ന സ്ഥാപനം മുഖേന നടപ്പിലാക്കുന്ന പദ്ധതിയാണ് സൂക്ഷ്മ ചെറുകിട ഇടത്തരം മൂല്യവർദ്ധന സംരംഭങ്ങൾക്കുള്ള പ്രോത്സാഹന പദ്ധതി (MSME). MSME പദ്ധതി പ്രകാരം നൽകുന്ന ആനുകൂല്യത്തിന്റെ വിവരം ചുവടെ ചേർക്കുന്നു.

ഈ പദ്ധതിയിൽ ഉൾപ്പെടുത്തി കാർഷിക മേഖലയിലെ സംരംഭകർക്ക് അവരുടെ ഫാക്ടറിയുടെ കെട്ടിട നിർമ്മാണം, യന്ത്രവൽക്കരണം, മാലിന്യ സംസ്കരണം, ഓഫീസ് ഉപകരണങ്ങൾ, സാങ്കേതികവിദ്യ തുടങ്ങിയ എല്ലാ ഘടകങ്ങൾക്കും ധനസഹായം നൽകുന്നു. സംരംഭകർ പദ്ധതി പ്രകാരമുള്ള ആനുകൂല്യത്തിനായി www.sfackerala.org എന്ന വെബ്സൈറ്റ് മുഖേന അപേക്ഷ സമർപ്പിക്കണം. അപേക്ഷയോടൊപ്പം വിശദമായ പ്രോജക്ട്, നിലവിലുള്ള അടിസ്ഥാനസൗകര്യങ്ങൾ, ബാങ്ക് വായ്പയെ സംബന്ധിച്ചുള്ള വിവരങ്ങൾ, മൂല്യവർദ്ധനവിന് ഉപയോഗിക്കുന്ന ഉൽപ്പന്നത്തിന്റെ വിശദാംശങ്ങൾ തുടങ്ങിയവ സമർപ്പിക്കണം. സബ്സിഡി തുക നൽകുന്നത് മൂലധന നിക്ഷേപത്തിന് അനുസൃതമായാണ്.

സബ്സിഡിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. സൂക്ഷ്മതല സംരംഭം (മൂലധനം 10 ലക്ഷം രൂപ മുതൽ 25 ലക്ഷം രൂപ വരെ) 50 ശതാമനം സബ്സിഡി പരമാവധി 10 ലക്ഷം രൂപ.

2. ചെറുകിട സംരംഭം (മൂലധനം 25 ലക്ഷം മുതൽ 1 കോടി രൂപ വരെ) 40 ശതമാനം സബ്സിഡി പരമാവധി 25 ലക്ഷം രൂപ.

3. ഇടത്തരം സംരംഭം (മൂലധനം 1 കോടി മുതൽ 5 കോടി രൂപ വരെ) 30 ശതാമനം സബ്സിഡി പരമാവധി 50 ലക്ഷം രൂപ.

ദേശസാൽകൃത / സ്വകാര്യ / ഷെഡ്യൂൾഡ് / സഹകരണ / ഗ്രാമീണ ബാങ്കുകൾ തുടങ്ങിയ സ്ഥാപനങ്ങളിൽനിന്നും ഗവൺമെന്റ് ഉടമസ്ഥതയിലുള്ള ബാങ്കിതര ധനകാര്യ സ്ഥാപനങ്ങളിൽനിന്നും ഗുണഭോക്താക്കൾക്ക് വായ്പ എടുക്കാവുന്നതാണ്. ബാങ്ക് വായ്പ അനുവദിക്കുന്നമുറയ്ക്ക് പ്രോജക്ട് റിപ്പോർട്ടും ബാങ്കിന്റെ അനുമതിപത്രവും എസ്.എഫ്.എ.സി.-ക്ക് സമർപ്പിക്കേണ്ടതാണ്. സംയുക്ത സംരംഭ പ്രോജക്ടുകൾക്ക് പാർട്ട്ണർഷിപ്പ് ഉടമ്പടി, മെമ്മോറാണ്ടം/ആർട്ടിക്കിൾസ് ഓഫ് അസോസിയേഷൻ (കോപ്പറേറ്റീവ് സൊസൈറ്റികൾക്ക്) എന്നിവ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്. സ്വന്തം പേരിലുള്ളതോ ഡയറക്ടർ ബോർഡ് മെമ്പറുടെ ഉടമസ്ഥതയിലുള്ളതോ ആയ സ്ഥലത്താണ് സംരംഭം പ്രവർത്തിക്കുന്നതെങ്കിൽ പ്രസ്തുത സ്ഥാപനത്തിന്റെ നികുതി അടച്ച രസീതിന്റെ പകർപ്പോ പാട്ടത്തിനാണെങ്കിൽ 10 വർഷത്തിനുമുകളിൽ

കാലാവധിയുള്ള പാട്ടക്കരാറിന്റെ പകർപ്പും ഹാജരാക്കേണ്ടതാണ്. പദ്ധതി രൂപരേഖ എസ്.എഫ്.എ.സി.-യുടെ സാങ്കേതിക സമിതിയുടെ വിശദ പരിശോധനയ്ക്ക് വിധേയമാക്കി റിപ്പോർട്ട് നൽകുന്ന മുറയ്ക്ക് ഗവേർണിംഗ് ബോഡിയുടെ അംഗീകാരത്തിനുശേഷം സബ്സിഡി തുക സംരംഭകരുടെ വായ്പ അക്കൗണ്ടിലേയ്ക്ക് ബാക്ക് എൻഡഡ് സബ്സിഡിയായി നിക്ഷേപിക്കുന്നതാണ്. സംരംഭത്തിന്റെ പ്രവർത്തനങ്ങൾ തുടങ്ങി കുറഞ്ഞത് 5 വർഷമെങ്കിലും വിജയകരമായി നടപ്പിലാക്കേണ്ടതാണ്.

2021-22 കാലയളവിൽ സംസ്ഥാന സർക്കാർ MSME പദ്ധതിയിലേയ്ക്ക് 17 സംരംഭകർക്ക് പദ്ധതി ആനുകൂല്യമായി 2,47,74,519/- രൂപ നൽകിയിരുന്നു. 2022-23 കാലയളവിൽ 400 ലക്ഷം രൂപയാണ് ഇതിനായി വകയിരുത്തിയിരിക്കുന്നത്.

കൃഷി ലാഭകരമാക്കുന്നതിന്റെ ഭാഗമായി മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനാവശ്യമായ കർഷക പരിശീലനങ്ങളും മേൽപറഞ്ഞ യൂണിറ്റുകൾക്കാവശ്യമായ അടിസ്ഥാന സൗകര്യവികസനം മൂല്യവർദ്ധനവിനാവശ്യമായ യന്ത്രസാമഗ്രികൾ വാങ്ങുന്നതിനുള്ള സഹായം, ബ്രാൻഡിംഗ്, പായ്ക്കിംഗ്, ലേബലിംഗ് എന്നിവയ്ക്കുള്ള സഹായവും വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി VFPCK ലഭ്യമാക്കിയിട്ടുണ്ട്.

കാർഷികോൽപ്പന്നങ്ങളുടെ മൂല്യവർദ്ധനവും സംസ്കരണവും പ്രോത്സാഹിപ്പിക്കുന്നതിനും സംരംഭകരെ വാർത്തെടുക്കുന്നതിനും വേണ്ട അടിസ്ഥാനസൗകര്യങ്ങൾ ചുരുങ്ങിയ ചെലവിൽ ലഭ്യമാക്കുന്നതിനുമായി എറണാകുളം ജില്ലയിലെ കക്കാട്, പുത്തൻവേലിക്കര, കാഞ്ഞൂർ എന്നീ സ്വാശ്രയ കർഷക സമിതികളിലും കോഴിക്കോട് ജില്ലയിലെ തിരുവമ്പാടി സ്വാശ്രയ കർഷക സമിതിയിലും ഇൻകുബേഷൻ സെന്ററുകൾ തുടങ്ങുന്നതിനുള്ള പദ്ധതിയും നടപ്പിലാക്കിവരുന്നു. സംസ്ഥാനത്ത് കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിനായി VFPCK പായ്ക്ക് ഹൗസുകളും സ്ഥാപിച്ചിട്ടുണ്ട്.

## സുരക്ഷിതവും ആരോഗ്യകരവുമായ മാംസ ഉല്പാദനം

26 (*296) ശ്രീ. സനീഷ്കുമാർ ജോസഫ്:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിരവധി ഇറച്ചിക്കടകൾ തുറസ്സായതും വൃത്തിഹീനവുമായ അന്തരീക്ഷത്തിൽ പ്രവർത്തിക്കുന്നതും

മാലിന്യസംസ്കരണത്തിന് ഫലപ്രദമായ മാർഗ്ഗങ്ങൾ ഇല്ലാതിരിക്കുന്നതും മൃഗസംരക്ഷണ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) സുരക്ഷിതവും ആരോഗ്യകരവുമായ മാംസോല്പാദനത്തിന് കശാപ്പ് പ്രവർത്തനങ്ങൾ, മൂല്യവർദ്ധനവ് എന്നീ മേഖലകളിൽ ശാസ്ത്രീയ അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

1996-ലെ കേരള പഞ്ചായത്ത് രാജ് (കശാപ്പുശാലകളും ഇറച്ചിക്കടകളും) ചട്ടങ്ങൾ പ്രകാരം കശാപ്പുശാലകൾക്കും ഇറച്ചിക്കടകൾക്കും ലൈസൻസ് നൽകുന്നത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ്. പ്രസ്തുത ചട്ടങ്ങൾ പ്രകാരം കശാപ്പുശാലകളുടെ അടിസ്ഥാനസൗകര്യങ്ങൾ, മാലിന്യനിർമ്മാർജ്ജന സംവിധാനങ്ങൾ എന്നിവ നിർവ്വചിച്ചിട്ടുണ്ട്. അപ്രകാരമുള്ള അറവുശാലകൾ നിർമ്മിക്കുന്നതിനും നിലവിലുള്ളവയുടെ അടിസ്ഥാനസൗകര്യം മെച്ചപ്പെടുത്തുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ് പദ്ധതി വിഹിതം ചെലവഴിക്കുന്നത്. സുരക്ഷിതവും ആരോഗ്യകരവുമായ മാംസോല്പാദനത്തിന് ഉപയുക്തമായ രീതിയിൽ പൊതുമേഖലാ സ്ഥാപനമായ മീറ്റ് പ്രോഡക്ട്സ് ഓഫ് ഇൻഡ്യ ഒരു

അത്യാധുനിക അവറ്റയർ (ഹൈടെക് സ്ലോട്ടർ ഹൗസ്) സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഒരു ദിവസം ഒരു ഷിഫ്റ്റിൽ 400 മൃഗങ്ങളെ ഇവിടെ കശാപ്പുചെയ്ത് 26 മെട്രിക് ടൺ ഇറച്ചി ഉല്പാദിപ്പിക്കാനുള്ള ഉല്പാദനശേഷിയുണ്ട്. ഒരു മൂല്യവർദ്ധിത ഇറച്ചി ഉല്പന്ന സംസ്കരണശാല പുനലൂർ, ഏരൂർ പഞ്ചായത്തിൽ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. ഒരു ദിവസം ഒരു ഷിഫ്റ്റിൽ 2 മെട്രിക് ടൺ മൂല്യവർദ്ധിത ഇറച്ചി ഉല്പന്നങ്ങളായ സോസേജ്, കബാബ്, നഗട്ട്സ്, കട്ലെറ്റ്, മീറ്റ് ബോൾ, പച്ചക്കറികൾ മിക്സ് ചെയ്തുള്ള ഉല്പന്നങ്ങൾ, സൂപ്പുകൾ എന്നിവ ഇവിടെ സംസ്കരിക്കാൻ കഴിയും.

സർക്കാർ ഉടമസ്ഥതയിലുള്ള പൊതുമേഖലാ സ്ഥാപനമായ സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷന്റെ (കെപ്കോ) കീഴിൽ പേട്ടയിൽ പ്രവർത്തിക്കുന്ന പ്രോസസിംഗ് പ്ലാന്റ് തികച്ചും ശാസ്ത്രീയവും, ശുചിത്വവും പാലിച്ചുകൊണ്ടുമാണ് പ്രവർത്തിക്കുന്നത്. ഈ പ്ലാന്റിൽനിന്നും ആരോഗ്യദായകവും സംശുദ്ധവുമായ കോഴിയിറച്ചി ഉൽപ്പാദിപ്പിക്കുന്നു.

(സി) ശുദ്ധവും ആരോഗ്യകരവുമായ മാംസ ഉല്പാദനത്തിന് പര്യാപ്തമായ രീതിയിൽ ഈ മേഖലയെ നവീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ (എം.പി.ഐ.) ഗുണമേന്മയുള്ള ഇറച്ചി ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്നു. സംശുദ്ധവും സംപുഷ്ടവും ആരോഗ്യകരവുമായ ഇറച്ചി ഉല്പാദന പ്രക്രിയയാണ് എം.പി.ഐ. സ്വീകരിച്ച് നടപ്പിലാക്കിയിട്ടുള്ളത്. സംശുദ്ധവും സംപുഷ്ടവുമായ ഇറച്ചി ഉല്പന്നങ്ങൾ ഭക്ഷ്യസുരക്ഷാ നിയമം, മൃഗങ്ങൾക്കെതിരെയുള്ള ക്രൂരത നിരോധന നിയമം ഇവ പാലിച്ച് ശാസ്ത്രീയമായ രീതിയിൽ പരിചയസമ്പന്നരായ വെറ്ററിനറി ഡോക്ടർമാർ, ഫുഡ് ടെക്നോളജിസ്റ്റുകൾ, എൻജിനീയർമാർ, മീറ്റ് ടെക്നോളജിയിൽ വൈദഗ്ധ്യം നേടിയവർ എന്നിവരുടെ നേതൃത്വത്തിൽ അത്യാധുനിക സൗകര്യങ്ങളുപയോഗിച്ച് സംസ്കരിച്ച് വിതരണം നടത്തുന്നു. സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ കൊല്ലം ജില്ലയിലെ കോട്ടുക്കലിൽ അത്യന്താധുനിക സജ്ജീകരണങ്ങളോടുകൂടിയ ഒരു മീറ്റ് പ്രോസസിംഗ് പ്ലാന്റിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പ്രാരംഭഘട്ടത്തിലാണ്. തികച്ചും യന്ത്രവൽകൃതമായ നവീന മാതൃകയിലുള്ള ഈ പ്ലാന്റിൽ മണിക്കൂറിൽ 1000 കോഴികളെ പ്രോസസ് ചെയ്യാൻ സാധിക്കും. പരിശുദ്ധവും ആരോഗ്യപ്രദവുമായ കോഴിയിറച്ചി ഈ പ്ലാന്റിൽ നിന്നും ഉല്പാദിപ്പിക്കുന്നു.

## കാർഷിക സ്വയംപര്യാപ്തത

27 (*297) ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി:
ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കെ. ബി. ഗണേഷ് കുമാർ:
ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കാർഷിക സ്വയംപര്യാപ്തമാക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ?

സംസ്ഥാനത്തെ കാർഷിക സ്വയംപര്യാപ്തമാക്കുവാൻ ഉദ്ദേശിച്ച് കൃഷി വകുപ്പ് ദീർഘകാലാടിസ്ഥാനത്തിലും പുതിയതുമായ പല പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. കാർഷിക ഉല്പാദനം വർദ്ധിപ്പിക്കുവാനും സുസ്ഥിര വികസന ലക്ഷ്യങ്ങൾ നേടുന്നതിനുവേണ്ടിയും ഉല്പാദനം, ഉല്പാദനക്ഷമത എന്നീ മേഖലകളിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിച്ചിട്ടുണ്ട്. ഭക്ഷ്യവിളയായ നെല്ല്, പച്ചക്കറി, സുഗന്ധവിളകൾ, പഴവർഗ്ഗങ്ങൾ മുതലായവയുടെ കൃഷി നിലനിർത്തുന്നതിനോടൊപ്പം കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് കൃഷി വ്യാപിപ്പിക്കുന്നതിനും ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു. തെങ്ങിൻ തോട്ടങ്ങളിൽ മെച്ചപ്പെട്ട കാർഷിക പരിപാലനം, ഇടവിള കൃഷി,

സമ്മിശ്രകൃഷി എന്നിവ നടത്തി യൂണിറ്റ് വിസ്തീർണ്ണത്തിൽ പരമാവധി ആദായം വർദ്ധിപ്പിക്കുന്നതിന് സമഗ്രവികസന പദ്ധതിയായ കേരഗ്രാമം, ക്യാമ്പയിൻ അടിസ്ഥാനത്തിൽ തെങ്ങിൻ തോട്ടങ്ങളിൽ പയർ വർഗം, പച്ചിലവളം, പച്ചിലവളപ്രയോഗം, തടം തുറക്കൽ, വളമിടൽ, മറ്റ് കൃഷിപ്പണികൾ, കീടരോഗ നിയന്ത്രണ പദ്ധതി (കേര രക്ഷാ വാരം) എന്നിവ ഈ വർഷം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. കർഷകരുടെ വരുമാനം, സുസ്ഥിരത, ഭക്ഷ്യസുരക്ഷ, പാരിസ്ഥിതിക സ്ഥിരത എന്നിവ മെച്ചപ്പെടുത്തുന്നതിന് ഇപ്പോൾ പിന്തുടരുന്ന വിള-കേന്ദ്രീകൃത സമീപനത്തിന്റെ അപര്യാപ്തത കണക്കിലെടുത്ത് ലഭ്യമായ വിഭവങ്ങൾ സുസ്ഥിരമായ രീതിയിൽ കാര്യക്ഷമമായും വിവേചനപരവുമായി ഉപയോഗിക്കുന്നതിനും ഉറപ്പായ വരുമാനം കർഷകർക്ക് ലഭിക്കുന്നതിനുമായി വിള അടിസ്ഥാനമാക്കിയുള്ള വികസനത്തിൽനിന്നും കൃഷിയിടാധിഷ്ഠിത വികസന സമീപനത്തിന് ഈ വർഷം തുടക്കമിടുന്നു. കാർഷിക മേഖലയിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനും നല്ല ഭക്ഷണം ഉറപ്പുവരുത്തുന്നതിനും എല്ലാ കുടുംബങ്ങളെയും കൃഷിയിലേയ്ക്ക് ആകർഷിക്കുന്നതിനും കൃഷി വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന ജനകീയ തുടർ പദ്ധതിയാണ് "ഞങ്ങളും കൃഷിയിലേയ്ക്ക്". പച്ചക്കറികളുടെയും പഴവർഗ്ഗങ്ങളുടെയും ഉല്പാദനത്തിൽ

കുടുംബങ്ങൾ കേന്ദ്രീകൃതമായ കൃഷിയിലൂടെ സ്വയംപര്യാപ്തതയും പദ്ധതിയുടെ ഭാഗമായി ഉണ്ടാകുന്ന കൃഷിക്കൂട്ടങ്ങളിലൂടെ പ്രാദേശികമായ ഉല്പാദന വർദ്ധനവും സാമ്പത്തിക സ്വയംപര്യാപ്തതയും ലക്ഷ്യമിടുന്നു. ഉല്പാദന സേവന വിപണന മൂല്യവർദ്ധന മേഖലയിൽ പഞ്ചായത്തുകൾ കേന്ദ്രീകരിച്ച് ഉണ്ടാകുന്ന കൃഷിക്കൂട്ടങ്ങൾ ഉല്പാദന വർദ്ധനവിനും അതുവഴി കാർഷിക മേഖലയിലെ വൈവിദ്ധ്യവത്കരണത്തിനും വഴിതെളിക്കുന്നു. ഈ കൃഷിക്കൂട്ടങ്ങളുടെ 80 ശതമാനം ഉല്പാദന മേഖലയിലും 20 ശതമാനം സേവന വിപണന മൂല്യവർദ്ധന മേഖലയിലും ഉണ്ടാകുന്നതോടെ ഉല്പന്നങ്ങൾക്ക് വിപണി കണ്ടെത്തുക, മൂല്യവർദ്ധന ഉല്പന്നങ്ങളുടെ കയറ്റുമതി വർദ്ധിപ്പിക്കുക, കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുക, കാർഷിക മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്നീ ലക്ഷ്യങ്ങളും കൈവരിക്കുന്നതിന് സാധിക്കുന്നു. തരിശുഭൂമികൾ മുഴുവനും യന്ത്രവത്കരണത്തിലൂടെയും സേവനമേഖലയിലെ കൃഷിക്കൂട്ടങ്ങളുടെ ഇടപെടലുകളിലൂടെയും കൃഷിയോഗ്യമാക്കുന്നതോടെ കേരളത്തിലെ കാർഷിക മേഖല യുവാക്കളേയും പ്രവാസികളേയും സ്ത്രീകളേയും ആകർഷിക്കുന്ന തൊഴിൽ മേഖലയായി മാറും.

അന്യസംസ്ഥാനങ്ങളിൽനിന്നും വരുന്ന വിഷലിപ്തമായ പച്ചക്കറികൾ ഒഴിവാക്കി ജൈവ പച്ചക്കറികൾ ഓരോ വീട്ടുമുറ്റത്തും ഉല്പാദിപ്പിക്കുവാൻ

വേണ്ട ബോധവൽക്കരണവും ഉല്പാദന ഉപാധികളുടെ ലഭ്യതയും ഉറപ്പാക്കുന്നതോടൊപ്പം വ്യാവസായികാടിസ്ഥാനത്തിൽ കൃഷി ചെയ്യുന്ന കർഷകരേയും പ്രോത്സാഹിപ്പിക്കുന്നതിനും പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. പദ്ധതിയിലൂടെ കർഷകർക്ക് കൃഷിക്കാവശ്യമായ വിത്ത് മുതൽ വിപണി വരെയുള്ള എല്ലാവിധ സഹായങ്ങളും നൽകി വരുന്നു. വീട്ടുവളപ്പിലെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി സ്കൂൾ വിദ്യാർത്ഥികൾ മുഖേനയും കർഷകർ മുഖേനയും വിവിധയിനങ്ങളടങ്ങിയ പച്ചക്കറി വിത്തുകളും തൈകളും കർഷകർക്ക് സൗജന്യമായി വിതരണം നടത്തി വരുന്നു. ഓണക്കാലത്ത് വിഷരഹിത പച്ചക്കറി ഉല്പാദിപ്പിക്കുന്നതിനായി " ഓണത്തിന് ഒരു മുറം പച്ചക്കറി" പദ്ധതിയും നടപ്പിലാക്കിവരുന്നു. സ്ഥലപരിമിതിമൂലം കൃഷി ചെയ്യാൻ സാധിക്കാത്തവർക്ക് ചെടിച്ചട്ടികളിലുള്ള കൃഷി ലംബകൃഷി (വെർട്ടിക്കൽ ഫാമിംഗ്), ഹൈഡ്രോപോണിക്സ് കൃഷി തുടങ്ങിയ കൃഷി രീതികളും പ്രോത്സാഹിപ്പിച്ചുവരുന്നു. കൂടാതെ വിദ്യാർത്ഥികളിൽ കൃഷി സംസ്കാരവും അഭിരുചിയും പ്രോത്സാഹിപ്പിക്കുന്നതിനായി സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ സ്ഥാപനാടിസ്ഥാനത്തിലുള്ള പച്ചക്കറി കൃഷി എന്ന ഘടകത്തിൽ ഉൾപ്പെടുത്തി സ്കൂൾ വളപ്പിൽ പ്രോജക്ടടിസ്ഥാനത്തിൽ പച്ചക്കറി കൃഷി ചെയ്യുന്നതിന് ധനസഹായം നൽകിവരുന്നു. അദ്ധ്യാപകരുടെ

മേൽനോട്ടത്തിൽ ഇത്തരത്തിൽ പച്ചക്കറി കൃഷി നടപ്പിലാക്കുന്നതിലൂടെ ഒരു കാർഷിക സംസ്കാരം വിദ്യാർത്ഥികളിൽ വളർത്തിയെടുക്കുവാനും വിഷരഹിത പച്ചക്കറിയുടെ പ്രാധാന്യം മനസ്സിലാക്കുന്നതിനും ആരോഗ്യമുള്ള തലമുറയെ വാർത്തെടുക്കുന്നതിനും കഴിയും. വ്യാവസായിക അടിസ്ഥാനത്തിൽ പച്ചക്കറി കൃഷി ചെയ്യുന്ന കർഷകരെ സഹായിക്കുന്നതിനായി ധനസഹായം നൽകി വരുന്നു. ഇതുകൂടാതെ ശീതകാല പച്ചക്കറി ഇനങ്ങൾ കൃഷി ചെയ്യുന്നതിനായും ധനസഹായം നൽകി വരുന്നു. പച്ചക്കറികളുടെ ഗുണനിലവാരം പരിശോധിച്ച് വിഷരഹിത പച്ചക്കറികളുടെ ഉപയോഗം ഉറപ്പുവരുത്തുന്നതിനായി സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ ഒരു ഘടകമായി “ സേഫ് ടു ഈറ്റ്” എന്ന പദ്ധതി ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്നു. ജൈവ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് "ജൈവ കൃഷിയും ഉത്തമ കൃഷി മുറകളും" പദ്ധതി കൃഷി വകുപ്പ് നടപ്പിലാക്കിവരുന്നു. പ്രസ്തുത പദ്ധതി പ്രകാരം ജൈവ കൃഷി പ്രോത്സാഹനമെന്ന ഘടകത്തിൽ പച്ചക്കറി ഉൾപ്പെടെയുള്ള വിവിധ വിളകൾ കൃഷി ചെയ്യുന്ന കർഷകർക്ക് ഒരു ഹെക്ടറിന് 7,500 രൂപ നിരക്കിൽ ആനുകൂല്യം നൽകുന്നു. അപ്രകാരം 2,780 ഹെക്ടറിൽ ജൈവ കൃഷി വ്യാപിപ്പിക്കുന്നതിനായി 208.50 ലക്ഷം രൂപ 2022-23

സാമ്പത്തികവർഷത്തിൽ വകയിരുത്തിയിട്ടുണ്ട്. ഒരു പുരയിടത്തിലെ സാധ്യമായ എല്ലാ ഉല്പാദന ഘടകങ്ങളേയും സമന്വയിപ്പിച്ച് ഒരു കൃഷിയിട ആസൂത്രണം എന്ന സമീപനം നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. ആയതിലേയ്ക്കായി 2022-23 സാമ്പത്തിക വർഷത്തിൽ 10760 ഫാം പ്ലാൻ അധിഷ്ഠിത മാതൃകാത്തോട്ടങ്ങൾ സൃഷ്ടിക്കുന്നതിന് ലക്ഷ്യമിടുന്നുണ്ട്. പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയും പുരയിട കൃഷിയുടെ ഭാഗമായുള്ള പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ലക്ഷ്യമിടുന്നുണ്ട്. കൃഷി വകുപ്പിന്റെ കാര്യക്ഷമമായ ഇടപെടലിലൂടെ സംസ്ഥാനത്തെ പച്ചക്കറി വിസ്തൃതിയും ഉല്പാദനവും വർദ്ധിപ്പിക്കുന്നതിന് സാധിച്ചിട്ടുണ്ട്. 2017-18 വർഷത്തിൽ പച്ചക്കറി വിസ്തൃതി 0.69047 ലക്ഷം ഹെക്ടറും ഉല്പാദനം 10.01 ലക്ഷം മെട്രിക് ടൺ ആയിരുന്നത് 2021-22 സാമ്പത്തിക വർഷത്തിൽ വിസ്തൃതി 1.08 ലക്ഷം ഹെക്ടറും ഉല്പാദനം 16.01 ലക്ഷം മെട്രിക് ടണ്ണായി വർദ്ധിപ്പിക്കുവാനും സാധിച്ചിട്ടുണ്ട്. കാർഷിക സ്വയംപര്യാപ്തത കൈവരിക്കുന്നതിനുവേണ്ടി ഈ സാമ്പത്തികവർഷം നടപ്പിലാക്കുവാനുദ്ദേശിക്കുന്ന പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) കാർഷിക മുന്നേറ്റത്തിന്റെ ആവശ്യകത ബോധ്യപ്പെടുത്തുന്നതിന് സ്കൂൾ, കോളേജ് തലങ്ങളിൽ ഉൾപ്പെടെ പ്രത്യേക പരിപാടികൾ നടപ്പാക്കുമോ?

കാർഷിക മുന്നേറ്റത്തിന് അത്യന്താപേക്ഷിതമായ ഘടകങ്ങളാണ് കൃഷിയിൽ യുവാക്കളുടെയും സ്കൂൾ/കോളേജ് വിദ്യാർത്ഥികളുടെയും പങ്ക്. യുവതലമുറയെ പ്രത്യേകിച്ച് വിദ്യാർത്ഥികളിൽ കാർഷിക സംസ്കൃതി പകർന്ന് കൊടുക്കുന്നതിനും കൃഷിയിലേയ്ക്ക് ആകർഷിക്കുന്നതിനുംവേണ്ടി വിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ച് വിവിധ പദ്ധതികൾ "ഞങ്ങളും കൃഷിയിലേക്ക്" പദ്ധതിയുടെ ഭാഗമായി നടപ്പാക്കിവരുന്നു. പച്ചക്കറി വികസന പദ്ധതിയുടെ ഭാഗമായും കാർഷിക വിജ്ഞാന വ്യാപനം ശക്തിപ്പെടുത്തൽ എന്ന പദ്ധതിയുടെ ഭാഗമായും നിലവിൽ പല ഘടകങ്ങൾ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

a) ഓണത്തിന് ഒരു മുറം പച്ചക്കറി ഉൾപ്പെടെയുള്ള വീട്ടുവളപ്പിലെ പച്ചക്കറി കൃഷി പ്രോത്സാഹനം.

b) സ്ഥാപനങ്ങൾ വഴി പച്ചക്കറി കൃഷി.

c) വിദ്യാർത്ഥികൾ, അദ്ധ്യാപകർ, സ്കൂളുകൾക്ക് അവാർഡുകൾ.

d) കൃഷി പാഠശാല.

e) കൃഷിഭവനകളിൽ ഇന്റേൺഷിപ്പ് പരിപാടി.

(സി) തോട്ടങ്ങളിൽ ഇടവിളയായി കാർഷികോല്പന്നങ്ങൾ കൃഷി ചെയ്യുന്നതിന് കൃഷി വകുപ്പ് നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

റബ്ബർ, കാപ്പി, തേയില, ഏലം എന്നിവയാണ് പ്രധാന തോട്ടവിളകൾ. ഇതിൽ റബ്ബർ, തേയില, കാപ്പി തോട്ടങ്ങളിൽ മാത്രമാണ് ഇടവിള കൃഷിക്ക് സാധ്യതയുള്ളത്. തോട്ടവിളകളുടെ ഇടയിൽ കർഷകർക്ക് വരുമാനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ ഇടവിളകൾ കൃഷി ചെയ്യുന്നതിന് കേരള കാർഷിക സർവ്വകലാശാല വിവിധ മാതൃകകൾ വികസിപ്പിച്ചെടുത്തിട്ടുണ്ട്. തിരുവനന്തപുരത്തെ കരമനയിലുള്ള Cropping System Research Station ഇതിലേയ്ക്കാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളും കേരളത്തിലെ കർഷകർക്ക് നൽകി വരുന്നുണ്ട്.

## കേരള സർവ്വകാലശാലയ്ക്ക് നാക് എ പ്ലസ് പ്ലസ് അക്രഡിറ്റേഷൻ

28 (*298) ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ഡോ. സുജിത് വിജയൻപിള്ള:
ശ്രീ. കെ. യു. ജനീഷ് കുമാർ:

ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു) സദയം മറുപടി നൽകുമോ:

(എ) കേരള സർവ്വകാലശാല NAAC A++ അക്രെഡിറ്റേഷൻ നേടി രാജ്യത്തെ മികച്ച പത്ത് സർവ്വകലാശാലകളിൽ ഒന്നാമതായി മാറിയത് ഉന്നത വിദ്യാഭ്യാസ രംഗത്ത് കുതിച്ചുചാട്ടം സൃഷ്ടിക്കുകയെന്ന ഈ സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യത്തിലേയ്ക്കുള്ള മികച്ച ചുവടുവയ്പായി കണക്കാക്കാമോ?

കണക്കാക്കാവുന്നതാണ്. റാങ്കിംഗും അക്രഡിറ്റേഷനും അടിസ്ഥാനമാക്കി ഉന്നതവിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുകയെന്ന പൊതുനയത്തിന്റെ അടിസ്ഥാനത്തിൽ നടത്തുന്ന പ്രവർത്തനങ്ങളുടെ ഫലം കൂടിയാണ് കേരള സർവ്വകലാശാലയുടെ നേട്ടം.

(ബി) സംസ്ഥാനത്തെ സർവ്വകലാശാലകളുടെ അക്കാദമിക രംഗത്തെ മികവിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്; അദ്ധ്യാപക ഒഴിവുകൾ നികത്തുന്നതിനും അദ്ധ്യാപകരുടെ സ്വയം നവീകരണ പ്രവർത്തനങ്ങൾക്കും പരിശീലന പരിപാടി സംഘടിപ്പിക്കുന്നുണ്ടോ?

സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസ രംഗത്ത് ബൃഹത്തായ മാറ്റങ്ങൾ കൊണ്ടുവരുന്നതിന് താഴെപ്പറയുന്ന സമഗ്രമായ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്:

1. കേരള അക്കാദമിക് ലൈബ്രറി നെറ്റ്‌വർക്കിന്റെ (കാൽനെറ്റ്) വികസനം

2. ഇ-ജേർണൽ കൺസോർഷ്യം
3. ഡിജികോൾ
4. ഓൺലൈൻ ഡിജിറ്റൽ ശേഖരം
5. ഉന്നത വിദ്യാഭ്യാസ സർവ്വേ
6. കേരള ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിം വർക്ക് (KIRF)
7. അദ്ധ്യാപക പരിശീലന പദ്ധതി
8. സ്റ്റേറ്റ് അസസ്മെന്റ് ആന്റ് അക്രഡിറ്റേഷൻ സെൻറർ (SAAC)
9. ബ്രെയിൻ ഗെയിൻ - (ലോകമെമ്പാടുമുള്ള കേരളീയ അക്കാദമിക് ഡയസ്പോറയെ കുറിച്ചുള്ള ഡേറ്റാബേസ്)
10. കോളേജുകളുടെ ക്ലസ്റ്റർ പദ്ധതി (കാസർകോട്, കണ്ണൂർ, പാലക്കാട് എന്നിവടങ്ങളിൽ പുതിയ ക്ലസ്റ്റർ)
11. എറുഡൈറ്റ് സ്കോളർ ഇൻ റെസിഡൻസ് പ്രോഗ്രാം
12. ചീഫ് മിനിസ്റ്റേഴ്സ് നവകേരള പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പ്.

സർവ്വകലാശാലകളിലെ വിവിധ പഠന വകുപ്പുകളിൽ ഒഴിഞ്ഞുകിടക്കുന്ന അദ്ധ്യാപക തസ്തികകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. അദ്ധ്യാപകരുടെ സ്വയം നവീകരണത്തിന്

വേണ്ടിയുള്ള ഫാക്കൽറ്റി ഇൻഡക്ഷൻ പ്രോഗ്രാമുകൾ, റിഫ്രഷർ കോഴ്സ്, നറിഷിംഗ് ദ ഗുരു പ്രോഗ്രാം, മിഡ് സർവ്വീസ് ട്രെയിനിംഗ് പ്രോഗ്രാം, ഫാക്കൽറ്റി ഡെവലപ്മെന്റ് പ്രോഗ്രാം എന്നിവ സംഘടിപ്പിച്ചുവരുന്നു. നാഷണൽ എഡ്യൂക്കേഷൻ പോളിസി, 2020 നടപ്പിലാക്കുന്നതിന് മുന്നോടിയായി യു.ജി.സി. നിർദ്ദേശാനുസരണം അദ്ധ്യാപകർക്കായി ഓൺലൈൻ ശില്പശാലകളും സംഘടിപ്പിച്ചുവരുന്നു.

(സി) കഴിഞ്ഞ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് സർവ്വകലാശാലകളുടെ അടിസ്ഥാനസൗകര്യ നവീകരണത്തിനും വികസനത്തിനും കിഫ്ബി മുഖേനയും ബഡ്ജറ്റിലൂടെയും അനുവദിച്ച പദ്ധതികളെക്കുറിച്ച് അറിയിക്കാമോ?

കഴിഞ്ഞ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് സർവ്വകലാശാലകളുടെ അടിസ്ഥാനസൗകര്യ നവീകരണത്തിനും വികസനത്തിനും കിഫ്ബി മുഖേനയും ബഡ്ജറ്റിലൂടെയും ചുവടെ പറയുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്:

1. ഉന്നതവിദ്യാഭ്യാസ മേഖലയിൽ 3-5 ലക്ഷം പേർക്ക് കൂടി പഠന സൗകര്യങ്ങൾ.

2. ഉന്നത വിദ്യാഭ്യാസ മേഖലയിൽ 1000 അദ്ധ്യാപകരുടെ നിയമനം.

3. സർവ്വകലാശാലകൾക്കുള്ളിൽ 30 മികവിന്റെ കേന്ദ്രങ്ങൾ.

4. 500 പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പുകൾ. മുഖ്യമന്ത്രിയുടെ നവകേരള പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പ് പ്രതിമാസം 1 ലക്ഷം രൂപ വരെ.

5. സർവ്വകലാശാല പശ്ചാത്തല സൗകര്യ വികസനത്തിന് 2,000 കോടി രൂപയുടെ കിഫ്ബി ധനസഹായം.

6. അഫിലിയേറ്റഡ് കോളേജുകൾക്ക് 1,000 കോടി രൂപയുടെ ധനസഹായം.

7. പ്രായോഗിക ജീവിതത്തിന് ഉതകുന്ന രീതിയിൽ ഗവേഷണ മേഖലയെ രൂപപ്പെടുത്തുന്നതിനായി സർവ്വകലാശാലകളിൽ Translational Research Centre-കൾ.

8. സർവ്വകലാശാല ക്യാമ്പസ്സുകളിൽ പുതിയ ഹ്രസ്വകാല കോഴ്സുകളും പി.ജി. കോഴ്സുകളും പ്രോജക്ട് മോഡിൽ ആരംഭിക്കുന്നതിനുള്ള പദ്ധതി.

9. സർവ്വകലാശാല കേന്ദ്രങ്ങളിലെ വിദ്യാർത്ഥികൾക്കായി ഇന്റർനാഷണൽ ഹോസ്റ്റലുകൾ ഉൾപ്പെടെ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പുതിയ ഹോസ്റ്റലുകൾ.

10. സർവ്വകലാശാല ഭരണ, പരീക്ഷാ നടത്തിപ്പ്, അക്കാദമിക് പ്രവർത്തനങ്ങൾ തുടങ്ങിയവ കാലോചിതമായി പരിഷ്കരിക്കുന്നതിനുള്ള കമ്മീഷനുകൾ.

കൂടാതെ, സംസ്ഥാന പദ്ധതി വിഹിതത്തിന്റെ ഭാഗമായി സർവ്വകലാശാലകൾക്ക് ലഭിക്കുന്ന തുക ഗവേഷണ പദ്ധതികൾ, വിവിധ അടിസ്ഥാനസൗകര്യ വികസന പദ്ധതികൾ, സിവിൽ വർക്കുകൾ, പഠനകേന്ദ്രങ്ങളുടെ വികസനം തുടങ്ങിയവയ്ക്ക് വിനിയോഗിച്ചു വരുന്നു.

## പച്ചക്കറി കൃഷിയിൽ കീടനാശിനികളുടെ ഉപയോഗം

29 (*299) ശ്രീ. എ. കെ. എം. അഷ്റഫ്:
ഡോ. എം. കെ. മുനീർ:
ശ്രീ.പി. കെ. ബഷീർ:
ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്) സദയം മറുപടി നൽകുമോ:

(എ) പൊതുവിപണിയിൽ വില്പന നടത്തുന്ന പച്ചക്കറികളിൽ അനുവദനീയ പരിധിക്ക് മുകളിൽ കീടനാശിനി അംശമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ജൈവ പച്ചക്കറികൾ എന്ന ലേബലിൽ വിപണനം നടത്തുന്ന പച്ചക്കറികളിലും കീടനാശിനി അംശമുള്ളതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(എ & ബി) ഉണ്ട്.

(സി) പച്ചക്കറി കൃഷിയിൽ കീടനാശിനികളുടെ ഉപയോഗം നിയന്ത്രിക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

സംസ്ഥാന കൃഷി വകുപ്പ് കേരളത്തിലെ പൊതുവിപണികൾ, കൃഷിയിടങ്ങൾ, ഇക്കോഷോപ്പ്, ജൈവ വിപണി എന്നിവിടങ്ങളിലെ പച്ചക്കറി/പഴവർഗ്ഗങ്ങളിൽ അടങ്ങിയിരിക്കുന്ന കീടനാശിനികളുടെ അളവ് പരിശോധിക്കുന്നതിനായി സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി " സേഫ് ടു ഈറ്റ്" എന്ന ഘടക പ്രകാരം കേരള കാർഷിക സർവ്വകലാശാല കീടനാശിനി അവശിഷ്ട പരിശോധന നടത്തിവരുന്നു. ഇതിലേയ്ക്കായി 2022-23 സാമ്പത്തികവർഷം 20 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. കേരള കാർഷിക സർവ്വകലാശാല നടത്തുന്ന പരിശോധന ഫലം കേരളസർക്കാരിന്റെ ഔദ്യോഗിക വെബ് പോർട്ടലായ www.kerala.gov.in-ലും കേരള കാർഷിക സർവ്വകലാശാലയുടെയും കൃഷി വകുപ്പിന്റെയും വെബ്സൈറ്റുകളിലും പത്രമാധ്യമങ്ങളിലും പ്രസിദ്ധീകരിക്കുന്നുണ്ട്. ഇതുവഴി മാരകമായ കീടനാശിനികളെയും അവയുണ്ടാക്കുന്ന ആരോഗ്യപ്രശ്നങ്ങളെയും സംബന്ധിച്ച് പൊതുജനങ്ങളുടെ ഇടയിൽ അവബോധം സൃഷ്ടിക്കുന്നതിനും കീടനാശിനി ഉപയോഗം

കുറയ്ക്കുന്നതിന് കർഷകരെ പ്രേരിപ്പിക്കുന്നതിനും ഒരു പരിധി വരെ സഹായമാവുന്നു. ഇത് സുരക്ഷിത പച്ചക്കറിയുടെ ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് സഹായമാകുകയും അന്യസംസ്ഥാനത്തുനിന്നും എത്തുന്ന പച്ചക്കറിയുടെ ഉപയോഗം ഒരു പരിധിവരെ കുറയ്ക്കുന്നതിനും സഹായിക്കുന്നു. പച്ചക്കറികളിലെ കീടനാശിനികളിലെ ഉപയോഗം കുറയ്ക്കുന്നതിനായി സംയോജിത സസ്യ ജൈവ സംരക്ഷണത്തെക്കുറിച്ചുള്ള അറിവുകൾ കാർഷിക സർവ്വകലാശാല കർഷകരിലേയ്ക്ക് പരിശീലന പരിപാടികളിലൂടെയുംമറ്റും പകർന്നു കൊടുക്കുന്നുണ്ട്. ഇത്തരത്തിലുള്ള ബോധവൽക്കരണം/പരിശീലനം നടത്തുന്നതിന്റെ ഫലമായി കർഷകരിൽനിന്നും നേരിട്ട് ശേഖരിച്ച പച്ചക്കറികളിലും (18.18 ശതമാനം) ഇക്കോഷോപ്പുകളിലെ പച്ചക്കറികളിലും (15.79 ശതമാനം) എടുത്തിട്ടുള്ള സാമ്പിളുകളിൽ പൊതു വിപണിയുമായി (47.62 ശതമാനം) താരതമ്യം ചെയ്യുമ്പോൾ കീടനാശിനി സാന്നിദ്ധ്യം കുറവുള്ളതായിട്ടാണ് കണ്ടെത്തിയിട്ടുള്ളത്. പച്ചക്കറി കൃഷിയിൽ കീടനാശിനി ഉപയോഗം കുറയ്ക്കുന്നതിനായി വിവിധ ജൈവ കീടനാശിനികൾ കാർഷിക സർവ്വകലാശാല കണ്ടെത്തുകയും അവ കർഷകർക്കായി ശിപാർശ ചെയ്തിട്ടുമുണ്ട്. ഇവ കാർഷിക സർവ്വകലാശാലയുടെ വിവിധ കേന്ദ്രങ്ങളിൽ

കർഷകർക്കായി ലഭ്യമാക്കുന്നുമുണ്ട്. അതുപോലെതന്നെ ജൈവ പച്ചക്കറി കൃഷിയിൽ കർഷകർക്കും കൃഷി ഉദ്യോഗസ്ഥർക്കുമായി പരിശീലനപരിപാടികളും സംഘടിപ്പിച്ചുവരുന്നു. കീടനാശിനികളുടെ വിതരണവും വില്പനയും ഉപയോഗവും ഗുണനിലവാരവും നിയന്ത്രിക്കുന്നതിന് കീടനാശിനി ഡീലർമാർക്കും കീടനാശിനി കൃത്യ അളവിൽ ഉപയോഗിക്കുന്നതിനും ജൈവ കീടനാശിനികളുടെ ഉൽപ്പാദനം വർദ്ധിപ്പിക്കൽ, സംയോജിത കീട നിയന്ത്രണം രാസകീടനാശിനികളുടെ ശാസ്ത്രീയ ഉപയോഗം, മാരക വിഷാംശമുള്ള കീടനാശിനികൾക്കുപകരം വിഷാംശം കുറവുള്ള പുതുതലമുറ കീടനാശിനികളുടെ പ്രോത്സാഹനം എന്നിവ ലക്ഷ്യമിട്ട് സംസ്ഥാനമൊട്ടാകെ 166 ബോധവൽക്കരണ കാമ്പയിനുകൾ കർഷകർക്ക് നൽകുന്നതിന് നടപ്പുസാമ്പത്തിക വർഷത്തിൽ ലക്ഷ്യമിട്ടിരിക്കുന്നു.

" ഞങ്ങളും കൃഷിയിലേയ്ക്ക് " എന്ന പദ്ധതിയുടെ ഭാഗമായി സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഓണത്തിന് വിഷരഹിത പച്ചക്കറികൾ വീട്ടുവളപ്പിൽ നിന്നുതന്നെ ലഭ്യമാക്കുവാനും അതുവഴി അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള പച്ചക്കറികളുടെ ഉപയോഗം ഒരു പരിധിവരെ കുറയ്ക്കുവാനും ഉദ്ദേശിച്ച് ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതി

നടപ്പിലാക്കി വരുന്നുണ്ട്. കൂടാതെ വീട്ടുവളപ്പിലെ പച്ചക്കറി കൃഷിയുടെ പ്രോത്സാഹനത്തിനായി ദീർഘകാല പച്ചക്കറി വിളകളായ മുരിങ്ങ, അഗത്തി, കറിവേപ്പില തുടങ്ങിയവയുടെ തൈകൾ സൗജന്യമായി കർഷകർക്ക് നൽകിവരുന്നു. ഇത്തരത്തിൽ പരമ്പരാഗത ഇനങ്ങൾക്ക് പ്രോത്സാഹനം നൽകുന്നതിലൂടെ കീടനാശിനി ഉപയോഗം പരമാവധി കുറയ്ക്കുന്നതിന് സാധ്യമാകുന്നു. സ്ഥല പരിമിതിമൂലം കൃഷി ചെയ്യാൻ സാധിക്കാത്തവർക്ക് ചെടിച്ചട്ടികളിലുള്ള കൃഷി ലംബകൃഷി (വെർട്ടിക്കൽ ഫാമിംഗ്), ഹൈഡ്രോപോണിക്സ് കൃഷി, തുടങ്ങിയ കൃഷി രീതികൾ പ്രോത്സാഹിപ്പിക്കുന്നതിലൂടെയും വീട്ടുവളപ്പിലെ വിഷരഹിത പച്ചക്കറികൾ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് സാധിക്കുന്നു. ഓരോ കേരളീയ ഭവനവും വിഷരഹിത ഭക്ഷണ ഉൽപ്പാദനത്തിൽ പങ്കാളികളാകുക, സ്ഥായിയായ കാർഷിക മേഖല സൃഷ്ടിക്കുകയെന്ന ലക്ഷ്യത്തോടെ 'ഞങ്ങളും കൃഷിയിലേക്ക്' എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ഈ പദ്ധതിയിൻകീഴിൽ ഉണ്ടാക്കുന്ന ' കൃഷിക്കൂട്ടങ്ങളിലൂടെ '' സുരക്ഷിത പച്ചക്കറി കൃഷി ചെയ്ത് ജനങ്ങളിൽ എത്തിക്കുവാനുമുദ്ദേശിക്കുന്നു. കേന്ദ്രാവിഷ്കൃത പദ്ധതികളായ പരമ്പരാഗത കൃഷി വികാസ് യോജന പ്രകാരം 5 ക്ലസ്റ്ററുകളും, ഭാരതീയ പ്രകൃതി കൃഷി പദ്ധതി (സുഭിക്ഷം സുരക്ഷിതം) പ്രകാരം 164

ക്ലസ്റ്ററുകളും പൂർണ്ണമായും രാസകീടനാശിനികളുടെ ഉപയോഗം ഒഴിവാക്കി ജൈവ കീടനാശിനികൾ ഉപയോഗിക്കുന്നതിന് കർഷകരെ പ്രാപ്തരാക്കുന്നു. പരമ്പരാഗത കൃഷി വികാസ് യോജന പദ്ധതിയിൽ ക്ലസ്റ്ററിൽ അംഗമാകുന്ന കർഷകർക്ക് ജൈവ ഉല്പാദനോപാധികൾ നിർമ്മിക്കുന്നതിന് ധനസഹായവും നൽകുന്നു. കൂടാതെ സുഭിക്ഷം സുരക്ഷിതം- ഭാരതീയ പ്രകൃതി കൃഷി പദ്ധതി പദ്ധതിയിൻകീഴിൽ ഫാർമർ ഇൻട്രസ്റ്റ് ഗ്രൂപ്പുകൾ (എഫ്.ഐ.ജി.) വഴി ജൈവ ഉല്പാദനോപാധികൾ ഉല്പാദിപ്പിച്ച് ക്ലസ്റ്ററിലെ മറ്റ് കർഷകർക്ക് സൗജന്യമായി നൽകുന്നതിന് ഒരു കൃഷിഭവന്റെ കീഴിൽ ഒരു ഫാർമർ ഇൻട്രസ്റ്റ് ഗ്രൂപ്പ് എന്ന കണക്കിൽ പ്രവർത്തിക്കുന്നു. കൂടാതെ 2022-23 നടപ്പുസാമ്പത്തികവർഷം സംസ്ഥാനത്ത് ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാർ ജൈവ കൃഷിയും ഉത്തമ കൃഷി മുറകളും എന്ന പദ്ധതി നടപ്പിലാക്കുന്നു. പ്രസ്തുത പദ്ധതിയിൽ 2022-23 സാമ്പത്തികവർഷത്തിൽ ജൈവ കൃഷി പ്രോത്സാഹിപ്പിക്കുകയും മണ്ണിന്റെ ഫലഭ്രുയിഷ്ഠിത വർദ്ധിപ്പിക്കുന്നതിനും പയറുവർഗ്ഗത്തിൽപ്പെട്ട പച്ചിലവളങ്ങൾ കൃഷി ചെയ്യുന്നതിനും ജൈവ ഉല്പന്നങ്ങൾ വില്പന നടത്തുന്നതിനും ഹൈടെക്ക് ഓർഗാനിക് സൂപ്പർ

മാർക്കറ്റുകൾ തുടങ്ങിയവ സ്ഥാപിക്കുന്നതിനുമായി വിവിധ ഘടകങ്ങളിൽ ഉൾപ്പെടുത്തി 600 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

## ഉന്നത വിദ്യാഭ്യാസ മേഖലയിൽ പഠനത്തോടൊപ്പം വരുമാനം

30 (*300) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ:
ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. കെ. എം. സച്ചിൻദേവ്:
ശ്രീ. എം. മുകേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉന്നതവിദ്യാഭ്യാസ രംഗത്ത് നടത്താനുദ്ദേശിക്കുന്ന പരിഷ്കാരങ്ങളുമായി ബന്ധപ്പെട്ട് നടക്കുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; വിശദാംശം നൽകാമോ?

സംസ്ഥാനത്ത് ഉന്നതവിദ്യാഭ്യാസ രംഗത്ത് ബൃഹത്തായ മാറ്റങ്ങൾ കൊണ്ടുവരുന്നതിന് സമഗ്രമായ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ആയതിലേയ്ക്കായി ഉന്നതവിദ്യാഭ്യാസത്തിന്റെ ഘടനയും ഉള്ളടക്കവും പരിഷ്കരിക്കുന്നതിന് മൂന്ന് കമ്മീഷനുകളെ നിയമിച്ചിട്ടുണ്ട്. പ്രസ്തുത

പരിഷ്കരണ കമ്മീഷനുകൾ ഊന്നൽ നൽകുന്ന വിഷയങ്ങൾ ചുവടെ ചേർക്കുന്നു.

1. ഗുണമേന്മ, സമത, സാമൂഹ്യനീതി ഇവയിൽ അധിഷ്ഠിതമായി വിപുലമായ പ്രാപ്യത സംവിധാനം ഒരുക്കുക.

2. അക്കാദമിക സ്വയംഭരണവും മേന്മയും ഉറപ്പാക്കുന്നതിനാവശ്യമായ സ്ഥാപന വികസനം ലക്ഷ്യമിടുക.

3. ഉള്ളടക്കത്തിലും വിലയിരുത്തലിലും ഉൾപ്പെടെയുള്ള കരിക്കുലം പരിഷ്കരണം.

4. വിദ്യാർത്ഥികളും അദ്ധ്യാപകരുമടങ്ങുന്ന അക്കാദമിക് സമൂഹത്തിൽ വിശ്വാസത്തിന്റെയും, മാന്യതയുടെയും, സ്വാതന്ത്ര്യത്തിന്റെയും അന്തരീക്ഷം സൃഷ്ടിക്കുക.

5. സർവ്വകലാശാലകളിലെയും കോളേജുകളിലെയും വിവിധ ശ്രേണിയിൽപ്പെട്ട അദ്ധ്യാപകർക്കിടയിൽ സമത്വവും സഹകരണവും സൃഷ്ടിക്കുക.

6. സംസ്ഥാനത്തിന്റെ ആവശ്യങ്ങളും അഭിലാഷങ്ങളും

നിറവേറ്റാനുതകുംവിധം നൂതനവും വൈവിധ്യവുമുള്ള സ്ഥാപനങ്ങൾ, പ്രോഗ്രാമുകൾ, കോഴ്സുകൾ എന്നിവ രൂപപ്പെടുത്തുക.

7. സർവ്വകലാശാലാ ഭരണ സംവിധാനത്തിന്റെ അക്കാദമികവും ഭരണ പരവുമായ മാനങ്ങൾ വ്യക്തമായി രേഖപ്പെടുത്തുക.

8. അക്കാദമിക സ്വാതന്ത്ര്യവും സ്വയംഭരണവും സൃഷ്ടിക്കാൻ ആവശ്യമായ അന്തരീക്ഷം ഒരുക്കുക.

സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ മേഖലയിലെ വിവിധ പ്രവർത്തനങ്ങൾക്കായി 2022-23 സാമ്പത്തികവർഷം നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. കേരള അക്കാദമിക് ലൈബ്രറി നെറ്റ്‌വർക്കിന്റെ (കാൽനെറ്റ്) വികസനം

2. ഇ-ജേർണൽ കൺസോർഷ്യം

3. ഡിജികോൾ

4. ഓൺലൈൻ ഡിജിറ്റൽ ശേഖരം

5. ഉന്നത വിദ്യാഭ്യാസ സർവ്വേ

6. കേരള ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിം വർക്ക് (KIRF)

7. അദ്ധ്യാപക പരിശീലന പദ്ധതി

8. സ്റ്റേറ്റ് അസസ്സ്മെന്റ് ആൻഡ് അക്രഡിറ്റേഷൻ സെൻറർ (SAAC)

9. ബ്രെയിൻ ഗെയിൻ - ലോകമെമ്പാടുമുള്ള കേരളീയ അക്കാദമിക് ഡയസ്പോറയെക്കുറിച്ചുള്ള ഡേറ്റാബേസ്

10. കോളേജുകളുടെ ക്ലസ്റ്റർപദ്ധതി (കാസർകോട്, കണ്ണൂർ, പാലക്കാട് എന്നിവിടങ്ങളിൽ പുതിയ ക്ലസ്റ്റർ)

11. എറുഡൈറ്റ് സ്കോളർ ഇൻ റെസിഡൻസ് പ്രോഗ്രാം

12. ചീഫ് മിനിസ്റ്റേഴ്സ് നവകേരള പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പ്

(ബി) പഠനത്തോടൊപ്പം വരുമാനമെന്ന ആശയവുമായി ബന്ധപ്പെട്ട് ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നടത്തിവരുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ?

കോളേജ് വിദ്യാർത്ഥികൾക്ക് പഠനത്തോടൊപ്പം തൊഴിൽ നൈപുണ്യവും അതോടൊപ്പം സമ്പാദ്യശീലവും വളർത്തുന്നതിനായി കഴിഞ്ഞ സാമ്പത്തികവർഷം മുതൽ നടപ്പിലാക്കിവരുന്ന പദ്ധതിയാണ് Earn While You Learn (EWYL). പദ്ധതിയുടെ ഭാഗമായി എല്ലാ സർക്കാർ കോളേജുകളിലെയും വിദ്യാർത്ഥികൾക്ക് വിവിധ പ്രവർത്തനങ്ങൾ നടത്തി അതിലൂടെ വരുമാനം നേടുന്നതിനായി തുക അനുവദിച്ച് നൽകിയിട്ടുണ്ട്. അനുവദിച്ച തുക പ്രയോജനപ്പെടുത്തി വിദ്യാർത്ഥികൾക്ക് ഡോക്യുമെന്റേഷൻ, ഡിജിറ്റലൈസേഷൻ, വെബ് ഡിസൈനിംഗ്, ഡാറ്റാ

എൻട്രി, തയ്യൽ, കമ്പ്യൂട്ടർ റിപ്പയർ, സോപ്പ്, ആഭരണങ്ങൾ, ഡോൾ മേക്കിംഗ്, എൽ.ഇ.ഡി. ബൾബ് നിർമ്മാണം തുടങ്ങിയവയിൽ പരിശീലനം നൽകുകയും പരിശീലനത്തിനുശേഷം വിദ്യാർത്ഥികൾ ഉണ്ടാക്കിയ ഉല്പന്നങ്ങൾ വിറ്റഴിച്ച് ലാഭം നേടുവാനും കഴിഞ്ഞിട്ടുണ്ട്. നടപ്പ് സാമ്പത്തികവർഷം ഈ പദ്ധതിയിൽ ഉൾപ്പെടുത്തി എല്ലാ സർക്കാർ കോളേജുകളിലും അടുക്കളത്തോട്ടം സജ്ജമാക്കുന്നതിനും തുക അനുവദിച്ച് നൽകിയിട്ടുണ്ട്. പഠനത്തോടൊപ്പം വരുമാനവും (Earn While You Learn) എന്ന ആശയത്തിലൂന്നി ക്യാമ്പസുകളെ ഉൽപാദന കേന്ദ്രങ്ങളാക്കി മാറ്റുകയും വിദ്യാർത്ഥികൾക്ക് പഠനത്തോടൊപ്പം വരുമാനമാർഗവും കണ്ടെത്താൻ സാധിക്കുന്ന തരത്തിൽ അസാപിലൂടെ ഗവൺമെന്റ് പോളിടെക്നിക്ക് കോളേജുകളിൽ നടപ്പിലാക്കുന്ന പദ്ധതിയാണ് ഇൻഡസ്ട്രി ഓൺ ക്യാമ്പസ്.

വിദ്യാർത്ഥികൾക്ക് തിയറികളിൽ നിന്നുള്ള അറിവിനുപുറമേ പ്രായോഗികമായ അറിവുകൾ നേരിട്ട് ചെയ്തുപഠിക്കാനുള്ള അവസരമൊരുക്കുന്നതിനായി കേരളത്തിലെ 41 പോളിടെക്നിക്കുകളിലായി ആറര കോടി രൂപയുടെ ഉപകരണങ്ങളും, ആധുനിക യന്ത്രങ്ങളും, 6 ഫാബ് ലാബുകളും അസാപ് സജ്ജമാക്കിയിട്ടുണ്ട്.

(സി) കലാലയങ്ങളിൽ ലിംഗനീതിയും സാമൂഹ്യനീതിയും ഉറപ്പുവരുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

കലാലയങ്ങളിൽ ലിംഗസമത്വം ഉറപ്പാക്കുന്നതിനായി കോളേജ് വിദ്യാഭ്യാസവകുപ്പിന്റെ ആഭിമുഖ്യത്തിൽ "സമഭാവനയുടെ സൽക്കലാശാലകൾ" എന്ന പേരിൽ ജെൻഡർ സെൻസിറ്റൈസേഷൻ പരിപാടി വികസിപ്പിക്കുന്നതിന് 2 ദിവസത്തെ ശിൽപ്പശാല സംഘടിപ്പിക്കുകയുണ്ടായി. പ്രസ്തുത ശിൽപ്പശാലയിൽ കലാലയങ്ങളിൽ ലിംഗനീതിയും, സാമൂഹ്യനീതിയും ഉറപ്പാക്കുന്നതിനായി സ്വീകരിക്കേണ്ട നടപടികളുടെ വിവിധ മൊഡ്യൂളുകൾ ചർച്ച ചെയ്യുകയുണ്ടായി. ചർച്ചയിൽ ഉരുത്തിരിഞ്ഞ തീരുമാനങ്ങൾ ഏകീകരിച്ച് കോളേജുകളിൽ ലിംഗനീതിയും സാമൂഹ്യനീതിയും എന്ന വിഷയത്തിൽ ക്ലാസുകൾ ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

## (ii) <u>നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ</u>

### <u>തരിശുനിലങ്ങൾ കൃഷിയോഗ്യമാക്കലും കോൾനിലങ്ങളുടെ സംരക്ഷണവും</u>

1 (3359) <u>ശ്രീ. പി. മമ്മിക്കുട്ടി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുഭിക്ഷ കേരളം പദ്ധതിയിലൂടെ തരിശുനിലങ്ങളിൽ പുതിയതായി കൃഷിയിറക്കിയതിന്റെ ഫലമായി പാലക്കാട് ജില്ലയിലെ നെൽകൃഷിയിൽ എത്ര വർദ്ധനവുണ്ടായെന്ന് വിശദമാക്കാമോ?

"സുഭിക്ഷ കേരളം" പദ്ധതിയിലൂടെ തരിശുനിലങ്ങളിൽ പുതിയതായി കൃഷിയിറക്കിയതിന്റെ ഫലമായി പാലക്കാട് ജില്ലയിലെ നെൽകൃഷി വിസ്തൃതിയിൽ 132.81775 ഹെക്ടർ വർദ്ധനവുണ്ടായിട്ടുണ്ട്. പദ്ധതി പ്രകാരം തരിശുനിലങ്ങളിൽ നെൽകൃഷി നടപ്പിലാക്കിയതിന് ആനുകൂല്യമായി 35,000 രൂപ കർഷകനും 5,000 രൂപ ഭൂവുടമകൾക്കും ചേർത്ത് ആകെ സഹായധനമായി ഹെക്ടറൊന്നിന് 40,000 രൂപ പ്രകാരം വിതരണം ചെയ്തു. തരിശുനെൽകൃഷി നടപ്പിലാക്കിയതിന്റെ ബ്ലോക്ക് തിരിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) വെള്ളപ്പൊക്കത്തിൽനിന്നും കോൾനിലങ്ങളെ സംരക്ഷിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു; വിശദമാക്കാമോ?

വെള്ളപ്പൊക്കത്തിൽനിന്നും തൃശ്ശൂർ, പൊന്നാനി മേഖലകളിൽ ഉൾപ്പെടുന്ന കോൾനിലങ്ങളെ സംരക്ഷിക്കുന്നതിനായി റീബിൾഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതി പ്രകാരം സർക്കാർ 298 കോടി രൂപ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വകയിരുത്തിയിട്ടുള്ളതാണ്. ആയതുപ്രകാരം തൃശ്ശൂർ ജില്ലയിൽ ഇതിനോടകം അനുവദിച്ച ഫണ്ട് ഉപയോഗപ്പെടുത്തി കെ.എൽ.ഡി.സി., കെയ്ക്കോ, കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയർ കെ.എസ്.ഇ.ബി. എന്നീ പദ്ധതി നിർവ്വഹണ ഏജൻസികൾ മുഖേന ചാലുകൾ ആഴംകൂട്ടൽ, കിട, റാമ്പ്, സ്ലൂയിസ്, ബണ്ട് എന്നിവയുടെ നിർമ്മാണം, കോൾ പാടശേഖരങ്ങളിലെ പെട്ടി-പറ മാറ്റി സബ് ഇമ്മേഴ്സിബിൾ പമ്പ്സെറ്റ് സ്ഥാപിക്കൽ, ട്രാൻസ്ഫോമറുകൾ സ്ഥാപിക്കൽ എന്നീ പ്രവൃത്തികൾ ചെയ്തുവരുന്നു.

മലപ്പുറം ജില്ലയിൽ പെരുമ്പടപ്പ് ബ്ലോക്കിനുകീഴിൽ ഗ്രാമപഞ്ചായത്തുകൾ തൊഴിലുറപ്പ് പദ്ധതി പ്രകാരം കോൾനിലങ്ങളുടെ അടിത്തോടുകളും ഉൾത്തോടുകളും വൃത്തിയാക്കിയിട്ടുണ്ട്. കൂടാതെ ആർ.കെ.ഐ. പദ്ധതി പ്രകാരം കെ.എൽ.ഡി.സി. കോൾനിലങ്ങളുടെ ബണ്ട് മണ്ണിട്ട് ബലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. തവനൂർ ബ്ലോക്കിനുകീഴിൽ കോൾ ബണ്ടുകൾ ബലപ്പെടുത്തുന്നതിന് 5 കിലോമീറ്റർ കയർ ഭൂവസ്ത്രം വിരിച്ചു. കൂടാതെ കോളുകളിൽ ഒരേസമയം കൃഷിയിറക്കുന്നതിനും മൂപ്പ് കുറഞ്ഞ വിത്തുകൾ ഉപയോഗിക്കുന്നതിനും പാടശേഖരസമിതിയുമായി ധാരണയിലെത്തിയിട്ടുണ്ട് (ക്രോപ് കലണ്ടർ പ്രകാരം). വെള്ളം ഒഴിഞ്ഞുപോകുന്നതിനുള്ള സ്ലൂയിസുകൾ തുറന്ന് വെള്ളത്തിന്റെ ഒഴുക്ക്

സുഗമമാക്കിയിട്ടുണ്ട്. ഉൾത്തോടുകളും സ്ലൂയിസുകളും വൃത്തിയാക്കി വെള്ളം കെട്ടിനിൽക്കുന്നത് ഒഴിവാക്കിയിട്ടുണ്ട്. ജലസേചന വകുപ്പുമായി ബന്ധപ്പെട്ട് ബിയം റെഗുലേറ്റർ-കം-ബ്രിഡ്ജ് തുറന്ന് വെള്ളം ഒഴുകുന്നതിന് സംവിധാനം ഒരുക്കിയിട്ടുണ്ട്. കൂടാതെ പെട്ടി-പറ, പമ്പ് സെറ്റുകൾ എന്നിവയ്ക്ക് കേടുപറ്റാതിരിക്കാൻ ഇലക്ട്രിക് കണക്ഷനുകൾ വിച്ഛേദിച്ച് സുരക്ഷിതമായി മാറ്റി സൂക്ഷിച്ചിട്ടുണ്ട്.

## സംസ്ഥാനത്തിന്റെ ഭൂവിനിയോഗ ക്രമത്തിലും വിള ക്രമത്തിലും വന്ന മാറ്റം

2 (3360) ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. സജീവ് ജോസഫ്:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ ഭൂവിനിയോഗക്രമത്തിലും വിളക്രമത്തിലും വന്ന മാറ്റം സംസ്ഥാനത്തെ ഭക്ഷ്യസുരക്ഷയ്ക്കും പാരിസ്ഥിതിക സുസ്ഥിരതയ്ക്കും ഗുരുതരമായ ഭീഷണി ഉയർത്തുന്ന സാഹചര്യം ഉണ്ടായിട്ടുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ?

പരിശോധിച്ചിട്ടുണ്ട്. ആയതിന്റെയടിസ്ഥാനത്തിൽ കേരള നെൽവയൽ - തണ്ണീർത്തട സംരക്ഷണ നിയമം 2008 നടപ്പിലാക്കിയിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ മൊത്തം കൃഷി വിസ്തൃതിയിലും ഒന്നിൽ കൂടുതൽ പ്രാവശ്യം കൃഷിയിറക്കുന്ന സ്ഥലത്തിന്റെ വിസ്തൃതിയിലും കുറവുണ്ടാകുന്നതും കാർഷികേതര ആവശ്യങ്ങൾക്കുള്ള ഭൂവിനിയോഗം വർദ്ധിക്കുന്നതും ഗൗരവത്തോടെ പരിഗണിച്ചിട്ടുണ്ടോ?

ഉണ്ട്. 2019-20-നെ അപേക്ഷിച്ച് 2020-21-ൽ കാർഷികേതര ആവശ്യങ്ങൾക്കായി നീക്കിവച്ചിരിക്കുന്ന ഭൂമിയിൽ 1.1 ശതമാനത്തിന്റെ വർദ്ധനവും വിവിധ വൃക്ഷവിളകൾക്ക് നീക്കിവച്ചിട്ടുള്ള ഭൂമിയുടെ വിസ്തൃതി 12.9 ശതമാനത്തിന്റെ വർദ്ധനവുമുണ്ടായി. മൊത്തം കൃഷി വിസ്തൃതി കഴിഞ്ഞ അഞ്ചുവർഷത്തിൽ 20.15 ലക്ഷം ഹെക്ടറിൽനിന്നും 20.35 ലക്ഷം ഹെക്ടറായി വർദ്ധിച്ചു. ഒന്നിൽ കൂടുതൽ പ്രാവശ്യം കൃഷിയിറക്കുന്ന സ്ഥലത്തിന്റെ വിസ്തൃതി 2019-20 - 2020-21 കാലഘട്ടത്തിൽ നേരിയ കുറവ് (4.74 ശതമാനം) ഉണ്ടായിട്ടുണ്ട്.

(സി) ഇക്കാര്യത്തിൽ കർഷകരെ ബോധവൽക്കരിച്ചുകൊണ്ട് പാരിസ്ഥിതിക സുസ്ഥിരത നിലനിർത്താൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

പാരിസ്ഥിതിക സുസ്ഥിരതകൂടി ലക്ഷ്യം വച്ച് കേരളത്തിലെ മണ്ണിന്റെയും, ഭൂപ്രകൃതിയുടെയും പാരിസ്ഥിതികമായ പ്രത്യേകതകളുടേയും

അടിസ്ഥാനത്തിൽ വിവിധ കാർഷികമേഖലകളായി തിരിച്ച് ഓരോ മേഖലയിലും ഏറ്റവുമനുയോജ്യമായ കൃഷി രീതികളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ട്. ഇതുപ്രകാരം കേരളത്തിലെ കാർഷികമേഖലയെ കാലാവസ്ഥ, ഭൂപ്രകൃതി, ഭൂവിനിയോഗം, മണ്ണിന്റെ വൈവിദ്ധ്യം എന്നിവയെ അടിസ്ഥാനമാക്കി 5 അഗ്രോ ഇക്കോളജിക്കൽ സോൺ അഥവാ AEZ (കാർഷിക പാരിസ്ഥിതിക മേഖല) ആയി വിഭജിച്ചിട്ടുണ്ട്. കേരള സംസ്ഥാന ആസൂത്രണ ബോർഡിന്റെ 2015-ലെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മേല്പറഞ്ഞ സോണുകളെ മണ്ണ്, കാലാവസ്ഥ, ഭൂപ്രകൃതി, കൃഷി സമ്പ്രദായം മുതലായവ അടിസ്ഥാനമാക്കി 23 അഗ്രോ ഇക്കോളജിക്കൽ യൂണിറ്റുകളായി വിഭജിച്ചിട്ടുണ്ട്. ഓരോ കാലാവസ്ഥയ്ക്കും മണ്ണിനും അനുയോജ്യമായ വിളകൾക്കാണ് അഗ്രോ ഇക്കോളജിക്കൽ യൂണിറ്റിൽ പദ്ധതികൾ ആസൂത്രണം ചെയ്യുന്നത്. നിലവിൽ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് നടപ്പിലാക്കുന്ന വിള അടിസ്ഥാനമായുള്ള എല്ലാ പദ്ധതികളും അഗ്രോ ഇക്കോളജിക്കൽ സോൺ അടിസ്ഥാനമാക്കിയാണ് നടത്തുന്നത്. കാർഷിക ആവാസ യൂണിറ്റടിസ്ഥാനത്തിലുള്ള കൃഷിയെന്ന ആശയത്തെ സംബന്ധിച്ച് കർഷകർക്ക് അവബോധം നൽകുന്നതുകൂടാതെ ലാഭകരമായി കൃഷി ചെയ്യുന്നതിനാവശ്യമായ ശാസ്ത്രീയവും സാങ്കേതികവുമായ വശങ്ങളെ

സംബന്ധിച്ചുള്ള സമകാലിക വിവരങ്ങൾ പ്രദാനം ചെയ്യുവാൻ 'കൃഷി പാഠശാല' എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. വിവിധ പദ്ധതികൾക്കുകീഴിൽ നിർദ്ദേശിച്ചിട്ടുള്ള പരിശീലന, ബോധവൽക്കരണ പരിപാടികൾ കൃഷി പാഠശാല പദ്ധതിയിലൂടെ നടപ്പിലാക്കിവരുന്നു. കൃഷിവകുപ്പിന്റെ ഫാമുകളിലും പ്രത്യേകം തെരഞ്ഞെടുത്ത പ്രദേശങ്ങളിലും കാർബൺ ന്യൂട്രൽ ഫാമിംഗ് പ്രോത്സാഹിപ്പിക്കുന്നതിനുള്ള ദൗത്യം ആരംഭിച്ചിട്ടുണ്ട്. കാർഷികേതര ആവശ്യങ്ങൾക്ക് നെൽവയലുകളും തണ്ണീർത്തടങ്ങളും പരിവർത്തനപ്പെടുത്തുന്നത് തടയാൻ നെൽവയൽ-തണ്ണീർത്തട നിയമം നടപ്പിലാക്കിയിട്ടുണ്ട്. കോവിഡ് മഹാമാരിയുടെ ആഘാതത്തിൽ ബുദ്ധിമുട്ടനുഭവിക്കുന്ന കർഷകർക്ക് ഒരു കൈത്താങ്ങായാണ് സംസ്ഥാന സർക്കാർ സുഭിക്ഷ കേരളം പദ്ധതി 2020-21, 2021-22 സാമ്പത്തികവർഷങ്ങളിൽ നടപ്പിലാക്കിയത്. കാർഷികമേഖലയിൽ തരിശുനില കൃഷി ഈ പദ്ധതിയുടെ ഒരു പ്രധാന ഘടകമായിരുന്നു. സംസ്ഥാനത്തെ ഓരോ വ്യക്തിയെയും കൃഷിയിലേയ്ക്ക് ആകർഷിക്കുവാനും സ്വന്തമായി കൃഷി ചെയ്യുന്നതിന് പ്രേരണ നൽകുന്നതിനും അതുവഴി കാർഷികമേഖലയിൽ ജനകീയ മുന്നേറ്റം സൃഷ്ടിക്കുകയെന്ന ലക്ഷ്യത്തോടെ "ഞങ്ങളും കൃഷിയിലേക്ക്" എന്ന പരിപാടി ആവിഷ്കരിച്ച്

നടപ്പിലാക്കിവരുന്നു. പരമാവധി കൃഷിയോഗ്യമായ സ്ഥലങ്ങളിൽ കൃഷിയിറക്കുന്നതിന് ഈ പദ്ധതി സഹായകരമാകുന്നു. കാർഷികേതര ആവശ്യങ്ങൾക്ക് നെൽവയലുകൾ ഉപയോഗിക്കുന്നതിന്റെ പ്രവണത കുറയ്ക്കാനും നെൽകൃഷി നിലനിർത്താനും നെൽവയലുകളുടെ ഉടമസ്ഥർക്ക് ഹെക്ടറിന് 3,000 രൂപ നിരക്കിൽ റോയൽറ്റി നൽകിവരുന്നു. ഇത്തരത്തിൽ കർഷകരെ ബോധവൽക്കരിച്ചുകൊണ്ടും പരിശീലിപ്പിച്ചുകൊണ്ടും പാരിസ്ഥിതിക സുസ്ഥിരത നിലനിർത്തുവാൻ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് നടപടികൾ സ്വീകരിച്ചുവരുന്നു.

<u>പച്ചക്കറി ഉല്പാദനത്തിൽ സ്വയംപര്യാപ്തത</u>

3(3361) <u>ശ്രീ. പി. കെ. ബഷീർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പച്ചക്കറി ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുന്നതെന്ന് വിശദമാക്കുമോ?

സംസ്ഥാനത്തെ പച്ചക്കറിയുല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് ലക്ഷ്യമിട്ട് കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് വിഭാവനം ചെയ്തിട്ടുള്ള ബൃഹത് പദ്ധതിയാണ് 'സമഗ്ര പച്ചക്കറി വികസന

പദ്ധതി'. പ്രസ്തുത പദ്ധതിയിൽ അന്യസംസ്ഥാനങ്ങളിൽനിന്നും വരുന്ന പച്ചക്കറികൾ ഒഴിവാക്കി സംസ്ഥാനത്തിനാവശ്യമായ പച്ചക്കറികൾ വ്യാവസായികാടിസ്ഥാനത്തിലും വീട്ടുവളപ്പുകളിലും ഉല്പാദിപ്പിക്കുവാൻ വേണ്ട ബോധവൽക്കരണവും ഉല്പാദനോപാധികളുടെ ലഭ്യതയും ഉറപ്പാക്കുവാൻ വേണ്ടിയുള്ള വിവിധ ഘടകങ്ങൾ വിഭാവനം ചെയ്ത് നടപ്പിലാക്കിവരുന്നു. ഇതിലേയ്ക്കായി 2022-23 സാമ്പത്തികവർഷം 6220 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. വീട്ടുവളപ്പിലെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി സ്കൂൾ വിദ്യാർത്ഥികൾ മുഖേനയും കർഷകർ മുഖേനയും വിവിധയിനങ്ങളടങ്ങിയ പച്ചക്കറി വിത്തുകളും തൈകളും കർഷകർക്ക് സൗജന്യമായി വിതരണം നടത്തിവരുന്നുണ്ട്. വിദ്യാർത്ഥികളിൽ കൃഷി സംസ്കാരവും അഭിരുചിയും പ്രോത്സാഹിപ്പിക്കുന്നതിനായി സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ സ്ഥാപനാടിസ്ഥാനത്തിലുള്ള പച്ചക്കറികൃഷിയെന്ന ഘടകത്തിൽ ഉൾപ്പെടുത്തി സ്കൂൾ വളപ്പിൽ പ്രോജക്ടടിസ്ഥാനത്തിൽ പച്ചക്കറി കൃഷി ചെയ്യുന്നതിന് ധനസഹായം നൽകിവരുന്നു. ഓണക്കാലത്ത് വിഷരഹിത പച്ചക്കറി ഉല്പാദിപ്പിക്കുന്നതിനായി " ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതി" നടപ്പിലാക്കിവരുന്നു. അദ്ധ്യാപകരുടെ മേൽനോട്ടത്തിൽ ഇത്തരത്തിൽ പച്ചക്കറികൃഷി നടപ്പിലാക്കുന്നതിലൂടെ ഒരു കാർഷിക

സംസ്കാരം വിദ്യാർത്ഥികളിൽ വളർത്തിയെടുക്കുവാനും വിഷരഹിത പച്ചക്കറിയുടെ പ്രധാന്യം മനസ്സിലാക്കുന്നതിനും സാദ്ധ്യമാകുന്നു. ഇതുവഴി ആരോഗ്യമുള്ള തലമുറയെ വാർത്തെടുക്കുന്നതിനും കഴിയും. സ്ഥലപരിമിതിമൂലം കൃഷി ചെയ്യാൻ സാധിക്കാത്തവർക്ക് ചെടിച്ചട്ടികളിലുള്ള കൃഷി, ലംബകൃഷി (വെർട്ടിക്കൽ ഫാമിംഗ്), ഹൈഡ്രോപോണിക്സ് കൃഷി, തുടങ്ങിയ കൃഷി രീതികൾ പ്രോത്സാഹിപ്പിച്ചുവരുന്നു. വ്യാവസായികാടിസ്ഥാനത്തിൽ പച്ചക്കറികൃഷി ചെയ്യുന്ന കർഷകരെ സഹായിക്കുന്നതിനും ശീതകാല പച്ചക്കറി ഇനങ്ങൾ കൃഷി ചെയ്യുന്നതിന് പ്രത്യേകമായും ധനസഹായം നൽകിവരുന്നു. പച്ചക്കറികളുടെ ഗുണനിലവാരം പരിശോധിച്ച് വിഷരഹിത പച്ചക്കറികളുടെ ഉപയോഗം ഉറപ്പുവരുത്തുന്നതിനായി സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ ഒരു ഘടകമായി " സേഫ് ടു ഈറ്റ്" എന്ന പദ്ധതി ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) പച്ചക്കറി കൃഷിചെയ്യുന്ന കർഷകർക്ക് നിലവിൽ എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകുന്നതെന്നറിയിക്കുമോ?

കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് നടപ്പിലാക്കിവരുന്ന സമഗ്ര പച്ചക്കറി വികസന പദ്ധതിയിലൂടെ പച്ചക്കറി കൃഷിചെയ്യുന്ന കർഷകർക്ക്

നിലവിൽ നൽകി വരുന്ന ആനുകൂല്യങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

<u>വീട്ടുവളപ്പിലെ കൃഷി പ്രോത്സാഹനം</u>

വീട്ടുവളപ്പിലെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി സ്കൂൾ വിദ്യാർത്ഥികൾ മുഖേനയും കർഷകർ മുഖേനയും വിവിധ ഇനങ്ങൾ അടങ്ങിയ പച്ചക്കറി വിത്തുകളും തൈകളും കർഷകർക്ക് സൗജന്യമായി വിതരണം നടത്തിവരുന്നു. വിവിധ ഇനം പച്ചക്കറി വിത്തുകളടങ്ങിയ 10/- രൂപയുടെ പച്ചക്കറി വിത്ത് പായ്ക്കറ്റുകളും 2.50 രൂപ വിലയുള്ള പച്ചക്കറി തൈകളും വിദ്യാർത്ഥികൾക്കും കർഷകർക്കും വീട്ടമ്മമാർക്കും വിവിധ സന്നദ്ധസംഘടനകൾക്കും സൗജന്യമായി വിതരണം ചെയ്യുന്നു. ഓണത്തിന് വിഷരഹിത പച്ചക്കറി വീട്ടുവളപ്പിൽ നിന്നുതന്നെ ലഭ്യമാക്കാനുദ്ദേശിച്ചാണ് ഓണക്കാലത്ത് ഈ പദ്ധതി നടപ്പിലാക്കുന്നത്. കൂടാതെ വീട്ടുവളപ്പിലെ പച്ചക്കറികൃഷിയുടെ പ്രോത്സാഹനത്തിനായി ദീർഘകാല പച്ചക്കറി വിളകളായ മുരിങ്ങ, അഗത്തി, കറിവേപ്പില തുടങ്ങിയവയുടെ 15/- രൂപ വിലവരുന്ന തൈകൾ സൗജന്യമായി കർഷകർക്ക് നൽകുന്നതിനായി പദ്ധതിയിൽ വിഭാവനം ചെയ്യുന്നു. സ്ഥലപരിമിതിമൂലം കൃഷി ചെയ്യാൻ സാധിക്കാത്തവർക്ക് ചെടിച്ചട്ടികളിലുള്ള കൃഷി, ലംബകൃഷി (വെർട്ടിക്കൽ

ഫാമിംഗ്), ഹൈഡ്രോപോണിക്സ് കൃഷി, തുടങ്ങിയ കൃഷിരീതികൾ പ്രോത്സാഹിപ്പിച്ചുവരുന്നു. ഇതിനായി മട്ടുപ്പാവ് കൃഷിയെന്ന ഘടകത്തിൽ ഒരു യൂണിറ്റിന് 2,000/- രൂപ എന്ന നിരക്കിൽ സബ്സ്ഡി നൽകുന്നതിന് ലക്ഷ്യമിടുന്നു. സബ്സ്ഡി നൽകുന്നതിന് ലക്ഷ്യമിടുന്നു.

സ്ഥാപനങ്ങൾ വഴിയുള്ള പച്ചക്കറികൃഷി

സ്ഥാപനങ്ങളിൽ പച്ചക്കറികൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി സർക്കാർ/സർക്കാരിത/സ്വകാര്യ സ്ഥാപനങ്ങളിൽ പ്രോജക്ട് അടിസ്ഥാനത്തിൽ പച്ചക്കറികൃഷിക്ക് ധനസഹായം നൽകിവരുന്നു.

വ്യാവസായിക അടിസ്ഥാനത്തിൽ പച്ചക്കറികൃഷി

വ്യാവസായികാടിസ്ഥാനത്തിൽ പച്ചക്കറി കൃഷി ചെയ്യുന്ന കർഷകരെ സഹായിക്കുന്നതിനായി, 10 കർഷകടങ്ങുന്ന ഒരു ക്ലസ്റ്റർ രൂപീകരിച്ച് 3 മുതൽ 5 വരെ ഹെക്ടറിൽ പച്ചക്കറി കൃഷി ചെയ്യുന്ന ക്ലസ്റ്റർ ഒന്നിന് പരമാവധി ഒരു ലക്ഷം രൂപ മുതൽ 1.25 ലക്ഷം രൂപ വരെ ധനസഹായം നൽകികൊണ്ടുള്ള പദ്ധതി ഘടകമാണിത്. ക്ലസ്റ്ററുകളിൽ ഉൾപ്പെടാതെ കൃഷി ചെയ്യുന്ന കൃഷിക്കാർക്ക് സ്റ്റാഗേർഡ് ക്ലസ്റ്ററിൽ ഉൾപ്പെടുത്തി ഹെക്ടറൊന്നിന് പന്തൽ ആവശ്യമുള്ളതിന് 25,000/- രൂപയും, പന്തൽ ആവശ്യമില്ലത്തതിന്

20,000/- രൂപ വരെയും ധനസഹായം നൽകുന്നു. ശീതകാല പച്ചക്കറിയിനങ്ങൾ കൃഷി ചെയ്യുന്നതിനായി ഹെക്ടറൊന്നിന് 30,000/- രൂപ ധനസഹായം നൽകുന്നു. പരമ്പരാഗത പച്ചക്കറിയിനങ്ങളുടെ പ്രോത്സാഹനത്തിനായി ഹെക്ടറൊന്നിന് 10,000/- രൂപ അധിക ധനസഹായം നൽകുന്നതിന് വിഭാവനം ചെയ്തിട്ടുണ്ട്. സസ്യസംരക്ഷണ ഉപാധികൾ വാങ്ങുന്നതിന് യൂണിറ്റൊന്നിന് 1,500/- രൂപ വരെയും സബ്സിഡി നൽകിവരുന്നു.

<u>പച്ചക്കറികൃഷിക്ക് അടിസ്ഥാനസൗകര്യ വികസനം</u>

വേനൽ കാലത്തും മഴക്കാലത്തും വിളകളെ സംരക്ഷിച്ച് പച്ചക്കറി കൃഷിചെയ്യുന്നതിനായി മഴമറയിലെ കൃഷി കർഷകർക്ക് ഏറെ സഹായകരമാണ്. മഴമറ കൃഷിരീതിയിലൂടെ വർഷത്തിലുടനീളം പച്ചക്കറികൃഷി സാധ്യമാക്കുന്നതിനും ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും സാധിക്കുന്നു. മഴമറകൾ സ്ഥാപിക്കുന്നതിനായി 100 സ്ക്വയർ മീറ്ററുള്ള ഒരു മഴമറയ്ക്ക് പരമാവധി 50,000/- രൂപ നിരക്കിൽ ധനസഹായം നൽകിവരുന്നു. പമ്പുസെറ്റും മറ്റ് അനുബന്ധ ഘടകങ്ങളും വാങ്ങുന്നതിന് യൂണിറ്റൊന്നിന് 50 ശതമാനം സബ്സിഡി നിരക്കിൽ 10,000/- രൂപ വരെ ധനസഹായം നൽകുന്നു. പന്തൽ ഇനം പച്ചക്കറികൾ കൃഷി ചെയ്യുന്നതിന് സ്ഥായിയായ

പന്തൽ നിർമ്മിക്കുന്നതിനായി 25 ശതമാനം സബ്സിഡി നിരക്കിൽ ഹെക്ടറിന് 2 ലക്ഷം രൂപ ധനസഹായം വിഭാവനം ചെയ്തിട്ടുണ്ട്.

(സി) കൃഷി വകുപ്പിന്റെ ഇടപെടലിലൂടെ പച്ചക്കറികൃഷിയിൽ മുൻവർഷങ്ങളെക്കാൾ പുരോഗതിയുണ്ടാക്കാനായിട്ടുണ്ടോ; വ്യക്തമാക്കുമോ?

സംസ്ഥാനത്ത് പച്ചക്കറി ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി കൃഷിവകുപ്പ് ആവിഷ്കരിച്ചുവരുന്ന സമഗ്ര പച്ചക്കറി വികസന പദ്ധതി വിജകരമായി നടപ്പിലാക്കിയതിലൂടെ പച്ചക്കറികൃഷിയിൽ പുരോഗതിയുണ്ടാക്കുന്നതിന് സാധിച്ചിട്ടുണ്ട്. സംസ്ഥാനത്ത് 2016-17 വർഷത്തിൽ 0.52829 ലക്ഷം ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്യുകയും 7.25 ലക്ഷം മെട്രിക് ടൺ പച്ചക്കറി ഉല്പാദിപ്പിക്കുവാനും സാധിച്ചു. 2017-18 വർഷത്തിൽ പച്ചക്കറി വിസ്തൃതി 0.69047 ലക്ഷം ഹെക്ടറായി ഉയർത്താനും 10.01 ലക്ഷം മെട്രിക് ടൺ പച്ചക്കറി ഉല്പാദിപ്പിക്കുവാനും കഴിഞ്ഞു. 2018-19 ആയപ്പോഴേയ്ക്കും പച്ചക്കറി വിസ്തൃതി 0.82166 ലക്ഷം ഹെക്ടറും ഉല്പാദനം 12.12 ലക്ഷം മെട്രിക് ടൺ ആയി വർദ്ധിപ്പിക്കുവാനും സാധിച്ചു. 2019-20 വർഷത്തിൽ പച്ചക്കറി വിസ്തൃതി 0.96313 ലക്ഷം ഹെക്ടറായി വർദ്ധിക്കുകയും ഉല്പാദനം 14.93 ലക്ഷം മെട്രിക് ടണ്ണായി ഉയർത്തുന്നതിനും സാധിച്ചു. 2020-21 വർഷത്തിൽ സംസ്ഥാനത്തെ പച്ചക്കറികൃഷിയുടെ വിസ്തൃതി 1.02

ലക്ഷം ഹെക്ടറായി വ്യാപിപ്പിക്കാനും ഉല്പാദനം 15.7 ലക്ഷം മെട്രിക് ടണ്ണായി വർദ്ധിപ്പിക്കാനും സാധിച്ചിട്ടുണ്ട്. 2021-22 സാമ്പത്തികവർഷത്തിൽ പച്ചക്കറികൃഷിയുടെ വിസ്തൃതി 1.08 ലക്ഷം ഹെക്ടറായി വർദ്ധിപ്പിക്കുകയും ഉല്പാദനം 16.01 ലക്ഷം മെട്രിക് ടണ്ണായി ഉയർത്തുന്നതിനും സാധിച്ചിട്ടുണ്ട്.

(ഡി) ഓണത്തിന് ഒരു മുറം പച്ചക്കറി എന്ന പേരിൽ പദ്ധതി ആരംഭിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ?

കൃഷി വകുപ്പ് ഓണത്തിന് ഒരു മുറം പച്ചക്കറി എന്ന പേരിൽ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. സംസ്ഥാനത്ത് സുരക്ഷിത ഭക്ഷ്യോല്പാദനം ലക്ഷ്യമിട്ടുകൊണ്ടും ഉത്സവ സീസണുകളിൽ പച്ചക്കറിക്കായി അന്യസംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടിവരുന്ന സാഹചര്യം ഓഴിവാക്കുന്നതിനായും ഓണക്കാലത്ത് വിഷരഹിതമായ പച്ചക്കറികൾ നമ്മുടെ സ്വന്തം വീട്ടുവളപ്പിൽനിന്ന് ലഭ്യമാക്കുവാൻ ഉദ്ദേശിച്ചും കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി, 2017-18 വർഷം ആരംഭിച്ച് തുടർന്നും വിജയകരമായി നടപ്പിലാക്കിവരുന്ന ബൃഹത് പദ്ധതിയാണ് " ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതി" . ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതിയുടെ ഭാഗമായി വിവിധയിനം പച്ചക്കറി വിത്തുകൾ അടങ്ങിയ 10/- രൂപ

വിലവരുന്ന പച്ചക്കറി വിത്ത് പായ്ക്കറ്റുകളും, 2.50 രൂപ വിലയുള്ള പച്ചക്കറി തൈകളും വിദ്യാർത്ഥികൾക്കും കർഷകർക്കും വീട്ടമ്മമാർക്കും വിവിധ സന്നദ്ധസംഘടനകൾക്കും സൗജന്യമായി വിതരണം ചെയ്യുന്നു. കർഷകർ, വിദ്യാർത്ഥികൾ, സഹകരണ സ്ഥാപനങ്ങൾ, കുടുംബശ്രീ, ഉദ്യോഗസ്ഥർ, സന്നദ്ധ സംഘടനകൾ, ജനപ്രതിനിധികൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങി പൊതുസമൂഹത്തിലെ എല്ലാ വിഭാഗത്തെയും പങ്കെടുപ്പിച്ചുകൊണ്ടാണ് " ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതി" നടപ്പിലാക്കുന്നത്.

## <u>കർഷകർക്ക് സഹായകരമായ നടപടികൾ</u>

4 (3362) <u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകർക്ക് അവരുടെ ഉല്പന്നങ്ങൾക്കനുയോജ്യമായ വിപണി കണ്ടെത്തി മതിയായ വില ലഭ്യമാക്കുന്നതിന് സഹായകരമായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വ്യക്തമാക്കുമോ?

കൃഷി വകുപ്പ്, വിവിധ പദ്ധതിപ്രകാരം സ്ഥാപിച്ചിട്ടുള്ള എക്കോ ഷോപ്പുകൾ, എ ഗ്രേഡ് ക്ലസ്റ്ററുകൾ, ബ്ലോക്ക് ലെവൽ ഫെഡറേറ്റഡ് ക്ലസ്റ്ററുകൾ, ആഴ്ച ചന്തകൾ, നഗര വഴിയോര ആഴ്ച ചന്തകൾ തുടങ്ങിയവവഴി

അതത് ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പ്രദേശങ്ങളിൽ കർഷകർ ഉല്പാദിപ്പിക്കുന്ന പഴം-പച്ചക്കറികൾ കർഷകർക്ക് നേരിട്ട് വിപണനം നടത്തുന്നതിനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്. സംസ്ഥാനത്ത് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്, വയനാട് എന്നീ ജില്ലകളിലുള്ള 6 (ആറ്) കാർഷിക മൊത്ത വ്യാപാര വിപണികളിലും കർഷകർക്ക് നേരിട്ട് അവരുടെ പച്ചക്കറികൾ എത്തിച്ച് ഉല്പന്നങ്ങൾ ന്യായവിലയ്ക്ക് ലേലത്തിൽ വിറ്റഴിക്കുവാനുള്ള സംവിധാനവും നിലവിലുണ്ട്. കൃഷി വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന വെജിറ്റബിൾ ആൻഡ് ഫ്രൂട്ട്സ് പ്രൊമോഷൻ കൗൺസിൽ കേരളം (VFPCK)-യുടെ കീഴിൽ സംസ്ഥാനത്തൊട്ടാകെയുള്ള 'സ്വാശ്രയ കർഷക വിപണികൾ' മുഖേന ന്യായവിലയ്ക്ക് കർഷകരിൽനിന്നും ഉല്പന്നങ്ങൾ സംഭരിച്ച് വിപണനം നടത്തിവരുന്നു. കൂടാതെ കൃഷി വകുപ്പ് സംരംഭമായ 'ഹോർട്ടികോർപ്പും' കർഷകരിൽനിന്നും പഴം-പച്ചക്കറികൾ സംഭരിച്ച് ഹോർട്ടികോർപ്പിന്റെ ഔട്ട്ലെറ്റുകൾ വഴിയും വിപണനം നടത്തിവരുന്നു. ഉത്സവകാലങ്ങളിൽ വിവിധ പച്ചക്കറിയിനങ്ങളിൽ അധിക ഉല്പാദനമുണ്ടെങ്കിലും വിപണികളിൽ വിലക്കയറ്റം ദൃശ്യമാകാറുണ്ട്. ആയതിനാൽ കർഷകർക്കും ഉപഭോക്താക്കൾക്കും ന്യായവില ഉറപ്പാക്കുന്നതിനായി കൃഷി വകുപ്പ്

'വിപണി ഇടപെടൽ' പദ്ധതി 2016 മുതൽ തുടർച്ചയായി നടപ്പിലാക്കിവരുന്നുണ്ട്. ഈ പദ്ധതിയോടൊപ്പം കൃഷി വകുപ്പിന്റെ അനുബന്ധ സ്ഥാപനങ്ങളായ ഹോർട്ടികോർപ്പും വി.എഫ്.പി.സി.കെ.-യും സഹകരിച്ചുവരുന്നുണ്ട്. കർഷകർക്ക് മെച്ചപ്പെട്ട വില ലഭിക്കുന്നതിനും ഉപഭോക്താക്കൾക്ക് ഗുണമേന്മയുള്ള നാടൻ പച്ചക്കറി ലഭിക്കുന്നതിനും ഈ പദ്ധതി വളരെ സഹായകരമാണ്. കൂടാതെ, വിളവെടുപ്പ് സമയത്തുണ്ടാകുന്ന വിലയിടിവ് വാണിജ്യാടിസ്ഥാനത്തിലുള്ള കൃഷി വ്യാപനത്തിന് തടസ്സമാകുന്നത് പരിഹരിക്കുന്നതിന് സംസ്ഥാന സർക്കാർ 16 ഇനം പഴം-പച്ചക്കറികൾക്ക് അടിസ്ഥാനവില പ്രഖ്യാപിച്ചിട്ടുണ്ട്. സംസ്ഥാനത്ത് കർഷകർ ഉല്പാദിപ്പിക്കുന്ന കാർഷികോല്പന്നങ്ങൾ ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി ന്യായവില ലഭ്യമാക്കുന്നതിനായി കേരള ഫാം ഫ്രഷ് പഴം പച്ചക്കറി അടിസ്ഥാനവില പദ്ധതി 2020 നവംബർ ഒന്നിന് പ്രാബല്യത്തിൽവന്നു. കൃഷി വകുപ്പിന്റെ AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ അർഹരായ കർഷകർക്കും ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കും. ജില്ലകളിൽ അടിസ്ഥാനവില പ്രഖ്യാപിച്ച വിളയുടെ വില താഴുമ്പോൾ ജില്ലാ വില മോണിറ്ററിംഗ് കമ്മിറ്റിയുടെ ശിപാർശപ്രകാരം കൃഷി ഡയറക്ടർ ജില്ലയിൽ അടിസ്ഥാനവില പ്രഖ്യാപിക്കുകയും അതിൻപ്രകാരം

ഉല്പന്നങ്ങൾ നിലവിലെ മാർക്കറ്റ് വിലയ്ക്ക് തെരഞ്ഞെടുത്ത 550 വിപണികൾ വഴി സംഭരിക്കുകയും ചെയ്യുന്നു. ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി പ്രാദേശികമായി കർഷകർക്ക് നല്ല വില ലഭിക്കുന്നതിനും അതോടൊപ്പം ഉപഭോക്താക്കൾക്ക് ന്യായവിലയ്ക്ക് ഉല്പന്നങ്ങൾ ലഭ്യമാക്കാനും ഈ വിപണികൾ വഴിയൊരുക്കുന്നു. പദ്ധതിപ്രകാരം പഴം, പച്ചക്കറികൾ സംഭരിക്കുമ്പോളുണ്ടാകുന്ന അടിസ്ഥാനവിലയിൽ നിന്നുള്ള വ്യത്യാസം കർഷകന്റെ അക്കൗണ്ടിലേയ്ക്ക് DBT-യായി നൽകുകയും ചെയ്യുന്നുണ്ട്.

(ബി) കർഷകർക്ക് സഹായകരമായി അവരുടെ കൃഷികളെയും വിപണികളെയും സംബന്ധിച്ച് സമഗ്ര സർവ്വേ നടത്തി പദ്ധതികൾ ആസൂത്രണം ചെയ്യുന്നത് പരിഗണനയിലുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ?

കൃഷി വകുപ്പ് സർവ്വേ നടത്തിയിട്ടില്ല. എന്നാൽ സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ദേശീയ സാമ്പിൾ സർവ്വേയുടെ ഭാഗമായി കേരളത്തിലെ കാർഷിക മേഖല ആശ്രയിക്കുന്ന പൊതു കമ്പോളങ്ങളെയും അവയുടെ നിലവിലെ പ്രവർത്തനരീതികളെയും കുറിച്ചുള്ള സമഗ്ര പഠനം 2021-22 സാമ്പത്തികവർഷം ആരംഭിക്കുകയും സർവ്വേയുടെ ഫീൽഡുതല പ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ സർവ്വെ

ഷെഡ്യൂളുകളുടെ പ്രാഥമിക ദ്വിതീയ തല പരിശോധനകളും ഡാറ്റാ എൻട്രിയും പുരോഗമിക്കുന്നു.

## ജൈവ കൃഷി വ്യാപിപ്പിക്കുന്നതിന് നടപടി

5 (3363) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതര സംസ്ഥാനങ്ങളിൽ നിന്നുവരുന്ന വിഷലിപ്തമായ പച്ചക്കറികളുടെ ഉപയോഗംമൂലം ജനങ്ങളുടെ ആരോഗ്യം അപകടത്തിലാകുന്നുവെന്നും കാൻസർ മുതലായ മാരകരോഗങ്ങൾ വർദ്ധിക്കുന്നുവെന്നും കണ്ടെത്തിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) അടുത്ത അഞ്ചുവർഷത്തിനുള്ളിൽ അമ്പതിനായിരം ഹെക്ടർ സ്ഥലത്ത് ജൈവകൃഷി വ്യാപിപ്പിക്കുന്നതിന് കഴിഞ്ഞ സർക്കാർ ലക്ഷ്യമിട്ടിരുന്നോ; എങ്കിലത് നടപ്പിലാക്കാൻ സാധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉണ്ട്. 2021-22 സാമ്പത്തികവർഷത്തിൽ പ്രസ്തുത പദ്ധതിപ്രകാരം 75162.456 ഹെക്ടർ സ്ഥലത്ത് ജൈവകൃഷി നടപ്പിലാക്കിയിട്ടുണ്ട്.

(സി) ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും അതിലൂടെ സുരക്ഷിത ഭക്ഷണം ഉറപ്പുവരുത്തുന്നതിനും കൃഷി വകുപ്പ് പ്രത്യേക ഊന്നൽ നൽകുമോ?

ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും അതിലൂടെ സുരക്ഷിത ഭക്ഷണം ഉറപ്പുവരുത്തുന്നതിനും സംസ്ഥാന സർക്കാരും കേന്ദ്രസർക്കാരും വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. സംസ്ഥാന സർക്കാർ 'ജൈവകൃഷിയും ഉത്തമ കൃഷി മുറകളും' എന്ന പദ്ധതി നടപ്പിലാക്കുന്നു. പ്രസ്തുത പദ്ധതിയിൽ 2022-23 സാമ്പത്തികവർഷത്തിൽ ജൈവകൃഷി പ്രോത്സാഹനവും മണ്ണിന്റെ ഘടന മെച്ചപ്പെടുത്തുന്നതിന് ഉപയോഗിക്കുന്ന പയറുവർഗ്ഗത്തിൽപ്പെട്ട പച്ചിലവളങ്ങൾ കൃഷി ചെയ്യുന്നതിനും ജൈവ ഉല്പന്നങ്ങൾ വില്പന നടത്തുന്നതിനും ഹൈടെക് ഓർഗാനിക് സൂപ്പർ മാർക്കറ്റുകൾ സ്ഥാപിക്കുന്നതിനുമായി 600 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ ജൈവകൃഷിരീതി അനുവർത്തിച്ച് കൂടുതൽ കാർഷിക വിഭവങ്ങൾ ഉല്പാദിപ്പിക്കുന്നത് പ്രോത്സാഹിപ്പിക്കുവാൻ ജൈവകൃഷി മിഷൻ ആരംഭിക്കുന്ന നടപടിയും പുരോഗമിച്ചുവരികയാണ്. കൂടാതെ തുടർച്ചയായി മൂന്ന് വർഷത്തേയ്ക്ക് നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളായ പരമ്പരാഗത കൃഷി വികാസ് യോജനയും സുഭിക്ഷം

സുരക്ഷിതം (ഭാരതീയ പ്രകൃതി കൃഷി) പദ്ധതിയും സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നു.

## <u>കൊപ്ര സംഭരണം</u>

6 (3364) <u>ശ്രീ. ഇ. കെ. വിജയൻ</u>: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൃഷിഭവൻ മുഖേന കൊപ്ര സംഭരണം നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

കൃഷിഭവനുകളിൽ കൊപ്ര സംഭരിക്കുന്നതിനുള്ള അടിസ്ഥാനസൗകര്യങ്ങളുടെ കുറവും, കൃഷിഭവൻ ഉദ്യോഗസ്ഥർ വിവിധ കാർഷിക വിജ്ഞാന പ്രവർത്തനങ്ങളിലും പദ്ധതി നിർവ്വഹണത്തിലും ഏർപ്പെടുന്നതിനാലും നിലവിലെ സ്ഥിതിയിൽ കൃഷിഭവൻ മുഖേന കൊപ്ര സംഭരണം നടപ്പിലാക്കുവാൻ സാധിക്കാത്ത അവസ്ഥയാണ്.

## <u>ചക്കയുടെ ഉപയോഗ വിപണന സാദ്ധ്യതകൾ</u>

7 (3365) <u>ശ്രീ. കെ. എം. സച്ചിൻദേവ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ ഔദ്യോഗിക പഴമായ ചക്കയുടെ ഉല്പാദനം ഏത് ജില്ലയിലാണ് കൂടുതലായിട്ടുള്ളത്; ഉല്പാദന വിവരം ജില്ല തിരിച്ച് അറിയിക്കാമോ?

അഗ്രിക്കൾച്ചർ സ്റ്റാറ്റിസ്റ്റിക്സ് 2019-20 പ്രകാരം കേരളത്തിന്റെ ഔദ്യോഗിക ഫലമായ ചക്കയുടെ ഉല്പാദനം ഏറ്റവും കൂടുതൽ ഇടുക്കി ജില്ലയിലാണ്. ജില്ലതിരിച്ചുള്ള ചക്കയുടെ ഉല്പാദനം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ജില്ല | മില്ല്യൻ നമ്പേഴ്സ് |
|---|---|---|
| 1 | തിരുവനന്തപുരം | 26 |
| 2 | കൊല്ലം | 19 |
| 3 | പത്തനംതിട്ട | 11 |
| 4 | ആലപ്പുഴ | 6 |
| 5 | കോട്ടയം | 14 |
| 6 | ഇടുക്കി | 57 |
| 7 | എറണാകുളം | 15 |
| 8 | തൃശ്ശൂർ | 16 |
| 9 | പാലക്കാട് | 21 |
| 10 | മലപ്പുറം | 24 |
| 11 | കോഴിക്കോട് | 24 |
| 12 | വയനാട് | 26 |
| 13 | കണ്ണൂർ | 15 |
| 14 | കാസർഗോഡ് | 12 |

(ബി) ചക്കയുടെ മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനും വിപണനം നടത്തുന്നതിനുമായി സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

വി.എഫ്.പി.സി.കെ. മുഖേനയുള്ള പഴവർഗ്ഗ കൃഷി വികസന പദ്ധതിയിലുൾപ്പെടുത്തി ചക്കയുടെ സംഭരണം, വിപണനം, മൂല്യവർദ്ധനം എന്നിവ നടപ്പിലാക്കുന്നതിന് കൗൺസിൽ പദ്ധതിയിടുന്നു. ഇടുക്കി ജില്ലയിലെ കലയന്താനിയിലും വയനാട് ജില്ലയിലെ മുട്ടിലിലും ചക്ക വിപണനകേന്ദ്രം ആരംഭിച്ചിട്ടുണ്ട്. ഇടുക്കി, വയനാട് ജില്ലകളിലെ വിപണന ശൃംഖല കൂടുതൽ വിപുലീകരിക്കുന്നതിന് ടി ജില്ലകളിൽ ചക്ക സംഭരണത്തിന് കിലോയ്ക്ക് 5 രൂപ എന്ന നിരക്കിൽ കർഷകർക്ക് സഹായം നൽകുന്നതിനും പദ്ധതിയുണ്ട്. 2021-22 സാമ്പത്തികവർഷം 100 ടണ്ണോളം ചക്കയുടെ വിപണനം നടത്തിയിട്ടുണ്ട്. ഇതുവഴി ഫ്രോസൺ ജാക്ക്, ചക്ക പൊടി, ചക്കക്കുരു പൊടി, ചക്ക ഹൽവ തുടങ്ങിയവ "തളിർ" ബ്രാൻഡിൽ വിപണനം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ചക്കയുടെ മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനും വിപണനം നടത്തുന്നതിനുമായി കേരള കാർഷിക സർവ്വകലാശാല സാങ്കേതിക പരിജ്ഞാനം ലഭ്യമാക്കുകയും പ്രായോഗിക പരിശീലനം നൽകുകയും ചെയ്തു

വരുന്നു. കൂടാതെ സാങ്കേതികവിദ്യ കൈമാറ്റം, നൂതന ആശയങ്ങളിലൂന്നിയ സംരംഭകർക്ക് സാമ്പത്തികസഹായം എന്നിവ നൽകി വരുന്നുണ്ട്.

(സി) പ്രമേഹരോഗികൾക്ക് ഏറ്റവും അനുയോജ്യമായ ഭക്ഷണമായി ചക്കയുടെ വിവിധ ഉല്പന്നങ്ങളെ കണ്ടെത്തിയിട്ടുണ്ടോ; ഇതുമായി ബന്ധപ്പെട്ട് കേരളത്തിൽ ഏതെങ്കിലും തരത്തിലുള്ള ക്ലിനിക്കൽ സ്റ്റഡി നടത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഇല്ല.

(ഡി) ചക്കയുടെ ഉപയോഗ സാദ്ധ്യതകളെക്കുറിച്ച് ശാസ്ത്രീയമായ അറിവ് ലഭിക്കുന്നതിനായി ഒരു ക്ലിനിക്കൽ സ്റ്റഡി നടത്തുന്നതിന് തയ്യാറാകുമോ; വ്യക്തമാക്കാമോ?

ചക്കയുടെ ഉപയോഗ സാദ്ധ്യതകളെക്കുറിച്ച് ശാസ്ത്രീയമായ അറിവ് ലഭിക്കുന്നതിനായി ഒരു ക്ലനിക്കൽ സ്റ്റഡി, കേരള കാർഷിക സർവ്വകലാശലയുടെ കമ്മ്യൂണിറ്റി ശാസ്ത്ര വിഭാഗം മുഖേന നടത്തുന്ന കാര്യം പരിശോധിക്കുന്നതാണ്.

<u>നെന്മാറ നിയോജകമണ്ഡലത്തിലെ ആർ.ഐ.ഡി.എഫ്. പദ്ധതി</u>

8 (3366) <u>ശ്രീ. കെ. ബാബു (നെന്മാറ)</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജകമണ്ഡലത്തിലെ കാക്കയൂർ പൊന്നുമംഗലം നെല്ലുല്പാദക പാടശേഖര സമിതിയുടെ പ്രദേശത്ത് ആർ.ഐ.ഡി.എഫ്. പദ്ധതി പ്രകാരം കാഡകനാൽ നവീകരണത്തിന് എത്ര തുകയാണ് അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

നെന്മാറ നിയോജകമണ്ഡലത്തിലെ കാക്കയൂർ പൊന്നുമംഗലം നെല്ലുല്പാദക പാടശേഖര സമിതിയുടെ പ്രദേശത്ത് കാഡകനാൽ നവീകരണത്തിന് ആർ.ഐ.ഡി.എഫ്. XXVI പദ്ധതിപ്രകാരം 1,80,00,000/- രൂപയുടെ സാങ്കേതികാനുമതി നൽകിയിട്ടുണ്ട്.

(ബി) ഈ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് സർക്കാർ വിശദമാക്കുമോ?

ഈ പ്രവൃത്തി 90 ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്.

(സി) ഈ പ്രവൃത്തി എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ?

ഈ പ്രവൃത്തി 2022 ആഗസ്റ്റ് 31-നുള്ളിൽ പൂർത്തീകരിക്കും.

## ചങ്ങനാശ്ശേരി മണ്ഡലത്തിൽ ആർ.ഐ.ഡി.എഫ്.പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ച പ്രവൃത്തികൾ

9 (3367) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ ആർ.ഐ.ഡി.എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ച പ്രവൃത്തികളുടെ വിശദവിവരം നൽകുമോ;

(ബി) ഓരോ പ്രവൃത്തിക്കും അനുവദിച്ച തുകയെത്രയെന്നും നിലവിലെ സ്ഥിതിയും വ്യക്തമാക്കുമോ; ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

(എ & ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ ആർ.ഐ.ഡി.എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തി പ്രവൃത്തികളൊന്നും അനുവദിച്ചിട്ടില്ല.

## കേരഗ്രാമം പദ്ധതി

10 (3368) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരഗ്രാമം പദ്ധതിയിൽ കടപ്ലാമറ്റം-മരങ്ങാട്ടുപള്ളി പഞ്ചായത്തുകളെ സംയുക്തമായി ഉൾപ്പെടുത്തുന്നതിന് 05-12-2021-ൽ

വകുപ്പുമന്ത്രിക്ക് 1522/വി.ഐ.പി./മി/അഗ്രി/2021 പ്രകാരം നൽകിയ പരാതിയിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

കടപ്ലാമറ്റം, മരങ്ങാട്ടുപള്ളി പ്രദേശങ്ങൾ സംയുക്തമായി ഒരു കേരഗ്രാമമായി തെരഞ്ഞെടുക്കാൻ സമർപ്പിച്ച അപേക്ഷയിന്മേൽ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് തുടർനടപടി സ്വീകരിച്ചുവരുന്നു.

(ബി) കാർഷിക മേഖലയായ കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ കടപ്ലാമറ്റം, ഉഴവൂർ, മരങ്ങാട്ടുപള്ളി പഞ്ചായത്തുകളെ ഈ പദ്ധതിയിലുൾപ്പെടുത്തി കർഷകർക്ക് ആശ്വാസം പകരുന്നതിനായുള്ള നടപടികൾ സ്വീകരിക്കുമോ?

കടപ്ലാമറ്റം, മരങ്ങാട്ടുപള്ളി, ഉഴവൂർ പഞ്ചായത്തുകളെ കേരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തുന്ന വിഷയം പരിശോധിച്ചുവരുന്നു.

(സി) കേരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുന്നതിനായുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

2021-22 വർഷം വരെ 250 ഹെക്ടർ തുടർച്ചയായ തെങ്ങുകൃഷിയുള്ള പ്രദേശവും മുൻവർഷങ്ങളിൽ കേരഗ്രാമം പദ്ധതി നടപ്പിലാക്കാത്ത പഞ്ചായത്തുകളെയുമാണ് കേരഗ്രാമം പദ്ധതി നടപ്പിലാക്കുവാൻ തെരഞ്ഞെടുത്തിട്ടുള്ളത്. 2022-23 വർഷം 100 ഹെക്ടർ തുടർച്ചയായ

തെങ്ങുകൃഷിയുള്ള പ്രദേശവും ഇതുവരെ കേരഗ്രാമം പദ്ധതി നടപ്പിലാക്കാത്ത പഞ്ചായത്തുകളെയുമാണ് കേരഗ്രാമം പദ്ധതി നടപ്പിലാക്കുവാൻ തെരഞ്ഞെടുക്കുന്നത്.

## നഗരകൃഷി

11 (3369) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നഗരകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി നടത്താനുദ്ദേശിക്കുന്ന പദ്ധതികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് നഗരകൃഷി പ്രോത്സാഹനത്തിന്റെ ഭാഗമായി കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് നടപ്പിലാക്കി വരുന്ന സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ, നഗരപ്രദേശങ്ങളിൽ പച്ചക്കറി കൃഷി ചെയ്യുന്നതിനായി മട്ടുപ്പാവ് കൃഷിയെന്ന ഘടകത്തിലുൾപ്പെടുത്തി പ്രോത്സാഹനം നൽകിവരുന്നു. പദ്ധതി ഘടക പ്രകാരം സ്ഥലപരിമിതിയുള്ള നഗരപ്രദേശങ്ങളിൽ ചെടിച്ചട്ടികളിലുള്ള കൃഷി, ലംബകൃഷി (വെർട്ടിക്കൽ ഫാമിംഗ്), ഹൈഡ്രോപോണിക്സ് കൃഷി, തുടങ്ങിയ കൃഷിരീതികൾ പ്രോത്സാഹിപ്പിച്ചുവരുന്നു. ഇതിനായി മട്ടുപ്പാവ് കൃഷിയെന്ന ഘടകത്തിൽ ഒരു യൂണിറ്റിന് 2,000/- രൂപ എന്ന നിരക്കിൽ സബ്സിഡി നൽകിവരുന്നു.

2022-23 സാമ്പത്തികവർഷത്തിൽ പദ്ധതി ഘടകത്തിനായി 820 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. “ ഞങ്ങളും കൃഷിയിലേക്ക് " പദ്ധതിയുടെ ഭാഗമായി ഒരു സെന്റ് മുതലുള്ള കൃഷിയിടങ്ങളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള കൃഷിക്കൂട്ടങ്ങൾ രൂപീകരിച്ച് കൃഷി ചെയ്യുന്നതിന് പ്രോത്സാഹനം നൽകിവരുന്നു. നഗരകൃഷി പദ്ധതി പ്രകാരം പ്രകൃതി സൗഹൃദ ബാഗ്/ചട്ടികളിൽ തുടർകൃഷി ചെയ്യുന്നതിനും പ്രോത്സാഹനം നൽകിവരുന്നു. നഗരകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരള (വി.എഫ്.പി.സി.കെ.) മുഖേന ഹരിത നഗരി പദ്ധതി നടപ്പിലാക്കുന്നതിന് ലക്ഷ്യമിടുന്നു. ഹരിത നഗരി പദ്ധതി പ്രകാരം എറണാകുളം ജില്ലയിൽ കാക്കനാടിന് 10 കി.മി. ചുറ്റളവിലെ നഗരപ്രദേശങ്ങളിൽ ലഭ്യമായ സ്ഥലങ്ങളിൽ (മട്ടുപ്പാവ്, വീട്ട്മുറ്റം, പറമ്പുകൾ) ഉടമസ്ഥരുടെ ആവശ്യപ്രകാരം പ്രകൃതി സൗഹൃദബാഗിലും, ചെടിച്ചട്ടികളിലും തൈകൾ നട്ട് ലഭ്യമാക്കുന്നു. റസിഡന്റ്സ് അസോസിയേഷനുകൾക്ക് പച്ചക്കറിക്കൃഷി വ്യാപിപ്പിക്കുന്നതിന് സി.എസ്.ആർ. ഫണ്ട് മുഖേനയുള്ള പദ്ധതികളിൽ പച്ചക്കറി തൈകളും പ്രകൃതി സൗഹൃദബാഗ്/ചട്ടികളിൽ പച്ചക്കറിത്തൈകൾ നട്ടും ലഭ്യമാക്കുന്നു. വി.എഫ്.പി.സി.കെ.-യുടെ എറണാകുളം,

തിരുവനന്തപുരം, കാസർഗോഡ് കൃഷി ബിസിനസ് കേന്ദ്രകൾവഴിയും എറണാകുളം നട്ടക്കരയിലുള്ള ഹൈടെക് പ്ലഗ്ഗ് നഴ്സറി, ആലത്തൂരുള്ള പച്ചക്കറി വിത്ത് സംസ്കരണ കേന്ദ്രം എന്നിവിടങ്ങളിൽനിന്നും ഗുണമേന്മയുള്ള വിത്തുകളും, നടീൽ വസ്തുക്കളും, ജൈവ ഉല്പാദനോപാധികളും, മിതമായ നിരക്കിൽ ലഭ്യമാക്കുന്നു. നഗരവാസികൾക്ക് നേരിട്ടും ടെലിഫോൺ മുഖേനയും കൃഷി സംബന്ധമായ സംശയങ്ങൾക്ക് പരിഹാരം നിർദ്ദേശിക്കുന്നു. വിള പരിചയം, പച്ചക്കറി കൃഷി, കൂൺ കൃഷി, ജൈവമാലിന്യ സംസ്കരണം എന്നിവയിൽ പരിശീലനം നൽകുന്നു.

<u>വാമനപുരം മണ്ഡലത്തിൽ കൃഷി വകുപ്പ്മുഖേനയുള്ള പദ്ധതികൾക്ക് ഫണ്ട്</u>

12 (3370) <u>ശ്രീ. ഡി. കെ. മുരളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വാമനപുരം മണ്ഡലത്തിൽ കൃഷി വകുപ്പുമുഖേന ഏതൊക്കെ പദ്ധതികൾക്കാണ് ഫണ്ട് അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വാമനപുരം മണ്ഡലത്തിൽ ഉൾപ്പെട്ടിട്ടുള്ള ആനാട്, പനവൂർ, നന്ദിയോട്, പുല്ലമ്പാറ, കല്ലറ, വാമനപുരം,

നെല്ലനാട്, പാങ്ങോട്, പെരിങ്ങമല എന്നീ കൃഷിഭവനകളിൽ കൃഷി വകുപ്പ് മുഖേന അനുവദിച്ചിട്ടുള്ള പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) പദ്ധതിയുടെ പേര്, തുക, എത്രപേർക്ക് ഇത് പ്രയോജനം ചെയ്യുവെന്നുള്ള വിവരങ്ങൾ കൃഷിഭവൻ അടിസ്ഥാനത്തിൽ വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വാമനപുരം മണ്ഡലത്തിൽ ഉൾപ്പെട്ടിട്ടുള്ള ആനാട്, പനവൂർ, നന്ദിയോട്, പുല്ലമ്പാറ, കല്ലറ, വാമനപുരം, നെല്ലനാട്, പാങ്ങോട്, പെരിങ്ങമല എന്നീ കൃഷിഭവനകളിൽ കൃഷി വകുപ്പ മുഖേന അനുവദിച്ചിട്ടുള്ള പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

## വിഷരഹിത പച്ചക്കറി ലഭ്യമാക്കുന്നതിന് നടപടി

13(3371) <u>ശ്രീ. എച്ച്. സലാം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മറ്റ് സംസ്ഥാനങ്ങളിൽനിന്നും കേരളത്തിലേയ്ക്കെത്തിക്കുന്ന പച്ചക്കറികളിലും മറ്റും മനുഷ്യജീവന് അപകടകരമായ നിലയിൽ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കീടനാശിനി പ്രയോഗം നടത്തിയിട്ടുള്ളതാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് കണ്ടെത്തുന്നതിനും വിഷരഹിത പച്ചക്കറി ലഭ്യമാക്കുന്നതിനും കൃഷി വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

(എ&ബി) പച്ചക്കറികളിലും മറ്റും മനുഷ്യന് ഹാനികരമാകുന്ന നിലയിൽ കീടനാശിനി പ്രയോഗം കണ്ടെത്തുന്നതിനായി സംസ്ഥാന കൃഷി വകുപ്പ് നടപ്പിലാക്കിവരുന്ന സമഗ്ര പച്ചക്കറി വികസന പദ്ധതിയിലുൾപ്പെടുത്തി “ സേഫ് ടു ഈറ്റ്” എന്ന ഘടകം പ്രകാരം കേരള കാർഷിക സർവ്വകലാശാല കീടനാശിനി അവശിഷ്ട പരിശോധന നടത്തിവരുന്നു. പ്രസ്തുത പദ്ധതി ഘടകത്തിലൂടെ കേരളത്തിലെ പൊതുവിപണികൾ, കൃഷിയിടങ്ങൾ, ഇക്കോഷോപ്പ്, ജൈവവിപണി എന്നിവിടങ്ങളിലെ പച്ചക്കറി/പഴവർഗ്ഗങ്ങളിൽ അടങ്ങിയിരിക്കുന്ന കീടനാശിനികളുടെ അളവ് പരിശോധിച്ചുവരുന്നു. കേരള കാർഷിക സർവ്വകലാശാല വെള്ളായണി കാർഷിക കോളേജിലെ ലാബിൽ നിന്നുള്ള കീടനാശിനി അവശിഷ്ട വിഷാംശ പരിശോധനയുടെ ഫലം കേരളസർക്കാരിന്റെ ഔദ്യോഗിക വെബ് പോർട്ടലായ www.kerala.gov.in-ലും കേരള കാർഷിക

സർവ്വകലാശാലയുടെയും കൃഷി വകുപ്പിന്റെയും വെബ്സൈറ്റിലും എല്ലാ പൊതുജനങ്ങൾക്കും വായിച്ച് മനസ്സിലാക്കാവുന്ന രീതിയിൽ മലയാളത്തിൽ പ്രസിദ്ധീകരിക്കുന്നു. ഇതുവഴി മാരകമായ കീടനാശിനികളെയും അവയുണ്ടാക്കുന്ന ആരോഗ്യപ്രശ്നങ്ങളെയും സംബന്ധിച്ച് പൊതുജനങ്ങൾക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനും കീടനാശിനി ഉപയോഗം കുറയ്ക്കുന്നതിന് കർഷകരെ പ്രേരിപ്പിക്കുന്നതിനും ഒരു പരിധി വരെ സഹായകമാവുന്നു. ഇത് സുരക്ഷിത പച്ചക്കറിയുടെ ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് സഹായമാകുകയും അന്യസംസ്ഥാനത്തുനിന്നും എത്തുന്ന പച്ചക്കറിയുടെ ഉപയോഗം ഒരു പരിധി വരെ കുറയ്ക്കുന്നതിനും സഹായിക്കുന്നു. പച്ചക്കറികളിലെ കീടനാശിനികളിലെ ഉപയോഗം കുറയ്ക്കുന്നതിനായി നിയന്ത്രണമാർഗ്ഗങ്ങളിലൂന്നിയുള്ള സംയോജിത സസ്യജൈവ സംരക്ഷണത്തെക്കുറിച്ചുള്ള അറിവുകൾ കാർഷിക സർവ്വകലാശാല കർഷകരിലേയ്ക്ക് പരിശീലന പരിപാടികളിലൂടെയും മറ്റും പകർന്ന് കൊടുക്കുന്നുണ്ട്. പച്ചക്കറിക്കൃഷിയിൽ കീടനാശിനി ഉപയോഗം കുറയ്ക്കുന്നതിനായി വിവിധ ജൈവകീടനാശിനികൾ കാർഷിക സർവ്വകലാശാല കണ്ടെത്തുകയും അവ കർഷകർക്കായി ശിപാർശ ചെയ്തിട്ടുമുണ്ട്. ഇവ കാർഷിക സർവ്വകലാശാലയുടെ വിവിധകേന്ദ്രങ്ങൾവഴി

കർഷകർക്ക് ലഭ്യമാക്കുന്നുമുണ്ട്. അതുപോലെ തന്നെ ജൈവ പച്ചക്കറികൃഷിയിൽ കർഷകർക്കും കൃഷി ഉദ്യോഗസ്ഥർക്കുമായി പരിശീലനപരിപാടികളും സംഘടിപ്പിച്ചുവരുന്നു. കീടനാശിനികളുടെ വിതരണവും വില്പനയും ഉപയോഗവും ഗുണനിലവാരവും നിയന്ത്രിക്കുന്നതിന് കീടനാശിനി ഡീലർമാർക്കും കീടനാശിനി കൃത്യമായ അളവിൽ ഉപയോഗിക്കുന്നതിനും ജൈവകീടനാശിനികളുടെ ഉല്പാദനം വർദ്ധിപ്പിക്കൽ, സംയോജിത കീടനിയന്ത്രണം, രാസകീടനാശിനികളുടെ ശാസ്ത്രീയ ഉപയോഗം, മാരക വിഷാംശമുള്ള കീടനാശിനികൾക്കുപകരം വിഷാംശം കുറവുള്ള പുതുതലമുറ കീടനാശിനികളുടെ പ്രോത്സാഹനം എന്നിവ ലക്ഷ്യമിട്ട് സംസ്ഥാനമൊട്ടാകെ 166 ബോധവൽക്കരണ കാമ്പയിനുകൾ കർഷകർക്ക് നൽകുന്നതിന് നടപ്പു സാമ്പത്തികവർഷത്തിൽ ലക്ഷ്യമിട്ടിരിക്കുന്നു. സമഗ്ര പച്ചക്കറി വികസന പദ്ധതിയിലുൾപ്പെടുത്തി ഓണത്തിന് വിഷരഹിതമായ പച്ചക്കറികൾ വീട്ടുവളപ്പിൽ നിന്നുതന്നെ ലഭ്യമാക്കുവാനും അതുവഴി അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള പച്ചക്കറികളുടെ ഉപയോഗം ഒരു പരിധിവരെ കുറയ്ക്കുവാനും ഉദ്ദേശിച്ച് ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. കൂടാതെ വീട്ടുവളപ്പിലെ പച്ചക്കറികൃഷിയുടെ പ്രോത്സാഹനത്തിനായി ദീർഘകാല പച്ചക്കറി വിളകളായ മുരിങ്ങ,

അഗത്തി, കറിവേപ്പില തുടങ്ങിയവയുടെ തൈകൾ സൗജന്യമായി കർഷകർക്ക് നൽകിവരുന്നു. ഇത്തരത്തിൽ പരമ്പരാഗത ഇനങ്ങൾക്ക് പ്രോത്സാഹനം നൽകുന്നതിലൂടെ കീടനാശിനി ഉപയോഗം പരമാവധി കുറയ്ക്കുന്നതിന് സാദ്ധ്യമാകുന്നു. സ്ഥലപരിമിതിമൂലം കൃഷി ചെയ്യാൻ സാധിക്കാത്തവർക്ക് ചെടിച്ചട്ടികളിലുള്ള കൃഷി ലംബകൃഷി (വെർട്ടിക്കൽ ഫാമിംഗ്), ഹൈഡ്രോപോണിക്സ് കൃഷി, തുടങ്ങിയ കൃഷി രീതികൾ പ്രോത്സാഹിപ്പിക്കുന്നതിലൂടെയും വിട്ടുവളപ്പിലെ വിഷരഹിത പച്ചക്കറികൾ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് സാധിക്കുന്നു.

(സി) കേരളത്തിന്റെ അതിർത്തി ചെക്ക്പോസ്റ്റുകളിൽ തന്നെ പരിശോധനയിലൂടെ വിഷസാന്നിദ്ധ്യം കണ്ടെത്തിയവയുടെ വിതരണം തടയാൻ കഴിയുമോ; ഇതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

കേരളത്തിന്റെ അതിർത്തി ചെക്ക്പോസ്റ്റുകളിൽ വച്ചുതന്നെ പച്ചക്കറികളിലെ വിഷസാന്നിദ്ധ്യം ദ്രുതഗതിയിൽ പരിശോധിക്കുവാനുള്ള സാങ്കേതിക സംവിധാനം നിലവിലില്ല. എന്നാൽ നിലവിൽ ഇതര സംസ്ഥാനങ്ങളിൽനിന്നും വരുന്ന പച്ചക്കറികൾ/പഴവർഗ്ഗങ്ങളുടേയും സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന പഴം-പച്ചക്കറികളുടേയും

അവശിഷ്ടവിഷാംശം കണ്ടെത്തുന്നതിനായി ഇവയുടെ സാമ്പിളുകൾ ശേഖരിച്ച് വെള്ളായണി കാർഷിക കോളേജിലെ കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന ലാബിൽ പരിശോധന നടത്തുകയും പരിശോധനാഫലം കേരള സർക്കാരിന്റെ ഔദ്യോഗിക വെബ്പോർട്ടലായ www.kerala.gov.in-ലും കേരള കാർഷിക സർവ്വകലാശാലയുടെയും കൃഷി വകുപ്പിന്റെയും വെബ്സൈറ്റിലും എല്ലാ പൊതുജനങ്ങൾക്കും വായിച്ച് മനസ്സിലാക്കാവുന്ന രീതിയിൽ മലയാളത്തിൽ പ്രസിദ്ധീകരിക്കുന്നുണ്ട്.

## പച്ചക്കറികളിലെ കീടനാശിനി ഉപയോഗം

14(3372) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇതര സംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവരുന്ന പച്ചക്കറികളുടെ ഗുണനിലവാരവും അവയിലെ അവശിഷ്ട കീടനാശിനികളുടെ അളവും പരിശോധിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

ഇതര സംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവരുന്ന പച്ചക്കറികളിലേയും, സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന പച്ചക്കറികളിലെയും ഗുണനിലവാരവും അവയിലെ അവശിഷ്ട കീടനാശിനികളുടെ അളവും പരിശോധിക്കുന്നതിനായി കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ

സഹായത്തോടെ കേരള കാർഷിക സർവകലാശാലയുടെ വെള്ളായണി ലാബിൽ " സേഫ് ടു ഈറ്റ്" എന്ന പദ്ധതി ഘടകം നടപ്പിലാക്കിവരുന്നു. പ്രസ്തുത പദ്ധതി ഘടകത്തിലൂടെ കേരളത്തിലെ പൊതുവിപണികൾ, കൃഷിയിടങ്ങൾ, ഇക്കോഷോപ്പ്, ജൈവവിപണി എന്നിവിടങ്ങളിലെ പച്ചക്കറി/പഴവർഗ്ഗങ്ങളിലെ സാമ്പിളുകൾ ശേഖരിച്ച് അവയിൽ അടങ്ങിയിരിക്കുന്ന കീടനാശിനി അവശിഷ്ട പരിശോധന നടത്തുന്നു. കേരള കാർഷിക സർവ്വകലാശാലയുടെ വെള്ളായണി കാർഷിക കോളേജിലെ കീടനാശിനി അവശിഷ്ട വിഷാംശ പരിശോധനാഫലം കേരള സർക്കാരിന്റെ ഔദ്യോഗിക വെബ്പോർട്ടലായ www.kerala.gov.in-ലും കേരള കാർഷിക സർവ്വകലാശാലയുടെയും, കൃഷി വകുപ്പിന്റെയും വെബ്സൈറ്റിൽ എല്ലാ പൊതുജനങ്ങൾക്കും വായിച്ച് മനസ്സിലാക്കാവുന്ന രീതിയിൽ മലയാളത്തിൽ പ്രസിദ്ധീകരിക്കുന്നുണ്ട്. ഇതുവഴി മാരകമായ കീടനാശിനികളെയും അവയുണ്ടാക്കുന്ന ആരോഗ്യപ്രശ്നങ്ങളെയും സംബന്ധിച്ച് പൊതുജനങ്ങളുടെ ഇടയിൽ അവബോധം സൃഷ്ടിക്കുന്നതിനും കീടനാശിനി ഉപയോഗം കുറയ്ക്കുന്നതിന് കർഷകരെ പ്രേരിപ്പിക്കുന്നതിനും ഒരു പരിധി വരെ സഹായമാവുന്നു. ഇത് സുരക്ഷിത പച്ചക്കറിയുടെ ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് സഹായമാകുകയും അന്യസംസ്ഥാനത്തുനിന്നും

എത്തുന്ന പച്ചക്കറിയുടെ ഉപയോഗം ഒരു പരിധി വരെ കുറയ്ക്കുന്നതിനും സഹായിക്കുന്നു. കൂടാതെ 2022-23 വർഷത്തിൽ കീടനാശിനികളുടെ ഉപയോഗം നിയന്ത്രിക്കുന്നതിനായി ഏകദേശം 166 ബോധവൽക്കരണ കാമ്പയിനുകളും കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പിലാക്കാനുദ്ദേശിക്കുന്നു.

വിഷരഹിത പച്ചക്കറി ഉല്പാദിപ്പിക്കുന്നതിന് കർഷകർക്ക് സഹായം

15 (3373) ശ്രീ. എം. വിൻസെന്റ്:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിഷരഹിത പച്ചക്കറി ഉല്പാദിപ്പിക്കുന്നതിന് കർഷകർക്ക് എന്തൊക്കെ സഹായങ്ങളാണ് നൽകുന്നത്?

സംസ്ഥാനത്ത് വിഷരഹിത പച്ചക്കറികൃഷി പ്രോത്സാഹിപ്പിക്കുന്നതിനും പഴം, പച്ചക്കറി എന്നിവ ഉല്പാദിപ്പിക്കുന്നതിനുമായി സംസ്ഥാന സർക്കാരും കേന്ദ്ര സർക്കാരും വിവിധ പദ്ധതികൾ നടപ്പിലാക്കുന്നു. സംസ്ഥാന സർക്കാർ നടപ്പാക്കുന്ന ജൈവകൃഷിയും ഉത്തമ കൃഷി മുറകളും എന്ന പദ്ധതി 2022-23

സാമ്പത്തികവർഷത്തിൽ 'ഞങ്ങളും കൃഷിയിലേക്ക്' എന്ന കാമ്പയിന്റെ ഭാഗമായി നടപ്പാക്കിവരുന്നു. ജൈവകൃഷി പ്രോത്സാഹനത്തിനും മണ്ണിന്റെ ഘടന മെച്ചപ്പെടുത്തുന്നതിന് പയറുവർഗ്ഗത്തിൽപ്പെട്ട പച്ചിലവളങ്ങൾ കൃഷി ചെയ്യുന്നതിനും ജൈവ ഉല്പന്നങ്ങൾ വില്പന നടത്തുന്നതിനും ഹൈടെക് ഓർഗാനിക് സൂപ്പർ മാർക്കറ്റുകൾ സ്ഥാപിക്കുന്നതിനുമായാണ് 600 ലക്ഷം രൂപയുടെ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്. കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതികളായ പരമ്പരാഗത കൃഷി വികാസ് യോജനയും 'സുഭിക്ഷം സുരക്ഷിതം' (ഭാരതീയ പ്രകൃതിക് കൃഷി) പദ്ധതിയും 2022-23 വർഷവും സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. പച്ചക്കറികൃഷിയിൽ കീടനാശിനി ഉപയോഗം കുറയ്ക്കുന്നതിനായി വിവിധ ജൈവ കീടനാശിനികൾ കാർഷിക സർവ്വകലാശാല കണ്ടെത്തി അവ കർഷകർക്കായി ശിപാർശ ചെയ്തിട്ടുമുണ്ട്. ഇവ കാർഷിക സർവ്വകലാശാലയുടെ വിവിധ കേന്ദ്രങ്ങളിൽ കർഷകർക്കായി ലഭ്യമാക്കുന്നുമുണ്ട്. സംസ്ഥാന ആസൂത്രണ പദ്ധതിയുടെ ഭാഗമായി വിഷരഹിത പച്ചക്കറി ഉല്പാദിപ്പിക്കുന്നതിന് കർഷകർക്കും പൊതുജനങ്ങൾക്കും നേരിട്ടും ഓൺലൈനായും പരിശീലന പരിപാടികൾ സി.ടി.ഐ., മണ്ണുത്തിവഴി നടത്തിവരുന്നുണ്ട്. കഴിഞ്ഞ

സാമ്പത്തികവർഷത്തിൽ വിഷരഹിത പച്ചക്കറി ഉല്പാദിപ്പിക്കുന്നതിന് അഗ്രികൾച്ചർ ഇൻഫർമേഷൻ ആൻഡ് ടെക്നോളജി സെന്റർ മണ്ണുത്തിയിൽ നടത്തിയ രാത്രി വിപണിയിൽ 1000 കർഷകർക്ക് സൗജന്യ പച്ചക്കറി വിത്തുകൾ വിതരണം ചെയ്തു.

(ബി) ചെറുപ്പക്കാരെ പച്ചക്കറികൃഷിയിലേയ്ക്ക് കൂടുതലായി ആകർഷിക്കുന്നതിന് എന്തെങ്കിലും പുതിയ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ?

" ഞങ്ങളും കൃഷിയിലേക്ക്" എന്ന പദ്ധതിയിലൂടെ ഒരു വാർഡിൽ കുറഞ്ഞത് ഒരു കൃഷിക്കൂട്ടം (കർഷക ഗ്രൂപ്പുകൾ), 10000 ഹെക്ടറിൽ ജൈവകൃഷി വിസ്തൃതി വർദ്ധന, കാർഷിക മേഖല പ്രധാന തൊഴിൽ മേഖല മൂല്യവർദ്ധന സംരംഭങ്ങൾ എന്നീ ലക്ഷ്യങ്ങളിൽ എത്തിച്ചേരുന്നു. യുവാക്കളുടെ പ്രത്യേക കൃഷിക്കൂട്ടങ്ങൾ രൂപീകരിച്ച് ഈ ഗ്രൂപ്പുകളിലൂടെ പുതിയ സംരംഭങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിലൂടെ ചെറുപ്പക്കാരെ കൃഷിയിലേയ്ക്ക് ആകർഷിക്കുവാൻ സാധിക്കുന്നു. കാർഷിക മേഖലയിലെ മൂല്യവർദ്ധനവിനുള്ള സംരംഭങ്ങളിലേയ്ക്കും വിപണി അധിഷ്ഠിതമായ സംരംഭങ്ങളിലേയ്ക്കും ഈ കൂട്ടായ്മയെ പ്രയോജനപ്പെടുത്തുകയും ചെയ്യുന്നു. "ഞങ്ങളും കൃഷിയിലേക്ക്" എന്ന കാമ്പയിന്റെ ഭാഗമായി 2022-23-ൽ നടപ്പിലാക്കുവാൻ ലക്ഷ്യമിടുന്ന 'സമഗ്ര പച്ചക്കറി വികസന പദ്ധതി' -യിലൂടെ

നൂതന കൃഷി രീതികളായ മഴമറയിലെ കൃഷി, വെർട്ടിക്കൽ ഫാമിംഗ്, ഹൈഡ്രോപോണിക്സ് കൃഷി, തുടങ്ങിയ കൃഷിരീതികൾ പ്രോത്സാഹിപ്പിച്ചുവരുന്നു. ഇതുവഴിയും ചെറുപ്പക്കാരെ പച്ചക്കറികൃഷിയിലേയ്ക്ക് ആകർഷിക്കുവാൻ സാധിക്കുന്നു. വ്യാവസായികാടിസ്ഥാനത്തിൽ പച്ചക്കറി കൃഷി ചെയ്യുന്ന കർഷകരെ സഹായിക്കുന്നതിനായി 10 കർഷകരടങ്ങുന്ന ഒരു ക്ലസ്റ്റർ രൂപീകരിച്ച് 3 മുതൽ 5 വരെ ഹെക്ടറിൽ പച്ചക്കറി കൃഷി ചെയ്യുന്ന ക്ലസ്റ്റർ ഒന്നിന് പരമാവധി 1-1.25 ലക്ഷം രൂപ വരെ ധനസഹായം നൽകിവരുന്നു. പ്രസ്തുത ഘടകത്തിൽ ചെറുപ്പക്കാരുടെ കൂട്ടായ്മകൾക്ക് മുൻഗണന നൽകിവരുന്നു. സ്ഥാപനങ്ങളിൽ പച്ചക്കറികൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി സർക്കാർ/സർക്കാരിതര/സ്വകാര്യ സ്ഥാപനങ്ങളിൽ പ്രോജക്ടടിസ്ഥാനത്തിൽ പച്ചക്കറികൃഷിക്ക് 2 ലക്ഷം രൂപവരെ ധനസഹായം നൽകിവരുന്നു. ഇതിലൂടെ ചെറുപ്പക്കാർക്ക് അവരുടെ സ്ഥാപനങ്ങളിൽ പച്ചക്കറികൃഷി ആരംഭിക്കാവുന്നതാണ്. ക്ലസ്റ്ററുകളിൽ ഉൾപ്പെടാതെ കൃഷി ചെയ്യുന്ന കൃഷിക്കാർക്ക് സ്റ്റാഗേർഡ് ക്ലസ്റ്ററിൽ ഉൾപ്പെടുത്തി ഹെക്ടർ ഒന്നിന് പന്തൽ ആവശ്യമുള്ളതിന് 25,000/- രൂപയും പന്തൽ ആവശ്യമില്ലത്തതിന് 20,000/- രൂപ വരെ നിരക്കിൽ ധനസഹായം നൽകുന്നു. ഈ പദ്ധതി ഘടക പ്രകാരം ഭൂമി കണ്ടെത്തി ചെറുപ്പക്കാർക്ക്

പച്ചക്കറികൃഷി ചെയ്യാവുന്നതാണ്. സംസ്ഥാന കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ സ്മോൾ ഫാർമേഴ്സ് അഗ്രി ബിസിനസ്സ് കൺസോർഷ്യം (SFAC) മുഖേന 50 FPO-കൾ പുതുതായി രൂപീകരിക്കുവാനും നിലവിലുള്ള 50 കർഷക ഉല്പാദക സംഘടനകൾ ശാക്തീകരിക്കുവാനും ലക്ഷ്യമിടുന്നു. പ്രസ്തുത FPO-കളിൽ യുവാക്കൾക്ക് ഭാഗമാകാവുന്നതാണ്. കൂടാതെ സംരംഭക പ്രോത്സാഹനത്തിനായും യുവാക്കളെ ഈ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനായും കാർഷിക ഉല്പന്നങ്ങളുടെ സംസ്കരണം, മൂല്യവർദ്ധനവ് എന്നിവയുമായി ബന്ധപ്പെട്ട് കൃഷി വകുപ്പ് സഹകരണ വകുപ്പുമായി ചേർന്ന് സംഭരണ സംസ്കരണ യൂണിറ്റുകൾ ആരംഭിക്കുന്നതാണ്. കൃഷി വകുപ്പിനുകീഴിലുള്ള സ്മോൾ ഫാർമേഴ്സ് അഗ്രി ബിസിനസ് കൺസോർഷ്യം (SFAC) മുഖേന കാർഷിക മേഖലയിലെ സൂക്ഷ്മ-ചെറുകിട-ഇടത്തരം മൂല്യവർദ്ധന സംരംഭങ്ങൾ ആരംഭിക്കുന്നതിന് ആനുകൂല്യം നൽകിവരുന്നു. കൂടാതെ മാർക്കറ്റിംഗ് മേഖലയിൽ ഓൺലൈൻ മാർക്കറ്റിംഗ് സംവിധാനങ്ങൾ നടപ്പിലാക്കുന്നതിനും, സ്റ്റാർട്ടപ്പുകൾ, കർഷക കൂട്ടായ്മകൾ എന്നിവ മുഖേനയുള്ള സംരംഭങ്ങളിൽ യുവാക്കളെ ഉൾപ്പെടുത്തുന്നതിനുള്ള നടപടികളും ആലോചനയിലാണ്. കർഷകരുടെ വരുമാനം

വർദ്ധിപ്പിക്കുന്നതിനുതകുന്ന തരത്തിൽ മൂല്യവർദ്ധിത ഉല്പന്നനിർമ്മാണ സംരംഭങ്ങൾക്ക് എസ്.എഫ്.എ.സി. മുഖേന സബ്സിഡി നൽകിവരുന്നു.

(സി) കാൻസർ പോലുള്ള മാരകരോഗങ്ങൾ ബാധിക്കുന്നതിന് പ്രധാന കാരണം മറ്റ് സംസ്ഥാനങ്ങളിൽനിന്ന് കൊണ്ടുവരുന്ന വിഷലിപ്തമായ പച്ചക്കറിയാണെന്ന വസ്തുതയുടെ വെളിച്ചത്തിൽ ജനങ്ങളെ ഇതിനെക്കുറിച്ച് കൂടുതൽ ബോധവൽക്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

സ്വീകരിച്ചിട്ടുണ്ട്. കീടനാശിനികളുടെ വിതരണവും വിൽപ്പനയും ഉപയോഗവും ഗുണനിലവാരവും നിയന്ത്രിക്കുന്നതിന് കീടനാശിനി ഡീലർമാർക്കും കീടനാശിനി കൃത്യമായ അളവിൽ ഉപയോഗിക്കുന്നതിനും ജൈവ കീടനാശിനികളുടെ ഉല്പാദനം വർദ്ധിപ്പിക്കൽ, സംയോജിത കീടനിയന്ത്രണം. രാസകീടനാശിനികളുടെ ശാസ്ത്രീയ ഉപയോഗം, മാരക വിഷാംശമുള്ള കീടനാശിനികൾക്കുപകരം വിഷാംശം കുറവുള്ള പുതുതലമുറ കീടനാശിനികളുടെ പ്രോത്സാഹനം എന്നിവ ലക്ഷ്യമിട്ട് സംസ്ഥാനമൊട്ടാകെ 166 ബോധവൽക്കരണ കാമ്പയിനുകൾ കർഷകർക്ക് നൽകുന്നതിന് നടപ്പ സാമ്പത്തികവർഷത്തിൽ ലക്ഷ്യമിട്ടിട്ടുണ്ട്. പച്ചക്കറികളിലും മറ്റും മനുഷ്യജീവന് അപകടകരമായ നിലയിൽ കീടനാശിനി പ്രയോഗം

നടത്തുന്നത് കണ്ടെത്തുന്നതിനായി സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി " സേഫ് ടു ഈറ്റ്" എന്ന ഘടക പ്രകാരം കേരള കാർഷിക സർവ്വകലാശാല കീടനാശിനി അവശിഷ്ട പരിശോധന നടത്തിവരുന്നു. പ്രസ്തുത പദ്ധതി ഘടകത്തിലൂടെ കേരളത്തിലെ പൊതുവിപണികൾ, കൃഷിയിടങ്ങൾ, ഇക്കോഷോപ്പ്, ജൈവവിപണി എന്നിവിടങ്ങളിലെ പച്ചക്കറി/പഴവർഗ്ഗങ്ങളിൽ അടങ്ങിയിരിക്കുന്ന കീടനാശിനികളുടെ അവശിഷ്ട അളവ് പരിശോധിച്ചുവരുന്നു. കേരള കാർഷിക സർവ്വകലാശാല വെള്ളായണി കാർഷിക കോളേജിലെ കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന ഫലം കേരള സർക്കാരിന്റെ ഔദ്യോഗിക വെബ്പോർട്ടലിൽ (www.kerala.gov.in) പൊതുജനങ്ങളുടെ അറിവിലേയ്ക്കായി പ്രസിദ്ധീകരിക്കുന്നു. ഇത്തരത്തിലുള്ള പ്രവർത്തനംമൂലം മാരകമായ കീടനാശിനികളെയും അവയുണ്ടാക്കുന്ന ആരോഗ്യപ്രശ്നങ്ങളെയും സംബന്ധിച്ച് പൊതുജനങ്ങൾക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനും കീടനാശിനി ഉപയോഗം കുറയ്ക്കുന്നതിന് കർഷകരെ പ്രേരിപ്പിക്കുന്നതിനും ഒരു പരിധിവരെ സഹായകരമാവുന്നു. ആയത് സുരക്ഷിത പച്ചക്കറിയുടെ ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും അന്യസംസ്ഥാനത്ത് നിന്നുള്ള പച്ചക്കറിയുടെ ഉപയോഗം ഒരു പരിധിവരെ കുറയ്ക്കുന്നതിനും സഹായിക്കുന്നു.

പച്ചക്കറികളിലെ കീടനാശിനി ഉപയോഗം കുറയ്ക്കുന്നതിനായി സംയോജിത സസ്യ ജൈവ സംരക്ഷണ മുറകളെക്കുറിച്ചുള്ള അറിവുകൾ കാർഷിക സർവ്വകലാശാല കർഷകരിലേയ്ക്ക് പരിശീലന പരിപാടികളിലൂടെയും മറ്റും പകർന്നുനൽകുന്നുണ്ട്.

## രാസവളങ്ങളുടെ വിലവർദ്ധനവ്

16 (3374) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽ കർഷകർക്കാവശ്യമായ ഫാക്ടംഫോസ്, പൊട്ടാഷ് എന്നീ വളങ്ങളുടെ വില ക്രമാതീതമായി വർദ്ധിച്ചത് കർഷകരെ പ്രതിസന്ധിയിലാക്കിയിട്ടുള്ള കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വില വർദ്ധനവ്മൂലമുള്ള പ്രതിസന്ധി പരിഹരിക്കുന്നതിന് കർഷകർക്ക് രാസവള സബ്സിഡി ഉൾപ്പെടെ ധനസഹായം നൽകുന്ന കാര്യം സർക്കാർ പരിഗണിക്കുമോ; വിശദമാക്കാമോ?

(എ & ബി) പൊട്ടാഷ്, ഫാക്ടംഫോസ് എന്നീ വളങ്ങളുടെ വിലയിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടെന്നുള്ളത് വസ്തുതയാണ്. അസംസ്കൃത വസ്തുക്കളുടെ അന്താരാഷ്ട്ര വിലയിലുള്ള വർദ്ധനവ്, ചരക്ക് ഗതാഗതക്കൂലി വർദ്ധനവ്

എന്നീ കാരണങ്ങൾ കൊണ്ടാണ് രാസവളങ്ങളുടെ വില വർദ്ധിച്ചത്. നിലവിൽ കർഷകർക്ക് ലഭിക്കുന്നത് സബ്സിഡി നിരക്കിലുള്ള രാസവളങ്ങളാണ്. ഇതുകൂടാതെ കൃഷി വകുപ്പും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും നടപ്പിലാക്കുന്ന പദ്ധതികളിൽ രാസവളങ്ങളുൾപ്പെടെയുള്ള ഉല്പാദനോപാധികൾക്ക് സബ്സിഡി നൽകി വരുന്നുണ്ട്.

## കൃഷി സുഗമമാക്കുന്നതിന് നടപടി

17(3375) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ കോൾ ചാലുകളിൽ നിന്നും എക്കൽ നീക്കം ചെയ്യുന്നതിന്റെ ഭാഗമായി ബണ്ടുകളിൽ നിക്ഷേപിച്ച മണ്ണ് നിരപ്പാക്കാത്തതുമൂലം കർഷകർക്ക് വിത്തും, വളവും, മറ്റ് സംവിധാനങ്ങളും പാടശേഖരങ്ങളിൽ എത്തിക്കുന്നതിനുള്ള ഗതാഗതസൗകര്യം തടസ്സപ്പെട്ടിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ വർഷത്തെ കൃഷി സുഗമമാക്കുന്നതിന് പ്രസ്തുത തടസ്സം നീക്കം ചെയ്യുന്നതിനാവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

(എ & ബി) മണലൂർ നിയോജക മണ്ഡലത്തിലുൾപ്പെടുന്ന പ്രധാനപ്പെട്ട കനാലുകളായ കോട്ടച്ചാൽ, ഏനമാക്കൽ, കടാംതോട്, ചെമ്മീൻചാൽ തുടങ്ങിയവയുടെ ആഴം വർദ്ധിപ്പിക്കുമ്പോൾ ലഭ്യമായ മണ്ണ് സമീപ ബണ്ടുകളിലാണ് നിക്ഷേപിച്ചിരുന്നത്. ഈ മണ്ണ് ഭൂരിഭാഗവും നീക്കം ചെയ്യുകയും നിരപ്പാക്കുകയും ചെയ്തിട്ടുണ്ട്. അവശേഷിക്കുന്ന ഭാഗങ്ങളിലെ മണ്ണ് കൃഷിയിറക്കുന്നതിനുമുമ്പ് നിരപ്പാക്കി, ബണ്ട് ഗതാഗത യോഗ്യമാക്കുന്നതാണ്.

## നെല്ലുല്പാദനം വർദ്ധിപ്പിക്കാൻ നടപടി

18 (3376) ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നെൽകൃഷിയുടെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്?

സംസ്ഥാന സർക്കാരിന്റെ നെൽക്കൃഷി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നെൽകൃഷിയുടെ വിസ്തൃതിയും ഉല്പാദനവും വർദ്ധിപ്പിക്കാനും സംസ്ഥാനത്ത് ഭക്ഷ്യ സ്വയംപര്യാപ്തത കൈവരിക്കാനും വേണ്ടിയുള്ള

വിവിധ ഘടക പദ്ധതികൾ കൃഷി വകുപ്പ് നടപ്പിലാക്കിവരുന്നു. സംസ്ഥാനാവിഷ്കൃത പദ്ധതിയായ " നെൽകൃഷി വികസന പദ്ധതി" - യിലെ ഘടക പദ്ധതിയായ സുസ്ഥിര നെൽകൃഷി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നെൽകൃഷിക്ക് അത്യുല്പാദനശേഷിയുള്ള നെൽവിത്ത്, വളം, ജൈവിക കീടരോഗ നിയന്ത്രണം മുതലായവയ്ക്കായി ഒരു ഹെക്ടറിന് 5,500/- രൂപ നിരക്കിൽ 2021-22 വർഷത്തിൽ 166997.04255 ഹെക്ടറിൽ പദ്ധതി നടപ്പിലാക്കുകയും ഇതിനായി 9,184.83603 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തു. ഇതിനായി 2022-23 വർഷത്തിൽ 92727 ഹെക്ടറിലേയ്ക്ക് 5,100 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. പൊതു ഞാറ്റടി, കർഷക യന്ത്രോപകരണങ്ങളുടെ റിപ്പയർ, തോടുകളുടെ അറ്റകുറ്റപ്പണികൾ തുടങ്ങിയ പാടശേഖരസമിതികളുടെ പൊതുവായ ആവശ്യങ്ങൾക്കുള്ള പ്രവർത്തനച്ചെലവിനായി ഹെക്ടറിന് 360 രൂപ പ്രകാരം 83333.33 ഹെക്ടർ പ്രദേശത്ത് പദ്ധതി നടപ്പിലാക്കുന്നതിനായി 2021-22 വർഷത്തിൽ 300 ലക്ഷം രൂപ വകയിരുത്തുകയും ടി പദ്ധതി പൂർണ്ണമായി നടപ്പിലാക്കുകയും ചെയ്തു. 2022-23 വർഷത്തിൽ ഇതിനായി 300 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. നെൽക്കൃഷി അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി രൂപീകരിക്കപ്പെട്ടിട്ടുള്ള 10 നെൽക്കൃഷി വികസന ഏജൻസികൾക്കായി

ഓണറേറിയം, സിറ്റിംഗ് ഫീസ്, പ്രോജക്ടധിഷ്ഠിത ധനസഹായം എന്നിവയ്ക്കായി 2021-22 വർഷത്തിൽ 25.12027 ലക്ഷം രൂപ ചെലവഴിച്ചു. കൂടാതെ, കരാർ ജീവനക്കാരുടെ വേതനം, ടെലിഫോൺ ചാർജ്, ഇന്ധനച്ചെലവുകൾ മുതലായ ദൈനംദിന പ്രവർത്തനച്ചെലവുകൾക്കായി 22.68981 ലക്ഷം രൂപ ചെലവഴിക്കപ്പെട്ടു. നെൽകൃഷി വികസന ഏജൻസികൾക്ക് ഓണറേറിയം, സിറ്റിംഗ് ഫീസ്, പ്രോജക്ടധിഷ്ഠിത ധനസഹായം എന്നിവയ്ക്കായി 2022-23 വർഷത്തിലും 30 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. സംസ്ഥാനത്ത് നെൽകൃഷിയുടെ വിസ്തൃതിയിൽ വർദ്ധനവ് കൈവരിക്കുന്നതിന്റെ ഭാഗമായി 2021-22 വർഷത്തിൽ 404.04 ഹെക്ടറിൽ കരനെൽകൃഷി നടപ്പിലാക്കി, ആയതിന് 54.94955 ലക്ഷം രൂപ ആനുകൂല്യമായി വിതരണം ചെയ്തു. ഒരുപ്പൂ മാത്രം കൃഷിയിറക്കുന്ന വയലുകളിൽ ഇരുപ്പൂ കൃഷി നടപ്പിലാക്കുന്നതിന് ഹെക്ടറൊന്നിന് 10,000 രൂപ നിരക്കിൽ ആനുകൂല്യം നൽകിക്കൊണ്ട് 496.7 ഹെക്ടറിൽ ഇരുപ്പൂ കൃഷി നടപ്പിലാക്കുകയും ആയതിന് 49.67 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തു. പ്രത്യേക നെല്ലിനങ്ങളുടെ (പൊക്കാളി, ഞവര, ജീരകശാല ആന്റ് ഗന്ധകശാല, രക്തശാലി, ബസ്മതി) കൃഷി 499.99995 ഹെക്ടറിൽ നടപ്പിലാക്കുകയും ആയതിന് 49.99995 ലക്ഷം രൂപ ചെലവഴിക്കുകയും

ചെയ്തു. നെൽകൃഷിയിലേയ്ക്ക് മുഴുവൻ തരിശുനിലങ്ങളെയും മടക്കി കൊണ്ടുവരുന്നതിനുവേണ്ടി തരിശുനില കൃഷിക്ക് ഹെക്ടർ ഒന്നിന് 35,000 രൂപ കർഷകനും 5,000 രൂപ ഭൂവുടമകൾക്കും ചേർത്ത് ആകെ 40,000/- രൂപ പ്രകാരം 748.9205 ഹെക്ടർ തരിശുനിലത്ത് നെൽകൃഷി നടപ്പിലാക്കി. ഇതിനായി 299.5682 ലക്ഷം രൂപ ചെലവഴിച്ചു. 2022-23 വർഷത്തിൽ " നെൽക്കൃഷി വികസന പദ്ധതി" -യിലെ ഘടക പദ്ധതിയായ കരനെൽകൃഷി 875 ഹെക്ടറിൽ നടപ്പിലാക്കുന്നതിനായി 119 ലക്ഷം രൂപയും, ഒരുപ്പൂ ചെയ്യുന്ന 500 ഹെക്ടർ വയലുകൾ ഇരുപ്പൂ ആക്കുന്നതിന് 50 ലക്ഷം രൂപയും പ്രത്യേക നെല്ലിനങ്ങളുടെ കൃഷി 650 ഹെക്ടറിൽ നടപ്പിലാക്കുന്നതിനായി 65 ലക്ഷം രൂപയുമാണ് നീക്കിവച്ചിട്ടുള്ളത്. കോൾ മേഖലയിലെ നെൽക്കൃഷി വികസനത്തിനായി തൃശ്ശൂർ ജില്ലയിൽ നടപ്പാക്കിയ പ്രത്യേക പദ്ധതി ഒരുപ്പൂ കൃഷിയിറക്കുന്ന കോൾ പടവുകളിൽ രണ്ടു പൂ നെൽകൃഷി, ഒന്നാം വിള നെൽകൃഷിക്കുശേഷം രണ്ടാം വിളയായി പയർ/ചോളം/എണ്ണക്കുരു വിളകൾ എന്നിവയുടെ കൃഷി, പമ്പ്സെറ്റ് ഉൾപ്പെടെയുള്ള മെഷിനറികൾ വാങ്ങി സ്ഥാപിക്കൽ, ബണ്ടുകളുടെയും സ്ലൂയിസുകളുടെയും അറ്റകുറ്റപ്പണി, ട്രാൻസ്ഫോർമർ സ്ഥാപിക്കൽ എന്നിവയ്ക്കായി 2021-22 വർഷത്തിൽ 24.18147 ലക്ഷം രൂപ

ചെലവഴിച്ചു. ഇതിനായി 2022-23 വർഷത്തിൽ 275 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. നെൽവയലുകൾ തരം മാറ്റുന്നത് വ്യാപകമായ സാഹചര്യത്തിൽ ആയത് നിരുത്സാഹപ്പെടുത്തുന്നതിനും വയലുകൾ നിലനിർത്തുന്നതിനും നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുമായി നെൽവയലുകളുടെ ഉടമസ്ഥർക്ക് ഹെക്ടറിന് 2,000/- രൂപ നിരക്കിൽ 496.7 ഹെക്ടറിലേയ്ക്ക് റോയൽറ്റിയായി 370.3972 ലക്ഷം രൂപ വിതരണം ചെയ്തു. നെൽവയലുകളുടെ ഉടമസ്ഥർക്ക് ഹെക്ടറിന് 3,000 രൂപ നിരക്കിൽ റോയൽറ്റി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുന്നതിനായി 2022-23 വർഷത്തിൽ 30000 ഹെക്ടർ നെൽവയലുകൾക്ക് 900 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. 2021-22 വർഷത്തിൽ നെൽകൃഷിക്കാവശ്യമായ ഗുണമേന്മയുള്ള നെൽവിത്ത് ഉല്പാദിപ്പിച്ച് കർഷകർക്ക് ലഭ്യമാക്കുന്നതിന് രജിസ്റ്റേർഡ് വിത്തുല്പാദക പദ്ധതി 1127.63 ഹെക്ടർ സ്ഥലത്ത് നടപ്പിലാക്കി. കെ.എസ്.എസ്.ഡി.എ.-യിൽ ഓൺലൈൻ സംവിധാനം വികസിപ്പിക്കുന്നതിനുള്ള തുക 122 ലക്ഷം അനുവദിക്കുകയും ആയതിന്റെ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഇതിനായി 2022-23 വർഷത്തിൽ 125 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. 2021-22 വർഷത്തിൽ സംസ്ഥാനത്തെ പരമ്പരാഗത നെൽകൃഷി മേഖലകളായ കരി,

പൊക്കാളി, കയ്പാട് എന്നീ പ്രദേശങ്ങളുടെ സമഗ്രമായ വികസനം ലക്ഷ്യമാക്കിക്കൊണ്ട് കരിമേഖലയിൽ 29.17677 ലക്ഷം രൂപയുടെ പ്രവർത്തനങ്ങളും പൊക്കാളി മേഖലയിൽ 16.80857 ലക്ഷം രൂപയുടെ പ്രവർത്തനങ്ങളും കയ്പാട് മേഖലയിൽ 38.17311 ലക്ഷം രൂപയുടെ പ്രവർത്തനങ്ങളും ചേർത്ത് ആകെ 84.15845 ലക്ഷം രൂപ ചെലവഴിച്ചു. പ്രകൃതിക്ഷോഭത്തിന്റെ പശ്ചാത്തലത്തിൽ പാടശേഖരങ്ങളോടനുബന്ധിച്ച അടിയന്തര പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് 4.48407 ലക്ഷം രൂപ പത്തനംതിട്ട ജില്ലയിൽ ചെലവഴിച്ചു. മണ്ണിന്റെയും വേരിന്റെയും ആരോഗ്യ പരിപാലന പദ്ധതിയിൽ (Soil and Root Health Management) ഉൾപ്പെടുത്തി കുമ്മായത്തിന് 5,400 രൂപയും നൽകുന്നു. 2022-23 വർഷത്തിൽ 39259 ഹെക്ടർ നെൽകൃഷിക്കുള്ള കുമ്മായത്തിന് 2,130 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. നോൺ പ്ലാൻ (പദ്ധതിയേതരം) ഇനത്തിൽ ഉൾപ്പെടുത്തി നെല്ലിന്റെ ഉല്പാദന ബോണസായി ഓരോ സീസണിലെ നെൽകൃഷിക്കും ഹെക്ടറിന് 1,000 രൂപ നൽകുന്നു. 2022-23 വർഷത്തിൽ ഗ്രാമപഞ്ചായത്തുകൾക്കായി 1,324 ലക്ഷം രൂപയും മുനിസിപ്പാലിറ്റികൾക്കായി 44 ലക്ഷം രൂപയും കോർപ്പറേഷനുകൾക്കായി 0.50 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. നെൽകൃഷിക്ക്

ഭൂപരിധിയില്ലാതെയും മറ്റ് വിളകൾക്ക് രണ്ട് ഹെക്ടർ വരെയും ജലസേചനത്തിന് വൈദ്യുതി സൗജന്യമായി അനുവദിച്ചുവരുന്നുണ്ട്.

(ബി) തരിശിടുന്ന പാടശേഖരങ്ങളിൽ കൃഷി ചെയ്യുന്ന പ്രത്യേക പദ്ധതി പ്രകാരം എത്ര ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്യാൻ സാധിച്ചിട്ടുണ്ട്; വിശദമാക്കുമോ?

ഭക്ഷ്യവിളകളുടെ വിസ്തൃതി, ഉല്പാദനം, ഉല്പാദനക്ഷമത എന്നിവ വർദ്ധിപ്പിച്ച് ഭക്ഷ്യസുരക്ഷ കൈവരിക്കുകയെന്ന ലക്ഷ്യത്തോടെ 2020-ൽ ആരംഭിച്ച പ്രത്യേക പദ്ധതിയാണ് 'സുഭിക്ഷകേരളം'. പ്രസ്തുത പദ്ധതി കോവിഡ്-19 മഹാമാരിയുടെ കാലത്ത് ഭക്ഷ്യവിതരണത്തിന്റെ ദൗർലഭ്യം നേരിടാനുള്ള സംസ്ഥാനത്തെ ഒരു പ്രധാന സംരംഭമായിരുന്നു. കൃഷി യോഗ്യമായ തരിശുനിലങ്ങളിൽ നെല്ല്, പച്ചക്കറികൾ, ഫലവർഗ്ഗ വിളകൾ, കിഴങ്ങുവർഗ്ഗങ്ങൾ, പയറുവർഗ്ഗങ്ങൾ, ചെറുധാന്യ വിളകൾ എന്നീ വിളകളുടെ കൃഷിയാണ് ഈ പരിപാടിയിലൂടെ പ്രധാനമായും നടപ്പാക്കിയത്. ഓരോ വർഷവും 25,000 ഹെക്ടർ തരിശുഭൂമി കൃഷിയോഗ്യമാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. 2020-2021 സാമ്പത്തികവർഷത്തിൽ 22,847 ഹെക്ടറും 2021-2022 സാമ്പത്തികവർഷത്തിൽ 23,010 ഹെക്ടർ സ്ഥലത്തും ചെയ്ത

തരിശുകൃഷിയുടെ വിളതിരിച്ചുള്ള വിസ്തീർണ്ണം സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു.+

## നെൽക്കൃഷി നാശത്തിനുള്ള നഷ്ടപരിഹാരം

19(3377) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരേക്കറിൽ നെൽകൃഷിയിറക്കുന്നതിനും വളമിടൽ, കളപറിക്കൽ, കൊയ്ത്ത് തുടങ്ങിയ അനുബന്ധ പ്രവർത്തനങ്ങൾക്കുമായി എത്ര രൂപ ചെലവ് വരുമെന്നാണ് സർക്കാർ കണക്കാക്കിയിട്ടുള്ളത്; വ്യക്തമാക്കാമോ?

നെൽകൃഷിയുൾപ്പെടെ കേരളത്തിലെ എല്ലാ പ്രധാനപ്പെട്ട വിളകളുടെയും കൃഷിച്ചെലവ് തിട്ടപ്പെടുത്തി പ്രസിദ്ധീകരിക്കുന്നത് സാമ്പത്തിക സ്ഥിതി വിവരക്കണക്ക് വകുപ്പാണ്. പ്രസ്തുത വകുപ്പ് പ്രസിദ്ധീകരിച്ചിട്ടുള്ളതുപ്രകാരം വിരിപ്പ് മുണ്ടകൻ പുഞ്ചസീസണുകളിൽ ഒരു ഏക്കറിലേയ്ക്കുള്ള കൃഷിച്ചെലവ് അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഇക്കഴിഞ്ഞ വർഷമുണ്ടായ മഴയിലും വെള്ളപ്പൊക്കത്തിലും നെൽകൃഷി നശിച്ചവർക്ക് ഒരേക്കറിന് എത്ര രൂപ നിരക്കിലാണ് നഷ്ടപരിഹാരം വിതരണം ചെയ്തതെന്ന് വ്യക്തമാക്കാമോ?

പ്രകൃതി ദുരന്തങ്ങൾക്കായുള്ള അടിയന്തര പരിപാടി പദ്ധതിയിൽ പ്രകൃതിക്ഷോഭംമൂലം നെൽകൃഷി നാശമുണ്ടായാൽ ഒരു ഏക്കറിന് 5,400/- രൂപ നിരക്കിൽ സംസ്ഥാന ദുരന്ത പ്രതികരണനിധിയിൽനിന്നും നഷ്ടപരിഹാരം നൽകുന്നുണ്ട്. കൂടാതെ സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളായ കർഷകർക്ക് പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന വിളനാശത്തിന് 45 ദിവസത്തിനകമുള്ള വിളകൾക്ക് ഒരു ഏക്കറിന് 6,000/- രൂപ നിരക്കിലും, 45 ദിവസത്തിനുശേഷമുള്ള വിളകൾക്ക് 14,000/- രൂപ നിരക്കിലും നഷ്ടപരിഹാരം നൽകുന്നുണ്ട്.

(സി) നെൽകൃഷി നാശത്തിന് നഷ്ടപരിഹാരം നൽകുന്നതിനായി നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമാകുന്ന നെൽകർഷകർക്ക് പ്രകൃതിക്ഷോഭംമൂലമോ, വന്യജീവി ആക്രമണം മൂലമോ, കീടരോഗ ബാധമൂലമോ (കീടരോഗ ബാധ കൃഷി ഭവനിൽ അറിയിച്ചുവേണ്ട പ്രതിരോധ നടപടികൾ എടുത്തതിനുശേഷവും നഷ്ടമുണ്ടായാൽ) 50

ശതമാനത്തിൽ കൂടുതൽ വിള നാശമുണ്ടായാൽ ആയത് പൂർണ്ണനാശമായി കണക്കാക്കി വിള ഇൻഷ്വറൻസ് ആനുകൂല്യം നൽകുന്നു.

(ഡി) പ്രസ്തുത മാനദണ്ഡങ്ങൾ പ്രകാരം നെൽകൃഷി നാശത്തിന് നിശ്ചയിച്ചിട്ടുള്ള നഷ്ടപരിഹാര തുക എത്രയാണ്; പ്രസ്തുത തുക കൃഷിച്ചെലവിന് ആനുപാതികമാണെന്ന് കരുതുന്നുണ്ടോ;

(ഇ) ഇല്ലെങ്കിൽ പ്രസ്തുത മാനദണ്ഡങ്ങളിൽ കാലാനുസൃതമായ മാറ്റങ്ങൾ വരുത്തുന്നതിനും നഷ്ടപരിഹാരത്തുക വർദ്ധിപ്പിക്കുന്നതിനുമാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

(ഡി & ഇ) പ്രകൃതിക്ഷോഭംമൂലം നെൽകൃഷി നാശമുണ്ടായാൽ ഒരു ഹെക്ടറിന് 13,500 രൂപ നഷ്ടപരിഹാരം നൽകുന്നുണ്ട്. കൂടാതെ ഇൻഷ്വർ ചെയ്ത നെൽകൃഷിക്ക് നഷ്ടമുണ്ടായാൽ 45 ദിവത്തിനകമുള്ള വിളകൾക്ക് ഹെക്ടറിന് 15,000 രൂപ നിരക്കിലും, 45 ദിവസത്തിനുശേഷമുള്ള വിളകൾക്ക് 35,000 രൂപ നിരക്കിലും കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നുണ്ട്. വിള ഇൻഷ്വറൻസ് പദ്ധതി കാലോചിതമായി പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കർഷകർക്കുണ്ടായ നഷ്ടം

20(3378) <u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ സ്ഥലങ്ങളിൽ കൊയ്ത നെല്ലുകൾ സംഭരിക്കാൻ മൂന്നാഴ്ചയിൽ കൂടുതൽ സമയം വൈകിയത് കാരണം കർഷകർക്കുണ്ടായ നഷ്ടം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

2021 നവംബർ, 2022 മേയ് എന്നീ മാസങ്ങളിലുണ്ടായ ശക്തമായ മഴമൂലം 2021-22 സീസണിലെ നെല്ലുസംഭരണം മന്ദീഭവിച്ചിരുന്നുവെങ്കിലും സപ്ലൈകോയിൽ രജിസ്റ്റർ ചെയ്ത മുഴുവൻ കർഷകരുടെയും നെല്ല് സംഭരിക്കപ്പെട്ടിട്ടുണ്ട്.

(ബി) നഷ്ടം സംഭവിച്ച കർഷകരുടെ നഷ്ടം നികത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ; കൃത്യസമയത്തുതന്നെ നെല്ല് കൊയ്ത് സംഭരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

നഷ്ടം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. എല്ലാ സീസണിലും സമയബന്ധിതമായി കൊയ്ത്ത് നടത്തുന്നതിനായി പാടശേഖര സമിതി ഭാരവാഹികളുടേയും കൊയ്ത്ത് മെഷീൻ ഉടമകളുടേയും യോഗം വിളിച്ചുചേർത്ത് നിർദ്ദേശം നൽകുകയും നെല്ല് സംഭരിക്കുന്നതിനായി മില്ലുകൾക്ക് കൊയ്ത്ത് ആരംഭിക്കുന്നതിന്

മുമ്പുതന്നെ പാടശേഖരങ്ങൾ അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. പാടശേഖരങ്ങൾ അനുവദിച്ച് നൽകിയതിനുശേഷം 30 ദിവസങ്ങൾക്കകം മില്ലുകൾ നെല്ല് സംഭരിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ശക്തമായ മഴ, വെള്ളപ്പൊക്കം തുടങ്ങിയ പ്രകൃതിക്ഷോഭങ്ങളുണ്ടാകുന്ന അവസരങ്ങളിൽ മാത്രമാണ് നെല്ല് സംഭരണം മന്ദീഭവിക്കുന്നത്. ഇത്തരം അവസരങ്ങളിൽ നെല്ലിന്റെ ഗുണനിലവാരശോഷണം സംഭവിക്കുന്നതും സംഭരണ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കാറുണ്ട്. ഏത് പ്രതികൂല കാലാവസ്ഥയിലും സമയബന്ധിതമായി നെല്ലെടുപ്പ് പൂർത്തീകരിക്കാനുള്ള സത്വര നടപടികൾ സപ്ലൈകോ അപ്പപ്പോൾ ചെയ്തുവരാറുണ്ട്.

## കുട്ടനാട്ടിലെ പാടശേഖരങ്ങളുടെ പുറം ബണ്ടുകളിൽ ട്രാക്ടർ റോഡ് നിർമ്മാണം

21(3379) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി  സദയം മറുപടി നൽകുമോ:

കുട്ടനാട്ടിലെ എല്ലാ പാടശേഖരങ്ങളുടെയും പുറം ബണ്ടുകളിൽ ട്രാക്ടർ റോഡ് നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; ഇത്തരം നിർമ്മാണത്തിലൂടെ മടവീഴ്ച തടയാൻ കഴിയുമെന്നത് പരിഗണിച്ച് പുറംബണ്ടുകളിൽ ട്രാക്ടർ റോഡ് നിർമ്മിക്കുന്നതിന് യുദ്ധകാലാടിസ്ഥാനത്തിൽ ഒരു പദ്ധതി നടപ്പാക്കുമോ?

കുട്ടനാട്ടിലെ പാടശേഖരങ്ങളിൽ കാർഷികോപകരണങ്ങളും യന്ത്രങ്ങളും എത്തിക്കുന്നതിന് എല്ലാ പാടശേഖരങ്ങളുടേയും പുറംബണ്ടിലൂടെ ട്രാക്ടർ റോഡ് നിർമ്മിക്കേണ്ട ആവശ്യമില്ല. പാടശേഖരത്തിലൂടെ ട്രാക്ടർ റോഡ് നിർമ്മാണത്തിനായി നിലവിൽ വകുപ്പിൽ പദ്ധതികൾ ഒന്നുമില്ല. നിലവിൽ മടവീഴ്ച വീണ പാടശേഖരങ്ങളുടെ പുറംബണ്ട് RKVY, RIDF തുടങ്ങിയ പദ്ധതികളിൽപ്പെടുത്തി ബണ്ട് ബലപ്പെടുത്തുന്ന പ്രവൃത്തികൾ നടപ്പിലാക്കി ക്കൊണ്ടിരിക്കുന്നു.

## നെൽവയൽ ഉടമകൾക്ക് സഹായം നൽകുന്ന പദ്ധതി

22(3380) ശ്രീ. പി. നന്ദകുമാർ:
ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. പി. പി. ചിത്തരഞ്ജൻ:
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെയും നെൽവയലുകൾ സംരക്ഷിച്ചുനിർത്തി പാരിസ്ഥിതിക സന്തുലനം ഉറപ്പുവരുത്തുന്നതിന്റെയും ഭാഗമായി നെൽവയൽ ഉടമകൾക്ക് സഹായം നല്കുന്ന പദ്ധതി നിലവിലുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉണ്ട്. കേരളത്തിന്റെ പരിസ്ഥിതി സംരക്ഷിക്കുന്നതിനും വിവിധ ജീവജാലങ്ങളുടെ ആവാസവ്യവസ്ഥ പരിരക്ഷിക്കുന്നതിനും ഭൂഗർഭ ജലം കുറയാതെ നിലനിർത്തുന്നതിനും പ്രകൃതിദത്ത ജലസംഭരണിയായ നെൽവയലുകൾ നിലനിർത്തേണ്ടത് അത്യന്താപേക്ഷിതമാണ്. നെൽവയൽ സംരക്ഷിക്കുന്നത് പ്രകൃതിയുടെയും ആവാസവ്യവസ്ഥയുടെയും സംരക്ഷണമായി കണക്കാക്കിയും ഭക്ഷ്യസുരക്ഷ കൈവരിക്കുന്നതിൽ പ്രധാന പങ്ക് വഹിക്കുന്നുവെന്നതിനാലും പ്രോത്സാഹനമായി നെൽവയലുകളുടെ ഉടമസ്ഥർക്ക് റോയൽറ്റി നൽകുവാനാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. നെൽവയലുകൾ രൂപമാറ്റം വരുത്താതെ നിലനിർത്തി സംരക്ഷിക്കുകയും കൃഷിക്കായി ഉപയുക്തമാക്കുകയും ചെയ്യുന്ന നെൽവയലുകളുടെ ഉടമകൾക്കാണ് (owners of cultivable paddy land) റോയൽറ്റി അനുവദിക്കുന്നത്. 2020-21 സാമ്പത്തികവർഷത്തിലാണ് സംസ്ഥാനത്ത് ഈ പദ്ധതി നിലവിൽ വന്നത്. പൂർണ്ണമായും ഓൺലൈൻ സംവിധാനമായ AIMS പോർട്ടലിലൂടെ നടപ്പിലാക്കിയ പദ്ധതി പ്രകാരം 2020-21 വർഷത്തിൽ ഹെക്ടറിന് 2,000 രൂപ നിരക്കിൽ 38120.475 ഹെക്ടർ സ്ഥലത്തേയ്ക്ക്, 762.40950 ലക്ഷം രൂപ, 88036 അപേക്ഷകർക്കായി വിതരണം ചെയ്തു. തുടർന്ന് 2021-22 സാമ്പത്തികവർഷത്തിലും അതേ

നിരക്കിൽ 18519.86 ഹെക്ടർ സ്ഥലത്തേയ്ക്ക് 370.3972 ലക്ഷം രൂപ 41088 അപേക്ഷകർക്കായി വിതരണം ചെയ്തു. 2022-23 വർഷത്തെ ബഡ്ജറ്റ് പ്രഖ്യാപനത്തിലും, വാർഷിക പ്ലാനിലും നെൽവയൽ ഉടമകൾക്കുള്ള റോയൽറ്റി 3,000 രൂപ പ്രകാരം നൽകുമെന്ന് പരാമർശിച്ചിട്ടുള്ള പ്രകാരം 2022-23 വർഷത്തിൽ 30,000 ഹെക്ടർ നെൽവയലുകൾക്ക് റോയൽറ്റിയായി 900 ലക്ഷം രൂപ നെൽകൃഷി വികസന പദ്ധതിയിൽ നീക്കിവച്ചിട്ടുണ്ട്.

(ബി) നെല്ലുല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനും തരിശുഭൂമി കൃഷിയോഗ്യമാക്കുന്നതിനുമായി എന്തെല്ലാം നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ നൽകുമോ; തരിശിടൽ ഒഴിവാക്കുന്നതിനായി ആരംഭിച്ച തരിശുരഹിത പഞ്ചായത്ത് സ്കീം സംസ്ഥാനത്ത് എത്രത്തോളം ഫലപ്രദമായി നടപ്പാക്കാൻ കഴിഞ്ഞിട്ടുണ്ട്; വ്യക്തമാക്കാമോ?

നെല്ലുല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനും തരിശുഭൂമി കൃഷിയോഗ്യമാക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു:

1) <u>നെല്ലുല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ</u>

സംസ്ഥാന സർക്കാരിന്റെ നെൽകൃഷി വികസന പദ്ധതി, മണ്ണിന്റെയും വേരിന്റെയും ആരോഗ്യ പരിപാലന പദ്ധതി, കേന്ദ്രാവിഷ്കൃത പദ്ധതിയായ പാലക്കാട് ജില്ലയിൽ നടപ്പാക്കുന്ന ദേശീയ ഭക്ഷ്യസുരക്ഷാ പദ്ധതി, ജനകീയാസൂത്രണം വഴി നടപ്പിലാക്കുന്ന വിവിധ നെൽകൃഷി വികസന പദ്ധതികൾ എന്നിവയിലൂടെ നെൽകൃഷിയുടെ വിസ്തൃതിയും ഉല്പാദനവും വർദ്ധിപ്പിക്കാനും സംസ്ഥാനത്ത് ഭക്ഷ്യ സ്വയംപര്യാപ്തത കൈവരിക്കാനും വേണ്ടിയുള്ള വിവിധ പദ്ധതികൾ കൃഷി വകുപ്പ് നടപ്പിലാക്കിവരുന്നു. സംസ്ഥാനാവിഷ്കൃത പദ്ധതിയായ " നെൽകൃഷി വികസന പദ്ധതി" - യിലെ ഘടകപദ്ധതിയായ സുസ്ഥിര നെൽകൃഷി വികസന പദ്ധതിയിലുൾപ്പെടുത്തി നെൽക്കൃഷിക്ക് അത്യുല്പാദനശേഷിയുള്ള നെൽവിത്ത്, വളം, ജൈവിക കീടരോഗ നിയന്ത്രണം മുതലായവയ്ക്കായി ഒരു ഹെക്ടറിന് 5,500/- രൂപ നിരക്കിൽ വിതരണം ചെയുന്നു. ഇതിനായി 2022-23 വർഷത്തിൽ 92727 ഹെക്ടറിലേയ്ക്ക് 5,100 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി പ്രത്യേക പദ്ധതികളും കൃഷി വകുപ്പ് നടപ്പിലാക്കുന്നു. ഒരു ഹെക്ടർ കരനെൽകൃഷി ചെയ്യുന്നതിന് 13,600 രൂപയും ഒരുപ്പൂ ചെയ്യുന്ന വയലുകൾ ഇരുപ്പൂ ആക്കുന്നതിന് ഹെക്ടറിന് 10,000/- രൂപയും പ്രത്യേക നെല്ലിനങ്ങളുടെ (പൊക്കാളി, ഞവര, ജീരകശാല,

ഗന്ധകശാല, രക്തശാലി, ബസ്മ തി) വികസനത്തിനായി ഹെക്ടറിന് 10,000/- രൂപയും സബ്സിഡിയായി നൽകുന്നുണ്ട്. 2022-23 വർഷത്തിൽ "നെൽകൃഷി വികസന പദ്ധതിയിലെ ഘടകപദ്ധതിയായ കരനെൽകൃഷി 875 ഹെക്ടറിൽ നടപ്പിലാക്കുന്നതിനായി 119 ലക്ഷം രൂപയും ഒരുപ്പൂ ചെയ്യുന്ന 500 ഹെക്ടർ വയലുകൾ ഇരുപ്പൂ ആക്കുന്നതിന് 50 ലക്ഷം രൂപയും, പ്രത്യേക നെല്ലിനങ്ങളുടെ കൃഷി 650 ഹെക്ടറിൽ നടപ്പിലാക്കുന്നതിനായി 65 ലക്ഷം രൂപയുമാണ് നീക്കിവച്ചിട്ടുള്ളത്. തരിശുനിലങ്ങളിൽ നെൽകൃഷിക്കായി 35,000 രൂപ കർഷകനും 5,000 രൂപ ഭൂവുടമകൾക്കും ചേർത്ത് ആകെ സഹായധനമായി ഹെക്ടറൊന്നിന് 40,000 രൂപ നൽകുന്നു. 2022-23 വർഷത്തിൽ "നെൽകൃഷി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 1415 ഹെക്ടറിൽ തരിശ് നെൽകൃഷി നടപ്പിലാക്കുന്നതിനായി 566 ലക്ഷം രൂപ നീക്കി വച്ചിട്ടുണ്ട്. പാടശേഖരസമിതികളുടെ പ്രവർത്തന ചെലവിനായി ഹെക്ടറൊന്നിന് 360 രൂപ ക്രമത്തിൽ സഹായധനം നൽകുന്നു. ഇതിനായി 2022-23 വർഷത്തിൽ 83334 ഹെക്ടറിലേയ്ക്ക് 300 ലക്ഷം രൂപയും പാടശേഖര സമിതികളുടെ അടിസ്ഥാനസൗകര്യ വികസന പ്രവർത്തനങ്ങൾ പ്രോജക്ടധിഷ്ഠിതമായി നടപ്പിലാക്കുന്നതിന് 70 ലക്ഷം രൂപയും നീക്കിവച്ചിട്ടുണ്ട്. സംസ്ഥാനത്തുള്ള പത്ത് നെൽകൃഷി വികസന

ഏജൻസികൾക്ക് വൈസ് ചെയർമാനുള്ള ഓണറേറിയം അംഗങ്ങൾക്കുള്ള സിറ്റിംഗ് ഫീസ്, പ്രോജക്ടധിഷ്ഠിത പ്രവർത്തനങ്ങൾ എന്നിവയ്ക്ക് നെൽകൃഷി വികസന പദ്ധതിയിൽ 30 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. നെൽകൃഷിക്കാവശ്യമായ ഗുണമേന്മയുള്ള നെൽവിത്ത് ഉല്പാദിപ്പിച്ച് കർഷകർക്ക് ലഭ്യമാക്കുന്നതിന് രജിസ്റ്റേർഡ് വിത്തുല്പാദക പദ്ധതി 2500 ഹെക്ടർ സ്ഥലത്ത് നടപ്പാക്കുന്നതിനായി 125 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. അപ്രകാരം ഉല്പാദിപ്പിക്കുന്ന നെൽവിത്ത് കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റി മുഖാന്തരം സംഭരിച്ച് കർഷകർക്ക് വിതരണം ചെയ്യുന്നതാണ്. മണ്ണിന്റെയും വേരിന്റെയും ആരോഗ്യ പരിപാലന പദ്ധതിയിൽ (Soil and Root Health Management) ഉൾപ്പെടുത്തി കുമ്മായത്തിന് 5,400 രൂപ നൽകുന്നു. 2022-23 വർഷത്തിൽ 39259 ഹെക്ടർ നെൽകൃഷിക്കുള്ള കുമ്മായത്തിന് 2,130 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. നെൽവയലുകളുടെ ഉടമസ്ഥർക്ക് ഹെക്ടറിന് 3,000 രൂപ നിരക്കിൽ റോയൽറ്റി അനുവദിക്കുന്നത് പരിഗണിക്കുന്നതിനായി 2022-23 വർഷത്തിൽ 30,000 ഹെക്ടർ നെൽവയലുകൾക്ക് 900 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. നോൺ പ്ലാൻ (പദ്ധതിയേതരം) ഇനത്തിലുൾപ്പെടുത്തി നെല്ലിന്റെ ഉല്പാദന ബോണസായി ഓരോ സീസണിലെ നെൽകൃഷിക്കും

ഹെക്ടറിന് 1,000 രൂപ നൽകുന്നു. 2022-23 വർഷത്തിൽ ഗ്രാമപഞ്ചായത്തുകൾക്കായി 1,324 ലക്ഷം രൂപയും മുനിസിപ്പാലിറ്റികൾക്കായി 44 ലക്ഷം രൂപയും കോർപ്പറേഷനുകൾക്കായി 0.50 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. നെൽകൃഷിക്ക് ഭൂപരിധിയില്ലാതെയും മറ്റുവിളകൾക്ക് രണ്ട് ഹെക്ടർ വരെയും ജലസേചനത്തിന് വൈദ്യുതി സൗജന്യമായി അനുവദിച്ചുവരുന്നുണ്ട്. നെൽകൃഷിയുടെ വികസനത്തിനായി കേന്ദ്രാവിഷ്കൃത പദ്ധതിയായ ദേശീയ ഭക്ഷ്യസുരക്ഷ പദ്ധതി പാലക്കാട് ജില്ലയിലാണ് നടപ്പിലാക്കുന്നത്. 60 ശതമാനം കേന്ദ്ര വിഹിതവും 40 ശതമാനം സംസ്ഥാന വിഹിതവും ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പദ്ധതി പ്രകാരം പ്രദർശനത്തോട്ടങ്ങൾ സംഘടിപ്പിക്കുക, വിത്ത് വിതരണം, മണ്ണ് സംരക്ഷണം, സൂക്ഷ്മ മൂലകങ്ങളുടെ വിതരണം, സസ്യസംരക്ഷണം, കാർഷിക യന്ത്രോപകരണങ്ങൾ, ഗ്രൂപ്പടിസ്ഥാനത്തിലുള്ള പ്രാദേശിക സംരക്ഷണ പ്രവർത്തനങ്ങൾ എന്നിവയ്ക്കാണ് ആനുകൂല്യം നൽകുന്നത്. 2022-23 വർഷത്തിൽ 53.70 ലക്ഷം രൂപയുടെ പദ്ധതി നടപ്പിലാക്കാനുള്ള അലോക്കേഷൻ ലഭിക്കുകയും അതിനുള്ള ആക്ഷൻ പ്ലാൻ തയ്യാറാക്കി കേന്ദ്രസർക്കാരിലേയ്ക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ, ജനകീയാസൂത്രണ പദ്ധതിയിൽ

ഉൾപ്പെടുത്തി ഉഴവുകൂലിക്കും മറ്റ് ഉല്പാദനോപാധികൾക്കുമായി ഒരു ഹെക്ടറിന് പരമാവധി 25,000 രൂപയുടെ ആനുകൂല്യം കർഷകർക്ക് ലഭിക്കും. കുട്ടനാട് മുതലായ പ്രത്യേക നെൽകൃഷി മേഖലകൾക്ക് ഒരു ഹെക്ടറിന് പരമാവധി 32,000 രൂപയാണ് ആനുകൂല്യമായി നൽകുന്നത്. പ്രകൃതിക്ഷോഭംമൂലം നെൽകൃഷിക്ക് നാശം സംഭവിക്കുന്ന സാഹചര്യങ്ങളിൽ പകരം വിതയ്ക്കാനുള്ള നെൽവിത്ത് സൗജന്യമായി നൽകുന്നുണ്ട്. കൂടാതെ പ്രകൃതിക്ഷോഭ ദുരിതാശ്വാസ നിധിയിൽനിന്നും ഹെക്ടറിന് 13,500 രൂപ നിരക്കിലും വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമായ കർഷകർക്ക് 45 ദിവസത്തിനകമുള്ള വിളയ്ക്ക് 15,000 രൂപയും 45 ദിവസത്തിനുശേഷമുള്ള വിളയ്ക്ക് 35,000 രൂപ പ്രകാരവും ധനസഹായം അനുവദിക്കുന്നുണ്ട്. കർഷകർ ഉല്പാദിപ്പിക്കുന്ന നെല്ല് സർക്കാർ സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന സംഭരിക്കുകയും ചെയ്യുന്നു.

2. <u>തരിശുഭൂമി കൃഷിയോഗ്യമാക്കുന്നതിനുള്ള നടപടികൾ</u>

തരിശു ഭൂമികൾ മുഴുവനായി കൃഷിക്കായി സജ്ജീകരിക്കപ്പെടുന്നതിനും സുരക്ഷിതമായ ഭക്ഷണമാണ് ആരോഗ്യത്തിന്റെ അടിസ്ഥാനമെന്നും മനസ്സിലാക്കി ഓരോ കേരളീയനും കൃഷിയിലേക്കിറങ്ങണമെന്ന ആശയം പ്രാവർത്തികമാക്കുന്നതിന്റെ ഭാഗമായി കൃഷി വകുപ്പ് " ഞങ്ങളും

കൃഷിയിലേക്ക്" എന്ന ബൃഹത് പദ്ധതി 2022-23 വർഷത്തിൽ ആവിഷ്കരിച്ച് നടപ്പിലാക്കിവരികയാണ്. ഭക്ഷ്യവിളകളുടെ വിസ്തൃതി, ഉല്പാദനം, ഉല്പാദനക്ഷമത എന്നിവ വർദ്ധിപ്പിച്ച് ഭക്ഷ്യസുരക്ഷ കൈവരിക്കുകയെന്ന ലക്ഷ്യത്തോടെ 2020-ൽ ആരംഭിച്ച പ്രത്യേക പദ്ധതിയാണ് 'സുഭിക്ഷകേരളം'. ഇത് കോവിഡ്-19 മഹാമാരിയുടെ കാലത്ത് ഭക്ഷ്യദൗർലഭ്യം നേരിടാനുള്ള സംസ്ഥാന സർക്കാരിന്റെ ഒരു പ്രധാന ഇടപെടലായിരുന്നു. കൃഷിയോഗ്യമായ തരിശുനിലങ്ങളിൽ നെല്ല്, പച്ചക്കറികൾ, ഫലവർഗ്ഗവിളകൾ, കിഴങ്ങുവർഗ്ഗങ്ങൾ, പയറുവർഗ്ഗങ്ങൾ, ചെറുധാന്യങ്ങൾ എന്നീ വിളകളുടെ കൃഷിയാണ് ഈ പരിപാടിയിലൂടെ പ്രധാനമായും നടപ്പാക്കിയത്. ഓരോ വർഷവും 25000 ഹെക്ടർ തരിശുഭൂമി കൃഷിയോഗ്യമാക്കാനാണ് ലക്ഷ്യമിടുന്നത്. 2020-2021 സാമ്പത്തികവർഷത്തിൽ 22847 ഹെക്ടറും 2021-2022 സാമ്പത്തികവർഷത്തിൽ 23010 ഹെക്ടർ സ്ഥലത്തും അധികമായി തരിശുഭൂമി കൃഷിയോഗ്യമാക്കുവാൻ സാധിച്ചിട്ടുണ്ട്.

3. തരിശുരഹിത പഞ്ചായത്ത് സ്കീം

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഹരിതകേരളം മിഷന്റെ ഭാഗമായി തരിശുരഹിത ഗ്രാമം എന്ന കാമ്പയിൻ ഫലപ്രദമായി നടപ്പിലാക്കിയിരുന്നു.

ഇതിന്റെ ഭാഗമായി 87 ഗ്രാമപഞ്ചായത്തുകളെ തരിശുരഹിത ഗ്രാമങ്ങളായി പ്രഖ്യാപിച്ചിരുന്നു. തിരുവനന്തപുരം ജില്ലയിലെ പാറശ്ശാല നിയോജകമണ്ഡലത്തിലെ മുഴുവൻ ഗ്രാമപഞ്ചായത്തുകളെയും തരിശുരഹിതമായി പ്രഖ്യാപിച്ചുകൊണ്ട് പാറശ്ശാല നിയമസഭാമണ്ഡലത്തെ തരിശുരഹിത മണ്ഡലമായി പ്രഖ്യാപിക്കുകയും ചെയ്തിരുന്നു. ഈ പരിപാടി ജനകീയ പങ്കാളിത്തത്തോടെ നടപ്പിലാക്കുന്നതിന്റെ ഭാഗമായി കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, ജലവിഭവ വകുപ്പ്, സഹകരണ സ്ഥാപനങ്ങൾ എന്നിവയുടെയെല്ലാം പ്രവർത്തനങ്ങൾ പ്രാദേശികതലത്തിൽ ഏകോപിപ്പിക്കുകയും കൃഷിയോഗ്യമായ പരമാവധി തരിശുഭൂമിയിൽ അനുയോജ്യമായ വിളകൾ കൃഷിചെയ്യുന്നതിനും സാധിച്ചു. ഈ ഗ്രാമപഞ്ചായത്തുകളിൽ തരിശുരഹിതാവസ്ഥ നിലനിർത്തുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ നേതൃത്വത്തിൽ നടപടികൾ കൈക്കൊണ്ടുവരുന്നു. മേൽപ്പറഞ്ഞ കാമ്പയിന്റെ തുടർച്ചയായി ഹരിതകേരളം മിഷൻ പരിപാടിയുടെ ഭാഗമായി പുതുതായി 152 ഗ്രാമപഞ്ചായത്തുകളെ ഈ സർക്കാരിന്റെ കാലയളവിനുള്ളിൽ തരിശുരഹിത ഗ്രാമങ്ങളായി മാറ്റുന്നതിനുള്ള

പ്രവർത്തനങ്ങൾ ആവിഷ്കരിച്ചുവരുന്നു. ഇതിനായി പതിനാലാം പഞ്ചവത്സര പദ്ധതിയുടെ മാർഗ്ഗരേഖയിലും സബ്സിഡി മാനദണ്ഡങ്ങളിലും ആവശ്യമായ നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

## നെൽക്കൃഷി വികസനം

23 (3381) ശ്രീ. ഐ. ബി. സതീഷ്:
ശ്രീമതി യു. പ്രതിഭ:
ശ്രീ. കെ. ബാബു (നെന്മാറ):
ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ നെൽകൃഷി വികസനത്തിന്റെ പ്രവേഗം വർദ്ധിപ്പിക്കുന്നതിനായി സ്വീകരിച്ച നടപടികൾ അവലോകനം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ?

സംസ്ഥാന സർക്കാരിന്റെ നെൽകൃഷി വികസന പദ്ധതിയുൾപ്പെടുത്തി നെൽകൃഷിയുടെ വിസ്തൃതിയും ഉല്പാദനവും വർദ്ധിപ്പിക്കാനും സംസ്ഥാനത്ത് ഭക്ഷ്യസ്വയംപര്യാപ്തത കൈവരിക്കാനും വേണ്ടിയുള്ള വിവിധ ഘടക പദ്ധതികൾ കൃഷി വകുപ്പ് നടപ്പിലാക്കിവരുന്നു.

സംസ്ഥാനാവിഷ്കൃത പദ്ധതിയായ "നെൽകൃഷി വികസന പദ്ധതി"-യിലെ ഘടക പദ്ധതിയായ സുസ്ഥിര നെൽകൃഷി വികസന പദ്ധതിയിൽ

ഉൾപ്പെടുത്തി നെൽകൃഷിക്ക് അത്യുല്പാദനശേഷിയുള്ള നെൽവിത്ത്, വളം, ജൈവിക കീടരോഗ നിയന്ത്രണം മുതലായവയ്ക്കായി ഒരു ഹെക്ടറിന് 5,500/- രൂപ നിരക്കിൽ 2021-22 വർഷത്തിൽ 166997.04255 ഹെക്ടറിൽ പദ്ധതി നടപ്പിലാക്കുകയും ഇതിനായി 9,184.83603 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തു. 2022-23 വർഷത്തിൽ 92727 ഹെക്ടറിലേക്ക് 5,100 ലക്ഷം രൂപ നീക്കി വച്ചിട്ടുണ്ട്. പൊതുഞാറ്റടി, കർഷക യന്ത്രോപകരണങ്ങളുടെ റിപ്പയർ, തോടുകളുടെ അറ്റകുറ്റപ്പണികൾ തുടങ്ങിയ പാടശേഖര സമിതികളുടെ പൊതുവായ ആവശ്യങ്ങൾക്കുള്ള പ്രവർത്തന ചെലവിനായി ഹെക്ടറിന് 360 രൂപ ക്രമത്തിൽ 83333.33 ഹെക്ടർ പ്രദേശത്ത് പദ്ധതി നടപ്പിലാക്കുന്നതിനായി 2021-22 വർഷത്തിൽ 300 ലക്ഷം രൂപ വകയിരുത്തിയത് പൂർണ്ണമായി നടപ്പിലാക്കുകയും നീക്കിവച്ച തുക മുഴുവൻ ചെലവഴിക്കുകയും ചെയ്തു. ഇതിനായി 2022-23 വർഷത്തിലും 300 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. നെൽകൃഷി അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി രൂപീകരിക്കപ്പെട്ടിട്ടുള്ള നെൽകൃഷി വികസന ഏജൻസികൾക്കായി ഓണറേറിയം, സിറ്റിംഗ് ഫീസ്, പ്രോജക്ടധിഷ്ഠിത ധനസഹായം എന്നിവയ്ക്കായി 2021-22 വർഷത്തിൽ 25.12027 ലക്ഷം രൂപ ചെലവഴിച്ചു. കൂടാതെ, കരാർ ജീവനക്കാരുടെ വേതനം, ടെലിഫോൺ

ചാർജ്, ഇന്ധനച്ചെലവുകൾ മുതലായ ദൈനംദിന പ്രവർത്തനച്ചെലവുകൾക്കായി 22.68981 ലക്ഷം രൂപ ചെലവഴിച്ചു. നെൽകൃഷി വികസന ഏജൻസികൾക്ക് ഓണറേറിയം സിറ്റിംഗ് ഫീസ്, പ്രോജക്ടധിഷ്ഠിത ധനസഹായം എന്നിവയ്ക്കായി 2022-23 വർഷത്തിൽ 30 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. സംസ്ഥാനത്ത് നെൽകൃഷിയുടെ വിസ്തൃതിയിൽ വർദ്ധനവ് കൈവരിക്കുന്നതിന്റെ ഭാഗമായി 2021-22 വർഷത്തിൽ 404.04 ഹെക്ടറിൽ കരനെൽകൃഷി നടപ്പിലാക്കി. ആയതിന് 54.94955 ലക്ഷം രൂപ ആനുകൂല്യമായി വിതരണം ചെയ്തു. ഒരുപ്പൂ മാത്രം കൃഷിയിറക്കുന്ന വയലുകളിൽ ഇരുപ്പൂ കൃഷി നടപ്പിലാക്കുന്നതിന് ഹെക്ടറൊന്നിന് 10,000 രൂപ നിരക്കിൽ ആനുകൂല്യം നൽകിക്കൊണ്ട് 496.7 ഹെക്ടറിൽ ഇരുപ്പൂ കൃഷി നടപ്പിലാക്കുകയും ആയതിന് 49.67 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തു. പ്രത്യേക നെല്ലിനങ്ങളുടെ (പൊക്കാളി, ഞവര, ജീരകശാല ആന്റ് ഗന്ധകശാല, രക്തശാലി, ബസ്മതി) കൃഷി 499.99 ഹെക്ടറിൽ നടപ്പിലാക്കുകയും ആയതിന് 49.9995 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തു. നെൽകൃഷിയിലേയ്ക്ക് മുഴുവൻ തരിശുനിലങ്ങളെയും മടക്കി കൊണ്ട് വരുന്നതിന്റെ ഭാഗമായി തരിശുനില കൃഷിക്ക് ഹെക്ടർ ഒന്നിന് 35,000/- രൂപ കർഷകനും 5,000/- രൂപ ഭൂവുടമകൾക്കും ചേർത്ത് ആകെ 40,000/-

രൂപ പ്രകാരം 748.9205 ഹെക്ടർ തരിശുനിലത്ത് നെൽകൃഷി നടപ്പിലാക്കി. ഇതിനായി 299.5682 ലക്ഷം രൂപ ചെലവഴിച്ചു. 2022-23 വർഷത്തിൽ "നെൽകൃഷി വികസന പദ്ധതി" യിലെ ഘടക പദ്ധതിയായ കരനെൽകൃഷി 875 ഹെക്ടറിൽ നടപ്പിലാക്കുന്നതിനായി 119 ലക്ഷം രൂപയും, 1415 ഹെക്ടർ തരിശുനില കൃഷിക്ക് 566 ലക്ഷം രൂപയും, ഒരുപൂ ചെയ്യുന്ന 500 ഹെക്ടർ വയലുകൾ ഇരുപ്പൂ ആക്കുന്നതിന് 50 ലക്ഷം രൂപയും പ്രത്യേക നെല്ലിനങ്ങളുടെ കൃഷി 650 ഹെക്ടറിൽ നടപ്പിലാക്കുന്നതിനായി 65 ലക്ഷം രൂപയുമാണ് നീക്കിവച്ചിട്ടുള്ളത്. കോൾ മേഖലയിലെ നെൽകൃഷി വികസനത്തിനായി തൃശ്ശൂർ ജില്ലയിൽ നടപ്പാക്കിയ പ്രത്യേക പദ്ധതിയായ ഓപ്പറേഷൻ കോൾ ഡബിൾ പ്രകാരം 500 ഹെക്ടർ ഒരുപൂ കൃഷിയിറക്കുന്ന കോൾ പടവുകളിൽ ഇരുപ്പൂ നെൽകൃഷി, ഒന്നാം വിള നെൽകൃഷിക്ക് ശേഷം രണ്ടാം വിളയായി പയർ/ചോളം/എണ്ണക്കുരു വിളകൾ എന്നിവയുടെ കൃഷി, പമ്പ്സെറ്റ് ഉൾപ്പടെയുള്ള മെഷിനറികൾ വാങ്ങി സ്ഥാപിക്കൽ, ബണ്ടുകളുടെയും സ്ലൂയിസുകളുടെയും അറ്റകുറ്റപ്പണി, ട്രാൻസ്ഫോർമർ സ്ഥാപിക്കൽ എന്നിവയ്ക്കായി 2021-22 വർഷത്തിൽ 124.18147 ലക്ഷം രൂപ ചെലവഴിച്ചു. ഇതിനായി 2022-23 വർഷത്തിൽ 275 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. നെൽവയലുകൾ തരംമാറ്റുന്നത് വ്യാപകമായ

സാഹചര്യത്തിൽ ആയത് നിരുത്സാഹപ്പെടുത്തുന്നതിനും വയലുകൾ നിലനിർത്തുന്നതിനും നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുമായി നെൽവയലുകളുടെ ഉടമസ്ഥർക്ക് ഹെക്ടറിന് 2,000/- രൂപ നിരക്കിൽ 18519.86 ഹെക്ടറിലേയ്ക്ക് റോയൽറ്റിയായി 370.3972 ലക്ഷം രൂപ വിതരണം ചെയ്തു. 2022-23 വർഷത്തിൽ റോയൽറ്റി 3,000/- രൂപ നിരക്കിൽ 30000 ഹെക്ടറിലേയ്ക്ക് 900 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. 2021-22 വർഷത്തിൽ നെൽകൃഷിക്കാവശ്യമായ ഗുണമേന്മയുള്ള നെൽവിത്ത് ഉല്പാദിപ്പിച്ച് കർഷകർക്ക് ലഭ്യമാക്കുന്നതിന് രജിസ്റ്റേർഡ് വിത്തുല്പാദക പദ്ധതി 1127.63 ഹെക്ടർ സ്ഥലത്ത് നടപ്പിലാക്കി. കെ.എസ്.എസ്.ഡി.എ.-യിൽ ഓൺലൈൻ സംവിധാനം വികസിപ്പിക്കുന്നതിനുള്ള തുക 122 ലക്ഷം അനുവദിക്കുകയും ആയതിന്റെ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഇതിനായി 2022-23 വർഷത്തിൽ 125 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. 2021-22 വർഷത്തിൽ സംസ്ഥാനത്തെ പരമ്പരാഗത നെൽകൃഷി മേഖലകളായ കരി, പൊക്കാളി, കയ്പാട് എന്നീ പ്രദേശങ്ങളുടെ സമഗ്രമായ വികസനം ലക്ഷ്യമാക്കിക്കൊണ്ട് കരിമേഖലയിൽ 29.17677 ലക്ഷം രൂപയുടെ പ്രവർത്തനങ്ങളും പൊക്കാളി മേഖലയിൽ 16.80857 ലക്ഷം രൂപയുടെ പ്രവർത്തനങ്ങളും കയ്പാട് മേഖലയിൽ 38.17311 ലക്ഷം രൂപയുടെ

പ്രവർത്തനങ്ങളും ചേർത്ത് ആകെ 84.15845 ലക്ഷം രൂപ ചെലവഴിച്ചു. പ്രകൃതിക്ഷോഭത്തിന്റെ പശ്ചാത്തലത്തിൽ പാടശേഖരങ്ങളോടനുബന്ധിച്ച അടിയന്തര പ്രവർത്തികൾ നടപ്പിലാക്കുന്നതിന് 4.48407 ലക്ഷം രൂപ പത്തനംതിട്ട ജില്ലയിൽ ചെലവഴിച്ചു. മണ്ണിന്റെയും വേരിന്റെയും ആരോഗ്യ പരിപാലന പദ്ധതിയിൽ (Soil and Root Health Management) ഉൾപ്പെടുത്തി കുമ്മായത്തിന് 5,400 രൂപയും നൽകുന്നു. 2022-23 വർഷത്തിൽ 39259 ഹെക്ടർ നെൽകൃഷിക്കുള്ള കുമ്മായത്തിന് 2,130 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്.

നോൺ പ്ലാൻ (പദ്ധതിയേതരം) ഇനത്തിൽ ഉൾപ്പെടുത്തി നെല്ലിന്റെ ഉല്പാദന ബോണസ്സായി ഓരോ സീസണിലെ നെൽകൃഷിക്കും ഹെക്ടറിന് 1,000 രൂപ നൽകുന്നു. 2022-23 വർഷത്തിൽ ഗ്രാമപഞ്ചായത്തുകൾക്കായി 1324 ലക്ഷം രൂപയും മുനിസിപ്പാലിറ്റികൾക്കായി 44 ലക്ഷം രൂപയും കോർപ്പറേഷനുകൾക്കായി 0.50 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. നെൽക്കൃഷിക്ക് പരിധിയില്ലാതെയും മറ്റ് വിളകൾക്ക് രണ്ട് ഹെക്ടർ വരെയും ജലസേചനത്തിന് വൈദ്യുതി സൗജന്യമായും അനുവദിച്ച് വരുന്നുണ്ട്.

കേന്ദ്രാവിഷ്കൃത പദ്ധതിയായ "രാഷ്ട്രീയ കൃഷി വികാസ് യോജന"-യിലെ "Productivity Improvement of Paddy in Kerala” എന്ന

ഘടകത്തിൽ അത്യുല്പാദന ശേഷിയുള്ള നെൽവിത്ത് കുമ്മായം സൂക്ഷ്മമൂലകവളം, യന്ത്രവൽക്കരണം, സംയോജിത കീട നിയന്ത്രണം എന്നിവയ്ക്കായി ആലപ്പുഴ ജില്ലയിൽ 33000 ഹെക്ടറിൽ ഹെക്ടറൊന്നിന് 4,500/- രൂപ പ്രകാരം ധനസഹായം നൽകി. നെല്ലിന്റെ മൂല്യവർദ്ധനവിനായി 10 മിനി റൈസ് മിൽ സ്ഥാപിക്കുന്നതിന് 15,000 രൂപ/യൂണിറ്റ് പ്രകാരവും 3 സംസ്കരണ യൂണിറ്റ് സ്ഥാപിക്കുന്നതിന് 1,00,000/- രൂപ /യൂണിറ്റ് പ്രകാരവും ധനസഹായം നൽകി. ഇതിനായി 623.86805 ലക്ഷം രൂപ ചെലവഴിച്ചു.

(ബി) സുസ്ഥിര നെൽകൃഷി വികസനം എന്ന ഘടക പദ്ധതിയിൽ നെൽകൃഷി ചെയ്യുന്ന മുഴുവൻ കർഷകർക്കും ആനുകൂല്യം ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട് നടത്തിയ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

നെൽകൃഷി വികസന പദ്ധതിയിൽ സുസ്ഥിര നെൽകൃഷി വികസനം എന്ന ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി ഗുണമേന്മയുള്ള വിത്ത്, മറ്റ് ഉല്പാദനോപാധികൾ, ജൈവിക രോഗ-കീട നിയന്ത്രണകാരികൾ എന്നിവയുടെ ആനുകൂല്യമായി ഹെക്ടറിന് 5,500 രൂപയാണ് നൽകുന്നത്.

2022-23 വർഷത്തിൽ ഈ ഘടക പദ്ധതിക്കായി 92727.27 ഹെക്ടറിലേക്ക് 5,100 ലക്ഷം രൂപയാണ് ബഡ്ജറ്റ് വിഹിതമായി നീക്കിവച്ചിട്ടുള്ളത്.

(സി) ഒരുപ്പൂ കൃഷി ഇരുപ്പൂ കൃഷിയിലേയ്ക്ക് മാറ്റുക, കരനെൽ കൃഷി, തരിശുകൃഷി എന്നീ പരിപാടികളിലൂടെ നെൽകൃഷി വിസ്തൃതി വികസനം സാദ്ധ്യമാക്കുന്നതിനായി നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശം നൽകാമോ?

സംസ്ഥാനത്ത് നെൽകൃഷിയുടെ വിസ്തൃതിയിൽ വർദ്ധനവ് കൈവരിക്കുന്നതിന്റെ ഭാഗമായാണ് ഒരുപൂ കൃഷി ഇരുപൂകൃഷിയിലേയ്ക്ക് മാറ്റുക, കരനെൽ കൃഷി, തരിശുകൃഷി എന്നിവ "നെൽകൃഷി വികസന പദ്ധതി"യുടെ ഭാഗമായി നടപ്പിലാക്കുന്നത്. 2021-22 വർഷത്തിൽ ഹെക്ടറൊന്നിന് 13,600 രൂപ നിരക്കിൽ ആനുകൂല്യം നൽകിക്കൊണ്ട് 404.04 ഹെക്ടറിൽ കരനെൽകൃഷി നടപ്പിലാക്കി, ആയതിന് 54.94955 ലക്ഷം രൂപ ആനുകൂല്യമായി വിതരണം ചെയ്തു. ഒരുപൂ മാത്രം കൃഷിയിറക്കുന്ന വയലുകളിൽ ഇരുപ്പൂകൃഷി നടപ്പിലാക്കുന്നതിന് ഹെക്ടറൊന്നിന് 10,000 രൂപ നിരക്കിൽ ആനുകൂല്യം നൽകിക്കൊണ്ട് 496.7 ഹെക്ടറിൽ ഇരുപ്പൂകൃഷി നടപ്പിലാക്കുകയും ആയതിന് 49.67 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തു. നെൽകൃഷിയിലേയ്ക്ക് മുഴുവൻ തരിശുനിലങ്ങളെയും മടക്കിക്കൊണ്ട്

വരുന്നതിനുവേണ്ടി തരിശുനില കൃഷിക്ക് ഹെക്ടർ ഒന്നിന് 35,000/- രൂപ കർഷകനും 5,000/- രൂപ ഭൂവുടമകൾക്കും ചേർത്ത് ആകെ 40,000/- രൂപ പ്രകാരം 748.9205 ഹെക്ടർ തരിശുനിലത്ത് നെൽകൃഷി നടപ്പിലാക്കി. ഇതിനായി 299.5682 ലക്ഷം രൂപ ചെലവഴിച്ചു. കൂടാതെ കോൾമേഖലയുടെ വികസനത്തിനായി നടപ്പിലാക്കുന്ന "ഓപ്പറേഷൻ കോൾ ഡബിൾ" എന്ന പ്രത്യേക പദ്ധതിയിൽ ഉൾപ്പെടുത്തിയും തൃശ്ശൂർ ജില്ലയിലെ 2021-22 വർഷത്തിൽ കോൾനിലങ്ങളിൽ ഇരുപ്പൂകൃഷി 500 ഹെക്ടറിൽ നടപ്പിലാക്കി. 2022-23 വർഷത്തിൽ "നെൽകൃഷി വികസന പദ്ധതി" യിലെ ഘടക പദ്ധതിയായ കരനെൽകൃഷി 875 ഹെക്ടറിൽ നടപ്പിലാക്കുന്നതിനായി 119 ലക്ഷം രൂപയും, 1415 ഹെക്ടർ തരിശുനില കൃഷിക്ക് 566 ലക്ഷം രൂപയും ഒരുപൂ ചെയ്യുന്ന 500 ഹെക്ടർ വയലുകൾ ഇരുപ്പൂ ആക്കുന്നതിന് 50 ലക്ഷം രൂപയുമാണ് നീക്കിവച്ചിട്ടുള്ളത്. "ഓപ്പറേഷൻ കോൾ ഡബിൾ" പദ്ധതിയിൽ ഉൾപ്പെടുത്തി തൃശ്ശൂർ ജില്ലയിൽ ഇരുപ്പൂകൃഷി 900 ഹെക്ടറിൽ നടപ്പിലാക്കുന്നതിനും ലക്ഷ്യമിടുന്നുണ്ട്.

## കേരഗ്രാമം പദ്ധതി

24(3382) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി മണ്ഡലത്തിൽ കേരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയ പഞ്ചായത്തുകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ?

വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ കേരഗ്രാമത്തിൽ ഉൾപ്പെടുത്തിയ പഞ്ചായത്തുകൾ ചുവടെ ചേർക്കുന്നു.

1. മുള്ളൂർക്കര പഞ്ചായത്ത്
2. വരവൂർ പഞ്ചായത്ത്
3. വടക്കാഞ്ചേരി പഞ്ചായത്ത്
4. തോളൂർ പഞ്ചായത്ത്
5. അടാട്ട് പഞ്ചായത്ത്
6. മുളങ്കുന്നത്തുകാവ് പഞ്ചായത്ത്
7. കോലഴി പഞ്ചായത്ത്

(ബി) പ്രസ്തുത പദ്ധതി പ്രകാരം മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകൾക്ക് അനുവദിച്ച തുകയും, ആയതിന്റെ ചെലവ് സംബന്ധിച്ച വിശദാംശങ്ങളും വ്യക്തമാക്കാമോ?

കേരഗ്രാമം പദ്ധതിയിൽ വടക്കാഞ്ചേരി മണ്ഡലത്തിൽ അനുവദിച്ച തുകയും ആയതിന്റെ ചെലവ് സംബന്ധിച്ച വിശദാംശവും അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കോട്ടക്കൽ മണ്ഡലത്തിലെ കേരഗ്രാമം പദ്ധതി

25(3383) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തിൽ ഏതൊക്കെ പഞ്ചായത്തുകളിലാണ് കേരഗ്രാമം പദ്ധതി നടപ്പിലാക്കിയിട്ടുള്ളതെന്ന് അറിയിക്കുമോ?

കോട്ടക്കൽ മണ്ഡലത്തിൽ ഇരിമ്പിളിയം, കുറ്റിപ്പുറം, എടയൂർ, പൊന്മള എന്നീ പഞ്ചായത്തുകളിലാണ് കേരഗ്രാമം പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.

(ബി) മണ്ഡലത്തിൽ നിലവിൽ കേരഗ്രാമം പദ്ധതി നടപ്പിലാക്കിയിട്ടുള്ള പഞ്ചായത്തുകളിലെ എത്ര കർഷകർക്ക് എന്തെല്ലാം ആനുകൂല്യങ്ങൾ ലഭിക്കുന്നുണ്ടെന്ന് വിശദമാക്കുമോ?

ആനുകൂല്യങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(സി) കേര കൃഷിയും അനുബന്ധ വ്യവസായങ്ങളും വളരെ നല്ല രീതിയിൽ നടക്കുന്ന വളാഞ്ചേരി നഗരസഭ, കോട്ടക്കൽ നഗരസഭ, മാറാക്കര പഞ്ചായത്ത് എന്നിവിടങ്ങളിൽ കൂടി കേരഗ്രാമം പദ്ധതി ആരംഭിക്കുന്നതിന് സമർപ്പിച്ച നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികൾ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിശദമാക്കുമോ; ഇവിടങ്ങളിൽ പദ്ധതി നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ?

വളാഞ്ചേരി നഗരസഭ, കോട്ടക്കൽ നഗരസഭ, മാറാക്കര പഞ്ചായത്ത് എന്നിവിടങ്ങളിൽ കൂടി കേരഗ്രാമം പദ്ധതി ആരംഭിക്കുന്നത് സംബന്ധിച്ച് ലഭ്യമായ നിവേദനം കൃഷി ഡയറക്ടറേറ്റിൽ പരിശോധിച്ചുവരുന്നു. 2014-15 വർഷം മുതൽ കേരഗ്രാമം പദ്ധതി നടപ്പിലാക്കാത്തതും 100 ഹെക്ടർ വീതം തെങ്ങുകൃഷിയുള്ളതുമായ 100 പഞ്ചായത്തുകളെ 2022-23 കേരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്താൻവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

## പച്ചതേങ്ങ സംഭരിക്കുന്നതിന് സംവിധാനം

26(3384) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ പ്രഖ്യാപിച്ച ഉല്പാദന ചെലവിന്റെ ഒന്നര ഇരട്ടി വില നിശ്ചയിച്ച് പച്ചത്തേങ്ങ സംഭരിക്കുമെന്ന വാഗ്ദാനം എപ്പോൾ നടപ്പിലാക്കുമെന്ന് വ്യക്തമാക്കുമോ?

നിലവിൽ കിലോഗ്രാമിന് 32/-രൂപ നിരക്കിലാണ് പച്ചത്തേങ്ങ സംഭരിക്കുന്നത്. ഉല്പാദനച്ചെലവിന്റെ അടിസ്ഥാനത്തിൽ സംഭരണ വില നിശ്ചയിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) ഗ്രാമപഞ്ചായത്തുകൾതോറും പച്ചത്തേങ്ങ സംഭരിക്കുന്ന സംവിധാനം ഒരുക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

സംസ്ഥാനത്ത് ചില ജില്ലകളിൽ പച്ചത്തേങ്ങയുടെ വില കുറയുന്ന സാഹചര്യത്തിൽ പച്ചത്തേങ്ങ സംഭരണം പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് 14-01-2022-ൽ സർക്കാർ ഉത്തരവായിരുന്നു. ആദ്യഘട്ടത്തിൽ, പച്ചത്തേങ്ങ സംഭരണം കേരഫെഡ് മുഖേന 5 കേന്ദ്രങ്ങളിൽ ആരംഭിച്ചു. തിരുവനന്തപുരത്തുള്ള ആനയറ സ്റ്റോക്ക് പോയിന്റ്, കരുനാഗപ്പള്ളി കേരഫെഡ് ഫാക്ടറി, തൃശ്ശൂർ പൂച്ചനിപ്പാടത്തുള്ള സെയിൽ പോയിന്റ്, മലപ്പുറം ജില്ലയിൽ പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്ത് നാളികേര പ്രോസസ്സിംഗ് ആന്റ് മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ്, കോഴിക്കോട് നടുവണ്ണൂരിലുള്ള ഫാക്ടറി, എന്നിവിടങ്ങളിലാണ് കേരഫെഡ് നാളികേര സംഭരണകേന്ദ്രങ്ങൾ ആരംഭിച്ച് നേരിട്ട് പച്ചത്തേങ്ങ സംഭരിച്ചിരുന്നത്. പച്ചത്തേങ്ങ സംഭരണം വിപുലീകരിക്കുന്നതിന്റെ ഭാഗമായി കേരഫെഡിന്റെ മേൽപ്പറഞ്ഞ 5 കേന്ദ്രങ്ങൾ കൂടാതെ കണ്ണൂർ ജില്ലയിൽ മുഴപ്പിലങ്ങാട് പ്രാഥമിക സഹകരണ സംഘം മുഖേനയും വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരള (VFPCK)-യുടെ 36 വിപണികൾ വഴിയും 2022 ജൂൺ മാസം മുതൽ പച്ചത്തേങ്ങ

സംഭരിച്ച് കേരഫെഡിന് കൈമാറുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പാലക്കാട് ജില്ലയിൽ 15 വിപണികൾ വഴിയും, മലപ്പുറം ജില്ലയിൽ 12 വിപണികൾ വഴിയും, കോഴിക്കോട് ജില്ലയിൽ 9 വിപണികൾ വഴിയുമാണ് VFPCK പച്ചത്തേങ്ങ സംഭരിക്കുന്നത്. ആഴ്ചയിൽ ചൊവ്വ, വ്യാഴം ദിവസങ്ങളിലാണ് പച്ചത്തേങ്ങ സംഭരണം നടത്തുന്നത്.

(സി) കഴിഞ്ഞ ആറ് വർഷമായി പച്ചതേങ്ങ സംഭരണം നിലച്ചത് കാരണം സംസ്ഥാനത്തെ നാളികേര കർഷകർക്കുണ്ടായ നഷ്ടം എത്രയാണെന്ന് വ്യക്തമാക്കുമോ?

കഴിഞ്ഞ ആറ് വർഷമായി പച്ചത്തേങ്ങയുടെ മാർക്കറ്റ് വില സർക്കാർ പ്രഖ്യാപിച്ചിരുന്ന താങ്ങുവിലയേക്കാൾ അധികമായിരുന്നതിനാൽ പച്ചത്തേങ്ങ സംഭരിച്ചിട്ടില്ല.

## കേരഗ്രാമം പദ്ധതി

27(3385) ശ്രീ. വി. ആർ. സുനിൽകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരഗ്രാമം പദ്ധതി നടപ്പിലാക്കുന്നതിന് തെരഞ്ഞെടുത്ത പ്രദേശങ്ങൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരഗ്രാമം പദ്ധതി നടപ്പിലാക്കുന്നതിന് തെരഞ്ഞെടുത്ത പ്രദേശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) പ്രസ്തുത പദ്ധതി പ്രകാരം എന്തൊക്കെ സേവനങ്ങളാണ് കർഷകർക്ക് ലഭിക്കുന്നതെന്ന് അറിയിക്കാമോ?

2021-22 വരെ 250 ഹെക്ടർ വിസ്തൃതിയിലാണ് കേരഗ്രാമം പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. 250 ഹെക്ടർ വിസ്തൃതിയിൽ തെങ്ങുകൃഷിയുള്ള തുടർച്ചയായ ഭൂപ്രദേശമാണ് ഒരു കേരഗ്രാമമായി കണക്കാക്കുന്നത്. ഇവിടെയുള്ള തെങ്ങുകൃഷിയുടെ അഭിവൃദ്ധിക്കായി സംയോജിത പരിചരണമുറകൾ, ജലസേചനസൗകര്യം മെച്ചപ്പെടുത്തൽ, ജൈവവള ഉല്പാദനം, തെങ്ങ് കയറ്റയന്ത്രങ്ങളുടെ വിതരണം എന്നീ സഹായ പദ്ധതികൾ നടപ്പിലാക്കുന്നു. സംയോജിത പരിചരണമുറകളുടെ ഭാഗമായി തടം തുറക്കൽ, കള നിയന്ത്രണം, പുതയിടീൽ, തൊണ്ട് കുഴിച്ചിടീൽ, മണ്ണ് പരിപോഷണ വസ്തുക്കൾ, ജൈവരാസ വളങ്ങൾ, ജീവാണുവളങ്ങൾ എന്നിവയുടെ പ്രയോഗം, പ്രായാധിക്യം വന്ന തെങ്ങ് മുറിച്ച് മാറ്റി മേൽത്തരം തെങ്ങിൻ തൈകൾ വച്ചുപിടിപ്പിക്കൽ, ഇടവിളകൃഷി എന്നിവ നടപ്പിലാക്കുന്നു. ഇതിനുപുറമേ സാദ്ധ്യമായ കേരഗ്രാമങ്ങളിൽ മിനി കയർ നിർമ്മാണ/സംസ്കരണ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

യൂണിറ്റുകൾ, കേരാധിഷ്ഠിത മൂല്യവർദ്ധിത ഉല്പന്ന നിർമ്മാണ യൂണിറ്റുകൾ തുടങ്ങിയ സംരംഭങ്ങളും പ്രോത്സാഹിപ്പിക്കുന്നു. 2014-15 മുതൽ 2021-22 വരെ നടപ്പിലാക്കിയ കേരഗ്രാമങ്ങളിൽ കർഷർക്ക് ലഭിച്ചിട്ടുള്ള സേവനങ്ങൾ ചുവടെ ചേർക്കുന്നു.

1. സംയോജിത പരിചരണ മുറകൾ സ്വീകരിക്കുന്നതിന് ഹെക്ടറിന് 25,000/- രൂപ പ്രകാരം 250 ഹെക്ടറിന് (ഒരു കേരഗ്രാമത്തിന്) 62.50 ലക്ഷം രൂപ. (സ്റ്റേറ്റ് പ്ലാൻ ഷെയർ 38 ലക്ഷം, LSGD ഷെയർ -24.5 ലക്ഷം)

ഇതിൽ താഴെപ്പറയുന്ന ഘടകങ്ങൾ ഉൾപ്പെടുന്നു.

(a) ഇടയിളക്കൽ, തടം തുറക്കൽ, പുതയിടീൽ - 35 രൂപ/തെങ്ങ്

(b) തൊണ്ട് കുഴിച്ചിടീൽ - 50 രൂപ/തെങ്ങ്

(c) കുമ്മായം - 9 രൂപ/തെങ്ങ്

(d) രാസവളം - 20 രൂപ/തെങ്ങ്

(e) മഗ്നീഷ്യം സൾഫേറ്റ് - 3.75 രൂപ/തെങ്ങ്

(f) ജൈവവളം - 25 രൂപ/തെങ്ങ്

(g) സസ്യസംരക്ഷണം - 10 രൂപ/തെങ്ങ്

(h)ജീവാണുവളങ്ങൾ, ജൈവീക നിയന്ത്രണോപാധികൾ പ്രയോഗിക്കുന്നതിന് - 75 രൂപ/തെങ്ങ്

(i) രോഗം ബാധിച്ചതും ഉല്പാദനശേഷി നശിച്ച തെങ്ങ് മുറിച്ചുമാറ്റുന്നതിന് - 1,000 രൂപ/തെങ്ങ്

(j) ഗുണമേന്മയുള്ള തെങ്ങിൻ തൈകൾ നടുന്നതിന് - 60 രൂപ/തെങ്ങ്

(k) ഇടവിള കൃഷി - 6,000 രൂപ/ ഹെക്ടറിന്

2. സൂക്ഷ്മ ജലസേചന സൗകര്യമുൾപ്പെടെയുള്ള ജലസേചന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിന് ഹെക്ടറിന് 2,5000/- രൂപ ക്രമത്തിൽ 20 ഹെക്ടറിന് പരമാവധി 5 ലക്ഷം രൂപ.

3. 61 തെങ്ങുകയറ്റയന്ത്രങ്ങൾ ഒരു യന്ത്രത്തിന് 2,000/- രൂപ നിരക്കിൽ വിതരണം.

4. 8 ജൈവ വള ഉല്പാദന യൂണിറ്റുകൾ, ഒരു യൂണിറ്റിന് 10,000/- രൂപ നിരക്കിൽ ആനുകൂല്യം.

5. മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ യൂണിറ്റ് സ്ഥാപിക്കൽ, മിനി കയർനിർമ്മാണ/സംസ്കരണ യൂണിറ്റ് സ്ഥാപിക്കൽ, പഞ്ചായത്തുതല കേര

സമിതികൾക്കുള്ള പ്രവർത്തന ചെലവ്, മറ്റ് കൂട്ടായ പ്രവർത്തനങ്ങൾക്കായി 5 ലക്ഷം രൂപ.

6. കേര ഗ്രാമവുമായി ബന്ധപ്പെട്ടുള്ള കൃഷിഭവനുകളുടെ പ്രവർത്തന ചെലവായി 15,000/- രൂപ.

7. താല്പര്യമുള്ള കേരഗ്രാമങ്ങൾക്ക് കേരാധിഷ്ഠിത മൂല്യവർദ്ധന യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് SFAC മുഖാന്തരം പരമാവധി 25 ലക്ഷം രൂപയുടെ പ്രോജക്ടധിഷ്ഠിത ധനസഹായം.

അങ്ങനെ ഒരു കേരഗ്രാമത്തിന് ആകെ 99.67 ലക്ഷം രൂപയുടെ പദ്ധതികൾ ആവിഷ്കരിക്കാവുന്നതാണ്. (സ്റ്റേറ്റ് പ്ലാൻ ഷെയർ - 50.17 ലക്ഷം, LSGD ഷെയർ 24.5 ലക്ഷം, SFAC ഷെയർ-25 ലക്ഷം.) 2022-23 വർഷത്തിൽ 100 കേരഗ്രാമങ്ങൾ നടപ്പിലാക്കാനാണ് ലക്ഷ്യമിടുന്നത്.

## ആലത്തൂർ മണ്ഡലത്തിലെ കേരഗ്രാമം പദ്ധതി

28(3386) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിലെ ഏതൊക്കെ പഞ്ചായത്തുകളെ ഇതുവരെ കേരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയെന്നും എന്തൊക്കെ കാര്യങ്ങൾ ചെയ്തുവെന്നും വിശദമാക്കാമോ?

ആലത്തൂർ മണ്ഡലത്തിൽ എരിമയൂർ, ആലത്തൂർ പഞ്ചായത്തുകളിൽ 2018-19 വർഷത്തിൽ ഒരു കേരഗ്രാമം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഈ കേരഗ്രാമത്തിന് രണ്ടാംവർഷവും മൂന്നാംവർഷവും ധനസഹായം ലഭിച്ചിട്ടുണ്ട്. എരമയൂർ-ആലത്തൂർ കേരഗ്രാമത്തിൽ മൂന്ന് വർഷങ്ങളിൽ നടപ്പിലാക്കിയ പ്രവർത്തനങ്ങളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

(ബി) പുതുതായി ഏതെങ്കിലും ഗ്രാമപഞ്ചായത്തുകളെ കേരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്താൻ തെരഞ്ഞെടുത്തിട്ടുണ്ടോ എന്നറിയിക്കാമോ?

ഇല്ല. 2022-23 വർഷത്തിൽ 100 ഹെക്ടർ തുടർച്ചയായുള്ള, ഇതുവരെ കേരഗ്രാമം പദ്ധതി നടപ്പിലാക്കിയിട്ടില്ലാത്ത തെങ്ങിൻ പ്രദേശങ്ങളെ കേരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള പുതിയ പദ്ധതി പരിഗണനയിലുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## നാളികേരത്തിന്റെ ഉല്പാദനക്കുറവ്

29(3387) ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നാളികേരത്തിന്റെ 'ഉല്പാദനം' കുറഞ്ഞ് വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്. നാളികേരത്തിന്റെ ഉല്പാദനവും ഉല്പാദനക്ഷമതയും കുറയുന്നതിന് പല കാരണങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനതല ജനസാന്ദ്രത കൂടുന്നതിനാൽ നിലവിലെ തെങ്ങിൻതോപ്പുകൾ കെട്ടിടനിർമ്മാണത്തിനും മറ്റ് കാർഷികേതര ആവശ്യങ്ങൾക്കുമായി ഉപയോഗിക്കുന്നതുമൂലം തെങ്ങുകൃഷിയുടെ വിസ്തൃതി കുറയുന്നതിന് കാരണമായിട്ടുണ്ട്. കൂടാതെ തെങ്ങിനെ ബാധിക്കുന്ന വിവിധ രോഗങ്ങളും കീടബാധകളും പ്രായാധിക്യം വന്ന തെങ്ങുകളും നാളികേരത്തിന്റെ ഉല്പാദനത്തിലും ഉല്പാദനക്ഷമതയിലും കുറവുണ്ടാകാൻ കാരണമായിട്ടുണ്ട്. തൊഴിലാളികളുടെ ദൗർലഭ്യം, ഉയർന്ന കൂലി ചെലവ് എന്നിവ കാരണം ശാസ്ത്രീയ കൃഷി രീതികൾ അവലംബിക്കുന്നതിൽ കർഷകർ വേണ്ടത്ര ശ്രദ്ധ പുലർത്തുന്നില്ലെന്നതും ശ്രദ്ധയിൽപെട്ടിട്ടുണ്ട്. മെച്ചപ്പെട്ട ജലസേചനസൗകര്യങ്ങൾ ഇല്ലാത്തതും നാളികേരത്തിന്റെ ഉല്പാദനത്തിലും ഉല്പാദനക്ഷമതയിലും കുറവുണ്ടാക്കുന്നുണ്ട്.

(ബി) നിലവിലുള്ള നാളികേരകൃഷി സംരക്ഷിക്കുന്നതിനായി കർഷകർ നേരിടുന്ന സാമ്പത്തികബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

നാളികേര കർഷകർ നേരിടുന്ന പ്രധാന പ്രശ്നങ്ങളായ കീടരോഗബാധ, തൊഴിലാളികളുടെ ദൗർലഭ്യം, വളങ്ങളുടെ വിലക്കൂടുതൽ, നാളികേരത്തിന്റെ വിലയിടിവ് എന്നിവയ്ക്ക് കേരഗ്രാമം പദ്ധതിയിലൂടെ ഒരു പരിധി വരെ ആശ്വാസം നൽകാൻ സാധിച്ചിട്ടുണ്ട്. തെങ്ങിന്റെ പരിപാലന മുറകൾ എന്ന ഉപഘടകത്തിൽ പ്രദേശത്തിന്റെ ആവശ്യാനുസരണം രോഗം ബാധിച്ചതും, പ്രായംചെന്നതുമായ തെങ്ങുകൾ വെട്ടിമാറ്റി പുതിയ തൈകൾ നടുക. സംയോജിത കീടരോഗ നിയന്ത്രണം, സംയോജിത വളപ്രയോഗം, ഇടവിളകൃഷി പ്രോത്സാഹിപ്പിക്കൽ, തെങ്ങുകയറ്റ യന്ത്രങ്ങൾ എന്നിവ സബ്സിഡി നിരക്കിൽ കർഷകർക്ക് നൽകുവാൻ സാധിച്ചു. സംസ്ഥാനത്ത് ചില ജില്ലകളിൽ പച്ചതേങ്ങയുടെ വിലകുറയുന്ന സാഹചര്യത്തിൽ പച്ചതേങ്ങ സംഭരണം പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് കിലോഗ്രാമിന് 32/- രൂപ നിരക്കിൽ പച്ചതേങ്ങ സംഭരണം കേരഫെഡ് മുഖേന അഞ്ച് കേന്ദ്രങ്ങളിൽ ആരംഭിച്ചു. തിരുവനന്തപുരത്തുള്ള ആനയറ സ്റ്റോക്ക് പോയിന്റ്, കരുനാഗപ്പള്ളി കേരഫെഡ് ഫാക്ടറി, തൃശ്ശൂർ

പൂച്ചനിപ്പാടത്തുള്ള സെയിൽ പോയിന്റ്, മലപ്പുറം ജില്ലയിൽ പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്ത് നാളികേര പ്രോസസിംഗ് & മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ്, കോഴിക്കോട് നടുവണ്ണൂരിലുള്ള ഫാക്ടറി എന്നിവിടങ്ങളിലാണ് കേരഫെഡ് നാളികേര സംഭരണ കേന്ദ്രങ്ങൾ ആരംഭിച്ച് നേരിട്ട് പച്ചതേങ്ങ സംഭരിച്ചിരുന്നത്. പച്ചതേങ്ങയുടെ വില കുറഞ്ഞതായി ശ്രദ്ധയിൽപ്പെട്ടതിനെതുടർന്ന് പച്ചതേങ്ങ സംഭരണം വിപുലീകരിക്കുന്നതിന്റെ ഭാഗമായി കണ്ണൂർ ജില്ലയിൽ മുഴപ്പിലങ്ങാട് പ്രാഥമിക സഹകരണ സംഘം മുഖേന കേരഫെഡ് നേരിട്ടും വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരളം (VFPCK)-യുടെ 36 വിപണികൾ വഴിയും 2022 ജൂൺ മാസം മുതൽ പച്ചതേങ്ങ സംഭരിച്ച് കേരഫെഡിന് കൈമാറുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പാലക്കാട് ജില്ലയിൽ VFPCK-യുടെ 15 വിപണികൾ വഴിയും മലപ്പുറം ജില്ലയിൽ 12 വിപണികൾ വഴിയും കോഴിക്കോട് ജില്ലയിൽ 9 വിപണികൾ വഴിയും പച്ചത്തേങ്ങ സംഭരിച്ചുവരുന്നുണ്ട്. ആഴ്ചയിൽ ചൊവ്വ, വ്യാഴം ദിവസങ്ങളിലാണ് പച്ചത്തേങ്ങ സംഭരണം നടത്തുന്നത്. എല്ലാ കാർഷികോല്പന്നങ്ങളുടെയും മൂല്യവർദ്ധനവ് ലക്ഷ്യമിട്ടുകൊണ്ടുള്ള പദ്ധതിയാണ് സൂക്ഷ്മ-ചെറുകിട-ഇടത്തരം മൂല്യവർദ്ധന സംരംഭങ്ങൾക്കുള്ള പ്രോത്സാഹന പദ്ധതി.

എസ്.എഫ്.എ.സി. മുഖേനയാണ് പദ്ധതി നടപ്പാക്കുന്നത്. കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുതകുന്ന തരത്തിൽ മൂല്യവദ്ധിത ഉല്പന്നനിർമ്മാണ വ്യവസായങ്ങൾക്ക് പ്രോത്സാഹനം നൽകുന്നു. ഇത്തരം സംരംഭങ്ങൾ തുടങ്ങുന്നതിനായി 2022-23 വർഷത്തിൽ 400 ലക്ഷം രൂപയാണ് എസ്.എഫ്.എ.സി.-ക്കായി വകയിരുത്തിയിട്ടുള്ളത്. പദ്ധതി പ്രകാരം കെട്ടിടനിർമ്മാണം, യന്ത്രവൽകരണം, മാലിന്യസംസ്കരണം, ഓഫീസ് ഉപകരണങ്ങൾ, തുടങ്ങിയവയ്ക്ക് സഹായം നൽകുന്നു. എഫ്.പി.ഒ.-കൾ വഴി കാർഷിക മേഖലയിലെ മൂല്യവർദ്ധനവിനും തദ്വാര കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും സാധിക്കുന്നു. നബാർഡ്, എൻ.സി.ഡി.സി., നാഫെഡ് കേന്ദ്ര എസ്.എഫ്.എ.സി. മുഖേന 51 എഫ്.പി.ഒ.-കളും എസ്.എൽ.എസ്.സി. അംഗീകാരം ലഭിച്ച 45 എഫ്.പി.ഒ.-കളിൽനിന്നും 38 എസ്.എഫ്.എ.സി. മുഖേന 38 എണ്ണവും വി.എഫ്.പി.സി.കെ. മുഖേന 40 എഫ്.പി.ഒ.-കളും രജിസ്ട്രേഷൻ പൂർത്തിയാക്കിയിട്ടുണ്ട്. കൂടാതെ നടപ്പു സാമ്പത്തികവർഷത്തിൽ (2022-23) മൂല്യവർദ്ധിത യൂണിറ്റുകൾ ആരംഭിക്കുന്നതിന് പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾക്കായി 200 ലക്ഷം രൂപയും സർക്കാർ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, കുടുംബശ്രീ, എഫ്.പി.ഒ.-കൾ എന്നിവയ്ക്ക് 140 ലക്ഷം

രൂപയും കൊപ്ര ഡ്രയറുകൾ സ്ഥാപിക്കുന്നതിന് സഹകരണ സംഘങ്ങൾ കാർഷിക കർമ്മസേന, അഗ്രോ സർവീസ് സെന്ററുകൾ, കർഷക ഗ്രൂപ്പുകൾ എന്നിവയ്ക്ക് 140 ലക്ഷം രൂപയും ഉൾപ്പടെ ആകെ 480 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(സി) നാളികേരകൃഷി പ്രോത്സാഹിപ്പിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

കേരകർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനും കേരകൃഷിയുടെ സുസ്ഥിര വരുമാനം ഉറപ്പാക്കുന്നതിനും കേര വികസന പദ്ധതികൾ കൃഷി വകുപ്പ് നടപ്പിലാക്കിവരുന്നു. തേങ്ങയുടെ ഉല്പാദനവും തെങ്ങിന്റെ ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി ഉയർന്ന ഉല്പാദനക്ഷമതയുള്ള ഇനങ്ങൾ നട്ടുപിടിപ്പിക്കുന്നതിനും, മെച്ചപ്പെട്ട പരിപാലനരീതികൾ കർഷകർ പ്രാവർത്തികമാക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. നാളീകേര കർഷകർക്കായി കേരഗ്രാമം പദ്ധതി തെരഞ്ഞെടുത്ത പഞ്ചായത്തുകളിൽ 2014-15 വർഷം മുതൽ കൃഷി വകുപ്പ് നടപ്പിലാക്കിവരുന്നുണ്ട്. തേങ്ങയുടെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി രോഗം ബാധിച്ചതും, പ്രായംചെന്നതുമായ തെങ്ങുകൾ വെട്ടിമാറ്റി പുതിയ തൈകൾ നടുക, സംയോജിത കീടരോഗനിയന്ത്രണം, സംയോജിത വളപ്രയോഗം, ഇടവിള

കൃഷി പ്രോത്സാഹിപ്പിക്കൽ, ജലസേചനസൗകര്യങ്ങൾ മെച്ചപ്പെടുത്തൽ മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ പ്രോത്സാഹനം, ഗുണമേന്മയുള്ള തൈകൾ കർഷകർക്ക് ലഭ്യമാക്കുക എന്നിവ ലക്ഷ്യമിട്ടാണ് 250 ഹെക്ടർ തുടർച്ചയായ തെങ്ങുകൃഷിയുള്ള പ്രദേശത്ത് കേരഗ്രാമ പദ്ധതി ഇതുവരെ നടപ്പിലാക്കിയിട്ടുള്ളത്. 2022-23 വർഷത്തിൽ 100 ഹെക്ടർ വിസ്തൃതിയിലാണ് കേരഗ്രാമം പദ്ധതി നടപ്പിലാക്കാനുദ്ദേശിക്കുന്നത്. ഇങ്ങനെ 100 കേരഗ്രാമങ്ങൾ നടപ്പിലാക്കാനാണ് ഈ വർഷം ലക്ഷ്യമിടുന്നത്. കേരകൃഷിയുടെ സമഗ്രവികസനം ലക്ഷ്യമിട്ട് 2018 മുതൽ 2028 വരെയുള്ള കാലഘട്ടത്തിലേയ്ക്ക് പ്രാവർത്തികമാക്കാനുള്ള വിവിധ ലക്ഷ്യങ്ങളോടെ നാളികേര വികസന കൗൺസിൽ സർക്കാർ രൂപീകരിച്ചിരിക്കുന്നത്. ഗുണമേന്മയുള്ള തെങ്ങിൻ തൈകൾ വാർഡൊന്നിന് 75 എണ്ണം എന്ന നിരക്കിൽ വിതരണം ചെയ്യുന്നതിനുള്ള ഒരു ബൃഹത് പദ്ധതി കേരകേരളം സമൃദ്ധകേരളം എന്ന പേരിൽ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ വിത്ത് തേങ്ങാ സംഭരണവും തെങ്ങിൻതൈ ഉല്പാദന പ്രവർത്തനങ്ങളും നടപ്പിലാക്കിയിട്ടുണ്ട്. 2022-23 വർഷത്തിൽ 1334762 എണ്ണം തെങ്ങിൻ തൈകൾ കർഷകർക്ക് 50 ശതമാനം സബ്സിഡി നിരക്കിൽ നൽകാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. നാളികേര

മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ സാദ്ധ്യത മനസ്സിലാക്കുന്നതിനും കർഷകസംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുമായി വൈഗ എന്ന പേരിൽ പ്രദർശനവും അന്തർദേശീയ ശില്പശാലയും 2016 മുതൽ തുടർച്ചയായി കൃഷി വകുപ്പ് സംഘടിപ്പിച്ചുവരുന്നുണ്ട്. മൂല്യവർദ്ധിത സംരംഭങ്ങൾ ആരംഭിക്കുന്നതിനായി സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ്സ് കൺസോർഷ്യം (SFAC) മുഖാന്തരം പ്രോജക്ടധിഷ്ഠിത സഹായവും സാങ്കേതികസഹായവും നൽകുന്നുണ്ട്. കൂടാതെ കേരഫെഡ്, നാളികേര വികസന കോർപ്പറേഷൻ എന്നിവയുടെ ആഭിമുഖ്യത്തിൽ കേരോല്പന്നങ്ങളുടെ ഉല്പാദനവും വൈവിധ്യവൽക്കരണവും വിപണനവും നടത്തുന്നതിലൂടെ കേരകർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) നല്ലയിനം നാളികേര തൈകൾ കർഷകർക്ക് വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ?

സംസ്ഥാനത്തെ കേരകൃഷിയുടെ വിസ്തൃതി, നാളികേരത്തിന്റെ ഉല്പാദനം, ഉല്പാദനക്ഷമത എന്നിവ വർദ്ധിപ്പിക്കുക, സംയോജിത വിളപരിപാലന മുറകൾ സ്വീകരിച്ച് നാളികേര കൃഷിയുടെ സംരംക്ഷണവും അഭിവൃദ്ധിയും ഉറപ്പുവരുത്തുക എന്നിവ ലക്ഷ്യമിട്ട് 2018 മുതൽ 2028 വരെ നീളുന്ന പത്ത് വർഷത്തെ വികസന കാഴ്ചപ്പാടോടെ നാളികേര വികസന കൗൺസിൽ

രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ നാളികേരകൃഷി പുനരുജ്ജീവിപ്പിക്കുന്നതിനായി പ്രായാധിക്യം വന്നതും രോഗം ബാധിച്ചതും ഉല്പാദനക്ഷമത നശിച്ചതുമായ തെങ്ങുകളെ മുറിച്ചുമാറ്റി അത്യുല്പാദനശേഷിയുള്ള തെങ്ങിൻതൈകൾ വച്ചുപിടിപ്പിച്ച് നിലവിലുള്ളവ ശാസ്ത്രീയമായി പരിപാലിച്ച് നാളികേര ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുക, നാളികേരത്തിന്റെ മൂല്യവർദ്ധനവും വിപണനവും ശക്തിപ്പെടുത്തുക എന്നിവയാണ് പ്രധാന ഉദ്ദേശ്യലക്ഷ്യങ്ങൾ. കേരള കാർഷിക സർവ്വകലാശാല (KAU), നാളികേര വികസന ബോർഡ് (CDB), കേന്ദ്രതോട്ടവിള ഗവേഷണകേന്ദ്രം (CPCRI), കൃഷി വകുപ്പ് ഫാമുകൾ എന്നിവയുടെ തെങ്ങിൻതൈ ഉല്പാദന കേന്ദ്രങ്ങളിൽ ഉല്പാദിപ്പിച്ച തെങ്ങിൻതൈകൾ സംസ്ഥാനത്തെ ഓരോ വാർഡിലും 75 തെങ്ങിൻതൈകൾ വീതമെങ്കിലും പുതുതായി ഓരോ വർഷവും വിതരണം ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ തുടർന്നുവരികയാണ്. 2019-20 വർഷത്തിലാണ് തെങ്ങിൻതൈ വിതരണം തുടങ്ങിയത്. 2020-21, 2021-22 എന്നീ വർഷങ്ങളിലും തെങ്ങിൻതൈ വിതരണം നടത്തുവാൻ സാധിച്ചു. 2022-23 വർഷത്തിൽ തെങ്ങിൻതൈകളുടെ വിതരണം ആരംഭിച്ചിട്ടുണ്ട്.

തെങ്ങ് കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് പ്രത്യേക സബ്സിഡി

30 (3388) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. റോജി എം. ജോൺ:
ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തെങ്ങുകൃഷിയുടെ വിസ്തൃതി കഴിഞ്ഞ കുറച്ച് വർഷങ്ങളായി കുറഞ്ഞുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണം വ്യക്തമാക്കുമോ?

ഉണ്ട്. നാളികേരകൃഷിയുടെ വിസ്തൃതി കുറയുന്നതിന് പല കാരണങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനതല ജനസാന്ദ്രത കൂടുന്നതിനാൽ നിലവിലെ തെങ്ങിൻതോപ്പുകൾ കെട്ടിടനിർമ്മാണത്തിനും മറ്റു കാർഷികേതര ആവശ്യങ്ങൾക്കുമായി ഉപയോഗിക്കുന്നതുമൂലം തെങ്ങുകൃഷിയുടെ വിസ്തൃതി കുറയുന്നതിന് കാരണമായിട്ടുണ്ട്. കൂടാതെ തെങ്ങിനെ ബാധിക്കുന്ന വിവിധ രോഗങ്ങളും കീടബാധകളും പ്രായാധിക്യം വന്ന തെങ്ങുകൾ മുറിച്ച് മാറ്റുന്നതുമൂലം നാളികേരകൃഷിയുടെ വിസ്തൃതിയിൽ കുറവുണ്ടാകാൻ കാരണമായിട്ടുണ്ട്. മാത്രവുമല്ല തൊഴിലാളികളുടെ ദൗർലഭ്യം, ഉയർന്ന കൂലിച്ചെലവ്, നാളികേരത്തിന്റെ വിലയിടിവ് എന്നിവ കാരണം

പുതിയവ വച്ചുപിടിപ്പിക്കുവാൻ കർഷകർ വേണ്ടത്ര ശ്രദ്ധ പുലർത്തുന്നില്ല എന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്

(ബി) സംസ്ഥാനത്തിന്റെ മൊത്തം കൃഷി വിസ്തൃതിയുടെ എത്ര ശതമാനമാണ് നിലവിലുള്ള തെങ്ങുകൃഷിയെന്നും 2011-12-ൽ ഇത് എത്ര ശതമാനമായിരുന്നുവെന്നും വ്യക്തമാക്കുമോ?

2019-20 വർഷത്തെ സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് പ്രസിദ്ധീകരിച്ച രേഖകൾ പ്രകാരം കേരള സംസ്ഥാനത്തെ മൊത്തം കൃഷി വിസ്തൃതി 2586452 ഹെക്ടറും തെങ്ങുകൃഷിയുടെ വിസ്തൃതി 760766 ഹെക്ടറും ആണ്. നിലവിൽ തെങ്ങുകൃഷി മൊത്തം കൃഷി വിസ്തൃതിയുടെ 29.41 ശതമാനം ആണ്. 2011-12 -ൽ ഇത് 30.83 ശതമാനം ആയിരുന്നു.

(സി) സംസ്ഥാനത്തെ പ്രധാന വിളകളിൽ ഒന്നായ തെങ്ങുകൃഷിയുടെ വിസ്തൃതിയിലും ഉല്പാദനം, ഉല്പാദനക്ഷമത എന്നിവയിലും വലിയ കുറവുണ്ടാകുന്ന സാഹചര്യത്തിൽ തെങ്ങുകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് പ്രത്യേക സബ്സിഡി നൽകുന്നതുൾപ്പെടെ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

2022-23 വർഷത്തിൽ നാളികേര വികസന പദ്ധതി പ്രകാരം 7,390.00 ലക്ഷം രൂപയുടെ പദ്ധതികൾ നടപ്പിലാക്കാനുദ്ദേശിക്കുന്നു.

കേരഗ്രാമത്തിനും നാളികേര വികസന കൗൺസിൽ വിതരണം ചെയ്യുന്ന തെങ്ങിൻ തൈകൾക്കും സബ്സിഡി നിരക്കിൽ ആനുകൂല്യം നൽകുന്നു.

ഘടകങ്ങൾ

1. കേരഗ്രാമം ഒന്നാം വർഷ പ്രവൃത്തികൾ - 2,567.00 ലക്ഷം രൂപ. (100 കേരഗ്രാമങ്ങൾ)

2. സംസ്ഥാനതല കേരരക്ഷാവാരം നടപ്പിലാക്കൽ- 433.00 ലക്ഷം രൂപ

3. ആറളം ഫാമിൽ തെങ്ങിൻ തൈകളുടെ ഉല്പാദനം-54.6809 ലക്ഷം രൂപ

4. നാളികേര വികസന കൗൺസിലിന്റെ ഭാഗമായി തെങ്ങിൻ തൈ വിതരണം - 820.3191 ലക്ഷം രൂപ (50 ശതമാനം സബ്സിഡി)

5. കേരഗ്രാമം രണ്ടാം വർഷം-1680.00 ലക്ഷം രൂപ (84 കേരഗ്രാമങ്ങൾ)

6. കേരഗ്രാമം മൂന്നാം വർഷം - 90.00 ലക്ഷം രൂപ (15 കേരഗ്രാമങ്ങൾ)

7. കൃഷി വകുപ്പിന്റെ ഫാമുകളിൽ വിത്തുതേങ്ങ സംഭരണവും തെങ്ങിൻ തൈകളുടെ ഉല്പാദനവും - 1730.00 ലക്ഷം രൂപ

## നാളികേര കർഷകരെ സഹായിക്കുന്നതിനുള്ള നടപടികൾ

31(3389) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് കൃഷി

വകുപ്പുമന്ത്രി  സദയം മറുപടി നൽകുമോ:

നാളികേരത്തിന്റെ വിലയിടിവ് നേരിടുന്ന കർഷകരെ സഹായിക്കുന്നതിനായി കൂടുതൽ സംഭരണ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനും നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

സംസ്ഥാനത്ത് ചില ജില്ലകളിൽ പച്ചത്തേങ്ങയുടെ വില കുറയുന്ന സാഹചര്യത്തിൽ പച്ചത്തേങ്ങ സംഭരണം പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് 14-01-2022-ൽ സർക്കാർ ഉത്തരവായിരുന്നു. ആദ്യഘട്ടത്തിൽ, പച്ചത്തേങ്ങ സംഭരണം കേരഫെഡ് മുഖേന 5 കേന്ദ്രങ്ങളിൽ ആരംഭിച്ചു. തിരുവനന്തപുരത്തുള്ള ആനയറ സ്റ്റോക്ക് പോയിന്റ്, കരുനാഗപ്പള്ളി കേരഫെഡ് ഫാക്ടറി, തൃശ്ശൂർ പൂച്ചനിപ്പാടത്തുള്ള സെയിൽ പോയിന്റ്, മലപ്പുറം ജില്ലയിൽ പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്ത് നാളികേര പ്രോസസ്സിംഗ് ആൻഡ് മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ്, കോഴിക്കോട് നടുവണ്ണൂരിലുള്ള ഫാക്ടറി എന്നിവിടങ്ങളിലാണ് കേരഫെഡ് നാളികേര സംഭരണകേന്ദ്രങ്ങൾ ആരംഭിച്ച് നേരിട്ട് പച്ചത്തേങ്ങ സംഭരിച്ചിരുന്നത്. പച്ചതേങ്ങ സംഭരണം വിപുലീകരിക്കുന്നതിന്റെ ഭാഗമായി കേരഫെഡിന്റെ മേൽപ്പറഞ്ഞ 5

കേന്ദ്രങ്ങൾ കൂടാതെ കണ്ണൂർ ജില്ലയിൽ മുഴപ്പിലങ്ങാട് പ്രാഥമിക സഹകരണ സംഘം മുഖേനയും വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ, കേരള (VFPCK)-യുടെ 36 വിപണികൾ വഴിയും 2022 ജൂൺ മാസം മുതൽ പച്ചത്തേങ്ങ സംഭരിച്ച് കേരഫെഡിന് കൈമാറുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പാലക്കാട് ജില്ലയിൽ 15 വിപണികൾ വഴിയും മലപ്പുറം ജില്ലയിൽ 12 വിപണികൾ വഴിയും കോഴിക്കോട് ജില്ലയിൽ 9 വിപണികൾ വഴിയുമാണ് VFPCK പച്ചത്തേങ്ങ സംഭരിക്കുന്നത്. ആഴ്ചയിൽ ചൊവ്വ, വ്യാഴം ദിവസങ്ങളിലാണ് പച്ചത്തേങ്ങ സംഭരണം നടത്തുന്നത്. ആവശ്യമെങ്കിൽ കൂടുതൽ സംഭരണ കേന്ദ്രങ്ങൾ ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

## തോട്ടവിളകളുടെ സംരക്ഷണം

32(3390) ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. റോജി എം. ജോൺ:
ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തോട്ടവിളകളുടെ സംരക്ഷണത്തിനും മൂല്യവർദ്ധനവ് ഉറപ്പാക്കുന്നതിനും കാര്യക്ഷമമായ പദ്ധതികൾ നിലവിലില്ലെന്ന കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോ?

തോട്ടവിളകളെ സംബന്ധിച്ചുള്ള പദ്ധതികളും സഹായങ്ങളും അതത് വിളകൾക്കുള്ള ബോർഡുകൾ (റബ്ബർ ബോർഡ്, സ്പൈസസ് ബോർഡ്, കോഫി ബോർഡ്, ടീ ബോർഡ്) മുഖേനയാണ് നടപ്പിലാക്കുന്നത്.

(ബി) റബ്ബർ, കാപ്പി തുടങ്ങിയ തോട്ടവിളകളുടെ കൃഷിവിസ്തൃതി സംസ്ഥാനത്ത് കുറഞ്ഞുവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ?

റബ്ബർ, കാപ്പി, ഏലം, തേയില തുടങ്ങിയ തോട്ടവിളകളുടെ കൃഷിവിസ്തൃതിയുടെ (ഹെക്ടറിൽ) കഴിഞ്ഞ നാല് വർഷത്തെ കണക്കുകൾ അനുബന്ധമായി ചേർക്കുന്നു.+ 2017-18, 2018-19 സാമ്പത്തികവർഷങ്ങളിൽ റബ്ബറിന്റെ കൃഷി വിസ്തൃതി വർദ്ധനവില്ലാതെ നിലനിൽക്കുന്നതായും 2019-20 സാമ്പത്തികവർഷം മുതൽ വിസ്തൃതി കുറഞ്ഞുവരുന്നതായും കാണുന്നു. കാപ്പിയുടെ കൃഷിവിസ്തൃതി 2017-18, 2018-19 കാലയളവിൽ മാറ്റമില്ലാതെ നിൽക്കുകയും 2019-20-ൽ വർദ്ധിക്കുകയും ചെയ്തിട്ടുണ്ട്. അത് 2020-21-ലും മാറ്റമില്ലാതെ നിൽക്കുന്നു. തേയിലയുടെ കൃഷി വിസ്തൃതി 2017-18

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സാമ്പത്തികവർഷത്തിൽ നിന്നും 2018-19 സാമ്പത്തികവർഷത്തിൽ വർദ്ധിച്ചതായി കാണുന്നുണ്ടെങ്കിലും, അതിനുശേഷമുള്ള വർഷങ്ങളിൽ അത് കുറയുകയും പിന്നീട് നേരിയ വർദ്ധനവ് കാണിക്കുകയും ചെയ്യുന്നു. 2017-18 മുതൽ 2020-21 വരെ ഏലത്തിന്റെ കൃഷി വിസ്തൃതിയിൽ ഏറ്റക്കുറച്ചിലുകൾ കാണിക്കുന്നു.

(സി) തോട്ടവിളകളുടെ സംരക്ഷണത്തിനും മൂല്യവർദ്ധനവിനും പുനർ നടീലിനും ഉല്പാദനക്ഷമത വർദ്ധനവിനുമുതകുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുമോ; വിശദാംശം നൽകുമോ?

തോട്ടവിളകളെ സംബന്ധിച്ചുള്ള പദ്ധതികളും സഹായങ്ങളും അതത് വിളകൾക്കുള്ള ബോർഡുകൾ മുഖേനയാണ് നടപ്പിലാക്കുന്നത്. കൃഷി വകുപ്പിന് പ്രസ്തുത വിളകളുടെ വികസനത്തിനായി പദ്ധതി വിഹിതം ലഭിക്കാറില്ല. എന്നാൽ, 2020-21 സാമ്പത്തികവർഷത്തിൽ 'ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ഉല്പാദനവും വിതരണവും ഫാമുകളുടെ മെച്ചപ്പെടുത്തലും' എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി നഴ്സറികളിൽ ഡ്രിപ്പ് ഇറിഗേഷൻ ഉൾപ്പെടെയുള്ള കാപ്പിയുടെ പ്രചരണവും പരിപാലനവും എന്ന ഘടകത്തിനും 2021-22 സാമ്പത്തികവർഷത്തിൽ 'വയനാട് ജില്ലയിലെ കാർഷിക മേഖലയുടെ പുനരുജ്ജീവനം' എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി സംയോജിത

കാപ്പി കൃഷി വികസനം എന്ന ഘടകത്തിനും വയനാട് ജില്ലയിൽ കാപ്പി സംസ്കരണ പ്ലാന്റ് നിർമ്മാണത്തിനും ബഡ്ജറ്റ് വിഹിതം നൽകി പദ്ധതികൾ നടപ്പിലാക്കിയിരുന്നു.

## എസ്.എഫ്.എ.സി. വഴി നടപ്പിലാക്കിയ പദ്ധതികൾ

33(3391) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാർഷികോല്പന്നങ്ങളുടെ മൂല്യവർദ്ധനവിനും കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും എസ്.എഫ്.എ.സി. വഴി പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദവിവരം നൽകുമോ?

ഉണ്ട്. എല്ലാ കാർഷികോല്പന്നങ്ങളുടെയും മൂല്യവർദ്ധനവ് ലക്ഷ്യമിട്ടുകൊണ്ട് ചെറുകിട കർഷക കാർഷിക വ്യാപാര കൺസോർഷ്യം (എസ്.എഫ്.എ.സി.) മുഖേന നടപ്പിലാക്കുന്ന പദ്ധതിയാണ് സൂക്ഷ്മ-ചെറുകിട-ഇടത്തരം മൂല്യവർദ്ധന സംരംഭങ്ങൾക്കുള്ള പ്രോത്സാഹന പദ്ധതി (MSME). MSME പദ്ധതി പ്രകാരം നൽകുന്ന ആനുകൂല്യത്തിന്റെ വിവരം ചുവടെ ചേർക്കുന്നു.

ഈ പദ്ധതിയിൽ ഉൾപ്പെടുത്തി കാർഷിക മേഖലയിലെ സംരംഭകർക്ക് അവരുടെ ഫാക്ടറിയുടെ കെട്ടിടനിർമ്മാണം, യന്ത്രവൽക്കരണം, മാലിന്യ

സംസ്കരണം, ഓഫീസ് ഉപകരണങ്ങൾ, സാങ്കേതികവിദ്യ തുടങ്ങിയ എല്ലാ ഘടകങ്ങൾക്കും ധനസഹായം നൽകുന്നു. സംരംഭകർ പദ്ധതിപ്രകാരമുള്ള ആനുകൂല്യത്തിനായി www.sfackerala.org എന്ന വെബ്സൈറ്റ് മുഖേന അപേക്ഷ സമർപ്പിക്കണം. അപേക്ഷയോടൊപ്പം വിശദമായ പ്രോജക്ട് റിപ്പോർട്ട്, നിലവിലുള്ള അടിസ്ഥാനസൗകര്യങ്ങൾ, ബാങ്ക് വായ്പയെ സംബന്ധിച്ചുള്ള വിവരങ്ങൾ, മൂല്യവർദ്ധനവിനുപയോഗിക്കുന്ന ഉല്പന്നത്തിന്റെ വിശദാംശങ്ങൾ തുടങ്ങിയവ സമർപ്പിക്കണം. സബ്സിഡി തുക നൽകുന്നത് മൂലധന നിക്ഷേപത്തിനനുസൃതമായാണ്. സബ്സിഡിയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

ദേശസാൽകൃത / സ്വകാര്യ / ഷെഡ്യൂൾഡ് / സഹകരണ / ഗ്രാമീണ ബാങ്കുകൾ തുടങ്ങിയ സ്ഥാപനങ്ങളിൽനിന്നും ഗവൺമെന്റ് ഉടമസ്ഥതയിലുള്ള ബാങ്കിതര ധനകാര്യസ്ഥാപനങ്ങളിൽനിന്നും ഉപഭോക്താക്കൾക്ക് വായ്പ എടുക്കാവുന്നതാണ്. ബാങ്ക് വായ്പ അനുവദിക്കുന്നമുറയ്ക്ക് പ്രോജക്ട് റിപ്പോർട്ടും ബാങ്കിന്റെ അനുമതിപത്രവും എസ്.എഫ്.എ.സി.-ക്ക് സമർപ്പിക്കേണ്ടതാണ്. സംയുക്ത സംരംഭ പ്രോജക്ടുകൾക്ക് പാർട്ണർഷിപ്പ് ഉടമ്പടി, മെമ്മോറാണ്ടം/ആർട്ടിക്കിൾസ് ഓഫ് അസോസിയേഷൻ (കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾക്ക്) എന്നിവ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സ്വന്തം പേരിലുള്ളതോ ഡയറക്ടർ ബോർഡ് മെമ്പറുടെ ഉടമസ്ഥതയിലുള്ളതോ ആയ സ്ഥലത്താണ് സംരംഭം പ്രവർത്തിക്കുന്നതെങ്കിൽ പ്രസ്തുത സ്ഥാപനത്തിന്റെ നികുതിയടച്ച രസീതിന്റെ പകർപ്പോ പാട്ടത്തിനാണെങ്കിൽ 10 വർഷത്തിനുമുകളിൽ കാലാവധിയുള്ള പാട്ടക്കരാറിന്റെ പകർപ്പും ഹാജരാക്കേണ്ടതാണ്. പദ്ധതി രൂപരേഖ എസ്.എഫ്.എ.സി.-യുടെ സാങ്കേതിക സമിതിയുടെ വിശദപരിശോധനയ്ക്ക് വിധേയമാക്കി റിപ്പോർട്ട് നൽകുന്നമുറയ്ക്ക് ഗവേർണിംഗ് ബോഡിയുടെ അംഗീകാരത്തിനുശേഷം സബ്സിഡി തുക സംരംഭകരുടെ വായ്പ അക്കൗണ്ടിലേയ്ക്ക് ബാക്ക് എൻഡഡ് സബ്സിഡിയായി നിക്ഷേപിക്കുന്നതാണ്. സംരംഭത്തിന്റെ പ്രവർത്തനങ്ങൾ തുടങ്ങി കുറഞ്ഞത് 5 വർഷമെങ്കിലും വിജയകരമായി പ്രവർത്തിക്കേണ്ടതാണ്. 2021-22 സാമ്പത്തികവർഷം MSME പദ്ധതിപ്രകാരം 17 സംരംഭകർക്ക് ആനുകൂല്യമായി 2,47,74,519/- രൂപ നൽകിയിരുന്നു. 2022-23 കാലയളവിൽ 400 ലക്ഷം രൂപയാണ് ഈ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നത്. കേരളത്തിലെ അസംഘടിത മേഖലയിലെ കർഷകരെ സംഘടിത ശക്തിയായി വളർത്തുന്നതിനും അവരുടെ ഉല്പന്നങ്ങൾക്ക് പരമാവധി വില ഉറപ്പുവരുത്തുന്നതിനും തദ്വാര കർഷകരുടെ

വരുമാനം വർദ്ധിപ്പിക്കുന്നതിനുമാണ് കർഷക ഉല്പാദക സംഘടനകൾ (FPO-കൾ) RKVY പദ്ധതി പ്രകാരം SFAC രൂപീകരിച്ചിട്ടുള്ളത്. പ്രസ്തുത പദ്ധതി പ്രകാരം പുതുതായി 39 കർഷക ഉല്പാദക സംഘടനകൾ രൂപീകരിച്ചിട്ടുണ്ട്.

കർഷകരെ സംഘടിപ്പിക്കുക, അവർക്കാവശ്യമുള്ള സാങ്കേതികവിദ്യ, ഉല്പാദനോപാധികൾ, വായ്പാ സംവിധാനം, ഇൻഷ്വറൻസ് പരിരക്ഷ, ഉല്പാദന മേഖലയിൽ ധനം നിക്ഷേപിക്കുന്നതിനുള്ള ആർജ്ജവം അസംഘടിത മേഖലയിൽ വർത്തിക്കുന്ന കർഷകരിൽ വളർത്തിയെടുക്കുക, അവരുടെ ഉല്പന്നങ്ങൾക്ക് കൂട്ടായ വിപണന മാർഗ്ഗങ്ങൾ അവലംബിക്കാൻ പ്രോത്സാഹനം നൽകുക, കാർഷികോല്പാദനം മെച്ചമാക്കുന്നതിന് പുതിയ ശാസ്ത്രീയ കൃഷിരീതികളിൽ പരിശീലനം നൽകുക, കാർഷികോല്പന്നങ്ങൾക്ക് ഗ്രേഡിംഗ്, സോർട്ടിംഗ്, പാക്കിംഗ് എന്നിവ നടത്തുന്നതിന് പായ്ക്ക്ഹൗസുകൾ സ്ഥാപിക്കുക, ഉല്പന്നങ്ങൾക്ക് സർക്കാർ നേതൃത്വം വഹിച്ചുകൊണ്ട് ബ്രാൻഡിംഗ് ഏർപ്പെടുത്തുക എന്നിങ്ങനെയുള്ള വിവിധ പ്രവർത്തനങ്ങളാണ് കർഷക ഉല്പാദക സംഘടനകൾ രൂപീകരിക്കുകവഴി സർക്കാർ ലക്ഷ്യമിടുന്നത്. കൂടാതെ കർഷകർക്ക് ന്യായമായ നിരക്കിൽ അവരുടെ ആവശ്യത്തിനുതകുന്ന യന്ത്രസാമഗ്രികൾ നൽകുന്നതിനുള്ള കസ്റ്റം ഹയറിംഗ് സെന്ററുകളും ഉല്പാദനോപാധികൾ ന്യായവിലയ്ക്ക്

ലഭ്യമാക്കുന്നതിന് ഇൻപുട്ട് സെന്ററുകളും സ്ഥാപിക്കുന്നത് കർഷക ഉല്പാദക സംഘടനകൾ വഴി സാദ്ധ്യമാകുന്നു. ആഭ്യന്തര ഉപയോഗത്തിനുശേഷം ബാക്കിയായി വരുന്ന കാർഷിക ഉല്പന്നങ്ങൾ മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കി വിപണനം മെച്ചപ്പെടുത്തുന്നു. എഫ്.പി.ഒ.-കൾക്ക് വിവിധ പദ്ധതിപ്രകാരം നൽകുന്ന എല്ലാ ആനുകൂല്യങ്ങളും സംയോജിപ്പിച്ച് നൽകുന്നു. ഇത്തരത്തിൽ അഗ്രിക്കൾച്ചർ ഇൻഫ്രാസ്ട്രക്ചർ ഫണ്ട് (AIF), MSME പദ്ധതി തുടങ്ങിയ വിവിധ പദ്ധതിയാനുകൂല്യങ്ങൾ കർഷക ഉല്പാദക സംഘടനകളുടെ ശാക്തീകരണത്തിനായി സംയോജിപ്പിച്ചിട്ടുണ്ട്. നിലവിൽ പുതുതായി രൂപീകരിക്കുന്ന ഒരു കർഷക ഉല്പാദക സംഘടനയ്ക്ക് യോഗ്യതയുടെ അടിസ്ഥാനത്തിൽ പരമാവധി 60 ലക്ഷം രൂപയാണ് മൂന്ന് വർഷത്തേയ്ക്ക് വകയിരുത്തിയിട്ടുള്ളത്.

<u>ചെറുകിട നാമമാത്ര കർഷകർക്കുള്ള കാർഷിക സൗജന്യ വൈദ്യുത പദ്ധതി</u>

34(3392) <u>ശ്രീ. സനീഷ്കുമാർ ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുകിട നാമമാത്ര കർഷകർക്കുള്ള കാർഷിക സൗജന്യ വൈദ്യുത പദ്ധതിയുടെ ഗുണഭോക്തൃ പട്ടിക പുതുക്കി അനർഹരെ

ഒഴിവാക്കുന്നതിനായി തൃശ്ശൂർ ജില്ലയിൽ നടത്തിയ കർമ്മപരിപാടിയുടെ വിശദാംശങ്ങൾ നൽകുമോ?

സംസ്ഥാനത്ത് ചെറുകിട നാമമാത്ര കർഷകർക്കുള്ള കാർഷിക സൗജന്യ വൈദ്യുതി പദ്ധതി ആനുകൂല്യം സർക്കാർ മാനദണ്ഡങ്ങൾ പ്രകാരം അർഹരായവർക്ക് മാത്രമെ നൽകുന്നുള്ളുവെന്നത് ഉറപ്പുവരുത്തുന്ന കർമ്മപരിപാടിയുടെ ഭാഗമായി കഴിഞ്ഞ രണ്ട് വർഷത്തിനിടയിൽ കാർഷിക സൗജന്യ വൈദ്യുതി പദ്ധതി ആനുകൂല്യം പുതുക്കാത്ത എല്ലാ കർഷകരും, പാടശേഖര സമിതികൾ ഉൾപ്പടെയുള്ള ഗ്രൂപ്പുകളും, അതത് കൃഷിഭവനുമായി ബന്ധപ്പെട്ട് 28-02-2022-ാം തീയതിക്കകം അവരവരുടെ കണക്ഷൻ പുതുക്കേണ്ടതാണെന്നും പ്രസ്തുത തീയതിക്കകം പുതുക്കാത്ത കണക്ഷനുകളെ പദ്ധതി ഗുണഭോക്തൃലിസ്റ്റിൽ നിന്നും ഒഴിവാക്കുന്നതാണെന്നുമുള്ള വാർത്ത പ്രസിദ്ധപ്പെടുത്തുന്നതിനായി എല്ലാ വാർത്താ മാധ്യമങ്ങൾക്കും നൽകിയിരുന്നതും ആവശ്യമായ പ്രചാരത്തിനുള്ള ക്രമീകരണങ്ങൾ ചെയ്തിട്ടുള്ളതുമാണ്. ഇക്കാര്യത്തിൽ കൃഷിഭവൻ തലത്തിൽ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്ന നടപടി പൂർത്തിയായിവരുന്നു.

(ബി) ഈ നടപടി പൂർത്തീകരിച്ചിട്ടുണ്ടോ; ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടെങ്കിൽ അത് എന്നാണെന്ന് അറിയിക്കുമോ?

സംസ്ഥാനത്ത് ചെറുകിട നാമമാത്ര കർഷകർക്കുള്ള കാർഷിക സൗജന്യ വൈദ്യുതി പദ്ധതി ആനുകൂല്യം സർക്കാർ മാനദണ്ഡങ്ങൾ പ്രകാരം അർഹരായവർക്ക് മാത്രമെ നൽകുന്നുള്ളുവെന്നത് ഉറപ്പുവരുത്തുന്ന കർമ്മപരിപാടിയുടെ ഭാഗമായി കഴിഞ്ഞ രണ്ട് വർഷത്തിനിടയിൽ കാർഷിക സൗജന്യ വൈദ്യുതി പദ്ധതി ആനുകൂല്യം പുതുക്കാത്ത എല്ലാ കർഷകരും, പാടശേഖര സമിതികൾ ഉൾപ്പെടെയുള്ള ഗ്രൂപ്പുകളും, അതത് കൃഷിഭവനുമായി ബന്ധപ്പെട്ട് 28-02-2022-നകം അവരവരുടെ കണക്ഷൻ പുതുക്കേണ്ടതാണെന്നും പ്രസ്തുത തീയതിക്കകം പുതുക്കാത്ത കണക്ഷനുകളെ പദ്ധതി ഗുണഭോക്തൃലിസ്റ്റിൽ നിന്നും ഒഴിവാക്കുന്നതാണെന്നുമുള്ള വാർത്ത പ്രസിദ്ധപ്പെടുത്തുന്നതിനായി എല്ലാ വാർത്താ മാധ്യമങ്ങൾക്കും നൽകിയിരുന്നതും ആവശ്യമായ പ്രചാരത്തിനുള്ള ക്രമീകരണങ്ങൾ ചെയ്തിട്ടുള്ളതുമാണ്. ഇക്കാര്യത്തിൽ കൃഷിഭവൻ തലത്തിൽ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്ന നടപടി പൂർത്തിയായിവരുന്നു.

(സി) ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിന് മുമ്പ് അനർഹരുടെ പട്ടിക കെ.എസ്.ഇ.ബി.-ക്ക് കൈമാറിയിട്ടുണ്ടോ?

ഉണ്ട്.

(ഡി) ഇതിന്റെ അടിസ്ഥാനത്തിൽ കർഷകർക്ക് കെ.എസ്.ഇ.ബി.-യിൽ നിന്ന് പലിശ സഹിതം കുടിശ്ശിക അടയ്ക്കുന്നതിന് നോട്ടീസ് ലഭിച്ച വിവരം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഇ) ഗുണഭോക്തൃപട്ടികയിൽ നിന്ന് അനർഹരായി കണ്ടെത്തി ഒഴിവാക്കിയ കണക്ഷനുകളുടെ എണ്ണം കൃഷിഭവൻ തിരിച്ച് നൽകുമോ?

ഒഴിവാക്കിയ കണക്ഷനുകളുടെ കൃഷിഭവൻ തിരിച്ചുള്ള എണ്ണം അനുബന്ധമായി ചേർക്കുന്നു.+ കൃഷിഭവൻ തലത്തിൽ അറിയിപ്പുകൾ നൽകിയിട്ടും യഥാസമയം ഗുണഭോക്തൃപട്ടികയിൽ പുതുക്കൽ വരുത്തിയിട്ടില്ലാത്ത ഉപഭോക്താക്കളും ഇതിൽ ഉൾപ്പെട്ടിട്ടുണ്ട്.

(എഫ്) ഇപ്രകാരം ഒഴിവാക്കിയ കണക്ഷനുകൾക്ക് ഏതുതീയതി വരെ സൗജന്യ വൈദ്യുതി ഉണ്ടായിരിക്കുമെന്ന കാര്യം അറിയിക്കുമോ?

ഗുണഭോക്തൃ പട്ടികയിൽ നിന്ന് അനർഹരായി കണ്ടെത്തി ഒഴിവാക്കിയ കണക്ഷനുകളെ സംബന്ധിച്ച് കാര്യകാരണ സഹിതം KSEBL സെക്ഷനെ അറിയിച്ച തീയതിക്കുശേഷമുള്ള കണക്ഷനുകൾക്കുള്ള വൈദ്യുതിചാർജ് കൃഷി വകുപ്പിൽ നിന്നും അനുവദിക്കുവാൻ കഴിയില്ല. കൃഷിഭവൻ തലത്തിൽ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അറിയിപ്പുകൾ നൽകിയിട്ടും യഥാസമയം ഗുണഭോക്തൃപട്ടികയിൽ പുതുക്കൽ വരുത്തിയിട്ടില്ലാത്ത ഉപഭോക്താവ് പിന്നീട് പുതുക്കൽ നടത്തുന്ന പക്ഷം ടി പുതുക്കൽ നടത്തിയതിനുശേഷമുള്ള തുക കാർഷിക സൗജന്യ വൈദ്യുതി പദ്ധതി ആനുകൂല്യത്തിനായി കൃഷി വകുപ്പ് പരിഗണിക്കുന്നതാണ്.

## 'കുരുമുളക് സമിതി'

35 (3393) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പിന്റെ നിയന്ത്രണത്തിൽ കുരുമുളക് സമിതികൾ പ്രവർത്തിക്കുന്നുണ്ടോ; സമിതിയുടെ രൂപീകരണ മാനദണ്ഡവും, ഉദ്ദേശ്യലക്ഷ്യവും വ്യക്തമാക്കുമോ?

ഉണ്ട്. കുരുമുളക് സമിതികൾ 1955-ലെ പന്ത്രണ്ടാമത് തിരുവിതാംകൂർ കൊച്ചി ശാസ്ത്രീയ ധാർമ്മിക സംഘങ്ങളുടെ രജിസ്ട്രേഷൻ അനുസരിച്ചും 1860-ലെ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് XXI അനുസരിച്ചും പ്രവർത്തിച്ചുവരുന്നു. സംഘത്തിന്റെ അധികാരാതിർത്തിയിൽ സ്ഥിതി ചെയ്യുന്ന പ്രദേശത്ത് കായ്ഫലമുള്ള 50 താങ്ങ്കാല് കുരുമുളക് ചെടി സ്വന്തമായുള്ള കർഷകർക്ക് അംഗത്വം നൽകുന്നു.

സമിതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ

1) പ്രവർത്തന പരിധിയിലുള്ള കുരുമുളക് കർഷകരുടെ സമഗ്രമായ സാമ്പത്തികവും സാമൂഹികവും സാംസ്കാരികവുമായ ഉന്നമനത്തിനായി പ്രവർത്തിക്കുക.

2) അംഗങ്ങളുടേയും അവരുടെ കുടുംബാംഗങ്ങളുടേയും സാംസ്കാരികവും വിദ്യാഭ്യാസപരവും, ആരോഗ്യകരവും ശുചിത്വപൂർണ്ണവുമായ ജീവിത സാഹചര്യങ്ങളിൽ അഭിവൃദ്ധിയുണ്ടാക്കുകയും സംഘാംഗങ്ങൾക്കായി ഉചിതമായ ക്ഷേമപ്രവർത്തനങ്ങൾ നടപ്പിലാക്കുക.

3) കുരുമുളക് മേഖലയിൽ പ്രവർത്തിക്കുന്ന ഗവേഷണ വികസന സ്ഥാപനങ്ങളുമായി ചേർന്ന് ഗവേഷണ പ്രവർത്തനങ്ങൾ നടത്തുകയും, പ്രദർശനങ്ങളിൽ പങ്കെടുക്കുകയും പഠനപര്യടനങ്ങളിൽ പങ്കെടുക്കുകയും ചെയ്യുക.

4) ഉല്പാദനം, സംഭരണം, സംസ്കരണം, വിപണനം എന്നിവയിലുള്ള നൂതന സാങ്കേതികവിദ്യകൾ അംഗങ്ങളായ കർഷകർക്ക് പകർന്നുനൽകുക.

5) കാർഷിക വികസന കർഷക ക്ഷേമ വകുപ്പും കാർഷിക ഗവേഷണ സ്ഥാപനങ്ങളും നിഷ്കർഷിക്കുന്ന കൃഷി രീതികൾ അവലംബിക്കുക.

6) ചെറുകിട കർഷകരുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുകയും സംഭരണം, സംസ്കരണം, വിപണനം എന്നിവയിലൂടെ വരുമാനം വർദ്ധിപ്പിക്കുകയും കർഷകരെ കാർഷിക വികസന കർഷക ക്ഷേമ വകുപ്പുമായി ബന്ധിപ്പിക്കുന്ന കണ്ണിയായി പ്രവർത്തിക്കുകയും ചെയ്യുക.

7) കാര്യക്ഷമമായ കൃഷിരീതികൾ അവലംബിച്ച് കൃഷിച്ചെലവുകൾ കുറയ്ക്കുക.

8) അംഗങ്ങൾക്ക് ഗുണനിലവാരമുള്ള നടീൽ വസ്തുക്കൾ ലഭ്യമാക്കുക.

9) വളങ്ങളും കാർഷിക ഉപകരണങ്ങളും കർഷകർക്ക് ന്യായവിലയ്ക്ക് ലഭ്യമാക്കുക.

10) കുരുമുളകിന്റെ ഗുണനിലവാരം ഉയർത്തുന്നതിനും പ്രാഥമിക സംസ്കരണത്തിനുമുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുക.

11) അംഗങ്ങളുടെ കുരുമുളക് സ്വരൂപിച്ച് കൂട്ടായി വിപണനം നടത്തുക.

12) ഉല്പന്ന വൈവിധ്യവൽക്കരണത്തിനും മൂല്യവർദ്ധനവിനുമുള്ള നടപടികൾ എടുക്കുക.

13) സർക്കാർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ഗവേഷണ സ്ഥാപനങ്ങൾ, യൂണിവേഴ്സിറ്റികൾ, വിദ്യാഭ്യാസസ്ഥാപനങ്ങൾ, സർക്കാരേതര ഏജൻസികൾ എന്നിവരുമായി നല്ല ബന്ധം പുലർത്തുക.

(ബി) സംസ്ഥാനത്ത് നിലവിൽ എത്ര സമിതികളാണ് പ്രവർത്തിക്കുന്നത്; ജില്ല തിരിച്ച് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് നിലവിൽ 640 സമിതികളാണ് പ്രവർത്തിക്കുന്നത്. ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ജില്ല | പ്രവർത്തനക്ഷമമായ കുരുമുളക് സമിതികളുടെ എണ്ണം |
|---|---|---|
| 1 | കോട്ടയം | 1 |
| 2 | ഇടുക്കി | 120 |
| 3 | പാലക്കാട് | 2 |
| 4 | കോഴിക്കോട് | 24 |
| 5 | വയനാട് | 471 |
| 6 | കണ്ണൂർ | 20 |
| 7 | കാസർഗോഡ് | 2 |
| ആകെ | | 640 |

## പ്രകൃതിക്ഷോഭംമൂലം കാർഷിക മേഖലയ്ക്കുണ്ടായ നഷ്ടം

36 (3394) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം നാളിതുവരെ മഴക്കെടുതിയും മറ്റ് പ്രകൃതിക്ഷോഭവുംമൂലം കാർഷിക മേഖലയ്ക്കുണ്ടായ നഷ്ടങ്ങളും കർഷകർക്കുണ്ടായ ദുരിതവും സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

ഈ സർക്കാർ അധികാരമേറ്റശേഷം 20-05-2021 മുതൽ 04-07-2022 വരെ 57286 കർഷകരുടെ 12889.461 ഹെക്ടർ സ്ഥലത്ത് 4,039.1975 ലക്ഷം രൂപയുടെ കൃഷിനാശം ഉണ്ടായതായി കണക്കാക്കിയിട്ടുണ്ട്.

(ബി) ഇവരെ സഹായിക്കാനായി സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്നും ഇതിനായി കേന്ദ്ര സഹായം ലഭ്യമായോയെന്നുമുള്ള വിശദാംശം വ്യക്തമാക്കുമോ?

2021-22 വർഷത്തിൽ പ്രകൃതിക്ഷോഭ ദുരിതാശ്വാസത്തിന് സംസ്ഥാന വിഹിതമായി 6743.86 ലക്ഷം രൂപ അനുവദിക്കുകയും ആയതിൽ വിളനാശം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരമായി 6,493.47781 ലക്ഷം രൂപയും മടവീഴ്ചയിൽ നാശനഷ്ടം സംഭവിച്ച കർഷകർക്ക് മട

പുനരുദ്ധാരണത്തിന് 12.16347 ലക്ഷം രൂപയും വിതച്ച നെൽപ്പാടങ്ങൾക്കുണ്ടായ നാശനഷ്ടത്തിനായി കർഷകർക്ക് സൗജന്യമായി നെൽവിത്ത് നൽകിയ ഇനത്തിൽ സംസ്ഥാന വിത്ത് വിതരണ അതോറിറ്റിക്ക് 200.00 ലക്ഷം രൂപയും, കീടരോഗ ബാധമൂലം വിളനാശം സംഭവിച്ച കർഷകർക്ക് ആയത് നിയന്ത്രിക്കുന്നതിനായി 23.66608 ലക്ഷം രൂപയും ചേർത്ത് ആകെ 6729.30736 ലക്ഷം രൂപ വിതരണം ചെയ്തിട്ടുണ്ട്. കേന്ദ്ര സർക്കാർ വിഹിതവും സംസ്ഥാന വിഹിതവും ഉൾപ്പെടുന്ന റവന്യൂ ഫണ്ടായ സംസ്ഥാന ദുരന്തപ്രതികരണ നിധിയിൽ (SDRF) നിന്നും 1,690.62807 ലക്ഷം രൂപയും വിളനാശത്തിനുള്ള നഷ്ടപരിഹാരമായി വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയുടെ നഷ്ടപരിഹാരം നൽകുന്നതിനായി സംസ്ഥാന സർക്കാർ 3,200.00 ലക്ഷം രൂപ അനുവദിക്കുകയും ആയതിൽ 3179.95005 ലക്ഷം രൂപ വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. 2022-2023 സാമ്പത്തികവർഷത്തിൽ പ്രകൃതിക്ഷോഭങ്ങൾ അഭിമുഖീകരിക്കുന്നതിനും കീടരോഗബാധ നിയന്ത്രണത്തിനുമായുള്ള അടിയന്തര പരിപാടി പദ്ധതിക്കായി സംസ്ഥാന സർക്കാർ ബഡ്ജറ്റ് വിഹിതമായി 750.00 ലക്ഷം രൂപയും പരിഷ്കരിച്ച സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമായ കർഷകർക്ക്

വിളനാശം സംഭവിച്ചാൽ, നഷ്ടപരിഹാരം നൽകുന്നതിനായി 3,000.00 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. ആയത് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കർഷകർക്ക് പ്രകൃതിക്ഷോഭ ദുരിതാശ്വാസ ഇനത്തിൽ നൽകിയ തുക

37 (3395) ഡോ. സുജിത് വിജയൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 കാലയളവിൽ സംസ്ഥാനത്തെ കർഷകർക്ക് പ്രകൃതിക്ഷോഭ ദുരിതാശ്വാസ ഇനത്തിൽ എത്രകോടി രൂപ നൽകിയെന്ന് അറിയിക്കുമോ?

2021-22 കാലയളവിൽ സംസ്ഥാനത്തെ കർഷകർക്ക് പ്രകൃതിക്ഷോഭ ദുരിതാശ്വാസ ഇനത്തിൽ 67.2930736 കോടി രൂപ സംസ്ഥാന വിഹിതവും 16.9062807 കോടി രൂപ സംസ്ഥാന ദുരന്തപ്രതികരണ നിധിയിൽ നിന്നുള്ള വിഹിതവും നൽകിയിട്ടുണ്ട്. സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി മുഖേന 40.0495005 കോടി രൂപ നഷ്ടപരിഹാരമായി നൽകിയിട്ടുണ്ട്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 23.12852 ലക്ഷം രൂപ വിതരണം ചെയ്തു. കൂടാതെ കേന്ദ്ര വിള ഇൻഷ്വറൻസ് പദ്ധതികളായ

പ്രധാനമന്ത്രി ഫസൽ ബീമാ യോജന, കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി എന്നിവ മുഖേന അഗ്രിക്കൾച്ചറൽ ഇൻഷ്വറൻസ് കമ്പനി 34.0678 കോടി രൂപ നഷ്ടപരിഹാരമായി നൽകിയിട്ടുണ്ട്. 2021-22 വർഷത്തിൽ സംസ്ഥാനത്തെ കർഷകർക്ക് നഷ്ടപരിഹാര ഇനത്തിൽ ആകെ 158.54794 കോടി രൂപ നൽകിയിട്ടുണ്ട്.

(ബി) ഇതിനായി ഏതെല്ലാം ഫണ്ടുകളിൽ നിന്ന് എത്ര രൂപ വീതം നൽകിയെന്ന് വിശദമാക്കുമോ?

വിവിധ പദ്ധതികളിലായി 2021-22 വർഷത്തിൽ നൽകിയ തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

## തിരുവല്ല നിരണത്ത് നെൽകർഷകൻ ആത്മഹത്യ ചെയ്ത സംഭവം

38 (3396) ശ്രീ. ടി. സിദ്ദിഖ്:
ഡോ. മാത്യു കുഴൽനാടൻ:
ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവല്ല നിരണത്ത് നെൽകർഷകൻ ആത്മഹത്യ ചെയ്ത സംഭവം സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോ?

ഉണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) കൃഷിയാവശ്യത്തിന് ബാങ്കിൽ നിന്ന് എടുത്ത വായ്പ തിരിച്ചടയ്ക്കാൻ നിവൃത്തിയില്ലാതെയാണ് ആത്മഹത്യ ചെയ്തതെന്നത് പരിശോധിച്ചിരുന്നോ?

ആത്മഹത്യ ചെയ്ത കർഷകന് ബാങ്കിൽ കാർഷിക വായ്പകളിൽ കുടിശ്ശികയൊന്നുംതന്നെ ഇല്ലെന്ന് അന്വേഷണത്തിൽ അറിയാൻ സാധിച്ചിട്ടുണ്ട്. ആയതിനാൽ കർഷക ആത്മഹത്യയെന്ന പേരിൽ പ്രചരിക്കുന്ന വാർത്തകൾ അടിസ്ഥാനരഹിതമാണ്. കൃഷിയുമായി ബന്ധപ്പെട്ട് അനുവദിക്കേണ്ട മുഴുവൻ ആനുകൂല്യങ്ങളും ഇദ്ദേഹത്തിന് സമയബന്ധിതമായി അനുവദിച്ചിട്ടുണ്ട്.

(സി) സമാനമായ സംഭവങ്ങൾ ആവർത്തിക്കാതിരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

കർഷകർക്ക് കൃഷി ലാഭകരമായി ചെയ്യുന്നതിനുള്ള വിവിധ പദ്ധതികളാണ് സർക്കാർ നടപ്പിലാക്കുന്നത്. നെൽകർഷകർക്ക് സുസ്ഥിര നെൽകൃഷി വികസനത്തിനായി ഉല്പാദനോപാധികൾക്കുള്ള ആനുകൂല്യം, തരിശുനിലത്തിൽ കൃഷി ചെയ്യുന്നവർക്ക് ആനുകൂല്യം, നെൽവയലുകൾ സംരക്ഷിക്കുന്നതിനായി ഭൂവുടമകൾക്ക് റോയൽറ്റി, ഉല്പാദന ബോണസ് എന്നീ ആനുകൂല്യങ്ങൾ നൽകുന്നതോടൊപ്പം സിവിൽ സപ്ലൈസ് മുഖേന

നെല്ല് സംഭരണം നടത്തുന്നു. ഉല്പാദന വർദ്ധനവിനും വിളവിസ്തൃതി വർദ്ധനവിനും സഹായകരമായ പദ്ധതികളോടൊപ്പം കർഷകരുടെ ഉല്പന്നങ്ങൾക്ക് ന്യായവില ലഭ്യമാക്കുന്നതിനുള്ള വിവിധ പദ്ധതികൾ കൃഷി വകുപ്പ് നടപ്പിലാക്കിവരുന്നു. ഇതിനായി കാർഷിക വിപണികളിലൂടെ കാർഷികോല്പന്ന സംഭരണവും കൂടാതെ അടിസ്ഥാനവില ലഭ്യമാക്കുന്നതിനുള്ള പദ്ധതികളും നടപ്പിലാക്കുന്നു. പ്രകൃതിക്ഷോഭങ്ങൾ, കീടരോഗങ്ങൾ മുതലായവ മുഖേന അവിചാരിതമായുണ്ടാകുന്ന കൃഷിനാശം നേരിടാനായി സംസ്ഥാന, കേന്ദ്രവിള ഇൻഷ്വറൻസ് പദ്ധതികളും വിളനാശത്തിനുള്ള ആനുകൂല്യം നൽകുന്ന പദ്ധതികളും നടപ്പിലാക്കുന്നു. കുറഞ്ഞ പലിശ നിരക്കിൽ കാർഷിക വായ്പകൾ ലഭ്യമാക്കിയും കാലാകാലങ്ങളിൽ വായ്പകളിന്മേൽ മൊറട്ടോറിയം ഏർപ്പെടുത്തിയും കാർഷിക കടാശ്വാസ കമ്മീഷൻ, കർഷക ക്ഷേമനിധി ബോർഡ് എന്നിവയിലൂടെ കർഷകരുടെ പ്രശ്നങ്ങളിൽ ഇടപെട്ടും കർഷകക്ഷേമത്തിനുതകുന്ന വിവിധ പദ്ധതികൾ നടപ്പിലാക്കി കർഷകരുടെ വരുമാനവും ജീവിത നിലവാരവും മെച്ചപ്പെടുത്തുന്ന നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്.

## പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ മഴക്കെടുതി നഷ്ടപരിഹാരം

39 (3397) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ 2021 ഒക്ടോബറിലുണ്ടായ കനത്ത മഴയെത്തുടർന്നുണ്ടായ പ്രളയത്തിലും ഉരുൾപൊട്ടലിലും മണ്ണിടിച്ചിലിലും കൃഷിഭൂമിക്കും കാർഷികവിളകൾക്കുമുണ്ടായ നാശനഷ്ടങ്ങൾക്ക് കർഷകർക്ക് അർഹമായ നഷ്ടപരിഹാരം ലഭ്യമാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

നഷ്ടപരിഹാരം സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) മണ്ഡലത്തിൽ മഴക്കെടുതിമൂലം തകർന്ന കൃഷിഭൂമികൾ വീണ്ടും കൃഷിയോഗ്യമാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

പഞ്ചായത്തുകളിൽ മണ്ണ് പരിശോധനാ കാമ്പയിൻ നടത്തുകയും, കുമ്മായം, ജൈവവളം എന്നിവ വിതരണം നടത്തുകയും ചെയ്തു. കൂടാതെ തൊഴിലുറപ്പുമായി ബന്ധപ്പെട്ട് കയ്യാല പുനരുദ്ധാരണ പ്രവൃത്തികൾ ചെയ്യുകയും വിത്ത് നടീൽ വസ്തുക്കൾ വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉല്പാദന വർദ്ധനവിനും വിളവിസ്തൃതി വർദ്ധനവിനും സഹായകരമായ പദ്ധതികളോടൊപ്പം കർഷകരുടെ ഉല്പന്നങ്ങൾക്ക് ന്യായവില ലഭ്യമാക്കുന്നതിനുള്ള വിവിധ പദ്ധതികൾ കൃഷി വകുപ്പ് നടപ്പിലാക്കിവരുന്നു. ഇതിനായി കാർഷിക വിപണികളിലൂടെ കാർഷികോല്പന്ന സംഭരണവും കൂടാതെ അടിസ്ഥാനവില ലഭ്യമാക്കുന്നതിനുള്ള പദ്ധതികളും നടപ്പിലാക്കുന്നു. പ്രകൃതിക്ഷോഭങ്ങൾ, കീടരോഗങ്ങൾ മുതലായവ മുഖേന അവിചാരിതമായ കാരണങ്ങളാൽ ഉണ്ടാകുന്ന കൃഷിനാശം നേരിടാനായി സംസ്ഥാന കേന്ദ്ര വിള ഇൻഷ്വറൻസ് പദ്ധതികളും വിളനാശത്തിനുള്ള ആനുകൂല്യം നൽകുന്ന പദ്ധതികളും നടപ്പിലാക്കുന്നു. കുറഞ്ഞ പലിശ നിരക്കിൽ കാർഷിക വായ്പകൾ ലഭ്യമാക്കിയും കാലാകാലങ്ങളിൽ വായ്പകളിന്മേൽ മൊറട്ടോറിയം ഏർപ്പെടുത്തിയും കാർഷിക കടാശ്വാസ കമ്മീഷൻ, കർഷക ക്ഷേമനിധി ബോർഡ് എന്നിവയിലൂടെ കർഷകരുടെ പ്രശ്നങ്ങളിൽ ഇടപെട്ടും കർഷക ക്ഷേമത്തിനുതകുന്ന വിവിധ പദ്ധതികൾ നടപ്പിലാക്കി കർഷകരുടെ വരുമാനവും ജീവിതനിലവാരവും മെച്ചപ്പെടുത്തുന്നുണ്ട്.

(സി) കർഷകർക്കുണ്ടായ നഷ്ടങ്ങൾ പരിഹരിക്കുന്നതിനും തുടർകൃഷിക്കാവശ്യമായ സാഹചര്യം ഒരുക്കുന്നതിനും മണ്ണിടിച്ചിലുണ്ടായ

സ്ഥലങ്ങളിലെ കൃഷിഭൂമികൾ സംരക്ഷിക്കുന്നതിനുമാവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

പഞ്ചായത്തുകളിൽ മണ്ണ് പരിശോധനാ കാമ്പയിൻ നടത്തുകയും, കുമ്മായം, ജൈവവളം എന്നിവ വിതരണം നടത്തുകയും ചെയ്തു. കൂടാതെ തൊഴിലുറപ്പുമായി ബന്ധപ്പെട്ട് കയ്യാല പുനരുദ്ധാരണ പ്രവൃത്തികൾ ചെയ്യുകയും, വിത്ത് നടീൽ വസ്തുക്കൾ വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. ഉല്പാദന വർദ്ധനവിനും വിളവിസ്തൃതി വർദ്ധനവിനും സഹായകരമായ പദ്ധതികളോടൊപ്പം കർഷകരുടെ ഉല്പന്നങ്ങൾക്ക് ന്യായവില ലഭ്യമാക്കുന്നതിനുള്ള വിവിധ പദ്ധതികൾ കൃഷി വകുപ്പ് നടപ്പിലാക്കിവരുന്നു. ഇതിനായി കാർഷിക വിപണികളിലൂടെ കാർഷികോല്പന്ന സംഭരണവും കൂടാതെ അടിസ്ഥാനവില ലഭ്യമാക്കുന്നതിനുള്ള പദ്ധതികളും നടപ്പിലാക്കുന്നു. പ്രകൃതിക്ഷോഭങ്ങൾ, കീടരോഗങ്ങൾ മുതലായവ മുഖേന അവിചാരിതമായ കാരണങ്ങളാലുണ്ടാകുന്ന കൃഷിനാശം നേരിടാനായി സംസ്ഥാന കേന്ദ്ര വിള ഇൻഷ്വറൻസ് പദ്ധതികളും വിളനാശത്തിനുള്ള ആനുകൂല്യം നൽകുന്ന പദ്ധതികളും നടപ്പിലാക്കുന്നു. കുറഞ്ഞ പലിശ നിരക്കിൽ കാർഷിക വായ്പകൾ ലഭ്യമാക്കിയും കാലാകാലങ്ങളിൽ വായ്പകളിന്മേൽ മൊറട്ടോറിയം ഏർപ്പെടുത്തിയും കാർഷിക കടാശ്വാസ കമ്മീഷൻ, കർഷക ക്ഷേമനിധി

ബോർഡ് എന്നിവയിലൂടെ കർഷകരുടെ പ്രശ്നങ്ങളിൽ ഇടപെട്ടും കർഷക ക്ഷേമത്തിനുതകുന്ന വിവിധ പദ്ധതികൾ നടപ്പിലാക്കി കർഷകരുടെ വരുമാനവും ജീവിത നിലവാരവും മെച്ചപ്പെടുത്തുന്നുണ്ട്.

ഇരിക്കൂർ മണ്ഡലത്തിൽ കർഷകർക്ക് നൽകിയ നഷ്ടപരിഹാരം

40 (3398) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇരിക്കൂർ മണ്ഡലത്തിൽ മഴക്കെടുതിയിൽ കൃഷിനാശം സംഭവിച്ച കർഷകർക്ക് നൽകിയ നഷ്ടപരിഹാര തുക എത്രയെന്ന് പഞ്ചായത്തടിസ്ഥാനത്തിൽ വ്യക്തമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) നഷ്ടപരിഹാരം ലഭിക്കുന്നതിനുവേണ്ടി അപേക്ഷിച്ച എല്ലാ കർഷകർക്കും തുക അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ നഷ്ടപരിഹാരതുക നൽകാത്തതിന്റെ കാരണവും, എത്രപേർക്ക് നൽകാനുണ്ടെന്നും വ്യക്തമാക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രകൃതിക്ഷോഭം മൂലമുണ്ടായ വിളനാശത്തിന് നഷ്ടപരിഹാരത്തിന് അപേക്ഷിച്ച 353 പേരിൽ 332 പേർക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ട്. സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിലെ നഷ്ടപരിഹാരത്തിനായി അപേക്ഷിച്ച 184 പേരിൽ 46 പേർക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ട്. പ്രകൃതിക്ഷോഭം മൂലമുണ്ടായ വിളനാശത്തിന് നഷ്ടപരിഹാരം നൽകുവാനുള്ള 21 കർഷകർക്കും സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിമുഖേനയുള്ള നഷ്ടപരിഹാരം നൽകുവാനുള്ള 138 കർഷകർക്കും തുക വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## <u>കുത്താളി കൃഷി ഫാം</u>

41 (3399) <u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര മണ്ഡലത്തിൽ കോഴിക്കോട് ജില്ലാ പഞ്ചായത്തിന്റെ കീഴിലുള്ള കുത്താളി കൃഷി ഫാം പൂർണ്ണമായും കൃഷിയുക്തമാക്കുന്നതിന് എന്തൊക്കെ പ്രൊപ്പോസലുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ?

പേരാമ്പ്ര മണ്ഡലത്തിലെ കുത്താളി ഫാം, കൃഷിയോഗ്യമാക്കുന്നതിന് ഈ വർഷം നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

(1) ആർ.കെ.വി.വൈ. പദ്ധതി പ്രകാരം നടപ്പിലാക്കിവരുന്ന പദ്ധതികൾ

സസ്യങ്ങളുടെ ഗുണമേന്മയുള്ള ലേയറുകൾ, ഗ്രാഫ്റ്റുകൾ എന്നിവ ഉല്പാദിപ്പിക്കുന്നതിനായി സയേൺ ബാങ്ക്, റൂട്ട് സ്റ്റോക്ക് നഴ്സറി. (15 ലക്ഷം).

സോളാർ പമ്പുസെറ്റ് സ്ഥാപിക്കൽ. (3 ലക്ഷം)

ചുറ്റുമതിൽ, വേലി നിർമ്മാണം എന്നീ പ്രവൃത്തികളുടെ നിർമ്മാണം. (60 ലക്ഷം).

(2) ആർ.ഐ.ഡി.എഫ്.-നബാർഡ് നടപ്പിലാക്കി വരുന്ന പദ്ധതികൾ

ജലസേചന സൗകര്യം മെച്ചപ്പെടുത്തൽ (63.92 ലക്ഷം).

ഭൂവികസന പ്രവൃത്തികൾ (10 ലക്ഷം)

മഴമറ നിർമ്മാണം (3 എണ്ണം) (22.9224 ലക്ഷം).

മിസ്റ്റ് ചേംബർ നിർമ്മാണം (4 എണ്ണം) (18.92 ലക്ഷം).

ബഡ്ഡിംഗ് ആന്റ് ഗ്രാഫ്റ്റിംഗ് ഷെഡ് നിർമ്മാണം (76.6008 ലക്ഷം).

ചുറ്റുമതിൽ ചെയിൻ ലിങ്ക് നിർമ്മാണം (248.06 ലക്ഷം) വകയിരുത്തി.

സംയോജിത കൃഷി രീതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പോത്തു പരിപാലനം (48.546 ലക്ഷം), കോഴി വളർത്തൽ (16.76268 ലക്ഷം),

താറാവ് വളർത്തൽ (3.22 ലക്ഷം), മത്സ്യകൃഷി (6.56 ലക്ഷം) ആട്ടവളർത്തൽ (10.40 ലക്ഷം).

മൂല്യവർദ്ധിത ഉല്പന്നം (ചക്കയിൽ നിന്നും) നിർമ്മിക്കുന്നതിനുള്ള അടിസ്ഥാനസൗകര്യ വികസനം (75 ലക്ഷം).

റോഡ് നിർമ്മാണം (23.936 ലക്ഷം)

ഓഫീസ് കെട്ടിടം, ട്രെയിനിംഗ് സെന്റർ, ശുചിമുറി, വെയിറ്റിംഗ് ഷെഡ് എന്നിവയുടെ നിർമ്മാണം (88.83 ലക്ഷം).

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പ്രസ്തുത ഫാമുമായി ബന്ധപ്പെട്ട് മന്ത്രിതലത്തിലെടുത്ത എന്തൊക്കെ തീരുമാനങ്ങളുണ്ടായിരുന്നെന്നും എന്തൊക്കെ നടപ്പിൽവരുത്തിയെന്നും അറിയിക്കാമോ?

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കുത്താളി ഫാമുമായി ബന്ധപ്പെട്ട് മന്ത്രിതല യോഗത്തിലെടുത്ത തീരുമാനങ്ങൾ പ്രകാരം താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

27-07-2020-ൽ നടത്തിയ മന്ത്രിതല യോഗ തീരുമാനപ്രകാരം 2020 ആഗസ്റ്റ് മാസം മുതൽ കാഷ്വൽ തൊഴിലാളികൾക്ക് തൊഴിൽ നൽകിവരുന്നു.

ചീങ്ങേരി എക്സ്റ്റൻഷൻ സ്കീമിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ. സായിറാം ഹരിദാസ് (കൃഷി അസിസ്റ്റന്റ് ഡയറക്ടർ)-നെ ഫാം സൂപ്രണ്ടായി നിയമിച്ചു.

കുത്താളി ഫാമിലെ ആക്ഷേപം ഉന്നയിക്കപ്പെട്ടിരുന്ന ക്ലാർക്കിനെ സ്ഥലം മാറ്റി.

കുത്താളി ഫാമിലെ ട്രെയിനിംഗ് സെന്ററിൽ നിലവിൽ കേരള സ്റ്റേറ്റ് അഗ്രോ മെക്കനൈസേഷൻ മിഷന്റെ കീഴിൽ ഹരിത സേനയ്ക്ക് പരിശീലനം നൽകി വരുന്നു.

കൃഷിഭൂമി കൃഷിയോഗ്യമാക്കുന്നതിന് കാട് വെട്ടിത്തെളിച്ച് ഭൂമിയുടെ തട്ട് തിരിക്കൽ പദ്ധതി പുരോഗമിച്ചുവരുന്നു.

കൊപ്രാ ഡ്രയർ പ്രവർത്തന ക്ഷമമാക്കുന്നതിന് നടപടി സ്വീകരിച്ചു.

ഫാമിലെ വിവിധ ഫീൽഡുകളിലുള്ള പാഴ്മരങ്ങളുടെ ചില്ല കോതി കുരുമുളക് വള്ളികൾ വച്ചുപിടിപ്പിച്ചുവരുന്നു.

തൊഴിലാളികൾക്കുള്ള ഒരു വിശ്രമമുറിയുടെയും ശുചിമുറിയുടെയും പ്രവൃത്തി പൂർത്തീകരിക്കുകയും മറ്റ് രണ്ടെണ്ണത്തിന്റെ നിർമ്മാണപ്രവൃത്തി പുരോഗമിച്ചുവരികയും ചെയ്യുന്നു.

## മുണ്ടേരി വിത്തുകൃഷിത്തോട്ടത്തിൽ ഫാം ടൂറിസം പദ്ധതി

42 (3400) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂവിസ്തൃതി കൊണ്ട് ഏഷ്യയിലെ ഏറ്റവും വലിയ വിത്തുകൃഷിത്തോട്ടമായ മലപ്പുറം ജില്ലയിലെ മുണ്ടേരിയിൽ ഫാം ടൂറിസം നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് ഏതെങ്കിലും പദ്ധതികൾ കൃഷി വകുപ്പ് മുഖാന്തരം സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ; ഇല്ലെങ്കിൽ ഇക്കാര്യം സർക്കാർ പരിഗണിക്കുമോ?

മലപ്പുറം ജില്ലയിലെ മുണ്ടേരി വിത്തു കൃഷിത്തോട്ടത്തിൽ ഫാം ടൂറിസം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട പദ്ധതികൾ കൃഷി വകുപ്പ് സമർപ്പിച്ചിട്ടില്ല. 2018-ലെ പ്രളയത്തിൽ നഷ്ടപ്പെട്ട റോഡുകളും, മറ്റ് അടിസ്ഥാന സൗകര്യങ്ങളും മെച്ചപ്പെടുത്തിയശേഷം മാത്രമെ ഫാം ടൂറിസം പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ കഴിയുകയുള്ളൂ. ആർ.ഐ.ഡി.എഫ്. പദ്ധതിയിൽ ഫാമിന്റെ അടിസ്ഥാനസൗകര്യ വികസനത്തിനായി 26.87 കോടി രൂപയുടെ പ്രവൃത്തികൾക്ക് അംഗീകാരം ലഭ്യമായിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികൾ പൂർത്തിയാക്കി ഫാമിന്റെ അടിസ്ഥാനസൗകര്യം

മെച്ചപ്പെടുത്തുന്നതോടൊപ്പം ഫാം ടൂറിസം പ്രവർത്തനങ്ങൾ നടപ്പിലാക്കുന്ന കാര്യം സർക്കാർ പരിശോധിക്കുന്നതാണ്.

(ബി) മുണ്ടേരി വിത്തുകൃഷിത്തോട്ടത്തിൽ ഫാം ടൂറിസം പദ്ധതി നടപ്പാക്കണമെന്നാവശ്യപ്പെട്ട് ഗവൺമെന്റ് ഫാം വർക്കേഴ്സ് യൂണിയൻ (സി.ഐ.ടി.യു.) മുണ്ടേരി യൂണിറ്റ് സെക്രട്ടറി കൃഷി ഡയറക്ടർമാർക്കും കൃഷി വകുപ്പുമന്ത്രിക്കും നൽകിയ നിവേദനങ്ങളിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

റോഡുൾപ്പടെയുള്ള ഫാമിന്റെ അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തിയശേഷം നിവേദനങ്ങളിൽ സൂചിപ്പിച്ചിരിക്കുന്ന കാര്യങ്ങളിലാവശ്യമായ പരിശോധന നടത്തി നടപടികൾ കൈക്കൊള്ളുന്നതാണ്.

(സി) പ്രസ്തുത വിത്തുകൃഷിത്തോട്ടം ഫാം ടൂറിസത്തിന് അനുയോജ്യമാണോയെന്ന പഠനം നടത്തുന്നതിനും വിശദമായ പദ്ധതി രേഖ തയ്യാറാക്കുന്നതിനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

അടിസ്ഥാനസൗകര്യങ്ങൾ ഏർപ്പെടുത്തിയ/മെച്ചപ്പെടുത്തിയശേഷം മേൽ വിഷയം പരിശോധിക്കുന്നതാണ്.

## തരിശുഭൂമിയിൽ കൃഷിയിറക്കൽ

43 (3401) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷിഭൂമിയിൽ കൃഷിയിറക്കാതെ തരിശുഭൂമിയാക്കി ഇടുന്നതിനെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ?

തരിശുഭൂമികൾ മുഴുവനായി കൃഷിക്കായി സജ്ജീകരിക്കപ്പെടുന്നതിനും സുരക്ഷിതമായ ഭക്ഷണമാണ് ആരോഗ്യത്തിന്റെ അടിസ്ഥാനമെന്നും മനസിലാക്കി ഓരോ കേരളീയനും കൃഷിയിലേക്കിറങ്ങണമെന്ന ആശയം പ്രാവർത്തികമാക്കുന്നതിന്റെ ഭാഗമായി കൃഷി വകുപ്പ് "ഞങ്ങളും കൃഷിയിലേക്ക്" എന്ന ബൃഹത് പദ്ധതി 2022 -23 വർഷത്തിൽ ആവിഷ്കരിച്ച് നടപ്പിലാക്കിവരികയാണ്. കൂടുതൽ തരിശുനിലങ്ങളിൽ പരാമാവധി കൃഷിയിറക്കി ഭക്ഷ്യവിളകളുടെ വിസ്തൃതി ഉല്പാദനം, ഉല്പാദനക്ഷമത എന്നിവ വർദ്ധിപ്പിച്ച് ഭക്ഷ്യസുരക്ഷ കൈവരിക്കുകയെന്ന ലക്ഷ്യത്തോടെ 2020-ൽ ആരംഭിച്ച പ്രത്യേക പദ്ധതിയാണ് 'സുഭിക്ഷകേരളം'. കോവിഡ്-19 മഹാമാരിയുടെ കാലത്ത് ഭക്ഷ്യദൗർലഭ്യം നേരിടാനുള്ള സംസ്ഥാന സർക്കാരിന്റെ ഒരു പ്രധാന ഇടപെടലായിരുന്നു. കൃഷിയോഗ്യമായ

തരിശുനിലങ്ങളിൽ നെല്ല്, പച്ചക്കറികൾ, ഫലവർഗ്ഗവിളകൾ, കിഴങ്ങുവർഗ്ഗങ്ങൾ, പയറുവർഗ്ഗങ്ങൾ, ചെറുധാന്യങ്ങൾ എന്നീ വിളകൾ കൃഷിചെയ്യിക്കുകയെന്നുള്ളത്. ഓരോ വർഷവും 25000 ഹെക്ടർ തരിശുഭൂമി കൃഷിയോഗ്യമാക്കാനാണ് ലക്ഷ്യമിട്ടിരുന്നത്. 2020-2021 സാമ്പത്തികവർഷത്തിൽ 22847 ഹെക്ടറും 2021-2022 സാമ്പത്തികവർഷത്തിൽ 23010 ഹെക്ടർ സ്ഥലത്തും തരിശുനില കൃഷി നടപ്പിലാക്കിയിട്ടുണ്ട്. വിളതിരിച്ചുള്ള തരിശുകൃഷിയുടെ വിസ്തീർണ്ണം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | വിസ്തീർണ്ണം (ഹെക്ടർ) | വിസ്തീർണ്ണം (ഹെക്ടർ) |
|---|---|---|---|
| | | **2020-21** | **2021-22** |
| 1 | നെല്ല് | 9,070 | 4,431 |
| 2 | പച്ചക്കറി | 4,527 | 4,576 |
| 3 | ഫലവർഗ്ഗവിളകൾ | 3,381 | 4,839 |
| 4 | കിഴങ്ങുവർഗ്ഗങ്ങൾ/ പയറുവർഗ്ഗ വിളകൾ | 5,544 | 4,858 |
| 5 | ചെറുധാന്യ വിളകൾ | 325 | 410 |
| 6 | മറ്റ് വിളകൾ | 0 | 3,896 |
| **ആകെ** | | **22,847** | **23,010** |

സംസ്ഥാനമൊട്ടാകെ നെൽവയലുകൾ തരിശാക്കിയിടുന്നത് തടയാൻ നിലവിൽ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ആക്ട്, 2008 വകുപ്പ് (15) പ്രകാരം സമിതിക്ക് (പ്രാദേശിക നിരീക്ഷണ സമിതി), കൃഷി ഇറക്കാതെ തരിശിട്ടിട്ടുള്ള ഏതെങ്കിലും നെൽവയലിന്റെ അനുഭവക്കാരനോട് അയാൾ നേരിട്ടോ, അയാളുടെ ഇഷ്ടാനുസരണം മറ്റേതെങ്കിലും ആൾ മുഖേനയോ, നെല്ലോ, മറ്റേതെങ്കിലും ഇടക്കാല വിളയോ കൃഷി ചെയ്യാവുന്നതിന് നിർദ്ദേശം നൽകാൻ ആക്ടിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. തരിശാക്കിയിടുന്ന നെൽവയലുകൾ പാട്ട വ്യവസ്ഥയിൽ ഏറ്റെടുത്ത് കൃഷിചെയ്യിപ്പിക്കുന്നതിന് കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ആക്ട്, 2008-ലെ വകുപ്പ് 16 പ്രകാരം വ്യവസ്ഥ നിലവിലുണ്ട്. കൂടാതെ നെൽവയലുകൾ തരിശിടുന്ന പ്രവണത അവസാനിപ്പിക്കാനും നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുമായി കൃഷി വകുപ്പ് തരിശുനിലങ്ങളിൽ പാട്ട വ്യവസ്ഥയിൽ നെൽകൃഷി ചെയ്യുന്നതിന് കർഷകന്, ഹെക്ടർ ഒന്നിന്, 35,000 രൂപയും ഭൂവുടമയ്ക്ക് 5,000 രൂപയും ഉൾപ്പെടെ ആകെ 40,000 രൂപയുടെ ആനുകൂല്യം നൽകിവരുന്നുണ്ട്. നെൽകൃഷി ചെയ്യാവുന്ന നെൽവയലുകൾ രൂപമാറ്റം വരുത്താതെ നിലനിർത്തി സംരക്ഷിക്കുകയും കൃഷി ചെയ്യുകയും ചെയ്യുന്ന നെൽവയലുകളുടെ ഉടമകൾക്ക് പ്രതിവർഷം

ഹെക്ടറിന് 2,000 രൂപ നിരക്കിൽ റോയൽറ്റിയും കൃഷി വകുപ്പ് 2020-21 മുതൽ അനുവദിച്ചുവരുന്നു. 2022-23 വർഷം മുതൽ റോയൽറ്റി തുക ഹെക്ടറിന് 3,000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ഇതുകൂടാതെ നെല്ലുല്പാദന ബോണസായി ഒരു സീസണിൽ ഒരു ഹെക്ടർ നെൽകൃഷി ചെയ്യുന്നതിന് 1,000 രൂപ എന്ന തോതിൽ കൃഷി വകുപ്പ് നൽകിവരുന്നുണ്ട്.

(ബി) നാദാപുരം മണ്ഡലത്തിൽ ഗ്രാമപഞ്ചായത്ത് വാർഡ് തിരിച്ച് തരിശുഭൂമിയുടെ കണക്കെടുത്തിട്ടുണ്ടോ; എങ്കിൽ കണക്ക് ലഭ്യമാക്കാമോ?

നാദാപുരം മണ്ഡലത്തിൽ ഗ്രാമപഞ്ചായത്ത് വാർഡ് തിരിച്ച് തരിശുഭൂമിയുടെ കണക്കെടുപ്പ് നടത്തിയിട്ടുള്ളതിന്റെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

## കേരളത്തിലെ കാർഷികോല്പന്നങ്ങൾക്ക് ബ്രാൻഡ്

44 (3402) ഡോ. എൻ. ജയരാജ്:
ശ്രീ. ജോബ് മൈക്കിൾ:
ശ്രീ. പ്രമോദ് നാരായൺ:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ കാർഷികോല്പന്നങ്ങൾ ബ്രാൻഡ് ചെയ്ത് ലോകവിപണിയിൽ അവതരിപ്പിക്കാൻ നടപടി സ്വീകരിക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിലവിൽ സംസ്ഥാനത്ത് ഉത്തമ കൃഷിമുറകൾ പാലിച്ച് ഉല്പാദിപ്പിക്കുന്ന കാർഷികോല്പന്നങ്ങൾക്ക് ' സേഫ് റ്റു ഈറ്റ് കേരള ഓർഗാനിക്ക് എന്ന ബ്രാൻഡും ലോഗോയും ആവിഷ്കരിച്ചിട്ടുണ്ട്.

(ബി) തായ്‌ലാന്റ് മാതൃകയിൽ കാർഷിക ഉല്പന്നങ്ങൾ ഡ്രൈ ചെയ്ത് കേരള ബ്രാൻഡായി അവതരിപ്പിക്കുന്നതിന് സർക്കാർ പുതിയ സംവിധാനം ഏർപ്പെടുത്തുമോ?

പരിശോധിക്കുന്നതാണ്.

(സി) സർക്കാർ സംവിധാനത്തിൽ അഫിലിയേറ്റ് ചെയ്യുന്നതിന് സാധാരണ കർഷകർക്കും അവസരം നല്കി പദ്ധതി താഴെത്തട്ടിലേയ്ക്ക് വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) സീസൺ സമയത്ത് സുലഭമായി ലഭിക്കുന്ന കാർഷികോല്പന്നങ്ങൾ കേടാകാതെ സൂക്ഷിക്കുന്നതിന് സംവിധാനമില്ലെന്ന വലിയ വെല്ലുവിളിയെ നേരിടുന്നതിന് ഇത്തരം ഡ്രൈയിംഗ് സമ്പ്രദായത്തിന് സാധിക്കുമെന്നതിനാൽ അവയെ പ്രോത്സാഹിപ്പിക്കാൻ നടപടി സ്വീകരിക്കാമോ?

(സി &ഡി) പരിശോധിക്കുന്നതാണ്.

## കയ്പമംഗലം നിയോജകമണ്ഡലത്തിലെ അഗ്രോ സർവീസ് സെന്റർ വിപുലീകരണം

45 (3403) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയ്പമംഗലം നിയോജകമണ്ഡലത്തിലെ മതിലകത്ത് സ്ഥിതിചെയ്യുന്ന ലാഭകരമായി പ്രവർത്തിച്ചുവരുന്ന അഗ്രോ സർവീസ് സെന്റർ കൂടുതൽ വിപുലമാക്കുന്നതിനാവശ്യമായ ആധുനിക യന്ത്രസാമഗ്രികളും അതിനുള്ള പരിശീലനവും നൽകുന്നതിന് കൃഷി വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്?

കൃഷി വകുപ്പിൽ നിന്നും അഗ്രോ സർവ്വീസ് സെന്ററിന് അനുവദിച്ച ഫണ്ടുപയോഗിച്ച് യന്ത്രസാമഗ്രികളും വിവിധ ഘട്ടങ്ങളിലായി തൊഴിലാളികൾക്ക് പരിശീലനവും നല്കിയിട്ടുണ്ട്. ആധുനിക യന്ത്രസാമഗ്രികളുടെ പരിശീലനവും ഇതിലുൾപ്പെട്ടിട്ടുണ്ട്. കാർഷിക സേവന കേന്ദ്രം വിപുലീകരിക്കുന്നതിനുവേണ്ട നിർദ്ദേശങ്ങൾ ബിസിനസ് പ്ലാനിൽ ഉൾപ്പെടുത്തി ആയത് എം.എൽ.എ. ചെയർമാനായിട്ടുള്ള ബ്ലോക്കുതല ഉപദേശക സമിതിയിൽ അവതരിപ്പിച്ച് അംഗീകരിക്കപ്പെടേണ്ടതാണ്. പുതിയ കാർഷിക യന്ത്രം വാങ്ങണമെങ്കിൽ SMAM പദ്ധതിയിലുൾപ്പെടുത്തി വാങ്ങുന്നതിനുള്ള നിർദേശങ്ങളും നൽകിയിട്ടുണ്ട്. കാർഷികയന്ത്രം

പ്രവർത്തിപ്പിക്കുന്നതിന് പരിശീലനം നൽകുന്നതിനുവേണ്ട സൗകര്യങ്ങൾ ചെയ്തുകൊടുക്കുന്നതിന് കേരള സംസ്ഥാന കാർഷിക യന്ത്രവൽകരണ മിഷനെ സമീപിക്കാവുന്നതാണ്. കൂടാതെ ATMA പദ്ധതിയിൽ ഉൾപ്പെടുത്തി പരിശീലനം നൽകുന്നതിനും സൗകര്യമുണ്ട്.

(ബി) പ്രസ്തുത സ്ഥാപനത്തിലെ വിറ്റുവരവ് ഒരു കോടി രൂപയിലധികം ആയതിനാൽ ജി.എസ്.ടി. കണക്കാക്കുന്നതിനാവശ്യമായ അക്കൗണ്ടിംഗ് സാമഗ്രികളും സോഫ്റ്റ്‌വെയറുകളും ലഭ്യമാക്കുന്നതിന് കൃഷിവകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്?

കാർഷിക സേവന കേന്ദ്രത്തിന്റെ വിറ്റുവരവ് ഒരു കോടിയിലധികം ആയതിനാൽ ഏപ്രിൽ മുതൽ ജി.എസ്.ടി. രജിസ്ട്രേഷൻ എടുത്തിട്ടുണ്ട്. അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയർ കാർഷിക സേവന കേന്ദ്രത്തിന്റെ ലാഭവിഹിതം ഉപയോഗിച്ച് വാങ്ങി സ്ഥാപിക്കാവുന്നതാണ്.

(സി) പ്രസ്തുത സ്ഥാപനത്തിൽനിന്നും ഉല്പന്നങ്ങളും വിത്തുകളും തൈകളും വിൽക്കുന്നതിനനുയോജ്യമായ വാഹനം വാങ്ങി നൽകുന്നതിന് കൃഷി വകുപ്പ് നടപടികൾ സ്വീകരിക്കുമോ;

നിലവിൽ കാർഷിക സേവന കേന്ദ്രത്തിന് ഉല്പന്നങ്ങളും തൈകളും വിത്തുകളും കൊണ്ടുപോകുന്നതിന് സ്വന്തമായി ഒരു വാഹനമുണ്ട്.

കാർഷികാവശ്യങ്ങൾക്കുള്ള (കാർഷിക സേവന വിതരണ വാഹനം) വാങ്ങുന്നതിന് ബിസിനസ് പ്ലാനിൽ ഉൾപ്പെടുത്തി അംഗീകരിച്ച് അഗ്രിക്കൾച്ചറൽ ഇൻഫ്രാസ്ട്രക്ച്ചർ ഫണ്ടുപയോഗിച്ച് വാങ്ങാവുന്നതാണ്.

(ഡി) ഇവിടെ ഉല്പാദിപ്പിക്കുന്ന കാർഷികോല്പന്നങ്ങൾ വിൽക്കുന്നതിനും വിദ്യാലയങ്ങളിൽ പ്രദർശനം നടത്തുന്നതിനുമാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

കാർഷിക സേവന കേന്ദ്രത്തിന്റെ പ്രവർത്തനം നിയന്ത്രിക്കുന്നതിന് സ്ഥലം എം.എൽ.എ. ചെയർമാനായിട്ടുള്ള ബ്ലോക്കുതല ഉപദേശക സമിതിയാണ്. കാർഷിക സേവന കേന്ദ്രങ്ങൾ ഒരു സ്വാശ്രയ സ്ഥാപനമായി വികസിപ്പിച്ചെടുക്കുകയെന്നതാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ആയതിനാൽ കാർഷികോല്പന്നങ്ങൾ വിൽക്കുന്നതിനും വിദ്യാലയങ്ങളിൽ പ്രദർശനം നടത്തുന്നതിനുമനുയോജ്യമായ തീരുമാനങ്ങൾ ബ്ലോക്കുതല ഉപദേശക സമിതിയിൽ തീരുമാനിച്ച് നടപ്പാക്കാവുന്നതാണ്.

(ഇ) അഗ്രോ സർവീസ് സെന്ററിന്റെ വിപുലീകരണത്തിനാവശ്യമായ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ കഴിയുക?

അഗ്രോ സർവ്വീസ് സെന്ററിന്റെ വിപുലീകരണത്തിനായി കാർഷിക സേവന കേന്ദ്രത്തിന്റെ ലാഭവിഹിതമുപയോഗിച്ച് വിവിധ പദ്ധതികളായ

പ്രോസസിംഗ് യൂണിറ്റ്, പായ്ക്ക് ഹൗസ്, ജൈവവളനിർമ്മാണ യൂണിറ്റ് തുടങ്ങിയവ ഏറ്റെടുത്ത് ചെയ്യാവുന്നതാണ്. ബ്ലോക്കുതലത്തിൽ വേണ്ട കാർഷിക അനുബന്ധ പ്രവർത്തനങ്ങൾക്കുള്ള ബിസിനസ് പ്ലാൻ തയ്യാറാക്കി ആയത് ബ്ലോക്കുതല ഉപദേശക സമിതിയുടെ അംഗീകാരത്തോടെ പ്രവർത്തനം നടത്താവുന്നതാണ്. വിപുലീകരണത്തിനാവശ്യമായ പ്രവൃത്തികൾ ചെയ്യുന്നതിന് ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ഗ്രാമ പഞ്ചായത്ത് എന്നിവയുടെ സമഗ്ര പദ്ധതിയായും നിലവിലുള്ള സർക്കാർ സംവിധാനമായ അഗ്രിക്കൾച്ചറൽ ഇൻഫ്രാസ്ട്രക്ച്ചർ ഫണ്ട് ഉപയോഗപ്പെടുത്താവുന്നതുമാണ്.

## സ്മാർട്ട് കൃഷി ഭവനുകൾ

46 (3404) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിൽ സ്മാർട്ട് കൃഷിഭവനായി തെരഞ്ഞെടുത്ത കൃഷിഭവൻ ഏതാണെന്ന് വ്യക്തമാക്കാമോ?

കുന്നത്തുനാട് മണ്ഡലത്തിൽ നിന്നും കുന്നത്തുനാട് കൃഷിഭവനെയാണ് സ്മാർട്ട് കൃഷിഭവനാക്കുന്നതിനായി ശിപാർശ ചെയ്തിട്ടുള്ളത്. കൃഷിഭവനുകളെ

തെരഞ്ഞെടുക്കുന്നത് സംബന്ധിച്ച നടപടിക്രമങ്ങൾ സർക്കാർതലത്തിൽ പൂർത്തിയായിട്ടില്ല.

(ബി) പ്രസ്തുത കൃഷിഭവനിൽ എന്തെല്ലാം അടിസ്ഥാനസൗകര്യങ്ങളും സേവനങ്ങളുമാണ് സജ്ജമാക്കുന്നതെന്ന് വ്യക്തമാക്കാമോ?

കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ സേവനങ്ങൾ കാര്യക്ഷമമായും സുതാര്യമായും കർഷകരുടെ വിരൽത്തുമ്പിൽ എത്തിക്കുന്നതിനാണ് "സ്മാർട്ട് കൃഷി ഭവൻ" പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. സർവ്വീസ് ഡെലിവറി, അടിസ്ഥാനസൗകര്യങ്ങൾ, ഇൻഫർമേഷൻ സിസ്റ്റം എന്നിങ്ങനെ മൂന്ന് മേഖലകളിൽ കൃഷിഭവനുകളെ മികച്ചതാക്കുകയെന്നതാണ് സ്മാർട്ട് കൃഷിഭവൻ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. സ്മാർട്ട് കൃഷിഭവൻ പദ്ധതിയുടെ അന്തിമരൂപം സർക്കാർ തലത്തിൽ രൂപപ്പെടുത്തുന്ന പ്രക്രിയ പുരോഗമിച്ചുവരുന്നു.

<u>കൃഷിഭവനുകളുടെ അടിസ്ഥാനസൗകര്യ വികസനത്തിന് നടപടി</u>

47 (3405) <u>ശ്രീ. ജോബ് മൈക്കിൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൃഷിഭവനുകളുടെ അടിസ്ഥാനസൗകര്യ വികസനത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

കൃഷിഭവനുകൾ ത്രിതല പഞ്ചായത്തിന് കൈമാറിയിട്ടുള്ളതിനാൽ അടിസ്ഥാനസൗകര്യവികസനം അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കിവരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൃഷിഭവനുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി 'സ്മാർട്ട് കൃഷിഭവൻ' എന്ന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ട്. ആദ്യഘട്ടത്തിൽ 14 കൃഷിഭവനുകളെ RIDF പദ്ധതിയിൽ ഉൾപ്പെടുത്തി സ്മാർട്ട് കൃഷിഭവനുകളാക്കുന്നതിനുള്ള നടപടികളാണ് കൈക്കൊള്ളുന്നത്. സംസ്ഥാനത്ത് 28 കൃഷിഭവനുകളെ സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തി സ്മാർട്ട് കൃഷിഭവനാക്കുന്നതിനും ലക്ഷ്യമിടുന്നു. കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ സേവനങ്ങൾ കാര്യക്ഷമമായും സുതാര്യമായും കർഷകരുടെ വിരൽത്തുമ്പിൽ എത്തിക്കുന്നതിനാണ് 'സ്മാർട്ട് കൃഷിഭവൻ' പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. കർഷക സമൂഹത്തിന്റെ എല്ലാ ആവശ്യങ്ങളും ഏകജാലക സംവിധാനത്തിൽ നിറവേറ്റുന്നതിനായി കൃഷിഭവനെ സ്മാർട്ട് കൃഷി ഭവനാക്കി മാറ്റുകയെന്നതാണ് ലക്ഷ്യമിടുന്നത്. സർവ്വീസ് ഡെലിവറി,

അടിസ്ഥാനസൗകര്യങ്ങൾ, ഇൻഫർമേഷൻ സിസ്റ്റം എന്നിങ്ങനെ മൂന്ന് മേഖലകളിൽ കൃഷിഭവനെ മികച്ചതാക്കുകയെന്നതാണ് ഇതിന്റെ പ്രധാന ലക്ഷ്യം.

(ബി) ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ ഏതെല്ലാം കൃഷിഭവനുകളെയാണ് സ്മാർട്ട് കൃഷിഭവനുകളാക്കി ഉയർത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ നിന്നും മാടപ്പള്ളി കൃഷിഭവനെയാണ് സ്മാർട്ട് കൃഷിഭവനാക്കുന്നതിനായി കോട്ടയം പ്രിൻസിപ്പൽ കൃഷി ഓഫീസർ ശിപാർശ ചെയ്തിട്ടുള്ളത്. സ്മാർട്ട് കൃഷിഭവനുകളാക്കുന്ന കൃഷിഭവനുകളുടെ ലിസ്റ്റ് സർക്കാർതലത്തിൽ അന്തിമമാക്കിയിട്ടില്ല.

<u>ആലത്തൂർ നിയോജകമണ്ഡലത്തിൽ സ്മാർട്ട് കൃഷിഭവൻ പദ്ധതി</u>

48 (3406) <u>ശ്രീ. കെ. ഡി. പ്രസേനൻ</u>: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആലത്തൂർ നിയോജകമണ്ഡലത്തിൽ സ്മാർട്ട് കൃഷിഭവൻ പദ്ധതിയുടെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട കൃഷിഭവന്റെ വിവരങ്ങൾ വ്യക്തമാക്കാമോ?

ആലത്തൂർ നിയോജകമണ്ഡലത്തിൽനിന്നും ആലത്തൂർ കൃഷിഭവനെയാണ് സ്മാർട്ട് കൃഷിഭവനാക്കുന്നതിനായി പാലക്കാട് പ്രിൻസിപ്പൽ കൃഷി ഓഫീസർ ശിപാർശ ചെയ്തിട്ടുള്ളത്. അന്തിമ ലിസ്റ്റ് സർക്കാർ തലത്തിൽ തീരുമാനിച്ചിട്ടില്ല.

കാർഷികോല്പാദനം വിപുലീകരിക്കുന്നതിനുള്ള നടപടികൾ

49 (3407) ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. ടി. ഐ. മധുസൂദനൻ:
ശ്രീ. എ. രാജ:
ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷികോല്പാദന വിപുലീകരണത്തിനായി നല്ലയിനം നടീൽ വസ്തുക്കൾ ലഭ്യമാക്കുന്നതിനും ധനസഹായ പദ്ധതികൾ, യന്ത്രവൽകരണം, കീടനിയന്ത്രണം തുടങ്ങിയ സേവനങ്ങൾ ലഭ്യമാക്കുന്നതിനുമായി കൃഷിഭവനുകൾക്കുള്ള പ്രാധാന്യം പരിഗണിച്ച് അവയുടെ പ്രവർത്തനം മികവുറ്റതാക്കാൻ നടപടിയെടുത്തിട്ടുണ്ടോ; സ്മാർട്ട് കൃഷിഭവൻ പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ?

കാർഷികോല്പാദന വിപുലീകരണത്തിനായി നല്ലയിനം നടീൽ വസ്തുക്കൾ ലഭ്യമാക്കുന്നതിനും ധനസഹായ പദ്ധതികൾ, യന്ത്രവൽക്കരണം,

കീടനിയന്ത്രണം തുടങ്ങിയ സേവനങ്ങൾ ലഭ്യമാക്കുന്നതിനുമായി കൃഷിഭവൻ തലത്തിൽ കാർഷിക കർമ്മസേനകളും ബ്ലോക്കുതലത്തിൽ അഗ്രോ സർവ്വീസ് സെന്ററുകളും പ്രവർത്തിച്ചുവരുന്നു. പഞ്ചായത്തുതലത്തിൽ നിലവിൽ 368 കാർഷിക കർമ്മസേനകളും ബ്ലോക്കുതലത്തിൽ 107 അഗ്രോ സർവ്വീസ് സെന്ററുകളും/കൃഷിശ്രീ സെന്ററുകളും പ്രവർത്തിച്ചുവരുന്നുണ്ട്.

കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ സേവനങ്ങൾ കാര്യക്ഷമമായും സുതാര്യമായും കർഷകരുടെ വിരൽത്തുമ്പിൽ എത്തിക്കുന്നതിനും കർഷക സമൂഹത്തിന്റെ എല്ലാ ആവശ്യങ്ങളും ഏകജാലക സംവിധാനത്തിൽ നിറവേറ്റുന്നതിനുമാണ് 'സ്മാർട്ട് കൃഷി ഭവൻ' പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. സർവ്വീസ് ഡെലിവറി, അടിസ്ഥാനസൗകര്യങ്ങൾ, ഇൻഫർമേഷൻ സിസ്റ്റം എന്നിങ്ങനെ മൂന്നുമേഖലകളിൽ കൃഷിഭവനെ മികച്ചതാക്കുകയെന്നതാണ് ഇതിന്റെ ലക്ഷ്യം. സ്മാർട്ട് കൃഷിഭവന്റെ അന്തിമ രൂപം സർക്കാർതലത്തിൽ രൂപപ്പെടുത്തുന്ന പ്രക്രിയ പുരോഗമിച്ചുവരുന്നു.

(ബി) കാർഷിക സേവനങ്ങൾ കർഷക സൗഹൃദമാക്കുന്നതിന് ഡിജിറ്റൈസേഷൻ നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ മെച്ചങ്ങൾ എന്തൊക്കെയാണ്?

ഉണ്ട്. കാർഷിക സേവനങ്ങൾ കർഷക സൗഹൃദമാക്കുന്നതിന് ഡിജിറ്റൈസേഷൻ നടപ്പിലാക്കി സേവനങ്ങൾ ഓൺലൈനായി പ്രദാനം ചെയ്യുന്നതിലേയ്ക്കായി നാഷണൽ ഇൻഫർമാറ്റിക്സ് സെന്ററുമായി (NIC, Kerala) ചേർന്ന് അഗ്രികൾച്ചർ ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം (AIMS) എന്ന സമഗ്ര ഇൻഫർമേഷൻ പോർട്ടൽ വികസിപ്പിച്ചുവരുന്നു. നിലവിൽ 5 സേവനങ്ങൾ പോർട്ടൽ വഴി കർഷകർക്ക് നൽകുന്നുണ്ട്. പ്രകൃതിക്ഷോഭംമൂലം കൃഷിനാശം സംഭവിച്ച കർഷകർക്കുള്ള നഷ്ടപരിഹാരാനുകൂല്യം നൽകൽ, കർഷകരുടെ വിളസംരക്ഷണത്തിനായും വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗത്വമെടുക്കുന്നതിനുള്ള സംവിധാനം, ഇൻഷ്വർ ചെയ്ത വിളകൾ പ്രകൃതിക്ഷോഭംമൂലം നശിച്ചാൽ കർഷകർക്ക് സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം നഷ്ടപരിഹാരാനുകൂല്യം നൽകൽ, നെൽവയൽ ഉടമകൾക്കുള്ള റോയൽറ്റി നൽകൽ, കർഷകരുടെ പഴം-പച്ചക്കറി ഉല്പന്നങ്ങൾക്ക് വില സ്ഥിരത ഉറപ്പുവരുത്തുന്നതിനുള്ള അടിസ്ഥാനവില പദ്ധതി തുടങ്ങി കർഷകർക്ക് ഏറ്റവും ആവശ്യമായ സേവനങ്ങളാണ് ആദ്യഘട്ടമെന്ന നിലയിൽ AIMS പോർട്ടൽ വഴി നൽകിവരുന്നത്. കേന്ദ്ര-സംസ്ഥാന സർക്കാർ കർഷകർക്ക് വിവിധ

പദ്ധതികൾ വഴി നൽകി വരുന്ന സേവനങ്ങളെല്ലാം തന്നെ ഘട്ടംഘട്ടമായി AIMS പോർട്ടലിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) കർഷകർക്കെല്ലാം പ്രത്യേക തിരിച്ചറിയൽ നമ്പർ നൽകി സേവനങ്ങൾ ഓൺലൈൻ പോർട്ടൽ വഴിയാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ?

കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് NIC കേരള-യുടെ സഹായത്തോടെ വികസിപ്പിച്ചുവരുന്ന AIMS പോർട്ടലിൽ കർഷകർക്ക് ഒറ്റത്തവണ രജിസ്ട്രേഷൻ നടത്താനുള്ള സംവിധാനം നിലവിലുണ്ട്. രജിസ്ട്രേഷൻ പൂർത്തിയാക്കുന്ന എല്ലാ കർഷകർക്കും പ്രത്യേക തിരിച്ചറിയൽ നമ്പറായ ഒരു സ്മാർട്ട് ഐ.ഡി. നൽകിവരുന്നു. ഈ നമ്പർ ഐ.ഡി. ഉപയോഗിച്ച് കർഷകർക്ക് പോർട്ടലിൽ ലഭ്യമായ എല്ലാ ഓൺലൈൻ സേവനങ്ങൾക്കും അപേക്ഷിക്കുവാൻ സാധിക്കും.

## പൂഞ്ഞാർ മണ്ഡലത്തിലെ സ്മാർട്ട് കൃഷിഭവൻ പദ്ധതി

50 (3408) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിലെ ഏതെല്ലാം കൃഷിഭവനുകളാണ് സ്മാർട്ട് കൃഷിഭവനുകളാക്കാൻ തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

പൂഞ്ഞാർ മണ്ഡലത്തിൽനിന്നും പാറത്തോട് കൃഷിഭവനെയാണ് സ്മാർട്ട് കൃഷിഭവനാക്കുന്നതിനായി കോട്ടയം പ്രിൻസിപ്പൽ കൃഷി ഓഫീസർ ശിപാർശ ചെയ്തിട്ടുള്ളത്. എതെല്ലാം കൃഷിഭവനുകളെ സ്മാർട്ട് കൃഷിഭവനുകളാക്കി മാറ്റണമെന്ന കാര്യത്തിൽ സർക്കാർ തലത്തിൽ തീരുമാനമായിട്ടില്ല.

(ബി) പ്രസ്തുത കൃഷിഭവനുകളെ സ്മാർട്ട് കൃഷിഭവനുകളാക്കുന്നതിനായി സ്വീകരിച്ചിരിക്കുന്ന നടപടികൾ വിശദമാക്കുമോ?

സ്മാർട്ട് കൃഷിഭവൻ പദ്ധതിയിൻകീഴിൽ സംസ്ഥാനത്തെ മുഴുവൻ കൃഷിഭവനുകളെയും ഘട്ടംഘട്ടമായി ഈ പദ്ധതിയിൽ കൊണ്ടുവരാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ആദ്യഘട്ടത്തിൽ 14 കൃഷിഭവനുകളെ RIDF പദ്ധതിയിലുൾപ്പെടുത്തി സ്മാർട്ട് കൃഷിഭവനുകളാക്കുന്നതാണ്. കൂടാതെ സംസ്ഥാന വാർഷിക പദ്ധതിയായ 'സ്മാർട്ട് കൃഷിഭവൻ' പദ്ധതിക്ക് ഭരണാനുമതി ലഭിച്ചിട്ടുള്ളതിനാൽ 28 കൃഷിഭവനുകളെ തെരഞ്ഞെടുത്ത് സ്മാർട്ട് കൃഷിഭവനുകളാക്കുന്നതിനുള്ള നടപടിക്രമങ്ങളാണ് സർക്കാർതലത്തിൽ പുരോഗമിച്ചുവരുന്നത്.

<u>ചാത്തന്നൂർ മണ്ഡലത്തിലെ സ്മാർട്ട് കൃഷിഭവനുകൾ</u>

51 (3409) <u>ശ്രീ. ജി. എസ്. ജയലാൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ മണ്ഡലത്തിൽ സ്മാർട്ട് കൃഷിഭവന്റെ ഭാഗമായി ഏതെങ്കിലും കൃഷിഭവൻ തെരഞ്ഞെടുത്തിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ചാത്തന്നൂർ മണ്ഡലത്തിൽനിന്നും പരവൂർ കൃഷിഭവനെയാണ് സ്മാർട്ട് കൃഷിഭവനാക്കുന്നതിനായി കൊല്ലം പ്രിൻസിപ്പൽ കൃഷി ഓഫീസർ ശിപാർശ ചെയ്തിട്ടുള്ളത്. എന്നാൽ സ്മാർട്ട് കൃഷിഭവനുകളുടെ തെരഞ്ഞെടുപ്പ് സംബന്ധിച്ച നടപടിക്രമങ്ങൾ പൂർത്തിയായിട്ടില്ല.

(ബി) സ്മാർട്ട് കൃഷിഭവനുകളുടെ അടിസ്ഥാനസൗകര്യ വികസനത്തിനായി കൃഷി വകുപ്പ് വിനിയോഗിക്കുന്ന തുക, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഹിക്കേണ്ട തുക എന്നിവ സംബന്ധിച്ചും ജനപ്രതിനിധികളുടെ ഫണ്ട് വിനിയോഗിക്കുന്നത് സംബന്ധിച്ചും മാർഗ്ഗനിർദ്ദേശങ്ങളുണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ?

സ്മാർട്ട് കൃഷിഭവൻ പദ്ധതി സർക്കാർ അംഗീകരിക്കുകയും ഭരണാനുമതി ലഭ്യമാക്കുകയും ചെയ്തിട്ടുണ്ടെങ്കിലും പദ്ധതി നടത്തിപ്പ് സംബന്ധിച്ച മാർഗ്ഗനിർദ്ദേശം അന്തിമമാക്കിയിട്ടില്ല.

## കോങ്ങാട് മണ്ഡലത്തിലെ കൃഷി വകുപ്പിന്റെ ഓഫീസുകൾ

52 (3410) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് നിയോജകമണ്ഡലത്തിൽ കൃഷി വകുപ്പിനുകീഴിലുള്ള ഓഫീസുകളുടെയും സ്ഥാപനങ്ങളുടെയും വിവരം പഞ്ചായത്ത് തിരിച്ച് നൽകാമോ;

(ബി) പ്രസ്തുത ഓഫീസുകളിലെ കേഡർസ്ട്രെങ്ത്, ഒഴിവുകൾ എന്നിവ സംബന്ധിച്ച വിശദാംശം നൽകാമോ?

(എ & ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.+

## സ്മാർട്ട് കൃഷിഭവനുകൾ

53 (3411) ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കൃഷിഭവനുകളെ സ്മാർട്ട് കൃഷിഭവനുകളാക്കുന്നതുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സ്മാർട്ട് കൃഷിഭവൻ പദ്ധതിയിൻകീഴിൽ സംസ്ഥാനത്തെ മുഴുവൻ കൃഷിഭവനുകളെയും ഘട്ടംഘട്ടമായി കൊണ്ടുവരാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ആദ്യഘട്ടത്തിൽ 14 കൃഷിഭവനുകളെ RIDF പദ്ധതിയിലുൾപ്പെടുത്തി സ്മാർട്ട് കൃഷിഭവനുകളാക്കുന്നതാണ്. കൂടാതെ സംസ്ഥാന വാർഷിക പദ്ധതിയായ 'സ്മാർട്ട് കൃഷിഭവൻ' പദ്ധതിക്ക് ഭരണാനുമതി ലഭിച്ചിട്ടുള്ളതിനാൽ 28 കൃഷിഭവനുകളെ സ്മാർട്ട് കൃഷിഭവനുകളാക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു.

(ബി) കർഷകർക്കാവശ്യമായ ക്ലാസുകളും വിവര-വിജ്ഞാന-സാങ്കേതിക സഹായങ്ങളും കൃഷിഭവനുകളിൽ തന്നെ ഒരുക്കി കർഷക സൗഹൃദ കൃഷിഭവനുകളാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ സേവനങ്ങൾ കാര്യക്ഷമമായും സുതാര്യമായും കർഷകരുടെ വിരൽത്തുമ്പിൽ എത്തിക്കുന്നതിനും കർഷക സമൂഹത്തിന്റെ എല്ലാ ആവശ്യങ്ങളും ഏകജാലക സംവിധാനത്തിൽ നിറവേറ്റുന്നതിനുമാണ് 'സ്മാർട്ട് കൃഷി ഭവൻ' പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. സർവ്വീസ് ഡെലിവറി, അടിസ്ഥാന സൗകര്യങ്ങൾ, ഇൻഫർമേഷൻ സിസ്റ്റം എന്നിങ്ങനെ മൂന്ന് മേഖലകളിൽ

കൃഷിഭവനെ മികച്ചതാക്കുകയെന്നതാണ് ഇതിന്റെ ലക്ഷ്യം. സ്മാർട്ട് കൃഷിഭവന്റെ അന്തിമരൂപം സർക്കാർ തലത്തിൽ രൂപപ്പെടുത്തുന്ന പ്രക്രിയ പുരോഗമിച്ചുവരുന്നു.

കരുനാഗപ്പള്ളി കോക്കനട്ട് നഴ്സറി

54 (3412) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി കോക്കനട്ട് നഴ്സറിയിൽ 18 വർഷമായി ജോലി ചെയുകയും 12 വർഷമായി കാഷ്വൽ ജീവനക്കാരായി ജോലി നോക്കുകയും ചെയ്യുന്ന 22 പേരെ സ്ഥിരപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ; ആയതിന് എന്തെങ്കിലും തടസ്സമുണ്ടോ; എങ്കിലത് പരിഹരിക്കാൻ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദീകരിക്കാമോ?

സ്ഥിരം തൊഴിലാളികളുടെ ഒഴിവ് വരുന്ന മുറയ്ക്കാണ് കാഷ്വൽ തൊഴിലാളികൾക്ക് സീനിയോറിറ്റി അടിസ്ഥാനത്തിൽ സ്ഥിരനിയമനം നൽകാറുള്ളത്. കരുനാഗപ്പള്ളി സ്റ്റേറ്റ് കോക്കനട്ട് നേഴ്സറിയിൽ നിലവിൽ സ്ഥിരംതൊഴിലാളിയുടെ ഒരൊഴിവ് മാത്രമാണുള്ളത്.

(ബി) പ്രസ്തുത ജീവനക്കാരെ അഞ്ചൽ ജില്ലാ കൃഷി ഫാമിലേയ്ക്ക് മാറ്റി നിയമിക്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ; എങ്കിൽ ആയതിനുള്ള കാരണം വിശദമാക്കാമോ?

കരുനാഗപ്പള്ളി സ്റ്റേറ്റ് കോക്കനട്ട് നഴ്സറിയിൽ ജോലി ചെയ്തുവരുന്ന കാഷ്വൽ തൊഴിലാളികളെ അഞ്ചൽ ജില്ലാ കൃഷി ഫാമിലേയ്ക്ക് സ്ഥലംമാറ്റുന്ന വിഷയം ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരിഗണനയിലാണ്. എന്നാൽ അഞ്ചൽ ജില്ലാ കൃഷി ഫാമിലെ നിലവിലുള്ള ഒഴിവിലേയ്ക്ക് കാഷ്വൽ തൊഴിലാളികളെ നിയമിക്കുന്നതിനായി ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് ലഭിക്കുന്നതിന് കൊല്ലം ജില്ലാ എംപ്ലോയ്മെന്റ് ഓഫീസറോട് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത വിവരം ബഹുമാനപ്പെട്ട കോടതിയെയും അറിയിച്ചിട്ടുണ്ട്.

<u>വയനാട് ജില്ലയിലെ കൃഷി വകുപ്പിനുകീഴിലെ ജീവനക്കാർ</u>

55 (3413) <u>ശ്രീ. ഒ. ആർ. കേളു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ കൃഷി വകുപ്പിനുകീഴിൽ ആകെ എത്ര ജീവനക്കാരുണ്ടെന്നുള്ള വിവരം ലഭ്യമാക്കാമോ?

വയനാട് ജില്ലയിൽ കൃഷി വകുപ്പിനുകീഴിൽ ആകെ 235 ജീവനക്കാർ ജോലി ചെയ്തുവരുന്നു.

(ബി) ഇതിൽ എത്ര സ്ഥിരം ജീവനക്കാരും താൽക്കാലിക ജീവനക്കാരുമുണ്ടെന്ന വിവരം ലഭ്യമാക്കാമോ?

സ്ഥിരം ജീവനക്കാരുടെ എണ്ണം- 233

താൽക്കാലിക ജീവനക്കാരുടെ എണ്ണം-2

(സി) താൽക്കാലിക തസ്തികയിൽ ജോലി ചെയ്യുന്നവരിൽ 10 വർഷത്തിലധികമായി തുടരുന്നവരുണ്ടോ; എങ്കിൽ ഏതെല്ലാം തസ്തികകൾ, ഓഫീസ് തുടങ്ങിയ വിവരവും ലഭ്യമാക്കാമോ?

താൽക്കാലിക തസ്തികയിൽ 10 വർഷത്തിലധികമായി തുടർച്ചയായി ജോലി ചെയ്തുവരുന്ന ജീവനക്കാരില്ല.

## കൃഷി വകുപ്പിൽ ലേബർ ഓഫീസർ തസ്തിക

56 (3414) ശ്രീ. വി. ആർ. സുനിൽകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പിൽ ലേബർ ഓഫീസർ തസ്തിക നിലവിലുണ്ടോ; എങ്കിൽ നിയമനത്തിനുള്ള യോഗ്യതയും മാനദണ്ഡവും അറിയിക്കാമോ?

കൃഷി വകുപ്പിൽ ഒരു ലേബർ വെൽഫെയർ ഓഫീസർ തസ്തിക നിലവിലുണ്ട്. ആയതിന്റെ യോഗ്യതയും മാനദണ്ഡവും പ്രതിപാദിക്കുന്ന സ്പെഷ്യൽ റൂൾസ് 12-02-2021-ലെ (പി) 03/2021/Agri പ്രകാരം ഉത്തരവായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**മാനദണ്ഡങ്ങൾ**

a) കൃഷി വകുപ്പിനുകീഴിൽ ജോലി ചെയ്യുന്ന ടി തസ്തികയുടെ താഴ്ന്ന ശമ്പള സ്കെയിലിലുള്ള എല്ലാ കാറ്റഗറിയിലുമുള്ള നിർദ്ദിഷ്ട യോഗ്യതയുള്ള ജീവനക്കാരിൽനിന്നും ബൈട്രാൻസ്ഫർ നിയമനം മുഖേന.

b) വകുപ്പിൽ നിർദ്ദിഷ്ട യോഗ്യതയുള്ള ജീവനക്കാർ ഇല്ലെങ്കിൽ നേരിട്ടുള്ള നിയമനം മുഖേന.

c) മേൽ (എ & ബി) ആയി ചേർത്തിട്ടുള്ള വിഭാഗങ്ങളിൽ യോഗ്യരായവർ ഇല്ലെങ്കിൽ ലേബർ വകുപ്പിൽനിന്നും അന്യത്ര സേവനം മുഖേന.

**യോഗ്യതകൾ**

ബൈ-ട്രാൻസ്ഫർ

1. അംഗീകൃത സർവ്വകലാശാലയിൽ നിന്നുള്ള ബി.എ./ബി.എസ്.സി./ ബി.കോം ബിരുദം.

2. അംഗീകൃത സർവ്വകലാശാലയിൽ നിന്നുള്ള ഇൻഡസ്ട്രിയൽ ലോ അല്ലെങ്കിൽ എൽ.എൽ.ബി. ബിരുദം (ലേബർ ലോ ഓപ്ഷണൽ വിഷയം)/ എം.എസ്.ഡബ്ല്യൂ. ബിരുദാനന്തര ബിരുദം (ഒരു വിഷയം ലേബർ ലോ)/ഏതെങ്കിലും അംഗീകൃത സർവകലാശാലയിൽ നിന്നുള്ള പേഴ്സണൽ മാനേജ്മെന്റ് ആൻഡ് ഇൻഡസ്ട്രിയൽ റിലേഷൻസിലുള്ള എം.എ. ബിരുദം.

3. സർക്കാർ സർവ്വീസിൽ 10 വർഷം സേവനം പൂർത്തീകരിച്ചിരിക്കണം. ഇതിൽ 4 വർഷത്തിൽ കുറയാതെയുള്ള കാലയളവിലെ സേവനം ഫീഡർ കാറ്റഗറികളിൽ ഒന്നിൽ ആയിരിക്കണം.

<u>നേരിട്ടുള്ള നിയമനം</u>

1. അംഗീകൃത സർവ്വകലാശാലയിൽ നിന്നുള്ള ബി.എ./ബി.എസ്.സി./ ബി.കോം ബിരുദം

2. അംഗീകൃത സർവ്വകലാശാലയിൽ നിന്നുള്ള ഇൻഡസ്ട്രിയൽ ലോ അല്ലെങ്കിൽ എൽ.എൽ.ബി. ബിരുദം (ലേബർ ലോ ഓപ്ഷണൽ വിഷയം)/ എം.എസ്.ഡബ്ല്യൂ ബിരുദാനന്തര ബിരുദം ഒരു വിഷയം ലേബർ ലോ)/ ഏതെങ്കിലും അംഗീകൃത സർവകലാശാലയിൽ നിന്നുള്ള എം.എ. ബിരുദം (പേഴ്സണൽ മാനേജ്മെന്റ് ആൻഡ് ഇൻഡസ്ട്രിയൽ റിലേഷൻസ്).

3. ലേബർ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിൽ അംഗീകൃത ഓർഗനൈസേഷനിൽ/വകുപ്പിൽ നാലുവർഷത്തിൽ കുറയാത്ത പ്രവൃത്തി പരിചയം.

(ബി) പ്രസ്തുത തസ്തികയിൽ ഇപ്പോൾ നിയമനം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം അറിയിക്കാമോ?

ലേബർ വെൽഫയൽ ഓഫീസർ തസ്തികയിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ഒരു വർഷത്തേയ്ക്ക് ലേബർ ഡിപ്പാർട്ടുമെന്റിൽനിന്നും ഒരു ഉദ്യോഗസ്ഥയെ നിയമിച്ചിട്ടുണ്ട്.

## കൃഷിഭവനുകളിൽ ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ

57 (3415) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ നിയോജകമണ്ഡലത്തിലെ കൃഷിഭവനുകളിൽ ഏതെല്ലാം തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുവെന്നതിന്റെ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത തസ്തികകളിൽ ജീവനക്കാരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(എ&ബി) ഗുരുവായൂർ നിയോജകമണ്ഡലത്തിൽ ഗുരുവായൂർ കൃഷിഭവനിലെ പാർട്ട്ടൈം സ്വീപ്പർ തസ്തികയിൽ ഒഴിവുണ്ട്. ടി ഒഴിവ് നികത്തുന്നതിനുവേണ്ട നടപടികൾ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ സ്വീകരിച്ചിട്ടുണ്ട്.

(സി) നഗരസഭകളിലെ കൃഷിഭവനുകളിൽ കൃഷി ഓഫീസറുണ്ടായിട്ടും അഗ്രികൾച്ചർ ഫീൽഡ് ഓഫീസർമാരെ നിർവ്വഹണ ഉദ്യോഗസ്ഥനായി

നിയമിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നിർവ്വഹണ ഉദ്യോഗസ്ഥന്മാരാകുന്നതിന് വിമുഖത കാണിക്കുന്ന കൃഷി ഓഫീസർമാർക്കെതിരെ നടപടി സ്വീകരിക്കുമോ?

നഗരസഭകളിലെ കൃഷിഭവനുകളിൽ കൃഷി ഓഫീസർ തസ്തികയ്ക്കുപകരം കൃഷി ഫീൽഡ് ഓഫീസർ തസ്തികയാണ് നിലവിലുള്ളത്. കൃഷി ഫീൽഡ് ഓഫീസർ കൃഷിയുമായി ബന്ധപ്പെട്ട പദ്ധതി നടത്തിപ്പിന്റെ നിർവ്വഹണ ഉദ്യോഗസ്ഥരാകുന്നതിന് വിമുഖത കാണിക്കുന്നപക്ഷം അത്തരം വിഷയം പ്രത്യേകമായി പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

<u>അസിസ്റ്റന്റ് സോയിൽ കെമിസ്റ്റ് തസ്തികയിലേയ്ക്കുള്ള പ്രൊമോഷൻ</u>

58 (3416) <u>ശ്രീമതി ഒ. എസ്. അംബിക</u>: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൃഷി വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സോയിൽ ടെസ്റ്റിംഗ് ലാബുകളിലെ അസിസ്റ്റന്റ് സോയിൽ കെമിസ്റ്റ് തസ്തികയിലേയ്ക്കുള്ള പ്രൊമോഷനുമായി ബന്ധപ്പെട്ട് 12-02-2021-ൽ വരുത്തിയ സ്പെഷ്യൽ റൂൾ ഭേദഗതിയിന്മേൽ ആക്ഷേപം ലഭ്യമായിട്ടുണ്ടോ; ഇത് പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

12-02-2021-ൽ നിലവിൽവന്ന സ്പെഷ്യൽ റൂളിലെ അസിസ്റ്റന്റ് സോയിൽ കെമിസ്റ്റ് തസ്തികയിലേയ്ക്കുള്ള പ്രൊമോഷനുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ ഭേദഗതി ചെയ്യണമെന്നാവശ്യപ്പെട്ട് നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്. പ്രസ്തുത വിഷയം സർക്കാർതലത്തിൽ പരിശോധിച്ചുവരുന്നു.

<u>കൃഷി വകുപ്പിൽ സ്പെഷ്യൽ റൂൾസ്</u>

59 (3417) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൃഷി വകുപ്പിൽ അഗ്രിക്കൾച്ചറൽ സബോർഡിനേറ്റ് സ്പെഷ്യൽ റൂൾസ് രൂപീകരണവുമായി ബന്ധപ്പെട്ട് കരട് സ്പെഷ്യൽ റൂൾസ് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ ആയത് നടപ്പിലാക്കുവാൻ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഉണ്ട്. കരട് സ്പെഷ്യൽ റൂളിൽ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് നിർദ്ദേശിച്ചതിൻപ്രകാരം നടപടികൾ സ്വീകരിക്കുകയും ശേഷം ധനകാര്യ വകുപ്പിന് ലഭ്യമാക്കുകയും ധനകാര്യവകുപ്പ് ആവശ്യപ്പെട്ടതനുസരിച്ചുള്ള അധികവിവരങ്ങൾ അടിയന്തരമായി ലഭ്യമാക്കുവാൻ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

<u>കേരഫെഡിലെ നിയമനങ്ങൾ</u>

60 (3418) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ കേരഫെഡ് എം.ഡി.-യുടെ നിയമനം നടന്ന തീയതിയും എത്രപേർ പങ്കെടുത്ത ഇന്റർവ്യൂവിൽ നിന്നാണ് എം.ഡി.-യെ തെരഞ്ഞെടുത്തതെന്നും വിശദമാക്കാമോ; എം.ഡി.-യുടെ ശമ്പളം, നിയമന കാലാവധി തുടങ്ങിയവ നിശ്ചയിച്ചിട്ടുണ്ടോ; നിലവിലെ എം.ഡി.-ക്കെതിരെ വിജിലൻസ് അന്വേഷണം നടക്കുന്നുണ്ടോ?

14-12-2021-ലെ സ.ഉ. (സാധാ)നം.1015/2021/കൃഷി പ്രകാരമാണ് ശ്രീ. അശോക് ആർ.-നെ കേരഫെഡ് മാനേജിംഗ് ഡയറക്ടറായി നിയമിച്ചിട്ടുള്ളത്. 08-07-2022-ലെ സ.ഉ. (സാധാ) നം. 611/2022 കൃഷി പ്രകാരം ടിയാന്റെ സേവന-വേതന വ്യവസ്ഥകൾ നിശ്ചയിച്ചിട്ടുണ്ട്. നിലവിലെ എം.ഡി.-ക്കെതിരെ വിജിലൻസ് അന്വേഷണമില്ല.

(ബി) 2000-നുശേഷം നാളിതുവരെ എത്രപേർക്ക് പി.എസ്.സി. വഴി കേരഫെഡിൽ നിയമനം നൽകി; നിലവിൽ കരാർ, ദിവസവേതനാടിസ്ഥാനത്തിൽ എത്രപേർ കേരഫെഡിൽ ജോലി ചെയ്യുന്നു; ഇതിൽ ഈ വർഷം എത്രപേരെ സ്ഥിരമാക്കാൻ തീരുമാനമെടുത്തിട്ടുണ്ട്?

നിയമനചട്ടത്തിന്റെ അഭാവത്തിൽ കേരഫെഡിൽ പി.എസ്.സി. വഴി നിയമനം നടത്തിയിട്ടില്ല. നിലവിൽ കേരഫെഡിൽ കരാർ, ദിവസ വേതനാടിസ്ഥാനത്തിൽ 72 പേർ (കരാർ-23, ദിവസവേതനം-49) ജോലി ചെയ്യുന്നുണ്ട്. ആരെയും സ്ഥിരപ്പെടുത്താൻ തീരുമാനമെടുത്തിട്ടില്ല.

(സി) 2016-ൽ കേരഫെഡിൽനിന്നും പുറത്താക്കിയ എം.ഡി.-ക്കുതന്നെ വീണ്ടും നിയമനം നൽകിയിട്ടുണ്ടോ; എങ്കിൽ എന്തുകൊണ്ട്?

നിലവിലെ എം.ഡി. ആയ ശ്രീ.അശോക് ആർ. 18-02-2016 മുതൽ 29-06-2016 വരെ കേരഫെഡിൽ എം.ഡി. ആയി സേവനമനുഷ്ഠിച്ചിരുന്നു. ടിയാന്റെ പ്രവൃത്തിപരിചയം കണക്കിലെടുത്താണ് വീണ്ടും നിയമനം നൽകിയിട്ടുള്ളത്.

## പാറശ്ശാല മണ്ഡലത്തിൽ കൃഷി വകുപ്പിന്റെ പദ്ധതികൾ

61 (3419) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല മണ്ഡലത്തിൽ കൊല്ലയിൽ ഗ്രാമപഞ്ചായത്തിലെ കുളത്തറയ്ക്കൽ ഏലാ കേന്ദ്രീകരിച്ച് കൃഷിവകുപ്പിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തി റൈസ്മിൽ സ്ഥാപിക്കുന്നതിനായി സമർപ്പിച്ചിരുന്ന

പ്രൊപ്പോസലിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; പ്രസ്തുത പദ്ധതി എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

പാറശ്ശാല മണ്ഡലത്തിൽ കൊല്ലയിൽ ഗ്രാമപഞ്ചായത്തിലെ കുളത്തറയ്ക്കൽ ഏലാ കേന്ദ്രീകരിച്ച് റൈസ്മിൽ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് വിശദമായ പ്രൊപ്പോസൽ ലഭിച്ചിട്ടില്ല. നെൽകൃഷി വികസന പദ്ധതിപ്രകാരം പാടശേഖര സമിതികൾക്കും പാടശേഖര സമിതി ശിപാർശ ചെയ്യുന്ന വ്യക്തിഗത സംരംഭകർക്കും പ്രാഥമിക സർവ്വീസ് സഹകരണ സംഘങ്ങൾക്കും രജിസ്റ്റേഡ് ഗ്രൂപ്പുകൾക്കും റൈസ്മിൽ സ്ഥാപക്കുന്നതിന് പ്രോജക്ട് അധിഷ്ഠിത സഹായമായി അടിസ്ഥാനസൗകര്യ വികസനത്തിന് നെൽകൃഷി വികസന പദ്ധതി 2022-23-ൽനിന്നും റൈസ്മിൽ സ്ഥാപിക്കുന്നതിനുള്ള ഫണ്ട് അനുവദിക്കുവാൻ വ്യവസ്ഥയുണ്ട്. പ്രൊപ്പോസൽ ലഭിക്കുന്നമുറയ്ക്കും ഫണ്ടിന്റെ ലഭ്യതയ്ക്കും അനുസരിച്ച് പരിശോധിക്കുന്നതാണ്.

(ബി) പ്രസ്തുത മണ്ഡലത്തിൽ നിലവിൽ എത്ര ഫാർമേഴ്സ് പ്രൊഡ്യൂസേഴ്സ് സൊസൈറ്റികൾ പ്രവർത്തിക്കുന്നുണ്ട്; പഞ്ചായത്ത് തിരിച്ചുള്ള വിശദാംശങ്ങൾ അറിയിക്കാമോ; പ്രസ്തുത സൊസൈറ്റികൾക്ക് കൃഷി

വകുപ്പിൽനിന്നും എന്തൊക്കെ സഹായങ്ങളാണ് ലഭ്യമാക്കുന്നത്; വിവരങ്ങൾ അറിയിക്കാമോ?

കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ RKVY പദ്ധതി പ്രകാരം പാറശ്ശാല മണ്ഡലത്തിൽ നിലവിൽ 2 ഫാർമേഴ്സ് പ്രൊഡ്യൂസേഴ്സ് ഓർഗനൈസേഷനുകൾ (എഫ്.പി.ഒ.) രൂപീകരിച്ച് പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്ത് തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

കർഷകരെ സംഘടിപ്പിക്കുക, അവർക്കാവശ്യമുള്ള സാങ്കേതികവിദ്യ, ഉല്പാദനോപാധികൾ, വായ്പാസംവിധാനം, ഇൻഷ്വറൻസ് പരിരക്ഷ, ഉല്പാദന മേഖലയിൽ ധനം നിക്ഷേപിക്കുന്നതിനുള്ള ആർജ്ജവം, അസംഘടിത മേഖലയിൽ പ്രവർത്തിക്കുന്ന കർഷകരിൽ വളർത്തിയെടുക്കുക, അവരുടെ ഉല്പന്നങ്ങൾക്ക് കൂട്ടായ വിപണന മാർഗ്ഗങ്ങൾ അവലംബിക്കാൻ പ്രോത്സാഹനം നൽകുക, കാർഷികോല്പാദനം മെച്ചപ്പെടുത്തുന്നതിന് പുതിയ ശാസ്ത്രീയ കൃഷി രീതികളിൽ പരിശീലനം നൽകുക, കാർഷികോല്പന്നങ്ങൾക്ക് ഗ്രേഡിംഗ്, സോർട്ടിംഗ്, പാക്കിംഗ് എന്നിവ നടത്തുന്നതിന് പായ്ക്ക്ഹൗസുകൾ സ്ഥാപിക്കുക, ഉല്പന്നങ്ങൾക്ക് സർക്കാർ നേതൃത്വം വഹിച്ചുകൊണ്ട് ബ്രാൻഡിംഗ് ഏർപ്പെടുത്തുക എന്നിങ്ങനെയുള്ള വിവിധ പ്രവർത്തനങ്ങളാണ് കർഷകോല്പാദക സംഘടനകൾ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

രൂപീകരിക്കുകവഴി സർക്കാർ ലക്ഷ്യമിടുന്നത്. കൂടാതെ കർഷകർക്ക് ന്യായമായ നിരക്കിൽ അവരുടെ ആവശ്യത്തിനുതകുന്ന യന്ത്രസാമഗ്രികൾ നൽകുന്നതിനുള്ള കസ്റ്റം ഹയറിംഗ് സെന്ററുകളും ഉല്പാദനോപാധികൾ ന്യായവിലയ്ക്ക് ലഭ്യമാക്കുന്നതിന് ഇൻപുട്ട് സെന്ററുകളും സ്ഥാപിക്കുന്നത് കർഷകോല്പാദക സംഘടനകൾ വഴി സാദ്ധ്യമാകുന്നു. ആഭ്യന്തര ഉപയോഗത്തിനുശേഷം ബാക്കിയായി വരുന്ന കാർഷികോല്പന്നങ്ങൾ മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കി വിപണനം മെച്ചപ്പെടുത്തുന്നു. എഫ്.പി.ഒ.-കൾക്ക് വിവിധ പദ്ധതി പ്രകാരം നൽകുന്ന എല്ലാ ആനുകൂല്യങ്ങളും സംയോജിപ്പിച്ച് നൽകുന്നു. ഇത്തരത്തിൽ AIF, MSME തുടങ്ങിയ വിവിധ പദ്ധതിയാനുകൂല്യങ്ങൾ കർഷക ഉല്പാദക സംഘടനകളുടെ ശാക്തീകരണത്തിനായി സംയോജിപ്പിച്ചിട്ടുണ്ട്. നിലവിൽ പുതുതായി രൂപീകരിക്കുന്ന ഒരു കർഷകോല്പാദക സംഘടനയ്ക്ക് 60 ലക്ഷം രൂപയാണ് മൂന്ന് വർഷത്തേയ്ക്ക് വകയിരുത്തിയിട്ടുള്ളത്. മേൽ പദ്ധതി കൃഷി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ്സ് കൺസോർഷ്യം (SFAC) മുഖേനയാണ് നടപ്പിലാക്കുന്നത്.

കൂടാതെ പാറശ്ശാല മണ്ഡലത്തിന്റെ പരിധിയിൽ കേന്ദ്രസർക്കാരിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന കേന്ദ്ര എസ്.എഫ്.എ.സി. മുഖേന

ജൈവസമൃദ്ധി എഫ്.പി.സി. എന്ന പേരിൽ ഒരു എഫ്.പി.ഒ.-യും രൂപീകരിച്ചിട്ടുണ്ട്.

(സി) പ്രസ്തുത നിയോജകമണ്ഡലത്തിലെ കൃഷിഭവനുകളുടെ അടിസ്ഥാനസൗകര്യ വികസനവുമായി ബന്ധപ്പെട്ട് നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

ത്രിതല പഞ്ചായത്തുകൾക്ക് കൈമാറിയിട്ടുള്ള സ്ഥാപനമായ കൃഷിഭവനുകളുടെ അടിസ്ഥാനസൗകര്യ വികസനത്തിന് അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി പദ്ധതി സമർപ്പിച്ച് നടപ്പിലാക്കിവരുന്നു. എന്നാൽ നടപ്പുവർഷം മുതൽ സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെടുന്ന കൃഷിഭവനുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി 'സ്മാർട്ട് കൃഷിഭവൻ' പദ്ധതി നടപ്പിലാക്കുവാൻ ലക്ഷ്യമിടുന്നു. 140 നിയോജകമണ്ഡലങ്ങളിലെയും എം.എൽ.എ.-മാരുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ അതതു ജില്ലകളിലെ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർ സ്മാർട്ട് കൃഷിഭവനുകളാക്കേണ്ട കൃഷിഭവനുകളുടെ പട്ടിക ലഭ്യമാക്കിയിട്ടുണ്ട്. തിരുവനന്തപുരം പ്രിൻസിപ്പൽ കൃഷി ഓഫീസർ ലഭ്യമാക്കിയിട്ടുള്ള പട്ടികയിൽ പാറശ്ശാല നിയോജകമണ്ഡലത്തിൽനിന്നും

കുന്നത്തുകാൽ കൃഷിഭവനെയാണ് സ്മാർട്ട് കൃഷിഭവനാക്കുന്നതിനായി നൽകിയിട്ടുള്ളത്.

സ്മാർട്ട് കൃഷിഭവൻ പദ്ധതിയുടെ നടത്തിപ്പ് ആരംഭഘട്ടത്തിലാണ്. കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ സേവനങ്ങൾ കാര്യക്ഷമമായും സുതാര്യമായും കർഷകരുടെ വിരൽത്തുമ്പിൽ എത്തിക്കുന്നതിനാണ് 'സ്മാർട്ട് കൃഷിഭവൻ' പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. കർഷക സമൂഹത്തിന്റെ എല്ലാ ആവശ്യങ്ങളും ഏകജാലക സംവിധാനത്തിൽ നിറവേറ്റുന്നതിനായി കൃഷിഭവനെ സ്മാർട്ട് കൃഷിഭവനാക്കി മാറ്റുകയെന്നതും സർവ്വീസ് ഡെലിവറി, അടിസ്ഥാനസൗകര്യങ്ങൾ, ഇൻഫർമേഷൻ സിസ്റ്റം എന്നിങ്ങനെ മൂന്നുമേഖലകളിൽ കൃഷിഭവനെ മികച്ചതാക്കുകയെന്നതുമാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

## തോടിന്റെ വശങ്ങളിൽ ഭൂഖാണ്ഡ കൃഷി

62 (3420) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കയ്പമംഗലം നിയോജകമണ്ഡലത്തിലൂടെ ഒഴുകുന്ന പെരുംതോട് വലിയതോടിന്റെ വശങ്ങളിൽ ജനകീയ സഹകരണത്തോടെ ചേന, ചേമ്പ്,

മരച്ചീനി തുടങ്ങിയ ഭൂഖാണ്ഡങ്ങൾ കൃഷി ചെയ്യുന്നതിനുള്ള പദ്ധതി രൂപീകരിക്കാൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

പെരുംതോടിന്റെ വശങ്ങളിൽ ഭൂഖാണ്ഡങ്ങൾ കൃഷി ചെയ്യുന്നതിന് പദ്ധതികൾ ഇപ്പോൾ നിലവിലില്ല. ആയതിനായി നിലവിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. പെരുംതോട് വലിയതോടിന്റെ വശങ്ങളിൽ ജനകീയ സഹകരണത്തോടെ ചേന, ചേമ്പ്, മരച്ചീനി തുടങ്ങിയ ഭൂഖാണ്ഡങ്ങളുടെ കൃഷി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യാവുന്നതാണ്.

<u>കോൾ കൃഷിയുമായി ബന്ധപ്പെട്ട നിർമ്മാണപ്രവൃത്തികൾ</u>

63 (3421) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ കോൾ കൃഷിയുമായി ബന്ധപ്പെട്ട നിർമ്മാണപ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ?

വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ നബാർഡ് ആർ.ഐ.ഡി.എഫ്., ആർ.കെ.ഐ. എന്നീ പദ്ധതികളിലായി

കെ.എൽ.ഡി.സി. മുഖാന്തരം വിവിധ പ്രവൃത്തികൾ നടപ്പിലാക്കി വരുന്നുണ്ട്. ആയതിന്റെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

(ബി) മാക്രോ ലെവൽ കോൾ മാനേജ്മെന്റിൽനിന്ന് മൈക്രോ ലെവലിലുള്ള കോൾ മാനേജ്മെന്റിലേയ്ക്ക് കൊണ്ടുവരുന്നതിനെടുത്ത നടപടികൾ വിശദമാക്കാമോ?

വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന ഓരോ പാടശേഖരത്തിന്റെയും ആവശ്യകതയനുസരിച്ച് കിട, റാംപ്, ഉൾച്ചാലുകളുടെ ആഴംകൂട്ടൽ, എഞ്ചിൻ ഷെഡ്, എഞ്ചിൻ തറ, ഫാം റോഡുനിർമ്മാണം എന്നിവ ഉൾപ്പെടുത്തി റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിൽ 153.66 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ആയത് ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് കരാറിൽ ഏർപ്പെട്ട് നടപ്പിലാക്കിവരുന്നു. സ്ഥലം എം.എൽ.എ., പാടശേഖര സമിതി പ്രതിനിധികൾ എന്നിവരുടെ സാന്നിദ്ധ്യത്തിൽ കോൾ മേഖലയിൽ ഇനിയും നടപ്പിലാക്കേണ്ടുന്ന അടിസ്ഥാനസൗകര്യ വികസന പ്രവൃത്തികളെ സംബന്ധിച്ച് തീരുമാനമെടുക്കുന്നതിനായി രണ്ട് യോഗങ്ങൾ സംഘടിപ്പിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ആർ.കെ.ഐ. പദ്ധതിയുടെ പ്രതീക്ഷിത സേവിംഗ്സ് തുക ഉപയോഗപ്പെടുത്തി ഓരോ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പാടശേഖരങ്ങളിലെയും ആവശ്യകതകൾ സംബന്ധിച്ച അപേക്ഷ ബന്ധപ്പെട്ട കൃഷി ഓഫീസർമാർ മുഖേന കെ.എൽ.ഡി.സി.-ക്ക് സമർപ്പിച്ചിട്ടുണ്ട്. അതിനനുസരിച്ചുള്ള എസ്റ്റിമേറ്റുകൾ തയ്യാറാക്കിവരികയാണ്.

(സി) പടവുകളിലെ ഉൾച്ചാൽ, കിട, റാമ്പ് സ്ലൂയിസ് എന്നിവയുടെ കണക്കും സബ്‌മേഴ്സിബിൾ പമ്പുകൾ കമ്മീഷൻ ചെയ്തവയുടെ ലിസ്റ്റും ലഭ്യമാക്കാമോ?

പടവുകളിലെ ഉൾച്ചാൽ, കിട, റാമ്പ്, സ്ലൂയിസ്, പമ്പുസെറ്റുകൾ എന്നിവയുടെ കണക്ക് അനുബന്ധമായി ചേർക്കുന്നു.+

(ഡി) ഹൈലെവൽ കനാൽ നിർമ്മാണത്തിലെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

കുഞ്ഞാലിക്കൽ മുതൽ അയ്യപ്പൻകാവ് വരെയുള്ള 7994 മീറ്റർ നീളം വരുന്ന RIDF XXII-ൽ ഉൾപ്പെട്ട ഹൈലെവൽ കനാൽ വിവിധ റീച്ചുകളിലായാണ് നടപ്പിലാക്കുന്നത്. ആയതിന്റെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

## കാസർഗോഡ് ഫ്ലവർഷോയും വിജിലൻസ് പരിശോധനയും

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

64 (3422) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

(എ) ഈ അടുത്തകാലത്ത് കാസർഗോഡ് പ്രിൻസിപ്പൽ അഗ്രികൾച്ചർ ഓഫീസറുടെ കാര്യാലയത്തിൽ വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോയുടെ പരിശോധന ഉണ്ടായിരുന്നോയെന്ന് വ്യക്തമാക്കാമോ?

ഉണ്ടായിരുന്നു.

(ബി) പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

കാസർഗോഡ് ജില്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർ സെക്രട്ടറിയായുള്ള അഗ്രി ഹോർട്ടി സൊസൈറ്റിയുടെ പ്രവർത്തനത്തിൽ ബൈലോയിൽ പറഞ്ഞ വ്യവസ്ഥകൾ ലംഘിച്ചിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്. അഗ്രി ഹോർട്ടി സൊസൈറ്റി മതിയായ മാനദണ്ഡങ്ങൾ പാലിക്കാതെയും ഫണ്ട് കണ്ടെത്താതെയുമാണ് ബേക്കൽ ബീച്ചിൽ പുഷ്പ-ഫല മേള നടത്തിയത്. പുഷ്പ-ഫല മേളയുടെ വരവുചെലവ് കണക്ക് കൃത്യമായി എഴുതി സൂക്ഷിച്ചതായി പരിശോധനയിൽ കണ്ടെത്താൻ സാധിച്ചിട്ടില്ല. അഗ്രി ഹോർട്ടി സൊസൈറ്റിയുടെ മെമ്പർഷിപ്പ്

വിതരണത്തിലും മെമ്പർഷിപ്പ് സ്വീകരിച്ചതിലും അപാകതകൾ കണ്ടെത്തിയിട്ടുള്ളതാണ്. പുഷ്പ-ഫല മേളയുടെ സാമ്പത്തികനഷ്ടം നികത്തുന്നതിനായി മെമ്പർഷിപ്പ് സ്വീകരിച്ചതിൽനിന്നും ലഭിച്ച തുക വിനിയോഗിച്ചതായും കണ്ടെത്തിയിട്ടുണ്ട്.

(സി) അഗ്രിക്കൾച്ചർ ഡിപ്പാർട്ടുമെന്റ് എപ്പോഴെങ്കിലും കാസർഗോഡ് ഫ്ലവർഷോ നടത്തിയിരുന്നോ?

ഇല്ല.

(ഡി) എങ്കിൽ പ്രസ്തുത ഫ്ലവർഷോ ആരാണ് സംഘടിപ്പിച്ചതെന്നും ഇതിനുള്ള ചെലവ് എങ്ങനെയാണ് കണ്ടെത്തിയതെന്നും വ്യക്തമാക്കാമോ?

ബേക്കൽ ഫെസ്റ്റിനോടനുബന്ധിച്ച് അഗ്രി ഹോർട്ടി സൊസൈറ്റിയുടെ നേതൃത്വത്തിൽ പ്രദേശത്തെ ജനപ്രതിനിധികളുടെയും പൊതുപ്രവർത്തകരുടെയും പങ്കാളിത്തത്തോടുകൂടി രൂപീകരിച്ച കമ്മിറ്റിയാണ് 2019 ഡിസംബർ 24 മുതൽ 2020 ജനുവരി 1 വരെ കാർഷിക പുഷ്പ-ഫല-സസ്യമേള സംഘടിപ്പിച്ചത്. ഇതിനുള്ള ചെലവുകൾ, മെമ്പർഷിപ്പ് ഫീസ്, സ്പോൺസർഷിപ്പ്, സ്റ്റാൾ വാടക, എൻട്രിഫീ എന്നീ ഇനങ്ങളിലായാണ് കണ്ടെത്താൻ ഉദ്ദേശിച്ചിരുന്നത്.

(ഇ) ഫ്ലവർഷോ നടത്തിയ വകയിലുണ്ടായ കടം തീർക്കാൻ കർഷകരിൽനിന്ന് 5.52 ലക്ഷം രൂപ പിരിച്ചെടുത്തതായി വിജിലൻസ് കണ്ടെത്തിയതായ വാർത്ത ശരിയാണോയെന്ന് വ്യക്തമാക്കാമോ;

(എഫ്) ഫ്ലവർഷോ നടത്തിയതും അതുമൂലമുണ്ടായ കടം തീർക്കുന്നതിന് കർഷകരിൽനിന്ന് പണപ്പിരിവ് നടത്തിയതും നിയമാനസൃതമാണോ; അല്ലെങ്കിൽ വകുപ്പുതല അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

(ഇ&എഫ്) സർക്കാർ പരിശോധിക്കുന്നതാണ്.

## കയ്പമംഗലം മണ്ഡലത്തിലെ തളിർ പദ്ധതി

65 (3423) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയ്പമംഗലം മണ്ഡലത്തിലെ തളിർ പദ്ധതിക്കാവശ്യമായ വിത്തും വളവും സൗജന്യമായി നൽകുന്നതിന് കൃഷി വകുപ്പ് നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

തളിർ പദ്ധതി 2019-20 സാമ്പത്തികവർഷത്തിൽ കയ്പമംഗലം നിയോജകമണ്ഡലത്തിൽ എം.എൽ.എ.-യുടെ പദ്ധതിയായി വിജയകരമായി നടപ്പിലാക്കിയിട്ടുള്ളതാണ്. കൃഷിക്കാവശ്യമായ വിത്ത്,

തൈകൾ, വളം, ഗ്രോബാഗ്/മൺചട്ടി തുടങ്ങിയവ ഈ പദ്ധതിയുടെ ഭാഗമായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. പദ്ധതിയുടെ തുടർ പ്രവർത്തനങ്ങൾക്കായി നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) പദ്ധതിക്കാവശ്യമായ സാങ്കേതികസഹായവും കൃഷി വിജ്ഞാനവും കൃഷി ഓഫീസർമാർ മുഖേന നൽകുന്നതിന് നിർദ്ദേശം നൽകുമോ?

തളിർ പദ്ധതിക്കാവശ്യമായ സാങ്കേതികസഹായവും കൃഷി വിജ്ഞാനവും കൃഷി ഓഫീസർ മുഖേന നൽകുന്നതാണ്.

(സി) പ്രസ്തുത പദ്ധതി വിജയകരമാക്കുന്നതിന് കൃഷി വകുപ്പിന്റെ മറ്റ് എന്തെല്ലാം സഹായങ്ങളാണ് ലഭ്യമാക്കുകയെന്ന് വ്യക്തമാക്കാമോ?

2022-23 സാമ്പത്തികവർഷത്തിൽ സമഗ്ര പച്ചക്കറി വികസന പദ്ധതി മുഖേന പച്ചക്കറിക്കൃഷിയെന്ന ഘടകത്തിലുൾപ്പെടുത്തി തളിർ പദ്ധതിക്കാവശ്യമായ പ്രോജക്ട് രൂപീകരിച്ചുകൊണ്ടിരിക്കുകയാണ്. കയ്പമംഗലം നിയോജകമണ്ഡലത്തിലെ എൽ.പി. വിഭാഗം മുതൽ ഹയർ സെക്കണ്ടറി വിഭാഗം വരെയുള്ള എല്ലാ സ്വകാര്യ/എയ്ഡഡ്/ഗവൺമെന്റ്

സ്കൂളുകളുൾപ്പെടെ 60 സ്കൂളുകൾക്ക് പദ്ധതിയുടെ പ്രയോജനം ലഭ്യമാക്കുവാനാണ് ലക്ഷ്യമിടുന്നത്.

## പാടശേഖരങ്ങൾ കോൾ നിലമായി പരിഗണിക്കണമെന്ന കർഷകരുടെ ആവശ്യം

66 (3424) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എടത്തിരുത്തി ഗ്രാമപഞ്ചായത്തിലെ പാടശേഖരങ്ങൾ കോൾനിലമായി പരിഗണിക്കണമെന്ന് പ്രാദേശിക കർഷകർ ആവശ്യപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഗണിക്കുമോ;

(ബി) ഇതുസംബന്ധിച്ച് എന്തെങ്കിലും നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെങ്കിൽ ആയത് അറിയിക്കുമോ?

(എ&ബി) ഉണ്ട്. പ്രസ്തുത പാടശേഖരം കോൾനിലങ്ങളിൽ ഉൾപ്പെടുത്താമോയെന്ന് പരിശോധിക്കുന്നതിനായി കാർഷിക സർവകലാശാല ഒരു സയന്റിഫിക് എക്സ്പെർട്ട് കമ്മിറ്റി രൂപീകരിച്ച് നടപടി സ്വീകരിച്ചുവരുന്നു.

## മോര്യാകാപ്പ് നവീകരണം

67(3425) <u>ശ്രീ. കെ. പി. എ. മജീദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ നന്നമ്പ്ര പഞ്ചായത്തിൽപെട്ട മോര്യാകാപ്പ് കാർഷിക പദ്ധതിയുടെ നവീകരണവുമായി ബന്ധപ്പെട്ട പുരോഗതികൾ വിശദമാക്കാമോ?

മോര്യാകാപ്പ് നവീകരണവുമായി ബന്ധപ്പെട്ട് കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ മുഖാന്തരം രാഷ്ട്രീയ കൃഷി വികാസ് യോജനയിൽ സമർപ്പിച്ച പദ്ധതി 24-05-2022-ൽ കൂടിയ സ്റ്റേറ്റ് ലെവൽ പ്രോജക്ട് സ്ക്രീനിംഗ് കമ്മിറ്റി പരിഗണിക്കുകയും ആയത് കേന്ദ്രസർക്കാരിന്റെ അഭിപ്രായത്തിനായി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ഈ പദ്ധതിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി വിളിച്ചുചേർത്ത എം.എൽ.എ.-യുടെയും ഉദ്യോഗസ്ഥരുടെയും യോഗതീരുമാനപ്രകാരം സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

പ്രസ്തുത യോഗതീരുമാനപ്രകാരം കൈക്കൊണ്ട നടപടികളിൽക്കൂടി കൃഷി വകുപ്പിന് മോര്യാകാപ്പ് പാടശേഖരങ്ങളിൽ 'ശാസ്ത്രീയമായി കൃഷിയിറക്കാനും കൃഷിവിസ്തൃതി കൂട്ടുവാനും സാധിച്ചിട്ടുണ്ട്.

2018-19 വർഷത്തിൽ ഏകദേശം 315 ഹെക്ടർ ചെയ്തിരുന്ന സ്ഥാനത്ത് നിന്നും 2021-22-ൽ ഏകദേശം 600 ഹെക്ടറിലേയ്ക്കുയർത്താൻ സാധിച്ചു'.

'കൃത്യമായ ജലസേചന പ്ലാൻ തയ്യാറാക്കിയാണ് തുടർന്നുള്ള വർഷങ്ങളിൽ കൃഷിയിറക്കിയിട്ടുള്ളത്. ടി പ്രദേശത്തെ പ്രത്യേക സാഹചര്യവും നീർവാർച്ച സൗകര്യവും മഴയുടെ ലഭ്യതയുമനുസരിച്ച് ശാസ്ത്രീയമായി കൃഷി ചെയ്യുന്നതിന്റെ ഭാഗമായി ദീർഘകാല മൂപ്പുള്ള ഇനങ്ങൾ ഒഴിവാക്കി ഹ്രസ്വകാല മൂപ്പുള്ള വിത്തിനങ്ങൾ സൗജന്യമായി ലഭ്യമാക്കിക്കൊണ്ട് കൃഷി പ്രോത്സാഹിപ്പിച്ചിട്ടുണ്ട്. കൂടാതെ കൃഷി വകുപ്പുതല പദ്ധതിയായ തരിശുനില കൃഷിയിൽ ഉൾപ്പെടുത്തി 285 ഹെക്ടർ സ്ഥലത്ത് അധികമായി കൃഷി വ്യാപിപ്പിക്കാൻ സാധിച്ചു. അങ്ങനെ ഏകദേശം 98 ശതമാനം പാടവും കൃഷിയോഗ്യമാക്കിയിട്ടുണ്ട്'.

എല്ലാ വർഷങ്ങളിലും ശാസ്ത്രീയ കൃഷിയിറക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ കർഷകർക്ക് നൽകുകയും സംസ്ഥാന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആനുകൂല്യം കർഷകർക്ക് ലഭ്യമാക്കുകയും ചെയ്തു വരുന്നു.

(സി) പ്രസ്തുത പദ്ധതിയുടെ നിർവ്വഹണത്തിൽ എന്തെല്ലാം നടപടികളാണ് ഇനി പൂർത്തീകരിക്കാനുള്ളതെന്നും പദ്ധതി എന്നേയ്ക്ക് പൂർത്തീകരിക്കാനാകുമെന്നും വിശദമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതിയുടെ പൂർത്തീകരണത്തിന് തടസ്സങ്ങൾ നിലവിലുണ്ടോ; പദ്ധതിക്കെതിരെ എന്തെങ്കിലും പരാതികൾ ലഭിച്ചിട്ടുണ്ടോ; വിശദീകരിക്കാമോ?

(സി&ഡി) മോര്യാകാപ്പ് നവീകരണവുമായി ബന്ധപ്പെട്ട് നിർവ്വഹണാനുമതി ലഭിച്ച പദ്ധതികൾ കൃഷി വകുപ്പിൽ ഇപ്പോൾ നിലവിലില്ല. പദ്ധതിക്കെതിരെ പരാതികളൊന്നുംതന്നെ ലഭ്യമായിട്ടില്ല.

<u>ശുദ്ധജല ടാങ്ക് സ്ഥാപിക്കുവാൻ അനുമതി</u>

68 (3426) <u>ശ്രീ. എം. എസ്. അരുൺ കുമാർ</u>: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മാവേലിക്കര നിയോജകമണ്ഡലത്തിലെ തഴക്കര കുടിവെള്ള പദ്ധതിയുടെ ഭാഗമായുള്ള ശുദ്ധജല ടാങ്ക് കൃഷി വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ജില്ലാ കൃഷി തോട്ടത്തിൽ സ്ഥാപിക്കുവാൻ അനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

ജില്ലാ കൃഷിത്തോട്ടത്തിൽ ലഭ്യമായ സ്ഥലം പൂർണ്ണമായും വ്യത്യസ്ത

കാർഷിക പ്രവർത്തനങ്ങൾക്കായി ഉപയോഗിച്ചുവരുന്നതിനാൽ തഴക്കര കുടിവെള്ള പദ്ധതിയുടെ ഭാഗമായുള്ള ഓവർഹെഡ് ടാങ്കും പൈപ്പുകളും സ്ഥാപിക്കുന്നതിന് സ്ഥലം വിട്ടുനൽകാൻ നിർവ്വാഹമില്ല.

പയ്യന്നൂർ അഗ്രോസർവ്വീസ് സെന്ററിന്റെ അടിസ്ഥാനസൗകര്യം മെച്ചപ്പെടുത്തൽ

69(3427) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ അഗ്രോ സർവ്വീസ് സെന്ററിന്റെ അടിസ്ഥാനസൗകര്യം മെച്ചപ്പെടുത്തുന്നതിനുള്ള പ്രോജക്ട് തയ്യാറാക്കി ആർ.കെ.വി.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി സ്റ്റേറ്റ് ലെവൽ സാംങ്ഷണിംഗ് കമ്മിറ്റിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉണ്ട്. 24-05-2022-ൽ ചേർന്ന സ്റ്റേറ്റ് ലെവൽ പ്രോജക്ട് സ്ക്രീനിംഗ് കമ്മിറ്റി (SLPSC) യിൽ പയ്യന്നൂർ അഗ്രോ സർവ്വീസ് സെന്ററിന്റെ അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി കെട്ടിടനിർമ്മാണ ഘടകങ്ങളൊഴികെയുള്ള 62.426 ലക്ഷം രൂപയുടെ പ്രോജക്ട് 2022-23 സ്റ്റേറ്റ് ലെവൽ സാംങ്ഷണിംഗ് കമ്മിറ്റി (SLSC)-യുടെ അംഗീകാരത്തിനായി ശിപാർശ ചെയ്തിട്ടുണ്ട്. സ്റ്റേറ്റ് ലെവൽ

സാംങ്ഷണിംഗ് കമ്മിറ്റി (SLSC) കൂടുന്നതിനുള്ള തീയതി തീരുമാനിച്ചിട്ടില്ല.

(ബി) പ്രസ്തുത കമ്മിറ്റി 2022-23 വർഷം അംഗീകാരം നൽകിയ പദ്ധതികളേതെല്ലാമാണെന്ന് വിശദമാക്കാമോ?

2022-23 വർഷത്തെ സ്റ്റേറ്റ് ലെവൽ സാംങ്ഷണിംഗ് കമ്മിറ്റി (SLSC) കൂടുന്നതിനുള്ള തീയതി തീരുമാനിച്ചിട്ടില്ല.

(സി) പ്രസ്തുത പദ്ധതിക്ക് ഈ സാമ്പത്തികവർഷംതന്നെ ഭരണാനുമതി നൽകാനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

2022-23 വർഷത്തെ സ്റ്റേറ്റ് ലെവൽ സാംങ്ഷണിംഗ് കമ്മിറ്റി (SLSC)-യുടെ തീരുമാനത്തിനനുസൃതമായി ഭരണാനുമതി നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്.

## മണലൂർ മണ്ഡലത്തിലെ കോൾ നിലങ്ങളുടെ വികസനം

70 (3428) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ കോൾനിലങ്ങളുടെ വികസനത്തിനായി റീബിൽഡ് കേരള പദ്ധതിപ്രകാരം എന്തെല്ലാം പ്രവൃത്തികളാണ് നടപ്പാക്കുന്നതെന്ന് വിശദമാക്കാമോ?

റീബിൽഡ് കേരള-തൃശ്ശൂർ-പൊന്നാനി കോൾ പ്രദേശം പ്രളയം, വരൾച്ച എന്നിവയെ തരണം ചെയ്യുവാനുള്ള അടിസ്ഥാനസൗകര്യ വികസനമെന്ന പദ്ധതി പ്രകാരം കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ, അഗ്രിക്കൾച്ചറൽ എഞ്ചിനീയറിംഗ്, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്, കേരളാ അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ എന്നീ ഏജൻസികൾ മുഖാന്തരം വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. ആയത് സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു:

റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതി പ്രദേശത്ത് ഉൾപ്പെടുന്ന പെട്ടിയും പറയും മാറ്റി ഊർജ്ജക്ഷമത കൂടിയ സബ്മെഴ്സിബിൾ പമ്പുകൾ സ്ഥാപിക്കൽ എന്ന പ്രവൃത്തിയിലുൾപ്പെടുത്തി മണലൂർ മണ്ഡലത്തിൽ ആകെ 43 പമ്പ് സെറ്റുകൾ സ്ഥാപിക്കുന്നതിന് അനുമതി ലഭിച്ചിട്ടുണ്ട്.

പ്രസ്തുത പ്രവൃത്തി തൃശ്ശൂർ കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസ് മുഖാന്തരമാണ് നടപ്പാക്കുന്നത്.

മണലൂർ നിയോജകമണ്ഡലത്തിൽ ആർ.കെ.ഐ. പദ്ധതിയിലുൾപ്പെടുത്തി 16 പ്രവൃത്തികൾക്ക് 39.14 കോടി രൂപയുടെ അനുമതി ലഭിക്കുകയുണ്ടായി. എഞ്ചിൻ ഷെഡ്-18 എണ്ണം, എഞ്ചിൻതറ-7 എണ്ണം, ഉൾച്ചാലുകളുടെ ആഴംകൂട്ടൽ-129.035 കി.മീ.,മെയിൻ ചാൽ ആഴം

കൂട്ടൽ-19.53 കി.മീ., ബണ്ട് നിർമ്മാണം-2.1 കി.മീ., കിട-73 എണ്ണം, റാമ്പ്-57 എണ്ണം, സ്ലയിസ്-11 എണ്ണം, ഫാം റോഡ്-32.20 കി.മീ. എന്നീ പ്രവൃത്തികൾക്കാണ് അനുമതി ലഭിച്ചിട്ടുള്ളത്.

കേരള ലാന്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ മുഖാന്തരമാണ് ടി പ്രവൃത്തികൾ നടപ്പാക്കിവരുന്നത്.

11 കെ.വി.ലൈൻ വലിക്കൽ, ട്രാൻസ്ഫോർമർ സ്ഥാപിക്കൽ, ട്രാൻസ്ഫോർമർ മാറ്റി സ്ഥാപിക്കൽ എന്നീ പ്രവൃത്തികൾ മണലൂർ മണ്ഡലത്തിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് മുഖാന്തരം നടപ്പാക്കിവരുന്നു.

(ബി) പ്രസ്തുത പദ്ധതിപ്രകാരം ഏതെല്ലാം നിർമ്മാണപ്രവൃത്തികൾ പൂർത്തീകരിച്ചു; വിശദമാക്കാമോ?

അനുവദിച്ച 43 പമ്പ് സെറ്റുകളിൽ 21 എണ്ണം സ്ഥാപിച്ചിട്ടുണ്ട്. മെയിൽ കനാൽ ആഴം കൂട്ടൽ-16.907 കി.മീ., ഉൾച്ചാലുകളുടെ ആഴം കൂട്ടൽ-27.050 കി.മീ. എന്നിവ പൂർത്തീകരിച്ചു. കിട-12 എണ്ണം, റാമ്പ്-7 എണ്ണം എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. മണലൂർ മണ്ഡലത്തിൽ 600 മീ. 11 കെ.വി. ലൈൻ വലിക്കൽ, 4 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കൽ, ഒരു ട്രാൻസ്ഫോർമർ മാറ്റി സ്ഥാപിക്കൽ എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

(സി) പൂർത്തീകരിക്കാനുള്ള പ്രവൃത്തികൾ, അവയുടെ നിലവിലെ സ്ഥിതി എന്നിവ സംബന്ധിച്ച വിശദാംശം നൽകാമോ?

22 പമ്പ് സെറ്റുകൾ സ്ഥാപിക്കൽ പൂർത്തീകരിച്ചുവരുന്നു. മെയിൻ കനാൽ ആഴം കൂട്ടൽ-2.623 കി.മീ., ഉൾച്ചാലുകളുടെ ആഴം കൂട്ടൽ-101.985 കി.മീ., ബണ്ട് നിർമ്മാണം-2.1 കി.മീ., എഞ്ചിൻ ഷെഡ്-18 എണ്ണം, എഞ്ചിൻതറ-7 എണ്ണം, കിട - 61 എണ്ണം, റാമ്പ്-50 എണ്ണം, സ്ലൂയിസ്-10 എണ്ണം, ഫാം റോഡ്-32.20 കി.മീ. എന്നീ പ്രവൃത്തികൾ പൂർത്തീകരിക്കാനുണ്ട്.

(ഡി) പ്രസ്തുത പ്രവൃത്തികൾ എന്ന് പൂർത്തീകരിക്കാനാകുമെന്ന് അറിയിക്കാമോ?

2024 ജൂൺ 30-നകം പദ്ധതി പൂർത്തീകരിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.

## കൃഷിശ്രീ സെന്ററുകൾ

71 (3429) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പിലാക്കാനുദ്ദേശിക്കുന്ന കൃഷിശ്രീ സെന്ററുകളുടെ പ്രവർത്തനങ്ങളെന്താണെന്ന് വിശദമാക്കാമോ?

ബ്ലോക്കുതലത്തിൽ രൂപീകരിക്കുന്ന കാർഷിക സേവന കേന്ദ്രങ്ങളാണ് കൃഷിശ്രീ സെന്ററുകൾ (2020 വരെ അഗ്രോ സർവ്വീസ് സെന്ററുകൾ) എന്നറിയപ്പെടുന്നത്. ബ്ലോക്കിന്റെ മൊത്തമായിട്ടുള്ള കാർഷിക വികസന ആവശ്യങ്ങളുൾക്കൊള്ളുന്ന ബിസിനസ് പ്ലാൻ കാർഷിക സേവന കേന്ദ്രം തയ്യാറാക്കി ബ്ലോക്കുതല ഉപദേശക സമിതിയുടെ അംഗീകാരത്തോടെ നടപ്പാക്കുന്നു. കർഷകർക്കാവശ്യമുള്ള അസംസ്കൃത വസ്തുക്കൾ, വിത്ത് നടീൽ വസ്തുക്കൾ തുടങ്ങിയവ ലഭ്യമാക്കുക, കാർഷികോല്പന്നങ്ങളുടെ സംഭരണം, വിതരണം പ്രോസ്സസിംഗ് (അസംസ്കൃത വസ്തുവിനെ ഉല്പന്നമായി മാറ്റിയെടുക്കുക) തുടങ്ങിയവ നടപ്പിലാക്കുക, കർഷകർക്കുവേണ്ട യന്ത്രസാമഗ്രികൾ, സേവനങ്ങൾ എന്നിവ സമയാസമയങ്ങളിൽ എത്തിക്കുക എന്നിവയാണ് കൃഷിശ്രീ സെന്ററുകളുടെ പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നത്. കാർഷിക സേവനങ്ങളും കാർഷിക കർമ്മസേനാ പ്രവർത്തനങ്ങളും ഹയറിംഗ് സെന്ററുകളുടെയും പ്രവർത്തനങ്ങളും ഒരു ഏകജാലക സംവിധാനത്തിലൂടെ കർഷകരിലെത്തിക്കുകയെന്നതാണ് കൃഷിശ്രീ സെന്ററുകളുടെ പ്രവർത്തന ലക്ഷ്യം.

(ബി) പ്രസ്തുത സെന്ററുകൾ എവിടെയെല്ലാമാണ് ആരംഭിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ജില്ലകളിലെ ബ്ലോക്കുകൾ കേന്ദ്രീകരിച്ചാണ് കൃഷിശ്രീ സെന്ററുകൾ (അഗ്രോ സർവ്വീസ് സെന്ററുകൾ) ആരംഭിക്കുന്നത്. ഓഫീസ് പ്രവർത്തിക്കുന്നതിന് 25m2 വിസ്തീർണ്ണമുള്ള മുറിയും മെഷിനറി സൂക്ഷിക്കുന്നതിന് 200m2 സ്ഥലസൗകര്യവും നിർബന്ധമായും നൽകുന്ന ബ്ലോക്കിലാണ് കൃഷിശ്രീ സെന്റർ അനുവദിക്കുന്നത്. മേൽപ്രകാരം അപേക്ഷ ലഭിക്കുന്നമുറയ്ക്ക് കൃഷിശ്രീ സെന്റർ അനുവദിക്കുന്നതാണ്. ഈ സാമ്പത്തികവർഷത്തിൽ 20 പുതിയ കൃഷിശ്രീ സെന്ററുകളുടെ രൂപീകരണത്തിന് പ്രാരംഭനടപടികൾ നടന്നുവരുന്നു. 2021-22 വരെ 101 ബ്ലോക്കുകളിലായി 107 അഗ്രോ സർവ്വീസ് സെന്ററുകൾ/കൃഷിശ്രീ സെന്ററുകൾ അനുവദിച്ചിട്ടുണ്ട്.

(സി) കാർഷിക പ്രാധാന്യമുള്ള തിരുവമ്പാടി മണ്ഡലം കേന്ദ്രീകരിച്ച് കൃഷിശ്രീ സെന്റർ അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

തിരുവമ്പാടി മണ്ഡലം കേന്ദ്രീകരിച്ച് നിലവിൽ ഒരു കാർഷിക സേവന കേന്ദ്രം പ്രവർത്തിക്കുന്നുണ്ട്.

## ഭക്ഷ്യ സ്വയംപര്യാപ്തത

72 (3430) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭക്ഷ്യ സ്വയംപര്യാപ്തത കൈവരിക്കാൻ കാർഷികരംഗത്ത് ഈ സർക്കാർ നടപ്പാക്കുന്ന പരിഷ്കാരങ്ങളെയും സേവനങ്ങളെയും സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ?

ശാസ്ത്രീയ സമീപനത്തിലൂടെ ഭക്ഷ്യവിളകളുടെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനും അതിലൂടെ ഭക്ഷ്യോല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനും 2022-23 വാർഷിക പദ്ധതി ശ്രദ്ധ കേന്ദ്രീകരിക്കുന്നു. ഈ സാമ്പത്തികവർഷത്തിൽ സംസ്ഥാനത്തെ ഓരോ വ്യക്തിയെയും കൃഷിയിലേയ്ക്കാകർഷിക്കുവാനും സ്വന്തമായി കൃഷി ചെയ്യുന്നതിന് പ്രേരണ നൽകുന്നതിനും അതുവഴി കാർഷികമേഖലയിൽ ജനകീയ മുന്നേറ്റം സൃഷ്ടിക്കുകയെന്ന ലക്ഷ്യത്തോടെ 'ഞങ്ങളും കൃഷിയിലേക്ക്' എന്ന പരിപാടി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ഈ കാമ്പയിനിന്റെ പ്രധാന ലക്ഷ്യങ്ങൾ കേരളീയരിൽ മുഴുവൻ കാർഷിക സംസ്കാരം ഉണർത്തുക, ഓരോ കേരളീയ ഭവനവും വിഷരഹിത ഭക്ഷണ ഉല്പാദനത്തിൽ പങ്കാളിയാകുക, സ്ഥായിയായ കാർഷിക മേഖല സൃഷ്ടിക്കുക, സംസ്ഥാനത്തെ ഭക്ഷ്യ സ്വയംപര്യാപ്തതയിലെത്തിക്കുക, കാർഷിക മേഖലയിലെ മൂല്യവർദ്ധനവ് പ്രയോജനപ്പെടുത്തി കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുക, മണ്ണിനെ സമ്പുഷ്ടമാക്കുക, പ്രകൃതിയെ/പരിസ്ഥിതിയെ

സംരക്ഷിക്കുക, കാർഷികമേഖലയെ ഇതര ഭക്ഷ്യമേഖലകളുമായി കോർത്തിണക്കുക, കാർഷികക്കൂട്ടായ്മയിലൂടെ ഒരു ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, തനതായ കാർഷിക വിഭവങ്ങളെ സംരക്ഷിക്കുക എന്നിവയാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായും മറ്റ് കൃഷി അനുബന്ധ വകുപ്പുകളുമായും ഏകോപിപ്പിച്ചാണ് കാമ്പയിൻ നടപ്പിലാക്കുന്നത്. ലഭ്യമായ വിഭവങ്ങൾ സുസ്ഥിരമായ രീതിയിൽ കാര്യക്ഷമമായും വിവേചനാപരവുമായി ഉപയോഗിക്കുന്നതിനും ഉറപ്പായ വരുമാനം കർഷകർക്ക് ലഭിക്കുന്നതിനുമായി വിള അടിസ്ഥാനമാക്കിയുള്ള വികസനത്തിൽനിന്നും കൃഷിയിടാധിഷ്ഠിത (ഫാം) വികസനത്തിലേയ്ക്കുള്ള മാറ്റത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് മൂന്ന് പുതിയ പദ്ധതികൾക്കുകീഴിൽ 2022-23 വർഷത്തിൽ കൃഷിയിടാധിഷ്ഠിത ആസൂത്രണം (ഫാം പ്ലാൻ) അടിസ്ഥാനമാക്കിയുള്ള വികസന സമീപനത്തിന് തുടക്കമിടുന്നു. ഉല്പാദനം, വിപണനം, സംസ്കരണം, വായ്പാ പിന്തുണ, ഇൻഷ്വറൻസ് തുടങ്ങി കൃഷിയുടെ എല്ലാ മേഖലകളിലും കർഷകർക്ക് പരമാവധി സേവനം ലഭ്യമാക്കുന്നതിനായി കൃഷിഭവനുകളുടെ പ്രവർത്തനക്ഷമത മെച്ചപ്പെടുത്തുകയെന്ന ലക്ഷ്യത്തോടുകൂടി കൃഷിഭവനുകളെ 'സ്മാർട്ട് കൃഷി ഭവനുകൾ' ആക്കുകയെന്നതാണ് ഈ വർഷത്തെ പരിപാടികളുടെ മറ്റൊരു പ്രത്യേകത. ഇന്ത്യയിൽ തന്നെ ആദ്യമായി

കാർബൺ തുലിത കൃഷി പ്രോത്സാഹിപ്പിക്കുവാനുദ്ദേശിക്കുന്ന സംസ്ഥാനമാകുവാൻ കേരളം തയ്യാറാകുന്നു. സംസ്ഥാനത്തെ തെരഞ്ഞെടുത്ത സ്ഥലങ്ങളിൽ കാർബൺ തുലിത കൃഷിരീതികൾ പ്രോത്സാഹിപ്പിക്കുവാനുദ്ദേശിക്കുന്നു. കൃഷിവകുപ്പിന്റെ ഡിപ്പാർട്ട്മെന്റ് ഫാമുകളിലും പ്രത്യേകം തെരഞ്ഞെടുത്ത പ്രദേശങ്ങളിലും കാർബൺ ന്യൂട്രൽ ഫാമിംഗ് പ്രോത്സാഹിപ്പിക്കുന്നതിനുള്ള ദൗത്യമാരംഭിക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു. കൃഷി നല്ല വരുമാനം പ്രദാനം ചെയ്യുന്ന ഒരു സംരംഭമായി മാറ്റുന്നതിനുവേണ്ടി കാർഷികമേഖലയ്ക്ക് ആവശ്യമായ ഉല്പാദനോപാധികൾക്കും സേവനങ്ങൾക്കും കാര്യക്ഷമമായ വിതരണശൃംഖല സ്ഥാപിച്ച് ഉല്പന്നങ്ങളുടെ മൂല്യം സൃഷ്ടിക്കുന്നതിലും ശ്രദ്ധ കേന്ദ്രീകരിക്കാൻ കൃഷി വകുപ്പുദ്ദേശിക്കുന്നു. ഇതിന്റെ ഭാഗമായി ഉല്പാദനം, വിപണനം, സംസ്കരണം, ഫാം ടൂറിസം, മറ്റ് വൈവിദ്ധ്യമാർന്ന പ്രവർത്തനങ്ങൾ എന്നിവയിലൂടെ ഗ്രാമീണ വരുമാനം വർദ്ധിപ്പിക്കുവാനുദ്ദേശിക്കുന്നു. 2022-23 വർഷത്തിൽ കാർഷികയന്ത്രവൽകരണ മേഖലയിൽ ഏകജാലക സംവിധാനങ്ങളായ 20 കൃഷിശ്രീ സെന്ററുകൾ ആരംഭിക്കുവാനുദ്ദേശിക്കുന്നു. കാർഷിക രംഗത്തെ തൊഴിലാളിക്ഷാമം പരിഹരിക്കുകയെന്നതാണ് ഈ പദ്ധതികളുടെ പ്രധാന ലക്ഷ്യം. കൂടാതെ കാർഷികമേഖലയിൽ

യന്ത്രോപകരണങ്ങളുടെ ഉപയോഗം വ്യാപിപ്പിക്കുക, കാർഷിക മേഖലയ്ക്കാവശ്യമായ സഹായങ്ങളും സേവനങ്ങളും മിതമായ നിരക്കിൽ കർഷകർക്ക് നൽകുക, തൊഴിലാളി കുറവുമൂലം തരിശായികിടക്കുന്ന കൃഷിയിടങ്ങൾ കൃഷി യോഗ്യമാക്കുക, കാർഷിക മേഖലയിലെ ഉല്പാദനം, വിതരണം എന്നീ മേഖലകളിലിടപെടുക തുടങ്ങിയവയും ഈ പദ്ധതിയുടെ പ്രധാന പ്രവർത്തനങ്ങളിലുൾപ്പെടുന്നു.

പരമ്പരാഗത ഊർജ്ജ സ്രോതസ്സുകളെ ആശ്രയിക്കുന്നത് കുറയ്ക്കുന്നതിന് പുനരുപയോഗിക്കാവുന്ന ഊർജ്ജ സ്രോതസ്സുകളിലേയ്ക്ക് നീങ്ങേണ്ടതിന്റെ പ്രാധാന്യത്തിന് 2022-23 കാലയളവിൽ അർഹമായ പ്രാധാന്യം നൽകും. ഇത് കണക്കിലെടുത്ത് കേന്ദ്രാവിഷ്കൃത പദ്ധതിയായ പി.എം. കുസും വഴി കൃഷിയിൽ സൗരോർജ്ജം ഉപയോഗപ്പെടുത്തുന്നതിന് അനെർട്ടുമായി സഹകരിച്ച് മുന്നോട്ടുകൊണ്ടുപോകുവാൻ ഉദ്ദേശിക്കുന്നു. പി.എം. കുസുമിന്റെ ഗുണഭോക്താക്കൾക്ക് ഈ വർഷം സംസ്ഥാന ആവിഷ്കൃത പദ്ധതിയായ 'കുട്ടനാട് മേഖലയിലെ കാർഷിക വികസനത്തിനുള്ളപദ്ധതി' എന്നതിൽ ഉൾപ്പെടുത്തി ടോപ്പ് അപ്പ് സബ്സിഡി നൽകാനുദ്ദേശിക്കുന്നു.

വിദ്യാസമ്പന്നരായ പുതിയ തലമുറയിലെ അംഗങ്ങളെ കൃഷിയിലേയ്ക്ക് ആകർഷിക്കുന്നതിനും അവർക്ക് കൃഷി വകുപ്പിൽ തന്നെ അവസരങ്ങൾ

ഒരുക്കുന്നതിനുമായും ജനങ്ങൾക്ക് കൃഷിഭവനിൽനിന്നും നിലവിൽ ലഭിക്കുന്ന സേവനങ്ങൾ കുറച്ചുകൂടി മെച്ചപ്പെടുത്തുന്നതിനും ഇന്റേൺഷിപ് പരിപാടി നടപ്പിലാക്കുവാനുദ്ദേശിക്കുന്നു. കൃഷി വകുപ്പിന്റെ താഴെത്തട്ടിൽ പ്രവർത്തിക്കുന്നതും കർഷകരോട് നേരിട്ടിടപെടുന്ന കൃഷിഭവനുകളിൽ നിന്നും കൃഷിയെപ്പറ്റിയും വകുപ്പിന്റെ കീഴിൽ നടപ്പാക്കുന്ന പദ്ധതികളിൽ നേരിട്ടിടപെടാനും പഠിക്കുവാനും പരിശീലനം ലഭിക്കുവാനുമാണ് യുവജനങ്ങൾക്കുവേണ്ടി ഈ പദ്ധതി ഉദ്ദേശിച്ചിരിക്കുന്നത്. കാർഷിക ഉല്പാദന വർദ്ധനവിനായി ഈ വർഷം പദ്ധതി വിഹിതമായി 47366 ലക്ഷം രൂപയും വിപണി ഇടപെടലിനായി 7380 ലക്ഷം രൂപയും 2022-23 സാമ്പത്തികവർഷത്തിൽ വകയിരുത്തിയിട്ടുണ്ട്.

(ബി) ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തിന് എപ്പോൾ ഭക്ഷ്യ സ്വയംപര്യാപ്തത കൈവരിക്കുവാൻ സാധിക്കുമെന്നാണ് കണക്കാക്കുന്നത്; വ്യക്തമാക്കുമോ?

ശാസ്ത്രീയ സമീപനത്തിലൂടെ ഭക്ഷ്യവിളകളുടെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനും അതിലൂടെ ഭക്ഷ്യോല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനും 2022-23 വാർഷിക പദ്ധതി ശ്രദ്ധകേന്ദ്രീകരിക്കുന്നു.

ഈ സാമ്പത്തികവർഷത്തിൽ സംസ്ഥാനത്തെ ഓരോ വ്യക്തിയെയും കൃഷിയിലേയ്ക്കാകർഷിക്കുവാനും സ്വന്തമായി കൃഷി ചെയ്യുന്നതിന് പ്രേരണ നൽകുന്നതിനും അതുവഴി കാർഷികമേഖലയിൽ ജനകീയ മുന്നേറ്റം സൃഷ്ടിക്കുകയെന്ന ലക്ഷ്യത്തോടെ 'ഞങ്ങളും കൃഷിയിലേക്ക്' എന്ന പരിപാടി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ഈ കാമ്പയിനിന്റെ പ്രധാന ലക്ഷ്യങ്ങൾ കേരളീയരിൽ മുഴുവൻ കാർഷിക സംസ്കാരം ഉണർത്തുക, ഓരോ കേരളീയ ഭവനവും വിഷരഹിത ഭക്ഷണ ഉല്പാദനത്തിൽ പങ്കാളിയാകുക, സ്ഥായിയായ കാർഷിക മേഖല സൃഷിക്കുക, സംസ്ഥാനത്തെ ഭക്ഷ്യ സ്വയംപര്യാപ്തതയിലെത്തിക്കുക, കാർഷിക മേഖലയിലെ മൂല്യവർദ്ധനവ് പ്രയോജനപ്പെടുത്തി കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുക, മണ്ണിനെ സമ്പുഷ്ടമാക്കുക, പ്രകൃതിയെ/പരിസ്ഥിതിയെ സംരക്ഷിക്കുക, കാർഷിക മേഖലയെ ഇതര ഭക്ഷ്യമേഖലകളുമായി കോർത്തിണക്കുക, കാർഷിക കൂട്ടായ്മയിലൂടെ ഒരു ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, തനതായ കാർഷിക വിഭവങ്ങളെ സംരക്ഷിക്കുക എന്നിവയാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായും മറ്റ് കൃഷി അനുബന്ധ വകുപ്പുകളുമായും ഏകോപിപ്പിച്ചാണ് കാമ്പയിൻ നടപ്പിലാക്കുന്നത്.

ലഭ്യമായ വിഭവങ്ങൾ സുസ്ഥിരമായ രീതിയിൽ കാര്യക്ഷമമായും വിവേചനാപരവുമായി ഉപയോഗിക്കുന്നതിനും ഉറപ്പായ വരുമാനം കർഷകർക്ക് ലഭിക്കുന്നതിനുമായി വിള അടിസ്ഥാനമാക്കിയുള്ള വികസനത്തിൽനിന്നും കൃഷിയിടാധിഷ്ഠിത (ഫാം) വികസനത്തിലേയ്ക്കുള്ള മാറ്റത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് മൂന്ന് പുതിയ പദ്ധതികൾക്കുകീഴിൽ 2022-23 വർഷത്തിൽ കൃഷിയിടാധിഷ്ഠിത ആസൂത്രണം (ഫാം പ്ലാൻ) അടിസ്ഥാനമാക്കിയുള്ള വികസന സമീപനത്തിന് തുടക്കമിടുന്നു.

ഉല്പാദനം, വിപണനം, സംസ്കരണം, വായ്പാ പിന്തുണ, ഇൻഷ്വറൻസ് തുടങ്ങി കൃഷിയുടെ എല്ലാ മേഖലകളിലും കർഷകർക്ക് പരമാവധി സേവനം ലഭ്യമാക്കുന്നതിനായി കൃഷിഭവനുകളുടെ പ്രവർത്തനക്ഷമത മെച്ചപ്പെടുത്തുകയെന്ന ലക്ഷ്യത്തോടുകൂടി കൃഷിഭവനുകളെ 'സ്മാർട്ട് കൃഷിഭവനുകൾ' ആക്കുക എന്നതാണ് ഈ വർഷത്തെ പരിപാടികളുടെ മറ്റൊരു പ്രത്യേകത.

ഇന്ത്യയിൽത്തന്നെ ആദ്യമായി കാർബൺ തുലിത കൃഷി പ്രോത്സാഹിപ്പിക്കുവാനുദ്ദേശിക്കുന്ന സംസ്ഥാനമാകുവാൻ കേരളം തയ്യാറാകുന്നു. സംസ്ഥാനത്തെ തെരഞ്ഞെടുത്ത സ്ഥലങ്ങളിൽ കാർബൺ

ുലിത കൃഷിരീതികൾ പ്രോത്സാഹിപ്പിക്കുവാനുദ്ദേശിക്കുന്നു. കൃഷിവകുപ്പിന്റെ ഡിപ്പാർട്ട്മെന്റ് ഫാമുകളിലും പ്രത്യേകം തെരഞ്ഞെടുത്ത പ്രദേശങ്ങളിലും കാർബൺ ന്യൂട്രൽ ഫാമിംഗ് പ്രോത്സാഹിപ്പിക്കുന്നതിനുള്ള ദൗത്യം ആരംഭിക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

കൃഷി നല്ല വരുമാനം പ്രദാനം ചെയ്യുന്ന ഒരു സംരംഭമായി മാറ്റുന്നതിന് വേണ്ടി കാർഷികമേഖലയ്ക്കാവശ്യമായ ഉല്പാദനോപാധികൾക്കും സേവനങ്ങൾക്കും കാര്യക്ഷമമായ വിതരണ ശൃംഖല സ്ഥാപിച്ച് ഉല്പന്നങ്ങളുടെ മൂല്യം സൃഷ്ടിക്കുന്നതിലും ശ്രദ്ധകേന്ദ്രീകരിക്കാൻ കൃഷി വകുപ്പ് ഉദ്ദേശിക്കുന്നു. ഇതിന്റെ ഭാഗമായി ഉല്പാദനം, വിപണനം, സംസ്കരണം, ഫാം ടൂറിസം, മറ്റ് വൈവിദ്ധ്യമാർന്ന പ്രവർത്തനങ്ങൾ എന്നിവയിലൂടെ ഗ്രാമീണ വരുമാനം വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു.

2022-23 വർഷത്തിൽ കാർഷികയന്ത്രവൽകരണ മേഖലയിൽ ഏകജാലക സംവിധാനങ്ങളായ 20 കൃഷിശ്രീ സെന്ററുകൾ ആരംഭിക്കുവാനുദ്ദേശിക്കുന്നു. കാർഷികരംഗത്തെ തൊഴിലാളിക്ഷാമം പരിഹരിക്കുകയെന്നതാണ് ഈ പദ്ധതികളുടെ പ്രധാനലക്ഷ്യം. കൂടാതെ കാർഷിക മേഖലയിൽ യന്ത്രോപകരണങ്ങളുടെ ഉപയോഗം വ്യാപിപ്പിക്കുക, കാർഷികമേഖലയ്ക്കാവശ്യമായ സഹായങ്ങളും സേവനങ്ങളും മിതമായ

നിരക്കിൽ കർഷകർക്ക് നൽകുക, തൊഴിലാളി കുറവുമൂലം തരിശായിക്കിടക്കുന്ന കൃഷിയിടങ്ങൾ കൃഷി യോഗ്യമാക്കുക, കാർഷിക മേഖലയിലെ ഉല്പാദനം, വിതരണം എന്നീ മേഖലകളിൽ ഇടപെടുക തുടങ്ങിയവയും ഈ പദ്ധതിയുടെ പ്രധാന പ്രവർത്തനങ്ങളിലുൾപ്പെടുന്നു.

പരമ്പരാഗത ഊർജ്ജ സ്രോതസ്സുകളെ ആശ്രയിക്കുന്നത് കുറയ്ക്കുന്നതിന് പുനരുപയോഗിക്കാവുന്ന ഊർജ്ജ സ്രോതസ്സുകളിലേയ്ക്ക് നീങ്ങേണ്ടതിന്റെ പ്രാധാന്യത്തിന് 2022-23 കാലയളവിൽ അർഹമായ പ്രാധാന്യം നൽകും. ഇത് കണക്കിലെടുത്ത് കേന്ദ്രാവിഷ്കൃത പദ്ധതിയായ പി.എം. കുസും വഴി കൃഷിയിൽ സൗരോർജ്ജം ഉപയോഗപ്പെടുത്തുന്നതിന് അനെർട്ടുമായി സഹകരിച്ച് മുന്നോട്ടുകൊണ്ടുപോകുവാനുദ്ദേശിക്കുന്നു. പി.എം. കുസുമിന്റെ ഗുണഭോക്താക്കൾക്ക് ഈ വർഷം സംസ്ഥാന ആവിഷ്കൃത പദ്ധതിയായ 'കുട്ടനാട് മേഖലയിലെ കാർഷിക വികസനത്തിനുള്ളപദ്ധതി' എന്നതിൽ ഉൾപ്പെടുത്തി ടോപ്പ് അപ്പ് സബ്സിഡി നൽകുവാനുദ്ദേശിക്കുന്നു.

വിദ്യാസമ്പന്നരായ പുതിയ തലമുറയിലെ അംഗങ്ങളെ കൃഷിയിലേയ്ക്ക് ആകർഷിക്കുന്നതിനും അവർക്ക് കൃഷി വകുപ്പിൽ തന്നെ അവസരങ്ങൾ ഒരുക്കുന്നതിനുമായും ജനങ്ങൾക്ക് കൃഷിഭവനിൽ നിന്നും നിലവിൽ ലഭിക്കുന്ന സേവനങ്ങൾ കുറച്ചുംകൂടി മെച്ചപ്പെടുത്തുന്നതിനും ഇന്റേൺഷിപ് പരിപാടി

നടപ്പിലാക്കുവാനുദ്ദേശിക്കുന്നു. കൃഷി വകുപ്പിന്റെ താഴെത്തട്ടിൽ പ്രവർത്തിക്കുന്നതും കർഷകരോട് നേരിട്ടിടപെടുന്ന കൃഷിഭവനുകളിൽ നിന്നും കൃഷിയെപ്പറ്റിയും വകുപ്പിനുകീഴിൽ നടപ്പാക്കുന്ന പദ്ധതികളിൽ നേരിട്ടിടപെടാനും പഠിക്കുവാനും പരിശീലനം ലഭിക്കുവാനുമാണ് യുവജനങ്ങൾക്കുവേണ്ടി ഈ പദ്ധതി ഉദ്ദേശിച്ചിരിക്കുന്നത്. കാർഷികോല്പാദന വർദ്ധനവിനായി ഈ വർഷം പദ്ധതി വിഹിതമായി 47366 ലക്ഷം രൂപയും വിപണി ഇടപെടലിനായി 7380 ലക്ഷം രൂപയും 2022 -23 സാമ്പത്തികവർഷത്തിൽ വകയിരുത്തിയിട്ടുണ്ട്.

(സി) കാർഷിക രംഗത്തേയ്ക്ക് പുതുതലമുറയെ ആകർഷിക്കുന്നതിന് എന്തൊക്കെ പദ്ധതികൾക്ക് തുടക്കം കുറിക്കാനുദ്ദേശിക്കുന്നു; വ്യക്തമാക്കുമോ?

സംസ്ഥാനത്ത് കാർഷിക മേഖലയിലേയ്ക്ക് പുതിയ തലമുറയെ ആകർഷിക്കുന്നതിന് നടപ്പിലാക്കിവരുന്ന പ്രധാന പദ്ധതികൾ താഴെപ്പറയുന്നവയാണ്:

**ഞങ്ങളും കൃഷിയിലേയ്ക്ക്**

യുവാക്കളെയുൾപ്പെടെ എല്ലാ ജനങ്ങളെയും കാർഷിക മേഖലയിലേയ്ക്ക് ആകർഷിക്കുകയെന്ന ലക്ഷ്യത്തോടെ നടപ്പിലാക്കുവാനുദ്ദേശിക്കുന്ന

കാമ്പയിനാണ് 'ഞങ്ങളും കൃഷിയിലേയ്ക്ക്'. കൃഷി വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ്, മറ്റു അനുബന്ധ വകുപ്പുകളുടെ ഏകോപനത്തിലൂടെയുമാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കിവരുന്നത്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി കേരളമൊട്ടാകെ കർഷക കൂട്ടായ്മകൾ മുഖേന വിവിധ വിളകൾ കൃഷി ചെയ്തുകൊണ്ട് കേരളത്തെ ഭക്ഷ്യ സ്വയംപര്യാപ്തയിലേയ്ക്ക് നയിക്കുന്നു. പ്രസ്തുത കാമ്പയിനിൽ യുവാക്കളെ ഉൾപ്പെടുത്തുവാൻ പ്രത്യേകം ശ്രദ്ധ കേന്ദ്രീകരിക്കുന്നുണ്ട്.

**ഫാം യന്ത്രവൽക്കരണം**

കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ രൂപീകരിച്ച് പ്രവർത്തിക്കുന്ന 107 അഗ്രോ സർവ്വീസ് സെന്ററുകളിലും 368 കാർഷിക കർമ്മസേനകളിലും വിദഗ്ധ പരിശീലനം ലഭിച്ച യുവകർഷക തൊഴിലാളികൾ യന്ത്രസാമഗ്രികളുടെ സഹായത്തോടെ ന്യായമായ നിരക്കിൽ കാർഷികവൃത്തികൾ ചെയ്തുകൊടുക്കുന്നു. ഇത്തരം സംഘങ്ങളിൽ അംഗമാകാനും ഇവരുടെ സേവനം ഉപയോഗിച്ച് കാർഷികവൃത്തി പരിപോഷിപ്പിക്കുന്നതിനും യുവതലമുറ താല്പര്യം പ്രകടിപ്പിക്കുന്നുണ്ട്. കാർഷിക യന്ത്രവൽകരണ മേഖലയിൽ ഏകജാലക സംവിധാനങ്ങളായ 20 കൃഷിശ്രീ സെന്ററുകൾ ആരംഭിക്കുവാനുദ്ദേശിക്കുന്നു.

കാർഷികരംഗത്തെ തൊഴിലാളിക്ഷാമം പരിഹരിക്കുകയെന്നതാണ് ഈ പദ്ധതികളുടെ പ്രധാന ലക്ഷ്യം. കൂടാതെ കാർഷിക മേഖലയിൽ യന്ത്രോപകരണങ്ങളുടെ ഉപയോഗം വ്യാപിപ്പിക്കുക, കാർഷിക മേഖലയ്ക്കാവശ്യമായ സഹായങ്ങളും സേവനങ്ങളും മിതമായ നിരക്കിൽ കർഷകർക്ക് നൽകുക, തൊഴിലാളി കുറവുമൂലം തരിശായികിടക്കുന്ന കൃഷിയിടങ്ങൾ കൃഷി യോഗ്യമാക്കുക, കാർഷിക മേഖലയിലെ ഉല്പാദനം, വിതരണം എന്നീ മേഖലകളിലിടപെടുക തുടങ്ങിയവയും ഈ പദ്ധതിയുടെ പ്രധാന പ്രവർത്തനങ്ങളിലുൾപ്പെടുന്നു.

**ഇന്റേൺഷിപ്പ് പരിപാടി**

വിദ്യാസമ്പന്നരായ പുതിയ തലമുറയിലെ അംഗങ്ങളെ കൃഷിയിലേയ്ക്ക് ആകർഷിക്കുന്നതിനും അവർക്ക് കൃഷി വകുപ്പിൽത്തന്നെ അവസരങ്ങളൊരുക്കുന്നതിനുമായി ഇന്റേൺഷിപ്പ് പരിപാടി നടപ്പിലാക്കുവാനുദ്ദേശിക്കുന്നു. കൃഷി വകുപ്പിന്റെ താഴെത്തട്ടിൽ പ്രവർത്തിക്കുന്നതും കർഷകരോട് നേരിട്ടിടപെടുന്ന കൃഷിഭവനുകളിൽ നിന്നും കൃഷിയെപ്പറ്റിയും വകുപ്പിനുകീഴിൽ നടപ്പാക്കുന്ന പദ്ധതികളിൽ നേരിട്ടിടപെടാനും പഠിക്കുവാനും പരിശീലനം ലഭിക്കുവാനുമാണ് യുവജനങ്ങൾക്കുവേണ്ടി ഈ പദ്ധതി ഉദ്ദേശിച്ചിരിക്കുന്നത്. കാർഷിക/ജൈവ

കൃഷിയിൽ അവസാനവർഷ വൊക്കേഷണൽ ഹയർ സെക്കണ്ടറി വിദ്യാർത്ഥികളെയും വി.എച്ച്.എസ്.ഇ. സർട്ടിഫിക്കറ്റുടമകളെയും ആറുമാസത്തേയ്ക്ക് ജോലിയിൽ ഏർപ്പെടുത്തുവാൻ ഈ സാമ്പത്തികവർഷം പ്രതിമാസം 2500/- രൂപ വീതം ആറുമാസത്തേയ്ക്ക് ഓണറേറിയം നൽകുന്നു.

**ഓണത്തിന് ഒരു മുറം പച്ചക്കറി ഉൾപ്പെടെയുള്ള വീട്ടുവളപ്പിലെ പച്ചക്കറി കൃഷി പ്രോത്സാഹനം**

വീട്ടുവളപ്പിൽ കൃഷി ചെയ്യാനായി സ്കൂൾ വിദ്യാർത്ഥികൾ മുഖേനയും കർഷകർ മുഖേനയും വിവിധയിനങ്ങളടങ്ങിയ പച്ചക്കറി വിത്തുകളും തൈകളും സൗജന്യമായി വിതരണം നടത്തിവരുന്നു. വിവിധയിനം പച്ചക്കറി വിത്തുകൾ അടങ്ങിയ 10/- രൂപയുടെ 50 ലക്ഷം പച്ചക്കറി വിത്ത് പായ്ക്കറ്റുകളും 2.50/- രൂപ വിലയുള്ള 150 ലക്ഷം പച്ചക്കറി തൈകളും വിദ്യാർത്ഥികൾക്കും കർഷകർക്കും യുവാക്കൾക്കും വീട്ടമ്മമാർക്കും വിവിധ സന്നദ്ധസംഘടനകൾക്കും മാധ്യമങ്ങൾക്കും സൗജന്യമായി വിതരണം ചെയ്തുവരുന്നു. ഓണത്തിന് വിഷരഹിതമായ പച്ചക്കറി വീട്ടുവളപ്പിൽനിന്നും തന്നെ ലഭ്യമാക്കാനുദ്ദേശിച്ചാണ് ഓണക്കാലത്ത് ഈ പദ്ധതി നടപ്പിലാക്കുന്നത്.

**ജൈവകൃഷിയും ഉത്തമ കൃഷിമുറകളും**

ജൈവ നിയന്ത്രണോപാധികളുടെ ഉല്പാദനം - ജൈവ കൃഷിയും ഉത്തമ കൃഷിമുറകളും അവലംബിക്കുന്നതിന്റെ ഭാഗമായി ജൈവ നിയന്ത്രണോപാധികളായ ട്രൈക്കോഡർമ, മൈക്കോറൈസ എന്നിവയുടെ പ്രാദേശിക ലഭ്യതയുറപ്പാക്കുന്നതിന് കർഷകരുടെ പുരയിടങ്ങളിൽത്തന്നെ വിദഗ്ധരുടെ മേൽനോട്ടത്തിൽ പ്രോജക്ടടിസ്ഥാനത്തിൽ ഇവയുടെ ഉല്പാദന യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള സഹായം നൽകിവരുന്നു. ഇത്തരം യൂണിറ്റുകൾ താല്പര്യമുള്ള യുവജനങ്ങൾക്ക് ഏറ്റെടുത്ത് ലാഭകരമായി നടത്താവുന്നതാണ്. ഇതിനാവശ്യമായ പരിശീലനം കൃഷിവകുപ്പ് മുഖാന്തരം നൽകുന്നു.

## പച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതിന് നടപടികൾ

73 (3431) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പച്ചക്കറികൃഷി വ്യാപിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

കേരളത്തിനാവശ്യമായ പച്ചക്കറികളും പഴവർഗ്ഗങ്ങളും പ്രാദേശികമായിത്തന്നെ ഉല്പാദിപ്പിക്കുക, തരിശുഭൂമി മുഴുവനായി കൃഷിയോഗ്യമാക്കുക, കാർഷിക മേഖലയിലേയ്ക്ക് യുവാക്കളെയും സ്ത്രീകളെയും

പ്രവാസികളെയും ആകർഷിക്കുക എന്നീ ലക്ഷ്യങ്ങളോടെ കൃഷി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതിയാണ് 'ഞങ്ങളും കൃഷിയിലേക്ക്'. ഈ പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു വാർഡിൽ കുറഞ്ഞത് ഒരു കൃഷിക്കൂട്ടം, 10000 ഹെക്ടർ സ്ഥലത്ത് ജൈവകൃഷി, 140 ഹരിത പോഷക കാർബൺ ന്യൂട്രൽ ഗ്രാമങ്ങൾ എന്നീ പ്രവർത്തനങ്ങളിൽ മുഖ്യമായി ഉൾപ്പെടുത്തിയിട്ടുള്ളത് പച്ചക്കറി കൃഷിയാണ്. ഒരു പുരയിടത്തിലെ സാദ്ധ്യമായ എല്ലാ ഉല്പാദന ഘടകങ്ങളെയും സമന്വയിപ്പിച്ചുകൊണ്ട് കൃഷിയിടാധിഷ്ഠിത ആസൂത്രണമെന്ന സമീപനം ഈ വർഷം മുതൽ നടപ്പിലാക്കുന്നു. 2022-23 സാമ്പത്തികവർഷത്തിൽ 10760 ഫാം പ്ലാൻ അധിഷ്ഠിത മാതൃകാത്തോട്ടങ്ങൾ സൃഷ്ടിക്കുന്നതിന് ലക്ഷ്യമിടുന്നു. പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയും പുരയിടകൃഷിയുടെ ഭാഗമായി പച്ചക്കറികൃഷി പ്രോത്സാഹിപ്പിക്കുന്നതിനും ലക്ഷ്യമിടുന്നുണ്ട്.

സംസ്ഥാനത്ത് പച്ചക്കറികൃഷി വ്യാപിപ്പിക്കുന്നതിന് ലക്ഷ്യമിട്ട് കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് നടപ്പിലാക്കിവരുന്ന ബൃഹത് പദ്ധതിയാണ് സമഗ്ര പച്ചക്കറി വികസന പദ്ധതി. പ്രസ്തുത പദ്ധതിയിൽ അന്യസംസ്ഥാനങ്ങളിൽനിന്നും വരുന്ന പച്ചക്കറികൾ ഒഴിവാക്കി സംസ്ഥാനത്തിനാവശ്യമായ പച്ചക്കറികൾ വ്യാവസായികാടിസ്ഥാനത്തിലും

വീട്ടുവളപ്പുകളിലും ഉല്പാദിപ്പിക്കുവാൻവേണ്ട ബോധവൽക്കരണവും ഉല്പാദന ഉപാധികളുടെ ലഭ്യതയും ഉറപ്പാക്കുവാൻ വേണ്ടിയുള്ള വിവിധ ഘടകങ്ങൾ വിഭാവനം ചെയ്ത് നടപ്പിലാക്കിവരുന്നു. പച്ചക്കറിയുല്പാദനം വർദ്ധിപ്പിക്കുന്നതിനും സ്വയം പര്യാപ്തതയിലേയ്ക്കെത്തുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് നടപ്പിലാക്കി വരുന്ന സമഗ്ര പച്ചക്കറി വികസന പദ്ധതി ഘടകങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

വീട്ടുവളപ്പിലെ കൃഷി പ്രോത്സാഹനം

വീട്ടുവളപ്പിലെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി സ്കൂൾ വിദ്യാർത്ഥികൾ മുഖേനയും കർഷകർ മുഖേനയും വിവിധയിനങ്ങളടങ്ങിയ പച്ചക്കറി വിത്തുകളും തൈകളും കർഷകർക്ക് സൗജന്യമായി വിതരണം നടത്തിവരുന്നു. വിവിധയിനം പച്ചക്കറി വിത്തുകളടങ്ങിയ 10/- രൂപയുടെ പച്ചക്കറി വിത്ത് പായ്ക്കറ്റുകളും 2.50/- രൂപ വിലയുള്ള പച്ചക്കറി തൈകളും വിദ്യാർത്ഥികൾക്കും കർഷകർക്കും വീട്ടമ്മമാർക്കും വിവിധ സന്നദ്ധസംഘടനകൾക്കും സൗജന്യമായി വിതരണം ചെയ്യുന്നു. ഓണത്തിന് വിഷരഹിതമായ പച്ചക്കറി വീട്ടുവളപ്പിൽനിന്നുതന്നെ ലഭ്യമാക്കാൻ ഉദ്ദേശിച്ചാണ് ഓണക്കാലത്ത് ഈ പദ്ധതി നടപ്പിലാക്കുന്നത്. കൂടാതെ

വീട്ടുവളപ്പിലെ പച്ചക്കറികൃഷിയുടെ പ്രോത്സാഹനത്തിനായി ദീർഘകാല പച്ചക്കറി വിളകളായ മുരിങ്ങ, അഗത്തി, കറിവേപ്പില തുടങ്ങിയവയുടെ 15/- രൂപ വിലവരുന്ന തൈകൾ സൗജന്യമായി കർഷകർക്ക് നൽകുന്നതിന് പദ്ധതിയിൽ വിഭാവനം ചെയ്യുന്നു.

സ്ഥലപരിമിതിമൂലം കൃഷി ചെയ്യാൻ സാധിക്കാത്തവർക്ക് ചെടിച്ചട്ടികളിലുള്ള കൃഷി, ലംബകൃഷി (വെർട്ടിക്കൽ ഫാമിംഗ്), ഹൈഡ്രോപോണിക്സ് കൃഷി തുടങ്ങിയ കൃഷിരീതികൾ പ്രോത്സാഹിപ്പിച്ചുവരുന്നു. ഇതിനായി മട്ടുപ്പാവ് കൃഷി ഘടകത്തിൽ ഒരു യൂണിറ്റിന് 2000/- രൂപ നിരക്കിൽ സബ്സിഡി നൽകുന്നതിന് ലക്ഷ്യമിടുന്നു.

വീട്ടുവളപ്പിലെ പച്ചക്കറികൃഷി പ്രോത്സാഹനത്തിനായി 1800 ലക്ഷം രൂപ ഈ സാമ്പത്തികവർഷത്തിൽ വകയിരുത്തിയിട്ടുണ്ട്.

<u>സ്ഥാപനങ്ങൾ വഴിയുള്ള പച്ചക്കറികൃഷി</u>:

സ്ഥാപനങ്ങളിൽ പച്ചക്കറികൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി സർക്കാർ/സർക്കാരിതര/സ്വകാര്യസ്ഥാപനങ്ങളിൽ പ്രോജക്റ്റടിസ്ഥാനത്തിൽ

പച്ചക്കറികൃഷിക്ക് ധനസഹായം നൽകിവരുന്നു. ഈ ഘടകത്തിൽ 200 ലക്ഷം രൂപ 2022-23 സാമ്പത്തികവർഷത്തിൽ വകയിരുത്തിയിട്ടുണ്ട്.

വ്യാവസായികാടിസ്ഥാനത്തിൽ പച്ചക്കറികൃഷി

വ്യാവസായികാടിസ്ഥാനത്തിൽ പച്ചക്കറി കൃഷി ചെയ്യുന്ന കർഷകരെ സഹായിക്കുന്നതിനായി 10 കർഷകരടങ്ങുന്ന ഒരു ക്ലസ്റ്റർ രൂപീകരിച്ച് 3 മുതൽ 5 വരെ ഹെക്ടറിൽ പച്ചക്കറി കൃഷി ചെയ്യുന്ന ക്ലസ്റ്റർ ഒന്നിന് പരമാവധി 1-1.25 ലക്ഷം രൂപ വരെ ധനസഹായം നൽകികൊണ്ടുള്ള പദ്ധതി ഘടകമാണിത്.

ക്ലസ്റ്ററുകളിൽ ഉൾപ്പെടാതെ കൃഷി ചെയ്യുന്ന കൃഷിക്കാർക്ക് സ്റ്റാഗേർഡ് ക്ലസ്റ്ററിൽ ഉൾപ്പെടുത്തി ഹെക്ടറൊന്നിന് പന്തൽ ആവശ്യമുള്ളതിന് 25,000/- രൂപയും പന്തൽ ആവശ്യമില്ലാത്തതിന് 20,000/- രൂപ വരെ ധനസഹായ നൽകുന്നു. ശീതകാല പച്ചക്കറിയിനങ്ങൾ കൃഷി ചെയ്യുന്നതിനായി ഹെക്ടറൊന്നിന് 30,000/- രൂപ ധനസഹായം നൽകുന്നു. പരമ്പരാഗത പച്ചക്കറി ഇനങ്ങളുടെ പ്രോത്സാഹനത്തിനായി ഹെക്ടറൊന്നിന് 10,000/- രൂപ അധിക ധനസഹായം നൽകുന്നതിന് വിഭാവനം ചെയ്തിട്ടുണ്ട്. സസ്യസംരക്ഷണ ഉപാധികൾ വാങ്ങുന്നതിന് യൂണിറ്റൊന്നിന് 1500/- രൂപ വരെയും സബ്സിഡി നൽകിവരുന്നു. 2022-23 സാമ്പത്തികവർഷത്തിൽ

പ്രസ്തുത ഘടകങ്ങൾ നടപ്പിലാക്കുന്നതിലേയ്ക്കായി 2500 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

<u>പച്ചക്കറികൃഷിക്ക് അടിസ്ഥാനസൗകര്യ വികസനം</u>

വേനൽക്കാലത്തും മഴക്കാലത്തും വിളകളെ സംരക്ഷിച്ച് പച്ചക്കറി കൃഷിചെയ്യുന്നതിനായി മഴമറയിലെ കൃഷി കർഷകർക്ക് ഏറെ സഹായകരമാണ്. മഴമറ കൃഷിരീതിയിലൂടെ വർഷത്തിലുടനീളം പച്ചക്കറികൃഷി സാദ്ധ്യമാക്കുന്നതിനും ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും സാധിക്കുന്നു. മഴമറകൾ സ്ഥാപിക്കുന്നതിനായി 100 സ്ക്വയർ മീറ്ററുള്ള ഒരു മഴമറയ്ക്ക് പരമാവധി 50,000/- രൂപ നിരക്കിൽ ധനസഹായം നൽകി വരുന്നു.

പമ്പ്സെറ്റും മറ്റു അനുബന്ധ ഘടകങ്ങളും വാങ്ങുന്നതിന് യൂണിറ്റൊന്നിന് 50 ശതമാനം സബ്സിഡി നിരക്കിൽ 10000/- രൂപ വരെ ധനസഹായം നൽകുന്നു.

പന്തൽ ഇനം പച്ചക്കറികൾ കൃഷി ചെയ്യുന്നതിന് സ്ഥായിയായ പന്തൽ നിർമ്മിക്കുന്നതിനായി 25 ശതമാനം സബ്സിഡി നിരക്കിൽ ഹെക്ടറിന് 2 ലക്ഷം രൂപ ധനസഹായം വിഭാവനം ചെയ്തിട്ടുണ്ട്.

ഇതിലേയ്ക്കായി 2022-23 സാമ്പത്തികവർഷത്തിൽ 1500 ലക്ഷം രൂപ പച്ചക്കറികൃഷിക്ക് അടിസ്ഥാനസൗകര്യ വികസനം പദ്ധതി ഘടകത്തിനായി വകയിരുത്തിയിട്ടുണ്ട്.

(ബി) ഓണം ലക്ഷ്യമാക്കി മാത്രമല്ലാതെ സ്ഥിരമായി എല്ലാ പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളിലും പച്ചക്കറികൃഷി പ്രോത്സാഹിപ്പിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്?

സംസ്ഥാനത്തെ എല്ലാ പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളിലും പച്ചക്കറികൃഷി പ്രോത്സാഹിപ്പിക്കുന്നതിനും വിദ്യാർത്ഥികളിൽ ബാല്യകാലത്തുതന്നെ കൃഷിസംസ്കാരവും അഭിരുചിയും വളർത്തിയെടുക്കുന്നതിന് കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന 'ഞങ്ങളും കൃഷിയിലേക്ക്' പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. വിദ്യാർത്ഥികളിൽ കൃഷിസംസ്കാരവും അഭിരുചിയും പ്രോത്സാഹിപ്പിക്കുന്നതിനായി സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ സ്ഥാപന അടിസ്ഥാനത്തിലുള്ള പച്ചക്കറികൃഷിയെന്ന ഘടകത്തിൽ ഉൾപ്പെടുത്തി സ്കൂൾ വളപ്പിൽ പ്രോജക്ടടിസ്ഥാനത്തിൽ പച്ചക്കറികൃഷി ചെയ്യുന്നതിന് ധനസഹായം നൽകിവരുന്നു. അദ്ധ്യാപകരുടെ

മേൽനോട്ടത്തിൽ ഇത്തരത്തിൽ പച്ചക്കറികൃഷി നടപ്പിലാക്കുന്നതിലൂടെ ഒരു കാർഷിക സംസ്കാരം വിദ്യാർത്ഥികളിൽ വളർത്തിയെടുക്കുവാനും വിഷരഹിത പച്ചക്കറിയുടെ പ്രാധാന്യം മനസ്സിലാക്കുന്നതിനും സാധ്യമാകുന്നു. ഇതുവഴി ആരോഗ്യമുള്ള തലമുറയെ വാർത്തെടുക്കുന്നതിനും കഴിയും.

(സി) സർക്കാർ സ്ഥാപനങ്ങളുടെയും മറ്റ് വകുപ്പുകളുടെയും സ്ഥലങ്ങളിൽ പൊതുജനങ്ങൾക്ക് പച്ചക്കറികൃഷി ചെയ്യാൻ താല്പര്യമുണ്ടെങ്കിൽ ആയതിന് അവസരം നൽകാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

സർക്കാർ സ്ഥാപനങ്ങളുടെയും മറ്റ് വകുപ്പുകളുടെയും സ്ഥലങ്ങളിൽ പൊതുജനങ്ങൾക്ക് നേരിട്ട് പച്ചക്കറികൃഷി ചെയ്യുന്നതിന് നിലവിൽ പദ്ധതികളില്ല. എന്നാൽ കൃഷി വകുപ്പ് നടപ്പിലാക്കിവരുന്ന സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ ഒരു മുഖ്യഘടകമായി ഉൾപ്പെടുത്തി സ്ഥാപനങ്ങളിൽ പച്ചക്കറികൃഷി നടപ്പിലാക്കിവരുന്നു. പ്രസ്തുത പദ്ധതി ഘടകത്തിലൂടെ സർക്കാർ/സർക്കാരിതര/സ്വകാര്യ സ്ഥാപനങ്ങളിൽ പ്രോജക്ടടിസ്ഥാനത്തിൽ പച്ചക്കറികൃഷിക്ക് ധനസഹായം നൽകിവരുന്നു. ഇതിലൂടെ സർക്കാർ/സർക്കാരിതര/സ്വകാര്യ സ്ഥാപനങ്ങളുടെ മേധാവികൾ

സമർപ്പിക്കുന്ന പ്രോജക്ടിന്റെ അടിസ്ഥാനത്തിൽ 2 ലക്ഷം രൂപ വരെ പച്ചക്കറികൃഷിക്ക് ധനസഹായം നൽകിവരുന്നു.

## ജൈവ വൈപ്പിൻ പദ്ധതി

74 (3432) ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിലെ കാർഷിക മേഖലയ്ക്കും മത്സ്യമേഖലയ്ക്കും ഉപകാരപ്രദമാവുമായിരുന്ന നബാർഡ് ആർ.ഐ.ഡി.എഫ്. XX-ൽ ഉൾപ്പെട്ട ജൈവ വൈപ്പിൻ പദ്ധതിയുടെ ദീർഘിപ്പിച്ച പൂർത്തീകരണ കാലാവധി എന്നാണ് അവസാനിച്ചത്?

നബാർഡ് RIDF XX-ന്റെ ദീർഘിപ്പിച്ച പൂർത്തീകരണ കാലാവധി 31-03-2022-ൽ അവസാനിച്ചു.

(ബി) ഈ പദ്ധതിക്ക് കേരള തീരദേശ പരിപാലന അതോറിറ്റിയുടെ സി.ആർ.ഇസഡ്. ക്ലിയറൻസ് എന്നാണ് ലഭ്യമായത്?

കേരള തീരദേശ പരിപാലന അതോറിറ്റിയുടെ 16-12-2021-ലെ 118-ാം നമ്പർ മീറ്റിംഗിലാണ് CRZ ക്ലിയറൻസ് ലഭ്യമായത്.

(സി) സി.ആർ.ഇസഡ്. ക്ലിയറൻസ് ലഭ്യമാകുന്നതിൽ കാലതാമസം നേരിട്ടിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ;

(ഡി) 05-06-2020-ന് കേരള തീരദേശ പരിപാലന അതോറിറ്റിക്ക് മുമ്പാകെ പാരിസ്ഥിതികാനുമതിക്കാവശ്യമായ റിപ്പോർട്ടുകൾ അവതരിപ്പിക്കപ്പെട്ടിട്ടും തുടർനടപടികൾ സമയബന്ധിതമായി സ്വീകരിക്കുന്നതിന് കാലതാമസം നേരിട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കാമോ?

(സി&ഡി) ജൈവ വൈപ്പിൻ പദ്ധതിയിലുൾപ്പെട്ട വീരംപുഴയുടെയും 9 അനുബന്ധ തോടുകളുടെയും എക്കൽ മാറ്റി ആഴം കൂട്ടുന്ന പദ്ധതിയുടെ ടെണ്ടറിംഗ് നടപടിക്രമങ്ങൾ പൂർത്തിയാക്കി പ്രവൃത്തികൾ പുരോഗമിക്കവേ സ്ഥലവാസികളായ രണ്ടുപേർ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുകയും ഇവരുടെ പരാതിയുടെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട ഫോർട്ട് കൊച്ചി സബ് കളക്ടറുടെ നടപടിക്രമത്തിലൂടെ വീരംപുഴയുടെ എക്കൽ മാറ്റുന്ന പ്രവൃത്തി നിർത്തിവയ്ക്കുവാൻ 09-05-2016-ൽ സ്റ്റോപ്പ് മെമ്മോ ലഭിക്കുകയുണ്ടായി. ആയതിന്മേൽ പ്രവൃത്തികൾ തുടർന്നുകൊണ്ടുപോകുന്നതിനുള്ള അനുമതി ആവശ്യപ്പെട്ടുകൊണ്ട് 31-05-2016-ൽ KCZMA-യ്ക്ക് കത്ത് നൽകിയിരുന്നു.

16-05-2017-ൽ National Centre For Earth Science Studies (NCESS) മുഖാന്തരം പാരിസ്ഥിതികാനുമതി ലഭ്യമാക്കുന്നതിലേയ്ക്കായുള്ള

പഠനം നടത്തുകയും 25-01-2018-ൽ സ്റ്റാറ്റസ് റിപ്പോർട്ടുകൾ, മാപ്പുകൾ എന്നിവയടങ്ങിയ റിപ്പോർട്ട് ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ KCZMA-യെ ബന്ധപ്പെടുകയും KCZMA-യുടെ 09-05-2019-ലെ മീറ്റിംഗ് മിനിട്ട്സുപ്രകാരം Environmental Impact Assessment (EIA), EMP പഠനങ്ങൾ KITCO മുഖാന്തരം നടത്തി State Environmental Impact Assessment Authority (SEIAA) മുമ്പിൽ അവതരിപ്പിച്ച് അനുമതി നേടിയിരുന്നു. എന്നാൽ പാരിസ്ഥിതികാനുമതി നേടാനാവാത്തതിനാൽ ഈ പദ്ധതി ഡ്രോപ് ചെയ്യുവാൻ ബഹുമാനപ്പെട്ട ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 19-02-2020-ൽ കൂടിയ ഉന്നതതല യോഗത്തിൽ തീരുമാനിച്ചിരുന്നു. ഇതിനിടെ Kerala Coastal Zone Management Authority-യുടെ നടപടിക്രമങ്ങൾ KITCO മുഖാന്തരം കെ.എൽ.ഡി.സി. തുടരുകയും 16-12-2021-ൽ നടന്ന KCZMA-യുടെ 118-ാമത് മീറ്റിംഗിന്റെ മിനിറ്റ്സുപ്രകാരം ചില നിബന്ധനകൾക്ക് വിധേയമായി പ്രവൃത്തികൾ പുനഃരാരംഭിക്കുന്നതിനുള്ള അനുമതി ലഭിക്കുകയും ചെയ്തിട്ടുണ്ട്.

(ഇ) 36 കോടി രൂപയുടെ പ്രസ്തുത പദ്ധതി നഷ്ടപ്പെടുവാനുള്ള കാരണം സംബന്ധിച്ച് എന്തെങ്കിലും തരത്തിലുള്ള അന്വേഷണം നടത്തിയിട്ടുണ്ടോ;

(എഫ്) ഇല്ലെങ്കിൽ വൈപ്പിൻ കരയെന്ന ദ്വീപ് മണ്ഡത്തിലെ മത്സ്യത്തൊഴിലാളികളടക്കമുള്ള സാധാരണ ജനവിഭാഗം അനുഭവിച്ചുകൊണ്ടിരിക്കുന്ന ബുദ്ധിമുട്ടുകൾ പരിഗണിച്ച് ടി പദ്ധതി നഷ്ടമായത് സംബന്ധിച്ച് അന്വേഷണം നടത്തി ഉത്തരവാദികളായവർക്കെതിരെ നടപടി സ്വീകരിക്കുമോ?

(ഇ&എഫ്) RIDF XX-ൽ ഉൾപ്പെട്ട പദ്ധതികളുടെ നിർവ്വഹണ കാലാവധി 31-03-2022-ൽ NABARD അവസാനിപ്പിച്ചതിനാൽ ടി പ്രവൃത്തി പുനഃരാരംഭിക്കാൻ സാധിക്കാത്ത സാഹചര്യമാണ് നിലവിലുള്ളത്.

## സ്മാർട്ട് കൃഷിഭവൻ പദ്ധതി

75 (3433) ശ്രീ വി ശശി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർ.ഐ.ഡി.എഫ്. ഉപയോഗപ്പെടുത്തി സ്മാർട്ട് കൃഷിഭവൻ പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

ആർ.ഐ.ഡി.എഫ്. ട്രാഞ്ചെ XXVII-ൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ തെരഞ്ഞെടുത്ത 14 കൃഷിഭവനുകൾ സ്മാർട്ട് കൃഷിഭവനുകളാക്കുന്ന പദ്ധതിക്ക് 31.5 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) എങ്കിൽ പദ്ധതിയുടെ ലക്ഷ്യവും അതിലുൾപ്പെടുത്തിയിട്ടുള്ള വികസനപ്രവർത്തനങ്ങളും അവയ്ക്കായി അനുവദിക്കുന്ന തുകയും വിശദീകരിക്കാമോ?

ജില്ലയിൽ ഒരു കൃഷിഭവനെന്ന നിലയിൽ 14 കൃഷിഭവനുകൾക്ക് മെച്ചപ്പെട്ട അടിസ്ഥാനസൗകര്യവികസനം നൽകുക, കടലാസുരഹിത ഓഫീസുകളാക്കി ഇ-ഫയലിംഗ് സംവിധാനമേർപ്പെടുത്തുക, കൃഷി സംബന്ധമായി പഞ്ചായത്തുകളിലെ വിഭവ-വിവര സമാഹരണവും അടിസ്ഥാനവിവരങ്ങളുടെ ഡിജിറ്റലൈസേഷനും നടപ്പിലാക്കുക, കർഷകരുടെയും ബന്ധപ്പെട്ട വിളകളുടെയും അടിസ്ഥാന വിവരസമാഹരണം നടത്തി അവ ഓൺലൈനിൽ ലഭ്യമാക്കുക, കർഷകർക്ക് മൊബൈൽ ആപ്ലിക്കേഷൻ, വെബ് ഇന്റർഫെയ്സ് എന്നിവയിലൂടെ ഓൺലൈൻ സർവ്വീസുകൾ ലഭ്യമാക്കുക, കർഷകരുടെ ആവശ്യങ്ങൾക്ക് യഥാസമയത്തിലും ദ്രുതഗതിയിലുമുള്ള സേവനങ്ങൾ ലഭ്യമാക്കുക, പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകളെ പരിപോഷിപ്പിക്കുകയും മെച്ചപ്പെടുത്തുകയും ചെയ്യുക എന്നിവയാണ് പ്രസ്തുത പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ. 14 സ്മാർട്ട് കൃഷി ഭവൻ പദ്ധതിയിലെ വികസന പ്രവർത്തനങ്ങളുടെ വിശദാംശങ്ങളും അനുവദിച്ച തുകയും അനുബന്ധമായി ചേർക്കുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## പച്ചക്കറി ഉല്പാദനത്തിൽ സ്വയംപര്യാപ്തത

76 (3434) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് മുൻ സർക്കാരിന്റെയും (2016-21) ഈ സർക്കാരിന്റെയും കാലയളവുകളിൽ പച്ചക്കറിയുല്പാദനത്തിൽ സ്വയംപര്യാപ്തത നേടുന്നതിന് സ്വീകരിച്ച നടപടികളിന്മേലുള്ള പുരോഗതി വിശദമാക്കാമോ?

പച്ചക്കറിയുല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് ലക്ഷ്യമിട്ട് മുൻ സർക്കാരിന്റെയും (2016-21) ഈ സർക്കാരിന്റെയും കാലയളവുകളിൽ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് വിഭാവനം ചെയ്തിട്ടുള്ള ബൃഹത് പദ്ധതിയാണ് 'സമഗ്ര പച്ചക്കറി വികസന പദ്ധതി'. പ്രസ്തുത പദ്ധതിയിൽ അന്യസംസ്ഥാനങ്ങളിൽനിന്നും വരുന്ന പച്ചക്കറികൾ ഒഴിവാക്കി സംസ്ഥാനത്തിനാവശ്യമായ പച്ചക്കറികൾ വ്യാവസായികാടിസ്ഥാനത്തിലും വീട്ടുവളപ്പുകളിലും ഉല്പാദിപ്പിക്കുവാൻ വേണ്ട ബോധവൽക്കരണവും ഉല്പാദനോപാധികളുടെ ലഭ്യതയും ഉറപ്പാക്കുവാൻ വേണ്ടിയുള്ള വിവിധ ഘടകങ്ങൾ വിഭാവനം ചെയ്ത്

നടപ്പിലാക്കിവരുന്നു. സമഗ്ര പച്ചക്കറി വികസന പദ്ധതി ഘടകങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

<u>വീട്ടുവളപ്പിലെ കൃഷി പ്രോത്സാഹനം:</u>

വീട്ടുവളപ്പിലെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി സ്കൂൾ വിദ്യാർത്ഥികൾ മുഖേനയും കർഷകർ മുഖേനയും വിവിധയിനങ്ങളടങ്ങിയ പച്ചക്കറി വിത്തുകളും തൈകളും കർഷകർക്ക് സൗജന്യമായി വിതരണം നടത്തിവരുന്നു. വിവിധയിനം പച്ചക്കറി വിത്തുകൾ അടങ്ങിയ 10/- രൂപയുടെ പച്ചക്കറി വിത്ത് പായ്ക്കറ്റുകളും 2.50/- രൂപ വിലയുള്ള പച്ചക്കറി തൈകളും വിദ്യാർത്ഥികൾക്കും കർഷകർക്കും വീട്ടമ്മമാർക്കും വിവിധ സന്നദ്ധസംഘടനകൾക്കും സൗജന്യമായി വിതരണം ചെയ്യുന്നു. ഓണത്തിന് വിഷരഹിതമായ പച്ചക്കറി വീട്ടുവളപ്പിൽനിന്നുതന്നെ ലഭ്യമാക്കാനുദ്ദേശിച്ചാണ് ഓണക്കാലത്ത് ഈ പദ്ധതി നടപ്പിലാക്കുന്നത്. കൂടാതെ വീട്ടുവളപ്പിലെ പച്ചക്കറികൃഷിയുടെ പ്രോത്സാഹനത്തിനായി ദീർഘകാല പച്ചക്കറി വിളകളായ മുരിങ്ങ, അഗത്തി, കറിവേപ്പില തുടങ്ങിയവയുടെ 15/- രൂപ വിലവരുന്ന തൈകൾ സൗജന്യമായി കർഷകർക്ക് നൽകുന്നതിനതിന് പദ്ധതിയിൽ വിഭാവനം ചെയ്യുന്നു.

സ്ഥലപരിമിതിമൂലം കൃഷി ചെയ്യാൻ സാധിക്കാത്തവർക്ക് ചെടിച്ചട്ടികളിലുള്ള കൃഷി, ലംബകൃഷി (വെർട്ടിക്കൽ ഫാമിംഗ്), ഹൈഡ്രോപോണിക്സ് കൃഷി തുടങ്ങിയ കൃഷിരീതികൾ പ്രോത്സാഹിപ്പിച്ചുവരുന്നു. ഇതിനായി മട്ടുപ്പാവ് കൃഷിയെന്ന ഘടകത്തിൽ ഒരു യൂണിറ്റിന് 2000/- രൂപ എന്ന നിരക്കിൽ സബ്സ്ഡി നൽകുന്നതിന് ലക്ഷ്യമിടുന്നു.

<u>സ്ഥാപനങ്ങൾ വഴിയുള്ള പച്ചക്കറികൃഷി</u>:

സ്ഥാപനങ്ങളിൽ പച്ചക്കറികൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി സർക്കാർ/സർക്കാരിതര/സ്വകാര്യ സ്ഥാപനങ്ങളിൽ പ്രോജക്ട് അടിസ്ഥാനത്തിൽ പച്ചക്കറി കൃഷിക്ക് ധനസഹായം നൽകിവരുന്നു.

<u>വ്യാവസായികാടിസ്ഥാനത്തിൽ പച്ചക്കറികൃഷി</u>:

വ്യാവസായികാടിസ്ഥാനത്തിൽ പച്ചക്കറികൃഷി ചെയ്യുന്ന കർഷകരെ സഹായിക്കുന്നതിനായി 10 കർഷകരടങ്ങുന്ന ഒരു ക്ലസ്റ്റർ രൂപീകരിച്ച് 3 മുതൽ 5 വരെ ഹെക്ടറിൽ പച്ചക്കറി കൃഷി ചെയ്യുന്ന ക്ലസ്റ്റർ ഒന്നിന് പരമാവധി 1-1.25 ലക്ഷം രൂപ വരെ ധനസഹായം നൽകികൊണ്ടുള്ള പദ്ധതി ഘടകമാണിത്.

ക്ലസ്റ്ററുകളിൽ ഉൾപ്പെടാതെ കൃഷി ചെയ്യുന്ന കൃഷിക്കാർക്ക് സ്റ്റാഗേർഡ് ക്ലസ്റ്ററിൽ ഉൾപ്പെടുത്തി ഹെക്ടറൊന്നിന് പന്തൽ ആവശ്യമുള്ളതിന് 25,000/- രൂപയും പന്തൽ ആവശ്യമില്ലത്തതിന് 20,000/- രൂപ വരെ ധനസഹായം നൽകുന്നു.

ശീതകാല പച്ചക്കറിയിനങ്ങൾ കൃഷി ചെയ്യുന്നതിനായി ഹെക്ടറൊന്നിന് 30,000/- രൂപ ധനസഹായം നൽകുന്നു. പരമ്പരാഗത പച്ചക്കറിയിനങ്ങളുടെ പ്രോത്സാഹനത്തിനായി ഹെക്ടറൊന്നിന് 10,000/- രൂപ അധിക ധനസഹായം നൽകുന്നതിന് വിഭാവനം ചെയ്തിട്ടുണ്ട്. സസ്യസംരക്ഷണോപാധികൾ വാങ്ങുന്നതിന് യൂണിറ്റൊന്നിന് 1500/- രൂപ വരെയും സബ്സിഡി നൽകിവരുന്നു.

<u>പച്ചക്കറികൃഷിക്ക് അടിസ്ഥാനസൗകര്യ വികസനം</u>:

വേനൽക്കാലത്തും മഴക്കാലത്തും വിളകളെ സംരക്ഷിച്ച് പച്ചക്കറി കൃഷിചെയ്യുന്നതിനായി മഴമറയിലെ കൃഷി കർഷകർക്ക് ഏറെ സഹായകരമാണ്. മഴമറ കൃഷിരീതിയിലൂടെ വർഷത്തിലുടനീളം പച്ചക്കറി കൃഷി സാധ്യമാക്കുന്നതിനും ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും സാധിക്കുന്നു. മഴമറകൾ സ്ഥാപിക്കുന്നതിനായി 100 സ്ക്വയർ മീറ്ററുള്ള ഒരു മഴമറയ്ക്ക് പരമാവധി 50,000/- രൂപ നിരക്കിൽ ധനസഹായം നൽകിവരുന്നു.

പമ്പ്സെറ്റും മറ്റു അനുബന്ധ ഘടകങ്ങളും വാങ്ങുന്നതിന് യൂണിറ്റൊന്നിന് 50 ശതമാനം സബ്സിഡി നിരക്കിൽ 10000/- രൂപ വരെ ധനസഹായം നൽകുന്നു.

പന്തൽ ഇനം പച്ചക്കറികൾ കൃഷി ചെയ്യുന്നതിന് സ്ഥായിയായ പന്തൽ നിർമ്മിക്കുന്നതിനായി 25 ശതമാനം സബ്സിഡി നിരക്കിൽ ഹെക്ടറിന് 2 ലക്ഷം രൂപ ധനസഹായം വിഭാവനം ചെയ്തിട്ടുണ്ട്.

പ്രസ്തുത ഘടകങ്ങൾ നടപ്പിലാക്കുന്നത് വഴിയും മുൻ സർക്കാരിന്റെയും (2016-21) ഈ സർക്കാരിന്റെയും ലക്ഷ്യബോധത്തോടെയുള്ള ഇടപെടലിന്റെ ഫലമായി കഴിഞ്ഞ അഞ്ചുവർഷംകൊണ്ട് പച്ചക്കറിയുല്പാദനം വർദ്ധിപ്പിക്കുന്നതിന് സാധിച്ചിട്ടുണ്ട്. സംസ്ഥാനത്ത് 2016-17 വർഷത്തിൽ 0.52829 ലക്ഷം ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്യുകയും 7.25 ലക്ഷം മെട്രിക് ടൺ പച്ചക്കറി ഉല്പാദിപ്പിക്കുവാനും സാധിച്ചു. 2017-18 വർഷത്തിൽ പച്ചക്കറി വിസ്തൃതി 0.69047 ലക്ഷം ഹെക്ടറായി ഉയർത്താനും 10.01 ലക്ഷം മെട്രിക് ടൺ പച്ചക്കറി ഉല്പാദിപ്പിക്കുവാനും കഴിഞ്ഞു. 2018-19 ആയപ്പോഴേക്കും പച്ചക്കറിവിസ്തൃതി 0.82166 ലക്ഷം ഹെക്ടറും ഉല്പാദനം 12.12 ലക്ഷം മെട്രിക് ടണ്ണായി വർദ്ധിപ്പിക്കുവാനും സാധിച്ചു. 2019-20 വർഷത്തിൽ പച്ചക്കറിവിസ്തൃതി 0.96313 ലക്ഷം ഹെക്ടറായി

വർദ്ധിക്കുകയും ഉല്പാദനം 14.93 ലക്ഷം മെട്രിക് ടണ്ണായി ഉയർത്തുന്നതിനും സാധിച്ചു. 2020-21 വർഷത്തിൽ സംസ്ഥാനത്തെ പച്ചക്കറികൃഷിയുടെ വിസ്തൃതി 1.02 ലക്ഷം ഹെക്ടറായി വ്യാപിപ്പിക്കുവാനും ഉല്പാദനം 15.7 ലക്ഷം മെട്രിക് ടണ്ണായി വർദ്ധിപ്പിക്കുന്നതിനും സാധിച്ചിട്ടുണ്ട്. 2021-22 സാമ്പത്തികവർഷത്തിൽ പച്ചക്കറികൃഷിയുടെ വിസ്തൃതി 1.08 ലക്ഷം ഹെക്ടറായി വർദ്ധിപ്പിക്കുയും ഉല്പാദനം 16.01 ലക്ഷം മെട്രിക് ടണ്ണായി ഉയർത്തുന്നതിനും സാധിച്ചിട്ടുണ്ട്.

## ആർ.ഐ.ഡി.എഫ്. ആലത്തൂർ മണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തികൾ

77 (3435) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർ.ഐ.ഡി.എഫ്. - XXIII, XXIV, XXV എന്നിവയിൽ ഉൾപ്പെടുത്തി ആലത്തൂർ മണ്ഡലത്തിലനുവദിച്ച പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കുമോ?

ആലത്തൂർ നിയോജകമണ്ഡലത്തിൽ മണ്ണ് പര്യവേക്ഷണ-മണ്ണ് സംരക്ഷണ വകുപ്പുമുഖേന നബാർഡ് ആർ.ഐ.ഡി.എഫ് - XXV-ൽ ഉൾപ്പെടുത്തി കിഴക്കഞ്ചേരി പഞ്ചായത്തിലെ 554.7 ഹെക്ടർ പ്രദേശം

സംരക്ഷിക്കുന്നതിനായി 49.1 ലക്ഷം രൂപയുടെ പിട്ടുകാരിക്കുളമ്പ് നീർത്തട പദ്ധതി (2020-23) നടപ്പാക്കിവരുന്നു.

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

പിട്ടുകാരിക്കുളമ്പ് നീർത്തട പദ്ധതിയിൽ മൺകയ്യാല, ടെറസ്സ്, മൺകുളം, കോണ്ടൂർ ട്രെഞ്ച്, കല്ല് കയ്യാല, റൂഫ് വാട്ടർ ഹാർവെസ്റ്റിംഗ് സ്ട്രക്ചർ, ഫലവൃക്ഷത്തൈ നടീൽ, പുല്ല് വച്ചുപിടിപ്പിക്കൽ എന്നീ പ്രവൃത്തികൾ നടപ്പാക്കിവരുന്നു. നിലവിൽ 35.645 ലക്ഷം രൂപ ചെലവഴിച്ച് 360 ഹെക്ടർ പ്രദേശം സംരക്ഷിച്ചിട്ടുണ്ട്.

<u>പാഴ്ഭൂമിയിലും തരിശുഭൂമിയിലും ഭക്ഷ്യവിളകൾ കൃഷി ചെയ്യുന്നതിന് പദ്ധതി</u>

78 (3436) <u>ശ്രീമതി ഉമ തോമസ്</u>:
<u>ശ്രീ. സി. ആർ. മഹേഷ്</u>:
<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>:
<u>ശ്രീ. അൻവർ സാദത്ത്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യവിളകളിൽനിന്നും ഭക്ഷ്യേതര വിളകളിലേയ്ക്ക് മാറിയതിനാലും കാർഷികേതര ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന കൃഷിഭൂമിയുടെ വിസ്തൃതി വർദ്ധിച്ചതിനാലും സംസ്ഥാനത്തെ കാർഷിക മേഖലയിലുണ്ടായിട്ടുള്ളതായി പറയപ്പെടുന്ന പ്രതിസന്ധി

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിലിത് ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദാംശം നൽകുമോ?

ഭക്ഷ്യവിളകളിൽനിന്നും ഭക്ഷ്യേതര വിളകളിലേയ്ക്ക് മാറിയതിനാലും കാർഷികേതര ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന കൃഷിഭൂമിയുടെ വിസ്തൃതി വർദ്ധിച്ചതിനാലും സംസ്ഥാനത്തെ കാർഷിക മേഖലയിലുണ്ടായിട്ടുള്ള പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് ഗൗരവത്തോടെ വീക്ഷിച്ചുകൊണ്ട് സംസ്ഥാന കൃഷി വകുപ്പ് 2022-23 സാമ്പത്തികവർഷം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. വിളകളുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനാവശ്യമായ എല്ലാ ഇടപെടലുകളും നടത്തുകയെന്ന വികസന സമീപനമാണ് സർക്കാർ ലക്ഷ്യം വയ്ക്കുന്നത്.

നമ്മുടെ ഭക്ഷ്യ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി മറ്റ് സംസ്ഥാനങ്ങളെ അമിതമായി ആശ്രയിക്കുന്നതിന്റെ പ്രശ്നത്തെക്കുറിച്ച് കോവിഡ്-19 മഹാമാരി നമ്മളെ ബോധവാന്മാരാക്കി. കോവിഡ് മഹാമാരിയുടെ ആഘാതത്തിൽ ബുദ്ധിമുട്ടനുഭവിക്കുന്ന കർഷകർക്ക് ഒരു കൈത്താങ്ങായും ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുന്നതിനുമാണ് സംസ്ഥാന സർക്കാർ 'സുഭിക്ഷ കേരളം' പദ്ധതി 2020-21 സാമ്പത്തികവർഷത്തിലും

2021-22 സാമ്പത്തികവർഷത്തിലും നടപ്പിലാക്കിയത്. കാർഷിക മേഖലയിൽ തരിശുനില കൃഷി, പച്ചക്കറികൃഷിയിൽ മഴമറകളുടെ പ്രോത്സാഹനം, സംയോജിതകൃഷി സംവിധാനങ്ങളുടെ (ജൈവഗൃഹം) പ്രോൽസാഹനം, ഒരു കോടി ഫലവൃക്ഷതൈകൾ നട്ടുവളർത്തൽ, വായ്പാ സൗകര്യം ലഭ്യമാക്കൽ എന്നിവ കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കി.

ഈ സാമ്പത്തികവർഷത്തിൽ സംസ്ഥാനത്തെ ഓരോ വ്യക്തിയെയും കൃഷിയിലേയ്ക്ക് ആകർഷിക്കുവാനും സ്വന്തമായി കൃഷി ചെയ്യുന്നതിന് പ്രേരണ നൽകുന്നതിനും അതുവഴി കാർഷികമേഖലയിൽ ജനകീയ മുന്നേറ്റം സൃഷ്ടിക്കുകയെന്ന ലക്ഷ്യത്തോടെ 'ഞങ്ങളും കൃഷിയിലേയ്ക്ക്' എന്ന പരിപാടി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. കൂടാതെ 'ഞങ്ങളും കൃഷിയിലേക്ക്' എന്ന പദ്ധതിയിലൂടെ 10000 കൃഷിക്കൂട്ടങ്ങൾ/കർഷക ഗ്രൂപ്പുകൾ, 10000 ഹെക്ടറിൽ ജൈവകൃഷി വിസ്തൃതി വർദ്ധന, കൃഷി മൂല്യവർദ്ധന സംരംഭങ്ങൾ, 140 ഹരിത പോഷക കാർബൺ തുലിത ഗ്രാമങ്ങൾ എന്നീ പദ്ധതികളിൽ എത്തിച്ചേരുന്നതിനുമാണ് ലക്ഷ്യമിടുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായും മറ്റ് കൃഷിയനുബന്ധ വകുപ്പുകളുമായും ഏകോപിപ്പിച്ചാണ് കാമ്പയിൻ നടപ്പിലാക്കുന്നത്.

കാർഷികേതരയാവശ്യങ്ങൾക്കുള്ള ഭൂവിനിയോഗ വർദ്ധനവ് തടയാൻ നെൽവയൽ-തണ്ണീർത്തട നിയമം നടപ്പാക്കുന്നതിന് നടപടി കൃഷി വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. കാർഷികേതരയാവശ്യങ്ങൾക്ക് നെൽവയലുകൾ ഉപയോഗിക്കുന്നതിന്റെ പ്രവണത കുറയ്ക്കുന്നതിനും നെൽകൃഷി നിലനിർത്തുന്നതിനും നെൽവയലുകളുടെ ഉടമസ്ഥർക്ക് ഹെക്ടറിന് 2000/- രൂപ നിരക്കിൽ റോയൽറ്റി നൽകിവരുന്നു. നിലവിൽ റോയൽറ്റി ഹെക്ടറിന് 3000/- രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ഭക്ഷ്യേതരവിളകളുടെ കൂടെ ഭക്ഷ്യവിളകളും കൃഷി ചെയ്യുന്നതിനുവേണ്ടി തോട്ട മേഖലയിൽ ഇടവിള കൃഷിക്ക് പ്രോത്സാഹനം നൽകുവാനുദ്ദേശിക്കുന്നു.

(ബി) ഭൂവിനിയോഗത്തിലും വിളക്രമത്തിലും വന്ന മാറ്റങ്ങൾ സംസ്ഥാനത്തിന്റെ ഭക്ഷ്യസുരക്ഷയ്ക്ക് വെല്ലുവിളിയുയർത്തുന്ന സാഹചര്യത്തിൽ ആയത് പരിഹരിക്കുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് കാർഷികോല്പാദനം വർദ്ധിപ്പിക്കുവാനും ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിനും സുസ്ഥിരവികസന ലക്ഷ്യങ്ങൾ നേടുന്നതിനുവേണ്ടിയും ഉല്പാദനം, ഉല്പാദനക്ഷമത എന്നീ മേഖലകളിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിച്ചിട്ടുണ്ട്. കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുകയെന്ന ലക്ഷ്യം

നേടുന്നതിനായി വിപണി വിപുലീകരണത്തിനും മൂല്യവർദ്ധിതോല്പന്നങ്ങളുടെ വ്യാപനത്തിനും ന്യായവില ലഭ്യമാക്കുന്നതിന് വിവിധ ക്രമീകരണങ്ങളാണ് സംസ്ഥാന കൃഷി വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നത്.

കേരളത്തിലെ മണ്ണിന്റെയും ഭൂപ്രകൃതിയുടെയും പാരിസ്ഥിതികമായ പ്രത്യേകതകളുടെയും അടിസ്ഥാനത്തിൽ വിവിധ കാർഷികമേഖലകളായി തിരിച്ച് ഓരോ മേഖലയിലും ഏറ്റവുമനുയോജ്യമായ കൃഷി രീതികളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ട്. ഇതുപ്രകാരം കേരളത്തിലെ കാർഷിക മേഖലയെ കാലാവസ്ഥ, ഭൂപ്രകൃതി, ഭൂവിനിയോഗം, മണ്ണിന്റെ വൈവിദ്ധ്യം എന്നിവയെ അടിസ്ഥാനമാക്കി 5 അഗ്രോ ഇക്കോളജിക്കൽ സോൺ അഥവാ AEZ (കാർഷിക പാരിസ്ഥിതിക മേഖല) ആയി വിഭജിച്ചിട്ടുണ്ട്. കേരള സംസ്ഥാന ആസൂത്രണ ബോർഡിന്റെ 2015-ലെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മേല്പറഞ്ഞ സോണുകളെ മണ്ണ്, കാലാവസ്ഥ, ഭൂപ്രകൃതി, കൃഷി സമ്പ്രദായം മുതലായവ അടിസ്ഥാനമാക്കി 23 അഗ്രോ ഇക്കോളജിക്കൽ യൂണിറ്റുകളായി വിഭജിച്ചിട്ടുണ്ട്. ഓരോ കാലാവസ്ഥയ്ക്കും മണ്ണിനുമനുയോജ്യമായ വിളകൾക്കാണ് അഗ്രോ ഇകോളജിക്കൽ യൂണിറ്റിൽ പദ്ധതികൾ ആസൂത്രണം ചെയ്യുന്നത്. നിലവിൽ കാർഷിക വികസന കർഷക ക്ഷേമ

വകുപ്പ് നടപ്പിലാക്കുന്ന വിള അടിസ്ഥാനമായുള്ള എല്ലാ പദ്ധതികളും അഗ്രോ എക്കോളജിക്കൽ സോൺ അടിസ്ഥാനമാക്കിയാണ്.

കാർഷികവൃത്തി ആകർഷകമായ വരുമാനമാർഗ്ഗമാക്കി മാറ്റി നമ്മുടെ സമ്പദ്‌വ്യവസ്ഥയുടെയും ഭക്ഷ്യസുരക്ഷയുടെയും മുഖ്യഘടകമാക്കി മാറ്റുന്നതിന് ദീർഘകാലാടിസ്ഥാനത്തിലുള്ള പദ്ധതികൾ കാർഷിക വികസന കർഷക ക്ഷേമ വകുപ്പുമുഖേന നടപ്പിലാക്കിവരുന്നു. ഇവ കൂടാതെ പല നൂതന പദ്ധതികളും കൃഷി വകുപ്പ് ആവിഷ്ക്കരിച്ച് നടപ്പിലാക്കാനുദ്ദേശിക്കുന്നുണ്ട്. കർഷകരുടെ വരുമാനം, ഉല്പാദന സുസ്ഥിരത, ഭക്ഷ്യസുരക്ഷ, പരിസ്ഥിതി സംരക്ഷണം എന്നിവ മെച്ചപ്പെടുത്തുന്നതിന് ഇപ്പോൾ പിന്തുടരുന്ന വിള-കേന്ദ്രീകൃത സമീപനത്തിന്റെ അപര്യാപ്തത കണക്കിലെടുത്തുകൊണ്ട് ലഭ്യമായ വിഭവങ്ങൾ സുസ്ഥിരമായ രീതിയിൽ കാര്യക്ഷമമായും വിവേചനാപരവുമായി ഉപയോഗിക്കുന്നതിനും ഉറപ്പായ വരുമാനം കർഷകർക്ക് ലഭിക്കുന്നതിനുമായി വിള അടിസ്ഥാനമാക്കിയുള്ള വികസനത്തിൽനിന്നും കൃഷിയിടാധിഷ്ഠിത (ഫാം പ്ലാൻ) വികസന സമീപനത്തിന് ഈ വർഷം തുടക്കമിടുന്നു. ഭക്ഷ്യവിളയായ നെല്ല്, പച്ചക്കറി, സുഗന്ധവിളകൾ, പഴവർഗ്ഗങ്ങൾ മുതലായവയുടെ കൃഷി നിലനിർത്തുന്നതിനോടൊപ്പം കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് കൃഷി

വ്യാപിപ്പിക്കുന്നതിനും ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കാനുള്ള പദ്ധതികളും നടപ്പിലാക്കിവരുന്നു. തെങ്ങിൻ തോട്ടങ്ങളിൽ മെച്ചപ്പെട്ട കാർഷിക പരിപാലനം, ഇടവിള കൃഷി, സമ്മിശ്രകൃഷി എന്നിവ നടത്തി യൂണിറ്റ് വിസ്തീർണ്ണത്തിൽ പരമാവധി ആദായം വർദ്ധിപ്പിക്കുന്നതിന് സമഗ്രവികസന പദ്ധതിയായ കേരഗ്രാമം, കാമ്പയിൻ അടിസ്ഥാനത്തിൽ തെങ്ങിൻ തോട്ടങ്ങളിൽ തടം തുറക്കൽ, വളമിടീൽ, മറ്റു കൃഷിപ്പണികൾ, കീടരോഗ നിയന്ത്രണ പദ്ധതി (കേരരക്ഷാ വാരം) എന്നിവ ഈ വർഷം നടപ്പിലാക്കാനുദ്ദേശിക്കുന്നു. ഇവ കൂടാതെ കാർഷികമേഖലയിലെ നൂതനവും മെച്ചപ്പെട്ടതുമായ കൃഷിരീതികളും അറിവുകളും കർഷകരിലെത്തിക്കുവാൻ കാർഷിക വിജ്ഞാന വ്യാപനത്തിനുള്ള പദ്ധതികളും കൃഷി വകുപ്പ് നടപ്പിലാക്കുന്നു.

(സി) കൃഷിയോഗ്യമായ പാഴ്ഭൂമികളിലും തരിശുഭൂമിയിലും ഭക്ഷ്യവിളകൾ കൃഷി ചെയ്യുന്നതിനാവശ്യമായ പദ്ധതി തയ്യാറാക്കുമോ; വിശദാംശം നൽകുമോ?

കൃഷിയോഗ്യമായ പാഴ്ഭൂമികളിലും തരിശുഭൂമിയിലും ഭക്ഷ്യവിളകൾ കൃഷി ചെയ്യുന്നതിനാവശ്യമായ പദ്ധതികൾ കാർഷിക വികസന കർഷക

ക്ഷേമ വകുപ്പ് 2022-23 സാമ്പത്തികവർഷത്തിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.

കോവിഡ് മഹാമാരിയുടെ ആഘാതത്തിൽ ബുദ്ധിമുട്ടനുഭവിക്കുന്ന കർഷകർക്ക് ഒരു കൈത്താങ്ങായാണ് സംസ്ഥാന സർക്കാർ 'സുഭിക്ഷ കേരളം' പദ്ധതി 2020-21, 2021-22 സാമ്പത്തികവർഷങ്ങളിൽ നടപ്പിലാക്കിയത്. കാർഷിക മേഖലയിൽ തരിശുനില കൃഷി ഈ പദ്ധതിയുടെ ഒരു പ്രധാന ഘടകമായിരുന്നു.

മേൽ സൂചിപ്പിച്ചതുപോലെ 'ഞങ്ങളും കൃഷിയിലേക്ക്' എന്ന ജനകീയ കാമ്പയിൻ നടപ്പിലാക്കുന്നതിലൂടെ കേരളത്തിലെ എല്ലാ ജനങ്ങളെയും കൃഷിയിലേയ്ക്ക് ആകർഷിച്ച് സ്വന്തമായി കൃഷി ചെയ്യുന്നതിന് പ്രേരണ നൽകി അതുവഴി കാർഷികമേഖലയിൽ ജനകീയ മുന്നേറ്റം സൃഷ്ടിക്കുവാൻ ലക്ഷ്യമിടുന്നു. ഈ കാമ്പയിനിന്റെ പ്രധാന ലക്ഷ്യങ്ങൾ കേരളീയരിൽ മുഴുവൻ കാർഷിക സംസ്കാരമുണർത്തുക, ഓരോ കേരളീയ ഭവനവും വിഷരഹിത ഭക്ഷണ ഉല്പാദനത്തിൽ പങ്കാളിയാകുക, സ്ഥായിയായ കാർഷിക മേഖല സൃഷിക്കുക, സംസ്ഥാനത്തെ ഭക്ഷ്യ സ്വയംപര്യാപ്തതയിലെത്തിക്കുക, കാർഷിക മേഖലയിലെ മൂല്യവർദ്ധനവ് പ്രയോജനപ്പെടുത്തി കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുക, മണ്ണിനെ സമ്പുഷ്ടമാക്കുക,

പ്രകൃതിയെ/പരിസ്ഥിതിയെ സംരക്ഷിക്കുക, കാർഷിക മേഖലയെ ഇതര ഭക്ഷ്യമേഖലകളുമായി കോർത്തിണക്കുക, കാർഷിക കൂട്ടായ്മയിലൂടെ ഒരു ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, തനതായ കാർഷിക വിഭവങ്ങളെ സംരക്ഷിക്കുക എന്നിവയാണ്. ഞങ്ങളും കൃഷിയിലേക്ക് എന്ന കാമ്പയിനിന്റെ ഭാഗമായി തരിശുഭൂമി കണ്ടെത്തി അതിൽ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും വീട്ടുവളപ്പിലെ കൃഷി, പുരയിട കൃഷി എന്നിവ പരമാവധി പ്രോത്സാഹിപ്പിക്കുന്നതിനും ലക്ഷ്യമിടുന്നു.

ഈ സാമ്പത്തികവർഷത്തിൽ നെൽകൃഷി വികസന പദ്ധതിയിലുൾപ്പെടുത്തി തരിശുഭൂമി കൃഷിയെന്ന ഘടകം നടപ്പിലാക്കുവാനുദ്ദേശിക്കുന്നു. തരിശുഭൂമിയിൽ നെൽകൃഷിക്ക് ഹെക്ടർ ഒന്നിന് 40,000/- രൂപ എന്ന തോതിൽ 566 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പച്ചക്കറി വികസന പദ്ധതിയുടെയും പഴവർഗ്ഗ വിളകളുടെ വികസന പദ്ധതിയിലും തരിശുഭൂമിയിലും കൃഷിയോഗ്യമായ പാഴ്ഭൂമിയിലും കൃഷി ചെയ്യുന്നതിനും ഫലവൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുന്നതിനും പ്രോത്സാഹനം നൽകുവാനുദ്ദേശിക്കുന്നു.

## കാർഷിക മേഖലകളിലെ യന്ത്രവൽക്കരണം

79 (3437) <u>ശ്രീ. സജീവ് ജോസഫ്</u>:
<u>ശ്രീമതി കെ. കെ. രമ</u>:
<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>:
<u>ശ്രീ. എ. പി. അനിൽ കുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് യഥാസമയം യന്ത്രവൽക്കരണം നടത്താതിരുന്നതാണ് നെൽകൃഷി മുതലായ കാർഷിക മേഖലകളിൽ ഉല്പാദനം കുറയുന്നതിന് കാരണമെന്ന് കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

സംസ്ഥാനത്ത് യഥാസമയം യന്ത്രവൽക്കരണം നടത്താതിരുന്നതാണ് നെൽകൃഷി മുതലായ കാർഷിക മേഖലയിൽ ഉല്പാദനം കുറയുന്നതിന് കാരണമെന്ന് കണ്ടെത്തിയിട്ടില്ല. നെൽകൃഷിയിൽ കോൾനിലങ്ങൾ, പൊക്കാളി, കൈപ്പാട് മുതലായ പ്രത്യേക നെൽകൃഷി മേഖലകൾക്ക് അനുയോജ്യമായ കാർഷികയന്ത്രങ്ങളുടെ അഭാവം, യഥാസമയങ്ങളിൽ ആവശ്യമായത്ര കൊയ്ത്ത്-മെതിയന്ത്രങ്ങൾ ലഭ്യമാകാത്തത്, കൂലിച്ചെലവിലെ ഏറ്റക്കുറച്ചിലുകൾ എന്നിവ സംസ്ഥാനത്തെ നെൽകർഷകർക്ക് പ്രയാസങ്ങൾ സൃഷ്ടിക്കുന്നുണ്ട്. യഥാസമയം കൊയ്ത്ത്-മെതിയന്ത്രങ്ങൾ

കർഷകർക്ക് ലഭ്യമാക്കുന്നതിനുള്ള ഇടപെടലുകൾ കൃഷി വകുപ്പ് നടത്തിവരുന്നുണ്ട്.

(ബി) യന്ത്രങ്ങൾ പ്രവർത്തിപ്പിക്കുന്നതിന് വൈദഗ്ദ്ധ്യമുള്ള തൊഴിലാളികളുടെ അഭാവമാണ് യന്ത്രവൽക്കരണത്തിന് തടസ്സമായതെന്ന് കണ്ടെത്തിയിട്ടുണ്ടോ?

ഇല്ല. കാർഷിക യന്ത്രങ്ങൾ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ വൈദഗ്ദ്ധ്യമുള്ള സേവനദായകരെ തയ്യാറാക്കുന്നതിന് പദ്ധതികൾ നിലവിലുണ്ട്.

(സി) കൃഷിയിടങ്ങൾ യന്ത്രവൽക്കരിക്കുവാൻ മിഷൻ രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

കൃഷി വകുപ്പിനുകീഴിൽ 'കേരള സംസ്ഥാന കാർഷിക യന്ത്രവൽക്കരണ മിഷൻ' 2018 മാർച്ച് മാസം 31-ാം തീയതി രൂപീകരിച്ചിട്ടുണ്ട്.

(ഡി) എങ്കിൽ മിഷൻ രൂപീകരിക്കുന്നതിലൂടെ വൈദഗ്ദ്ധ്യമുള്ള തൊഴിലാളികളെ ലഭ്യമാക്കുവാൻ സാധിക്കുമോയെന്ന് വ്യക്തമാക്കാമോ?

കേരള സംസ്ഥാന കാർഷിക യന്ത്രവൽക്കരണ മിഷൻ 'കാർഷിക യന്ത്ര പരിരക്ഷണ യജ്ഞം' എന്ന ഒരു കർമ്മപരിപാടി ആസൂത്രണം ചെയ്ത്

'കാർഷിക യന്ത്ര കിരണ സേന' എന്ന അഞ്ചുപേരടങ്ങുന്ന ഒരു പരിശീലന ടീമിനെ ഓരോ ജില്ലയ്ക്കുവേണ്ടി വിന്യസിച്ച് പ്രവർത്തനം നടത്തിവരുന്നു. മിഷന്റെ മൂന്നുവർഷത്തെ പ്രവർത്തന ഫലമായി 705 വിദഗ്ദ്ധ തൊഴിലാളികളെ പരിശീലനപ്പെടുത്തി പ്രാപ്തരാക്കിയിട്ടുണ്ട്.

കേരള കാർഷിക സർവ്വകലാശാല ജീവനക്കാരുടെ ശമ്പളവും പെൻഷനും

80 (3438) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-ൽ നടപ്പാക്കിയ ശമ്പള പരിഷ്കരണത്തിന്റെ ആനുകൂല്യങ്ങൾ കേരള കാർഷിക സർവ്വകലാശാലയിലെ തൊഴിലാളികൾക്കും തൊഴിലാളി വിഭാഗത്തിൽ നിന്നുള്ള പെൻഷൻകാർക്കും നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

നൽകിയിട്ടില്ല. കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം എന്നീ വകുപ്പുകൾക്കുകീഴിലുള്ള തൊഴിലാളികളുടെ ശമ്പളവും തൊഴിലാളി വിഭാഗത്തിൽനിന്നുള്ള പെൻഷൻകാരുടെ പെൻഷനും പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ടി വകുപ്പുകൾക്കുകീഴിലുള്ള തൊഴിലാളികളുടെ ശമ്പളവും പെൻഷനും

പരിഷ്കരിക്കുന്നതനുസരിച്ച് കേരള കാർഷിക സർവ്വകലാശാലയിലെ തൊഴിലാളികൾക്കും പെൻഷൻകാർക്കും പരിഷ്കരിച്ച ആനുകൂല്യങ്ങൾ ലഭിക്കുന്നതാണ്.

(ബി) പ്രസ്തുത വിഭാഗക്കാർക്ക് ശമ്പളം/പെൻഷൻ പരിഷ്കരണം അവസാനമായി നടപ്പിലാക്കിയത് എന്നാണെന്ന് വിശദമാക്കാമോ?

17-05-2017-ലെ (അച്ചടി)നം. 08/2017/കൃഷി എന്ന സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 27-06-2017 മുതലാണ് ശമ്പളം/പെൻഷൻ പരിഷ്കരണം അവസാനം നടപ്പിലാക്കിയത്.

(സി) കേരള കാർഷിക സർവ്വകലാശാലയിൽനിന്നും പിരിഞ്ഞവർക്ക് പെൻഷൻ കുടിശ്ശിക നൽകാനുണ്ടോ; എങ്കിൽ ഏതൊക്കെ വിഭാഗങ്ങൾക്ക് എത്ര കാലത്തെ കുടിശ്ശിക നൽകാൻ ബാക്കിയുണ്ടെന്ന് വിശദമാക്കാമോ;

(ഡി) കുടിശ്ശിക വിതരണം ചെയ്യാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

(സി&ഡി) ടെക്നിക്കൽ വിഭാഗത്തിൽനിന്നും വിരമിച്ച ഒരാൾക്ക് മാത്രമാണ് പെൻഷൻ കുടിശ്ശികയായി നൽകാനുള്ളത്. പെൻഷൻ അനുവദിക്കുന്നതിനുള്ള മതിയായ രേഖകൾ സമർപ്പിക്കാത്തതിനാലാണ്

പെൻഷൻ അനുവദിക്കാൻ കാലതാമസം നേരിട്ടത്. പെൻഷൻ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ഒരേ സമയം ഒന്നിലധികം ബിരുദ പഠനത്തിന്റെ സാദ്ധ്യത

81 (3439) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഒരേ സമയം ഒന്നിലധികം ബിരുദങ്ങളോ ബിരുദാനന്തര ബിരുദങ്ങളോ ചെയ്യാൻ നിലവിലെ സാഹചര്യത്തിൽ സാദ്ധ്യമാണോ; എങ്കിൽ അങ്ങനെ ചെയ്യുന്ന ബിരുദങ്ങൾക്ക് സാധുത ലഭിക്കുന്നുണ്ടോ; വിശദമാക്കാമോ?

നിലവിൽ വ്യവസ്ഥയില്ല. ഇക്കാര്യത്തിൽ യു.ജി.സി. പുറപ്പെടുവിച്ച നിർദ്ദേശങ്ങൾ ഡ്രാഫ്റ്റ് രൂപത്തിൽ ലഭ്യമാണ്.

പ്ലസ് ടു പരീക്ഷ പാസ്സായ എല്ലാവർക്കും ഉന്നത വിദ്യാഭ്യാസ സൗകര്യങ്ങൾ

82 (3440) ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പ്ലസ് ടൂ പരീക്ഷയിൽ കൂടുതൽ എ പ്ലസ് നേടിയ മലപ്പുറം ജില്ലയിൽ ഉന്നതവിദ്യാഭ്യാസ സൗകര്യങ്ങൾ കുറവാണെന്നത് പരിശോധിച്ചിട്ടുണ്ടോ?

മലപ്പുറം ജില്ലയിൽ പ്ലസ് ടൂ പരീക്ഷ പാസ്സായ വിദ്യാർത്ഥികൾക്ക് ഉന്നതവിദ്യാഭ്യാസ വകുപ്പിനുകീഴിൽ ഉന്നതവിദ്യാഭ്യാസത്തിന് മതിയായ സൗകര്യങ്ങൾ നിലവിലുണ്ട്. ഉന്നതവിദ്യാഭ്യാസ വകുപ്പിൽ കോളേജ് വിദ്യാഭ്യാസവകുപ്പിനുകീഴിൽ മലപ്പുറം ജില്ലയിൽ 9 സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജുകളിലായി 65 കോഴ്സുകളും 20 എയ്ഡഡ് കോളേജുകളിലായി 177 കോഴ്സുകളും നിലവിലുണ്ട്.

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിനുകീഴിൽ KEAM 2022 പ്രോസ്പെക്ടസ് പ്രകാരം സ്വാശ്രയമേഖലയിൽ ഹയർ സെക്കണ്ടറിക്കുശേഷം എഞ്ചിനീയറിംഗ് ഉപരിപഠനത്തിനായി 2226 സീറ്റുകൾ മലപ്പുറം ജില്ലയിൽ നിലവിലുണ്ട്. സംസ്ഥാന എൻട്രൻസ് കമ്മീഷണർ നടത്തുന്ന പ്രവേശന പരീക്ഷാ മാനദണ്ഡങ്ങൾ ടി സീറ്റുകളിലേയ്ക്കുള്ള പ്രവേശനത്തിന് ബാധകമാണ്. കൂടാതെ, മലപ്പുറം ജില്ലയിൽ 4 ഗവൺമെന്റ് പോളിടെക്നിക് കോളേജുകളും ഒരു എയ്ഡഡ് പോളിടെക്നിക് കോളേജും 5 സ്വാശ്രയ പോളിടെക്നിക് കോളേജുകളുമുണ്ട്. കൂടാതെ, പോളിടെക്നിക് കോളേജുകളിൽ മൊത്തം അംഗീകാരമുള്ള

സീറ്റിന്റെ 10 ശതമാനത്തിലധികം സീറ്റുകളിലേയ്ക്കും പ്ലസ് ടു പാസ്സായ വിദ്യാർത്ഥികൾക്ക് ലാറ്ററൽ എൻട്രി വഴി ഡിപ്ലോമ കോഴ്സിലെ രണ്ടാം വർഷത്തിലേയ്ക്ക് പ്രവേശനം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

എൽ.ബി.എസ്. സെന്ററിനുകീഴിൽ മലപ്പുറം ജില്ലയിലെ പരപ്പനങ്ങാടിയിൽ ഒരു മോഡൽ ഡിഗ്രി കോളേജ് പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത കോളേജിൽ ബി.കോം. കമ്പ്യൂട്ടർ ആപ്ലിക്കേഷൻ കോഴ്സിന് 60 സീറ്റുകളും ബി.എസ് സി. കമ്പ്യൂട്ടർ സയൻസ് കോഴ്സിന് 36 സീറ്റുകളും ബി.സി.എ. കോഴ്സിന് 36 സീറ്റുകളും നിലവിലുണ്ട്.

ഐ.എച്ച്.ആർ.ഡി.-യുടെ കീഴിൽ 4 അപ്ലൈഡ് സയൻസ് കോളേജുകളും (College of Applied Science, Vazhakkad, Vattamkulam, Malappuram, Muthuvallur) 3 എക്സ്റ്റൻഷൻ സെന്ററുകളും (Extension Centre, Tirur, Valancherry, Thavanur) നിലവിൽ പ്രവർത്തിച്ചുവരുന്നു. അവയിൽ വിവിധ ബിരുദ കോഴ്സുകളും ഐ.എച്ച്.ആർ.ഡി. കോഴ്സുകളും തൊഴിൽ അധിഷ്ഠിത ഹ്രസ്വകാല കോഴ്സുകളും നടത്തുന്നുണ്ട്.

<u>സംസ്ഥാന സർവ്വകലാശാല നിയമ പരിഷ്കരണം</u>

83 (3441) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വകലാശാല നിയമങ്ങളും ചട്ടങ്ങളും പരിഷ്കരിക്കേണ്ടതാണെന്ന് സർക്കാർ കരുതുന്നുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

ഉണ്ട്. സർവ്വകലാശാല നിയമങ്ങളും ചട്ടങ്ങളും പരിഷ്കരിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് ഡോ. എൻ. കെ. ജയകുമാർ ചെയർമാനായുള്ള നിയമപരിഷ്കരണ കമ്മീഷനെ നിയമിച്ചിട്ടുണ്ട്.

(ബി) വിദ്യാഭ്യാസമേഖലയിലെ സമഗ്രമാറ്റം ഉറപ്പുവരുത്തുവാനായി ഓരോ സർവകലാശാലയിലും പരിഗണനയിലുള്ള പുതുതലമുറ കോഴ്സുകൾ, ഫ്യൂച്ചർ സ്റ്റഡീസ് പഠനകേന്ദ്രങ്ങൾ എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

വിദ്യാഭ്യാസമേഖലയിലെ സമഗ്രമാറ്റം ഉറപ്പുവരുത്തുന്നതിനായി പരിഗണനയിലുള്ള പുതുതലമുറ കോഴ്സുകൾ, ഫ്യൂച്ചർ സ്റ്റഡീസ് പഠനകേന്ദ്രങ്ങൾ എന്നിവ സംബന്ധിച്ച് സർവ്വകലാശാലകൾ ലഭ്യമാക്കിയ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ഉന്നത വിദ്യാഭ്യാസമേഖലയിലെ പഠനസൗകര്യങ്ങൾ

84 (3442) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. പി. പി. സുമോദ്:
ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസമേഖലയിൽ എൻറോൾമെന്റ് നിരക്ക് വർദ്ധിപ്പിക്കാൻ ലക്ഷ്യമിടുന്നുണ്ടോ; സംസ്ഥാനത്തെയും ദേശീയതലത്തിലെയും എൻറോൾമെന്റ് നിരക്ക് നിലവിൽ എത്രയാണെന്ന് അറിയിക്കാമോ?

സംസ്ഥാനത്ത് ഉന്നതവിദ്യാഭ്യാസ മേഖലയിലെ ഗ്രോസ് എൻറോൾമെന്റ് റേഷ്യോ 75 ശതമാനമായെങ്കിലും ഉയർത്തുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത്.

2019-2020-ലെ അഖിലേന്ത്യാ ഉന്നതവിദ്യാഭ്യാസ സർവ്വേ (AISHE) പ്രകാരം സംസ്ഥാനത്ത് ഉന്നതവിദ്യാഭ്യാസ മേഖലയിലെ എൻറോൾമെന്റ് റേഷ്യോ (GER) 38.8 ശതമാനമാണ്. ഇത് ദേശീയ ശരാശരിയേക്കാൾ 27.1 ശതമാനം കൂടുതലാണ്.

(ബി) ഉന്നത വിദ്യാഭ്യാസമേഖലയിൽ പഠനസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി നിലവിലുള്ള കോളേജുകളിൽ സീറ്റുകൾ വർദ്ധിപ്പിക്കുന്നതുകൂടാതെ നിലവിലുള്ള പശ്ചാത്തലസൗകര്യങ്ങൾ കൂടുതൽ കാര്യക്ഷമമായി വിനിയോഗിക്കാവുന്ന തരത്തിൽ ഉച്ചകഴിഞ്ഞ് അധിക ബാച്ച് അനുവദിക്കുന്നകാര്യം പരിഗണനയിലുണ്ടോ; ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര സീറ്റ് വർദ്ധിപ്പിച്ചു?

കോളേജ് വിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള സർക്കാർ, എയ്ഡഡ് കോളേജുകളിലെ നിലവിലുള്ള പ്രവർത്തിസമയം 9.30 മുതൽ 3.30 വരെയാണ്. സാങ്കേതിക വിദ്യാഭ്യാസ വകുപ്പിനുകീഴിൽ AICTE-യുടെ പുതുക്കിയ മാനദണ്ഡങ്ങൾപ്രകാരം ഉച്ചകഴിഞ്ഞ് അധിക ക്ലാസ് (Part Time Courses) അനുവദിക്കുന്നതിന് കഴിയില്ല. പാർട്ട്ടൈം കോഴ്സുകളെയും റെഗുലർ കോഴ്സുകളായാണ് (രണ്ടാം ഷിഫ്റ്റ്) AICTE കണക്കാക്കുന്നത്. പാർട്ട്ടൈം കോഴ്സുകൾ നടത്തിവരുമ്പോൾ AICTE മാനദണ്ഡങ്ങൾ പ്രകാരമുള്ള അടിസ്ഥാനസൗകര്യങ്ങൾ, അദ്ധ്യാപകരുടെ എണ്ണം എന്നിവയില്ലാതെ വരുന്നത് സ്ഥാപനത്തിന് തുടരംഗീകാരം ലഭിക്കുന്നതിന് തടസ്സമായി വരുന്നതിന് കാരണമാകും. അതുകൊണ്ട്

ഉച്ചകഴിഞ്ഞ് അധിക ബാച്ച് അനുവദിക്കുന്ന വിഷയം നിലവിൽ പരിഗണനയിലില്ല.

05-08-2021-ലെ സ.ഉ. (സാധാ) നം.1011/2021/ഉ.വി.വ. പ്രകാരം 2021-22 വർഷത്തെ സീറ്റ് വർദ്ധനയ്ക്ക് യൂണിവേഴ്സിറ്റി രജിസ്ട്രാർമാർക്ക് അനുമതി നൽകിയിരുന്നു. അതിൻപ്രകാരം മഹാത്മാഗാന്ധി സർവകലാശാലയിൽ 2021-22 വർഷം വിവിധ കോളേജുകളുടെ അപേക്ഷ പരിഗണിച്ച് ബിരുദ കോഴ്സുകൾക്ക് 7099 സീറ്റുകളും ബിരുദാനന്തരബിരുദ കോഴ്സുകൾക്ക് 3151 സീറ്റുകളും അനുവദിച്ചിട്ടുണ്ട്.

കാലിക്കറ്റ് സർവകലാശാലയിൽ അഫിലിയേറ്റഡ് കോളേജുകളിലെ വിവിധ പ്രോഗ്രാമുകളിലായി മുപ്പത്തിമൂവായിരത്തിലധികം സീറ്റുകളുടെ വർദ്ധനവ് അനുവദിച്ചിട്ടുണ്ട്.

കൊച്ചി ശാസ്ത്രസാങ്കേതിക സർവകലാശാലയിലെ പഠനവകുപ്പ് മേധാവികൾ ആവശ്യപ്പെടുന്നമുറയ്ക്ക് ഓരോ കോഴ്സിനും സീറ്റ് വർദ്ധനവ് നൽകിവരുന്നു. സർവകലാശാലയുടെ പുളിങ്കുന്ന് കാമ്പസിലെ എഞ്ചിനീയറിംഗ് കോഴ്സുകളിലെ എല്ലാ വിഭാഗങ്ങളിലും എം.സി.എ. കോഴ്സുകളിലും 20 ശതമാനം സീറ്റ് വർദ്ധനവ് കഴിഞ്ഞ അദ്ധ്യയനവർഷം അനുവദിച്ചിട്ടുണ്ട്. കൂടാതെ, ഈ അദ്ധ്യയനവർഷം ബി.ടെക് കമ്പ്യൂട്ടർ

സയൻസ് ആൻഡ് എഞ്ചിനീയറിംഗ്, ഇലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ്, എം.സി.എ. കോഴ്സുകൾ എന്നിവയുടെ സീറ്റുകൾ 45-ൽ നിന്നും 60 ആക്കി വർദ്ധിപ്പിച്ചിട്ടുണ്ട്.

കേരള യൂണിവേഴ്സിറ്റിയിൽ പുതുതായി അനുവദിച്ച വിവിധ കോഴ്സുകൾക്കായി 585 സീറ്റ് വർദ്ധിപ്പിച്ചിട്ടുണ്ട്.

എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക സർവകലാശാലയിൽ വിവിധ പഠനതലങ്ങളിൽ 2021-2022-ൽ ബിരുദത്തിന് 46,261 സീറ്റുകളും ബിരുദാനന്തരബിരുദത്തിന് 9,530 സീറ്റുകളും പി.എച്ച്.ഡി.-ക്ക് 10 സീറ്റുകളുമാണ് അനുവദിച്ചിട്ടുള്ളത്.

(സി) ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാലയുടെ പ്രവർത്തനമാരംഭിച്ചിട്ടുണ്ടോ?

ഉണ്ട്. 2020 ഒക്ടോബർ 2-ന് നിലവിൽ വന്ന ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാലയ്ക്ക് 2021 മേയ് മാസം 7-ന് 2(F) - ൽ ഉൾപ്പെടുത്തി ഓപ്പൺ ഡിസ്റ്റൻസ് ലേണിംഗിലൂടെ (ODL) പ്രവർത്തിക്കാനുള്ള അനുമതി UGC-യിൽനിന്നും ലഭിച്ചിട്ടുണ്ട്. സർവകലാശാലയുടെ കീഴിൽ 12 UG പ്രോഗ്രാമുകളും 5 PG പ്രോഗ്രാമുകളും 2022-23 അക്കാദമിക വർഷം തുടങ്ങുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

ഗവൺമെന്റ് കോളേജുകളിലെ സീറ്റുകളും കോഴ്സുകളും വർദ്ധിപ്പിക്കാൻ നടപടി

85 (3443) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2022-ലെ പ്ലസ് ടു പരീക്ഷ പാസ്സായ എല്ലാ വിദ്യാർത്ഥികൾക്കും കോളേജ് പഠനത്തിന് അവസരമൊരുക്കുന്നതിനായി ഗവൺമെന്റ് ആർട്ട്സ് ആൻഡ് സയൻസ് കോളേജുകളിലെ സീറ്റുകളും കോഴ്സുകളും വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

2022-23 അദ്ധ്യയനവർഷം സർക്കാർ കോളേജുകളിൽ പുതിയ സീറ്റുകളും കോഴ്സുകളും വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

ഉപരിപഠനത്തിന് സമയം നഷ്ടമാകാതിരിക്കുന്നതിന് നടപടി

86 (3444) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വകലാശാലകൾ നടത്തുന്ന വിവിധ ബിരുദ ബിരുദാനന്തര ഡിപ്ലോമ കോഴ്സുകളുടെ പരീക്ഷകളും അവയുടെ റിസൾട്ടും ഒരേ സമയക്രമത്തിൽ പ്രസിദ്ധീകരിക്കാത്തതുമൂലം മറ്റ് സംസ്ഥാനങ്ങളിലേയ്ക്കോ വിദേശത്തേയ്ക്കോ ഉപരിപഠനത്തിന്

പോകുന്ന കുട്ടികൾക്ക് ഒരു വർഷം വരെയുള്ള സമയം നഷ്ടമാകുന്നുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) രാജ്യത്തെ മറ്റ് സർവ്വകലാശാലകളുടെ റിസൾട്ടുകൾ പ്രസിദ്ധീകരിക്കുന്ന സമയം ഇവിടെയും റിസൾട്ടുകൾ പ്രസിദ്ധീകരിക്കാനും കുട്ടികളുടെ ഉപരിപഠന സാദ്ധ്യതകൾക്ക് വിഘാതമാകാതിരിക്കാനും എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്തെ സർവകലാശാലകൾക്ക് പൊതു അക്കാദമിക് കലണ്ടറും പരീക്ഷാ കലണ്ടറും തയ്യാറാക്കുന്നതിന് സർവകലാശാലകളിലെ പ്രോ-വൈസ് ചാൻസലർമാരെ അംഗങ്ങളാക്കി ഉന്നത വിദ്യാഭ്യാസ കൗൺസിൽ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പി.വി.സി.-മാരുടെ കമ്മിറ്റി മീറ്റിംഗുകൾ അക്കാദമിക് കലണ്ടറും പരീക്ഷാ നടത്തിപ്പും ഫലപ്രഖ്യാപനവും സംബന്ധിച്ചെടുക്കുന്ന തീരുമാനങ്ങൾ സർവ്വകലാശാലകൾ നടപ്പിലാക്കുന്നുണ്ട്. സർക്കാരിന്റെയും കൗൺസിലിന്റെയും മാർഗ്ഗനിർദ്ദേശങ്ങൾക്കും ഇടപെടലുകൾക്കുമനുസൃതമായി

സർവകലാശാലകൾ യഥാസമയം പരീക്ഷാ നടത്തിപ്പും ഫലപ്രഖ്യാപനവും നടത്തുന്ന സ്ഥിതി സംജാതമായിട്ടുണ്ട്.

## ഗവൺമെന്റ് കോളേജുകളിൽ പുതിയ കോഴ്സുകൾ

87 (3445) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഗവൺമെന്റ് കോളേജുകളിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ പുതിയ കോഴ്സുകൾ അനുവദിച്ചിട്ടില്ല. 2022-23 അദ്ധ്യയനവർഷം സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ പുതിയ കോഴ്സുകൾ അനുവദിക്കുന്നത് പരിശോധിച്ചുവരുന്നു. മൂന്ന് സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിൽ താഴെപ്പറയുന്ന കോഴ്സുകൾ ആരംഭിച്ചിട്ടുണ്ട്.

College of Engineering, Trivandrum:-

1. M.Tech. Courses in Power Electronics (intake 18) under Electrical and Electronics Engineering Department.

2. M.Tech. in Renewable Energy (intake 18) under Mechanical Engineering Department.

Government Engineering College, Wayanad:-

B.Tech. course in Civil and Environmental Engineering (intake 30 seats) under the Department of Civil Engineering.

Government Engineering College, Kannur:-

M.Tech. Course in Geo-technical and Environmental Energy (intake 18) under Civil Engineering Department.

## സാമ്പത്തിക ശേഷിയില്ലാത്ത വിദ്യാർത്ഥികൾക്കായുള്ള പദ്ധതികൾ

88 (3446) ശ്രീ. മോൻസ് ജോസഫ്:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. മാണി സി. കാപ്പൻ:
ശ്രീ. പി. ജെ. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാമ്പത്തിക ശേഷിയില്ലാത്ത സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രൊഫഷണൽ കോഴ്സുകളിൽ പഠനം നടത്തുന്നതിനുള്ള

സാമ്പത്തികസഹായം നൽകുന്ന പദ്ധതികൾ സംബന്ധിച്ച വിശദാംശം നൽകുമോ;

(ബി) ഈ വിഷയവുമായി ബന്ധപ്പെട്ട് നിലവിലെ സർക്കാരിന്റെയും മുൻസർക്കാരിന്റെയും കാലയളവുകളിൽ പുതിയതായി നടപ്പിലാക്കിയ പദ്ധതികളേതെല്ലാമാണെന്നും നിർത്തലാക്കിയ പദ്ധതികൾ ഏതെല്ലാമാണെന്നും വ്യക്തമാക്കുമോ?

(എ&ബി) സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന പ്രൊഫഷണൽ വിദ്യാർത്ഥികൾക്ക് സാമ്പത്തികസഹായം നൽകുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

1) <u>മെറിറ്റ്-കം-മീൻസ് സ്കോളർഷിപ്പ് (കേന്ദ്ര സർക്കാർ അനുവദിക്കുന്നത്)</u>

ന്യൂനപക്ഷ വിഭാഗങ്ങളായ മുസ്ലീം, ക്രിസ്ത്യൻ, സിഖ്, ബുദ്ധ, ജൈന എന്നിവയിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന സാങ്കേതിക പ്രൊഫഷണൽ തലങ്ങളിൽ ബിരുദ/ബിരുദാനന്തര കോഴ്സുകൾ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയം നൽകിവരുന്ന സ്കോളർഷിപ്പാണ് മെറിറ്റ്-കം-മീൻസ് സ്കോളർഷിപ്പ്.

2) <u>നോൺഗേറ്റ് സ്കോളർഷിപ്പ്</u>

എല്ലാ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജുകളിലെയും ഓരോ വർഷത്തെയും M.Tech വിദ്യാർത്ഥികളിൽനിന്നും മെറിറ്റ് അടിസ്ഥാനത്തിൽ 5 വിദ്യാർത്ഥികൾക്ക് വീതം പ്രതിമാസം 6000/- രൂപ നിരക്കിൽ നോൺഗേറ്റ് സ്കോളർഷിപ്പ് അനുവദിക്കുന്നു.

ഗവേഷക വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്

KTU-ൽ നിന്ന് ലഭിക്കുന്ന Ph.D വിദ്യാർത്ഥികളുടെ റാങ്ക് ലിസ്റ്റിൽ നിന്നും സ്കോളർഷിപ്പിനർഹരായ 8 വിദ്യാർത്ഥികളെ മെറിറ്റടിസ്ഥാനത്തിൽ തെരെഞ്ഞെടുക്കുകയും ടി വിദ്യാർത്ഥികൾക്ക് പ്രതിമാസം 20,000/- രൂപ നിരക്കിൽ സ്കോളർഷിപ്പ് തുക അനുവദിക്കുകയും ചെയ്യുന്നു. ഓരോ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജുകളിലെയും ഉയർന്ന റാങ്കുകൾ നേടുന്ന വിദ്യാർത്ഥികളെയാണ് സ്കോളർഷിപ്പിന് അർഹരായി തെരെഞ്ഞെടുക്കുന്നത്.

E-grants:-

(SC/ST/OEC, (വരുമാന പരിധിയില്ലാതെ) OBC, (General വിഭാഗക്കാർക്ക് വരുമാനപരിധി 1 ലക്ഷം), SEBC-യിലെ (OBCH) caste-ലെ 30 വിഭാഗങ്ങൾ (വരുമാന പരിധി 6 ലക്ഷം),

Fisherman-ന്റെ മക്കൾ എന്നിവർക്ക് മാനദണ്ഡങ്ങൾ പാലിച്ച് ഇ-ഗ്രാന്റ്സ് നൽകിവരുന്നു.

## Post Metric Scholarship

പ്ലസ് ടു 50 ശതമാനം മാർക്ക്, 2½ ലക്ഷം വരുമാന പരിധി.

## Central Sector National Scholarship:-

പ്ലസ് ടു 80 ശതമാനം മാർക്ക്, 6 ലക്ഷം വരുമാന പരിധി

കൂടാതെ AICTE-യുടെ ഭാഗമായി ചുവടെ പറയുന്ന സ്കോളർഷിപ്പുകളും നൽകി വരുന്നു.

1. Pragathi Scholarship (Purely Merit basis Plus two mark)

2. Saksham (Purely Merit basis Plus two mark for disabled students)

3. Swanath (കോവിഡ് മൂലം മരണപ്പെട്ട മാതാപിതാക്കളുടെ മക്കൾ/Orphan/മരണപ്പെട്ട Ex-service-കാരുടെ മക്കൾ എന്നിവർക്കുള്ള Scholarship.

മേൽ പരാമർശിച്ച സ്കോളർഷിപ്പികളൊന്നും നിലവിൽ നിർത്തലാക്കിയിട്ടില്ല.

ബി.പി.എൽ. സ്കോളർഷിപ്പ് സ്വാശ്രയ മെഡിക്കൽ കോളേജുകൾ:

2017-18, 2018-19, 2019-20 ബാച്ചിൽപ്പെട്ട അർഹരായ വിദ്യാർത്ഥികൾക്ക് ബി.പി.എൽ. സ്കോളർഷിപ്പ് അനുവദിക്കുന്നുണ്ട്. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ 2020-21, 2021-22 അദ്ധ്യയനവർഷങ്ങളിൽ പ്രവേശനം ലഭിച്ച വിദ്യാർത്ഥികൾക്ക് ബി.പി.എൽ. സ്കോളർഷിപ്പ് അനുവദിക്കാൻ സാധിച്ചിട്ടില്ല.

(സി) പ്രസ്തുത പദ്ധതികളുടെ ആനുകൂല്യങ്ങൾ മുൻ സാമ്പത്തികവർഷത്തിലും നടപ്പ് സാമ്പത്തിക വർഷത്തിലുമായി എത്ര വീതം വിദ്യാർത്ഥികൾക്ക് ലഭ്യമാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

2020-21 കാലഘട്ടത്തിൽ നോൺഗേറ്റ് സ്കോളർഷിപ്പ് 140 വിദ്യാർത്ഥികൾക്കും Ph.D സ്കോളർഷിപ്പ് 12 വിദ്യാർത്ഥികൾക്കും അനുവദിച്ചിട്ടുണ്ട്. 2021-22 കാലഘട്ടത്തിൽ നോൺഗേറ്റ് സ്കോളർഷിപ്പ് 44 വിദ്യാർത്ഥികൾക്കും Ph.D സ്കോളർഷിപ്പ് 4 വിദ്യാർത്ഥികൾക്കും അനുവദിച്ചിട്ടുണ്ട്. കഴിഞ്ഞ 5 വർഷമായി 53102 മുസ്ലീം വിദ്യാർത്ഥികൾക്കും 64859 ക്രിസ്ത്യൻ വിദ്യാർത്ഥികൾക്കും മെരിറ്റ് കം മീൻസ് സ്കോളർഷിപ്പ് നൽകിയിട്ടുണ്ട്. മറ്റ് സ്കോളർഷിപ്പുകൾ മുൻ സാമ്പത്തികവർഷത്തിലും

നടപ്പ് സാമ്പത്തികവർഷത്തിലുമായി 9912 വിദ്യാർത്ഥികൾക്ക് നൽകിയിട്ടുണ്ട്.

ബി.പി.എൽ. സ്കോളർഷിപ്പ് - സ്വാശ്രയ മെഡിക്കൽ വിദ്യാഭ്യാസം:

2021-22, 2022-23 സാമ്പത്തികവർഷങ്ങളിൽ ബി.പി.എൽ. സ്കോളർഷിപ്പ് അനുവദിക്കപ്പെട്ട വിദ്യാർത്ഥികളുടെ എണ്ണം ചുവടെ ചേർക്കുന്നു.

2021-22 അദ്ധ്യയന വർഷം

2017-18 ബാച്ച് - 86
2018-19 ബാച്ച് - 60
2019-20 ബാച്ച് - 53

2022-23 അദ്ധ്യയന വർഷം

2017-18 ബാച്ച് -11
2018-19 ബാച്ച് -16
2019-20 ബാച്ച് -1

ഹരിത കാമ്പസ് പദ്ധതി

89 (3447) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കോളേജുകളിലും മറ്റ് അനുബന്ധ സ്ഥാപനങ്ങളിലും സോളാർ മേൽക്കൂര സ്ഥാപിക്കുന്നതിനുവേണ്ടി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

ഉന്നത വിദ്യാഭ്യാസവകുപ്പിൽ കോളേജ് വിദ്യാഭ്യാസ വകുപ്പിനുകീഴിലെ സർക്കാർ കോളേജുകളിൽ സോളാർ മേൽക്കൂര വയ്ക്കുന്നതിന് അനുയോജ്യമെന്ന് കെ.എസ്.ഇ.ബി.എൽ. കണ്ടെത്തിയ കോളേജുകളിൽ കെ.എസ്.ഇ.ബി.എൽ.-ന്റെ സൗരപ്രോജക്ടിന്റെ ഭാഗമായി സോളാർ മേൽക്കൂര സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സൗരപ്രോജക്ട് നടപ്പാക്കാത്ത കോളേജുകളിൽ ഈ സാമ്പത്തികവർഷം പുതുതായി ആരംഭിച്ച 'ഗ്രീൻ ക്യാമ്പസ്' എന്ന പദ്ധതിയിൽപ്പെടുത്തി സോളാർ മേൽക്കൂര സ്ഥാപിക്കുന്നതിന് തുക അനുവദിക്കാൻ കഴിയും.

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിനുകീഴിൽ SOURA പദ്ധതി പ്രകാരം 41 സ്ഥാപനങ്ങളിലായി 2579.63 (kWp) ശേഷിയുള്ള പുരപ്പുറ സോളാർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ബാക്കിയുള്ള സ്ഥാപനങ്ങളിൽ സോളാർ വൈദ്യുത നിലയങ്ങൾ സ്ഥാപിക്കുന്നതിനുള്ള സാദ്ധ്യതാപഠനം പുരോഗമിക്കുന്നു.

കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിൽ അഡ്മിനിസ്ട്രേറ്റീവ് ഓഫീസിനുമുകളിലും കിഫ്ബി പദ്ധതിയിൽ പണിയുന്ന അക്കാദമിക് ബ്ലോക്കിന് മുകളിലും സോളാർ മേൽക്കൂര സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കേരള സർവകലാശാലയുടെ കാര്യവട്ടം എഞ്ചിനീയറിംഗ് കോളേജിലും Smart City Thiruvananthapuram Ltd. (SCTL)-ന്റെ പദ്ധതിയുടെ ഭാഗമായി കേരള സർവകലാശാല ലൈബ്രറിയിലും സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ അനെർട്ടിന്റെ സഹകരണത്തോടെ കാര്യവട്ടം കാമ്പസിനെ സമ്പൂർണ്ണ സൗരോർജ്ജ കാമ്പസാക്കി മാറ്റുന്നതിനായി വേണ്ട നടപടികൾ പുരോഗമിക്കുകയാണ്. 2013-14 സാമ്പത്തികവർഷത്തിലെ സംസ്ഥാന പദ്ധതി ധനസഹായത്തിനുകീഴിൽ കേരള സർവകലാശാലയിൽ ഒരു സോളാർ പവർ പ്ലാന്റ് സ്ഥാപിക്കുന്നതിനായി ഒരു കോടി രൂപ വകയിരുത്തുകയും അതുപ്രകാരം അനെർട്ടുമായി ചേർന്ന് കാര്യവട്ടം കാമ്പസിലെ സുവർണ്ണജൂബിലി ബിൽഡിംഗിന്റെ മുകളിൽ 100 കിലോവാട്ട് ശേഷിയുള്ള സോളർ പ്ലാന്റ് സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.

മഹാത്മാഗാന്ധി സർവകലാശാലയിലെ അഞ്ചോളം സ്ഥാപനങ്ങളുടെ മേൽക്കൂരയിൽ സോളാർ പാനലുകൾ സ്ഥാപിച്ചിട്ടുണ്ട്.

ഐ.എച്ച്.ആർ.ഡി.-ക്ക് കീഴിലുള്ള 8 സ്ഥാപനങ്ങളിൽ സോളാർ മേൽക്കൂര സ്ഥാപിച്ചിട്ടുണ്ട്. ബാക്കി സ്ഥാപനങ്ങളിൽ സാദ്ധ്യമായിടത്തെല്ലാം സോളാർ മേൽക്കൂര സ്ഥാപിക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കണ്ണൂർ സർവകലാശാലയുടെ മാങ്ങാട്ടുപറമ്പ, താവക്കര, തലശ്ശേരി, പയ്യന്നൂർ കാമ്പസുകളിൽ കെ.എസ്.ഇ.ബി.എൽ.-ന്റെ 'സൗര' പ്രോജക്ടിൽ ഉൾപ്പെടുത്തി സോളാർ പാനലുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

നുവാൽസിൽ 175 KW Solar On-grid Plant സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ, 100 KW Solar On-grid സ്ഥാപിക്കുന്നതിനുള്ള നടപടികൾ അവസാനഘട്ടത്തിലാണ്.

കോഴിക്കോട് ഗവൺമെന്റ് ലാ കോളേജിൽ കെ.എസ്.ഇ.ബി.എൽ.-ന്റെ സോളാർ പാനലുകൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ, ഗവൺമെന്റ് ലാ കോളേജ് മെൻസ് ഹോസ്റ്റലിലും സോളാർ പാനൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ കോളേജുകളിൽ ഒഴിഞ്ഞു കിടക്കുന്ന സ്ഥലങ്ങളിൽ പച്ചക്കറി/പുഷ്പകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ഹരിത

കാമ്പസ് പദ്ധതി നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചുവരുന്നു; വിശദമാക്കാമോ?

ഉന്നതവിദ്യാഭ്യാസവകുപ്പിൽ സംസ്ഥാനത്തെ കോളേജുകളിലെ ഒഴിഞ്ഞു കിടക്കുന്ന സ്ഥലങ്ങൾ പ്രയോജനപ്രദമാക്കുന്നതിനായി അടുക്കളത്തോട്ടം നിർമ്മിക്കുന്നതിനുള്ള പദ്ധതി നടപ്പുസാമ്പത്തിക വർഷം ആവിഷ്കരിച്ചിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിനായി എല്ലാ സർക്കാർ കോളേജുകൾക്കും തുക അനുവദിച്ചിട്ടുണ്ട്.

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിനുകീഴിലെ കോളേജുകളിൽ ഹരിത ക്യാമ്പസ് പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. എൻ.എസ്.എസ്., ഹരിത ക്ലബുകൾ, മറ്റ് സന്നദ്ധ സംഘടനകൾ, ഇവ സഹപാഠ്യപദ്ധതികൾ മുഖേന കോളേജുകളിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും മാലിന്യ സംസ്കരണ സംവിധാനം കാര്യക്ഷമമാക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. സാമൂഹ്യനന്മ ലക്ഷ്യമിട്ട് സർക്കാർ തലത്തിൽ രൂപീകരിച്ച ഹരിതകേരളം മിഷൻ ഉൾപ്പെടെയുള്ള പദ്ധിതകൾക്കാവശ്യമായ സാങ്കേതിക സഹായം നൽകാനും തദ്ദേശീയമായ സാങ്കേതികവിദ്യാവികസനത്തിന് ഊന്നൽ

നൽകാനും സാങ്കേതിക വിദ്യാഭ്യാസവകുപ്പ് സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിൽ നാഷണൽ സർവ്വീസ് സ്കീമിന്റെ ആഭിമുഖ്യത്തിലുള്ള 'Idle to Ideal' പദ്ധതിയുടെ ഭാഗമായി സർവകലാശാലയുടെ തരിശായി കിടന്ന 3.5 ഏക്കർ ഭൂമി ഏറ്റെടുത്ത് സംസ്ഥാന കൃഷിവകുപ്പുമായി സഹകരിച്ച് വിഷരഹിത പച്ചക്കറികൾ കൃഷി ചെയ്തുവരുന്നുണ്ട്. ഇതുകൂടാതെ, സർവ്വകലാശാലയിലെ സ്കൂൾ ഓഫ് മാനേജ്മെന്റ് കേന്ദ്രീകരിച്ച് ഗ്രോബാഗ് കൾട്ടിവേഷൻ നടത്തിവരുന്നുണ്ട്. ലോകപരിസ്ഥിതി ദിനത്തിന്റെ ഭാഗമായി കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലും പരിസരപ്രദേശങ്ങളിലുമായി 260 വൃക്ഷത്തൈകൾ നട്ടുപിടിപ്പിച്ചിട്ടുണ്ട്. സുഭിക്ഷം പദ്ധതിയുടെ ഭാഗമായി എൻ.എസ്.എസ്. യൂണിറ്റ്, കളമശ്ശേരി കൃഷിഭവൻ വകുപ്പിന്റെ സഹായത്തോടെ വിവിധതരം പച്ചക്കറികൾ കൃഷി ചെയ്തുവരുന്നുണ്ട്. സംസ്ഥാന കൃഷിവകുപ്പിൽനിന്നും ലഭ്യമായ 83,000/- രൂപ സാമ്പത്തിക സഹായത്തോടുകൂടി കുഞ്ഞാലിമരയ്ക്കാർ സ്കൂൾ ഓഫ് മറൈൻ എഞ്ചിനീയറിംഗ് കേന്ദ്രീകരിച്ചും വിഷരഹിത പച്ചക്കറികൃഷി നടന്നുവരുന്നു.

മഹാത്മാഗാന്ധി സർവകലാശാലയിലെ വിവിധ കോളേജുകളിലെ ബിരുദ വിദ്യാർത്ഥികൾക്ക് ഒരു ജൈവകൃഷി പ്രോജക്റ്റ് (MOOC) സർവകലാശാലയിലെ Inter University Centre for Organic Farming and Sustainable Agriculture (IUCOFSA) വഴി നടപ്പാക്കിവരുന്നു.

ഐ.എച്ച്.ആർ.ഡി.-യുടെ കീഴിലുള്ള സ്ഥാപനങ്ങളിൽ എൻ.എസ്.എസ്.-ന്റെയും മറ്റും സഹകരണത്തോടെ പച്ചക്കറി/പുഷ്പകൃഷി ചെയ്തുവരുന്നുണ്ട്.

<u>കോടഞ്ചേരി ഗവൺമെന്റ് കോളേജ് ലൈബ്രറി കെട്ടിടനിർമ്മാണം</u>

90 (3448) <u>ശ്രീ. ലിന്റോ ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റൂസ ഫണ്ടിൽനിന്നും തുക അനുവദിച്ച കോടഞ്ചേരി ഗവൺമെന്റ് കോളേജ് ലൈബ്രറി കെട്ടിടത്തിന്റെ നിർമ്മാണം നിലയ്ക്കാനിടയായ സാഹചര്യം വിശദമാക്കുമോ?

കോടഞ്ചേരി സർക്കാർ കോളേജിൽ 2015-16 സാമ്പത്തികവർഷം സെന്റർ ഓഫ് എക്സലൻസ് പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് ലൈബ്രറി ബ്ലോക്ക് നിർമ്മാണത്തിനായി ഫണ്ട് അനുവദിച്ചിരുന്നത്. കോവിഡ്

ആരംഭിക്കുന്നതിനുമുമ്പ് കോൺട്രാക്ടർ ജോലി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും താൽക്കാലിക വൈദ്യുതകണക്ഷൻ എടുക്കുകയും ചെയ്തിരുന്നു. എന്നാൽ കോവിഡ് കാലയളവിൽ ജോലി നിലച്ചുപോവുകയും തൽഫലമായുണ്ടായ സാമ്പത്തിക പ്രതിസന്ധി കാരണം കോൺട്രാക്ടർ ടി നിർമ്മാണ പ്രവൃത്തി ഒഴിവാക്കിയതായും പൊതുമരാമത്ത് വകുപ്പിൽനിന്നും അറിയിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത നിർമ്മാണപ്രവൃത്തി പുനരാരംഭിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

പ്രസ്തുത നിർമ്മാണപ്രവൃത്തികൾ റീ-ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതായി പൊതുമരാമത്ത് വകുപ്പിൽനിന്നും അറിയിച്ചിട്ടുണ്ട്.

(സി) പ്രസ്തുത നിർമ്മാണപ്രവൃത്തി എന്നത്തേയ്ക്ക് പുനരാരംഭിക്കുവാൻ കഴിയുമെന്ന് വിശദമാക്കുമോ?

റീ-ടെണ്ടർ നടപടികൾ പൂർത്തീകരിച്ചാലുടൻതന്നെ നിർമ്മാണ പ്രവൃത്തികളാരംഭിക്കുവാൻ കഴിയുന്നതാണ്.

## ഗുരുവായൂർ മണ്ഡലത്തിൽ സർക്കാർ കോളേജ് ആരംഭിക്കാൻ നടപടി

91 (3449) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഗുരുവായൂർ മണ്ഡലത്തിൽ സർക്കാർ കോളേജ് ആരംഭിക്കുന്നതിനുള്ള നടപടികളുടെ പുരോഗതി അറിയിക്കാമോ?

ഗുരുവായൂർ മണ്ഡലത്തിൽ പുതിയ സർക്കാർ കോളേജ് ആരംഭിക്കുന്ന വിഷയം സംസ്ഥാനത്തെ പൊതുസാമ്പത്തികസ്ഥിതി മെച്ചപ്പെടുന്നമുറയ്ക്ക് പരിഗണിക്കുന്നതിനായി മാറ്റിവച്ചിരിക്കുകയാണ്.

പനമ്പിള്ളി മെമ്മോറിയൽ ഗവൺമെന്റ് കോളേജിൽ നാക് പിയർ ടീമിന്റെ പരിശോധന

92(3450) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി നിയോജകമണ്ഡലത്തിലെ ഏക സർക്കാർ കോളേജായ പനമ്പിള്ളി മെമ്മോറിയൽ ഗവൺമെന്റ് കോളേജിൽ നിലവിലുള്ള കോഴ്സുകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ചാലക്കുടി പനമ്പിള്ളി മെമ്മോറിയൽ ഗവൺമെന്റ് കോളേജിൽ നിലവിലുള്ള കോഴ്സുകൾ ചുവടെ ചേർക്കുന്നു:

1. B.Com Co-operation
2. B.Sc Physics

3. B.Sc Mathematics
4. B.A Economics
5. B.A Political Science
6. M.Com Marketing
7. M.Sc Mathematics
8. M.A Malayalam Language and Literature
9. M.A Economics
10. M.A Political Science

(ബി) പ്രസ്തുത കോളേജിൽ പുതിയ കോഴ്സുകൾ അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭിച്ചിരുന്നോ; എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

2020-21 അദ്ധ്യയനവർഷം കോളേജിൽ പുതിയ പ്രോഗ്രാമുകൾ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭിച്ചിരുന്നുവെങ്കിലും പുതിയ കോഴ്സുകൾക്ക് സർക്കാർ അനുമതി നൽകിയിരുന്നില്ല. 2022-23 അദ്ധ്യയനവർഷം പനമ്പള്ളി മെമ്മോറിയൽ ഗവൺമെന്റ് കോളേജിൽ പുതിയ കോഴ്സുകൾ അനുവദിക്കുന്നതിനുള്ള സാധുവായ പ്രൊപ്പോസൽ ലഭിച്ചിട്ടില്ല.

(സി) പ്രസ്തുത കോളേജിൽ നാക് പിയർ ടീമിന്റെ പരിശോധന നടന്നിരുന്നോയെന്നും പരിശോധനയുടെ അടിസ്ഥാനത്തിൽ അക്കാദമിക്

നിലവാരം മെച്ചപ്പെടുത്തുന്നതിന് എന്തെങ്കിലും ശിപാർശകൾ നൽകിയിരുന്നോയെന്നും വിശദമാക്കുമോ?

കോളേജിൽ നാക് പിയർ ടീം സന്ദർശനം നടത്തുകയും അക്കാദമിക നിലവാരം ഉയർത്തുന്നതിനായി ചുവടെപ്പറയുന്ന നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്.

1. കോളേജിന് സ്വയംഭരണം ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുക.

2. B.A Engish, B.Sc Physics, B.Sc Chemistry എന്നീ ബിരുദ കോഴ്സുകൾ ആരംഭിക്കുക.

3. ഇംഗ്ലീഷ്, മലയാളം എന്നീ വിഷയങ്ങളിൽ ബിരുദാനന്തര/ബിരുദ കോഴ്സുകൾ ആരംഭിക്കുക.

4. വ്യവസായ സ്ഥാപനങ്ങളുമായി സംയോജിത പ്രവർത്തനങ്ങളിൽ ഏർപ്പെടുക.

5. വിവിധ സ്കീമുകളിൽനിന്നും UGC ഫണ്ട് പരമാവധി പ്രയോജനപ്പെടുത്തുക.

6. ദേശീയതല ഏജൻസികളിൽനിന്നും കൂടുതൽ റിസർച്ച് പ്രോജക്റ്റുകൾ ഏർപ്പെടുത്തുക.

7. Commerce, Economics, Mathematics, Political Science എന്നീ വിഭാഗങ്ങളെ ഗവേഷണ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കുക.

8. Economics, Commerce എന്നീ വിഭാഗങ്ങളെ പ്രയോജനപ്പെടുത്തി തുക കണ്ടെത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുക.

(ഡി) പ്രസ്തുത ശിപാർശകളിന്മേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ?

പ്രസ്തുത നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലാണ് കോളേജിന് B.Sc (Physics), MA (Malayalam) എന്നീ കോഴ്സുകൾ അനുവദിച്ചത്. UGC-യിൽനിന്നും 5 അദ്ധ്യാപകർക്ക് ഫാക്കൽറ്റി ഡെവലപ്മെന്റ് പ്രോഗ്രാമിനും 1 അദ്ധ്യാപികയ്ക്ക് ICSSR-ൽനിന്ന് 5 ലക്ഷം രൂപയുടെ മേജർ പ്രോജക്ടിനും അനുമതി ലഭിച്ചു. സംസ്ഥാന സർക്കാർ 2,50,000/- രൂപയുടെ ഫെലോഷിപ്പും അനുവദിച്ചുനൽകിയിട്ടുണ്ട്.

കോമേഴ്സ്, എക്കണോമിക്സ് ഡിപ്പാർട്ട്മെന്റുകൾ കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ റിസർച്ച് സെന്ററായി ഉയർത്തുകയും Mathematics, Political Science, Malayalam വിഭാഗങ്ങൾ ഗവേഷണ കേന്ദ്രങ്ങളായി ഉയർത്തുന്നതിനുള്ള അപേക്ഷ കോളേജ് വിദ്യാഭ്യാസ ഡയറക്ടർ കാലിക്കറ്റ് സർവ്വകലാശാലയിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

## മങ്കട ആർട്സ് ആൻഡ് സയൻസ് കോളേജിലെ നിർമ്മാണ പ്രവർത്തനങ്ങൾ

93 (3451) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട ആർട്സ് ആൻഡ് സയൻസ് കോളേജിൽ നടക്കുന്ന നിർമ്മാണപ്രവർത്തനങ്ങളിൽ അവശേഷിക്കുന്ന പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കുമോ; പ്രസ്തുത ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

മങ്കട ആർട്സ് ആൻഡ് സയൻസ് കോളേജിൽ അവശേഷിക്കുന്ന നിർമ്മാണപ്രവൃത്തികൾ ഒന്നാം നിലയിലെ ഇലക്ട്രിഫിക്കേഷൻ വർക്കുകൾ, ജനലുകൾ പിടിപ്പിക്കൽ, താങ്ങുമതിൽ നിർമ്മാണം എന്നിവയാണ്.

(ബി) പ്രസ്തുത പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

2021-2022 സാമ്പത്തികവർഷം പ്ലാൻ ഫണ്ടിൽനിന്നും ഇലക്ട്രിഫിക്കേഷൻ വർക്കുകൾ പൂർത്തീകരിക്കുന്നതിനായി 20,41,222/- രൂപയും ചുറ്റുമതിൽ, താങ്ങുമതിൽ എന്നിവയുടെ നിർമ്മാണത്തിനായി 99,35,541/- രൂപയും അനുവദിച്ചിട്ടുണ്ട്. കോളേജിന്റെ നിർമ്മാണപ്രവൃത്തികളുടെ നിർവ്വഹണ ഏജൻസിയായ KITCO-യെ ചുമതലപ്പെടുത്തിയിരുന്നു. എന്നാൽ സാമ്പത്തികവർഷം അവസാനിച്ചിട്ടും

KITCO ടെണ്ടർ നടപടി പൂർത്തീകരിച്ച് പ്രവൃത്തികൾ തുടങ്ങാത്ത സാഹചര്യത്തിൽ ടി തുക സറണ്ടറായി. ഈ സാമ്പത്തികവർഷം അവശേഷിക്കുന്ന ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ, ചുറ്റുമതിൽ, താങ്ങുമതിൽ നിർമ്മാണം എന്നിവ ആരംഭിക്കണമെന്ന് KITCO-യെ അറിയിച്ചിട്ടുണ്ട്.

മാനന്തവാടി ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിലെ കോഴ്സുകൾ

94 (3452) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ നിലവിൽ എന്തെല്ലാം കോഴ്സുകളാണുള്ളത്?

മാനന്തവാടി സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ നിലവിലുള്ള കോഴ്സുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

List for B.Tech Courses and Intakes

1. Computer Science & Engineering-60
2. Electronics & Communication Engineering-60
3. Electrical & Electronics Engineering-60
4. Mechanical Engineering-120

List for M.Tech Courses and Intakes

1. Communication Engineering & Signal Processing-18

2. Network & Security-18

(ബി) ഇവിടെ പുതിയ കോഴ്സുകൾ അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ?

2022-23 അദ്ധ്യയനവർഷത്തിൽ മാനന്തവാടി സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ B.Tech Civil Environmental Engineering (intake 30) എന്ന പുതിയ കോഴ്സിന് 01-07-2022-ലെ G.O.(Rt) No 996/2022/HEDN പ്രകാരം അനുമതി നൽകിയിട്ടുണ്ട്.

(സി) ഉണ്ടെങ്കിൽ ഏത് അദ്ധ്യയനവർഷം ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്?

2022-23 അദ്ധ്യയനവർഷത്തിൽ തന്നെ ആരംഭിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## എളേരിത്തട്ട് ഇ.കെ. നായനാർ മെമ്മോറിയൽ ഗവൺമെന്റ് കോളേജിൽ പുതിയ കോഴ്സുകൾ

95 (3453) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ മലയോര-കുടിയേറ്റ മേഖലകളിലെ പ്രധാന ഉന്നതവിദ്യാഭ്യാസ സ്ഥാപനമായ എളേരിത്തട്ട് ഇ.കെ. നായനാർ

മെമ്മോറിയൽ ഗവൺമെന്റ് കോളേജിൽ പുതിയ ഡിഗ്രി, പി.ജി. കോഴ്സുകൾ ആരംഭിക്കുവാൻ നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ?

ഉണ്ട്.

(ബി) കൊളീജിയേറ്റ് ഡയറക്ടറിൽനിന്നും പ്രസ്തുത കോഴ്സുകൾ ആരംഭിക്കുവാനായി ശിപാർശ ലഭിച്ചിട്ടും ആയത് അനുവദിക്കുവാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കുമോ?

2022-23 അദ്ധ്യയനവർഷം സർക്കാർ കോളേജുകളിൽ പുതിയ കോഴ്സുകൾ അനുവദിക്കുന്ന വിഷയം പരിശോധിച്ചുവരുന്നു.

## മലയിൻകീഴ് മാധവകവി മെമ്മോറിയൽ കോളേജിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ

96 (3454) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മലയിൻകീഴ് മാധവകവി മെമ്മോറിയൽ കോളേജിനായി കിഫ്ബിയിലൂടെ നടപ്പിലാക്കുന്ന കെട്ടിട സമുച്ചയത്തിന്റെ നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ടോ; ഇല്ലെങ്കിൽ എന്ന് പൂർത്തിയാക്കാനാകും; ആയതിന്റെ അടങ്കൽ തുക എത്രയാണ്; നിർമ്മാണ ചുമതലയും നിർവ്വഹണവും ആർക്കാണ്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

7.89 കോടി രൂപയുടെ കിഫ്ബി ധനസഹായത്തോടെ മലയിൻകീഴ് മാധവകവി മെമ്മോറിയൽ കോളേജിൽ നടപ്പിലാക്കുന്ന അടിസ്ഥാനസൗകര്യ വികസന പദ്ധതിയിൽ അക്കാദമിക് ബ്ലോക്ക് (B+G+2), കാന്റീൻ ബ്ലോക്ക്, മെൻസ് ഹോസ്റ്റൽ ബ്ലോക്ക് (B+G+2) എന്നീ കെട്ടിട സമുച്ചയങ്ങളുടെ നിർമ്മാണപ്രവൃത്തികൾ പൂർത്തീകരിച്ചു. നിർമ്മാണച്ചുമല SPV ആയ കൈറ്റിനും നിർവ്വഹണം Project Management Consultancy ആയ M/s WAPCOS Ltd.-നുമാണ്.

## പയ്യന്നൂർ മണ്ഡലത്തിലെ പെരിങ്ങോം ഗവൺമെന്റ് കോളേജ് കെട്ടിടനിർമ്മാണം

97 (3455) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ നിയോജകമണ്ഡലത്തിലെ പെരിങ്ങോം ഗവൺമെന്റ് കോളേജിന് പുതിയ കെട്ടിടം നിർമ്മിക്കുവാൻ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ച ഫണ്ടിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

പയ്യന്നൂർ നിയോജകമണ്ഡലത്തിലെ പെരിങ്ങോം ഗവൺമെന്റ് കോളേജിന്റെ അടിസ്ഥാനസൗകര്യ വികസനത്തിനായി 9.27 കോടി രൂപയുടെ ഭരണാനുമതിയും ധനാനുമതിയും നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിക്ക് മൂന്നുപ്രാവശ്യം ടെണ്ടർ നടപടികൾ സ്വീകരിച്ചെങ്കിലും

പര്യാപ്തരായ കരാറുകാരെ ലഭ്യമാകാത്തതിനാൽ പ്രവൃത്തി ആരംഭിക്കുവാൻ സാധിച്ചിട്ടില്ല. DSR 2016 പ്രകാരമാണ് പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നത്. എന്നാൽ ധനകാര്യവകുപ്പിന്റെ 13-08-2021-ലെ G.O.(P)No.114/2021/Fin പ്രകാരം എസ്റ്റിമേറ്റ് DSR 2018-ലേയ്ക്ക് മാറ്റി തയ്യാറാക്കി 11.38 കോടി രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് പ്രസ്തുത പ്രവൃത്തിയുടെ SPV ആയ KITCO കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തി ആരംഭിക്കുവാൻ കഴിയാത്ത സാഹചര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണം വിശദമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി നടപ്പിലാക്കാൻ പര്യാപ്തരായ കരാറുകാരെ ടെണ്ടർ നടപടികളിലൂടെ ലഭ്യമാകാത്തതിനാലും DSR 2018 പ്രകാരം എസ്റ്റിമേറ്റ് തുക വർദ്ധിപ്പിക്കുന്നതിന് കിഫ്ബിയിൽനിന്നും അംഗീകാരം ലഭ്യമാകാത്തതിനാലുമാണ് പ്രവൃത്തി ആരംഭിക്കുവാൻ കഴിയാത്തത്.

(സി) പ്രസ്തുത പ്രവൃത്തി അടിയന്തരമായി ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

കിഫ്ബിയിൽ സമർപ്പിച്ചിരിക്കുന്ന പുതുക്കിയ എസ്റ്റിമേറ്റ് കിഫ്ബി പരിശോധിച്ച് തുക അംഗീകരിക്കുന്നമുറയ്ക്ക് ടെണ്ടർ നടപടികൾ പൂർത്തിയാക്കി നിർമ്മാണപ്രവൃത്തികൾ ആരംഭിക്കുവാൻ കഴിയും.

ഉദുമ ഗവൺമെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജിൽ പുതിയ കോഴ്സുകൾ

98 (3456) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉദുമ ഗവൺമെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജിൽ നിലവിലുള്ള കോഴ്സുകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ഉദുമ ഗവൺമെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജിൽ താഴെപ്പറയുന്ന കോഴ്സുകളാണ് നിലവിലുള്ളത്.

- ബി.എ. ഹിസ്റ്ററി
- ബി.എ. ഇംഗ്ലീഷ്
- ബി.കോം. കോ-ഓപ്പറേഷൻ
- എം.എ. സോഷ്യൽ സയൻസ് വിത്ത് സ്പെഷ്യലൈസേഷൻ ഇൻ ഹിസ്റ്ററി.

(ബി) പ്രസ്തുത കോളേജിന്റെ ഭൗതികസാഹചര്യം മെച്ചപ്പെട്ട സാഹചര്യത്തിൽ അവിടെ പുതിയ കോഴ്സുകൾ അനുവദിക്കണമെന്ന ആവശ്യം വകുപ്പ് പരിഗണിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

2022-23 അദ്ധ്യയനവർഷം ഗവൺമെന്റ് കോളേജുകളിൽ പുതിയ കോഴ്സുകൾ അനുവദിക്കുന്ന വിഷയം പരിശോധിച്ചുവരുന്നു.

<u>മടിക്കൈ ഐ.എച്ച്.ആർ.ഡി. കോളേജിന്റെ അടിസ്ഥാനസൗകര്യ വികസനം</u>

99 (3457) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മടിക്കൈ ഐ.എച്ച്.ആർ.ഡി. കോളേജിന്റെ അടിസ്ഥാനസൗകര്യ വികസനത്തിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

ഐ.എച്ച്.ആർ.ഡി.-യുടെ മടിക്കൈ മോഡൽ കോളേജിനായി ഐ.എച്ച്.ആർ.ഡി.-യുടെ പ്ലാൻ ഫണ്ടിൽനിന്നും തുക ചെലവഴിച്ച് നിർമ്മിച്ച 306m2 വിസ്തീർണ്ണമുള്ള അക്കാദമിക്ക് ബ്ലോക്ക് കെട്ടിടവും ബഹുമാനപ്പെട്ട എം.എൽ.എ. ഇ. ചന്ദ്രശേഖരന്റെ ആസ്തി വികസന ഫണ്ടിൽനിന്നും തുക

ചെലവഴിച്ച് നിർമ്മിച്ച 657 m2 വിസ്തീർണ്ണമുള്ള അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് കെട്ടിടവും നിലവിലുണ്ട്.

കോളേജിന് ടോയ്‌ലെറ്റ് ബ്ലോക്ക് നിർമ്മാണത്തിനായി 10 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിക്കുകയും ടി പ്രവൃത്തിക്കായി ഐ.എച്ച്.ആർ.ഡി.-യുടെ 2021-2022-ലെ പ്ലാൻ ഫണ്ടിൽനിന്നും 10 ലക്ഷം രൂപ പൊതുമരാമത്ത് വകുപ്പിൽ നിക്ഷേപിച്ചിട്ടുമുണ്ട്. ടി പ്രവൃത്തിക്കായുള്ള നടപടികൾ പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ചുവരുന്നു.

2021-2022-ലെ സംസ്ഥാന ബഡ്ജറ്റിൽ ഐ.എച്ച്.ആർ.ഡി. മോഡൽ കോളേജിനായി 300 ലക്ഷം രൂപ അടങ്കൽ തുകയുള്ള കെട്ടിട നിർമ്മാണമെന്ന പദ്ധതി പൊതുമരാമത്ത് വകുപ്പിന്റെ ഹെഡിൽ ഉൾക്കൊള്ളിച്ചിരുന്നു. ഇതിന്റെ തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

## തൃപ്പൂണിത്തുറ ആർ.എൽ.വി. കോളേജിലെ സപ്പോർട്ടിംഗ് ആർട്ടിസ്റ്റ് തസ്തികയിലെ സ്ഥിരനിയമനം

100 (3458) ശ്രീ. മാത്യു ടി. തോമസ്: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എം.ജി. സർവ്വകലാശാലയുടെ കീഴിലുള്ള തൃപ്പൂണിത്തുറ ആർ.എൽ.വി. കോളേജിലെ സപ്പോർട്ടിംഗ് ആർട്ടിസ്റ്റ് തസ്തികയിൽ ദീർഘകാലമായി

സേവനമനുഷ്ഠിച്ചുവരുന്ന ജീവനക്കാർ തങ്ങളെ സ്ഥിരപ്പെടുത്തുന്നതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

എം.ജി. സർവ്വകലാശാലയുടെ കീഴിലുള്ള തൃപ്പൂണിത്തുറ ആർ.എൽ.വി. കോളേജ് ഓഫ് മ്യൂസിക് & ഫൈൻ ആർട്സ് കോളേജിൽ വിവിധ വിഷയങ്ങളിലായി സപ്പോർട്ടിംഗ് ആർട്ടിസ്റ്റ് തസ്തികയിൽ ആകെ 9 തസ്തികയാണ് നിലവിലുള്ളത്. അതിൽ 2 തസ്തികയിലൊഴികെ എല്ലാത്തിലും സ്ഥിരാദ്ധ്യാപകരാണ് സേവനമനുഷ്ഠിക്കുന്നത്. 2 തസ്തികയിൽ ഓരോ അദ്ധ്യയനവർഷവും പത്രപ്പരസ്യങ്ങളിലൂടെ പൊതു അറിയിപ്പ് നൽകി യോഗ്യരായ അപേക്ഷകരെ അഭിമുഖം നടത്തിയാണ് ഗസ്റ്റദ്ധ്യാപകരായി അതത് അദ്ധ്യയനവർഷത്തേയ്ക്ക് നിയമനം നടത്തുന്നത്. അപ്രകാരം സേവനമനുഷ്ഠിച്ചിട്ടുള്ള ഗസ്റ്റദ്ധ്യാപകൻ സ്ഥിരപ്പെടുത്തുന്നതിനായി സമർപ്പിച്ച അപേക്ഷയിന്മേൽ വകുപ്പിന്റെ നിലവിലെ സ്പെഷ്യൽ റൂൾ പ്രകാരം വ്യവസ്ഥയില്ലാത്തതിനാൽ ഇക്കാര്യത്തിൽ തുടർനടപടി സ്വീകരിക്കുന്നതിനായി അപേക്ഷകന്റെ നിയമനവിവരങ്ങൾ ലഭ്യമാക്കാൻ തൃപ്പൂണിത്തുറ ആർ.എൽ.വി. കോളേജ്

ഓഫ് മ്യൂസിക് & ഫൈൻ ആർട്സ് കോളേജ് പ്രിൻസിപ്പാളിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

## കാഞ്ഞിരപ്പള്ളി ഐ.എച്ച്.ആർ.ഡി. കോളേജ്

101 (3459) ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞിരപ്പള്ളി ഐ.എച്ച്.ആർ.ഡി. കോളേജ് നിലവിൽ പ്രവർത്തിക്കുന്നത് സ്കൂൾ കോമ്പൗണ്ടിലാണെന്നും പ്രസ്തുത കോളേജിന് എം.ജി. സർവ്വകലാശാലയുടെ അഫിലിയേഷൻ തുടരുന്നതിന് സാഹചര്യമില്ലെന്നുമുള്ള വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത കോളേജ്/സ്കൂൾ കോമ്പൗണ്ടിൽതന്നെ നിലനിർത്താനാണോ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; ഇതുസംബന്ധിച്ച് എം.എൽ.എ.-മാരുമായി മന്ത്രിതലത്തിൽ ചേർന്ന യോഗത്തിൽ കൈക്കൊണ്ട തീരുമാനങ്ങൾ വ്യക്തമാക്കുമോ?

സ്വന്തമായി ഭൂമി ലഭ്യമല്ലാത്ത ഐ.എച്ച്.ആർ.ഡി. സ്ഥാപനങ്ങളുടെ വിഷയം ചർച്ച ചെയ്യുന്നതിനായി 04-08-2021-ന് ബഹുമാനപ്പെട്ട ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബഹുമാനപ്പെട്ട

എം.എൽ.എ.-മാരുടെ യോഗം ചേർന്നിരുന്നു. ടി യോഗത്തിലെ കോളേജ് ഓഫ് അപ്ലൈഡ് സയൻസ്, കാഞ്ഞിരപ്പള്ളിയുമായി ബന്ധപ്പെട്ട തീരുമാനം താഴെ വിശദീകരിക്കുന്നു.

കാഞ്ഞിരപ്പള്ളിയിൽ കോളേജിനായി 5 ഏക്കർ ഭൂമി കണ്ടെത്തുകയെന്നത് പ്രായോഗികമായി ബുദ്ധിമുട്ടുള്ള കാര്യമാണെന്ന് ബഹുമാനപ്പെട്ട കാഞ്ഞിരപ്പള്ളി എം.എൽ.എ. അറിയിച്ചിരുന്നു. കോളേജിനുവേണ്ടി ഒരേക്കർ ഭൂമി ഒരുവർഷത്തിനകം കണ്ടെത്തി ലഭ്യമാക്കാമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടിരുന്നു. യൂണിവേഴ്സിറ്റി നിബന്ധനയനുസരിച്ച് വേണ്ടി വരുന്ന ബാക്കി 4 ഏക്കർ സ്ഥലത്തിനുവേണ്ടി സമീപത്തെ പൊതുകളിസ്ഥലങ്ങൾ ഉൾപ്പെടെയുള്ള ഭൗതിക സൗകര്യങ്ങൾ ലഭ്യമാക്കാവുന്നതാണെന്നും ആസ്തി വികസന ഫണ്ടുപയോഗിച്ച് ആവശ്യമായ കെട്ടിടങ്ങൾ നിർമ്മിച്ചുനൽകാമെന്നും അദ്ദേഹം അറിയിച്ചിരുന്നു.

ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിക്കാൻ ഐ.എച്ച്.ആർ.ഡി. ഡയറക്ടർ തീരുമാനിച്ചിട്ടുണ്ട്.

(സി) കാഞ്ഞിരപ്പള്ളി പേട്ട ഗവൺമെന്റ് സ്കൂളിന്റെ കോമ്പൗണ്ടിൽ തന്നെ പ്രസ്തുത കോളേജ് നിലനിർത്തുന്നത് സംബന്ധിച്ച്

പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രിയെ ഉൾപ്പെടുത്തി യോഗം വിളിക്കുന്നതിനും എം.എൽ.എ. ആസ്തി വികസന ഫണ്ടിൽനിന്നും തുക അനുവദിച്ച് കെട്ടിടം പണിയുന്നതിന് അനുമതി ആവശ്യപ്പെട്ടുകൊണ്ടും നൽകിയ കത്തുകളിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഇതുസംബന്ധിച്ച വിഷയം ചർച്ച ചെയ്യുന്നതിനായി ബഹു മാനപ്പെട്ട പൊതുവിദ്യാഭ്യാസ വകുപ്പ് - ഉന്നതവിദ്യാഭ്യാസ വകുപ്പുമന്ത്രിമാരുടെ സാന്നിദ്ധ്യത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ യോഗം 11-07-2022-ന് ചേർന്നിട്ടുണ്ട്.

സ്വകാര്യ സർവ്വകലാശാലകൾക്കുള്ള അനുമതി

102 (3460) ഡോ. എം. കെ. മുനീർ:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെങ്കിലും സ്ഥാപനങ്ങൾ സ്വകാര്യ സർവ്വകലാശാലകളായി പ്രവർത്തിക്കുവാൻ അനുമതി നൽകണമെന്നാവശ്യപ്പെട്ട് സർക്കാരിനെ സമീപിച്ചിട്ടുണ്ടോ?

ഉണ്ട്.

(ബി) സ്വകാര്യ സർവ്വകലാശാലകൾക്ക് നിയന്ത്രണമേർപ്പെടുത്തുന്ന നയം രൂപീകരിക്കാൻ പ്രത്യേക സമിതി രൂപീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) മെരിറ്റും സംവരണവും സാമൂഹ്യനീതിയും ഉറപ്പാക്കി സ്വകാര്യ സർവ്വകലാശാലകൾക്ക് അനുമതി നൽകുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ?

(ബി&സി) സ്വകാര്യ യൂണിവേഴ്സിറ്റികൾ സ്ഥാപിക്കുന്നതിന് അനുവാദം നൽകണമെന്നാവശ്യപ്പെട്ട് വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങൾ സമർപ്പിച്ച അപേക്ഷയിന്മേൽ കേരള സംസ്ഥാന ഉന്നതവിദ്യാഭ്യാസ കൗൺസിൽ സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു.

## ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്താൻ നടപടി

103 (3461) ശ്രീ കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. ടി. ഐ. മധുസൂദനൻ:
ശ്രീ. എം. രാജഗോപാലൻ:
ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉന്നതവിദ്യാഭ്യാസം നൽകുന്ന സ്ഥാപനങ്ങളുടെ നിലവാരം വിലയിരുത്തുന്നതിനായി സംസ്ഥാനതലത്തിൽ പ്രത്യേക കേന്ദ്രത്തിന് രൂപം കൊടുത്തിട്ടുണ്ടോ; എന്തൊക്കെ കാര്യങ്ങളാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്; സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്താൻ ഇത് എത്രത്തോളം സഹായകമാണ്; വിശദാംശങ്ങൾ നൽകാമോ?

സംസ്ഥാനത്തെ സർവ്വകലാശാലകളെയും കോളേജുകളെയും ഔപചാരികമായി വിലയിരുത്തുകയെന്ന ലക്ഷ്യത്തോടെ ഉന്നതവിദ്യാഭ്യാസ കൗൺസിലിനുകീഴിൽ അസസ്സ്മെന്റ് ആന്റ് അക്രഡിറ്റേഷൻ സെന്റർ ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്തെ മുഴുവൻ സർവ്വകലാശാലകളും സർക്കാർ-എയ്ഡഡ് കോളേജുകളും സ്വയംഭരണ കോളേജുകളും സ്വാശ്രയ കോളേജുകളും SAAC-ന്റെ അവലോകന പരിധിയിൽ വരും.

രണ്ട് കോളേജുകൾക്ക് സാക്ക് അക്രഡിറ്റേഷൻ പൂർത്തിയാക്കിക്കഴിഞ്ഞു. കൂടുതൽ കോളേജുകളെ അക്രഡിറ്റേഷന് വിധേയമാക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു. അക്രഡിറ്റേഷന്റെ ഫലമായി താഴെപ്പറയുന്ന മേഖലകളിൽ കോളേജുകൾക്ക് കൂടുതൽ അക്കാദമിക് മികവ്

കൈവരിക്കാൻ സാധിക്കും. ഇത് വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട സേവനങ്ങളും ഗുണമേന്മയുള്ള ഉന്നതവിദ്യാഭ്യാസം പ്രദാനം ചെയ്യാൻ സ്ഥാപനങ്ങളെ സജ്ജമാക്കുകയും ചെയ്യുന്നു.

1) Curricular Aspects
2) Teaching-Learning and Evaluation
3) Research, Innovations and Extension
4) Infrastructure and Learning Resources
5) Student Support and Progression

(ബി) നാഷണൽ അസസ്സ്മെന്റ് ആൻഡ് അക്രഡിറ്റേഷൻ കൗൺസിലിന്റെ അംഗീകാരം സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ലഭിക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

2022-23 സംസ്ഥാന ബഡ്ജറ്റിൽ സർക്കാർ കോളേജുകളുടെ പശ്ചാത്തലസൗകര്യം വർദ്ധിപ്പിക്കുന്നതിന് പ്രത്യേക തുക വകയിരുത്തിയിട്ടുണ്ട്. സർവ്വകലാശാലാ കോളേജ് തലത്തിൽ അക്രഡിറ്റേഷനുമായി ബന്ധപ്പെട്ട ഓറിയന്റേഷൻ പ്രോഗ്രാമുകൾ ഉന്നതവിദ്യാഭ്യാസ കൗൺസിൽ നടത്തിവരുന്നു. സർവ്വകലാശാലകളിലും

കോളേജുകളിലും ഒഴിഞ്ഞുകിടക്കുന്ന അദ്ധ്യാപക തസ്തികകൾ നികത്താനുള്ള ശ്രമങ്ങൾ നടക്കുന്നു. സർവ്വകലാശാലകളിലും കോളേജുകളിലും IQAC-കളുടെ പ്രവർത്തനം കാര്യക്ഷമമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## നവകേരള പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പ്

104 (3462) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നതവിദ്യാഭ്യാസ കൗൺസിൽ മുഖേന നടപ്പിലാക്കിയ നവകേരള പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പിനായി ലഭിച്ച അപേക്ഷകരിൽ നിന്ന് യോഗ്യരായവരെ കണ്ടെത്തുന്നതിന് സ്വീകരിച്ച നടപടികളെക്കുറിച്ച് വിശദമാക്കാമോ?

സംസ്ഥാന സർക്കാർ ഏർപ്പെടുത്തിയ മുഖ്യമന്ത്രിയുടെ നവകേരള പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പുകൾക്കായി ലഭിച്ച അപേക്ഷകളിൽ നിന്നും ഇതിനായി നിയോഗിച്ച സ്ക്രീനിംഗ് കം സെലക്ഷൻ കമ്മിറ്റി (Screening cum Selection Committee) യാണ് യോഗ്യരായവരെ തെരഞ്ഞെടുത്തത്. അപേക്ഷകർക്ക് ലഭിച്ചിട്ടുള്ള അവാർഡുകൾ,

ഫെലോഷിപ്പുകൾ, റെഫേർഡ് ജേർണലുകളിലെ പ്രസിദ്ധീകരണങ്ങൾ, ഗവേഷണ പ്രൊപ്പോസലുകളുടെ മികവ് എന്നീ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് തെരഞ്ഞെടുപ്പ് നടത്തിയിട്ടുള്ളത്. നവകേരള സൃഷ്ടിക്കുതകുന്ന തരത്തിലുള്ള ഗവേഷണ പ്രൊപ്പോസലുകളാണ് ഫെലോഷിപ്പിനായി പരിഗണിക്കപ്പെട്ടത്. ചുരുക്കപ്പട്ടികയിലുൾപ്പെട്ട അപേക്ഷകരെ അഭിമുഖത്തിന് ക്ഷണിക്കുകയും അതിൽ നിന്ന് അന്തിമ പട്ടിക തയ്യാറാക്കുകയുമാണുണ്ടായത്.

(ബി) പ്രസ്തുത ഫെലോഷിപ്പിനായി ലഭിച്ച അപേക്ഷകരിൽ നിന്ന് ലഭ്യമായ പഠന വിഷയം പരിശോധിക്കാൻ പ്രത്യേക കമ്മിറ്റിയെ നിയോഗിച്ചിരുന്നോ; വിശദ വിവരം ലഭ്യമാക്കാമോ?

പ്രസ്തുത ഫെലോഷിപ്പിനായി ലഭിച്ച അപേക്ഷകരിൽനിന്ന് ലഭ്യമായ പഠന വിഷയം പരിശോധിക്കാൻ പ്രത്യേക കമ്മിറ്റിയെ നിയോഗിച്ചിരുന്നു. കമ്മിറ്റി അംഗങ്ങളുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

(സി) പഠന വിഷയങ്ങൾ എന്തുകൊണ്ടാണ് വിഷയം നിരസിച്ചതെന്ന് അപേക്ഷകരെ അറിയിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ നിരസിച്ച കാരണം കൂടി അപേക്ഷകരെ അറിയിക്കാൻ നടപടി സ്വീകരിക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിദഗ്ദ്ധ സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിലാണ് യോഗ്യരായവരെ തെരഞ്ഞെടുക്കുകയും ഫെലോഷിപ്പ് പ്രഖ്യാപിക്കുകയും ചെയ്തിട്ടുള്ളത്. അന്തിമ പട്ടികയിൽ ഇടംനേടാത്തവരെ പ്രസ്തുത വിവരം പ്രത്യേകമായി അറിയിച്ചിട്ടില്ല.

<u>വടക്കാഞ്ചേരി മണ്ഡലത്തിൽ ഉന്നതവിദ്യാഭ്യാസ വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ</u>

105 (3463) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി മണ്ഡലത്തിൽ ഉന്നതവിദ്യാഭ്യാസ വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ?

വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ കോളേജ് വിദ്യാഭ്യാസ വകുപ്പിനുകീഴിൽ വടക്കാഞ്ചേരി ശ്രീവ്യാസ എൻ.എസ്.എസ്. കോളേജ് എന്ന എയ്ഡഡ് കോളേജും ഐ.എച്ച്.ആർ.ഡി.-യുടെ കീഴിൽ വരടിയം ടെക്നിക്കൽ ഹയർ സെക്കണ്ടറി സ്കൂളും പ്രവർത്തിക്കുന്നു.

(ബി) മണ്ഡലത്തിൽ ഉന്നതവിദ്യാഭ്യാസ വകുപ്പ് നേരിട്ടും വകുപ്പിന് കീഴിലെ മിഷനുകൾ, ഏജൻസികൾ എന്നിവ മുഖാന്തരവും

നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിശദാംശവും അവയുടെ നിലവിലെ സ്ഥിതിയും അറിയിക്കാമോ?

വടക്കാഞ്ചേരി മണ്ഡലത്തിൽ കോളേജ് വിദ്യാഭ്യാസ വകുപ്പിനുകീഴിലെ വിവിധ വാർഷിക പ്ലാൻ പദ്ധതികളിൽ New Initiatives പദ്ധതിയിലുൾപ്പെടുത്തി Walk with a Scholar, Scholar Support Programme തുടങ്ങിയവ വടക്കാഞ്ചേരി Sree Vyasa NSS College-ലും നടത്തിവരുന്നു. വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും സബ്ജക്ട് എക്സ്പെർട്ടുകളുടെയും ഭൗതിക സാന്നിധ്യം ആവശ്യമായ പ്രസ്തുത പദ്ധതികൾ COVID-19 വ്യാപനം കാരണം 2020 മുതൽ നടത്താൻ കഴിഞ്ഞിട്ടില്ല. ഈ സാമ്പത്തികവർഷം പ്രസ്തുത പദ്ധതികൾ പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിദ്യാർത്ഥികൾക്കിടയിൽ മാനസികാരോഗ്യം മെച്ചപ്പെടുത്തുന്നതിനായി കോളേജ് വിദ്യാഭ്യാസ വകുപ്പ് സ്ഥാപിച്ച 'ജീവനി' എന്ന പദ്ധതി ഈ വർഷം മുതൽ നടപ്പിലാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

ഐ.എച്ച്.ആർ.ഡി.-യുടെ കീഴിലുള്ള വരടിയം ടെക്നിക്കൽ ഹയർ സെക്കണ്ടറി സ്കൂളിനായി പ്രധാന കെട്ടിടത്തിന്റെ താഴത്തെ നിലയുടെ പ്രവൃത്തികൾക്കും ഒന്നാംനിലയുടെ നിർമ്മാണത്തിനുമായി 150 ലക്ഷം

രൂപയുടെ പ്രൊപ്പോസൽ അടുത്ത വർക്കിംഗ് ഗ്രൂപ്പിൽ പരിഗണിക്കുന്നതിനായി സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. കൂടാതെ, സ്കൂളിൽ വിവിധ ഐ.എച്ച്.ആർ.ഡി. കോഴ്സുകളും കേന്ദ്രസർക്കാർ ഏജൻസികളുടെ വിവിധ തൊഴിലധിഷ്ഠിത short term കോഴ്സുകളും നടത്തുന്നുണ്ട്.

(സി) 2016 മുതൽ 2022 വരെയുള്ള ബഡ്ജറ്റുകളിൽ പ്രഖ്യാപിച്ചിട്ടുള്ളതും ഉന്നതവിദ്യാഭ്യാസ വകുപ്പ് നേരിട്ടും വകുപ്പിനുകീഴിലെ മിഷനുകൾ, ഏജൻസികൾ എന്നിവ മുഖാന്തരവും നടപ്പിലാക്കേണ്ടതുമായ പ്രസ്തുത മണ്ഡലത്തിലെ പദ്ധതികൾ ഏതെല്ലാമാണെന്നും അവയുടെ നിലവിലെ സ്ഥിതിയും വർഷം തിരിച്ച് ലഭ്യമാക്കാമോ?

ഉന്നതവിദ്യാഭ്യാസവകുപ്പിൽ കോളേജ് വിദ്യാഭ്യാസ വകുപ്പിനുകീഴിലെ വിവിധ വാർഷിക പ്ലാൻ പദ്ധതികളിൽ New Initiatives പദ്ധതിയിലുൾപ്പെടുത്തി ശ്രീ വ്യാസ എൻ.എസ്.എസ്. കോളേജിന് 2019-20 സാമ്പത്തികവർഷം Walk With a Scholar പദ്ധതിക്കായി 1,37,600/- രൂപയും Scholar Support Programme പദ്ധതിക്കായി 1,07,000/- രൂപയും അനുവദിക്കുകയും പദ്ധതി നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. വരടിയം ടെക്നിക്കൽ ഹയർ സെക്കണ്ടറി സ്കൂളിൽ 2016-22 കാലയളവിൽ പദ്ധതികളൊന്നും നടപ്പാക്കിയിട്ടില്ല.

## ഉന്നതവിദ്യാഭ്യാസ മേഖലയിലെ പശ്ചാത്തല സൗകര്യങ്ങൾക്കായി അനുവദിച്ച തുക

106 (3464) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി വഴി ഉന്നതവിദ്യാഭ്യാസ മേഖലയിലെ പശ്ചാത്തല സൗകര്യങ്ങൾക്കായി എത്രകോടി രൂപ അനുവദിച്ചിട്ടുണ്ടെന്ന വിവരം ലഭ്യമാക്കാമോ?

കാലാകാലങ്ങളിലുള്ള ബഡ്ജറ്റ് പ്രസംഗത്തിലെ പ്രഖ്യാപനമനുസരിച്ച് ഉന്നതവിദ്യാഭ്യാസ മേഖലയിലെ വിവിധ സ്ഥാപനങ്ങൾക്ക് കിഫ്ബി ഫണ്ട് വിനിയോഗിച്ചുകൊണ്ടുള്ള അടിസ്ഥാനസൗകര്യ വികസന പദ്ധതികൾക്കായി നാളിതുവരെ 914.006 കോടി രൂപയുടെ ധനാനുമതി കിഫ്ബി നൽകിയിട്ടുണ്ട്.

(ബി) ഇതിൽ എത്ര പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടെന്നും എത്ര പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെന്നുമുള്ള വിവരം ജില്ല തിരിച്ച് ലഭ്യമാക്കാമോ?

ഉന്നതവിദ്യാഭ്യാസമേഖലയിലെ ഭരണാനുമതി നൽകിയിട്ടുള്ളതും വിവിധ SPV-കളുടെ നിർവ്വഹണച്ചുമതലയിൽ പ്രവൃത്തികൾ നടന്നു

വരുന്നതുമായ കിഫ്ബി പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്.+

<u>കോഴിക്കോട് ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിന് പുതിയ സ്ഥലം</u>

107 (3465) <u>ശ്രീ. കെ. എം. സച്ചിൻദേവ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിന് പുതിയ സ്ഥലം വാങ്ങുന്നതിനായി തീരുമാനിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത കോളേജിന് സ്ഥലം വാങ്ങുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികളെന്തെല്ലാമാണെന്നറിയിക്കാമോ?

(എ&ബി) കോഴിക്കോട് ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിലെ സ്ഥലപരിമിതി പരിഹരിക്കുന്നതിലേയ്ക്കായി ആധുനിക സൗകര്യങ്ങളോടുകൂടിയ പുതിയ കെട്ടിടസമുച്ചയം നിർമ്മിക്കുന്നതിനായി മറ്റൊരു സ്ഥലം കണ്ടെത്താൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിനായി കൊയിലാണ്ടി താലൂക്കിൽ അത്തോളി വില്ലേജിൽ കൂമുള്ളി മൊടക്കല്ലൂർ ദേശങ്ങളിലായി വിവിധ സർവ്വേ നമ്പറിൽ ഏകദേശം 41 ഏക്കർ ഭൂമി അനുയോജ്യമാണെന്ന് കണ്ടെത്തി ഇൻസ്റ്റിറ്റ്യൂഷൻ ഡെവലപ്മെന്റ് കമ്മിറ്റി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ശിപാർശ ചെയ്തിട്ടുണ്ട്. കൂടാതെ, കുന്ദമംഗലം വില്ലേജിൽ റീ സർവ്വേ നമ്പർ 401/1 എ 2 പട്ടികയിൽപ്പെട്ട ഭൂമി, ശ്രീ. സുധീർ, പ്രേമൻ മാസ്റ്റർ, ജാവേദ് എന്നിവരുടെ ഉടമസ്ഥതയിലുള്ള ചേലാനല്ലൂർ വില്ലേജിൽ 30 ഏക്കർ ഭൂമി എന്നിവ സർക്കാരിന്റെ പരിഗണനയിലുണ്ട്. കോഴിക്കോട് ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ് മാറ്റി സ്ഥാപിക്കുന്നതിന് ഈ മൂന്നുസ്ഥലങ്ങളിൽ അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നത് സംബന്ധിച്ച വിവരങ്ങൾ ഉൾക്കൊള്ളിച്ച് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച നിർദ്ദേശങ്ങൾ സർക്കാർ പരിശോധിച്ചുവരുന്നു.

## ചെറുവത്തൂർ ഗവൺമെന്റ് ജൂനിയർ ടെക്നിക്കൽ ഹൈസ്കൂൾ ക്യാമ്പസിൽ എഞ്ചിനീയറിംഗ് കോളേജ്

108 (3466) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കരിപ്പൂർ മണ്ഡലത്തിലെ ചെറുവത്തൂർ ഗവൺമെന്റ് ജൂനിയർ ടെക്നിക്കൽ ഹൈസ്കൂൾ ക്യാമ്പസിൽ ഒരു സർക്കാർ എഞ്ചിനീയറിംഗ് കോളേജ് ആരംഭിക്കുവാൻ നടപടികൾ സ്വീകരിക്കുമോ;

(ബി) സർക്കാർ എഞ്ചിനീയറിംഗ് കോളേജ് ഇല്ലാത്ത കാസർഗോഡ് ജില്ലയിൽ പ്രസ്തുത ക്യാമ്പസിലെ 25 ഏക്കർ ഭൂമി

ഉപയോഗപ്പെടുത്തികൊണ്ട് ഒരു എഞ്ചിനീയറിംഗ് കോളേജ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

(എ&ബി) തൃക്കരിപ്പൂർ മണ്ഡലത്തിലെ ചെറുവത്തൂരിൽ സർക്കാർ എഞ്ചിനീയറിംഗ് കോളേജ് ആരംഭിക്കുന്നതിനുള്ള ശിപാർശകളൊന്നും നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. എന്നാൽ കാസർഗോഡ് ജില്ലയിൽ സർക്കാർ നിയന്ത്രിത സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളായ എൽ.ബി.എസ്. കോളേജ് ഓഫ് എഞ്ചിനീയറിംഗ് മൂളിയാർ, കാസർഗോഡ് & കോളേജ് ഓഫ് എഞ്ചിനീയറിംഗ് (CAPE), തൃക്കരിപ്പൂർ, കാസർഗോഡ് എന്നീ കോളേജുകൾ പ്രവർത്തിച്ചുവരുന്നുണ്ട്.

## പൂഞ്ഞാർ എഞ്ചിനീയറിംഗ് കോളേജിൽ പുതിയ കോഴ്സ്

109 (3467) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.എച്ച്.ആർ.ഡി.-യുടെ കീഴിലുള്ള പൂഞ്ഞാർ എഞ്ചിനീയറിംഗ് കോളേജിൽ ഇലക്ട്രോണിക്സ് ആൻഡ് കമ്പ്യൂട്ടർ എഞ്ചിനീയറിംഗ് കോഴ്സ് ആരംഭിക്കുന്നതിനായി സമർപ്പിച്ച അപേക്ഷയിൽ സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കോഴ്സ് നടപ്പ് അദ്ധ്യായനവർഷം ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(എ&ബി) ഐ.എച്ച്.ആർ.ഡി.-യുടെ കീഴിലുള്ള പൂഞ്ഞാർ എഞ്ചിനീയറിംഗ് കോളേജിൽ 2022-23 അക്കാദമിക വർഷത്തിൽ പുതിയതായി എം.സി.എ. കോഴ്സും നിലവിലെ കോഴ്സായ ബി.ടെക് ഇൻ കമ്പ്യൂട്ടർ സയൻസിന്റെ പ്രവേശനശേഷി 30-ൽനിന്നും 60 ആക്കിക്കൊണ്ടും 05-03-2022-ലെ സ.ഉ. (സാധാ) നം. 368/2022/ഉ.വി.വ പ്രകാരം ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ ടി കോഴ്സുകൾക്ക് 2022-23 അക്കാദമിക വർഷത്തിൽ അംഗീകാരം നൽകുന്നതിലേയ്ക്കായി ഐ.എച്ച്.ആർ.ഡി. ഡയറക്ടർ എ.ഐ.സി.റ്റി.ഇ.-ക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ കോളേജ് ഓഫ് എഞ്ചിനീയറിംഗ്, പൂഞ്ഞാറിൽ ബി.ടെക് ഇൻ ഇലക്ട്രോണിക്സ് ആന്റ് കമ്പ്യൂട്ടർ എഞ്ചിനീയറിംഗ് എന്ന കോഴ്സിന്റെ ശിപാർശ 2022-23 അക്കാദമിക വർഷത്തിൽ സജീവമല്ല.

## പള്ളിപ്പുറം എഞ്ചിനീയറിംഗ് കോളേജിലെ ജോമോൻ സ്മാരക സ്റ്റേഡിയം നിർമ്മാണം

110 (3468) <u>ശ്രീമതി ദെലീമ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിലെ പള്ളിപ്പുറം ഐ.എച്ച്.ആർ.ഡി. എഞ്ചിനീയറിംഗ് കോളേജിൽ ജോമോൻ സ്മാരക സ്റ്റേഡിയം നിർമ്മാണം നടക്കാത്തതിനുള്ള കാരണം വിശദമാക്കുമോ?

ഐ.എച്ച്.ആർ.ഡി.-യുടെ ചേർത്തല എഞ്ചിനീയറിംഗ് കോളേജിന്റെ ക്യാമ്പസ്സിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന ധീരജവാൻ ജോമോൻ സ്മാരക സ്റ്റേഡിയത്തിന്റെ നിർമ്മാണ പദ്ധതിക്കുവേണ്ടിയുള്ള Memorandum of Understanding സ്പോർട്സ് ആൻഡ് യൂത്ത് അഫയേഴ്സ് ഡയറക്ടറും ഐ.എച്ച്.ആർ.ഡി.-യുടെ ചേർത്തല എഞ്ചിനീയറിംഗ് കോളേജ് പ്രിൻസിപ്പാളും തമ്മിൽ 25-06-2020-ന് ഒപ്പുവച്ചിരുന്നു. പ്രസ്തുത സ്ഥലം ഉൾക്കൊള്ളുന്ന ഭൂമിയുടെ ഉടമസ്ഥാവകാശം KSIDC-യിൽ നിക്ഷിപ്തമാണെന്നും ടി ഭൂമി 2002 മുതൽ 99 വർഷത്തേയ്ക്ക് പാട്ടത്തിന് ഐ.എച്ച്.ആർ.ഡി.-ക്ക് നൽകിയിട്ടുള്ളതാണെന്നും ഐ.എച്ച്.ആർ.ഡി. സർക്കാരിലേയ്ക്ക് റിപ്പോർട്ട് ചെയ്തിരുന്നു. ഐ.എച്ച്.ആർ.ഡി.-യും KSIDC-യും തമ്മിലുള്ള പാട്ടക്കരാർ പ്രകാരം ഭൂമിയുടെ ഉടമസ്ഥാവകാശം KSIDC-യിൽ നിലനിൽക്കുന്നതിനാൽ പ്രസ്തുത ലീസ് ഡീഡ് ഭേദഗതി

ചെയ്യുവാനോ അതിന് വിമുഖതയുണ്ടെങ്കിൽ സ്റ്റേഡിയത്തിനുവേണ്ടിയുള്ള Memorandum of Understanding ത്രികക്ഷിക്കരാറായി നടപ്പിലാക്കുവാനുള്ള സാദ്ധ്യത ആരായുവാനും നിർദ്ദേശിച്ചിരുന്നു. സ്റ്റേഡിയത്തിന്റെ നിർമ്മാണ പദ്ധതിക്കുവേണ്ടിയുള്ള പുതുക്കിയ Memorandum of Understanding 02-06-2022-ന് ചേർത്തല ഐ.എച്ച്.ആർ.ഡി. എഞ്ചിനീയറിംഗ് കോളേജ് പ്രിൻസിപ്പാൾ ഒപ്പുവച്ച് സ്പോർട്സ് ആൻഡ് യൂത്ത് അഫയേഴ്സ് ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. തുടർന്നുള്ള നടപടികൾ സ്പോർട്സ് ആൻഡ് യൂത്ത് അഫയേഴ്സ് ഡയറക്ടറേറ്റാണ് സ്വീകരിക്കേണ്ടത്.

(ബി) പ്രസ്തുത പ്രവൃത്തി നടപ്പിലാക്കുന്ന കാര്യത്തിൽ വകുപ്പ് അടിയന്തരമായി ഇടപെടുമോയെന്ന് അറിയിക്കാമോ?

പ്രസ്തുത പ്രവൃത്തി നടപ്പിലാക്കുന്ന കാര്യത്തിൽ വകുപ്പ് അടിയന്തരമായി ഇടപെടുന്നതാണ്.

## എഞ്ചിനീയറിംഗ് കോളജുകളിലെ ബി.ടെക് സീറ്റുകൾ

111 (3469) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 അദ്ധ്യയന വർഷത്തിൽ സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ്, സർക്കാർ നിയന്ത്രിത/സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളജുകളിൽ ബി.ടെക് പ്രവേശനത്തിനുള്ള സീറ്റുകളുടെ ആകെ എണ്ണം എത്രയെന്ന് അറിയിക്കാമോ;

(ബി) പ്രവേശന പരീക്ഷ കമ്മീഷണർക്ക് അലോട്ട്മെന്റ് ചുമതലയുണ്ടായിരുന്ന പ്രസ്തുത കോളജുകളിലെ സീറ്റുകളുടെ എണ്ണവും നൽകിയ സീറ്റുകളുടെ എണ്ണവും ലഭ്യമാക്കുമോ;

(സി) 2020-21 അദ്ധ്യയനവർഷത്തിൽ സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ്, സർക്കാർ നിയന്ത്രിത/സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളജുകളിൽ ആകെയുള്ള സീറ്റുകളുടെ എണ്ണം എത്രയാണെന്നും ഇതിൽ എത്ര സീറ്റുകളിലേയ്ക്ക് പ്രവേശനം നടന്നുവെന്നും അറിയിക്കാമോ?

(എ-സി) 2020-21, 2021-22 വർഷങ്ങളിലെ സർക്കാർ, എയ്ഡഡ്, സർക്കാർ നിയന്ത്രിത/സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലെ ആകെ സീറ്റുകളുടെ എണ്ണം, പ്രവേശന പരീക്ഷ കമ്മീഷണർക്ക് അലോട്ട്മെന്റ് ചുമതലയുള്ള സീറ്റുകളുടെ എണ്ണം, പ്രവേശന പരീക്ഷ കമ്മീഷണർ അലോട്ട്മെന്റ് നൽകിയ സീറ്റുകളുടെ എണ്ണം എന്നിവ ചുവടെ ചേർക്കുന്നു.

## 2020-21 അദ്ധ്യയന വർഷം

ആകെ സീറ്റുകളുടെ എണ്ണം:

1. സർക്കാർ /എയ്ഡഡ് - 6258
2. സർക്കാർ നിയന്ത്രിത സ്വാശ്രയ കോളേജുകൾ - 7717
3. സ്വകാര്യ സ്വാശ്രയ കോളേജുകൾ – 35547

പ്രവേശന പരീക്ഷ കമ്മീഷണർക്ക് അലോട്ട്മെന്റ് ചുമതലയുള്ള സീറ്റുകളുടെ എണ്ണം:

1. സർക്കാർ /എയ്ഡഡ് - 5805
2. സർക്കാർ നിയന്ത്രിത സ്വാശ്രയ കോളേജുകൾ - 7369
3. സ്വകാര്യ സ്വാശ്രയ കോളേജുകൾ - 19140

പ്രവേശന പരീക്ഷ കമ്മീഷണർ അലോട്ട്മെന്റ് നൽകിയ സീറ്റുകളുടെ എണ്ണം:

1. സർക്കാർ /എയ്ഡഡ് - 5803
2. സർക്കാർ നിയന്ത്രിത സ്വാശ്രയ കോളേജുകൾ - 5032
3. സ്വകാര്യ സ്വാശ്രയ കോളേജുകൾ - 7006

## 2021-22 അദ്ധ്യയന വർഷം

ആകെ സീറ്റുകളുടെ എണ്ണം:

1. സർക്കാർ /എയ്ഡഡ് - 6267
2. സർക്കാർ നിയന്ത്രിത സ്വാശ്രയ കോളേജുകൾ- 7572
3. സ്വകാര്യ സ്വാശ്രയ കോളേജുകൾ- 34293

പ്രവേശന പരീക്ഷ കമ്മീഷണർക്കു അലോട്ട്മെന്റ് ചുമതലയുള്ള സീറ്റുകളുടെ എണ്ണം:

1. സർക്കാർ /എയ്ഡഡ്- 5958
2. സർക്കാർ നിയന്ത്രിത സ്വാശ്രയ കോളേജുകൾ- 7212
3. സ്വകാര്യ സ്വാശ്രയ കോളേജുകൾ- 18127

<u>പ്രവേശന പരീക്ഷ കമ്മീഷണർ അലോട്ട്മെന്റ് നൽകിയ സീറ്റുകളുടെ എണ്ണം:</u>

1. സർക്കാർ /എയ്ഡഡ്- 5958
2. സർക്കാർ നിയന്ത്രിത സ്വാശ്രയ കോളേജുകൾ- 4552
3. സ്വകാര്യ സ്വാശ്രയ കോളേജുകൾ- 6033

## പുനലൂർ പോളിടെക്നിക്ക് കോളേജിലെ ലാബ് സ്റ്റാഫ് നിയമനം

112 (3470) <u>ശ്രീ. പി. എസ്. സുപാൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ സർക്കാർ പോളിടെക്നിക്ക് കോളേജിലെ ഇലക്ട്രിക്കൽ ആൻഡ് ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റിലെ ലാബ് സ്റ്റാഫിന്റെ അഭാവം കോളേജിന്റെ പ്രവർത്തനത്തെയും വികസനത്തെയും ബാധിച്ചിട്ടുണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വിദ്യാർത്ഥികളുടെ പഠനനിലവാരവും സുരക്ഷയും പരിഗണിച്ച് ലാബ് സ്റ്റാഫ് തസ്തിക അടിയന്തരമായി അനുവദിക്കണമെന്നാവശ്യപ്പെട്ട് പോളിടെക്നിക്ക് അധികൃതർ സമർപ്പിച്ച നിവേദനത്തിൽ സത്വര നടപടികൾ കൈക്കൊള്ളുമോ;

(സി) പ്രസ്തുത തസ്തികയിലേയ്ക്കുള്ള നിയമനം എന്നത്തേയ്ക്ക് പൂർത്തിയാക്കാനാകുമെന്ന് അറിയിക്കുമോ?

(ബി&സി) വിവിധ പോളിടെക്നിക്കുകളിൽനിന്നും ലാബ് സ്റ്റാഫ് തസ്തിക സംബന്ധിച്ച ആവശ്യകത അറിയിച്ച സാഹചര്യത്തിൽ പോളിടെക്നിക്ക് കോളേജുകളുടെ ലാബ് സ്റ്റാഫ് തസ്തിക വിന്യാസം പുന:ക്രമീകരിക്കുന്നതിനുവേണ്ടി എല്ലാ സ്ഥാപനങ്ങളിലെയും തസ്തികകളുടെ വിശദാംശങ്ങൾ സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ പരിശോധിച്ചുവരുന്നു. അധിക തസ്തിക പുനർവിന്യസിച്ച് കുറവുള്ള തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമാകുമ്പോൾ ഇക്കാര്യം പരിശോധിക്കുന്നതാണ്.

## കാഞ്ഞങ്ങാട് മണ്ഡലത്തിലെ പരപ്പയിൽ പോളിടെക്നിക്ക്

113 (3471) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാഞ്ഞങ്ങാട് മണ്ഡലത്തിലെ പരപ്പയിൽ പുതിയ സർക്കാർ പോളിടെക്നിക്ക് അനുവദിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

കാസർഗോഡ് ജില്ലയിലെ പരപ്പ വില്ലേജിൽ പുതിയ പോളിടെക്നിക്ക് ആരംഭിക്കുന്നത് സംബന്ധിച്ച് വിശദമായ പ്രൊപ്പോസൽ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ചിട്ടുണ്ട്. പോളിടെക്നിക്കിനാവശ്യമായ

സ്ഥലം അനുവദിക്കുന്നതിന് റവന്യൂ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിരിക്കുകയാണ്.

കണ്ണൂർ ഗവൺമെന്റ് പോളിടെക്നിക്കിലെ പാർട്ട് ടൈം ഡിപ്ലോമ കോഴ്സ്

114 (3472) ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ഗവൺമെന്റ് പോളിടെക്നിക്ക് കോളേജിൽ പാർട്ട് ടൈം ഡിപ്ലോമ കോഴ്സ് ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത കോളേജിൽ നിലവിലുണ്ടായിരുന്ന പാർട്ട് ടൈം ഡിപ്ലോമ കോഴ്സ് നിർത്തലാക്കുവാനുണ്ടായ സാഹചര്യം വ്യക്തമാക്കുമോ?

(എ&ബി) പോളിടെക്നിക്കുകളിൽ റെഗുലർ കോഴ്സുകളെ അടിസ്ഥാനമാക്കി എ.ഐ.സി.ടി.ഇ. നിഷ്കർഷിക്കുന്ന അദ്ധ്യാപക-വിദ്യാർത്ഥി അനുപാതമനുസരിച്ചുള്ള അദ്ധ്യാപകരും അടിസ്ഥാനസൗകര്യങ്ങളുമാണ് അനുവദിച്ചിട്ടുള്ളത്. പ്രസ്തുത അദ്ധ്യാപകർ, അടിസ്ഥാനസൗകര്യം എന്നിവ പ്രയോജനപ്പെടുത്തിക്കൊണ്ട് സ്വാശ്രയ രീതിയിലാണ് വൈകുന്നേരം (റെഗുലർ കോഴ്സുകൾ പ്രവർത്തിക്കാതെയുള്ള പ്രത്യേകം സമയക്രമത്തിലാണ്) പാർട്ട് ടൈം ഡിപ്ലോമ കോഴ്സുകൾ

നടത്തിയിരുന്നത്. എന്നാൽ എ.ഐ.സി.ടി.ഇ.-യുടെ പുതുക്കിയ മാനദണ്ഡപ്രകാരം പാർട്ട് ടൈം ഡിപ്ലോമ കോഴ്സുകളെയും വൈകുന്നേരമുള്ള റെഗുലർ കോഴ്സുകളായാണ് കണക്കാക്കുന്നത്. അതായത് കൊണ്ട് തന്നെ റെഗുലർ കോഴ്സുകൾക്കുള്ളതുപോലെ പ്രത്യേകം അദ്ധ്യാപകർ, അടിസ്ഥാനസൗകര്യങ്ങൾ എന്നിവ ആവശ്യമായി വരുന്നു. അങ്ങനെ വരുമ്പോൾ കണ്ണൂർ ഗവൺമെന്റ് പോളിടെക്നിക്ക് കോളേജ് പോലെയുള്ള സ്ഥാപനങ്ങളിൽ തുടരംഗീകാരത്തിനായി അപേക്ഷിക്കുമ്പോൾ അപര്യാപ്തത റിപ്പോർട്ട് ചെയ്യപ്പെടുകയും ആയത് സ്ഥാപനത്തിന്റെ തന്നെ നിലനിൽപ്പിനെ ബാധിക്കുകയും ചെയ്യുന്ന സാഹചര്യത്തിലാണ് പാർട്ട് ടൈം ഡിപ്ലോമ കോഴ്സുകൾ നിർത്തലാക്കേണ്ടിവരുന്നത്. എ.ഐ.സി.ടി.ഇ.-യുടെ പ്രസ്തുത മാനദണ്ഡത്തിൽ മാറ്റമുണ്ടായാൽ മാത്രമെ പാർട്ട് ടൈം ഡിപ്ലോമ കോഴ്സുകൾ ആരംഭിക്കുവാനും നിവലിലുള്ള കോഴ്സുകൾ നടത്തിക്കൊണ്ടുപോകാനും കഴിയുകയുള്ളൂ.

## നാദാപുരം മണ്ഡലത്തിൽ പോളിടെക്നിക്ക്

115 (3473) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിൽ പോളിടെക്നിക്ക് ആരംഭിക്കുന്നതിനായി സ്ഥലപരിശോധന കഴിഞ്ഞ് എന്തൊക്കെ തുടർ നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കാമോ?

നാദാപുരം മണ്ഡലത്തിൽ പോളിടെക്നിക് ആരംഭിക്കുന്നത് സംബന്ധിച്ച പഠന റിപ്പോർട്ട് തയ്യാറാക്കുന്നതിന് സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ കോഴിക്കോട് മേഖല ജോയിന്റ് ഡയറക്ടറെ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ലഭ്യമാകുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) പോളിടെക്നിക്ക് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് നിലവിലെ മാനദണ്ഡങ്ങളെന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

എ.ഐ.സി.ടി.ഇ. മാനദണ്ഡപ്രകാരം പോളിടെക്നിക്ക് കോളേജ് ആരംഭിക്കുന്നതിന് ഗ്രാമീണ മേഖലയിലാണെങ്കിൽ 4 ഏക്കറും നഗര മേഖലയിലാണെങ്കിൽ 1.5 ഏക്കറും സ്വന്തം ഉടമസ്ഥതയിലുള്ള വസ്തു ആവശ്യമാണ്. കൂടാതെ കെട്ടിടവും മറ്റ് അടിസ്ഥാനസൗകര്യങ്ങളും നിർമ്മിക്കേണ്ടത് എ.ഐ.സി.ടി.ഇ. അംഗീകൃത അപ്രൂവൽ ഹാൻഡ് ബുക്കിൽ നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾ പ്രകാരമാകണം.

## പയ്യന്നൂർ വനിത റസിഡൻഷ്യൽ പോളിടെക്നിക് കോളേജിന്റെ ചുറ്റുമതിൽ നിർമ്മാണം

116 (3474) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ വനിത റസിഡൻഷ്യൽ പോളിടെക്നിക്ക് കോളേജിന്റെ ചുറ്റുമതിൽ നിർമ്മാണപ്രവൃത്തിക്ക് പുതുക്കിയ ഭരണാനുമതി നൽകുന്നതിനുള്ള നടപടികളുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ;

(ബി) പുതുക്കിയ ഭരണാനുമതിക്കായുള്ള എസ്റ്റിമേറ്റ് സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഭരണാനുമതി എന്നത്തേയ്ക്ക് നൽകുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

(എ&ബി) NABARD RIDF പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പയ്യന്നൂർ വനിത പോളിടെക്നിക്ക് കോളേജിലെ ചുറ്റുമതിൽ നിർമ്മിക്കുന്നതിനുള്ള DSR 2018 പ്രകാരമുള്ള 1,92,74,319.60/- രൂപയുടെ പ്രൊപ്പോസൽ പുതുക്കിയ ഭരണാനുമതിക്കായി സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചിരുന്നത് ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. (ഫയൽ നമ്പർ എൽ.1/207/2022/ഉ.വി.വ.)

## മുക്കം ഗവൺമെന്റ് പോളിടെക്നിക്ക്

117 (3475) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുക്കം ഗവൺമെന്റ് പോളിടെക്നിക്ക് ആരംഭിക്കുന്നതിനായി വഖഫ് ഭൂമി ലീസിന് നൽകുവാൻ തയ്യാറാണെന്ന് അറിയിച്ചുകൊണ്ടുള്ള പ്രൊപ്പോസൽ വകുപ്പിൽ ലഭിച്ചിട്ടുണ്ടോ?

മുക്കം സർക്കാർ പോളിടെക്നിക്ക് കോളേജ് ആരംഭിക്കുന്നതിനായി വഖഫ് ഭൂമി ലീസിന് നൽകാൻ തയ്യാറാണെന്നത് സംബന്ധിച്ചുള്ള പ്രൊപ്പോസലുകളൊന്നുംതന്നെ ലഭിച്ചിട്ടില്ല.

(ബി) ലീസിന് സ്ഥലം ലഭ്യമാക്കിയാൽ പ്രസ്തുത പോളിടെക്നിക്ക് ആരംഭിക്കുന്നതിന് അനുമതി നൽകുമോയെന്ന് വ്യക്തമാക്കുമോ?

നിലവിൽ എ.ഐ.സി.ടി.ഇ. മാനദണ്ഡപ്രകാരം പോളിടെക്നിക്ക് കോളേജ് ആരംഭിക്കുന്നതിന് സ്വന്തം ഉടമസ്ഥതയിലുള്ള വസ്തു ആവശ്യമാണ്. ആയതിനാൽ ലീസിന് സ്ഥലം ലഭ്യമാക്കിയാൽ സ്ഥാപനം ആരംഭിക്കാൻ കഴിയുകയില്ല.

<u>പേരാമ്പ്ര മണ്ഡലത്തിൽ പോളിടെക്നിക്ക് അനുവദിക്കുന്നതിന് നടപടി</u>

118 (3476) <u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര മണ്ഡലത്തിൽ ഒരു പോളിടെക്നിക്ക് സ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നിവേദനം ലഭിച്ചിട്ടുണ്ടോ?

ഉണ്ട്.

(ബി) പോളിടെക്നിക്ക് സ്ഥാപിക്കാനായി 5 ഏക്കർ സ്ഥലവും താല്ക്കാലികമായി ക്ലാസ് തുടങ്ങാനാവശ്യമായ പശ്ചാത്തലസൗകര്യങ്ങളും സൗജന്യമായി ലഭ്യമാക്കാമെന്ന് അറിയിച്ച് ചങ്ങരോത്ത് പഞ്ചായത്ത് ഭരണസമിതിയുടെ തീരുമാനത്തിന്റെ പകർപ്പ് ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ മേൽ സൂചിപ്പിച്ച വസ്തുതകൾ പരിഗണിച്ചുകൊണ്ടും മണ്ഡലത്തിൽ മറ്റ് സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളില്ലെന്ന വസ്തുത പരിഗണിച്ചുകൊണ്ടും ഈ അക്കാദമികവർഷം തന്നെ പോളിടെക്നിക്ക് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(ബി&സി) ഉണ്ട്. പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ചിട്ടുള്ള പഠന റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു.

## കെ.ജി.റ്റി. ഇ. (കോമേഴ്സ്) പരീക്ഷ

119 (3479) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022 ജൂണിലെ വിജ്ഞാപനപ്രകാരമുള്ള കെ.ജി.റ്റി.ഇ. (കോമേഴ്സ്) ടൈപ്പ്റൈറ്റിംഗ് & വേഡ് പ്രോസസ്സിംഗ് പരീക്ഷയ്ക്ക് ഓരോ വിഭാഗത്തിലും എത്ര പേർ വീതം അപേക്ഷിച്ചിട്ടുണ്ടെന്ന് കാറ്റഗറി തിരിച്ച് ലഭ്യമാക്കുമോ?

വിശദമായ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.+

(ബി) കെ.ജി.റ്റി.ഇ. പരീക്ഷയുടെ ഫലം പ്രസിദ്ധീകരിക്കുമ്പോൾ പരീക്ഷയിൽ ആകെ പങ്കെടുത്തവരുടെ എണ്ണം, വിജയിച്ചവരുടെ എണ്ണം, വിജയശതമാനം തുടങ്ങിയ വിവരങ്ങൾ പരീക്ഷാഭവൻ പ്രസിദ്ധീകരിക്കാറുണ്ടോ; ഇല്ലെങ്കിൽ 2022 ജൂണിലെ പരീക്ഷ മുതൽ ആയത് പ്രസിദ്ധീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

കെ.ജി.റ്റി.ഇ. പരീക്ഷയുടെ ഫലം പ്രസിദ്ധീകരിക്കുമ്പോൾ പരീക്ഷയിൽ ആകെ പങ്കെടുത്തവരുടെ എണ്ണം, വിജയിച്ചവരുടെ എണ്ണം, വിജയശതമാനം തുടങ്ങിയ വിവരങ്ങൾ പരീക്ഷാഭവൻ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രസിദ്ധീകരിക്കാറില്ല. 2022 ജൂണിലെ പരീക്ഷ മുതൽ ആയത് പ്രസിദ്ധീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

## ഐ.ടി.ഐ.-കളിൽ എൽ.ഡി. സ്റ്റോർ കീപ്പർ, യു.ഡി. സ്റ്റോർ കീപ്പർ തസ്തികകളിലെ റേഷ്യോ പ്രൊമോഷൻ

120 (3480) ശ്രീ. എം. മുകേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ പരിശീലന വകുപ്പിനുകീഴിലെ ഐ.ടി.ഐ.-കളിൽ എൽ.ഡി. സ്റ്റോർ കീപ്പർ, യു.ഡി. സ്റ്റോർ കീപ്പർ തസ്തികകളിൽ 1:1 റേഷ്യോ പ്രൊമോഷൻ നടപ്പിലാക്കുന്നതിന് ശമ്പള പരിഷ്കരണ കമ്മീഷൻ ശിപാർശ ചെയ്തിരുന്നോ; വിശദവിവരം ലഭ്യമാക്കുമോ?

പതിനൊന്നാം ശമ്പള പരിഷ്കരണ കമ്മിറ്റി സർക്കാരിൽ നല്കിയിട്ടുള്ള ശിപാർശയിൽ വ്യാവസായിക പരിശീലന വകുപ്പിനുകീഴിലെ ഐ.ടി.ഐ.-കളിൽ എൽ.ഡി. സ്റ്റോർ കീപ്പർ, യു.ഡി. സ്റ്റോർ കീപ്പർ തസ്തികകളിൽ 1:1 അനുപാതത്തിൽ സ്ഥാനക്കയറ്റം അനുവദിക്കുന്നത് സംബന്ധിച്ച വിഷയം ഉൾപ്പെടുത്തിയിട്ടില്ല.

(ബി) പ്രസ്തുത ശിപാർശ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ടോ; എങ്കിൽ ഇതിനായി എത്ര രൂപയുടെ അധിക സാമ്പത്തിക

ബാധ്യത ഉണ്ടാകുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ?

ബാധകമല്ല.

## തിരൂരങ്ങാടി മണ്ഡലത്തിലെ വിവിധ പ്രവൃത്തികൾ

121 (3481) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയമസഭാ സമുച്ചയത്തിലെ മീറ്റിംഗ് ഹാളിൽ ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ തിരൂരങ്ങാടി മണ്ഡലം എം.എൽ.എ.-യുടെയും മറ്റ് ജനപ്രതിനിധികളുടെയും സാന്നിദ്ധ്യത്തിൽ ഉദ്യോഗസ്ഥരെ പങ്കെടുപ്പിച്ച് 16-03-2022-ന് ചേർന്ന യോഗത്തിന്റെ നടപടിക്കുറിപ്പ് എം.എൽ.എ.-യ്ക്ക് ലഭ്യമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നത്തേയ്ക്ക് ലഭ്യമാക്കുമെന്നറിയിക്കാമോ?

നിയമസഭാമന്ദിരത്തിലെ 610-ാം നമ്പർ കോൺഫറൻസ് ഹാളിൽ തിരൂരങ്ങാടി മണ്ഡലം എം.എൽ.എ.-യുടെ സാന്നിദ്ധ്യത്തിൽ 17-03-2022-ന് കൂടിയ യോഗത്തിലാണ് മണ്ഡലത്തിലെ കോട്ടയ്ക്കൽ ഗവൺമെന്റ് വനിതാ പോളിടെക്നിക്ക് കോളേജ് കെട്ടിടനിർമ്മാണം, പരപ്പനങ്ങാടി എൽ.ബി.എസ്. സെന്ററിന്റെ ഐ.ഐ.എസ്.റ്റി.-ക്ക് സ്ഥലമേറ്റെടുക്കലും

കെട്ടിടനിർമ്മാണവും, കേരള ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിന്റെ മേഖലാ ശാസ്ത്ര കേന്ദ്രത്തിന്റെ നിർമ്മാണം എന്നിവയുടെ പുരോഗതി അവലോകനം ചെയ്തത്. ഈ യോഗത്തിന്റെ മിനിറ്റ്സ് ബഹുമാനപ്പെട്ട എം.എൽ.എ.-യ്ക്ക് നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത യോഗതീരുമാനപ്രകാരം കോട്ടയ്ക്കൽ ഗവൺമെന്റ് വനിതാ പോളിടെക്നിക്ക് കോളേജ് കെട്ടിടനിർമ്മാണം, പരപ്പനങ്ങാടി എൽ.ബി.എസ്., ഐ.ഐ.എസ്.റ്റി. സ്ഥലമേറ്റെടുക്കലും കെട്ടിടനിർമ്മാണവും, പാലത്തിങ്ങൽ പ്ലാനറ്റോറിയം ആൻഡ് സയൻസ് പാർക്ക് പൂർത്തീകരണം തുടങ്ങിയ പ്രവൃത്തികളുടെ പൂർത്തീകരണത്തിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും ഇനി പൂർത്തീകരിക്കാനുള്ളവ എന്തെല്ലാമാണെന്നും ഇവ എന്നേയ്ക്ക് പൂർത്തീകരിക്കാനാകും എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കോട്ടയ്ക്കൽ സർക്കാർ വനിതാ പോളിടെക്നിക്ക് കോളേജിൽ പുതിയ ഇലക്ട്രോണിക് & ഇൻസ്ട്രുമെന്റേഷൻ ബ്ലോക്ക് നിർമ്മിക്കുന്നതിനായി കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ് (കെൽ) എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തികൊണ്ട് 3,19,00,000/- രൂപയുടെ പുതുക്കിയ ഭരണാനുമതിയുടെ ഉത്തരവ് നൽകിയിട്ടുണ്ട്. തുടർനടപടികൾ

സ്വീകരിക്കുവാൻ സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്.

എൽ.ബി.എസ്. സെന്ററിന്റെ ഐ.ഐ.എസ്.റ്റി.-ക്ക് സ്ഥലം ഏറ്റെടുക്കുന്നതിനും കെട്ടിടനിർമ്മാണം ആരംഭിക്കുന്നതിനുമായുള്ള ഫണ്ട് അനുവദിക്കുന്നത് സംബന്ധിച്ച ഫയൽ ധനകാര്യ വകുപ്പ് പരിശോധിച്ചുവരികയാണ്. യോഗതീരുമാനപ്രകാരം കേരള ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിന്റെ മേഖലാ ശാസ്ത്ര കേന്ദ്രത്തിൽ ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പ് നിർവഹിച്ച പ്രവൃത്തികളുടെ അളവുകൾ നിജപ്പെടുത്തുന്നതിനായി കെല്ലിനോട് (M/s KEL) ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ, കെ.എസ്.എസ്.ടി.എം-ന്റെ പ്രൊപ്പോസൽ പ്രകാരം ചുറ്റുമതിൽ, ഗേറ്റ്, ഫെൻസിംഗ് മുതലായവയുടെ നിർമ്മാണത്തിനായി 2022-2023 സാമ്പത്തികവർഷം 150 ലക്ഷം രൂപയ്ക്ക് ഭരണാനുമതിയും നൽകിയിട്ടുണ്ട്. മുമ്പ് ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പ് നിർവ്വഹിച്ച പ്രവൃത്തികളുടെ അളവുകൾ നിജപ്പെടുത്തിയശേഷം പുതിയ പ്രവൃത്തികൾ ആരംഭിക്കും.

(സി) ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് എഗ്രിമെന്റ് വച്ച കോട്ടയ്ക്കൽ ഗവൺമെന്റ് വനിതാ പോളിടെക്നിക്ക് കോളേജ് കെട്ടിടനിർമ്മാണം വർഷങ്ങളോളം വൈകിയതിനാൽ സർക്കാരിനുണ്ടായ സാമ്പത്തികനഷ്ടം

എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; പ്രസ്തുത നഷ്ടം നികത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ;

ഭരണാനുമതി അനുവദിച്ച അടങ്കൽ തുകയിൽ വ്യത്യാസം വന്നിട്ടില്ലാത്തതിനാൽ, സർക്കാരിന് സാമ്പത്തികനഷ്ടം ഉണ്ടായിട്ടില്ല.

(ഡി) പ്രസ്തുത പ്രവൃത്തി വൈകുന്നതിന് കാരണക്കാരായവർക്കെതിരെ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ സ്വീകരിക്കുമോ; വിശദമാക്കാമോ?

കോട്ടയ്ക്കൽ, സർക്കാർ വനിതാ പോളിടെക്നിക്ക് കോളേജിൽ പുതിയ ഇലക്ട്രോണിക് & ഇൻസ്ട്രുമെന്റേഷൻ ബ്ലോക്ക് നിർമ്മിക്കുന്നതിലേയ്ക്കായി അഗ്നിസുരക്ഷാ സംവിധാനം, അംഗപരിമിതർക്കുള്ള റാമ്പ് എന്നിവ ഉൾപ്പെടുത്തി 4202-02-104-99 എന്ന ശീർഷകത്തിൽ 3,19,00,000/ രൂപയുടെ ഭരണാനുമതി നൽകിക്കൊണ്ടും കേരള ഇലക്ട്രിക്കൽ ആൻഡ് അലൈഡ് എൻജിനീയറിംഗ് കമ്പനി ലിമിറ്റഡ് (കെൽ)-നെ ഏൽപ്പിച്ചുകൊണ്ടും ഉത്തരവ് നല്കിയിട്ടുണ്ടായിരുന്നു. എന്നാൽ പ്രസ്തുത ശീർഷകം കൈകാര്യം ചെയ്യുന്നത് പൊതുമരാമത്ത് വകുപ്പായതിനാൽ കെൽ-ന് (KEL) ടി ശീർഷകത്തിൽ നിന്നും തുക കൈമാറാൻ സാധിക്കാതെ വന്നതിനാലാണ് നിർമ്മാണ പ്രവൃത്തിക്ക് കാലതാമസം നേരിട്ടത്.

അതിനുപരിഹാരമായി പ്രസ്തുത നിർമ്മാണ പ്രവൃത്തികൾ ധ്രുതഗതിയിൽ പൂർത്തിയാക്കുന്നതിനായി പുതുക്കിയ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ വസ്തുത കൊണ്ടുതന്നെ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും മനഃപൂർവമായ വീഴ്ച ഉണ്ടായിട്ടില്ലാത്തതിനാൽ നടപടി ആവശ്യമായി കാണുന്നില്ല.

## ഐ.എച്ച്.ആർ.ഡി. കോളേജുകളിലെ ഫീസിളവ്

122 (3482) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഐ.എച്ച്.ആർ.ഡി.-ക്ക് കീഴിൽ പ്രവർത്തിച്ചുവരുന്ന കോളേജുകൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ?

സംസ്ഥാനത്ത് ഐ.എച്ച്.ആർ.ഡി.-യുടെ കീഴിൽ പ്രവർത്തിച്ചുവരുന്ന കോളേജുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.+

(ബി) ഐ.എച്ച്.ആർ.ഡി. കോളേജുകളിൽ നിലവിൽ ഫീസിളവ് ലഭിക്കുന്നത് ഏതൊക്കെ വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്കാണെന്ന് വ്യക്തമാക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഐ.എച്ച്.ആർ.ഡി. കോളേജുകളിൽ നിലവിൽ SC/ST/OEC/OBC(H) എന്നീ വിഭാഗങ്ങളിലെ കുട്ടികൾക്ക് ഫീസിളവ് ലഭിക്കുന്നുണ്ട്.

(സി) പ്രസ്തുത ഫീസിളവ് ലഭിക്കുന്ന വിദ്യാർത്ഥികളുടെ ഫീസ് ഏതെങ്കിലും വകുപ്പുകൾ വഹിക്കുന്നതാണോ; എങ്കിൽ ഇതുസംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ?

പ്രസ്തുത ഫീസിളവ് ലഭിക്കുന്നത് പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ്, ഫിഷറീസ് വകുപ്പ്, ഡിപ്പാർട്ട്മെന്റ് ഓഫ് എഡ്യൂക്കേഷൻ, (യൂണിയൻ ടെറിട്ടറി, ലക്ഷദ്വീപ്) എന്നിവിടങ്ങളിൽ നിന്നാണ്.

(ഡി) പ്രസ്തുത ഫീസിനത്തിൽ ഓരോ വകുപ്പും 2021-22 വർഷം ഐ.എച്ച്.ആർ.ഡി.-ക്ക് എത്ര തുക കൈമാറിയിട്ടുണ്ടെന്ന് വിശദമാക്കുമോ?

1. പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ് - 13,45,92,410/- രൂപ (പതിമൂന്ന് കോടി നാൽപ്പത്തിയഞ്ച് ലക്ഷത്തി തൊണ്ണൂറ്റി രണ്ടായിരത്തി നാന്നൂറ്റി പത്ത് രൂപ മാത്രം)

2. ഫിഷറീസ് വകുപ്പ് - 29,11,542/- രൂപ (ഇരുപത്തിയൊമ്പത് ലക്ഷത്തി പതിനൊന്നായിരത്തി അഞ്ഞൂറ്റി നാൽപ്പത്തിരണ്ട് രൂപ മാത്രം)

3. ഡിപ്പാർട്ട്മെന്റ് ഓഫ് എഡ്യൂക്കേഷൻ, യൂണിയൻ ടെറിട്ടറി, ലക്ഷദ്വീപ് - 105000/- രൂപ (ഒരു ലക്ഷത്തി അയ്യായിരം രൂപ മാത്രം)

(ഇ) ബി.പി.എൽ. വിഭാഗത്തിലെ കുട്ടികൾക്ക് നിലവിൽ പ്രസ്തുത സ്ഥാപനത്തിനുകീഴിലുള്ള കോളേജുകളിൽ ഫീസിളവ് നൽകുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഇല്ല.

(എഫ്) മതന്യൂനപക്ഷ വിഭാഗങ്ങളിലെയും മറ്റു പിന്നാക്ക വിഭാഗങ്ങളിലെയും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്ക് പ്രസ്തുത കോളേജുകളിൽ ഫീസിളവ് നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഇപ്പോൾ പരിഗണനയിലില്ല.

## കെ.ജി.റ്റി.ഇ.(കോമേഴ്സ്) ടൈപ്പ് റൈറ്റിംഗ് & വേഡ് പ്രോസസ്സിംഗ് സിലബസ് പരിഷ്കരണം

123 (3483) ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരീക്ഷാഭവൻ നടത്തുന്ന കെ.ജി.റ്റി.ഇ.(കോമേഴ്സ്) ടൈപ്പ് റൈറ്റിംഗ് & വേഡ് പ്രോസസ്സിംഗ് പരീക്ഷകൾക്കായി മലയാളം ടൈപ്പ് റൈറ്റിംഗിൽ എൻ.എസ്. പണ്ടാല സിസ്റ്റം പരിശീലനം മുന്നോട്ടുകൊണ്ടുപോകുവാൻ മലയാളം ടൈപ്പ് റൈറ്റിംഗ് മെഷീനുകളുടെ ദൗർലഭ്യം കാരണം കഴിയുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എങ്കിൽ പ്രസ്തുത സിസ്റ്റത്തിനുപകരമായി കമ്പ്യൂട്ടറിൽ ഇൻസ്ക്രിപ്റ്റ്, ഐ.എസ്.എം. മലയാളം സോഫ്റ്റ്വെയറുകളിൽ ടൈപ്പിംഗ് പരീക്ഷയെഴുതാൻ കഴിയുംവിധം കെ.ജി.റ്റി.ഇ. (കോമേഴ്സ്) ടൈപ്പ് റൈറ്റിംഗ് & വേഡ് പ്രോസസ്സിംഗ് പരീക്ഷയുടെ സിലബസ് പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) പരീക്ഷാഭവൻ നടത്തുന്ന കെ.ജി.റ്റി.ഇ.(കോമേഴ്സ്) ടൈപ്പ് റൈറ്റിംഗ് & വേഡ് പ്രോസസ്സിംഗ് പരീക്ഷയുടെ സിലബസ് പരിഷ്കരണം ഇപ്പോൾ ഏതുഘട്ടത്തിലാണെന്ന് അറിയിക്കുമോ; കേരളത്തിൽ ഇരുപത്തിയഞ്ച് വർഷങ്ങൾക്കുമുമ്പ് മലയാളം ടൈപ്പ്റൈറ്റിംഗ് മെഷീൻ കമ്പനികൾ നിർമ്മാണം നിർത്തിയതിനാൽ പരിമിതമായ എൻ.എസ്.

പണ്ടാല മലയാളം ടൈപ്പ് റൈറ്റിംഗ് മെഷീനുകൾ മാത്രമെ ശേഷിക്കുന്നുള്ളൂവെന്നതിനാൽ കെ.ജി.റ്റി.ഇ. (കോമേഴ്സ്) ഉൾപ്പെടെയുള്ള പരീക്ഷകളിൽ കാലഘട്ടത്തിനനുസൃതമായ സിലബസ് പരിഷ്കരണം എത്രയുംവേഗം നടപ്പിലാക്കുമോ;

(ഡി) കെ.ജി.റ്റി.ഇ. (കോമേഴ്സ്) സിലബസ് അവസാനമായി പരിഷ്കരിച്ചത് 16-08-2001-ലെ സ.ഉ.(എം.എസ്.) 96/2001/ഉ.വി.വ. നമ്പർ പ്രകാരം ഇരുപത്തൊന്ന് വർഷങ്ങൾക്കുമുമ്പാണെന്നത് പരിഗണിച്ച് സിലബസ് പരിഷ്കരണം അടിയന്തരമായി പൂർത്തിയാക്കി പ്രസിദ്ധീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

(ബി -ഡി) കെ.ജി.റ്റി.ഇ. (കോമേഴ്സ്) ടൈപ്പ് റൈറ്റിംഗ് & വേഡ് പ്രോസസ്സിംഗ് പരീക്ഷയുടെ സിലബസ് പരിഷ്കരിക്കുന്നതിനുള്ള പ്രൊപ്പോസൽ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ നിന്നും സർക്കാരിൽ ലഭ്യമായിരുന്നു. മലയാളം ടൈപ്പ് റൈറ്റിംഗിൽ എൻ.എസ്. പണ്ടാല സിസ്റ്റം കൂടാതെ കമ്പ്യൂട്ടറിൽ ഇൻസ്ക്രിപ്റ്റ്, ഐ.എസ്.എം. എന്നീ മലയാളം സോഫ്റ്റ്‌വെയറുകളിൽ പരീക്ഷയെഴുതാൻ കഴിയുംവിധം പരിഷ്കരിച്ച സിലബസാണ് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ

സർക്കാരിന്റെ അംഗീകാരത്തിനായി ലഭ്യമാക്കിയിരിക്കുന്നത്. പ്രസ്തുത സിലബസ് സർക്കാർ പരിശോധിച്ചുവരുന്നു.

## കരിയർ അഡ്വാൻസ്മെന്റ് സ്കീം

124 (3484) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൽ.ബി.എസ്. എഞ്ചിനീയറിംഗ് കോളേജിലെ അദ്ധ്യാപകർക്ക് കരിയർ അഡ്വാൻസ്മെന്റ് സ്കീം (സി.എ.എസ്.) ഏതുവർഷം വരെയാണ് നടപ്പിലാക്കിയിട്ടുള്ളത്?

2016 വരെ നടപ്പിലാക്കിയിട്ടുണ്ട്.

(ബി) 2016-നുശേഷം കരിയർ അഡ്വാൻസ്മെന്റ് സ്കീം നടപ്പിലാക്കുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കി അനുമതി ലഭ്യമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം എന്താണെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കാത്തതുകാരണം 20 വർഷം പൂർത്തിയായ അദ്ധ്യാപകർ ഇപ്പോഴും എൻട്രി കേഡറിൽത്തന്നെ തുടരുന്ന സ്ഥിതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ എൽ.ബി.എസ്. -ൽ കരിയർ അഡ്വാൻസ്മെന്റ് സ്കീം നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

(ബി-ഡി) 2016-നുശേഷം കരിയർ അഡ്വാൻസ്മെന്റ് സ്കീം നടപ്പിലാക്കുന്നതിനുള്ള പ്രൊപ്പോസൽ എൽ.ബി.എസ്. ഡയറക്ടറേറ്റിൽ നിന്നും സർക്കാരിൽ ലഭ്യമായിട്ടുണ്ട്. CAS നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് AG-യുടെ ഓഡിറ്റ് ഒബ്ജക്ഷൻ നിലനിന്നിരുന്നു. AICTE നിയമങ്ങൾക്കനുസരിച്ചുമാത്രം ഇനി മുതൽ CAS നടപ്പിലാക്കാമെന്ന ഉറപ്പിന്മേലാണ് പ്രസ്തുത എതിർപ്പുകൾ 07-10-2020-ന് തീർപ്പാക്കിയിട്ടുള്ളത്. 2019-20 ഓഡിറ്റ് റിപ്പോർട്ടനുസരിച്ച് പൂജപ്പുര എഞ്ചിനീയറിംഗ് കോളേജിൽ 5.87 കോടി രൂപയുടെയും കാസർഗോഡ് എഞ്ചിനീയറിംഗ് കോളേജിൽ 6.02 കോടി രൂപയുടെയും നഷ്ടമുണ്ടായിട്ടുണ്ട്. എൽ.ബി.എസ്-ന്റെ നിലവിലെ സാമ്പത്തികസ്ഥിതി കണക്കിലെടുത്ത് AICTE മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ എൽ.ബി.എസ്-ൽ CAS നടപ്പിലാക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

## കോളേജുകളുടെയും സർവ്വകലാശാലകളുടെയും അടിസ്ഥാനവികസനവും അക്കാദമിക മികവും

125 (3485) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സർക്കാർ കോളേജുകളുടെയും സർവ്വകലാശാലകളുടെയും അടിസ്ഥാന വികസനത്തിനും അക്കാദമിക ഉന്നമനത്തിനുമായി മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

സംസ്ഥാന സർക്കാരിന്റെ പ്ലാൻ ഫണ്ടിനത്തിലും റൂസ, കിഫ്ബി പദ്ധതികൾ മുഖേനയും ലഭിച്ച തുക വിനിയോഗിച്ചുകൊണ്ട് സർക്കാർ കോളേജുകളുടെയും സർവ്വകലാശാലകളുടെയും അടിസ്ഥാനസൗകര്യങ്ങൾ മികവുറ്റതാക്കിവരുന്നു. ഉന്നത വിദ്യാഭ്യാസ മേഖലയുടെ അടിസ്ഥാനസൗകര്യ വികസനത്തിനും അക്കാദമിക പ്രവർത്തനങ്ങളുടെ വിപുലീകരണത്തിനും ഗുണമേന്മയേറിയ ഉന്നത വിദ്യാഭ്യാസം സാദ്ധ്യമാക്കുന്നതിനും താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

1. <u>കേരള അക്കാദമിക് ലൈബ്രറി നെറ്റ്‌വർക്ക് (കാൾനെറ്റ്):</u> - കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ നേതൃത്വത്തിൽ സംസ്ഥാനത്തെ സർവ്വകലാശാല ലൈബ്രറികൾ കൂട്ടിയിണക്കി സംസ്ഥാനതലത്തിൽ കേരള അക്കാദമിക് ലൈബ്രറി നെറ്റ്‌വർക്ക് (Kerala

Academic Library Network - KALNET) പ്രവർത്തനമാരംഭിച്ചു. ഉന്നത വിദ്യാഭ്യാസ മേഖലയിലെ ലൈബ്രറികളുടെ നെറ്റ്‌വർക്ക് പ്രാവർത്തികമാകുന്നതോടെ വിജ്ഞാനവിഭവങ്ങളുടെ വിതരണം കൂടുതൽ ഫലപ്രദവും വേഗത്തിലുമാകും. ഇത് പഠന ഗവേഷണ പ്രവർത്തനങ്ങൾക്ക് കൂടുതൽ ഉണർവ് നൽകാൻ സഹായകരമാകും.

2. <u>സംസ്ഥാനതല ഈ-ജേർണൽ കൺസോർഷ്യം</u>:- സംസ്ഥാനത്തെ എല്ലാ സർവ്വകലാശാലകൾക്കും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ഗവേഷണ പ്രവർത്തനത്തിനും മറ്റും അനിവാര്യമായ ഇ-ജേർണൽ വിഭവങ്ങൾ പ്രദാനം ചെയ്യുന്നതിന് സംസ്ഥാനതല ഇ-ജേർണൽ കൺസോർഷ്യം (State Level e-Journal Consortium) പ്രാവർത്തികമാക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

3. <u>DIGICOL (കോളേജുകൾക്ക് ലേർണിംഗ് മാനേജ്മെന്റ് സിസ്റ്റം)</u>:- കേരളത്തിലെ എല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഡിജിറ്റൽ വിദ്യാഭ്യാസത്തിന് സൗകര്യമൊരുക്കാനുദ്ദേശിച്ചുകൊണ്ട് സർക്കാർ വിഭാവനം ചെയ്ത "ലെറ്റ് ഗോ ഡിജിറ്റൽ' പദ്ധതിയുടെ ഭാഗമായി ഉന്നത വിദ്യാഭ്യാസ കൗൺസിലും ഡിജിറ്റൽ സർവ്വകലാശാലയും സംയുക്തമായി ആവിഷ്കരിച്ച പദ്ധതിയാണ് ഡിജിറ്റൽ എനേബിൾമെന്റ് ഓഫ് ഹയർ

എഡ്യൂക്കേഷൻ ഇൻസ്റ്റിറ്റ്യൂഷൻസ് ഇൻ കേരള (Digital Enablement of Higher Education Institutions in Kerala).

4. <u>ആൾ കേരള ഹയർ എഡ്യുക്കേഷൻ സർവ്വെ</u>:- ഉന്നത വിദ്യാഭ്യാസ മേഖലയുടെ സമഗ്രമായ വിവരശേഖരണം ലക്ഷ്യമിട്ട്, സംസ്ഥാനത്ത് കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ ഓൺലൈൻ സർവ്വേ ആരംഭിച്ചിട്ടുണ്ട്.

5. <u>ഔട്ട്കം ബെയ്സ്ഡ് എഡ്യുക്കേഷനും (OBE) ഗ്രാജ്യുവേറ്റ് ആട്രിബ്യൂട്ടുകൾക്കും (GA) ഊന്നൽ നല്കിക്കൊണ്ടുള്ള കരിക്കുലം പരിഷ്കരണം.</u>

6. <u>ഫാക്കൽറ്റി ഡെവലപ്മെൻറ് സെന്റർ (FDC)</u>:- ഉന്നത വിദ്യാഭ്യാസ മേഖലയിൽ മികച്ച അദ്ധ്യാപകരെ വാർത്തെടുക്കുകയെന്ന ലക്ഷ്യത്തോടെ ഉന്നത വിദ്യാഭ്യാസ കൗൺസിലിനുകീഴിൽ ഫാക്കൽറ്റി ഡെവലപ്മെന്റ് സെന്റർ ആരംഭിച്ചിട്ടുണ്ട്. Humanities & Social Science, Science, Commerce and Management എന്നീ സ്ട്രീമുകളിൽ അദ്ധ്യാപകർക്കായി ഫാക്കൽറ്റി ഡെവലപ്മെന്റ് സെന്റർ മുഖേന പരിശീലനം സംഘടിപ്പിക്കുന്നുണ്ട്.

7. സാക്ക് (SAAC - State Assessment & Accreditation Centre):- സംസ്ഥാനത്തെ സർവ്വകലാശാലകളെയും കോളേജുകളെയും ഔപചാരികമായി വിലയിരുത്തുകയെന്ന ലക്ഷ്യത്തോടെ ഉന്നത വിദ്യാഭ്യാസ കൗൺസിലിനുകീഴിൽ അസ്സസ്മെന്റ് ആൻഡ് അക്രഡിറ്റേഷൻ സെന്റർ ആരംഭിച്ചിട്ടുണ്ട്.

8. മുഖ്യമന്ത്രിയുടെ നവകേരള പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പ്:- പോസ്റ്റ് ഡോക്ടറൽ ഗവേഷണം പ്രോത്സാഹിപ്പിക്കുന്നതിന് ഗവേഷണത്തിൽ ഏർപ്പെട്ടിരിക്കുന്ന വിദ്യാർത്ഥികൾക്ക് അംഗീകാരവും പ്രോത്സാഹനവും നൽകാനുദ്ദേശിച്ചിട്ടുള്ള പദ്ധതിയിൽ 77 ഫെലോഷിപ്പുകൾ വിതരണം ചെയ്തിട്ടുണ്ട്. 5 വർഷം കൊണ്ട് 500 ഫെലോഷിപ്പുകൾ നൽകാനാണ് പദ്ധതിയിട്ടിരിക്കുന്നത്. നവകേരള സൃഷ്ടിക്ക് സഹായകമാകുന്ന ഗവേഷണ പദ്ധതികളാണ് ഇതിനായി തെരഞ്ഞെടുക്കുന്നത്.

9. കൈരളി ഗവേഷണ പുരസ്കാരങ്ങൾ:- ഗവേഷണരംഗത്ത് മികവ് കാട്ടുന്ന കേരളീയർക്ക് അംഗീകാരവും പ്രോത്സാഹനവും നൽകാൻ സംസ്ഥാന സർക്കാർ ഏർപ്പെടുത്തിയിരിക്കുന്നതാണ് കൈരളി റിസർച്ച് അവാർഡുകൾ.

10. ചാൻസിലേഴ്സ് അവാർഡ്:- ബഹുമാനപ്പെട്ട കേരള ഗവർണർ മുൻകയ്യെടുത്ത് ഏർപ്പെടുത്തിയിട്ടുള്ള അവാർഡാണിത്. നിലവിൽ രണ്ട്

വിഭാഗങ്ങളിലായാണ് അവാർഡ് നൽകുന്നത്. സ്ഥാപിതമായി 12 വർഷം കഴിയാത്ത സർവ്വകലാശാലകളെ "Emerging and Young Universities" എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി 1 കോടി രൂപയും അല്ലാത്തവയ്ക്ക് 5 കോടി രൂപയുമാണ് അവാർഡായി നൽകുന്നത്.

11. ബ്രെയിൻ ഗെയിൻ പദ്ധതി:- കേരളത്തിനുപുറത്ത് വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന പ്രഗത്ഭരായ വ്യക്തികളുടെ വിജ്ഞാനസമ്പത്ത് സംസ്ഥാനത്തിന്റെ ഉന്നത വിദ്യാഭ്യാസരംഗത്ത് പ്രയോജനപ്പെടുത്തുകയെന്ന ലക്ഷ്യത്തോടെ കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ മുഖേന നടത്തുന്ന വിവരശേഖരണമാണിത്. വിദേശത്തുള്ള സർവ്വകലാശാലകളിലെയും ഗവേഷണ സ്ഥാപനങ്ങളിലെയും ശാസ്ത്രജ്ഞർ, സാമൂഹിക ശാസ്ത്രജ്ഞർ, മെഡിക്കൽ പ്രൊഫഷണലുകൾ, ടെക്നോക്രാറ്റുകൾ/ബഹുരാഷ്ട്ര സ്ഥാപനങ്ങളുടെ സി.ഇ.ഒ.-മാർ, സാമ്പത്തിക വിദഗ്ധർ, പരിസ്ഥിതി / ബയോകെമിസ്ട്രി / സുസ്ഥിരത / പ്രതിബദ്ധത / ദുരന്ത മാനേജ്മെന്റ് മേഖലകളിൽ പ്രവർത്തിക്കുന്ന പ്രശസ്തരായവരുടെ വിശദാംശങ്ങൾ ഈ ഡാറ്റാബേസിൽ ഉൾപ്പെടുന്നു.

12. ട്രാൻസ്‌ലേഷണൽ റിസർച്ച് സെന്ററുകൾ:- ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഗവേഷണ കണ്ടെത്തലുകൾ നാടിന്റെ ഉല്പാദനമേഖലയ്ക്ക്

ഗുണകരമാകുന്നതരത്തിൽ ഉപയോഗിക്കപ്പെടണം. അക്കാദമിക് വൃത്തത്തിൽ ചുരുങ്ങി നിൽക്കാതെ പ്രായോഗിക ജീവിതത്തിന് ഗുണപ്പെടുന്നതരത്തിൽ ഉന്നത വിദ്യാഭ്യാസ മേഖല മാറ്റുന്നതിന് ഉദ്ദേശിച്ചിട്ടുള്ളവയാണിവ.

13. സെന്റേഴ്സ് ഓഫ് എക്സലൻസ്:- സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നിലവാരമുയർത്തുന്നതിന്റെ ഭാഗമായി സർവ്വകലാശാലകൾക്കുള്ളിൽ മികവിന്റെ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## വിദൂര വിദ്യാഭ്യാസത്തിനുള്ള നിയന്ത്രണം

126 (3486) ശ്രീ. മഞ്ഞളാംകുഴി അലി:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ സർവ്വകലാശാലകൾവഴിയുള്ള വിദൂര വിദ്യാഭ്യാസത്തിന് എന്തെങ്കിലും നിയന്ത്രണമേർപ്പെടുത്തിയിട്ടുണ്ടോ?

ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാലയ്ക്ക് UGC-യുടെ DEB-യിൽ നിന്ന് 2022-23 അദ്ധ്യയനവർഷം മുതൽ വിദൂര വിദ്യാഭ്യാസ കോഴ്സുകൾ നടത്താൻ അനുമതി ലഭിക്കുന്നില്ലെങ്കിൽ മാത്രം ഈ വർഷം വിദൂര

വിദ്യാഭ്യാസം/പ്രൈവറ്റ് രജിസ്ട്രേഷൻ വഴിയുള്ള കോഴ്സുകൾ നടത്തുന്നതിന് മറ്റ് സർവ്വകലാശാലകൾക്ക് അനുമതി നൽകുന്നതാണെന്നും ഇതുസംബന്ധിച്ച തുടർ സർക്കാർ നിർദ്ദേശം വരുന്നതുവരെ വിദൂര വിദ്യാഭ്യാസം/പ്രൈവറ്റ് രജിസ്ട്രേഷൻ മുഖേനയുള്ള കോഴ്സുകളിലേയ്ക്ക് പ്രവേശനത്തിനുള്ള അപേക്ഷ ക്ഷണിക്കാൻ പാടുള്ളതല്ലെന്നും സർവ്വകലാശാലകളെ അറിയിച്ചിട്ടുണ്ട്.

(ബി) ഓപ്പൺ സർവ്വകലാശാലയിൽ പി.ജി. കോഴ്സിന് 5 വിഷയങ്ങളിൽ മാത്രം അനുമതി നൽകിയ യു.ജി.സി.-യുടെ നടപടി ബന്ധപ്പെട്ട വിഷയത്തിൽ പി.ജി. കോഴ്സ് പഠിക്കുവാൻ ആഗ്രഹിക്കുന്നവരെ പ്രതികൂലമായി ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) എങ്കിൽ ബന്ധപ്പെട്ട വിഷയങ്ങളിൽ പി.ജി. കോഴ്സ് പഠിക്കുവാൻ ആഗ്രഹിക്കുന്ന എല്ലാവർക്കും അതിനാവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തുമോയെന്ന് അറിയിക്കാമോ?

(ബി)-യിൽ നൽകിയിരിക്കുന്നു.

## പ്രൈവറ്റ് രജിസ്ട്രേഷൻ വഴി കോഴ്സുകൾ നടത്തുന്നതിന് അനുമതി

127 (3487) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാലയ്ക്ക് കോഴ്സുകൾ നടത്തുന്നതിന് യു.ജി.സി. അനുമതി ലഭിക്കുകയുണ്ടായോയെന്ന് അറിയിക്കുമോ?

12 യു.ജി. കോഴ്സുകൾക്കും 5 പി.ജി. കോഴ്സുകൾക്കും അംഗീകാരത്തിനായി യു.ജി.സി. ആവശ്യപ്പെട്ട വിവരങ്ങൾ സമർപ്പിച്ചിട്ടുണ്ട്. ഈ വർഷം തന്നെ യു.ജി.സി.-യുടെ ഡിസ്റ്റൻസ് എഡ്യൂക്കേഷൻ ബ്യൂറോയുടെ അനുമതിയോടെ കോഴ്സുകൾ ആരംഭിക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) കേരളത്തിലെ മറ്റു സർവ്വകലാശാലകളിൽ പ്രൈവറ്റ് രജിസ്ട്രേഷൻ മുഖേന ഡിഗ്രി, പി.ജി. കോഴ്സുകൾ നടത്തുന്നത് തടഞ്ഞുകൊണ്ട് ഉത്തരവിറക്കുകയുണ്ടായോ?

ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാലയ്ക്ക് യു.ജി.സി.-യുടെ DEB-യിൽ നിന്ന് 2022-23 അദ്ധ്യയനവർഷം മുതൽ വിദൂര വിദ്യാഭ്യാസ കോഴ്സുകൾ നടത്താൻ അനുമതി ലഭിക്കുന്നില്ലെങ്കിൽ മാത്രം ഈ വർഷം വിദൂര വിദ്യാഭ്യാസം/പ്രൈവറ്റ് രജിസ്ട്രേഷൻ വഴിയുള്ള കോഴ്സുകൾ നടത്തുന്നതിന് മറ്റ്

സർവ്വകലാശാലകൾക്ക് അനുമതി നൽകുന്നതാണെന്നും ഇതുസംബന്ധിച്ച തുടർ സർക്കാർ നിർദ്ദേശം വരുന്നതുവരെ വിദൂര വിദ്യാഭ്യാസം/പ്രൈവറ്റ് രജിസ്ട്രേഷൻ മുഖേനയുള്ള കോഴ്സുകളിലേയ്ക്ക് പ്രവേശനത്തിനുള്ള അപേക്ഷ ക്ഷണിക്കാൻ പാടുള്ളതല്ലെന്നും സർവ്വകലാശാലകളെ അറിയിച്ചിട്ടുണ്ട്.

(സി) കോവിഡും ലോക്ഡൗണും മൂലം വിദ്യാഭ്യാസത്തിനുള്ള അവസരം നഷ്ടമായിരിക്കുന്ന വിദ്യാർത്ഥികൾക്ക് പ്രൈവറ്റ് രജിസ്ട്രേഷൻ നിർത്തലാക്കുന്നത് വീണ്ടും അവസരം നഷ്ടപ്പെടാൻ കാരണമാകുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാലയിൽ കോഴ്സുകൾ ആരംഭിക്കുന്നതോടെ കേരളത്തിലെ യുവജനങ്ങളുടെ വിദ്യാഭ്യാസ പുരോഗതിക്കുള്ള സാദ്ധ്യത വർദ്ധിക്കുമെന്നാണ് കണക്കാക്കപ്പെടുന്നത്.

(ഡി) ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാലയിലെ സർട്ടിഫിക്കറ്റുകൾ നേടി പുറത്തുവരുന്ന വിദ്യാർത്ഥികൾക്ക്, സർട്ടിഫിക്കറ്റിന്റെ തലക്കെട്ടിൽ ഓപ്പൺ യൂണിവേഴ്സിറ്റിയെന്ന് എഴുതിയിട്ടുള്ളതിനാൽ അവസരങ്ങൾ നഷ്ടമാകുന്നതിനുള്ള സാദ്ധ്യത പരിശോധിക്കുകയുണ്ടായോ?

യു.ജി.സി.-യുടെ അംഗീകാരത്തോടെയാണ് സർവ്വകലാശാല പ്രവർത്തിക്കുന്നത്. അതുകൊണ്ടുതന്നെ സർട്ടിഫിക്കറ്റിന്റെ സാധുത സംബന്ധിച്ച് സംശയത്തിനിടയുണ്ടെന്ന് കരുതുന്നില്ല.

(ഇ) പ്രൈവറ്റ് രജിസ്ട്രേഷൻ കോഴ്സുകൾ കേരളത്തിന്റെ തെക്കു ഭാഗത്തുള്ളൊരു പ്രദേശത്ത് മാത്രമായി ചുരുങ്ങുന്നത് വടക്കൻ മേഖലയിൽ നിന്നുള്ളവരുടെ വിദ്യാഭ്യാസ സ്വപ്നങ്ങൾക്ക് തിരിച്ചടിയാകുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി സംസ്ഥാനമൊട്ടാകെ അധികാരപരിധിയുള്ള ഒരു യൂണിവേഴ്സിറ്റിയാണ്. ആയതിനാൽ ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയിൽ കോഴ്സുകൾ ആരംഭിക്കുമ്പോൾ മേഖലാവ്യത്യാസമില്ലാതെ യുവജനങ്ങളുടെ വിദ്യാഭ്യാസ സാദ്ധ്യതകൾ വർദ്ധിക്കുമെന്നാണ് കരുതുന്നത്. ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാലയ്ക്ക് വടക്കൻമേഖലയിലടക്കം പ്രാദേശിക കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(എഫ്) എങ്കിൽ ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാലയിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനോടൊപ്പം മറ്റ് സർവ്വകലാശാലകളിൽ കൂടി പ്രൈവറ്റ് രജിസ്ട്രേഷനും വിദൂര വിദ്യാഭ്യാസം

വഴിയുള്ള കോഴ്സുകളും നടത്തുന്ന കാര്യം പരിഗണിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

കേരള നിയമസഭ പാസ്സാക്കിയ ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാലാ നിയമപ്രകാരം പ്രസ്തുത നിയമം നിലവിൽ വന്നുകഴിഞ്ഞാൽ മറ്റ് സർവ്വകലാശാലകൾക്ക് വിദൂരവിദ്യാഭ്യാസ കോഴ്സുകൾ നടത്താൻ സാധിക്കില്ല.

ഒരേ സമയം രണ്ട് ബിരുദ വിഷയം പഠിക്കുന്നത് സംബന്ധിച്ച പദ്ധതി

128 (3488) ഡോ. സുജിത് വിജയൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർവ്വകലാശാലകളിൽ ഒരേ സമയം രണ്ട് ബിരുദ വിഷയം പഠിക്കുന്നതിനുള്ള പദ്ധതി ആരംഭിക്കാനുദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ നടപ്പ് അദ്ധ്യയനവർഷം ആരംഭിക്കാൻ കഴിയുമോ?

ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) നിലവിൽ ബിരുദത്തിന് പഠിക്കുന്ന കുട്ടികൾക്ക് മറ്റൊരു ബിരുദത്തിന് ചേർന്ന് പഠിക്കുന്നതിന് അവസരം നൽകുമോയെന്ന് വ്യക്തമാക്കുമോ?

(എ)-യിൽ നൽകിയിരിക്കുന്നു.

ഒരേ സമയം രണ്ട് അക്കാദമിക് പ്രോഗ്രാമുകൾ

129 (3489) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഒരേ സമയം രണ്ട് അക്കാദമിക് പ്രോഗ്രാമുകൾ പഠിക്കാമെന്ന യു.ജി.സി. തീരുമാനം സംബന്ധിച്ച് സർക്കാർ പഠനം നടത്തിയിട്ടുണ്ടോ; യു.ജി.സി. നിർദ്ദേശം എങ്ങനെ നടപ്പിലാക്കാനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

പരിശോധിച്ചുവരുന്നു.

കേരള സർവ്വകലാശാലയിലെ അസിസ്റ്റന്റ് നിയമന ക്രമക്കേട്

130 (3490) ശ്രീ.റോജി എം.ജോൺ:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. പി. സി. വിഷ്ണുനാഥ്:

ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2008-ൽ കേരള സർവ്വകലാശാലയിൽ ഇരുന്നൂറോളം അസിസ്റ്റന്റുമാരെ നിയമിച്ചതിനും ഉത്തരക്കടലാസുകൾ കാണാതായതിനും വകുപ്പുതല അന്വേഷണം നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

2008-ലെ അസിസ്റ്റന്റ് നിയമനവുമായി ബന്ധപ്പെട്ട് മൂന്ന് സിൻഡിക്കേറ്റ് അംഗങ്ങൾ ഉൾപ്പെട്ട Fact Finding Committee അന്വേഷണം നടത്തിയിട്ടുണ്ട്.

(ബി) പരീക്ഷ എഴുതാത്തവർപോലും റാങ്ക് പട്ടികയിൽ ഇടംപിടിച്ചുവെന്നും ഉത്തരക്കടലാസുകൾ നശിപ്പിച്ചശേഷം ഉയർന്ന റാങ്കുകൾ നൽകിയെന്നും മാർക്ക് സൂക്ഷിച്ചിരുന്ന വൈസ് ചാൻസലറുടെ ലാപ്ടോപ് മോഷണം പോയെന്നുമുള്ള ആരോപണങ്ങളുടെ നിജ:സ്ഥിതി അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ടോ?

ടി ആരോപണങ്ങളുമായി ബന്ധപ്പെട്ട് വിവിധ ഹർജികൾ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ പരിഗണനയിലാണ്.

(സി) എങ്കിൽ പ്രസ്തുത അന്വേഷണത്തിന്റെ വിശദാംശം നൽകാമോ?

(ബി)-യിൽ നൽകിയിരിക്കുന്നു.

<u>കേരള സർവകലാശാലയ്ക്ക് എ പ്ലസ് നാക് അക്രഡിറ്റേഷൻ</u>

131 (3491) <u>ശ്രീ. വി. ശശി:</u>

<u>ശ്രീ. മുഹമ്മദ് മുഹസിൻ:</u>

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ:</u>

<u>ശ്രീ. സി. സി. മുകുന്ദൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നത വിദ്യാഭ്യാസ മേഖലയെ ലോകനിലവാരത്തലെത്തിക്കുകയെന്ന ലക്ഷ്യത്തിന്റെ ഭാഗമായി നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

ഉന്നത വിദ്യാഭ്യാസ മേഖലയെ ലോകനിലവാരത്തിലെത്തിക്കുകയെന്ന ലക്ഷ്യത്തിന്റെ ഭാഗമായി ചുവടെപ്പറയുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്:

1. കേരള അക്കാദമിക് ലൈബ്രറി നെറ്റ്‌വർക്കിന്റെ (കാൽനെറ്റ്) വികസനത്തിന്
2. ഇ-ജേർണൽ കൺസോർഷ്യം
3. ഡിജികോൾ
4. ഓൺലൈൻ ഡിജിറ്റൽ ശേഖരം
5. ഉന്നത വിദ്യാഭ്യാസ സർവ്വേ
6. കേരള ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിംവർക്ക് (KIRF)

7. അദ്ധ്യാപക പരിശീലന പദ്ധതി

8. സ്റ്റേറ്റ് അസ്സസ്മെന്റ് ആൻഡ് അക്രഡിറ്റേഷൻ സെന്റർ (SAAC)

9. ബ്രെയിൻ ഗെയിൻ - (ലോകമെമ്പാടുമുള്ള കേരളീയ അക്കാദമിക് ഡയസ്പോറയെക്കുറിച്ചുള്ള ഡേറ്റാബേസ്)

10. കോളേജുകളുടെ ക്ലസ്റ്റർ പദ്ധതി (കാസർകോട്, കണ്ണൂർ, പാലക്കാട് എന്നിവിടങ്ങളിൽ പുതിയ ക്ലസ്റ്റർ)

11. എറുഡൈറ്റ് സ്കോളർ ഇൻ റെസിഡൻസ് പ്രോഗ്രാം

12. ചീഫ് മിനിസ്റ്റേഴ്സ് നവകേരള പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പ്.

വൈജ്ഞാനിക മേഖലയിൽ കുതിച്ചു ചാട്ടമുണ്ടാക്കുന്നതിനായി കലാലയങ്ങളിൽ നിലവിലുള്ള പരമ്പരാഗത കോഴ്സുകളോടൊപ്പം ന്യൂജനറേഷൻ കോഴ്സുകൾ സർക്കാർ അനുവദിച്ചിട്ടുണ്ട്.

ഉന്നത വിദ്യാഭ്യാസ രംഗത്ത് ഉയർന്ന നിലവാരത്തിലുള്ള പഠനാന്തരീക്ഷം സൃഷ്ടിക്കുന്നതിനായി സർക്കാർ കോളേജുകൾ ട്രെയിനിംഗ് കോളേജുകൾ, ഹോസ്റ്റൽ എന്നിവയുടെ അടിസ്ഥാനസൗകര്യ വികസനവും കോളേജുകളിൽ അത്യാധുനിക സൗകര്യങ്ങളോടുകൂടിയ ലബോറട്ടറി, ലൈബ്രറി എന്നിവയും നിർമ്മിച്ച് നൽകിയിട്ടുണ്ട്. സാങ്കേതികവിദ്യയിലധിഷ്ഠിതമായ ക്ലാസ്സുകൾ ക്രമീകരിക്കുന്നതിനായി എല്ലാ ക്ലാസ്സുകളും സ്മാർട്ട് ക്ലാസ്റൂമാക്കുന്നതിനുള്ള പദ്ധതി, ലൈബ്രറി

ഡിജിറ്റലൈസേഷൻ, ഓൺലൈൻ ക്ലാസുകൾ ക്രമീകരിക്കുന്നതിനുള്ള പദ്ധതി, ഗ്രീൻ ക്യാമ്പസ് തുടങ്ങിയ പദ്ധതി നടപ്പിലാക്കിവരുന്നു.

(ബി) പ്രസ്തുത പ്രവർത്തനങ്ങളുടെ ഭാഗമായി കേരള സർവകലാശാലയ്ക്ക് നാഷണൽ അസസ്സ്മെന്റ് ആൻഡ് അക്രഡിറ്റേഷൻ കൗൺസിലിന്റെ എ പ്ലസ് അക്രഡിറ്റേഷൻ ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

കേരള സർവകലാശാലയ്ക്ക് നാഷണൽ അസസ്സ്മെന്റ് ആൻഡ് അക്രഡിറ്റേഷൻ കൗൺസിലിന്റെ അക്രഡിറ്റേഷൻ പ്രക്രിയയുടെ മൂന്നാം സൈക്കിളിൽ എ പ്ലസ് പ്ലസ് അക്രഡിറ്റേഷൻ ലഭിച്ചിട്ടുണ്ട്. 21-06-2022-നാണ് ഈ ഗ്രേഡ് കേരള സർവകലാശാലയ്ക്ക് ലഭിച്ചത്.

(സി) മികച്ച അക്രഡിറ്റേഷൻ ലഭിച്ചതോടെ കേരള സർവകലാശാലയ്ക്ക് ഉണ്ടാകുന്ന നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

മികച്ച അക്രഡിറ്റേഷൻ ലഭിച്ചതോടെ യു.ജി.സി. നടപ്പിലാക്കുന്ന വിവിധ ഫണ്ടിംഗ് പദ്ധതികളിലേയ്ക്ക് അപേക്ഷിക്കാനും പ്രൊപ്പോസലുകൾ നൽകാനും, കേന്ദ്ര/സംസ്ഥാന സർക്കാരുകളിൽ നിന്നും സർവ്വകലാശാലയ്ക്ക് കൂടുതൽ ഫണ്ട് ലഭിക്കാനുമുള്ള സാദ്ധ്യത വർദ്ധിക്കും. കൂടാതെ, കേരള സർവ്വകലാശാലയിലെ വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും ഉന്നത

വിദ്യാഭ്യാസത്തിനും, ഗവേഷകർക്ക് പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പുകൾ ലഭിക്കാനും, ഗവേഷണ പ്രോജക്ടുകൾ ലഭിക്കാനുമുള്ള സാദ്ധ്യതയിൽ ഗണ്യമായ വർദ്ധനവ് ഉണ്ടാകും.

(ഡി) കേരള സർവകലാശാലയിൽ നിന്നുള്ള ബിരുദത്തോടുകൂടി ഉന്നത വിദ്യാഭ്യാസത്തിന് പോകുന്ന കുട്ടികൾക്ക് പ്രസ്തുത അക്രഡിറ്റേഷൻ മൂലം എന്തെല്ലാം നേട്ടങ്ങൾ ഉണ്ടാകുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

(സി)-യിൽ നൽകിയിട്ടുണ്ട്.

<u>കേരള സർവ്വകലാശാലയുടെ ചരിത്രനേട്ടം</u>

132 (3492) <u>ശ്രീ. എ. എൻ. ഷംസീർ</u>:
<u>ശ്രീ. പി. പി. സുമോദ്</u>:
<u>ശ്രീ. പി. ടി. എ. റഹീം</u>:
<u>ശ്രീമതി ഒ. എസ്. അംബിക</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുണമേന്മ വർദ്ധനവിനുവേണ്ടി നടത്തിയ പരിശ്രമങ്ങൾക്കുള്ള അംഗീകാരമായി, കേരള സർവ്വകലാശാലയ്ക്ക് നാക് റീ-അക്രഡിറ്റേഷനിൽ 'എ പ്ലസ് പ്ലസ് 'ഗ്രേഡ് ലഭിച്ചിട്ടുണ്ടോ; ഇതോടെ സർവ്വകലാശാലകളുടെ

റാങ്കിംഗിൽ സംസ്ഥാനത്ത് ആദ്യത്തെയും ദക്ഷിണേന്ത്യയിൽ നാലാമത്തേതുമായി കേരള സർവ്വകലാശാല അംഗീകരിക്കപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഗുണമേന്മ വർദ്ധനവിനുവേണ്ടി നടത്തിയ പരിശ്രമങ്ങൾക്കുള്ള അംഗീകാരമായി കേരള സർവ്വകലാശാലയ്ക്ക് നാക് റീ-അക്രഡിറ്റേഷനിൽ (Cycle 3) 'എ പ്ലസ് പ്ലസ് ' ഗ്രേഡ് ലഭിച്ചിട്ടുണ്ട്. ഈ അംഗീകാരം ലഭിക്കുന്ന കേരളത്തിലെ ആദ്യത്തേതും ദക്ഷിണേന്ത്യയിലെ നാലാമത്തെയും സംസ്ഥാന സർവകലാശാലയാണ് കേരള സർവ്വകലാശാല.

(ബി) കരിക്കുലം, അദ്ധ്യാപനം, ഗവേഷണം തുടങ്ങിയ ഏതെല്ലാം മേഖലകളിലെ ഉയർന്ന നിലവാരം പരിഗണിച്ചാണ് നാക് അക്രഡിറ്റേഷൻ ഗ്രേഡ് നൽകുന്നതെന്ന് വ്യക്തമാക്കുമോ; കേരള സർവ്വകലാശാലയ്ക്ക് പ്രസ്തുത മേഖലകളിലോരോന്നിലും എത്രത്തോളം മികവ് പുലർത്തുവാൻ കഴിഞ്ഞിട്ടുണ്ടെന്ന് വിശദമാക്കുമോ?

താഴെപ്പറയുന്ന മേഖലകളിലെ ഉയർന്ന നിലവാരം പരിഗണിച്ചാണ് നാക് അക്രഡിറ്റേഷൻ ഗ്രേഡ് നൽകുന്നത്.

- Curricular Aspects
- Teaching-learning and Evaluation

- Research, Innovations and Extension
- Infrastructure and Learning Resources
- Student Support and Progression
- Governance, Leadership and Management
- Institutional Values and Best Practices

മേൽപ്പറഞ്ഞ ഘടകങ്ങളിൽ സമഗ്രമായി കാഴ്ചവയ്ക്കാനായ മികച്ച പ്രകടനത്തിന്റെ അടിസ്ഥാനത്തിലാണ് കേരള സർവകലാശാലയ്ക്ക് ' എ പ്ലസ് പ്ലസ് ' ഗ്രേഡ് എന്ന അംഗീകാരം ലഭിച്ചത്.

(സി) നാക് റീ അക്രഡിറ്റേഷനിൽ 'എ പ്ലസ് പ്ലസ്' ഗ്രേഡ് റാങ്ക് ലഭിക്കുന്നതിനായി കേരള സർവ്വകലാശാലയുടെ മറ്റെന്തെല്ലാം മികവുകളാണ് പരിഗണിച്ചതെന്ന് വിശദമാക്കുമോ?

കേരള സർവ്വകലാശാലയ്ക്ക് മേൽപ്പറഞ്ഞ മേഖലകളിൽ മികവ് പുലർത്താനും അത് തെളിയിക്കാനും താഴെപ്പറയുന്ന ഘടകങ്ങൾ സഹായകമായി.

- ഔട്ട്കം ബേസ്ഡ് എജ്യൂക്കേഷൻ നടപ്പിലാക്കി
- നൂതന പ്രോഗ്രാമുകൾ ആവിഷ്കരിച്ച് നടപ്പിലാക്കി
- നൈപുണ്യ വികസനത്തിൽ അധിഷ്ഠിതമായ കോഴ്സുകൾ ആരംഭിച്ചു.
- നൂതനമായ അദ്ധ്യാപന രീതികൾ നടപ്പിലാക്കി.

- വൈവിധ്യ വിഷയങ്ങളിൽ കോഴ്സുകൾ ആരംഭിച്ചു.
- നിരന്തര മൂല്യ നിർണ്ണയം നടപ്പിലാക്കി.
- ഗവേഷണ ലബോറട്ടറികൾ ആധുനികവൽക്കരിച്ചു.
- കേന്ദ്രീകൃത ഇൻസ്ട്രുമെന്റേഷൻ ലബോറട്ടറിയിലെ സൗകര്യങ്ങൾ വർദ്ധിപ്പിച്ചു.
- ഗവേഷണ ഫെലോഷിപ്പുകൾ, ഗവേഷണ അവാർഡുകൾ എന്നിവ നൽകിവരുന്നു.
- പബ്ലിക്കേഷൻ ഗ്രാന്റ്, പേറ്റന്റ് ഗ്രാന്റ് തുടങ്ങിയവ നൽകിവരുന്നു.
- ഗവേഷണ പ്രസിദ്ധീകരണങ്ങളുടെ എണ്ണത്തിൽ വർദ്ധനയുണ്ടായി.
- പുതിയ ഗവേഷണ സ്ഥാപനങ്ങൾക്കും പഠനവകുപ്പുകൾക്കുമായി കെട്ടിടങ്ങളുൾപ്പെടെയുള്ള അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തി.
- എല്ലാ പഠന വകുപ്പുകളിലും മൾട്ടിമീഡിയ/തിയേറ്റർ ക്ലാസ് റൂമുകൾ സ്ഥാപിച്ചു.
- ലൈബ്രറിയിൽ ഡിജിറ്റൽ വിഭവങ്ങൾ, RFID സംവിധാനം എന്നിവ സജ്ജമാക്കി.
- വിദ്യാർത്ഥികൾക്കായി Student Life Cycle Management System ആവിഷ്കരിച്ചു.
- Career Guidance Support, Finishing School, ASAP മുഖേനയുള്ള തൊഴിലധിഷ്ഠിത കോഴ്സുകൾ തുടങ്ങിയവ വിദ്യാർത്ഥികൾക്ക് ലഭ്യമാക്കി.
- സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനായി മികച്ച സ്റ്റാർട്ടപ്പ് അന്തരീക്ഷം സൃഷ്ടിച്ചു.
- ലേണിംഗ് മാനേജ്മെന്റ് സിസ്റ്റം നടപ്പിലാക്കി.

- അക്കാഡമിക് ബോഡികൾ പുന:സംഘടിപ്പിച്ചു.
- IQAC, പരാതി പരിഹാര സംവിധാനങ്ങൾ തുടങ്ങിയവ മികച്ച രീതിയിൽ പ്രവർത്തിച്ചുവരുന്നു.
- ഭരണ സംവിധാനങ്ങളുടെ ജനാധിപത്യ രീതിയിലുള്ള പ്രവർത്തനം.
- അദ്ധ്യാപകർക്കും ജീവനക്കാർക്കും പരിശീലനം നൽകി.
- ജീവനക്കാർക്ക് വിവിധ തരത്തിലുള്ള സാമ്പത്തിക സഹായ പദ്ധതികൾ നടപ്പാക്കി.
- ഗവേഷണ ഫലങ്ങൾ സമൂഹത്തിന് ഉപകരിക്കുന്ന രീതിയിൽ പദ്ധതികൾ നടപ്പാക്കി.
- വില്ലേജ് അഡോപ്ഷൻ/സ്കൂൾ അഡോപ്ഷൻ പോലെ സാമൂഹിക പ്രതിബദ്ധതയിൽ അധിഷ്ഠിതമായ പദ്ധതികൾ നടപ്പിലാക്കി.
- കാർബൺമുക്ത ക്യാമ്പസ് പദ്ധതി, സൗരോർജ്ജ പദ്ധതി തുടങ്ങിയവ നടപ്പിലാക്കി.
- സാമൂഹിക സുസ്ഥിരതയിലൂന്നി ഹരിതാലയംപോലുള്ള ആശയങ്ങൾ നടപ്പിലാക്കി.

(ഡി)'എ പ്ലസ് പ്ലസ്' ഗ്രേഡ് ലഭിച്ചതുവഴി സർവ്വകലാശാലയ്ക്ക് എന്തെല്ലാം സൗകര്യങ്ങളും ആനുകൂല്യങ്ങളുമാണ് യു.ജി.സി.-യിൽനിന്നും മറ്റും ലഭ്യമാകുന്നതെന്ന് വിശദമാക്കുമോ?

യു.ജി.സി. നടപ്പിലാക്കുന്ന വിവിധ ഫണ്ടിംഗ് പദ്ധതികളിലേയ്ക്ക് അപേക്ഷിക്കാനും പ്രൊപ്പോസലുകൾ നൽകാനും ഇതിലൂടെ സർവ്വകലാശാലയ്ക്ക് അർഹത കൈവരും. 'എ പ്ലസ് പ്ലസ്' ഗ്രേഡ് വഴി

ഇത്തരം പദ്ധതികളിൽ നിന്നും കേന്ദ്ര/സംസ്ഥാന സർക്കാരുകളിൽ നിന്നും കൂടുതൽ ഫണ്ട് ലഭിക്കാനുമുള്ള സാദ്ധ്യത വർദ്ധിക്കും.

(ഇ) ഉന്നതവിദ്യാഭ്യാസ കേന്ദ്രങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് സംസ്ഥാന വ്യാപകമായി നടത്തിക്കൊണ്ടിരിക്കുന്ന പരിശ്രമങ്ങൾക്ക് പ്രസ്തുത റാങ്കിംഗ് എത്രത്തോളം സഹായകരമാകുമെന്ന് വിശദമാക്കുമോ?

പഠനാന്തരീക്ഷം മെച്ചപ്പെടുത്തൽ, പശ്ചാത്തല സൗകര്യവികസനം, സിലബസ് പരിഷ്കരണം, ഇന്റർ യൂണിവേഴ്സിറ്റി സെന്ററുകൾ സ്ഥാപിക്കുന്നത്, Translational Research പോലുള്ള നൂതന ആശയങ്ങൾ നടപ്പിലാക്കുന്നത് എന്നിവ വഴി ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുവാൻ പ്രസ്തുത റാങ്കിങ് സഹായകവും പ്രചോദനവുമാകും.

## യൂണിവേഴ്സിറ്റി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജികളുടെ അടിസ്ഥാന സൗകര്യ വികസനം

133 (3493) ശ്രീ. വി. ശശി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള യൂണിവേഴ്സിറ്റിയുടെ നിയന്ത്രണത്തിൽ ഇപ്പോൾ എത്ര യൂണിവേഴ്സിറ്റി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജികളാണ് പ്രവർത്തിച്ചുവരുന്നത്;

ഇവ അനുവദിക്കുന്നതിനുള്ള മാണദണ്ഡങ്ങളും നടപടിക്രമങ്ങളും വ്യക്തമാക്കാമോ;

കേരള സർവകലാശാലയുടെ കീഴിൽ നിലവിൽ 34 യൂണിവേഴ്സിറ്റി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി (യു.ഐ.ടി.) കളാണ് പ്രവർത്തിച്ചുവരുന്നത്. കേരള സർവകലാശാല ആക്ട് 1974 സെക്ഷൻ 5 (xxiii), സെക്ഷൻ 19 (2)f, സെക്ഷൻ 23 (vii) എന്നീ വകുപ്പുകൾ പ്രകാരമാണ് യു.ഐ.ടി.-കൾ സ്ഥാപിച്ചിരിക്കുന്നത്.

(ബി) പ്രസ്തുത സ്ഥാപനങ്ങളുടെ അടിസ്ഥാനസൗകര്യങ്ങൾ തൃപ്തികരമല്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് യൂണിവേഴ്സിറ്റിയോ സർക്കാരോ സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കാമോ?

ഉണ്ട്. യു.ഐ.ടി.-കളിൽ അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ സർവ്വകലാശാല സ്വീകരിച്ചുവരുന്നു. സർവ്വകലാശാല നേരിട്ടും അതത് യു.ഐ.ടി.-കളിലെ PTA ഫണ്ട് ഉപയോഗിച്ചുമാണ് പ്രസ്തുത പ്രവർത്തനങ്ങൾ കൈക്കൊണ്ടു വരുന്നത്. കൂടാതെ വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന യു.ഐ.ടി.-കൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും നിയമസഭാ

സാമാജികരുടെയും സഹായത്തോടെ സ്വന്തമായി ഭൂമിയും കെട്ടിടവും ലഭ്യമാക്കുന്നതിനുള്ള ശ്രമം സർവ്വകലാശാല നടത്തുന്നുണ്ട്. ഫർണിച്ചർ, കമ്പ്യൂട്ടർ, ലൈബ്രറി പുസ്തകങ്ങൾ തുടങ്ങിയവ ലഭ്യമാക്കുന്നതിലേയ്ക്കായി സർവ്വകലാശാല ബഡ്ജറ്റിൽ എല്ലാവർഷവും നിശ്ചിത തുക വകയിരുത്താറുണ്ട്.

## കേരളത്തിലെ സർവ്വകലാശാലകളിലെ പരീക്ഷ നടത്തിപ്പിലെ താളപ്പിഴകൾ

134(3494) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടുത്തകാലത്തായി കേരളത്തിലെ സർവ്വകലാശാലകളിലെ പരീക്ഷ നടത്തിപ്പിലെ താളപ്പിഴകളുമായി ബന്ധപ്പെട്ട പത്രവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അടുത്തിടെ കേരളത്തിലെ ഏതെല്ലാം സർവ്വകലാശാലകളിലെ ഏതെല്ലാം പരീക്ഷകളുടെയാണ് മുൻവർഷത്തെ ചോദ്യപേപ്പർ അതുപോലെ ആവർത്തിച്ചത്; ഇതുസംബന്ധിച്ച് എന്തെല്ലാം നടപടികളാണ് സർവ്വകലാശാലകൾ സ്വീകരിച്ചിട്ടുള്ളത്?

കണ്ണൂർ സർവ്വകലാശാല

കണ്ണൂർ സർവ്വകലാശാലയുടെ അഫിലിയേറ്റഡ് കോളേജുകളിലെ മൂന്നാം സെമസ്റ്റർ ബി.എസ്.സി. സൈക്കോളജി (2019 സിലബസ്-നവംബർ 2021 സെഷൻ) പരീക്ഷയുടെ 3B05PSY : PSYCHOLOGY OF INDIVIDUAL DIFFERENCES, 3C03PSY : NEUROBIOLOGICAL PERSPECTIVE എന്നീ കോഴ്സുകളുടെ ചോദ്യക്കടലാസുകൾ മുൻ തവണത്തേത് അതേപടി ആവർത്തിച്ചതിനാൽ, പ്രസ്തുത കോഴ്സുകളുടെ പരീക്ഷകൾ മാറ്റി നടത്തിയിട്ടുണ്ട്.

കേരള സർവ്വകലാശാല

കേരള സർവ്വകലാശാല 2022 ഏപ്രിൽ മാസം നടത്തിയ ആറാം സെമസ്റ്റർ BA (CBCSS & CR) ഇംഗ്ലീഷ് പരീക്ഷയിലെ 'Methodology & Perspectives of Humanities' എന്ന വിഷയത്തിന്റെ ചോദ്യപേപ്പർ ആവർത്തിച്ചിട്ടുണ്ട്. പ്രസ്തുത പരീക്ഷ ഉടൻതന്നെ കാൻസൽ ചെയ്യുകയും പുനഃപരീക്ഷ വേഗത്തിൽ നടത്തുകയും ചെയ്തു. കൂടാതെ ചോദ്യപേപ്പർ സെറ്റ് ചെയ്ത അദ്ധ്യാപകനെ സ്ഥിരമായി സർവ്വകലാശാലയുടെ ചോദ്യപേപ്പർ സെറ്റിംഗ് ജോലിയിൽ നിന്നും ഡീബാർ ചെയ്യുകയും അദ്ധ്യാപകനിൽ നിന്നും

പുനഃപരീക്ഷ നടത്തിയതിൽ ചെലവായ 55,000/- രൂപ പിഴയായി ഈടാക്കുകയും ചെയ്തിട്ടുണ്ട്.

<u>കാലിക്കറ്റ് സർവ്വകലാശാല</u>

04-03-2022-ന് നടന്ന ഏപ്രിൽ 2021 രണ്ടാം സെമസ്റ്റർ ബിരുദ പരീക്ഷയുടെ (CBCSS 2019 Admn) കോമൺ കോഴ്സ് ഇംഗ്ലീഷ് ENG2A03 Writing for Academic and Professional Success (QP Code -C 4332) പരീക്ഷയുടെ ചോദ്യ പേപ്പർ ആവർത്തിച്ചിട്ടുണ്ട്. ചോദ്യപേപ്പർ തയ്യാറാക്കിയ അദ്ധ്യാപകരിൽ നിന്നും വിശദീകരണം തേടുന്നതിനും ടി ചോദ്യപേപ്പർ തയ്യാറാക്കിയ അദ്ധ്യാപകനെ ചോദ്യപേപ്പർ തയ്യാറാക്കുന്ന അദ്ധ്യാപകരുടെ പാനലിൽ നിന്നും ഒഴിവാക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

(സി) കാലിക്കറ്റ് സർവ്വകലാശാലയിൽ 2019 ബാച്ചിൽ അഡ്മിഷൻ നേടിയ വിദ്യാർത്ഥികളുടെ രണ്ടാം സെമസ്റ്റർ ബി.എ/ബി.കോം/ബി.എസ്.സി. പരീക്ഷകളുടെ എത്ര ഉത്തരക്കടലാസുകളാണ് നഷ്ടപ്പെട്ടിട്ടുള്ളത്; ഉത്തരക്കടലാസ് നഷ്ടപ്പെടാൻ കാരണക്കാരായവരെ കണ്ടെത്തിയിട്ടുണ്ടോ; ഇവർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

122 ഉത്തരക്കടലാസുകളാണ് നഷ്ടപ്പെട്ടിട്ടുള്ളത്. പ്രസ്തുത വിഷയം അന്വേഷിക്കുന്നതിന് സിൻഡിക്കേറ്റ് അഞ്ചംഗ കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ടി കമ്മിറ്റി അന്വേഷണം നടത്തിവരികയാണ്.

(ഡി) ഉത്തരക്കടലാസുകൾ നഷ്ടപ്പെട്ട വിദ്യാർത്ഥികളുടെ പുനഃപരീക്ഷ നടന്നിട്ടുണ്ടോ; പുനഃപരീക്ഷയുടെ ഫലം വിദ്യാർത്ഥികളുടെ തുടർപഠനം തടസ്സപ്പെടാത്ത രീതിയിൽ പ്രസിദ്ധീകരിക്കാൻ സാധിക്കുമോ?

ഉത്തരക്കടലാസുകൾ നഷ്ടപ്പെട്ട വിദ്യാർത്ഥികൾക്ക് 2022 ജൂൺ മാസം 27, 28 തീയതികളിൽ പുനഃപരീക്ഷ നടത്തിയിട്ടുണ്ട്. ഫലപ്രഖ്യാപനം തുടർ പഠനത്തെ ബാധിക്കാതെ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## മഹാത്മാഗാന്ധി സർവ്വകലാശാലയിൽ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലെ നിയമനം

135 (3495) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി സർവ്വകലാശാലയിൽ സോഷ്യൽ സയൻസ് വിഭാഗത്തിൽ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ നിയമനത്തിനായി അപേക്ഷ ക്ഷണിച്ചതിന്റെ നോട്ടിഫിക്കേഷൻ പകർപ്പ് ലഭ്യമാക്കാമോ?

മഹാത്മാഗാന്ധി സർവ്വകലാശാലയിൽ സോഷ്യൽ സയൻസ് വിഭാഗത്തിൽ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ നിയമനത്തിനായി അപേക്ഷ ക്ഷണിച്ചതിന്റെ നോട്ടിഫിക്കേഷൻ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ബി) പ്രസ്തുത നോട്ടിഫിക്കേഷൻ പ്രകാരം ഏതെല്ലാം യോഗ്യതയുള്ളവർക്കാണ് അപേക്ഷിക്കാൻ സാധിക്കുന്നതെന്ന് വ്യക്തമാക്കുമോ;

പ്രസ്തുത വിജ്ഞാപനപ്രകാരം സോഷ്യൽ സയൻസ് ഫാക്കൽറ്റിയുടെ കീഴിൽ വരുന്ന വിഷയങ്ങളിൽ യു.ജി.സി. റെഗുലേഷനിൽ നിഷ്ക്കർഷിച്ചിരിക്കുന്നത് പ്രകാരമുള്ള ബിരുദാനന്തര ബിരുദവും നെറ്റും ആണ് അപേക്ഷാ യോഗ്യത.

(സി) എഡ്യൂക്കേഷനിൽ ബിരുദാനന്തര ബിരുദവും നെറ്റുമുള്ളവർക്ക് ഈ നോട്ടിഫിക്കേഷൻ പ്രകാരം അപേക്ഷ നൽകാൻ സാധിക്കുമായിരുന്നോ; എങ്കിൽ പ്രസ്തുത അപേക്ഷകരെ കൂടി ഇന്റർവ്യൂവിന് പരിഗണിക്കുമോയെന്ന് വ്യക്തമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മഹാത്മാഗാന്ധി സർവ്വകലാശാലയിലെ സ്കൂൾ ഓഫ് സോഷ്യൽ സയൻസസിൽ 'എഡ്യൂക്കേഷൻ' എന്ന വിഷയം ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ എഡ്യൂക്കേഷനിൽ ബിരുദാനന്തര ബിരുദവും നെറ്റുമുള്ളവരെ പ്രസ്തുത നിയമനത്തിനായി പരിഗണിക്കാൻ സാധിക്കുകയില്ല.

## കണ്ണൂർ സർവ്വകലാശാലയിൽ പരീക്ഷാ സമ്പ്രദായം അട്ടിമറിക്കാൻ നീക്കം

136 (3496) ശ്രീ. അൻവർ സാദത്ത്:

ശ്രീ. ഐ. സി. ബാലകൃഷ്ണൻ:

ശ്രീ. സി. ആർ. മഹേഷ്:

ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ സർവ്വകലാശാലയിൽ സിൻഡിക്കേറ്റിന്റെയും വി.സി. അടങ്ങുന്ന ഉന്നതാധികാരികളുടെയും നേതൃത്വത്തിൽ പരീക്ഷാ സമ്പ്രദായം അട്ടിമറിക്കുകയാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിലിത് ഗൗരവത്തോടെ കാണുന്നുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ചോദ്യപേപ്പർ ഓൺലൈനിൽ കോളേജുകളിലേയ്ക്ക് അയച്ചുകൊടുത്ത് ഉദ്യോഗസ്ഥരെക്കൊണ്ട് പ്രിന്റ് എടുപ്പിച്ച് പരീക്ഷ

നടത്തുന്നതിനുള്ള നീക്കം സർവ്വകലാശാലയിൽ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(സി) ഇപ്രകാരമുള്ള നീക്കം പരീക്ഷയെഴുതി ജയിക്കാനുള്ള സാഹചര്യം കൃത്രിമമായി സൃഷ്ടിക്കാനിടയാക്കുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിലിത് ഗൗരവത്തോടെ കാണുമോ?

(ബി&സി) കണ്ണൂർ സർവ്വകലാശാലയിൽ ചോദ്യപേപ്പറുകളുടെ ഓൺലൈൻ വിതരണ സംവിധാനം ആരംഭിച്ചിട്ടുണ്ട്. നാലാം/ഒന്നാം സെമസ്റ്റർ ബി.എഡ്. പരീക്ഷകൾക്കും നാലാം/ഒന്നാം സെമസ്റ്റർ പി.ജി. പരീക്ഷകൾക്കും ഓൺലൈനായി പാസ്‌വേഡ് പരിരക്ഷിത ചോദ്യപേപ്പറുകൾ എൻക്രിപ്റ്റഡ് ഫോർമാറ്റിൽ പരീക്ഷാ ദിവസം പരീക്ഷ ആരംഭിക്കുന്നതിന് 2 മണിക്കൂർ മുമ്പ് കോളേജിന്റെ/പ്രിൻസിപ്പലിന്റെ രജിസ്റ്റർ ചെയ്ത ഇ-മെയിൽ ഐഡിയിലേയ്ക്ക് ഇ-മെയിൽ വഴി കൈമാറി സുരക്ഷിതമായാണ് പരീക്ഷ നടത്തുന്നത്. ഇതുമായി ബന്ധപ്പെട്ട് പരാതികളൊന്നും സർവ്വകലാശാലയിൽ ലഭിച്ചിട്ടില്ല.

## കണ്ണൂർ യൂണിവേഴ്സിറ്റിയിലെ അസിസ്റ്റന്റ് പ്രൊഫസർമാരുടെ നിയമനം

137(3497) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ യൂണിവേഴ്സിറ്റിയിലെ വിവിധ പഠന വകുപ്പുകളിൽ അസിസ്റ്റന്റ് പ്രൊഫസർമാരെ നിയമിക്കുന്നതിന് 15-06-2022-ന് പുറത്തിറക്കിയ എ.സി.എ.ഡി. ബി3/23389/2019 എന്ന നോട്ടിഫിക്കേഷനനുസരിച്ച് ക്രമം നിർണ്ണയിച്ച സംവരണ റോസ്റ്ററിന്റെ പകർപ്പ് ലഭ്യമാക്കുമോ?

സംവരണ റോസ്റ്ററിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ബി) പ്രസ്തുത നോട്ടിഫിക്കേഷനനുസരിച്ച് ഭിന്നശേഷി വിഭാഗങ്ങൾക്ക് സംവരണം നൽകുന്നത് ഹൊറിസോണ്ടൽ രീതിയിലാണോ വെർട്ടിക്കൽ രീതിയിലാണോയെന്ന് അറിയിക്കുമോ?

ഹൊറിസോണ്ടൽ രീതിയിലാണ്.

(സി) ഭിന്നശേഷി സംവരണം നടപ്പാക്കുന്നതുസംബന്ധിച്ച സുപ്രീംകോടതി വിധികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കണ്ണൂർ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

യൂണിവേഴ്സിറ്റിയിൽ നാളിതുവരെ നടന്ന അസിസ്റ്റന്റ് പ്രൊഫസർമാരുടെ നിയമനങ്ങളിൽ ഭിന്നശേഷി വിഭാഗത്തിന് ബാക്ക്‌ലോഗ് ഒഴിവുകൾ ഉണ്ടോയെന്ന് വിശദമാക്കുമോ?

ഭിന്നശേഷി വിഭാഗത്തിന് ബാക്ക് ലോഗ് ഒഴിവുകൾ ഇല്ല.

ഈ അദ്ധ്യയനവർഷം ഡിഗ്രി കോഴ്സുകൾക്ക് അനുവദിച്ച സീറ്റ്

138 (3498) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ സർക്കാർ-എയ്ഡഡ് കോളേജുകളിൽ ഈ അദ്ധ്യയനവർഷം ഡിഗ്രി കോഴ്സുകൾക്ക് എത്ര സീറ്റുകളാണ് അനുവദിച്ചിട്ടുള്ളതെന്ന കണക്ക് കോളേജ് തിരിച്ച് ലഭ്യമാക്കുമോ?

അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ബി) കാസർഗോഡ് ജില്ലയിലെ സർക്കാർ-എയ്ഡഡ് കോളേജുകളിൽ ഈ വർഷം ഡിഗ്രി, പി.ജി. സീറ്റുകൾ വർദ്ധിപ്പിക്കുന്നത് പരിഗണനയിൽ ഉണ്ടോ; വിശദവിവരം ലഭ്യമാക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കാസർഗോഡ് ജില്ലയിലെ സർക്കാർ - എയ്ഡഡ് കോളേജുകളിൽ ഈ വർഷം ഡിഗ്രി, പി.ജി. സീറ്റുകൾ വർദ്ധിപ്പിക്കുന്നത് പരിശോധിച്ചുവരുന്നു.

<u>കണ്ണൂർ സർവകലാശാല പരീക്ഷയിൽ പഴയ ചോദ്യപേപ്പർ ആവർത്തിച്ചത് സംബന്ധിച്ച്</u>

139 (3499) <u>ശ്രീ. അൻവർ സാദത്ത്:</u>

<u>ശ്രീ. സി. ആർ. മഹേഷ്:</u>

<u>ശ്രീമതി കെ. കെ. രമ:</u>

<u>ശ്രീ. സണ്ണി ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സർവ്വകലാശാലകളിൽ പരീക്ഷ നടത്തിപ്പുമായി ബന്ധപ്പെട്ട് വ്യാപകമായ ക്രമക്കേട് നടക്കുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കണ്ണൂർ സർവ്വകലാശാലയിൽ പരീക്ഷാ കേന്ദ്രത്തിലേയ്ക്ക് ചോദ്യപേപ്പർ മാറി നൽകിയതും മുൻവർഷത്തെ ചോദ്യപേപ്പർ ആവർത്തിച്ച് വന്നതുമായ വീഴ്ചകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) കണ്ണൂർ സർവ്വകലാശാല ബി.എസ്.സി. സൈക്കോളജി മൂന്നാം സെമസ്റ്റർ പരീക്ഷയിൽ തുടർച്ചയായി കഴിഞ്ഞ വർഷത്തെ ചോദ്യപേപ്പർ

അതേപടി ആവർത്തിച്ചത് ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കാമോ;

(സി) ന്യൂറോ ബയോളജിക്കൽ പെർസ്പെക്റ്റീവ് പേപ്പറിലും സമാനമായ രീതിയിൽ പഴയ ചോദ്യങ്ങൾ അതേപടി ആവർത്തിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(ബി&സി) കണ്ണൂർ സർവ്വകലാശാലയുടെ മൂന്നാം സെമസ്റ്റർ ബി.എസ്.സി. സൈക്കോളജി പ്രോഗ്രാമിന്റെ (2019 സിലബസ്-നവംബർ 2021 സെഷൻ പരീക്ഷ) 3B05PSY: PSYCHOLOGY OF INDIVIDUAL DIFFERENCES 3C03PSY: NEUROBIOLOGICAL PERSPECTIVE എന്നീ കോഴ്സുകളുടെ ചോദ്യക്കടലാസുകൾ മുൻ തവണത്തേത് അതേപടി ആവർത്തിച്ചതിനാൽ, പുന:പരീക്ഷ നടത്തുകയും, മൂന്നാം സെമസ്റ്റർ ബിരുദ പരീക്ഷയുടെ (നവംബർ 2021 സെഷൻ) ഫലങ്ങളോടൊപ്പംതന്നെ 2022 ജൂലൈ 5-ന് ഫലം പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. ഭാവിയിൽ ചോദ്യപേപ്പർ ആവർത്തിക്കുന്നത് ഒഴിവാക്കുന്നതിനായി, 2020 പ്രവേശനം മുതൽ സർവ്വകലാശാല പഠനവകുപ്പുകളിൽ നടപ്പിലാക്കിയ ചോദ്യബാങ്ക്, ഓട്ടോമേറ്റഡ് ചോദ്യപേപ്പർ ജനറേഷൻ & ഓൺലൈൻ ട്രാൻസിഷൻ

സംവിധാനം കോളേജുതലത്തിൽകൂടി നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ഡി) എങ്കിൽ പ്രസ്തുത സംഭവങ്ങളിൽ അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കാൻ തയ്യാറാകുമോ; വ്യക്തമാക്കാമോ?

സർവ്വകലാശാലയിൽ പരീക്ഷാ കേന്ദ്രത്തിലേയ്ക്ക് ചോദ്യപേപ്പർ മാറി നൽകിയതും മുൻവർഷത്തെ ചോദ്യപേപ്പർ ആവർത്തിച്ച് വന്നതുമായ ക്രമക്കേടുകൾ സംബന്ധിച്ച് അന്വേഷണ കമ്മിറ്റികൾ രൂപീകരിച്ച് അന്വേഷണം നടത്തുകയും കമ്മിറ്റി ലഭ്യമാക്കിയ റിപ്പോർട്ടുകൾ വൈസ് ചാൻസലർ സിൻഡിക്കേറ്റ് മുമ്പാകെ സമർപ്പിക്കുകയും, അന്വേഷണ കമ്മിറ്റിയുടെ കണ്ടെത്തലുകളും തിരുത്തൽ നടപടികളും വൈസ് ചാൻസലർക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ചോദ്യക്കടലാസ് തയ്യാറാക്കുന്നതിൽ ചോദ്യകർത്താക്കളുടെ ഭാഗത്ത് കാര്യക്ഷമതയില്ലായ്മ, പെരുമാറ്റദൂഷ്യം, ക്രമക്കേട്, സർവ്വകലാശാല നിർദ്ദേശങ്ങളുടെ ലംഘനം മുതലായവ കണ്ടെത്തിയാൽ സ്ഥിരമായോ നിശ്ചിതകാലത്തേയ്ക്കോ അയോഗ്യരാക്കാനോ പിഴ ചുമത്താനോ ഉള്ള അധികാരം സർവ്വകലാശാലയുടെ സിൻഡിക്കേറ്റിൽ നിക്ഷിപ്തമാണ്.

## കണ്ണൂർ സർവ്വകലാശാല കോഴ്സുകൾ

140 (3500) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ യൂണിവേഴ്സിറ്റിക്കുകീഴിലുള്ള വിവിധ കാമ്പസുകളിലെ യു.ജി, പി.ജി കോഴ്സുകളുടെ വിശദമായ വിവരങ്ങൾ പട്ടിക തിരിച്ച് ലഭ്യമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ബി) പുതുതായി കോഴ്സുകൾ ആരംഭിക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

2022-23 അദ്ധ്യയനവർഷം ആരംഭിക്കുന്ന പുതിയ കോഴ്സുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

## തിരൂർ മലയാളം സർവ്വകലാശാലയിലെ ഭൗതിക, അക്കാദമിക സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ നടപടി

141 (3501) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) തിരൂർ മലയാളം സർവ്വകലാശാലയിലെ ഭൗതിക, അക്കാദമിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വ്യക്തമാക്കുമോ?

മലയാള സർവ്വകലാശാലയുടെ പുതിയ കാമ്പസ് നിർമ്മാണത്തിനായി അക്വയർ ചെയ്ത സ്ഥലത്ത് ആസ്ഥാനമന്ദിരം പണിയുന്നതിനുള്ള നടപടി അവസാനഘട്ടത്തിലാണ്. ശ്രേഷ്ഠഭാഷാ മികവുകേന്ദ്രം, അനക്സ് ബിൽഡിംഗ് എന്നിവ നിർമ്മിക്കുന്നതിനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്. അക്കാദമിക സൗകര്യങ്ങൾക്കായി ഡിജിറ്റൈസേഷൻ, ഇ-ഓഫീസ് സംവിധാനം എന്നിവ പൂർത്തീകരിച്ചുകൊണ്ടിരിക്കുന്നു.

(ബി) സർവ്വകലാശാലയിൽ വനിതാ ഹോസ്റ്റലുൾപ്പെടെയുള്ള സൗകര്യങ്ങൾ ഒരുക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

മലയാള സർവ്വകലാശാലയിൽ വനിതാ ഹോസ്റ്റൽ നിർമ്മാണത്തിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

## സർവ്വകലാശാലകളിലെ അദ്ധ്യാപക നിയമനങ്ങൾ

142 (3502) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഉന്നതവിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള സർവ്വകലാശാലകളിൽ നടന്ന അദ്ധ്യാപക നിയമനങ്ങളുടെ വിശദാംശം സർവ്വകലാശാല തിരിച്ച് ലഭ്യമാക്കാമോ?

അനുബന്ധമായി+ ചേർത്തിരിക്കുന്നു.+

(ബി) പൊതുവിഭാഗത്തിൽ നിന്നും സംവരണവിഭാഗങ്ങളിൽ നിന്നും എത്ര അദ്ധ്യാപക നിയമനങ്ങൾ നടത്തിയിട്ടുണ്ട്; വിശദാംശം സർവ്വകലാശാല തിരിച്ച് അറിയിക്കുമോ?

അനുബന്ധമായി ചേർത്തിരിക്കുന്നു.

(സി) അദ്ധ്യാപക നിയമനങ്ങൾക്ക് എല്ലാ സർവ്വകലാശാലകൾക്കും പൊതുവായ മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

സംസ്ഥാനത്തെ സർവ്വകലാശാലയിലെ അദ്ധ്യാപക നിയമനങ്ങൾ അതത് സർവ്വകലാശാലകളുടെ ആക്ട്/സ്റ്റാറ്റ്യൂട്ടിനും, യു.ജി.സി. മാനദണ്ഡങ്ങൾക്കുമനുസൃതമായാണ് നടത്തിവരുന്നത്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാലയിലെ കോഴ്സുകൾ

143 (3503) ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി ആരംഭിച്ച ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാലയിൽ നിലവിൽ ഏതെല്ലാം കോഴ്സുകൾക്കാണ് അംഗീകാരമുള്ളത്; വിശദമാക്കുമോ?

ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാലയിൽ ഈ അക്കാദമിക വർഷം താഴെപ്പറയുന്ന 12 യു.ജി. കോഴ്സുകൾക്കും 5 പി.ജി. കോഴ്സുകൾക്കും യു.ജി.സി. അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

UG Programmes

1. B.A. Arabic
2. B.A. Economics
3. B.A. English
4. B.A. Hindi
5. B.A. History
6. B.A. Malayalam
7. B.A. Philosophy with specislisation in Sreenarayanaguru Studies
8. B.A. Sanskrit
9. B.A. Sociology
10. B.Com.

11.BBA

12.BCA

PG Programmes

1. M.Com.
2. M.A English
3. M.A History
4. M.A Malayalam
5. M.A Sociology

(ബി) നിലവിൽ എത്ര വിദ്യാർത്ഥികളാണ് വിവിധ കോഴ്സുകൾക്കായി രജിസ്റ്റർ ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാലയിൽ നിലവിൽ രജിസ്ട്രേഷൻ നടത്തിയിട്ടില്ല. യു.ജി.സി.-യുടെ അംഗീകാരം ലഭിച്ചതിനുശേഷം രജിസ്ട്രേഷൻ ആരംഭിക്കുന്നതാണ്.

സർവ്വകലാശാല സ്റ്റാറ്റ്യൂട്ട്, ഓർഡിനൻസ് ഭേദഗതി സംബന്ധിച്ച വിശദാംശങ്ങൾ

144 (3504) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സർവ്വകലാശാലകളുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച 25-03-2006-ലെ ജി.ഒ(പി)നം.145/2006/ഫിൻ.,

12-06-2006-ലെ ജി.ഒ(പി)നം.62/2006/എച്ച്.ഇഡി.എൻ., 05-01-2008-ലെ ജി.ഒ(പി)നം.03/2008/എച്ച്.ഇഡി.എൻ., 26-02-2011-ലെ ജി.ഒ(പി)നം.86/2011/ഫിൻ. എന്നീ ഉത്തരവുകൾക്കനുസൃതമായി സർവ്വകലാശാല സ്റ്റാറ്റ്യൂട്ട്, ഓർഡിനൻസ് എന്നിവയിൽ ഭേദഗതി വരുത്തിയതിന്റെ വിശദാംശവും ഗസറ്റ് വിജ്ഞാപനം ഉൾപ്പെടെയുള്ള മുഴുവൻ രേഖകളുടെയും പകർപ്പുകളും ലഭ്യമാക്കാമോ?

ശമ്പള പരിഷ്കരണ ഉത്തരവുകൾക്കനുസൃതമായി സർവ്വകലാശാല സ്റ്റാറ്റ്യൂട്ട്, ഓർഡിനൻസ് എന്നിവയിൽ ഭേദഗതി വരുത്തുന്നതിനുള്ള നടപടികൾ സർവ്വകലാശാലകൾ സ്വീകരിച്ചുവരുന്നു.

(ബി) ഒമ്പതാം ശമ്പള പരിഷ്കരണ ഉത്തരവിനനുസൃതമായി സർവ്വകലാശാല സ്റ്റാറ്റ്യൂട്ട്, ഓർഡിനൻസ് എന്നിവയിൽ ഭേദഗതി വരുത്തുന്നതിന് സർവ്വകലാശാലകൾക്ക് നിർദ്ദേശം നൽകിയിരുന്നുവോ; എങ്കിൽ സർക്കാർ നിർദ്ദേശങ്ങളുടെ വിശദാംശവും പകർപ്പുകളും ലഭ്യമാക്കാമോ;

(എ)-യിൽ നൽകിയിരിക്കുന്നു.

(സി) സർക്കാർ ഉത്തരവുകൾക്കനുസൃതമായി സർവ്വകലാശാല ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതികൾ വരുത്തിയതിനുശേഷമാണോ

സർവ്വകലാശാല ജീവനക്കാർക്ക് ശമ്പളവും മറ്റാനുകൂല്യങ്ങളും അനുവദിക്കുന്നതെന്ന് വ്യക്തമാക്കാമോ; ഇപ്രകാരം ചട്ടങ്ങളിൽ ഭേദഗതികൾ വരുത്തുന്നതിൽ സർവ്വകലാശാലകളുടെ ഭാഗത്തുനിന്ന് വീഴ്ച സംഭവിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

അല്ല. ശമ്പളപരിഷ്കരണം സംബന്ധിച്ച സർക്കാർ ഉത്തരവുകൾക്കനുസൃതമായി സർവ്വകലാശാലാ ജീവനക്കാർക്ക് ശമ്പളവും മറ്റാനുകൂല്യങ്ങളും അനുവദിക്കുകയാണ് ചെയ്യുന്നത്. തദനുസൃതമായി സർവ്വകലാശാലാ ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതി വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) സർവ്വകലാശാല സ്റ്റാറ്റ്യൂട്ട്, ഓർഡിനൻസ് എന്നിവ പ്രകാരം നിലവിലുള്ള തസ്തികകളുടെ ശമ്പള സ്കെയിൽ, പ്രസ്തുത തസ്തികകളിൽ ജോലിചെയ്യുന്ന ജീവനക്കാർക്ക് നിലവിൽ അനുവദിക്കുന്ന ശമ്പളസ്കെയിൽ എന്നിവയുടെ വിശദാംശവും ലഭ്യമാക്കാമോ?

കേരള, എം.ജി. സർവ്വകലാശാലകളിലെ വിവരം ശേഖരിച്ചു നൽകുന്നതാണ്. കാലിക്കറ്റ് സർവ്വകലാശാല, കണ്ണൂർ സർവ്വകലാശാല, കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല, ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവ്വകലാശാല, എ. പി. ജെ.

അബ്ദുൾ കലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാല എന്നിവ ലഭ്യമാക്കിയ വിവരം അനുബന്ധമായി ചേർക്കുന്നു.+

സർവ്വകലാശാലകളിലെ പരീക്ഷ നടത്തിപ്പുമായി ബന്ധപ്പെട്ട ആക്ഷേപങ്ങൾ

145 (3505) ഡോ. എം. കെ. മുനീർ:

ശ്രീ. കെ. പി. എ. മജീദ്:

ശ്രീ. പി. കെ. ബഷീർ:

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സർവ്വകലാശാലകളിലെ പരീക്ഷ നടത്തിപ്പുമായി ബന്ധപ്പെട്ട വീഴ്ചകൾക്കുത്തരവാദികളായവരെ കണ്ടെത്തി നടപടി സ്വീകരിച്ച് കുറ്റമറ്റരീതിയിൽ പരീക്ഷകൾ നടത്തുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

പരീക്ഷ നടത്തിപ്പുമായി ബന്ധപ്പെട്ടുണ്ടാകുന്ന വീഴ്ചകൾക്ക് ഉത്തരവാദികളായവരെ കണ്ടെത്തി സർവ്വകലാശാലതലത്തിൽ അന്വേഷണ കമ്മിറ്റികൾ രൂപീകരിച്ച് ഉചിതമായ നടപടി സ്വീകരിക്കാറുണ്ട്. കുറ്റമറ്റ രീതിയിൽ പരീക്ഷകൾ നടത്തുന്നതിന് പരീക്ഷകളുടെ നടത്തിപ്പ് ഭൂരിഭാഗവും

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കമ്പ്യൂട്ടറൈസ്ഡ് രീതിയിലേയ്ക്ക് മാറ്റുക, ഉചിതമായ സോഫ്റ്റ്‌വെയർ സംവിധാനം ഉപയോഗിക്കുക, ഓട്ടോമേറ്റഡ് ചോദ്യപേപ്പർ ജനറേഷൻ & ഓൺലൈൻ ട്രാൻസ്മിഷൻ സംവിധാനം ഉപയോഗിക്കുക തുടങ്ങിയ വിവിധ മാർഗ്ഗങ്ങളും സർവ്വകലാശാലകൾ സ്വീകരിച്ചുവരുന്നു. പരീക്ഷാ സംവിധാനം പരിഷ്കരിക്കുന്നതിന് പരീക്ഷാ പരിഷ്കരണക്കമ്മീഷനെ സർക്കാർ നിയോഗിച്ചിരുന്നു. കമ്മീഷന്റെ റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്. ഇത് സർക്കാർ പരിഗണിച്ചുവരികയാണ്.

## സർവ്വകലാശാല പരീക്ഷകളുടെ ചോദ്യകടലാസ് തയ്യാറാക്കുന്നതിലെ വീഴ്ച

146 (3506) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:

ശ്രീ. എൻ. ഷംസുദ്ദീൻ:

ശ്രീ. മഞ്ഞളാംകുഴി അലി:

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ സർവ്വകലാശാലകളിലെ പരീക്ഷകൾക്ക് ചോദ്യക്കടലാസ് തയ്യാറാക്കുന്നതിൽ ഗുരുതരമായ വീഴ്ച സംഭവിക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ?

കണ്ണൂർ സർവ്വകലാശാലയിൽ ചോദ്യക്കടലാസുകളിൽ സിലബസിന് പുറത്തുനിന്നുള്ള ചോദ്യങ്ങളുൾപ്പെടുക, കണ്ണൂർ, കേരള, കാലിക്കറ്റ്

സർവ്വകലാശാലകളിൽ ചോദ്യപേപ്പറുകളുടെ ആവർത്തനം തുടങ്ങിയ വീഴ്ചകൾ സംഭവിച്ചിട്ടുണ്ട്.

(ബി) മുൻവർഷങ്ങളിലെ ചോദ്യങ്ങൾ അതേപടി ആവർത്തിക്കുന്നതിനെത്തുടർന്ന് പരീക്ഷകൾ മാറ്റിവയ്ക്കേണ്ടതായി വന്നിട്ടുണ്ടോ; വ്യക്തമാക്കാമോ?

കണ്ണൂർ സർവ്വകലാശാലയുടെ അഫിലിയേറ്റഡ് കോളേജുകളിലെ മൂന്നാം സെമസ്റ്റർ ബി.എസ്.സി. സൈക്കോളജി (2019 സിലബസ്-നവംബർ 2021 സെഷൻ) പരീക്ഷയുടെ 3B05PSY: PSYCHOLOGY OF INDIVIDUAL DIFFERENCES, 3C03PSY: NEUROBIOLOGICAL PERSPECTIVE എന്നീ കോഴ്സുകളുടെ ചോദ്യക്കടലാസുകൾ മുൻതവണത്തേത് അതേപടി ആവർത്തിച്ചതിനാൽ, പ്രസ്തുത കോഴ്സുകളുടെ പരീക്ഷകൾ മാറ്റി നടത്തിയിട്ടുണ്ട്.

<u>കേരള സർവ്വകലാശാല</u>

2022 ഏപ്രിൽ മാസം നടത്തിയ ആറാം സെമസ്റ്റർ ബി.എ. (CBCSS & CR) English പരീക്ഷയിലെ Methodology and Perspectives of Humanitites എന്ന വിഷയത്തിന്റെ ചോദ്യപേപ്പർ ആവർത്തിക്കുകയും,

പ്രസ്തുത പരീക്ഷ ഉടൻതന്നെ കാൻസൽ ചെയ്യുകയും പുന:പരീക്ഷ വേഗത്തിൽ നടത്തുകയും ചെയ്തു.

കാലിക്കറ്റ് സർവ്വകലാശാല

2021 ഏപ്രിൽ മാസം നടത്തിയ ബി.എ./ ബി.എസ്.സി. സെക്കന്റ് സെമസ്റ്റർ കോമൺ കോഴ്സ്-ഇംഗ്ലീഷ് ENG2-A03-WRITING FOR ACADEMIC AND PROFESSIONAL SUCCESS പേപ്പറിന് മുൻവർഷത്തെ ചോദ്യപേപ്പർ ആവർത്തിക്കുകയും പുന:പരീക്ഷ നടത്തുകയും ചെയ്തിട്ടുണ്ട്.

(സി) ചോദ്യക്കടലാസ് തയ്യാറാക്കുന്നതിൽ അലംഭാവം കാട്ടുന്നവർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ?

ചോദ്യക്കടലാസ് തയ്യാറാക്കുന്നതിൽ ചോദ്യകർത്താക്കളുടെ ഭാഗത്ത് കാര്യക്ഷമതയില്ലായ്മ, പെരുമാറ്റദൂഷ്യം, ക്രമക്കേട്, സർവ്വകലാശാല നിർദ്ദേശങ്ങളുടെ ലംഘനം മുതലായവ കണ്ടെത്തിയാൽ സ്ഥിരമായോ നിശ്ചിത കാലത്തേയ്ക്കോ അയോഗ്യരാക്കുക, പിഴ ചുമത്തുക, പ്രസ്തുത ചുമതലയിൽ നിന്ന് നീക്കം ചെയ്യുക തുടങ്ങിയ നടപടികൾ സർവ്വകലാശാലകൾ സ്വീകരിക്കുന്നുണ്ട്.

## ബി.എ. അഫ്സൽ ഉലമ പ്രിലിമിനറി കോഴ്സുകൾക്കുള്ള പ്രൈവറ്റ് രജിസ്ട്രേഷൻ

147 (3507) ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബി.എ. അഫ്സൽ ഉലമ പ്രിലിമിനറി കോഴ്സുകൾക്കുള്ള പ്രൈവറ്റ് രജിസ്ട്രേഷൻ സംസ്ഥാനത്തെ സർവ്വകലാശാലകളിൽ നിർത്തലാക്കാനുദ്ദേശിക്കുന്നുണ്ടോ?

ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാലയ്ക്ക് UGC-യുടെ DEB-യിൽ നിന്ന് 2022-23 അദ്ധ്യയനവർഷം മുതൽ വിദൂര വിദ്യാഭ്യാസ കോഴ്സുകൾ നടത്താൻ അനുമതി ലഭിക്കുന്നില്ലെങ്കിൽ മാത്രം ഈ വർഷം വിദൂര വിദ്യാഭ്യാസം/പ്രൈവറ്റ് രജിസ്ട്രേഷൻ വഴിയുള്ള കോഴ്സുകൾ നടത്തുന്നതിന് മറ്റ് സർവ്വകലാശാലകൾക്ക് അനുമതി നൽകുന്നതാണെന്നും ഇതുസംബന്ധിച്ച തുടർ സർക്കാർ നിർദ്ദേശം വരുന്നതുവരെ വിദൂര വിദ്യാഭ്യാസം/പ്രൈവറ്റ് രജിസ്ട്രേഷൻ മുഖേനയുള്ള കോഴ്സുകളിലേയ്ക്ക് പ്രവേശനത്തിനുള്ള അപേക്ഷ ക്ഷണിക്കാൻ പാടുള്ളതല്ലെന്നും സർവ്വകലാശാലകളെ അറിയിച്ചിട്ടുണ്ട്.

(ബി) എങ്കിൽ ഏത് സാഹചര്യത്തിലാണ് ഇത്തരത്തിലുള്ള നടപടിക്ക് തയ്യാറാകുന്നതെന്ന് വിശദമാക്കുമോ?

(എ)-യിൽ നൽകിയിരിക്കുന്നു.

(സി)അറബിക് കോളേജുകളെയും വിദ്യാർത്ഥികളെയും ബാധിക്കുന്ന ഈ വിഷയത്തിന് പരിഹാരം കാണാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാലയിൽ കോഴ്സുകൾ ആരംഭിക്കുന്നതോടെ കേരളത്തിലെ യുവജനങ്ങളുടെ വിദ്യാഭ്യാസ പുരോഗതിക്കുള്ള സാദ്ധ്യത വർദ്ധിക്കുമെന്നാണ് കണക്കാക്കപ്പെടുന്നത്.

## സെൻട്രൽ യൂണിവേഴ്സിറ്റി ഓഫ് കേരളയുടെ കാമ്പസിൽ 110 കെ.വി. സബ്സ്റ്റേഷൻ

148 (3508) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെൻട്രൽ യൂണിവേഴ്സിറ്റി ഓഫ് കേരളയുടെ കാമ്പസിൽ 110 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിന് തുക അനുവദിക്കണമെന്ന ആവശ്യം ഉന്നത വിദ്യാഭ്യാസ വകുപ്പിൽ ലഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉണ്ട്.

(ബി)പ്രസ്തുത തുക അനുവദിക്കുന്ന വിഷയം വകുപ്പിന്റെ പരിഗണനയിലുണ്ടോ; വിശദാംശം നൽകുമോ?

പ്രസ്തുത വിഷയം സർക്കാരിന്റെ സാമ്പത്തികസ്ഥിതി മെച്ചപ്പെടുന്നമുറയ്ക്ക് പരിഗണിക്കുന്നതിനായി മാറ്റിവച്ചിരിക്കുകയാണ്.

യൂണിവേഴ്സിറ്റികളിലെ ഡിജിറ്റൽവൽക്കരണം

149 (3509) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.ടി. ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റിനുവേണ്ടി 2011 ജൂൺ മുതൽ 2022 മേയ് വരെ കേരള യൂണിവേഴ്സിറ്റി, എം.ജി. യൂണിവേഴ്സിറ്റി, കുസാറ്റ്, കണ്ണൂർ യൂണിവേഴ്സിറ്റി, കാലിക്കറ്റ് യൂണിവേഴ്സിറ്റി എന്നിവിടങ്ങളിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയത്; വിശദമാക്കുമോ?

കേരള സർവ്വകലാശാല

1. File Flow Management System (FFMS)
2. Campus Networking
3. Hardware Components (Computers & Printers) - Phase 1
4. Purchase of Hardware Components - Phase II
5. Campus Network Security Solutions
6. Campus Networking for additional Points

7. Supply, Installation and commission of 'Virtualization & Private Cloud'
8. Digital content creation Lab & E- Learning Solutions
9. High speed OFC connectivity throughout campus
10. Digitization of Manuscripts in ORI & MSS Library - Phase III
11. Student Life Cycle Management System (Examination Management Software)
12. Setting up of Artificial Intelligence Hub
13. Modernization of Examination wing (Purchase of 248 Desktops & 10 Laptops)
14. Development of Database for the whole collection of the books in the University Campus (KOHA Integration Project)
15. Thesis Digitization - Phase II

<u>മഹാത്മാഗാന്ധി സർവ്വകലാശാല</u>

മഹാത്മാഗാന്ധി സർവ്വകലാശാലയിൽ ഡിജിറ്റൽവൽക്കരണത്തിന്റെ ഭാഗമായി FFMS (ഫയൽ ഫ്ലോ മാനേജ്മെന്റ് സിസ്റ്റം) നടപ്പിലാക്കിയിട്ടുണ്ട്. 'റൂസ' പദ്ധതിയിലുൾപ്പെടുത്തി സ്മാർട്ട് ക്ലാസ് റൂം, കാമ്പസ് വൈഫൈ, ഐ.ടി. പദ്ധതികൾ, കമ്പ്യൂട്ടറുകളുടെ വാങ്ങൽ എന്നിവ നടപ്പിലാക്കിയിട്ടുണ്ട്.

<u>കണ്ണൂർ സർവ്വകലാശാല</u>

കണ്ണൂർ സർവ്വകലാശാലയിൽ വിവിധ കാമ്പസുകളിലേയ്ക്കായി കമ്പ്യൂട്ടറുകൾ, പ്രിന്ററുകൾ, സ്കാനറുകൾ, യു.പി.എസ്, സർവ്വറുകൾ എന്നിവ വാങ്ങുകയും, സ്റ്റുഡന്റ് അമിനിറ്റി സെന്ററിൽ ക്യൂ മാനേജ്മെന്റ് സിസ്റ്റം,

കിയോസ്കുകൾ, എൽ.ഇ.ഡി. ഡിസ്പ്ലേകൾ എന്നിവ സ്ഥാപിക്കുകയും, പാലയാട്, ധർമ്മശാല, മങ്ങാട്ടുപറമ്പ്, പയ്യന്നൂർ കാമ്പസുകളിൽ മാനേജിബിൾ നെറ്റ്വർക്ക് സ്വിച്ച് വഴി മികച്ച ആഭ്യന്തര നെറ്റ്വർക്ക് സംവിധാനം ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

<u>കാലിക്കറ്റ് സർവ്വകലാശാല</u>

1. "ഡെവലപ്മെന്റ് ആൻഡ് മോഡേണൈസേഷൻ" എന്ന പദ്ധതിയിലൂടെ ഡിജിറ്റൽവൽക്കരണം.

2. Data Centre, Hyper Converged Infrastructure Facility, Automated backup facility എന്നിവയുടെ പ്രവർത്തനം നടപ്പിലാക്കി. Structured Networking Facility Phase I, Campus WiFi-Phase I and II, Centre for Examination Automation and Management (CEAM) തുടങ്ങിയ പദ്ധതികൾ.

3. Centralized Admission Process, Integrated Student Portal, Integrated Institution (College/Department) Portal, Online Certificate Issuing Portal, Learn Space: Moodle based Learning Management System, Digital Students Service Centre (Call Centre Facility) –

SUVEGA, Regulation & Syllabus Management Application – തുടങ്ങിയ സേവനങ്ങൾ.

4. DDFS, Websites/Web portals, Centralized SMS & Email gateway with single, group and bulk SMS & Email facilities, Payroll and Finance Management System (CUFIN) (Need upgradation), Pension and PF software (Newly developed), e-Payment Gateway (implemented) തുടങ്ങിയ സോഫ്റ്റ്‌വെയർ സംവിധാനങ്ങൾ.

5. വിവര സാങ്കേതികവിദ്യയുടെ സഹായത്തോടുകൂടി പരീക്ഷാ നടത്തിപ്പുകളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ സുഗമമാക്കിയിട്ടുണ്ട്.

<u>കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല</u>

റൂസ 1.0, ഇ-ഗവേണൻസ്, കിഫ്ബി പദ്ധതികളുപയോഗപ്പെടുത്തി ഐ.ടി. ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് നടപ്പിലാക്കിയിട്ടുണ്ട്.

(ബി) ഇതിനുവേണ്ടി എത്രരൂപയാണ് ഓരോ യൂണിവേഴ്സിറ്റിയും നീക്കിവച്ചത്; എന്തെല്ലാം ഉപകരണങ്ങളാണ് വാങ്ങിയത്; അറിയിക്കാമോ?

<u>കേരള സർവ്വകലാശാല</u>

കേരള സർവ്വകലാശാലയിൽ ഐ.ടി. അടിസ്ഥാനസൗകര്യ വികസനത്തിനായി ആവിഷ്കരിച്ചിട്ടുള്ള പ്രധാന പദ്ധതികളുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.+

മഹാത്മാ ഗാന്ധി സർവ്വകലാശാല

സ്മാർട്ട് ക്ലാസ് റൂം, ക്യാമ്പസ് വൈഫൈ, ഐ.ടി. പദ്ധതികൾ– 4,82,88,420/- രൂപ (നാല് കോടി എൺപത്തിരണ്ടു ലക്ഷത്തി എൺപത്തിയെട്ടായിരത്തി നാന്നൂറ്റി ഇരുപതു രൂപ മാത്രം), കമ്പ്യൂട്ടറുകളുടെ വാങ്ങൽ– 1,23,56,972/- രൂപ (ഒരു കോടി ഇരുപത്തിമൂന്നു ലക്ഷത്തി അൻപത്തി ആറായിരത്തി തൊള്ളായിരത്തി എഴുപത്തിരണ്ട് രൂപ മാത്രം)

കണ്ണൂർ സർവ്വകലാശാല

കണ്ണൂർ സർവ്വകലാശാലയിൽ ഐ.ടി. ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റിനുവേണ്ടി 2011 ജൂൺ മുതൽ 2022 മെയ് വരെ ബഡ്ജറ്റിൽ നീക്കി വച്ച തുകയുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.+

കാലിക്കറ്റ് സർവ്വകലാശാല

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കാലിക്കറ്റ് സർവ്വകലാശാലയിൽ ഐ.ടി. ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റിനുവേണ്ടി 2011-12 സാമ്പത്തികവർഷം മുതൽ 2021-22 സാമ്പത്തികവർഷം വരെ ചെലവഴിച്ച തുകകളുടെ വിശദാംശങ്ങൾ താഴെപ്പറയുന്നു:

1. Rs.4,25,53,950/- രൂപ സംസ്ഥാന സർക്കാർ പദ്ധതിവിഹിതത്തിൽ നിന്നും ഇ-ഗവേണൻസ് നടപ്പിലാക്കുന്നതിനുവേണ്ടി.

2. Rs.1,99,463/- രൂപ സംസ്ഥാന സർക്കാർ പദ്ധതിവിഹിതത്തിൽ നിന്നും പരീക്ഷ ഭവൻ കമ്പ്യൂട്ടർവൽകരണത്തിനായി.

3. Rs.1,03,00,847/- രൂപ സർവ്വകലാശാല തനത് വരുമാനത്തിൽ നിന്നും വിവിധ കോഴ്സുകളിലേയ്ക്ക് പ്രവേശനത്തിന് ഏകജാലക സംവിധാനം നടപ്പാക്കുന്നതിലേയ്ക്കായി.

4. Rs.2,87,67,599/- രൂപ തനത് വരുമാനത്തിൽ നിന്നും Hyper Converged infrastructure based virtualisation and private cloud system നടപ്പിൽ വരുത്തുന്നതിനുവേണ്ടി.

5. Rs.24,27,661/- രൂപ തനത് വരുമാനത്തിൽ നിന്നും ഡിജിറ്റൽ സ്റ്റുഡന്റ്സ് സർവ്വീസ് സെന്റർ നടപ്പിൽ വരുത്തുന്നതിനുവേണ്ടി.

6. Rs.69,14,169/- രൂപ സംസ്ഥാന സർക്കാർ പദ്ധതിവിഹിതത്തിൽ നിന്നും ഡാറ്റാ സെന്റർ രൂപീകരിക്കുന്നതിനുവേണ്ടി.

7. Rs.1,50,30,595/- രൂപ സംസ്ഥാന സർക്കാർ പദ്ധതിവിഹിതത്തിൽ നിന്നും കമ്പ്യൂട്ടറുകൾ വാങ്ങുന്നതിനുവേണ്ടി.

8. Rs.87,14,358/- രൂപ തനത് വരുമാനത്തിൽ നിന്നും കമ്പ്യൂട്ടറുകൾ വാങ്ങുന്നതിനുവേണ്ടി.

<u>കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല</u>

- 1. റൂസ 1.0 - 7 കോടി രൂപ
- 2. ഇ-ഗവേണൻസ് - 5 കോടി രൂപ
- 3. കിഫ്ബി - 20.65 കോടി രൂപ

ഈ പദ്ധതികൾ മുഖേന നിലവിൽ സർവ്വകലാശാലയിൽ വാങ്ങിയിട്ടുള്ള ഉപകരണങ്ങളുടെ പട്ടിക ചുവടെ ചേർക്കുന്നു.

1. പഠന ഗവേഷണത്തിനുള്ള വിവിധ സോഫ്റ്റ് വെയറുകൾ

2. ഡെസ്ക് ടോപ്പ് കമ്പ്യൂട്ടറുകൾ, ലാപ്ടോപ് കമ്പ്യൂട്ടറുകൾ, വർക്ക് സ്റ്റേഷൻ കമ്പ്യൂട്ടറുകൾ, സർവ്വറുകൾ എന്നിവയും അവയുടെ അനുബന്ധ ഉപകരണങ്ങളും

3. ഇന്ററാക്ടീവ് സ്മാർട്ട് ബോർഡുകൾ

4. പ്രൊജക്ടറുകൾ

5. പ്രിന്റർ, സ്കാനർ, ഫോട്ടോകോപ്പിയർ മുതലായവ

6. വൈ-ഫൈ അഡാപ്റ്ററുകളും അനുബന്ധ ഉപകരണങ്ങളും

7. ബാർകോഡ് പ്രിന്റർ

8. ഐ.ഡി. കാർഡ് പ്രിന്റർ

9. ഇ-ബുക്ക് റീഡർ

10. ഡാറ്റാ സെന്റർ

(സി)ഡിജിറ്റൽവൽക്കരണം/മോഡണൈസേഷൻ/ഐ.ടി.വികസനം എന്നീ ആവശ്യങ്ങൾക്ക് 2011 ജൂൺ മുതൽ 2022 മെയ് വരെ വാങ്ങിയ സോഫ്റ്റ്‌വെയറുകൾ ഏതൊക്കെയാണ്; എത്ര രൂപയാണ് സോഫ്റ്റ്‌വെയറുകൾ വാങ്ങുന്നതിനുവേണ്ടി ഓരോ യൂണിവേഴ്സിറ്റിയും ഓരോ വർഷവും ചെലവഴിച്ചത്; വിശദാംശം ലഭ്യമാക്കുമോ?

<u>കേരള സർവ്വകലാശാല</u>

ഈ കാലയളവിൽ പ്ലാൻ ഫണ്ടിനുകീഴിൽ സർവ്വകലാശാല വാങ്ങിയ സോഫ്റ്റ്‌വെയറുകൾ Omni Docs Enterprise Service Pack DMS Software (Digitization of University Records-54,59,848 രൂപ, File Flow Management System-52,66,536/- എന്നിവയാണ്. കേരള സർവ്വകലാശാല പുതുതായി അവതരിപ്പിച്ച സ്റ്റുഡന്റ് ലൈഫ് സൈക്കിൾ മാനേജ്മെന്റ് സിസ്റ്റം നടപ്പാക്കുന്നതിനായി 17,41,000/- രൂപയുടെ കരാർ ITI ലിമിറ്റഡ്, പാലക്കാടിന് നൽകിയിരിക്കുകയാണ്.

<u>മഹാത്മാഗാന്ധി സർവ്വകലാശാല</u>

ഡിജിറ്റൽവൽക്കരണത്തിന്റെ ഭാഗമായി മഹാത്മാഗാന്ധി സർവ്വകലാശാലയിൽ FFMS (ഫയൽ ഫ്ളോ മാനേജ്മെന്റ് സിസ്റ്റം) നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതി നടത്തിപ്പിനായുള്ള ഒന്നാം വർഷ എസ്റ്റിമേറ്റ് 44,69,481/- രൂപ കെൽട്രോണിന് നൽകിയിട്ടുണ്ട്. FFMS-ന്റെ വാർഷിക പരിപാലന കരാറിന്റെ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

2019-2020 - 7,97,236/- രൂപ

2020-2021 - 7,97,236/- രൂപ

2021-2022 - 7,97,236/- രൂപ

കണ്ണൂർ സർവ്വകലാശാല

കണ്ണൂർ സർവ്വകലാശാലയിൽ ഡിജിറ്റൽവൽക്കരണം നടപ്പിലാക്കുന്നതിനായി ആധുനിക രീതിയിലുള്ള ഒരു വെബ്സൈറ്റ് പുറത്തിറക്കി. ഇതിനായി 15 ലക്ഷം രൂപയോളം സർവ്വകലാശാല ചെലവഴിച്ചിട്ടുണ്ട്. കൂടാതെ, പി.ഡി.എഫ്. ഡോക്യുമെന്റ് എഡിറ്റ് ചെയ്യുന്നതിനായി അഡോബ് റീഡർ രണ്ട് വർഷ ലൈസൻസ് സർവ്വകലാശാല 40,000/- രൂപ ചെലവഴിച്ച് വാങ്ങുകയുണ്ടായി.

കാലിക്കറ്റ് സർവ്വകലാശാല

Purchase of Matlab Software with Campus License for 3 years to CSIF - Rs.20,35,500/-

സർവ്വകലാശാലയിലെ മറ്റ് സോഫ്റ്റ്‌വെയറുകൾ :

1. ഡിജിറ്റൽ ഫയൽ ഡോക്യുമെന്റ് സിസ്റ്റം (ഡി.ഡി.എഫ്.എസ്)
2. ബയോമെട്രിക് പഞ്ചിംഗ് സിസ്റ്റം
3. Virtualization Software (VMWare)
4. കാൾ സെന്റർ സോഫ്റ്റ്‌വെയർ
5. മൾട്ടി യൂസർ ടാലി സോഫ്റ്റ്‌വെയർ
6. കോംവാൾട്ട് ബാക്കപ്പ് സൊല്യൂഷൻ സോഫ്റ്റ്‌വെയർ

കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല

1. 2012-2013 – മൈക്രോസോഫ്റ്റ് ലൈസൻസ് പർച്ചേസ് – 4,24,214/-
2. (റൂസ) 2017-2018-SPSS & മാത്ത് ലാബ് - 78,59,617/-
3. 2021-22 VMware Licence renewed - 28,12,851/-

(ഡി) വെബ് ആപ്ലിക്കേഷനുവേണ്ടി ഓരോ യൂണിവേഴ്സിറ്റിയും ഫിസിക്കൽ സർവർ, ഡെഡിക്കേറ്റഡ് സർവർ, ഷെയേർഡ് സർവർ അല്ലെങ്കിൽ മറ്റുള്ളവ ഇവയിൽ ഏതാണ് ഉപയോഗിക്കുന്നത്; അറിയിക്കാമോ?

കേരള സർവ്വകലാശാല

കേരള സർവ്വകലാശാലയിൽ ഫിസിക്കൽ ഡാറ്റാ സെന്റർ (പ്രൈവറ്റ് ക്ലൗഡ്) സംവിധാനമാണ് ഉപയോഗിക്കുന്നത്.

മഹാത്മാ ഗാന്ധി സർവ്വകലാശാല

വെബ് ആപ്ലിക്കേഷനുവേണ്ടി മഹാത്മാഗാന്ധി സർവ്വകലാശാല ഷയേർഡ് സർവറുകളാണ് ഉപയോഗിക്കുന്നത്.

കണ്ണൂർ സർവ്വകലാശാല

കണ്ണൂർ സർവ്വകലാശാലയുടെ വെബ്സൈറ്റ് കേരളാ സ്റ്റേറ്റ് ഡാറ്റ സെന്ററിലെ ഡെഡിക്കേറ്റഡ് സർവ്വറുകളിലാണ് വിന്യസിച്ചിട്ടുള്ളത്. സർവ്വകലാശാലയുടെ മറ്റ് ഓൺലൈൻ പോർട്ടലുകൾ സർവ്വകലാശാലയിലെ ഫിസിക്കൽ സർവ്വറുകളിലാണ് വിന്യസിച്ചിട്ടുള്ളത്.

കാലിക്കറ്റ് സർവ്വകലാശാല

കാലിക്കറ്റ് സർവ്വകലാശാല വെബ് അപ്ലിക്കേഷൻ ഹോസ്റ്റ് ചെയ്യുന്നതിനുവേണ്ടി ഫിസിക്കൽ സർവ്വറുകളും ഫിസിക്കൽ സർവ്വറുകളിൽ നിന്ന് ഉരുത്തിരിഞ്ഞ വെർച്വൽ മെഷീനുകളും ഉപയോഗിച്ചുവരുന്നു.

കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല

ഫിസിക്കൽ സർവ്വറുകളാണ് ഉപയോഗിച്ചുവരുന്നത്.

(ഇ) ഡാറ്റ സൂക്ഷിക്കുന്നതിനുവേണ്ടി ഓരോ യൂണിവേഴ്സിറ്റിയും ഫിസിക്കൽ ഡാറ്റ സെന്റർ അല്ലെങ്കിൽ ക്ലൗഡ് ഡാറ്റ സെന്റർ ഇവയിൽ ഏതാണ് ഉപയോഗിക്കുന്നതെന്നും യൂണിവേഴ്സിറ്റികൾക്കുവേണ്ടി സർക്കാർ ക്ലൗഡ് ഡാറ്റ സെന്റർ സംവിധാനം ലഭ്യമാക്കുന്നുണ്ടോയെന്നും അറിയിക്കാമോ?

കേരള സർവ്വകലാശാല

കേരള സർവകലാശാലയിൽ ഡാറ്റാ സൂക്ഷിക്കുന്നതിനുവേണ്ടി ഫിസിക്കൽ ഡാറ്റാ സെന്റർ (പ്രൈവറ്റ് ക്ലൗഡ്) സംവിധാനമാണ് ഉപയോഗിക്കുന്നത്. ഡാറ്റ സൂക്ഷിക്കുന്നതിനുള്ള സർക്കാർ ക്ലൗഡ് ഡാറ്റ സെന്റർ സംവിധാനം കേരള സർവകലാശാലയ്ക്ക് ലഭ്യമായിട്ടില്ല.

മഹാത്മാഗാന്ധി സർവ്വകലാശാല

മഹാത്മാഗാന്ധി സർവ്വകലാശാല ഡാറ്റ സൂക്ഷിക്കുന്നതിനുവേണ്ടി ഓൺ പ്രെമിസസ് ഡാറ്റാ സെന്ററും AWS ക്ലൗഡുമാണ് ഉപയോഗിക്കുന്നത്.

കണ്ണൂർ സർവ്വകലാശാല

കണ്ണൂർ സർവ്വകലാശാലയ്ക്ക് ഒരു ഇന്റഗ്രേറ്റഡ് ഡാറ്റാ സെന്റർ സംവിധാനം നിലവിലില്ല. ക്ലൗഡ് സംവിധാനം ഏർപ്പെടുത്തുവാനുള്ള നടപടികൾ തുടർന്നുകൊണ്ടിരിക്കുകയാണ്.

കാലിക്കറ്റ് സർവ്വകലാശാല

കാലിക്കറ്റ് സർവ്വകലാശാലയിൽ ഡിജിറ്റൽ ഡാറ്റാകൾ സുരക്ഷിതമായി സൂക്ഷിക്കുന്നതിനും ഉപയോഗിക്കുന്നതിനും വേണ്ടി അത്യാധുനിക സൗകര്യങ്ങളോടുകൂടിയ ഒരു സമർപ്പിത ഡാറ്റാ സെന്റർ സൗകര്യം

നടപ്പിലാക്കിയിട്ടുണ്ട്. സർക്കാർ ക്ലൗഡ് സംവിധാനം സർവ്വകലാശാലയിൽ നടപ്പിലാക്കിയിട്ടില്ല.

കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല

ഫിസിക്കൽ ഡാറ്റാ സെന്ററാണുള്ളത്. ക്ലൗഡ് ഡാറ്റാ സെന്റർ സംവിധാനങ്ങൾ ഒന്നും പ്രയോജനപ്പെടുത്തുന്നില്ല.

പട്ടാമ്പിയിൽ ശ്രീനാരായണ ഗുരു ഓപ്പൺ സർവ്വകലാശാലയുടെ റീജിയണൽ ഓഫീസ്

150 (3510) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പിയിൽ ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചിരുന്ന, ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാലയുടെ റീജിയണൽ ഓഫീസിന്റെ പ്രവർത്തനത്തിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

പട്ടാമ്പി എസ്.എൻ.ജി.എസ്. കോളേജിൽ ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത റീജിയണൽ ഓഫീസ് എന്നുമുതൽ ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

13-05-2022-ലെ സ.ഉ.(സാധാ)നം.687/2022/HEDN.പ്രകാരം ഡോ. റസീന. കെ. കെ., അസിസ്റ്റന്റ് പ്രൊഫസറെ റീജിയണൽ സെന്ററിന്റെ ഡയറക്ടറായി നിയമിക്കുകയും 03-06-2022-ൽ ചുമതലയേറ്റെടുക്കുകയും ചെയ്തു.

(സി) പ്രസ്തുത ഓഫീസിന്റെ പ്രവർത്തനത്തിനാവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഒരോ തസ്തികയിലും എത്ര വീതം ജീവനക്കാരെയാണ് നിയമിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഓഫീസിന്റെ പ്രവർത്തനങ്ങൾക്കായി താൽക്കാലികാടിസ്ഥാനത്തിൽ ഒരു കമ്പ്യൂട്ടർ അസിസ്റ്റന്റ്/ഡേറ്റാ എൻട്രി ഓപ്പറേറ്ററേയും ഒരു മൾട്ടി ടാസ്കിംഗ് സ്റ്റാഫ്/ഓഫീസ് അറ്റൻഡന്റിനെയും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമിക്കുന്നതിനായി നടപടികൾ നടന്നുവരുന്നു.

<u>കേരള അക്കാദമിക് ലൈബ്രറി നെറ്റ്‌വർക്കിന്റെ ലക്ഷ്യങ്ങൾ</u>

151 (3511) <u>ശ്രീമതി ശാന്തകുമാരി കെ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വകലാശാല ലൈബ്രറികളെ അന്താരാഷ്ട്ര നിലവാരത്തിലെത്തിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ?

കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ നേതൃത്വത്തിൽ സംസ്ഥാനത്തെ സർവ്വകലാശാല ലൈബ്രറികൾ കൂട്ടിയിണക്കി സംസ്ഥാനതലത്തിൽ കേരള അക്കാദമിക് ലൈബ്രറി നെറ്റ്‌വർക്ക് (Kerala Academic Library Network - KALNET) പ്രവർത്തനമാരംഭിച്ചു. ഉന്നത വിദ്യാഭ്യാസ മേഖലയിലെ ലൈബ്രറികളുടെ നെറ്റ്‌വർക്ക് പ്രാവർത്തികമാകുന്നതോടെ വിജ്ഞാന വിഭവങ്ങളുടെ വിതരണം കൂടുതൽ ഫലപ്രദവും വേഗത്തിലുമാകും. ഇത് പഠന ഗവേഷണ പ്രവർത്തനങ്ങൾക്ക് കൂടുതൽ ഉണർവ് നൽകാൻ സഹായകരമാകും. സംസ്ഥാനത്തെ കോളേജുതല ലൈബ്രറികളുടെ ശൃംഖലയും നെറ്റ്‌വർക്കിൽ പങ്കാളികളാകുന്നതാണ്. രണ്ടാംഘട്ടമായി സർവ്വകലാശാല ലൈബ്രറികളിലെ അപൂർവ്വശേഖരണവും പുസ്തകങ്ങളും ഡിജിറ്റൈസ് ചെയ്യാനുള്ള പദ്ധതി ആരംഭിച്ചുവരുന്നു.

(ബി) കേരള അക്കാദമിക് ലൈബ്രറി നെറ്റ്‌വർക്കിന്റെ ലക്ഷ്യങ്ങൾ വിശദമാക്കാമോ?

(എ)-യിൽ നൽകിയിരിക്കുന്നു.

<u>കാലിക്കറ്റ് സർവ്വകലാശാല വനിതാ ഹോസ്റ്റലിലെ അടുക്കള നവീകരണം</u>

152 (3512) <u>ശ്രീ. ടി. വി. ഇബ്രാഹിം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലിക്കറ്റ് സർവ്വകലാശാല വനിതാ ഹോസ്റ്റലിലെ അടുക്കളയിൽ 2015-2020 കാലഘട്ടത്തിൽ നടത്തിയ നവീകരണ പ്രവൃത്തികൾ വിശദമാക്കുമോ?

2016-17 കാലഘട്ടത്തിൽ വനിതാ ഹോസ്റ്റലിൽ ആയിരം കുട്ടികൾക്ക് പൂർണ്ണമായും യന്ത്രവൽക്കരിക്കപ്പെട്ട രീതിയിൽ ഭക്ഷണം പാകം ചെയ്യുന്നതിനുള്ള ഒരു മെക്കനൈസ്ഡ് മോഡേൺ കിച്ചൺ യൂണിറ്റ് രൂപകൽപന ചെയ്ത് സജ്ജമാക്കിയിരുന്നു. പ്രസ്തുത പ്രവൃത്തിയുടെ പേര് 'Design and Installation & Commissioning of one Mechanized Modern Kitchen Unit 1000 Students Capacity in the Ladies Hostel Annex (Parijatham Block)' എന്നാണ്.

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് ചെലവായ തുകയും, പ്ലാൻ ഫണ്ട്/തനത് ഫണ്ട്/യു.ജി.സി. ഫണ്ട് എന്നിവയിൽ ഏത് ഫണ്ട് ഉപയോഗിച്ചാണ് പ്രസ്തുത പ്രവൃത്തികൾ നടത്തിയതെന്നും വിശദമാക്കുമോ?

പന്ത്രണ്ടാം പദ്ധതി കാലത്ത് 'സ്റ്റുഡന്റ്സ് അമിനിറ്റീസ് ഇൻക്ലൂഡിംഗ് ഹോസ്റ്റൽസ് എന്ന സ്കീമിന് അനുവദിച്ചിട്ടുള്ള യു.ജി.സി. ഫണ്ട് കാലിക്കറ്റ് സർവ്വകലാശാല വനിതാ ഹോസ്റ്റലിന്റെ അടുക്കള നവീകരണ പ്രവർത്തനങ്ങൾക്ക് ഉപയോഗിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിക്ക് ആകെ ചെലവായ 41,98,000/- രൂപ യു.ജി.സി. XII Plan ഫണ്ടിൽ നിന്നാണ് വകയിരുത്തിയത്.

(സി) പ്രസ്തുത നവീകരണ പ്രവർത്തനങ്ങൾ കൊണ്ടുണ്ടായ പ്രയോജനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

കാലിക്കറ്റ് സർവ്വകലാശാല വനിതാ ഹോസ്റ്റലിലെ അനെക്സ് ബിൽഡിംഗിലെ അടുക്കളയിൽ 26-08-2017-ലാണ് മെക്കനൈസ്ഡ് കിച്ചൺ പ്രവർത്തനമാരംഭിച്ചത്. ഏകദേശം 700-ഓളം കുട്ടികൾ ഭക്ഷണം കഴിക്കുന്ന മെസ്സിൽ കാലതാമസം കൂടാതെ വേഗതയിലും പാകത്തിനും ജോലിഭാരം ലഘൂകരിച്ചുകൊണ്ടും മെസ്സ് നടത്തുന്നതിന് കഴിഞ്ഞിട്ടുണ്ട്.

(ഡി) നവീകരിച്ച അടുക്കള പൂർണ്ണമായും പ്രവർത്തനസജ്ജമാണോയെന്ന് വ്യക്തമാക്കുമോ?

നവീകരിച്ച അടുക്കള ഇപ്പോൾ പൂർണ്ണമായും പ്രവർത്തന സജ്ജമല്ല.

(ഇ) നവീകരിച്ച പ്രസ്തുത അടുക്കള ഒട്ടും പ്രവർത്തനസജ്ജമല്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

നവീകരിച്ച അടുക്കള പൂർണ്ണമായും പ്രവർത്തനസജ്ജമാക്കാൻ സാധിച്ചിട്ടില്ല. തുടർനടപടികൾ പുരോഗമിക്കുന്നുണ്ട്.

(എഫ്) പ്രസ്തുത അടുക്കള നവീകരണവുമായി ബന്ധപ്പെട്ട ഏതെങ്കിലും പ്രവൃത്തിയിൽ അഴിമതി ആരോപിച്ചുകൊണ്ട് 01-01-2022 മുതൽ 31-05-2022 വരെയുള്ള കാലയളവിൽ ഏതെങ്കിലും പരാതികൾ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പരാതിയിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

16-06-2022-ന് ശ്രീ. അയ്യപ്പൻ വീട്ടിൽ എന്ന വ്യക്തിയിൽ നിന്നും പരാതി ലഭിച്ചിട്ടുണ്ട്. പരാതി പരിശോധിച്ചുവരുന്നു.

(ജി) എങ്കിൽ ആരോപണവിധേയമായ പ്രസ്തുത പ്രവൃത്തിയുടെ മേൽനോട്ട ചുമതലയുണ്ടായിരുന്ന എഞ്ചിനീയർമാർ ആരെല്ലാമാണെന്ന് വ്യക്തമാക്കുമോ?

യൂണിവേഴ്സിറ്റി എഞ്ചിനീയർ ശ്രീ. അബ്ദുൾ നാസർ, എക്സിക്യൂട്ടീവ് എഞ്ചിനീയറായ ശ്രീ. മോഹൻദാസ്, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ശ്രീ. ജയൻ പാടശ്ശേരി, അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ.

രഞ്ജിത് കെ. എൽ. എന്നിവരാണ് പ്രവൃത്തിയുടെ മേൽനോട്ടം വഹിച്ചിരുന്നത്.

## കാലിക്കറ്റ് സർവ്വകലാശാലയിലെ അക്കാദമിക് ബ്ലോക്ക് കെട്ടിടത്തിന്റെ സ്ട്രക്ച്ചറൽ ഡിസൈനിംഗ്

153 (3513) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലിക്കറ്റ് സർവ്വകലാശാലയിലെ കെട്ടിടങ്ങളുടെ സ്ട്രക്ച്ചറൽ ഡിസൈൻ തയ്യാറാക്കുന്നതിനായി 01-01-2013 മുതൽ നാളിതുവരെ ഏതെല്ലാം സ്ഥാപനങ്ങളെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

സ്കൂൾ ഓഫ് ഡിസ്റ്റൻസ് എഡ്യുക്കേഷൻ, ലേഡീസ് ഹോസ്റ്റൽ എവറസ്റ്റ് ബ്ലോക്ക്, ഇ.എം.എം.ആർ.സി. ബിൽഡിംഗ്, സെന്റർ ഫോർ ഫിസിക്കൽ എഡ്യുക്കേഷൻ ബിൽഡിംഗ്, ഫിനാൻഷ്യൽ എക്കണോമിക്സ് ബിൽഡിംഗ് (തൃശ്ശൂർ), സ്വിമ്മിംഗ് പൂൾ എന്നീ ബിൽഡിംഗുകളുടെ സ്ട്രക്ച്ചറൽ ഡിസൈൻ തയ്യാറാക്കുന്നതിനായി M/s. P. C. Rasheed & Associates എന്ന സ്ഥാപനത്തിനെയും, സെന്റർ ഫോർ എക്സാമിനേഷൻ ഓട്ടോമേഷൻ ആന്റ് മാനേജ്മെന്റ് കെട്ടിടത്തിന്റെ സ്ട്രക്ച്ചറൽ ഡിസൈൻ തയ്യാറാക്കുന്നതിനായി

നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി (NIT)-യെയുമാണ് ചുമതലപ്പെടുത്തിയിരുന്നത്.

(ബി) ഓരോ സ്ഥാപനത്തിനും നൽകിയ തുകയും കെട്ടിടങ്ങളുടെ തറ വിസ്തീർണ്ണവും എത്രയാണെന്ന് വിശദമാക്കുമോ?

ഇതുമായി ബന്ധപ്പെട്ട വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(സി) കാലിക്കറ്റ് സർവ്വകലാശാലയിൽ പുതുതായി നിർമ്മിക്കുവാനുദ്ദേശിക്കുന്ന അക്കാദമിക് ബ്ലോക്ക് കെട്ടിടത്തിന്റെ സ്ട്രക്ച്ചറൽ ഡിസൈൻ തയ്യാറാക്കുന്നതിനായി കോഴിക്കോട് എൻ.ഐ.റ്റി. ആവശ്യപ്പെട്ട തുക എത്രയാണെന്നും, പ്രസ്തുത കെട്ടിടത്തിന്റെ തറവിസ്തീർണം എത്രയാണെന്നും വ്യക്തമാക്കുമോ?

സർവ്വകലാശാലയിൽ പുതുതായി നിർമ്മിക്കാനുദ്ദേശിക്കുന്ന അക്കാദമിക് ബ്ലോക്ക് കെട്ടിടത്തിന്റെ സ്ട്രക്ച്ചറൽ ഡിസൈൻ തയ്യാറാക്കുന്നതിനായി 450/- രൂപ + GST 18% per sq.m of plinth area ആണ് ആവശ്യപ്പെട്ടിരിക്കുന്നത്. കെട്ടിടത്തിന്റെ നിലവിലുള്ള പ്ലാനനുസരിച്ച് തറ വിസ്തീർണ്ണം 13366 m2 ആണ് (3 നില പരിഗണിക്കുമ്പോൾ).

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) എൻ.ഐ.റ്റി. ആവശ്യപ്പെട്ട തുക അംഗീകരിക്കുന്നതിന് സർവ്വകലാശാല എഞ്ചിനീയറിംഗ് വിഭാഗം ശിപാർശ ചെയ്തിരുന്നോ; വിശദാംശം ലഭ്യമാക്കുമോ?

നിർദ്ദിഷ്ട അക്കാദമിക് ബ്ലോക്ക് കെട്ടിടത്തിന്റെ സ്ട്രക്ച്ചറൽ ഡിസൈൻ തയ്യാറാക്കുന്നതിന് NIT കോഴിക്കോടിനെ സിൻഡിക്കേറ്റ് തീരുമാന പ്രകാരം (U.O.No.5732/2022/Admn dated, 28-02-2022) ചുമതലപ്പെടുത്തിയിരുന്നു. യൂണിവേഴ്സിറ്റി എഞ്ചിനീയറുടെ 25-03-2022-ലെ 35918/ENG.DIV-DRAUGHTSMAN-1(CIVIL)/2021/Admn. നമ്പർ കുറിപ്പ് പ്രകാരം നിർദ്ദിഷ്ട അക്കാദമിക് ബ്ലോക്ക് കെട്ടിടത്തിന്റെ സ്ട്രക്ച്ചറൽ ഡിസൈൻ തയ്യാറാക്കുന്നതിന് NIT കോഴിക്കോട് സമർപ്പിച്ച കൺസൾട്ടൻസി ചാർജായ 70,97,346/- രൂപ (at Rs. 450/- + GST @ 18% per sq.m. of plinth area) അംഗീകരിക്കുന്ന വിഷയവും, കൺസൾട്ടൻസി ചാർജിന്റെ 75 ശതമാനം (53,23,009/- രൂപ) മുൻകൂറായി നൽകുന്ന വിഷയവും സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുകയും, 10-05-2022-ന് ചേർന്ന സിൻഡിക്കേറ്റ് യോഗത്തിൽ പ്രസ്തുത വിഷയം പരിഗണിക്കുകയും, വിശദമായ പരിശോധനയ്ക്കുശേഷം യുക്തമായ തീരുമാനമെടുക്കുന്നതിന് വൈസ് ചാൻസലറെ ചുമതലപ്പെടുത്തുന്നതിനും

തീരുമാനിച്ചു. സിൻഡിക്കേറ്റിന്റെ മേൽ സൂചിപ്പിച്ച തീരുമാനം 21-05-2022-ലെ 10328/2022/Admn നമ്പർ ഉത്തരവുപ്രകാരം സർവ്വകലാശാലയിൽ നടപ്പിലാക്കിയിട്ടുള്ളതാണ്.

## കാലിക്കറ്റ് സർവ്വകലാശാലയുടെ ഉടമസ്ഥതയിലുള്ള ഭൂമി ഏറ്റെടുത്തതിന് അനുവദിച്ച നഷ്ടപരിഹാരം

154 (3514) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലിക്കറ്റ് സർവ്വകലാശാലയുടെ കൈവശമുള്ള ഭൂമിയും, ആയതിലെ കെട്ടിടങ്ങളും ഏറ്റെടുത്തതിന് സർവ്വകലാശാലയ്ക്ക് അനുവദിക്കേണ്ട നഷ്ടപരിഹാര തുക സർക്കാരിന്റെ പേരിലുള്ള ട്രഷറി അക്കൗണ്ടിൽ നിക്ഷേപിക്കാനിടയായ സാഹചര്യം വിശദമാക്കാമോ?

പൊതുമേഖലാ സ്ഥാപനങ്ങൾ മുതലായവയുടെ കൈവശത്തിലുള്ള ഭൂമി ദേശീയപാത പോലെയുള്ളവയുടെ വികസനത്തിനായി ഏറ്റെടുക്കുമ്പോൾ, പ്രസ്തുത ഭൂമി സർക്കാർ സൗജന്യമായി നല്കിയതാണെങ്കിൽ ആയതിനുള്ള നഷ്ടപരിഹാരം ധനകാര്യ വകുപ്പ് നിശ്ചയിക്കുന്ന കണക്ക് ശീർഷകത്തിൽ നിക്ഷേപിക്കാൻ 23-11-2021-ലെ ജി.ഒ. (എം.എസ്)237/2021/ആർ.ഡി.പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. 12-01-2022-ലെ 1967728/SL-2/1/2021 FIN നമ്പർ കത്തുപ്രകാരം ഇത്തരത്തിലുള്ള തുക

നിക്ഷേപിക്കാൻ "0075-00-105-98" എന്ന കണക്ക് ശീർഷകം അനുവദിച്ചിരുന്നു. ഈ സാഹചര്യത്തിലാണ് ദേശീയപാതയ്ക്കുവേണ്ടി ഭൂമി ഏറ്റെടുത്തതിനുള്ള നഷ്ടപരിഹാരത്തുക ട്രഷറി അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുള്ളത്.

(ബി) പ്രസ്തുത നഷ്ടപരിഹാര തുക സർക്കാരിന്റെ പേരിലുള്ള ട്രഷറി അക്കൗണ്ടിൽ നിന്നും സർവ്വകലാശാലയ്ക്ക് ലഭ്യമാകുന്നതിന് സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ വിശദമാക്കാമോ?

സ്വന്തം ഫണ്ടുപയോഗിച്ചാണ് ഭൂമി വാങ്ങിയതെന്ന രേഖകൾ ഹാജരാക്കുന്നമുറയ്ക്ക് തുക സർവ്വകലാശാലയ്ക്ക് വിട്ടുനൽകുന്ന കാര്യം പരിശോധിക്കുന്നതാണ്.

(സി) ദേശീയപാത വീതി കൂട്ടുന്നതിന്റെ ഭാഗമായി കാലിക്കറ്റ് സർവ്വകലാശാലയുടെ ഉടമസ്ഥതയിലുള്ള ഭൂമിയിലുള്ള കേരള ജല അതോറിറ്റിയുടെ തലപ്പാറ മുതൽ കാലിക്കറ്റ് സർവ്വകലാശാല കാമ്പസ് വരെയുള്ള മെയിൻ പമ്പിംഗ് ലൈൻ മാറ്റിസ്ഥാപിക്കുന്നതിന് ചെലവ് വരുന്ന തുക, എൻ.എച്ച്. അതോറിറ്റിയുടെ പേരിൽ സർവ്വകലാശാല ഡെപ്പോസിറ്റ് ചെയ്യണമെന്ന് നിർദ്ദേശം ലഭിച്ചിട്ടുണ്ടോ; എങ്കിൽ

ആയതുമായി ബന്ധപ്പെട്ട മുഴുവൻ കത്തിടപാടുകളുടെയും പകർപ്പുകൾ ഉൾപ്പെടെയുള്ള വിശദാംശം ലഭ്യമാക്കാമോ?

ദേശീയപാത വികസനത്തിന്റെ ഭാഗമായി പൊളിച്ചുമാറ്റപ്പെടുന്ന ദേശീയപാതയിൽ സ്ഥാപിക്കപ്പെട്ട പമ്പിംഗ് പൈപ്പ്ലൈൻ സർവ്വകലാശാലയുടെ ആവശ്യാർത്ഥം സർവ്വകലാശാല തന്നെ സ്ഥാപിച്ചതാണ്. 16-04-2022-ലെ 67261/PLD-B-ASST-1/2018/ADMN നമ്പർ കത്തുപ്രകാരം ആവശ്യമായ തുക നിക്ഷേപിച്ച് എൻ.എച്ച്.എ.ഐ. മുഖേന പൈപ്പ്ലൈൻ മാറ്റിസ്ഥാപിക്കുന്ന പ്രവൃത്തി നിർവഹിക്കാനുള്ള വിഷയത്തിൽ ഇടപെടണമെന്ന് സർവ്വകലാശാല സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു. 18-05-2022-ലെ G.O.(Rt)No.722/2022/HEDN പ്രകാരം കാലിക്കറ്റ് സർവ്വകലാശാലയുടെ ജലവിതരണ പദ്ധതി പുനഃസ്ഥാപിക്കുന്നതിനായി കേരള വാട്ടർ അതോറിറ്റി സമർപ്പിച്ച DER പ്രകാരം NHAI മുഖേന പ്രവൃത്തി നടത്തുന്നതിനായി സർക്കാർ ഭരണാനുമതി നൽകുകയും, തുടർന്ന് കാലിക്കറ്റ് സർവ്വകലാശാലയുടെ ജലവിതരണം പുനഃസ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് സർവ്വകലാശാലയുടെ 2202-03-102-98-36 (P) പ്ലാൻ ഹെഡ്ഡിൽ നിന്നും 8,06,00,000/- രൂപ അനുവദിച്ച്

ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട ഉത്തരവുകളുടെയും കത്തിടപാടുകളുടെയും പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു.+

(ഡി) നഷ്ടപരിഹാരത്തുക സർവ്വകലാശാലയ്ക്ക് നേരിട്ട് ലഭ്യമാക്കാതെ സർക്കാരിന്റെ പേരിലുള്ള ട്രഷറി അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുമ്പോൾ, ആയതുമായി ബന്ധപ്പെട്ട് പമ്പിംഗ് ലൈൻ മാറ്റി സ്ഥാപിക്കുന്നതുൾപ്പെടെയുള്ള പ്രവൃത്തികൾക്ക് സർവ്വകലാശാല സ്വന്തം നിലയ്ക്ക് ഫണ്ട് കണ്ടെത്തണമെന്നുള്ള നിർദ്ദേശങ്ങളും ഉത്തരവുകളും കടകവിരുദ്ധമാണെന്ന് വിലയിരുത്തുന്നുണ്ടോ; വ്യക്തമാക്കുമോ;

(ഇ) നഷ്ടപരിഹാര വിതരണത്തിൽ സർവ്വകലാശാലയെ സംസ്ഥാന ഗവൺമെന്റ് ഉടമസ്ഥതയിലുള്ള സ്ഥാപനത്തെപോലെ പരിഗണിക്കുകയും അതേസമയം സ്ഥലം ഏറ്റെടുത്തതുമൂലമുള്ള മാറ്റി സ്ഥാപിക്കലുകൾക്കും പകരം സംവിധാനങ്ങളൊരുക്കുന്നതിനും സ്വകാര്യ സ്ഥാപനത്തെപ്പോലെ കണക്കാക്കുകയും ചെയ്യുന്ന രീതി അനുയോജ്യമല്ലെന്ന് വിലയിരുത്തുന്നുണ്ടോ; വിശദമാക്കുമോ?

(ഡി & ഇ) (സി)-യിൽ നൽകിയിരിക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എഫ്) പ്രസ്തുത ഭൂമിയിൽ സ്ഥിതിചെയ്തിരുന്ന കെട്ടിടങ്ങളും മറ്റ് നിർമ്മിതികളും മാറ്റി സ്ഥാപിക്കുന്നതിനും സ്ഥലം നഷ്ടപ്പെട്ടതുമൂലം കാലിക്കറ്റ് സർവ്വകലാശാലയുടെ ഭൗതികഘടനയിൽ വന്ന മാറ്റങ്ങൾ പരിഹരിക്കുന്നതിനും കാമ്പസിന് പുതിയ രൂപഘടന പ്രദാനം ചെയ്യുന്നതിനും എത്ര തുക ചെലവ് വരുമെന്നും ആയതിന് നടപ്പിലാക്കുവാനുദ്ദേശിക്കുന്ന വിവിധ പദ്ധതികളുടെയും നിർമ്മാണപ്രവർത്തനങ്ങളുടെയും വിശദാംശം ലഭ്യമാക്കാമോ; ലാൻഡ്സ്കേപ്പിംഗ് പ്രോജക്ട് തയ്യാറാക്കാൻ ആരെയെങ്കിലും ചുമതലപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

കാലിക്കറ്റ് സർവ്വകലാശാലയുടെ ഭൗതികഘടനയിൽ വരുന്ന മാറ്റങ്ങൾ പരിഹരിക്കുന്നതിനും കാമ്പസിന് പുതിയ രൂപഘടന പ്രദാനം ചെയ്യുന്നതിനും എത്ര തുക ചെലവ് വരുമെന്ന് കണക്കാക്കപ്പെട്ടിട്ടില്ല. നാഷണൽഹൈവേ വീതി കൂട്ടുന്നതിന്റെ ഭാഗമായുള്ള സ്ഥലമെടുപ്പുമൂലം സർവ്വകലാശാലയുടെ ഭൗതികഘടനയ്ക്ക് സംഭവിക്കുന്ന മാറ്റങ്ങൾക്ക് പരിഹാരമായി ഒരു മാസ്റ്റർപ്ലാൻ തയ്യാറാക്കേണ്ടത് അത്യാവശ്യമായതിനാൽ വിഷയം വിശദമായി പഠിച്ച് സമഗ്രമായ ഒരു മാസ്റ്റർപ്ലാൻ പ്രൊപ്പോസൽ തയ്യാറാക്കി നൽകുന്നതിന് ULCC-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

## ദേശീയപാത വികസനത്തിന്റെ ഭാഗമായി കാലിക്കറ്റ് സർവ്വകലാശാലയ്ക്ക് ലഭിച്ച നഷ്ടപരിഹാരം

155 (3515) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ പുരോഗമിച്ചുകൊണ്ടിരിക്കുന്ന ദേശീയപാത വീതികൂട്ടലിന്റെ ഭാഗമായി കാലിക്കറ്റ് സർവ്വകലാശാലയുടെ കൈവശമുണ്ടായിരുന്ന എത്ര ഭൂമി വിട്ടുകൊടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; പ്രസ്തുത ഭൂമിയിൽ സ്ഥിതിചെയ്തിരുന്ന കെട്ടിടങ്ങളുടെയും, മറ്റ് നിർമ്മിതികളുടെയും വിശദാംശം ലഭ്യമാക്കുമോ?

ദേശീയപാത വീതികൂട്ടലിന്റെ ഭാഗമായി കാലിക്കറ്റ് സർവ്വകലാശാലയുടെ കൈവശമുണ്ടായിരുന്ന 14.51 ഏക്കർ (14 ഏക്കർ 51 സെന്റ്) ഭൂമി വിട്ടുനൽകിയിട്ടുണ്ട്. പ്രസ്തുത ഭൂമിയിൽ സ്ഥിതിചെയ്തിരുന്ന കെട്ടിടങ്ങളുടെയും, മറ്റ് നിർമ്മിതികളുടെയും പട്ടിക അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.+

ദേശീയപാത വീതി കൂട്ടുന്നതിന്റെ ഭാഗമായി കാലിക്കറ്റ് സർവ്വകലാശാലയുടെ തലപ്പാറ മുതൽ യൂണിവേഴ്സിറ്റി കാമ്പസ് വരെയുള്ള 7.7 കി.മി.നീളമുള്ള 225 എം.എം. വണ്ണമുള്ള കാസ്റ്റ് അയേൺ പൈപ്പ്ലൈൻ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പൂർണ്ണമായും പൊളിച്ചുമാറ്റപ്പെടുന്നു. കൂടാതെ ചേളാരി ബൂസ്റ്റർ പമ്പ് ഹൗസും അതിനോടനുബന്ധിച്ചുള്ള മോട്ടോറുകളും ജനറേറ്ററുകളും പൊളിച്ചുമാറ്റപ്പെടും.

(ബി) ദേശീയപാത വീതി കൂട്ടുന്നതിന്റെ ഭാഗമായി സർവ്വകലാശാലയുടെ കൈവശമുണ്ടായിരുന്ന ഭൂമിയും, അതിലെ കെട്ടിടങ്ങളും ഏറ്റെടുത്തതിന് പകരമായി സർവ്വകലാശാലയ്ക്ക് ലഭ്യമായ നഷ്ടപരിഹാരത്തിന്റെ വിശദാംശം ലഭ്യമാക്കുമോ?

ദേശീയപാത വീതി കൂട്ടുന്നതിന്റെ ഭാഗമായി സർവ്വകലാശാലയുടെ കൈവശമുണ്ടായിരുന്ന ഭൂമിയും, അതിലെ കെട്ടിടങ്ങളും ഏറ്റെടുത്തതിന് നഷ്ടപരിഹാരമായി ആകെ 95,30,48,050/- രൂപ അനുവദിച്ചിട്ടുള്ളതാണ്. അതിൽ 94,40,86,946/- രൂപ (തർക്കമുള്ള രണ്ടു കെട്ടിടങ്ങൾക്കായി മാറ്റിവച്ചിട്ടുള്ള നഷ്ടപരിഹാരത്തുകയും 100 ശതമാനം സൊലേഷ്യവും കഴിച്ചുള്ള തുക) കേരള സർക്കാരിന്റെ പേരിലുള്ള ട്രഷറി അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്.

(സി) ദേശീയപാത വീതി കൂട്ടുന്നതിന്റെ ഭാഗമായി കാലിക്കറ്റ് സർവ്വകലാശാലയുടെ കൈവശമുണ്ടായിരുന്ന ഭൂമിയും, അതിലെ കെട്ടിടങ്ങളും ഏറ്റെടുത്തതിനുപകരമായി സർവ്വകലാശാലയ്ക്ക് അനുവദിക്കേണ്ട നഷ്ടപരിഹാരത്തുക കേരള സർക്കാരിന്റെ പേരിലുള്ള

ട്രഷറി അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലാന്റ് അക്വിസിഷൻ കോമ്പീറ്റന്റ് അതോറിറ്റിയായ ഡെപ്യൂട്ടി കളക്ടറുടെ ഉത്തരവുകളുടെ പകർപ്പുകൾ സഹിതം ലഭ്യമാക്കുമോ?

ദേശീയപാത വികസനത്തിനുവേണ്ടി ഏറ്റെടുത്ത ചേലാമ്പ്ര, പള്ളിക്കൽ, തേഞ്ഞിപ്പാലം, മൂന്നിയൂർ വില്ലേജുകളിലുൾപ്പെട്ട സർവ്വകലാശാലാ ഭൂമിയുടെയും കുഴിക്കൂർ ചമയങ്ങളുടെയും വകയായുള്ള നഷ്ടപരിഹാരത്തുക സർക്കാർ നിർദ്ദേശപ്രകാരം ട്രഷറിയിൽ നിക്ഷേപിച്ചതായി അറിയിച്ചുകൊണ്ടുള്ള കോമ്പീറ്റന്റ് അതോറിറ്റി & ഡെപ്യൂട്ടി കളക്ടർ LA (NH), മലപ്പുറം (CALA)-യുടെ നടപടിക്രമങ്ങൾ പ്രകാരം നഷ്ടപരിഹാരമായി ആകെ 95,30,48,050/- രൂപ അനുവദിച്ചിട്ടുള്ളതും അതിൽ 94,40,86,946/- രൂപ [തർക്കമുള്ള ക്രെഡിറ്റ് സൊസൈറ്റി കെട്ടിടം (28,88,270/-) ടേക്ക് എ ബ്രേക്ക് കെട്ടിടം (15,92,282/-) എന്നിവയുടെ നഷ്ടപരിഹാരത്തുകയും (28,88,270 + 15,92,282 = 44,80,552/-) 100 ശതമാനം സൊലേഷ്യവും (4480552 + 4480552 = 8961104) കഴിച്ചുള്ള തുക (953048050 - 8961104] ട്രഷറിയിൽ നിക്ഷേപിച്ചിട്ടുള്ളതുമാണ്.

കോമ്പീറ്റന്റ് അതോറിറ്റി & ഡെപ്യൂട്ടി കളക്ടർ LA (NH), മലപ്പുറം (CALA)-യുടെ നടപടിക്രമങ്ങളുടെ പകർപ്പുകൾ അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.+

## കാലിക്കറ്റ് സർവ്വകലാശാല അധ്യാപക നിയമനങ്ങളിലെ സംവരണം

156 (3516) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയമനങ്ങളിൽ ഭിന്നശേഷിക്കാർക്ക് നാല് ശതമാനം സംവരണം ഉറപ്പാക്കികൊണ്ടുള്ള 31-10-2019-ലെ (അച്ചടി) നം.12/2019/സാ.നീ.വ സർക്കാർ ഉത്തരവ് കാലിക്കറ്റ് സർവ്വകലാശാലയിൽ നടപ്പിലാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

The Right of Persons with Disabilities Act - 2016 Section 34(1) പ്രകാരം ഭിന്നശേഷിക്കാർക്ക് നാല് ശതമാനം സംവരണം ഉറപ്പുവരുത്തിയിട്ടുണ്ട്. 2016-ലെ അംഗപരിമിതാവകാശ നിയമം കാലിക്കറ്റ് സർവ്വകലാശാലയിൽ നടപ്പാക്കിയിട്ടുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) എങ്കിൽ പ്രസ്തുത സർവ്വകലാശാല ഉത്തരവിന്റെ പകർപ്പും സർവ്വകലാശാല സ്റ്റാറ്റ്യൂട്ട് ഭേദഗതി വരുത്തിയതിന്റെ വിശദാംശവും ലഭ്യമാക്കാമോ?

2016-ലെ അംഗപരിമിതാവകാശ നിയമം കാലിക്കറ്റ് സർവ്വകലാശാലയിൽ നടപ്പാക്കിയതിന്റെ സർവ്വകലാശാല ഉത്തരവ് അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.+

(സി) കാലിക്കറ്റ് സർവ്വകലാശാല അദ്ധ്യാപക നിയമനങ്ങളിൽ പ്രസ്തുത ഉത്തരവുപ്രകാരമുള്ള ഭിന്നശേഷി സംവരണം അനുവദിച്ചാണോ നിയമനങ്ങൾ നടത്തിയതെന്ന് വ്യക്തമാക്കാമോ?

The Right of Persons with Disabilities Act, 2016-ൽ പരാമർശിക്കുന്ന അംഗപരിമിത സംവരണം ഉറപ്പുവരുത്തിയിട്ടുണ്ട്.

(ഡി) 31-12-2019-ലെ വിജ്ഞാപനങ്ങൾ പ്രകാരമുള്ള അദ്ധ്യാപക നിയമനങ്ങൾക്ക് കെ.എസ്. ആൻഡ് എസ്.എസ്.ആർ. ചട്ടങ്ങളനുസരിച്ച് കാലിക്കറ്റ് സർവ്വകലാശാല സ്വീകരിച്ച സംവരണ രീതിയനുസരിച്ചുള്ള നൂറ് പോയിന്റ് റിസർവേഷൻ റോസ്റ്ററിലെ വിവിധ വിഭാഗം ഉദ്യോഗാർത്ഥികൾക്കനുവദിച്ച ടേണുകൾ അതിൽ ഭിന്നശേഷി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിഭാഗങ്ങൾക്കനുവദിച്ച ടേണുകൾ എന്നിവ എപ്രകാരമാണെന്ന് വിശദമാക്കാമോ?

വിവരം ശേഖരിച്ചുവരുന്നു.

(ഇ) നിയമനങ്ങളിലെ ഭിന്നശേഷി സംവരണത്തിൽ നിലവിലുള്ള കെ.എസ്.ആൻഡ് എസ്.എസ്.ആർ. ചട്ടങ്ങൾ പ്രകാരം പി.എസ്.സി. അനുവർത്തിക്കുന്ന രീതിയും 31-12-2019-ലെ വിജ്ഞാപനങ്ങൾ പ്രകാരമുള്ള അദ്ധ്യാപക നിയമനങ്ങൾക്ക് കെ.എസ്.ആൻഡ് എസ്.എസ്.ആർ. ചട്ടങ്ങൾ അനുസരിച്ച് കാലിക്കറ്റ് സർവ്വകലാശാല സ്വീകരിച്ച രീതിയും തമ്മിൽ ഏതെങ്കിലും തരത്തിലുള്ള പൊരുത്തക്കേടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## കാലിക്കറ്റ് യൂണിവേഴ്സിറ്റിക്ക് കീഴിലുള്ള കോളേജുകളിൽ പുതിയ കോഴ്സുകൾ

157 (3517) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ മേഖലയിൽ ഡിഗ്രി സീറ്റുകളുടെ കുറവുകാരണം പ്ലസ് ടു പാസ്സായ വലിയൊരു ശതമാനം വിദ്യാർത്ഥികൾക്ക് ബിരുദ പഠനത്തിന്

അഡ്മിഷൻ ലഭ്യമാകില്ലെന്ന പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) എങ്കിൽ ഇക്കാര്യം പരിഹരിക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിക്കുകയെന്ന് വ്യക്തമാക്കാമോ?

2022-23 അദ്ധ്യയനവർഷം സർക്കാർ, എയ്ഡഡ്, സ്വാശ്രയമേഖല കോളേജുകളിൽ പുതിയ കോഴ്സുകൾ അനുവദിക്കുന്ന വിഷയം പരിശോധിച്ചുവരുന്നു.

(സി) കാലിക്കറ്റ് യൂണിവേഴ്സിറ്റിയ്ക്ക് കീഴിലുള്ള കോളേജുകളിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്നത് സംബന്ധിച്ച ആവശ്യം പരിഗണിക്കുന്നുണ്ടോ എന്ന് അറിയിക്കാമോ?

(ബി)-യിൽ നൽകിയിട്ടുണ്ട്.

## കാലിക്കറ്റ് സർവ്വകലാശാലയിൽ നടന്ന അക്രമസംഭവവുമായി ബന്ധപ്പെട്ട അന്വേഷണം

158 (3518) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 25-11-2021-ന് കാലിക്കറ്റ് സർവ്വകലാശാലയിലെ പരീക്ഷാഭവനിൽ ഒരുപറ്റം ആളുകൾ ജീവനക്കാരനെ മർദ്ദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ടെങ്കിൽ മർദ്ദനത്തിനിരയായ ഉദ്യോഗസ്ഥൻ പ്രതികൾക്കെതിരെ സർവ്വകലാശാലയ്ക്ക് പരാതി നൽകിയിട്ടുണ്ടോ; ആയതിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

മർദ്ദനത്തിനിരയായ ഉദ്യോഗസ്ഥൻ പ്രസ്തുത സംഭവവുമായി ബന്ധപ്പെട്ട് പരാതി നൽകിയില്ല. ബ്രാഞ്ച് ഓഫീസർ നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേസ് രജിസ്റ്റർ ചെയ്യുന്നതിനും തുടർനടപടികൾക്കുമായി തേഞ്ഞിപ്പാലം പോലീസ് സ്റ്റേഷനിലേയ്ക്ക് സർവ്വകലാശാല കത്ത് നൽകിയിട്ടുണ്ട്.

(സി) പ്രസ്തുത സംഭവവുമായി ബന്ധപ്പെട്ട് പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; പ്രതികളായി കണ്ടെത്തിയവരുടെ വിശദാംശം നൽകുമോ?

26-11-2021-ലെ 238846/AD-LEG-ASST-3/2021/Admn(I) നമ്പർ ഉത്തരവുപ്രകാരം കുറ്റക്കാർക്കെതിരെ കേസ് രജിസ്റ്റർ ചെയ്യുന്നതിനും തുടർനടപടികൾക്കുമായി തേഞ്ഞിപ്പാലം പോലീസ് സ്റ്റേഷനിലേയ്ക്ക്

കാലിക്കറ്റ് സർവ്വകലാശാല കത്ത് നൽകിയിട്ടുണ്ട്. ആയതുസംബന്ധിച്ച് യൂണിവേഴ്സിറ്റിക്ക് അറിയിപ്പുകളൊന്നും ലഭിച്ചിട്ടില്ല.

(ഡി) കുറ്റാരോപിതരായിട്ടുള്ള ആളുകൾ അക്രമസംഭവം നടന്ന ബ്രാഞ്ചുമായി ബന്ധപ്പെട്ട് പഠനം നടത്തുന്നവരാണോ?

പ്രസ്തുത ദിവസം ബ്രാഞ്ചിൽ വന്ന് അക്രമം നടത്തിയവർ സംഭവം നടന്ന ബ്രാഞ്ചുമായി ബന്ധപ്പെട്ട് പഠനം നടത്തുന്നവരല്ല.

(ഇ) പ്രസ്തുത അക്രമസംഭവവുമായി ബന്ധപ്പെട്ട് സർവ്വകലാശാല നിയമിച്ച അന്വേഷണ കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ; പ്രസ്തുത റിപ്പോർട്ടിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

അന്വേഷണ കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.+ പരിശോധനയ്ക്കും അനന്തര നടപടികൾക്കുമായി സമർപ്പിച്ചിട്ടുള്ള ടി റിപ്പോർട്ട് സിൻഡിക്കേറ്റിന്റെ പരിഗണനയിലാണ്.

<u>എൻ.സി.സി.-യുടെ അംഗബലം വർദ്ധിപ്പിക്കാൻ നടപടി</u>

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

159(3519) <u>ഡോ. എൻ. ജയരാജ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻ.സി.സി.-യുടെ അംഗബലത്തിൽ കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ കുറവോ വർദ്ധനവോ ഉണ്ടായിട്ടുണ്ടെന്ന് വിശകലനം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

സംസ്ഥാന എൻ.സി.സി.-യിൽ കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ കേഡറ്റുകളുടെ അംഗബലം താഴെപ്പറയുംപ്രകാരം വർദ്ധിക്കുകയാണ് ചെയ്തിട്ടുള്ളത്.

(i) 2017 - 77667
(ii) 2018 - 79418
(iii) 2019 - 81489
(iv) 2020 - 81489
(v) 2021 - 88064

(ബി) കേന്ദ്ര-സംസ്ഥാന സുരക്ഷാ സേനകളിൽ വർദ്ധിച്ചുവരുന്ന തൊഴിൽസാദ്ധ്യത കണക്കിലെടുത്ത് എൻ.സി.സി.-യുടെ അംഗബലം വർദ്ധിപ്പിക്കുന്നതിനായി പ്രചരണം നടത്തുന്നതിന് നടപടി സ്വീകരിക്കാമോ?

സംസ്ഥാന എൻ.സി.സി.-യിൽ കാലാകാലങ്ങളിലെ അനുവദനീയമായ കേഡറ്റുകളുടെ അംഗബലം എല്ലാവർഷവും നികന്നുപോകുന്നുണ്ട്. അതിനാൽ പ്രചരണം നടത്തേണ്ടതിന്റെ ആവശ്യകത വരുന്നില്ല.

(സി) എൻ.സി.സി.-യുടെ 'സി' സർട്ടിഫിക്കറ്റുള്ള ഉദ്യോഗാർത്ഥികൾക്ക് സംസ്ഥാന യൂണിഫോംഡ് സേനകളിൽ പി.എസ്.സി.-യുടെ പ്രിലിമിനറി പരീക്ഷ ഒഴിവാക്കി മെയിൻ പരീക്ഷ, കായികക്ഷമത, മെഡിക്കൽ പരിശോധനകൾ എന്നിവ മാത്രം ബാധകമാക്കി ഡയറക്ട് എൻട്രി സംവിധാനം നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കാമോ?

ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

## വാമനപുരം മണ്ഡലത്തിലെ എൻ.സി.സി.-യുടെ നാഷണൽ ലെവൽ ട്രെയിനിംഗ് സെന്റർ

160(3520) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം മണ്ഡലത്തിലെ കല്ലറ ഗ്രാമപഞ്ചായത്തിൽ എൻ.സി.സി.-യുടെ നാഷണൽ ലെവൽ ട്രെയിനിംഗ് സെന്ററിനായി 3.5

ഏക്കർ സ്ഥലം ഏറ്റെടുത്തശേഷം എന്തെല്ലാം പ്രവർത്തനങ്ങളാണ് നടന്നിട്ടുള്ളതെന്ന് വിശദമാക്കാമോ?

ട്രെയിനിംഗ് സെന്റർ നിർമ്മാണത്തിനുള്ള മാസ്റ്റർപ്ലാൻ പൊതുമരാമത്ത് വകുപ്പ് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത മാസ്റ്റർപ്ലാൻ എൻ.സി.സി. വകുപ്പ് പരിശോധിച്ചുവരുന്നു. എസ്റ്റിമേറ്റ് തയ്യാറാക്കുന്ന നടപടികൾ പി.ഡബ്ല്യൂ.ഡി. കെട്ടിട വിഭാഗം പൂർത്തീകരിച്ചുവരുന്നു.

(ബി) പദ്ധതിയുടെ വിശദമായ എസ്റ്റിമേറ്റും ഡി.പി.ആർ.-ഉം ഡിസൈനിംഗും തയ്യാറായിട്ടുണ്ടോ?

(എ)-യിൽ നൽകിയിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതിയുടെ ആദ്യഘട്ട പ്രവർത്തനങ്ങൾ എന്ന് ആരംഭിക്കാനാകുമെന്ന് വിശദമാക്കാമോ?

കല്ലറ എൻ.സി.സി. ട്രെയിനിംഗ് സെന്റർ നിർമ്മാണ പദ്ധതി അടുത്ത വർക്കിംഗ് ഗ്രൂപ്പിൽ ഉൾപ്പെടുത്തുന്നതിനുള്ള പ്രൊപ്പോസൽ ലഭ്യമാക്കുവാൻ എൻ.സി.സി. വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഭരണപരമായ നടപടികൾ പൂർത്തിയാകുന്നമുറയ്ക്ക് ആദ്യഘട്ട പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിയുന്നതാണ്.

## എൻഡോസൾഫാൻ

## ദുരിതബാധിതർക്കുള്ള നഷ്ടപരിഹാരം

161 (3521) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻഡോസൾഫാൻ ദുരിതബാധിതർക്ക് അടിയന്തര നഷ്ടപരിഹാരം നൽകുന്നതിന് ബഹു. സുപ്രീംകോടതിയുടെ ഉത്തരവുപ്രകാരം അനുവദിച്ച തുക എത്രയെന്ന് വ്യക്തമാക്കാമോ; ഈ തുക എത്ര പേർക്കാണ് അനുവദിച്ചതെന്നും എത്ര തുക വീതമാണ് അനുവദിച്ചതെന്നും വ്യക്തമാക്കാമോ?

ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ ഡബ്ല്യൂ.പി.(സിവിൽ) 213/2011 നമ്പർ കേസ്സിന്മേലുള്ള 10-01-2017-ലെ അന്തിമവിധിയുടെ അടിസ്ഥാനത്തിൽ 15-03-2022-ലെ സ.ഉ.(സാധാ) നം.1877/2022/ധന. പ്രകാരം എൻഡോസൾഫാൻ ദുരിതബാധിതർക്ക് നഷ്ടപരിഹാരം അനുവദിക്കുന്നതിനായി 2021-2022 സാമ്പത്തികവർഷം 200 കോടി രൂപ അധികമായി വകയിരുത്തുകയും, തുടർന്ന് 24-03-2022-ലെ സ.ഉ. (എം.എസ്) നം.4/2022/സാ.നീ.വ പ്രകാരം പ്രസ്തുത തുകയിൽ നിന്ന്

എൻഡോസൾഫാൻ ദുരിതബാധിതർക്ക് 5,00,000/- രൂപ വീതം നഷ്ടപരിഹാരം അനുവദിക്കുന്നതിനായി സർക്കാർ കാസർഗോഡ് ജില്ലാ കളക്ടർക്ക് അനുമതി നൽകുകയും നഷ്ടപരിഹാരത്തിന് അർഹരായവരെ കണ്ടെത്തി ടി തുക റിലീസ് ചെയ്ത് അനുവദിക്കുന്നതിന് കാസർഗോഡ് ജില്ലാ കളക്ടറെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ആയതിനുശേഷം നാളിതുവരെ പ്രസ്തുത നഷ്ടപരിഹാരം ആവശ്യപ്പെട്ട് കാസർഗോഡ് ജില്ലാ കളക്ടറേറ്റിൽ ലഭിച്ച അപേക്ഷകളിൽ 11-07-2022 വരെ മൊത്തം 5056 പേർക്കായി താഴെപ്പറയുന്ന പട്ടികയിൻപ്രകാരം ആകെ 1,99,64,50,000/- രൂപ അനുവദിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | അനുവദിച്ച തുക | എത്ര പേർക്ക് |
|---|---|---|
| 1 | 1,00,000/-രൂപ | 116 |
| 2 | 1,50,000/-രൂപ | 1 |
| 3 | 2,00,000/-രൂപ | 1550 |
| 4 | 2,50,000/-രൂപ | 13 |
| 5 | 3,00,000/-രൂപ | 29 |
| 6 | 3,50,000/-രൂപ | 13 |
| 7 | 4,00,000/-രൂപ | 88 |
| 8 | 5,00,000/-രൂപ | 3246 |
| ആകെ | 1,99,64,50,000/-രൂപ | 5056 |

കൂടാതെ ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ കണ്ടംപ്റ്റ് പെറ്റീഷൻ (സിവിൽ) നം.244/2021 കേസ്സിന്മേലുള്ള 13-05-2022-ലെ വിധിയുടെ അടിസ്ഥാനത്തിൽ മേൽപ്പറഞ്ഞ എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള നഷ്ടപരിഹാരം ലഭിക്കുന്നതിൽ കാലതാമസം നേരിട്ട 8 പേർക്ക് 30-05-2022-ലെ സ.ഉ. (സാധാ) നം.141/2022/സാ.നീ.വ പ്രകാരം അധികമായി 50,000/-രൂപ വീതം ആകെ 4,00,000/- രൂപയും കാസർഗോഡ് ജില്ലാകളക്ടർ മുഖാന്തരം അനുവദിച്ചിട്ടുണ്ട്. നിലവിൽ അനുവദിച്ച 200 കോടി രൂപയിൽ 1,99,68,50,000/-രൂപ എൻഡോസൾഫാൻ ദുരിതബാധിതർക്ക് വിതരണം ചെയ്തിട്ടുണ്ട്.

(ബി) ആയത് വിതരണം ചെയ്യുന്നതിന് ബഹു. സുപ്രീംകോടതി സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കാമോ?

ഉണ്ട്; ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ ഡബ്ല്യൂ.പി. (സിവിൽ) 213/2011 നമ്പർ കേസ്സിന്മേലുള്ള 10-01-2017-ലെ അന്തിമവിധിയിൽ പ്രസ്തുത വിധിയുടെ തീയതി മുതൽ 3 മാസത്തെ സമയമാണ് അനുവദിച്ചിരുന്നത്. പ്രസ്തുത സമയക്രമം പാലിക്കുവാൻ സാധിക്കാത്ത സാഹചര്യം മേൽപ്പറഞ്ഞ അന്തിമവിധിയിന്മേലുള്ള കോടതിയലക്ഷ്യ കേസ്സിൽ (കണ്ടെംമ്റ്റ് പെറ്റീഷൻ (സിവിൽ) നം.244/2021) ബഹുമാനപ്പെട്ട സുപ്രീംകോടതി 13-05-2022

തീയതിയായി വിലയിരുത്തുകയും ഈ കാര്യത്തിലുള്ള പുരോഗതി/നിജ:സ്ഥിതി വിവരണറിപ്പോർട്ട് ബഹുമാനപ്പെട്ട കോടതിയുടെ അടുത്ത സിറ്റിംഗിൽ സമർപ്പിക്കുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിൻപ്രകാരമുള്ള നടപടികൾ കാസർഗോഡ് ജില്ലാകളക്ടർ തലത്തിലും, സർക്കാർ തലത്തിലും പുരോഗമിച്ചുവരികയാണ്.

(സി) നാളിതുവരെ എത്ര പേർക്ക് എത്ര രൂപ വീതം വിതരണം ചെയ്തുവെന്ന് അറിയിക്കാമോ?

ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ ഡബ്ല്യൂ.പി.(സിവിൽ) 213/2011 നമ്പർ കേസ്സിന്മേലുള്ള 10-01-2017-ലെ അന്തിമവിധിക്കുമുമ്പ് എൻഡോസൾഫാൻ ദുരിതബാധിതരായ 1446 പേർക്ക് 5,00,000/- രൂപയും, 1568 പേർക്ക് 3,00,000/- രൂപയും നഷ്ടപരിഹാരമായി അനുവദിച്ചിട്ടുണ്ട്. ആയതിനുശേഷം ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ അന്തിമവിധിയുടെ അടിസ്ഥാനത്തിൽ നാളിതുവരെ പ്രസ്തുത നഷ്ടപരിഹാരം ആവശ്യപ്പെട്ട് കാസർഗോഡ് ജില്ലാ കളക്ടറേറ്റിൽ ലഭിച്ച അപേക്ഷകളിൽ 11-0-2022 തീയതി വരെ മൊത്തം 5056 പേർക്കായി താഴെപ്പറയുന്ന പട്ടികയിൻ പ്രകാരം ആകെ 1,99,64,50,000/- രൂപ അനുവദിച്ചിട്ടുണ്ട്.

| ക്രമ | അനുവദിച്ച തുക | എത്ര പേർക്ക് |
|---|---|---|

| നമ്പർ | | |
|---|---|---|
| 1 | 1,00,000/-രൂപ | 116 |
| 2 | 1,50,000/-രൂപ | 1 |
| 3 | 2,00,000/-രൂപ | 1550 |
| 4 | 2,50,000/-രൂപ | 13 |
| 5 | 3,00,000/-രൂപ | 29 |
| 6 | 3,50,000/-രൂപ | 13 |
| 7 | 4,00,000/-രൂപ | 88 |
| 8 | 5,00,000/-രൂപ | 3246 |
| ആകെ | 1,99,64,50,000/-രൂപ | 5056 |

കൂടാതെ ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ കണ്ടെംമ്റ്റ് പെറ്റീഷൻ (സിവിൽ)നമ്പർ 244/2021 കേസ്സിന്മേലുള്ള 13-05-2022-ലെ വിധിയുടെ അടിസ്ഥാനത്തിൽ മേൽപ്പറഞ്ഞ എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള നഷ്ടപരിഹാരം ലഭിക്കുന്നതിൽ കാലതാമസം നേരിട്ട 8 പേർക്ക് 30-05-2022-ലെ സ.ഉ. (സാധാ)നമ്പർ 141/2022/സാ.നീ.വ പ്രകാരം 50,000/- രൂപ വീതം ആകെ 4,00,000/-രൂപയും കാസർഗോഡ് ജില്ലാ കളക്ടർ മുഖാന്തിരം അനുവദിച്ചിട്ടുണ്ട്. നിലവിൽ സർക്കാർ അനുവദിച്ച മേൽപ്പറഞ്ഞ 200 കോടി രൂപയിൽ 1,99,68,50,000/-രൂപ എൻഡോസൾഫാൻ ദുരിതബാധിതർക്ക് വിതരണം ചെയ്തിട്ടുണ്ട്.

(ഡി) പ്രസ്തുത തുക പൂർണ്ണമായും വിതരണം ചെയ്യുന്നതിന് കാലതാമസമുണ്ടാകുന്നതിന്റെ കാരണം വ്യക്തമാക്കാമോ; തുക സമയബന്ധിതമായി പൂർണ്ണമായും വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

കാസർഗോഡ് ജില്ലാ കളക്ടറേറ്റ് മുഖാന്തരം തയ്യാറാക്കിയ എൻഡോസൾഫാൻ ദുരിതബാധിതരുടെ പട്ടികയിൽ അനർഹർ കടന്ന് കൂടിയിട്ടുണ്ടെന്ന വിജിലൻസ് വകുപ്പിന്റെ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പട്ടിക പുനഃപരിശോധന നടത്തേണ്ട ആവശ്യകതയുണ്ടായി. ആയതിനെത്തുടർന്ന് പ്രസ്തുത നഷ്ടപരിഹാര ധനസഹായം അനുവദിക്കുന്നതിനുള്ള നടപടികൾ സുതാര്യവും ദ്രുതഗതിയിലുമാക്കുന്നതിനായി ഒരു ഓൺലൈൻ പോർട്ടൽ തയ്യാറാക്കുകയും പ്രസ്തുത പോർട്ടലിന്റെ സഹായത്തോടെ അർഹരായ എൻഡോസൾഫാൻ ദുരിതബാധിതരെ കണ്ടെത്തി നഷ്ടപരിഹാരത്തുക എത്രയുംവേഗം റിലീസ് ചെയ്ത് അനുവദിക്കുന്നതിനുള്ള നടപടികൾ കാസർഗോഡ് ജില്ലാകളക്ടർ തലത്തിൽ ത്വരിതഗതിയിൽ പുരോഗമിച്ചുവരികയാണ്.

## പെരിന്തൽമണ്ണ മിഠായി ക്ലിനിക്

162(3522) ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ ജില്ലാ ആശുപത്രിയിൽ പ്രവർത്തനമാരംഭിച്ച മിഠായി ക്ലിനിക് സാറ്റലൈറ്റ് സെന്ററിൽ പീഡിയാട്രിക് എൻഡോക്രൈനോളജിസ്റ്റ്, അഡൾട്ട് എൻഡോക്രൈനോളജിസ്റ്റ് എന്നിവരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

മിഠായി പദ്ധതിയുടെ ഭാഗമായി എല്ലാ ജില്ലകളിലെയും പദ്ധതി ഗുണഭോക്താക്കൾക്ക് ഇൻസുലിൻ മരുന്ന്, ഗ്ലൂക്കോമീറ്റർ സ്ട്രിപ്പ്, സൂചി എന്നിവ നൽകുവാൻ വേണ്ടിയാണ് സാറ്റലൈറ്റ് സെന്ററുകളുടെ പ്രവർത്തനം ആരംഭിച്ചത്. ഇതുവഴി ദീർഘദൂര യാത്രകൾ ഒഴിവാക്കി അതത് ജില്ലകളിൽനിന്ന് തന്നെ ഗുണഭോക്താക്കൾക്ക് മരുന്ന് ലഭ്യമാക്കുവാൻ സാധിക്കുന്നുണ്ട്. അപ്രകാരമാണ് പെരിന്തൽമണ്ണ ജില്ലാ ആശുപത്രിയിലും മിഠായി സാറ്റലൈറ്റ് സെന്ററിന്റെ പ്രവർത്തനം ആരംഭിച്ചത്. മിഠായി സാറ്റലൈറ്റ് സെന്ററുകൾ അതത് ആശുപത്രികളിലെ നിലവിലുള്ള സൗകര്യങ്ങൾ ഉപയോഗിച്ചാണ് പ്രവർത്തിച്ചുവരുന്നത്.

(ബി) ജുവനൈൽ ഡയബറ്റിസ് രോഗികൾക്ക് നൽകി വരുന്ന സി.ജി.എം.എസ്. (കണ്ടിന്യുവസ് ഗ്ലൂക്കോസ് മോണിറ്ററിംഗ് സിസ്റ്റം), സൂചി എന്നിവയുടെ എണ്ണത്തിൽ വർദ്ധനവ് വരുത്താൻ നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

നിലവിൽ നൽകി വരുന്ന സി.ജി.എം.എസ്., സൂചി എന്നിവയുടെ എണ്ണം മിഠായി സ്റ്റേറ്റ് ടെക്നിക്കൽ കമ്മിറ്റി ശിപാർശ ചെയ്തതാണ്. ജുവനൈൽ ഡയബറ്റികിൽ വിദഗ്ദ്ധരായ ഡോക്ടർമാരാണ് പ്രസ്തുത കമ്മിറ്റി അംഗങ്ങൾ. സി.ജി.എം.എസ്., സൂചി എന്നിവയുടെ എണ്ണം വർദ്ധിപ്പിക്കേണ്ട സാഹചര്യം നിലവിലുള്ളതായി വിലയിരുത്തപ്പെട്ടിട്ടില്ല. ആവശ്യമുള്ള പക്ഷം അക്കാര്യം പരിശോധിക്കാവുന്നതാണ്.

## പാറശാല മണ്ഡലത്തിലെ ഭിന്നശേഷിക്കാർക്കുള്ള പദ്ധതി

163(3523) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭിന്നശേഷിക്കാർക്ക് യു.ഡി.ഐ.ഡി. കാർഡുകൾ ലഭ്യമാക്കി നൽകുന്ന പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കാമോ; പ്രസ്തുത ആവശ്യത്തിനായി പാറശാല മണ്ഡലത്തിൽ നിന്നും എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; വിശദാംശം അറിയിക്കാമോ?

സംസ്ഥാനത്ത് ഇതുവരെ 1,76,082 യു.ഡി.ഐ.ഡി. കാർഡുകൾ നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ അർഹരായ മുഴുവൻ ഭിന്നശേഷിക്കാർക്കും യു.ഡി.ഐ.ഡി. കാർഡ് ലഭ്യമാക്കുന്നതിനുവേണ്ടി സാമൂഹ്യനീതി വകുപ്പ് പ്രത്യേക കാമ്പയിൻ ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് പ്രവർത്തനങ്ങൾ നടത്തുന്നതിനായി സാമൂഹ്യനീതി വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ആരോഗ്യ വകുപ്പുമന്ത്രി, തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി, ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവരുടെ യോഗം 28-04-2022-ന് വിളിച്ചുചേർക്കുകയുണ്ടായി. സംസ്ഥാനത്തെ മുഴുവൻ ഭിന്നശേഷിക്കാർക്കും യു.ഡി.ഐ.ഡി. കാർഡ് ലഭ്യമാക്കുന്ന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ആരോഗ്യ, തദ്ദേശസ്വയംഭരണ, സാമൂഹ്യനീതി വകുപ്പുകളുടെ യോജിച്ചുള്ള പ്രവർത്തനം ഉറപ്പാക്കുന്നതിന് തീരുമാനിക്കുകയും ചെയ്തു. തുടർന്ന് 11-05-2022-ൽ സാമൂഹ്യനീതി വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ജില്ലാ കളക്ടർമാരുടെയും ബന്ധപ്പെട്ട വകുപ്പുകളിലെ ജില്ലാതല ഓഫീസർമാരുടെയും യോഗം വിളിച്ചു ചേർക്കുകയും കാർഡ് ലഭ്യമാക്കുന്ന പ്രവർത്തനങ്ങൾ ജില്ലാതലത്തിൽ ഏകോപിപ്പിക്കുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തു. ഇക്കാര്യത്തിൽ സംസ്ഥാനത്തെ മുഴുവൻ എം.എൽ.എ.-മാരുടെയും നേതൃത്വപരമായ പങ്ക് അതത് മണ്ഡലങ്ങളിൽ

ഉണ്ടാകണമെന്ന് അഭ്യർത്ഥിച്ച് സാമൂഹ്യനീതി വകുപ്പുമന്ത്രി കത്ത് നൽകുകയും ചെയ്തിട്ടുണ്ട്. കാമ്പയിന്റെ ആദ്യഘട്ടമായി മുഴുവൻ ഭിന്നശേഷിക്കാരെയും യു.ഡി.ഐ.ഡി. പോർട്ടലിലേയ്ക്ക് ഓൺലൈനായി രജിസ്റ്റർ ചെയ്യിക്കുന്നതിനുള്ള പ്രത്യേക രജിസ്ട്രേഷൻ ഡ്രൈവ് ഇപ്പോൾ നടന്നുവരുന്നു. രജിസ്ട്രേഷൻ ഡ്രൈവിന്റെ ഭാഗമായി 04-07-2022 വരെ 1,16,698 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. രജിസ്റ്റർ ചെയ്തവരിൽ മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റുള്ളവർക്ക് ജില്ലാ മെഡിക്കൽ ഓഫീസർമാർ അപേക്ഷകൾ പരിശോധിച്ച് മെഡിക്കൽ ബോർഡിന്റെ ഭിന്നശേഷി അസ്സസ്മെന്റ് ഇല്ലാതെ മെഡിക്കൽ റെക്കമെൻഡേഷൻ നൽകി യു.ഡി.ഐ.ഡി. കാർഡ് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നുണ്ട്. മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റില്ലാത്തവർക്ക് കേരള സാമൂഹ്യ സുരക്ഷാമിഷൻ ആരോഗ്യവകുപ്പുമായി ചേർന്ന് വികേന്ദ്രീകൃത വൈകല്യ നിർണ്ണയ ക്യാമ്പുകൾ സംഘടിപ്പിച്ച് മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റും യു.ഡി.ഐ.ഡി. കാർഡും നൽകുന്നതാണ്. കൂടാതെ രജിസ്റ്റർ ചെയ്ത അപേക്ഷകരെ സംസ്ഥാനത്തെ താലൂക്ക്, ജില്ലാ, ജനറൽ ഹോസ്പിറ്റലുകളിലെ സൂപ്രണ്ട് ചെയർമാനായ മെഡിക്കൽ ബോർഡ് വൈകല്യനിർണ്ണയം നടത്തി മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റും യു.ഡി.ഐ.ഡി. കാർഡും നൽകുന്ന

പ്രവർത്തനവും നടന്നുവരുന്നു. കേരള സാമൂഹ്യ സുരക്ഷാമിഷനാണ് യു.ഡി.ഐ.ഡി. കാർഡ് നൽകുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ സാമൂഹ്യനീതി വകുപ്പ്, ജില്ലാ ഭരണകൂടം, ആരോഗ്യ വകുപ്പ്, വനിതാ ശിശു വികസന വകുപ്പ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ സഹകരണത്തോടെ ഏകോപിപ്പിച്ച് നടപ്പാക്കുന്നത്. യു.ഡി.ഐ.ഡി. കാർഡിനായി പാറശാല മണ്ഡലത്തിൽ നിന്നും 1448 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഇതിൽ 769 പേർക്ക് നിലവിൽ യു.ഡി.ഐ.ഡി. കാർഡ് നൽകിയിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽവന്നശേഷം വികലാംഗ ക്ഷേമ കോർപ്പറേഷൻ മുഖേന പാറശാല മണ്ഡലത്തിൽ സഹായ ഉപകരണ വിതരണ ക്യാമ്പുകൾ സംഘടിപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വികലാംഗ ക്ഷേമ കോർപ്പറേഷൻ മുഖേന പാറശാല മണ്ഡലത്തിൽ സഹായ ഉപകരണ വിതരണ ക്യാമ്പുകൾ സംഘടിപ്പിച്ചിട്ടില്ല.

(സി) പ്രസ്തുത മണ്ഡലത്തിൽ വികലാംഗക്ഷേമ കോർപ്പറേഷൻവഴി ഭിന്നശേഷിക്കാർക്ക് അനുവദിച്ചിട്ടുള്ള സഹായ ഉപകരണങ്ങളുടെ

വിശദാംശം നൽകാമോ; സഹായ ഉപകരണങ്ങൾ ലഭിക്കുന്നതിനായി പാറശാല മണ്ഡലത്തിൽ നിന്നും എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; വിശദാംശം ലഭ്യമാക്കുമോ?

ഈ സർക്കാർ അധികാരമേറ്റശേഷം പാറശാല മണ്ഡലത്തിലെ 22 ഭിന്നശേഷിക്കാർക്ക് വിവിധ സഹായ ഉപകരണങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ കുറിക്കുന്നു.

ശ്രവണ സഹായി - 16

കൃത്രിമ കാൽ - 1

വീൽ ചെയർ - 5.

(ഡി) പാറശാല മണ്ഡലത്തിലെ പഞ്ചായത്തുകളിൽ വികലാംഗക്ഷേമ കോർപ്പറേഷൻ വഴി കൂടുതൽ സഹായ ഉപകരണ വിതരണ ക്യാമ്പുകൾ സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദവിവരങ്ങൾ നൽകുമോ?

എം.എൽ.എ.-യുടെ സഹകരണത്തോടെ ക്യാമ്പുകൾ സംഘടിപ്പിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

## ഭിന്നശേഷിക്കാർക്കായി പുനരധിവാസ വില്ലേജുകൾ

164(3524) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭിന്നശേഷിക്കാരുടെ സമഗ്രപുനരധിവാസത്തിനായി അന്താരാഷ്ട്ര നിലവാരത്തിൽ മൂന്ന് പുനരധിവാസ വില്ലേജുകൾ സ്ഥാപിക്കുമെന്ന ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിലെ പ്രഖ്യാപനത്തിന്റെ തുടർനടപടികൾ ആരംഭിച്ചിട്ടുണ്ടോ;

(ബി) പുനരധിവാസ വില്ലേജുകളെ തെരഞ്ഞെടുക്കുന്ന മാനദണ്ഡം വ്യക്തമാക്കാമോ?

(എ & ബി) പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. പുനരധിവാസ വില്ലേജുകളെ തെരഞ്ഞെടുക്കുന്ന മാനദണ്ഡങ്ങൾ ഉൾപ്പെടെയുള്ള വിശദമായ പ്രോജക്ട് പ്രൊപ്പോസൽ തയ്യാറാക്കുന്നതിനും ഉചിതമായ സ്ഥലം കണ്ടെത്തുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ഭിന്നശേഷിക്കാർക്ക് ഇലക്ട്രോണിക് മുച്ചക്ര വാഹനം

165(3525) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭിന്നശേഷിക്കാർക്ക് മുച്ചക്ര വാഹനം അനുവദിക്കുന്ന പദ്ധതിയെക്കുറിച്ച് വിശദമാക്കാമോ?

സാമൂഹ്യനീതി വകുപ്പിനുകീഴിൽ കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ മുഖേന 18 വയസ്സിനുമുകളിൽ പ്രായമുള്ള ഭിന്നശേഷിക്കാർക്ക് മുച്ചക്ര വാഹനം അനുവദിച്ചുവരുന്നു. ആയതിന് നിശ്ചിത മാതൃകയിലുള്ള അപേക്ഷാഫോറം പൂരിപ്പിച്ച് അപേക്ഷയോടൊപ്പം വരുമാന സർട്ടിഫിക്കറ്റ്, ഡ്രൈവിംഗ് ലൈസൻസിന്റെ കോപ്പി, റേഷൻ കാർഡിന്റെ 1, 2 പേജുകളുടെ കോപ്പി, ആധാർ കാർഡിന്റെ കോപ്പി, മുച്ചക്ര വാഹനം തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിന്ന് 8 വർഷത്തിനകം ലഭിച്ചിട്ടില്ലെന്ന് ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ സർട്ടിഫിക്കറ്റ്, വിദ്യാർത്ഥിയാണെങ്കിൽ പഠിക്കുന്ന സ്ഥാപനത്തിൽ നിന്നുള്ള സർട്ടിഫിക്കറ്റ്, രണ്ട് പാസ്പോർട്ട് സൈസ് ഫോട്ടോ എന്നിവ കൂടി

ഹാജരാക്കേണ്ടതാണ്. അപേക്ഷാഫോറം www.hpwc.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഇലക്ട്രോണിക് മുച്ചക്ര വാഹനം അനുവദിക്കുന്നതിനായി ശ്രീ. വൈശാഖൻ പി., പുതുക്കുടി ഹൗസ്, മയ്യന്നൂർ പി.ഒ. സമർപ്പിച്ച അപേക്ഷയുടെ നിലവിലെ അവസ്ഥ അറിയിക്കുമോ?

ഇലക്ട്രോണിക് മുച്ചക്ര വാഹനം അനുവദിക്കുന്നതിനുള്ള ശ്രീ. വൈശാഖൻ പി., പുതുക്കുടി ഹൗസ്, മയ്യന്നൂർ പി.ഒ.-ന്റെ അപേക്ഷ നേരിട്ടോ, സാമൂഹ്യനീതി വകുപ്പിനുകീഴിലെ കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷനിലോ ലഭിച്ചിട്ടില്ല.

## കാഞ്ഞിരപ്പള്ളി മണ്ഡലത്തിലെ ആശ്വാസകിരണം പദ്ധതി

166(3526) ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആശ്വാസകിരണം പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ; പ്രസ്തുത പദ്ധതിയുടെ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുവേണ്ടി അപേക്ഷിക്കേണ്ടവിധം അറിയിക്കാമോ; അർഹതാ മാനദണ്ഡം വിശദമാക്കാമോ?

തീവ്രമായ ശാരീരിക/മാനസിക വെല്ലുവിളി നേരിടുന്നവരെയും, 100 ശതമാനം അന്ധത ബാധിച്ചവരെയും, ബുദ്ധിമാന്ദ്യം, ഓട്ടിസം, സെറിബ്രൽ പാൾസി എന്നീ രോഗങ്ങൾ ബാധിച്ചവരെയും പ്രായാധിക്യം കൊണ്ടും കാൻസർ മുതലായ പലവിധ രോഗങ്ങളാലും കിടപ്പിലാവുകയും ദൈനംദിന കാര്യങ്ങൾക്ക് പരസഹായം ആവശ്യമാവുകയും ചെയ്യുന്ന അവസ്ഥയിലുള്ള ആളുകളെയും അവരുടെ പരിചാരകരെയും ഉൾപ്പെടുത്തി പരിചരിക്കുന്ന ഒരാൾക്ക് പ്രതിമാസം 600/- രൂപ നിരക്കിൽ ധനസഹായം അനുവദിക്കുന്ന പദ്ധതിയാണ് ആശ്വാസകിരണം. ടി പദ്ധതി 2010-ലാണ് ആരംഭിച്ചത്.

അപേക്ഷകൾ വനിതാ ശിശുവികസന വകുപ്പിലെ സി.ഡി.പി.ഒ., സൂപ്പർവൈസർമാർ, അങ്കണവാടി വർക്കർമാർ എന്നിവരിൽ നിന്നും, സാമൂഹ്യ സുരക്ഷാ മിഷന്റെ വെബ്സൈറ്റ്/ഓഫീസിൽ നിന്നും ലഭ്യമാണ്. പൂരിപ്പിച്ച അപേക്ഷകൾ സമീപമുള്ള അങ്കണവാടികളിലോ/ശിശുവികസന ഓഫീസിലോ നൽകാവുന്നതാണ്. മാനദണ്ഡങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത പദ്ധതിയുടെ കീഴിൽ 2018-2022 കാലയളവിൽ കാഞ്ഞിരപ്പള്ളി മണ്ഡലത്തിൽ നിന്ന് ലഭിച്ചിട്ടുള്ള അപേക്ഷകളുടെ വിവരം അറിയിക്കുമോ;

(സി) ഇതിൽ എത്രയെണ്ണം തീർപ്പുകല്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; ബാക്കിയുള്ളവയ്ക്ക് തടസ്സങ്ങളുണ്ടെങ്കിൽ അറിയിക്കാമോ; അവ എന്നത്തേയ്ക്ക് തീർപ്പുകല്പിക്കാനാകുമെന്ന് അറിയിക്കാമോ?

(ബി& സി) 1-10-2012-ലെ സ.ഉ.(എം.എസ്)നം.60/2012/സാക്ഷേവ. പ്രകാരം 'ആശ്വാസകിരണം' പദ്ധതിയുടെ ആനുകൂല്യം ലഭിച്ചുകൊണ്ടിരുന്ന ശയ്യാവലംബർ, ബുദ്ധിമാന്ദ്യം, ഓട്ടിസം, സെറിബ്രൽ പാൾസി, മാനസിക വൈകല്യമുള്ളവർ, മാനസികരോഗികൾ, എന്നിവയ്ക്കുപുറമെ 100 ശതമാനം അന്ധത ബാധിച്ചവരെയും, പ്രായാധിക്യം കൊണ്ടും കാൻസർ മുതലായ പലവിധ ഗുരുതരമായ രോഗങ്ങളാലും കിടപ്പിലായവരെയും ദൈനംദിന കാര്യങ്ങൾക്ക് പരസഹായം ആവശ്യമാവുകയും ചെയ്യുന്ന അവസ്ഥയിലുള്ള മുഴുവൻ ആളുകളുടെ പരിചാരകരെയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തി ഉത്തരവായി. തന്മൂലം ടി പദ്ധതിയിലെ അപേക്ഷകളുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുകയും ബഡ്ജറ്റ് വിഹിതത്തിനേക്കാൾ കൂടുതൽ തുക പദ്ധതിക്കാവശ്യമായി വരുന്ന സാഹചര്യം സംജാതമാകുകയും ചെയ്തു.

ആയതിനാൽ 2018 മാർച്ച് മാസം വരെ ലഭിച്ച അപേക്ഷകളിന്മേലാണ് തീർപ്പുകൽപ്പിച്ചിട്ടുള്ളത്. 2018 ഏപ്രിൽ മുതലുള്ള അപേക്ഷകളിൽ തീർപ്പുകല്പിക്കാൻ സാധിച്ചിട്ടില്ല. നിയമസഭാ മണ്ഡലങ്ങൾ അടിസ്ഥാനപ്പെടുത്തി അപേക്ഷകരുടെ വിവരങ്ങൾ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ലാത്തതാണ്. ആയതിനാൽ 2018-2022 കാലയളവിൽ കാഞ്ഞിരപ്പള്ളി മണ്ഡലത്തിൽ നിന്നുമാത്രമായി ലഭിച്ച അപേക്ഷകൾ തിട്ടപ്പെടുത്തിയിട്ടില്ലാത്തതാണ്. അപേക്ഷകരുടെ എണ്ണം വർഷംതോറും ക്രമാതീതമായി വർദ്ധിക്കുന്നതുമൂലം ബഡ്ജറ്റ് വിഹിതത്തിനുപുറമേ അധിക ധനവിനിയോഗം ആവശ്യമായി വരുന്നുണ്ട്. അധികതുക ലഭ്യമാക്കുന്നതിനായി നടപടി സ്വീകരിച്ചുവരുന്നു.

## വിധവാ പെൻഷൻ

167(3527) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിധവാ പെൻഷൻ അനുവദിക്കുന്നതിന് പ്രായപരിധി നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രയെന്ന് അറിയിക്കാമോ; അമ്പത് വയസ്സ് കഴിഞ്ഞവർക്ക് മാത്രമെ വിധവാ പെൻഷന് അർഹതയുള്ളുവെന്ന

ഉത്തരവുകളോ സർക്കുലറുകളോ നിലവിലുണ്ടോ; എങ്കിൽ പകർപ്പ് അനുവദിക്കാമോ?

വിധവാ പെൻഷന് പൊതുവായി പ്രായപരിധി നിശ്ചയിച്ചിട്ടില്ല. ഭർത്താവ് മരണപ്പെടുകയോ 7 വർഷത്തിലധികമായി ഭർത്താവിനെ കാണാൻ ഇല്ലാത്തതോ ആയവർക്കുമാത്രമേ വിധവാ പെൻഷൻ ലഭിക്കുവാൻ അർഹതയുള്ളൂ. കൂടാതെ ഭർത്താവ് ഉപേക്ഷിച്ച് 7 വർഷം കഴിഞ്ഞതും (deserted) പുനർവിവാഹിതരായിട്ടില്ലാത്തവരുമായ 50 വയസ്സുകഴിഞ്ഞ സ്ത്രീകൾക്ക് മാനദണ്ഡങ്ങൾപ്രകാരം അർഹതയുള്ളപക്ഷം മേൽവിവരങ്ങൾ ഉൾക്കൊള്ളിച്ച് വില്ലേജാഫീസർ നൽകുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ വിധവാ പെൻഷൻ ലഭിക്കുവാൻ അർഹതയുണ്ട്. ഇതുസംബന്ധിച്ച് 23-09-2020-ലെ സ.ഉ(എം.എസ്)നം.97/2020/ധന നമ്പരായി പുറപ്പെടുവിച്ച ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+

(ബി) സംസ്ഥാനത്ത് അമ്പത് വയസ്സിനുതാഴെ പ്രായമുള്ള വിധവകൾക്ക് വർഷങ്ങളായി ലഭിച്ചുകൊണ്ടിരുന്ന സാമൂഹ്യസുരക്ഷാ പെൻഷൻ നിർത്തലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ കാരണങ്ങളും വിശദാംശവും ഉത്തരവിന്റെ പകർപ്പും നൽകുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തീരുമാനിച്ചിട്ടില്ല. മാനദണ്ഡങ്ങൾപ്രകാരം അർഹതയുള്ള വിധവകൾക്കെല്ലാം പെൻഷൻ അനുവദിക്കുന്നുണ്ട്.

(സി) 2016 മുതൽ നാളിതുവരെ സംസ്ഥാനത്ത് ഓരോവർഷവും എത്രപേർക്കാണ് വിധവാപെൻഷൻ നൽകിവരുന്നതെന്നുള്ള വിവരം വർഷം തിരിച്ച് ലഭ്യമാക്കാമോ; ഇതിൽ വിധവാപെൻഷന് അനർഹരായവരെന്ന് കണ്ടെത്തിയവരുടെ എണ്ണവും ആയതിന്റെ കാരണങ്ങളും ഉൾപ്പെടെയുള്ള വിവരങ്ങൾ വർഷം തിരിച്ച് ലഭ്യമാക്കാമോ?

2016 മുതൽ വിധവാപെൻഷൻ അനുവദിച്ചതിന്റെയും വിധവാപെൻഷന് അനർഹരായവരെന്ന് കണ്ടെത്തിയവരുടെയും വിശദവിവരം അനുബന്ധമായി ഇതോടൊപ്പം ചേർക്കുന്നു.+

(ഡി) അമ്പത് വയസ്സ് പൂർത്തിയായിട്ടില്ലാത്തതും ഭർത്താവ് മരണപ്പെടുകയോ, ഭർത്താവ് ഉപേക്ഷിച്ച് ഏഴ് വർഷത്തിലധികമാകുകയോ, ഭർത്താവിനെ കാണാതാകുകയോ ആയ സ്ത്രീ പുനർവിവാഹം ചെയ്തിട്ടില്ലെന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് സമർപ്പിച്ചാൽ വിധവാപെൻഷന് അർഹതയുണ്ടോ എന്നറിയിക്കുമോ?

ഭർത്താവ് മരണപ്പെടുകയോ ഭർത്താവിനെ 7 വർഷത്തിലധികമായി കാണാൻ ഇല്ലാത്തതോ ആയവർക്ക് മാത്രമെ വിധവാ പെൻഷൻ ലഭിയ്ക്കുവാൻ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അർഹതയുള്ളൂ. കൂടാതെ ഭർത്താവ് ഉപേക്ഷിച്ച് 7 വർഷം കഴിഞ്ഞതും (deserted) പുനർവിവാഹിതരായിട്ടില്ലാത്തവരുമായ 50 വയസ്സുകഴിഞ്ഞ സ്ത്രീകൾക്ക് മറ്റ് മാനദണ്ഡപ്രകാരം അർഹതയുള്ളപക്ഷം മേൽവിവരങ്ങൾ ഉൾക്കൊള്ളിച്ച് വില്ലേജാഫീസർ നൽകുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ വിധവാപെൻഷൻ ലഭിക്കുവാൻ അർഹതയുണ്ട്. എന്നാൽ 50 വയസ്സ് പൂർത്തിയായിട്ടില്ലാത്ത, ഭർത്താവ് ഉപേക്ഷിച്ച് 7 വർഷത്തിലധികമായ സ്ത്രീകൾക്ക് പെൻഷന് അർഹതയില്ല.

## കാവൽ പദ്ധതി

168(3528) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബാലവേല നിയന്ത്രിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിരിക്കുന്നതെന്ന് വിശദമാക്കുമോ?

ബാലവേല നിയന്ത്രിക്കുന്നതിന് സംസ്ഥാനത്ത് വനിത-ശിശു വികസന വകുപ്പിന്റെ സംയോജിത ശിശു സംരക്ഷണ പദ്ധതി മുഖേന 'ശരണബാല്യം' പദ്ധതി നടപ്പിലാക്കിവരുന്നു.

(ബി) ബാലവേല സംബന്ധിച്ച വിവരം നൽകുന്നവർക്കായി എന്തെങ്കിലും പ്രത്യേക പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ പുരോഗതി വ്യക്തമാക്കുമോ?

ബാലവേല സംബന്ധിച്ച വിവരം നൽകുന്നയാളിന് 2500/- രൂപ ഇൻസെന്റീവ് നൽകുന്നതിന് സർക്കാർ ഉത്തരവാകുകയും ആയതുപ്രകാരം ബാലവേലയുമായി ബന്ധപ്പെട്ട വിവരങ്ങൾ, പൊതുജനങ്ങൾക്ക് ജില്ലാ ശിശു സംരക്ഷണ യൂണിറ്റുകളെ അറിയിക്കാവുന്നതും ജില്ലാ ശിശു സംരക്ഷണ ഓഫീസറുടെ നേതൃത്വത്തിൽ അന്വേഷണം നടത്തി സത്യസന്ധമാണെന്ന് ബോധ്യപ്പെടുന്നപക്ഷം ടി വിവരം അറിയിച്ച വ്യക്തിക്ക് ഇൻസെന്റീവ് നൽകുന്നതാണ്. ഈ പദ്ധതിയുടെ പ്രചരണാർത്ഥവും, ബാലവേല കണ്ടെത്തുന്നതിനായും ആയത് തടയുന്നതിനായും പൊതുജനങ്ങൾക്ക് അവബോധം നൽകുന്നതിനായി വാഹന പ്രചരണ ജാഥകളും യോഗങ്ങളും സംഘടിപ്പിച്ചുവരുന്നു.

(സി) കാവൽ പദ്ധതിയുടെ നിലവിലെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

എല്ലാ ആറുമാസം കൂടുമ്പോഴും വനിത-ശിശു വികസന വകുപ്പ് ഡയറക്ടറുടെ നേതൃത്വത്തിൽ കാവൽ പദ്ധതിയുടെ പ്രവർത്തനപുരോഗതി

വിലയിരുത്താറുണ്ട്. കൂടാതെ ജില്ലാതലത്തിൽ പ്രതിമാസം ജില്ലാ ശിശു സംരക്ഷണ ഓഫീസറുടെ നേതൃത്വത്തിൽ പദ്ധതി അവലോകനയോഗങ്ങൾ നടത്തിവരുന്നു. കാവൽ പദ്ധതിയുടെ ഭാഗമായി 28 സന്നദ്ധസംഘടനകളുടെ കീഴിൽ 2235 കുട്ടികൾക്ക് നിലവിൽ സേവനം നൽകിവരുന്നു.

(ഡി) ബാലവേലയ്ക്കായി നിയോഗിക്കപ്പെട്ട അന്യസംസ്ഥാനക്കാരുടെ പുനരധിവാസ പ്രവർത്തനങ്ങൾക്കായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

ബാലവേലയിൽ ഏർപ്പെടുന്ന ഇതര സംസ്ഥാനക്കാരായ കുട്ടികളെ ജില്ലാ ശിശു സംരക്ഷണ ഓഫീസറുടെ നേതൃത്വത്തിൽ ഡ്രൈവുകൾ സംഘടിപ്പിച്ച് റെസ്ക്യൂ ചെയ്യുകയും കുട്ടികളെ ചൈൽഡ് വെൽഫെയർ കമ്മിറ്റിക്ക് മുമ്പിൽ ഹാജരാക്കി പുനരധിവാസം ഉറപ്പാക്കുകയും ചെയ്യുന്നു. ഇതര സംസ്ഥാനത്ത് നിന്നുള്ള കുട്ടികളാണെങ്കിൽ ജില്ലാ ശിശു സംരക്ഷണ യൂണിറ്റിന്റെ നേതൃത്വത്തിൽ അവരുടെ സ്വദേശത്തേയ്ക്ക് റിപാട്രിയേറ്റ് ചെയ്യുന്നു. ഏതെങ്കിലും സാഹചര്യത്തിൽ കുട്ടികളുടെ മാതാപിതാക്കളെ കണ്ടെത്തി പുനരധിവസിപ്പിക്കുന്നത് താമസിക്കുകയാണെങ്കിൽ അതുവരെ കുട്ടികളെ ചൈൽഡ് വെൽഫെയർ കമ്മിറ്റിയുടെ ഉത്തരവുപ്രകാരം ശിശു സംരക്ഷണ സ്ഥാപനങ്ങളിൽ പാർപ്പിച്ച് സംരക്ഷണവും വിദ്യാഭ്യാസവും

നൽകിവരുന്നു. ബാലവേലയിൽ ഏർപ്പെടുന്ന കുട്ടികളെ കണ്ടെത്തുന്നതിനും പുനരധിവാസം ഉറപ്പാക്കുന്നതിനുമായി വിവിധ വകുപ്പുകളുടെ സഹകരണത്തോടെ ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ജില്ലാ ടാസ്ക് ഫോഴ്സുകൾ രൂപീകരിച്ച് പ്രവർത്തിക്കുന്നുണ്ട്.

## ആലപ്പുഴ മണ്ഡലത്തിലെ ചികിത്സാ സഹായം

169(3529) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആലപ്പുഴ മണ്ഡലത്തിൽ നിന്നും ചികിത്സാ സഹായത്തിനായി സാമൂഹ്യ സുരക്ഷ മിഷനിലേയ്ക്ക് ലഭിച്ച അപേക്ഷകളുടെ വിശദവിവരം ലഭ്യമാക്കാമോ?

ആലപ്പുഴ മണ്ഡലത്തിൽനിന്നും ചികിത്സാ സഹായത്തിനായി സാമൂഹ്യ സുരക്ഷാ മിഷനിലേയ്ക്ക് ലഭിച്ച അപേക്ഷകളുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു.+

(ബി) എത്ര രൂപയാണ് അപേക്ഷകർക്ക് നൽകിയതെന്നും ഏതെല്ലാം സഹായമാണ് ലഭ്യമാക്കിയതെന്നും അറിയിക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഓരോ പദ്ധതിപ്രകാരം എത്രത്തുകയാണ് അപേക്ഷകർക്ക് നൽകിയതെന്നും ഏതെല്ലാം സഹായമാണ് ലഭ്യമാക്കിയതെന്നുമുള്ള വിവരം അനുബന്ധമായി ചേർക്കുന്നു.+

(സി) ലഭ്യമായ അപേക്ഷകളിൽ ഇനിയും തീർപ്പുകൽപ്പിക്കാനുള്ളവയുണ്ടെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ?

ലഭ്യമായ അപേക്ഷകളിൽ ഇനിയും തീർപ്പുകൽപ്പിക്കാനുള്ളവ സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

<u>കോവളം മണ്ഡലത്തിൽ സാമൂഹ്യനീതി വകുപ്പ് പദ്ധതികൾ</u>

170(3530) <u>ശ്രീ. എം. വിൻസെന്റ്</u>: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മുൻസർക്കാരിന്റെ കാലം മുതൽ നാളിതുവരെ കോവളം മണ്ഡലത്തിൽ സാമൂഹ്യനീതി വകുപ്പുമുഖേന അനുവദിച്ചിട്ടുള്ള പദ്ധതികൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ; വിശദാംശം വ്യക്തമാക്കുമോ?

സാമൂഹ്യനീതി വകുപ്പിന്റെ പദ്ധതികളും പ്രവർത്തനങ്ങളും നിയോജക മണ്ഡലാടിസ്ഥാനത്തിൽ നടപ്പിലാക്കുന്നവയല്ല. എല്ലാ പദ്ധതികളും ജില്ലാ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തലത്തിൽ നടപ്പിലാക്കുന്നവയാണ്. മുൻസർക്കാരിന്റെ കാലം മുതൽ നാളിതുവരെ പ്രത്യേക പദ്ധതികളൊന്നുംതന്നെ സാമൂഹ്യനീതി വകുപ്പ് നേരിട്ട് കോവളം നിയോജകമണ്ഡലത്തിൽ മാത്രമായി നടപ്പിലാക്കിയിട്ടില്ല. എന്നാൽ ഭിന്നശേഷിക്കാർ, വയോജനങ്ങൾ, ട്രാൻസ്ജെൻഡർ വ്യക്തികൾ, പ്രൊബേഷൻ ആൻഡ് ആഫ്റ്റർ കെയർ സംവിധാനം, മറ്റു ദുർബല ജനവിഭാഗങ്ങൾ എന്നിവരുടെ ഉന്നമനത്തിനായി സാമൂഹ്യനീതി വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന വ്യക്തിഗത ഗുണഭോക്തൃ പദ്ധതികളുടെ ആനുകൂല്യങ്ങൾ കോവളം നിയോജകമണ്ഡലം ഉൾപ്പെടെ സംസ്ഥാനത്തെ എല്ലാ നിയോജകമണ്ഡലങ്ങളിലും നടപ്പിലാക്കിവരുന്നു. കോവളം നിയോജകമണ്ഡലമുൾപ്പെടെ സംസ്ഥാനമൊട്ടാകെ കേരള സോഷ്യൽ സെക്യൂരിറ്റി മിഷനും സ്റ്റേറ്റ് ഇനിഷ്യേറ്റീവ്സ് ഓൺ ഡിസെബിലിറ്റീസും മുഖേന നടപ്പാക്കിവരുന്ന പദ്ധതികളുടെ വിശദാംശം അനുബന്ധമായി+ ചേർക്കുന്നു.

## സ്മാർട്ട് അങ്കണവാടി പദ്ധതി

171(3531) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ എല്ലാ അങ്കണവാടികളും സ്മാർട്ടാക്കുന്നതിന് പദ്ധതി

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ആവിഷ്ക്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ?

സംസ്ഥാനത്ത് വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നതും കെട്ടിടം നിർമ്മിക്കുന്നതിന് അനുയോജ്യമായ സ്ഥലം ലഭ്യമായിട്ടുള്ളതുമായ അങ്കണവാടികൾക്ക് സ്മാർട്ട് അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്.

സംസ്ഥാനത്ത് നിർമ്മിക്കുവാനുദ്ദേശിക്കുന്ന അങ്കണവാടികൾക്ക് ഒരു ഏകീകൃത മോഡൽ വേണമെന്ന സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 2019-20-ൽ സ്മാർട്ട് അങ്കണവാടി കെട്ടിട നിർമ്മാണ പദ്ധതി ആരംഭിക്കുകയുണ്ടായി. ടി പദ്ധതി പ്രകാരം കെട്ടിട നിർമ്മാണത്തിനായി ലഭ്യമാകുന്ന സ്ഥലത്തിന്റെ വിസ്തൃതിയ്ക്ക് (10, 7.5, 5, 3, 3 (slopping terrain), 1.25 cent) അനുസരിച്ച് 6 വ്യത്യസ്ത പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കിയിട്ടുണ്ട്. പഠനമുറി, വിശ്രമമുറി, ഭക്ഷണമുറി, അടുക്കള, സ്റ്റോർ റൂം, ഇൻഡോർ ഔട്ട്ഡോർ പ്ലേ ഏരിയ, വിവിധ ആവശ്യങ്ങൾക്കായി ഉപയോഗിക്കാനാകുന്ന ഹാൾ, പൂന്തോട്ടം തുടങ്ങിയ എല്ലാവിധ സൗകര്യങ്ങളും ഉറപ്പുവരുത്തിയാണ് സ്മാർട്ട് അങ്കണവാടി രൂപകല്പന ചെയ്തിട്ടുള്ളത്. കുട്ടികൾക്കായി പ്രീ-സ്കൂൾ ആക്ടിവിറ്റി

മെറ്റീരിയൽസ്, സ്മാർട്ട് ടി. വി, മ്യൂസിക് സിസ്റ്റം, ന്യൂട്രിഗാർഡൻ, കുട്ടികൾ വീഴുമ്പോൾ പരിക്ക് പറ്റാതിരിക്കാൻ ക്ലാസ് റൂമിനുള്ളിൽ സോഫ്റ്റ് മാറ്റ്, ഔട്ട്ഡോർ പ്ലേ ഏര്യയിൽ ഗ്രാസ്സ്മാറ്റ്, ചുമർ ചിത്രങ്ങൾ അഡോളസെന്റ് കുട്ടികൾക്കായി ലൈബ്രറി, മാനസിക ശാരീരിക വികാസത്തിനായി ആവശ്യമായ സജ്ജീകരണങ്ങൾ എന്നിവ സ്മാർട്ട് അങ്കണവാടികളിൽ ഒരുക്കിയിട്ടുണ്ട്. ടി പദ്ധതി പ്രകാരം കെട്ടിട നിർമ്മാണത്തിനായി ലഭ്യമാകുന്ന സ്ഥലത്തിന്റെ വിസ്തൃതിക്കാനുപാതികമായി ഒരു നിശ്ചിത തുക വകുപ്പ് വിഹിതമായും ബാക്കി തുക ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ വിഹിതമായും കണ്ടെത്തുന്നതിനാണ് പദ്ധതി വിഭാവനം ചെയ്യുന്നത്.

## അങ്കണവാടികളെ ശിശുസൗഹൃദമാക്കുന്നതിന് നടപടി

172 (3532) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അങ്കണവാടികളിൽ ബാലനീതിനിയമം അനുശാസിക്കുംപ്രകാരമുള്ള ഭൗതികസാഹചര്യങ്ങൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ കുട്ടികൾക്ക് കളിക്കാനും പ്രകൃതിയെ നിരീക്ഷിക്കുന്നതിനും കഴിയുന്ന തരത്തിൽ ഇവയെ സജ്ജമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ബാലനീതി നിയമപ്രകാരം അങ്കണവാടികളുടെ ഭൗതിക സാഹചര്യങ്ങൾ സംബന്ധിച്ച പരാമർശമുള്ളതായി കാണുന്നില്ല. കേന്ദ്ര സർക്കാരിന്റെ മാനദണ്ഡപ്രകാരമുള്ള സംയോജിത ശിശു വികസന സേവന പദ്ധതി അങ്കണവാടി സേവനങ്ങൾ വഴി അങ്കണവാടികളിൽ അനുപൂരക പോഷകാഹാര പദ്ധതി, പ്രീ-സ്കൂൾ വിദ്യാഭ്യാസം, ന്യൂട്രീഷ്യൻ ആൻഡ് ഹെൽത്ത് എഡ്യൂക്കേഷൻ, രോഗപ്രതിരോധ കുത്തിവയ്പുകൾ, ആരോഗ്യ പരിശോധന, റഫറൽ എന്നീ സേവനങ്ങളാണ് നൽകിവരുന്നത്. 3 മുതൽ 6 വയസ്സുവരെയുള്ള കുട്ടികൾക്ക് പ്രീ-സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഭാഗമായി അങ്കണവാടികളിൽ വിവിധ ശേഷികളുടെ വികാസത്തിനുതകുന്ന കളികൾ കളിക്കുന്നതിനും പ്രകൃതിയെ നിരീക്ഷിക്കുന്നതിനുമുൾപ്പെടെയുള്ള സൗകര്യങ്ങളും, സ്ഥലലഭ്യതയനുസരിച്ച് ഇൻഡോർ, ഔട്ട്ഡോർ കളിസ്ഥലങ്ങൾ, കളിക്കോപ്പുകൾ, മറ്റ് ഭൗതിക സാഹചര്യങ്ങൾ എന്നിവയും വകുപ്പുവഴി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ലഭ്യമാക്കിവരുന്നു.

(ബി) സംസ്ഥാനത്തെ മുഴുവൻ അങ്കണവാടികളെയും ശിശുസൗഹൃദ അങ്കണവാടികളാക്കി മാറ്റുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

വനിത-ശിശു വികസന വകുപ്പിനുകീഴിൽ സംസ്ഥാനത്താകെ 33115 അങ്കണവാടികൾ പ്രവർത്തിക്കുന്നുണ്ട്. ഈ അങ്കണവാടികളിലെ കുട്ടികളുടെ വികസനം മുൻനിർത്തി അങ്കണവാടികളെ ശിശുസൗഹൃദ ശിശുപരിപോഷണ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനായി അങ്കണവാടികളുടെ നവീകരണം നടത്തി ഇവ ഉറപ്പുവരുത്തുന്നതിന് വകുപ്പ് മുഖേനയും അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയും എല്ലാവർഷവും തുക അനുവദിച്ചുവരുന്നു. (അങ്കണവാടികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ സ്ഥാപനങ്ങളാണ്.)

ആയതിന്റെ ഭാഗമായി നടപ്പുസാമ്പത്തിക വർഷം ഒരു ലക്ഷം രൂപ നിരക്കിൽ 100 അങ്കണവാടികൾ നവീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ഒരു ലക്ഷം രൂപ മുതൽ പത്ത് ലക്ഷം രൂപ വരെ വിനിയോഗിച്ച് ശോച്യാവസ്ഥയിലുള്ള 25 അങ്കണവാടികൾ നവീകരിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നു. സ്ഥലത്തിന്റെ ലഭ്യതയ്ക്കനുസരിച്ച് സംസ്ഥാനത്തെ അങ്കണവാടികൾ ശിശു സൗഹൃദമാക്കുന്നതിന് ഭൗതികസാഹചര്യങ്ങൾ പരിഷ്കരിച്ച് കുട്ടികളുടെ ശാരീരികവും മാനസികവും ബുദ്ധിവികാസവും ലക്ഷ്യമിട്ട് സ്മാർട്ട് അങ്കണവാടി കെട്ടിടനിർമ്മാണ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

നിലവിൽ വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്നതും സ്വന്തമായി സ്ഥലം ലഭ്യമായിട്ടുള്ളതുമായ അങ്കണവാടികൾക്ക് സ്മാർട്ട് അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിനായി വകുപ്പ് വിഹിതത്തിനുപുറമെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതം കൂടി വകയിരുത്തി ഭരണസമിതി തീരുമാനം ലഭ്യമാകുന്നമുറയ്ക്ക് സർക്കാർ അനുമതിക്ക് വിധേയമായി ഘട്ടംഘട്ടമായി കെട്ടിടനിർമ്മാണാനുമതി നൽകുന്നതാണ്. നിലവിൽ 204 അങ്കണവാടികളെ സ്മാർട്ട് അങ്കണവാടി പദ്ധതിയിലുൾപ്പെടുത്തി കെട്ടിട നിർമ്മാണാനുമതി നൽകിയിട്ടുണ്ട്.

<u>ഭിന്നശേഷിക്കാരുടെ തൊഴിൽ സാദ്ധ്യത ഉറപ്പാക്കുന്നതിനുള്ള നടപടികൾ</u>

173(3533) <u>ശ്രീ. കെ. പി. മോഹനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭിന്നശേഷിക്കാരുടെ തൊഴിൽ സാദ്ധ്യത ഉറപ്പാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണ്?

വിവിധ ഉദ്യോഗദായകർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പിൽ അറിയിക്കുന്ന സ്ഥിരം/താൽക്കാലിക ഒഴിവുകളിൽ, യോഗ്യത, പ്രായം, സീനിയോറിറ്റി, സംവരണ തത്വങ്ങൾ മുതലായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ

ഭിന്നശേഷി ഉദ്യോഗാർത്ഥികളെ നാമനിർദ്ദേശം ചെയ്യുകയും ഇവർക്ക് നിയമനം ലഭ്യമാക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ തൊഴിൽരഹിതരായ ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികളുടെ തൊഴിൽ നൈപുണ്യ വികസനം, സാമൂഹിക ഉന്നമനം എന്നിവ ലക്ഷ്യമാക്കി എംപ്ലോയ്മെന്റ് വകുപ്പ് മുഖേന നൈപുണ്യ പരിശീലനം, മത്സരപരീക്ഷകൾക്ക് തയ്യാറെടുക്കുന്നതിനുള്ള പരിശീലന പരിപാടി, സ്വയം തൊഴിൽ വായ്പാ പദ്ധതി, വൊക്കേഷണൽ ആൻഡ് കരിയർ ഗൈഡൻസ് എന്നിങ്ങനെ നാല് ഘടകങ്ങളടങ്ങിയ 'കൈവല്യ' എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. സ്വയം തൊഴിൽ സംരംഭങ്ങൾക്കായി പലിശരഹിതവായ്പ 50,000/- രൂപ (അമ്പതിനായിരം) അനുവദിക്കുന്നു. വായ്പത്തുകയുടെ 50 ശതമാനം പരമാവധി 25,000/- (ഇരുപത്തയ്യായിരം) രൂപ വരെ സബ്സിഡിയായി അനുവദിക്കുന്നതാണ്. 2016-ലെ റൈറ്റ്സ് ഓഫ് പേഴ്സൺസ് വിത്ത് ഡിസെബിലിറ്റീസ് ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം പി.എസ്.സി., എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള നിയമനങ്ങളിൽ 4 ശതമാനം ഭിന്നശേഷി സംവരണം അനുവദിച്ച് 31-10-2019-ലെ സ.ഉ.(പി)നം. 12/2019/സാനീവ. പ്രകാരം ഉത്തരവായിട്ടുണ്ട്.

(ബി) ഭിന്നശേഷിക്കാരായ ജീവനക്കാർക്ക് നിലവിൽ ലഭിച്ചുകൊണ്ടിരിക്കുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണ്?

1. ഭിന്നശേഷിക്കാരായ സർക്കാർ ജീവനക്കാർക്ക് പ്രതിമാസം 1100/-രൂപ സ്പെഷ്യൽ അലവൻസ് ലഭിക്കുന്നതിനർഹതയുണ്ട്.
2. മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ഒരു കലണ്ടർ വർഷം പരമാവധി 15 ദിവസം ഒരുമിച്ചോ ഘട്ടംഘട്ടമായോ സ്പെഷ്യൽ കാഷ്വൽ ലീവ് ലഭിക്കുന്നതിനും അർഹതയുണ്ട്.
3. ഭിന്നശേഷിക്കാരായ ജീവനക്കാരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഈടാക്കുന്ന തൊഴിൽ നികുതിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്.
4. ആദായനികുതി നിയമം സെക്ഷൻ 80U പ്രകാരം ഭിന്നശേഷിക്കാർക്ക് 75,000/- രൂപയുടെ നികുതിയിളവ് അനുവദിച്ചിട്ടുണ്ട്. ഗുരുതരമായ ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് ഈ ഇളവ് 1,25,000/- രൂപയാണ്.
5. സർക്കാർ ജീവനക്കാരുടെ പൊതുസ്ഥലംമാറ്റത്തിൽ പ്രത്യേക പരിഗണന നൽകുന്ന വിഭാഗത്തിൽ ഭിന്നശേഷിക്കാരായ ജീവനക്കാരെ ഉൾപ്പെടുത്തിയിട്ടുണ്ട്.
6. ഭിന്നശേഷിക്കാരായ സർക്കാർ ജീവനക്കാർക്ക് സർക്കാർ ക്വാർട്ടേഴ്സ് ലഭിക്കുവാൻ രണ്ടാമത്തെ മുൻഗണന.
7. ഭിന്നശേഷിക്കാരായ ജീവനക്കാർക്ക് പ്രൊമോഷനുകൾ കഴിയുന്നതും അവരവരുടെ ജില്ലയിൽ തന്നെ നൽകണം.

(സി) 16-08-1999 മുതൽ 31-12-2003 വരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലിക നിയമനം ലഭിച്ച്, 18-05-2013-ലെ സ.ഉ.(പി)നമ്പർ 40/2013/സാമൂഹ്യനീതി വകുപ്പ് പ്രകാരം പുനർനിയമനം ലഭിച്ച് നിലവിൽ ജോലി ചെയ്യുന്ന ഭിന്നശേഷി ജീവനക്കാരുടെ എണ്ണവും

അവരുടെ വിവരങ്ങളുമടങ്ങിയ ലിസ്റ്റ് ലഭ്യമാക്കുമോ; ലിസ്റ്റ് ലഭ്യമാക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ?

ഇല്ല. വിശദവിവരം അനുബന്ധമായി ചേർക്കുന്നു.+

(ഡി) റൈറ്റ്സ് ഓഫ് പേഴ്സൺസ് വിത്ത് ഡിസെബിലിറ്റീസ് ആക്ട്, 2016, സബ്ജക്ട് കമ്മിറ്റി ശിപാർശ, സാമൂഹ്യനീതി ഡയറക്ടറുടെ ശിപാർശ എന്നിവ നിലനിൽക്കെ, പ്രസ്തുത ഉത്തരവുപ്രകാരം പുനർനിയമനം ലഭിച്ചവരുടെ നിയമനം റെഗുലറൈസ് ചെയ്യാനുള്ള നടപടി സ്വീകരിക്കുമോ; ആയതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ?

8-05-2013-ലെ സ.ഉ.(പി) നം. 40/2013/സാ.നീ.വ. പ്രകാരം സൃഷ്ടിച്ച സൂപ്പർന്യൂമററി തസ്തികകളിലുൾപ്പെടുത്തി പുനർനിയമനം ലഭിച്ച ഭിന്നശേഷി ജീവനക്കാരുടെ സേവനവേതന വ്യവസ്ഥകൾ സംബന്ധിച്ച ഹർജികൾ ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ പരിഗണനയിലാണ്.

(ഇ) പ്രസ്തുത ഉത്തരവുപ്രകാരം പുനർനിയമനം ലഭിച്ചവരുടെ നിയമനം റെഗുലറൈസ് ചെയ്യുന്നതുമായി ബന്ധപ്പെട്ട് എന്തെങ്കിലും കേസുകൾ നിലവിലുണ്ടോ?

ഉണ്ട്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എഫ്) പ്രസ്തുത നിയമനം റെഗുലറൈസ് ചെയ്യുന്നതുമായി ബന്ധപ്പെട്ട് കേസ് നൽകിയിട്ടുള്ളവരെ കേസിൽ വിധി വരുന്നതുവരെ മാറ്റിനിർത്തി, ശേഷിക്കുന്നവരുടെ നിയമനം റെഗുലറൈസ് ചെയ്യാനുള്ള നടപടി സ്വീകരിക്കുമോ;

(ജി) പ്രസ്തുത ജീവനക്കാരുടെ നിയമനം റെഗുലറൈസ് ചെയ്യുന്നതുമായി ബന്ധപ്പെട്ടൊരു കമ്മിറ്റിയെ നിയോഗിക്കാമോ; വിശദമാക്കുമോ?

(എഫ് & ജി) നിലവിൽ പരിഗണനയിലില്ല.

<u>ഭിന്നശേഷിക്കാർക്കുള്ള സഹായ ഉപകരണങ്ങൾക്ക് സബ്സിഡി നൽകുന്നതിന് നടപടി</u>

174(3534) <u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭിന്നശേഷിക്കാർക്ക് ആധുനിക ഭിന്നശേഷി സഹായ ഉപകരണങ്ങൾ കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കുന്നതിന് പ്രത്യേക ഷോറൂമുകൾ അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകാമോ?

ഭിന്നശേഷിക്കാർക്ക് ആധുനിക ഭിന്നശേഷി സഹായ ഉപകരണങ്ങൾ കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കുന്നതിനുള്ള ഷോറൂം എന്ന പദ്ധതി 2021-22 സാമ്പത്തികവർഷത്തെ വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ പരിഗണിക്കുകയും പ്രസ്തുത യോഗത്തിന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തിന്റെ 2021-22 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനയിൽ കേരള സംസ്ഥാന ഭിന്നശേഷി കോർപ്പറേഷനായി '4235-02-190-99-P' എന്ന ശീർഷകത്തിൽ വകയിരുത്തിയിരുന്ന തുകയിൽ നിന്നും 68 ലക്ഷം രൂപ പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി വിനിയോഗിക്കുന്നതിന് ടി കോർപ്പറേഷന് ഭരണാനുമതി നൽകികൊണ്ട് 16-08-2021-ൽ സ.ഉ(സാധാ)നം.563/2021/സാനീവ. പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഷോറൂം പദ്ധതിയുടെ നിർമ്മാണോദ്ഘാടനം 09-09-2021-ൽ ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി നിർവ്വഹിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത ഉപകരണങ്ങൾ സബ്സിഡി നിരക്കിൽ നൽകുന്ന ഷോറൂമുകൾ ഭാവിയിൽ എല്ലാ ജില്ലകളിലും അനുവദിക്കാൻ തീരുമാനിച്ചിട്ടുണ്ടോ?

അതിന്റെ പ്രായോഗികത പരിശോധിച്ചുവരുന്നു.

(സി) പ്രസ്തുത ഷോറൂമുകൾവഴി സഹായ ഉപകരണങ്ങൾ എത്ര ശതമാനം വിലക്കുറവിൽ ലഭ്യമാക്കാനാണുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

വിപണി വിലയെക്കാൾ കുറഞ്ഞ നിരക്കിൽ ആധുനിക സഹായ ഉപകരണങ്ങൾ ലഭ്യമാക്കാനാണുദ്ദേശിക്കുന്നത്.

ഭിന്നശേഷിക്കാർക്കായുള്ള പദ്ധതികൾ

175(3535) ഡോ. എൻ. ജയരാജ്:

ശ്രീ. ജോബ് മൈക്കിൾ:

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:

ശ്രീ. പ്രമോദ് നാരായൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭിന്നശേഷിക്കാർക്കായി എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിവരുന്നതെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവരെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്കെത്തിക്കുന്നതിനായി സാമൂഹ്യനീതി ഡയറക്ടറേറ്റ്, കേരള സാമൂഹ്യസുരക്ഷാ മിഷൻ, കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് & ഹിയറിംഗ്,

നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ & റീഹാബിലിറ്റേഷൻ, എംപ്ലോയ്മെന്റ് ഡയറക്ടറേറ്റ്, പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ് എന്നിവ മുഖേന പദ്ധതികൾ നടപ്പിലാക്കിവരുന്നു. സാമൂഹ്യനീതി ഡയറക്ടറേറ്റ് മുഖേന നടപ്പിലാക്കിവരുന്ന പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു.+

ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവർക്ക് വിവിധ സേവനങ്ങൾ ലഭ്യമാക്കുന്നതിനും സംസ്ഥാനത്തെ ഭിന്നശേഷി സൗഹൃദമാക്കുന്നതിലൂടെ ഇവരെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്കെത്തിക്കുന്നതിനുമായി കേരള സാമൂഹ്യ സുരക്ഷാമിഷൻ സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസിലൂടെ 'അനുയാത്ര' എന്ന പേരിലുള്ള ഒരു സമഗ്ര പദ്ധതി നടപ്പിലാക്കിവരുന്നു.

കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു.+

സാമൂഹ്യനീതി വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് & ഹിയറിംഗ് (NISH) മുഖേന ചുവടെപ്പറയുന്ന ക്ലിനിക്കൽ സേവനങ്ങൾ നടപ്പിലാക്കിവരുന്നു :-

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(i) പ്രാരംഭ ഇടപെടലിലൂടെ വൈകല്യം ബാധിച്ചവരെ പുനരധിവസിപ്പിക്കാനും വിദ്യാഭ്യാസം ചെയ്യിക്കാനും ഉള്ള ഏർളി ഇന്റർവെൻഷൻ, പ്രീ-സ്കൂൾ സംവിധാനങ്ങൾ

(ii) ഭിന്നശേഷിക്കാർക്കായി പുനരധിവാസം, അസസ്റ്റീവ് സാങ്കേതിക വിദ്യ, വൈകല്യ പഠന-ഗവേഷണം

(iii) കേന്ദ്രസർക്കാരിന്റെ സഹായത്തോടെ ADIP പദ്ധതി വഴി അർഹരായ ഭിന്നശേഷിക്കാർക്ക് ശ്രവണ സഹായികൾ സൗജന്യ വിതരണം

(iv) 'ശ്രുതി തരംഗം' പദ്ധതി വഴി കോക്ലിയർ ഇംപ്ലാന്റ് ചെയ്തവർക്ക് ഓഡിറ്ററി വെർബൽ തെറാപ്പി

(v) ഓട്ടിസം, സെറിബ്രൽ പാൾസി, ബൗദ്ധിക-മാനസിക വെല്ലുവിളി, പഠനവൈകല്യം തുടങ്ങി പല വൈകല്യങ്ങൾക്കും ഉള്ള തെറാപ്പി ക്ലിനിക്കുകൾ

(v) ബുദ്ധിപരമായ വെല്ലുവിളി നേരിടുന്ന ഭിന്നശേഷിക്കാരുടെ കഴിവ് വർദ്ധിപ്പിക്കുന്നതിനായി സ്പീച്ച് തെറാപ്പി, സൈക്കോതെറാപ്പി, ഒക്കുപ്പേഷനൽ തെറാപ്പി, ഫിസിയോതെറാപ്പി, സ്പെഷ്യൽ എഡ്യൂക്കേഷൻ തെറാപ്പികൾ

(vi) വിവിധ ന്യൂറോ ഡെവലപ്മെന്റൽ ഡിസോർഡേഴ്സ് ഉള്ള കുട്ടികൾക്കായി. അത്യാധുനിക സൗകര്യങ്ങളോടുകൂടി സെൻസറി പാർക്ക്.

നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ & റീഹാബിലിറ്റേഷൻ (NIPMR) മുഖേന ഭിന്നശേഷിക്കാർക്കായി നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു :-

(i) എംപവർമെന്റ് ത്രൂ വൊക്കേഷണലൈസേഷൻ

(ii) ചൈൽഡ് ഡെവലപ്മെന്റ് ആൻഡ് റിസർച്ച് സെന്റർ (CDRC)

(iii) സെറിബ്രൽ പാൾസി റീഹാബിലിറ്റേഷൻ ആൻഡ് റിസർച്ച് സെന്റർ (CPRRC)

(iv) റീജിയണൽ ഓട്ടിസം റീഹാബിലിറ്റേഷൻ റിസർച്ച് സെന്റർ (RARRC)

(v) റിഹാബ് എക്സ്പ്രസ്സ്

(vi) സ്പൈനൽ കോർഡ് ഇഞ്ച്യൂറി റീഹാബിലിറ്റേഷൻ യൂണിറ്റ്

(vii) റീഹാബ് ഓൺ വീൽസ് പദ്ധതി

<u>എംപ്ലോയ്മെന്റ് ഡയറക്ടറേറ്റ് മുഖേന നടപ്പിലാക്കിവരുന്ന പദ്ധതികൾ</u>

തൊഴിൽരഹിതരായ യുവജനങ്ങളിൽ ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികളുടെ സമഗ്ര തൊഴിൽ പുനരധിവാസം നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് മുഖേന ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന പദ്ധതിയാണ് 'കൈവല്യ'. വൊക്കേഷണൽ ആൻഡ് കരിയർ ഗൈഡൻസ്, കപ്പാസിറ്റി ബിൽഡിംഗ്, മൽസര പരീക്ഷകൾക്കുള്ള പരിശീലനം, സ്വയം തൊഴിൽ വായ്പ പദ്ധതി എന്നിങ്ങനെ നാല് ഘടകങ്ങളാണ് ടി പദ്ധതിയിലുള്ളത്. ടി പദ്ധതി പ്രവർത്തനങ്ങൾ സംബന്ധിച്ച അതത് ജില്ലകളിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി സബ് റീജിയണൽ എംപ്ലോയ്മെന്റ് ഓഫീസർമാരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്.

<u>പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ് മുഖേന നടപ്പിലാക്കിവരുന്ന പദ്ധതികൾ</u>

സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ ഒന്നു മുതൽ എട്ട് (1 മുതൽ 8) വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന ഭിന്നശേഷിക്കാരായ കുട്ടികളെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് എത്തിക്കുന്നതിലേയ്ക്ക് അടിസ്ഥാന വിദ്യാഭ്യാസം നേടുന്നതിനായി സർക്കാർ അവശ്യംവേണ്ട സാമ്പത്തിക സഹായം നൽകിവരുന്നു. കാഴ്ച വൈകല്യം, ശ്രവണ വൈകല്യം, മാനസികമായ വെല്ലുവിളി നേരിടുന്നവർ, അസ്ഥിസംബന്ധമായ വൈകല്യങ്ങളുള്ളവർ എന്നിവർക്ക് സാമ്പത്തികസഹായം നൽകി വരുന്നുണ്ട്. ബുക്ക് ആൻഡ് സ്റ്റേഷനറി അലവൻസ്, യൂണിഫോം അലവൻസ്, ട്രാൻസ്പോർട്ട് അലവൻസ്, എസ്കോർട്ട് അലവൻസ്, റീഡേഴ്സ് അലവൻസ് എന്നീ ഇനങ്ങളിലായാണ് തുക വിതരണം ചെയ്തുവരുന്നത്. ഇതിൽ റീഡേഴ്സ് അലവൻസ് കാഴ്ചവൈകല്യമുള്ളവർക്ക് മാത്രമായി നിജപ്പെടുത്തിയിരിക്കുന്നു. ഇതിനുപുറമെ, ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പ് നടത്തുന്ന എല്ലാ പൊതുപരീക്ഷകൾക്കും അർഹമായ പരീക്ഷാനുകൂല്യങ്ങൾ നൽകിവരുന്നുണ്ട്. 40 ശതമാനമോ അതിലധികമോ വൈകല്യങ്ങളുള്ളവർക്കാണ് ഇത്തരത്തിലുള്ള സഹായങ്ങൾ നൽകുന്നത്. മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികളെ പഠിപ്പിക്കുന്നതിനായി സ്പെഷ്യൽ പാക്കേജും നടപ്പിലാക്കിവരുന്നു.

ഇവയ്ക്കുപുറമേ സമഗ്രശിക്ഷാ കേരളയിൽ നിന്നും ഭിന്നശേഷിക്കാരായ കുട്ടികൾക്കുവേണ്ടി സഹായ പദ്ധതികൾ നടപ്പാക്കിവരുന്നു.

(ബി) 'അനുയാത്ര' പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ?

കേരള സാമൂഹ്യസുരക്ഷാ മിഷൻ 'അനുയാത്ര' എന്ന പേരിലുള്ള ഒരു സമഗ്ര പരിപാടി നടപ്പാക്കിവരുന്നു. ഘട്ടംഘട്ടമായാണ് അനുയാത്രയിലെ പദ്ധതികൾ നടപ്പാക്കിവരുന്നത്. ഭിന്നശേഷികൾ എത്രയും നേരത്തെ കണ്ടെത്തുന്നതിനും, ഇടപെടുന്നതിനും തെറാപ്പികൾ, പരിശീലനങ്ങൾ, ചികിത്സകൾ തുടങ്ങിയവ നൽകുന്നതിനുള്ള സംവിധാനങ്ങളാണ് ആദ്യഘട്ടമായി നടപ്പാക്കുന്നത്. അനുയാത്രയുടെ ഭാഗമായി നിലവിൽ നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(സി) ഭിന്നശേഷി സഹായ ഉപകരണങ്ങൾ ലഭ്യമാക്കുന്നത് ഏത് ഏജൻസി മുഖേനയാണെന്നും ഏതൊക്കെ ഉപകരണങ്ങളാണ് വിതരണം ചെയ്യുന്നതെന്നും അവ ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങളും വിശദമാക്കാമോ?

ഭിന്നശേഷി സഹായ ഉപകരണങ്ങൾ കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ മുഖാന്തരമാണ് വിതരണം ചെയ്യുന്നത്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ട്രൈസൈക്കിൾ, വീൽചെയർ, ക്രച്ചസ്, CP ചെയർ, വാക്കിംഗ്സ്റ്റിക്ക് തുടങ്ങിയ ഉപകരണങ്ങൾ കോർപ്പറേഷന്റെ സഹായ ഉപകരണ നിർമ്മാണ യൂണിറ്റായ MRST യൂണിറ്റിൽ നിർമ്മിക്കുന്നവയാണ്. മറ്റ് ഉപകരണങ്ങൾ ഇ-ടെണ്ടർ മുഖാന്തരവും ക്വട്ടേഷൻ മുഖേനയും തെരഞ്ഞെടുത്ത സ്ഥാപനങ്ങളായ കെൽട്രോൺ, MyG, മുത്തുകൃഷ്ണൻ ഓർത്തോട്ടിക്സ് സെന്റർ, സ്പൈൻ ഓർത്തോട്ടിക്സ്, Ostrich Mobility ഇൻസ്ട്രുമെന്റ്സ്, ബാംഗ്ലൂർ ആണ് ഭിന്നശേഷിക്കാർക്കാവശ്യമായ സഹായ ഉപകരണങ്ങൾ വാങ്ങിവരുന്നത്. സൈഡ് വീൽ സ്കൂട്ടർ, ഹൈടെക് ലിംബ്, ഇലക്ട്രോണിക് വീൽചെയർ, വോയ്സ് എൻഹാൻസ്ഡ് സോഫ്റ്റ്വെയറോടുകൂടിയ ലാപ്ടോപ്, വോയ്സ് എൻഹാൻസ്ഡ് സോഫ്റ്റ്വെയറോടുകൂടിയ സ്മാർട്ട്ഫോൺ, വീൽചെയർ, മൂന്നുവീൽ സൈക്കിൾ, ആർട്ടിഫിഷ്യൽ ലിംബ്, കാലിപ്പർ, ശ്രവണ സഹായി ഡി.വി.ഡി. പ്ലെയർ, കുടലിൽ കാൻസർ ബാധിച്ചവർക്കുള്ള കൊളോസ്റ്റമി ബാഗുകൾ, വൈറ്റ്കെയിൻ, കുട്ടികൾക്കുള്ള സി.പി.ചെയറുകൾ, വാക്കർ തുടങ്ങി 100-ഓളം ഉപകരണങ്ങൾ കോർപ്പറേഷനിൽ നിന്നും നൽകിവരുന്നു. മൂന്ന് വർഷത്തിലൊരിക്കലാണ് ഭിന്നശേഷിക്കാർക്ക് സഹായോപകരണങ്ങൾ നൽകിവരുന്നത്. ഗവൺമെന്റ് ഡോക്ടർമാരുടെ ശിപാർശയോടുകൂടിയ നിശ്ചിത അപേക്ഷാഫോറത്തോടൊപ്പം രണ്ട്

പാസ്പോർട്ട് സൈസ് ഫോട്ടോയും റേഷൻ കാർഡ്, 40 ശതമാനമോ അതിൽ കൂടുതലോ ഭിന്നശേഷിത്വം തെളിയിക്കുന്ന മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ് എന്നിവയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പും അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്. കേന്ദ്രസർക്കാരിന്റെ ADIP സ്കീം വഴി അർഹരായവർക്ക് സൗജന്യമായി ശ്രവണ സഹായികൾ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് & ഹിയറിംഗ് മുഖേന വിതരണം ചെയ്യുന്നു. NIPMR മുഖേന ആവശ്യക്കാർക്ക് മാർക്കറ്റ് നിരക്കിനെക്കാൾ താഴ്ന്ന നിരക്കിൽ നൽകി വരുന്ന സഹായ ഉപകരണങ്ങളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു.+

(ഡി) ഭിന്നശേഷിക്കാർക്ക് കൂടുതൽ സൗകര്യദായകമായ എന്തൊക്കെ പദ്ധതികൾ ആലോചനയിലുണ്ടെന്ന് വിശദമാക്കാമോ?

എൻ.എച്ച്.എഫ്.ഡി.സി. വായ്പാ പദ്ധതിപ്രകാരം ഭിന്നശേഷിക്കാർക്കായി ഭവന വായ്പാ പദ്ധതി കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ നടന്നുവരുന്നു.

നിലവിലുള്ളതുകൂടാതെ ഏർലി ഇന്റർവെൻഷൻ സെന്ററുകൾ മറ്റു ജില്ലകളിൽ ആരംഭിക്കുവാനും ഭിന്നശേഷിക്കാരെ ഉൾപ്പെടുത്തി Bilingual

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

school തുടങ്ങുവാനും ഫൈൻ ആർട്സ് കോഴ്സ് പൂർത്തിയാക്കിയ ഭിന്നശേഷിക്കാർക്കുവേണ്ടി Trade Start up incubator ആരംഭിക്കുവാനും പദ്ധതിയുണ്ട്.

തിരുവനന്തപുരം, നെയ്യാറ്റിൻകര, കൊല്ലം, കോട്ടയം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ സ്ഥിതി ചെയ്യുന്ന ഭിന്നശേഷിക്കാർക്കുള്ള പ്രത്യേക എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ ഭിന്നശേഷിക്കാർക്കുള്ള കരിയർ ഡെവലപ്മെന്റ് സെന്ററുകളായി ഉയർത്തുന്നതിനും ചുരുങ്ങിയ സമയത്തിനുള്ളിൽ അനുയോജ്യമായ പ്ലെയ്സ്മെന്റ്, തൊഴിൽ മെച്ചപ്പെടുത്തൽ, സ്വയംതൊഴിൽ എന്നിവ നേടുന്നതിന് പ്രാപ്തരാക്കുന്നതിനും തൊഴിലില്ലായ്മ പരിഹരിക്കുന്നതിന്, എല്ലാവർഷവും ഭിന്നശേഷിക്കാർക്കായി പ്രത്യേകമായി ജോബ്ഫെസ്റ്റുകൾ സംഘടിപ്പിക്കുന്നതിനുമുള്ള പദ്ധതികൾ ആലോചനയിലുണ്ട്.

<u>ശ്രവണ സഹായി</u>

176(3536) <u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേൾവിശക്തി കുറഞ്ഞവർക്കോ, തീരെ ഇല്ലാത്തവർക്കോ സഹായം നൽകുന്നതിനുവേണ്ടി എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. ശ്രുവണ പദ്ധതി പ്രകാരം കേൾവിപരിമിതർക്കുവേണ്ടി കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ സൗജന്യമായി ശ്രുവണസഹായി വിതരണം ചെയ്തുവരുന്നു. 40 ശതമാനം ഭിന്നശേഷിത്വമുള്ളതും, റേഷൻ കാർഡിൽ വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ താഴെയുള്ളവർക്കും ശ്രുവണസഹായി സൗജന്യമായി അനുവദിക്കുന്നു. അതിനായി ഗവൺമെന്റ് ഇ.എൻ.ടി ഡോക്ടർ സാക്ഷ്യപ്പെടുത്തിയ നിശ്ചിത അപേക്ഷാഫോറത്തിനൊപ്പം ഭിന്നശേഷി സർട്ടിഫിക്കറ്റിന്റെ പകർപ്പ്, റേഷൻ കാർഡിന്റെ 1, 2 പേജുകളുടെ പകർപ്പ്, രണ്ട് പാസ്പോർട്ട് സൈസ് ഫോട്ടോ എന്നിവ പ്രസ്തുത കോർപ്പറേഷൻ മുമ്പാകെ സമർപ്പിക്കേണ്ടതാണ്. അപേക്ഷാഫോറം www.hpwc.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. കേന്ദ്രസർക്കാരിന്റെ ADIP പദ്ധതി (Assistance to Disabled persons for purchasing/fitting of aids/appliances) മുഖേന അർഹരായ ശ്രുവണ വൈകല്യമുള്ളവർക്ക് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആന്റ് ഹിയറിംഗ് (നിഷ്) മുഖേന

ശ്രവണ സഹായി സൗജന്യമായി വിതരണം ചെയ്യുകയും ശ്രവണ പരിമിതിയുള്ള 6 വയസ്സുവരെയുള്ള കുട്ടികൾക്കുവേണ്ടി ഏർളി ഇന്റർവെൻഷൻ പ്രോഗ്രാം (EIP) നടത്തിവരികയും ചെയ്യുന്നുണ്ട്. കേൾവിശേഷിയില്ലാത്തവർക്ക് സഹായം നൽകുന്നതിനായി കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) ശ്രവണ സഹായിക്കായി വടകര താലൂക്കിലെ ശ്രീ. കാസിം അയനോളി, വേളം പി.ഒ. എന്നയാൾ വകുപ്പുമന്ത്രി മുമ്പാകെ സമർപ്പിച്ച അപേക്ഷയുടെ നിലവിലെ അവസ്ഥ അറിയിക്കാമോ?

ശ്രീ. കാസിം അയനോളിയുടെ അപേക്ഷ കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ പരിശോധിക്കുകയും, ടി കോർപ്പറേഷനിൽ നിന്ന് ശ്രവണ സഹായി ലഭിക്കുന്നതിനായി സമർപ്പിക്കേണ്ട അപേക്ഷയുടെ മാതൃകയും മാനദണ്ഡങ്ങൾ പരാമർശിക്കുന്ന ലഘുലേഖയും ടിയാൾക്ക് അയച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ട്. നിശ്ചിത മാതൃകയിൽ അപേക്ഷ സമർപ്പിക്കുന്നമുറയ്ക്ക് ടിയാൾക്ക് ശ്രവണസഹായി വിതരണം ചെയ്യുന്ന കാര്യം പരിശോധിക്കുന്നതാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവരെ പരിചരിക്കുന്നവർക്കുള്ള സഹായങ്ങൾ

177(3537) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂർണമായും കിടപ്പിലായ ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവരെ പരിചരിക്കുന്നവർക്ക് ഏതെങ്കിലും തരത്തിലുള്ള സഹായങ്ങൾ നൽകുന്നുണ്ടോ?

പൂർണ്ണമായും കിടപ്പിലായ ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവരെ പരിചരിക്കുന്നവർക്ക് കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പിലാക്കിവരുന്ന പദ്ധതിയാണ് 'ആശ്വാസകിരണം'. ഈ പദ്ധതി പ്രകാരം, തീവ്രമായ ശാരീരിക/മാനസിക വെല്ലുവിളി നേരിടുന്നവരെയും, 100 ശതമാനം അന്ധത ബാധിച്ചവരെയും, ബുദ്ധിമാന്ദ്യം, ഓട്ടിസം, സെറിബ്രൽ പാൾസി എന്നീ രോഗങ്ങൾ ബാധിച്ചവരെയും പ്രായാധിക്യംകൊണ്ടും കാൻസർ മുതലായ പലവിധ രോഗങ്ങളാലും കിടപ്പിലാവുകയും ദൈനംദിന കാര്യങ്ങൾക്ക് പരസഹായമാവശ്യമാവുകയും ചെയ്യുന്ന അവസ്ഥയിലുള്ള ആളുകളെയും അവരുടെ പരിചാരകരെയുമുൾപ്പെടുത്തി പരിചരിക്കുന്ന ഒരാൾക്ക് പ്രതിമാസം 600/- രൂപ നിരക്കിൽ ധനസഹായം അനുവദിക്കുന്നുണ്ട്.

(ബി) ഉണ്ടെങ്കിൽ വയനാട് ജില്ലയിൽ ഇത്തരത്തിൽ എത്രപേർക്ക് സഹായം ലഭിക്കുന്നുണ്ടെന്ന വിവരം പഞ്ചായത്ത്/നഗരസഭ തിരിച്ച് ലഭ്യമാക്കാമോ?

വയനാട് ജില്ലയിൽ ആശ്വാസകിരണം പദ്ധതി മുഖേന നിലവിൽ 1659 പേർക്ക് ധനസഹായം നൽകിവരുന്നു. ടി ഗുണഭോക്താക്കളിൽ 1414 പേർ പഞ്ചായത്തുതലത്തിലും 245 പേർ നഗരസഭാതലത്തിലുംപെട്ടവരാണ്.

(സി) ജില്ലയിൽ മുമ്പ് ഇത്തരം സഹായങ്ങൾ ലഭിച്ചുകൊണ്ടിരുന്നവർക്ക് പിന്നീട് സഹായം മുടങ്ങിപ്പോയ സംഭവങ്ങളുണ്ടോയെന്ന് വ്യക്തമാക്കാമോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുവാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ആശ്വാസ കിരണം പദ്ധതി മുഖേന നിലവിലുള്ള ഗുണഭോക്താക്കൾക്ക് 2020 സെപ്റ്റംബർ മാസംവരെയുള്ള ധനസഹായം 2022 മാർച്ച് മാസത്തിൽ അനുവദിച്ച് നൽകിയിട്ടുണ്ട്. കൂടാതെ അപേക്ഷകരുടെ എണ്ണം വർഷംതോറും വർദ്ധിക്കുന്നതുമൂലം ബഡ്ജറ്റ് വിഹിതത്തിനുപുറമെ, അധിക ധനവിനിയോഗം ആവശ്യമായിവരുന്നുണ്ട്. ആയതിനാൽ അധിക തുക അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## സാമൂഹ്യക്ഷേമ പെൻഷനുകൾ

178(3538) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ നൽകിവരുന്ന സാമൂഹ്യക്ഷേമ പെൻഷനുകൾ ഏതെല്ലാമാണെന്നും പെൻഷന് അപേക്ഷിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ?

സാമൂഹ്യ സുരക്ഷാ പെൻഷനുകൾ (കർഷക തൊഴിലാളി പെൻഷൻ, ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ, ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ, 50 വയസ്സുകഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ, ഇന്ദിരാഗാന്ധി ദേശീയ വിധവ പെൻഷൻ), വിവിധ ക്ഷേമനിധി ബോർഡ് പെൻഷനുകൾ എന്നിവ കൂടാതെ സാംസ്കാരിക വകുപ്പ് മുഖേന നൽകുന്ന സംസ്ഥാന കലാകാര പെൻഷൻ, ചലച്ചിത്രകലയുമായി ബന്ധപ്പെട്ടവർക്ക് കേരള ചലച്ചിത്ര അക്കാഡമി നൽകുന്ന പ്രതിമാസ പെൻഷൻ, കായിക യുവജനക്ഷേമ വകുപ്പ് സ്പോർട്സ് കൗൺസിൽ മുഖേന നൽകുന്ന അവശകായികതാര പെൻഷൻ, കായികയുവജന കാര്യാലയം മുഖേന നൽകുന്ന സർക്കസ് പെൻഷൻ എന്നിവയും സംസ്ഥാന സർക്കാർ നൽകിവരുന്നു.

വിവിധ സാമൂഹ്യ സുരക്ഷാ പെൻഷനുകൾ അനുവദിക്കുന്നതിനുള്ള പൊതുമാനദണ്ഡങ്ങളും ഓരോന്നിനുമുള്ള പ്രത്യേക മാനദണ്ഡങ്ങളും 23-09-2020-ലെ സ.ഉ(എം.എസ്)97/2020/ധന നമ്പർ ഉത്തരവിലെ (ഖണ്ഡിക (എ) (ബി) എന്നിവയിൽ പ്രതിപാദിച്ചിട്ടുണ്ട്. (ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു).+ ഇതുകൂടാതെ 04-01-2021-ലെ സ.ഉ(എം.എസ്)നം.01/2021/ധന. പ്രകാരം പ്രതിമാസം 4000/- രൂപ വരെ ഇ.പി.എഫ്. പെൻഷൻ ലഭിക്കുന്നവർക്ക് അർഹതാ മാനദണ്ഡങ്ങൾക്കുവിധേയമായി സാമൂഹ്യ സുരക്ഷ പെൻഷൻ/ക്ഷേമനിധി ബോർഡ് പെൻഷൻ നിലവിലുള്ള പുതുക്കിയ നിരക്കിലും പ്രതിമാസം 4000/- രൂപയ്ക്കുമുകളിൽ ഇ.പി.എഫ്. പെൻഷൻ ലഭിക്കുന്നവർക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ/ക്ഷേമനിധി ബോർഡ് പെൻഷൻ 600/- രൂപ നിരക്കിലും ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കുമെന്നും പ്രതിമാസം 4000/- രൂപ വരെ എക്സ്ഗ്രേഷ്യ പെൻഷൻ/എൻ.പി.എസ്. പെൻഷൻ ലഭിക്കുന്നവർക്ക് അർഹതാ മാനദണ്ഡങ്ങൾക്കുവിധേയമായി ഏതെങ്കിലും ഒരു സാമൂഹ്യ സുരക്ഷാ പെൻഷൻ/ഒരു ക്ഷേമനിധി ബോർഡ് പെൻഷൻ 600/- രൂപ നിരക്കിൽ ലഭിക്കാൻ അർഹതയുണ്ടായിരിക്കുമെന്നും, 28-07-2021-ലെ സ.ഉ(സാധാ)നം.5171/2021/ധന. പ്രകാരം അനാഥ/അഗതി/വൃദ്ധ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മന്ദിരങ്ങളിൽ താമസിക്കുന്ന അന്തേവാസികൾക്ക് സാമൂഹ്യ സുരക്ഷാ പെൻഷന് അർഹതയില്ലെന്നും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. വിവിധ ക്ഷേമനിധി ബോർഡ് പെൻഷനുകൾ ലഭിക്കുന്നതിന് അതത് ക്ഷേമനിധി ബോർഡുകളുടെ നിയമാവലിക്കനുസൃതമായാണ് മാനദണ്ഡങ്ങൾ നിശ്ചയിച്ചിരിക്കുന്നത്.

(ബി) ഭർത്താവ് ഉപേക്ഷിച്ച് പിന്നീട് വിവാഹിതരാകാത്തവർക്ക് വിധവാ പെൻഷൻ കിട്ടാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അവർക്ക് പെൻഷൻ ലഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ഭർത്താവ് ഉപേക്ഷിച്ച് 7 വർഷം കഴിഞ്ഞതും (deserted) പുനർ വിവാഹിതരായിട്ടില്ലാത്തവരുമായ 50 വയസ്സുകഴിഞ്ഞ സ്ത്രീകൾക്ക് മറ്റ് മാനദണ്ഡങ്ങൾപ്രകാരം അർഹതയുള്ളപക്ഷം മേൽവിവരങ്ങൾ ഉൾക്കൊള്ളിച്ച് വില്ലേജ് ഓഫീസർ നൽകുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ വിധവാ പെൻഷൻ ലഭിക്കുവാൻ അർഹതയുണ്ട്. മറ്റുള്ളവർക്ക് വിധവാ പെൻഷന് അർഹതയില്ല.

(സി) 'ആശ്വാസകിരണം' പദ്ധതി പ്രകാരം നൽകുന്ന തുക എത്ര മാസത്തേത് കുടിശ്ശികയുണ്ടെന്ന് വ്യക്തമാക്കുമോ; പ്രസ്തുത പദ്ധതിപ്രകാരം

ഇപ്പോൾ പ്രതിമാസം നൽകുന്ന തുക എത്രയാണെന്നും തുക വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കുമോ?

'ആശ്വാസകിരണം' പദ്ധതി പ്രകാരം കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി, കാസർഗോഡ്, വയനാട് എന്നീ ജില്ലകളിലെ ഗുണഭോക്താക്കൾക്ക് 2020 സെപ്റ്റംബർ മാസം വരെയുള്ള ധനസഹായം 2022 മാർച്ച് മാസത്തിൽ അനുവദിച്ചുനൽകിയിട്ടുണ്ട്. ബാക്കി 8 ജില്ലകളിലെ ഗുണഭോക്താക്കൾക്ക് 2020 ആഗസ്റ്റ് മാസം വരെയുള്ള ധനസഹായം 2021 ഡിസംബർ മാസത്തിൽ അനുവദിച്ചുനൽകിയിട്ടുണ്ട്. പദ്ധതിപ്രകാരം ഇപ്പോൾ പ്രതിമാസം 600/- രൂപയാണ് നൽകിവരുന്നത്. പ്രസ്തുത പദ്ധതി പ്രകാരമുള്ള തുക വർദ്ധിപ്പിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

<u>അത്യപൂർവ്വ രോഗങ്ങൾ ബാധിച്ചവർക്ക് ചികിൽസയ്ക്കും മരുന്നിനും സഹായം</u>

179(3539) <u>ശ്രീ. പി. കെ. ബഷീർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ സുരക്ഷാ മിഷന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ?

സംസ്ഥാനത്തെ അവശതയനുഭവിക്കുന്ന ജനവിഭാഗങ്ങളുടെ ക്ഷേമത്തിനുവേണ്ടിയുള്ള പദ്ധതികളും പരിപാടികളും ആവിഷ്കരിച്ച് നടപ്പിലാക്കുകയെന്നതാണ് സാമൂഹ്യ സുരക്ഷാ മിഷന്റെ ഉദ്ദേശ്യലക്ഷ്യം.

(ബി) എന്തെല്ലാം സാമൂഹ്യ സുരക്ഷാ പദ്ധതികളാണ് കെ.എസ്.എസ്.എം.-ന് കീഴിലുള്ളത്; വിശദാംശം നൽകുമോ?

കെ.എസ്.എസ്.എം.-നുകീഴിലുള്ള സാമൂഹ്യ സുരക്ഷാ പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

(സി) അപൂർവ്വങ്ങളിൽ അപൂർവ്വങ്ങളായ രോഗങ്ങൾ ബാധിച്ച കുട്ടികളുടെ ചികിത്സയ്ക്കായും വർഷങ്ങളായി വിലയേറിയ മരുന്നുകൾ കഴിക്കേണ്ട അസുഖങ്ങൾ ബാധിച്ചവർക്കും തുടർച്ചയായി മരുന്നുകൾ ലഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് കെ.എസ്.എസ്.എം. മുഖേന ചെയ്തു വരുന്നതെന്ന് വ്യക്തമാക്കുമോ?

അപൂർവ രോഗബാധിതരായ കുട്ടികളുടെ അപേക്ഷകൾ കെ.എസ്.എസ്.എം-ൽ സ്വീകരിച്ചുവരുന്നുണ്ട്. ഇതുപ്രകാരം ലഭ്യമായ POMPE എന്ന അപൂർവ രോഗം ബാധിച്ച കുട്ടികളുടെ അപേക്ഷകളിൽ നിന്ന് മറ്റു സഹായം ലഭ്യമാകാത്ത 3 കുട്ടികളുടെ ചികിത്സക്കാവശ്യമായ മരുന്നുകൾ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കെ.എസ്.എസ്.എം. മുഖേന നൽകിവരുന്നു. എന്നാൽ ആരോഗ്യ വകുപ്പിനെയാണ് സ്റ്റേറ്റ് നോഡൽ ഏജൻസിയായി സർക്കാർ ചുമതലപ്പെടുത്തിയിട്ടുള്ളത്. ടി സാഹചര്യത്തിൽ കെ.എസ്.എസ്.എം-ൽ ലഭിച്ചുവരുന്ന അപൂർവ്വരോഗങ്ങൾ ബാധിച്ച (SMA) കുട്ടികളുടെ അപേക്ഷകൾ തുടർനടപടികൾക്കായി ആരോഗ്യ വകുപ്പിലേയ്ക്ക് കൈമാറിയിട്ടുള്ളതാണ്.

(ഡി) അപൂർവ്വ രോഗമായ മേപ്പിൾ സിറപ്പ് യൂറിൻ ഡിസീസ് ബാധിച്ച് ചികിത്സയിൽ കഴിയുന്ന ഒന്നര വയസ്സുള്ള ഇഷാൽ മറിയത്തിന് ഡയറ്റ് ഫുഡ് നൽകുന്നതിനും മരുന്ന് നൽകുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കുന്നതിനായി 05-02-2021-ൽ സമർപ്പിച്ച അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാം; നടപടി സ്വീകരിച്ചിട്ടില്ലെങ്കിൽ എന്താണ് തടസ്സമെന്ന് അറിയിക്കുമോ?

ലക്ഷദ്വീപ് സമൂഹത്തിൽപ്പെട്ട കടമത്ത് ദ്വീപിലെ പുതിയകൊട്ടാരം നാസറിന്റെയും ഡോ. ജസീറയുടെയും മകളായ ഇശൽ മറിയം എന്ന കുട്ടിയുടെ അപേക്ഷ കെ.എസ്.എസ്.എം-ൽ ലഭ്യമായിരുന്നു. എന്നാൽ പ്രസ്തുത അപേക്ഷയിൽ കുട്ടി സ്പൈനൽ മസ്കുലാർ അട്രോഫി ടൈപ്പ് -1 രോഗബാധിതയാണെന്നാണ് അറിയിച്ചിരുന്നത്. ആരോഗ്യ വകുപ്പിനെയാണ് സ്റ്റേറ്റ് നോഡൽ ഏജൻസിയായി സർക്കാർ

ച്ചുമതലപ്പെടുത്തിയിട്ടുള്ളത് എന്നതിനാൽ പ്രസ്തുത അപേക്ഷ തുടർനടപടികൾക്കായി 15-03-2022-ലെ A3/11728/18/KSSM നം. കത്ത് പ്രകാരം ആരോഗ്യ വകുപ്പിന് കൈമാറിയിട്ടുള്ളതാണ്.

കെ-സ്വിഫ്റ്റിൽ നിയമിതരായ ജീവനക്കാർ

180(3540) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിൽ നിലവിൽ ജോലി ചെയ്യുന്ന സ്ഥിരജീവനക്കാരുടെയും താൽക്കാലിക ജീവനക്കാരുടെയും എണ്ണം തസ്തിക തിരിച്ച് ലഭ്യമാക്കുമോ?

സ്ഥിരജീവനക്കാർ

ഹയർ ഡിവിഷൻ - 137
കണ്ടക്ടർ - 9389
ഡ്രൈവർ - 9489
HVS, VS, SM, INSP - 930
മെക്കാനിക്ക് - 4470
മിനിസ്റ്റീരിയൽ - 1758
സി.എൽ.ആർ. - 851

കരാർ അടിസ്ഥാനത്തിലുള്ളവർ

| SL. | Designation | Number |
|---|---|---|

| No. | | |
|---|---|---|
| 1 | Gen Manager Tech | 1 |
| 2 | Deputy Manager (IT) | 2 |
| 3 | Manager (IT) | 1 |
| 4 | Deputy Manager (Accounts) | 5 |
| 5 | Accounts Executive | 2 |
| 6 | Deputy manager (Commercial) | 1 |
| 7 | Chief Engineer | 1 |
| 8 | Asst. Executive Engineer | 2 |
| 9 | Asst. Engineer | 4 |
| 10 | Special Officer Grade -1 | 1 |
| 11 | Special Officer Grade -2 | 1 |
| 12 | Consultant (P & CW) | 1 |
| 13 | Appellate Tribunal | 1 |
| | Total | 23 |

(ബി) കെ-സ്വിഫ്റ്റിന്റെ രൂപീകരണത്തെത്തുടർന്ന് കെ.എസ്.ആർ.ടി.സി.-യിൽ നിന്നും കെ-സ്വിഫ്റ്റിൽ നിയമിതരായ ജീവനക്കാരുടെ എണ്ണം തസ്തിക തിരിച്ച് ലഭ്യമാക്കുമോ?

കെ.എസ്.ആർ.ടി.സി-സ്വിഫ്റ്റ് രൂപീകരണത്തെത്തുടർന്ന് കെ.എസ്.ആർ.ടി.സി.-യിൽ നിന്ന് വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ KSRTC-SWIFT-ൽ നിയോഗിക്കപ്പെട്ടിട്ടുള്ളവരുടെ വിവരം താഴെ ചേർക്കുന്നു:

| തസ്തിക | എണ്ണം |
|---|---|
| സ്പെഷ്യൽ ഗ്രേഡ് അസിസ്റ്റന്റ് | 1 |
| സെലക്ഷൻ ഗ്രേഡ് അസിസ്റ്റന്റ് | 1 |

| | |
|---|---|
| ഡെപ്യൂട്ടി മാനേജർ അക്കൗണ്ട്സ് (contract) | 1 |
| അസിസ്റ്റന്റ് ഡിപ്പോ എഞ്ചിനീയർ | 1 |
| മെക്കാനിക്ക് | 1 |
| അസിസ്റ്റന്റ് ട്രാൻസ്പോർട്ട് ഓഫീസർ | 1 |
| ഡിസ്ട്രിക്ട് ട്രാൻസ്പോർട്ട് ഓഫീസർ (സ്വിഫ്റ്റ് ഓപ്പറേഷന്റെ അധിക ചുമതല) | 1 |

ഇതുകൂടാതെ OPEN ADVT മുഖാന്തരം ഡി.ജി.എം. (ടെക്നിക്കൽ) തസ്തികയിൽ നിയമിക്കപ്പെട്ടയാളും KSRTC-യിൽ നിന്നുള്ള ജീവനക്കാരനാണ്.

(സി) മുമ്പ് കെ.എസ്.ആർ.ടി.സി.-യിൽ ജോലി ചെയ്തിരുന്ന എംപാനൽ ജീവനക്കാരിൽ ആരെങ്കിലും കെ-സ്വിഫ്റ്റിൽ നിയമനം നേടിയിട്ടുണ്ടോ; ഉണ്ടെങ്കിൽ തസ്തിക തിരിച്ചുള്ള എണ്ണം ലഭ്യമാക്കുമോ?

കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റിൽ ഡ്രൈവർ-കം-കണ്ടക്ടർ തസ്തികയിൽ നിയമിതരായ ഉദ്യോഗാർത്ഥികൾക്ക് എംപാനൽ ജീവനക്കാരെന്ന യാതൊരു മുൻഗണനയും നൽകിയിട്ടില്ല. എന്നാൽ എംപാനലായി ജോലി നിർവ്വഹിച്ചിരുന്നവർ റാങ്ക് ലിസ്റ്റിൽ ഇടം നേടുകയും റാങ്ക് അടിസ്ഥാനത്തിൽ നിയമനം നേടിയിട്ടുമുണ്ട്. ലഭ്യമായ വിവരങ്ങളനുസരിച്ച് ഇപ്പോൾ നിയമിതരായ 617 ഡ്രൈവർ-കം-കണ്ടക്ടർമാരിൽ എംപാനലായി ജോലി നിർവഹിച്ച 22 പേർ ഇടം നേടിയിട്ടുണ്ട്.

(ഡി) കെ-സ്വിഫ്റ്റ് ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വിശദീകരിക്കുമോ?

കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റിൽ ദിവസവേതന കരാർ അടിസ്ഥാനത്തിൽ നിയമിതരായ ഡ്രൈവർ-കം-കണ്ടക്ടർമാരുടെ സേവന-വേതന വ്യവസ്ഥകൾ അനുബന്ധമായി ഉൾക്കൊള്ളിച്ചിരിക്കുന്നു.+

## സമഗ്രമായ ഗതാഗത നയം

181(3541) ശ്രീ. ടി. പി. രാമകൃഷ്ണൻ:
ഡോ. സുജിത് വിജയൻപിള്ള:
ശ്രീ. എം. വിജിൻ:
ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര മോട്ടോർ വാഹനനിയമ ഭേദഗതി പ്രകാരം സംസ്ഥാനത്ത് സമഗ്രമായ ഗതാഗതനയം രൂപീകരിക്കാൻ നടപടിയെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ;

(ബി) പൊതു ഗതാഗതം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സഹകരണ മേഖലയിൽ ട്രാൻസ്പോർട്ട് കമ്പനി രൂപീകരിക്കുന്നതിന് സർക്കാർ ആലോചിക്കുന്നുണ്ടോയെന്ന് അറിയിക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ &ബി) സമഗ്ര ഗതാഗതനയം രൂപീകരിക്കുന്നതിനുള്ള ആലോചനകൾ നടന്നുവരുന്നു.

(സി) ഉൾപ്രദേശങ്ങളിലെ യാത്രാക്ലേശം പരിഹരിക്കുന്നതിന് റോഡ്, റെയിൽ, ജലഗതാഗത സംവിധാനങ്ങളെ പരസ്പരം ബന്ധിപ്പിച്ചും ശക്തിപ്പെടുത്തിയും ഒരു സമഗ്ര ഗതാഗതനയം ആവിഷ്കരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കാമോ?

സമഗ്ര ഗതാഗതനയം പുറപ്പെടുവിക്കുന്നതുമായി ബന്ധപ്പെട്ട് ഇക്കാര്യം പരിഗണിക്കപ്പെടാവുന്നതാണ്.

(ഡി) കുറഞ്ഞ നിരക്കിൽ റൂട്ട് ബസ്സുകളുള്ള സംസ്ഥാനങ്ങളിലൊന്നായ കേരളത്തിന്റെ പൊതുഗതാഗത സംവിധാനങ്ങളെ മുൻനിരയിൽ എത്തിക്കുന്നതിനാവശ്യമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുമോ?

പൊതുഗതാഗതം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി, യാത്രാസൗകര്യം ഉറപ്പുവരുത്തുന്നതിനായി, ഇന്റലിജന്റ് പബ്ലിക് ട്രാൻസ്പോർട്ട് സിസ്റ്റം (ഐ.ടി.എസ്.) നടപ്പിലാക്കാൻ പദ്ധതിയുണ്ട്. ഇതിലൊരു ട്രാവൽ ഡിമാൻഡ് മാനേജ്മെന്റ് സിസ്റ്റവും, വാഹനങ്ങളുടെ വരവ്/പുറപ്പെടൽ സമയം, വാഹനങ്ങളുടെ റൂട്ട് മാപ്പ്, സീറ്റ് ലഭ്യത, റിസർവേഷൻ എന്നിവ ഉൾപ്പെടുന്ന സമഗ്രമായ ഓൺലൈൻ ആപ്ലിക്കേഷനുമുൾപ്പെടുന്നു. വിവിധ

ഗതാഗതമാർഗ്ഗങ്ങളെ ബന്ധിപ്പിക്കുന്നതിനുള്ള ഒരു സംയോജിത സംവിധാനമാണിത്. പൊതുഗതാഗത സംവിധാനത്തിന് ഏറ്റവും ഫലപ്രദവും ഉപയോക്തൃ സൗഹൃദപരവുമായ ബസ് ബേ-കളുടെയും മറ്റ് സൗകര്യങ്ങളുടെയും നവീകരണവും ഇതിലുൾപ്പെടുന്നു. പൊതുഗതാഗത സംവിധാനത്തിൽ വെഹിക്കിൾ ലൊക്കേഷൻ ട്രാക്കിംഗ് ഡിവൈസ് ഘടിപ്പിക്കുന്നതിലൂടെ, ഒരു പരിധിവരെ സുരക്ഷ ഉറപ്പാക്കാൻ കഴിയും. തുടർന്ന് യാത്രക്കാർക്ക് ട്രാക്കിംഗ് സോഫ്റ്റ്‌വെയറിൽ പ്രവേശനം നൽകുന്നതിലൂടെ അവരുടെ യാത്ര ആസൂത്രണം ചെയ്യാനും സഹായിക്കും.

ITS ഓൺലൈൻ പ്ലാറ്റ്ഫോമിൽ, "വെഹിക്കിൾ പാർക്കിംഗ് മാനേജ്മെന്റിന്" മാത്രമുള്ള ഒരു ഓൺലൈൻ സംവിധാനം ഒരൊറ്റ മോഡ്യൂളായി ഉൾപ്പെടുത്താവുന്നതാണ്. നിലവിലുള്ള എല്ലാ പാർക്കിംഗ് സ്ഥലങ്ങളും, ITS ആപ്ലിക്കേഷനിൽ ഉൾപ്പെടുത്തേണ്ടതുണ്ട്. പാർക്കിംഗ് സ്ലോട്ട് ലഭ്യത നിരീക്ഷിക്കാനും മുൻകൂട്ടി ബുക്കിംഗിനുള്ള സൗകര്യങ്ങൾ ഉൾപ്പെടുത്താനും ഇതിലൂടെ കഴിയും. ബസ്സുകളുടെ സ്പോട്ട് ലൊക്കേഷനും ടൈമിംഗും അറിയുവാനുള്ള എൽ.ഇ.ഡി. ഡിജിറ്റൽ ഡിസ്‌പ്ലേ ബോർഡുകൾ ബസ് സ്റ്റേഷനുകളിൽ സ്ഥാപിക്കാനും പദ്ധതിയുണ്ട്.

## മലിനജലം റോഡിലേയ്ക്കൊഴുക്കുന്നത് തടയാൻ നടപടി

182(3542) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഭക്ഷ്യവസ്തുക്കൾ ശീതീകരിച്ച് കൊണ്ടുപോകുന്ന പല വാഹനങ്ങളും മറ്റ് യാത്രക്കാർക്കും വാഹനങ്ങൾക്കും ബുദ്ധിമുട്ടുണ്ടാകുന്ന തരത്തിൽ സഞ്ചാരത്തിനിടയിൽ മലിനജലം റോഡിലേയ്ക്കൊഴുക്കിക്കളയുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരം നിയമലംഘനങ്ങൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ഉണ്ട്. ഇത്തരത്തിൽ മലിനജലം റോഡിലേയ്ക്കൊഴുക്കിക്കൊണ്ട് സഞ്ചരിക്കുന്ന വാഹനങ്ങൾക്കെതിരെ നടപടി സ്വീകരിക്കാൻ എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർക്കും റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

## റോഡുമാർഗ്ഗമുള്ള ചരക്ക് നീക്കം

183(3543) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡ് മാർഗ്ഗമുള്ള ചരക്കുനീക്കം നിയന്ത്രിക്കുന്നതിനായി എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

റോഡുമാർഗ്ഗമുള്ള ചരക്കുനീക്കം നിയന്ത്രിക്കുന്നതിന്റെ ഭാഗമായി, ജലമാർഗ്ഗമുള്ള ചരക്കുനീക്കം സാദ്ധ്യമാക്കുന്നതിനും ജലഗതാഗതത്തിന്റെ സാദ്ധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിനുമായി, കോവളം മുതൽ ബേക്കൽ വരെ, 616 കി.മീ. നീളത്തിൽ, വെസ്റ്റ് കോസ്റ്റ് കനാൽ എന്ന പേരിൽ ജലപാത വികസിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) റോഡ് മാർഗ്ഗമുള്ള ചരക്കുനീക്കത്തിന് ബദലായി ജലഗതാഗത മാർഗ്ഗം ഉപയോഗപ്പെടുത്തുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചുവരുന്നു; വിശദമാക്കാമോ?

ജലഗതാഗത സംവിധാനത്തിലൂടെ ചരക്കുഗതാഗതത്തെ പ്രോത്സാഹിപ്പിക്കുന്നതിനായി കൂടുതൽ സോളാർ ഇലക്ട്രിക് റോ-റോ-കൾ ഉപയോഗപ്പെടുത്തുന്നതിനുള്ള പദ്ധതികൾ ജലഗതാഗത വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ഇതിന്റെ ആദ്യഘട്ടമെന്ന നിലയിൽ രണ്ട് സോളാർ ഇലക്ട്രിക് റോ-റോ-കൾ നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുള്ളതും ആയതിൽ ഒന്നിന്റെ നിർമ്മാണം പുരോഗമിച്ചുവരുന്നതുമാണ്. കൂടാതെ,

ദേശീയ ജലപാത 3-ന്റെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തിക്കൊണ്ട് കൊച്ചി അമ്പലമുകളിലുള്ള ഇന്ത്യൻ ഓയിൽ കോർപ്പറേഷനിൽ നിന്നും കൊല്ലം ചവറ KMML-ലേയ്ക്ക് ഫർണസ് ഓയിൽ എത്തിക്കുന്നത് സംബന്ധിച്ച് ജലഗതാഗത വകുപ്പ് പ്രാഥമിക പഠനം നടത്തുകയും, ടി വിഷയത്തിൽ സർക്കാർ അനുമതിയോടുകൂടി രൂപീകരിച്ച സാങ്കേതിക കമ്മിറ്റി വിശദമായ പഠനം നടത്തിവരികയും ചെയ്യുന്നു. കൊച്ചി തുറമുഖത്തു നിന്നും, ചമ്പക്കര കനാലിലൂടെയും ഉദ്യോഗമണ്ഡൽ കനാലിലൂടെയും, ചരക്ക് ബാർജ്ജുകൾ ഇപ്പോൾ സർവ്വീസ് നടത്തുന്നുണ്ട്. കൂടാതെ, കൊച്ചി-കൊല്ലം ജലപാതയിലൂടെ ചരക്കുനീക്കത്തിന് കേരള സർക്കാരിന്റെ അധീനതയിലുള്ള പൊതുമേഖലാസ്ഥാപനമായ കേരള ഷിപ്പിംഗ് ആൻഡ് ഇൻലാന്റ് നാവിഗേഷൻ കേർപ്പറേഷൻ മുൻകൈ എടുക്കുന്നുണ്ട്.

## കെ.എസ്.ആർ.ടി.സി. ബസ്സുകളിലെ ഇളവുകൾ

184(3544) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ ഏതെല്ലാം തരത്തിലുള്ള യാത്രാ നിരക്കുകളാണ് ഈടാക്കുന്നതെന്ന് അറിയിക്കാമോ; ഏതെല്ലാം തരത്തിലുള്ള ഇളവുകളാണ് അനുവദിക്കുന്നതെന്നും സൗജന്യയാത്രയും കുറഞ്ഞ

നിരക്കിലുള്ള യാത്രയും അനുവദിക്കുന്നത് ആർക്കെല്ലാമാണെന്നും വ്യക്തമാക്കാമോ?

30-04-2022-ലെ സ.ഉ.(അച്ചടി)നം.17/2022/TRANS പ്രകാരം നിശ്ചയിച്ചിട്ടുള്ള നിരക്കാണ് കെ.എസ്.ആർ.ടി.സി. ഈടാക്കിവരുന്നത്. ടി വിജ്ഞാപനത്തിലെ Clause-C പ്രകാരം, അന്തർസംസ്ഥാന സർവ്വീസുകളിലും മറ്റ് ദീർഘദൂര സർവ്വീസുകളിലും യാത്രക്കാരുടെ തിരക്ക് പരിഗണിച്ച് നിശ്ചിത ശതമാനം വരെ നിരക്കിളവ് നൽകുന്നതിന് കെ.എസ്.ആർ.ടി.സി. ഡയറക്ടർ ബോർഡിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ Clause-D പ്രകാരം, സ്ഥിരം യാത്രക്കാർക്ക് 30 ശതമാനം വരെ കുറഞ്ഞ നിരക്കിൽ സീസൺ ടിക്കറ്റ് നൽകുന്നതിനും കെ.എസ്.ആർ.ടി.സി.-ക്ക് അനുമതി നൽകിയിട്ടുണ്ട്.

ടി വിജ്ഞാപനത്തിലെ Clause-H പ്രകാരം, വിദ്യാർത്ഥികളുടെ കൺസഷൻ നിരക്ക് 26-02-2018-ലെ സ.ഉ.(അച്ചടി)നം.4/2018/ട്രാൻ. പ്രകാരം നിശ്ചയിച്ച നിരക്കിൽത്തന്നെ തുടരുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിൻപ്രകാരം യഥാർത്ഥ ടിക്കറ്റ് തുകയുടെ 25 ശതമാനം നിരക്ക് ഈടാക്കുന്നതിന് അനുവദിച്ചിട്ടുണ്ടെങ്കിലും ശരാശരി 17.32 ശതമാനം നിരക്ക് മാത്രമാണ് കെ.എസ്.ആർ.ടി.സി. ഈടാക്കിവരുന്നത്. കൂടാതെ,

പ്ലസ്ടു തലം വരെയുള്ള വിദ്യാർത്ഥികൾക്ക് കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ സൗജന്യയാത്രയാണ് അനുവദിച്ചുവരുന്നത്.

കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ അനുവദിച്ചുവരുന്ന മറ്റുയാത്രാ ഇളവുകൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

1. <u>അന്ധർക്കുള്ള യാത്രാ പാസ്സ്</u> - 100 ശതമാനം അന്ധതയുള്ളവർക്ക് സിറ്റി, ഓർഡിനറി, ഫാസ്റ്റ് പാസഞ്ചർ എന്നീ സർവ്വീസുകളിൽ സൗജന്യയാത്ര അനുവദിച്ചുവരുന്നു.

2. <u>ബധിര-മൂക യാത്രാ പാസ്സ്</u>- 50 ശതമാനം വൈകല്യമുള്ളവർക്ക് 50 ശതമാനം ടിക്കറ്റ് നിരക്കിളവോടെ സിറ്റി, ഓർഡിനറി, സിറ്റി ഫാസ്റ്റ് എന്നീ സർവ്വീസുകളിൽ, വീടിനുസമീപമുള്ള ബസ്സ്റ്റോപ്പിൽ നിന്നും 40 കിലോമീറ്റർ ദൂരത്തിൽ, യാത്ര അനുവദിച്ചുവരുന്നു.

3. <u>ബുദ്ധിമാന്ദ്യമുള്ളവർക്കും സെറിബ്രൽ പാൾസി ബാധിച്ചവർക്കുള്ള യാത്രാ പാസ്സ്</u>- 50 ശതമാനം വൈകല്യമുള്ളവർക്ക് 50 ശതമാനം ടിക്കറ്റ് നിരക്കിളവോടെ സിറ്റി, ഓർഡിനറി, സിറ്റി ഫാസ്റ്റ് സർവ്വീസുകളിൽ, വീടിനുസമീപമുള്ള ബസ്സ്റ്റോപ്പിൽ നിന്നും, 40 കിലോമീറ്റർ ദൂരത്തിൽ യാത്ര അനുവദിച്ചുവരുന്നു.

4. അസ്ഥിവൈകല്യമുള്ളവർക്കുള്ള യാത്രാ പാസ്സ് 40 ശതമാനം അംഗവൈകല്യമുള്ളവർക്ക് 70 ശതമാനം ടിക്കറ്റ് നിരക്കിളവോടെ സിറ്റി, ഓർഡിനറി, ഫാസ്റ്റ് പാസഞ്ചർ സർവ്വീസുകളിൽ കേരളത്തിനകത്ത് യാത്ര ചെയ്യാവുന്നതാണ്. വരുമാനപരിധി 15,000/- രൂപ (പതിനയ്യായിരം രൂപ) ആയിരിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

5. "The rights to persons with disabilities bill 2016"

പ്രസ്തുത ആക്ടിൽ പ്രതിപാദിക്കുന്ന 17 തരം വൈകല്യങ്ങളിൽ 40 ശതമാനം അവശതയുള്ളവർക്ക് ടിക്കറ്റ് നിരക്കിൽ 50 ശതമാനം ഇളവോടുകൂടി സിറ്റി, ഓർഡിനറി, സിറ്റി ഫാസ്റ്റ്/ഫാസ്റ്റ് പാസഞ്ചർ സർവ്വീസുകളിൽ, വീടിനുസമീപത്തെ ബസ്സ്റ്റോപ്പിൽ നിന്നും 40 കിലോമീറ്റർ ദൂരപരിധിയിൽ, സൗജന്യയാത്ര അനുവദിച്ചുവരുന്നു. പ്രസ്തുത ആക്ടിൽ പ്രതിപാദിക്കുന്ന വൈകല്യങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു:

1. Low Vision
2. Leprosy Cured Persons
3. Hearing Impairment
4. Dwarfism
5. Mental Illness

6. Autism Spectrum Order
7. Muscular Dystrophy
8. Chronic Neurological Conditions
9. Specific Learning Disabilities
10. Multiple Sclerosis
11. Speech and language disability
12. Thalassemia
13. Haemophilia
14.Sickle Cell Disease
15.Multiple Disabilities including deaf blindness
16. Acid attack victims
17. Parkinson's disease

<u>പ്രസ്സ് പാസ്സ്</u>

Public Relation Director നൽകുന്ന accreditation Card-ഉള്ള പത്രപ്രവർത്തകർക്ക് കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ സൗജന്യയാത്ര അനുവദിച്ചുവരുന്നു. ഡീലക്സ് ഉൾപ്പെടെ (എ.സി. ബസ്സ് ഒഴികെയുള്ള) എല്ലാ ബസ്സുകളിലും ദൂരപരിധിയില്ലാതെ യാത്ര അനുവദിക്കുന്നുണ്ട്.

എം.എൽ.എ.-മാർ, മുൻ എം.എൽ.എ.-മാർ, എം.പി.-മാർ, മുൻ എം.പി.-മാർ എന്നിവർക്ക് എ.സി. ബസ്സ് ഒഴികെയുള്ള ഡീലക്സ് എക്സ്പ്രസ്സ്, സൂപ്പർ ഫാസ്റ്റ് സർവ്വീസുകളിൽ സൗജന്യയാത്ര അനുവദിച്ചുവരുന്നു.

## ഗതാഗത നിയമലംഘനങ്ങൾക്കുള്ള പിഴ

185(3545) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗതാഗത നിയമലംഘനങ്ങൾക്ക് ചുമത്തുന്ന പിഴയിൽ അവസാനമായി വർദ്ധനവ് വരുത്തിയത് എന്നാണെന്ന് വ്യക്തമാക്കാമോ; ഓരോ ഇനത്തിലും പിഴയായി ഈടാക്കുന്ന തുക എത്ര വീതമാണെന്ന് വിശദമാക്കാമോ?

26-10-2019-ൽ പുറപ്പെടുവിച്ച സ.ഉ.(പി)നം.37/2019/ഗതാ. പ്രകാരമാണ് പിഴ തുകയിൽ അവസാനമായി വർദ്ധനവ് വരുത്തിയത്. ഓരോ ഇനത്തിലും ഈടാക്കുന്ന പിഴ സംബന്ധിച്ച വിവരം ഉൾക്കൊള്ളുന്ന മേൽ വിജ്ഞാപനത്തിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(ബി) മുന്നറിയിപ്പ് ബോർഡുകൾ എല്ലായിടത്തും സ്ഥാപിക്കാത്ത സാഹചര്യത്തിൽ അമിത വേഗതയ്ക്ക് പിഴയിടാക്കുന്നത് നിർത്തിവയ്ക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കാത്ത പ്രദേശങ്ങളിൽ അമിത വേഗതയ്ക്ക് പിഴ ഈടാക്കുന്നത് സംബന്ധിച്ച നയം വ്യക്തമാക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി & സി) വിവിധതരം റോഡുകളിൽ ഓരോതരം വാഹനത്തിനും അനുവദനീയമായ പരമാവധി വേഗത സംബന്ധിച്ച്, 28-02-2014-ലെ സ.ഉ.(പി)നം.20/2014/ട്രാൻ. പ്രകാരം സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ക്യാമറ സ്ഥാപിച്ചിട്ടുള്ള എല്ലാ പ്രദേശങ്ങളിലും മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

ഇന്റലിജന്റ് പബ്ലിക് ട്രാൻസ്പോർട്ട് സിസ്റ്റം

186(3546) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യാത്രാസൗകര്യം ഉറപ്പുവരുത്തുന്നതിനായി ഇന്റലിജന്റ് പബ്ലിക് ട്രാൻസ്പോർട്ട് സിസ്റ്റം എന്ന പദ്ധതിയുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ പ്രവർത്തനം വിശദമാക്കാമോ?

(എ&ബി) യാത്രാസൗകര്യം ഉറപ്പുവരുത്തുന്നതിനായി 'ഇന്റലിജന്റ് പബ്ലിക് ട്രാൻസ്പോർട്ട് സിസ്റ്റം' എന്ന പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ പ്രാരംഭഘട്ടത്തിലാണ്. 'ഇന്റലിജന്റ് പബ്ലിക് ട്രാൻസ്പോർട്ട് സിസ്റ്റം' (ITS) പദ്ധതിയിൽ ഒരു ട്രാവൽ ഡിമാൻഡ് മാനേജ്മെന്റ് സിസ്റ്റവും, വാഹനങ്ങളുടെ വരവ്/പുറപ്പെടൽ സമയം, വാഹനങ്ങളുടെ റൂട്ട് മാപ്പ്, സീറ്റ്

ലഭ്യത, റിസർവേഷൻ എന്നിവ ഉൾപ്പെടുന്ന സമഗ്രമായ ഓൺലൈൻ ആപ്ലിക്കേഷനും ഉൾപ്പെടുന്നു. വിവിധ ഗതാഗതമാർഗ്ഗങ്ങളെ ബന്ധിപ്പിക്കുന്നതിനുള്ളൊരു സംയോജിത സംവിധാനമാണിത്. പൊതുഗതാഗത സംവിധാനത്തിൽ വെഹിക്കിൾ ലൊക്കേഷൻ ട്രാക്കിംഗ് ഡിവൈസ് ഘടിപ്പിക്കുന്നതിലൂടെ, ഒരു പരിധിവരെ, സുരക്ഷ ഉറപ്പാക്കാൻ കഴിയും. തുടർന്ന് യാത്രക്കാർക്ക് ട്രാക്കിംഗ് സോഫ്റ്റ്‌വെയറിൽ പ്രവേശനം നൽകുന്നതിലൂടെ അവരുടെ യാത്ര ആസൂത്രണം ചെയ്യാനും സഹായിക്കും. ഓൺലൈൻ പ്ലാറ്റ്‌ഫോമിൽ, "വെഹിക്കിൾ പാർക്കിംഗ് മാനേജ്മെന്റിന്" മാത്രമുള്ള ഒരു ഓൺലൈൻ സംവിധാനം ഒരൊറ്റ മോഡ്യൂളായി ഉൾപ്പെടുത്താവുന്നതാണ്. നിലവിലുള്ള എല്ലാ പാർക്കിംഗ് സ്ഥലങ്ങളും, ITS ആപ്ലിക്കേഷനിൽ ഉൾപ്പെടുത്തേണ്ടതുണ്ട്. പാർക്കിംഗ് സ്ലോട്ട് ലഭ്യത നിരീക്ഷിക്കാനും മുൻകൂട്ടി ബുക്കിംഗിനുള്ള സൗകര്യങ്ങൾ ഉൾപ്പെടുത്താനും ഇതിലൂടെ കഴിയും. ബസ്സുകളുടെ സ്പോട്ട് ലൊക്കേഷനും ടൈമിംഗും അറിയുവാനുള്ള എൽ.ഇ.ഡി. ഡിജിറ്റൽ ഡിസ്പ്ലേ ബോർഡുകൾ ബസ് സ്റ്റേഷനുകളിൽ സ്ഥാപിക്കാനും പദ്ധതിയുണ്ട്.

## NH 966-ലെ ക്യാമറാ നിരീക്ഷണം

187(3547) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നവീകരിച്ച കോഴിക്കോട്-പാലക്കാട് എൻ.എച്ച്.-966-ൽ വാഹനങ്ങളുടെ വേഗത നിയന്ത്രിക്കുന്നതിനും അപകടങ്ങൾ കുറയ്ക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; പ്രസ്തുത റോഡിൽ ക്യാമറാ നിരീക്ഷണം സാദ്ധ്യമാക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

റോഡിന്റെ പണി പൂർത്തിയായിട്ടില്ലാത്തതിനാൽ നിലവിൽ സ്പീഡ് ഡിറ്റക്ഷൻ ക്യാമറകൾ ഒന്നുംതന്നെ സ്ഥാപിച്ചിട്ടില്ല. എന്നാൽ പാതയിൽ അപകടങ്ങൾ കുറയ്ക്കുന്നതിന് 10 എ.ഐ. ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ ഇവ പ്രവർത്തനക്ഷമമായിട്ടില്ല. പണി പൂർത്തിയാകുന്നതനുസരിച്ച് പ്രവർത്തനക്ഷമമാക്കുന്നതാണ്.

## റോഡ് സേഫ്റ്റി ഫണ്ട്- തിരുവനന്തപുരം ജില്ലയിലെ പ്രവൃത്തികൾ

188(3548) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെയും നിലവിലെ സർക്കാരിന്റെയും കാലയളവിൽ റോഡ് സേഫ്റ്റി ഫണ്ട് വിനിയോഗിച്ച് തിരുവനന്തപുരം ജില്ലയിൽ നടപ്പിലാക്കിയിട്ടുള്ള പ്രവൃത്തികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് ഓരോന്നിനും അനുവദിച്ച തുക വ്യക്തമാക്കാമോ?

(എ & ബി) മുൻ സർക്കാരിന്റെയും നിലവിലെ സർക്കാരിന്റെയും കാലയളവിൽ റോഡ് സേഫ്റ്റി ഫണ്ട് വിനിയോഗിച്ച് തിരുവനന്തപുരം ജില്ലയിൽ നടപ്പിലാക്കിയിട്ടുള്ള പ്രവൃത്തികളും, അനുവദിച്ച തുകയും, ഇതോടൊപ്പം ചേർക്കുന്നു.

1. മണ്ണന്തല– തൈക്കാട് റോഡിൽ റോഡ് സുരക്ഷാ സന്ദേശങ്ങൾ അടങ്ങുന്ന ബോർഡുകൾ സ്ഥാപിക്കുക, ക്രാഷ് ബാരിയേഴ്സ് സ്ഥാപിക്കുക തുടങ്ങിയ പ്രവർത്തികൾക്ക് - 32,50,000/-രൂപ
2. കരമന– പ്രാവച്ചമ്പലം റോഡ് അപകടരഹിതമാക്കൽ - 25,00,000/- രൂപ
3. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ട്രോമാ കെയർ യൂണിറ്റ്- 38,88,051/- രൂപ
4. കരമന– കളിയിക്കാവിള റോഡിൽ സ്വയം നിയന്ത്രിത സോളാർ സിഗ്നൽസ് സ്ഥാപിക്കൽ - 88,76,514/- രൂപ

5. വെമ്പായം, പോത്തൻകോട്, പഴകുറ്റി, നെടുമങ്ങാട് എന്നിവിടങ്ങളിൽ സിഗ്നൽ ലൈറ്റുകൾ - 42,77,321/-രൂപ

6. പള്ളിപ്പുറം CRPF-ൽ സിഗ്നൽ ലൈറ്റുകൾ- 12,11,680/- രൂപ

7. തിരുവനന്തപുരം സിറ്റി പോലീസിനായി ട്രാഫിക് സുരക്ഷാ ഉപകരണങ്ങൾ വാങ്ങൽ - 3,97,200/- രൂപ

8. തിരുവനന്തപുരം നഗരത്തിൽ ഓടുന്ന സിറ്റി സർക്കുലർ ബസ് റൂട്ടുകളിൽ റോഡുസുരക്ഷാ സന്ദേശങ്ങളടങ്ങിയ സൈൻബോർഡുകൾ സ്ഥാപിക്കൽ - 15,53,068/-രൂപ

(സി) അനുവദിച്ച പ്രവൃത്തികളിൽ പൂർത്തിയാക്കാനുള്ളവ ഏതെല്ലാമെന്ന് വിശദമാക്കാമോ?

ചുവടെ പറയുന്ന പ്രവൃത്തികൾക്ക് തുക അനുവദിച്ചെങ്കിലും പൂർത്തിയാക്കിയിട്ടില്ല.

1. തിരുവനന്തപുരം സിറ്റി പോലീസിനായി ട്രാഫിക് സുരക്ഷാ ഉപകരണങ്ങൾ വാങ്ങൽ - 3,97,200/- രൂപ

2. തിരുവനന്തപുരം നഗരത്തിൽ ഓടുന്ന സിറ്റി സർക്കുലർ ബസ് റൂട്ടുകളിൽ റോഡുസുരക്ഷാ സന്ദേശങ്ങളടങ്ങിയ സൈൻബോർഡുകൾ സ്ഥാപിക്കൽ -15,53,068/-രൂപ

## ബ്ലാക്ക് സ്പോട്ടുകളിൽ അപകടങ്ങൾ കുറയ്ക്കാൻ നടപടി

189(3549) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ബ്ലാക്ക് സ്പോട്ടുകൾ സംബന്ധിച്ച നാറ്റ്പാക്-ന്റെ പഠന റിപ്പോർട്ട് സർക്കാർതലത്തിൽ വിലയിരുത്തിയിട്ടുണ്ടോ?

ഉണ്ട്. കേന്ദ്ര ഗതാഗത മന്ത്രാലയത്തിന്റെ മാർഗ്ഗനിർദ്ദേശപ്രകാരം നാറ്റ്പാക് മുഖാന്തരം ബ്ലാക്ക് സ്പോട്ട് പഠനം നടത്തിവരുന്നു. 2017, 2019, 2021 വർഷങ്ങളിൽ ഇത്തരത്തിൽ നാറ്റ്പാക് ബ്ലാക്ക് സ്പോട്ട് പഠന റിപ്പോർട്ട് സമർപ്പിക്കുകയും, അത് റോഡുസുരക്ഷാ അതോറിറ്റി മുമ്പാകെ സമർപ്പിക്കുകയും ചെയ്തിട്ടുള്ളതാണ്. 2017-ലും 2019-ലും കണ്ടെത്തിയ ബ്ലാക്ക് സ്പോട്ടുകൾ പരിഹരിക്കുന്നതിന് റോഡുസുരക്ഷാ ഫണ്ട് അനുവദിച്ചിട്ടുള്ളതുമാണ്. 2021-ലെ ബ്ലാക്ക് സ്പോട്ട് പഠന റിപ്പോർട്ട് റോഡ് സുരക്ഷാ അതോറിറ്റിയുടെ സജീവ പരിഗണനയിലാണ്.

(ബി) പ്രസ്തുത ബ്ലാക്ക് സ്പോട്ടുകളിൽ അപകടങ്ങൾ കുറയ്ക്കാനായി എന്തെല്ലാം നിർദ്ദേശങ്ങളാണ് നാറ്റ്പാക് സമർപ്പിച്ചിരിക്കുന്നത്?

2019-ലെ നാറ്റ്പാക്-ന്റെ പഠന റിപ്പോർട്ടുപ്രകാരം കേരളത്തിൽ ആകെ 238 അതിരൂക്ഷ (High risk) ബ്ലാക്ക് സ്പോട്ടുകൾ കണ്ടെത്തിയിട്ടുണ്ട്.

ആയതിൽ, ദേശീയപാതയിൽ 159 എണ്ണവും സംസ്ഥാന ഹൈവേയിൽ 51 എണ്ണവും മറ്റ് റോഡുകളിൽ 28 എണ്ണവുമാണ് ഉൾപ്പെട്ടിട്ടുള്ളത്.

ദേശീയപാതയിലെ ബ്ലാക്ക് സ്പോട്ടുകളുടെ ശാശ്വത പരിഹാരത്തിനായി കേന്ദ്രഗതാഗത മന്ത്രാലയത്തിനെയും ദേശീയപാത അതോറിറ്റിയെയുമാണ് സമീപിക്കാറുള്ളത്. 98 ബ്ലാക്ക് സ്പോട്ടുകളുടെ അടിയന്തര പരിഹാരത്തിനായി റോഡുസുരക്ഷാ ഫണ്ടിൽ നിന്നും സംസ്ഥാന പൊതുമരാമത്ത് വകുപ്പിന് ഫണ്ട് അനുവദിച്ചിട്ടുണ്ട്. നാറ്റ്പാക് മുഖേന 75 അതിതീവ്ര ബ്ലാക്ക് സ്പോട്ട് ശാശ്വത പരിഹാരത്തിനായി പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്.

നാഷണൽ ഹൈവേകളിലെ ബ്ലാക്ക് സ്പോട്ടുകളുടെ ശാശ്വത പരിഹാര നിർദ്ദേശങ്ങൾ നാഷണൽഹൈവേ അതോറിറ്റിക്കും കേന്ദ്ര ഗതാഗത മന്ത്രാലയത്തിനുമാണ് സമർപ്പിക്കുന്നത്.

ദേശീയപാതകൾ ആറ് വരിയാക്കുന്ന പ്രവർത്തനങ്ങൾ ദേശീയപാത അതോറിറ്റിക്ക് ആകയാൽ ടി ദേശീയപാതയിലെ ബ്ലാക്ക് സ്പോട്ടുകളുടെ അപാകത പരിഹരിക്കേണ്ടതും കേന്ദ്ര ഫണ്ട് ഉപയോഗിച്ച് ദേശീയഹൈവേ അതോറിറ്റിയാണ്.

(സി) അപകടങ്ങൾ കുറയ്ക്കുന്നതിനായി അടിയന്തരമായും ദീർഘകാലാടിസ്ഥാനത്തിലും എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

സംസ്ഥാനത്ത് വാഹനാപകടങ്ങൾ കുറയ്ക്കുന്നതിനായി താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

(1) <u>സേഫ് കേരള പദ്ധതി</u>

സംസ്ഥാനത്തെ ഗതാഗത നിയമങ്ങളും ചട്ടങ്ങളും പാലിക്കുന്നത് പരിശോധിച്ച് ഉറപ്പുവരുത്തുന്നതിന് കേരള റോഡുസുരക്ഷാ അതോറിറ്റിയുടെ സഹകരണത്തോടെ മോട്ടോർ വാഹന വകുപ്പ് നടപ്പാക്കുന്ന പദ്ധതിയാണ് 'സേഫ് കേരള'. സേഫ് കേരള പദ്ധതി ആവിഷ്കരിക്കുക വഴി റോഡുസുരക്ഷയ്ക്കാവശ്യമായ എൻഫോഴ്സ്മെന്റ് ഘടകം ഉറപ്പുവരുത്തി പ്രതിവർഷം 10 ശതമാനം വരെ അപകടങ്ങൾ കുറയ്ക്കാൻ പദ്ധതി ലക്ഷ്യമിടുന്നു. പ്രസ്തുത പദ്ധതിയുടെ ഭാഗമായി 24 മണിക്കൂറും പ്രവർത്തിക്കുന്ന 85 എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ സംസ്ഥാനത്തുടനീളം വാഹന പരിശോധന നടത്തുന്നു. കൂടാതെ സംസ്ഥാനത്തുടനീളം ഗതാഗത ലംഘനം കണ്ടെത്തുന്നതിലേയ്ക്കായി 726 ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ക്യാമറകൾ സ്ഥാപിക്കുന്നതിന്റെ നടപടികൾ അന്തിമഘട്ടത്തിലാണ്.

(2) ബ്ലാക്ക് സ്പോട്ട് പരിഹാര നടപടികൾ

മുൻ വർഷങ്ങളിൽ റിപ്പോർട്ട് ചെയ്തിട്ടുള്ള അപകടങ്ങൾ അപഗ്രഥിച്ച് സംസ്ഥാനത്തെ ഏറ്റവും അപകടസാദ്ധ്യത കൂടിയ ഇടങ്ങളായ 'ബ്ലാക്ക് സ്പോട്ടുകൾ' കണ്ടെത്തി കേരള റോഡുസുരക്ഷാ അതോറിറ്റിയും നാറ്റ്പാക്-ഉം പോലീസും പൊതുമരാമത്ത് വകുപ്പും മോട്ടോർ വാഹന വകുപ്പും സംയുക്തമായി പരിശോധന നടത്തി, റോഡുസുരക്ഷയ്ക്ക് അത്യാവശ്യമായ പദ്ധതികൾ തയ്യാറാക്കി, റോഡുസുരക്ഷാ ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്നു.

(3) സുരക്ഷാ വീഥി

സുരക്ഷിത യാത്ര ഉറപ്പുവരുത്തുന്നതിനായി അന്താരാഷ്ട്ര നിലവാരമുള്ള റോഡുസുരക്ഷാ ക്രമീകരണങ്ങൾ സ്ഥാപിച്ച് സുരക്ഷാ ഇടനാഴികൾ സൃഷ്ടിക്കുന്ന പദ്ധതിയാണിത്. ഇതിലാദ്യത്തേതാണ് ലോകബാങ്കിന്റെ സഹായത്തോടെ നിർമ്മിച്ച അടൂർ-കഴക്കൂട്ടം മാതൃകാ സുരക്ഷാവീഥി. കേരള റോഡുസുരക്ഷാ അതോറിറ്റി അംഗീകാരം നൽകി കെ.എസ്.റ്റി.പി. മുഖാന്തരം മറ്റു ജില്ലകളായ എറണാകുളം, കൊല്ലം, തിരുവനന്തപുരം, കോഴിക്കോട് എന്നിവിടങ്ങളിൽ സുരക്ഷാ വീഥി നടപ്പിലാക്കിവരുന്നു.

(4) സ്കൂൾ സുരക്ഷാ മേഖല

കുട്ടികൾക്ക് സ്കൂളിലേയ്ക്ക് സുരക്ഷിതമായി യാത്ര ചെയ്യുന്നതിന് ആവിഷ്കരിച്ച പദ്ധതിയാണ് 'സ്കൂൾ സോൺ ഇംപ്രൂവ്മെന്റ്'. സ്കൂൾ മേഖല അപകടരഹിതമാക്കുന്നതിനും കുട്ടികളുടെ സുഗമമായ യാത്ര ഉറപ്പുവരുത്തുന്നതിനുമായി നടപ്പാതകൾ, കൈവരികൾ, സീബ്രാ ക്രോസ്സിംഗ് എന്നിവ നിർമ്മിക്കുന്നതിനും, ആവശ്യമായ സൈൻ ബോർഡുകളും, മാർക്കിംഗുകളും നടപ്പിലാക്കുന്നതിനുമാണ് ടി പദ്ധതി. ആദ്യഘട്ടമായി സംസ്ഥാനത്തുടനീളമുള്ള തെരഞ്ഞെടുത്ത 50 സ്കൂളുകളിൽ നടപ്പിലാക്കുന്നതിനായി റോഡുസുരക്ഷാ ഫണ്ട് അനുവദിച്ചിട്ടുണ്ട്. 'കാൽനട യാത്രക്കാരും സ്കൂൾ കുട്ടികളും ഉൾപ്പെടുന്ന അപകടങ്ങൾ' കുറയ്ക്കാൻ ഈ പദ്ധതികൊണ്ട് സാധിക്കും.

(5) ഡിഫൻഡർ ട്രോമ കിറ്റ്

ട്രാഫിക് അപകടങ്ങളിൽപ്പെടുന്നവർക്ക് പ്രാഥമിക ശുശ്രൂഷ നൽകി ജീവൻ രക്ഷിക്കാൻ ഹൈവേ പട്രോളിംഗ് വാഹനങ്ങളിൽ 'ഡിഫൻഡർ ട്രോമ കിറ്റ്' സ്ഥാപിക്കുന്നതിന് റോഡുസുരക്ഷാ ഫണ്ട് നൽകിയിട്ടുണ്ട്.

(6) എൻഫോഴ്സ്മെന്റ് ഏജൻസികൾക്ക് സാമ്പത്തിക പിന്തുണ

എൻഫോഴ്സ്മെന്റ് ഉപകരണങ്ങൾ വാങ്ങുന്നതിന് പോലീസ് വകുപ്പിനും മോട്ടോർ വാഹന വകുപ്പിനും കേരള റോഡുസുരക്ഷാ അതോറിറ്റിയിൽ നിന്നും ഫണ്ട് നൽകിവരുന്നു. ശരിയായ ഹൈവേ പട്രോളിംഗ് ഉറപ്പാക്കാൻ വാഹനങ്ങൾ വാങ്ങുന്നതിനും പോലീസ് വകുപ്പിന് ഫണ്ട് നൽകിയിട്ടുണ്ട്.

(7) <u>ബോധവത്ക്കരണ പരിപാടികൾ</u>

റോഡുസുരക്ഷാ ഫണ്ടുപയോഗിച്ച് താഴെപ്പറയുന്ന ബോധവത്ക്കരണ പരിപാടികൾ നടത്തിവരുന്നു.

റോഡുസുരക്ഷാ വാരാചരണം, എഫ്.എം., ഓൾ ഇന്ത്യ റേഡിയോകളിലൂടെയുള്ള റോഡുസുരക്ഷാ സന്ദേശങ്ങളുടെ പ്രചരണം, റോഡുസുരക്ഷാ സന്ദേശങ്ങൾ ഉൾക്കൊള്ളുന്ന കലാപരിപാടികളുടെ പ്രദർശനം, ഡ്രൈവർമാർക്കും ഡ്രൈവിംഗ് സ്കൂളുകൾക്കും നൽകുന്ന അവബോധ ക്ലാസ്സുകൾ, അച്ചടി-ഇലക്ട്രോണിക് മാധ്യമങ്ങളിലൂടെയുള്ള പ്രചാരണപരിപാടികൾ തുടങ്ങിയ റോഡുസുരക്ഷാ അവബോധം സൃഷ്ടിക്കുന്ന പരിപാടികളും നടത്തിവരുന്നു.

(8) <u>ഓപ്പറേഷൻ റെയിൻബോ</u>

മഴക്കാലത്ത് സംഭവിക്കുന്ന റോഡപകടങ്ങൾ ഒഴിവാക്കാനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനുള്ള പ്രചാരണ പരിപാടിയാണ് 'ഓപ്പറേഷൻ റെയിൻബോ'. പൊതുജനതാൽപ്പര്യാർത്ഥം മഴക്കാലത്ത് റോഡപകടം കുറയ്ക്കാൻ കേരള റോഡ് സുരക്ഷാ അതോറിറ്റി നൽകുന്ന സന്ദേശങ്ങൾ അച്ചടി, ശ്രവണ മാധ്യമങ്ങൾ വഴി നൽകിവരുന്നു. കാൽനട/സൈക്കിൾ യാത്രക്കാർ, ഇരുചക്ര വാഹനക്കാർ, ഓട്ടോ, കാർ/മറ്റ് സ്വകാര്യ വാഹനയാത്രക്കാർ എന്നിവർ മഴക്കാലത്ത് പാലിക്കേണ്ട നിർദ്ദേശങ്ങൾ അടങ്ങിയ മാർഗ്ഗരേഖയാണിത്.

(9) <u>റോഡ് സുരക്ഷാ വാരാചരണം</u>

റോഡപകടങ്ങൾ കുറയ്ക്കുന്നതിനും ട്രാഫിക് നിയമലംഘനങ്ങൾ തടയുന്നതിനും ഉതകുന്ന കർശന വാഹന പരിശോധന, ബോധവൽക്കരണ പരിപാടികൾ, ഡ്രൈവർമാർക്കുള്ള അവബോധ/പരിശീലന പരിപാടികൾ, കാഴ്ച മറയ്ക്കുന്നതരത്തിലുള്ള റോഡിനരികിലെ വൃക്ഷശിഖരങ്ങൾ, സുഗമമായ യാത്രയ്ക്ക് വിഘാതം നിൽക്കുന്ന ബോർഡുകൾ/ഫ്ളക്സുകൾ/ഹോർഡിംഗുകൾ എന്നിവ നീക്കം ചെയ്യൽ തുടങ്ങിയ പ്രവർത്തിയും നടത്തിവരുന്നു.

(10) <u>മറ്റ് റോഡ് സുരക്ഷാ പ്രവർത്തനങ്ങൾ</u>

വിവിധ ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകളുടെ അഭ്യർത്ഥന പ്രകാരം പെഡസ്ട്രിയൻ ക്രോസിംഗ്, ബസ്ബേകൾ, സീബ്രാ ക്രോസിംഗുകൾ, മുന്നറിയിപ്പ് ബ്ലിങ്കറുകൾ, സിഗ്നൽലൈറ്റുകൾ, സൈൻ ബോർഡുകൾ, ഫുട്പാത്ത് ഹാൻഡ് റെയിൽ മുതലായ റോഡ് സുരക്ഷാ ഫണ്ട് നൽകി വരുന്നു.

അപകടസാദ്ധ്യതാമേഖലകളിൽ കേരള റോഡ് സുരക്ഷാ അതോറിറ്റി, പോലീസ്, മോട്ടോർ വാഹന വകുപ്പ് ഓണിംഗ് ഏജൻസികളായ പൊതുമരാമത്ത് (റോഡ്സ്) പൊതുമരാമത്ത് (ദേശീയപാത) എന്നിവർ സംയുക്തമായി പരിശോധനകൾ നടത്തി അപാകതകൾ കണ്ടെത്തി നടപടികൾ സ്വീകരിക്കാറുണ്ട്.

റോഡുസുരക്ഷാ ബോധവത്ക്കരണ ക്ലാസുകൾ നടത്തിവരുന്നു. സംസ്ഥാനത്തുടനീളം പലതരത്തിലുള്ള സ്പെഷ്യൽ ഡ്രൈവുകൾ നടത്തി ഗതാഗത നിയമലംഘനം പരമാവധി കുറയ്ക്കുന്നതിനും തന്മൂലം റോഡപകടങ്ങൾ നിയന്ത്രിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു.

കൂടാതെ, കേരളത്തിലെ എല്ലാ റോഡുകളും എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥർക്കും റോഡുസുരക്ഷ ഉദ്യോഗസ്ഥർക്കും ബ്ലാക്ക് സ്പോട്ട് അടിസ്ഥാനമാക്കി വീതിച്ചു നൽകിയിട്ടുള്ളതും അവരവരുടെ ടെറിട്ടറിയിൽ

എത്ര ശതമാനം അപകടങ്ങൾ കുറച്ചുകൊണ്ടുവരാൻ സാധിച്ചുവെന്നത് പ്രവർത്തനമികവ് വിലയിരുത്തുന്നതിനുള്ള സൂചികയായി പരിഗണിക്കപ്പെടുന്നതാണ്. സമാന നിർദ്ദേശങ്ങൾ ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുള്ളതും അപകടങ്ങളുടെ വിശകലനം സമയാസമയം വിലയിരുത്തുകയും ചെയ്യുന്നുണ്ട്.

## റോഡുകളിൽ അനുവദനീയമായ പരമാവധി വേഗം

190 (3550) ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ റോഡുകളിൽ അനുവദനീയമായ പരമാവധി വേഗത യാത്രക്കാർക്ക് കാണത്തക്കവിധത്തിൽ പ്രദർശിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

സ്പീഡ് ഡിറ്റക്ഷൻ ക്യാമറകൾ സ്ഥാപിച്ചിട്ടുള്ള എല്ലാ പ്രദേശങ്ങളിലും വാഹനങ്ങളുടെ വേഗത സംബന്ധിച്ച മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ദേശീയപാതകൾ, സംസ്ഥാന പാതകൾ, ജില്ലാ റോഡുകൾ എന്നിവയിൽ വാഹനങ്ങൾക്ക് അനുവദനീയമായ പരമാവധി വേഗത എത്രയാണെന്ന് അറിയിക്കാമോ?

വിവിധ വിഭാഗങ്ങളിൽപ്പെടുന്ന റോഡുകളിൽ ഓരോതരം വാഹനത്തിനും അനുവദനീയമായ പരമാവധി വേഗത സംബന്ധിച്ച്, 28-02-2014-ലെ സ.ഉ.(പി)നം.20/2014/ട്രാൻ. പ്രകാരം സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ വിജ്ഞാപനത്തിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.+

<u>നിലമ്പൂർ ഡിപ്പോയിലെ ഡ്രൈവർമാരുടെ എണ്ണം</u>

191(3551) <u>ശ്രീ. പി. വി. അൻവർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ കെ.എസ്.ആർ.ടി.സി.-യിൽ നിന്നും എത്ര സ്ഥിരം ഡ്രൈവർമാരാണ് വിരമിച്ചതെന്നും എത്ര ഡ്രൈവർമാർക്ക് പുതുതായി സ്ഥിര നിയമനം നൽകിയെന്നുമുള്ള കണക്കുകൾ വർഷം തിരിച്ച് ലഭ്യമാക്കാമോ; വിശദാംശങ്ങൾ അറിയിക്കാമോ?

<u>വിരമിച്ചവർ</u>

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

01-1-2016 മുതൽ 31-3-2016 വരെ - 169

2016 -2017 - 539

2017-2018 - 687

2018-2019 - 609

2019-2020 - 502

2020-2021 - 517

2021-2022 - 471

1-4-2022 മുതൽ 30-6-2022 വരെ - 347

<u>സ്ഥിരം നിയമനം നൽകിയവർ</u>

2016 - 297

2017- 61

2018- Nil

2019 - 1

(ബി) സംസ്ഥാനത്ത് നിലവിൽ എത്ര കെ.എസ്.ആർ.ടി.സി. ഡ്രൈവർമാരാണ് ആകെയുള്ളതെന്ന് അറിയിക്കാമോ; ഇതിൽ സ്ഥിരം നിയമനം, താൽക്കാലിക നിയമനം, എം-പാനൽ എന്നിവ സംബന്ധിച്ച് ഇനം തിരിച്ചും ജില്ല തിരിച്ചും വിവരങ്ങൾ നൽകാമോ?

നിലവിൽ 9,489 ഡ്രൈവർ വിഭാഗം സ്ഥിരം ജീവനക്കാരുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

TVM - 2259
KLM - 980
PTA - 445
ALP - 644
KTM - 735
IDK - 419
EKM - 1007
TSR - 516
PLK - 414
MLP - 315
KKD - 524
WND - 460
KNR - 487
KGD - 284

താൽക്കാലികം, എംപാനൽ ജീവനക്കാരില്ല.

(സി) സംസ്ഥാനത്ത് കെ.എസ്.ആർ.ടി.സി.-യിൽ എത്ര ഡ്രൈവർമാരുടെ കുറവാണുള്ളതെന്ന് ജില്ല തിരിച്ച് അറിയിക്കാമോ?

പ്രൊഫ. സുശീൽഖന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ എണ്ണം ദേശീയ ശരാശരിയെക്കാൾ

കൂടുതലായതിനാൽ ആയത് ക്രമീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്.

(ഡി) മലപ്പുറം ജില്ലയിലെ നിലമ്പൂർ ഡിപ്പോയിൽ എത്ര ഡ്രൈവർമാരുടെ കുറവുണ്ടെന്നും 2019-ലെ കോവിഡ് വ്യാപനത്തിനുമുമ്പ് എത്ര ഡ്രൈവർമാർ പ്രസ്തുത ഡിപ്പോയിൽ ഉണ്ടായിരുന്നുവെന്നും അറിയിക്കാമോ?

2019-ലെ കോവിഡ് വ്യാപനത്തിനുമുമ്പ് 110 ഡ്രൈവർമാരുണ്ടായിരുന്നു. നിലവിൽ 27 ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യുന്നതിനാവശ്യമായ ഡ്രൈവർമാരുണ്ട്.

(ഇ) ഡ്രൈവർമാരുടെ കുറവ് വരാനുണ്ടായ സാഹചര്യം വിശദമാക്കാമോ; നിലമ്പൂർ ഡിപ്പോയിലെ ഡ്രൈവർമാരെ ജില്ലയിലെ മറ്റേതെങ്കിലും ഡിപ്പോകളിലേയ്ക്ക് മാറ്റി ക്രമീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ?

കോവിഡ് വ്യാപനത്തിനുമുമ്പ് നിലമ്പൂർ യൂണിറ്റിൽ 39 ഷെഡ്യൂളുകളുണ്ടായിരുന്നു. നിലവിൽ 27 ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യുന്നതിനാവശ്യമായ ഡ്രൈവർമാരുണ്ട്.

ഡ്രൈവർ വിഭാഗം ജീവനക്കാരെ ജില്ലയിലെ മറ്റ് യൂണിറ്റുകളിൽ മാറ്റി നിയമിച്ചിട്ടില്ല.

(എഫ്) നിലമ്പൂർ മണ്ഡലത്തിലെ മലയോര പ്രദേശങ്ങളായ എരുമമുണ്ട, പാലാങ്കര, തേൾപ്പാറ, മുണ്ടേരി തുടങ്ങിയ പ്രദേശങ്ങളിലേയ്ക്കുള്ള സർവ്വീസുകൾ കോവിഡ് കഴിഞ്ഞിട്ടും പുനരാരംഭിക്കാത്തതിന്റെ കാരണം വിശദമാക്കാമോ; ഈ റൂട്ടുകളിലേയ്ക്കുള്ള സർവ്വീസ് എന്ന് പുനരാരംഭിക്കാനാകുമെന്ന് അറിയിക്കാമോ?

നിർത്തലാക്കിയ സർവ്വീസുകളുടെ ലാഭകരമായതും ജനങ്ങൾക്ക് ഉപകാരപ്രദമായ ട്രിപ്പുകൾ പുനഃക്രമീകരിച്ച് മറ്റ് സർവ്വീസുകളിൽ ഉൾപ്പെടുത്തിയിട്ടുമുണ്ട്. കൂടുതൽ സർവ്വീസുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് 'ഗ്രാമവണ്ടി' പദ്ധതിയിൽ ഉൾപ്പെടുത്തി ഓപ്പറേറ്റ് ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. ഇത്തരത്തിൽ പുതിയ സർവ്വീസുകൾ ജനോപകാരപ്രദമായി ആരംഭിക്കുന്നതിനും പദ്ധതി നടപ്പാക്കിവരുന്നു. ഇത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ഡീസൽ തുക മാത്രം ലഭ്യമാക്കിയാൽ എത്രയുംവേഗം ആരംഭിക്കുവാൻ കഴിയും.

## കെ.എസ്.ആർ.ടി.സി. നേരിടുന്ന പ്രതിസന്ധി

192(3552) ശ്രീ. അൻവർ സാദത്ത്:
ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. നേരിടുന്ന ഗുരുതരമായ പ്രതിസന്ധി ഗൗരവത്തോടെ കാണുന്നുണ്ടോ; കെ.എസ്.ആർ.ടി.സി.-യിൽ നിലവിൽ ശമ്പളം നൽകാൻ പ്രതിമാസം എത്ര രൂപ ആവശ്യമാണ്; 2022 മേയ് മാസത്തിൽ മുഴുവൻ ജീവനക്കാർക്കും ശമ്പളം നൽകിയത് ഏത് ദിവസമാണ്; വ്യക്തമാക്കാമോ?

ഉണ്ട്.

27,000-ത്തോളം വരുന്ന ജീവനക്കാരുടെ മൊത്ത ശമ്പളം വിതരണം ചെയ്യുന്നതിനായി ഏകദേശം 95 കോടി രൂപ ആവശ്യമായി വരും. കടുത്ത സാമ്പത്തികപ്രതിസന്ധി നിമിത്തം സർക്കാരിൽ നിന്നും സാമ്പത്തിക സഹായമായി അനുവദിച്ച 30 കോടി രൂപ ഉപയോഗപ്പെടുത്തി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ നിന്ന് ലഭ്യമാക്കിയിരുന്ന 50 കോടി രൂപയുടെ ഓവർഡ്രാഫ്റ്റ് വായ്പാ കുടിശ്ശിക പൂർണ്ണമായും ഒടുക്കി വീണ്ടും

പുതുക്കിയെടുത്താണ് മേയ് മാസത്തെ ഡ്രൈവർ, കണ്ടക്ടർ വിഭാഗം ജീവനക്കാരുടെ ശമ്പളം ജൂൺ 17-ഓടെ വിതരണം ചെയ്തത്. ദൈനംദിന വരുമാനത്തിൽ നിന്നും മിച്ചം പിടിച്ചും ഇന്ധന കമ്പനികൾക്ക് നൽകാനുള്ള തുകയിൽ കുറവുവരുത്തിയും സമാഹരിച്ച തുക വിനിയോഗിച്ച് മിനിസ്റ്റീരിയൽ ഉൾപ്പെടെയുള്ള മറ്റൊരു വിഭാഗം ജീവനക്കാർക്ക് ജൂൺ 27-ാം തീയതിയോടെ അടുത്ത ഘട്ട ശമ്പള വിതരണം നടത്തുകയുണ്ടായി. 28-6-2022-ൽ മിച്ചമുള്ള ജീവനക്കാരുടെ ശമ്പള വിതരണത്തിനായി കേരള ട്രാൻസ്പോർട്ട് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷനിൽ നിന്നും 10 കോടി രൂപ അടിയന്തരവായ്പ ആവശ്യപ്പെട്ടെങ്കിലും ലഭ്യമാകാത്തതിനെത്തുടർന്ന് പ്രതിദിന കൺസോർഷ്യം വായ്പാ തിരിച്ചടവ്, ഇന്ധന കമ്പനികൾക്ക് നൽകാനുള്ള തുക എന്നിവ പൂർണ്ണമായും നിർത്തിവച്ചുകൊണ്ട് സ്വരുക്കൂട്ടിയ തുക ഉപയോഗിച്ച് ജൂൺ 30 മുതൽ ജൂലൈ 2 വരെയുള്ള വിവിധ ഘട്ടങ്ങളിലായി എല്ലാ വിഭാഗം ജീവനക്കാർക്കും മേയ് മാസത്തെ നെറ്റ് ശമ്പളമായ 79.71 കോടി രൂപ നൽകി, ശമ്പള വിതരണ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി.-യിൽ 2022 മേയ് മാസത്തിൽ വിതരണം ചെയ്ത ശമ്പളം പ്രകാരം പ്രതിമാസം ശമ്പളത്തിനായി 94.54 കോടി രൂപ

ആവശ്യമാണ്. 2022 മേയ് മാസത്തിൽ ജീവനക്കാർക്ക് ശമ്പളം വിതരണം നടത്തിയത് വിവിധ തീയതികളിലാണ്. 17-6-2022-ന് ആരംഭിച്ച ശമ്പള വിതരണം മുഴുവൻ ജീവനക്കാർക്കും നൽകി പൂർത്തീകരിച്ചത് 02-07-2022-നാണ്.

(ബി) പ്രതിമാസ ശമ്പളം നൽകാനുള്ളതിൽ കൂടുതൽ തുക മേയ് മാസത്തിൽ കെ.എസ്.ആർ.ടി.സി.-ക്ക് വരുമാനം ഉണ്ടായിരുന്നിട്ടും എന്തുകൊണ്ട് ജീവനക്കാരുടെ ശമ്പളം കൃത്യസമയത്ത് നൽകിയില്ലെന്നത് വ്യക്തമാക്കാമോ?

2022 മേയ് മാസത്തെ ആകെ ടിക്കറ്റ്/ടിക്കറ്റിതര വരുമാനം 192.67 കോടി രൂപയാണ്. ടി മാസത്തെ ജീവനക്കാരുടെ ശമ്പളം, ഡീസൽ, കൺസോർഷ്യം വായ്പാ തിരിച്ചടവ് എന്നിവ ഉൾപ്പെടെ ആകെ ചെലവുകൾക്കായി 289 കോടി രൂപ വേണ്ടിവന്നു. വരവും, ചെലവും തമ്മിലുള്ള ഈ അന്തരം നിമിത്തം സർക്കാരിൽ നിന്നും ലഭ്യമായ 30 കോടി രൂപ ഉപയോഗിച്ച്, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ നിന്നും നിലവിലുണ്ടായിരുന്ന ഓവർഡ്രാഫ്റ്റ് വായ്പാ കുടിശ്ശിക പൂർണ്ണമായും ഒടുക്കുകയും, വീണ്ടും ടി ഓവർഡ്രാഫ്റ്റ് വായ്പ പുതുക്കി ലഭ്യമാക്കിയ 50 കോടി രൂപ വിനിയോഗിച്ച് ഡ്രൈവർ/കണ്ടക്ടർ വിഭാഗം ജീവനക്കാരുടെ ശമ്പളം

ജൂൺ 17-ഓടെ വിതരണം ചെയ്യുകയും ചെയ്തു. തുടർന്ന് ദൈനംദിന വരുമാനത്തിൽ നിന്നും മിച്ചം പിടിച്ചും, ഇന്ധന കമ്പനികൾക്ക് നൽകുവാനുള്ള വിഹിതത്തിൽ കുറവ് വരുത്തിയും, തുക സമാഹരിച്ച് ജൂൺ 27-ഓടെ മിനിസ്റ്റീരിയൽ വിഭാഗത്തിനും, കൺസോർഷ്യം വായ്പാ തിരിച്ചടവ്, ഇന്ധന കമ്പനികളുടെ വിഹിതം എന്നിവ പൂർണ്ണമായും നിർത്തിവച്ച് കണ്ടെത്തിയ പണം ഉപയോഗിച്ച് മെക്കാനിക്കൽ, ഹയർ ഡിവിഷൻ ഉൾപ്പെടെ ജൂലൈ 2-ഓടെയാണ് ജീവനക്കാരുടെ മേയ് മാസത്തെ ശമ്പള വിതരണം പൂർത്തീകരിച്ചത്.

(സി) സ്വിഫ്റ്റ് കമ്പനിയുടെ ബസ്സുകൾ ഓടിക്കുന്നത് കെ.എസ്.ആർ.ടി.സി. ബസ്സുകൾ നിലവിൽ ഓടിക്കുന്ന റൂട്ടുകളിൽ ആണോ; ആയതിന്റെ വരുമാനം കെ.എസ്.ആർ.ടി.സി.-യുടെ അക്കൗണ്ടിലാണോ ഉൾക്കൊള്ളിക്കുന്നത്; സ്വിഫ്റ്റ് കമ്പനിയിലെ മെയ് മാസത്തെ ശമ്പളം ഏത് ദിവസമാണ് നൽകിയത്?

സ്വിഫ്റ്റ് കമ്പനിയുടെ ബസ്സുകൾ ഓടിക്കുന്നത് കെ.എസ്.ആർ.ടി.സി. ബസ്സുകൾ നിലവിൽ ഓടിച്ചുകൊണ്ടിരുന്ന റൂട്ടുകളിൽ മാത്രമല്ല പുതിയ റൂട്ടുകളിലും സ്വിഫ്റ്റ് കമ്പനിയുടെ ബസ്സുകൾ ഓടിക്കുന്നുണ്ട്.

കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് ബസ്സുകൾ ഉപയോഗിച്ച് ലഭ്യമാകുന്ന വരുമാനം പൂർണ്ണമായും എഫ്.എ. & സി.എ.ഒ., കെ.എസ്.ആർ.ടി.സി.-യുടെ അക്കൗണ്ടിൽ തന്നെയാണ് ഒടുക്കുന്നത്.

കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റിൽ ഡ്രൈവർ കം-കണ്ടക്ടർ തസ്തികയിൽ നിയമിതരായവർക്ക് മേയ് മാസത്തിൽ പത്തു ദിവസത്തെ ശമ്പളം വീതം 20-05-2022, 08-06-2022, 14-06-2022 എന്നീ തീയതികളിലാണ് വിതരണം ചെയ്തത്.

(ഡി) കെ.എസ്.ആർ.ടി.സി.-യിലെ ഏതെങ്കിലും സ്ഥിരം ജീവനക്കാരെ സ്വിഫ്റ്റിൽ നിയോഗിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവർക്ക് ശമ്പളം നൽകുന്നത് സ്വിഫ്റ്റ് ആണോ; വ്യക്തമാക്കാമോ?

കെ.എസ്.ആർ.ടി.സി.-യിൽ നിന്ന് സ്വിഫ്റ്റിൽ ഡെപ്യൂട്ടി ജനറൽ മാനേജർ (ടെക്നിക്കൽ) തസ്തികയിൽ ഒരു ജീവനക്കാരനെ OPEN ADVT വഴി നിയമിച്ചിട്ടുണ്ട്. ടിയാന് കെ.എസ്.ആർ.ടി.സി.-യിൽ നിന്ന് ലഭിക്കേണ്ട ശമ്പള തുക നിലവിൽ കെ.എസ്.ആർ.ടി.സി.-യിൽ നിന്നും നൽകുന്നു. സ്വിഫ്റ്റിൽ നിന്നും ലഭിക്കേണ്ട ആകെ തുകയിൽ നിന്ന് കെ.എസ്.ആർ.ടി.സി.-യിൽ നിന്നും ലഭിക്കുന്ന തുക കുറവ് ചെയ്ത് ബാക്കി തുക സ്വിഫ്റ്റിൽ നിന്നും നൽകിവരുന്നു.

വർക്ക് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ പ്രവർത്തിക്കുന്നവർക്ക് കെ.എസ്.ആർ.ടി.സി.-യിൽ നിന്നും ശമ്പളം നൽകിവരുന്നു. ഈ ചെലവുകൾ പിന്നീട് reconcile ചെയ്യുന്നതായിരിക്കും.

(ഇ) പൊതു ഗതാഗത സംവിധാനമായ കെ.എസ്.ആർ.ടി.സി. നേരിടുന്ന പ്രതിസന്ധി പരിഹരിക്കാൻ സർക്കാർ ഒരു പാക്കേജ് പ്രഖ്യാപിക്കാൻ തയ്യാറാകുമോ; വ്യക്തമാക്കുമോ?

KSRTC നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിനായി സർക്കാർ പാക്കേജ് ഉൾപ്പെടെയുള്ള പദ്ധതികൾ ആവിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

<u>കെ.എസ്.ആർ.ടി.സി.-യുടെ ടിക്കറ്റിതര വരുമാനം</u>

193(3553) <u>ശ്രീ. എ. സി. മൊയ്തീൻ</u>: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെ.എസ്.ആർ.ടി.സി.-യുടെ ടിക്കറ്റ് ഇതര വരുമാനം ഏതെല്ലാം മേഖലകളിൽ നിന്നാണ്; തരംതിരിച്ച് വ്യക്തമാക്കാമോ?

കെ.എസ്.ആർ.ടി.സി.-യുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിലും ഷോപ്പിംഗ് കോംപ്ലക്സുകളിലും കച്ചവടസ്ഥാപനങ്ങൾ

പ്രവർത്തിപ്പിക്കുന്നതിലൂടെയും ബസ്സ്റ്റേഷൻ പരസ്യം, മൊബൈൽ ടവർ മുതലായവയിൽ നിന്നും ടിക്കറ്റിതര വരുമാനം ലഭിച്ചുവരുന്നു.

നൂതന വരുമാന മാർഗ്ഗങ്ങളിലൂടെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശങ്ങൾ ഇപ്രകാരമാണ്:

കെ.എസ്.ആർ.ടി.സി.-യുടെ സർവ്വീസ് ഓപ്പറേഷന് ഉപയോഗ യോഗ്യമല്ലാത്ത ബസുകളെ രൂപ മാറ്റം വരുത്തി സ്റ്റാളുകളാക്കി മാറ്റി വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പദ്ധതി രൂപീകരിക്കുകയും മിൽമ, കുടുംബശ്രീ, ഹോർട്ടികോർപ്പ്, കെ.ടി.ഡി.സി., DAPCOS, Scheduled Tribes Development Department എന്നീ സ്ഥാപനങ്ങൾ പ്രവർത്തിപ്പിക്കുന്നതിന് ലൈസൻസ് അനുവദിച്ചിട്ടുള്ളതും പ്രവർത്തനം ആരംഭിക്കുന്നതിന് അനുമതിയും നൽകിയിട്ടുണ്ട്. വ്യക്തികൾ, സ്ഥാപനങ്ങൾ എന്നിവർക്ക് പരസ്യലേലം ടെണ്ടർ നടപടിയിലൂടെ ലൈസൻസ് അനുവദിച്ച് നൽകുന്നതിനുള്ള ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു.

മൂന്നാറിൽ 'സ്ലീപർ ഇൻ ബസ്' എന്ന പദ്ധതി പ്രകാരം യാത്രക്കാരായ പൊതുജനങ്ങൾക്ക് കുറഞ്ഞ ചെലവിൽ താമസസൗകര്യമൊരുക്കി വരുമാനം കണ്ടെത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

ദീർഘകാലാടിസ്ഥാനത്തിൽ ഷോപ്പിംഗ് കോംപ്ലക്സുകൾ, കെ.എസ്.ആർ.ടി.സി.-യുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങൾ എന്നിവ പാട്ടത്തിന് (പൊതുമേഖല കെ.എസ്.ആർ.ടി.സി. സംയുക്ത സംരംഭം) നൽകി ടിക്കറ്റിതര വരുമാനത്തിൽ വൻവർദ്ധനവ് വരുത്തുന്നതിനും നിലവിൽ പണി പൂർത്തീകരിച്ച വാണിജ്യ സമുച്ചയങ്ങൾ/പണി പൂർത്തീകരിക്കേണ്ടവ എന്നിവയിലെ കടമുറികൾ ലേലം/ടെണ്ടർ വഴി അനുവദിക്കുന്നതിനും അതിലൂടെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചുവരുന്നു.

ബസിനുള്ളിൽ ഡിജിറ്റൽ ഡിസ്പ്ലേ മുഖേന പരസ്യം പ്രദർശിപ്പിച്ചും ബസ്സ്റ്റേഷനുകളിൽ പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം, എല്ലാ ബസ്സ്റ്റേഷനുകളിലും ഹോർഡിംഗ്സ്, ബസുകളിൽ പരസ്യം, ഇലക്ട്രോണിക് ബോർഡുകൾ എന്നിവ സ്ഥാപിച്ചും ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുവാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. കൂടാതെ കെ.എസ്.ആർ.ടി.സി.-യുടെ വരുമാന സ്രോതസ്സുകൾ ശരിയായി മാർക്കറ്റ് ചെയ്യുന്നതിനായി ഒരു മാർക്കറ്റിംങ് വിംഗ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

ബസുകളിൽ പരസ്യം പതിപ്പിക്കൽ, ബസ്സുകൾ വാടകയ്ക്ക് നൽകൽ, യൂണിറ്റുകളിലെ സ്ഥലങ്ങളും കടമുറികളും കച്ചവട സംബന്ധമായ

ആവശ്യങ്ങൾക്ക് വാടകയ്ക്കുനൽകൽ തുടങ്ങിയ പ്രവൃത്തികളിലൂടെ ടിക്കറ്റിതര വരുമാനം ലഭ്യമാകുന്നുണ്ട്.

കെ.എസ്.ആർ.ടി.സി.-യുടെ മാത്രം ഉപയോഗത്തിനായി സ്ഥാപിച്ചിട്ടുള്ള കൺസ്യൂമർ പമ്പുകളെ പൊതുജനങ്ങൾക്കുകൂടി പ്രയോജനപ്പെടുന്ന രീതിയിൽ റീട്ടെയിൽ ഫ്യൂവൽ ഔട്ട്ലെറ്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കുകയും ആദ്യഘട്ടത്തിൽ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി 8 ഔട്ട്ലെറ്റുകൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി 2021 നവംബർ 1 മുതൽ ബഡ്ജറ്റ് ടൂറിസം സെൽ രൂപീകരിക്കുകയും ടൂറിസം പദ്ധതികൾ നടപ്പിലാക്കി വരികയും ചെയ്യുന്നു.

<u>പൊതുമേഖലാ എണ്ണക്കമ്പനികൾ ഈടാക്കുന്ന അധിക വില</u>

194(3554) <u>ശ്രീമതി കാനത്തിൽ ജമീല</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര പൊതുമേഖലാ എണ്ണക്കമ്പനികൾ കെ.എസ്.ആർ.ടി.സി.-യിൽ നിന്നും ഈടാക്കുന്ന അധികവിലയുമായി ബന്ധപ്പെട്ട വിഷയം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് അനുകൂല സമീപനം കേന്ദ്ര സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടുണ്ടോ; വിശദമാക്കാമോ?

(എ&ബി) ശ്രദ്ധയിൽപ്പെടുത്തിയിട്ടില്ല. എന്നാൽ അധികവില ഈടാക്കുന്നത് ഒഴിവാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് കേന്ദ്ര പൊതുമേഖലാ എണ്ണ കമ്പനികളെ സമീപിച്ചിരുന്നു. ഇതിൽ അനുകൂല നിലപാട് ലഭ്യമാകാത്ത സാഹചര്യത്തിൽ പൊതുമേഖലാ എണ്ണകമ്പനികൾക്ക് എതിരെ ബഹുമാനപ്പെട്ട കേരളാ ഹൈക്കോടതിയിൽ ഹർജി (WP(C) No.9414 of 2022 (B)) സമർപ്പിക്കുകയും അതിൻപ്രകാരം കെ.എസ്.ആർ.ടി.സി.-യ്ക്ക് വിപണി വിലയ്ക്ക് ഇന്ധനം നൽകണമെന്ന് ഒരു ഇടക്കാല വിധി നേടുകയും ചെയ്തിരുന്നു. ഈ ഇടക്കാല വിധിക്കെതിരെ പൊതുമേഖലാ എണ്ണക്കമ്പനികൾ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ അപ്പീൽ സമർപ്പിച്ചപ്പോൾ ഡിവിഷൻ ബെഞ്ച് ഇടക്കാല ഉത്തരവ് റദ്ദ് ചെയ്ത് Arbitration-ന് വിടുകയുണ്ടായി. ഇതിനെതിരെ ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ കെ..എസ്.ആർ.ടി.സി. ഫയൽ ചെയ്ത അപ്പീലിൽ Arbitration-ന് വിടുന്ന തീരുമാനം മരവിപ്പിച്ചിരിക്കുകയാണ്.

## കെ.എസ്.ആർ.ടി.സി.-യിൽ ആശ്വാസ ധനസഹായം അനുവദിക്കുന്നത്

195(3555) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 31-08-2016-ലെ സർക്കാർ ഉത്തരവ് (അച്ചടി) നം.126/2016/ധന. പ്രകാരം ദേശീയ പെൻഷൻ പദ്ധതിയിൽ അംഗമായിരിക്കെ മരണമടയുന്ന ജീവനക്കാരുടെ ആശ്രിതർക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതുവരെ ആശ്വാസ ധനസഹായം ലഭ്യമാക്കുന്ന പദ്ധതി കെ.എസ്.ആർ.ടി.സി.-യിൽ നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ നാളിതുവരെ പ്രസ്തുത പദ്ധതി പ്രകാരം എത്രപേർക്ക് ആശ്വാസ ധനസഹായം അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

ദേശീയ പെൻഷൻ പദ്ധതിയിൽ അംഗമായിരിക്കെ മരണമടയുന്ന ജീവനക്കാരുടെ ആശ്രിതർക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതുവരെ ആശ്വാസ ധനസഹായം ലഭ്യമാക്കുന്ന പദ്ധതി കടുത്ത സാമ്പത്തികപ്രതിസന്ധി നിമിത്തം കെ.എസ്.ആർ.ടി.സി.-യിൽ ഇതുവരെയും നടപ്പിലാക്കിയിട്ടില്ല. ഇതിനാൽത്തന്നെ ടി വകയിൽ

ആർക്കുംതന്നെ നാളിതുവരെയും യാതൊരുവിധ ധനസഹായവും അനുവദിച്ചിട്ടുമില്ല.

(ബി) എറണാകുളം കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ വനിതാകണ്ടക്ടറായി സേവനമനുഷ്ഠിച്ചുവരവെ 18-08-2016-ന് മരണപ്പെട്ട ശ്രീമതി ഡോമി ബിയർളിയുടെ മൈനറായ കുഞ്ഞുങ്ങൾക്ക് ആശ്വാസ ധനസാഹായം ലഭ്യമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയത് നൽകാത്തതിന്റെ കാരണങ്ങൾ വിശദമാക്കാമോ; പ്രസ്തുത ആശ്വാസ ധനസഹായം എന്നത്തേയ്ക്ക് കുട്ടികൾക്ക് നൽകാൻ സാധിക്കുമെന്നറിയിക്കാമോ?

ദേശീയ പെൻഷൻ പദ്ധതിയിൽ അംഗമായിരിക്കെ മരണമടയുന്ന ജീവനക്കാരുടെ ആശ്രിതർക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതുവരെ നൽകുന്ന ആശ്വാസ ധനസഹായം എറണാകുളം കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ വനിതാ കണ്ടക്ടറായി സേവനം അനുഷ്ഠിച്ചുവരവെ 18/8/2016-ന് മരണപ്പെട്ട ശ്രീമതി ഡോമി ബിയർളിയുടെ കുഞ്ഞുങ്ങൾക്ക് ലഭ്യമാക്കിയിട്ടില്ല. കടുത്ത സാമ്പത്തിക പ്രതിസന്ധി നിമിത്തം ടി പദ്ധതി നാളിതുവരെയും കോർപ്പറേഷനിൽ നടപ്പിലാക്കാത്തതിനാലാണ് പ്രസ്തുത ആശ്വാസ ധനസഹായം വിതരണം ചെയ്യാൻ സാധിക്കാത്തത്.

(സി) കെ.എസ്.ആർ.ടി.സി.-യിൽ ആശ്വാസ ധനസഹായം പദ്ധതി നാളിതുവരെ നടപ്പിലാക്കിയിട്ടില്ലെങ്കിൽ ആയതിനുള്ള കാരണം വ്യക്തമാക്കാമോ; പ്രസ്തുത പദ്ധതി അടിയന്തരമായി നടപ്പിലാക്കാൻ നടപടികൾ സ്വീകരിക്കുമോ?

കടുത്ത സാമ്പത്തിക പ്രതിസന്ധി നിമിത്തമാണ് ടി പദ്ധതി നാളിതുവരെയും കോർപ്പറേഷനിൽ നടപ്പിലാക്കാൻ സാധിക്കാത്തത്. സാമ്പത്തികസ്ഥിതി മെച്ചപ്പെടുന്നതനുസരിച്ച് പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## കുന്നത്തുനാട്ടിലെ പദ്ധതികൾ

196(3556) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കുന്നത്തുനാട് മണ്ഡലത്തിൽ ഗതാഗത വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ?

(എ&ബി) കുന്നത്തുനാട് മണ്ഡലത്തിൽ പുത്തൻകുരിശ് ചൂറ്റമാനൂരിൽ കമ്പ്യൂട്ടർവത്കൃത ടെസ്റ്റിംഗ് സ്റ്റേഷൻ, കമ്പ്യൂട്ടർവത്കൃത ഡ്രൈവിംഗ് ടെസ്റ്റിംഗ് ട്രാക്ക് എന്നിവയുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. ടി കേന്ദ്രം പ്രവർത്തനസജ്ജമാക്കുന്നതിലേയ്ക്കായി എഫ്.എം.എസ്. സേവനദാതാവിനെ ടെണ്ടർ ക്ഷണിച്ച് കണ്ടെത്തുന്നതിലേയ്ക്കായി കൺസൾട്ടന്റ് ആയ 'കിറ്റ്കോ'-യ്ക്ക് കത്ത് നൽകിയിട്ടുണ്ട്. എഫ്.എം.എസ്. സേവനദാതാവിനെ ലഭിക്കുന്നതോടെ ടി കേന്ദ്രം പ്രവർത്തിച്ച് തുടങ്ങുന്നതാണ്.

## ഭിന്നശേഷിക്കാർക്ക് യാത്രാ കൺസിഷൻ

197(3557) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക്ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭിന്നശേഷിക്കാർക്ക് കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ യാത്രാ കൺസിഷൻ ലഭിക്കുന്നതിനുള്ള വരുമാനപരിധി എത്രയാണെന്ന് വ്യക്തമാക്കാമോ?

ഭിന്നശേഷിക്കാർക്ക് 15,000/- രൂപയാണ് പാസ്സിനുള്ള വരുമാനപരിധി.

(ബി) ഇപ്പോൾ നിലവിലുള്ള വരുമാനപരിധി നിശ്ചയിച്ചത് എപ്പോഴാണെന്ന് വ്യക്തമാക്കാമോ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

08-7-1992-ൽ ചേർന്ന യോഗതീരുമാനം (17469/L2/92/പൊ.മ.ഗ. തീയതി 14.7.1992) പ്രകാരമാണ് നിലവിലെ വരുമാനപരിധി നിശ്ചയിച്ചിരിക്കുന്നത്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു+.

(സി) നിശ്ചയിക്കപ്പെട്ട വരുമാനപരിധി കാലാനുസൃതമായി ഉയർത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

സൗജന്യ യാത്രാപാസ്സിനുള്ള വരുമാനപരിധി കാലോചിതമായി പരിഷ്കരിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

## കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ ശമ്പളം

198(3558) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് 2022 മേയ് മാസത്തെ ശമ്പളം കൊടുത്തിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ കാലതാമസത്തിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് 2022 മേയ് മാസത്തെ ശമ്പളം നൽകിയിട്ടുണ്ട്. കടുത്ത സാമ്പത്തികപ്രതിസന്ധി നിമിത്തം 2022 മേയ് മാസത്തെ ശമ്പളം ജൂൺ 17 മുതൽ ജൂലൈ 2 വരെയുള്ള തീയതികളിൽ വിവിധ ഘട്ടങ്ങളായാണ് പൂർണ്ണമായും വിതരണം ചെയ്തത്.

(ബി) മേയ് മാസത്തെ ശമ്പളത്തിനായി സർക്കാർ എത്ര രൂപ അനുവദിച്ചുവെന്ന് വ്യക്തമാക്കാമോ?

മേയ് മാസത്തെ ശമ്പളത്തിനായി സർക്കാർ 30 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(സി) ഡീസൽ വാങ്ങിയ വകയിൽ ഇന്ത്യൻ ഓയിൽ കോർപ്പറേഷന് പണം കൊടുക്കാനുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ എത്ര രൂപയുടെ കുടിശ്ശികയാണുള്ളതെന്ന് വിശദമാക്കാമോ?

ഡീസൽ വാങ്ങിയ വകയിൽ ഇൻഡ്യൻ ഓയിൽ കോർപ്പറേഷന് 122,44,82,924/- രൂപ കുടിശ്ശികയുണ്ട്.

<u>കെ.എസ്.ആർ.ടി.സി.-യിലെ പ്രതിസന്ധി</u>

199(3559) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ:</u>
<u>ശ്രീ. സി. ആർ. മഹേഷ്:</u>
<u>ശ്രീ. റോജി എം. ജോൺ:</u>

ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രണ്ടുവർഷത്തിനുള്ളിൽ കെ.എസ്.ആർ.ടി.സി.-യെ നഷ്ടത്തിൽ നിന്നും കരകയറ്റുമെന്ന മുൻസർക്കാരിന്റെ വാഗ്ദാനം പാലിക്കുന്നതിന് സാധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

വരവും ചെലവും തമ്മിലുള്ള അന്തരം കുറച്ച് സ്ഥാപനത്തെ സുസ്ഥിരപ്പെടുത്തുന്നതിന്റെ ഭാഗമായി പ്രൊഫ. സുശീൽ ഖന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ആർ.ടി.സി.-യുടെ സമ്പൂർണ്ണ പുനരുദ്ധാരണം നടപ്പിലാക്കിവരുന്നു. ഇത്തരത്തിൽ കെ.എസ്.ആർ.ടി.സി.-യുടെ ബസ് സർവ്വീസുകൾ പുനഃക്രമീകരിച്ചതുവഴി കോവിഡിന് മുന്നെ പ്രതിദിന വരുമാനം 6.30 കോടി രൂപയായി വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇതോടൊപ്പം സമ്പൂർണ്ണ പുനരുദ്ധാരണത്തിന്റെ ഭാഗമായി വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും കൂടിയ പലിശ നിരക്കിലും കുറഞ്ഞ തിരിച്ചടവ് കാലയളവിലും എടുത്തിരുന്ന വായ്പകൾ പൊതുമേഖലാ ബാങ്കുകളുടെ കൺസോർഷ്യം രൂപീകരിച്ച് ലാഭകരമായി പുനഃക്രമീകരിക്കുകയും ചെയ്യുകയുണ്ടായി.

ഇത്തരത്തിൽ പ്രതിദിന വരുമാനം വർദ്ധിപ്പിക്കുകയും വായ്പ തിരിച്ചടവ് ചെലവ് കുറക്കുകയും ചെയ്തതുവഴി ലഭ്യമായ തുക ഉപയോഗിച്ച് ജീവനക്കാർക്ക് കുടിശ്ശികയുണ്ടായിരുന്ന മെഡിക്കൽ റീ ഇംബേഴ്സ്മെന്റ്, പ്രോവിഡന്റ് ഫണ്ട് എന്നിവയുടെ ചെറിയ ഭാഗവും കുടിശ്ശിക ക്ഷാമബത്തയിൽ നിന്ന് ഒരു വിഹിതവും വിതരണം ചെയ്യാൻ കഴിയുന്ന സ്ഥിതിയിലേയ്ക്ക് കോർപ്പറേഷൻ എത്തുകയുണ്ടായി. എന്നാൽ ടി സാഹചര്യത്തിൽ രാജ്യമൊട്ടാകെ കോവിഡ് മഹാമാരി പടർന്നുപിടിക്കുകയും തുടർന്നുണ്ടായ ലോക്ക്ഡൗണുകൾ നിമിത്തം സർവ്വീസുകൾ ഒന്നും ഓപ്പറേറ്റ് ചെയ്യാൻ കഴിയാതെ കോർപ്പറേഷൻ കടുത്ത സാമ്പത്തിക പ്രതിസന്ധിയിലേയ്ക്ക് കൂപ്പുകുത്തുകയും ചെയ്തു. ഇതേത്തുടർന്ന് ജീവനക്കാരുടെ ശമ്പളം, പെൻഷൻ, കൺസോർഷ്യം വായ്പയുടെ തിരിച്ചടവ് എന്നിവയെല്ലാം 2020 മാർച്ച് മാസം മുതൽ 2021 സെപ്റ്റംബർ മാസം വരെ പൂർണ്ണമായും 2021 ഒക്ടോബർ മാസം മുതൽ നാളിതുവരെയും ഭാഗികമായും സർക്കാർ സഹായത്താലാണ് നടന്നുപോരുന്നത്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന് ഒരു വർഷം പിന്നിടുമ്പോൾ നഷ്ടത്തിൽനിന്നും കരകയറുന്നതിനോ ജീവനക്കാർക്ക് കൃത്യമായി മാസശമ്പളം നൽകുവാനോ കഴിയാത്ത അവസ്ഥയിൽ

കെ.എസ്.ആർ.ടി.സി. എത്തി നിൽക്കുന്നുവെന്നത് വസ്തുതയാണോ; വിശദമാക്കുമോ?

കെ.എസ്.ആർ.ടി.സി.-യുടെ സമ്പൂർണ്ണ പുനരുദ്ധാരണത്തോടനുബന്ധിച്ച് പ്രൊഫ. സുശീൽ ഖന്ന റിപ്പോർട്ടനുസരിച്ചുള്ള നടപടികൾ സ്വീകരിച്ച് സ്ഥാപനത്തെ ലാഭനഷ്ടങ്ങളില്ലാത്ത സന്തുലിതാവസ്ഥയിലേയ്ക്ക് നയിക്കുന്ന സാഹചര്യത്തിലാണ് രാജ്യമൊട്ടാകെ കോവിഡ് മഹാമാരി പടർന്നുപിടിച്ചത്. തുടർന്ന് കോവിഡ് മഹാമാരിയുടെ ഒന്നും രണ്ടും തരംഗങ്ങൾ ഏൽപ്പിച്ച കടുത്ത സാമ്പത്തികാഘാതത്തിനുശേഷം കോർപ്പറേഷൻ ഘട്ടംഘട്ടമായി കൂടുതൽ ബസ്സുകൾ നിരത്തിലിറക്കിയും യാത്രാ ഫ്യൂവൽസ്, ബസ് ഓൺ ഡിമാന്റ്, ഷോപ്പ് ഓൺ വീൽസ്, ടൂർ പാക്കേജ് എന്നിങ്ങനെ നിരവധി നൂതന പദ്ധതികളിലൂടെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിച്ചും കോർപ്പറേഷന്റെ പ്രതിദിന വരുമാനം ശരാശരി 6 കോടി രൂപയിൽ എത്തിക്കുകയുണ്ടായി. കോവിഡ് മഹാമാരിക്കുമുമ്പ് കൈവരിച്ചിരുന്ന പ്രതിദിന വരുമാനം ഏകദേശം ആർജ്ജിച്ച സാഹചര്യത്തിൽ ദീർഘനാളായി മുടങ്ങിക്കിടന്നിരുന്ന ജീവനക്കാരുടെ ശമ്പളപരിഷ്കരണം 2022 ജനുവരി മാസം മുതൽ നടപ്പിലാക്കുകയുണ്ടായി.

ഇതുവഴി പ്രതിമാസം ഏകദേശം 13.50 കോടി രൂപയുടെ അധിക ബാധ്യത സൃഷ്ടിക്കപ്പെട്ടു. ഇതിനുപുറമെ, ദിനംപ്രതി ഡീസൽ വിലയിലുണ്ടാകുന്ന അനിയന്ത്രിതമായ വർദ്ധനവും ഇന്ധന കമ്പനികൾ കെ.എസ്.ആർ.ടി.സി. ഉൾപ്പെടെയുള്ള ബൾക്ക് പർച്ചെയ്സർമാർക്ക് അനുവദിച്ചിരുന്ന ആനുകൂല്യങ്ങൾ അപ്പാടെ ഒഴിവാക്കിയതും നിമിത്തം കെ.എസ്.ആർ.ടി.സി. ഭാരിച്ച ബാദ്ധ്യതാഭാരം പേറുകയാണ്. ഇത്തരത്തിൽ ഡീസൽ വില വർദ്ധനവും ബൾക്ക് പർച്ചെയ്സർ വിഭാഗങ്ങൾക്ക് നൽകിയിരുന്ന ആനുകൂല്യങ്ങൾ നിഷേധിക്കുകയും ചെയ്തതുവഴി കോർപ്പറേഷന് ഭാരിച്ച സാമ്പത്തികബാദ്ധ്യതയാണ് വന്നുചേർന്നിരിക്കുന്നത്. പ്രതിദിനമുള്ള കൺസോർഷ്യം വായ്പയുടെ തിരിച്ചടവ് പുനരാരംഭിക്കുകയും ശമ്പള വിതരണത്തിനായി സർക്കാർ നൽകിയിരുന്ന പ്രതിമാസ സാമ്പത്തിക സഹായത്തിൽ കുറവുവരുത്തുകയും ചെയ്ത നടപടിയും കോർപ്പറേഷന്റെ സാമ്പത്തിക പ്രതിസന്ധിയുടെ ആക്കം കൂട്ടിയിട്ടുണ്ട്. മേൽപ്പറഞ്ഞ അധിക ചെലവുകൾക്കനുസൃതമായി വരുമാനം വർദ്ധിപ്പിക്കാൻ കഴിയാത്തതുനിമിത്തം ജീവനക്കാരുടെ ശമ്പള വിതരണത്തിനായി ദൈനംദിന വരുമാനത്തിൽ നിന്നും തുകയൊന്നും മിച്ചം പിടിക്കാൻ കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത്. ടി സാഹചര്യത്തിൽ 2022

ജനുവരി മാസം മുതൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ നിന്നും 50 കോടി രൂപ ഓവർഡ്രാഫ്റ്റ് വായ്പ കൂടി ലഭ്യമാക്കിയാണ് വൈകിയെങ്കിലും ജീവനക്കാരുടെ ശമ്പള വിതരണം നടത്തിവരുന്നത്. ടി ഓവർഡ്രാഫ്റ്റ് വായ്പ ഒരു മാസക്കാലയളവിനുള്ളിൽ തിരിച്ചടക്കേണ്ടതിനാൽ ദൈനംദിന വരുമാനത്തിൽ നിന്നുള്ള ഒരു വിഹിതം ഇതിലേയ്ക്കായും വകമാറ്റുകയാണ്. ഇത്തരത്തിൽ പ്രതിമാസ വരുമാനത്തിൽ നിന്നും ഡീസൽ, സ്പെയർ പാർട്സ്, കൺസോർഷ്യം/ഓവർഡ്രാഫ്റ്റ് വായ്പ തിരിച്ചടവ്, എൽ.ഐ.സി., പെൻഷൻ ആനുകൂല്യവിതരണം, ജീവനക്കാരുടെ അലവൻസുകൾ, മറ്റ് ദൈനംദിന ചെലവുകൾ എന്നിവ നിർവ്വഹിച്ചശേഷം തുകയൊന്നും മിച്ചംപിടിക്കാൻ കഴിയാതെ ജീവനക്കാരുടെ ശമ്പളംപോലും നൽകാൻ കഴിയാത്ത സ്ഥിതിയാണ് സംജാതമായിരിക്കുന്നത്.

(സി) കെ.എസ്.ആർ.ടി.സി. നേരിടുന്നതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം തരണം ചെയ്യുന്നതിന് എന്തൊക്കെ ഇടപെടലുകളാണ് സർക്കാർ നടത്തുന്നത്; വ്യക്തമാക്കാമോ?

കെ.എസ്.ആർ.ടി.സി. നേരിടുന്ന കടുത്ത സാമ്പത്തികപ്രതിസന്ധി കണക്കിലെടുത്ത്, കെ.എസ്.ആർ.ടി.സി.-യുടെ വരവും, ചെലവും തമ്മിലുള്ള അന്തരം നികത്തുന്നതിനായി സർക്കാർ, 2021-22 സാമ്പത്തിക വർഷത്തിൽ

വായ്പയായി 2037.51 കോടി രൂപ അനുവദിച്ചുനൽകിയിരുന്നു. ജീവനക്കാരുടെ ശമ്പളം, പെൻഷൻ എന്നിവയ്ക്ക് പുറമെ കോവിഡ് മഹാമാരിമൂലമുള്ള പ്രതിസന്ധി നിമിത്തം പ്രതിദിന തിരിച്ചടവ് മുടങ്ങിയ 3100 കോടി രൂപയുടെ കൺസോർഷ്യം വായ്പ തിരിച്ചടവിനുമായാണ് ടി വായ്പാ ധനസഹായം സർക്കാർ പ്രധാനമായും അനുവദിച്ച് നൽകിയത്. ഇതിനുപുറമെ, 2021-22 സാമ്പത്തിക വർഷത്തിൽ നാല് (4) പദ്ധതികളുടെ പൂർത്തീകരണത്തിനായി 87.21 കോടി രൂപയും പദ്ധതി വിഹിതമായി സർക്കാർ അനുവദിച്ചിട്ടുണ്ട്. ടി തുകയിൽ ഉൾപ്പെടുത്തി നൽകിയ 50 കോടി രൂപ വിനിയോഗിച്ച് സൂപ്പർ ക്ലാസ് ബസ്സുകൾ ഉൾപ്പെടെ 116 ബസ്സുകൾ വാങ്ങി, KSRTC സ്വിഫ്റ്റ് മുഖേന അന്തർ സംസ്ഥാന സർവ്വീസുകൾ ഉൾപ്പെടെ നിരവധി ദീർഘദൂര സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യുകയാണ്. ഇപ്രകാരം പുതിയ ബസ്സുകൾ നിരത്തിലിറക്കിയതുവഴി യാത്രക്കാർക്ക് മെച്ചപ്പെട്ട സൗകര്യങ്ങൾ പ്രദാനം ചെയ്യുന്നതോടൊപ്പം വരുമാന വർദ്ധനവും കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഈ സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ സർക്കാർ, കെ.എസ്.ആർ.ടി.സി.-ക്ക് വായ്പാ ധനസഹായമായി 1000 കോടി രൂപയും പദ്ധതി വിഹിതമായി 106 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. മാത്രമല്ല, വായ്പാ വിഹിതത്തിൽ നിന്നും നാളിതുവരെ

388.56 കോടി രൂപ കെ.എസ്.ആർ.ടി.സി.-ക്ക് സർക്കാർ അനുവദിച്ച് നൽകിയിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി.-യുടെ നിലവിലെ രൂക്ഷമായ സാമ്പത്തിക പ്രതിസന്ധിയെത്തുടർന്ന് സ്വന്തം വരുമാനത്തിൽ നിന്നും പ്രതിമാസ പെൻഷൻ അനുവദിക്കാൻ കഴിയാതെ വരികയും തൽഫലമായി പെൻഷൻ മുടങ്ങുന്ന സ്ഥിതിയും സംജാതമാകുകയുണ്ടായി. തദവസരത്തിൽ സർക്കാർ മുൻകയ്യെടുത്ത്, സഹകരണ വകുപ്പുമായി സഹകരിച്ച് പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ ഒരു കൺസോർഷ്യം രൂപീകരിക്കുകയും പ്രസ്തുത കൺസോർഷ്യം വഴി നിലവിൽ പെൻഷൻ നൽകിവരുന്നുമുണ്ട്. ഇത്തരത്തിൽ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ വഴി നൽകുന്ന പെൻഷൻ തുക പലിശയുൾപ്പെടെ സർക്കാർ തന്നെ സഹകരണ ബാങ്കുകൾക്ക് അനുവദിക്കുകയും ചെയ്യുന്നുണ്ട്.

പ്രതിവാഹന ജീവനക്കാരുടെ എണ്ണം ദേശീയ ശരാശരിയിൽ എത്തിക്കുന്നതിന് ശ്രമങ്ങൾ നടന്നുവരുന്നു. അധികമായി നോൺ പീക്ക് സമയത്ത് ഓപ്പറേറ്റ് ചെയ്തിരുന്ന ട്രിപ്പുകൾ ക്രമീകരിക്കുകയും പീക്ക് സമയത്ത് പരമാവധി ട്രിപ്പുകൾ ലഭിക്കുകയും ചെയ്യുന്ന രീതിയിൽ സിംഗിൾ ഡ്യൂട്ടികളും 12 മണിക്കൂർ സ്പ്രെഡ് ഡ്യൂട്ടികളും മോട്ടോർ ട്രാൻസ്പോർട്ട്

വർക്കേഴ്സ് ആക്ട് 1961 പ്രകാരം ക്രമീകരിച്ചുവരുന്നു. ഇപ്രകാരം സർവ്വീസ് ക്രമീകരിച്ചതിൽ സർവ്വീസുകളുടെ ഓപ്റ്റിമൈസേഷൻ സാദ്ധ്യമാകുകയും തദ്വാര ബസ് ഇ.പി.കെ.എം. വർദ്ധിക്കുകയും ബസ് സ്റ്റാഫ് റേഷ്യോ കുറയുകയും ചെയ്യുന്നതാണ്. സാങ്കേതികവിദ്യയുടെ സഹായത്താൽ എല്ലാ യൂണിറ്റുകളുടെയും ട്രിപ്പ് വൈസ് കളക്ഷൻ പരിശോധിച്ച് ഡീസൽ തുകപോലും ലഭിക്കാത്ത ഡെഡ് ട്രിപ്പുകളുടെ എണ്ണത്തിൽ കുറവുവരുത്താൻ കഴിഞ്ഞു.

ഇത്തരത്തിൽ സമഗ്രമായ പഠനത്തിന്റെ വെളിച്ചത്തിൽ സിറ്റി ഷട്ടിൽ സർവ്വീസുകൾ ആരംഭിച്ചു. കൂടുതൽ സ്ഥലസൗകര്യവും സൗകര്യപ്രദമായ വാതിലുകളും ഉയരം കുറഞ്ഞ പ്ലാറ്റ്ഫോമുമുള്ള ലോ ഫ്ളോർ ബസ്സുകൾ ഉപയോഗിച്ചതിനാൽ കൂടുതൽ യാത്രക്കാർ ടി ബസ്സുകളെ ആശ്രയിക്കുകയും മറ്റ് ബസ്സുകൾ ഒറ്റപ്പെട്ട ഗ്രാമീണ റൂട്ടുകളിൽ ഉപയോഗിക്കുവാനും കഴിഞ്ഞിട്ടുണ്ട്.

അനാവശ്യമായി യാത്രക്കാരില്ലാതെ റിട്ടേൺ ഡെഡ് ട്രിപ്പുകൾ കുറക്കുന്നതിനും യാത്രക്കാരുടെ സൗകര്യത്തിനുമായി സിറ്റി റേഡിയൽ സർവ്വീസ് ആരംഭിച്ചു. സിറ്റിക്ക് വെളിയിലുള്ള രണ്ട് പ്രധാന സ്ഥലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുക വഴി യാത്രക്കാർക്ക് ഇറങ്ങി കയറുന്നത്

ഒഴിവാക്കുകയും യാത്രക്കാർ കൂടുതലായി ഇത്തരം ബസ്സുകളെ ആശ്രയിക്കുകയും ചെയ്യതിനാൽ കട്ട് ട്രിപ്പുകൾ സിറ്റിയിലേയ്ക്ക് നടത്തിയിരുന്ന ബസ്സുകളുടെ എണ്ണം കുറയ്ക്കുവാനും ചെലവ് കുറയ്ക്കുന്നതിനും കഴിഞ്ഞു.

യാത്രക്കാരുടെ ഡിമാന്റ് പരിശോധിച്ച് "ഒറിജിൻ-ഡെസ്റ്റിനേഷൻ" പൈലറ്റ് സ്റ്റഡി നടത്തി ഡിമാന്റനുസരിച്ച് പരീക്ഷണാർത്ഥം നെയ്യാറ്റിൻകര-തിരുവനന്തപുരം റൂട്ടിലും എറണാകുളം-തിരുവനന്തപുരം റൂട്ടിലും നോൺ സ്റ്റോപ്പ്, ലിമിറ്റഡ് സ്റ്റോപ്പ് സർവ്വീസുകൾ ആരംഭിച്ചതിൽ നിലവിലെ യാത്രക്കാരുടെ എണ്ണം വർദ്ധിക്കുകയുണ്ടായി. ഇത്തരം പഠനം നടത്തി കൂടുതൽ നോൺ സ്റ്റോപ്പ് ഡ്രൈവർ-കം-കണ്ടക്ടർ സർവ്വീസുകൾ ആരംഭിക്കുന്നതുവഴി ബസ്സുകളുടെയും ജീവനക്കാരുടെയും ഉപയോഗം വർദ്ധിപ്പിക്കുവാൻ കഴിയും. റൂട്ട് പുനഃക്രമീകരണത്തിലൂടെ സർവ്വീസുകൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി DIMTS എന്ന സ്ഥാപനത്തെ പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടന്റായി നിയോഗിക്കുകയും പ്രവർത്തനങ്ങൾ നടന്നു വരികയുമാണ്. ഇത്തരത്തിൽ ഡാറ്റാ പ്രോസസ്സിംഗ് പൂർത്തിയാകുന്നതോടെ വിവര സാങ്കേതിക വിദ്യയുടെ സഹായത്തോടെ റൂട്ടുകൾ പുനഃക്രമീകരിക്കുകയും ട്രിപ്പുകൾ കാര്യക്ഷമമാക്കുകയും നോൺ സ്റ്റോപ്പ്,

ലിമിറ്റഡ് സ്റ്റോപ്പ് ബസ്സുകൾ കൂടുതൽ ആരംഭിച്ച് ജനോപകാരപ്രദമായും ജനാഭിലാഷം അനുസരിച്ചും ചെലവ് കുറച്ച് കാര്യക്ഷമമായി ഓപ്പറേഷൻ കൂടുതൽ സാദ്ധ്യമാക്കും.

നിലവിലെ ജീവനക്കാരെ ഉപയോഗിച്ച് പുതിയ അധിക സർവ്വീസ് നടത്തിയും പുനഃക്രമീകരണത്തിലൂടെയും ആദ്യഘട്ടത്തിൽ പ്രതിമാസ വരുമാനം 8 കോടി രൂപയിൽ എത്തിക്കുകയും ക്രമാനുഗതമായി പ്രതിദിന വരുമാനം 10 കോടി രൂപയിൽ എത്തിക്കുന്നതിനുമാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഇതിനായി ആവശ്യമായ സാങ്കേതിക സഹായവും നടപടികളും ദ്രുതഗതിയിൽ നടന്നുവരുന്നു.

കെ.എസ്.ആർ.ടി.സി.-യിൽ ത്രീ ടയർ മെയിന്റനൻസ് സംവിധാനം നടപ്പിൽവരുത്തുന്നതിന്റെ ഭാഗമായി ബസ്സുകളുടെ മെയിന്റനൻസ് 5 സെൻട്രൽ / റീജിയണൽ വർക്ക് ഷോപ്പുകൾ, 22 ജില്ലാ / സബ് ജില്ലാ വർക്ക് ഷോപ്പുകൾ കേന്ദ്രീകരിച്ച് നിർവ്വഹിക്കുന്നതിനും ഡിപ്പോ വർക്ക്ഷോപ്പുകളിൽ മെയിന്റനൻസ് പരിമിതപ്പെടുത്തുന്നതിനുള്ള ക്രമീകരണങ്ങളിലൂടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചുവരുന്നു. വർക്ക്ഷോപ്പുകളുടെ നവീകരണവും നൂതന

ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനും സർക്കാർ സഹായത്തോടെ പ്രവർത്തനം നടത്തിവരുന്നു.

സർവീസ് ഓപ്പറേഷനിലൂടെ ലഭ്യമാകുന്ന വരുമാനം കോർപ്പറേഷന്റെ പ്രവർത്തനത്തിന് തികയാത്തതിനാൽ സർവ്വീസിതര വരുമാനം വർദ്ധിപ്പിക്കുന്നതിലേയ്ക്കായി കൊമേഴ്സ്യൽ വിഭാഗം രൂപീകരിച്ചിട്ടുണ്ട്. ടി വിഭാഗത്തിന്റെ നേതൃത്വത്തിൽ ബസ്സുകളിൽ പരസ്യം പതിപ്പിക്കൽ, ബസ്സുകൾ വാടകയ്ക്ക് നൽകൽ തുടങ്ങിയ പ്രവൃത്തികൾ ചെയ്ത് സർവ്വീസിതര വരുമാനം ലഭ്യമാക്കി കോർപ്പറേഷൻ നേരിടുന്ന ഗുരുതരമായ സാമ്പത്തികസ്ഥിതി വിശേഷം ലഘൂകരിക്കുന്നതിനുള്ള ശ്രമങ്ങൾ നടന്നുവരുന്നു.

കെ.എസ്.ആർ.ടി.സി.-യെ പുനരുദ്ധരിക്കുന്നതിന്റെ ഭാഗമായി Prof. Susheel Khanna-യുടെ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കോർപ്പറേഷന്റെ മാനേജ്മെന്റ്, പ്രവർത്തനരീതി എന്നിവ പുനഃക്രമീകരിക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

<u>മാനേജ്മെന്റ് പ്രൊഫഷണലിസം</u>

കെ.എസ്.ആർ.ടി.സി.-യിലെ വിവിധ വിഭാഗങ്ങളിലേയ്ക്ക് അതത് മേഖലകളിൽ യോഗ്യതയും പരിചയവുമുള്ള ഉദ്യോഗസ്ഥരുടെ സേവനം ലഭ്യമാക്കുന്നതിനായി ഓരോ വിഭാഗങ്ങളിലും വൈദഗ്ദ്ധ്യമുള്ളവരെ മതിയായ നിയമന നടപടിക്രമങ്ങൾ പാലിച്ച് കരാറടിസ്ഥാനത്തിൽ നിയമിക്കുക വഴി മാനേജ്മെന്റ് ശാക്തികരിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പ്രൊഫഷണലിസം കൊണ്ടുവരുന്നതിനായി സർക്കാർ തലത്തിൽ സെലക്ഷൻ കമ്മിറ്റി രൂപീകരിച്ച് ജനറൽ മാനേജർ (F&A), ഡെപ്യൂട്ടി ജനറൽ മാനേജർ (ഓപ്പറേഷൻസ്) എന്നീ തസ്തികകളിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ട ജീവനക്കാരെ നിയോഗിച്ചിരുന്നു. ഐ.ടി., ഫിനാൻസ്, എച്ച്.ആർ. എന്നീ വിഭാഗങ്ങളിലേയ്ക്ക് ഡെപ്യൂട്ടി ജനറൽ മാനേജർമാർ, ജനറൽ മാനേജർ (ടെക്നിക്കൽ) എന്നീ തസ്തികകളിലും 3 ചാർട്ടേഡ് അക്കൗണ്ടന്റ്/കോസ്റ്റ് അക്കൗണ്ടന്റ് എന്നീ നിയമനങ്ങൾ നടത്തിയിട്ടുണ്ട്. കൂടാതെ ജനറൽ മാനേജർ (ഫിനാൻസ്) തസ്തികയിലേയ്ക്ക് നിയമനങ്ങൾ നടത്തുന്നതിനുവേണ്ട നടപടികൾ പുരോഗമിക്കുന്നു.

ഇത്തരത്തിൽ മാനവവിഭവശേഷി വർദ്ധിപ്പിക്കുന്നതിന്റെയും കോർപ്പറേഷനെ കൊമേർഷ്യലൈസ് ചെയ്യുന്നതിന്റെയും ഭാഗമായി

പ്രാവീണ്യം തെളിയിക്കുന്നവരെ ഓപ്പൺ മാർക്കറ്റിൽ നിന്നും കരാറടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്.

പ്രൊഫ. സുശീൽ ഖന്നയുടെ റിപ്പോർട്ടിലെ പ്രധാന നിർദ്ദേശം കോർപ്പറേഷനെ മൂന്ന് (3) സ്വയംപര്യാപ്തമായ ലാഭകേന്ദ്രങ്ങളാക്കി മാറ്റുകയെന്നതാണ്. ആയതിൻപ്രകാരം കെ.എസ്.ആർ.ടി.സി.-യെ ചുവടെ ചേർത്തിരിക്കുന്ന തരത്തിൽ മൂന്ന് മേഖലകളാക്കി രൂപീകരിച്ചു.

| **പേര്** | **റവന്യൂ ജില്ല** | **ആസ്ഥാനം** |
|---|---|---|
| സൗത്ത് സോൺ | തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട | സെൻട്രൽ വർക്സ്, പാപ്പനംകോട് |
| സെൻട്രൽ സോൺ | ആലപ്പുഴ, കോട്ടയം, എറണാകുളം. ഇടുക്കി, തൃശ്ശൂർ | എറണാകുളം ബോട്ട് ജെട്ടി |
| നോർത്ത് സോൺ | മലപ്പുറം, പാലക്കാട്, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് | കോഴിക്കോട് |

വരുമാന വർദ്ധനവ് വരുത്തുകയെന്നതിനോടൊപ്പം, കോർപ്പറേഷന്റെ പ്രവർത്തനങ്ങളുടെ ശാക്തീകരണമാണ് പ്രസ്തുത മേഖലകളുടെ രൂപീകരണം കൊണ്ട് ലക്ഷ്യമിട്ടിട്ടുള്ളത്.

<u>കണ്ടക്ടർ-കം-ഡ്രൈവർ തസ്തിക</u>

200(3560) <u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വിഫ്റ്റ് ബസ്സുകളിലെ കണ്ടക്ടർ-കം-ഡ്രൈവർ തസ്തികയുടെ ജോലി സ്വഭാവം വിശദമാക്കാമോ;

(ബി) കണ്ടക്ടർ-കം-ഡ്രൈവർമാരുടെ സേവന-വേതന വ്യവസ്ഥകൾ വിശദമാക്കാമോ?

(എ&ബി) കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റിൽ ഡ്രൈവർ-കം-കണ്ടക്ടർ തസ്തികയിൽ നിയമിതരായവർ ഡ്രൈവറുടെയും കണ്ടക്ടറുടെയും ജോലികൾ നിർവ്വഹിക്കാൻ ബാദ്ധ്യസ്ഥരാണ്. ഇവരുടെ വിശദമായ സേവന വ്യവസ്ഥകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

(സി) പ്രസ്തുത ജീവനക്കാർക്ക് എത്ര മാസത്തെ പരിശീലനമാണ് കെ.എസ്.ആർ.ടി.സി. നൽകുന്നതെന്ന് അറിയിക്കാമോ?

HR വിഭാഗം മുഖാന്തരം കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റിലെ ഡ്രൈവർ-കം-കണ്ടക്ടർമാർക്ക് മൂന്ന് ദിവസത്തെ മാനേജ്മെന്റ് ട്രെയിനിംഗിൽ Attitude & Behavioural skills, Passenger Management, Traffic & Road Safety,

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

Code & Conduct എന്നീ വിഷയങ്ങളിൽ പരിശീലനം നൽകിവരുന്നു. ഡ്രൈവർ-കം-കണ്ടക്ടർ തസ്തികയിലേയ്ക്ക് പരിഗണിച്ചത് ചുരുങ്ങിയത് മൂന്നുവർഷം Heavy Duty ഡ്രൈവിംഗിന് പരിചയമുള്ളവരെയാണ്.

കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റിൽ ഡ്രൈവർ-കം-കണ്ടക്ടർ തസ്തികയിൽ നിയമിതരായ ഉദ്യോഗാർത്ഥികൾക്ക് Attitude & Behaviour ട്രെയിനിംഗ്, കണ്ടക്ടർ ട്രെയിനിംഗ്, കെ.എസ്.ആർ.ടി.സി. സ്റ്റാഫ് ട്രെയിനിംഗ് സെന്ററിൽ നിന്ന് ഡ്രൈവിംഗ് പരിശീലനത്തോടൊപ്പം നൈപുണ്യ പരിശോധനയും നടത്തി വിജയിക്കുന്നവരെ മെഡിക്കൽ ചെക്കപ്പിനും വിധേയരാക്കിയാണ് ദിവസ വേതന ജോലിയ്ക്കായി നിയോഗിച്ചിട്ടുള്ളത്. ഡ്രൈവിംഗ് നൈപുണ്യ പരിശോധനയിൽ തൃപ്തികരമല്ലെന്ന് കാണുന്നവർക്ക് വീണ്ടും പരിശീലനം നൽകി പരിശോധന നടത്തി തൃപ്തികരമെന്ന് കണ്ടാണ് ഡ്യൂട്ടിക്കായി നിയോഗിക്കുന്നത്. അല്ലാത്തവരെ പിന്നീട് പരിഗണിക്കുന്നതല്ല. ഇത്തരത്തിൽ എല്ലാവിധ പരിശീലന പരിപാടികളും പൂർത്തീകരിക്കുന്നതിന് ഏകദേശം ഒരു മാസകാലാവധി വേണ്ടിവരും.

<u>ബൈപ്പാസ് റൈഡർ സർവ്വീസുകൾ</u>

201(3561) <u>ശ്രീ. എം. എം. മണി:</u>

ഡോ. കെ. ടി. ജലീൽ:

ശ്രീമതി ദെലീമ:

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യാത്രക്കാരെ ലക്ഷ്യസ്ഥാനത്ത് എത്താൻ സഹായിക്കുന്നതിനായി ദേശീയപാതകളിലെയും എം. സി. റോഡിലെയും സമാന്തര ബൈപ്പാസുകൾ വഴി കെ.എസ്.ആർ.ടി.സി. ബൈപ്പാസ് റൈഡർ സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ അതുവഴി എന്തൊക്കെ സൗകര്യങ്ങളും സേവനങ്ങളുമാണ് യാത്രക്കാർക്ക് ലഭിക്കുന്നതെന്ന് വിശദമാക്കാമോ?

യാത്രക്കാരെ ലക്ഷ്യസ്ഥാനത്തെത്താൻ സഹായിക്കുന്നതിനായി ദേശീയപാതകളിലെയും എം.സി. റോഡിലെയും സമാന്തര ബൈപ്പാസുകൾ വഴി കെ.എസ്.ആർ.ടി.സി. ബൈപ്പാസ് റൈഡർ സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ട്.

തിരുവനന്തപുരത്തിനും കോഴിക്കോടിനും ഇടയിലുള്ള നഗരങ്ങളിലെ ഗതാഗതകുരുക്കിൽ നിന്നും ഒഴിവാക്കി യാത്രക്കാരെ നിശ്ചിത സ്ഥലത്ത് കുറഞ്ഞ സമയത്തിൽ എത്തിക്കുന്നതിനായാണ് കെ.എസ്.ആർ.ടി.സി "ബൈപ്പാസ് റൈഡർ" എന്ന പേരിൽ സർവ്വീസുകൾ ആരംഭിച്ചത്.

നാഷണൽ ഹൈവേയിലും എം.സി. റോഡിലും ഓരോ മണിക്കൂർ ഇടവേളകളിലായി 48 ഡീലക്സ്/എ.സി. ബസ്സുകളാണ് ഇതിനുപയോഗിക്കുന്നത്. ഇതിൽ 30 ബസുകൾ കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് ഡീലക്സ് ബസ്സുകളും ബാക്കിയുള്ള 18 എണ്ണം ലോ ഫ്ളോർ എ.സി. ബസ്സുകളുമാണ്. ഇപ്രകാരം 48 ബസ്സുകൾ തുടർച്ചയായി ഉപയോഗിക്കുകയും ജീവനക്കാർക്ക് വിശ്രമം നൽകി ബസ് ഉപയോഗം പരമാവധിയാക്കുകയുമാണ് ലക്ഷ്യം. തിരുവനന്തപുരം-കോഴിക്കോട് സർവ്വീസിന് രണ്ട് ബസ്സുകൾ ഉപയോഗിച്ചിരുന്ന സ്ഥാനത്താണ് ഒരു ബസ് മാത്രം ഉപയോഗിച്ച് സർവ്വീസ് ക്രമീകരിച്ചിരിക്കുന്നത്.

നഗരങ്ങളിലെ ഗതാഗതകുരുക്കൊഴിവാക്കി ചെലവ് കുറയ്ക്കുന്നതിനും യാത്രക്കാരുടെ കാലതാമസം കുറയ്ക്കുന്നതും ലക്ഷ്യമിട്ട് ആരംഭിച്ച ഈ സർവ്വീസുകൾ പ്രധാനമായും നാഷണൽഹൈവേയിലെയും എം.സി. റോഡിലെയും സമാന്തര ബൈപ്പാസ് റോഡുകളിലൂടെയാണ് സർവ്വീസ് നടത്തുന്നത്. ബൈപ്പാസുകളിലെ നിർദ്ദിഷ്ട സ്ഥലങ്ങളിൽ യാത്രക്കാർക്ക് സൗകര്യപ്രദമായി വിശ്രമിക്കുന്നതിനും ബസ് കാത്തിരിക്കുന്നതിനും "ഫീഡർ സ്റ്റേഷനുകൾ" പഴയ ലോ ഫ്ളോർ ബസ്സുകളിൽ ക്രമീകരിച്ചിട്ടുണ്ട്. ഇത്തരം ഫീഡർ സ്റ്റേഷനുകളിലേയ്ക്ക് ബന്ധപ്പെട്ട യൂണിറ്റുകളിൽ നിന്നും

പ്രത്യേക നിറത്തിലുള്ള "ഫീഡർ സർവ്വീസുകൾ" യാത്രക്കാർക്കായി നടത്തുന്നുമുണ്ട്. ബൈപ്പാസ് റൈഡർ സർവ്വീസുകളിൽ റിസർവ്വ് ചെയ്ത യാത്രക്കാർക്ക് ഫീഡർ ബസ്സുകളിൽ ഫീഡർ സ്റ്റേഷനിലേയ്ക്ക് സൗജന്യമായി യാത്ര ചെയ്യാം. ദീർഘദൂര യാത്രകൾക്കായി ബൈപ്പാസ് റൈഡറുകൾ ഉപയോഗപ്പെടുത്തുന്ന യാത്രക്കാർക്ക് സാധാരണ മറ്റ് റോഡുകളിലൂടെയുള്ള യാത്രാസമയത്തേക്കാൾ സമയം ലാഭിക്കാമെന്നുള്ളത് ഈ സർവ്വീസിന്റെ പ്രത്യേകതയാണ്. കുറഞ്ഞത് ഓരോ മണിക്കൂർ ഇടവേളകളിൽ ടി സർവ്വീസിന്റെ സേവനം നാഷണൽ ഹൈവേ വഴിയും എം. സി. റോഡ് വഴിയും പൂർണ്ണമാക്കി വരികയാണ്. നിലവിൽ ആരംഭിച്ച കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് സൂപ്പർ ക്ലാസ് ബസ്സുകൾ ഇത്തരത്തിൽ ഓപ്പറേറ്റ് ചെയ്യുകയും പുതിയ വരുമാനം ലഭിക്കുകയും സ്വീകാര്യത വർദ്ധിപ്പിക്കുകയും ചെയ്തുവരുന്നു.

(ബി) കെ.എസ്.ആർ.ടി.സി. ബസുകളിൽ യാത്രാ ടിക്കറ്റ് ബുക്ക് ചെയ്യുന്നതിനായി പ്രത്യേക മൊബൈൽ ആപ്ലിക്കേഷൻ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ എന്തൊക്കെ അധിക സൗകര്യങ്ങളാണ് ഇതുവഴി ലഭിക്കുന്നതെന്ന് വിശദമാക്കാമോ?

<u>ഓൺലൈൻ ടിക്കറ്റ് റിസർവ്വേഷൻ ബുക്കിംഗ് സംവിധാനം</u>

കെ.എസ്.ആർ.ടി.സി.-യിലേയ്ക്ക് യാത്രക്കാരെ ആകർഷിക്കുന്നതിനും ടിക്കറ്റുകൾ മുൻകൂർ ബുക്ക് ചെയ്യുന്നതിനും പരിഷ്കരിച്ചതും കൂടുതൽ സൗകര്യങ്ങളോടുകൂടിയതുമായ ഓൺലൈൻ റിസർവ്വേഷൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

ഇതിലൂടെ യാത്രക്കാർക്ക് 30 ദിവസം മുൻകൂറായി ടിക്കറ്റുകൾ ബുക്ക് ചെയ്യാവുന്നതാണ്. മുൻകൂർ ടിക്കറ്റ് ബുക്കിംഗിനായി "എന്റെ കെ.എസ്.ആർ.ടി.സി." എന്ന മൊബൈൽ ആപ്ലിക്കേഷൻ ആരംഭിച്ചിട്ടുണ്ട്. ടി ആപ്പ് ഉപയോഗിച്ചും യാത്രക്കാർക്ക് കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ ടിക്കറ്റ് ബുക്ക് ചെയ്യാൻ സാധിക്കുന്നതാണ്.

ഒരു സ്ഥലത്ത് നിന്നും മറ്റൊരു സ്ഥലത്തേയ്ക്ക് നേരിട്ട് ബസ് ലഭ്യമല്ലെങ്കിൽ, 'Link Ticket' എന്ന സംവിധാനത്തിലൂടെ യാത്രക്കാർക്ക് രണ്ട് ബസ്സുകളിലെയും ടിക്കറ്റ് ടി ആപ്പ് മുഖേന ബുക്ക് ചെയ്യാൻ സാധിക്കും. കൂടുതൽ യാത്രക്കാരെ ആകർഷിക്കുന്നതിനായി ഓൺലൈൻ റിസർവ്വേഷൻ ബുക്കിംഗ്ചാർജ് 30 രൂപയിൽ നിന്നും 10 രൂപയായി കുറച്ചിട്ടുണ്ട്. കൂടാതെ 'Group Ticket' Option മുഖേന നാലോ അതിലധികമോ യാത്രക്കാർ ഒരുമിച്ച് ബുക്ക് ചെയ്യുമ്പോൾ ഒരു ടിക്കറ്റിന്റെ ബുക്കിംഗ് ചാർജ്ജായ 10 രൂപ മാത്രം നൽകിയാൽ മതിയാകും. Round Ticket ബുക്ക് ചെയ്യുമ്പോൾ റിട്ടേൺ

ടിക്കറ്റ് തുകയുടെ 10 ശതമാനം ഇളവ് ലഭിക്കുന്നതാണ്. പുതുക്കിയ Cancellation Policy പ്രകാരം 72 മണിക്കൂറിന് മുമ്പ് ടിക്കറ്റ് കാൻസൽ ചെയ്യുമ്പോൾ മുഴുവൻ തുകയും യാത്രക്കാർക്ക് തിരികെ നൽകുന്നതാണ്. ടി ആപ്പിൽ കൂടുതൽ Payment Option-കൾ (UPI, Credit / Debit card, Net banking) ഏർപ്പെടുത്തിയിട്ടുണ്ട്.

(സി) കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനുകൾ ശുചിത്വവും അന്താരാഷ്ട്ര നിലവാരമുള്ളതുമാക്കി മാറ്റുന്നതിനായി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്; വിശദാംശം ലഭ്യമാക്കാമോ?

കെ.എസ്.ആർ.ടി.സി.-യുടെ പ്ലാൻ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ചും KIIFB-യുടെ ധനസഹായം ലഭ്യമാക്കിയും പഴയ കെട്ടിടങ്ങൾ പുതുക്കിപ്പണിയുന്ന പദ്ധതികൾ ഏറ്റെടുത്ത് നടത്തിവരുന്നു. ഇപ്രകാരം ഇതിനകം തൊടുപുഴ, പത്തനംതിട്ട, പാല എന്നീ ബസ് ടെർമിനൽ പൂർത്തീകരിച്ചിട്ടുണ്ട്. കോട്ടയം, മൂവാറ്റുപുഴ എന്നിവിടങ്ങളിൽ പ്രവൃത്തി പുരോഗമിച്ചുവരുന്നു.

## മലപ്പുറം ജില്ലാതല ഓഫീസ് മാറ്റിയ നടപടി

202(3562) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിൽ പുതിയ ജില്ലാതല ക്ലസ്റ്റർ ഓഫീസുകൾ രൂപീകരിച്ചുകൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ടോ; എങ്കിൽ പുതിയ ഓഫീസുകൾ രൂപീകരിക്കേണ്ടതിന്റെ സാഹചര്യം വിശദീകരിക്കാമോ; ഓഫീസുകളുടെ പ്രവർത്തനം എപ്രകാരമാണെന്ന് വ്യക്തമാക്കാമോ?

കെ.എസ്.ആർ.ടി.സി.-യുടെ ഭരണപരവും സാമ്പത്തികപരവുമായ നടപടികൾ ജില്ലാടിസ്ഥാനത്തിലാക്കുന്നതിന്റെ ഭാഗമായി 24-05-2022-ന് 15 ജില്ലാ ഓഫീസുകൾ രൂപീകരിച്ച് പ്രാഥമിക ഘട്ടമായി കാസർഗോഡ്, കണ്ണൂർ, വയനാട്, പാലക്കാട് ജില്ലകളിൽ 01.06.2022 മുതൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. Administration, Accounts എന്നിങ്ങനെ രണ്ട് തലങ്ങളിലാണ് ജില്ലാ ഓഫീസ് തലത്തിൽ നടപടികൾ സ്വീകരിക്കുന്നത്. ഓഫീസുകളുടെ പ്രവർത്തനം സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു+.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) മലപ്പുറം ജില്ലാതല ഓഫീസ് ജില്ലാ ആസ്ഥാനത്തുനിന്നും പെരിന്തൽമണ്ണയിലേയ്ക്ക് മാറ്റാനുണ്ടായ കാരണം വ്യക്തമാക്കാമോ;

(സി) പുതിയ ജില്ലാതല ക്ലസ്റ്റർ ഓഫീസ് ജില്ലാ ആസ്ഥാനമായ മലപ്പുറത്തുതന്നെ നിലനിർത്താൻ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

(ബി&സി) മലപ്പുറം ജില്ലാ ഓഫീസ് ജില്ലാ ആസ്ഥാനമായ മലപ്പുറത്ത് തന്നെ 18-7-2022 മുതൽ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കെ.എസ്.ആർ.ടി.സി.-യെ സ്വയംപര്യാപ്തമാക്കാനുള്ള നടപടികൾ

203(3563) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യെ സ്വയംപര്യാപ്തമാക്കാൻ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ വിശദമാക്കാമോ?

കോവിഡ് മഹാമാരിയുടെ ഒന്നും, രണ്ടും തരംഗങ്ങൾ ഏൽപ്പിച്ച കടുത്ത സാമ്പത്തികാഘാതത്തിനുശേഷം, കോർപ്പറേഷൻ ഘട്ടംഘട്ടമായി കൂടുതൽ ബസ്സുകൾ നിരത്തിലിറക്കി സർവ്വീസ് നടത്തുന്നതോടൊപ്പം, ടിക്കറ്റിതര

വരുമാനം വർദ്ധിപ്പിക്കുന്നതിനായി നിരവധി നൂതന പദ്ധതികളും ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു.

2021-22 സാമ്പത്തികവർഷത്തിൽ നാല് (4) പദ്ധതികളുടെ പൂർത്തീകരണത്തിനായി 87.21 കോടി രൂപയും സർക്കാർ അനുവദിച്ചിട്ടുണ്ട്. ടി തുകയിൽ ഉൾപ്പെടുത്തി നൽകിയ 50 കോടി രൂപ വിനിയോഗിച്ച് സൂപ്പർ ക്ലാസ് ബസ്സുകൾ ഉൾപ്പെടെ 116 ബസ്സുകൾ വാങ്ങി, കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് മുഖേന അന്തർ സംസ്ഥാന സർവ്വീസുകൾ ഉൾപ്പെടെ നിരവധി ദീർഘദൂര സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യുകയാണ്. ഇപ്രകാരം പുതിയ ബസ്സുകൾ നിരത്തിലിറക്കിയതുവഴി യാത്രക്കാർക്ക് മെച്ചപ്പെട്ട സൗകര്യങ്ങൾ പ്രദാനം ചെയ്യുന്നതോടൊപ്പം വരുമാനവർദ്ധനവും കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഈ സാമ്പത്തികവർഷത്തിലെ ബഡ്ജറ്റിൽ സർക്കാർ, കെ.എസ്.ആർ.ടി.സി.-ക്ക് വായ്പാ ധനസഹായമായി 1000 കോടി രൂപയും പദ്ധതി വിഹിതമായി 106 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. മാത്രമല്ല വായ്പാ വിഹിതത്തിൽ നിന്നും നാളിതുവരെ 388.56 കോടി രൂപ കെ.എസ്.ആർ.ടി.സി.-ക്ക് സർക്കാർ അനുവദിച്ച് നൽകിയിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി.-യുടെ മുഴുവൻ ഷെഡ്യൂളുകളുടെയും ഡ്യൂട്ടി പാറ്റേൺ മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്ട് 1961 പ്രകാരം

ക്രമീകരിക്കുന്നതിനും ഇത്തരത്തിൽ ഷെഡ്യൂളുകൾ ശാസ്ത്രീയമായി പരിഷ്കരിച്ച് ജീവനക്കാരുടെ വിഭവശേഷി പൂർണ്ണമായി ഉപയോഗപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു.

അധികമായി നോൺ പീക്ക് സമയത്ത് ഓപ്പറേറ്റ് ചെയ്തിരുന്ന ട്രിപ്പുകൾ ക്രമീകരിക്കുകയും പീക്ക് സമയത്ത് പരമാവധി ട്രിപ്പുകൾ ലഭിക്കുകയും ചെയ്യുന്ന രീതിയിൽ സിംഗിൾ ഡ്യൂട്ടി സമ്പ്രദായം മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്ട് 1961 പ്രകാരം ക്രമീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. ഇപ്രകാരം സർവ്വീസ് ക്രമീകരിച്ചതിൽ സർവ്വീസുകളുടെ ഓപ്റ്റിമൈസേഷൻ സാദ്ധ്യമാകുകയും തദ്വാര ബസ്/കിലോമീറ്റർ വർദ്ധിക്കുകയും ബസ് സ്റ്റാഫ് റേഷ്യോ കുറയുകയും ചെയ്യുമെന്ന് മനസ്സിലായിട്ടുണ്ട്. നിലവിൽ 72 സിംഗിൾ ഡ്യൂട്ടികളും 1300 എണ്ണം 12 മണിക്കൂർ (37 ശതമാനം മാത്രം) ഇപ്രകാരം നടത്തിവരുന്നുണ്ട്. ലഭ്യമായ സാങ്കേതികവിദ്യയുടെ സഹായത്താൽ എല്ലാ യൂണിറ്റുകളുടെയും ട്രിപ്പ് വൈസ് കളക്ഷൻ പരിശോധിച്ച് ഷെഡ്യൂളുകളിലെ ഡീസൽ തുകപോലും ലഭിക്കാത്ത ഡെഡ് ട്രിപ്പുകളുടെ എണ്ണത്തിൽ കുറവുവരുത്തുവാൻ ഒരു പരിധി വരെ കഴിഞ്ഞിട്ടുണ്ട്.

ദീർഘദൂര സർവ്വീസുകളിലും അന്തർ സംസ്ഥാന സർവ്വീസുകളിലും കൂടുതൽ പഠനം നടത്തി ക്രൂ ചെയ്ഞ്ച്, ഡ്രൈവർ കം കണ്ടക്ടർ സംവിധാനം എന്നിവ ഏർപ്പെടുത്തുന്നതുൾപ്പെടെ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഇപ്രകാരം ജീവനക്കാരുടെ ഉപയോഗം കൂട്ടുവാൻ കഴിയും. യാത്രക്കാരുടെ ഡിമാന്റ് പരിശോധിച്ച് "ഒറിജിൻ-ഡെസ്റ്റിനേഷൻ" പൈലറ്റ് സ്റ്റഡി നടത്തി ഡിമാന്റനുസരിച്ച് പരീക്ഷണാർത്ഥം എറണാകുളം-തിരുവനന്തപുരം റൂട്ടിൽ നോൺ സ്റ്റോപ്പ് സർവ്വീസുകൾ കണ്ടക്ടർ കം ഡ്രൈവറായി ആരംഭിച്ചതിൽ നിലവിലെ ജീവനക്കാരുടെ എണ്ണം കുറയ്ക്കുവാൻ കഴിഞ്ഞിട്ടുണ്ട്. പഠനം നടത്തി കൂടുതൽ നോൺ സ്റ്റോപ്പ് ഡ്രൈവർ കം കണ്ടക്ടർ സർവ്വീസുകൾ ആരംഭിക്കുന്നതുവഴി ബസ്സുകളുടെയും ജീവനക്കാരുടെയും ഉപയോഗം വർദ്ധിപ്പിക്കുവാൻ കഴിയും. നൂതന സാങ്കേതികവിദ്യയുടെ സഹായത്തോടെ ട്രാവൽ ഡിമാന്റ് ലൊക്കേഷൻ ട്രാക്കിംഗ് എന്നിവ കണ്ടെത്തുന്നതിന് DIMTS എന്ന സ്ഥാപനത്തെ പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടന്റായി നിയോഗിക്കുകയും പ്രവർത്തനങ്ങൾ നടന്നുവരികയുമാണ്. ഇത്തരത്തിൽ ഡാറ്റാ പ്രോസസ്സിംഗ് പൂർത്തിയാകുന്നതോടെ വിവരസാങ്കേതികവിദ്യയുടെ സഹായത്തോടെ റൂട്ടുകൾ പുനഃക്രമീകരിക്കുകയും ട്രിപ്പുകൾ കാര്യക്ഷമമാക്കുകയും നോൺ

സ്റ്റോപ്പ്, ലിമിറ്റഡ് സ്റ്റോപ്പ് ബസ്സുകൾ കൂടുതൽ ആരംഭിച്ച് ഷെഡ്യൂളുകൾ കാര്യക്ഷമമാക്കി ജീവനക്കാരുടെ ഉപയോഗം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതിനടന്നുവരുന്നു.

കൂടാതെ പ്രൊഫ. സുശീൽ ഖന്ന റിപ്പോർട്ടനുസരിച്ച് കെ.എസ്.ആർ.ടി.സി.-യിലെ എല്ലാ മൾട്ടിപ്പിൾ ഡ്യൂട്ടികളും സിംഗിൾ ഡ്യൂട്ടികളാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. KSRTC ബസ്സുകൾ അപകടമുണ്ടാക്കുന്നതിനുള്ള ഒരു കാരണം നിലവിലുള്ള (63 ശതമാനം) multiple duty സമ്പ്രദായമാണെന്ന് പ്രസ്തുത റിപ്പോർട്ടിൽ പറയുന്നു. ഇതുപ്രകാരം ആറ്റിങ്ങൽ, കണിയാപുരം ഡിപ്പോകളിൽ പരീക്ഷണാടിസ്ഥാനത്തിൽ ഡ്യൂട്ടി പരിഷ്കരണം നടത്തുന്നതിനുവേണ്ടി പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.

2021-22 സാമ്പത്തികവർഷത്തെ ബഡ്ജറ്റിലുൾപ്പെടുത്തി സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണവും ഇ-ഗവേണൻസ് എന്നീ പദ്ധതികളുടെ നടത്തിപ്പിനായി സർക്കാർ, 10.64 കോടി രൂപ അനുവദിച്ച് നൽകിയിരുന്നു. ടി തുക GPRS, ബ്ലൂ ടൂത്ത് തുടങ്ങിയ നവീന സങ്കേതങ്ങളടങ്ങിയ 5500 ഇലക്ട്രോണിക് ടിക്കറ്റിംഗ് മെഷീനുകൾ, ബസ്സുകളിൽ വെഹിക്കിൾ ലൊക്കേഷൻ ട്രാക്കിംഗ് ഡിവൈസുകൾ സ്ഥാപിക്കുകയും ഇ-ഓഫീസ്

നടപ്പിലാക്കുന്നതിന്റെ ഭാഗമായി ലാപ്ടോപ്പുകൾ, കമ്പ്യൂട്ടറുകൾ, സ്കാനറുകൾ തുടങ്ങിയവ വാങ്ങുന്നതിനുമായി വിനിയോഗിക്കാനാണ് അനുവദിച്ചത്. ഇതിനുപുറമെ ഇതേ സാമ്പത്തികവർഷത്തിൽ ജീവനക്കാർക്ക് മെച്ചപ്പെട്ട പരിശീലനം നൽകുന്നതിനായി പദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്തി ഒരു കോടി രൂപയും സർക്കാർ അനുവദിച്ചിട്ടുണ്ട്.

(ബി) കെ.എസ്.ആർ.ടി.സി.-യുടെ പുനരുദ്ധാരണത്തിനായി 2016 മുതൽ സർക്കാർ എത്ര കോടി രൂപ ചെലവഴിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ?

2016-17 സാമ്പത്തികവർഷത്തിൽ 20.61 കോടി രൂപയും, 2017-18 സാമ്പത്തികവർഷത്തിൽ 20 കോടി രൂപയും, 2018-19 സാമ്പത്തികവർഷത്തിൽ 5.60 കോടി രൂപയും, 2020-21 സാമ്പത്തികവർഷത്തിൽ 2.73 കോടി രൂപയും, 2021-22 സാമ്പത്തികവർഷത്തിൽ 87.21 കോടി രൂപയും സർക്കാർ പദ്ധതി വിഹിതമായി കെ.എസ്.ആർ.ടി.സി.-ക്ക് അനുവദിച്ചിട്ടുണ്ട്.

2016-17 സാമ്പത്തികവർഷത്തിൽ 305 കോടി രൂപയും, 2017-18 സാമ്പത്തികവർഷത്തിൽ 835 കോടി രൂപയും, 2018-19 സാമ്പത്തികവർഷത്തിൽ 1056.35 കോടി രൂപയും, 2019-20

സാമ്പത്തികവർഷത്തിൽ 987.36 കോടി രൂപയും, 2020-21 സാമ്പത്തികവർഷത്തിൽ 1739.86 കോടി രൂപയും, 2021-22 സാമ്പത്തികവർഷത്തിൽ 2037.51 കോടി രൂപയും സർക്കാർ വായ്പയായി കെ.എസ്.ആർ.ടി.സി.-ക്ക് അനുവദിച്ചിട്ടുണ്ട്.

കെ .എസ് .ആർ .ടി .സി.-യുടെ കാര്യക്ഷമത

204(3564) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം കെ.എസ്.ആർ.ടി.സി.-ക്ക് വിവിധയിനത്തിൽ സർക്കാർ നൽകിയ സാമ്പത്തിക സംരക്ഷണം വിശദമാക്കുമോ?

ഈ സർക്കാർ അധികാരമേറ്റശേഷം കെ.എസ്.ആർ.ടി.സി.-യുടെ വരവും ചെലവും തമ്മിലുള്ള അന്തരം നികത്തുന്നതിനായി സർക്കാർ, 2021-22 സാമ്പത്തികവർഷത്തിൽ വായ്പയായി 2037.51 കോടി രൂപ അനുവദിച്ചുനൽകിയിരുന്നു. ജീവനക്കാരുടെ ശമ്പളം, പെൻഷൻ എന്നിവയ്ക്ക് പുറമെ കോവിഡ് മഹാമാരിമൂലമുള്ള പ്രതിസന്ധി നിമിത്തം പ്രതിദിന തിരിച്ചടവ് മുടങ്ങിയ 3100 കോടി രൂപയുടെ കൺസോർഷ്യം വായ്പ തിരിച്ചടവിനുമായാണ് ടി വായ്പ ധനസഹായം സർക്കാർ പ്രധാനമായും

അനുവദിച്ച് നൽകിയത്. ഇതിനുപുറമെ, 2021-22 സാമ്പത്തികവർഷത്തിൽ നാല് (4) പദ്ധതികളുടെ പൂർത്തീകരണത്തിനായി 87.21 കോടി രൂപയും സർക്കാർ അനുവദിച്ചിട്ടുണ്ട്. ടി തുകയിൽ ഉൾപ്പെടുത്തി നൽകിയ 50 കോടി രൂപ വിനിയോഗിച്ച് സൂപ്പർ ക്ലാസ് ബസ്സുകൾ ഉൾപ്പെടെ 116 ബസ്സുകൾ വാങ്ങി, കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് മുഖേന അന്തർ സംസ്ഥാന സർവ്വീസുകൾ ഉൾപ്പെടെ നിരവധി ദീർഘദൂര സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യുകയാണ്. ഇപ്രകാരം പുതിയ ബസ്സുകൾ നിരത്തിലിറക്കിയതുവഴി യാത്രക്കാർക്ക് മെച്ചപ്പെട്ട സൗകര്യങ്ങൾ പ്രദാനം ചെയ്യുന്നതോടൊപ്പം, വരുമാനവർദ്ധനവും കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഈ സാമ്പത്തികവർഷത്തിലെ ബഡ്ജറ്റിൽ സർക്കാർ, കെ.എസ്.ആർ.ടി.സി.-ക്ക് വായ്പാ ധനസഹായമായി 1000 കോടി രൂപയും പദ്ധതി വിഹിതമായി 106 കോടി രൂപയും വരുത്തിയിട്ടുണ്ട്. മാത്രമല്ല വായ്പാ വിഹിതത്തിൽ നിന്നും നാളിതുവരെ 388.56 കോടി രൂപ കെ.എസ്.ആർ.ടി.സി.-ക്ക് സർക്കാർ അനുവദിച്ചുനൽകിയിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി.-യുടെ നിലവിലെ രൂക്ഷമായ സാമ്പത്തിക പ്രതിസന്ധിയെത്തുടർന്ന് സ്വന്തം വരുമാനത്തിൽ നിന്നും പ്രതിമാസ പെൻഷൻ അനുവദിക്കാൻ കഴിയാതെ വരികയും തൽഫലമായി പെൻഷൻ

മുടങ്ങുന്ന സ്ഥിതിയും സംജാതമാകുകയുണ്ടായി. തദവസരത്തിൽ സർക്കാർ മുൻകയ്യെടുത്ത് സഹകരണ വകുപ്പുമായി സഹകരിച്ച് പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ ഒരു കൺസോർഷ്യം രൂപീകരിക്കുകയും പ്രസ്തുത കൺസോർഷ്യം വഴി നിലവിൽ പെൻഷൻ നൽകിവരുന്നുമുണ്ട്. ഇത്തരത്തിൽ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ വഴി നൽകുന്ന പെൻഷൻ തുക പലിശയുൾപ്പെടെ സർക്കാർ തന്നെ സഹകരണ ബാങ്കുകൾക്ക് അനുവദിക്കുകയും ചെയ്യുന്നുണ്ട്.

(ബി) നിലവിൽ സ്ഥാപനത്തിന്റെ പ്രവർത്തന നഷ്ടം കുറയ്ക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നു; വ്യക്തമാക്കുമോ;

(സി) കെ.എസ്.ആർ.ടി.സി.-യുടെ പ്രവർത്തന കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് നിലവിൽ എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ?

(ബി&സി) കെ.എസ്.ആർ.ടി.സി.-യുടെ മുഴുവൻ ഷെഡ്യൂളുകളുടെയും ഡ്യൂട്ടി പാറ്റേൺ മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്ട് 1961 പ്രകാരം ക്രമീകരിക്കുന്നതിനും ഇത്തരത്തിൽ ഷെഡ്യൂളുകൾ ശാസ്ത്രീയമായി പരിഷ്കരിച്ച് ജീവനക്കാരുടെ വിഭവശേഷി പൂർണ്ണമായി ഉപയോഗപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു.

അധികമായി നോൺ പീക്ക് സമയത്ത് ഓപ്പറേറ്റ് ചെയ്തിരുന്ന ട്രിപ്പുകൾ ക്രമീകരിക്കുകയും പീക്ക് സമയത്ത് പരമാവധി ട്രിപ്പുകൾ ലഭിക്കുകയും ചെയ്യുന്ന രീതിയിൽ സിംഗിൾ ഡ്യൂട്ടി സമ്പ്രദായം മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്ട് 1961 പ്രകാരം ക്രമീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. ഇപ്രകാരം സർവ്വീസ് ക്രമീകരിച്ചതിൽ സർവ്വീസുകളുടെ ഓപ്റ്റിമൈസേഷൻ സാദ്ധ്യമാകുകയും തദ്വാര ബസ്/കിലോമീറ്റർ വർദ്ധിക്കുകയും ബസ് സ്റ്റാഫ് റേഷ്യോ കുറയുകയും ചെയ്യുമെന്ന് മനസ്സിലായിട്ടുണ്ട്. നിലവിൽ 72 സിംഗിൾ ഡ്യൂട്ടികളും 1300 എണ്ണം 12 മണിക്കൂർ (37 ശതമാനം മാത്രം) ഇപ്രകാരം നടത്തിവരുന്നുണ്ട്. ലഭ്യമായ സാങ്കേതികവിദ്യയുടെ സഹായത്താൽ എല്ലാ യൂണിറ്റുകളുടെയും ട്രിപ്പ് വൈസ് കളക്ഷൻ പരിശോധിച്ച് ഷെഡ്യൂളുകളിലെ ഡീസൽ തുകപോലും ലഭിക്കാത്ത ഡെഡ് ട്രിപ്പുകളുടെ എണ്ണത്തിൽ കുറവുവരുത്തുവാൻ ഒരു പരിധി വരെ കഴിഞ്ഞിട്ടുണ്ട്.

ദീർഘദൂര സർവ്വീസുകളിലും അന്തർ സംസ്ഥാന സർവ്വീസുകളിലും കൂടുതൽ പഠനം നടത്തി ക്രൂ ചെയ്ഞ്ച്, ഡ്രൈവർ-കം-കണ്ടക്ടർ സംവിധാനം എന്നിവ ഏർപ്പെടുത്തുന്നത് ഉൾപ്പെടെ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഇപ്രകാരം ജീവനക്കാരുടെ ഉപയോഗം കൂട്ടുവാൻ

കഴിയും. യാത്രക്കാരുടെ ഡിമാന്റ് പരിശോധിച്ച് "ഒറിജിൻ-ഡെസ്റ്റിനേഷൻ" പൈലറ്റ് സ്റ്റഡി നടത്തി ഡിമാന്റ് അനുസരിച്ച് പരീക്ഷണാർത്ഥം എറണാകുളം-തിരുവനന്തപുരം റൂട്ടിൽ നോൺ സ്റ്റോപ്പ് സർവ്വീസുകൾ കണ്ടക്ടർ കം ഡ്രൈവറായി ആരംഭിച്ചതിൽ നിലവിലെ ജീവനക്കാരുടെ എണ്ണം കുറയ്ക്കുവാൻ കഴിഞ്ഞിട്ടുണ്ട്. പഠനം നടത്തി കൂടുതൽ നോൺ സ്റ്റോപ്പ് ഡ്രൈവർ കം കണ്ടക്ടർ സർവ്വീസുകൾ ആരംഭിക്കുന്നതുവഴി ബസ്സുകളുടെയും ജീവനക്കാരുടെയും ഉപയോഗം വർദ്ധിപ്പിക്കുവാൻ കഴിയും. നൂതന സാങ്കേതികവിദ്യയുടെ സഹായത്തോടെ ട്രാവൽ ഡിമാന്റ് ലൊക്കേഷൻ ട്രാക്കിംഗ് എന്നിവ കണ്ടെത്തുന്നതിന് DIMTS എന്ന സ്ഥാപനത്തെ പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടന്റായി നിയോഗിക്കുകയും പ്രവർത്തനങ്ങൾ നടന്നുവരികയുമാണ്. ഇത്തരത്തിൽ ഡാറ്റാ പ്രോസസ്സിംഗ് പൂർത്തിയാകുന്നതോടെ വിവരസാങ്കേതികവിദ്യയുടെ സഹായത്തോടെ റൂട്ടുകൾ പുനഃക്രമീകരിക്കുകയും ട്രിപ്പുകൾ കാര്യക്ഷമമാക്കുകയും നോൺ സ്റ്റോപ്പ് ലിമിറ്റഡ് സ്റ്റോപ്പ് ബസ്സുകൾ കൂടുതൽ ആരംഭിച്ച് ഷെഡ്യൂളുകൾ കാര്യക്ഷമമാക്കി ജീവനക്കാരുടെ ഉപയോഗം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതി നടന്നുവരുന്നു.

കൂടാതെ പ്രൊഫ. സുശീൽ ഖന്ന റിപ്പോർട്ടനുസരിച്ച് കെ.എസ്.ആർ.ടി.സി.യിലെ എല്ലാ മൾട്ടിപ്പിൾ ഡ്യൂട്ടികളും സിംഗിൾ ഡ്യൂട്ടികളാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. KSRTC ബസ്സുകൾ അപകടം സൃഷ്ടിക്കുന്നതിനുള്ള ഒരു കാരണം നിലവിലുള്ള (63 ശതമാനം) multiple duty സമ്പ്രദായമാണെന്ന് പ്രസ്തുത റിപ്പോർട്ടിൽ പറയുന്നു. ഇതുപ്രകാരം ആറ്റിങ്ങൽ, കണിയാപുരം ഡിപ്പോകളിൽ പരീക്ഷണാടിസ്ഥാനത്തിൽ ഡ്യൂട്ടി പരിഷ്കരണം നടത്തുന്നതിനുവേണ്ടി പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.

2021-22 സാമ്പത്തികവർഷത്തെ ബഡ്ജറ്റിലുൾപ്പെടുത്തി സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണവും ഇ-ഗവേണൻസ് എന്നീ പദ്ധതികളുടെ നടത്തിപ്പിനായി സർക്കാർ 10.64 കോടി രൂപ അനുവദിച്ചുനൽകിയിരുന്നു. ടി തുക GPRS, ബ്ലൂ ടൂത്ത് തുടങ്ങിയ നവീന സങ്കേതങ്ങളടങ്ങിയ 5500 ഇലക്ട്രോണിക് ടിക്കറ്റിംഗ് മെഷീനുകൾ, ബസ്സുകളിൽ വെഹിക്കിൾ ലൊക്കേഷൻ ട്രാക്കിംഗ് ഡിവൈസുകൾ സ്ഥാപിക്കുകയും ഇ-ഓഫീസ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി ലാപ്ടോപ്പുകൾ, കമ്പ്യൂട്ടറുകൾ, സ്കാനറുകൾ തുടങ്ങിയവ വാങ്ങുന്നതിനുമായി വിനിയോഗിക്കാനാണ് അനുവദിച്ചത്. ഇതിനുപുറമെ ഇതേ സാമ്പത്തികവർഷത്തിൽ ജീവനക്കാർക്ക്

മെച്ചപ്പെട്ട പരിശീലനം നൽകുന്നതിനായി പദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്തി ഒരു കോടി രൂപയും സർക്കാർ അനുവദിച്ചിട്ടുണ്ട്.

## കെ.എസ്.ആർ.ടി.സി.- യിലെ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിന് നടപടി

205(3565) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.എസ്.ആർ.ടി.സി.-യിലെ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്നറിയിക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വരവും ചെലവും തമ്മിലുള്ള അന്തരം കുറച്ച്, സ്ഥാപനത്തെ കൂടുതൽ ലാഭത്തിലാക്കുന്നതിനായി 2021-22 സാമ്പത്തികവർഷത്തിൽ ജീവനക്കാരുടെ ശമ്പളം, പെൻഷൻ, കൺസോർഷ്യം വായ്പ തിരിച്ചടവ് എന്നീ സുപ്രധാന ആവശ്യങ്ങൾക്കായി വായ്പയായി 2037.51 കോടി രൂപ അനുവദിച്ചുനൽകിയിരുന്നു. കൂടാതെ, 2021-22 സാമ്പത്തികവർഷത്തിൽ നാല് (4) പദ്ധതികളുടെ പൂർത്തീകരണത്തിനായി 87.21 കോടി രൂപയും

സർക്കാർ അനുവദിച്ചിട്ടുണ്ട്. ടി തുകയിൽ ഉൾപ്പെടുത്തി നൽകിയ 50 കോടി രൂപ വിനിയോഗിച്ച് സൂപ്പർ ക്ലാസ് ബസ്സുകൾ ഉൾപ്പെടെ 116 ബസ്സുകൾ വാങ്ങി, കെ.എസ്.ആർ.ടി.സി-സ്വിഫ്റ്റ് മുഖേന അന്തർ സംസ്ഥാന സർവ്വീസുകൾ ഉൾപ്പെടെ നിരവധി ദീർഘദൂര സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യുകയാണ്. ഇപ്രകാരം പുതിയ ബസ്സുകൾ നിരത്തിലിറക്കിയതുവഴി യാത്രക്കാർക്ക് മെച്ചപ്പെട്ട സൗകര്യങ്ങൾ പ്രദാനം ചെയ്യുന്നതോടൊപ്പം വരുമാന വർദ്ധനവും കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇതോടൊപ്പം കോർപ്പറേഷൻ ഘട്ടംഘട്ടമായി കൂടുതൽ ബസ്സുകൾ നിരത്തിലിറക്കി സർവ്വീസ് നടത്തുന്നതോടൊപ്പം ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി നിരവധി നൂതന പദ്ധതികളും ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഉപയോഗയോഗ്യമല്ലാത്ത ബസ്സുകൾ സ്റ്റാളുകളാക്കി മാറ്റി വിവിധ ഏജൻസികൾക്ക് വാടകയ്ക്ക് നൽകുന്ന ഷോപ്പ്-ഓൺ-വീൽസ് പൊതുജനങ്ങൾക്കുകൂടി കെ.എസ്.ആർ.ടി.സി. പമ്പുകളിൽ നിന്നും ഇന്ധനം ലഭ്യമാക്കുന്നതിനായി യാത്രാ ഫ്യൂവൽസ്, സ്ഥിരയാത്രക്കാർക്ക് മെച്ചപ്പെട്ട സൗകര്യം നൽകുന്ന ബസ് ഓൺ ഡിമാന്റ്, മൂന്നാറിലെത്തുന്ന വിനോദ സഞ്ചാരികൾക്ക് കുറഞ്ഞ ചെലവിൽ താമസസൗകര്യം ലഭ്യമാക്കുന്ന സ്ലീപ്പർ

ഇൻ ബസ്സ്, വിവിധ വിനോദസഞ്ചാര കേന്ദ്രങ്ങൾ ബന്ധപ്പെടുത്തിയുള്ള ടൂർ പാക്കേജുകൾ, ലൂബ്രിക്കേറ്റിംഗ് ഓയിലുകൾ മിതമായ നിരക്കിൽ ലഭ്യമാക്കുന്ന ലൂബ് ഷോപ്പുകൾ, മത്സ്യവിപണന രംഗത്തെ തൊഴിലാളി സ്ത്രീകൾക്ക് പ്രയോജനപ്രദമായ സമുദ്ര ഉൾപ്പെടെ നിരവധി നൂതന പദ്ധതികളും ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നുണ്ട്.

കെ.എസ്.ആർ.ടി.സി.-യുടെ നിലവിലെ രൂക്ഷമായ സാമ്പത്തിക പ്രതിസന്ധിയെത്തുടർന്ന് സ്വന്തം വരുമാനത്തിൽ നിന്നും പ്രതിമാസ പെൻഷൻ അനുവദിക്കാൻ കഴിയാതെ വരികയും, തൽഫലമായി പെൻഷൻ മുടങ്ങുന്ന സ്ഥിതിയും സംജാതമാകുകയുണ്ടായി. തദവസരത്തിൽ സർക്കാർ മുൻകയ്യെടുത്ത്, സഹകരണ വകുപ്പുമായി സഹകരിച്ച് പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ ഒരു കൺസോർഷ്യം രൂപീകരിക്കുകയും പ്രസ്തുത കൺസോർഷ്യം വഴി നിലവിൽ പെൻഷൻ മുടക്കം കൂടാതെ നൽകി വരുന്നുമുണ്ട്. ഇത്തരത്തിൽ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ വഴി നൽകുന്ന പെൻഷൻ തുക പലിശയുൾപ്പെടെ സർക്കാർ തന്നെ സഹകരണ ബാങ്കുകൾക്ക് അനുവദിക്കുകയും ചെയ്യുന്നുണ്ട്.

മാത്രമല്ല ഈ സാമ്പത്തികവർഷത്തിലെ ബഡ്ജറ്റിൽ സർക്കാർ, കെ.എസ്.ആർ.ടി.സി.-ക്ക് വായ്പാ ധനസഹായമായി 1000 കോടി രൂപയും,

പദ്ധതി വിഹിതമായി 106 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. വായ്പാ വിഹിതത്തിൽ നിന്നും നാളിതുവരെ 388.56 കോടി രൂപയും കെ.എസ്.ആർ.ടി.സി.-ക്ക് സർക്കാർ അനുവദിച്ചുനൽകിയിട്ടുണ്ട്.

പ്രതിവാഹന ജീവനക്കാരുടെ എണ്ണം ദേശീയ ശരാശരിയിൽ എത്തിക്കുന്നതിന് ശ്രമങ്ങൾ നടന്നുവരുന്നു. അധികമായി നോൺ പീക്ക് സമയത്ത് ഓപ്പറേറ്റ് ചെയ്തിരുന്ന ട്രിപ്പുകൾ ക്രമീകരിക്കുകയും പീക്ക് സമയത്ത് പരമവധി ട്രിപ്പുകൾ ലഭിക്കുകയും ചെയ്യുന്ന രീതിയിൽ സിംഗിൾ ഡ്യൂട്ടികളും 12 മണിക്കൂർ സ്പ്രാൻ ഡ്യൂട്ടികളും മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്ട് 1961 പ്രകാരം ക്രമീകരിച്ചുവരുന്നു. ഇപ്രകാരം സർവ്വീസ് ക്രമീകരിച്ചതിൽ സർവ്വീസുകളുടെ ഓപ്റ്റിമൈസേഷൻ സാദ്ധ്യമാകുകയും തദ്വാര ബസ് ഇ.പി.കെ.എം. വർദ്ധിക്കുകയും ബസ് സ്റ്റാഫ് റേഷ്യോ കുറയുകയും ചെയ്യുന്നതാണ്. സാങ്കേതികവിദ്യയുടെ സഹായത്താൽ എല്ലാ യൂണിറ്റുകളുടെയും ട്രിപ്പ്-വൈസ് കളക്ഷൻ പരിശോധിച്ച് ഡീസൽ തുകപോലും ലഭിക്കാത്ത ഡെഡ് ട്രിപ്പുകളുടെ എണ്ണത്തിൽ കുറവുവരുത്തുവാൻ കഴിഞ്ഞു.

ഇത്തരത്തിൽ സമഗ്രമായ പഠനത്തിന്റെ വെളിച്ചത്തിൽ സിറ്റി ഷട്ടിൽ സർവ്വീസുകൾ ആരംഭിച്ചു. കൂടുതൽ സ്ഥലസൗകര്യവും സൗകര്യപ്രദമായ

വാതിലുകളും ഉയരം കുറഞ്ഞ പ്ലാറ്റ്ഫോമുമുള്ള ലോ ഫ്ളോർ ബസ്സുകൾ ഉപയോഗിച്ചതിനാൽ കൂടുതൽ യാത്രക്കാർ ടി ബസ്സുകളെ ആശ്രയിക്കുകയും മറ്റ് ബസ്സുകൾ ഒറ്റപ്പെട്ട ഗ്രാമീണ റൂട്ടുകളിൽ ഉപയോഗിക്കുവാനും കഴിഞ്ഞിട്ടുണ്ട്.

അനാവശ്യമായി യാത്രക്കാരില്ലാതെ റിട്ടേൺ ഡെഡ് ട്രിപ്പുകൾ കുറക്കുന്നതിനും യാത്രക്കാരുടെ സൗകര്യത്തിനുമായി സിറ്റി റേഡിയൽ സർവ്വീസ് ആരംഭിച്ചു. സിറ്റിക്ക് പുറത്തുള്ള രണ്ട് പ്രധാന സ്ഥലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുക വഴി യാത്രക്കാർക്ക് ഇറങ്ങി കയറുന്നത് ഒഴിവാക്കുകയും യാത്രക്കാർ കൂടുതലായി ഇത്തരം ബസ്സുകളെ ആശ്രയിക്കുകയും ചെയ്തതിനാൽ കട്ട് ട്രിപ്പുകൾ സിറ്റിയിലേയ്ക്ക് നടത്തിയിരുന്ന ബസ്സുകളുടെ എണ്ണം കുറക്കുവാനും ചെലവ് കുറയ്ക്കുന്നതിനും കഴിഞ്ഞു. യാത്രക്കാരുടെ ഡിമാന്റ് പരിശോധിച്ച് "ഒറിജിൻ-ഡെസ്റ്റിനേഷൻ" പൈലറ്റ് സ്റ്റഡി നടത്തി ഡിമാന്റനുസരിച്ച് പരീക്ഷണാർത്ഥം നെയ്യാറ്റിൻകര- തിരുവനന്തപുരം റൂട്ടിലും എറണാകുളം - തിരുവനന്തപുരം റൂട്ടിലും നോൺ സ്റ്റോപ്പ്, ലിമിറ്റഡ് സ്റ്റോപ്പ് സർവ്വീസുകൾ ആരംഭിച്ചതിൽ നിലവിലെ യാത്രക്കാരുടെ എണ്ണം വർദ്ധിക്കുകയുണ്ടായി. ഇത്തരം പഠനം നടത്തി കൂടുതൽ നോൺ സ്റ്റോപ്പ് ഡ്രൈവർ കം കണ്ടക്ടർ സർവ്വീസുകൾ ആരംഭിക്കുന്നതുവഴി ബസ്സുകളുടെയും

ജീവനക്കാരുടെയും ഉപയോഗം വർദ്ധിപ്പിക്കുവാൻ കഴിയും. റൂട്ട് പുനഃക്രമീകരണത്തിലൂടെ സർവ്വീസുകൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി DIMTS എന്ന സ്ഥാപനത്തെ പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടന്റായി നിയോഗിക്കുകയും പ്രവർത്തനങ്ങൾ നടന്നുവരികയുമാണ്. ഇത്തരത്തിൽ ഡാറ്റാ പ്രോസസ്സിംഗ് പൂർത്തിയാകുന്നതോടെ വിവര സാങ്കേതികവിദ്യയുടെ സഹായത്തോടെ റൂട്ടുകൾ പുനഃക്രമീകരിക്കുകയും ട്രിപ്പുകൾ കാര്യക്ഷമമാക്കുകയും നോൺ സ്റ്റോപ്പ് ലിമിറ്റഡ് സ്റ്റോപ്പ് ബസ്സുകൾ കൂടുതൽ ആരംഭിച്ച് ജനോപകാരപ്രദമായും ജനാഭിലാഷം അനുസരിച്ചും ചെലവ് കുറച്ച് കാര്യക്ഷമമായി ഓപ്പറേഷൻ കൂടുതൽ സാദ്ധ്യമാക്കും.

നിലവിലെ ജീവനക്കാരെ ഉപയോഗിച്ച് പുതിയ അധിക സർവ്വീസ് നടത്തിയും പുനഃക്രമീകരണത്തിലൂടെയും ആദ്യഘട്ടത്തിൽ പ്രതിമാസ വരുമാനം 8 കോടി രൂപയിൽ എത്തിക്കുകയും ക്രമാനുഗതമായി പ്രതിദിന വരുമാനം 10 കോടി രൂപയിൽ എത്തിക്കുന്നതിനുമാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഇതിനായി ആവശ്യമായ സാങ്കേതിക സഹായവും നടപടികളും ദ്രുതഗതിയിൽ നടന്നുവരുന്നു.

കോർപ്പറേഷൻ നേരിടുന്ന സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിനായി ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുവാൻ

തീരുമാനിക്കുകയും ആയതിലേയ്ക്ക് കൊമേഴ്സ്യൽ വിഭാഗം രൂപീകരിക്കുകയും ചെയ്തു. ടി വിഭാഗത്തിന്റെ നേതൃത്വത്തിൽ ബസ്സുകളിൽ പരസ്യം പതിപ്പിക്കൽ, ബസ്സുകൾ വാടകയ്ക്ക് നൽകൽ തുടങ്ങിയ പ്രവൃത്തികൾ ചെയ്ത് ടിക്കറ്റിതര വരുമാനം വർദ്ധിപ്പിച്ച് കോർപ്പറേഷൻ നേരിടുന്ന സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിനുള്ള ഊർജ്ജിത ശ്രമങ്ങൾ നടന്നുവരുന്നു.

കെ.എസ്.ആർ.ടി.സി.-യിൽ ത്രീ ടയർ മെയിന്റനൻസ് സംവിധാനം നടപ്പിൽ വരുത്തുന്നതിന്റെ ഭാഗമായി ബസ്സുകളുടെ മെയിന്റനൻസ് 5 സെൻട്രൽ / റീജിയണൽ വർക്ക് ഷോപ്പുകൾ, 22 ജില്ലാ / സബ് ജില്ലാ വർക്ക്ഷോപ്പുകൾ കേന്ദ്രീകരിച്ച് നിർവ്വഹിക്കുന്നതിനും ഡിപ്പോ വർക്ക്ഷോപ്പുകളിൽ മെയിന്റനൻസ് പരിമിതപ്പെടുത്തുന്നതിനുള്ള ക്രമീകരണങ്ങളിലൂടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ പ്രസ്തുത ജില്ലാ/സബ് ജില്ലാ വർക്ക്ഷോപ്പുകളുടെ ആധുനികവത്ക്കരണ പ്രവർത്തനങ്ങളും പുരോഗതിയിലാണ്.

19 ഓപ്പറേറ്റിംഗ് സെന്ററുകളിലെ മെക്കാനിക്കൽ ജീവനക്കാരെ മാതൃയൂണിറ്റിലേയ്ക്ക് മാറ്റി ആവശ്യാർത്ഥം മാത്രം ജീവനക്കാരെ നിയോഗിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

റിപ്പയർ ഷെഡ്യൂളിന്റെയടിസ്ഥാനത്തിൽ ഫ്ലോട്ട് യൂണിറ്റുകൾ ലഭ്യമാക്കി മാറ്റുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

മെക്കാനിക്കൽ ജീവനക്കാർക്ക് കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് വാഹന നിർമ്മാതാക്കൾ മുഖാന്തരം ട്രെയിനിംഗ് നൽകിവരുന്നു.

കെ.എസ്.ആർ.ടി.സി.-യെ പുനരുദ്ധരിക്കുന്നതിന്റെ ഭാഗമായി പ്രൊഫ. സുശീൽ ഖന്നയുടെ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കോർപ്പറേഷന്റെ മാനേജ്മെന്റ്, പ്രവർത്തനരീതി എന്നിവ പുനഃക്രമീകരിക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

മാനേജ്മെന്റ് പ്രൊഫഷണലിസം

കെ.എസ്.ആർ.ടി.സി.-യിലെ വിവിധ വിഭാഗങ്ങളിലേയ്ക്ക് അതത് മേഖലകളിൽ യോഗ്യതയും പരിചയവുമുള്ള ഉദ്യോഗസ്ഥരുടെ സേവനം ലഭ്യമാക്കുന്നതിനായി ഓരോ വിഭാഗങ്ങളിലും വൈദഗ്ദ്ധ്യമുള്ളവരെ മതിയായ നിയമന നടപടിക്രമങ്ങൾ പാലിച്ച് കരാറടിസ്ഥാനത്തിൽ നിയമിക്കുക വഴി മാനേജ്മെന്റ് ശാക്തീകരിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പ്രൊഫഷണലിസം കൊണ്ടുവരുന്നതിനായി സർക്കാർ തലത്തിൽ സെലക്ഷൻ കമ്മിറ്റി രൂപീകരിച്ച് ജനറൽ മാനേജർ (F&A), ഡെപ്യൂട്ടി ജനറൽ മാനേജർ (ഓപ്പറേഷൻ) എന്നീ തസ്തികകളിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ട ജീവനക്കാരെ നിയോഗിച്ചിരുന്നു. ഐ. ടി., ഫിനാൻസ്, എച്ച്.ആർ. എന്നീ വിഭാഗങ്ങളിലേയ്ക്ക് ഡെപ്യൂട്ടി ജനറൽ മാനേജർമാർ, ജനറൽ മാനേജർ (ടെക്നിക്കൽ) എന്നീ തസ്തികകളിലും 3 ചാർട്ടേഡ് അക്കൗണ്ടന്റ് /കോസ്റ്റ് അക്കൗണ്ടന്റ് എന്നീ നിയമനങ്ങൾ നടത്തിയിട്ടുണ്ട്. കൂടാതെ ജനറൽ മാനേജർ (ഫിനാൻസ്) തസ്തികയിലേയ്ക്ക് നിയമനങ്ങൾ നടത്തുന്നതിനുവേണ്ട നടപടികൾ പുരോഗമിക്കുന്നു.

ഇത്തരത്തിൽ മാനവവിഭവശേഷി വർദ്ധിപ്പിക്കുന്നതിന്റെയും കോർപ്പറേഷനെ കൊമേർഷ്യലൈസ് ചെയ്യുന്നതിന്റെയും ഭാഗമായി പ്രാവീണ്യം തെളിയിക്കുന്നവരെ ഓപ്പൺ മാർക്കറ്റിൽ നിന്നും കരാറടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്.

പ്രൊഫ. സുശീൽ ഖന്നയുടെ റിപ്പോർട്ടിലെ പ്രധാന നിർദ്ദേശം കോർപ്പറേഷനെ മൂന്ന് (3) സ്വയം പര്യാപ്തമായ ലാഭകേന്ദ്രങ്ങളാക്കി മാറ്റുകയെന്നതാണ്. ആയതിൻപ്രകാരം കെ.എസ്.ആർ.ടി.സി.-യെ ചുവടെ ചേർത്തിരിക്കുന്ന തരത്തിൽ മൂന്ന് മേഖലകളാക്കി രൂപീകരിച്ചു.

| പേര് | റവന്യൂ ജില്ല | ആസ്ഥാനം |
|---|---|---|
| സൗത്ത് സോൺ | തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട | സെൻട്രൽ വർക്സ്, പാപ്പനംകോട് |
| സെൻട്രൽ സോൺ | ആലപ്പുഴ, കോട്ടയം, എറണാകുളം, ഇടുക്കി, തൃശ്ശൂർ | എറണാകുളം ബോട്ട് ജെട്ടി |
| നോർത്ത് സോൺ | മലപ്പുറം, പാലക്കാട്, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് | കോഴിക്കോട് |

വരുമാന വർദ്ധനവ് വരുത്തുകയെന്നതിനോടൊപ്പം, കോർപ്പറേഷന്റെ പ്രവർത്തനങ്ങളുടെ ശാക്തീകരണമാണ് പ്രസ്തുത മേഖലകളുടെ രൂപീകരണം കൊണ്ട് ലക്ഷ്യമിട്ടിട്ടുള്ളത്.

ഓൺലൈൻ ടിക്കറ്റ് റിസർവ്വേഷൻ ബുക്കിംഗ് സംവിധാനം.

കെ.എസ്.ആർ.ടി.സി.-യിലേയ്ക്ക് യാത്രക്കാരെ ആകർഷിക്കുന്നതിനും ടിക്കറ്റുകൾ മുൻകൂർ ബുക്ക് ചെയ്യുന്നതിനും പരിഷ്കരിച്ചതും കൂടുതൽ സൗകര്യങ്ങളോടുകൂടിയതുമായ ഓൺലൈൻ റിസർവ്വേഷൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

ഇതിലൂടെ യാത്രക്കാർക്ക് 30 ദിവസം മുൻകൂറായി ടിക്കറ്റുകൾ ബുക്ക് ചെയ്യാവുന്നതാണ്. മുൻകൂർ ടിക്കറ്റ് ബുക്കിംഗിനായി "എന്റെ കെ.എസ്.ആർ.ടി.സി" എന്ന മൊബൈൽ ആപ്ലിക്കേഷൻ ആരംഭിച്ചിട്ടുണ്ട്. ടി ആപ്പ് ഉപയോഗിച്ചും യാത്രക്കാർക്ക് കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ

ടിക്കറ്റ് ബുക്ക് ചെയ്യാൻ സാധിക്കുന്നതാണ്. ഒരു സ്ഥലത്ത് നിന്നും മറ്റൊരു സ്ഥലത്തേയ്ക്ക് നേരിട്ട് ബസ് ലഭ്യമല്ലെങ്കിൽ, 'Link Ticket' എന്ന സംവിധാനത്തിലൂടെ യാത്രക്കാർക്ക് രണ്ട് ബസ്സുകളിലെയും ടിക്കറ്റ് ടി ആപ്പ് മുഖേന ബുക്ക് ചെയ്യാൻ സാധിക്കും. കൂടുതൽ യാത്രക്കാരെ ആകർഷിക്കുന്നതിനായി ഓൺലൈൻ റിസർവ്വേഷൻ ബുക്കിംഗ്ചാർജ് 30 രൂപയിൽ നിന്നും 10 രൂപയായി കുറച്ചിട്ടുണ്ട്. കൂടാതെ 'Group Ticket Option' മുഖേന നാലോ അതിലധികമോ യാത്രക്കാർ ഒരുമിച്ച് ബുക്ക് ചെയ്യുമ്പോൾ ഒരു ടിക്കറ്റിന്റെ ബുക്കിംഗ് ചാർജ് ആയ 10 രൂപാ മാത്രം നൽകിയാൽ മതിയാകും. Round Ticket ബുക്ക് ചെയ്യുമ്പോൾ റിട്ടേൺ ടിക്കറ്റ് തുകയുടെ 10 ശതമാനം ഇളവ് ലഭിക്കുന്നതാണ്. പുതുക്കിയ Cancellation Policy പ്രകാരം 72 മണിക്കൂറിന് മുമ്പ് ടിക്കറ്റ് കാൻസൽ ചെയ്യുമ്പോൾ മുഴുവൻ തുകയും യാത്രകാർക്ക് തിരികെ നൽകുന്നതാണ്. ടി ആപ്പിൽ കൂടുതൽ Payment Option-കൾ (UPI) ഏർപ്പെടുത്തിയിട്ടുണ്ട്.

<u>പ്രീ-പെയ്ഡ് സ്മാർട്ട് കാർഡ്</u>

കൂടുതൽ യാത്രക്കാരെ ആകർഷിക്കുന്നതിലേയ്ക്കായി പ്രീ-പെയ്ഡ് സ്മാർട്ട് കാർഡ് സംവിധാനം നടപ്പിൽവരുത്തുന്നതിനുവേണ്ടിയുള്ള നടപടികൾ പുരോഗമിക്കുകയാണ്. പ്രീ-പെയ്ഡ് സ്മാർട്ട് കാർഡ്

ഉപയോഗിച്ച് പണരഹിതമായി യാത്രചെയ്യുന്നതിനുള്ള സൗകര്യം ഉണ്ടായിരിക്കുന്നതാണ്.

ഇ-ഓഫീസ്

ഓഫീസ് പ്രവർത്തനങ്ങൾ സുഗമവും വേഗതയേറിയതും കാര്യക്ഷമവുമാക്കുന്നതിനായി ഇ-ഓഫീസ് സംവിധാനം കേരള സ്റ്റേറ്റ് ഐ.ടി മിഷൻ/NIC എന്നിവയുമായി ചേർന്ന് നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

ആദ്യഘട്ടമെന്ന നിലയിൽ കെ.എസ്.ആർ.ടി.സി.-യുടെ ചീഫ് ഓഫീസിലും മൂന്ന് സോണൽ ഓഫീസുകളിലും ടി സംവിധാനം നടപ്പിലാക്കുന്നതാണ്. ഇതിനാവശ്യമായ കമ്പ്യൂട്ടറും മറ്റ് അനുബന്ധ ഉപകരണങ്ങളും ടെണ്ടർ നടപടികളിലൂടെ വാങ്ങിയിട്ടുണ്ട്.

ബഡ്ജറ്റ് ടൂറിസം പാക്കേജ്

206(3566) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ബഡ്ജറ്റ് ടൂറിസം സെൽ നടപ്പിലാക്കി വരുന്ന ടൂറിസം പാക്കേജിനെക്കുറിച്ച് വിശദമാക്കാമോ?

കുറഞ്ഞ ചെലവിൽ വിനോദസഞ്ചാരം സാധ്യമാക്കുകയെന്ന ലക്ഷ്യത്തോടെ 2021 നവംബർ 1 മുതൽ കെ.എസ്.ആർ.ടി.സി. ബഡ്ജറ്റ് ടൂറിസം ട്രിപ്പുകൾ നടത്തിവരികയാണ്. സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകളും ഏജൻസികളുമായും ബന്ധപ്പെട്ടാണ് കൂടുതൽ ടൂർ പാക്കേജുകൾ കെ.എസ്.ആർ.ടി.സി. നടപ്പാക്കിവരുന്നത്.

(ബി) പാലക്കാട് ജില്ലയിലെ ഏതൊക്കെ ടൂറിസം കേന്ദ്രങ്ങളെ പ്രസ്തുത പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ?

പാലക്കാട് ജില്ലയിലെ നെല്ലിയാമ്പതി, പറമ്പിക്കുളം, മലമ്പുഴ ഡാം എന്നീ വിനോദസഞ്ചാര കേന്ദ്രങ്ങളിലേയ്ക്കും കൂടാതെ ഗ്രാമയാത്ര എന്ന രീതിയിൽ പാലക്കാടൻ ഗ്രാമപ്രദേശങ്ങളെ പരിചയപ്പെടുത്തിയിട്ടുള്ള യാത്രകളും നടത്തിവരുന്നു.

## കെ -സ്വിഫ്റ്റ് കമ്പനിയുടെ നേട്ടങ്ങൾ

207(3567) ശ്രീ. വി. ആർ. സുനിൽകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിൽ കെ-സ്വിഫ്റ്റ് കമ്പനി രൂപീകരിക്കുന്നതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് കമ്പനി രൂപീകരിക്കുന്നതിനുള്ള കാരണങ്ങൾ താഴെ സൂചിപ്പിക്കുന്നു:

- കെ.എസ്.ആർ.ടി.സി.-യുടെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് KSRTC RESTRUCTURE 2.0 എന്ന പാക്കേജ് സമർപ്പിച്ചതിൽ ഒരു സുപ്രധാന നിർദ്ദേശമായി KSRTC-ക്കായി വാങ്ങുന്ന പുതിയ ബസ്സുകൾ സർവീസ് നടത്തുന്നതിനായി KSRTC സ്വിഫ്റ്റ് എന്ന പേരിൽ ഒരു സ്വതന്ത്ര കമ്പനിയെന്ന ആശയം സമർപ്പിച്ചത് സർക്കാർ അംഗീകരിക്കുകയായിരുന്നു.

- KIIFB നിഷ്കർഷിച്ചിരുന്നതുപ്രകാരം പുതിയ ബസ്സുകൾക്കായി വായ്പ ലഭ്യമാകണമെങ്കിൽ ഒരു Special Purpose Vehicle (SPV) രൂപീകരിക്കണമെന്നതും ഇതിനടിസ്ഥാനമാണ്.

(ബി) പ്രസ്തുത കമ്പനി രൂപീകരിച്ചതുമൂലം കെ.എസ്.ആർ.ടി.സി.-ക്ക് ഉണ്ടായിട്ടുള്ള നേട്ടങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

KSRTC-സ്വിഫ്റ്റ് എന്ന കമ്പനി രൂപീകരിച്ചതുമൂലം കെ.എസ്.ആർ.ടി.സി.-ക്ക് ഉണ്ടായിട്ടുള്ള പ്രധാന നേട്ടങ്ങൾ താഴെ വിവരിക്കുന്നു:

- നിലവിൽ KSRTC-യുടെ സാമ്പത്തികസ്ഥിതി വളരെ ശോചനീയമായതിനാൽ ധനകാര്യസ്ഥാപനങ്ങളൊന്നുംതന്നെ KSRTC-യ്ക്ക് വായ്പ നൽകുവാൻ തയ്യാറല്ല.
- കിഫ്ബി പോലെയുള്ള സ്ഥാപനങ്ങൾ വായ്പ ലഭ്യമാക്കുന്നതിനായി Special Purpose Vehicle (SPV) രൂപീകരിക്കണമെന്നുള്ള നിർദ്ദേശം KSRTC-സ്വിഫ്റ്റിന്റെ രൂപീകരണത്തോടെ സാദ്ധ്യമാക്കുകയും സാമ്പത്തികസഹായം ലഭിക്കുവാൻ സാധിക്കുകയും ചെയ്യുന്നു.
- ഇതുമൂലം കെ.എസ്.ആർ.ടി.സി.-യിൽ കാലഹരണപെട്ട പഴയ സൂപ്പർ ക്ലാസ് ബസ്സുകൾക്ക് പകരം പുതിയ ബസുകൾ വാങ്ങുന്നതിനും യാത്രക്കാർക്ക് മികച്ച സൗകര്യങ്ങളോടെ നിരത്തിലിറക്കാനും സാധിക്കുന്നു.
- ഹരിത ഇന്ധനങ്ങളോടെയുള്ള കൂടുതൽ പുതിയ ബസ്സുകൾ കെ.എസ്.ആർ.ടി.സി.ക്കായി KSRTC-സ്വിഫ്റ്റ് വഴി നൽകുന്നതിന്

അന്തരീക്ഷ മലിനീകരണ തോത് കുറയ്ക്കുന്നതിലുപരി പ്രവർത്തന ചെലവ് ഗണ്യമായി കുറയ്ക്കുവാനും സഹായിക്കുന്നു.

- ഈ വിധത്തിൽ സർവീസ് നടത്തുന്ന പുതിയ ബസ്സുകളിൽ നിന്ന് ലഭിക്കുന്ന വരുമാനം കെ.എസ്.ആർ.ടി.സി.-യുടെ സ്വന്തം അക്കൗണ്ടിലേയ്ക്കാണ് അടയ്ക്കുന്നത്. കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റിന് ഓടിയ ദൂരത്തിന് ആനുപാതികമായ നിരക്ക് മാത്രമാണ് നൽകുന്നത്, അതായത്, ഈ ബസ്സുകളിൽ നിന്നുണ്ടാകുന്ന ലാഭം കെ.എസ്.ആർ.ടി.സി.-ക്ക് മുതൽക്കൂട്ടാവുന്നതാണ്.

- കൂടാതെ ക്രൂ സഹിതം ബസ്സുകൾ കെ.എസ്.ആർ.ടി.സി.-യിലേയ്ക്ക് നൽകുന്നതിനാൽ കെ.എസ്.ആർ.ടി.സി.-യിൽ ലഭ്യമായ അധിക ക്രൂവിനെ ഉപയോഗിച്ച് കൂടുതൽ സർവീസുകൾ നടത്തുവാൻ സാധിക്കുന്നതും ഇതുവഴി കൂടുതൽ വരുമാനം കൈവരിക്കാനും സാധിക്കും.

- കെ.എസ്.ആർ.ടി.സി.-യുടെ ക്രൂവിന്റെ ചെലവ് കൂടുതലും KSRTC-SWIFT വഴി നിയോഗിക്കപ്പെടുന്ന ക്രൂവിന്റെ സേവന വ്യവസ്ഥകൾ

വ്യത്യസ്തമായതിനാൽ ജീവനക്കാരുടെ ചെലവ് KSRTC-യുമായി താരതമ്യം ചെയ്യുമ്പോൾ കുറവുമാണ്.

<u>പബ്ലിക് പ്രൈവറ്റ് പാർട്ടിസിപ്പേഷൻ പ്രകാരമുള്ള പദ്ധതികൾ</u>

208(3568) <u>ശ്രീ. നജീബ് കാന്തപുരം</u>: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വരുമാന വർദ്ധനവിനായി കെ.എസ്.ആർ.ടി.സി.-യുടെ ഉടമസ്ഥതയിലുള്ള ഒഴിഞ്ഞുകിടക്കുന്ന ഭൂമികളിൽ പബ്ലിക് പ്രൈവറ്റ് പാർട്ടിസിപ്പേഷൻ പ്രകാരം പദ്ധതികൾ നടപ്പാക്കുന്നതിന് ആലോചിക്കുന്നുണ്ടോ; വിശദമാക്കാമോ?

പുതുക്കാട്, തൃശ്ശൂർ, കോട്ടയം, എറണാകുളം, കൊട്ടാരക്കര, ഈഞ്ചയ്ക്കൽ (തിരുവനന്തപുരം) തുടങ്ങി ഒഴിഞ്ഞുകിടക്കുന്ന ഭൂമികളിൽ പബ്ലിക്-പ്രൈവറ്റ് പാർട്ടിസിപ്പേഷൻ പ്രകാരം പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു.

<u>കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ ശമ്പളം</u>

209(3569) <u>ശ്രീ. ടി. സിദ്ദിഖ്</u>

<u>ശ്രീമതി കെ. കെ. രമ</u>

ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-ൽ കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് കൃത്യസമയത്ത് ശമ്പളം വിതരണം ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

2022 ജനുവരി മാസം മുതൽ കോർപ്പറേഷൻ അഭിമുഖീകരിക്കുന്ന കടുത്ത സാമ്പത്തികപ്രതിസന്ധി നിമിത്തം ഒരു നിശ്ചിത തീയതിക്കുള്ളിൽ ജീവനക്കാരുടെ ശമ്പളം വിതരണം ചെയ്യാൻ സാധിച്ചിട്ടില്ല. കോവിഡിനുശേഷം പടിപടിയായി പരമാവധി ബസ്സുകൾ നിരത്തിലിറക്കിയും ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി നിരവധി നൂതന പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിയും പ്രതിദിന വരുമാനം ശരാശരി 6 കോടി രൂപയിലെത്തിച്ചെങ്കിലും 2022 ജനുവരി മാസം മുതൽ ജീവനക്കാരുടെ മുടങ്ങിക്കിടന്നിരുന്ന ശമ്പളപരിഷ്കരണം നടപ്പിലാക്കിയതുമൂലമുള്ള അധികബാദ്ധ്യതയും ഡീസൽ വിലയിലെ അനിയന്ത്രിത വിലവർദ്ധനവ് സൃഷ്ടിക്കുന്ന അധികച്ചെലവും പ്രതിദിന കൺസോർഷ്യം വായ്പയുടെ തിരിച്ചടവും നിമിത്തം ദൈനംദിന വരുമാനത്തിൽ നിന്നും ശമ്പളവിതരണത്തിനായി തുകയൊന്നും മിച്ചം പിടിക്കാൻ കഴിയാത്തതിനാലാണ് നിശ്ചിത ദിവസംതന്നെ ശമ്പള വിതരണം നടത്താൻ കഴിയാത്തത്.

(ബി) കെ.എസ്.ആർ.ടി.സി. അഭിമുഖീകരിക്കുന്ന സാമ്പത്തികപ്രതിസന്ധി തരണം ചെയ്യുന്നതിനും ജീവനക്കാർക്ക് കൃത്യമായി ശമ്പളം നൽകുന്നതിനും എന്തെല്ലാം നടപടിയാണ് സ്വീകരിക്കുവാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

കോവിഡ് മഹാമാരിക്കുശേഷം കെ.എസ്.ആർ.ടി.സി. പരമാവധി ബസ്സുകൾ നിരത്തിലിറക്കിയും വിവിധ നൂതന പദ്ധതികളിലൂടെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിച്ചും പ്രതിദിന വരുമാനം 6 കോടി രൂപയിൽ എത്തിച്ചിട്ടുണ്ട്. എന്നാൽ ഡീസൽ വിലയിലെ അനിയന്ത്രിത വിലക്കയറ്റം, ബൾക്ക് പർച്ചെയ്സർ വിഭാഗത്തിന് നൽകിയിരുന്ന ആനുകൂല്യങ്ങൾ ഇന്ധന കമ്പനികൾ നിഷേധിച്ചതുമൂലമുണ്ടായ അധിക ബാദ്ധ്യത, ജീവനക്കാർക്ക് അനുവദിച്ച ശമ്പള പരിഷ്കരണം, കൺസോർഷ്യം വായ്പ തിരിച്ചടവ് എന്നിവ നിമിത്തം വരുമാനത്തെക്കാൾ ചെലവേറിവരുന്ന സാഹചര്യത്തിൽ എല്ലാമാസവും സമയബന്ധിതമായി ജീവനക്കാർക്ക് ശമ്പളം വിതരണം ചെയ്യാൻ സാധിക്കാത്ത അവസ്ഥയാണ് നിലവിലുള്ളത്. ടി സ്ഥിതി തരണം ചെയ്യുന്നതിനായി സർക്കാർ സാമ്പത്തിക സഹായത്തിനുപുറമെ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ നിന്നും ഓവർഡ്രാഫ്റ്റ് വായ്പ കൂടി ലഭ്യമാക്കി അധിക കാലതാമസം കൂടാതെ ജീവനക്കാരുടെ

ശമ്പളം വിതരണം ചെയ്യുന്നുണ്ട്. ഡോക്കിലുള്ള ബസ്സുകൾ കൂടി നിരത്തിലിറക്കിയും ടിക്കറ്റിതര വരുമാനം വർദ്ധിപ്പിച്ചും ഈ പ്രതിസന്ധി തരണം ചെയ്യുന്നതിനുള്ള നടപടികൾ കോർപ്പറേഷൻ ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. ഇതിന്റെ ഗുണഫലത്താൽ വരുമാനം വർദ്ധിക്കുന്നമുറയ്ക്ക് ജീവനക്കാരുടെ ശമ്പളം സമയബന്ധിതമായി തന്നെ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതുമാണ്.

കെ.എസ്.ആർ.ടി.സി.-യുടെ പ്രവർത്തന നഷ്ടം കുറയ്ക്കുന്നതിനായി പ്രൊഫ. സുശീൽ ഖന്ന റിപ്പോർട്ടിലെ ശിപാർശകളുടെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നു. പ്രതിവാഹന ജീവനക്കാരുടെ എണ്ണം ദേശീയ ശരാശരിയിൽ എത്തിക്കുന്നതിന് ശ്രമങ്ങൾ നടന്നുവരുന്നു. അധികമായി നോൺ പീക്ക് സമയത്ത് ഓപ്പറേറ്റ് ചെയ്തിരുന്ന ട്രിപ്പുകൾ ക്രമീകരിക്കുകയും പീക്ക് സമയത്ത് പരമവധി ട്രിപ്പുകൾ ലഭിക്കുകയും ചെയ്യുന്ന രീതിയിൽ സിംഗിൾ ഡ്യൂട്ടികളും 12 മണിക്കൂർ സ്പാൻ ഡ്യൂട്ടികളും മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്ട് 1961 പ്രകാരം ക്രമീകരിച്ചുവരുന്നു. ഇപ്രകാരം സർവ്വീസ് ക്രമീകരിച്ചതിൽ സർവ്വീസുകളുടെ ഓപ്റ്റിമൈസേഷൻ സാദ്ധ്യമാകുകയും തദ്വാര ബസ് ഇ.പി.കെ.എം. വർദ്ധിക്കുകയും ബസ്-സ്റ്റാഫ് റേഷ്യോ കുറയുകയും ചെയ്യുന്നതാണ്. സാങ്കേതികവിദ്യയുടെ സഹായത്താൽ

എല്ലാ യൂണിറ്റുകളുടെയും ട്രിപ്പ് വൈസ് കളക്ഷൻ പരിശോധിച്ച് ഡീസൽ തുകപോലും ലഭിക്കാത്ത ഡെഡ് ട്രിപ്പുകളുടെ എണ്ണത്തിൽ കുറവ് വരുത്തുവാൻ കഴിഞ്ഞു.

ഇത്തരത്തിൽ സമഗ്രമായ പഠനത്തിന്റെ വെളിച്ചത്തിൽ സിറ്റി ഷട്ടിൽ സർവ്വീസുകൾ ആരംഭിച്ചു. കൂടുതൽ സ്ഥലസൗകര്യവും സൗകര്യപ്രദമായ വാതിലുകളും ഉയരം കുറഞ്ഞ പ്ലാറ്റ്ഫോമുമുള്ള ലോഫ്ളോർ ബസ്സുകൾ ഉപയോഗിച്ചതിനാൽ കൂടുതൽ യാത്രക്കാർ ടി ബസ്സുകളെ ആശ്രയിക്കുകയും മറ്റ് ബസ്സുകൾ ഒറ്റപ്പെട്ട ഗ്രാമീണ റൂട്ടുകളിൽ ഉപയോഗിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

അനാവശ്യമായി യാത്രക്കാരില്ലാതെ റിട്ടേൺ ഡെഡ് ട്രിപ്പുകൾ കുറക്കുന്നതിനും യാത്രക്കാരുടെ സൗകര്യത്തിനുമായി സിറ്റി റേഡിയൽ സർവ്വീസ് ആരംഭിച്ചു. സിറ്റിക്ക് വെളിയിലുള്ള രണ്ട് പ്രധാന സ്ഥലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുക വഴി യാത്രക്കാർക്ക് ഇറങ്ങി കയറുന്നത് ഒഴിവാക്കുകയും യാത്രക്കാർ കൂടുതലായി ഇത്തരം ബസ്സുകളെ ആശ്രയിക്കുകയും ചെയ്യുതിനാൽ കട്ട് ട്രിപ്പുകൾ സിറ്റിയിലേയ്ക്ക് നടത്തിയിരുന്ന ബസ്സുകളുടെ എണ്ണം കുറക്കുവാനും ചെലവ് കുറയ്ക്കുന്നതിനും കഴിഞ്ഞു.

കെ.എസ്.ആർ.ടി.സി.-യുടെ വരുമാനത്തിന്റെ ഏറിയപങ്കും സർവ്വീസ് ഓപ്പറേഷനിലൂടെയാണ് ലഭിക്കുന്നത്. കൂടാതെ കെ.എസ്.ആർ.ടി.സി.-യുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിലും ഷോപ്പിംഗ് കോംപ്ലക്സുകളിലും കച്ചവട സ്ഥാപനങ്ങൾ പ്രവർത്തിപ്പിക്കുന്നതിലൂടെയും ബസ്സ്റ്റേഷൻ പരസ്യം, ബസിലെ പരസ്യം, മൊബൈൽ ടവർ, Public Information System മുതലായവയിൽ നിന്നും ടിക്കറ്റിതര വരുമാനം ലഭിച്ചുവരുന്നു. കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ ടിക്കറ്റിതര വരുമാനത്തിൽ ഗണ്യമായ കുറവ് വന്നുവെങ്കിലും നൂതന വരുമാന മാർഗ്ഗങ്ങളിലൂടെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ കെ.എസ്.ആർ.ടി.സി.-യുടെ വരുമാന സ്രോതസ്സുകൾ കണ്ടെത്തി ശരിയായ രീതിയിൽ മാർക്കറ്റ് ചെയ്യുന്നതിനായി ഒരു മാർക്കറ്റിംഗ് വിംഗ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

സർവ്വീസ് ഓപ്പറേഷനിലൂടെ ലഭ്യമാകുന്ന വരുമാനം കോർപ്പറേഷന്റെ ചെലവുകൾക്ക് തികയാത്ത സാഹചര്യത്തിൽ കടുത്ത സാമ്പത്തിക പ്രതിസന്ധി സംജാതമാകുകയും തന്മൂലം ജീവനക്കാർക്ക് കൃത്യമായും ശമ്പളം നൽകുവാൻ കഴിയാത്ത സ്ഥിതിവിശേഷം ഉടലെടുക്കുകയും, ടി സാഹചര്യത്തിൽ സർവ്വീസ് ഓപ്പറേഷനിലൂടെ ലഭ്യമാകുന്ന

വരുമാനത്തിനുപരിയായി ലഭ്യമായിക്കൊണ്ടിരുന്ന സർവീസിതര വരുമാനം വർദ്ധിപ്പിക്കുവാൻ തീരുമാനിക്കുകയും ആയതിലേയ്ക്ക് കൊമേഴ്സ്യൽ വിഭാഗം രൂപീകരിക്കുകയും ചെയ്തു. സർക്കാരിന്റെ വിവിധ വകുപ്പുകളിലെ വിവിധ പദ്ധതികളുടെയും സ്വകാര്യ സ്ഥാപനങ്ങളുടെയും പരസ്യങ്ങൾ ബസ്സുകളിൽ പതിപ്പിക്കുന്ന പ്രവൃത്തി ത്വരിതപ്പെടുത്തുകയും കൂടാതെ സർക്കാർ സ്വകാര്യ സ്ഥാപനങ്ങൾക്ക് ബസ്സുകൾ വാടകയ്ക്ക് അനുവദിക്കുന്ന പ്രവൃത്തികളും ചെയ്ത് സർവീസിതര വരുമാനം ലഭ്യമാക്കി കോർപ്പറേഷന് മുതൽക്കൂട്ടാക്കുന്നുണ്ട്.

<u>കെ.എസ്.ആർ.ടി.സി.-യിലെ ശമ്പള വിതരണം</u>

210(3570) <u>ശ്രീ. സണ്ണി ജോസഫ്</u>: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2022-ൽ കെ.എസ്.ആർ.ടി.സി.-യിൽ ജൂൺ മാസത്തെ ശമ്പളം എന്ന് വിതരണം ചെയ്യുമെന്ന് അറിയിക്കുമോ; മേയ് മാസത്തിൽ കാറ്റഗറി തിരിച്ച് ശമ്പള വിതരണം നടത്താൻ ഉത്തരവ് നൽകിയത് ആരാണെന്നും ഏത് സാഹചര്യത്തിലാണെന്നും വ്യക്തമാക്കുമോ?

ജൂൺ മാസത്തിൽ ആകെ വരുമാനമായി 188 കോടി രൂപ ലഭ്യമായെങ്കിലും മേയ് മാസത്തെ ശമ്പളം, തനതുമാസത്തെ ഡീസൽ ചെലവ്, കൺസോർഷ്യം വായ്പ തിരിച്ചടവ്, മറ്റ് ദൈനംദിന ചെലവുകൾ

എന്നീ ഇനങ്ങളിലായി ഏകദേശം 269 കോടി രൂപ ചെലവായിട്ടുണ്ട്. ഇത്തരത്തിൽ ജൂൺ മാസത്തെ വരവും ചെലവും തമ്മിലുള്ള അന്തരം ഏകദേശം 81 കോടി രൂപ വരും. വരവിനെക്കാളേറെ ചെലവ് നേരിടുന്ന സാഹചര്യത്തിൽ കോർപ്പറേഷന്റെ പക്കൽ ശമ്പള വിതരണത്തിനായി തുകയൊന്നും മാറ്റിവയ്ക്കാൻ സാധിക്കാത്തതിനാൽ ജൂൺ മാസത്തെ ശമ്പള വിതരണത്തിനായി സർക്കാരിൽ നിന്നും 65 കോടി രൂപയുടെ സാമ്പത്തിക സഹായം ആവശ്യപ്പെട്ടിട്ടുണ്ട്. ടി സാമ്പത്തിക സഹായം ലഭ്യമാകുന്നമുറയ്ക്ക് ആവശ്യമെങ്കിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ നിന്നും ഓവർഡ്രാഫ്റ്റ് വായ്പ കൂടി ലഭ്യമാക്കി പരമാവധി കാലതാമസം കൂടാതെ ജീവനക്കാരുടെ ജൂൺ മാസത്തെ ശമ്പളം വിതരണം ചെയ്യാമെന്ന് പ്രതീക്ഷിക്കുന്നു.

മേയ് മാസത്തിൽ ശമ്പള വിതരണത്തിനായി സർക്കാർ സഹായമായി നൽകിയ 30 കോടി രൂപ വിനിയോഗിച്ച് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ നിന്നും എടുത്തിരുന്ന ഓവർഡ്രാഫ്റ്റ് വായ്പ കുടിശ്ശിക പൂർണ്ണമായും ഒടുക്കി വീണ്ടും പുതുക്കിയെടുത്ത തുക ഉപയോഗിച്ച് എല്ലാ ജീവനക്കാരുടെയും ശമ്പളം ഒരുമിച്ച് നൽകാൻ കഴിയുമായിരുന്നില്ല. തുടർന്ന് 17-06-2022-ൽ കെ.എസ്.ആർ.ടി.സി. മാനേജ്മെന്റ്, കോർപ്പറേഷന്റെ കൈവശം ലഭ്യമായിരുന്ന തുക ഉപയോഗിച്ച് ഓപ്പറേറ്റിംഗ് വിഭാഗം ജീവനക്കാരുടെ

ശമ്പളം പൂർണ്ണമായും നൽകുകയുണ്ടായി. തുടർന്ന് തനതുവരുമാനത്തിൽ നിന്ന് മിച്ചംപിടിച്ച തുകയും ഇന്ധന കമ്പനികൾക്ക് നൽകേണ്ട വിഹിതവും കൺസോർഷ്യം വായ്പാ തിരിച്ചടവും നിർത്തിവച്ച് വിവിധ ദിവസങ്ങളിലായി സമാഹരിച്ച തുക ഉപയോഗിച്ച് 27-6-2022-ൽ മിനിസ്റ്റീരിയൽ വിഭാഗത്തിനും 30-6-2022 മുതൽ 02-7-2022 വരെയുള്ള ദിവസങ്ങളിലായി മെക്കാനിക്കൽ, ഹയർ ഡിവിഷൻ ഉൾപ്പെടെയുള്ള എല്ലാ ജീവനക്കാർക്കും മേയ് മാസത്തെ ശമ്പളം വിതരണം ചെയ്തിട്ടുണ്ട്. ആകെ ശമ്പളം നൽകാൻവേണ്ട ഏകദേശം 80 കോടി രൂപ ഒരുമിച്ച് കണ്ടെത്താൻ കഴിയാതെ വന്നതിനാലാണ് ലഭ്യമായ തുക ഉപയോഗിച്ച് കഴിയും വേഗത്തിൽ കാറ്റഗറി തിരിച്ചെങ്കിലും ജീവനക്കാരുടെ ശമ്പള വിതരണം നടത്താനുള്ള നടപടികൾ സ്വീകരിച്ചത്.

## കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് ശമ്പളം

211(3571) ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. സനീഷ്കുമാർ ജോസഫ്:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് അഞ്ചാം തീയതിക്കുള്ളിൽ ശമ്പളം നൽകണമെന്നും ഡ്രൈവർമാർക്കും കണ്ടക്ടർമാർക്കും ആദ്യം ശമ്പളം നൽകണമെന്നുമുള്ള ഹൈക്കോടതി ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) പ്രസ്തുത ഉത്തരവ് നടപ്പിലാക്കാൻ സർക്കാരിന് സാധിക്കുമോയെന്ന് വിശദമാക്കാമോ?

(ബി&സി) കെ.എസ്.ആർ.ടി.സി.-യുടെ നിലവിലെ സാമ്പത്തിക സ്ഥിതിയിൽ എല്ലാമാസവും അഞ്ചാം തീയതിക്കുള്ളിൽ ശമ്പളം നൽകാനാകാത്ത സ്ഥിതിയാണ്. ഇക്കാര്യം ബഹുമാനപ്പെട്ട ഹൈക്കോടതിയെ ധരിപ്പിച്ചിട്ടുണ്ട്.

<u>കെ.എസ്.ആർ.ടി.സി.-യിൽ ഭാഗിക ശമ്പളത്തോടുകൂടിയ അവധി</u>

212(3572) <u>ശ്രീ. എൻ. ഷംസുദ്ദീൻ:</u>

<u>ശ്രീ. പി. ഉബൈദുള്ള:</u>

<u>ശ്രീ. പി. അബ്ദുൽ ഹമീദ്:</u>

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിൽ ഭാഗിക ശമ്പളത്തോടുകൂടിയ അവധി സംവിധാനം നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

കെ.എസ്.ആർ.ടി.സി.-യിലെ പുനരുദ്ധാരണത്തിന്റെ ഭാഗമായി ദേശീയ ശരാശരിക്കൊപ്പം ബസ്-സ്റ്റാഫ് റേഷ്യോ എത്തിക്കുന്നതിനായി അധിക ജീവനക്കാരുണ്ടെന്ന് കണ്ടെത്തിയ തസ്തികകളിലുള്ളവർക്ക് furlough leave അനുവദിച്ചുവരുന്നു.

Furlough leave നടപ്പിലാക്കിയത് സംബന്ധിച്ച ഉത്തരവുകളുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു+.

(ബി) ഇതുവഴി കെ.എസ്.ആർ.ടി.സി.-ക്ക് പ്രതിമാസം എത്ര രൂപ ലാഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(സി) പ്രസ്തുത നടപടിയിലൂടെ കെ.എസ്.ആർ.ടി.സി.-യെ ലാഭത്തിലാക്കാൻ കഴിയുമെന്ന് കരുതുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി&സി) നിലവിൽ 62 ജീവനക്കാർക്ക് ഭാഗിക ശമ്പളത്തോടുകൂടി ഫർലോ അനുവദിച്ചിട്ടുണ്ട്. ടി ജീവനക്കാർക്ക് പ്രതിമാസം 24,14,612 രൂപ ശമ്പളം നൽകേണ്ട സ്ഥാനത്ത് 12,07,306 രൂപ മാത്രമാണ് അനുവദിച്ച് നൽകിയിട്ടുള്ളത്. ആയതിലൂടെ 12,07,306/- രൂപ ശമ്പളമിനത്തിൽ ലാഭിക്കുവാൻ കഴിഞ്ഞു.

പ്രൊഫ. സുശീൽ ഖന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപ്പിൽവരുത്തുന്ന വിവിധ പരിഷ്കരണ നടപടികളിലൂടെ കെ.എസ്.ആർ.ടി.സി.-യുടെ വരുമാനം വർദ്ധിപ്പിക്കുവാൻ കഴിയുമെന്ന് കരുതുന്നു.

## കൊല്ലം ഡിപ്പോയുടെ വികസനം

213(3573) ശ്രീ. എം. മുകേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ സമഗ്ര വികസനത്തിനായി കിഫ്ബിയുടെ ധനസഹായത്തോടെയുള്ള പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കുന്നതിന് സിൽക്ക് എന്ന ഏജൻസിയെ ചുമതലപ്പെടുത്തിയെങ്കിലും പ്രസ്തുത ഏജൻസി ഇക്കാര്യത്തിൽ യാതൊരു നടപടികളും സ്വീകരിച്ചില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഡി.പി.ആർ. തയ്യാറാക്കുന്നതിനായി മറ്റേതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; ഡി.പി.ആർ. തയ്യാറാക്കുന്ന നടപടികൾ അടിയന്തരമായി പൂർത്തീകരിച്ച് പദ്ധതിക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

കിഫ്ബിയുടെ ധനസഹായം ലഭ്യമാക്കുന്നതിനുവേണ്ടി M/s. Buro Development Architect എന്ന സ്ഥാപനത്തെക്കൊണ്ട് plan drawing-ഉം Rough cost estimate-ഉം തയ്യാറാക്കിയിട്ടുണ്ട്. ഉടൻതന്നെ KIIFB-യുടെ അംഗീകാരത്തിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ചാലക്കുടി കെ.എസ്.ആർ.ടി.സി. ഡിപ്പോയിലെ സർവ്വീസുകൾ

214(3574) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് വ്യാപനം രൂക്ഷമായതിനെത്തുടർന്ന് ചാലക്കുടി ഡിപ്പോയിൽ നിന്ന് നിർത്തലാക്കിയിട്ടുള്ളതും

പുനരാരംഭിച്ചിട്ടില്ലാത്തതുമായ കെ.എസ്.ആർ.ടി.സി. സർവ്വീസുകളുടെ വിശദാംശങ്ങൾ നൽകുമോ;

(ബി) പ്രസ്തുത സർവ്വീസുകൾ പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) കോവിഡ് വ്യാപനം രൂക്ഷമായതിനെത്തുടർന്ന് നിർത്തലാക്കിയതും കോവിഡ് നിയന്ത്രണങ്ങളിൽ ഇളവനുവദിച്ചതിനെത്തുടർന്ന് പുനരാരംഭിച്ചതുമായ സർവ്വീസുകളുടെ ഏതെങ്കിലും ട്രിപ്പുകൾ റദ്ദാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ഡി) ഉണ്ടെങ്കിൽ ഇവ പുനരാരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ഇ) 2016 മുതൽ ചാലക്കുടി ഡിപ്പോയിൽ നിന്ന് നിർത്തലാക്കിയ ദീർഘദൂര സർവ്വീസുകൾ ഏതൊക്കെയെന്ന് ഇനം തിരിച്ച് അറിയിക്കുമോ;

(എഫ്) ഇവ നിർത്തലാക്കിയതിന്റെ കാരണം വിശദീകരിക്കുമോ?

(എ-എഫ്) കോവിഡ് വ്യാപനം രൂക്ഷമായതിനെത്തുടർന്ന് ചാലക്കുടി ഡിപ്പോയിൽ നിർത്തലാക്കിയതും പുനരാരംഭിച്ചിട്ടില്ലാത്തതുമായ സർവ്വീസുകൾ ചുവടെ ചേർക്കുന്നു.

1. 07.25 - തൊടുപുഴ

2. 06.10 - എറണാകുളം

3. 05.00 - തൊട്ടിൽപ്പാലം

4. 06.30 - ആതിരപ്പിള്ളി

5. 06.20 - ആലുവ

എന്നാൽ കോവിഡാനന്തരം സർവ്വീസുകൾ പുനരാരംഭിച്ചപ്പോൾ നിർത്തലാക്കിയ സർവ്വീസുകളിൽ ലാഭകരമായതും ജനങ്ങൾക്ക് ഉപകാരപ്രദവുമായ ട്രിപ്പുകൾ നിലവിലുള്ള സർവ്വീസുകളിൽ പുനഃക്രമീകരിച്ച് നടത്തിവരുന്നു. കൂടുതൽ സർവ്വീസുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് ഗ്രാമവണ്ടി പദ്ധതിയിൽ ഉൾപ്പെടുത്തി ഓപ്പറേറ്റ് ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. ഇത്തരത്തിൽ പുതിയ സർവ്വീസുകൾ ജനോപകാരപ്രദമായി ആരംഭിക്കുന്നതിനും പദ്ധതി നടപ്പാക്കിവരുന്നു. ഇത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ഡീസൽ തുക മാത്രം ലഭ്യമാക്കിയാൽ എത്രയുംവേഗം ആരംഭിക്കുവാൻ കഴിയും.

ചാലക്കുടി ഡിപ്പോയിൽ നിന്നുള്ള ദീർഘദൂര സർവ്വീസുകൾ പൂർണ്ണമായും റദ്ദ് ചെയ്തിട്ടില്ല. ഫാസ്റ്റ് പാസഞ്ചർ മുതൽക്കുള്ള ദീർഘദൂര സർവ്വീസുകൾ

പുനഃക്രമീകരിക്കുന്നതിന്റെ ഭാഗമായി ചാലക്കുടി ഡിപ്പോയിലെ ദീർഘദൂര സർവ്വീസുകൾ പുനഃക്രമീകരിച്ചിട്ടുണ്ട്.

കൃത്യമായ സമയക്രമവും ഇടവേളയും നിശ്ചയിച്ച് യാത്രക്കാർക്ക് കൂടുതൽ മെച്ചപ്പെട്ട യാത്രാസൗകര്യം ഒരുക്കുന്നതിനാണ് തിരുവനന്തപുരം മുതൽ തൃശ്ശൂർ വരെയുള്ള ദേശസാത്കൃത റൂട്ടിൽ കെ.എസ്.ആർ.ടി.സി. സൂപ്പർഫാസ്റ്റ് ചെയിൻ സർവ്വീസ് 06-05-2019 തീയതി മുതൽ ആരംഭിച്ചിട്ടുള്ളത്. അതോടൊപ്പം തൃശ്ശൂർ മുതൽ പാലക്കാട് വരെയും തൃശ്ശൂർ മുതൽ കോഴിക്കോട് വരെയും സൂപ്പർ ഫാസ്റ്റ് സർവ്വീസുകളിലെ സമയം ക്രമീകരിച്ചിട്ടുണ്ട്. കൂടാതെ തിരുവനന്തപുരം - കോട്ടയം, തിരുവനന്തപുരം - എറണാകുളം എന്നീ റൂട്ടുകളിൽ ഫാസ്റ്റ് പാസഞ്ചർ ബസ്സുകളുപയോഗിച്ചും ചെയിൻ സർവ്വീസുകൾ 04-8-2019 മുതൽ ആരംഭിച്ചിട്ടുണ്ട്. കൂടാതെ രണ്ടാംഘട്ടമായി 01-12-2019 മുതൽ കോട്ടയം മുതൽ തൃശ്ശൂർ വഴി കോഴിക്കോട് വരെയും എറണാകുളം മുതൽ തൃശ്ശൂർ വഴി കോഴിക്കോട് വരെയും ഫാസ്റ്റ് പാസഞ്ചർ ബസ്സുകൾ ഉപയോഗിച്ച് ചെയിൻ സർവ്വീസുകൾ കൃത്യമായ ഇടവേളകളിൽ ക്രമീകരിച്ചിട്ടുണ്ട്. പ്രസ്തുത റൂട്ടുകളിൽ ഇത്തരത്തിൽ സർവ്വീസുകൾ പുനഃക്രമീകരിച്ചപ്പോൾ ചാലക്കുടി ഡിപ്പോയിൽ നിന്നുള്ള ടി റൂട്ടുകളിലെ സർവ്വീസുകളും ഉൾപ്പെടുത്തിയിട്ടുണ്ട്. ദീർഘദൂര യാത്രക്കാർക്ക്

കൂടുതൽ പ്രയോജനകരമാകുന്ന രീതിയിലാണ് ടി സർവ്വീസുകൾ പുനഃക്രമീകരിച്ചിട്ടുള്ളത്. പുനഃക്രമീകരണത്തിലൂടെ തിരുവനന്തപുരം മുതൽ കോഴിക്കോട് വരെ രണ്ട് പ്രധാന പാതകളിലൂടെയും സർവ്വീസുകൾ എല്ലാ സമയത്തും ഉറപ്പുവരുത്തുന്നതിനും കെ.എസ്.ആർ.ടി.സി.-ക്ക് വരുമാനം വർദ്ധിപ്പിക്കുന്നതിനും പൊതുജനങ്ങൾക്ക് യാത്രാസൗകര്യം പ്രദാനം ചെയ്യുന്നതിനും സാധിച്ചിട്ടുണ്ട്.

(ജി) അതിരപ്പിള്ളിയിൽ നിന്ന് ചാലക്കുടി വഴി തൃശ്ശൂർ ഗവൺമെന്റ് മെഡിക്കൽ കോളേജിലേയ്ക്ക് സർവ്വീസുകൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് ഗ്രാമവണ്ടി പദ്ധതിയിൽ ഉൾപ്പെടുത്തി ഓപ്പറേറ്റ് ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. ഇത്തരത്തിൽ പുതിയ സർവ്വീസുകൾ ജനോപകാരപ്രദമായി ആരംഭിക്കുന്നതിനും പദ്ധതി നടപ്പാക്കിവരുന്നു. ഇത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ഡീസൽ തുക മാത്രം ലഭ്യമാക്കിയാൽ എത്രയുംവേഗം ആരംഭിക്കുവാൻ കഴിയും.

## പാലോട് കെ.എസ്.ആർ.ടി.സി. മന്ദിരത്തിൽ പ്രവർത്തനം ആരംഭിക്കൽ

215(3575) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം മണ്ഡലത്തിൽ 25-2-2020-ൽ ഉദ്ഘാടനം ചെയ്യപ്പെട്ട പാലോട് കെ.എസ്.ആർ.ടി.സി. ബഹുനില മന്ദിരത്തിൽ ഇതുവരെയും ഓഫീസ് പ്രവർത്തനമാരംഭിക്കാത്തതിന്റെ കാരണങ്ങൾ അറിയിക്കാമോ?

25-2-2022-ലാണ് പാലോട് പുതിയ മന്ദിരം പൂർത്തിയാക്കി ഉദ്ഘാടനം ചെയ്തത് (2020-ൽ അല്ല). ഈ കെട്ടിടത്തിലേയ്ക്ക് electricity connection-നും കുടിവെള്ള കണക്ഷനും ലഭ്യമാകാത്തതിനാലാണ് പ്രവർത്തനമാരംഭിക്കാത്തത്.

(ബി) ഓഫീസ് പ്രവർത്തിപ്പിക്കുന്നതിന് സാങ്കേതികമോ ഭരണപരമോ ആയ എന്തെങ്കിലും കാലതാമസം നിലനിൽക്കുന്നുണ്ടോ?

Electricity Board-ൽ നിന്നും Kerala Water Authority-യിൽ നിന്നും കണക്ഷൻ ലഭ്യമാക്കാൻ ഫീസ് അടയ്ക്കാനുള്ള കത്തുകൾ ലഭിച്ചിട്ടുണ്ട്. തുക അംഗീകരിച്ച് നൽകുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പുതിയ കെട്ടിടത്തിൽ എന്നു മുതൽ പ്രവർത്തനമാരംഭിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

ഇലക്ട്രിക് കണക്ഷൻ, കുടിവെള്ള കണക്ഷൻ എന്നിവ ലഭ്യമാക്കി അടിയന്തരമായി പ്രവർത്തനം ആരംഭിക്കുന്നതാണ്.

ഹരിപ്പാട് കെ.എസ്.ആർ.ടി.സി. ഡിപ്പോ-കം- വാണിജ്യസമുച്ചയം

216(3576) ശ്രീ. രമേശ് ചെന്നിത്തല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് കെ.എസ്.ആർ.ടി.സി. ഡിപ്പോ-കം-വാണിജ്യ സമുച്ചയത്തിന്റെ നിർവ്വഹണ പുരോഗതി അറിയിക്കാമോ?

ഹരിപ്പാട് കെ.എസ്.ആർ.ടി.സി. ഡിപ്പോ-കം-വാണിജ്യസമുച്ചയം പൂർത്തീകരിക്കുന്നതിനായുള്ള ബാക്കി പ്രവൃത്തികളുടെ നിർവ്വഹണം കെ.എസ്.ആർ.ടി.സി.-യുടെ PMC-യായ M/s. HLL-നെ ഏൽപ്പിക്കുകയും M/s. HLL തയ്യാറാക്കിയ 178.88 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് 02/12/2021-ൽ കെ.എസ്.ആർ.ടി.സി. ഭരണാനുമതി നൽകുകയും ചെയ്തു. തുടർന്ന് കെട്ടിടത്തിന്റെ ബാക്കി സിവിൽ, ഫയർ, ഇലക്ട്രിക്കൽ, Lift എന്നീ പ്രവൃത്തികൾ 2021 മാർച്ച് മാസത്തിൽത്തന്നെ ആരംഭിച്ചു. എല്ലാ പ്രവൃത്തികളും 60 ശതമാനം പൂർത്തീകരിച്ചുകഴിഞ്ഞു. ബാക്കി പ്രവൃത്തികൾ

പുരോഗമിച്ചുവരികയാണ്. വാണിജ്യസമുച്ചയം ഒറ്റയൂണിറ്റായി പരിഗണിച്ച് ടെണ്ടർ നടത്തിയെങ്കിലും ആരുംതന്നെ പങ്കെടുത്തില്ല. തുടർന്ന് കെ.എസ്.ആർ.ടി.സി. നേരിട്ട് വിവിധ സർക്കാർ സ്ഥാപനങ്ങൾ, ബാങ്കുകൾ, മറ്റ് സ്വകാര്യസ്ഥാപനങ്ങൾ തുടങ്ങിയവയെ സമീപിച്ചതിന്റെ അടിസ്ഥാനത്തിൽ ഗ്രൗണ്ട് ഫ്ലോറിൽ കാനറാ ബാങ്കിന് 1900 ചതുരശ്ര അടി സ്ഥലം ചതുരശ്ര അടിയ്ക്ക് 40/- രൂപ നിരക്കിൽ വാടക ഈടാക്കി നൽകുന്നതിന് തത്വത്തിൽ ധാരണയാകുകയും ആയതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ അവസാനഘട്ടത്തിലുമാണ്. ഇതിനുപുറമേ ഒന്നാം നിലയിൽ കെ.എസ്.എഫ്.ഇ. എന്ന സർക്കാർ ധനകാര്യസ്ഥാപനത്തിന് അനുവദിച്ചുനൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. രണ്ടാം നിലയിലെ സ്ഥലം കെ.എസ്.ആർ.ടി.സി. പുതുതായി രൂപീകരിച്ച ജില്ലാ ഓഫീസ് പ്രവർത്തിപ്പിക്കുന്നതിനായി ഉദ്ദേശിക്കുന്നു.

(ബി) വാണിജ്യ സമുച്ചയത്തിന്റെ നിലവിലെ അവസ്ഥയെന്തെന്ന് വ്യക്തമാക്കാമോ; ഇതിന്റെ പ്രവർത്തനം എന്നുമുതൽ ആരംഭിക്കാനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

കെട്ടിടത്തിൽ ബാക്കി സിവിൽ ഇലക്ട്രിക്കൽ, ഫയർ, ലിഫ്റ്റ് എന്നീ പ്രവൃത്തികൾ 60 ശതമാനം പൂർത്തീകരിച്ചു. പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിച്ച് വാണിജ്യസമുച്ചയം പ്രവർത്തനസജ്ജമാക്കുന്നതാണ്.

## കായംകുളം ബസ് ഡിപ്പോയ്ക്ക് പുതിയ കെട്ടിടം

217(3577) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം കെ.എസ്.ആർ.ടി.സി. ബസ് ഡിപ്പോയിലെ കെട്ടിടങ്ങളുടെ ജീർണ്ണാവസ്ഥ സംബന്ധിച്ച പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത കെട്ടിടത്തിന്റെ കാലപ്പഴക്കം നിർണ്ണയിച്ച് കെട്ടിടം പുതുക്കി പണിയുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

കായംകുളം കെ.എസ്.ആർ.ടി.സി. ബസ് ഡിപ്പോ പുതുക്കി പണിയുന്നതിന് നടപടി സ്വീകരിച്ചുവരുന്നുണ്ട്.

കെ.എസ്.ആർ.ടി.സി. തനത് ഫണ്ട്/പ്ലാൻ ഫണ്ട്, കിഫ്ബിയിൽ നിന്നും ധനസഹായം എന്നിവ ലഭ്യമാക്കി ഡിപ്പോ പുതുക്കി പണിയുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

പേരാമ്പ്ര മണ്ഡലത്തിലെ കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസുകൾ

218(3578) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര മണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിലൂടെ കോഴിക്കോട് മെഡിക്കൽ കോളേജിലേയ്ക്ക് എത്ര കെ.എസ്.ആർ.ടി.സി. ബസ്സുകൾ സർവ്വീസ് നടത്തിയിരുന്നു; വ്യക്തമാക്കാമോ?

പേരാമ്പ്ര മണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിലൂടെ കോഴിക്കോട് മെഡിക്കൽ കോളേജിലേയ്ക്ക് തൊട്ടിൽപ്പാലം, വടകര യൂണിറ്റുകളിൽ നിന്നും 4 സർവ്വീസുകൾ നടത്തിയിരുന്നു.

1. 05.00 തൊട്ടിൽപ്പാലം-പേരാമ്പ്ര -മെഡിക്കൽ കോളേജ്

2. 04.35 തൊട്ടിൽപ്പാലം -പേരാമ്പ്ര -മെഡിക്കൽ കോളേജ്

3. 04.40 വടകര-മെഡിക്കൽ കോളേജ്

4.13.30 വടകര -മേപ്പയൂർ - മെഡിക്കൽ കോളേജ്

(ബി) അവയിൽ എത്ര ബസ്സുകൾ നിലവിൽ സർവ്വീസ് നിർത്തിവച്ചിട്ടുണ്ട്; വിശദമാക്കാമോ?

തൊട്ടിൽപ്പാലം ഡിപ്പോയിലെ ഒന്നും, വടകര ഡിപ്പോയിലെ ഒരു സർവ്വീസുമുൾപ്പെടെ രണ്ട് സർവ്വീസുകൾ നിർത്തലാക്കിയിട്ടുണ്ട്.

1. 05.00 തൊട്ടിൽപ്പാലം -പേരാമ്പ്ര -മെഡിക്കൽ കോളേജ്

2.13.30 വടകര -മെഡിക്കൽ കോളേജ്.

(സി) സർവ്വീസ് നിർത്തിവച്ചതിന്റെ കാരണം അറിയിക്കാമോ?

കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിലും യാത്രക്കാർ കുറവായതിനാലുമാണ് പ്രസ്തുത സർവ്വീസുകൾ നിർത്തലാക്കിയത്.

(ഡി) പ്രസ്തുത സർവ്വീസ് പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(സി&ഡി) നിർത്തലാക്കിയ സർവ്വീസുകളുടെ ലാഭകരമായതും ജനങ്ങൾക്ക് ഉപകാരപ്രദമായ ട്രിപ്പുകൾ പുനഃക്രമീകരിച്ച് മറ്റ് സർവ്വീസുകളിൽ ഉൾപ്പെടുത്തിയിട്ടുമുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് ഗ്രാമവണ്ടി പദ്ധതിയിലുൾപ്പെടുത്തി കൂടുതൽ സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. ഇത്തരത്തിൽ പുതിയ സർവ്വീസുകൾ ജനോപകാരപ്രദമായി ആരംഭിക്കുന്നതിനും പദ്ധതി നടപ്പാക്കി വരുന്നു. ഇത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ

ഡീസൽ തുക മാത്രം ലഭ്യമാക്കിയാൽ എത്രയുംവേഗം ആരംഭിക്കുവാൻ കഴിയും.

## മാവേലിക്കര ഡിപ്പോ നവീകരണം

219(3579) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെ.എസ്.ആർ.ടി.സി. മാവേലിക്കര ഡിപ്പോ നവീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

കെ.എസ്.ആർ.ടി.സി. മാവേലിക്കര ഡിപ്പോയിൽ എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് PWD മുഖാന്തരം പുതിയ കെട്ടിടം പണിയുന്നതിന് 25/2/2022-ൽ പൊതുമരാമത്ത് വകുപ്പ് സമർപ്പിച്ച പ്ലാനിൽ ചില മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. ഉടൻതന്നെ അംഗീകാരം നൽകിക്കൊണ്ട് തുടർനടപടികൾ PWD വഴി സ്വീകരിക്കുന്നതാണ്.

## കൊല്ലം -പരവൂർ - നെല്ലേറ്റ് വഴിയുള്ള ബസ് സർവ്വീസുകൾ

220(3580) ശ്രീ. ജി. എസ്. ജയലാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് വ്യാപനത്തിനുമുമ്പ് ചാത്തന്നൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്നും സർവ്വീസ് നടത്തിയിരുന്ന ഓർഡിനറി ബസ് സർവ്വീസുകൾ ഏതെല്ലാമാണെന്നും പ്രസ്തുത സർവ്വീസുകളിൽ നിർത്തലാക്കിയവയിൽ ഏതെല്ലാം ഇപ്പോൾ പുനരാരംഭിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

കോവിഡ് വ്യാപനത്തിനുമുമ്പ് ചാത്തന്നൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്നും 40 ഓർഡിനറി ബസ് സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്തിരുന്നു. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

നിർത്തലാക്കിയവയിൽ 06.30 മരക്കുളം, പഴയ ഡ്യൂട്ടികളായ 06.20 കൊല്ലം (ഡ്യൂട്ടി നം.39) 07.50 ചിറക്കര ആയും, 06.10 പാരിപ്പള്ളി (ഡ്യൂട്ടി നം. 41) 07.30 പരവൂർ ആയും പുനരാരംഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത ഡിപ്പോയിൽ നിന്നും കോവിഡിനുമുമ്പുവരെ സർവ്വീസ് നടത്തിയിരുന്ന കൊല്ലം-പരവൂർ-നെല്ലേറ്റിൽ ഉൾപ്പെടെയുള്ള നിരവധി പ്രാദേശിക ഓർഡിനറി ബസ് സർവ്വീസുകൾ പുനരാരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിന്നുപോയ സർവ്വീസുകളുടെ ലാഭകരമായതും ജനങ്ങൾക്ക് ഉപകാരപ്രദമായ ട്രിപ്പുകൾ പുന:ക്രമീകരിച്ച് മറ്റ് സർവ്വീസുകളിൽ ഉൾപ്പെടുത്തിയിട്ടുമുണ്ട്. കൂടുതൽ സർവ്വീസുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് ഗ്രാമവണ്ടി പദ്ധതിയിലുൾപ്പെടുത്തി ഓപ്പറേറ്റ് ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. ഇത്തരത്തിൽ പുതിയ സർവ്വീസുകൾ ജനോപകാരപ്രദമായി ആരംഭിക്കുന്നതിനും പദ്ധതി നടപ്പാക്കിവരുന്നു. ഇത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ഡീസൽ തുക മാത്രം ലഭ്യമാക്കിയാൽ എത്രയുംവേഗം ആരംഭിക്കാൻ കഴിയും.

## നാദാപുരം മണ്ഡലത്തിലെ സർവ്വീസുകൾ

221(3581) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിൽ കോവിഡ് പശ്ചാത്തലത്തിൽ നിർത്തലാക്കിയതിൽ എത്ര കെ.എസ്.ആർ.ടി.സി. സർവ്വീസുകളാണ് പുനരാരംഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

നാദാപുരം മണ്ഡലത്തിൽ കോവിഡ് പശ്ചാത്തലത്തിൽ നിന്നുപോയതിൽ തലശ്ശേരി ഡിപ്പോയിൽ നിന്നും മൂന്നും, മാനന്തവാടി

ഡിപ്പോയിൽ നിന്നും രണ്ടും, വടകര ഓപ്പറേറ്റിംഗ് സെന്ററിൽ നിന്നും മൂന്നും, തൊട്ടിൽപ്പാലം ഡിപ്പോയിൽ നിന്നും നാലും ഉൾപ്പെടെ 12 സർവ്വീസുകളാണ് പുനരാരംഭിച്ചിട്ടുള്ളത്.

(ബി) പുനരാരംഭിക്കാത്ത സർവ്വീസുകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

നിർത്തലാക്കിയ സർവ്വീസുകളുടെ ലാഭകരമായതും ജനങ്ങൾക്ക് ഉപകാരപ്രദമായ ട്രിപ്പുകൾ പുന:ക്രമീകരിച്ച് മറ്റ് സർവ്വീസുകളിൽ ഉൾപ്പെടുത്തിയിട്ടുമുണ്ട്. പുനരാരംഭിക്കാത്ത സർവ്വീസുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് ഗ്രാമവണ്ടി പദ്ധതിയിലുൾപ്പെടുത്തി ഓപ്പറേറ്റ് ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. അതുകൂടാതെ ജനോപകാരപ്രദമായ പുതിയ സർവ്വീസുകൾ ആരംഭിക്കുന്നതിനും പദ്ധതി നടപ്പാക്കിവരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ഡീസൽ തുക മാത്രം ലഭ്യമാക്കിയാൽ ഗ്രാമവണ്ടി പദ്ധതി എത്രയുംവേഗം ആരംഭിക്കുവാൻ കഴിയും.

(സി) പ്രസ്തുത മണ്ഡലത്തിൽ പുതുതായി സർവ്വീസുകൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ സർവ്വീസുകളാണെന്ന് വിശദമാക്കാമോ?

കോവിഡിനുശേഷം വടകര ഓപ്പറേറ്റിംഗ് സെന്ററിൽ നിന്ന് രണ്ടും, തൊട്ടിൽപ്പാലം ഡിപ്പോയിൽ നിന്ന് രണ്ടും സർവ്വീസുകളാണ് പുതുതായി ഓപ്പറേറ്റ് ചെയ്തുവരുന്നത്.

തൊട്ടിൽപ്പാലം

1. 06.00 തൊട്ടിൽപ്പാലം-വടകര
2. 05.15 തൊട്ടിൽപ്പാലം-വടകര

വടകര

1. 06.00 വടകര-തൊട്ടിൽപ്പാലം
2. 07.00 വടകര-കുറ്റ്യാടി

കാസർകോട് കെ.എസ്.ആർ.ടി.സി. ഡിപ്പോയിലെ ഷെഡ്യൂളുകൾ

222(3582) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡിനുമുമ്പ് കാസർഗോഡ് കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ എത്ര ഷെഡ്യൂളുണ്ടായിരുന്നു; വ്യക്തമാക്കാമോ?

കോവിഡിനുമുമ്പ് കാസർഗോഡ് കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ 92 ഷെഡ്യൂളുണ്ടായിരുന്നു.

(ബി) നിലവിൽ എത്ര ഷെഡ്യൂൾ ഓടിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

നിലവിൽ 66 ഷെഡ്യൂളുകൾ ഓടിക്കുന്നുണ്ട്.

(സി) മുഴുവൻ ഷെഡ്യൂളും ഓടിക്കാൻ എത്ര ഡ്രൈവർമാരും കണ്ടക്ടർമാരുമാണ് ആവശ്യമുള്ളതെന്ന് വ്യക്തമാക്കാമോ?

മുഴുവൻ ഷെഡ്യൂളും ഓടിക്കാൻ നിലവിലെ ഡ്യൂട്ടി പാറ്റേൺ പ്രകാരം 210 വീതം ഡ്രൈവർമാരും കണ്ടക്ടർമാരുമാണ് ആവശ്യമുള്ളത്. എന്നാൽ ശാസ്ത്രീയ പുന:ക്രമീകരണത്തിലൂടെ ജീവനക്കാരുടെ ആവശ്യകത കുറയുന്നതാണ്.

(ഡി) ഡിപ്പോയിൽ നിലവിൽ എത്ര ഡ്രൈവർമാരും കണ്ടക്ടർമാരുമാണുള്ളതെന്ന് വ്യക്തമാക്കാമോ?

നിലവിൽ 165 കണ്ടക്ടർമാരും 158 ഡ്രൈവർമാരുമാണുള്ളത്.

(ഇ) മുഴുവൻ ഷെഡ്യൂളും ഓടിക്കാനാവശ്യമായ നടപടി എപ്പോൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

നഷ്ടത്തിലോടിയിരുന്നതും ഡീസൽ ചെലവിനുള്ള തുകപോലും ലഭ്യമാകാത്തതും പ്രവർത്തനച്ചെലവുപോലും ലഭിക്കാത്ത സർവ്വീസുകൾ പുനരാരംഭിക്കുന്നതിന് നിലവിലെ സാമ്പത്തിക സ്ഥിതിയിൽ

കഴിയാത്തതിനാൽ അത്തരം സർവ്വീസുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് നടപ്പിലാക്കുന്ന ഗ്രാമവണ്ടി പദ്ധതിയിൽ ഉൾപ്പെടുത്തി ഓപ്പറേറ്റ് ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. ഇത്തരത്തിൽ പുതിയ സർവ്വീസുകൾ ജനോപകാരപ്രദമായി ആരംഭിക്കുന്നതിനും പദ്ധതി നടപ്പാക്കിവരുന്നു. ഇത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ഡീസൽ തുക മാത്രം ലഭ്യമാക്കിയാൽ എത്രയുംവേഗം ആരംഭിക്കുവാൻ കഴിയും. എന്നാൽ നിർത്തലാക്കിയ സർവ്വീസുകളുടെ ലാഭകരമായതും ജനങ്ങൾക്ക് ഉപകാരപ്രദമായ ട്രിപ്പുകൾ പുന:ക്രമീകരിച്ച് മറ്റ് സർവ്വീസുകളിൽ ഉൾപ്പെടുത്തിയിട്ടുമുണ്ട്.

<u>പാറശ്ശാല മണ്ഡലത്തിലെ ഡിപ്പോകളിൽ നിന്നും സർവീസ് പുനരാരംഭിക്കൽ</u>

223(3583) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല മണ്ഡലത്തിലെ നെയ്യാറ്റിൻകര, കാട്ടാക്കട, വെള്ളറട, പാറശ്ശാല എന്നീ കെ.എസ്.ആർ.ടി.സി. ഡിപ്പോകളിൽ നിന്നും 2020 ഡിസംബർ മാസത്തിൽ ഓപ്പറേറ്റ് ചെയ്തിരുന്ന സർവ്വീസുകൾ ഏതൊക്കെയാണെന്ന് അവയുടെ റൂട്ട്, സർവ്വീസ് നമ്പർ, സമയക്രമം എന്നിവ

സഹിതം അറിയിക്കാമോ; ഇതിൽ ഏതൊക്കെ സർവ്വീസുകൾ നിർത്തലാക്കിയെന്ന് അറിയിക്കാമോ?

പാറശ്ശാല മണ്ഡലത്തിലെ നെയ്യാറ്റിൻകര, കാട്ടാക്കട, വെള്ളറട, പാറശ്ശാല എന്നീ കെ.എസ്.ആർ.ടി.സി. ഡിപ്പോകളിൽ നിന്നും 2020 ഡിസംബർ മാസത്തിൽ ഓപ്പറേറ്റ് ചെയ്തിരുന്ന സർവ്വീസുകളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.+

നിർത്തലാക്കിയ സർവ്വീസുകളുടെ ലാഭകരമായതും ജനങ്ങൾക്ക് ഉപകാരപ്രദവുമായ ട്രിപ്പുകൾ പുനക്രമീകരിച്ച് മറ്റ് സർവ്വീസുകളിൽ ഉൾപ്പെടുത്തിയിട്ടുമുണ്ട്.

(ബി) പ്രസ്തുത ഡിപ്പോകളിൽ നിന്നും ഓപ്പറേറ്റ് ചെയ്തിരുന്ന സ്റ്റേ സർവ്വീസുകൾ ഏതൊക്കെയാണെന്ന് അവയുടെ റൂട്ട്, സർവ്വീസ് നമ്പർ, സമയക്രമം എന്നിവ സഹിതം അറിയിക്കാമോ; ഇതിൽ ഏതൊക്കെ സർവ്വീസുകൾ നിർത്തലാക്കിയെന്നും ആയതിനുള്ള കാരണമെന്തെന്നും അറിയിക്കാമോ?

കാട്ടാക്കട ഡിപ്പോയിൽ നിന്നും ഓപ്പറേറ്റ് ചെയ്തിരുന്ന സ്റ്റേ സർവ്വീസുകൾ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

1. ഡ്യൂട്ടി നമ്പർ.66 -11.05 കാട്ടാക്കട -കോട്ടൂർ - കള്ളിയൽ

2. ഡ്യൂട്ടി നമ്പർ.67-12.00 കാട്ടാക്കട-മലയിൻകീഴ് - തിരുവനന്തപുരം

3. ഡ്യൂട്ടി നമ്പർ.68-13.20 കാട്ടാക്കട-മലയിൻകീഴ് - തിരുവനന്തപുരം

4. ഡ്യൂട്ടി നമ്പർ.69-12.30 കാട്ടാക്കട-കുരുതംകോട് - മൂന്നാറ്റുമുക്ക്

5.ഡ്യൂട്ടി നമ്പർ.70-12.30 കാട്ടാക്കട-മലയിൻകീഴ്-പാങ്ങോട്-തിരുവനന്തപുരം

6. ഡ്യൂട്ടി നമ്പർ.71-13.30 കാട്ടാക്കട -തച്ചംകോട് - വ്ലാവെട്ടി

പ്രസ്തുത ഷെഡ്യൂളുകളിൽ ഡ്യൂട്ടി നമ്പർ.66-നെ 11.00 മണി കാട്ടാക്കട - കോട്ടൂർ - കള്ളിയൽ ആയി പുനക്രമീകരിച്ച് ഡ്യൂട്ടി നമ്പർ 22 ആയി ഓപ്പറേറ്റ് ചെയ്യുന്നു.

വെള്ളറട, പാറശ്ശാല യൂണിറ്റുകളിൽ നിന്നും സ്റ്റേ സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്തിരുന്നില്ല.

2018 മുതൽ നെയ്യാറ്റിൻകര യൂണിറ്റുകളിൽ നിന്നും സ്റ്റേ സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്തിരുന്നില്ല.

(സി) കോവിഡ് നിയന്ത്രണങ്ങളുടെ ഭാഗമായി പ്രസ്തുത ഡിപ്പോകളിൽ നിന്നും നിർത്തലാക്കിയിരുന്ന സർവ്വീസുകളെല്ലാം പുനരാരംഭിക്കാൻ

നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) മണ്ഡലത്തിൽ കെ.എസ്.ആർ.ടി.സി. മാത്രം സർവ്വീസ് നടത്തിയിരുന്ന റൂട്ടുകളിലെ യാത്രാക്ലേശം പരിഹരിക്കാനായി പ്രസ്തുത സർവ്വീസുകൾ അടിയന്തരമായി പുനരാരംഭിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(സി&ഡി) നിർത്തലാക്കിയ സർവ്വീസുകളുടെ ലാഭകരമായതും ജനങ്ങൾക്ക് ഉപകാരപ്രദമായ ട്രിപ്പുകൾ പുനക്രമീകരിച്ച് മറ്റ് സർവ്വീസുകളിൽ ഉൾപ്പെടുത്തിയിട്ടുമുണ്ട്. കൂടുതൽ സർവ്വീസുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് ഗ്രാമവണ്ടി പദ്ധതിയിലുൾപ്പെടുത്തി ഓപ്പറേറ്റ് ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. ഇത്തരത്തിൽ പുതിയ സർവ്വീസുകൾ ജനോപകാരപ്രദമായി ആരംഭിക്കുന്നതിനും പദ്ധതി നടപ്പാക്കിവരുന്നു. ഇത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ഡീസൽ തുക മാത്രം ലഭ്യമാക്കിയാൽ എത്രയുംവേഗം ആരംഭിക്കുവാൻ കഴിയും.

## കോതമംഗലം ബസ് ടെർമിനൽ നിർമ്മാണം

224(3584) <u>ശ്രീ. ആന്റണി ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ എം.എൽ.എ. ആസ്തി വികസന ഫണ്ടിൽ നിന്നും ഒരു കോടി എൺപത്തിയേഴ് ലക്ഷത്തി അമ്പതിനായിരം രൂപ അനുവദിച്ച് നിർമ്മിക്കുന്ന കോതമംഗലം കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗമാണ് പ്രവൃത്തിയുടെ നിർവ്വഹണ ഏജൻസി. നിലവിൽ പ്രവൃത്തി ആരംഭിച്ചിട്ടില്ല.

(ബി) പ്രസ്തുത ടെർമിനലിന്റെ നിർമ്മാണം നാളിതുവരെയായിട്ടും ആരംഭിക്കുവാൻ കഴിയാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ?

കെ.എസ്.ആർ.ടി.സി.-യുടെ ഭാഗത്ത് നിന്നും 8 മരങ്ങൾ വെട്ടിമാറ്റേണ്ടതുണ്ട്. മൂന്ന് പ്രാവശ്യം ലേലം ചെയ്തിട്ടും ആരും പങ്കെടുക്കാൻ തയ്യാറായിട്ടില്ല. തുടർന്ന് KSRTC-യുടെ ചെലവിൽ വെട്ടിമാറ്റാൻ തീരുമാനിച്ചിട്ടുണ്ട്.

(സി) പുതിയ ബസ് ടെർമിനൽ നിർമ്മാണത്തിനായുള്ള സാങ്കേതിക അനുമതിക്കായി എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത എസ്റ്റിമേറ്റിന് അംഗീകാരം ലഭിച്ചിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ എസ്റ്റിമേറ്റിന് അംഗീകാരം നൽകി വേഗത്തിൽ ടെണ്ടർ നടപടികളിലേയ്ക്ക് കടക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(സി&ഡി) പി.ഡബ്ല്യു.ഡി.-യിൽ നിന്നും എസ്റ്റിമേറ്റ് ലഭ്യമായാൽ തുടർ നടപടികൾ അടിയന്തര പ്രാധാന്യത്തോടെ കൈക്കൊള്ളുന്നതാണ്.

<u>പാലക്കാട് ജില്ലയിൽ ബഡ്ജറ്റ് ടൂറിസം പദ്ധതി</u>

225(3585) <u>ശ്രീമതി ശാന്തകുമാരി കെ.</u>: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാലക്കാട് ജില്ലയിലെ സൈലന്റ് വാലി, കാഞ്ഞിരപ്പുഴ ഡാം, മീൻവല്ലം, ശിരുവാണി എന്നീ ടൂറിസ്റ്റ് കേന്ദ്രങ്ങളെ കോർത്തിണക്കി കെ.എസ്.ആർ.ടി.സി.-യുടെ ബഡ്ജറ്റ് ടൂറിസം പദ്ധതി നടപ്പിലാക്കുന്ന കാര്യം പരിഗണിക്കുമോയെന്ന് വിശദമാക്കാമോ?

പാലക്കാട് ജില്ലയിലെ സൈലന്റ് വാലി, കാഞ്ഞിരപ്പുഴ ഡാം, മീൻവല്ലം, ശിരുവാണി എന്നീ ടൂറിസ്റ്റ് കേന്ദ്രങ്ങളെ കോർത്തിണക്കിയുള്ള ടൂറിസം പദ്ധതി നടപ്പിലാക്കുന്ന വിഷയം പരിഗണനയിലാണ്. ടി വിഷയവുമായി ബന്ധപ്പെട്ട വിശദമായ പ്രോജക്ട് റിപ്പോർട്ട്

ലഭ്യമാക്കുന്നതിനായി ബഡ്ജറ്റ് ടൂറിസം സെൽ പാലക്കാട് ജില്ലാ കോ-ഓർഡിനേറ്ററെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

## കുട്ടനാട്ടിൽ നിർത്തലാക്കിയ കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ

226(3586) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിൽ നിർത്തലാക്കിയ കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ പുനരാരംഭിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ;

കുട്ടനാട്ടിലൂടെ സർവ്വീസ് നടത്തിയിരുന്നതും എന്നാൽ നിർത്തലാക്കിയതുമായ സർവ്വീസുകളുടെ ലാഭകരമായതും ജനങ്ങൾക്ക് ഉപകാരപ്രദമായ ട്രിപ്പുകൾ നിലവിലുള്ള സർവ്വീസുകളിൽ പുന:ക്രമീകരിച്ച് നടത്തിവരുന്നു. കൂടുതൽ സർവ്വീസുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് ഗ്രാമവണ്ടി പദ്ധതിയിലുൾപ്പെടുത്തി ഓപ്പറേറ്റ് ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. ഇത്തരത്തിൽ പുതിയ സർവ്വീസുകൾ ജനോപകാരപ്രദമായി ആരംഭിക്കുന്നതിനും പദ്ധതി നടപ്പാക്കിവരുന്നു. ഇത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ഡീസൽ തുക മാത്രം ലഭ്യമാക്കിയാൽ എത്രയുംവേഗം ആരംഭിക്കുവാൻ കഴിയും.

(ബി) കുട്ടനാട്ടിൽ ലാഭകരമായി ഓടിയിരുന്ന സ്റ്റേ സർവ്വീസുകൾ പുനരാരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

ലാഭകരമായതും പുന:ക്രമീകരണത്തിൽ ഉൾപ്പെടാത്തതുമായ ട്രിപ്പുകൾ പരിശോധിച്ച് പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിക്കും.

എടത്വ കെ.എസ്.ആർ.ടി.സി. ഡിപ്പോ നവീകരണം

227(3587) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എടത്വ കെ.എസ്.ആർ.ടി.സി. ഡിപ്പോ നവീകരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) എടത്വ പള്ളി, ചക്കുളത്തുകാവ് ദേവി ക്ഷേത്രം എന്നിവിടങ്ങളിൽ എത്തിച്ചേരുന്ന ഭക്തജന ബാഹുല്യം കണക്കിലെടുത്ത് പ്രസ്തുത ഡിപ്പോയുടെ പുനരുദ്ധാരണം വേഗത്തിൽ നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ?

(എ&ബി) കെ.എസ്.ആർ.ടി.സി.-യുടെ നിലവിലെ സാമ്പത്തിക പ്രതിസന്ധിമൂലം തനത് ഫണ്ടിലുൾപ്പെടുത്തി എടത്വാ ഓപ്പറേറ്റിംഗ് സെന്ററിലെ നവീകരണപ്രവർത്തനം നടത്തുവാൻ കഴിയാത്ത സാഹചര്യമാണുള്ളത്.

സ്ഥലം എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും തുക ലഭിക്കുകയോ / പ്ലാൻ ഫണ്ടിൽ തുക അനുവദിച്ച് കിട്ടുകയോ ചെയ്യുന്ന മുറയ്ക്ക് ഓപ്പറേറ്റിംഗ് സെന്ററിന്റെ നവീകരണം നടത്തുന്നതാണ്.

മണലൂർ മണ്ഡലത്തിലെ ഗ്രാമവണ്ടി പദ്ധതി

228(3588) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മണലൂർ മണ്ഡലത്തിലെ എളവള്ളി ഗ്രാമപഞ്ചായത്തിൽ നിന്നും ഗ്രാമവണ്ടി പദ്ധതിക്കായി അപേക്ഷ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്മേൽ സ്വീകരിച്ച തുടർനടപടികളുടെ വിശദാംശം നൽകാമോ?

മണലൂർ മണ്ഡലത്തിലെ എളവള്ളി ഗ്രാമപഞ്ചായത്തിൽ നിന്നും ഗ്രാമവണ്ടി പദ്ധതിക്കായി അപേക്ഷ ലഭിച്ചിട്ടുണ്ട്. മേൽ പദ്ധതിക്കായി ഒരു ലക്ഷം രൂപ പഞ്ചായത്തിൽ നിന്നും 04-07-2022-ന് കൈപ്പറ്റുകയുമുണ്ടായി. ടി പദ്ധതിക്കായി അനുവദിച്ച ബസ്സിന്റെ അറ്റകുറ്റപ്പണികൾ തീർത്തുവരുന്നു. ഗ്രാമവണ്ടി സർവ്വീസ് 2022 ആഗസ്റ്റ് 16 ന് ഉദ്ഘാടനം നിശ്ചയിച്ചിട്ടുണ്ട്.

## ഗ്രാമവണ്ടി പദ്ധതി

229(3589) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് പഞ്ചായത്തുകളുടെ സഹകരണത്തോടെ ആരംഭിച്ച ഗ്രാമവണ്ടി പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ?

സംസ്ഥാനത്തിന്റെ ഉൾപ്രദേശങ്ങളിലേയ്ക്ക് സർവ്വീസുകൾ നടത്തുന്നതിനായി ഗ്രാമവണ്ടി എന്ന പേരിൽ പ്രത്യേക ബസ് സർവ്വീസ് പദ്ധതി ഗതാഗത വകുപ്പിന്റെ ധനാഭ്യർത്ഥന ചർച്ചയ്ക്കുള്ള മറുപടി പ്രസംഗത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് നടപ്പിലാക്കുവാനുദ്ദേശിക്കുന്നതായി പ്രഖ്യാപിച്ചിട്ടുണ്ട്. നിർദ്ദിഷ്ട പദ്ധതി പ്രകാരമുള്ള സർവ്വീസിന്റെ പ്രത്യേകതകൾ താഴെ പറയുന്നവയാണ്.

1. സർവ്വീസിന്റെ ഡീസൽ ചെലവ് പൂർണ്ണമായും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഹിക്കണം.

2. അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ആവശ്യപ്പെടുന്ന റൂട്ടുകളിൽ നിർദ്ദേശിക്കുന്ന സമയക്രമത്തിൽ സർവ്വീസ് നടത്തുന്നതാണ്.

3. പ്രതിദിനം കുറഞ്ഞത് 150 കിലോമീറ്റർ എങ്കിലും ഓടിയിരിക്കണം.

4. ബസ്, പരിപാലനം, ജീവനക്കാർ, ശമ്പളം, ഇൻഷ്വറൻസ്, പെർമിറ്റ് തുടങ്ങി ഡീസൽ ഒഴികെ മറ്റ് എല്ലാ ചെലവുകളും കെ.എസ്.ആർ.ടി.സി. വഹിക്കും.

5. നിലവിൽ സർക്കാർ നിശ്ചയിച്ച ടിക്കറ്റ് നിരക്ക് മാത്രം ഈടാക്കി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിർദ്ദേശിക്കുന്ന റൂട്ട്, സമയക്രമം എന്നിവ പാലിച്ചാണ് സർവ്വീസുകൾ നടത്തുക.

6. റൂട്ടുകളുടെ ഗതാഗത യോഗ്യതയ്ക്കനുസരിച്ച് 24 seater, 32 seater, സാധാരണ ബസ്സുകൾ എന്നിങ്ങനെ ആവശ്യമായ ബസ്സുകൾ ഉപയോഗിച്ച് സർവ്വീസ് നടത്തുക.

7.തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആവശ്യപ്പെടുന്ന സ്ഥലത്തുനിന്നും സർവ്വീസ് നടത്തുക.

8.തുടക്കത്തിൽ ലഭിക്കുന്ന അപേക്ഷകളിൽ

കെ.എസ്.ആർ.ടി.സി.യുടെ നിലവിലെ ബസ്സുകൾ (34 മുതൽ 48 സീറ്റുകൾ) ഉപയോഗിച്ച് ഡിപ്പോയിൽ നിന്നും തന്നെ ആരംഭിക്കുവാൻ കഴിയുന്ന സർവ്വീസുകൾക്ക് മുൻഗണന നൽകും.

9. രണ്ടാംഘട്ടത്തിൽ ഇത്തരത്തിൽ ഡിപ്പോയിൽ നിന്നല്ലാതെ ഗ്രാമപഞ്ചായത്തുകൾ ക്രമീകരിക്കുന്ന സ്റ്റേ സൗകര്യമുള്ള പ്രദേശങ്ങളിൽ നിന്നുകൂടി ആരംഭിക്കുന്ന സർവ്വീസുകൾ പരിഗണിക്കും.

10. മൂന്നാംഘട്ടത്തിൽ മിനി ബസ്സുകൾ (24 സീറ്റ്) ലഭ്യമാക്കി വീതി കുറഞ്ഞ റോഡുകളിൽ കൂടി മേൽ പ്രതിപാദിച്ച തരത്തിൽതന്നെ ഗ്രാമവണ്ടി ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

11. കേന്ദ്രീകൃതമായി എല്ലാ ഗ്രാമവണ്ടി ബസ്സുകൾക്കും ഒരേ കളറും ഡിസൈനും നിശ്ചയിക്കും.

12.ഡീസൽ തുക സ്പോൺസർ ചെയ്യുന്നതാണെങ്കിൽ ആ സ്ഥാപനത്തിന്റെ/ വ്യക്തിയുടെ പേര്, വിശദാംശങ്ങൾ എന്നിവ നിശ്ചിത വലിപ്പത്തിൽ ബസ്സിൽ പ്രദർശിപ്പിക്കുവാൻ അനുവദിക്കും.

13. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കെ.എസ്.ആർ.ടി.സി.-യുമായി മൂന്ന് വർഷത്തേയ്ക്ക് കരാറിൽ ഏർപ്പെടേണ്ടതും, പിന്നീട് കരാർ പുതുക്കാവുന്നതുമാണ്.

14. കെ.എസ്.ആർ.ടി.സി. പമ്പിൽ നിന്നും ഡീസൽ നൽകുന്നതിന് ബസ് ഒന്നിന് ഡീസൽ കരുതൽ നിക്ഷേപമായി മുൻകൂർ 1 ലക്ഷം രൂപ നൽകണം. പിന്നീട് ഓരോ മാസവും 20-ാം തീയതിക്കകം മുൻ മാസത്തെ യഥാർത്ഥ ഡീസൽ ചെലവിന്റെ തുക കെ.എസ്.ആർ.ടി.സി.-ക്ക് നൽകിയാൽ മതിയാകും.

15. കെ.എസ്.ആർ.ടി.സി. ബസ്സ് സ്റ്റേഷനുകൾക്ക് പുറത്തെ സ്ഥലങ്ങളിൽ നിന്നും ആരംഭിക്കുന്ന സർവ്വീസുകൾക്ക് ജീവനക്കാർക്കായുള്ള സ്റ്റേ റൂം, സുരക്ഷിതമായ പാർക്കിംഗ് സൗകര്യം എന്നിവ തദ്ദേശസ്വയംഭരണ സ്ഥാപനം ഏർപ്പെടുത്തേണ്ടതാണ്.

ഒന്നോ അതിലധികമോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ചേർന്നും ടി പദ്ധതി നടപ്പിലാക്കാവുന്നതാണ്.

16. അതത് തദ്ദേശസ്ഥാപനങ്ങൾ MLA-മാർ മുഖാന്തരം നൽകുന്ന അപേക്ഷകൾക്ക് മുൻഗണന നൽകും.

17. ഗ്രാമവണ്ടി പദ്ധതിയുടെ നടത്തിപ്പ് പഞ്ചായത്ത് ട്രാൻസ്പോർട്ടേഷൻ മാനേജ്മെന്റ് കമ്മിറ്റി മുഖാന്തരമാണ് നടക്കുക. ഇതിൽ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ അദ്ധ്യക്ഷൻ/ചെയർ പേഴ്സൺ/മേയർ ചെയർമാനായും, സെക്രട്ടറി കൺവീനറായും, എല്ലാ സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻമാർ, കെ.എസ്.ആർ.ടി.സി.-യുടെ രണ്ട് പ്രതിനിധികൾ എന്നിവർ അംഗങ്ങളായിരിക്കും. ആവശ്യമെങ്കിൽ ഒരു സാങ്കേതിക വിദഗ്ദ്ധനേയും രണ്ടിൽ കൂടാത്ത പഞ്ചായത്ത് അംഗങ്ങളേയും അംഗങ്ങളാക്കാവുന്നതാണ്. സ്ഥലം എം.എൽ.എ./എം.എൽ.എ.-മാർ, ജില്ലാ /ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എന്നിവർ ഉപദേശകരായും പ്രവർത്തിക്കും.

18. ഗ്രാമവണ്ടി പദ്ധതി നടപ്പിലാക്കുന്നതിന് പ്രൊപ്പോസലുകൾ കെ.എസ്.ആർ.ടി.സി.-യുടെ എല്ലാ ജില്ലാ ഓഫീസുകൾ മുഖേന സമർപ്പിക്കാവുന്നതാണ്. ഗ്രാമവണ്ടി പദ്ധതി തിരുവനന്തപുരം ജില്ലയിൽ കൊല്ലയിൽ ഗ്രാമപഞ്ചായത്തിൽ ഗ്രാമവണ്ടി സർവ്വീസ് ജൂലായ് 29-ന് ഉദ്ഘാടനം നടത്താൻ തീരുമാനിച്ചിട്ടുണ്ട്.

## വാഹനങ്ങളിലെ കൂളിംഗ് ഫിലിമുകൾ

230(3590) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഹനങ്ങളുടെ ഗ്ലാസുകളിൽ ഏതെങ്കിലും തരത്തിലുള്ള കൂളിംഗ് ഫിലിമുകൾ പതിക്കാൻ നിയമം അനുവദിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഏത് തരത്തിലുള്ളതിനാണ് അനുമതിയുള്ളത്; വിശദമാക്കുമോ?

ഇല്ല.

(ബി) വാഹനങ്ങളിൽ ഒരു തരത്തിലുമുള്ള കൂളിംഗ് ഫിലിമുകൾ പതിക്കരുതെന്ന് ബഹുമാനപ്പെട്ട കോടതി ഉത്തരവ് നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിധിയുടെ പകർപ്പ് നൽകാമോ?

ഉണ്ട്. WP(C)No.265/2011 കേസിൽ, ബഹുമാനപ്പെട്ട സുപ്രീംകോടതി 27-04-2012-ൽ പുറപ്പെടുവിച്ച വിധിന്യായത്തിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(സി) ഏതെങ്കിലും പ്രത്യേക ഉദ്യോഗസ്ഥർക്കോ ജനപ്രതിനിധികൾക്കോ പ്രസ്തുത നിയമത്തിൽ ഇളവ് അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

Z, Z+ category സുരക്ഷ ഒരുക്കിയിട്ടുള്ള വ്യക്തികൾ ഉപയോഗിക്കുന്ന വാഹനങ്ങൾക്ക് ഇളവ് അനുവദിച്ചിട്ടുണ്ട്.

## ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ക്യാമറകൾ

231(3591) ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർട്ടിഫിഷ്യൽ ഇന്റലിജൻസ് സംവിധാനം ഉപയോഗപ്പെടുത്തിയിട്ടുള്ള ക്യാമറകൾ സ്ഥാപിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കാമോ?

മോട്ടോർ വാഹന വകുപ്പ് നടപ്പിലാക്കുന്ന കേരള പദ്ധതിയിൽ ഉൾപ്പെടുത്തി എഴുന്നൂറിലധികം ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ക്യാമറകൾ സംസ്ഥാനത്തുടനീളം സ്ഥാപിക്കുന്നതിനുള്ള നടപടികൾ തുടർന്നുവരുന്നു. 675 എ.ഐ. ക്യാമറകളും, 18 റെഡ് ലൈറ്റ് വയലേഷൻ ഡിറ്റക്ഷൻ ക്യാമറകളും, 4 റഡാർ ബേസ്ഡ് സ്പീഡ് വയലേഷൻ ഡിറ്റക്ഷൻ ക്യാമറകളും, 4 മൊബൈൽ സ്പീഡ് വയലേഷൻ ഡിറ്റക്ഷൻ ക്യാമറകളും, 25 പാർക്കിംഗ് വയലേഷൻ ഡിറ്റക്ഷൻ ക്യാമറകളും സ്ഥാപിക്കുന്നുണ്ട്.

(ബി) പ്രസ്തുത ക്യാമറകൾ സ്ഥാപിക്കുന്നതുവഴി എന്തെല്ലാം ഗതാഗത നിയമലംഘനങ്ങൾ കണ്ടെത്താനും തടയാനും കഴിയുമെന്ന് വിശദമാക്കാമോ?

അനധികൃത നിയമലംഘനങ്ങളായ സ്പീഡ് വയലേഷൻ, പാർക്കിംഗ് വയലേഷൻ, ഓവർ സ്പീഡ്, സീറ്റ് ബെൽറ്റ്, ട്രിപ്പിൾ റൈഡിംഗ്, മൊബൈൽ ഫോൺ ഉപയോഗം, ഹെൽമറ്റ് ഇല്ലാതെയുള്ള യാത്ര, റെഡ് സിഗ്നൽ വയലേഷൻ തുടങ്ങിയവ അനായാസം അഴിമതിമുക്തവുമായി കണ്ടെത്താനും, യാത്രക്കാർക്ക് ബുദ്ധിമുട്ട് ഉണ്ടാകാതെ പരിശോധന നടത്താനും കഴിയുന്നതാണ്.

## വാഹനാപകടങ്ങൾ കുറയ്ക്കുന്നതിന് നടപടി

232(3592) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. സണ്ണി ജോസഫ്:
ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റോഡപകടങ്ങൾ വർദ്ധിച്ചുവരുന്ന പ്രവണത ആശങ്കാജനകമാണെന്ന സാമ്പത്തിക സർവ്വേയിലെ പരാമർശം ഗൗരവത്തോടെ കാണുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉണ്ട്. 2017 മുതൽ 2019 വരെയുള്ള കാലയളവിൽ റോഡ് അപകടങ്ങളിലും തന്മൂലമുള്ള മരണങ്ങളിലും ചെറിയ തോതിലുള്ള വർദ്ധനവുണ്ടായിട്ടുണ്ട്. എന്നിരുന്നാലും 2019 മുതൽ 2021 വരെയുള്ള കായലളവിൽ റോഡപകടങ്ങളും മരണങ്ങളും കുറഞ്ഞിട്ടുണ്ട്.

സംസ്ഥാനത്തെ റോഡപകടങ്ങൾ കുറയ്ക്കുകയെന്ന ലക്ഷ്യത്തോടെ റോഡുസുരക്ഷാ അതോറിറ്റി സ്റ്റേക്ക് ഹോൾഡിംഗ് വകുപ്പുകളുമായി ചേർന്ന് വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരികയാണ്.

(ബി) റോഡ് നിയമങ്ങളും റോഡ് അച്ചടക്കവും നടപ്പിലാക്കുവാൻ മോട്ടോർ വാഹന വകുപ്പ് സ്വീകരിച്ചുവരുന്ന നടപടികൾ പരാജയപ്പെടുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മോട്ടോർ വാഹന വകുപ്പ് വാഹനാപകടങ്ങൾ കുറയ്ക്കുന്നതിനുവേണ്ടി കർശന നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. റോഡ് നിയമങ്ങളും നിയന്ത്രണങ്ങളും നടപ്പിലാക്കുവാനായി റോഡുസുരക്ഷാ അതോറിറ്റി മോട്ടോർ വാഹന വകുപ്പുമായി ചേർന്ന് 'സേഫ് കേരള പദ്ധതി' നടപ്പിലാക്കി വരികയാണ്. റോഡുസുരക്ഷയ്ക്ക് വേണ്ടിയുള്ള സുപ്രീം കോടതി കമ്മിറ്റി സംസ്ഥാനങ്ങളോട് ഗതാഗത നിയമങ്ങളും ചട്ടങ്ങളും പാലിക്കുന്നത്

പരിശോധിച്ച് ഉറപ്പ് വരുത്തണമെന്ന് നിർദ്ദേശിച്ചിട്ടുള്ള പ്രകാരം കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ സഹകരണത്തോടെ മോട്ടോർ വാഹന വകുപ്പ് നടപ്പാക്കുന്ന പദ്ധതിയാണ് സേഫ് കേരള. സേഫ് കേരള പദ്ധതി ആവിഷ്കരിക്കുക വഴി റോഡ് സുരക്ഷയ്ക്ക് ആവശ്യമായ എൻഫോഴ്സ്മെന്റ് ഘടകം ഉറപ്പ് വരുത്തുകയാണ് ചെയ്തിട്ടുള്ളത്.

(സി) റോഡ് നിയമങ്ങൾ കർശനമായി പാലിക്കുന്നു എന്ന് ഉറപ്പാക്കുന്നതിനും വാഹനാപകടങ്ങൾ കുറയ്ക്കുന്നതിനും സാങ്കേതികവിദ്യയുടെ സഹായത്തോടെ ഫലപ്രദമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുമോ; വിശദാംശം നൽകുമോ?

ഇന്റർസെപ്റ്റർ വാഹനങ്ങൾ, റഡാർ, സ്പീഡ് വയലേഷൻ ക്യാമറകൾ ഉൾപ്പെടെ ഉപയോഗിച്ച് റോഡ് നിയമങ്ങൾ കർശനമായി പാലിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനും റോഡപകടങ്ങൾ കുറയ്ക്കുന്നതിനും മോട്ടോർ വാഹന വകുപ്പ് ആർട്ടിഫിഷ്യൽ ഇന്റലിജൻസോടെ പ്രവർത്തിക്കുന്ന സാങ്കേതികവിദ്യയുടെ സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതിയാണ് സേഫ് കേരള പദ്ധതി. ഈ പദ്ധതിയുടെ ഭാഗമായുള്ള 726 ക്യാമറ സംവിധാനം പ്രവർത്തിച്ച് തുടങ്ങുന്നതോടെ റോഡ് നിയമലംഘനങ്ങളും റോഡപകടങ്ങളും ഗണ്യമായി കുറയുന്നതായി കരുതപ്പെടുന്നു.

മോട്ടാർ വാഹന വകുപ്പിൽ ശബരിമല സേഫ് സോൺ പദ്ധതി നടപ്പിലാക്കിയതുവഴി ശബരിമല സീസണിൽ അപകടങ്ങൾ ഗണ്യമായി കുറഞ്ഞത് കണക്കിലെടുത്ത് ടി പദ്ധതി 'സേഫ് കേരള' എന്ന പേരിൽ സംസ്ഥാന വ്യാപകമായി നടപ്പിലാക്കുവാൻ മോട്ടോർ വാഹന വകുപ്പ് സർക്കാരിന് ശിപാർശ സമർപ്പിച്ചിരുന്നു. അപകട നിരക്ക് 50 ശതമാനം കുറയ്ക്കുവാനും തുടർന്ന് Zero growth level-ൽ നിലനിർത്താനുമാണ് സേഫ് കേരള പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്.

വാഹനാപകടങ്ങളും അതുവഴിയുണ്ടാകുന്ന മരണങ്ങളും കുറയ്ക്കുന്നതിനുവേണ്ടി സംസ്ഥാനത്ത് എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ വ്യാപകമാക്കാനും നിരത്തുകളിൽ ക്യാമറയും മറ്റും സ്ഥാപിച്ച് നിയമലംഘനങ്ങൾ കണ്ടെത്തുവാനുമായുള്ള സേഫ് കേരള പദ്ധതി നടപ്പിലാക്കുന്നതിനായി മോട്ടോർ വാഹന വകുപ്പിൽ പുതുതായി ഉദ്യോഗസ്ഥരുടെ തസ്തികകൾ, ക്യാമറകൾ, റഡാറുകൾ, ഇന്റർസെപ്റ്ററുകൾ മറ്റ് റോഡുസുരക്ഷാ ഉപകരണങ്ങൾ തുടങ്ങിയവ വാങ്ങുന്നതിന് ഭരണാനുമതി ലഭിക്കുകയുണ്ടായി.

സേഫ് കേരള പദ്ധതിയുടെ ഭാഗമായി ഈസ്റ്റ് ഫോർട്ടിലുള്ള ട്രാൻസ്പോർട്ട് ഭവനിൽ സംസ്ഥാനത്തിൽ ആധുനിക

സജീകരണങ്ങളോടുകൂടിയ സ്റ്റേറ്റ് കൺട്രോൾ റൂമും സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ കേരളത്തിലെ മറ്റ് 13 ജില്ലകളിലും ജില്ലാതല കൺട്രോൾ റൂമുകൾ സ്ഥാപിച്ചിട്ടുള്ളതാണ്. എല്ലാ കൺട്രോൾ റൂമുകൾക്കുമാവശ്യമായ ഉപകരണങ്ങൾ കെൽട്രോൺ മുഖാന്തരം സ്ഥാപിച്ചുവരികയാണ്. 6 ജില്ലകളിൽ കൺട്രോൾ റൂമുകൾ പ്രവർത്തനസജ്ജമാണ്. സംസ്ഥാനത്തുടനീളം റോഡുകളിൽ 700-ൽ അധികം എൻഫോഴ്സ്മെന്റ് ക്യാമറകൾ സ്ഥാപിച്ച് പദ്ധതിയുടെ ഭാഗമായി കേരളത്തിലെ 14 ജില്ലകളിലും എൻഫോഴ്സ്മെന്റ് ആർ.റ്റി.ഒ. കൂടാതെ 99 എം.വി.ഐ.-മാരെയും 255 എ.എം.വി.ഐ.-മാരെയും നിയമിച്ചിട്ടുള്ളതാണ്.

<u>റോഡുകളിൽ യുവാക്കളുടെ മത്സരയോട്ടം</u>

233(3593) <u>ശ്രീ. വി. ജോയി</u>: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

റോഡുകളിൽ യുവാക്കൾ ടൂ വീലർ വാഹനങ്ങളിൽ മത്സരയോട്ടം സംഘടിപ്പിക്കുന്നതും അപകടങ്ങളിൽപ്പെടുന്നതുമായ സംഭവങ്ങൾ ഒഴിവാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

റോഡുകളിൽ യുവാക്കൾ ടൂ വീലർ വാഹനങ്ങളിൽ മത്സരയോട്ടം സംഘടിപ്പിക്കുന്നതും അപകടങ്ങളിൽപ്പെടുന്നതുമായ സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ഇത്തരം നിയമലംഘനങ്ങൾ കുറയ്ക്കുന്നതിനായി മോട്ടോർ വാഹന വകുപ്പ് 22-06-2022 മുതൽ 05-07-2022 വരെ 'ഓപ്പറേഷൻ റേസ്' എന്ന പേരിൽ ഒരു പ്രത്യേക പരിശോധന നടത്തുകയും നിയമലംഘനങ്ങൾക്കെതിരെ ശക്തമായ നിയമനടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

കൂടാതെ റോഡ് സേഫ്റ്റി അതോറിറ്റിയുമായി ചേർന്ന് നിരന്തരം ബോധവത്ക്കരണ ക്ലാസുകളും മോട്ടോർ വാഹന വകുപ്പ് നടത്തിവരുന്നുണ്ട്. തുടർന്നും ഇത്തരം നിയമ ലംഘനങ്ങൾക്കെതിരെ ശക്തമായ നടപടികൾ മോട്ടോർ വാഹന വകുപ്പ് സ്വീകരിക്കുന്നതാണ്.

## ഗതാഗത നയരൂപീകരണം

234(3594) ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. വി. ആർ. സുനിൽകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-ലെ കേന്ദ്ര മോട്ടോർ വാഹന ഭേദഗതി നിയമപ്രകാരം സംസ്ഥാനം രൂപീകരിക്കേണ്ട സമഗ്ര ഗതാഗത നയത്തിന്റെ കരട് അംഗീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത കരട് നയത്തിൽ സംസ്ഥാനത്തെ പൊതു ഗതാഗത സംവിധാനം ശക്തിപ്പെടുത്താൻ സ്വകാര്യ ബസുകളെക്കൂടി പങ്കാളികളാക്കി സഹകരണമേഖലയിൽ ട്രാൻസ്പോർട്ട് കമ്പനി തുടങ്ങാനുള്ള ശിപാർശയുണ്ടോ; വിശദമാക്കാമോ;

(സി) സഹകരണ മേഖലയിലാരംഭിക്കുന്ന ട്രാൻസ്പോർട്ട് കമ്പനിയിലൂടെ സംസ്ഥാനത്തെ പൊതുഗതാഗത സംവിധാനം കൂടുതൽ കാര്യക്ഷമമാക്കാൻ കഴിയുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

(എ-സി) ഇല്ല.

(ഡി) പൊതുഗതാഗത സംവിധാനങ്ങളുടെ ഏകോപനത്തിന് ജി.പി.എസ്. അധിഷ്ഠിത ഇന്റലിജൻസ് ട്രാൻസ്പോർട്ട് സംവിധാനം രൂപീകരിക്കുന്നതിന് പദ്ധതിയുണ്ടോ; വിശദമാക്കാമോ?

പൊതുഗതാഗതം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി, യാത്രാസൗകര്യം ഉറപ്പുവരുത്തുന്നതിനായി, ഇന്റലിജന്റ് പബ്ലിക് ട്രാൻസ്പോർട്ട് സിസ്റ്റം

(ഐ.ടി.എസ്.) നടപ്പിലാക്കാൻ പദ്ധതിയുണ്ട്. ഇതിലൊരു ട്രാവൽ ഡിമാൻഡ് മാനേജ്മെന്റ് സിസ്റ്റവും, വാഹനങ്ങളുടെ വരവ്/പുറപ്പെടൽ സമയം, വാഹനങ്ങളുടെ റൂട്ട് മാപ്പ്, സീറ്റ് ലഭ്യത, റിസർവ്വേഷൻ എന്നിവ ഉൾപ്പെടുന്ന സമഗ്രമായ ഓൺലൈൻ ആപ്ലിക്കേഷനുമുൾപ്പെടുന്നു. വിവിധ ഗതാഗതമാർഗ്ഗങ്ങളെ ബന്ധിപ്പിക്കുന്നതിനുള്ള ഒരു സംയോജിത സംവിധാനമാണിത്. പൊതുഗതാഗത സംവിധാനത്തിന് ഏറ്റവും ഫലപ്രദവും ഉപയോക്തൃ സൗഹൃദപരവുമായ ബസ് ബേ-കളുടെയും മറ്റ് സൗകര്യങ്ങളുടെയും നവീകരണവും ഇതിലുൾപ്പെടുന്നു. പൊതുഗതാഗത സംവിധാനത്തിൽ വെഹിക്കിൾ ലൊക്കേഷൻ ട്രാക്കിംഗ് ഡിവൈസ് ഘടിപ്പിക്കുന്നതിലൂടെ, ഒരു പരിധിവരെ സുരക്ഷ ഉറപ്പാക്കാൻ കഴിയും. തുടർന്ന് യാത്രക്കാർക്ക് ട്രാക്കിംഗ് സോഫ്റ്റ്വെയറിൽ പ്രവേശനം നൽകുന്നതിലൂടെ അവരുടെ യാത്ര ആസൂത്രണം ചെയ്യാനും സഹായിക്കും.

ITS ഓൺലൈൻ പ്ലാറ്റ്ഫോമിൽ, "വെഹിക്കിൾ പാർക്കിംഗ് മാനേജ്മെന്റിന്" മാത്രമുള്ള ഒരു ഓൺലൈൻ സംവിധാനം ഒരൊറ്റ മൊഡ്യൂളായി ഉൾപ്പെടുത്താവുന്നതാണ്. നിലവിലുള്ള എല്ലാ പാർക്കിംഗ് സ്ഥലങ്ങളും, ITS ആപ്ലിക്കേഷനിൽ ഉൾപ്പെടുത്തേണ്ടതുണ്ട്. പാർക്കിംഗ് സ്ലോട്ട് ലഭ്യത നിരീക്ഷിക്കാനും മുൻകൂട്ടി ബുക്കിംഗിനുള്ള സൗകര്യങ്ങൾ

ഉൾപ്പെടുത്താനും ഇതിലൂടെ കഴിയും. ബസുകളുടെ സ്പോട്ട് ലൊക്കേഷനും ടൈമിങ്ങും അറിയുവാനുള്ള എൽ.ഇ.ഡി. ഡിജിറ്റൽ ഡിസ്‌പ്ലേ ബോർഡുകൾ ബസ്‌സ്റ്റേഷനുകളിൽ സ്ഥാപിക്കാനും പദ്ധതിയുണ്ട്.

<u>എ.ടി.എം. കാർഡ് മാതൃകയിൽ ഡ്രൈവിംഗ് ലൈസൻസുകൾ</u>

235(3595) <u>ശ്രീ. എ. സി. മൊയ്തീൻ</u>: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഡ്രൈവിംഗ് ലൈസൻസുകൾ എ.ടി.എം. കാർഡ് മാതൃകയിൽ ലഭ്യമാക്കുന്നതിനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

ഉണ്ട്. നിലവിലുള്ള പ്രിന്റിംഗ് മെറ്റീരിയലിനുപകരം, PVC/PETG Card ഉപയോഗിച്ച് ഡ്രൈവിംഗ് ലൈസൻസ് ലഭ്യമാക്കുന്നതിനുള്ള പൈലറ്റ് പ്രോജക്ടിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

<u>കോഴിക്കോട് ജില്ലയിലെ മോട്ടോർ വാഹന വകുപ്പ് ക്യാമറകൾ</u>

236(3596) <u>ശ്രീ. കെ. എം. സച്ചിൻദേവ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ ഏതൊക്കെ സ്ഥലങ്ങളിലാണ് മോട്ടോർ വാഹന വകുപ്പ് ക്യാമറ സ്ഥാപിച്ചിട്ടുള്ളത്?

നിലവിൽ കോഴിക്കോട് ജില്ലയിൽ കുണ്ടുപറമ്പ്, അമ്പലപ്പടി, മൂടാടി, അയണിക്കാട്, വാവാട്, വാലംകുളം, മുണ്ടിക്കത്താഴം, മാങ്കൂട്ടം എന്നീ സ്ഥലങ്ങളിൽ ഒന്നുവീതവും കോഴിക്കോട് സ്റ്റീൽ അതോറിറ്റി ഓഫ് ഇന്ത്യയുടെ പരിസരം, എലത്തൂർ, ചോമ്പാല, വടകര-ബസ്സ്റ്റാന്റ് പരിസരം, നട്ട്-സ്ട്രീറ്റ് എന്നിവിടങ്ങളിൽ രണ്ട് വീതവും പെരുവട്ടംതാഴ എന്ന സ്ഥലത്ത് മൂന്നും ക്യാമറ മോട്ടോർ വാഹന വകുപ്പ് സ്ഥാപിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത ക്യാമറകളെല്ലാം നിലവിൽ പ്രവർത്തനക്ഷമമാണോ; അല്ലെങ്കിൽ ഏതൊക്കെ ക്യാമറകളാണ് പ്രവർത്തനരഹിതമെന്ന് അറിയിക്കാമോ?

കോഴിക്കോട് സ്റ്റീൽ അതോറിറ്റി ഓഫ് ഇന്ത്യയുടെ പരിസരത്തെ ക്യാമറകളും, വാവാട്, വാലംകുളം, മുണ്ടിക്കത്താഴം, മാങ്കൂട്ടം, മൂടാടി എന്നിവിടങ്ങളിലെ ക്യാമറകളും ഒഴികെ മറ്റ് ക്യാമറകൾ റോഡുപണികൾ, അപകടങ്ങൾ എന്നിവമൂലം പ്രവർത്തനക്ഷമമല്ല. പ്രവർത്തനക്ഷമമല്ലാത്ത ക്യാമറകൾ പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) റോഡുകളിൽ സ്ഥാപിച്ച ക്യാമറകൾക്ക് എ.എം.സി. നിലവിലുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ കമ്പനികളാണ് അവ ഏറ്റെടുത്തിരിക്കുന്നതെന്ന് വെളിപ്പെടുത്താമോ?

പ്രസ്തുത ക്യാമറകൾക്ക് എ.എം.സി. നിലവിലില്ല. കെൽട്രോണിന്റെ സഹകരണത്തോടെ എ.എം.സി. ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ഡി) പ്രസ്തുത ക്യാമറകളെല്ലാം പ്രവർത്തനക്ഷമമാക്കുവാനായി പ്രത്യേക പദ്ധതി നടപ്പിലാക്കാൻ തയ്യാറാകുമോയെന്ന് വ്യക്തമാക്കാമോ?

റോഡുവികസനത്തിന്റെ ഭാഗമായും, അല്ലാതെയും നീക്കം ചെയ്യപ്പെടുന്ന ക്യാമറകൾ പുതിയ സ്ഥാനങ്ങളിലേയ്ക്ക് മാറ്റി സ്ഥാപിക്കുന്നതിനായി പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

ആലത്തൂർ ആർ.ടി.ഒ. ടെസ്റ്റിംഗ് ഗ്രൗണ്ട്

237(3597) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആലത്തൂർ ആർ.ടി.ഒ. ടെസ്റ്റിംഗ് ഗ്രൗണ്ടിനെ മോഡൽ ടെസ്റ്റിംഗ് ഗ്രൗണ്ടായി ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ പുരോഗതി അറിയിക്കാമോ?

ആലത്തൂർ ആർ.ടി.ഒ. ടെസ്റ്റിംഗ് ഗ്രൗണ്ടിനെ മോഡൽ ടെസ്റ്റിംഗ് ഗ്രൗണ്ടായി ഉയർത്തുന്നതിനുള്ള നടപടികൾ നിലവിൽ സ്വീകരിച്ചിട്ടില്ല.

## ഓൺലൈൻ ടാക്സി സംവിധാനം

238(3598) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യൂബർ, ഓല തുടങ്ങിയ ഓൺലൈൻ ടാക്സികളുടെ മാതൃകയിൽ സംസ്ഥാന ഗവൺമെന്റിനുകീഴിൽ ഓൺലൈൻ ടാക്സികൾ ആരംഭിക്കുന്നകാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ;

(ബി) ഓൺലൈൻ ടാക്സി സംവിധാനം ഓട്ടോ-ടാക്സി തൊഴിലാളികൾക്കും ഉടമകൾക്കും യാത്രക്കാർക്കും ഒരുപോലെ സഹായകരമാകുമെന്നതിനാൽ സർക്കാർ മുൻകയ്യെടുത്ത് ഉത്തരവാദിതത്തോടുകൂടിയുള്ള ഓൺലൈൻ ടാക്സികൾ സംസ്ഥാനത്ത് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

(എ&ബി) ഉണ്ട്. ടാക്സി-ഓട്ടോ തൊഴിലാളികൾക്കും യാത്രക്കാർക്കും സഹായകരമാകുംവിധം, 'കേരള സവാരി' എന്ന പേരിൽ ഓൺലൈൻ ടാക്സി-ഓട്ടോ സർവ്വീസ് പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. പ്രസ്തുത പദ്ധതി, പൈലറ്റ് പ്രോജക്ടായി തിരുവനന്തപുരം കോർപ്പറേഷൻ പരിധിയിലാണ്.

## സ്വകാര്യ വാഹനങ്ങളിലെ അലങ്കാര ലൈറ്റുകളും ഉപകരണങ്ങളും

239(3599) ശ്രീ. നജീബ് കാന്തപുരം:
ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിനോദസഞ്ചാരത്തിനുപയോഗിക്കുന്ന സ്വകാര്യ വാഹനങ്ങളിൽ നിയമപ്രകാരമല്ലാത്ത അലങ്കാര ലൈറ്റുകളും ഓഡിയോ-വീഡിയോ ഉപകരണങ്ങളും ഘടിപ്പിച്ചിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ടോ;

(ബി) ഇത്തരം വാഹനങ്ങളിൽ തീ പിടിച്ച് അപകടമുണ്ടാകുന്നതായി റിപ്പോർട്ട് ചെയ്തിട്ടുണ്ടോ?

(എ&ബി) ഉണ്ട്.

(സി) ഇത്തരത്തിൽ വയറിംഗ് നടത്തിയ വാഹനങ്ങൾക്കെതിരെ എന്തുനടപടിയാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

നിയമവിരുദ്ധമായി വയറിംഗ് നടത്തിയ വാഹനങ്ങൾക്കെതിരെ ശക്തമായ നടപടി മോട്ടോർ വാഹന വകുപ്പ് സ്വീകരിക്കുന്നുണ്ട്. ഇത്തരം നിയമലംഘനങ്ങൾ തടയുന്നത് ലക്ഷ്യമിട്ടുകൊണ്ട് മോട്ടോർ വാഹന വകുപ്പ് 'ഓപ്പറേഷൻ ഫോക്കസ്' എന്ന പേരിൽ ഒരു സ്പെഷ്യൽ ഡ്രൈവ്

നടത്തുകയും പതിനായിരത്തോളം വാഹനങ്ങൾക്കെതിരെ നടപടിയെടുക്കുകയും ചെയ്തിട്ടുണ്ട്.

ഇത്തരത്തിൽ കണ്ടെത്തുന്ന വാഹനങ്ങളിൽ അനധികൃതമായി ഘടിപ്പിച്ച എല്ലാവിധ സാമഗ്രികളും, ഉപകരണങ്ങളും നീക്കം ചെയ്ത് രജിസ്റ്ററിംഗ് അതോറിറ്റി മുമ്പാകെ ഹാജരാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

അടുത്ത കാലത്ത് പെരുമൺ എഞ്ചിനീയറിംഗ് കോളേജിൽ നിന്നും മൈസൂരിലേയ്ക്ക് വിനോദയാത്ര പോയ KL-57-F-6333 നമ്പർ കോൺട്രാക്ട് കാര്യേജ് ബസിന് മുകളിൽ പൂത്തിരി കത്തിച്ചതും, ബസിനുമുകളിൽ തീ പടർന്നതും, ഉച്ചത്തിൽ പാട്ടുകേൾപ്പിച്ച് ശബ്ദ കോലാഹലമുണ്ടാക്കിയതുമായ സംഭവം മോട്ടോർ വാഹന വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ, ടി വാഹനം തിരികെ എത്തിയപ്പോൾ ആലപ്പുഴയിൽ വച്ച് കേസെടുക്കുകയും, ടി വാഹനത്തിൽ ഘടിപ്പിച്ചിട്ടുള്ള എല്ലാവിധ അനധികൃത സാമഗ്രികളും, ഉപകരണങ്ങളും നീക്കം ചെയ്ത് രജിസ്റ്ററിംഗ് അധികാരിയായ പത്തനംതിട്ട റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ മുമ്പാകെ 7 ദിവസത്തിനകം ഹാജരാക്കുവാൻ നിർദ്ദേശം നൽകുകയും അപ്രകാരം പ്രസ്തുത വാഹനം മേലേവെട്ടിപ്രം സി. എഫ്. ഗ്രൗണ്ടിൽ

പരിശോധനയ്ക്ക് ഹാജരാക്കുകയും ആർ.ടി.ഒ., ജോയിന്റ് ആർ.ടി.ഒ. എന്നിവരുടെ നേതൃത്വത്തിൽ 6 ഓഫീസർമാർ അടങ്ങുന്ന സംഘം വാഹനം പരിശോധിക്കുകയും പരിശോധനയിൽ വിവിധ അപാകതകൾ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ടി വാഹനത്തിന്റെ ഫിറ്റ്നസ് കാൻസൽ ചെയ്യുകയുമുണ്ടായി.

## സ്കൂൾ ബസ്സുകൾക്ക് നികുതിയിളവ്

240(3600) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർവ്വീസ് നടത്തുന്ന സ്കൂൾ ബസ്സുകൾക്ക് കോവിഡ് പശ്ചാത്തലത്തിൽ നികുതിയിളവ് അനുവദിച്ചിട്ടുണ്ടോ?

ഉണ്ട്. സ്ക്കൂൾ ബസുകളുടെ 01-04-2020 മുതൽ 30-09-2021 വരെയുള്ള നികുതി പൂർണമായും ഒഴിവാക്കി നൽകിയിട്ടുണ്ട്. കൂടാതെ, 01-10-2021 മുതൽ 31-12-2021 വരെയുള്ള ക്വാർട്ടറിലെ നികുതി അടയ്ക്കുന്നതിനുള്ള സമയപരിധി 31-12-2021 വരെ ദീർഘിപ്പിച്ചും നൽകിയിരുന്നു.

(ബി) സ്റ്റോപ്പ് മെമ്മോ ലെറ്റർ നൽകാത്ത സ്കൂളുകൾക്ക് ചുമത്തപ്പെട്ട നികുതിയിൽ ഇളവ് നൽകുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

സ്റ്റോപ്പ് മെമ്മോ ലെറ്റർ നൽകാത്ത കാലയളവിലെ നികുതിയിൽ ഇളവ് നൽകുന്ന വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

## കടുത്തുരുത്തി ഓട്ടോമാറ്റിക് വെഹിക്കിൾ ടെസ്റ്റിംഗ് സ്റ്റേഷൻ

241(3601) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ മോനിപ്പള്ളിയിൽ പ്രവർത്തിക്കുന്ന ഓട്ടോമാറ്റിക് വെഹിക്കിൾ ടെസ്റ്റിംഗ് സ്റ്റേഷന്റെ പ്രവർത്തനം പൂർണ്ണമായും നടക്കുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ ഓട്ടോമാറ്റിക് വെഹിക്കിൾ ടെസ്റ്റിംഗ് സ്റ്റേഷന്റെ പ്രവർത്തനം പൂർണമായും സ്ഥാപിക്കുന്നതിനാവശ്യമായ നടപടികളുടെ ഭാഗമായി, പ്രസ്തുത സ്റ്റേഷന്റെ ഫെസിലിറ്റി മാനേജ്മെന്റ് സർവീസസ് ദാതാവായ കെൽട്രോണിന്, 16-01-2018 മുതൽ 15-01-2021 വരെ ലഭ്യമാക്കേണ്ടിയിരുന്ന തുക അനുവദിക്കുന്നതിനായി, 02-04-2022-ലെ സ.ഉ. (സാധാ.) നം.146/2022/ട്രാൻസ് പ്രകാരം സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത സ്റ്റേഷൻ ആരുടെ സാങ്കേതിക സഹായത്താലാണ് പ്രവർത്തിക്കുന്നതെന്ന് വിശദമാക്കാമോ; ഇതിനായി പ്രത്യേകം സ്റ്റാഫിനെ മോട്ടോർ വാഹന വകുപ്പ് നിയമിച്ചിട്ടുണ്ടോ എന്നറിയിക്കാമോ?

ഫെസിലിറ്റി മാനേജ്മെന്റ് സർവീസസ് ദാതാവായ കെൽട്രോണാണ് ഓട്ടോമാറ്റിക് വെഹിക്കിൾ ടെസ്റ്റിംഗ് സ്റ്റേഷന്റെ പ്രവർത്തനത്തിനാവശ്യമായ സാങ്കേതിക സഹായം നൽകുന്നത്. സ്റ്റേഷന്റെ പ്രവർത്തനത്തിനായി മോട്ടോർ വാഹന വകുപ്പ് പ്രത്യേകം സ്റ്റാഫിനെ നിയമിച്ചിട്ടില്ല.

(സി) പ്രസ്തുത സ്റ്റേഷനിൽ എന്തൊക്കെ പ്രവർത്തനങ്ങളാണ് പൂർത്തിയാകുവാൻ ഉള്ളതെന്നും ആയത് എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്നും പൂർത്തീകരണത്തിന് എന്തെങ്കിലും തടസ്സമുണ്ടെങ്കിൽ അവ എന്തൊക്കെയാണെന്നും വിശദമാക്കാമോ?

മോനിപ്പള്ളിയിലെ ഓട്ടോമാറ്റിക് വെഹിക്കിൾ ടെസ്റ്റിംഗ് സ്റ്റേഷൻ കെട്ടിടത്തിന്റെ മുൻ ഭാഗത്തും റോഡിലുമായി ഇന്റർലോക്ക് കട്ടകൾ പാകുക, എർത്ത് ഫില്ലിംഗ് നടത്തുക, ഓട നിർമ്മാണം പൂർത്തിയാക്കുക എന്നീ പ്രവർത്തികൾ പൂർത്തീകരിക്കുവാനുണ്ട്. സ്റ്റേഷന്റെ അനുബന്ധ നിർമ്മാണ പ്രവർത്തികൾ ചെയ്യുന്നതിനുള്ള കരാർ കേരള ഇലക്ട്രിക്കൽ

ആൻഡ് അലൈഡ് എഞ്ചിനീയറിംഗ് ലിമിറ്റഡ് (കെ. ഇ. എൽ.)-നാണ് നൽകിയിട്ടുള്ളത്. കരാർ പ്രകാരമുള്ള സമയപരിധിക്കകം പ്രവൃത്തി പൂർത്തിയാക്കുവാൻ കെ.ഇ.എൽ.-ന് സാധിച്ചില്ല. ആയതിനാൽ, കെ.ഇ.എൽ.-ൽ നിന്നും പിഴ ഈടാക്കുവാൻ അക്കൌണ്ടന്റ് ജനറൽ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ, സ്ഥലം ഏറ്റെടുക്കുന്നതിന് പ്രാരംഭഘട്ടത്തിൽ ഉണ്ടായ കാലതാമസം, അമിതമായ മഴ കാരണം നിർമ്മാണ പ്രവർത്തികൾ നടത്തുവാൻ കഴിയാത്തവിധം ചെളി നിറഞ്ഞുകിടന്ന സാഹചര്യം, സ്ഥലം രൂപപ്പെടുത്തുന്നതിനായി (land filling) മണ്ണ് ലഭിക്കാനുണ്ടായിരുന്ന ബുദ്ധിമുട്ട്, കോവിഡ്-19 മഹാമാരി തുടങ്ങിയ കാരണങ്ങളാലാണ് പ്രവൃത്തി വൈകിയതെന്ന് കെ.ഇ.എൽ. അറിയിച്ചിട്ടുണ്ട്. കൂടാതെ, പദ്ധതിയുടെ മൊത്തം തുക വർദ്ധിപ്പിക്കണമെന്നും, നിർമ്മാണ പ്രവർത്തികൾ പൂർത്തിയാക്കുന്നതിന് കരാർ കാലാവധി ദീർഘിപ്പിക്കുന്നതിനായി സപ്ലിമെന്ററി എഗ്രിമെന്റിൽ ഏർപ്പെടണമെന്നും ഓഡിറ്റ് റിപ്പോർട്ട് പ്രകാരം ഒടുക്കേണ്ട പിഴ തുക കോവിഡ്-19 മഹാമാരിയുടേയും മഴക്കെടുതിയുടേയും വെളിച്ചത്തിൽ എഴുതിത്തള്ളണമെന്നും കെ.ഇ.എൽ. അഭ്യർത്ഥിച്ചിട്ടുണ്ട്. പ്രസ്തുത അഭ്യർത്ഥന സർക്കാരിന്റെ പരിഗണനയിലാണ്.

## സഹകരണ മേഖലയിൽ ട്രാൻസ്പോർട്ട് കമ്പനി രൂപീകരണം

242(3602) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-ലെ കേന്ദ്ര മോട്ടോർ വാഹന ഭേദഗതി നിയമപ്രകാരം സംസ്ഥാനത്തെ സഹകരണമേഖലയിൽ ട്രാൻസ്പോർട്ട് കമ്പനി രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ബി) കെ.എസ്.ആർ.ടി.സി.-യുടെ മാതൃകയിലാണോ സഹകരണ മേഖലയിൽ ട്രാൻസ്പോർട്ട് കമ്പനി രൂപീകരിക്കാൻ തീരുമാനിച്ചിരിക്കുന്നത്; വിശദാംശം ലഭ്യമാക്കാമോ?

(എ&ബി) ഇല്ല.

(സി) സംസ്ഥാനത്ത് സ്വകാര്യബസ്സുകളെക്കൂടി ഉൾപ്പെടുത്തി പൊതു ഗതാഗത സംവിധാനം ശക്തിപ്പെടുത്താനുദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

സ്വകാര്യബസ്സുകൾ ഉൾപ്പെടെയുള്ള സംവിധാനങ്ങൾ ഉൾപ്പെടുത്തി പൊതുഗതാഗതം ശക്തിപ്പെടുത്താനുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്.

## സ്കൂൾ വാഹനങ്ങളുടെ ഫിറ്റ്നസ്

243(3603) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ വാഹനങ്ങളുടെ ഫിറ്റ്നസ് ഉറപ്പുവരുത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

വിദ്യാഭ്യാസസ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ളതും വിദ്യാർത്ഥികളുടെ യാത്രയ്ക്കായി ഉപയോഗിക്കുന്നതുമായ വാഹനങ്ങളുടെ ഫിറ്റ്നസ് പരിശോധനാ സമയത്ത് സ്വീകരിക്കേണ്ട മാനദണ്ഡങ്ങൾ സംബന്ധിച്ച് ഒരു മാർഗ്ഗരേഖ മോട്ടോർ വാഹന വകുപ്പ് തയ്യാറാക്കുകയും അപ്രകാരം പരിശോധന നടത്തുന്നതിന് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത മാർഗ്ഗരേഖയുടെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(ബി) സ്കൂൾ വാഹനങ്ങളുടെ അമിത വേഗത നിയന്ത്രിക്കാൻ മോട്ടോർ വാഹന വകുപ്പ് അധികൃതർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സ്കൂൾവാഹനങ്ങളുടെ വേഗപരിധി സ്കൂൾ മേഖലയിൽ പരമാവധി 30 km/hr ആയും, മറ്റ് റോഡുകളിൽ പരമാവധി 50 km/hr ആയും നിജപ്പെടുത്തിയിട്ടുണ്ട്. ആയത് ലംഘിക്കപ്പെടാതിരിക്കുന്നതിനായി രാവിലെ 7.30 മുതൽ 10.00 മണിവരെയും വൈകുന്നേരം 3.00 മണി മുതൽ 5.00 മണിവരെയും കൂടുതൽ വാഹന പരിശോധനകൾ നടത്തുന്നതിന് മോട്ടോർ വാഹന വകുപ്പിലെ എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

ജലഗതാഗത വകുപ്പിലെ ബോട്ടുകളുടെ നിർമ്മാണം

244(3604) ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലഗതാഗത വകുപ്പിലെ ബോട്ടുകൾ സ്വകാര്യ മേഖലയിൽ നിർമ്മിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ജലഗതാഗത വകുപ്പിന്റെ ബോട്ടുകൾ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(എ&ബി) ജലഗതാഗത വകുപ്പിലെ ബോട്ടുകൾ നിർമ്മിക്കുന്നത് സ്റ്റോർ പർച്ചേയ്സ് മാന്വലിലെ നിബന്ധനകൾ പ്രകാരം, മത്സരാധിഷ്ഠിത പങ്കാളിത്തമുറപ്പാക്കുന്നതിനായി, ദേശീയതലത്തിൽ ക്ഷണിക്കുന്ന ഇ-

ടെണ്ടറിൽ നിന്നും തെരഞ്ഞെടുക്കുന്ന യോഗ്യരായ ബോട്ട് നിർമ്മാതാക്കളാണ്.

<u>യാത്രാബോട്ടുകളിൽ ദ്രവീകൃത പ്രകൃതിവാതക ഉപയോഗം</u>

245(3605) <u>ശ്രീ. കെ. ജെ. മാക്സി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദ്രവീകൃത പ്രകൃതിവാതകം പ്രയോജനപ്പെടുത്തി കുറഞ്ഞ ചെലവിൽ യാത്രാബോട്ടുകൾ ഓടിക്കുവാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിന്റെ ഭാഗമായി എറണാകുളം ജില്ലയിലുൾപ്പെടെ ഏതെല്ലാം ജില്ലകളിൽ എത്ര സർവ്വീസുകൾ ആരംഭിക്കാനാണുദ്ദേശിക്കുന്നത്; ഇത്തരം യാത്രാബോട്ടുകൾക്ക് ദ്രവീകൃത വാതകം നിറയ്ക്കാൻ എന്തൊക്കെ സജ്ജീകരണങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ?

(എ&ബി) IOAGPL-മായി സഹകരിച്ചുകൊണ്ട് പരീക്ഷണാടിസ്ഥാനത്തിൽ ഒരു ഡീസൽ എഞ്ചിൻ ബോട്ട് കൺവേർഷൻ കിറ്റ് ഉപയോഗിച്ച് സി.എൻ.ജി.-യിലേയ്ക്ക് മാറ്റിയതിനുശേഷം സ്ഥിതിഗതികൾ വിലയിരുത്തി മറ്റ് ബോട്ടുകൾ സി.എൻ.ജി.-യിലേയ്ക്ക് മാറ്റുന്നകാര്യം പരിശോധിക്കുന്നതാണ്. ബോട്ടുകളിൽ

നിറയ്ക്കുന്നതിനാവശ്യമായ സി.എൻ.ജി. ഡിസ്പെൻസിംഗ് യൂണിറ്റ് എറണാകുളം ബോട്ട് ജെട്ടിയോടുചേർന്ന് സ്ഥാപിക്കുന്നതിനായുള്ള എസ്റ്റിമേറ്റ് ഇറിഗേഷൻ വകുപ്പിൽനിന്നും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ദൈനംദിനം ശരാശരി എത്രപേർക്ക് ഇത്തരം യാത്രാബോട്ടുകളുടെ പ്രയോജനം ലഭിക്കുന്നുവെന്നാണ് കണക്കാക്കുന്നത്; വ്യക്തമാക്കുമോ?

ദൈനംദിനം ശരാശരി 15,000 പേർക്ക് ഇത്തരം യാത്രാബോട്ടുകളുടെ പ്രയോജനം ലഭിക്കുമെന്ന് കണക്കാക്കുന്നു.

(ഡി) സൗരോർജ ബോട്ടുകളുടെ നിർമ്മാണപ്രവർത്തനങ്ങൾ നിലവിൽ ഏത് ഘട്ടങ്ങളിലാണ്; വ്യക്തമാക്കുമോ?

വകുപ്പ് നിർമ്മിച്ച ആദ്യത്തെ സോളാർ ബോട്ടായ 'ആദിത്യ' 2017 മുതൽ വിജയകരമായി സർവ്വീസ് നടത്തിവരുന്നു. വകുപ്പ് സപ്ലൈ ഓർഡർ നൽകിയിട്ടുള്ള രണ്ട് 75 പാക്സ് സോളാർ ബോട്ടുകളിൽ ആകെയുള്ള 9 ഘട്ടങ്ങളിൽ ഒരു ബോട്ടിന്റെ അഞ്ചാം ഘട്ടവും, രണ്ടാമത്തെ ബോട്ടിന്റെ മൂന്നാംഘട്ടവും പൂർത്തിയായിട്ടുണ്ട്. വകുപ്പ് നിർമ്മിക്കുന്ന 100 പാക്സ് സോളാർ ക്രൂയിസ് ബോട്ടിന്റെ നിർമ്മാണം ആകെയുള്ള 9 ഘട്ടങ്ങളിൽ അഞ്ചാംഘട്ടം

പൂർത്തിയായിട്ടുണ്ട്. നിലവിൽ 4 ഘട്ടങ്ങൾ കൂടി പൂർത്തിയാക്കേണ്ടതുണ്ട്. വകുപ്പ് സപ്ലൈ ഓർഡർ നൽകിയിട്ടുള്ള മൂന്ന് 75 പാക്സ് സോളാർ ബോട്ടുകളിൽ ആകെയുള്ള 10 ഘട്ടങ്ങളിൽ ആദ്യത്തെയും, രണ്ടാമത്തെയും ബോട്ടുകളുടെ അഞ്ചാംഘട്ടവും, മൂന്നാം ബോട്ടിന്റെ നാലാംഘട്ടവും പൂർത്തിയായിട്ടുണ്ട്.

<u>സീ അഷ്ടമുടി ടൂറിസം ബോട്ട് സർവ്വീസ്</u>

246(3606) <u>ശ്രീ. എം. മുകേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സീ അഷ്ടമുടി പാസഞ്ചർ കം ടൂറിസം ബോട്ട് സർവ്വീസിനാവശ്യമായ ബോട്ടിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടോ; എങ്കിൽ സർവ്വീസ് ആരംഭിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ സർവ്വീസ് ആരംഭിക്കുന്നതിനുള്ള കാലതാമസത്തിന് കാരണമെന്താണ്; സർവ്വീസ് ഉടൻ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

(എ&ബി) കൊല്ലം ജില്ലയിലെ അഷ്ടമുടിക്കായലിന്റെ ടൂറിസം സാദ്ധ്യത പരമാവധി പ്രയോജനപ്പെടുത്തുന്നതിനായാണ് സംസ്ഥാന ജലഗതാഗത വകുപ്പ് 'സീ അഷ്ടമുടി' എന്ന പേരിൽ പാസഞ്ചർ കം-ടൂറിസ്റ്റ് ബോട്ട് സർവ്വീസ്

വിഭാവനം ചെയ്തിട്ടുള്ളത്. ടി സർവ്വീസ് ആരംഭിക്കുന്നതിനുള്ള ബോട്ട്, കൊല്ലം മാമൂട്ടിക്കടവ് ബോട്ടുജെട്ടിയിലെത്തിച്ച് അപ്പർ ഡക്ക് യോജിപ്പിക്കൽ, പെയിന്റിംഗ് എന്നീ പ്രവൃത്തികൾ നടത്തിവരുന്നു. കൊല്ലം-സാമ്പ്രാണിക്കോടി-പെരിങ്ങാലം-മൺട്രോതുരുത്ത് എന്നിവിടങ്ങളിലെ ആഴം കൂട്ടൽ, ബോട്ടുജെട്ടികളുടെ പുനരുദ്ധാരണം, ബോട്ടുജെട്ടികളിൽ താങ്ങുകുറ്റികൾ സ്ഥാപിക്കുക എന്നീ പണികൾ കൂടി പൂർത്തീകരിച്ച് ആഗസ്റ്റ് മാസം അവസാനത്തോടെ ടി സർവ്വീസ് ആരംഭിക്കുവാൻ സാധിക്കുന്നതാണ്.

## പൊതു സ്ഥലംമാറ്റം

247(3607) ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലഗതാഗത വകുപ്പിൽ ഈ വർഷം പൊതു സ്ഥലംമാറ്റം നടത്താത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത വകുപ്പിൽ മിനിസ്റ്റീരിയൽ വിഭാഗമുൾപ്പെടെ എല്ലാ വിഭാഗത്തിലും പൊതു സ്ഥലംമാറ്റം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വകുപ്പിലെ ഓപ്പറേറ്റിംഗ്, റിപ്പയർ ആൻഡ് മെയിന്റനൻസ്, മിനിസ്റ്റീരിയൽ ഉൾപ്പെടെയുള്ള എല്ലാ

വിഭാഗത്തിലും പൊതുസ്ഥലംമാറ്റം നടത്തുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## കിഫ്ബി സഹായത്തോടെ അടിസ്ഥാനസൗകര്യ വികസനം

248(3608) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കിഫ്ബിയുടെ സഹായത്തോടുകൂടി കായികരംഗത്ത് നടപ്പിലാക്കിയ അടിസ്ഥാനസൗകര്യ വികസനങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത വികസന പ്രവർത്തനങ്ങൾക്ക് ഇതുവരെ അനുവദിച്ച തുക സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ?

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കായിക രംഗത്തെ അടിസ്ഥാനവികസനങ്ങൾക്കായി കിഫ്ബി ധനസഹായത്തോടെ പുതിയ പദ്ധതികളൊന്നും അനുവദിച്ചിട്ടില്ല. എന്നാൽ മുൻ ബഡ്ജറ്റ് പ്രഖ്യാപനങ്ങളിലുൾപ്പെട്ട കായികരംഗത്തെ പദ്ധതികളിൽ കിഫ്ബി ധനസഹായത്തോടെ നിലവിൽ 37 പദ്ധതികൾക്കായി 749 കോടി

രൂപയുടെ സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്.+

<u>വൈപ്പിൻ മണ്ഡലത്തിലെ വാട്ടർ സ്പോർട്സ് കോംപ്ലക്സ്</u>

249(3609) <u>ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിൽ വാട്ടർ സ്പോർട്സും അതിനോടനുബന്ധിച്ച് സ്പോർട്സ് കോംപ്ലക്സും ഒരുക്കുന്നതിനായി സമർപ്പിച്ച പ്രൊപ്പോസലിൽ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ;

(ബി) ഇതുസംബന്ധിച്ച കായിക-യുവജനകാര്യ വകുപ്പിലെ എ 1/238/2021-എസ്.വൈ.എ. ഫയലിൽ കായിക-യുവജനകാര്യ ഡയറക്ടറും കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ സെക്രട്ടറിയും റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത റിപ്പോർട്ടിൽ സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കാമോ?

(എ-സി) വൈപ്പിൻ നിയോജകമണ്ഡലത്തിൽ വാട്ടർ സ്പോർട്സും അതിനോടനുബന്ധിച്ച് സ്പോർട്സ് കോംപ്ലക്സും ഒരുക്കുന്നതിനായി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ബഹുമാനപ്പെട്ട എം.എൽ.എ. നൽകിയ പ്രൊപ്പോസൽ എ 1/238/2021-എസ്.വൈ.എ നമ്പർ ഫയലിൽ പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി കായിക-യുവജനകാര്യ ഡയറക്ടർക്കും കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ സെക്രട്ടറിക്കും നിർദ്ദേശം നൽകുകയുണ്ടായി. ആയതിൽ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽ നിന്നും റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. കായിക-യുവജനകാര്യ ഡയറക്ടറുടെ റിപ്പോർട്ട് ലഭിച്ചിട്ടില്ല. പ്രസ്തുത റിപ്പോർട്ട് ഉടൻ ലഭ്യമാക്കി തുടർ നടപടി സ്വീകരിക്കുന്നതാണ്.

## മാവേലിക്കര പഴഞ്ചിറ കുളത്തിൽ നീന്തൽ പരിശീലന കേന്ദ്രം

250(3610) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മാവേലിക്കര മണ്ഡലത്തിൽ തഴക്കര ഗ്രാമപഞ്ചായത്തിലെ പഴഞ്ചിറ കുളത്തിൽ നീന്തൽ പരിശീലന കേന്ദ്രം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്നും ആവശ്യമായ തുക അനുവദിക്കുമോയെന്നും വിശദമാക്കുമോ?

മാവേലിക്കര മണ്ഡലത്തിൽ തഴക്കര ഗ്രാമപഞ്ചായത്തിലെ പഴഞ്ചിറക്കുളത്തിൽ നീന്തൽ പരിശീലന കേന്ദ്രം ആരംഭിക്കുന്നതിനുള്ള

അപേക്ഷ കായിക വകുപ്പിൽ ലഭിച്ചിട്ടില്ല. പ്രസ്തുത കുളത്തിൽ നീന്തൽ പരിശീലന കേന്ദ്രം അനുവദിക്കുന്നതും തുക അനുവദിക്കുന്നതും സംബന്ധിച്ച് പ്രൊപ്പോസൽ ലഭ്യമാകുന്നമുറയ്ക്ക് ആയത് പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## പൂഞ്ഞാർ ഐ.എച്ച്.ആർ.ഡി. എഞ്ചിനീയറിംഗ് കോളേജിൽ ട്രാക്ക് ആൻഡ് ഫീൽഡ് നിർമ്മാണം

251(3611) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജക മണ്ഡലത്തിലെ പൂഞ്ഞാർ ഐ.എച്ച്.ആർ.ഡി. എഞ്ചിനീയറിംഗ് കോളേജിൽ നിലവിലുള്ള കളിസ്ഥലം വിപുലീകരിച്ച് ഒരു സ്റ്റാൻഡേർഡ് ട്രാക്ക് ആൻഡ് ഫീൽഡ് നിർമ്മിക്കുന്നതിനായി സമർപ്പിച്ച അപേക്ഷയിൽ സ്വീകരിച്ച നടപടികളുടെ വിശദാംശം വ്യക്തമാക്കുമോ?

പൂഞ്ഞാർ നിയോജക മണ്ഡലത്തിലെ പൂഞ്ഞാർ ഐ.എച്ച്.ആർ.ഡി. എഞ്ചിനീയറിംഗ് കോളേജിൽ നിലവിലുള്ള കളിസ്ഥലം വിപുലീകരിച്ച് ഒരു സ്റ്റാൻഡേർഡ് ട്രാക്ക് ആൻഡ് ഫീൽഡ് നിമ്മിക്കുന്നതിനായി സമർപ്പിച്ച അപേക്ഷയിന്മേൽ സ്പോർട്സ് കേരള ഫൗണ്ടേഷൻ എഞ്ചിനീയറിംഗ്

വിഭാഗം സ്ഥലം സന്ദർശിച്ച് പ്രാഥമിക പഠനം നടത്തിയിട്ടുണ്ട്. ഇതനുസരിച്ച് 200 മീ. സിന്തറ്റിക് ട്രാക്, സെവൻസ് നാച്വറൽ ഫുട്ബോൾ ടർഫ്, സമ്പ് & പമ്പ് റൂം, ഇലക്ട്രിക്കൽ സംവിധാനം, ഓഫീസ് ബ്ലോക്കും ഗ്യാലറിയും എന്നീ പ്രവൃത്തികൾക്കായി ബ്ലോക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) ഖേലോ ഇന്ത്യ പദ്ധതിയിലോ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കളിസ്ഥലം നവീകരിക്കുന്ന പദ്ധതിയിലോ ഉൾപ്പെടുത്തി പ്രസ്തുത പ്രവൃത്തി നടപ്പിലാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

പരിശോധിക്കാവുന്നതാണ്.

<u>മാലിപ്പുറം മറൈൻ വാക്ക് ഓപ്പൺ ജിം</u>

252(3612) <u>ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജക മണ്ഡലത്തിലെ എളങ്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന വൈപ്പിൻ ജോഗേർസ് വെൽഫയർ

അസോസിയേഷൻ വിഭാവനം ചെയ്തിട്ടുള്ള മാലിപ്പുറം മറൈൻ വാക്ക് ഓപ്പൺ ജിം പദ്ധതി നടപ്പിലാക്കുന്നതിനായി സമർപ്പിച്ച നിവേദനത്തിൽ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ;

(ബി) ഇത് സംബന്ധിച്ച കായിക യുവജനകാര്യ (എ) വകുപ്പിലെ എ 1/262/2021 നമ്പർ ഫയലിൽ യുവജനകാര്യ വകുപ്പ് ഡയറക്ടർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത റിപ്പോർട്ടിൽ സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കാമോ;

(സി) ഇല്ലെങ്കിൽ റിപ്പോർട്ട് എന്നത്തേക്ക് ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

(എ-സി) വൈപ്പിൻ നിയോജകമണ്ഡലത്തിലെ എളങ്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന വൈപ്പിൻ ജോഗേഴ്സ് വെൽഫയർ അസോസിയേഷൻ വിഭാവനം ചെയ്തിട്ടുള്ള മാലിപ്പുറം മറൈൻ വാക്ക് ഓപ്പൺ ജിം പദ്ധതി നടപ്പിലാക്കുന്നതിനായി ബഹു. എം.എൽ.എ.-യുടെ കത്തിനോടൊപ്പം ലഭിച്ച നിവേദനം എ 1/262/2021 നമ്പർ ഫയലിൽ പരിശോധിച്ച് പ്രസ്തുത നിവേദനം സംബന്ധിച്ച് റിപ്പോർട്ട് ലഭ്യമാക്കുവാൻ കായികയുവജനകാര്യ ഡയറക്ടറോട് ആവശ്യപ്പെട്ടിരുന്നു.

മാലിപ്പുറം ഓപ്പൺ ജിം പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ ഫണ്ട് ഈ സാമ്പത്തിക വർഷത്തെ ബജറ്റ് ശീർഷകത്തിൽ ലഭ്യമല്ല എന്ന് കായികയുവജനകാര്യ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## വള്ളിക്കുന്ന് മണ്ഡലത്തിൽ ഓപ്പൺ ജിംനേഷ്യം

253(3613) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വള്ളിക്കുന്ന് നിയോജക മണ്ഡലത്തിൽ തേഞ്ഞിപ്പാലം പഞ്ചായത്തിലെ മാതപ്പുഴ പാതാർ എന്ന സ്ഥലത്തോ മൂന്നിയൂർ പഞ്ചായത്തിലെ കളിയാട്ടമുക്ക് സ്റ്റേഡിയത്തിലോ ഒരു ഓപ്പൺ ജിംനേഷ്യം അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

വള്ളിക്കുന്ന് നിയോജക മണ്ഡലത്തിലെ മൂന്നിയൂർ ഗ്രാമപഞ്ചായത്തിലെ കളിയാട്ടമുക്ക് സ്റ്റേഡിയത്തിൽ ഓപ്പൺ ജിംനേഷ്യം സ്ഥാപിക്കുന്നതിന് ബഹു. എം.എൽ.എ.-യുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ച് വരുന്നു.

## കുട്ടനാട്ടിൽ കനോയിംഗ്, കയാക്കിംഗ് പരിശീലന സൗകര്യം

254(3614) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിൽ കാനോയിംഗ്, കയാക്കിംഗ് പരിശീലനത്തിന് കൂടുതൽ സൗകര്യങ്ങൾ ലഭ്യമാക്കുമോ?

കുട്ടനാട്ടിൽ കാനോയിംഗ്, കയാക്കിംഗ് പരിശീലനത്തിന് നിലവിൽ പദ്ധതികളൊന്നും നടപ്പിലാക്കിയിട്ടില്ല. എന്നാൽ ആലപ്പുഴ ജില്ലയിൽ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിൽ ജില്ലാ സ്പോർട്സ് അക്കാഡമിയിൽ സ്കൂൾ, കോളേജ് തലങ്ങളിലെ കായിക താരങ്ങൾക്ക് കനോയിംഗ് & കയാക്കിംഗ് ഇനത്തിൽ പരിശീലനം നൽകി വരുന്നുണ്ട്.

(ബി) വാട്ടർ സ്പോർട്സിന്റെ സാധ്യതകളെ പരമാവധി പ്രയോജനപ്പെടുത്താൻ എന്തെല്ലാം പുതിയ പദ്ധതികൾ നടപ്പാക്കുമെന്ന് വ്യക്തമാക്കുമോ?

ഇപ്പോൾ പരിഗണനയിലില്ല.

## മരുതറോഡ് പഞ്ചായത്ത് മിനി സ്റ്റേഡിയം നിർമ്മാണം

255(3615) ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച മലമ്പുഴ മണ്ഡലത്തിലെ മരുതറോഡ് പഞ്ചായത്ത് മിനി സ്റ്റേഡിയം നിർമ്മാണ പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ?

മലമ്പുഴ മണ്ഡലത്തിലെ മരുതറോഡ് പഞ്ചായത്ത് മിനി സ്റ്റേഡിയം നിർമ്മാണത്തിനായി പ്രസ്തുത സ്ഥലത്തിന്റെ ടോട്ടൽ സ്റ്റേഷൻ സർവ്വേ പ്രവൃത്തികൾ പൂർത്തീകരിച്ച് വിശദമായ ലേഔട്ട്, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കി വരുന്നു.

(ബി) ആയതുപ്രകാരം എന്തെല്ലാം സൗകര്യങ്ങളുള്ള സ്റ്റേഡിയമാണ് നിർമ്മിക്കാൻ പദ്ധതി തയ്യാറാക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ?

ഫുട്ബോൾ കോർട്ട്, ടോയ്‌ലെറ്റ് & ചെയ്ഞ്ച് റൂം, ഇലക്ട്രിഫിക്കേഷൻ എന്നീ സൗകര്യങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

## ഗുരുവായൂർ മണ്ഡലത്തിൽ ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലം പദ്ധതി

256(3616) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലം പദ്ധതി പ്രകാരം ഗുരുവായൂർ മണ്ഡലത്തിൽ കളിസ്ഥലങ്ങൾ അനുവദിക്കാൻ ഉദ്ദേശിക്കുന്ന പഞ്ചായത്തുകൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ?

ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ ഗുരുവായൂർ മണ്ഡലത്തിൽ കളിസ്ഥലം നിർമ്മിക്കുന്ന പ്രവൃത്തി ഉൾപ്പെടുത്തുന്ന വിഷയം പരിശോധിച്ച് വരുന്നു.

## തിരുവമ്പാടി മണ്ഡലത്തിൽ ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലം പദ്ധതി

257(3617) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലം പദ്ധതിയുടെ ഭാഗമായി തിരുവമ്പാടി മണ്ഡലത്തിൽ തെരഞ്ഞെടുത്ത കളിസ്ഥലങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതിയുടെ നിലവിലെ അവസ്ഥ വിശദമാക്കുമോ; പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

(എ&ബി) ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയുടെ ആദ്യഘട്ടത്തിൽ തിരുവമ്പാടി മണ്ഡലത്തിൽ കളിക്കളം നിർമ്മിക്കുന്ന പ്രവൃത്തി ഉൾപ്പെടുത്തുന്ന വിഷയം പരിശോധിച്ച് വരുന്നു. പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് ജനപ്രതിനിധികളിൽ നിന്നും മുൻഗണനാടിസ്ഥാനത്തിലുള്ള പ്രൊപ്പോസലുകൾ സ്വീകരിച്ച് ആയത് പരിശോധിച്ച് സ്ഥലപരിശോധന നടത്തുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ പദ്ധതിയിൽ പരാമർശിക്കുന്ന ഘടകങ്ങൾക്കനുസൃതമായവ തെരഞ്ഞെടുത്ത് മുൻഗണനാ പട്ടിക തയ്യാറാക്കുന്ന നടപടി സ്വീകരിച്ച് വരുന്നു. പദ്ധതിയുടെ മാർഗ്ഗരേഖ പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. പ്രസ്തുത മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിൽ ലഭ്യമാകുന്ന പ്രൊപ്പോസലുകൾ

പരിശോധിച്ച് ഭരണാനുമതി നൽകികൊണ്ട് പദ്ധതി ആരംഭിക്കുന്നതിന് സമയബന്ധിതമായി നടപടി സ്വീകരിക്കുന്നതാണ്.

## കോതമംഗലം മണ്ഡലത്തിൽ ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലം പദ്ധതി

258(3618) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലം പദ്ധതിയുടെ ഭാഗമായി കോതമംഗലം മണ്ഡലത്തിൽ ഏതെല്ലാം പഞ്ചായത്തുകളിലാണ് പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിലെ ഏത് പഞ്ചായത്തിലാണ് ഈ പദ്ധതി ആദ്യമായി നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ;

(എ&ബി) ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയുടെ ആദ്യഘട്ടത്തിൽ കോതമംഗലം മണ്ഡലത്തിൽ കളിക്കളം നിർമ്മിക്കുന്ന പ്രവൃത്തി പരിഗണനയിലാണ്.

(സി) കോതമംഗലം മണ്ഡലത്തിൽ ഈ പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ള നടപടിക്രമങ്ങൾ

വിശദമാക്കാമോ; ഇത് എന്നത്തേക്ക് ആരംഭിക്കാൻ കഴിയും എന്ന വ്യക്തമാക്കാമോ?

ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയുമായി ബന്ധപ്പെട്ട് ജനപ്രതിനിധികളിൽ നിന്നും മുൻഗണനാടിസ്ഥാനത്തിലുള്ള പ്രൊപ്പോസലുകൾ സ്വീകരിച്ച് ആയത് പരിശോധിച്ച് സ്ഥലപരിശോധന നടത്തുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ പദ്ധതിയിൽ പരാമർശിക്കുന്ന ഘടകങ്ങൾക്കനുസൃതമായവ തെരഞ്ഞെടുത്ത് മുൻഗണനാ പട്ടിക തയ്യാറാക്കുന്ന നടപടി സ്വീകരിച്ചുവരുന്നു. പദ്ധതിയുടെ മാർഗ്ഗരേഖ പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

പ്രസ്തുത മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിൽ ലഭ്യമാകുന്ന പ്രൊപ്പോസലുകൾ പരിശോധിച്ച് ഭരണാനുമതി നൽകികൊണ്ട് പദ്ധതി ആരംഭിക്കുന്നതിന് സമയബന്ധിതമായി നടപടി സ്വീകരിക്കുന്നതാണ്.

## മാവേലിക്കര മണ്ഡലത്തിലെ ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലം പദ്ധതി

259(3619) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള മാവേലിക്കര മണ്ഡലത്തിലെ കളിസ്ഥലങ്ങളുടെ വിശദാംശം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി ഈ സാമ്പത്തികവർഷം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ?

(എ&ബി) ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയുടെ ആദ്യഘട്ടത്തിൽ മാവേലിക്കര മണ്ഡലത്തിൽ കളിസ്ഥലം നിർമ്മിക്കുന്ന പ്രവൃത്തി ഉൾപ്പെടുത്തുന്ന വിഷയം പരിശോധിച്ച് വരുന്നു.

പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് ജനപ്രതിനിധികളിൽ നിന്നും മുൻഗണനാടിസ്ഥാനത്തിലുള്ള പ്രൊപ്പോസലുകൾ സ്വീകരിച്ച് ആയത് പരിശോധിച്ച് സ്ഥലപരിശോധന നടത്തുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ പദ്ധതിയിൽ പരാമർശിക്കുന്ന ഘടകങ്ങൾക്കനുസൃതമായവ തെരഞ്ഞെടുത്ത് മുൻഗണനാ പട്ടിക തയ്യാറാക്കുന്ന നടപടി സ്വീകരിച്ച് വരുന്നു. പദ്ധതിയുടെ മാർഗ്ഗരേഖ പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. പ്രസ്തുത മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിൽ ലഭ്യമാകുന്ന പ്രൊപ്പോസലുകൾ

പരിശോധിച്ച് ഭരണാനുമതി നൽകികൊണ്ട് പദ്ധതി ആരംഭിക്കുന്നതിന് സമയബന്ധിതമായി നടപടി സ്വീകരിക്കുന്നതാണ്.

## വയക്കര ഹയർ സെക്കന്ററി സ്കൂളിലെ ഇൻഡോർ സ്റ്റേഡിയം

260(3620) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിലെ വയക്കര ഹയർ സെക്കന്ററി സ്കൂളിലെ ഇൻഡോർ സ്റ്റേഡിയം പൂർത്തീകരണത്തിനായി എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്ക് ഈ സാമ്പത്തിക വർഷം തന്നെ അംഗീകാരം നൽകാൻ ആവശ്യമായ നടപടികൾ സ്വീകരിക്കാമോ?

(എ&ബി) 2021-22-ലെ സംസ്ഥാന ബഡ്ജറ്റിലെ വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II-ൽ ഭരണാനുമതിയില്ലാത്ത മരാമത്തു പണികളുടെ ലിസ്റ്റിൽ ക്രമനമ്പർ 2203 ആയി വയക്കര സ്കൂൾ ഇൻഡോർ സ്റ്റേഡിയം പൂർത്തീകരണത്തിനായി 200 ലക്ഷം രൂപ എസ്റ്റിമേറ്റ് തുക കണക്കാക്കിയും 100 രൂപ ടോക്കൺ പ്രൊവിഷനുമായി ഉൾപ്പെടുത്തിയിരുന്നു. പ്രസ്തുത സ്റ്റേഡിയത്തിന്റെ നിർമ്മാണവുമായി

ബന്ധപ്പെട്ട മാസ്റ്റർ പ്ലാൻ സ്കൂൾ അധികൃതരിൽ നിന്നും ലഭ്യമാകുന്നമുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണ്.

## വളാഞ്ചേരി നഗരസഭ സ്റ്റേഡിയം നിർമ്മാണം

261(3621) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തിലെ വളാഞ്ചേരി നഗരസഭ സ്റ്റേഡിയം നിർമ്മാണവുമായി ബന്ധപ്പെട്ട് നൽകിയ റഫറൻസ് നമ്പർ 5924985 പ്രൊപ്പോസലിന്മേൽ കായിക വകുപ്പ് സ്വീകരിച്ച നടപടിയുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത സ്റ്റേഡിയം നിർമ്മാണവുമായി ബന്ധപ്പെട്ട് കായിക വകുപ്പിൽ നിലവിലുള്ള ഫയലിന്റെ വിവരങ്ങൾ ലഭ്യമാക്കുമോ?

(എ&ബി) കോട്ടക്കൽ മണ്ഡലത്തിലെ വളാഞ്ചേരി നഗരസഭ സ്റ്റേഡിയം നിർമ്മാണവുമായി ബന്ധപ്പെട്ട് ലഭ്യമായ 5924985 നമ്പർ പ്രൊപ്പോസൽ ഈ വകുപ്പിന്റെ കാ.യു.വ-എ 2/93/2022-കാ.യു.വ നമ്പർ ഫയലിൽ പരിശോധിച്ച്, ടി പദ്ധതിയ്ക്കായുള്ള ഭൂമിയുമായി ബന്ധപ്പെട്ട സാങ്കേതിക തടസ്സങ്ങൾ ഉള്ളതിനാൽ ടി അപേക്ഷയുടെ പകർപ്പ് റിപ്പോർട്ട്

സമർപ്പിക്കുന്നതിനായി മലപ്പുറം ജില്ലാ കളക്ടർക്ക് സർക്കാർ കത്ത് 09-03-2022-ലെ നം.കാ.യു.വ-എ 2/93/2022-കാ.യു.വ പ്രകാരം അയച്ചുകൊടുത്തിരുന്നുവെങ്കിലും റിപ്പോർട്ട് ലഭ്യമായിട്ടില്ല.

## കോതമംഗലം മണ്ഡലത്തിലെ പല്ലാരിമംഗലം സ്റ്റേഡിയം

262(3622) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ പല്ലാരിമംഗലം സ്റ്റേഡിയം നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) ഒരു കോടി രൂപ അനുവദിച്ച് നിർമ്മാണം നടക്കുന്ന ഈ സ്റ്റേഡിയത്തിൽ എന്തെല്ലാം നിർമ്മാണ പ്രവർത്തനങ്ങളാണ് നടപ്പിലാക്കുന്നതെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങളിൽ എന്തെല്ലാം നിർമ്മാണങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

(എ-സി) കോതമംഗലം മണ്ഡലത്തിലെ പല്ലാരിമംഗലം സ്റ്റേഡിയത്തിന്റെ നിർമ്മാണത്തിനായി 72,12,000/- രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയ്ക്ക് 68,67,655/- രൂപയുടെ

സാങ്കേതികാനുമതി നൽകിയിരുന്നു. മഡ് ഫുട്ബോൾ കോർട്ട്, ഗ്യാലറി, ചെയ്ഞ്ച് റൂം, ടോയ്‌ലെറ്റ് ബ്ലോക്ക്, റീട്ടെയിനിംഗ് വാൾ എന്നിവയാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. പ്രസ്തുത പ്രവൃത്തിയിൽ റീട്ടെയിനിംഗ് വാൾ, ടോയ്‌ലെറ്റ് ബിൽഡിംഗ് എന്നിവയുടെ പ്രവൃത്തികൾ പുരോഗമിച്ച് വരുന്നു. നിലവിൽ പ്രസ്തുത പ്രവൃത്തി 25 ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്.

(ഡി) എത്ര സമയത്തിനകം പൂർത്തീകരിക്കുന്നതിനാണ് കരാറുകാരനുമായി എഗ്രിമെന്റുള്ളത് എന്ന് വിശദമാക്കാമോ;

(ഇ) സ്റ്റേഡിയം നിർമ്മാണം എന്നത്തേക്ക് പൂർത്തീകരിക്കുവാൻ കഴിയും എന്ന് വിശദമാക്കാമോ?

(ഡി&ഇ) പ്രസ്തുത പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി കരാർ പ്രകാരം 6 മാസമായിട്ടാണ് നിശ്ചയിച്ചിരിക്കുന്നത്. എന്നാൽ പല്ലാരിമംഗലം ഗ്രാമപഞ്ചായത്ത് പ്രസ്തുത സ്ഥലം കൈമാറുന്നതിന് കാലതാമസം വരുത്തിയതിനാൽ കരാറുകാരന് കൈമാറാൻ താമസമുണ്ടായിട്ടുണ്ട്. പ്രസ്തുത സ്റ്റേഡിയത്തിന്റെ നിർമ്മാണം 2022 ഒക്ടോബർ മാസത്തോടുകൂടി പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്.

ആനാവൂർ ഗവ. ഹയർ സെക്കൻഡറി സ്കൂൾ സ്റ്റേഡിയം

263(3623) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 വർഷത്തെ ബഡ്ജറ്റിൽ ആനാവൂർ സർക്കാർ ഹയർ സെക്കൻഡറി സ്കൂളിന്റെ സ്റ്റേഡിയം നവീകരിക്കുന്ന പദ്ധതിയുടെ രണ്ടാം ഘട്ട പ്രവർത്തനങ്ങൾക്ക് തുക അനുവദിച്ചിരുന്നോ; എങ്കിൽ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടോ; എന്തൊക്കെ ഘടകങ്ങളും സൗകര്യങ്ങളുമാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; പ്രസ്തുത നിർമ്മാണ പ്രവൃത്തിയുടെ ചുമതല ഏത് ഏജൻസിയിലാണ് നിക്ഷിപ്തമായിരിക്കുന്നത്; വിശദമാക്കാമോ?

(എ&ബി) 2021 വർഷത്തെ ബഡ്ജറ്റ് മറുപടി പ്രസംഗത്തിൽ ആനാവൂർ സർക്കാർ ഹയർ സെക്കന്ററി സ്കൂൾ സ്റ്റേഡിയം നവീകരിക്കുന്ന പ്രവൃത്തിയുടെ രണ്ടാംഘട്ട പ്രവർത്തനങ്ങൾക്കായി തുക പ്രഖ്യാപിച്ചിരുന്നു. പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. സിന്തറ്റിക് വോളിബോൾ കോർട്ട്, ഹോസ്റ്റൽ സമുച്ചയം എന്നീ ഘടകങ്ങൾ ഉൾപ്പെടുത്തി

നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നത്. സ്പോർട്സ് കേരള ഫൗണ്ടേഷനാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്.

(സി) ടെൻഡർ നടപടികൾ പൂർത്തിയാക്കി ഈ പ്രവൃത്തി എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയും എന്ന് അറിയിക്കാമോ?

ഭരണാനുമതി നൽകി ടെൻഡർ നടപടികൾ പൂർത്തിയാക്കുന്ന മുറയ്ക്ക് പ്രവൃത്തി ആരംഭിക്കുന്നതാണ്.

(ഡി) പ്രസ്തുത സ്റ്റേഡിയം നവീകരണവുമായി ബന്ധപ്പെട്ട് ഒരു കോടി രൂപ അടങ്കലിൽ നടന്നുവരുന്ന ഒന്നാം ഘട്ട പ്രവർത്തനങ്ങളുടെ പുരോഗതി അറിയിക്കാമോ; എന്തൊക്കെ ഘടകങ്ങളും സൗകര്യങ്ങളുമാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കാമോ?

20 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയ ഒന്നാംഘട്ട പ്രവർത്തനങ്ങളുടെ നിർമ്മാണം നടന്നുവരികയാണ്. ഗ്രൗണ്ട് ഡെവലപ്മെന്റ് വർക്ക്, മഡ് ഫുട്ബോൾ കോർട്ട്, കോമ്പൗണ്ട് വാളിന്റെ നിർമ്മാണം, ചെയിൻ ലിങ്ക് ഫെൻസിംഗ്, എൻട്രൻസ് ഗേറ്റിന്റെ നിർമ്മാണം എന്നീ ഘടകങ്ങളാണ് ഒന്നാം ഘട്ട നവീകരണ പ്രവൃത്തിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. മേൽ ഘടകങ്ങളുടെ നിർമ്മാണം 30 ശതമാനത്തോളം പൂർത്തീകരിച്ചിട്ടുണ്ട്.

## കൊല്ലം ഹോക്കി സ്റ്റേഡിയം

264(3624) ശ്രീ. എം. മുകേഷ്: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊല്ലം ഹോക്കി സ്റ്റേഡിയത്തിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി സ്വീകരിച്ച് വരുന്ന നടപടികൾ എന്തെല്ലാമാണ്; നിർമ്മാണം പുരോഗമിക്കുന്നതും പുതിയതായി അംഗീകാരം ലഭിച്ചതുമായ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ?

കൊല്ലം ഹോക്കി സ്റ്റേഡിയത്തിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി സ്വീകരിച്ച് വരുന്ന നടപടികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

- കൊല്ലം ഹോക്കി സ്റ്റേഡിയത്തിന്റെ നവീകരണം, ക്യാപിറ്റൽ റിപ്പയർ, ഇലക്ട്രിക്കൽ പ്രവൃത്തികൾ
- കൊല്ലം ഹോക്കി സ്റ്റേഡിയത്തിലെ സിന്തറ്റിക് ഹോക്കി പിച്ചിന്റെ വാർഷിക അറ്റകുറ്റപ്പണി - കരാർ 3 വർഷത്തേക്ക്
- ഹോക്കി സ്റ്റേഡിയത്തിന്റെ നവീകരണ പ്രവർത്തനങ്ങൾ-2-ാം ഘട്ടം

നിലവിൽ അംഗീകാരം ലഭിച്ചതും അംഗീകാരം ലഭിക്കാനുള്ളതുമായ പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്.+

## കുറ്റ്യാടി നിട്ടൂർ സ്റ്റേഡിയം നിർമ്മാണം

265(3625) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായിക രംഗത്ത് വലിയ കുതിച്ച് ചാട്ടം നടത്താൻ ഉദ്ദേശിച്ച് ഗ്രാമപഞ്ചായത്തുകൾ കേന്ദ്രീകരിച്ച് നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

കായിക രംഗത്ത് ഏറ്റവും അടിസ്ഥാന തലത്തിൽ നിന്നും തുടങ്ങി വലിയൊരു കുതിച്ചുചാട്ടം ലക്ഷ്യമിട്ടുകൊണ്ടാണ് ഗ്രാമപഞ്ചായത്തുകൾ കേന്ദ്രീകരിച്ച് 'ഒരു പഞ്ചായത്തിൽ ഒരു കളിക്കളം' എന്ന പദ്ധതി നടപ്പിലാക്കുന്നത്.

സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും ഒരു കളിസ്ഥലം സ്ഥാപിക്കുക വഴി താഴെത്തട്ടിൽ നിന്നും ഉയർന്നുവരുന്ന കായിക പ്രതിഭകൾക്ക് പ്രചോദനമാകുക എന്ന വലിയ ഉദ്ദേശ്യത്തോടെ വിഭാവനം

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ചെയ്ത ഈ പദ്ധതിയിൽ മൾട്ടി ഗെയിമുകൾക്കായുള്ള പ്ലേകോർട്ടുകൾ, വിവിധ പ്രാദേശിക കളികൾക്കായുള്ള സൗകര്യങ്ങൾ, ഇൻഡോർ കോർട്ടുകൾ, ഓപ്പൺ ജിം, കുട്ടികൾക്കായുള്ള പാർക്ക്, സിന്തറ്റിക് ഫുട്ബോൾ ടർഫ്, ഗെയിംസ് അരീന മുതലായവ നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു. പദ്ധതി പ്രധാനമായും ഗ്രാമതല സ്പോർട്സ് ഫിറ്റ്നസ് പ്രവർത്തനങ്ങൾ വികസിപ്പിക്കുന്നതിലാണ് ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. നിലവിൽ പ്രസ്തുത പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച മാർഗ്ഗരേഖ പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് ജനപ്രതിനിധികളിൽ നിന്നും മുൻഗണനാ അടിസ്ഥാനത്തിലുള്ള പ്രൊപ്പോസലുകൾ സ്വീകരിക്കുകയും പരിശോധിക്കുകയും സ്ഥല പരിശോധന നടത്തുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ പദ്ധതിയിൽ പരാമർശിക്കുന്ന ഘടകങ്ങൾക്കനുസൃതമായവ തെരഞ്ഞെടുത്ത് മുൻഗണനാ പട്ടിക തയ്യാറാക്കുന്ന നടപടി സ്വീകരിച്ച് വരുന്നു. കൂടാതെ പഞ്ചായത്ത് വകുപ്പിന്റെ കീഴിൽ പതിനാലാം പഞ്ചവൽസര പദ്ധതി തയ്യാറാക്കുന്നത് സംബന്ധിച്ച് സബ്സിഡി, ധനസഹായം, അനുബന്ധ വിഷയങ്ങൾ എന്നിവ സംബന്ധിച്ച മാർഗ്ഗരേഖ പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ കായിക വികസനം ലക്ഷ്യമിട്ടുകൊണ്ട് ഓരോ വർഷവും ഗെയിംസ് ഫെസ്റ്റിവൽ

നടത്തുന്നതിനുള്ള പ്രോജക്ട് രൂപീകരിക്കാവുന്നതാണ്. ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള യുവജന ക്ലബ്ബുകളിൽ നിന്നും വോളിബോൾ, ഫുട്ബോൾ, ക്രിക്കറ്റ്, കബഡി എന്നീ ഗെയിമുകളും കൂടാതെ മറ്റ് ഏതെങ്കിലും പ്രാദേശിക പ്രത്യേകതയുള്ള ഒരു ഗെയിമും ഉൾപ്പെടുത്തി ടീം രൂപീകരിച്ച് ഗ്രാമപഞ്ചായത്ത് തലത്തിൽ സെലക്ഷൻ ട്രയൽ കം ചാമ്പ്യൻഷിപ്പ് നടത്താവുന്നതും ഗ്രാമപഞ്ചായത്ത് പരിധിയിലെ രജിസ്റ്റേർഡ് യുവജന ക്ലബ്ബുകളിൽ ഒരു ക്ലബ്ബിന് 6000 രൂപയിൽ അധികരിക്കാത്ത സ്പോർട്സ് ഉപകരണങ്ങൾ നൽകാവുന്നതുമാണ്. കുട്ടികൾക്കുള്ള അത്‌ലറ്റിക്സ് പരിശീലനങ്ങൾ, മത്സരങ്ങൾ, ഓപ്പൺ ജിംനേഷ്യം, ഇൻഡോർ സ്റ്റേഡിയം കം ദുരിതാശ്വാസ കേന്ദ്രം, ഒരു പഞ്ചായത്തിൽ ഒരു നീന്തൽ കുളവും നീന്തൽ പരിശീലനവും തുടങ്ങിയ പദ്ധതികൾക്കായി പ്രസ്തുത പഞ്ചായത്തുകൾക്ക് മാർഗ്ഗരേഖ പ്രകാരം പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. വനിത ടീമുകളുടെ സൗഹൃദ മത്സരങ്ങളും ടൂർണമെന്റുകളും നടത്താൻ തയ്യാറാകുന്ന ആർട്സ് & സ്പോർട്സ് ക്ലബുകൾക്കും സ്പോർട്സ് അക്കാഡമികൾക്കും അസോസിയേഷനുകൾക്കും 5000 രൂപ വീതം ധനസഹായം ഗ്രാമപഞ്ചായത്തുകൾക്ക് നൽകാവുന്നതാണ്.

(ബി) കുറ്റ്യാടി ഗ്രാമപഞ്ചായത്തിലെ നിട്ടൂർ സ്റ്റേഡിയം നിർമ്മാണത്തിനായി സമർപ്പിച്ച അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഗണിക്കുന്നുണ്ടോ; അറിയിക്കാമോ?

കുറ്റ്യാടി ഗ്രാമപഞ്ചായത്തിലെ നിട്ടൂർ പ്രദേശത്ത് ഗ്രാമപഞ്ചായത്തിന്റെ വക സ്ഥലത്ത് ഒരു മിനി സ്റ്റേഡിയം നിർമ്മിക്കുന്നതിനുള്ള കുറ്റ്യാടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സമർപ്പിച്ച അപേക്ഷയിന്മേൽ സ്പോർട്സ് കേരള ഫൗണ്ടേഷൻ എഞ്ചിനീയറിംഗ് വിഭാഗം പ്രസ്തുത സ്ഥലം സന്ദർശിച്ച് പ്രാഥമിക പഠനം നടത്തിയിട്ടുണ്ട്. പഞ്ചായത്ത് ആവശ്യപ്പെട്ടിട്ടുള്ള പ്രകാരം സെവൻസ് ഫുട്ബോൾ കോർട്ട്, ഗ്യാലറി, ചെയിഞ്ച് റൂം, ഓപ്പൺ സ്റ്റേജ്, ഇലക്ട്രിക്കൽ സംവിധാനം എന്നീ പ്രവൃത്തികൾക്കായി 1,18,90,291/- രൂപയുടെ റഫ്കോസ്റ്റ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയ്ക്കായുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

കൂടാതെ കുറ്റ്യാടി ഗ്രാമപഞ്ചായത്ത് 2021-22 വാർഷിക പദ്ധതിയിലുൾപ്പെടുത്തി നിട്ടൂർ എന്ന സ്ഥലത്ത് സ്റ്റേഡിയം നിർമ്മാണം എന്ന പദ്ധതി ആരംഭിച്ച് 449247/-രൂപ ചെലവഴിച്ച് സ്റ്റേഡിയത്തിന്റെ കവാടം, ഗേറ്റ് എന്നിവ നിർമ്മിച്ചിട്ടുണ്ട്.

## പയ്യന്നൂർ മൾട്ടിപർപ്പസ് സ്റ്റേഡിയം നിർമ്മാണം

266(3626) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർമ്മാണ കരാർ പ്രകാരം പയ്യന്നൂർ മൾട്ടിപർപ്പസ് സ്റ്റേഡിയം നിർമ്മാണത്തിന്റെ പൂർത്തീകരണ തീയതി എന്നാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി തടസ്സപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കരാർ ഏറ്റെടുത്ത കമ്പനി എന്തുകൊണ്ടാണ് നിർമ്മാണ പ്രവൃത്തിയുമായി മുന്നോട്ട് പോകാത്തതെന്ന് വിശദമാക്കാമോ?

(എ&ബി) പയ്യന്നൂർ മൾട്ടി പർപ്പസ് സ്റ്റേഡിയത്തിന്റെ നിർമ്മാണത്തിനായി 05-02-2021-ൽ പദ്ധതിയുടെ എസ്.പി.വി. ആയ കിറ്റ്കോയുമായി ലീ ബിൽഡേഴ്സ് കരാറിലേർപ്പെട്ടിരുന്നു. പ്രസ്തുത കരാറിലെ പൂർത്തീകരണ കാലാവധി 12 മാസമായിരുന്നു. എന്നാൽ പ്രസ്തുത പദ്ധതി ടി കാലയളവിൽ പൂർത്തിയാക്കാൻ സാധിക്കാത്തതിനാൽ കരാറുകാരന്റെ അപേക്ഷ പ്രകാരം നിലവിലെ വ്യവസ്ഥകൾക്കനുസൃതമായി എസ്.പി.വി.

ആയ കിറ്റ്കോ പ്രവൃത്തി പൂർത്തീകരണ കാലാവധി 05-01-2023 വരെ ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്.

(സി) പ്രസ്തുത നിർമ്മാണ പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

പ്രസ്തുത പ്രവൃത്തി 30-01-2023-നകം പൂർത്തീകരിച്ച് കൈമാറ്റം ചെയ്യുന്നതിനായി എസ്.പി.വി. ആയ കിറ്റ്കോയ്ക്ക് അടിയന്തര നിർദ്ദേശം നൽകിയിട്ടുണ്ട്. നിലവിൽ പ്രസ്തുത സ്റ്റേഡിയത്തിന്റെ ഫൗണ്ടേഷൻ പ്രവൃത്തികൾ പുരോഗമിച്ച് വരുന്നു.

## മഞ്ചേരി പയ്യനാട് സ്റ്റേഡിയം നവീകരണം

267(3627) ശ്രീ. പി. ഉബൈദുള്ള:
ശ്രീ. പി. അബ്ദുൽ ഹമീദ്:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സന്തോഷ് ട്രോഫി ഫുട്ബാൾ മത്സരത്തിൽ വിജയിച്ച കേരള ടീമിന് സർക്കാർ എന്തെല്ലാം പ്രോത്സാഹനമാണ് നൽകിയത്;

75-മത് സന്തോഷ് ട്രോഫി ഫുട്ബോൾ മത്സരത്തിൽ വിജയിച്ച കേരള ടീമിലെ കളിക്കാർക്കും മുഖ്യപരിശീലകനും 5 ലക്ഷം രൂപ വീതവും മൂന്ന് ടീം ഒഫിഷ്യൽസിന് 3 ലക്ഷം രൂപവീതവും പാരിതോഷികം നൽകുകയുണ്ടായി. ടീം അംഗങ്ങൾക്ക് ആദരവ് അർപ്പിക്കുന്നതിനായി 30-06-2022-ന് നിയമസഭാ മന്ദിരത്തിൽ വച്ച് സംഘടിപ്പിച്ച ചടങ്ങിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ക്യാഷ് അവാർഡും സർട്ടിഫിക്കറ്റും വിതരണം ചെയ്യുകയുണ്ടായി.

(ബി) സന്തോഷ് ട്രോഫി മത്സരം നടന്ന മഞ്ചേരിയിലെ പയ്യനാട് സ്റ്റേഡിയത്തിൽ ടിക്കറ്റ് എടുത്തവർക്കുപോലും ഇരുന്ന് കളി കാണാൻ കഴിഞ്ഞില്ലെന്നത് ഗൗരവമായി കാണുന്നുണ്ടോ?

ഉണ്ട്.

(സി) പ്രസ്തുത സ്റ്റേഡിയത്തെ ഇന്ത്യൻ സൂപ്പർ ലീഗ് വരെ നടത്താൻ കഴിയുന്ന വലിയൊരു സ്റ്റേഡിയമായി ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

കിഫ്ബി ഫണ്ട് ഉപയോഗിച്ച് പയ്യനാട് സ്റ്റേഡിയം നവീകരിക്കുന്നത് സംബന്ധിച്ച് ധനകാര്യ വകുപ്പുമന്ത്രിക്ക് കത്തയച്ചിട്ടുണ്ട്. ഫണ്ട് ലഭ്യമാകുന്നമുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

<u>മലമ്പുഴ മണ്ഡലത്തിൽ ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലം പദ്ധതി</u>

268(3628) <u>ശ്രീ. എ. പ്രഭാകരൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലം പദ്ധതി പ്രകാരം മലമ്പുഴ മണ്ഡലത്തിൽ എത്ര കളിസ്ഥലങ്ങൾ അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ പുരോഗതി സംബന്ധിച്ച് വിശദവിവരം ലഭ്യമാക്കാമോ?

(എ&ബി) ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയുടെ ആദ്യഘട്ടത്തിൽ മലമ്പുഴ മണ്ഡലത്തിൽ കളിസ്ഥലം നിർമ്മിക്കുന്ന പ്രവൃത്തി ഉൾപ്പെടുത്തുന്ന വിഷയം പരിശോധിച്ചുവരുന്നു. പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് ജനപ്രതിനിധികളിൽനിന്നും മുൻഗണനാടിസ്ഥാനത്തിലുള്ള പ്രൊപ്പോസലുകൾ സ്വീകരിച്ച് ആയത് പരിശോധിച്ച് സ്ഥലപരിശോധന നടത്തുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ പദ്ധതിയിൽ പരാമർശിക്കുന്ന ഘടകങ്ങൾക്കനുസൃതമായവ തെരഞ്ഞെടുത്ത് മുൻഗണനാപട്ടിക തയ്യാറാക്കുന്ന നടപടി സ്വീകരിച്ചുവരുന്നു. പദ്ധതിയുടെ മാർഗ്ഗരേഖ പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. പ്രസ്തുത മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിൽ ലഭ്യമാകുന്ന പ്രൊപ്പോസലുകൾ

പരിശോധിച്ച് ഭരണാനുമതി നൽകികൊണ്ട് പദ്ധതി ആരംഭിക്കുന്നതിന് സമയബന്ധിതമായി നടപടി സ്വീകരിക്കുന്നതാണ്.

## കടുത്തുരുത്തി മണ്ഡലത്തിലെ സ്റ്റേഡിയം നിർമ്മാണം

269(3629) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ ഏതെല്ലാം സ്ഥലങ്ങളിലാണ് സ്റ്റേഡിയം നിർമ്മിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതിക്കായി വകുപ്പുതലത്തിൽ എന്തെല്ലാം നടപടികൾ കൈക്കൊണ്ടുവെന്നറിയിക്കാമോ;

(സി) പദ്ധതിക്കായി വിശദമായ ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടോ; ആയതിന്റെ വിശദാംശങ്ങൾ അറിയിക്കാമോ?

(എ-സി) 2022-23 വർഷത്തെ വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II-ലെ ക്രമനം.1650 ആയി മിനി സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്നതിനായി 1,500 ലക്ഷം രൂപ അടങ്കൽ തുക കണക്കാക്കി 100 രൂപ മാത്രം ബഡ്ജറ്റ് വിഹിതമായി ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത

പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ലഭ്യമാക്കുന്നമുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയിലുൾപ്പെടുത്തി കടുത്തുരുത്തി നിയോജകമണ്ഡലത്തിൽ കളിക്കളം നിർമ്മിക്കുന്ന പ്രവൃത്തി പരിഗണനയിലാണ്. പദ്ധതിയുടെ മാർഗ്ഗരേഖ പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. പ്രസ്തുത മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിൽ ലഭ്യമാകുന്ന പ്രൊപ്പോസലുകൾ പരിശോധിച്ച് ഭരണാനുമതിനൽകികൊണ്ട് പദ്ധതി ആരംഭിക്കുന്നതിന് സമയബന്ധിതമായി നടപടി സ്വീകരിക്കുന്നതാണ്. കൂടാതെ പഞ്ചായത്ത് വകുപ്പിനുകീഴിൽ പ്രസ്തുത മണ്ഡലത്തിലെ കാണക്കാരി, മുളക്കുളം ഗ്രാമപഞ്ചായത്തുകളിൽ സ്റ്റേഡിയം നിർമ്മിക്കാനുദ്ദേശിച്ചിട്ടുണ്ട്. മുളക്കുളം ഗ്രാപഞ്ചായത്ത് 50 സെന്റ് ഭൂമി റവന്യൂ വകുപ്പിൽനിന്നും വിട്ടുകിട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പ്രസ്തുത ഭൂമി ലഭിക്കുന്നമുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. സ്റ്റേഡിയം നിർമ്മാണവുമായി ബന്ധപ്പെട്ട് ഡി.പി.ആർ. തയ്യാറാക്കിയിട്ടില്ല.

(ഡി) പ്രസ്തുത മണ്ഡലത്തിലെ ഏതെല്ലാം പഞ്ചായത്തുകളാണ് സ്റ്റേഡിയം നിർമ്മാണ പദ്ധതിക്കായി സന്നദ്ധത അറിയിച്ച് ഭൂമി നൽകാൻ

തയ്യാറായതെന്ന് വ്യക്തമാക്കാമോ?

കടുത്തുരുത്തി പഞ്ചായത്ത് ആപ്പാഞ്ചിറ സ്റ്റേഡിയത്തിന്റെ നിർമ്മാണത്തിനായി ഭൂമി വിട്ടുനൽകാൻ സന്നദ്ധത അറിയിച്ചിട്ടുണ്ട്.

പട്ടാമ്പി മണ്ഡലത്തിൽ ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലം പദ്ധതി

270(3630) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലം പദ്ധതി പ്രകാരം പട്ടാമ്പി നിയോജകമണ്ഡലത്തിൽ ഏതൊക്കെ സ്റ്റേഡിയങ്ങളാണ് തെരഞ്ഞെടുത്തിട്ടുള്ളതെന്ന് അറിയിക്കാമോ; ഉത്തരവിന്റെ പകർപ്പ് നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയുടെ ആദ്യഘട്ടത്തിൽ പട്ടാമ്പി മണ്ഡലത്തിൽ കളിക്കളം നിർമ്മിക്കുന്ന പ്രവൃത്തി പരിഗണനയിലാണ്. പ്രസ്തുത പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച മാർഗ്ഗരേഖ പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

മണലൂർ മണ്ഡലത്തിലെ ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി

271(3631) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി പ്രകാരം മണലൂർ മണ്ഡലത്തിലെത്ര കളിക്കളങ്ങളാണ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നതെന്നും ഏതെല്ലാം സ്ഥലങ്ങളിലാണ് അവ നിർമ്മിക്കുന്നതെന്നും അറിയിക്കാമോ;

(ബി) മണലൂർ മണ്ഡലത്തിൽ പ്രസ്തുത പ്രവൃത്തി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(സി) ഈ പ്രവൃത്തി എന്ന് പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നതെന്ന് അറിയിക്കാമോ?

(എ-സി) ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയുടെ ആദ്യഘട്ടത്തിൽ മണലൂർ മണ്ഡലത്തിൽ കളിസ്ഥലം നിർമ്മിക്കുന്ന പ്രവർത്തി ഉൾപ്പെടുത്തുന്ന വിഷയം പരിശോധിച്ചുവരുന്നു. പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് ജനപ്രതിനിധികളിൽനിന്നും മുൻഗണനാടിസ്ഥാനത്തിലുള്ള പ്രൊപ്പോസലുകൾ സ്വീകരിച്ച് ആയത് പരിശോധിച്ച് സ്ഥലപരിശോധന നടത്തുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ പദ്ധതിയിൽ പരാമർശിക്കുന്ന ഘടകങ്ങൾക്കനുസൃതമായവ തെരഞ്ഞെടുത്ത് മുൻഗണനാപട്ടിക

തയ്യാറാക്കുന്ന നടപടി സ്വീകരിച്ചുവരുന്നു. പദ്ധതിയുടെ മാർഗ്ഗരേഖ പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. പ്രസ്തുത മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിൽ ലഭ്യമാകുന്ന പ്രൊപ്പോസലുകൾ പരിശോധിച്ച് ഭരണാനുമതി നൽകികൊണ്ട് പദ്ധതി ആരംഭിക്കുന്നതിന് സമയബന്ധിതമായി നടപടി സ്വീകരിക്കുന്നതാണ്.

പേരാമ്പ്ര മണ്ഡലത്തിലെ ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലം പദ്ധതി

272(3632) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലം എന്ന ലക്ഷ്യം കൈവരിക്കുന്നതിന് എന്തൊക്കെ കാര്യങ്ങളാണ് ഇനി ചെയ്യാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി പ്രകാരം ഓരോ പഞ്ചായത്തിലും മറ്റ് ഗ്രാമപ്രദേശങ്ങളിലും ഒരു കളിസ്ഥലമെങ്കിലും വികസിപ്പിക്കാൻ സർക്കാർ ലക്ഷ്യമിടുന്നു. എല്ലാവർക്കും ആരോഗ്യം, ശാരീരികക്ഷമത, സന്തോഷം എന്ന പ്രാഥമിക ലക്ഷ്യത്തോടെയാണ് പ്രസ്തുത പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. കുറഞ്ഞത് ഒരു ഏക്കർ

സ്ഥലത്ത് നിലവിൽ പ്രചാരത്തിലുള്ള വിവിധ കായിക ഇനങ്ങൾക്കുള്ള സൗകര്യങ്ങളും ഇൻഡോർ കോർട്ട്, മാനസിക ശാരീരികശേഷി വർദ്ധിപ്പിക്കുന്നതിനുതകുന്ന ഫിറ്റ്നസ് പവലിയൻ, ജിം തുടങ്ങിയ വിപുലമായ സൗകര്യങ്ങളും ഉയർന്ന സാമൂഹിക നിലവാരത്തോടുകൂടി സ്ത്രീ സൗഹൃദ അന്തരീക്ഷം കൂടി കണക്കിലെടുത്തുകൊണ്ടാണ് പദ്ധതി തയ്യാറാക്കിയിരിക്കുന്നത്.

സംസ്ഥാന പ്ലാൻ ഫണ്ട്, ജനപ്രതിനിധികളുടെ ആസ്തി വികസന ഫണ്ട്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട്, ഗുണഭോക്തൃ വിഹിതം, കോർപ്പറേറ്റ് സ്ഥാപനങ്ങളുടെ സി.എസ്.ആർ. ഫണ്ട് തുടങ്ങിയ മറ്റ് സ്രോതസ്സുകൾ സമാഹരിച്ചാണ് പ്രവർത്തിക്കാവശ്യമായ തുക സമാഹരിക്കുന്നത്. ലാൻഡ് ഡെവലപ്മെന്റ്, കോർട്ടുകളുടെ നിർമ്മാണം, മഡ് കോർട്ടുകളുടെ നിർമ്മാണം, ഫിറ്റ്നസ് പവലിയൻ, ഇൻഡോർ സൗകര്യങ്ങൾ, കായികോപകരണങ്ങൾ, ടോയ്‌ലെറ്റ്, കഫെറ്റീരിയ, ചെയ്ഞ്ചിംഗ് റൂമുകളുടെ നിർമ്മാണം, ഇലക്ട്രിഫിക്കേഷൻ, മെയിന്റനൻസ് എന്നിവ ഉൾപ്പെടുത്തി പ്രവൃത്തി ആരംഭിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.

പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് ജനപ്രതിനിധികളിൽനിന്നും മുൻഗണനാടിസ്ഥാനത്തിലുള്ള പ്രൊപ്പോസലുകൾ സ്വീകരിച്ച് ആയത്

പരിശോധിച്ച് സ്ഥലപരിശോധന നടത്തുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ പദ്ധതിയിൽ പരാമർശിക്കുന്ന ഘടകങ്ങൾക്കനുസൃതമായവ തെരഞ്ഞെടുത്ത് മുൻഗണനാപട്ടിക തയ്യാറാക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു. പ്രസ്തുത പദ്ധതിയുടെ മാർഗ്ഗരേഖ പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. പ്രസ്തുത മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിൽ ലഭ്യമാകുന്ന പ്രൊപ്പോസലുകൾ പരിശോധിച്ച് ഭരണാനുമതി നൽകികൊണ്ട് പദ്ധതി ആരംഭിക്കുന്നതിന് സമയബന്ധിതമായി നടപടി സ്വീകരിക്കുന്നതാണ്.

(ബി) പേരാമ്പ്ര മണ്ഡലത്തിൽ നിലവിൽ ഏതൊക്കെ പഞ്ചായത്തുകൾ ഈ പദ്ധതിയിലുൾപ്പെട്ടിട്ടുണ്ടെന്ന് അറിയിക്കാമോ?

പ്രസ്തുത പദ്ധതിയുടെ ആദ്യഘട്ടത്തിൽ പേരാമ്പ്ര മണ്ഡലത്തിൽ കളിസ്ഥലം നിർമ്മിക്കുന്ന പ്രവൃത്തി ഉൾപ്പെടുത്തുന്ന വിഷയം പരിശോധിച്ചുവരുന്നു.

## കായംകുളം മണ്ഡലത്തിലെ കായിക വകുപ്പ് പദ്ധതികൾ

273(3633) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായിക വകുപ്പ് മുഖേന കായംകുളം മണ്ഡലത്തിൽ നടപ്പാക്കുന്ന പദ്ധതികൾ ഏതൊക്കെയെന്നും അവയുടെ പുരോഗതിയും വിശദമാക്കാമോ?

കായംകുളം മണ്ഡലത്തിൽ നടപ്പിലാക്കുന്ന പദ്ധതികളും അവയുടെ പുരോഗതിയും സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്.+

## കാഞ്ഞങ്ങാട് മണ്ഡലത്തിലെ കായിക പദ്ധതികൾ

274(3634) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽ കായിക മേഖലയുടെ സമഗ്ര പുരോഗതി ലക്ഷ്യമാക്കി എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിവരുന്നതെന്നും എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കാനുദ്ദേശിക്കുന്നതെന്നും വിശദമാക്കാമോ;

(ബി) ഇവയിൽ നടപ്പിലാക്കിവരുന്ന പദ്ധതികളുടെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ?

(എ&ബി) കായികവിനോദങ്ങളിലൂടെ കുട്ടികളുടെ ശാരീരികവും മാനസികവുമായ കഴിവുകൾ വർദ്ധിപ്പിക്കുന്നതിനും അവരെ കായിക

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

രംഗത്തേയ്ക്ക് കൂടുതൽ ആകർഷിക്കുന്നതിനും സ്കൂളുകളെ സ്പോർട്ടിംഗ് ഹബ്ബുകളാക്കുന്നതിനുംവേണ്ടി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയായ പ്ലേ ഫോർ ഹെൽത്ത് കാഞ്ഞങ്ങാട് മണ്ഡലത്തിലെ കീക്കാംകോട്ട് ഗവൺമെന്റ് എൽ.പി.സ്കൂളിൽ നടപ്പിലാക്കിയിട്ടുണ്ട്. നിലവിൽ പ്ലേ ഫോർ ഹെൽത്ത് പദ്ധതി ഹെൽത്തി കിഡ്സ് എന്ന പേരിൽ പ്രസ്തുത സ്കൂളിൽ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ഗ്രാസ് റൂട്ട് ഫുട്ബോൾ പരിശീലന പദ്ധതിയായ കിക്കോഫ് (നിലവിൽ ഗോൾ പദ്ധതി) നടപ്പിലാക്കുന്നതിന് പ്രസ്തുത മണ്ഡലത്തിലെ ബല്ല ഈസ്റ്റ് ഗവൺമെന്റ് ഹൈസ്കൂളിനെ തെരഞ്ഞെടുക്കുകയും കുട്ടികളുടെ സെലക്ഷൻ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്.

## ഒറ്റപ്പാലം മണ്ഡലത്തിലെ കായിക വകുപ്പ് പ്രവൃത്തികൾ

275(3635) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായിക വകുപ്പിനുകീഴിൽ ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ നിലവിൽ എന്തെല്ലാം പ്രവൃത്തികളാണുള്ളത്; ഇവയുടെ പുരോഗതി വ്യക്തമാക്കാമോ?

കായിക വകുപ്പിനുകീഴിൽ ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ നടന്നുവരുന്ന പ്രവൃത്തിയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

<u>സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്റർ, ഒറ്റപ്പാലം</u>

കായിക വകുപ്പിനുകീഴിൽ ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്റർ സ്ഥാപിക്കുന്നതിനായി 49,98,000/- രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പദ്ധതിക്ക് 46,76,800/- രൂപയുടെ സാങ്കേതികാനുമതി നൽകുകയും ദർഘാസ് ക്ഷണിച്ച് കരാറിലേർപ്പെടുകയും പദ്ധതിയുടെ പ്രാരംഭ പ്രവൃത്തികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

കൂടാതെ പ്രസ്തുത മണ്ഡലത്തിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്തിൽ കളിസ്ഥലം നിർമ്മിക്കുന്നതിനായി എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽനിന്നും 50.00 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ടി പദ്ധതിയുടെ എസ്റ്റിമേറ്റ്, ഡി.പി.ആർ. എന്നിവ തയ്യാറാക്കുന്നതിനായി സ്പോർട്സ് കേരള ഫൗണ്ടേഷൻ ഉദ്യോഗസ്ഥർ പ്രസ്തുത സ്ഥലം സന്ദർശിച്ച് പ്രാഥമിക പഠനം നടത്തുകയും പ്രസ്തുത സ്ഥലത്തിന്റെ ടോട്ടൽ സ്റ്റേഷൻ

സർവ്വേ പ്രവൃത്തികൾ പൂർത്തീകരിക്കുകയും പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കിവരികയുമാണ്.

2) ഒറ്റപ്പാലത്ത് നിർമ്മിക്കാനുദ്ദേശിക്കുന്ന ഇൻഡോർ സ്റ്റേഡിയം ഭിന്നശേഷിക്കാരായ കുട്ടികൾക്കുള്ള ഗവൺമെന്റ് വി.എച്ച്.എസ്. ഫോർ ദ ഡഫിന്റെ സ്ഥലത്ത് സ്ഥാപിക്കുന്നതിനായി പ്രസ്തുത സ്ഥലം സ്പോർട്സ് കേരള ഫൗണ്ടേഷൻ ഉദ്യോഗസ്ഥർ സന്ദർശിക്കുകയും നിർമ്മാണ യോഗ്യമാണെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സ്ഥലത്തിന്റെ ടോട്ടൽ സ്റ്റേഷൻ സർവ്വേ പ്രവൃത്തികൾ പൂർത്തീകരിക്കുകയും ഡി.പി.ആർ. തയ്യാറാക്കിവരികയുമാണ്.

ആലപ്പുഴ മണ്ഡലത്തിലെ കായിക പദ്ധതികൾ

276(3636) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 വർഷത്തെ ബഡ്ജറ്റിൽ ആലപ്പുഴ നിയോജകമണ്ഡലത്തിൽ പ്രഖ്യാപിച്ച ഉദയകുമാർ സ്മാരക വോളിബാൾ കോർട്ട്, യുവഭാരത് സാംസ്കാരിക നിലയവും വോളിബാൾ കോർട്ടും റോവിംഗ് അക്കാദമി, കോസ്റ്റൽ റോവിംഗ് അക്കാദമി എന്നീ പ്രവൃത്തികളുടെ സ്ഥിതി

വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

(എ&ബി) 2021-22 വർഷത്തെ ബഡ്ജറ്റിൽ ആലപ്പുഴ നിയോജകമണ്ഡലത്തിൽ പ്രഖ്യാപിച്ച പദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1) ഉദയകുമാർ സ്മാരക വോളീബോൾ കോർട്ട്, മാരാരിക്കുളം

ആലപ്പുഴ നിയോജകമണ്ഡലത്തിലെ ഉദയകുമാർ സ്മാരക വോളീബോൾ കോർട്ട് നിർമ്മാണത്തിനായി 2021-22 വർഷത്തെ വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II-ലെ ക്രമ നം. 710 ആയി 25 ലക്ഷം രൂപ അടങ്കൽ തുക കണക്കാക്കിയും അഞ്ച് ലക്ഷം രൂപ ബഡ്ജറ്റ് വിഹിതമായും ഉൾപ്പെടുത്തിയിരുന്നു. പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട് സ്പോർട്സ് കേരള ഫൗണ്ടേഷന്റെ എഞ്ചിനീയറിംഗ് വിഭാഗം സൈറ്റ് സന്ദർശനം നടത്തുകയുണ്ടായി. ലേഔട്ടും എസ്റ്റിമേറ്റും തയ്യാറാക്കി സമർപ്പിക്കുന്നമുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

2) മാരാരിക്കുളം യുവഭാരത് സാംസ്കാരിക നിലയം പുതിയ കെട്ടിടവും ഇൻഡോർ വോളീബോൾ കോർട്ടും

ആലപ്പുഴ നിയോജകമണ്ഡലത്തിലെ മാരാരിക്കുളം യുവഭാരത്

സാംസ്കാരിക നിലയം പുതിയ കെട്ടിടവും ഇൻഡോർ വോളിബോൾ കോർട്ടും നിർമ്മാണത്തിനായി 2021-22 വർഷത്തെ വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം-II-ലെ ക്രമ നം. 2464 ആയി 100 ലക്ഷം രൂപ അടങ്കൽ തുക കണക്കാക്കിയും 20 ലക്ഷം രൂപ ബഡ്ജറ്റ് വിഹിതമായും ഉൾപ്പെടുത്തിയിരുന്നു. പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട് സ്പോർട്സ് കേരള ഫൗണ്ടേഷന്റെ എഞ്ചിനീയറിംഗ് വിഭാഗം സൈറ്റ് സന്ദർശനം നടത്തി ലേഔട്ടും എസ്റ്റിമേറ്റും തയ്യാറാക്കി സമർപ്പിക്കുന്നമുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

3) <u>റോവിംഗ് അക്കാദമി, ആലപ്പുഴ</u>

കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി റോവിംഗ് അക്കാദമിയുടെ പ്രവൃത്തിക്കായി 10 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ലാൻഡ് അക്വിസിഷൻ ആവശ്യമായതിനാൽ കിഫ്ബി ലാൻഡ് അക്വിസിഷനുവേണ്ടി ധനാനുമതി നൽകിയിട്ടുണ്ട്. ലാൻഡ് അക്വിസിഷന്റെ ഭാഗമായി സോഷ്യൽ ഇംപാക്റ്റ് അസെസ്സ്മെന്റ് റവന്യൂ വകുപ്പ് മുഖാന്തരം ചെയ്തുവരികയാണ്.

4) <u>കോസ്റ്റൽ അക്കാഡമി, ആലപ്പുഴ</u>

2021-22-ലെ ബഡ്ജറ്റ് ചർച്ചയ്ക്കുള്ള മറുപടി പ്രസംഗത്തിൽ (ക്രമ നമ്പർ

18) പുതിയ പ്രഖ്യാപനങ്ങളിലുൾപ്പെടുത്തി ആലപ്പുഴ കോസ്റ്റൽ റോവിംഗ് അക്കാദമി സ്ഥാപിക്കുന്നത് സംബന്ധിച്ച് പ്രതിപാദിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച് പ്രൊപ്പോസൽ ലഭ്യമാകുന്നമുറയ്ക്ക് ആയത് പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

<u>കായിക സംഘടനകൾക്കുള്ള ഗ്രാന്റ്</u>

277(3637) <u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായികരംഗത്ത് മികച്ച സംഭാവനകൾ നൽകുന്ന കായിക സംഘടനകൾക്ക് ബഡ്ജറ്റ് മുഖേന നടപ്പിലാക്കുന്ന ഗ്രാന്റ് യഥാസമയം നൽകുന്നതിൽ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംഘടനകൾ യഥാസമയം രേഖകൾ സമർപ്പിച്ചിട്ടും ഗ്രാന്റ് അനുവദിക്കുന്നതിൽ തടസ്സം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) ഇത്തരത്തിൽ കാലതാമസത്തിന് കാരണക്കാരായ ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതലത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

(എ-സി) ഗ്രാന്റിനായുള്ള പ്രൊപ്പോസലുകൾ പരിശോധിച്ച് യഥാസമയം

തുക റിലീസ് ചെയ്യുന്നതിന് അനുമതി നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

<u>തിരുവനന്തപുരത്തെ സ്കൂളുകളിൽ നടപ്പാക്കുന്ന കായിക പദ്ധതികൾ</u>

278(3638) <u>ശ്രീ. വി. ശശി</u>: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വിദ്യാർത്ഥികളുടെ ശാരീരികവും മാനസികവുമായ കഴിവുകൾ വർദ്ധിപ്പിക്കുന്നതിനും അവരെ കായികരംഗത്തേയ്ക്ക് ആകർഷിക്കുന്നതിനുമുള്ള പദ്ധതികൾ തിരുവനന്തപുരം ജില്ലയിലെ ഏതെല്ലാം സ്കൂളുകളിലാണ് നടപ്പാക്കുന്നതെന്ന് വെളിപ്പെടുത്താമോ?

വിദ്യാർത്ഥികളുടെ ശാരീരികവും മാനസികവുമായ കഴിവുകൾ വർദ്ധിപ്പിക്കുന്നതിനും അവരെ കായികരംഗത്തേയ്ക്ക് ആകർഷിക്കുന്ന പദ്ധതികളായ ഗോൾ (ഫുട്ബോൾ പരിശീലനം), ജൂഡോക്കോ (ജൂഡോ പരിശീലനം), ഹെൽത്തി കിഡ്സ് (കുട്ടികൾക്ക് കായികക്ഷമത വർദ്ധിപ്പിക്കാനുള്ള പദ്ധതി), ഹൂപ്സ് (ബാസ്കറ്റ് ബോൾ പരിശീലനപദ്ധതി) എന്നിവ തിരുവനന്തപുരം ജില്ലയിലെ ചുവടെ പറയുന്ന സ്കൂളുകളിൽ നടപ്പാക്കിവരുന്നു.

ഗോൾ പദ്ധതി

1) ഗവൺമെന്റ് വി.എച്ച്.എസ്.എസ്., കുളത്തൂർ

2) ജി.ജി.എച്ച്.എസ്.എസ്., മലയിൻകീഴ്

ജൂഡോക്കോ പദ്ധതി

ജി.എച്ച്.എസ്.എസ്., അരുവിക്കര

ഹെൽത്തി കിഡ്സ് പദ്ധതി

1) കഠിനംകുളം ജി.എസ്.കെ.വി. എൽ.പി., കഴക്കൂട്ടം

2) കുളത്തൂർ ഗവൺമെന്റ് എൽ.പി.സ്കൂൾ

ഹൂപ്സ് പദ്ധതി

1) തൈക്കാട് മോഡൽ ബോയ്സ് ഹൈസ്കൂൾ, തിരുവനന്തപുരം

2) നെയ്യാറ്റിൻകര ജി.എച്ച്.എസ്.എസ്.

കൂടാതെ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിൽ ഹോസ്റ്റൽ സ്കീമിൽ സ്കൂൾ കുട്ടികളെയുൾപ്പെടുത്തി അവർക്ക് താമസസൗകര്യവും വിവിധ കായികയിനങ്ങളിലായി വിദഗ്ദ്ധ പരിശീലകരുടെ നേതൃത്വത്തിൽ പരിശീലനവും നൽകിവരുന്നുണ്ട്. തിരുവനന്തപുരം ജില്ലയിൽ ആറ്റിങ്ങൽ, പിരപ്പൻകോട്, ചെമ്പഴന്തി, നന്ദിയോട്, ചിറയിൻകീഴ്, യൂണിവേഴ്സിറ്റി കോളേജ് എന്നിവിടങ്ങളിൽ ജില്ലാ സ്പോർട്സ് അക്കാദമികൾ

പ്രവർത്തിച്ചുവരുന്നു. സെന്റ് ഗൊരേറ്റീസ് എച്ച്.എസ്.എസ്. നാലാഞ്ചിറ, സെന്റ് ജോസഫ് എച്ച്.എസ്.എസ്. എന്നിവിടങ്ങളിൽ സ്കൂൾ സ്പോർട്സ് അക്കാദമികൾ പ്രവർത്തിച്ചുവരുന്നുണ്ട്.

<u>കായിക താരങ്ങൾക്ക് സർക്കാർ ജോലി</u>

279(3639) <u>ശ്രീ. എച്ച്. സലാം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായികതാരങ്ങൾക്ക് സർക്കാർ ജോലി നൽകുന്ന പദ്ധതി പ്രകാരം കഴിഞ്ഞ ആറ് വർഷം എത്ര കായികതാരങ്ങൾക്കാണ് ജോലി നൽകിയിട്ടുള്ളതെന്ന് കായികതാരങ്ങളുടെ പേര്, വർഷം, കായിക ഇനം എന്നിവ സഹിതം വ്യക്തമാക്കാമോ?

35-ാമത് ദേശീയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച് വ്യക്തിഗത ഇനങ്ങളിൽ മെഡലുകളും ടീം ഇനങ്ങളിൽ സ്വർണ്ണ മെഡലുകളും കരസ്ഥമാക്കിയ 68 കായികതാരങ്ങൾക്ക് വിവിധ വകുപ്പുകളിൽ എൽ.ഡി.ക്ലാർക്കിന്റെ 68 സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിച്ച് നിയമനം നൽകിയിട്ടുണ്ട്. ഇന്ത്യൻ ഫുട്ബോൾ താരവും മലയാളിയുമായ ശ്രീ. സി. കെ. വിനീതിന് 2016 വർഷത്തിലെ സ്പോർട്സ് ക്വാട്ട നിയമനത്തിനായി

നീക്കിവച്ചിരിക്കുന്ന 50 ഒഴിവുകളിൽ ഒന്നിലുൾപ്പെടുത്തി സെക്രട്ടേറിയേറ്റിലെ പൊതുഭരണ വകുപ്പിൽ അസിസ്റ്റന്റിന്റെ സൂപ്പർന്യൂമററി തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്.

മാനസിക പക്വത കൈവരിക്കാത്ത ശ്രീ. ഷൈഭൻ ഇ. ബി.-ക്ക് 2007-ലെ സ്പെഷ്യൽ ഒളിമ്പിക്സിൽ അക്വാട്ടിക്സ് വിഭാഗത്തിൽ മികച്ച പ്രകടനം കാഴ്ചവച്ച് രാജ്യത്തിനുവേണ്ടി മെഡൽ നേടിയ മികവ് കണക്കിലെടുത്ത് ഒരു പ്രത്യേക കേസായി പരിഗണിച്ച് നിലവിലുള്ള ചട്ടങ്ങളിൽ ഇളവുവരുത്തി 2009-ലെ സ്പോർട്സ് ക്വാട്ടാനിയമനങ്ങളിലെ ടെന്നീസ് വിഭാഗത്തിൽ നികത്തപ്പെടാതെ കിടക്കുന്ന ഒഴിവിലുൾപ്പെടുത്തി കേരള വാട്ടർ അതോറിറ്റി കോട്ടയം പി.എച്ച്. ഡിവിഷന്റെ കീഴിൽ ഗാർഡനർ തസ്തികയിൽ നിലവിലുള്ള ഒഴിവിൽ നിയമനം നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

72-മത് സന്തോഷ് ട്രോഫി ജേതാക്കളായ കേരള ടീമിലെ 11 കായിക താരങ്ങൾക്ക് അവരുടെ വിദ്യാഭ്യാസയോഗ്യതയ്ക്കനുസരിച്ച് പൊതുവിദ്യാഭ്യാസ വകുപ്പിൽ എൽ.ഡി. ക്ലാർക്കിന്റെ സൂപ്പർന്യൂമററി തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്.

35-ാമത് ദേശീയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച് ടീം ഇനങ്ങളിൽ വെള്ളി/വെങ്കല മെഡലുകൾ കരസ്ഥമാക്കിയ 82 കായിക

താരങ്ങൾക്ക് കായിക യുവജനകാര്യാലയത്തിൽ എൽ.ഡി. ക്ലാർക്കിന്റെ സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച് നിയമനം നൽകിയിട്ടുണ്ട്. പ്രസ്തുത പട്ടികയിലുൾപ്പെട്ടിരുന്ന ഒരു കായികതാരത്തിന് എൽ.ഡി.ക്ലാർക്ക് തസ്തികയിൽ നിയമനം നൽകുന്നതിനാവശ്യമായ വിദ്യാഭ്യാസയോഗ്യത ഇല്ലാതിരുന്നതിനാൽ പ്രസ്തുത തസ്തികയിൽ നിയമനം നൽകുവാൻ കഴിഞ്ഞിട്ടില്ല. ടിയാന്റെ വിദ്യാഭ്യാസയോഗ്യതയ്ക്കനുസരിച്ച് ആലപ്പുഴ ജില്ലയിലെ കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിൽ ഓഫീസ് അറ്റൻഡന്റ് ഗ്രേഡ്-II തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്.

മികച്ച കായികതാരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനം നൽകുന്ന പദ്ധതി പ്രകാരം 2010-14 വർഷങ്ങളിലെ ഒഴിവുകളിലേയ്ക്കുള്ള നിയമനത്തിനായി പ്രസിദ്ധീകരിച്ച സെലക്ട് ലിസ്റ്റിലുൾപ്പെട്ട 195 കായിക താരങ്ങൾക്ക് നിയമനം നൽകിയിട്ടുണ്ട്. ശേഷിച്ച 24 ഒഴിവുകളിലേയ്ക്ക് പ്രസ്തുത സെലക്ട് ലിസ്റ്റിൽനിന്നും 24 കായിക താരങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പിൽ നിയമനം നൽകിയിട്ടുണ്ട്.

കായികതാരങ്ങൾക്ക് സർക്കാർ ജോലി നൽകുന്ന പദ്ധതി പ്രകാരം കഴിഞ്ഞ ആറ് വർഷമായി ജോലി നൽകിയ കായികതാരങ്ങളുടെ പേര്, വർഷം, കായിക ഇനം എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ

അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്.+

(ബി) ഇവർക്ക് ജോലി നൽകുന്നതിന് സ്വീകരിച്ച മാനദണ്ഡം വിശദമാക്കാമോ?

നിലവിലുള്ള മാനദണ്ഡങ്ങൾ പ്രകാരം സ്പോർട്സ് ക്വാട്ടയിൽ സർക്കാർ സർവ്വീസിൽ നിയമനം ലഭിക്കുന്നതിന് ചുവടെ പറയുംപ്രകാരമുള്ള നേട്ടങ്ങൾ കൈവരിച്ചിരിക്കണം.

1. അംഗീകൃത അന്താരാഷ്ട്ര ഫെഡറേഷനുകൾ നടത്തിയിട്ടുള്ള ഒളിമ്പിക്സ്, ലോകകപ്പ്, ലോക യൂണിവേഴ്സിറ്റി ഗെയിംസ്, കോമൺവെൽത്ത് ഗെയിംസ്, ഏഷ്യൻ ഗെയിംസ്, സാഫ് ഗെയിംസ് എന്നിവയിൽ കേന്ദ്ര സർക്കാരിന്റെ അനുമതിയോടെ ഭാരതത്തെ പ്രതിനിധാനം ചെയ്ത ടീമിലെ അംഗമായിരിക്കുകയും വ്യക്തിഗത ഇനങ്ങളിലോ, ടീം ഇനങ്ങളിലോ ഒന്നോ, രണ്ടോ മൂന്നോ സ്ഥാനങ്ങൾ നേടി വിജയികളാകുകയും ചെയ്തവർ.
2. രാജ്യത്തെ പ്രതിനിധാനം ചെയ്ത് മുകളിൽപ്പറഞ്ഞ അന്താരാഷ്ട്ര മത്സരങ്ങളിൽ പങ്കെടുത്തിട്ടുള്ളവർ.
3. സ്പോർട്സ് കൗൺസിൽ അംഗീകരിച്ചിട്ടുള്ള കായികയിനങ്ങളിൽ പങ്കെടുത്ത് ഒന്നോ രണ്ടോ മൂന്നോ സ്ഥാനം നേടി വിജയികളായ കേരള

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സംസ്ഥാന ടീമിലെ അംഗങ്ങൾ.

4. മൗണ്ടനീയറിംഗ്, കളരിപ്പയറ്റ് എന്നീ കായിക ഇനങ്ങളിൽ കേരള സ്പോർട്സ് കൗൺസിൽ അംഗീകരിച്ച അസോസിയേഷനുകൾ നടത്തുന്ന സീനിയർ സംസ്ഥാന മത്സരങ്ങളിൽ വ്യക്തിഗത ഇനങ്ങളിലോ ടീം ഇനങ്ങളിലോ ഒന്നാം സ്ഥാനം നേടി വിജയികളായവർ.

കൂടാതെ കേന്ദ്ര സർക്കാരിലോ സംസ്ഥാന സർക്കാരിലോ പ്രസ്തുത സർക്കാരിലെ പൊതുമേഖലാ സ്ഥാപനങ്ങളിലോ സ്പോർട്സ് ക്വാട്ട വഴി നിയമനം ലഭിച്ചവർ വീണ്ടും അപേക്ഷിക്കാൻ അർഹരല്ല. ഉത്തേജകമരുന്നുകളുടെ ഉപയോഗത്തിന്റെ പേരിൽ ശിക്ഷണനടപടിക്ക് വിധേയരായവരോ കളികളിൽനിന്ന് വിലക്ക് കൽപ്പിക്കപ്പെട്ടവരോ ആയ കായികതാരങ്ങളും സ്പോർട്സ് ക്വാട്ട നിയമനത്തിന് അർഹരല്ല. കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് സ്പോർട്സ് ക്വാട്ട നിയമനം നടത്തുന്നത്.

(സി) ഈ കാലയളവിനുശേഷം അന്തർദ്ദേശീയ, ദേശീയ, സംസ്ഥാന മേളകളിൽ മെഡലുകൾ നേടുകയോ പങ്കെടുക്കുകയോ ചെയ്തവർക്ക് സർക്കാർ ജോലി നൽകുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എത്ര

പേരെയാണ് പരിഗണിക്കുന്നത്; വിശദാംശം നൽകുമോ?

2015-19 വരെയുള്ള വർഷങ്ങളിലെ സ്പോർട്സ് ക്വാട്ടനിയമനത്തിനായുള്ള ഒഴിവുകളിലേയ്ക്ക് കായിക താരങ്ങളിൽനിന്നും അപേക്ഷ ക്ഷണിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ ലഭിച്ച അപേക്ഷകളിന്മേൽ തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. അന്താരാഷ്ട്ര ശരീര സൗന്ദര്യ മത്സരങ്ങളിൽ മികച്ച നേട്ടങ്ങൾ കരസ്ഥമാക്കിയ ശ്രീ. ചിത്തരേഷ് നടേശൻ, ശ്രീ. ഷിനു ചൊവ്വ എന്നീ കായികതാരങ്ങൾക്ക് അവരുടെ മികച്ച നേട്ടങ്ങളും കുടുംബപശ്ചാത്തലവും കണക്കിലെടുത്ത് അവരുടെ വിദ്യാഭ്യാസ യോഗ്യതയ്ക്ക് അനുസൃതമായുള്ള ക്ലാസ്-I തസ്തികയിൽ നിയമിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

(ഡി) മുൻകാലങ്ങളിൽ പരിഗണിച്ച കായിക ഇനങ്ങളെത്തന്നെ പരിഗണിക്കാതെ പരിഗണന കിട്ടാത്ത മറ്റ് കായിക ഇനങ്ങളിൽ മുന്നേറ്റമുണ്ടാക്കിയവരെക്കൂടി പരിഗണിക്കാൻ നടപടി സ്വീകരിക്കുമോ?

ഇക്കാര്യം നിലവിൽ പരിഗണനയിലില്ല.

## വർക്കല മണ്ഡലത്തിലെ പള്ളിക്കൽ എച്ച്.എസ്. മൈതാനം നവീകരണം

280(3640) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം

മറുപടി നൽകുമോ:

വർക്കല മണ്ഡലത്തിലെ പള്ളിക്കൽ എച്ച്.എസ്. മൈതാനം നവീകരിക്കുന്നതിനുള്ള നടപടികൾ വിശദമാക്കുമോ?

വർക്കല നിയോജകമണ്ഡലത്തിലെ പള്ളിക്കൽ ഹൈസ്കൂൾ മൈതാനം നവീകരിക്കുന്നതിനുള്ള പ്രവൃത്തിക്ക് 10 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. സ്പോർട്സ് കേരള ഫൗണ്ടേഷൻ പ്രസ്തുത പ്രവൃത്തിക്ക് 9.35 ലക്ഷം രൂപയുടെ സാങ്കേതികാനുമതി നൽകുകയും ദർഘാസ് ക്ഷണിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി മൂന്ന് മാസത്തിനുള്ളിൽ പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത്.

## കായിക താരങ്ങൾക്ക് സർക്കാർ ജോലി

281(3641) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായിക താരങ്ങൾക്ക് ജോലി നൽകുന്ന പദ്ധതിയിലുൾപ്പെടുത്തി 2006 മുതൽ എത്ര പേർക്കാണ് സർക്കാർ ജോലി നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

കായികതാരങ്ങൾക്ക് സർക്കാർ സർവ്വീസിൽ ജോലി നൽകുന്ന പദ്ധതി

പ്രകാരം 2006-08, 2009 വർഷങ്ങളിലെ 110 ഒഴിവുകളിലേയ്ക്ക് 109 കായിക താരങ്ങൾക്ക് നിയമനം നൽകിയിട്ടുണ്ട്. 2010-14 വർഷങ്ങളിലെ ഒഴിവുകളിലേയ്ക്ക് 219 കായിക താരങ്ങൾക്ക് നിയമനം നൽകിയിട്ടുണ്ട്.

(ബി) ഇതിനായി റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ; എങ്കിൽ ആയതിൽനിന്ന് ഓരോ വിഭാഗത്തിലും ഏത് റാങ്ക് വരെയുള്ളവർക്കാണ് നിയമനം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

2010-14 വർഷങ്ങളിലേയ്ക്കുള്ള സ്പോർട്സ് ക്വാട്ട നിയമനത്തിനായി പ്രസിദ്ധീകരിച്ച 15-07-2019-ലെ സ.ഉ.(സാധാ)നം.4180/2019/പൊ.ഭ.വ. പ്രകാരമുള്ള സെലക്ട് ലിസ്റ്റിൽനിന്നും 195 കായികതാരങ്ങൾക്ക് നിയമനം നൽകിയിട്ടുണ്ട്. പ്രസ്തുത സെലക്ട് ലിസ്റ്റിൽ 2010 മുതൽ 2014 വരെയുള്ള വർഷത്തിൽ പൊതുവിഭാഗത്തിൽ മെയിൻ ലിസ്റ്റിലും റിസർവ് ലിസ്റ്റിലുമുൾപ്പെട്ട എല്ലാ കായികതാരങ്ങൾക്കും നിയമനം നൽകിയിട്ടുണ്ട്.

കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ അംഗീകരിച്ച് മൂന്ന് വർഷം പൂർത്തിയായിട്ടുള്ളതും എന്നാൽ ഒളിമ്പിക്സ്, ഏഷ്യൻ ഗെയിംസ് മത്സരങ്ങളിൽ ഉൾപ്പെടാത്തതുമായ കായിക ഇനങ്ങൾക്കായി പ്രതിവർഷം ഒരു ഒഴിവുവീതം നീക്കിവച്ചിട്ടുണ്ട്. പ്രസ്തുത വിഭാഗത്തിൽ എട്ട് കായികയിനങ്ങളാണ് ഉൾപ്പെടുന്നത്. കളരിപ്പയറ്റ്, ടെന്നിക്വയറ്റ്, ബോൾ

ബാഡ്മിന്റൺ, ബോഡി ബിൽഡിംഗ്, പവർ ലിഫ്റ്റിംഗ്, സൈക്കിൾ പോളോ, മൗണ്ടനീയറിംഗ്, ഖോ-ഖോ എന്നിവയാണ് പ്രസ്തുത കായികയിനങ്ങൾ. എട്ട് കായികയിനങ്ങൾ ഉൾപ്പെട്ടിട്ടുള്ള പ്രസ്തുത വിഭാഗത്തിൽനിന്നും നിയമനത്തിനായി ഓരോ വർഷവും നീക്കിവച്ചിട്ടുള്ളത് ഒരു ഒഴിവ് വീതമായതിനാൽ 2010 മുതൽ 2014 വരെയുള്ള വർഷങ്ങളിലെ സെലക്ട് ലിസ്റ്റിലെ മെയിൻലിസ്റ്റിൽ ഓരോ ഉദ്യോഗാർത്ഥിയെ വീതവും റിസർവ് ലിസ്റ്റിൽ അഞ്ച് ഉദ്യോഗാർത്ഥികളെ വീതവുമാണുൾപ്പെടുത്തിയിരുന്നത്. 15-07-2019-ലെ സ.ഉ.(സാധാ)നം.4180/2019/പൊ.ഭ.വ. പ്രകാരം പ്രസിദ്ധീകരിച്ച സെലക്ട് ലിസ്റ്റിൽനിന്നും മേൽപ്പറഞ്ഞവിഭാഗത്തിനായി പ്രതിവർഷം നീക്കിവച്ചിട്ടുള്ള ഓരോ ഒഴിവുവീതം അഞ്ച് വർഷങ്ങളിലെ അഞ്ച് ഒഴിവുകളിലേയ്ക്കും നിയമനം നൽകിയിട്ടുണ്ട്.

വിഭിന്നശേഷിക്കാരായ കായികതാരങ്ങൾക്കായി ഓരോ വർഷവും രണ്ട് ഒഴിവുവീതമാണ് നീക്കിവച്ചിട്ടുള്ളത്. 15-07-2019-ലെ സ.ഉ.(സാധാ)നം.4180/2019/പൊ.ഭ.വ. പ്രകാരം പ്രസിദ്ധീകരിച്ച സെലക്ട് ലിസ്റ്റിലാണ് വിഭിന്നശേഷിക്കാരായ കായികതാരങ്ങളെ ഉൾപ്പെടുത്തിയിട്ടുള്ളത്. പ്രസ്തുത ലിസ്റ്റിൽനിന്നും 2010, 2012 വർഷങ്ങളിലെ ഒഴിവുകളിൽ വിഭിന്നശേഷിക്കാരായ രണ്ടുപേർക്ക് വീതം നിയമനം

നൽകിയിട്ടുണ്ട്. 2010, 2012 വർഷങ്ങളിലെ സെലക്ട് ലിസ്റ്റ് പ്രകാരം നിയമനം ലഭിച്ച വിഭിന്നശേഷിയുള്ള കായിക താരങ്ങൾ തന്നെയാണ് 2011, 2013, 2014 വർഷങ്ങളിലെ സെലക്ട് ലിസ്റ്റിലും ഉൾപ്പെട്ടിരുന്നത്. ആയതിനാൽ 2011, 2013, 2014 വർഷങ്ങളിലെ വിഭിന്നശേഷിക്കാരുടെ സെലക്ട് ലിസ്റ്റിൽ നിയമനത്തിനായി കായികതാരങ്ങൾ ശേഷിക്കുന്നില്ല. 2011, 2013, 2014 വർഷങ്ങളിൽ വിഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവർക്കായി ആറ് ഒഴിവുകൾ നിലവിലുണ്ട്. 2010 മുതൽ 2014 വരെയുള്ള അഞ്ച് വർഷങ്ങളിലെയും സെലക്ട് ലിസ്റ്റിലെ മെയിൻലിസ്റ്റിൽ വിഭിന്നശേഷിയുള്ള കായികതാരങ്ങൾ നിയമനത്തിനായി ശേഷിക്കുന്നില്ല. വിഭിന്നശേഷിയുള്ള കായികതാരങ്ങൾക്കായുള്ള 2010 ടീം റിസർവ് ലിസ്റ്റിൽ രണ്ട് ഉദ്യോഗാർത്ഥികൾ ശേഷിക്കുന്നുണ്ട്. എന്നാൽ പ്രസ്തുത വർഷത്തെ ഒഴിവുകളിൽ ഇതിനകം നിയമനം നൽകിക്കഴിഞ്ഞിട്ടുള്ളതാണ്.

2010-14 വർഷങ്ങളിലെ ശേഷിക്കുന്ന ഒഴിവുകളിലേയ്ക്കുള്ള നിയമനത്തിനായി പ്രസിദ്ധീകരിച്ച 21-12-2020-ലെ സ.ഉ.(സാധാ) നം.3923/2020/പൊ.ഭ.വ. പ്രകാരമുള്ള സെലക്ട് ലിസ്റ്റിൽനിന്നും 24 കായികതാരങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പിൽ നിയമനം

നൽകിയിട്ടുണ്ട്. പ്രസ്തുത സെലക്ട് ലിസ്റ്റിൽ 2011, 2012 വർഷങ്ങളിലുൾപ്പെട്ടിട്ടുള്ള എല്ലാകായികതാരങ്ങൾക്കും നിയമനം നൽകിക്കഴിഞ്ഞിട്ടുള്ളതാണ്. 2013-ൽ ഒന്നാം റാങ്ക് വരെയും 2014-ൽ നാലാം റാങ്ക് വരെയുമുള്ള ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകിയിട്ടുണ്ട്.

(സി) കായികതാരങ്ങൾക്ക് ജോലി നൽകുന്നതിന് റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിന് അംഗീകരിക്കപ്പെട്ട മാനദണ്ഡം വിശദമാക്കാമോ?

മികച്ച കായികതാരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനം നൽകുന്നതിനുള്ള പദ്ധതി പ്രകാരം ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കുന്നതും സെലക്ട് ലിസ്റ്റ് തയ്യാറാക്കി നിയമനം നൽകുന്നതും സംബന്ധിച്ച മാനദണ്ഡങ്ങൾ സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന വിജ്ഞാപനങ്ങളിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. 2015-19 വർഷങ്ങളിലെ സ്പോർട്സ് ക്വാട്ട നിയമനത്തിനായുള്ള ഒഴിവുകളിലേയ്ക്ക് 18-02-2021-ലെ എസ്.ഡി.1/100/2018-പൊ.ഭ.വ. നമ്പർ വിജ്ഞാപനപ്രകാരം കായിക താരങ്ങളിൽനിന്നും അപേക്ഷകൾ ക്ഷണിക്കുകയുണ്ടായി. പ്രസ്തുത വിജ്ഞാപനത്തിന്റെ പകർപ്പ് അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്.+

## കായികരംഗത്തെ അസോസിയേഷനുകളുടെ ഏകോപനം

282(3642) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായികരംഗത്തെ വിവിധ അസോസിയേഷനുകളെ യോജിപ്പിച്ച് ഒരു കുടക്കീഴിലുൾപ്പെടുത്തുന്ന പുതിയ പദ്ധതി ആരംഭിക്കുന്നുണ്ടോ;

(ബി) അങ്ങനെ യോജിപ്പിക്കുന്നതുകൊണ്ട് കായികരംഗത്ത് ഉണ്ടായേക്കാവുന്ന മാറ്റങ്ങളും നേട്ടങ്ങളും എന്തെല്ലാമാണെന്ന് അറിയിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

(എ &ബി) ഇപ്പോൾ പരിഗണനയിലില്ല

<u>പുതിയ സ്പോർട്സ് സ്കൂളുകളും സ്പോർട്സ് ഡിവിഷനുകളും</u>

283(3643) <u>ശ്രീ. പി. വി. അൻവർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾതലത്തിൽ കായിക പ്രതിഭകളെ വാർത്തെടുക്കുന്നതിന് സംസ്ഥാനത്ത് പുതിയ സ്പോർട്സ് സ്കൂളുകളോ നിലവിലെ സ്കൂളുകളിൽ പുതിയ സ്പോർട്സ് ഡിവിഷനുകളോ സ്പോർട്സ് അക്കാദമിയോ ആരംഭിക്കുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

സ്കൂൾതലത്തിൽ കായിക പ്രതിഭകളെ വാർത്തെടുക്കുന്നതിന്

സംസ്ഥാനത്ത് പുതുതായി തൃശ്ശൂർ ജില്ലയിലെ കുന്നംകുളം ബോയ്സ് ഹയർസെക്കണ്ടറി സ്കൂളിൽ ഒരു സ്പോർട്സ് ഡിവിഷൻ ആരംഭിച്ചിട്ടുണ്ട്. മധ്യകേരളത്തിലെ കായികകുതിപ്പിന് കരുത്തുപകരുകയെന്നതാണ് കുന്നംകുളം ആസ്ഥാനമാക്കി സ്പോർട്സ് ഡിവിഷൻ ആരംഭിക്കുന്നതിലൂടെ ലക്ഷ്യമിടുന്നത്. ഏഴ്, എട്ട് ക്ലാസ്സുകളിലായി 30 വീതം വിദ്യാർത്ഥികളെ ഉൾക്കൊള്ളിച്ച് ഈ അദ്ധ്യയന വർഷം ക്ലാസ്സുകൾ ആരംഭിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് ആകെയുള്ള സ്പോർട്സ് സ്കൂളുകളുടേയും ഡിവിഷനുകളുടേയും വിവരങ്ങൾ അറിയിക്കാമോ; മലപ്പുറം ജില്ലയിൽ നിലവിൽ സ്പോർട്സ് സ്കൂളുകളോ സ്പോർട്സ് ഡിവിഷനുകളോ സ്പോർട്സ് അക്കാദമികളോ പ്രവർത്തിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

സംസ്ഥാനത്ത് ആകെയുള്ള സ്പോർട്സ് സ്കൂളുകളുടേയും ഡിവിഷനുകളുടേയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

<u>ജി.വി.രാജ സ്പോർട്സ് സ്കൂൾ, മൈലം, തിരുവനന്തപുരം</u>

കേരളത്തിലെ ആദ്യത്തെ സ്പോർട്സ് സ്കൂളായ ജി.വി.രാജ സ്പോർട്സ് സ്കൂൾ വിദ്യാഭ്യാസ വകുപ്പിൽനിന്ന് 2018-ൽ കായിക വകുപ്പ് ഏറ്റെടുത്തതിനെത്തുടർന്ന് സിന്തറ്റിക് ആസ്ട്രോ ഹോക്കി ടർഫ്, സിന്തറ്റിക് ഫുട്ബോൾ ടർഫ്, സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്റർ, നിലവിലുള്ള

ഇൻഡോർ സ്റ്റേഡിയത്തിന്റെ നവീകരണ പ്രവൃത്തികൾ, ബാസ്കറ്റ് ബോൾ കോർട്ടുകളുടെ (2 എണ്ണം) നിർമ്മാണം, അഡ്മിൻ ബ്ലോക്കിന്റെ നവീകരണ പ്രവൃത്തികൾ, സ്കൂളിൽ സ്മാർട്ട് ക്ലാസ്സ് റൂം, ലാബുകൾ സജ്ജമാക്കുന്ന പ്രവൃത്തികൾ തുടങ്ങിയ അടിസ്ഥാനസൗകര്യ വികസന പ്രവൃത്തികൾ പ്രസ്തുത സ്കൂളിൽ നടപ്പിലാക്കിയിട്ടുണ്ട്.

കണ്ണൂർ സ്പോർട്സ് ഡിവിഷൻ

കണ്ണൂർ സ്പോർട്സ് ഡിവിഷനോടനുബന്ധിച്ച് കായികതാരങ്ങൾക്കായി സുസജ്ജമായ ഹോസ്റ്റൽ നിലവിൽ പ്രവർത്തിച്ചുവരികയാണ്. ഈ ഹോസ്റ്റലിന്റെ നവീകരണ പ്രവൃത്തികൾ കഴിഞ്ഞ സാമ്പത്തികവർഷം പൂർത്തിയാക്കിയിട്ടുണ്ട്. ഹോസ്റ്റലിനോടനുബന്ധിച്ച് ആധുനിക സൗകര്യങ്ങളോടുകൂടിയ ഒരു കിച്ചൺ ബ്ലോക്കും സജ്ജമാക്കിയിട്ടുണ്ട്.

കണ്ണൂർ സ്പോർട്സ് ഡിവിഷനിലെ കായികതാരങ്ങൾക്ക് പഠന സൗകര്യം നൽകിവരുന്നത് കണ്ണൂർ ജി.എച്ച്.എസ്. സ്കൂളിലാണ്. കഴിഞ്ഞ സാമ്പത്തികവർഷം പ്രസ്തുത സ്കൂൾ കായിക വകുപ്പ് ഏറ്റെടുക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത സ്കൂളിൽ പുതിയ കായിക സൗകര്യങ്ങൾ ഒരുക്കുന്നതുൾപ്പെടെയുള്ള പ്രവൃത്തികൾ ആരംഭിക്കുന്നതിന്റെ ഭാഗമായി മാസ്റ്റർ പ്ലാൻ തയ്യാറാക്കിവരികയാണ്.

സ്പോർട്സ് ഡിവിഷൻ, കുന്നംകുളം, തൃശ്ശൂർ

തൃശ്ശൂർ ജില്ലയിലെ കുന്നംകുളം ബോയ്സ് ഹയർസെക്കണ്ടറി സ്കൂളിൽ ഒരു സ്പോർട്സ് ഡിവിഷൻ 23-04-2022-ന് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിൽ മലപ്പുറം ജില്ലയിൽ ചുവടെ പറയുംപ്രകാരം ജില്ലാ സ്പോർട്സ് അക്കാഡമി, സ്കൂൾ സ്പോർട്സ് അക്കാഡമി, കോളേജ് സ്പോർട്സ് അക്കാഡമി എന്നിവ പ്രവർത്തിച്ചുവരുന്നുണ്ട്.

1) മഞ്ചേരി ജില്ലാ സ്പോർട്സ് അക്കാഡമി (അത്‌ലറ്റിക്, ബാസ്കറ്റ്ബോൾ, ഹോക്കി)

2) നിറമരുതൂർ ജില്ലാ സ്പോർട്സ് അക്കാഡമി (ഖോ-ഖോ,)

3) പൊന്നാനി ജില്ലാ സ്പോർട്സ് അക്കാഡമി (കനോയിംഗ് & കയാക്കിംഗ്, കബഡി)

4) എം.ഇ.എസ്. കോളേജ് മമ്പാട്, കോളേജ് സ്പോർട്സ് അക്കാഡമി (ഫുട്ബോൾ)

5) ഇ.എം.ഇ.എ. കോളേജ് കൊണ്ടോട്ടി, കോളേജ് സ്പോർട്സ് അക്കാഡമി (വോളീബോൾ & വെയ്റ്റ് ലിഫ്റ്റിംഗ്)

(സി) നിലമ്പൂർ ഗവൺമെന്റ് മാനവേദൻ വൊക്കേഷണൽ

ഹയർസെക്കണ്ടറി സ്കൂളിൽ പുതിയ സ്പോർട്സ് ഡിവിഷനോ സ്പോർട്സ് അക്കാദമിയോ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; പ്രസ്തുത സ്കൂൾ സ്റ്റേഡിയം നിർമ്മാണ ഉദ്ഘാടന വേളയിലെ അന്നത്തെ കായിക മന്ത്രിയുടെ പ്രഖ്യാപനം നടപ്പിലാക്കുമോ; വിശദമാക്കാമോ?

ഇപ്പോൾ പരിഗണനയിലില്ല

<u>കായിക വകുപ്പിന്റെ കിഫ്ബി പദ്ധതികൾ</u>

284(3644) <u>ശ്രീ. വി. ശശി</u>: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് കായികക്ഷമതയുള്ള യുവതയെ വാർത്തെടുക്കുകയെന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച് നടപ്പാക്കിവരുന്ന കിഫ്ബി പദ്ധതികൾ ഏതൊക്കെയെന്നും അവയുടെ പുരോഗതിയും വിശദമാക്കാമോ?

സംസ്ഥാനത്ത് കായികക്ഷമതയുള്ള യുവതയെ വാർത്തെടുക്കുകയെന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച് നടപ്പാക്കിവരുന്ന കിഫ്ബി പദ്ധതികളും അവയുടെ പുരോഗതിയും അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്.+

<u>വിദ്യാർത്ഥികളുടെ കായികക്ഷമത ഉയർത്താൻ പദ്ധതി</u>

285(3645) <u>ശ്രീ. കെ. എം. സച്ചിൻദേവ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാർത്ഥികളുടെ കായികക്ഷമത വർദ്ധിപ്പിക്കുന്നതിനായി സ്കൂളുകളിൽ നടപ്പിലാക്കിവരുന്ന പദ്ധതികൾ ഏതെല്ലാമാണ്; വ്യക്തമാക്കാമോ?

വിദ്യാർത്ഥികളുടെ കായികക്ഷമത മെച്ചപ്പെടുത്തുന്നതിനും കായിക നിലവാരം മെച്ചപ്പെടുത്തുന്നതിനുമായി കായിക യുവജനകാര്യാലയം മുഖേന ചുവടെ പറയുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

ഹെൽത്തി കിഡ്സ്

കായിക യുവജനകാര്യാലയം വിദ്യാഭ്യാസ വകുപ്പിന്റെയും എസ്.സി.ഇ.ആർ.റ്റി.-യുടെയും സഹകരണത്തോടെ നടപ്പിലാക്കുന്ന ബൃഹത് പദ്ധതിയാണ് ഹെൽത്തി കിഡ്സ്. 25 സ്കൂളുകളിലായി നടപ്പിലാക്കിയിരുന്ന പ്ലേ ഫോർ ഹെൽത്ത് എന്ന പദ്ധതി 30 സ്കൂളുകളിലേയ്ക്കുകൂടി വ്യാപിപ്പിച്ച് പ്രാഥമികമായി 55 സ്കൂളുകളിൽ ഹെൽത്തി കിഡ്സ് എന്ന പേരിൽ നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത്. കായികയുവജനകാര്യാലയത്തിന് കീഴിലുള്ള സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേനയാണ് ഹെൽത്തി കിഡ്സ് പദ്ധതി നടപ്പിലാക്കുന്നതിന് 2,07,65,480/- രൂപയുടെ

ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതിയുടെ നിർവ്വഹണത്തിനും ഏകോപനത്തിനുമായി നിർവ്വഹണ ഏജൻസിയെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ടി പദ്ധതി ഘട്ടം ഘട്ടമായി സംസ്ഥാനത്തെ എല്ലാ വിദ്യാഭ്യാസ ജില്ലകളിലും കുറഞ്ഞത് ഒരു സ്കൂളിലെങ്കിലും വിദ്യാഭ്യാസ വകുപ്പിന്റെ സഹകരണത്തോടെ നടപ്പിലാക്കാനാണുദ്ദേശിക്കുന്നത്.

ഗോൾ

ഫുട്ബോൾ ലോകറാങ്കിംഗിൽ ഇന്ത്യയുടെ നിലവാരം ഉയർത്താൻ സഹായകമാകുന്ന രീതിയിൽ കേരളത്തിലെ നഗര-ഗ്രാമീണ മേഖലയിൽ ഫുട്ബോൾ കളിയിൽ തല്പരരായ കുട്ടികളെ ചെറിയ പ്രായത്തിൽ തന്നെ കണ്ടെത്തി വിദഗ്ദ്ധ പരിശീലനം ലഭ്യമാക്കി മികച്ച ഫുട്ബോൾ കളിക്കാരായി വളർത്തിയെടുക്കുകയെന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച പദ്ധതിയാണ് കിക്കോഫ് എന്ന ഗ്രാസ്സ് റൂട്ട് ലെവൽ ഫുട്ബോൾ പരിശീലന പദ്ധതി. പ്രൈമറി സ്കൂൾ വിദ്യാർത്ഥികളിൽനിന്നും ഓപ്പൺ സെലക്ഷൻ നടത്തിയാണ് പ്രസ്തുത പദ്ധതിയിലേയ്ക്ക് വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നത്. ഗ്രാസ്റൂട്ട് ഫുട്ബോൾ പരിശീലന മേഖലയിൽ മികവ് തെളിയിച്ച സ്പോർട്സ് എഡ്യൂക്കേഷൻ പ്രൊമോഷൻ ട്രസ്റ്റ് എന്ന സ്ഥാപനമാണ് പദ്ധതിയുടെ

നിർവ്വഹണ ഏജൻസി.

ഓരോ സെന്ററിലും 25 കുട്ടികൾക്കുവീതമാണ് പരിശീലനം നൽകുന്നത്. ആദ്യഘട്ടമായി സംസ്ഥാനത്ത് 19 സെന്ററുകളിൽ നടപ്പിലാക്കിവരുന്ന പദ്ധതി പൂർത്തികരിക്കുകയും രണ്ടാംഘട്ട പരിശീലനമാരംഭിക്കുകയും ചെയ്തിട്ടുണ്ട്. പെൺകുട്ടികൾക്കുവേണ്ടി 14 സെന്ററുകളിലേയ്ക്കുകൂടി വ്യാപിപ്പിക്കുന്നതിനായി കുട്ടികളുടെ സെലക്ഷൻ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്.

ഹൂപ്സ്

സ്കൂൾ വിദ്യാർത്ഥികൾക്ക് ലോകനിലവാരത്തിലുള്ള ബാസ്കറ്റ് ബോൾ പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് ഹൂപ്സ്. നടപ്പുസാമ്പത്തികവർഷം കണ്ണൂർ, കോഴിക്കോട്, തൃശ്ശൂർ, കൊല്ലം, തിരുവനന്തപുരം എന്നീ ജില്ലകളിലെ 10 സെന്ററുകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. നാല് മുതൽ എട്ട് വരെ ക്ലാസുകളിലെ വിദ്യാർത്ഥികളിൽനിന്നും ഓപ്പൺ സെലക്ഷൻ നടത്തി തെരഞ്ഞെടുക്കപ്പെടുന്നവർക്കാണ് പരിശീലനം നൽകുന്നത്.

സ്പ്രിന്റ്- ഗ്രാസ്റൂട്ട് അത്‌ലറ്റിക് ട്രെയിനിംഗ് പ്രോഗ്രാം

ലോക നിലവാരത്തിലുള്ള അത്‌ലറ്റുകളെ ചെറുപ്രായത്തിൽത്തന്നെ

കണ്ടെത്തി അന്താരാഷ്ട്ര തലത്തിലെ കേരളത്തിന്റെ നഷ്ടപ്രതാപം വീണ്ടെടുക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് സ്പ്രിന്റ്. കാസർഗോഡ്, കണ്ണൂർ, ഇടുക്കി, കോട്ടയം, പാലക്കാട്, പത്തനംതിട്ട ജില്ലകളിൽ ഓരോ സെന്ററുകളാണ് ആദ്യഘട്ടമായി പദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ളത്. സ്കൂൾ വിദ്യാർത്ഥികളിൽനിന്നും ഓപ്പൺ സെലക്ഷൻ നടത്തി തെരഞ്ഞെടുക്കപ്പെടുന്നവർക്കാണ് പരിശീലനം നൽകുന്നത്.

<u>പഞ്ച്</u>

സംസ്ഥാനത്തെ സ്കൂൾ വിദ്യാർത്ഥിനികൾക്ക് ബോക്സിംഗിൽ അടിസ്ഥാന പരിശീലനം ലഭ്യമാക്കുന്നതിനായി ആവിഷ്കരിച്ച പദ്ധതിയാണ് പഞ്ച്. 8 മുതൽ 11 വയസ് വരെ പ്രായമുള്ള പെൺകുട്ടികളിൽനിന്നും ബോക്സിംഗിൽ അഭിരുചിയുള്ള കുട്ടികളെ കണ്ടെത്തി മികച്ച പരിശീലനം ലഭ്യമാക്കുകയാണ് പദ്ധതി മുഖേന ലക്ഷ്യമിടുന്നത്. ആദ്യഘട്ടത്തിൽ സംസ്ഥാനത്തെ അഞ്ച് ജില്ലകളിലെ സ്കൂളുകൾ കേന്ദ്രീകരിച്ചാണ് പദ്ധതി നടപ്പിലാക്കുക.

കൂടാതെ കായികരംഗത്ത് മുൻനിരയിൽ നിൽക്കേണ്ട വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നതിനായി 2019 മുതൽ ശ്രീ. രാമചന്ദ്ര ഇൻസ്റ്റ്യൂട്ട് ഓഫ്

സയൻസ് ആൻഡ് ടെക്നോളജി, ചെന്നൈയുമായി ചേർന്ന് സെലക്ഷൻ നടത്തിവരികയാണ്. ജി.വി.രാജ സ്പോർട്സ് സ്കൂൾ, കണ്ണൂർ സ്പോർട്സ് സ്കൂൾ എന്നീ സ്കൂളുകളിലെ വിദ്യാർത്ഥികളെ മുൻനിരയിൽ എത്തിക്കുന്നതിനുവേണ്ടി വിവിധ ടെസ്റ്റുകൾ, പരിശീലനം എന്നിവ നടത്തി മികച്ച കായിക വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നതാണ് പ്രസ്തുത പ്രോജക്റ്റ് കൊണ്ടുദ്ദേശിക്കുന്നത്. മസിൽ ബയോപ്സി ടെക്നിക് ഉപയോഗിച്ച് തിരുവനന്തപുരം ജി.വി.രാജാ സ്പോർട്സ് സ്കൂൾ, കണ്ണൂർ സ്പോർട്സ് സ്കൂൾ എന്നിവിടങ്ങളിലെ കുട്ടികളെ സ്ക്രീനിംഗ് ചെയ്യുന്നതിനും തരംതിരിക്കുന്നതിനുമാണ് ഈ പദ്ധതി. ആയതിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ മുഖേന ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന പദ്ധതികൾ സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു.

<u>ഓപ്പറേഷൻ ഒളിമ്പ്യ</u>

2024 ഒളിമ്പിക്സിൽ കേരള കായിക താരങ്ങൾ മെഡൽ കരസ്ഥമാക്കുന്നത് ലക്ഷ്യമാക്കി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ മുഖേന നടപ്പാക്കുന്ന പ്രമുഖ കായിക പദ്ധതിയാണ് ഓപ്പറേഷൻ ഒളിമ്പ്യ.

പ്രസ്തുത പദ്ധതിയിലേയ്ക്ക് അത്‌ലറ്റിക്, സൈക്ലിംഗ്, ബോക്സിംഗ്, സ്വിമ്മിംഗ്, റസ്‌ലിംഗ്, കനോയിംഗ്, കയാക്കിംഗ്, റോവിംഗ്, ബാഡ്മിന്റൺ, ഫെൻസിംഗ്, ആർച്ചറി, ഷൂട്ടിംഗ് എന്നീ 11 കായികയിനങ്ങൾ തെരഞ്ഞെടുത്തിരുന്നു. ഈ കായികയിനങ്ങളിൽനിന്നും ആർച്ചറി, ഷൂട്ടിംഗ്, എന്നിവ ഒഴികെ ബാക്കിയുള്ള ഒമ്പത് കായിക ഇനങ്ങൾ ആദ്യഘട്ടത്തിൽ ആരംഭിച്ചു. നിലവിൽ ആരംഭിച്ച ഒമ്പത് കായികയിനങ്ങളിൽനിന്ന് ദേശീയ അന്തർദേശീയ നിലവാരമുള്ള അഞ്ച് കായികയിനങ്ങളായ ബോക്സിംഗ്, ബാഡ്മിന്റൺ, റോവിംഗ്, ഫെൻസിംഗ്, അത്‌ലറ്റിക്സ് എന്നീ കായികയിനങ്ങൾ ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതിയിലുൾപ്പെടുത്തി തുടരുവാനും ബാക്കിയുള്ള നാല് കായികയിനങ്ങളായ സൈക്ലിംഗ്, റസ്‌ലിംഗ്, സ്വിമ്മിംഗ്, കനോയിംഗ്, കയാക്കിംഗ് എന്നിവ ഫീഡിംഗ് സെന്ററായി തുടരുവാനും തീരുമാനിച്ചിട്ടുണ്ട്.

പ്രസ്തുത പദ്ധതിയിലെ ബോക്സിംഗ് തിരുവനന്തപുരം ജില്ലയിലും റോവിംഗ് ആലപ്പുഴ ജില്ലയിലും ബാഡ്മിന്റൺ എറണാകുളം ജില്ലയിലും ഫെൻസിംഗ് കണ്ണൂർ ജില്ലയിലും പരിശീലനം തുടർന്നുവരുന്നു. ഓരോ കായികയിനത്തിലും 15 കായിക താരങ്ങൾ വീതമാണ് പരിശീലനം നടത്തിവരുന്നത്. ഓരോവർഷത്തിലും പരിശീലനത്തിന്റെ മികവ്

വിലയിരുത്തി വീഡ് ഔട്ട് നടത്തുന്നുണ്ട്.

എലൈറ്റ് സ്കീം

മികച്ച കായികതാരങ്ങൾക്ക് ശാസ്ത്രീയമായ ഉന്നത പരിശീലനം നൽകി ലോകോത്തര നിലവാരമുള്ള കളിക്കാരാക്കിമാറ്റുന്നതിന് അത്‌ലറ്റിക്സ്, വോളീബോൾ, ഫെൻസിംഗ്, ബാസ്കറ്റ് ബോൾ എന്നീ കായിക ഇനങ്ങളിൽ എലൈറ്റ് ട്രെയിനിംഗ് സെന്ററുകൾ കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിനുകീഴിൽ പ്രവർത്തിക്കുന്നുണ്ട്. കായികതാരങ്ങളെ ഏഷ്യൻ/കോമൺ വെൽത്ത്/ഒളിമ്പിക്സ് എന്നീ രാജ്യാന്തര മത്സരങ്ങളിൽ മെഡൽ സാദ്ധ്യത ഉറപ്പാക്കുന്ന രീതിയിൽ വളർത്തിയെടുക്കുകയെന്നതാണ് പ്രസ്തുത പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

മികച്ച കായികതാരങ്ങളെ തെരഞ്ഞെടുത്ത് അവർക്ക് ഉന്നത പരിശീലനം ലക്ഷ്യമാക്കി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ നിയന്ത്രണത്തിൽ വിവിധ ജില്ലകളിൽ വിവിധ കായികയിനങ്ങളിലായി 31 ജില്ലാ സ്പോർട്സ് അക്കാഡമികൾ, 51 കോളേജ് സ്പോർട്സ് അക്കാഡമികൾ, 22 സ്കൂൾ സ്പോർട്സ് അക്കാഡമികൾ എന്നിവ പ്രവർത്തിച്ചുവരുന്നതോടൊപ്പം കൗൺസിലിലെ പരിശീലകരുടെ കീഴിൽ കായികതാരങ്ങൾക്ക് വിദഗ്ധ പരിശീലനം നൽകിവരുന്നുമുണ്ട്.

കൂടാതെ പൊതുവിദ്യാഭ്യാസ വകുപ്പിനുകീഴിൽ കുട്ടികളുടെ ശാരീരിക, മാനസിക, സാമൂഹിക വികാസമാണ് കായിക പഠനം ലക്ഷ്യമിടുന്നത്. പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന കുട്ടികൾക്ക് ആരോഗ്യ കായിക പഠനം പ്രീപ്രൈമറി മുതൽ ഉദ്ഗ്രഥിതമായും യു.പി., എച്ച്.എസ്. ക്ലാസ്സുകൾ സ്വാതന്ത്ര്യമായും എന്ന രീതിയിൽ നടന്നുവരുന്നു. 5 മുതൽ 10 വരെ ക്ലാസുകളിലേയ്ക്ക് ടീച്ചർ ടെക്സ്റ്റ്, ആക്ടിവിറ്റി ബുക്കുകൾ എന്നിവ തയ്യാറാക്കി വിതരണം ചെയ്തിട്ടുണ്ട്. പ്രൈമറിതലം മുതൽ ഹയർ സെക്കണ്ടറിതലം വരെയുള്ള വിദ്യാർത്ഥികളിൽ കായിക അഭിരുചി വളർത്തുന്നതിനായി സ്കൂൾ പാഠ്യപദ്ധതിയുടെയും പഠനാനുബന്ധ പ്രവർത്തനങ്ങളുടെയും ഭാഗമായി 38 കായികയിനങ്ങളിലായി മത്സരങ്ങൾ നടത്തിവരുന്നു. ഇത് സ്കൂൾ, സബ് ജില്ല, സംസ്ഥാന, ദേശീയ അന്തർദേശീയതലം വരെ വിദ്യാർത്ഥികൾക്ക് മത്സരിക്കാനുള്ള സാദ്ധ്യത ഉറപ്പുനൽകുന്നു. കൂടാതെ പ്രൈമറി തലത്തിലെ കുട്ടികളെ കായികവിനോദങ്ങളിൽ പങ്കെടുപ്പിക്കുന്നതിനായുള്ള പരിശീലനം നൽകുന്നതിന് സമഗ്രശിക്ഷാ കേരളത്തിന്റെ നേതൃത്വത്തിൽ കായികാദ്ധ്യാപകരെ കരാറടിസ്ഥാനത്തിൽ സ്കൂളുകളിൽ നിയമിച്ചിട്ടുണ്ട്.

(ബി) പാഠ്യപദ്ധതിയിൽ കായിക വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് പുതുതായി ഉൾപ്പെടുത്തുന്നതിനായി

എന്തെങ്കിലും പ്രത്യേക നിർദ്ദേശം സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

നിലവിലുള്ള പാഠ്യപദ്ധതിയിൽ ആരോഗ്യ കായിക വിദ്യാഭ്യാസം ഉൾപ്പെടുന്നുണ്ട്. സർക്കാർ പ്രഖ്യാപിച്ച പുതിയ പാഠ്യപദ്ധതി പരിഷ്കരണത്തിന്റെ ഭാഗമായി കായിക മേഖലയിലും കായിക വിദ്യാഭ്യാസ രംഗത്തും മാറിവന്നിട്ടുള്ള നൂതനമായ മാറ്റങ്ങൾ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച വിഷയം പരിശോധിച്ചുവരുന്നു.

കായിക താരങ്ങൾക്ക് സർക്കാർ ജോലി

286(3646) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായികതാരങ്ങൾക്ക് സർക്കാർ ജോലി നൽകുന്ന പദ്ധതി പ്രകാരം 2016-21 കാലയളവിൽ എത്രപേർക്ക് സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകളിൽ ജോലി ലഭ്യമാക്കിയെന്ന് വ്യക്തമാക്കാമോ?

കായികതാരങ്ങൾക്ക് സർക്കാർ ജോലി നൽകുന്ന പദ്ധതി പ്രകാരം 2016-21 കാലയളവിൽ സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകളിൽ ജോലി നൽകിയത് സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

2016:- 2009 വർഷത്തെ സ്പോർട്സ് ക്വാട്ട നിയമനത്തിനായുള്ള

കബഡിയിനത്തിലെ ഒഴിവിൽ ശ്രീ. രാജേഷ് ഒ. കെ.-യ്ക്ക് സാമൂഹ്യനീതി വകുപ്പിൽ എൽ.ഡി. ക്ലാർക്കിന്റെ സൂപ്പർന്യൂമററി തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്.

2017:- 35-മത് ദേശീയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച് വ്യക്തിഗതയിനങ്ങളിൽ മെഡലുകളും ടീം ഇനങ്ങളിൽ സ്വർണ്ണ മെഡലുകളും കരസ്ഥമാക്കിയ 68 കായികതാരങ്ങൾക്ക് വിവിധ വകുപ്പുകളിൽ എൽ.ഡി. ക്ലാർക്കിന്റെ 68 സൂപ്പർന്യൂമററി തസ്തികകൾ സൃഷ്ടിച്ച് നിയമനം നൽകിയിട്ടുണ്ട്. ഇന്ത്യൻ ഫുട്ബോൾ താരവും മലയാളിയുമായ ശ്രീ. സി. കെ. വിനീതിന് 2016 വർഷത്തിലെ സ്പോർട്സ് ക്വാട്ട നിയമനത്തിനായി നീക്കിവച്ചിരിക്കുന്ന 50 ഒഴിവുകളിൽ ഒന്നിലുൾപ്പെടുത്തി സെക്രട്ടേറിയേറ്റിലെ പൊതുഭരണ വകുപ്പിൽ അസിസ്റ്റന്റിന്റെ സൂപ്പർന്യൂമററി തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്.

2019:- മാനസിക പക്വത കൈവരിക്കാത്ത ശ്രീ. ഷൈബൻ ഇ. ബി.-ക്ക് 2007-ലെ സ്പെഷ്യൽ ഒളിമ്പിക്സിൽ അക്വാട്ടിക്സ് വിഭാഗത്തിൽ മികച്ച പ്രകടനം കാഴ്ച വച്ച് രാജ്യത്തിനുവേണ്ടി മെഡൽ നേടിയ മികവ് കണക്കിലെടുത്ത് ഒരു പ്രത്യേക കേസായി പരിഗണിച്ച് നിലവിലുള്ള ചട്ടങ്ങളിൽ ഇളവുവരുത്തി 2009-ലെ സ്പോർട്സ് ക്വാട്ട നിയമനങ്ങളിലെ

ടെന്നീസ് വിഭാഗത്തിൽ നികത്തപ്പെടാതെ കിടക്കുന്ന ഒഴിവിലുൾപ്പെടുത്തി കേരള വാട്ടർ അതോറിറ്റി കോട്ടയം പി.എച്ച്. ഡിവിഷന്റെ കീഴിൽ ഗാർഡനർ തസ്തികയിൽ നിലവിലുള്ള ഒഴിവിൽ നിയമനം നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട്. 72-മത് സന്തോഷ് ട്രോഫി ജേതാക്കളായ കേരള ടീമിലെ 11 കായിക താരങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പിൽ എൽ.ഡി. ക്ലാർക്കിന്റെ സൂപ്പർന്യൂമററി തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്.

2020:- മികച്ച കായികതാരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനം നൽകുന്ന പദ്ധതി പ്രകാരം 2010-14 വർഷങ്ങളിലെ ഒഴിവുകളിലേയ്ക്കുള്ള നിയമനത്തിനായി പ്രസിദ്ധീകരിച്ച സെലക്ട് ലിസ്റ്റിലുൾപ്പെട്ട 195 കായിക താരങ്ങൾക്ക് നിയമനം നൽകിയിട്ടുണ്ട്.

2021:- 35-ാമത് ദേശീയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച് ടീം ഇനങ്ങളിൽ വെള്ളി/വെങ്കല മെഡലുകൾ കരസ്ഥമാക്കിയ 82 കായികതാരങ്ങൾക്ക് കായിക യുവജനകാര്യാലയത്തിൽ എൽ.ഡി. ക്ലാർക്കിന്റെ സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച് നിയമനം നൽകിയിട്ടുണ്ട്.

2022:- 35-ാമത് ദേശീയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച് റോവിംഗ് ടീം ഇനത്തിൽ വെങ്കല മെഡൽ കരസ്ഥമാക്കിയ ശ്രീ. സുഭാഷ് കെ. കെ.-യ്ക്ക് ആലപ്പുഴ ജില്ലയിലെ കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിൽ

ഓഫീസ് അറ്റൻഡന്റ് ഗ്രേഡ്-II തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്. 2010-14 വർഷങ്ങളിലെ സ്പോർട്സ് ക്വാട്ട നിയമനത്തിനായി ശേഷിക്കുന്ന ഒഴിവുകളിലേയ്ക്ക് 24 കായികതാരങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പിൽ നിയമനം നൽകിയിട്ടുണ്ട്.

(ബി) ഈ കാലയളവിൽ വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ എത്ര കായികതാരങ്ങൾക്ക് തൊഴിൽ നൽകിയെന്നും തൊഴിൽ ലഭിച്ചവരുടെ പേരുവിവരങ്ങളും സ്ഥാപനങ്ങളുടെ വിശദാംശവും പട്ടികപ്പെടുത്തി ലഭ്യമാക്കാമോ?

2021-22 കാലയളവിൽ വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ മൂന്ന് കായികതാരങ്ങൾക്ക് സർക്കാർ ജോലി നൽകിയിട്ടുണ്ട്. അവരുടെ പേരും വിവരങ്ങളും സ്ഥാപനങ്ങളുടെ വിശദാംശങ്ങളും അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്.+

## വഖഫ് ബോർഡിലെ നിയമനങ്ങൾ

287(3647) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വഖഫ് ബോർഡ് നിയമനങ്ങൾ പി.എസ്.സി.-ക്ക്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നൽകിയതുസംബന്ധിച്ച നിയമനിർമ്മാണം റദ്ദ് ചെയ്യുന്നത് സർക്കാരിന്റെ പരിഗണനയിലുണ്ടോ; എങ്കിൽ ആയതിന് ഇടയാക്കിയ സാഹചര്യം വിശദമാക്കാമോ?

1995-ലെ വഖഫ് ആക്റ്റിന്റെ (1995-ലെ 43-ാം കേന്ദ്ര ആക്റ്റ്) 24-ാം വകുപ്പ് (2)-ാം ഉപവകുപ്പ്, വഖഫ് ബോർഡിലെ ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും നിയമനവും അവരുടെ ഔദ്യോഗിക കാലാവധിയും റെഗുലേഷനുകളിൽ വ്യവസ്ഥ ചെയ്യുന്ന പ്രകാരമായിരിക്കുമെന്ന് വ്യക്തമാക്കുന്നു. 1995-ലെ വഖഫ് ആക്ടിന്റെ 110-ാം വകുപ്പ് ബോർഡിന്, സംസ്ഥാന സർക്കാരിന്റെ മുൻകൂർ അനുമതിയോടെ, ഈ ആക്ടിലെ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി ഈ ആക്ടിലെയും അതിനുകീഴിലുണ്ടാക്കിയ ചട്ടങ്ങളിലെയും വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്ത റെഗുലേഷനുകൾ ഉണ്ടാക്കാമെന്ന് വ്യവസ്ഥ ചെയ്യുന്നു. 2016-ലെ കേരള സംസ്ഥാന വഖഫ് ബോർഡ് റെഗുലേഷനുകളിലെ (ഭേദഗതി) റെഗുലേഷൻ 5(1), സബ്-റെഗുലേഷൻ (2) പ്രകാരം, നേരിട്ടുള്ള നിയമനം നടത്തുന്ന, ബോർഡിലെ ഭരണപരമായ സർവ്വീസിലെ ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും എല്ലാ നിയമനങ്ങളും കേരള പബ്ലിക് സർവ്വീസ് കമ്മീഷന് അധിക ചുമതലകൾ വിനിയോഗിക്കുന്നതിനുവേണ്ടി ഉണ്ടാക്കുന്ന

നിയമത്തിലെ വ്യവസ്ഥകളനുസരിച്ച് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നൽകുന്ന മുസ്ലീം മതവിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ സെലക്ട് ലിസ്റ്റിൽനിന്നും നടത്തേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. അതിനാൽ വഖഫ് ബോർഡിലെ ഭരണപരമായ സർവ്വീസുകളിലെ ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും നിയമനങ്ങൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നടത്തുവാനായി പ്രസ്തുത ആവശ്യത്തിലേയ്ക്ക് നിയമനിർമ്മാണം നടത്തുകയുണ്ടായി. വഖഫ് ബോർഡ് ശിപാർശ പരിഗണിച്ചുകൊണ്ടാണ് നിയമനിർമ്മാണം നടത്തിയത്. നിയമനിർമ്മാണത്തെ തുടർന്ന് മുസ്ലീം സാമുദായിക സംഘടനകൾ ചില ആശങ്കകൾ പ്രകടിപ്പിച്ചതിനെത്തുടർന്ന് വഖഫ് ബോർഡ് നിയമനങ്ങളുമായി ബന്ധപ്പെട്ട വിഷയം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ മുസ്ലീം സംഘടനാ പ്രതിനിധികളുടെ ഒരു യോഗം 20-04-2022-ന് വിളിച്ചുകൂട്ടുകയും വഖഫ് ബോർഡ് നിയമന വിഷയത്തിൽ മുസ്ലീം സംഘടനകളുടെ അഭിപ്രായംകൂടി പരിഗണിച്ച് ഉചിതമായ തീരുമാനമെടുക്കുന്ന കാര്യവും യോഗ്യരായവരെ ബോർഡിൽ നിയമിക്കുന്നതിന് സംവിധാനം ഒരുക്കുന്ന കാര്യവും പരിശോധിക്കുവാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. ആയത് നിലവിൽ സർക്കാരിന്റെ പരിഗണനയിലുമാണ്.

(ബി) വഖഫ് ബോർഡിൽ മുസ്ലീങ്ങളല്ലാത്ത എത്ര ഉദ്യോഗസ്ഥരാണ് ജോലി ചെയ്തുവരുന്നതെന്നും ഇവർ ഓരോരുത്തരും ഏതെല്ലാം കാലയളവിലാണ് നിയമിക്കപ്പെട്ടതെന്നും ഓരോരുത്തരുടെയും പേരുവിവരങ്ങളും വിശദമാക്കാമോ?

കേരള സ്റ്റേറ്റ് വഖഫ് ബോർഡ് റെഗുലേഷൻസ്, 2016-ൽ വ്യവസ്ഥ ചെയ്തതിൻപ്രകാരമുള്ള തസ്തികകളിൽ മുസ്ലീങ്ങളല്ലാത്ത ഉദ്യോഗസ്ഥർ ജോലി ചെയ്യുന്നില്ല. എന്നാൽ താൽക്കാലിക കരാറടിസ്ഥാനത്തിലും ദിവസവേതനാടിസ്ഥാനത്തിലും ജോലി ചെയ്തുവരുന്ന മുസ്ലീങ്ങളല്ലാത്ത ജീവനക്കാരുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

<u>പൊതുകാര്യത്തിന് വഖഫ് ഭൂമിയുടെ കൈമാറ്റം</u>

288(3648) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വഖഫ് വസ്തുക്കളുടെ വില്പന, ദാനം, ഒത്തുമാറ്റം, പണയപ്പെടുത്തൽ, കൈമാറ്റം എന്നിവ സാധുതയില്ലാത്തതാണോയെന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ വഖഫ് നിയമത്തിലെ ഏത് വകുപ്പുകൾ പ്രകാരമാണിതെന്ന് വ്യക്തമാക്കാമോ;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) പ്രസ്തുത നിയമത്തിലെ മേൽപ്പറഞ്ഞ വകുപ്പിലെ വ്യവസ്ഥ പ്രകാരം സംസ്ഥാന വഖഫ് ബോർഡുമായി ആലോചിച്ച് 1894-ലെ ലാൻഡ് അക്വിസിഷൻ ആക്ട് പ്രകാരം പൊതുകാര്യത്തിനായി ഭൂമിയേറ്റെടുക്കാൻ വ്യവസ്ഥയുണ്ടോയെന്ന് വ്യക്തമാക്കാമോ?

(എ-സി) 1995-ലെ വഖ്ഫ് നിയമത്തിൽ 2013-ന് ഉണ്ടായ നിയമ ഭേദഗതി അനുസരിച്ച് 51 (1A), 104 A എന്നീ വകുപ്പുകൾ പ്രകാരം വഖഫ് വസ്തുക്കളുടെ വില്പന, ദാനം, ഒത്തുമാറ്റം, പണയപ്പെടുത്തൽ, കൈമാറ്റം എന്നിവ സാധുതയില്ലാത്തതാണ്. എന്നിരുന്നാലും ടി നിയമം ഇതേ വകുപ്പിലെ പ്രൊവൈസോ പ്രകാരം സംസ്ഥാന വഖഫ് ബോർഡുമായി ആലോചിച്ച് 1894-ലെ ലാൻഡ് അക്വിസിഷൻ ആക്ട് (പ്രസ്തുത ആക്ട് റിപ്പീൽ ചെയ്ത് ഭൂമിയേറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ആക്ട് 2013 നിലവിൽ വന്നിട്ടുണ്ട്) പ്രകാരം പൊതുകാര്യത്തിനായി ഭൂമിയേറ്റെടുക്കുവാൻ വ്യവസ്ഥയുണ്ട്.

(ഡി) എങ്കിൽ വഖഫ് നിയമത്തിലെ മേൽപ്പറഞ്ഞ വകുപ്പുകളുടെയും പ്രോവൈസോവിന്റെയും ലാൻഡ് അക്വിസിഷൻ ആക്ടിലെ ബന്ധപ്പെട്ട പേജിന്റെയും പകർപ്പ് ലഭ്യമാക്കാമോ?

വഖഫ് നിയമത്തിലെയും 1894-ലെ ലാൻഡ് അക്വിസിഷൻ ആക്ട് (പ്രസ്തുത ആക്ട് റിപീൽ ചെയ്ത് ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ആക്ട് 2013 നിലവിൽ വന്നിട്ടുണ്ട്) -ന്റെ പ്രസക്ത ഭാഗത്തിന്റെ പകർപ്പുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(ഇ) ഇത്തരത്തിൽ പൊതുകാര്യത്തിനായി ഏതെല്ലാം സ്ഥലങ്ങളിൽ ഭൂമി ഏറ്റെടുത്തിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ; ഏതെല്ലാം കാര്യങ്ങൾക്കായി ഏതെല്ലാം വർഷങ്ങളിലാണ് ഭൂമിയേറ്റെടുത്തത്?

പ്രസ്തുത വിവരങ്ങൾ റെക്കോർഡുകളായി നിലവിൽ വഖഫ് ബോർഡ് സൂക്ഷിച്ചുവരുന്നില്ല. ഇനി മുതൽ അത്തരത്തിൽ റെക്കോർഡുകൾ സൂക്ഷിക്കുവാൻ വഖഫ് ബോർഡിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(എഫ്) പൊതുകാര്യത്തിനായി വഖഫ് ഭൂമി ഏറ്റെടുക്കുമ്പോൾ പകരം ഭൂമി നൽകണമെന്ന് നിയമമുണ്ടോ; വഖഫ് സ്വത്തുക്കളുടെ കൈമാറ്റം സാധുതയില്ലാത്തതാണെങ്കിൽ പകരം ഭൂമി വാങ്ങി വഖഫ് ഭൂമി കൈമാറുന്നത് നിയമാനുസൃതമാണോയെന്ന് വ്യക്തമാക്കാമോ?

1995-ലെ വഖഫ് നിയമം 51(1A) വകുപ്പിലെ 3-ാം പ്രൊവൈസോ പ്രകാരം സംസ്ഥാന വഖഫ് ബോർഡുമായി ആലോചിച്ച്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പൊതുകാര്യത്തിനായി സർക്കാർ വഖഫ് ഭൂമിയേറ്റെടുക്കുമ്പോൾ ടി എറ്റെടുക്കുന്ന വഖഫ് ഭൂമിക്ക് പകരം നിലവിലുള്ള മാർക്കറ്റ് വില നഷ്ടപരിഹാരമായോ അല്ലെങ്കിൽ ന്യായമായ നഷ്ടപരിഹാരം സഹിതം അനുയോജ്യമായ ഭൂമിയോ നൽകേണ്ടതാണ്. പൊതു ആവശ്യങ്ങൾക്ക് സർക്കാരിനല്ലാതെ പകരം ഭൂമി വാങ്ങി വഖഫ് ഭൂമി കൈമാറുന്നത് നിയമാനുസൃതമല്ലാത്തതാണ്.

## അന്യാധീനപ്പെട്ട വഖഫ് സ്വത്തുക്കൾ തിരിച്ചുപിടിക്കൽ

289(3649) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാരിന്റെ കാലത്ത് അന്യാധീനപ്പെട്ട എത്ര വഖഫ് സ്വത്തുക്കൾ തിരിച്ചുപിടിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഈ സർക്കാരിന്റെ കാലത്ത് അന്യാധീനപ്പെട്ട 46 വഖഫ് വസ്തുക്കളിൽ കയ്യേറ്റമൊഴിവാക്കി വഖഫിന് തിരികെ ലഭ്യമാക്കുന്നതിന് ബോർഡിൽനിന്നും നടപടി സ്വീകരിച്ചിട്ടുണ്ട്. അവയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

## വഖഫ് ബോർഡ് നിയമനങ്ങൾ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

290(3650) <u>ശ്രീ. പി. ഉബൈദുള്ള</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വഖഫ് ബോർഡ് നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടുന്നതിന് പകരം വഖഫ് ബോർഡ് നിയമനങ്ങൾക്ക് മാത്രമായി സ്പെഷ്യൽ റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിക്കുന്ന കാര്യം പരിഗണിക്കുമോ?

1995-ലെ വഖഫ് ആക്റ്റിന്റെ (1995-ലെ 43-ാം കേന്ദ്ര ആക്റ്റ്) 24-ാം വകുപ്പ് (2)-ാം ഉപവകുപ്പ്, വഖഫ് ബോർഡിലെ ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും നിയമനവും അവരുടെ ഔദ്യോഗിക കാലാവധിയും റെഗുലേഷനുകളിൽ വ്യവസ്ഥ ചെയ്യുന്ന പ്രകാരമായിരിക്കുമെന്ന് വ്യക്തമാക്കുന്നു. 1995-ലെ വഖഫ് ആക്ടിന്റെ 110-ാം വകുപ്പ് ബോർഡിന് സംസ്ഥാന സർക്കാരിന്റെ മുൻകൂർ അനുമതിയോടെ ഈ ആക്ടിലെ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി ഈ ആക്ടിലെയും അതിനുകീഴിലുണ്ടാക്കിയ ചട്ടങ്ങളിലെയും വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്ത റെഗുലേഷനുകൾ ഉണ്ടാക്കാമെന്ന് വ്യവസ്ഥ ചെയ്യുന്നു. 2016-ലെ കേരള സംസ്ഥാന വഖഫ് ബോർഡ് റെഗുലേഷനുകളിലെ (ഭേദഗതി) റെഗുലേഷൻ 5(1), സബ്-റെഗുലേഷൻ (2) പ്രകാരം, നേരിട്ടുള്ള നിയമനം നടത്തുന്ന

ബോർഡിലെ ഭരണപരമായ സർവ്വീസിലെ ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും എല്ലാ നിയമനങ്ങളും കേരള പബ്ലിക് സർവ്വീസ് കമ്മീഷന് അധിക ചുമതലകൾ വിനിയോഗിക്കുന്നതിനുവേണ്ടി ഉണ്ടാക്കുന്ന നിയമത്തിലെ വ്യവസ്ഥകളനുസരിച്ച് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നൽകുന്ന മുസ്ലീം മതവിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ സെലക്ട് ലിസ്റ്റിൽനിന്നും നടത്തേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. അതിനാൽ വഖഫ് ബോർഡിലെ ഭരണപരമായ സർവ്വീസുകളിലെ ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും നിയമനങ്ങൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നടത്തുവാനായി പ്രസ്തുത ആവശ്യത്തിലേയ്ക്ക് നിയമനിർമ്മാണം നടത്തുകയുണ്ടായി. വഖഫ് ബോർഡ് ശിപാർശ പരിഗണിച്ചുകൊണ്ടാണ് നിയമനിർമ്മാണം നടത്തിയത്. നിയമനിർമ്മാണത്തെ തുടർന്ന് മുസ്ലീം സാമുദായിക സംഘടനകൾ ചില ആശങ്കകൾ പ്രകടിപ്പിച്ചതിനെത്തുടർന്ന് വഖഫ് ബോർഡ് നിയമനങ്ങളുമായി ബന്ധപ്പെട്ട വിഷയം 20-04-2022-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ മുസ്ലീം സംഘടനാ പ്രതിനിധികളുടെ ഒരു യോഗം വിളിച്ചുകൂട്ടുകയും വഖഫ് ബോർഡ് നിയമന വിഷയത്തിൽ മുസ്ലീം സംഘടനകളുടെ അഭിപ്രായം കൂടി പരിഗണിച്ച് ഉചിതമായ തീരുമാനം എടുക്കുന്ന കാര്യവും യോഗ്യരായവരെ ബോർഡിൽ

നിയമിക്കുന്നതിന് സംവിധാനമൊരുക്കുന്ന കാര്യവും പരിശോധിക്കുവാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. ആയത് നിലവിൽ സർക്കാരിന്റെ സജീവ പരിഗണനയിലുമാണ്. ഇതിനായി സ്പെഷ്യൽ റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിക്കുന്നകാര്യം പരിഗണനയിലില്ല.

(ബി) പൊതുമേഖലാ സ്ഥാപനങ്ങളും യൂണിവേഴ്സിറ്റികളുമുൾപ്പെടെ സംസ്ഥാന സർക്കാർ ഖജനാവിൽനിന്നും ശമ്പളം നൽകുന്ന നിരവധി സ്ഥാപനങ്ങളിൽ ഇപ്പോഴും നിയമനങ്ങൾ പി.എസ്.സി. മുഖേന അല്ലെന്നിരിക്കെ സംസ്ഥാന വഖഫ് ബോർഡ് നിയമനങ്ങൾ മാത്രം പി.എസ്.സി.-ക്ക് വിടുന്നതിന്റെ സാഹചര്യം വിശദമാക്കാമോ?

വഖഫ് ബോർഡിന്റെ കീഴിലുള്ള ഭരണപരമായ സർവ്വീസുകളിലെ എല്ലാ ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും നിയമനങ്ങൾ പബ്ലിക് സർവ്വീസ് കമ്മീഷന് വിടുന്നതിലൂടെ പ്രസ്തുത നിയമനങ്ങൾ കൂടുതൽ സുതാര്യമാക്കുവാനും യോഗ്യതയുള്ള മുസ്ലീം മതവിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് തുല്യ അവസരം ഉറപ്പുവരുത്തുവാനും കഴിയുമെന്നതിനാലാണ് വഖഫ് ബോർഡ് നിയമനങ്ങൾ പബ്ലിക് സർവ്വീസ് കമ്മീഷനുവിടുന്നതിന് സർക്കാർ നയപരമായ തീരുമാനം കൈക്കൊണ്ടത്.

<u>വഖഫ് സ്വത്തുക്കളുടെ സംരക്ഷണം</u>

291(3651) <u>ശ്രീ. എ. കെ. എം. അഷ്‌റഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അന്യാധീനപ്പെട്ട വഖഫ് സ്വത്തുക്കൾ തിരിച്ചുപിടിക്കുന്നതിന് കഴിഞ്ഞ ഒരു വർഷം സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

സംസ്ഥാനത്തെ അന്യാധീനപ്പെട്ട വഖഫ് വസ്തുക്കൾ തിരിച്ചുപിടിക്കാൻ സ്വീകരിച്ച നടപടി സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) വഖഫ് സ്വത്തുവകകൾ സംരക്ഷിക്കുന്നതിനായുള്ള വഖഫ് സർവ്വേ നിലവിൽ ഏതുഘട്ടത്തിലാണെന്നും ഇത് എപ്പോൾ പൂർത്തീകരിക്കുമെന്നും വിശദമാക്കുമോ?

നിലവിൽ സർവ്വേ നടത്തിയിട്ടുള്ള ഏഴ് ജില്ലകളിലെ വഖഫ് വസ്തുക്കളുടെ സ്കെച്ച് തയ്യാറാക്കിയവയുടെ ലിസ്റ്റ് വഖഫ് ആക്ട് സെക്ഷൻ 5(1) പ്രകാരം പരിശോധിച്ച് തിരിച്ചയക്കുന്നതിനായി വഖഫ് ബോർഡിന് സർക്കാർ ലഭ്യമാക്കിയിട്ടുള്ളതും ആയതുപ്രകാരം ലഭിച്ച സ്കെച്ചുകൾ ബോർഡ് രേഖകളുമായി ഒത്തുനോക്കി പരിശോധിക്കുന്നതിനായി വഖഫ് ബോർഡ്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

രണ്ട് ജീവനക്കാരെ പ്രത്യേകം ചുമതലപ്പെടുത്തി തുടർനടപടി സ്വീകരിച്ചുവരികയുമാണ്. വഖഫ് സർവ്വേ കമ്മീഷണർ പ്രസ്തുത നടപടികൾക്ക് മേൽ നോട്ടം വഹിക്കുന്നുമുണ്ട്.

<u>വഖഫ് ബോർഡിന്റെ കോഴിക്കോട് ഓഫീസിന് കെട്ടിടം</u>

292(3652) <u>ശ്രീ. പി. ടി. എ. റഹീം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വഖഫ് ബോർഡിന്റെ കോഴിക്കോട് ഓഫീസിന് സ്വന്തമായി കെട്ടിടം നിർമ്മിക്കാൻ വഖഫ് ഉടമസ്ഥതയിലുള്ള സ്ഥലം നിലവിലുണ്ടോ; ഉണ്ടെങ്കിൽ ആയത് എന്നുമുതലാണ് വഖഫ് ബോർഡിന്റെ കൈവശത്തിലുള്ളതെന്ന് വ്യക്തമാക്കാമോ?

കോഴിക്കോട് ബോർഡ് ഓഫീസ് നിർമ്മിക്കുന്നതിലേയ്ക്ക് 2010 ആഗസ്റ്റ് 12 മുതൽ 9.90 ആർ. വസ്തു വഖഫ് ബോർഡ് ഉടമസ്ഥതയിലുണ്ട്.

(ബി) അവിടെ സ്വന്തം കെട്ടിടം നിർമ്മിക്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ; വിശദമാക്കാമോ?

പ്രസ്തുത വസ്തുവിൽ സ്വന്തം കെട്ടിടം നിർമ്മിക്കുന്നതിന് ബിൽഡിംഗ് പെർമിറ്റ് ലഭ്യമായിട്ടുള്ളതും ഇതുമായി ബന്ധപ്പെട്ട മറ്റ് തുടർനടപടികൾ

ബോർഡിന്റെ പരിഗണനയിലുമാണ്.

## തിരുവനന്തപുരം-കാസർഗോഡ് റെയിൽപ്പാത

293(3653) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം-കാസർഗോഡ് റെയിൽപ്പാതയിലെ വേഗത കൂട്ടുന്നതിനുള്ള നടപടികൾ ദക്ഷിണ റെയിൽവെ ആരംഭിക്കുകയുണ്ടായോ?

സംസ്ഥാനത്തെ റെയിൽപ്പാതയിലെ വേഗത കൂട്ടുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) സാദ്ധ്യമായ സ്ഥലങ്ങളിൽ പരമാവധി നൂറ്റിമുപ്പത് കിലോമീറ്റർ വരെ വേഗത്തിൽ ട്രെയിൻ ഓടിക്കുന്നതിനുള്ള പദ്ധതിയാണോ റെയിൽവെ തയ്യാറാക്കിയിട്ടുള്ളത്;

(സി) ഈ പദ്ധതിക്കായി എത്ര ചെലവ് വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്;

(ഡി) പ്രസ്തുത പദ്ധതി നിലവിൽ വന്നാൽ തിരുവനന്തപുരം-കാസർഗോഡ് പാതയിലെ ശരാശരി വേഗം മണിക്കൂറിൽ എത്ര കിലോമീറ്ററായി ഉയരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; വിശദാംശം

നൽകുമോ?

(ബി-ഡി) വിശദാംശങ്ങൾ ലഭ്യമല്ല.

ശബരി റെയിൽപ്പാത

294(3654) ശ്രീ. എ. പി. അനിൽ കുമാർ:

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരി റെയിൽപ്പാതയ്ക്കുവേണ്ടി ആകെ ഏറ്റെടുക്കാനുദ്ദേശിക്കുന്ന ഭൂമി എത്രയെന്നും നാളിതുവരെ ഏറ്റെടുത്ത ഭൂമി എത്രയെന്നും വിശദമാക്കാമോ?

1997-98 റെയിൽവെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതിയാണ് അങ്കമാലി-ശബരി റെയിൽ പദ്ധതി. എറണാകുളം, കോട്ടയം, ഇടുക്കി ജില്ലകളിൽ നിന്നായി 416 ഹെക്ടർ ഭൂമിയാണ് പദ്ധതിക്കായി ആവശ്യമായിട്ടുള്ളത്. ദക്ഷിണ റെയിൽവെ 2022-23 പിങ്ക് ബുക്ക് പ്രകാരം ശബരി റെയിൽ പദ്ധതിക്ക് കേന്ദ്ര ബഡ്ജറ്റിൽ ടോക്കൺ പ്രൊവിഷൻ മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. അങ്കമാലി - ശബരി പദ്ധതി റെയിൽവെ താൽക്കാലികമായി മരവിപ്പിച്ചിട്ടുള്ളതാണ്.

അങ്കമാലി-ശബരി റെയിൽവെ ലൈനിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് പദ്ധതി ചെലവിന്റെ 50 ശതമാനം കിഫ്ബി മുഖേന കേരള സർക്കാർ വഹിക്കുന്നതാണെന്ന് 07-01-2021-ലെ സ.ഉ.(കൈ)നം. 1/2021/ഗതാ. പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും പ്രസ്തുത തീരുമാനം കേന്ദ്ര റെയിൽമന്ത്രാലയം മുമ്പാകെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി തുടർന്ന് പുനരുജ്ജീവിപ്പിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എത്രയും പെട്ടെന്ന് കൈക്കൊള്ളണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ബഹുമാനപ്പെട്ട കേന്ദ്ര റെയിൽവെ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുകയുണ്ടായി. അനുകൂലമായ നിലപാട് എത്രയും പെട്ടെന്ന് ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) പ്രസ്തുത പദ്ധതിക്ക് ഇപ്പോൾ തയ്യാറാക്കിയിരിക്കുന്ന ഡി.പി.ആർ. പ്രകാരമുള്ള എസ്റ്റിമേറ്റ് തുക എത്രയാണെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത പദ്ധതിയുടെ ഡി.പി.ആർ. പ്രകാരമുള്ള എസ്റ്റിമേറ്റ് തുക 3454.09 കോടി രൂപയെന്നാണ് കണക്കാക്കിയിരിക്കുന്നത്.

(സി) പ്രസ്തുത പദ്ധതിയുടെ നിർമ്മാണ ചുമതല ആർക്കാണെന്നും പദ്ധതി നടപ്പിലാക്കുന്നതിന് നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്നും വിശദമാക്കാമോ?

ശബരി പാതയുടെ എസ്റ്റിമേറ്റ് പുതുക്കുന്നതിനായി കേരള റെയിൽ

ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (കെ.ആർ.ഡി.സി.എൽ.)-നെ ചുമതലപ്പെടുത്തുകയും അതനുസരിച്ച് പദ്ധതിയുടെ വിശദമായ എസ്റ്റിമേറ്റ് 21-03-2022-ൽ കെ.ആർ.ഡി.സി.എൽ. റെയിൽവെയുടെ തുടർപരിശോധനയ്ക്കും അംഗീകാരത്തിനുമായി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. വിശദമായ എസ്റ്റിമേറ്റിന്റെ തുടർപരിശോധന റെയിൽവെയിൽ പുരോഗമിക്കുന്നു. പദ്ധതി നിർഘനീഭവിപ്പിക്കുന്നതിനും പ്രസ്തുത പ്രവൃത്തി കെ.ആർ.ഡി.സി.എൽ.-നെ ഏൽപ്പിക്കുന്നതിനുമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി കേന്ദ്ര റെയിൽവെ മന്ത്രിക്ക് കത്ത് നൽകിയിട്ടുണ്ട്.

## കാസർഗോഡ് ജില്ലയിലെ റെയിൽ ഓവർ ബ്രിഡ്ജ് നിർമ്മാണം

295(3655) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ എത്ര റെയിൽ ഓവർ ബ്രിഡ്ജ് നിർമ്മാണത്തിന് കിഫ്ബി അനുമതി നൽകിയിട്ടുണ്ട്; വിശദാംശം അറിയിക്കാമോ;

(ബി) കിഫ്ബി സാമ്പത്തികാനുമതി നൽകിയിട്ടും കേന്ദ്ര റെയിൽവെ മന്ത്രാലയത്തിന്റെ അനുമതി ലഭിക്കാത്തതുകാരണം ഒരു റെയിൽ ഓവർ

ബ്രിഡ്ജിന്റെ നിർമ്മാണംപോലും തുടങ്ങാൻ സാധിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(എ & ബി) കാസർഗോഡ് ജില്ലയിൽ എട്ട് റെയിൽവെ മേൽപ്പാലങ്ങൾ നിർമ്മിക്കുന്നതിന് കിഫ്ബി അനുമതി നൽകിയിട്ടുണ്ട്. വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

(1) മഞ്ചേശ്വരം റെയിൽവെ മേൽപ്പാലം

ഈ റെയിൽവെ മേൽപ്പാലം ദേശീയപാത 66-ൽ സന്ധിക്കുന്നതിനാൽ ടി പാതയുടെ അലൈൻമെന്റിനനുയോജ്യമായ രീതിയിൽ റെയിൽവെ മേൽപ്പാലത്തിന്റെ അലൈൻമെന്റ് പുനഃക്രമീകരിക്കണമെന്ന് ദേശീയപാത അതോറിറ്റി നിർദ്ദേശിച്ചപ്രകാരം അലൈൻമെന്റ് പുനഃക്രമീകരിച്ച് അംഗീകാരത്തിനായി ദേശീയപാത അതോറിറ്റി, റെയിൽവെ എന്നിവർക്ക് സമർപ്പിച്ചിട്ടുണ്ട്. 26-05-2022-ന് റെയിൽവെ ജി.എ.ഡി.-ക്ക് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ദേശീയപാത അതോറിറ്റി അലൈൻമെൻറ് അന്തിമമായി അംഗീകരിക്കുന്നമുറയ്ക്ക് ജനറൽ അലൈൻമെൻറ് ഡ്രോയിംഗ് പുതുക്കി തയ്യാറാക്കി റെയിൽവെയുടെ അംഗീകാരത്തിന് സമർപ്പിക്കാനാകും.

(2) ഹൊസങ്കടി റെയിൽവെ മേൽപ്പാലം

പ്രസ്തുത റെയിൽവെ മേൽപ്പാലം ദേശീയപാത 66-ൽ

സന്ധിക്കുന്നതിനാൽ ടി പാതയുടെ അലൈൻമെൻറിനനുയോജ്യമായ രീതിയിൽ റെയിൽവെ മേൽപ്പാലത്തിന്റെ അലൈൻമെന്റ് പുനഃക്രമീകരിക്കണമെന്ന് ദേശീയപാത അതോറിറ്റി നിർദ്ദേശിച്ചു. അലൈൻമെന്റ് പുനഃക്രമീകരിക്കുന്നതിന് ടി ഭാഗത്തെ ദേശീയപാതയുടെ അലൈൻമെന്റ് വിവരങ്ങൾ ലഭ്യമാക്കുവാൻ ദേശീയപാത അതോറിറ്റിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ലഭിച്ചശേഷം മാത്രമേ തുടർനടപടികൾ സ്വീകരിക്കുവാൻ കഴിയൂ.

(3) <u>ഉദ്യമ റെയിൽവെ മേൽപ്പാലം</u>

ഈ റെയിൽവെ മേൽപ്പാലത്തിന്റെ ജനറൽ അറേഞ്ച് ഡ്രോയിംഗിന് റെയിൽവെ പ്രാഥമിക അനുമതി നൽകിയിട്ടുണ്ട്. എന്നാൽ ഇവിടെ അടിപ്പാത നിർമ്മിക്കുന്നതിനുള്ള സാദ്ധ്യതാപഠനം നടത്തണമെന്ന് റെയിൽവെ അറിയിച്ച സാഹചര്യത്തിൽ സംയുക്ത പരിശോധന നടത്തുന്നതിന് തീയതി അറിയിക്കുവാൻ റെയിൽവെയോട് അപേക്ഷിച്ചിട്ടുണ്ട്.

കൂടാതെ ടി പദ്ധതി സംസ്ഥാനപാതയുടെ മുകളിലൂടെ നിർമ്മിക്കുന്നതിനാൽ NOC ലഭ്യമാക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് റോഡ്സ് വിഭാഗത്തിന് ആർ.ബി.ഡി.സി.കെ. അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

ടി സമ്മതപത്രവും റെയിൽവെ അനുമതിയും ലഭിക്കുന്നമുറയ്ക്ക് ആയത് പ്രകാരമുള്ള ജനറൽ അറെഞ്ച്മെൻറ് ഡ്രോയിംഗ് റെയിൽവെയ്ക്ക് സമർപ്പിച്ച് അന്തിമാനുമതി ലഭ്യമാക്കുന്നമുറയ്ക്ക് തുടർനടപടി സ്വീകരിക്കാനാവുന്നതാണ്.

(4) കോട്ടിക്കുളം റെയിൽവെ മേൽപ്പാലം

ഈ റെയിൽവെ മേൽപ്പാലം നിർമ്മിക്കുന്നതിനാവശ്യമായ ഭൂമിയുടെ ഭൂരിഭാഗവും റെയിൽവെ മുമ്പേ ഏറ്റെടുത്തിട്ടുള്ളതാണ്. ടി ഭൂമിയുടെ നഷ്ടപരിഹാരം റെയിൽവെ ആവശ്യപ്പെട്ടിട്ടുള്ളതും ടി ഭൂമി പ്രതിഫലം നൽകുന്നമുറയ്ക്ക് സംസ്ഥാന സർക്കാരിന് കൈമാറണമെന്ന വ്യവസ്ഥയ്ക്ക് വിധേയമായി കിഫ്ബി ആയതിന് അനുമതി നൽകിയിട്ടുള്ളതാണ്. എന്നാൽ റെയിൽവെ ഭൂമി കൈമാറുന്നത് സംബന്ധിച്ചുള്ള അനുമതി ഇതുവരെ നൽകിയിട്ടില്ല.

മേൽപ്പാലത്തിന്റെ നിലവിൽ അംഗീകരിച്ച ജനറൽ അറേഞ്ച്മെൻറ് ഡ്രോയിംഗിൽ നിലവിലുള്ള ഇരട്ടപാതയ്ക്കുപുറമെ 3-ഉം 4-ഉം പാതകൾ നിർമ്മിക്കുന്നതിനുതകുന്ന രീതിയിൽ ഡ്രോയിംഗ് പുതുക്കി നൽകാൻ ആവശ്യപ്പെട്ടിട്ടുള്ളതും റെയിൽവെയ്ക്ക് സമർപ്പിച്ചിട്ടുള്ളതുമാണ്. ഇക്കാര്യത്തിൽ റെയിൽവെയിൽനിന്നും അനുമതി ലഭ്യമാകേണ്ടതുണ്ട്.

(5) ബീരിച്ചേരി റെയിൽവെ മേൽപ്പാലം;

(6) കുശാൽ നഗർ റെയിൽവെ മേൽപ്പാലം;

(7) <u>തൃക്കരിപ്പൂർ റെയിൽവെ മേൽപ്പാലം; &</u>
(8) <u>ചെറുവത്തൂർ-പടന- ഇടച്ചക്കെ റോഡ് റെയിൽവെ മേൽപ്പാലം.</u>

ഈ നാല് മേൽപ്പാലങ്ങളുടെയും ജി.എ.ഡി. ആർ.ബി.ഡി.സി.കെ. തയ്യാറാക്കി റെയിൽവെയ്ക്ക് സമർപ്പിച്ചിരുന്നു. എന്നാൽ ഈ നാല് മേൽപ്പാലങ്ങളും സിൽവർ ലൈൻ പദ്ധതി വിഭാവനം ചെയ്തിരിക്കുന്ന പ്രദേശത്ത് ഉൾപ്പെട്ടുവരുന്നതിനാൽ ജനറൽ അലൈൻമെന്റ് ഡ്രോയിംഗ് കെ.ആർ.ഡി.സി.എസ്.എൽ.-മായി സംയുക്ത പരിശോധനയ്ക്കുശേഷം സമർപ്പിക്കാൻ റെയിൽവെ ആവശ്യപ്പെട്ടിട്ടുണ്ട്. സംയുക്ത പരിശോധന 08-07-2022-ന് പൂർത്തിയാക്കിയിട്ടുണ്ട്. കൂടാതെ സിൽവർ ലൈൻ അലൈൻമെൻറിന് റെയിൽവെ ബോർഡിന്റെ അന്തിമ അനുമതി ലഭിച്ചതിനുശേഷം മാത്രമെ സിൽവർ ലൈനിൽ വരുന്ന മേൽപ്പാലങ്ങളുടെ ജി.എ.ഡി.-ക്ക് അനുമതി നൽകുകയുള്ളൂവെന്ന് റെയിൽവെ അറിയിച്ചിട്ടുണ്ട്. ആയതിനാൽ സിൽവർ ലൈൻ അലൈൻമെന്റിന് റെയിൽവെ ബോർഡിന്റെ അനുമതി ലഭിച്ച ശേഷം മാത്രമെ തുടർ നടപടികൾ സ്വീകരിക്കാൻ കഴിയൂ

(സി) ഈ വിഷയത്തിൽ കേന്ദ്ര റെയിൽവെ മന്ത്രാലയത്തിന്റെ അനുമതി ലഭ്യമാക്കാൻ ഉന്നതതല ഇടപെടൽ നടത്തുന്നത് പരിഗണിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

റെയിൽവെയുമായുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ചീഫ്

അഡ്മിനിസ്റ്റേറ്റീവ് ഓഫീസർ, സതേൺ റെയിൽവെ ഒരു യോഗം വിളിച്ചുചേർത്തിരുന്നു.

## പുള്ളിക്കട കോളനി നിവാസികളുടെ പുനരധിവാസം

296(3656) ശ്രീ. എം. മുകേഷ്: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പുള്ളിക്കട കോളനി നിവാസികളുടെ പുനരധിവാസത്തിനായി റെയിൽവെയുടെ ഉടമസ്ഥതയിലുള്ള ഭൂമി കൊല്ലം കോർപ്പറേഷന് വിട്ടുനൽകുന്ന കാര്യം സംബന്ധിച്ച് കേന്ദ്ര റെയിൽവെ മന്ത്രാലയവുമായി ചർച്ച നടത്തുന്നതിന് സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ ഊർജ്ജിത നടപടി സ്വീകരിക്കുന്നതിന് തയ്യാറാകുമോ; വിശദാംശം ലഭ്യമാക്കുമോ?

പുള്ളിക്കട കോളനി നിവാസികളുടെ പുനരധിവാസത്തിനായി റെയിൽവെയുടെ ഉടമസ്ഥതയിലുള്ള ഭൂമി കൊല്ലം കോർപ്പറേഷന് വിട്ടുനൽകുന്ന കാര്യം സംബന്ധിച്ച് റെയിൽവെ അധികൃതരുമായി 18-12-2018- ൽ ഫിഷറീസ് മന്ത്രിയുടെ ചേംബറിൽവച്ച് യോഗം കൂടിയിരുന്നു.

കൊല്ലം ഈസ്റ്റ് വില്ലേജ് ബ്ലോക്ക് നം.171-ൽ റീസർവ്വേ നം.61-ൽ

38.19 ആർസ്, ബ്ലോക്ക് നം. 170-ൽ റീസർവ്വേ നം. 4-ൽ 01.0562 ഹെക്ടർ, ബ്ലോക്ക് 169-ൽ റീസർവ്വേ 30-ൽ 37.40 ആർസ് സ്ഥലങ്ങൾ പുള്ളിക്കട ഭാഗത്തെ റെയിൽവെ പുറമ്പോക്ക് സ്ഥലങ്ങളാണ്. പുള്ളിക്കട ചേരിനിവാസികളുടെ പുനരധിവാസത്തിനാവശ്യമായ കൊല്ലം ഈസ്റ്റ് വില്ലേജ് ബ്ലോക്ക് നം.170-ൽ റീസർവ്വേ 4-ൽപ്പെട്ട 01.0562 ഹെക്ടർ റെയിൽവെ പുറമ്പോക്ക് സ്ഥലം റെയിൽവെ അധികൃതരിൽനിന്നും കോർപ്പറേഷന് കൈമാറുന്നതിന് 4,00,82,790/- രൂപ വില നിർണ്ണയിച്ചിട്ടുള്ളതാണ്. ടി വില സ്വീകാര്യമല്ലാത്തതിനാൽ ടി സ്ഥലം സർവ്വേ ചെയ്ത് ചേരിയുടെ പുനരധിവാസത്തിന് ആവശ്യമായ സ്ഥലത്തിന്റെ കമ്പോളവില നിശ്ചയിച്ചുനൽകിയിരുന്നെങ്കിലും എക്സ്റ്റന്റിൽ വ്യത്യാസമുണ്ടെന്ന് റെയിൽവെ അധികൃതർ യോഗത്തിൽ അറിയിച്ചതിൻപ്രകാരം റെയിൽവെ കോർപ്പറേഷൻ, റവന്യൂ അധികൃതർ എന്നിവരുടെ സംയുക്ത സർവ്വേ നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് കൊല്ലം സർവ്വേ ഡെപ്യൂട്ടി ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു.

സാങ്കേതിക പ്രശ്നങ്ങൾ ചൂണ്ടിക്കാട്ടി കാലതാമസം വരുത്താതെ സർവ്വേ നടപടികൾ ആരംഭിക്കണമെന്ന് കൊല്ലം ജില്ലാ കളക്ടർ സർവ്വേ ഡെപ്യൂട്ടി ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതും അതനുസരിച്ച് തുടർനടപടികൾ

സ്വീകരിച്ചുവരുന്നതുമാണ്.

## ചാത്തന്നൂർ മണ്ഡലത്തിൽ ക്ഷീര വികസന-മൃഗ സംരക്ഷണ വകുപ്പുകൾ നടപ്പിലാക്കിയ പദ്ധതികൾ

297(3657) ശ്രീ. ജി. എസ്. ജയലാൽ: താഴെ കാണുന്ന ചോദ്യത്തിന് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചാത്തന്നൂർ മണ്ഡലത്തിൽ ക്ഷീരവികസന, മൃഗസംരക്ഷണ വകുപ്പുകൾ മുഖേന 2021 മുതൽ നാളിതുവരെ നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമെന്നും പ്രസ്തുത പദ്ധതികൾക്ക് ഓരോന്നിനും ചെലവഴിച്ച തുക എത്രയെന്നും വിശദമാക്കാമോ?

ചാത്തന്നൂർ മണ്ഡലത്തിൽ ക്ഷീരവികസന വകുപ്പുമുഖേന 2021 മുതൽ നാളിതുവരെ നടപ്പിലാക്കിയ പദ്ധതികളും ചെലവഴിച്ച തുകയും അനുബന്ധമായി ചേർക്കുന്നു.+

ചാത്തന്നൂർ മണ്ഡലത്തിൽ ക്ഷീരവികസന വകുപ്പുമുഖേന 2021 മുതൽ നാളിതുവരെ നടപ്പിലാക്കിയ പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു.+

കൊല്ലം ജില്ലയിലുൾപ്പെട്ട ചാത്തന്നൂർ മണ്ഡലത്തിൽ കെ.എൽ.ഡി. ബോർഡ് കുടുംബശ്രീയുമായി സഹകരിച്ച് നടത്തുന്ന തീറ്റപ്പുൽ കൃഷി പദ്ധതിയിലുൾപ്പെടുത്തി ഒരു ക്ഷീരകർഷകന് 16,000 രൂപ ധനസഹായം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നൽകിയിട്ടുണ്ട്. കൂടാതെ മാതൃകാതീറ്റപ്പുൽ പ്രദർശന കേന്ദ്രം സ്ഥാപിച്ച ഒരു ക്ഷീരകർഷകന് 60,000 രൂപയും ധനസാഹയം നൽകിയിട്ടുണ്ട്.

## മൃഗസംരക്ഷണമേഖലയിലെ പ്രതിസന്ധി

298(3658) ശ്രീ. കെ. ബാബു(തൃപ്പൂണിത്തുറ):
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാങ്കേതികവിദ്യയുടെ കുറഞ്ഞ സ്വീകാര്യതയും പരിമിതമായ കരാർകൃഷി പ്രവർത്തനങ്ങളുംമൂലം കാര്യമായ പുരോഗതി കൈവരിക്കാനാകാതെ മൃഗസംരക്ഷണ മേഖല പ്രതിസന്ധി നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സാഹചര്യം ഗൗരവത്തോടെ കാണുന്നുണ്ടോ?

സാങ്കേതികവിദ്യയുടെ ഉപയോഗം ഊർജ്ജിതമാക്കുന്നത് മൃഗസംരക്ഷണമേഖലയുടെ പ്രവർത്തനത്തിൽ പുരോഗതിവരുത്താൻ കഴിയുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത്തരത്തിൽ ഗൗരവത്തോടെകണ്ടുള്ള പ്രവർത്തനങ്ങളാണ് വകുപ്പ് നടത്തുന്നത്. കരാർ കൃഷിയുടെ അഭാവം മേഖലയുടെ പ്രവർത്തനത്തെ ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

മൃഗസംരക്ഷണ-ക്ഷീരവികസന മേഖലകളിൽ സാങ്കേതികവിദ്യയുടെ

ഉയർന്നനിലയിൽ സ്വീകാര്യതയുള്ള സംസ്ഥാനങ്ങളിൽ ഒന്നായിട്ടാണ് കേരളം പൊതുവിൽ വിലയിരുത്തപ്പെടുന്നത്. ക്രോസ്സ് ബ്രീഡിംഗ്, ആർട്ടിഫിഷ്യൽ ഇൻസെമിനേഷൻ ഉൾപ്പെടെയുള്ള സാങ്കേതികവിദ്യകൾ ഈ മേഖലയിൽ വ്യാപകമായി ഉപയോഗപ്പെടുന്നുണ്ട്. ഇന്ത്യയിൽത്തന്നെ ഇത്തരം സാങ്കേതികവിദ്യകൾ ഉയർന്നനിലയിൽ ഉപയോഗിക്കുന്ന സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളം.

ജനസാന്ദ്രത കൂടുതലുള്ള സംസ്ഥാനമെന്നുള്ള നിലയിൽ കേരളത്തിൽ പ്രതിശീർഷ ഭൂലഭ്യത താരതമ്യേന കുറവാണ്. അതുകൊണ്ടുതന്നെ കരാർ കൃഷിയുടെ സാദ്ധ്യതകളും പൊതുവിൽ കുറവായിട്ടാണ് കേരളത്തിൽ വീക്ഷിക്കപ്പെടുന്നത്

(ബി) എങ്കിൽ ഈ പരിമിതികൾ പരിഹരിക്കുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ആധുനിക സാങ്കേതികവിദ്യയുടെ സ്വീകാര്യത വർദ്ധിപ്പിക്കുന്നതിനായി ഫാമുകളുടെ യന്ത്രവത്കരണം, കറവ യന്ത്രങ്ങളുടെ ഉപയോഗം, സോഫ്റ്റ്‌വെയറധിഷ്ഠിത കാലിത്തീറ്റ ഫോർമുലേഷൻ തുടങ്ങിയ സാങ്കേതിക സംവിധാനങ്ങൾ മൃഗസംരക്ഷണ വകുപ്പ് കർഷകർക്കിടയിൽ പ്രചരിപ്പിക്കുന്നുണ്ട്. കൂടാതെ മൃഗസംരക്ഷണ വകുപ്പിന്റെ പ്രവർത്തനങ്ങൾ

ഫലപ്രദമാക്കുന്നതിനും കർഷകർക്ക് മികച്ച സേവനങ്ങൾ ലഭ്യമാക്കുന്നതിനും ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള "ഭ്രമിക" മൊബൈൽ ആപ്ലിക്കേഷൻ, പുതുതായി ആവിഷ്കരിച്ചിരിക്കുന്ന "ഇ സമൃദ്ധ" സംവിധാനം തുടങ്ങിയവയിലൂടെ ലക്ഷ്യമിടുന്നു.

(സി) കാലാവസ്ഥാവ്യതിയാനം മൂലമുണ്ടാകുന്ന ഭീഷണികൾകൂടി പരിഗണിച്ചുകൊണ്ട് കന്നുകാലി മേഖലയിലെ ഭാവി സംരംഭങ്ങൾക്കായി കാലാവസ്ഥാസ്മാർട്ട് ലൈവ്സ്റ്റോക്ക് ഫാമിംഗ് രീതി നടപ്പാക്കുമോ; വിശദാംശം നൽകുമോ?

മൃഗസംരക്ഷണ വകുപ്പിന്റെ ജിയോഗ്രാഫിക് ഇൻഫർമേഷൻ സിസ്റ്റം ആയ 'ഭ്രമിക' പദ്ധതിയുടെ ഭാഗമായി മൃഗസംരക്ഷണ മേഖലയിലെ കർഷകർക്ക് അവരുടെ ചുറ്റുപാടുമുള്ള കാലാവസ്ഥാ വ്യതിയാനത്തിനനുസരിച്ച് തത്സമയ മുന്നറിയിപ്പുകൾ നൽകുന്ന സംവിധാനം കേരള ഡിജിറ്റൽ സർവ്വകലാശാലയുടെ സാങ്കേതിക സഹായത്തോടെ നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. കർഷകർക്ക് ആദ്യം SMS വഴിയും പിന്നീട് ടെലിഫോൺ വഴിയും മുന്നറിയിപ്പ് നൽകാനാണുദ്ദേശിക്കുന്നത്. ഇതുവഴി, കേരളത്തിലെ ചില പ്രദേശങ്ങളിൽ അനുഭവപ്പെടുന്ന കഠിനമായ ചൂടുമൂലം ഉരുക്കൾ

മരണപ്പെടുന്നതൊഴിവാക്കാനും കർഷകർ സാമ്പത്തിക പ്രതിസന്ധികളിൽ അകപ്പെടുന്നതൊഴിവാക്കാനും സാധിക്കും.

## മൃഗസംരക്ഷണ ക്ഷീരവികസന സുസ്ഥിര പദ്ധതികൾ

299(3659) ശ്രീമതി സി. കെ. ആശ:
ശ്രീ. പി. എസ്. സുപാൽ:
ശ്രീ. വാഴൂർ സോമൻ:
ശ്രീ. പി. ബാലചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22-ലെ ഇക്കണോമിക് സർവ്വേ പ്രകാരം രാജ്യത്തെ കാർഷികമേഖലയിലെ വളർച്ചയുടെ ഏറിയപങ്കും സംഭാവന ചെയ്യുന്നത് മൃഗസംരക്ഷണ ക്ഷീരവികസന മേഖലയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിലെ പ്രത്യേക ഉപഭോഗ തൊഴിൽസാദ്ധ്യതകൾ വിലയിരുത്തി മൃഗസംരക്ഷണ, ക്ഷീരവികസന മേഖലകളിൽ സുസ്ഥിര പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. അനിമൽ റിസോഴ്സ് ഡെവലപ്മെന്റ് (എ.ആർ.ഡി.) പദ്ധതിയുടെ കീഴിൽ ആടുവളർത്തൽ യൂണിറ്റുകൾ, മാംസാവശ്യത്തിനായി മൂരിക്കുട്ടി വളർത്തൽ പദ്ധതി, വനിതകൾക്കായി ക്ഷീര സംരഭകത്വ പദ്ധതി എന്നിവ

മൃഗസംരക്ഷണ വകുപ്പുമുഖേന നടപ്പിലാക്കുന്നു.

പാലുല്പാദനത്തിൽ സ്വയം പര്യാപ്തതയ്ക്ക് അടുത്തെത്താൻ കഴിഞ്ഞ നേട്ടം സുസ്ഥിരമാക്കുന്നതിനായി ക്ഷീരവികസന വകുപ്പിന്റെ മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതിയിൽ സർക്കാർ സബ്സിഡിയോടെ ഉരുക്കളെ വാങ്ങി നൽകുന്ന പദ്ധതികളുൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ കിടാരി പാർക്ക്, ക്ഷീര ഗ്രാമം എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

കർഷകർക്ക് ക്ഷീരോല്പാദന ചെലവ് കുറയ്ക്കുന്നതിനായി മിൽക്ക് ഇൻസെന്റീവ്, ക്ഷീരസംഘങ്ങൾ മുഖേന സബ്സിഡി നിരക്കിൽ പച്ചപ്പുല്ലും വൈയ്ക്കോലും നൽകുന്ന പദ്ധതി കൂടാതെ വിവിധങ്ങളായ തീറ്റപ്പുൽകൃഷി വികസന പദ്ധതികളും ക്ഷീരവികസന വകുപ്പ് നടപ്പിലാക്കിവരുന്നു. പാലുല്പാദനം ഗണ്യമായി വർദ്ധിക്കുന്ന നിലവിലെ സാഹചര്യത്തിൽ എല്ലാ മിൽമാ പ്ലാന്റുകളിലും പാലുല്പന്നങ്ങൾ നിർമ്മിച്ചുവരുന്നുണ്ട്. കർഷകർ ഉല്പാദിപ്പിക്കുന്ന പാൽ മുഴുവൻ സംഭരിക്കുന്നതിനും കൂടുതൽ മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള പദ്ധതി നടപ്പാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സംസ്ഥാനത്തുതന്നെ പാൽപ്പൊടി നിർമ്മിക്കുന്നതിനുള്ള പദ്ധതിയുടെ ഭാഗമായി മലബാർ മേഖലാസഹകരണ ക്ഷീരോല്പാദക യൂണിയന്റെ ഉടമസ്ഥതയിൽ മലപ്പുറം ജില്ലയിലുള്ള മൂർക്കനാട് 53 കോടി

രൂപ മുതൽ മുടക്കിൽ ആധുനിക പാൽപ്പൊടി നിർമ്മാണ ഫാക്ടറി സ്ഥാപിക്കുന്നതിനുള്ള നിർമ്മാണത്തിനായുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

(സി) അഭ്യസ്തവിദ്യരായ യുവതീയുവാക്കൾ, വനിതകൾ എന്നിവരെ ക്ഷീരവികസന, മൃഗസംരക്ഷണ മേഖലകളിലേയ്ക്ക് ആകർഷിക്കുവാൻ കഴിയുന്നവിധം സ്വകാര്യഫാമുകൾ ഉൾപ്പെടെയുള്ള സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ; ഇതിനായി കേന്ദ്ര പദ്ധതികളുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

സ്വീകരിക്കുന്നുണ്ട്. കന്നുകാലികൾ, പക്ഷികൾ എന്നിവയുടെ ആരോഗ്യത്തിനായി വെറ്ററിനറി സേവനങ്ങളുടെ ശാക്തീകരണം, രാത്രികാല വെറ്ററിനറി സേവനം, പ്രജനന സേവനങ്ങളുടെ ശാക്തീകരണം, വെറ്ററിനറി എക്സ്റ്റൻഷൻ, കന്നുകാലി ഇൻഷ്വറൻസ്, കന്നുകുട്ടി പരിപാലനം, ഡിപ്പാർട്ട്മെന്റ് ഫാമുകളുടെ ശാക്തീകരണം, അനിമൽ റിസോഴ്സ് ഡെവലപ്മെന്റ് എന്നീ പദ്ധതികൾ നടപ്പിലാക്കുന്നു. കൂടാതെ കേന്ദ്ര പദ്ധതിയായ NLM പദ്ധതിക്കുകീഴിൽ കോഴി വളർത്തൽ, പന്നി വളർത്തൽ, ആട്ടുവളർത്തൽ മേഖലകളിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള

നടപടികൾ നടന്നുവരികയാണ്.

അഭ്യസ്തവിദ്യരായ യുവതീയുവാക്കൾ, വനിതകൾ എന്നിവരെ ക്ഷീരമേഖലകളിലേയ്ക്ക് ആകർഷിക്കുവാനായി മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതി, തീറ്റപ്പുൽ കൃഷി വികസന പദ്ധതികൾ എന്നീ പദ്ധതികൾ സർക്കാർ ധനസഹായത്തോടെ ക്ഷീരവികസന വകുപ്പ് നടപ്പിലാക്കിവരുന്നു. കൂടാതെ ക്ഷീര പരിശീലന കേന്ദ്രങ്ങൾ മുഖേന വ്യക്തികൾക്കും ഗ്രൂപ്പുകൾക്കും സംരംഭങ്ങളും ചെറുകിട മൂല്യവർദ്ധിത ഉല്പന്ന യൂണിറ്റുകളും ആരംഭിക്കുന്നതിനുള്ള പരിശീലനങ്ങളും നൽകിവരുന്നു.

(ഡി) ഒരു വർഷം ഒരു ലക്ഷം സംരംഭങ്ങളെന്ന പദ്ധതിയിലുൾപ്പെടുത്തി മൃഗസംരക്ഷണ മേഖലയിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ വ്യവസായ വകുപ്പുമായി സഹകരിച്ച് ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. മൃഗസംരക്ഷണ വകുപ്പും വ്യവസായ വകുപ്പും സംയുക്തമായാണ് മൃഗസംരക്ഷണ മേഖലയിലെ സംരംഭകരെ പ്രാദേശികതലത്തിൽ കണ്ടെത്തുന്നത്. മൃഗസംരക്ഷണ മേഖലയിൽ താല്പര്യമുള്ള സംരംഭകർക്ക് നൈപുണ്യ പരിശീലനത്തിനുള്ള പ്രാരംഭ നടപടികൾ മൃഗസംരക്ഷണ വകുപ്പ് ആരംഭിച്ചിട്ടുണ്ട്. താലൂക്കുതല സംരംഭകത്വ സെമിനാറുകൾ വകുപ്പുതലത്തിൽ

വ്യവസായവകുപ്പുമായി ചേർന്ന് നടത്തുന്നതാണ്. മൃഗസംരക്ഷണ മേഖലയിലെ സംരംഭങ്ങൾക്കുള്ള വെറ്ററിനറി സേവനം ഉൾപ്പെടെയുള്ള സാങ്കേതിക സഹായം വകുപ്പിന്റെ സ്ഥാപനങ്ങൾ വഴി നൽകുന്നതാണ്.

വ്യവസായവകുപ്പുമായി സഹകരിച്ച് സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി താഴെപ്പറയുന്ന പദ്ധതികൾ ക്ഷീരവികസന വകുപ്പുമുഖേന നടപ്പാക്കാനുള്ള പ്രാരംഭനടപടികൾ സ്വീകരിച്ചുവരുന്നു.

1. തീറ്റപ്പുൽ കൃഷി - വ്യാവസായികാടിസ്ഥാനത്തിൽ തീറ്റപ്പുൽ കൃഷി നടത്തുന്നതിന് ധനസഹായം നൽകുന്ന പദ്ധതിയാണിത്.

2. കറവപശു യൂണിറ്റ് - ഒരു പശു, രണ്ട് പശു, അഞ്ച് പശു, പത്ത് പശു എന്നീ തരത്തിൽ യൂണിറ്റുകൾ ആരംഭിക്കുന്നതിന് ധനസഹായ പദ്ധതി.

3. കിടാരി വളർത്തൽ യൂണിറ്റ് 5, 10 കിടാരികളുള്ള യൂണിറ്റ് ആരംഭിക്കുന്നതിനുള്ള ധനസഹായ പദ്ധതി.

ദേശീയ കന്നുകാലി മിഷൻ

300(3660) ശ്രീ. കെ. ആൻസലൻ:
ശ്രീമതി ശാന്തകുമാരി കെ.:
ശ്രീ. ആന്റണി ജോൺ:
ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ കന്നുകാലി മിഷന്റെ (2021-22) ഭാഗമായി ഗ്രാമീണ കോഴി വളർത്തൽ, മാതൃകാ ആട്ടുവളർത്തൽ, പന്നി വളർത്തൽ തുടങ്ങിയ സംരംഭകത്വവികസന പദ്ധതിയിലുൾപ്പെടുത്തി സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കാമോ?

സ്വകാര്യ സംരംഭകർക്ക് ഗ്രാമീണ കോഴി, ആട്, പന്നി വളർത്തൽ എന്നിവയ്ക്ക് 50 ശതമാനം വരെ മൂലധന (Back ended) സബ്സിഡി നൽകുന്ന പദ്ധതിയാണിത്. കോഴി, ആട്, പന്നി വളർത്തൽ എന്നീ മേഖലകളിൽ സ്വകാര്യ സംരംഭകരെ പ്രോത്സാഹിപ്പിക്കുകയും സഹായിക്കുകയും ചെയ്യുക, രോഗമുക്തമായതും മികച്ച ഉല്പാദനശേഷിയുള്ളതുമായ കോഴി, ആട്, പന്നി എന്നിവയെ കൂടുതലായി ഉല്പാദിപ്പിക്കുക എന്നിവയാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ.

(ബി) സ്വകാര്യ വ്യക്തികൾ, സ്വയംസഹായ സംരംഭങ്ങൾ, ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷനുകൾ തുടങ്ങിയവർക്ക് നൽകിവരുന്ന സബ്സിഡികൾ അറിയിക്കാമോ?

ദേശീയ കന്നുകാലി മിഷന്റെ ഭാഗമായി ആട്ടുവളർത്തൽ സംരംഭത്തിനായി 500 പെണ്ണാട്ടുകളെയും 25 മുട്ടനാട്ടുകളെയും വളർത്തുന്ന ഒരു യൂണിറ്റിന് പദ്ധതി തുകയുടെ 50 ശതമാനം തുകയോ അല്ലെങ്കിൽ 50

ലക്ഷം രൂപയും കോഴി വളർത്തൽ സംരംഭത്തിനായി 1000 പിടക്കോഴിയും 100 പൂവൻ കോഴിയും വളർത്തുന്ന ഒരു യൂണിറ്റിന് പദ്ധതി തുകയുടെ 50 ശതമാനം തുകയോ അല്ലെങ്കിൽ 25 ലക്ഷം രൂപയും പന്നി വളർത്തൽ സംരംഭത്തിനായി 100 പെൺ പന്നിയും 10 ആൺ പന്നിയും വളർത്തുന്ന ഒരു യൂണിറ്റിന് തുകയുടെ 50 ശതമാനം തുകയോ അല്ലെങ്കിൽ 30 ലക്ഷം രൂപയും സ്വകാര്യവ്യക്തികൾ, സ്വയം സഹായ സംരംഭങ്ങൾ, ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷനുകൾ തുടങ്ങിയവർക്ക് നൽകിവരുന്നു.

(സി) പ്രസ്തുത പദ്ധതികളുടെ നിർവ്വഹണ ചുമതല ഏൽപ്പിച്ചിരുന്നത് ഏത് ഏജൻസിയെയായിരുന്നു?

പദ്ധതി കെ.എൽ.ഡി. ബോർഡും മൃഗസംരക്ഷണ വകുപ്പും ചേർന്ന് നിർവ്വഹിക്കുന്നു.

(ഡി) നടപ്പുവർഷം മേൽ പദ്ധതികളുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികളാണ് ആസൂത്രണം ചെയ്തുവരുന്നതെന്ന് അറിയിക്കുമോ?

നടപ്പുവർഷം നാളിതുവരെ 69 അപേക്ഷകൾ ലഭിക്കുകയുണ്ടായി. ലഭ്യമായ അപേക്ഷകളുടെ സൂക്ഷ്മ പരിശോധന നടന്നുവരുന്നു. സൂക്ഷ്മ പരിശോധന നടത്തിയതിൽ 39 അപേക്ഷകൾ യോഗ്യമല്ലാത്തതാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ശേഷിച്ചതിൽ 14 അപേക്ഷകർ പ്രോജക്റ്റ്

അവതരിപ്പിക്കുകയും ആയതിന്റെ ഫീൽഡ് വെരിഫിക്കേഷൻ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. 16 അപേക്ഷകരുടെ പ്രോസസിംഗ് വിവിധ ഘട്ടങ്ങളിലാണ്.

കേരള കാലിത്തീറ്റ ഗുണനിലവാര നിയന്ത്രണ നിയമം

301(3661) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള കാലിത്തീറ്റ ഗുണനിലവാര നിയന്ത്രണ നിയമം നടപ്പിൽവരുത്താൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും പ്രസ്തുത നിയമം നടപ്പാക്കാനുള്ള അധികാരം ഏത് വകുപ്പിനാണെന്നും അറിയിക്കാമോ?

കേരള കാലിത്തീറ്റ ഗുണനിലവാര നിയന്ത്രണ നിയമം നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ഈ നിയമത്തിനാവശ്യമായ കരട് ചട്ടങ്ങളുടെ രൂപീകരണവും പുരോഗമിക്കുന്നു. പ്രസ്തുത നിയമം നടപ്പാക്കാനുള്ള അധികാരം ക്ഷീരവികസന വകുപ്പിനും മൃഗസംരക്ഷണ വകുപ്പിനും സംയുക്തമായാണ്.

(ബി) വെറ്ററിനറി ഡോക്ടർമാരുടെ അഭാവത്തെക്കുറിച്ചുള്ള കർഷകരുടെ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഉദ്യോഗസ്ഥരുടെ ജോലിഭാരം പരിഗണിച്ച് കേരള കാലിത്തീറ്റ ഗുണനിലവാര നിയന്ത്രണ നിയമം നടപ്പിലാക്കുന്ന ചുമതലയിൽനിന്ന് മൃഗസംരക്ഷണ വകുപ്പിനെ ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ ഒഴിവാക്കാതിരിക്കാനുള്ള കാരണമെന്തെന്ന് വ്യക്തമാക്കാമോ?

കേരള കാലിത്തീറ്റ ഗുണനിലവാര നിയന്ത്രണ നിയമം തയ്യാറാക്കുന്നതിന് ക്ഷീരവികസന വകുപ്പിനെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. എന്നാൽ തയ്യാറാക്കുന്ന കരട് പരിശോധിച്ച് ആവശ്യമായ മാറ്റങ്ങൾ നിർദ്ദേശിക്കുക തുടങ്ങി മേൽനിയമ നിർമ്മാണത്തിനാവശ്യമായ എല്ലാ സഹായസഹകരണങ്ങളും മൃഗസംരക്ഷണ വകുപ്പ് നൽകി വരുന്നുണ്ട്. കൂടാതെ അനിമൽ ന്യൂട്രീഷനിൽ ഡോക്ടറേറ്റ് നേടിയിട്ടുള്ള ഒരു വെറ്ററിനറി ഡോക്ടറുടെ സഹായവും ക്ഷീരവികസന വകുപ്പിന് ലഭ്യമാക്കിയിട്ടുണ്ട്. കാലിത്തീറ്റ ഗുണനിലവാര നിയന്ത്രണ നിയമത്തിൽ കന്നുകാലികളുടെ മാത്രമല്ല ആട്, പന്നി, കോഴികൾ തുടങ്ങിയ മുഴുവൻ വളർത്ത് പക്ഷിമൃഗാദികളുടെ തീറ്റയുടെ അളവ് ക്രമങ്ങളും ഗുണനിലവാരവും ഈ നിയമത്തിൽ വ്യക്തമാക്കേണ്ടതുണ്ട്. ഉരുക്കളുടെ ശരീരശാസ്ത്രവും അവയുടെ വളർച്ചയ്ക്കാവശ്യമായ

പോഷകങ്ങളെക്കുറിച്ചും വിശദമായി പഠിച്ചിട്ടുള്ള വെറ്ററിനറി ഡോക്ടർമാർ അടങ്ങുന്ന മൃഗസംരക്ഷണ വകുപ്പിന്റെ ശാസ്ത്രീയ അവബോധം ഈ നിയമനിർമ്മാണത്തിലും നടപ്പിലാക്കുന്നതിലും അനിവാര്യമാണ്. ഇത്തരമൊരു നിയമം നടപ്പിലാക്കുന്ന ചുമതലയിൽനിന്ന് മൃഗസംരക്ഷണ വകുപ്പിനെ ഒഴിവാക്കാൻ സാധിക്കില്ല.

പാൽ, മുട്ട, മാംസം എന്നിവയുടെ വിപണന ശൃംഖല

302(3662) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. റോജി എം. ജോൺ:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പാൽ, മുട്ട, മാംസം എന്നിവയുടെ ഉല്പാദന പ്രക്രിയയിൽ ഉല്പാദകർ മുതൽ ഉപഭോക്താക്കൾ വരെയുള്ള ഉല്പാദന വിതരണ ക്രമത്തിൽ നിലവിലുള്ള പ്രശ്നങ്ങൾ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുകൾ ഇത്തരത്തിൽ പഠനം നടത്തിയിട്ടില്ല. എന്നാൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പതിനാലാം പഞ്ചവത്സര പദ്ധതിയുടെ ആസൂത്രണത്തിന്റെ ഭാഗമായി മൃഗസംരക്ഷണ മേഖലകളിൽ നൂതന പദ്ധതികൾ ആവിഷ്കരിക്കുന്നതിന്റെ

ഭാഗമായി 2021 സെപ്റ്റംബർ മാസത്തിൽ ഒരു ശിൽപ്പശാല സംഘടിപ്പിക്കുകയുണ്ടായി. പ്രസ്തുത ശിൽപ്പശാലയിൽ ഈ മേഖലയിലെ വിവിധ പങ്കാളികളെയുൾപ്പെടുത്തിക്കൊണ്ട് അവരുടെ വിവിധ വിഷയങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഗ്രൂപ്പ് ചർച്ചകൾ, സാങ്കേതിക സെഷനുകൾ എന്നിവ നടത്തിയിട്ടുണ്ട്. പ്രസ്തുത ശില്പശാലയിൽ ഉരുത്തിരിഞ്ഞിട്ടുള്ള ആശയങ്ങൾ സംഗ്രഹിച്ച് തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ പശു വളർത്തൽ മേഖലയിലെ ഫാം കർഷകരെ പങ്കെടുപ്പിച്ചുകൊണ്ട് 2022 മാർച്ച് 23, 24 തീയതികളിലായി കേരള ഫീഡ്സിന്റെയും കന്നുകാലി വികസന ബോർഡിന്റെയും സംയുക്താഭിമുഖ്യത്തിൽ ദ്വിദിന സെമിനാറും സംഘടിപ്പിക്കുകയുണ്ടായി.

(ബി) പാൽ, മുട്ട, മാംസം എന്നിവയുടെ വിപണന ശൃംഖല ശക്തിപ്പെടുത്തുന്നതിന് ആധുനിക സാങ്കേതികവിദ്യയിലൂന്നിയ പശ്ചാത്തലസൗകര്യങ്ങൾ ഒരുക്കേണ്ടതിന്റെ ആവശ്യകത ബോദ്ധ്യപ്പെട്ടിട്ടുണ്ടോ?

ഉണ്ട്. മാംസത്തിന്റെ വിപണന ശൃംഖല ശക്തിപ്പെടുത്തുന്നതിന് ആധുനിക സാങ്കേതികവിദ്യയിലൂന്നിയ പശ്ചാത്തലസൗകര്യങ്ങൾ ഒരുക്കേണ്ടത് വളരെ അനിവാര്യമായ കാര്യമാണ്. എം.പി.ഐ. ഡിജിറ്റൽ

മാർക്കറ്റിംഗ് ഓൺലൈൻ മാർക്കറ്റിംഗ് എന്നിവ തുടങ്ങിയിട്ടുണ്ട്. ഇത് പൂർണ്ണതോതിൽ നടത്താനുള്ള നടപടികൾ ആരംഭിക്കുന്നതാണ്. കെപ്കോ ഉല്പന്നങ്ങളുടെ (മുട്ട, മാംസം) വിപണന ശൃംഖല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ഓൺലൈൻ മാർക്കറ്റിംഗ് ആരംഭിച്ചിട്ടുണ്ട്.

(സി) ഈക്കാര്യത്തിൽ എന്തൊക്കെ തുടർനടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

മാംസോല്പാദനത്തിന് മൃഗസംരക്ഷണ വകുപ്പിന്റെ കേരള ചിക്കൻ പദ്ധതി കേരള സ്റ്റേറ്റ് പൗൾട്രി വികസന കോർപ്പറേഷൻ, കുടുംബശ്രീ, മീറ്റ് പ്രൊഡക്ട്സ് ഓഫ് ഇന്ത്യ, ബ്രഹ്മഗിരി ഡെവലപ്മെന്റ് സൊസൈറ്റി എന്നീ സ്ഥാപനങ്ങളെയുൾപ്പെടുത്തി നടത്തിവരുന്നതിന്റെ പ്രാരംഭഘട്ടത്തിലാണ്. പൊതുമേഖല സ്ഥാപനങ്ങളായ കേരള സ്റ്റേറ്റ് പൗൾട്രി വികസന കോർപ്പറേഷൻ, മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ എന്നീ സ്ഥാപനങ്ങൾ തങ്ങളുടെ ഉല്പന്നങ്ങളുടെ വിപണന ശൃംഖല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ഓൺലൈൻ മാർക്കറ്റിംഗ് ആരംഭിച്ചിട്ടുണ്ട്. ആഭ്യന്തര വിപണി വിപുലീകരണത്തിന്റെ ഭാഗമായി മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ കേരള സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ സൂപ്പർ മാർക്കറ്റ്, ഹൈപ്പർ മാർക്കറ്റ്, പീപ്പിൾസ് ബസാർ എന്നിവിടങ്ങളിൽ എം.പി.ഐ. ഇറച്ചി

ഉല്പന്നങ്ങൾ വിപണനം നടത്താനുള്ള സ്റ്റാളുകൾ തുടങ്ങാൻ നടപടികളായിട്ടുണ്ട്. മീറ്റ് പ്രോഡക്ട്സ് ഓഫ് ഇൻഡ്യയുടെ ഉല്പന്നങ്ങൾ ഹോം ഡെലിവറിയായി സ്വന്തം ഔട്ട് ലെറ്റുകളിൽനിന്ന് കമ്പനി തന്നെ നേരിട്ടും മറ്റിടങ്ങളിൽ അംഗീകൃത ഏജൻസികൾ വഴിയും നടപ്പിലാക്കിയിട്ടുണ്ട്.

## കാഞ്ഞങ്ങാട് മണ്ഡലത്തിലെ മൃഗസംരക്ഷണ ക്ഷീരവികസന പദ്ധതികൾ

303(3663) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽ മൃഗസംരക്ഷണ, ക്ഷീരവികസന വകുപ്പുകൾ നടപ്പിലാക്കിവരുന്നതും നടപ്പിലാക്കാനുദ്ദേശിക്കുന്നതുമായ പദ്ധതികളുടെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

മൃഗസംരക്ഷണ വകുപ്പിന്റെ പദ്ധതികൾ

1. വീട്ടുപടിക്കൽ രാത്രികാല അടിയന്തര മൃഗചികിത്സാ സേവനം.
2. കന്നുകാലികളും മറ്റ് വളർത്തുമൃഗങ്ങളും മരണപ്പെട്ടതിന് ധനസഹായം.
3. ഗോസമൃദ്ധി - കന്നുകാലികൾക്കുള്ള ഇൻഷ്വറൻസ് പരിരക്ഷ.
4. ഗോവർദ്ധിനി കാലിത്തീറ്റ വിതരണം.

5. കന്നുക്കുട്ടി പരിപാലന പദ്ധതിയിലുൾപ്പെടുത്തി കാലിത്തീറ്റ വിതരണം
6. വ്യാവസായികാടിസ്ഥാനത്തിൽ ആട്ടുവളർത്തൽ പരിശീലന പരിപാടി
7. Bio Waste to Manure എന്ന പദ്ധതി.
8. താറാവ് വളർത്തൽ പദ്ധതി.
9. ആട് വളർത്തൽ പദ്ധതി (6 ആടുകൾ).
10. വന്ധ്യത നിവാരണ ക്യാമ്പ് നടത്തുന്ന പദ്ധതി.
11. വ്യാവസായികാടിസ്ഥാനത്തിൽ ആട് വളർത്തൽ പദ്ധതി (20 ആടുകൾ).
12. പോത്തുക്കുട്ടി വളർത്തൽ പദ്ധതി.
13. നാഷണൽ ലൈവ്സ്റ്റോക്ക് മിഷൻ പദ്ധതിയുടെ ഭാഗമായി ആട് വളർത്തൽ പദ്ധതി (10 ആടുകൾ).
14. മൃഗസംരക്ഷണ മേഖലയിൽ എടുത്തിട്ടുള്ള വായ്പകളുടെ പലിശയിനത്തിൽ ഒരു വർഷം പരമാവധി 5,000/- രൂപ നൽകുന്ന പദ്ധതി.

ക്ഷീരവികസന വകുപ്പിന്റെ പദ്ധതികൾ

കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽ ഈ സാമ്പത്തികവർഷം തീറ്റപ്പുൽ കൃഷി പദ്ധതി നടപ്പിലാക്കുന്നതിന് അപേക്ഷകൾ ക്ഷണിച്ച് തുടർ

നടപടികൾ നടന്നുവരുന്നു. വകുപ്പിന്റെ മറ്റ് പദ്ധതികളായ മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതി ക്ഷീരസംഘങ്ങൾക്കുള്ള ധനസഹായം എന്നിവയുടെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) നടപ്പിലാക്കിവരുന്ന പദ്ധതികളുടെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ?

മൃഗസംരക്ഷണ വകുപ്പിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ നിലവിലെ അവസ്ഥ ചുവടെ ചേർക്കുന്നു.

1. വീട്ടുപടിക്കൽ രാത്രികാല മൃഗചികിത്സാ സേവനം നിലവിൽ ജില്ലയിലെ എല്ലാ ബ്ലോക്കുകളിലും നടത്തിവരുന്നു.
2. വന്ധ്യത നിവാരണ ക്യാമ്പ് നടത്തുന്നതിനാവശ്യമായി തുക അനുവദിച്ചിട്ടുണ്ട്.
3. മറ്റ് പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ പ്രാഥമിക നടപടികൾ നടന്നുവരുകയാണ്.

ക്ഷീരവികസന വകുപ്പിൽ മുൻസാമ്പത്തിക വർഷങ്ങളിൽ ലക്ഷ്യമിട്ട പദ്ധതികളെല്ലാം പൂർത്തീകരിച്ചിട്ടുണ്ട്. ഈ സാമ്പത്തികവർഷം തീറ്റപ്പുൽ കൃഷി പദ്ധതി നടപ്പാക്കുന്നതിനായുള്ള അപേക്ഷകൾ ക്ഷണിച്ചിട്ടുണ്ട്. മറ്റ് പദ്ധതികൾ ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു.

## ആലത്തൂരിലെ മൃഗസംരക്ഷണ ക്ഷീരവികസന പദ്ധതികൾ

304(3664) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിൽ മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പ് മുഖേന 2021 മുതൽ നാളിതുവരെ നടപ്പിലാക്കിയ പദ്ധതികൾ വിശദമാക്കാമോ?

മൃഗസംരക്ഷണ വകുപ്പിന്റെ പദ്ധതികൾ

1. ഗോട്ട്സാറ്റലൈറ്റ് യൂണിറ്റ്.
2. ആർ.കെ.ഐ. (റീബിൽഡ് കേരള പദ്ധതി)-യുടെ കീഴിലുള്ള ജീവനോപാധി പദ്ധതികൾ.
3. വളക്കുഴി നിർമ്മാണം.
4. കൊമേഴ്സ്യൽ ഗോട്ടറി.
5. എൻ.എൽ.എം. ഗോട്ടറി(ജനറൽ).
6. ഹോസ്പിറ്റൽ ഡെവലപ്മെന്റ് കമ്മിറ്റി.
7. സ്ട്രെങ്ത്തനിംഗ് ഓഫ് വെറ്ററിനറി സർവ്വീസ്.
8. എൻ.എൽ.എം. ഗോട്ടറി(എസ്.ടി.).
9. എൻ.എൽ.എം. ഗോട്ടറി(എസ്.സി.).

<u>ക്ഷീരവികസന വകുപ്പിന്റെ പദ്ധതികൾ</u>

1. റൂറൽ ഡയറി എക്സ്റ്റൻഷൻ ആൻഡ് അഡ്വൈസറി സർവ്വീസ്.

2. തീറ്റപ്പുൽ കൃഷി വികസന പദ്ധതി.

3. ക്ഷീരസഹകരണ സംഘങ്ങളുടെ ശാക്തീകരണം.

4. ക്ഷീരസഹകരണ സംഘങ്ങളുടെ നവീകരണം.

5. മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതി.

6. കാലിത്തീറ്റ സബ്സിഡി.

7. ഗുണനിയന്ത്രണ ലാബിന്റെ ശാക്തീകരണം.

8. ത്രിതല പഞ്ചായത്ത് പദ്ധതികൾ.

(ബി) പ്രസ്തുത പദ്ധതികൾക്കായി എത്ര രൂപ ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത പദ്ധതികൾക്കായി ആലത്തൂർ നിയോജകമണ്ഡലം പരിധിയിൽ മൃഗസംരക്ഷണ വകുപ്പ് 20,45,865/- രൂപയും (രൂപ ഇരുപത് ലക്ഷത്തി നാൽപത്തി അയ്യായിരത്തി എണ്ണൂറ്റി അറുപത്തി അഞ്ച് മാത്രം) ക്ഷീരവികസന വകുപ്പ് 1,06,61,286 /- രൂപയും (രൂപ ഒരു കോടി ആറ് ലക്ഷത്തി അറുപത്തിയൊന്നായിരത്തി ഇരുന്നൂറ്റി എൺപത്തിയാറ് മാത്രം) ചെലവഴിച്ചിട്ടുണ്ട്.

ഇറച്ചിക്കോഴി, മുട്ട എന്നിവയുടെ ഉല്പാദനത്തിൽ സ്വയംപര്യാപ്തത

305(3665) ശ്രീ. എ. സി. മെയ്തീൻ:
ശ്രീമതി ഒ. എസ്. അംബിക:
ശ്രീ. പി. നന്ദകുമാർ:
ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്താവശ്യമുള്ള ഏറിയ പങ്ക് കോഴിയിറച്ചി, മുട്ട എന്നിവയ്ക്കുവേണ്ടി അയൽസംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടിവരുന്ന സാഹചര്യംമൂലം കോഴിയിറച്ചി, കോഴിക്കുഞ്ഞുങ്ങൾ, തീറ്റ എന്നിവയ്ക്ക് നീതീകരിക്കാനാകാത്തതോതിൽ വില വർദ്ധിപ്പിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്. ഇറച്ചിയുല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് കേരളചിക്കൻ പദ്ധതിയും മുട്ടയുല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് മൃഗസംരക്ഷണവകപ്പിന്റെ പൗൾട്രി ഫാമുകളിൽനിന്നും മുട്ടക്കോഴി കുഞ്ഞുങ്ങളെ സർക്കാർ അംഗീകാരമുള്ള എഗ്ഗർ നേഴ്സറി മുഖേന വളർത്തി സർക്കാരിന്റെ തന്നെ ജനകീയാസൂത്രണ പദ്ധതി മുഖേനയും ഡിപ്പാർട്ട്മെന്റ് മുഖേനയും സർക്കാർ നിരക്കിൽ വിതരണം നടത്തുന്നു. സർക്കാർതലത്തിൽ കെ.എസ്.പി.ഡി.സി. വെറ്ററിനറി യൂണിവേഴ്സിറ്റി, കേരള ഫീഡ്സ് എന്നീ സ്ഥാപനങ്ങൾ തീറ്റ ഉല്പാദിപ്പിക്കുന്നതുകൊണ്ട് ഒരു

പരിധിവരെ തീറ്റവില നിയന്ത്രിക്കാൻ സാധിക്കും.

(ബി) ആഭ്യന്തരോല്പാദനം വർദ്ധിപ്പിക്കുന്നതിന് പുതുതായി നൂറ് കോഴിയും കൂടും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ പദ്ധതിയുടെ വിശദാംശങ്ങൾ അറിയിക്കാമോ; പ്രസ്തുത പദ്ധതി വ്യാപകമാക്കി കോഴിമുട്ട, കോഴിയിറച്ചി എന്നിവയിൽ സ്വയംപര്യാപ്തത കൈവരിക്കാൻ ലക്ഷ്യമിട്ടിട്ടുണ്ടോ?

ആഭ്യന്തരോൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി ബ്ലോക്ക് പഞ്ചായത്ത് മുഖേന 100 കോഴിയും കൂടും നൽകുന്ന പദ്ധതി കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ നടപ്പിലാക്കിവരുന്നു. സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെടുന്ന ബ്ലോക്കുകളിലെ ഓരോ പഞ്ചായത്തുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകളിൽപ്പെട്ട അഞ്ച് വീതം ഗുണഭോക്താക്കൾക്കാണ് പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നത്. ഗുണഭോക്തൃ വിഹിതമായി 5,000/- രൂപ ഓരോ ഗുണഭോക്താവും അടയ്ക്കണം.

(സി) ഗുണമേന്മയുള്ള ബ്രോയിലർ, മുട്ടക്കോഴി കുഞ്ഞുങ്ങൾ, കോഴിത്തീറ്റ എന്നിവ ആവശ്യാനുസരണം ന്യായവിലയ്ക്ക് ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്താൻ ഇടപെടൽ സാദ്ധ്യമാണോ; നിലവിൽ ഹാച്ചറികളിലെ

ഉല്പാദനശേഷി വർദ്ധിപ്പിക്കാൻ കഴിയുമോ; വിശദമാക്കുമോ?

സാദ്ധ്യമാണ്. ഹാച്ചറികളിലെ ഉല്പാദനശേഷി വർദ്ധിപ്പിക്കാൻ സാധിക്കും. പേരന്റ്സ്റ്റോക്ക് എണ്ണം വർദ്ധിപ്പിച്ച് അതുവഴി മുട്ട അധികമായി ഉല്പാദിപ്പിച്ച് കോഴികുഞ്ഞുങ്ങളുടെ ഉല്പാദനം വർദ്ധിപ്പിക്കാൻ കഴിയും. ഗുണമേന്മയുള്ള ഇറച്ചിക്കോഴി/മുട്ടക്കോഴിക്കുഞ്ഞുങ്ങൾ എന്നിവ മിതമായ നിരക്കിൽ കർഷകർക്ക് ലഭ്യമാക്കുന്നതിന് സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ (കെപ്കോ) പല പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. കെപ്കോയുടെ കീഴിൽ കൊട്ടിയത്ത് പ്രവർത്തിക്കുന്ന മുട്ടക്കോഴി വളർത്തൽ കേന്ദ്രത്തിൽ ഉല്പാദിപ്പിക്കുന്ന ഗ്രാമശ്രീ ഇനത്തിൽപ്പെട്ട മുട്ടക്കോഴിക്കുഞ്ഞുങ്ങളെ ഉല്പാദിപ്പിച്ച് കർഷകർക്ക് ലഭ്യമാക്കുന്നു. മുട്ടക്കോഴികളിൽ മികച്ച ഇനമായ ബി.വി.-380 ഇനത്തിൽപ്പെട്ട കോഴികളെ മാള യൂണിറ്റിൽ വാണിജ്യാടിസ്ഥാനത്തിൽ ഉല്പാദിപ്പിച്ച് കർഷകർക്ക് വിതരണം ചെയ്തുവരുന്നു. ഒരു വർഷം ഏകദേശം 300 മുട്ടകൾവരെ നൽകാൻ കഴിയുന്നതാണ് ബി.വി.-380 ഇനത്തിൽപ്പെട്ട കോഴികൾ. കെപ്കോ നടപ്പാക്കുന്ന വിവിധ പദ്ധതികളിലൂടെയും മേൽപ്പറഞ്ഞ രണ്ട് വിഭാഗത്തിൽപ്പെട്ട കോഴികളെ സംസ്ഥാനത്തിലൊട്ടാകെ ലഭ്യമാക്കുന്നു. സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷന്റെ കീഴിൽ തിരുവനന്തപുരം

കുടപ്പനക്കുന്നിൽ പ്രവർത്തിക്കുന്ന ഇറച്ചിക്കോഴി പ്രജനന കേന്ദ്രത്തിൽ ഉല്പാദിപ്പിക്കുന്ന മേൽത്തരം ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെ ആവശ്യമായ കർഷകർക്ക് വിതരണം ചെയ്യുന്നതിനുപുറമേ കോൺട്രാക്ട്, കുടുംബശ്രീ കോഴിവളർത്തൽ യൂണിറ്റുകൾക്കും നൽകിവരുന്നു. ഒരു വർഷം ഏകദേശം 13 ലക്ഷം ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെയാണ് ഇവിടെ ഉല്പാദിപ്പിക്കുന്നത്. കുടപ്പനക്കുന്ന് ഇറച്ചിക്കോഴി പ്രജനനകേന്ദ്രത്തിൽ പുതിയ രണ്ട് ഷെഡ്ഡുകൾ കൂടി നിർമ്മിക്കാനുള്ള നടപടികൾ പുരോഗമിക്കുന്നു. ഇവയുടെ നിർമ്മാണം പൂർത്തിയാകുമ്പോൾ മാതൃ-പിതൃ ശേഖരത്തിൽപ്പെട്ട ഇറച്ചിക്കോഴികളെ വളർത്തി കൂടുതൽ ഇറച്ചിക്കോഴി കുഞ്ഞുങ്ങളെ ഉല്പാദിപ്പിക്കുന്നതാണ്.

<u>ആട്ടുഗ്രാമം, കോഴിഗ്രാമം, മുട്ടഗ്രാമം പദ്ധതികൾ</u>

306(3666) <u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആട്ടുഗ്രാമം, കോഴിഗ്രാമം, മുട്ടഗ്രാമം പദ്ധതികൾ ഇപ്പോൾ നിലവിലുണ്ടോ?

ഇല്ല.

(ബി) പേരാമ്പ്ര മണ്ഡലത്തിലെ ഏതൊക്കെ പഞ്ചായത്തുകളിൽ പദ്ധതി നടപ്പിലാക്കിയെന്ന് വിശദമാക്കാമോ;

(സി) മണ്ഡലത്തിലെ കൂടുതൽ പഞ്ചായത്തുകളിലേയ്ക്ക് പദ്ധതി വ്യാപിപ്പിക്കാനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കാമോ?

(ബി & സി) ബാധകമല്ല.

## ഗോവർദ്ധനി പദ്ധതി

307(3667) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യത്തിന് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പശുക്കുട്ടികളെ ശാസ്ത്രീയമായി വളർത്തി മികച്ച ഉല്പാദനക്ഷമതയുള്ള പശുക്കളാക്കി മാറ്റുകയെന്ന ലക്ഷ്യത്തോടെ നടപ്പിലാക്കിവരുന്ന ഗോവർദ്ധനി പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ?

കേരളത്തിലെ തെരഞ്ഞെടുക്കപ്പെട്ട പശുക്കിടാക്കൾക്ക് സമ്പൂർണ്ണ ആരോഗ്യ സംരക്ഷണം നൽകുക വഴി പ്രായപൂർത്തിയാകുന്ന പ്രായം 15 മാസത്തിൽ താഴെയായി കുറയ്ക്കുകയും അതുവഴി ആദ്യപ്രസവം 24-26 മാസമായി കുറയ്ക്കുകയാണ് പദ്ധതി ലക്ഷ്യംവയ്ക്കുന്നത്. ഇതുവഴി രണ്ട് പ്രസവങ്ങൾ തമ്മിലുള്ള കാലയളവ് കുറയ്ക്കുകയും സങ്കരയിനം പശുക്കിടാക്കളുടെ ജനിതക സാദ്ധ്യതകൾ പൂർണ്ണമായി പ്രയോജനപ്പെടുത്തി അത്യുല്പാദനശേഷിയുള്ള പുതിയ തലമുറ പശുക്കളെ വളർത്തിയെടുക്കുക വഴി കേരളത്തിലെ പാലുല്പാദനത്തിൽ വർദ്ധനവ് കൊണ്ടുവരികയാണ്

ഗോവർദ്ധനി പദ്ധതിയുടെ ലക്ഷ്യം.

തെരഞ്ഞെടുക്കപ്പെട്ട ഓരോ കന്നുക്കുട്ടികൾക്കും 12,500 രൂപയാണ് പരമാവധി സബ്സിഡിയായി നൽകിവരുന്നത്. 2021-22 സാമ്പത്തികവർഷം ഗോവർദ്ധനിയിൽ 21590 കന്നുകുട്ടികളെയാണ് പദ്ധതിയിലേയ്ക്ക് വരി ചേർത്തിട്ടുള്ളത്.

4-6 മാസം പ്രായമുള്ള പശുക്കിടാക്കളെ/എരുമക്കുട്ടികളെയാണ് മൃഗസംരക്ഷണ വകുപ്പിന്റെ കന്നുക്കുട്ടി ജനനരജിസ്റ്ററിൽനിന്ന് ഈ പദ്ധതിക്കായി തെരഞ്ഞെടുക്കുന്നത്. തെരഞ്ഞെടുക്കപ്പെട്ട കന്നുകുട്ടികൾക്ക് 50 ശതമാനം സബ്സിഡി നിരക്കിൽ സമീകൃത കാലിത്തീറ്റ നാലാം മാസം 30 കിലോയും അഞ്ചും ആറും മാസം 45 കിലോയും ഏഴാം മാസം മുതൽ 18 മാസം വരെ 60 കിലോഗ്രാമും 19-30 മാസം വരെ 75 കിലോഗ്രാം തീറ്റയും വ്യക്തിഗത സബ്സിഡി പരിധിയിൽ പരിമിതപ്പെടുത്തി നൽകിവരുന്നു. ഈ കന്നുകുട്ടികളെ വരിചേർക്കൽ മുതൽ 32 മാസം പ്രായം വരെ 50 ശതമാനം പ്രീമിയം നിരക്കിൽ ഇൻഷ്വറൻസ് പരിരക്ഷയും നൽകുന്നു. ഗുണഭോക്താക്കൾക്ക് ശാസ്ത്രീയ കന്നുകുട്ടി വളർത്തലിൽ പരിശീലനവും നൽകും.

ഈ കന്നുക്കുട്ടികൾക്ക് വിരമരുന്ന്, ധാതുലവണ മിശ്രിതം,

കാലാകാലങ്ങളിലുള്ള വാക്സിനേഷൻ എന്നിവ ഉറപ്പാക്കുന്നു. ഈ പദ്ധതിയിൽ തീറ്റപ്പുൽ കൃഷിക്ക് പ്രോത്സാഹനം നൽകിവരുന്നു. ഓരോ മൂന്ന് മാസത്തിലൊരിക്കലും പശുക്കുട്ടികളുടെ വളർച്ച നിരീക്ഷിക്കുകയും ആവശ്യമുള്ളവർക്ക് വെറ്ററിനറി സഹായം നൽകുകയും ചെയ്യും. 15-18 മാസം പ്രായമാകുമ്പോൾ പ്രജനന നില വിലയിരുത്തുകയും ചെയ്യുന്നുണ്ട്.

<u>അറവുശാലകൾക്കും വില്പനശാലകൾക്കും പൊതുവായ മാനദണ്ഡങ്ങൾ</u>

308(3668) <u>ശ്രീ. എച്ച്. സലാം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മാംസാഹാരം കഴിക്കുന്നവരുടെ എണ്ണത്തിലുണ്ടാകുന്ന വർദ്ധനയ്ക്കനുസരിച്ച് ആധുനികരീതിയിലുള്ള അറവുശാലകളോ മാംസവിൽപ്പനശാലകളോയില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2013-ലെ സർക്കാർ സെൻസസ് പ്രകാരം 15680 ഓളം സ്ളോട്ടർ യൂണിറ്റുകൾ സംസ്ഥാനത്തുണ്ട്. 2021 ആയപ്പോൾ ഇത് വർദ്ധിച്ചിട്ടുണ്ട്. ആധുനിക രീതിയിലുള്ള അറവുശാലകൾ തുടങ്ങുന്നതിന്റെ ഭാഗമായി മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ ഇടയാറിൽ 3102 ലക്ഷം രൂപ മുതൽമുടക്കുള്ള ഒരു അത്യാധുനിക അറവുശാല നിർമ്മാണം പൂർത്തിയാക്കി

പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കൂടാതെ പഞ്ചവത്സര പദ്ധതിക്കാലത്ത് അതിർത്തി ജില്ലകൾ കേന്ദ്രീകരിച്ച് മൂന്ന് ഹൈടെക് സ്ലോട്ടർ ഹൗസുകൾ കൂടി ഇറച്ചി ഉല്പാദനത്തിനായി തുടങ്ങാനുള്ള പദ്ധതി രൂപീകരിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ അറവുശാലകൾക്കും വില്പനശാലകൾക്കും പൊതുവായ മാനദണ്ഡങ്ങൾ ഏർപ്പെടുത്തുകയും ആ മാനദണ്ഡങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുന്ന അറവുശാലകൾക്കും വില്പനശാലകൾക്കും മാത്രം ലൈസൻസുകൾ പുതുക്കി നൽകുകയും ചെയ്താൽ മാംസവില്പനയിൽ ഗുണകരമായ മാറ്റം കൊണ്ടുവരാൻ കഴിയുമോയെന്ന് അറിയിക്കുമോ?

അനധികൃത അറവുശാലകൾ വഴി രോഗം ബാധിച്ചതും ചത്തതുമായ ആടുമാടുകളുടെ മാംസം വിതരണം ചെയ്യുന്നത് ജന്തുജന്യരോഗങ്ങൾ പിടിപെടാൻ ഇടയാക്കുന്നതാണ്. ആയതിനാൽ അറവുശാലകൾക്കും വില്പനശാലകൾക്കും പൊതുവായ മാനദണ്ഡങ്ങൾ ഏർപ്പെടുത്തുകയും ആ മാനദണ്ഡങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുന്ന അറവുശാലകൾക്കും വില്പനശാലകൾക്കും മാത്രം ലൈസൻസുകൾ പുതുക്കി നൽകുകയും ചെയ്താൽ മാംസവില്പനയിൽ ഗുണകരമായ മാറ്റം കൊണ്ടുവരാൻ കഴിയുന്നതാണ്.

(സി) മാംസം ശാസ്ത്രീയമായി സംസ്കരിച്ച് വിതരണം ചെയ്യുന്നതിന്

സർക്കാർ മേഖലയിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

സർക്കാരിന്റെ നിയന്ത്രണത്തിൽ ഇടയാറിൽ പ്രവർത്തിക്കുന്ന പ്രമുഖ മീറ്റ് പ്രോസസിംഗ് സ്ഥാപനമായ മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ ലിമിറ്റഡിൽ മാംസം ശാസ്ത്രീയമായി സംസ്കരിച്ചാണ് വിതരണം ചെയ്തുവരുന്നത്. ഭക്ഷ്യസുരക്ഷാനിയമം, മൃഗങ്ങൾക്കെതിരെയുള്ള ക്രൂരതാനിരോധനനിയമം എന്നിവ അക്ഷരംപ്രതി പാലിച്ചും വിദഗ്ധരും പരിചയ സമ്പന്നരുമായ വെറ്ററിനറി ഡോക്ടർമാർ, ഫുഡ്ടെക്നോളജിസ്റ്റുകൾ, മൈക്രോബയോളജിസ്റ്റുകൾ, എഞ്ചിനീയർമാർ, മീറ്റ് ടെക്നോളജിയിൽ പ്രാവീണ്യം നേടിയ ജീവനക്കാർ എന്നിവരുടെ കൂട്ടായ പ്രവർത്തനത്തിലൂടെയും അത്യാധുനിക യന്ത്രസാമിഗ്രികളുടെ സഹായത്താലും ശാസ്ത്രീയമായ രീതിയിലാണ് എം.പി.ഐ. ഇറച്ചി സംസ്കരണം നടത്തുന്നത്. ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ പ്രധാനമായും അത്യാധുനിക ബൊവൈൻപ്ലാന്റ്, സ്വൈൻ പ്ലാന്റ്, ചില്ലർ റൂമുകൾ, ഫ്രീസിംഗ് റൂമുകൾ, ശുചീകരിച്ച ടേബിളുകൾ, കട്ടിംഗ് ബ്ലേഡുകൾ, കത്തികൾ, ഫുഡ്ഗ്രേഡ്ക്വളിറ്റി കവറുകൾ, കോൾഡ്ചെയിൻ സമ്പ്രദായം ഘടിപ്പിച്ച റീഫർവാനുകൾ, ഇ.റ്റി.പി. പ്ലാന്റ്, റെന്ററിംഗ് പ്ലാന്റ്, ബയോഗ്യാസ് പ്ലാന്റ്,

ക്വാളിറ്റി ടെസ്റ്റ് ലാബ്, എന്നിവയും കൂടാതെ മൃഗങ്ങൾക്ക് വിശ്രമിക്കുവാനുള്ള വിസ്താരമായ ലെയ്റേജികളും സജ്ജീകരിച്ചിട്ടുണ്ട്.

സർക്കാർ ഉടമസ്ഥതയിലുള്ള മറ്റൊരു പൊതുമേഖലാ സ്ഥാപനമായ കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷന്റെ തിരുവനന്തപുരം പേട്ടയിൽ പ്രവർത്തിക്കുന്ന മീറ്റ് പ്രോസസിംഗ് പ്ലാന്റിൽ മാംസം ശാസ്ത്രീയമായി സംസ്കരിച്ച് ശുചിത്വം പാലിച്ചുകൊണ്ടുമാണ് വിതരണം ചെയ്യുന്നത്.

## ത്രിതല മൃഗചികിത്സാ സംവിധാനം

309(3669) ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:
ശ്രീ. എ. പ്രഭാകരൻ:
ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മൃഗപരിപാലനത്തിലും ക്ഷീരോല്പാദനത്തിലും കൈവരിക്കാൻ കഴിഞ്ഞിട്ടുള്ള നേട്ടം നിലനിർത്തുന്നതിന് മൃഗചികിത്സാ സൗകര്യങ്ങൾ പര്യാപ്തമായി വിപുലീകരിക്കേണ്ടതിന്റെ ആവശ്യകത കണക്കിലെടുത്ത് നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ?

• മൃഗചികിത്സയ്ക്കത്യാവശ്യമായ മരുന്നുകൾ മൃഗാശുപത്രികൾ വഴി

സൗജന്യമായി കർഷകർക്ക് ലഭ്യമാക്കിവരുന്നു.

* മൃഗചികിത്സ കർഷകരുടെ കൈയെത്തും ദൂരത്ത് എത്തിക്കുകയെന്ന ലക്ഷ്യത്തോടെ വ്യാപകമായി മെഡിക്കൽ ക്യാമ്പുകളും കന്നുകാലി ക്ലിനിക്കുകളും വന്ധ്യതാനിവാരണ ക്ലിനിക്കുകളും നടത്തുന്നതിന് പദ്ധതിയുണ്ട്.
* പാലോട് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആനിമൽ ഹെൽത്ത് ആൻഡ് വെറ്ററിനറി ബയോളജിക്കൽ വഴി സംസ്ഥാനത്തിനാവശ്യമായ വാക്സിനുകൾ ഉല്പാദിപ്പിച്ച്, മൃഗാശുപത്രികൾ വഴി കർഷകർക്ക് ലഭ്യമാക്കിവരുന്നു. നിലവിൽ പത്തിനം വാക്സിനുകളാണ് ഇവിടെ ഉല്പാദിപ്പിക്കുന്നത്.
* കർഷകരുടെ വീട്ടുപടിക്കൽ രാത്രികാല അടിയന്തര മൃഗചികിത്സാ സേവനം നൽകുന്ന പദ്ധതി സംസ്ഥാനത്തെ 152 ബ്ലോക്കുകളിലും മൂന്ന് കോർപ്പറേഷനുകളിലും നെയ്യാറ്റിൻകര മുൻസിപ്പാലിറ്റിയിലുൾപ്പെടെ 156 കേന്ദ്രങ്ങളിൽ നടപ്പിലാക്കിവരുന്നു. വൈകിട്ട് 6 മണി മുതൽ പിറ്റേന്ന് രാവിലെ 6 മണി വരെയാണ് സേവനം നൽകുന്നത്.

(ബി) സംസ്ഥാനത്ത് ആധുനിക രോഗനിർണ്ണയ സംവിധാനങ്ങൾ ഏർപ്പെടുത്തി ത്രിതല മൃഗചികിത്സാ സംവിധാനം നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

മൃഗസംരക്ഷണ വകുപ്പിനുകീഴിൽ സംസ്ഥാനത്ത് മൂന്ന് തലത്തിലുള്ള മൃഗാരോഗ്യപരിപാലന സംവിധാനമാണുള്ളത്. 215 വെറ്ററിനറി ആശുപത്രികളും 885 വെറ്ററിനറി ഡിസ്പെൻസറികളും താലൂക്കുതലത്തിൽ 50 വെറ്ററിനറി പോളിക്ലിനിക്കുകളും ജില്ലാതലത്തിൽ 14 ജില്ലാ വെറ്ററിനറി കേന്ദ്രങ്ങളും പ്രവർത്തിച്ചുവരുന്നുണ്ട്. ഇവ കൂടാതെ സഞ്ചരിക്കുന്ന മൃഗാശുപത്രികൾ/ജില്ലാതല ക്ലിനിക്കൽ ലാബുകൾ, സംസ്ഥാനതല മുഖ്യരോഗനിർണ്ണയ കേന്ദ്രം, നാല് പ്രാദേശിക രോഗനിർണ്ണയ ലബോറട്ടറികൾ, സംസ്ഥാനതല വന്ധ്യതാ നിവാരണ ഓഫീസ്, സാംക്രമികരോഗ വിശകലന യൂണിറ്റ്, കന്നുകാലി ഉല്പന്ന പരിശോധനാ ലബോറട്ടറി, അതിർത്തി ചെക്ക് പോസ്റ്റുകൾ എന്നിവയും ഉൾപ്പെടുന്നുണ്ട്. തിരുവനന്തപുരം ജില്ലയിലെ കുടപ്പനക്കുന്നിൽ ആധുനിക സജ്ജീകരണങ്ങളുള്ള മൾട്ടി സ്പെഷ്യാലിറ്റി ഹോസ്പിറ്റലും പ്രവർത്തിച്ചുവരുന്നുണ്ട്.

## പട്ടാമ്പി മണ്ഡലത്തിലെ സ്മാർട്ട് മൃഗാശുപത്രികൾ

310(3670) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 വർഷത്തെ ബഡ്ജറ്റിൽ മൃഗസംരക്ഷണം,

ക്ഷീരവികസനം എന്നീ വകുപ്പുകൾക്ക് അനുവദിച്ചിട്ടുള്ള പദ്ധതി തുകയുടെ വിവരങ്ങൾ വകുപ്പ് തിരിച്ച് നൽകുമോ?

2022-23 വർഷത്തിൽ മൃഗസംരക്ഷണ വകുപ്പിന് ബഡ്ജറ്റിൽ അനുവദിച്ചിട്ടുള്ള പദ്ധതി തുകയുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+ 2022-23 വർഷത്തിൽ ക്ഷീരവികസന വകുപ്പ് മുഖേന തുക അനുവദിച്ചിട്ടുള്ള പദ്ധതികൾ ചുവടെ ചേർക്കുന്നു.

<u>ബഡ്ജറ്റിൽ അനുവദിച്ചിട്ടുള്ള തുക (ലക്ഷം രൂപയിൽ)</u>

1. ഗ്രാമീണ വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ- 595
2. തീറ്റപ്പുൽ കൃഷി-760
3. ക്ഷീരസംഘങ്ങളുടെ ശാക്തീകരണം-2998
4. മിൽക്ക്ഷെഡ് ഡെവലപ്മെന്റ് പദ്ധതി- 4028
5. കാലിത്തീറ്റ സബ്സിഡി- 500
6. ഗുണനിയന്ത്രണ ലാബുകളുടെ ശാക്തീകരണം- 400
7. ക്ഷീരകർഷക ക്ഷേമനിധി ബോർഡിനുള്ള ധനസഹായം - 25
8. ബ്രഹ്മഗിരി ഡെവലപ്മെന്റ് സൊസൈറ്റിക്കുള്ള ധനസഹായം- 50
9. കേരള സ്റ്റേറ്റ് ഡയറി മാനേജ്മെന്റ് ഇൻഫർമേഷൻ സെന്റർ- 50
10. വയനാട് പാക്കേജ്- 25

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

11. ക്ഷീരസംഘങ്ങൾക്കുള്ള മൂലധന സഹായം- 500

ആകെ തുക - 9,931 ലക്ഷം

(ബി) പട്ടാമ്പി മണ്ഡലത്തിലുൾപ്പെടുന്ന മുതുതല മൃഗാശുപത്രിയുടെ കെട്ടിട നിർമ്മാണത്തിന് പ്ലാൻ ഫണ്ടിൽനിന്നും തുക അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

നിലവിൽ പരിഗണനയിലില്ല.

(സി) പട്ടാമ്പി മണ്ഡലത്തിൽ സ്മാർട്ട് മൃഗാശുപത്രികൾ അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

സ്മാർട്ട് മൃഗാശുപത്രികൾ എന്ന പേരിൽ മൃഗസംരക്ഷണ വകുപ്പിൽ സ്ഥാപനങ്ങൾ നിലവിലില്ല.

<u>കോഴിക്കർഷകരെ സഹായിക്കാൻ നടപടികൾ</u>

311(3671) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കോഴിക്കർഷകരെ സഹായിക്കാൻ നടപടിയുണ്ടാകുമോ?

സംസ്ഥാനത്തെ കോഴിക്കർഷകരെ സഹായിക്കാനായി മിതമായ

നിരക്കിൽ സർക്കാർ ഫാമിൽ കോഴിക്കുഞ്ഞുങ്ങളെ ഉല്പാദിപ്പിച്ച് കർഷകർക്ക് വിതരണം നടത്തുന്നുണ്ട്. ഇറച്ചിക്കോഴി/മുട്ടക്കോഴി രംഗത്ത് പ്രവർത്തിക്കുന്ന കർഷകർ നേരിടുന്ന ഏറ്റവും വലിയ പ്രശ്നങ്ങളിലൊന്നാണ് ഗുണനിലവാരമുള്ള കോഴിക്കുഞ്ഞുങ്ങളുടെ ദൗർലഭ്യം. സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ (കെപ്കോ)-യുടെ അധീനതയിൽ തിരുവനന്തപുരം ജില്ലയിലെ കുടപ്പനക്കുന്നിൽ പ്രവർത്തിക്കുന്ന ഇറച്ചിക്കോഴി പ്രജനന കേന്ദ്രത്തിൽ ഉല്പാദിപ്പിക്കുന്ന ഗുണമേന്മയുള്ള വെൻകോബ് ഇനത്തിൽപ്പെട്ട ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെ മിതമായ നിരക്കിൽ കർഷകർക്ക് ലഭ്യമാക്കുന്നു. കൊല്ലം ജില്ലയിലെ കൊട്ടിയം ഫാമിൽനിന്നും ഗ്രാമശ്രീ ഇനത്തിൽപ്പെട്ട മുട്ടക്കോഴിക്കുഞ്ഞുങ്ങളെ കുറഞ്ഞ വിലയ്ക്ക് കർഷകർക്ക് ലഭിക്കുന്നതാണ്. വർഷത്തിൽ 300 വരെ മുട്ട നൽകാൻ കഴിയുന്ന മികച്ച ഇനമായ ബി.വി.380 കോഴിക്കുഞ്ഞുങ്ങൾ കോപ്കോയുടെ മാള യൂണിറ്റിൽ ലഭ്യമാണ്. കെപ്കോ നടപ്പിലാക്കുന്ന വിവിധ പദ്ധതികളിലൂടെ സംസ്ഥാനമൊട്ടാകെ ഈ ഇനത്തിൽപ്പെട്ട കോഴികളെ വിതരണം ചെയ്യുന്നു. അതിനുപുറമെ അഞ്ച് കോഴികളെ വളർത്താൻ കഴിയുന്ന ആധുനിക തരത്തിലുള്ള കൂട്ടുകൾ മിതമായ നിരക്കിൽ തിരുവനന്തപുരം ജില്ലയിലെ പേട്ടയിൽനിന്നും ലഭിക്കുന്നു.

കോഴികളുടെ രോഗചികിത്സയ്ക്കാവശ്യമായ മരുന്നുകളും വാക്സിനുകളും 5-

15 ശതമാനം ഡിസ്കൗണ്ടിൽ പേട്ടയിലെ കെപ്കോ ന്യായവില മെഡിക്കൽ സ്റ്റോറിൽനിന്നും കർഷകർക്ക് വിതരണം ചെയ്യുന്നു. ജനുവരി 2020 മുതൽ കേരള ഫീഡ്സ് കോഴിത്തീറ്റ കുറഞ്ഞ അളവിൽ ന്യായമായ വിലയിൽ വിപണിയിൽ ലഭ്യമാക്കിവരുന്നുണ്ട്.

(ബി) കോഴിത്തീറ്റയ്ക്കും കോഴിക്കുഞ്ഞിനും വ്യാപകമായ തോതിൽ വില വർദ്ധിപ്പിക്കുന്ന ഇതരസംസ്ഥാന ലോബികളുടെ പ്രവർത്തനത്തിന് തടയിടാൻ തദ്ദേശീയമായി ഇവ ലഭ്യമാക്കാൻ നടപടികളുണ്ടാകുമോ?

കോഴിയിറച്ചി വിപണിയിലെ അന്യസംസ്ഥാന കുത്തക ലോബികളുടെ ചൂഷണത്തിന് കടിഞ്ഞാണിടാൻ സർക്കാർ പൊതുമേഖലാ സ്ഥാപനമായ സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ (കെപ്കോ) മേൽത്തരം ഇറച്ചിക്കോഴികളെയും മുട്ടക്കോഴികളെയും ഉല്പാദിപ്പിച്ച് കർഷകർക്ക് വിതരണം ചെയ്യുന്നു. കെപ്കോയുടെ അധീനതയിലുള്ള കുടപ്പനക്കുന്ന് ഇറച്ചിക്കോഴി പ്രജനന കേന്ദ്രത്തിൽ വെൻകോബ് ഇനത്തിൽപ്പെട്ട ഇറച്ചിക്കോഴിക്കുഞ്ഞുങ്ങൾ മിതമായ നിരക്കിൽ കർഷകർക്ക് ലഭിക്കുന്നു. ഗുണമേന്മ ഉറപ്പുവരുത്തിയ ബി.വി.380, ഗ്രാമശ്രീ ഇനങ്ങളിൽപ്പെട്ട മുട്ടക്കോഴികളെയും കെപ്കോയിൽനിന്നും കർഷകർക്ക് ലഭിക്കുന്നു. അന്യസംസ്ഥാനങ്ങളിൽനിന്നും എത്തിച്ചേരുന്ന കോഴിക്കുഞ്ഞുങ്ങളുടെ

ഗുണമേന്മ നിർണ്ണയിക്കുവാൻ നിലവിൽ മാർഗ്ഗങ്ങളില്ല. എന്നാൽ കെപ്കോ വിതരണം ചെയ്യുന്ന കോഴിക്കുഞ്ഞുങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നുണ്ട്. കൂടാതെ കെ.എസ്.പി.ഡി.സി., വെറ്ററിനറി യൂണിവേഴ്സിറ്റി, കേരള ഫീഡ്സ് ലിമിറ്റഡ് എന്നീ സ്ഥാപനങ്ങൾ വഴി കോഴിത്തീറ്റ തദ്ദേശീയമായി മിതമായ നിരക്കിൽ ലഭ്യമാക്കുന്നുണ്ട്. മൃഗസംരക്ഷണ വകുപ്പിന്റെ പൗൾട്രി ഫാമുകളിൽനിന്നും മുട്ടക്കോഴി കുഞ്ഞുങ്ങളെ സർക്കാർ അംഗീകാരമുള്ള എഗ്ഗർ നഴ്സറി മുഖേന വളർത്തി സർക്കാരിന്റെ തന്നെ ജനകീയാസൂത്രണ പദ്ധതി മുഖേനയും വകുപ്പുമുഖേനയും സർക്കാർ നിരക്കിൽ വിതരണം നടത്തി കർഷകരെ സഹായിക്കുന്നുണ്ട്.

രാജ്യവ്യാപകമായി വിപണിയിൽ ചോളത്തിന്റെ വില 25 ശതമാനം വരെ വർദ്ധിച്ചിട്ടും കേരള ഫീഡ്സ് കോഴിത്തീറ്റയുടെ വിലയിൽ വർദ്ധനവ് വരുത്തിയിട്ടില്ല.

## പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷന്റെ പദ്ധതികൾ

312(3672) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷൻ മുഖേന നടപ്പുവർഷം നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ 2022-23 സാമ്പത്തികവർഷത്തിൽ കെപ്‌കോ വനിതാമിത്രം, കെപ്‌കോ ആശ്രയ, 100 കോഴിയും കൂട്ടും പദ്ധതി, കുഞ്ഞുകൈകളിൽ കോഴിക്കുഞ്ഞ് എന്നീ പദ്ധതികൾ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് നടപ്പിലാക്കുന്നതാണ്.

(ബി) പ്രസ്തുത പദ്ധതികളുടെ നിർവ്വഹണരീതിയും വിശദവിവരങ്ങളും ലഭ്യമാക്കുമോ?

2022-23 സാമ്പത്തികവർഷത്തിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങളും നിർവ്വഹണരീതികൾ എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.+

(സി) കഴിഞ്ഞ സാമ്പത്തികവർഷം പ്രസ്തുത കോർപ്പറേഷൻ മുഖേന നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ; ഇതിനായി എത്ര തുക വിനിയോഗിച്ചുവെന്ന് വ്യക്തമാക്കുമോ?

കഴിഞ്ഞ സാമ്പത്തികവർഷം കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ നടപ്പാക്കിയ പദ്ധതികളും ചെലവഴിച്ച തുകയുടെയും വിശദാംശങ്ങളും അനുബന്ധമായി ചേർത്തിരിക്കുന്നു.+

<u>മൃഗാശുപത്രിയിൽ രാത്രികാല സേവനം</u>

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

313(3673) <u>ശ്രീ. കെ. പി. മോഹനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂത്തുപറമ്പ് നിയോജകമണ്ഡലത്തിലെ കൂത്തുപറമ്പ് ബ്ലോക്കിലുൾപ്പെട്ട മൃഗാശുപത്രിയിൽ രാത്രികാല സേവനം പ്രാവർത്തികമായിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ?

നിലവിൽ കൂത്തുപറമ്പ് ബ്ലോക്കിൽ രാത്രികാല സേവനത്തിന് ഡോക്ടർ ഉണ്ട്.

(ബി) മൃഗാശുപത്രിയിൽ മിക്കപ്പോഴും ആവശ്യത്തിന് മരുന്നുകൾ ഇല്ലാത്തത് കർഷകരെ പ്രയാസത്തിലാക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ജനകീയാസൂത്രണ പദ്ധതി പ്രകാരം മെഡിസിൻ വാങ്ങാൻ പദ്ധതി സമർപ്പിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ മൊബൈൽ ഡിസ്പെൻസറി വഴിയും മരുന്ന് വിതരണം നടത്തിവരുന്നുണ്ട്.

(സി) മൃഗചികിത്സയുമായി ബന്ധപ്പെട്ട് കർഷകർക്കുണ്ടാകുന്ന ഭാരിച്ച

സാമ്പത്തിക ബാദ്ധ്യത പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ?

ജനകീയാസൂത്രണ പദ്ധതി പ്രകാരം മെഡിസിൻ വാങ്ങാൻ പദ്ധതി സമർപ്പിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത് നിലവിൽവന്നുകഴിഞ്ഞാൽ കർഷകരുടെ ഭാരിച്ച സാമ്പത്തിക ബാദ്ധ്യതയ്ക്ക് പരിഹാരമാകും.

<u>മൊബൈൽ ടെലിവെറ്ററിനറി യൂണിറ്റ്</u>

314(3674) <u>ശ്രീ. പി. വി. ശ്രീനിജിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലാരംഭിച്ച മൊബൈൽ ടെലിവെറ്ററിനറി യൂണിറ്റിൽനിന്ന് എന്തെല്ലാം സേവനങ്ങളാണ് ലഭ്യമാകുന്നതെന്ന് വ്യക്തമാക്കാമോ?

ഓരോ ആഴ്ചയിലും നിശ്ചിത ദിവസം ഓരോ ബ്ലോക്കുകളിലെയും തെരഞ്ഞെടുക്കപ്പെട്ട മൃഗാശുപത്രി പരിസരത്ത് ടെലിവെറ്ററിനറി യൂണിറ്റിന്റെ സേവനം ലഭ്യമാക്കുന്നുണ്ട്. പ്രസ്തുത ദിവസം സംബന്ധിച്ച കൃത്യമായ അറിയിപ്പ് ചീഫ് വെറ്ററിനറി ഓഫീസർ മുഖേന കർഷകർക്ക് ലഭ്യമാക്കുന്നുണ്ട്. ജില്ലയിലുള്ള ടെലിവെറ്ററിനറി യൂണിറ്റുകൾ ജില്ലയിലെ കർഷകരുടെ ആവശ്യമനുസരിച്ചും ചികിത്സയുടെ പ്രാധാന്യമനുസരിച്ചും

വിവിധ സ്ഥലങ്ങളിൽ ലഭ്യമാക്കുന്നുണ്ട്. ടെലിവെറ്ററിനറി യൂണിറ്റിന്റെ സേവനം ലഭ്യമാക്കുന്നതിന് ബന്ധപ്പെടേണ്ട ഫോൺ നമ്പർ വകുപ്പിന്റെ എല്ലാ മൃഗസംരക്ഷണ സ്ഥാപനങ്ങളിലും പ്രദർശിപ്പിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ടെലിവെറ്ററിനറി യൂണിറ്റിൽ മൃഗചികിത്സാ ലാബ് സൗകര്യങ്ങൾ മുതലായവ ലഭ്യമാക്കുന്നുണ്ട്. അനിമൽ ലിഫ്റ്റിംഗ് മെഷീനും ഡിജിറ്റൽ എക്സ്റേ മെഷീൻ ഉൾപ്പെടെ അത്യാധുനിക സജ്ജീകരണങ്ങളോടുകൂടിയ നൂതന ചികിത്സാ സംവിധാനമാണ് ഈ പദ്ധതിയിലൂടെ ജനങ്ങളുടെ സേവനത്തിനായി ഉപയോഗിക്കുവാൻ സജ്ജീകരിച്ചിരിക്കുന്നത്.

(ബി) പ്രസ്തുത യൂണിറ്റിലേയ്ക്ക് നിയോഗിക്കപ്പെട്ട ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ?

റീബിൽഡ് കേരളാ ഇനിഷ്യേറ്റീവ് പദ്ധതി പ്രകാരം പ്രാദേശിക അടിസ്ഥാനത്തിൽ എറണാകുളം, കണ്ണൂർ ജില്ലകളിൽ ഓരോ ടെലിവെറ്ററിനറി യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന വെറ്ററിനറി സർജൻ, റേഡിയോ ഗ്രാഫർ, അറ്റൻഡർ കം ഡ്രൈവർ എന്നീ ജീവനക്കാരുടെ തസ്തികകളാണ് നിലവിലുള്ളത്.

(സി) മൊബൈൽ ടെലിവെറ്ററിനറി യൂണിറ്റിന്റെ സേവനം

പൊതുജനങ്ങൾക്ക് എപ്രകാരമാണ് ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

1. ടെലിവെറ്ററിനറി യൂണിറ്റുകളുടെ ചുമതല അതത് ജില്ലകളിലെ ചീഫ് വെറ്ററിനറി ഓഫീസറിൽ നിക്ഷിപ്തമാണ്. ആവശ്യകത അനുസരിച്ച് ജില്ലയിലെ വിവിധ സ്ഥലങ്ങളിൽ ടെലിവെറ്ററിനറി യൂണിറ്റുകൾ ലഭ്യമാക്കേണ്ടത് ടിയാളുടെ ഉത്തരവാദിത്വമാണ്.

2. ആഴ്ചയിൽ നിശ്ചിത ദിവസം ഓരോ ബ്ലോക്കുകളിലെയും തെരഞ്ഞെടുക്കപ്പെട്ട മൃഗാശുപത്രി പരിസരത്ത് ടെലിവെറ്ററിനറി യൂണിറ്റിന്റെ സേവനം ലഭ്യമാക്കുന്നുണ്ട്. പ്രസ്തുത ദിവസം സംബന്ധിച്ച കൃത്യമായ അറിയിപ്പ് ചീഫ് വെറ്ററിനറി ഓഫീസർ മുഖേന കർഷകർക്ക് ലഭ്യമാക്കുന്നുണ്ട്.

3. ജില്ലാ പഞ്ചായത്തുമായി ബന്ധപ്പെട്ട് ടി യൂണിറ്റിന്റെ തുടർ വർഷങ്ങളിലേയ്ക്കുള്ള സുഗമമായ പ്രവർത്തനത്തിനുവേണ്ടുന്ന പദ്ധതികൾ നടത്തുന്നുണ്ട്.

4. ജനങ്ങളിൽ സേവനമെത്തിക്കുകയെന്ന ഉദ്ദേശത്തോടെ പദ്ധതിയിൽ വെറ്ററിനറി സർജൻ, റേഡിയോ ഗ്രാഫർ, ഡ്രൈവർ കം അറ്റൻഡന്റ് എന്നിവരെ തുടർന്നുകൊണ്ടുപോകുന്നതിനും അവരുടെ വേതനം,

മരുന്നുകൾ, വാഹനം പ്രവർത്തിപ്പിക്കുന്നതിനുള്ള ഇന്ധനം, വാഹനത്തിന്റെ പരിപാലനം, ഇൻഷ്വറൻസ്, അറ്റകുറ്റപ്പണികൾ, മുതലായവയ്ക്കുള്ള തുകകൾ കണ്ടെത്തുവാൻ വകുപ്പ് പ്രത്യേകം ശ്രദ്ധ ചെലുത്തുന്നുണ്ട്.

5. ഓരോ യൂണിറ്റിലും ചികിത്സ സംബന്ധമായ രജിസ്റ്ററുകളും അനുബന്ധ രജിസ്റ്ററുകളും പരിപാലിക്കുന്നുണ്ട്.

6. ജില്ലയിലുള്ള ടെലിവെറ്ററിനറി യൂണിറ്റുകൾ ജില്ലയിലെ കർഷകരുടെ ആവശ്യമനുസരിച്ചും ചികിത്സയുടെ പ്രാധാന്യമനുസരിച്ചും വിവിധ സ്ഥലങ്ങളിൽ ലഭ്യമാക്കുന്നുണ്ട്.

7. ടെലിവെറ്ററിനറി യൂണിറ്റിന്റെ സേവനം ലഭ്യമാക്കുന്നതിന് ബന്ധപ്പെടേണ്ട ഫോൺ നമ്പർ വകുപ്പിന്റെ എല്ലാ മൃഗസംരക്ഷണ സ്ഥാപനങ്ങളിലും പ്രദർശിപ്പിക്കുവാൻ ആവശ്യംവേണ്ട നടപടി സ്വീകരിച്ചിട്ടുണ്ട്.

8. ടെലിവെറ്ററിനറി യൂണിറ്റുകളുടെ സേവനങ്ങൾ, ചികിത്സാ, ലാബ് സൗകര്യങ്ങൾ മുതലായവയ്ക്കുള്ള നിശ്ചിത ഫീസ് ഡിജിറ്റൽ രൂപത്തിൽ (POS, Google Pay പോലുള്ള മറ്റ് രൂപത്തിൽ) മാത്രമെ സ്വീകരിക്കുന്നുള്ളൂ.

9. ടെലിവെറ്ററിനറി യൂണിറ്റ് വഴി കർഷകർക്ക് സേവനം ലഭ്യമാകുമ്പോൾ ആയതിന് കൃത്യമായ രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്.

10. ടെലിവെറ്ററിനറി യൂണിറ്റ് വഴി കർഷകർക്ക് സേവനം ലഭ്യമാകുമ്പോൾ ചികിത്സാ സംബന്ധമായ വിവരങ്ങൾ MISHA ഫോർമാറ്റിൽ രേഖപ്പെടുത്തി സൂക്ഷിക്കുന്നുണ്ട്.

പോളിക്ലിനിക്കുകൾ

315(3675) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പോളിക്ലിനിക്കുകൾ ഇല്ലാത്ത താലൂക്കുകൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ?

ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ബി) പോളിക്ലിനിക്കുകളില്ലാത്ത താലൂക്കുകളിൽ പുതിയ പോളിക്ലിനിക്കുകൾ അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഇപ്പോൾ പരിഗണനയിലില്ല.

മണിയൂർ ഗ്രാമപഞ്ചായത്തിൽ മൃഗാശുപത്രി

316(3676) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണിയൂർ ഗ്രാമപഞ്ചായത്തിൽ മൃഗാശുപത്രി നിർമ്മാണത്തിനായി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എസ്റ്റിമേറ്റ് ഉൾപ്പെടുത്തി സമർപ്പിച്ചിട്ടുള്ള അപേക്ഷയുടെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ?

മണിയൂർ ഗ്രാമപഞ്ചായത്തിൽ മൃഗാശുപത്രി നിർമ്മാണത്തിനായി വിശദമായ എസ്റ്റിമേറ്റ് സഹിതമുള്ള പ്രൊപ്പോസൽ മൃഗസംരക്ഷണ ഡയറക്ടർ പൊതുമരാമത്ത് വകുപ്പിനോടാവശ്യപ്പെട്ടിട്ടുണ്ട്. പ്രൊപ്പോസൽ ലഭിക്കുന്നമുറയ്ക്ക് ഭരണാനുമതി നൽകുന്നത് പരിഗണിക്കുന്നതാണ്.

(ബി) നിലവിലെ മൃഗാശുപത്രി കെട്ടിടം ജീർണ്ണാവസ്ഥയിലായതിനാൽ പ്രസ്തുത പ്രവൃത്തിക്ക് അടിയന്തരമായി ഭരണാനുമതി നൽകുന്നത് പരിഗണനയിലുണ്ടോയെന്ന് അറിയിക്കാമോ?

മണിയൂർ ഗ്രാമപഞ്ചായത്തിൽ മൃഗാശുപത്രി നിർമ്മാണത്തിനായി വിശദമായ എസ്റ്റിമേറ്റ് സഹിതമുള്ള പ്രൊപ്പോസൽ മൃഗസംരക്ഷണ ഡയറക്ടർ പൊതുമരാമത്ത് വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രൊപ്പോസൽ ലഭിക്കുന്നമുറയ്ക്ക് ഭരണാനുമതി നൽകുന്നത് പരിഗണിക്കുന്നതാണ്.

## നെടുങ്കുന്നം മൃഗാശുപത്രിക്ക് പുതിയ കെട്ടിടം

317(3677) ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിലെ നെടുങ്കുന്നം

മൃഗാശുപത്രി പ്രവർത്തിക്കുന്ന വാടക കെട്ടിടം കാലപ്പഴക്കത്താൽ ബലക്ഷയം വന്ന് ചോർന്നൊലിക്കുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) മൃഗാശുപത്രി നിർമ്മിക്കുന്നതിന് ഗ്രാമപഞ്ചായത്ത് കൊഴുങ്ങാലൂർ ചിറയുടെ സമീപത്തായി സ്ഥലം കൈമാറി നൽകിയിട്ടുണ്ടോ?

ഇല്ല.

(സി) എത്രയുംവേഗം നെടുങ്കുന്നം മൃഗാശുപത്രിക്ക് പുതിയ കെട്ടിടം പണിയുന്നതിന് തുക അനുവദിക്കാൻ നടപടി സ്വീകരിക്കാമോ?

ഇപ്പോൾ പരിഗണനയിലില്ല.

വെറ്ററിനറി ഡോക്ടർമാരുടെ സേവനം

318(3678) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ ക്ഷീരകർഷകർക്ക് വെറ്ററിനറി ഡോക്ടർമാരുടെ സേവനം രാത്രികാലങ്ങളിൽ ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

വയനാട് ജില്ലയിൽ ക്ഷീരകർഷകർക്ക് വെറ്ററിനറി ഡോക്ടർമാരുടെ സേവനം രാത്രികാലങ്ങളിൽ ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ

ചുവടെ ചേർക്കുന്നു.

1) 24 മണിക്കൂർ സേവനം നൽകുന്ന മൃഗാശുപത്രികൾ - ദിവസം മൂന്ന് ഷിഫ്റ്റുകളിലായി മൃഗചികിത്സാ സേവനം നൽകുന്നു.

2) രാത്രികാല മൃഗചികിത്സാ സേവനം വീട്ടുപടിക്കൽ (സംസ്ഥാന പദ്ധതി)-ബ്ലോക്കടിസ്ഥാനത്തിൽ അടിയന്തര മൃഗചികിത്സാസേവനം രാത്രികാലങ്ങളിൽ കർഷകന്റെ വീട്ടുപടിക്കൽ ലഭ്യമാക്കുന്നു.

(ബി) ജില്ലയിലെ ഏതെല്ലാം മൃഗാശുപത്രികളിലാണ് ഇത്തരം സേവനം ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കാമോ?

24 മണിക്കൂർ സേവനം നൽകുന്ന മൃഗാശുപത്രികൾ:-

(എ) വെറ്ററിനറി പോളിക്ലിനിക് സുൽത്താൻ ബത്തേരി

(ബി) വെറ്ററിനറി പോളിക്ലിനിക് മാനന്തവാടി

രാത്രികാല മൃഗചികിത്സാ സേവനം വീട്ടുപടിക്കൽ സംസ്ഥാന പദ്ധതി:-

(എ) ജില്ലാ വെറ്ററിനറി കേന്ദ്രം കല്പറ്റ (കല്പറ്റ ബ്ലോക്ക്)

(ബി) വെറ്ററിനറി പോളിക്ലിനിക് സുൽത്താൻ ബത്തേരി (സുൽത്താൻ ബത്തേരി ബ്ലോക്ക്)

(സി) വെറ്ററിനറി പോളിക്ലിനിക് മാനന്തവാടി (മാനന്തവാടി ബ്ലോക്ക്)

(ഡി) വെറ്ററിനറി ഹോസ്പിറ്റൽ പുൽപ്പള്ളി (പനമരം ബ്ലോക്ക്)

(സി) കഴിഞ്ഞ ഒരുവർഷക്കാലം വയനാട് ജില്ലയിൽ എത്ര ക്ഷീരകർഷകർക്ക് രാത്രികാല സേവനം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

കഴിഞ്ഞ ഒരുവർഷക്കാലം വയനാട് ജില്ലയിൽ 2504 ക്ഷീരകർഷകർക്ക് രാത്രികാല സേവനം നൽകിയിട്ടുണ്ട്.

## പുനലൂർ വെറ്ററിനറി പോളിക്ലിനിക്കിന്റെ പ്രവർത്തനം

319(3679) ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ വെറ്ററിനറി പോളിക്ലിനിക്കിന്റെ സുഗമമായ പ്രവർത്തനത്തിന് ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ, അറ്റൻഡർ തുടങ്ങിയ തസ്തികകളിലാവശ്യമായ ജീവനക്കാരില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലവിൽ ഒരു ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടറെ സ്പെഷ്യൽ ഡ്യൂട്ടിയിലാണ് നിയമിച്ചിട്ടുള്ളത്. ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ, അറ്റൻഡർ തസ്തിക പുനർവിന്യസിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(ബി) കൊല്ലം ജില്ലയുടെ കിഴക്കൻ മലയോരമേഖലയിലെ കർഷകർ പുനലൂർ വെറ്ററിനറി പോളിക്ലിനിക്കിലെ സൗകര്യങ്ങളുടെ അപര്യാപ്തതമൂലം മൃഗങ്ങളുടെ സർജറിക്കായി കൊല്ലം ജില്ലാ വെറ്ററിനറി കേന്ദ്രത്തെ

ആശ്രയിക്കേണ്ടിവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സങ്കീർണ്ണ ശസ്ത്രക്രിയ, വിദഗ്ദ്ധ സേവനം എന്നിവ ആവശ്യമായിവരുന്ന സാഹചര്യത്തിലും പുനലൂർ വെറ്ററിനറി പോളിക്ലിനിക്കിലെ സൗകര്യങ്ങളുടെ അപര്യാപ്തതമൂലവും മൃഗങ്ങളുടെ സർജറിക്കായി കൊല്ലം ജില്ലാ വെറ്ററിനറി കേന്ദ്രത്തെ ആശ്രയിക്കേണ്ടി വരുന്നുണ്ട്.

(സി) വെറ്ററിനറി പോളിക്ലിനിക് 24 മണിക്കൂറും പ്രവർത്തിക്കുന്നതിനാവശ്യമായ തസ്തികകൾ പുതുതായി സൃഷ്ടിക്കുകയോ പുനർവിന്യാസത്തിലൂടെ ക്രമീകരിക്കുകയോ ചെയ്യുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ?

ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ, അറ്റൻഡർ തസ്തികകൾ പുനർവിന്യസിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഡി) പ്രസ്തുത പോളിക്ലിനിക്കിലേയ്ക്ക് പുനലൂർ ആർ.പി. വിജിലൻസ് യൂണിറ്റിലെ എൽ. ഐ. തസ്തിക പുനർവിന്യസിക്കുന്നതിനും അറ്റൻഡർ തസ്തിക കണ്ടെത്തുന്നതിനും സത്വരനടപടികൾ സ്വീകരിക്കുമോ?

പ്രസ്തുത പോളിക്ലിനിക്കിലേയ്ക്ക് പുനലൂർ ആർ.പി.വിജിലൻസ് യൂണിറ്റിലെ എൽ.ഐ. തസ്തിക പുനർവിന്യസിക്കുന്നതിനും അറ്റൻഡർ

തസ്തിക കണ്ടെത്തുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു.

## മലപ്പുറം ജില്ലയിലെ വെറ്ററിനറി പോളിക്ലിനിക്കുകൾ

320(3680) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ നിലമ്പൂർ താലൂക്കിൽ വെറ്ററിനറി പോളിക്ലിനിക്കുകൾ പ്രവർത്തിക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ; പ്രസ്തുത ജില്ലയിൽ വെറ്ററിനറി പോളിക്ലിനിക്കുകൾ എവിടെയെല്ലാമാണുള്ളതെന്ന് അറിയിക്കാമോ?

മലപ്പുറം ജില്ലയിലെ നിലമ്പൂർ താലൂക്കിൽ വെറ്ററിനറി പോളിക്ലിനിക്കുകൾ പ്രവർത്തിക്കുന്നില്ല. പ്രസ്തുത ജില്ലയിൽ വെറ്ററിനറി പോളിക്ലിനിക്കുകൾ പ്രവർത്തിക്കുന്ന സ്ഥലങ്ങൾ ചുവടെ ചേർക്കുന്നു:-

ഈശ്വരമംഗലം (പൊന്നാനി താലൂക്ക്), പെരിന്തൽമണ്ണ (പെരിന്തൽമണ്ണ താലൂക്ക്), തിരൂർ (തിരൂർ താലൂക്ക്), മഞ്ചേരി (ഏറനാട് താലൂക്ക്) എന്നിവിടങ്ങളിലാണ് നിലവിൽ വെറ്ററിനറി പോളിക്ലിനിക്കുകൾ പ്രവർത്തിച്ചുവരുന്നത്.

(ബി) പ്രസ്തുത ജില്ലയിലെ എല്ലാ താലൂക്കുകളിലും വെറ്ററിനറി പോളിക്ലിനിക്കുകളാരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഇല്ലെങ്കിൽ നടപടി

സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(സി) താലൂക്കാസ്ഥാനമായ നിലമ്പൂർ വെറ്ററിനറി ആശുപത്രിയെ വെറ്ററിനറി പോളിക്ലിനിക്കായി ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(ബി&സി) ഇപ്പോൾ പരിഗണനയിലില്ല.

<u>മുട്ട, ഇറച്ചിക്കോഴി ഉല്പാദന വർദ്ധനവ്</u>

321(3681) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>:
<u>ശ്രീ. കെ. പ്രേംകുമാർ</u>:
<u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>:
<u>ശ്രീ. എം. നൗഷാദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മുട്ട, ഇറച്ചിക്കോഴിയുല്പാദനത്തിൽ നിർണ്ണായക വളർച്ച കൈവരിക്കുന്നതിനായി ഈ സർക്കാരിന്റെ കാലയളവിൽ നടപ്പാക്കിയ വികസന പദ്ധതികൾ സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. ഇറച്ചിയുല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് കേരളചിക്കൻ പദ്ധതിയും മുട്ട ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് മൃഗസംരക്ഷണവകുപ്പിന്റെ പൗൾട്രി ഫാമുകളിൽനിന്നും മുട്ടക്കോഴി കുഞ്ഞുങ്ങളെ സർക്കാർ അംഗീകാരമുള്ള എഗ്ഗർ നഴ്സറി മുഖേന

വളർത്തി സർക്കാരിന്റെതന്നെ ജനകീയാസൂത്രണ പദ്ധതി മുഖേനയും ഡിപ്പാർട്ട്മെന്റ് മുഖേനയും സർക്കാർ നിരക്കിൽ വിതരണം നടത്തുന്നു.

കുടുംബശ്രീ വഴി മുട്ടക്കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിലേയ്ക്കും പോഷാകഹാരം ലഭ്യത ഉറപ്പാക്കുന്നതിലേയ്ക്കും 2021-22 മുതൽ മുട്ടക്കോഴി പ്രൊഡ്യൂസർ ഗ്രൂപ്പ് പദ്ധതി നടത്തിവരുന്നു. 50 കോഴികൾ വാങ്ങുന്നതിലേയ്ക്ക് കുറഞ്ഞത് അഞ്ച് അംഗങ്ങളുള്ള അയൽക്കൂട്ട ഗ്രൂപ്പിന് 10,000/- രൂപ വരെ സ്റ്റാർട്ട് അപ്പ് ഫണ്ട് അനുവദിച്ചുവരുന്നു. 2021-22 സാമ്പത്തികവർഷത്തിൽ 49,30,000/- രൂപ വിനിയോഗിച്ച് 493 മുട്ടക്കോഴി യൂണിറ്റ് രൂപീകരിച്ചു. കൂടാതെ ചെറുകിട മുട്ടക്കോഴി ചെയ്യാൻ താല്പര്യമുള്ള അംഗങ്ങൾക്ക് കുടുംബശ്രീ സി.ഡി.എസ്.-കൾ വഴി നാല് ശതമാനം പലിശയ്ക്ക് മൂലധനം ലോണായി നൽകുന്നതിനുള്ള കമ്മ്യൂണിറ്റി എന്റർപ്രൈസസ് ഫണ്ട് സ്കീമുകളും നിലവിലുണ്ട്.

കുടുംബശ്രീ, കേരള ചിക്കൻ പദ്ധതിയുടെ നടത്തിപ്പിനായി ഉല്പാദനം മുതൽ വിപണനം വരെയുള്ള എല്ലാ പ്രവർത്തനങ്ങളും ഏകോപിപ്പിക്കുന്നതിനുവേണ്ടി കുടുംബശ്രീ ബ്രോയ്ലർ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി ലിമിറ്റഡ് എന്ന പേരിൽ പ്രൊഡ്യൂസർ കമ്പനി രൂപീകരിച്ചു. നിലവിൽ കർഷകർക്ക് ഇന്റഗ്രേഷൻ ഫീസ് (വളർത്തുകൂലി)

നൽകുന്ന രീതിയിൽ കുടുംബശ്രീ ബ്രോയ്ലർ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിയുടെ നേതൃത്വത്തിൽ കേരള ചിക്കൻ പദ്ധതി നടത്തിവരുന്നു. കുടുംബശ്രീയുടെ നേതൃത്വത്തിൽ തിരുവനന്തപുരം, കൊല്ലം, കോട്ടയം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നീ ആറ് ജില്ലകളിലായി നടപ്പിലാക്കിയ കേരള ചിക്കൻ പദ്ധതിയുടെ ഭാഗമായി 270 ബ്രോയ്ലർ ഫാമുകളും 94 കേരള ചിക്കൻ ഔട്ട്ലെറ്റുകളും പ്രവർത്തിക്കുന്നുണ്ട്. നാളിതുവരെയായി ഏകദേശം 8610276 കിലോ കോഴിയിറച്ചി വിപണിയിലെത്തിക്കുവാൻ കുടുംബശ്രീ വഴി സാധിച്ചിട്ടുണ്ട്.

(ബി) ഈ മേഖലയിൽ പൊതുമേഖലാ സ്ഥാപനമായ കെപ്കോ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശം നൽകാമോ?

സംസ്ഥാനത്ത് മുട്ട, മാംസം എന്നിവയുടെ ലഭ്യതയിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ പല പദ്ധതികളും നടപ്പിലാക്കിവരുന്നു. തിരുവനന്തപുരം ജില്ലയിലെ കുടപ്പനക്കുന്നിൽ പ്രവർത്തിക്കുന്ന ഇറച്ചിക്കോഴി പ്രജനന കേന്ദ്രത്തിൽ ഉല്പാദിപ്പിക്കുന്ന ഇറച്ചിക്കോഴികളെ കോൺട്രാക്ട് ഫാമിംഗ് പദ്ധതിയിലൂടെ കുടുംബശ്രീ യൂണിറ്റുകൾക്ക് വളർത്താൻ നൽകുകയും 45 ദിവസം പ്രായം ആകുമ്പോൾ കെപ്കോ തന്നെ വിലയ്ക്കെടുത്ത് സ്വന്തം പ്രോസസ്സിംഗ്

പ്ലാന്റിൽ സംസ്കരിച്ച് കോഴിയിറച്ചിയും അനുബന്ധ ഉല്പന്നങ്ങളുമാക്കി കെപ്കോ ഏജൻസികൾ വഴി ഉപഭോക്താക്കൾക്ക് മിതമായ വിലയ്ക്ക് ലഭ്യമാക്കുന്നു.

തിരുവനന്തപുരം, കൊല്ലം പത്തനംതിട്ട ജില്ലകളിൽ കെപ്കോ ഏജൻസികൾ പ്രവർത്തിച്ചുവരുന്നു. ഇതിനുപുറമെ ഇറച്ചി കോഴികുഞ്ഞുങ്ങളെ ചെറുകിട കോഴിവളർത്തൽ കർഷകർക്ക് കുടപ്പനക്കുന്ന് ഹാറിയിൽനിന്നും മിതമായ നിരക്കിൽ ലഭ്യമാക്കുന്നുണ്ട്. ഇപ്പോൾ പ്രതിവർഷം 12 ലക്ഷം ഇറച്ചി കോഴികുഞ്ഞുങ്ങളെ ഉല്പാദിപ്പിക്കുന്ന ഈ ഫാമിൽനിന്നും 20 ലക്ഷം ഇറച്ചി കോഴികുഞ്ഞുങ്ങളെ ഉല്പാദിപ്പിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യ വികസനം നടന്നുകൊണ്ടിരിക്കുകയാണ്. സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ നടപ്പിലാക്കിയ വിവിധ പദ്ധതികളിലൂടെ കേരളത്തിലെ മുട്ട ഉല്പാദനം ഗണ്യമായി വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇപ്പോൾ വനിതാ മിത്രം, കെപ്കോ ആശ്രയ, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് വേണ്ടിയുള്ള പ്രത്യേക പദ്ധതി, ബ്ലോക്ക് പഞ്ചായത്തുതല കോഴിവളർത്തൽ പദ്ധതി എന്നിവ നടപ്പിലാക്കിവരുന്നു. കെപ്കോ നടപ്പാക്കിയ വിവിധ പദ്ധതികളിലൂടെ കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ ഏകദേശം 74 കോടി മുട്ടകൾ അധികമായി ഉല്പാദിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. തത്ഫലമായി അയൽ

സംസ്ഥാനങ്ങളിൽനിന്നുമുള്ള കോഴി മുട്ടയുടെ വരവ് ഗണ്യമായി കുറഞ്ഞിട്ടുള്ളതായി കാണുന്നു.

(സി) സേഫ് ടു ഈറ്റ് ഉല്പന്നങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി വനിതാ സംരംഭകർക്ക് മുൻഗണന നൽകിക്കൊണ്ടുള്ള പദ്ധതികൾ ആവിഷ്കരിക്കുവാൻ തയ്യാറാകുമോ; വിശദമാക്കുമോ?

സേഫ് ടു ഈറ്റ് ഉല്പന്നങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി വനിതാ സംരംഭകർക്ക് മുൻഗണന നൽകികൊണ്ടുള്ള പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. പാൽ, മുട്ട, മാംസം ഉൾപ്പെടെ തനിനാടൻ ഉല്പന്നങ്ങൾ കുടുംബശ്രീ സംരംഭകരിലൂടെ നിർമ്മിച്ച് വിപണനം നടത്തിവരുന്നു. ഇവ വിപണി അധിഷ്ഠിതമായി പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. മൂല്യവർദ്ധിത ഉല്പന്ന രൂപീകരണത്തിനായി ഡയറി പ്ലാന്റ് വഴിയുള്ള പരിശീലനങ്ങളുൾപ്പെടെ വനിതാ സംരംഭകർക്ക് ഈ മേഖലയിലേക്കുവേണ്ട പിന്തുണ കുടുംബശ്രീ വഴി ലഭ്യമാക്കുന്നുണ്ട്. പരീക്ഷണാടിസ്ഥാനത്തിൽ കേന്ദ്രീകൃത രീതിയിൽ ബ്രാൻഡ് ഉല്പന്നങ്ങൾ പുറത്തിറക്കുന്നതിനും സംരംഭകർക്ക് പ്രോത്സാഹനം നൽകുന്നതിനും ആവശ്യമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നുണ്ട്. കുടുംബശ്രീയുടെ നേതൃത്വത്തിൽ പ്രോസസ്സിംഗ് പ്ലാന്റ് ആരംഭിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

ഇവ ആരംഭിക്കുന്നമുറയ്ക്ക് സംസ്കരിച്ച കോഴിയിറച്ചി, മൂല്യവർദ്ധിത ഉല്പന്നങ്ങൾ എന്നിവ വിപണയിൽ എത്തിക്കുവാൻ കുടുംബശ്രീക്ക് സാധിക്കും.

## തീറ്റപ്പുൽ കൃഷി

322(3682) ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. സി. ആർ. മഹേഷ്:
ഡോ. മാത്യു കുഴൽനാടൻ:
ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ കുറെ വർഷങ്ങളായി തീറ്റപ്പുൽ കൃഷിയിടങ്ങളുടെ വിസ്തൃതി കുറഞ്ഞുവരുന്ന കാര്യം ഗൗരവത്തോടെ പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

പരിശോധിച്ചിട്ടുണ്ട്. സംസ്ഥാനത്ത് കഴിഞ്ഞ വർഷങ്ങളായി ഉണ്ടാകുന്ന പ്രകൃതിക്ഷോഭങ്ങളും കൂടാതെ ആധുനികവത്കരണവുംമൂലം തീറ്റപ്പുൽ കൃഷിയ്ക്കുള്ള സ്ഥലലഭ്യത കുറഞ്ഞുവരുന്നതായികാണുന്നു. എന്നാൽ തീറ്റപ്പുൽ കൃഷിയുടെ നോഡൽ ഏജൻസിയെന്ന നിലയിൽ ക്ഷീരവികസന വകുപ്പ് മുൻകയ്യെടുത്ത് തരിശുനിലങ്ങളിൽ തീറ്റപ്പുൽ കൃഷി വ്യാപിപ്പിക്കുന്നുണ്ട്. കൂടാതെ വിവിധങ്ങളായ തീറ്റപ്പുൽ കൃഷി വികസന പദ്ധതികളും നടപ്പിലാക്കിവരുന്നു.

(ബി) സംസ്ഥാനത്തിനാവശ്യമായ തീറ്റപ്പുല്ലിന്റെ 46 ശതമാനം മാത്രമാണ് നിലവിൽ ഉല്പാദിപ്പിക്കുന്നതെന്നതിനാൽ തീറ്റപ്പുൽ കൃഷിയിലേയ്ക്ക് കൂടുതൽ കർഷകരെ ആകർഷിക്കുന്നതിനുവേണ്ടി സബ്സിഡി തുക വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

തീറ്റപ്പുൽ കൃഷിയിലേയ്ക്ക് കൂടുതൽ കർഷകരെ ആകർഷിക്കുന്നതിനുവേണ്ടി ക്ഷീരവികസന വകുപ്പ് സബ്സിഡിയോടുകൂടി വിവിധങ്ങളായ തീറ്റപ്പുൽ കൃഷി വികസന പദ്ധതികൾ നടപ്പിലാക്കിവരുന്നു. തീറ്റപ്പുൽ കൃഷിക്കുള്ള സബ്സിഡി മുൻവർഷത്തേക്കാൾ വർദ്ധിപ്പിച്ചിട്ടുണ്ട്. നിലവിലെ സബ്സിഡി നിരക്ക് ചുവടെ ചേർത്തുകൊള്ളുന്നു.

1. 20 സെന്റ് സ്ഥലത്തിനുമുകളിൽ തീറ്റപ്പുൽ കൃഷി ചെയ്യുന്നതിന് ഹെക്ടറിന് 24,250/- രൂപ ധനസഹായം നൽകുന്നു. 20 സെന്റിന് താഴെ കൃഷി ചെയ്യുന്നവർക്ക് സൗജന്യമായി തീറ്റപ്പുൽക്കടകൾ നൽകുന്നു.

2. ഒരു ഏക്കറിൽ താഴെയുള്ള തീറ്റപ്പുൽ കൃഷി തോട്ടങ്ങൾക്ക് ജലസേചന സൗകര്യം ഒരുക്കുന്നതിനായി 10,000/- രൂപ വരെ ധനസഹായം.

3. ഒരു ഏക്കറിനുമുകളിൽ തീറ്റപ്പുൽ കൃഷി തോട്ടങ്ങൾ ജലസേചന സൗകര്യം ഒരുക്കുന്നതിനായി പരമാവധി 25,000/- രൂപ വരെ

ധനസഹായം.

4. തരിശുനിലത്ത് തീറ്റപ്പുൽ കൃഷിക്കായി ഹെക്ടറിന് 94,272/- രൂപ ധനസഹായം നൽകുന്നു.

5. തീറ്റപ്പുൽ കൃഷി യന്ത്രവൽക്കരണത്തിനായി ക്ഷീരകർഷകർക്ക് 10,000/- രൂപ ധനസഹായം നൽകുന്ന പദ്ധതി.

6. മക്കച്ചോളം കൃഷി ചെയ്യുന്നതിന് ഹെക്ടറിന് 15,785/- രൂപ ധനസഹായം

7. ഹൈഡ്രോപോണിക്സ് തീറ്റപ്പുൽ കൃഷി പദ്ധതി.

കൂടാതെ, സ്വയം സഹായസംഘങ്ങൾ മുഖേന തീറ്റപ്പുൽ കൃഷി വ്യാപന-വിപണന പദ്ധതികൾക്കായി 75,000/- രൂപ ധനസഹായം നൽകുന്നു, വൃക്ഷവിളകൾ വിതരണം ചെയ്യുന്ന പദ്ധതി എന്നീ പദ്ധതികളും ക്ഷീരവികസനവകുപ്പ് നടപ്പിലാക്കിവരുന്നു.

(സി) വ്യാവസായികമായി തീറ്റപ്പുൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് അനുയോജ്യമായ കരാർകൃഷി മാതൃകകൾ നടപ്പാക്കുമോ; വിശദാംശം നൽകുമോ?

വ്യാവസായികമായി തീറ്റപ്പുൽ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് തരിശുഭൂമികളിലും ഉപയോഗശൂന്യമായ സ്ഥലങ്ങളിലും

വാണിജ്യാടിസ്ഥാനത്തിൽ തീറ്റപ്പുൽ കൃഷി വ്യാപിപ്പിക്കുന്നതിനുള്ള പദ്ധതികൾ ക്ഷീരവികസന വകുപ്പ് മുൻകയ്യെടുത്ത് നടപ്പാക്കിവരുന്നു. വനിതാ സ്വയംസഹായ സംഘങ്ങളിലുൾപ്പെട്ട വനിതകൾക്ക് തങ്ങളുടെ വരുമാനമാർഗ്ഗം വർദ്ധിപ്പിക്കുന്നതിനായി തീറ്റപ്പുൽ കൃഷി വ്യാപന പദ്ധതിയിലെ തീറ്റപ്പുൽ കൃഷിയും വിപണനവും എന്ന ഘടക പദ്ധതിയിലൂടെ ധനസഹായം നൽകിവരുന്നു. കൂടാതെ, തരിശുഭൂമിയിലെ തീറ്റപ്പുൽ കൃഷി, യന്ത്രവൽക്കരണ പദ്ധതികൾ, മക്കച്ചോളം കൃഷി ചെയ്യുന്നതിനുള്ള പദ്ധതികൾ ജലസേചന സൗകര്യത്തിനായുള്ള പദ്ധതികൾ തുടങ്ങിയവ തീറ്റപ്പുൽ കൃഷി ഒരു തൊഴിലായി സ്വീകരിച്ചുവരുന്നവരെ പ്രോത്സാഹിപ്പിക്കുന്നതിനായി ആവിഷ്കരിച്ചിട്ടുണ്ട്.

ഈ സാമ്പത്തികവർഷം തീറ്റപ്പുൽ കൃഷി പദ്ധതി നടപ്പിലാക്കുന്നതിനുള്ള അപേക്ഷകൾ ക്ഷണിച്ച് തുടർനടപടികൾ നടന്നുവരുന്നു.

പ്രസ്തുത പദ്ധതി മുഖാന്തരം 2021-22 സാമ്പത്തികവർഷം 87 ഹെക്ടർ തരിശുഭൂമിയിൽ തീറ്റപ്പുൽ കൃഷി നടപ്പിലാക്കിയിട്ടുണ്ട്. 2022-23 വർഷം 51 ഹെക്ടർ തരിശുഭൂമിയിൽ തീറ്റപ്പുൽ കൃഷി നടപ്പാക്കാനുദ്ദേശിക്കുന്നു.

<u>മാംസ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് നടപടി</u>

323(3683) ശ്രീ. അൻവർ സാദത്ത്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മാംസ ഉല്പാദനം മാംസത്തിന്റെ ആവശ്യകതയെക്കാൾ കുറവാണെന്ന സാമ്പത്തിക സർവ്വേയിലെ നിരീക്ഷണം ഗൗരവത്തോടെ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ആഭ്യന്തര ആവശ്യകതയെക്കാൾ എത്ര മെട്രിക് ടൺ കുറവാണ് നിലവിലെ ഉല്പാദനമെന്ന് വ്യക്തമാക്കുമോ?

പരിശോധിച്ചിട്ടുണ്ട്. 2021-22 വർഷത്തിൽ 463506 മെട്രിക് ടൺ ഉല്പാദനവും 22235 മെട്രിക് ടൺ ഇറക്കുമതിയും ഉൾപ്പെടെ 485741 മെട്രിക് ടൺ മാംസം സംസ്ഥാനത്ത് ലഭ്യമായിട്ടുണ്ട്. എകദേശം 566299 മെട്രിക് ടൺ മാംസം സംസ്ഥാനത്ത് ഉപഭോഗത്തിനായി അവശ്യമുണ്ടെന്ന് കണക്കാക്കുന്നു. അതനുസരിച്ച് 80558 മെട്രിക് ടൺ കുറവുണ്ടെന്ന് കണക്കാക്കുന്നു.

മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യയുടെ (എം.പി.ഐ.) ശരാശരി വാർഷിക ഇറച്ചി ഉല്പാദനം 600 മെട്രിക് ടൺ ആണ്.

(ബി) കഴിഞ്ഞ രണ്ട് സാമ്പത്തിക വർഷങ്ങളിൽ എത്ര മെട്രിക് ടൺ

സംസ്കരിച്ച മാംസം ഇറക്കുമതി ചെയ്തുവെന്ന് വ്യക്തമാക്കാമോ?

2020-21 - 14307.350 മെട്രിക് ടൺ

2021-22 - 22235.170 മെട്രിക് ടൺ

മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ കഴിഞ്ഞ രണ്ട് സാമ്പത്തികവർഷങ്ങളിൽ സംസ്കരിച്ച മാംസം ഇറക്കുമതി ചെയ്തിട്ടില്ല.

(സി) മാംസത്തിന്റെ ആഭ്യന്തരാവശ്യം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ സംസ്ഥാനത്ത് മാംസ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

കോഴിയിറച്ചിയുടെ ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും ശുദ്ധമായ മാംസം ഉണഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനുമായി കുടുംബശ്രീ, KEPCO, MPI എന്നീ സ്ഥാപനങ്ങളുമായി ചേർന്ന് കേരള ചിക്കൻ പദ്ധതി നടപ്പിലാക്കുന്നു. കൂടാതെ പോത്തുകുട്ടി വളർത്തൽ, ആട് വളർത്തൽ പന്നിവളർത്തൽ എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനായി വിവിധ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ ഇടയാറിൽ ഒരു അത്യാധുനിക ഇറച്ചി സംസ്കരണശാല നിർമ്മാണം പൂർത്തിയാക്കി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇതിൽ പ്രതിദിനം ഒരു ഷിഫ്റ്റിൽ 400 മൃഗങ്ങളെ കശാപ്പുചെയ്ത് 26 മെട്രിക് ടൺ ഇറച്ചി ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കാൻ

കഴിയുന്നതാണ്. റീബിൾഡ് കേരള ഇൻഷിയേറ്റീവ് സ്കീമിലുൾപ്പെടുത്തി കേരള ചിക്കൻ പദ്ധതിയുടെ ഭാഗമായി ഒരു പൗൾട്രി പ്രോസസിംഗ് പ്ലാന്റ് സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കാസർഗോഡ് വികസന പാക്കേജിന്റെ ഭാഗമായി കാള/പോത്ത്/ആട് തുടങ്ങിയവയുടെ ഇറച്ചി സംസ്കരിക്കുന്നതിനുള്ള സംസ്കരണ പ്ലാന്റും മടിക്കൈ പഞ്ചായത്തിൽ സ്ഥാപിക്കാനുള്ള നടപടികൾ പുരോഗമിക്കുന്നു. പുനലൂർ ഏരൂർ പഞ്ചായത്തിൽ മൂല്യവർദ്ധിത ഇറച്ചി ഉല്പന്ന സംസ്കരണ പ്ലാന്റിന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്.

തദ്ദേശീയ കന്നുകാലി ഇനങ്ങളുടെ സംരക്ഷണം

324(3684) ശ്രീ. സജീവ് ജോസഫ്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സങ്കര ഇനത്തിൽപ്പെട്ട വിദേശീയ കന്നുകാലികളുടെ പ്രജനന പ്രവർത്തനങ്ങളിൽ കൂടുതൽ ശ്രദ്ധപതിപ്പിക്കുന്നതിനാൽ സംസ്ഥാനത്ത് മെച്ചപ്പെട്ട രോഗപ്രതിരോധശക്തിയും തീറ്റ കാര്യക്ഷമത അനുപാതവുമുള്ള തദ്ദേശീയയിനങ്ങളുടെ എണ്ണം കുറയുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

എങ്കിൽ ഇക്കാര്യം പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 2012-ലെ കന്നുകാലികളുടെ കാനേഷുമാരി പ്രകാരം നാടൻ പശുക്കളുടെ എണ്ണം 77045 ആയിരുന്നത് 2019-ൽ 82692 ആയി 7.3 ശതമാനം നിരക്കിൽ ഉയർന്നിട്ടുണ്ട്. ഇതിൽ പശുക്കളുടെയും പശുക്കുട്ടികളുടെയും എണ്ണം 2012-ൽ 64566 ഉണ്ടായിരുന്നത് 2019-ൽ 69552 ആയി 7.7 ശതമാനം നിരക്കിൽ ഉയർന്നിട്ടുണ്ട്.

(ബി) ഇന്ത്യൻ തദ്ദേശീയ ഇനങ്ങളുടെ സംരക്ഷണത്തിനും ഉല്പാദനക്ഷമത മെച്ചപ്പെടുത്തുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

വെച്ചൂർ, കാസർഗോഡ് കുള്ളൻ പശുക്കളെ അതെ ജനസിൽപ്പെട്ട വിത്തുകാളകളുടെ ബീജംകൊണ്ട് കുത്തിവയ്ക്കുന്നതിനായി ഈ ജനസിൽപ്പെട്ട വിത്തുകാളകളുടെ ഗാഢശീതീകരിച്ച ബീജമാത്രകൾ ഇവ ആവശ്യമുള്ള സംസ്ഥാനത്തെ എല്ലാ കൃത്രിമ ബീജാധാനകേന്ദ്രങ്ങളിലും കെ.എൽ.ഡി. ബോർഡ് വിതരണം ചെയ്യുന്നു. വെച്ചൂർ പശുക്കളുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി ഫീൽഡ് പെർഫോമൻസ് റെക്കോർഡിംഗ് നടപ്പിലാക്കിയിട്ടുണ്ട്. കെ.എൽ.ഡി. ബോർഡ് ഇന്ത്യൻ ജനസുകളായ വെച്ചൂർ, സഹിവാൾ കന്നുകാലികളുടെ വർഗ്ഗോദ്ധാരണ രംഗത്തെ

അതിനൂതന സാങ്കേതികവിദ്യ ഫലപ്രദമായി ഉപയോഗപ്പെടുത്തികൊണ്ട് അത്യുല്പാദനശേഷിയുള്ള കന്നുകാലികളെ സൃഷ്ടിക്കുന്നതിനും അതിലൂടെ കാലിവളർത്തൽ ലാഭകരമാക്കുന്നതിനുള്ള പദ്ധതികൾ വിജയകരമായി നടപ്പിലാക്കിവരുന്നുണ്ട്. ഭ്രൂണമാറ്റം, ഇൻവിട്രോഫെർട്ടിലൈസേഷൻ തുടങ്ങിയ നൂതന സാങ്കേതികവിദ്യകൾ പ്രയോഗിച്ച് ഉല്പാദനക്ഷമത കൂടിയ വെച്ചൂർ, സഹിവാൾ എന്നീ പശുക്കളെ ഉല്പാദിപ്പിക്കുവാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കെ.എൽ.ഡി. ബോർഡ് വടകര കുള്ളൻ ജനുസിന്റെ സെമൻ ഉല്പാദിപ്പിച്ച് വിതരണം നടത്തിവരുന്നു. 2015 മുതൽ 2021 ആഗസ്റ്റ് മാസം വരെ 1560 ബീജമാത്രകൾ കോഴിക്കോട് ജില്ലയിൽ വടകര കുള്ളൻ കൂടുതലുള്ള പ്രദേശങ്ങളിൽ 24 എ.ഐ. സെന്ററുകൾ വഴി വിതരണം നടത്തിയിട്ടുണ്ട്. തെരഞ്ഞെടുക്കപ്പെട്ട എ.ഐ. സെന്ററുകളിൽ ഇൻഡന്റ് ചെയ്യുന്നമുറയ്ക്ക് തന്നെ കുട്ടമ്പുഴ കുള്ളൻ ഇനങ്ങളുടെ സെമൻ ലഭ്യമാക്കുവാൻ വേണ്ട നടപടി സ്വീകരിച്ചിട്ടുണ്ട്.

<u>ക്ഷീരകർഷകർക്കുള്ള പുതിയ പദ്ധതികൾ</u>

325(3685) <u>ശ്രീ. കെ. വി. സുമേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീരകർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാനത്ത്

പുതിയ പദ്ധതികൾ നടപ്പിലാക്കാനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

ക്ഷീരകർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനായി ക്ഷീരവികസന വകുപ്പ് ഈ വർഷം നടപ്പാക്കാനുദ്ദേശിക്കുന്ന ഘടകപദ്ധതികൾ ചുവടെചേർക്കുന്നു.

1. ദാരിദ്ര്യനിർമ്മാർജ്ജന പദ്ധതിയുടെ ഭാഗമായി അതിദരിദ്ര വിഭാഗത്തിൽപ്പെട്ട വനിതകൾക്ക് ഒരു പശു യൂണിറ്റ് നൽകുന്ന പദ്ധതി.

2. സ്വയംസഹായസംഘങ്ങൾക്കും ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾക്കും കോമേഴ്സ്യൽ ഫാമുകൾക്കും കിടാരി പാർക്കുകൾ ആരംഭിക്കുന്നതിനുള്ള പദ്ധതി.

3. അതിർത്തി പ്രദേശങ്ങളിലുള്ള ക്ഷീരസഹകരണ സംഘങ്ങൾ കേന്ദ്രീകരിച്ച് അന്യസംസ്ഥാനത്തുനിന്നും സംസ്ഥാനത്തേയ്ക്ക് കൊണ്ടുവരുന്ന കന്നുകാലികൾക്കായി ക്വാറന്റൈൻ സെന്ററുകളും ഉരുക്കളുടെ വില്പനകേന്ദ്രങ്ങളും ആരംഭിക്കുന്നതിനുള്ള പദ്ധതി.

4. ക്ഷീരസംഘങ്ങൾക്കുള്ള ബൂസ്റ്റർ സ്കീം - പാലുല്പാദനം കുറഞ്ഞതും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നതുമായ ക്ഷീരസംഘങ്ങളെ ഉയർത്തികൊണ്ടുവരാനുള്ള പദ്ധതിയാണിത്. ഇത്തരം സംഘങ്ങളുടെ കീഴിലുള്ള ക്ഷീരകർഷകർക്ക് വകുപ്പിന്റെ വിവിധ ധനസഹായങ്ങൾ

ലഭ്യമാക്കി പാലുല്പാദനം വർദ്ധിപ്പിച്ച് അതുവഴി ക്ഷീരസംഘങ്ങളെ മെച്ചപ്പെടുത്തുകയെന്നതാണ് ഈ പദ്ധതി വഴി ലക്ഷ്യമിടുന്നത്.

5. ബാങ്ക് ഇന്ററസ്റ്റ് സബ്‌വെൻഷൻ സ്കീം-ഫാം ആധുനികവൽക്കരണത്തിനായി കർഷകൻ ബാങ്ക് ലോൺ മുഖേന ചെലവഴിച്ചതുകയുടെ പലിശയ്ക്ക് സർക്കാർ ധനസഹായം നൽകുന്നതാണ് പദ്ധതി.

(ബി) ക്ഷീരകർഷകർക്ക് സബ്സിഡി സമ്പ്രദായം നിലവിലുള്ള പദ്ധതികൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ?

മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതിയിൽ സർക്കാർ സബ്സിഡിയോടെ ഉരുക്കളെ വാങ്ങിനൽകുന്ന പദ്ധതികൾ നടപ്പിലാക്കുന്നു. കിടാരി പാർക്ക്, ക്ഷീരഗ്രാമം എന്ന പദ്ധതികൾ സർക്കാർ ധനസഹായത്തോടെ നടപ്പിലാക്കിവരുന്നു. തീറ്റപ്പുൽ കൃഷി വ്യാപന പദ്ധതിയിലെ തീറ്റപ്പുൽ കൃഷിയും വിപണനവുമെന്ന ഘടക പദ്ധതികൾക്കും ധനസഹായം നൽകിവരുന്നു. തരിശുഭൂമിയിലെ തീറ്റപ്പുൽ കൃഷി, യന്ത്രവൽക്കരണ പദ്ധതികൾ, മക്കച്ചോളം കൃഷി ചെയ്യുന്നതിനുള്ള പദ്ധതികൾ ജലസേചന സൗകര്യത്തിനായുള്ള പദ്ധതികൾ തുടങ്ങിയവയും സർക്കാർ സബ്സിഡിയോടുകൂടി നടപ്പിലാക്കിവരുന്നു.

## ക്ഷീരകർഷകർക്ക് ന്യായവില ഉറപ്പുവരുത്തുന്നതിനുള്ള നടപടി

326(3686) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എള്ളിൻ പിണ്ണാക്ക്, പരുത്തിപ്പിണ്ണാക്ക്, പരുത്തിക്കുരു, തവിട് എന്നിവയുടെ വിലവർദ്ധനവും സ്വകാര്യ കമ്പനികളുടെ കാലിതീറ്റയുടെ ക്രമാതീതമായ വിലവർദ്ധനവും ഉൾപ്പെടെയുള്ള കാരണങ്ങളാൽ ക്ഷീരകർഷകർ വളരെയേറെ പ്രതിസന്ധി നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പ്രതിസന്ധി പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്ത് ക്ഷീരമേഖലയിലെ ഉല്പാദനച്ചെലവ് കൂടുതലാണ്. കേരളത്തിൽ പാലുല്പാദനവർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും സമീകൃത കാലിത്തീറ്റയെ ആശ്രയിച്ചുകൊണ്ടുള്ള പാലുല്പാദനം വളരെ ചെലവേറിയതാണ്. ഇത് കർഷകർക്ക് നഷ്ടമുണ്ടാക്കുന്നു. ഇതിനെ മറികടക്കുകയെന്ന ലക്ഷ്യത്തോടെയാണ് ക്ഷീരവികസനവകുപ്പ് സംസ്ഥാനത്തുടനീളം പുൽകൃഷി പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നത്. കാലിത്തീറ്റയുടെ അസംസ്കൃത വസ്തുക്കൾ സംസ്ഥാനത്ത് ലഭ്യമല്ലാത്തതിനാലാണ് കാലിത്തീറ്റ വില

നിയന്ത്രണത്തിനുള്ള ബുദ്ധിമുട്ട് നേരിടുന്നത്. കാലിത്തീറ്റ വില നിയന്ത്രിക്കുവാനുള്ള എല്ലാ നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. കാലിത്തീറ്റയുടെ അമിത വിലവർദ്ധനവും കാലവർഷക്കെടുതിയുംമൂലം സംഭവിച്ച തീറ്റവസ്തുക്കളുടെ ലഭ്യതക്കുറവ് പരിഹരിക്കുന്നതിനായി ക്ഷീരകർഷകർക്ക് പച്ചപ്പുല്ലും വൈക്കോലും സബ്സിഡി നിരക്കിൽ നൽകിവരുന്നു.

മിൽമ മേഖലാ യൂണിയനുകൾ വഴി ഗുണനിലവാരമുള്ള കാലിത്തീറ്റ ക്ഷീരസംഘങ്ങൾ വഴി കർഷകർക്ക് ലഭ്യമാക്കിവരുന്നുണ്ട്. കഴിഞ്ഞ രണ്ട് വർഷക്കാലമായി മിൽമ കാലിത്തീറ്റയ്ക്ക് വില വർദ്ധിപ്പിച്ചിട്ടില്ല.

മലബാർ മേഖലാ യൂണിയൻ സഹോദരസ്ഥാപനമായ എം.ആർ.ഡി.എഫ്. വഴി ഗുണനിലവാരമുള്ള വൈക്കോൽ ക്ഷീരകർഷകർക്ക് മിതമായ വിലക്ക് ലഭ്യമാക്കിവരുന്നുണ്ട്. അയൽ സംസ്ഥാനങ്ങളിൽ ലഭ്യമായ മികച്ചതും വില കുറഞ്ഞതുമായ പച്ചപ്പുല്ല്, ചോളപ്പുല്ല്, സൈലേജ് എന്നീ തീറ്റവസ്തുക്കൾ ക്ഷീരസംഘം മുഖാന്തരം ആവശ്യമുള്ള ക്ഷീരകർഷകർക്ക് കിലോഗ്രാമിന് രണ്ട് രൂപ തോതിൽ സബ്സിഡിയോടുകൂടി ആവശ്യാനുസരണം നൽകുന്നുണ്ട്.

തിരുവനന്തപുരം മേഖലാ യൂണിയൻ ഈ രീതിയിലുള്ള പ്രതിസന്ധി

പരിഹരിക്കുന്നതിന് കാലാകാലങ്ങളിൽ ക്ഷീരകർഷകർക്ക് കാലിത്തീറ്റ സബ്സിഡി അനുവദിച്ചുനൽകിവരുന്നുണ്ട്. 2021-22 വർഷത്തിൽ കാലിത്തീറ്റ സബ്സിഡി ഇനത്തിൽ മാത്രം 150 ലക്ഷം രൂപ യൂണിയൻ ചെലവഴിച്ചിട്ടുണ്ട്. എറണാകുളം മേഖലാ യൂണിയൻ സബ്സിഡി നിരക്കിൽ വൈക്കോൽ/സൈലേജ് വിതരണം, കറവയന്ത്ര സബ്സിഡി, പ്രഷർ വാഷ് സബ്സിഡി, റബ്ബർ മാറ്റ് സബ്സിഡി, വീൽബാരോ വാങ്ങുന്നതിന് ധനസഹായം, കന്നുകാലി ലോൺ പലിശ സബ്സിഡി, കന്നുകാലി ഇൻഷ്വറൻസ് പ്രീമിയം സബ്സിഡി, എന്നീ കർഷകക്ഷേമ പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്.

അസംസ്കൃത വസ്തുക്കളുടെ വിലയിൽ കുറവുണ്ടായപ്പോഴെല്ലാം തന്നെ സർക്കാർ നയത്തിന് അനുസൃതമായി വിലക്കിഴിവ് കേരള ഫീഡ്സ് നൽകിയിട്ടുണ്ട്. നിലവിൽ കേരള ഫീഡ്സ്-മിടുക്കി കാലിത്തീറ്റയ്ക്ക് ചാക്കൊന്നിന് 20/- രൂപ വിലക്കിഴിവ് കമ്പനി നൽകിവരുന്നുണ്ട്. കേരള ഫീഡ്സ്-എലൈറ്റ് കാലിത്തീറ്റയ്ക്ക് സ്വകാര്യമേഖലയിലെ സമാനമായ കാലിത്തീറ്റയെക്കാൾ 135/- രൂപയും കേരള ഫീഡ്സ്-മിടുക്കി കാലിത്തീറ്റയ്ക്ക് 90/- രൂപയും നിലവിൽ വില കുറവുണ്ട്. ഗുണമേന്മയുള്ള കാലിത്തീറ്റ ഏറ്റവും ന്യായമായ വിലയിൽ ക്ഷീരകർഷകർക്ക് ലഭ്യമാക്കുകയെന്ന സർക്കാർ

നയത്തിന്റെ അടിസ്ഥാനത്തിലാണ് അസംസ്കൃത വസ്തുക്കളുടെ വില അഭൂതപൂർവ്വമായി വർദ്ധിപ്പിച്ചിട്ടുപോലും ഭീമമായ നഷ്ടം നേരിട്ടിട്ടും കമ്പനി കാലിത്തീറ്റയുടെ വിലയിൽ വർദ്ധനവ് വരുത്താത്തത്.

(ബി) ഒരു ലിറ്റർ പാൽ വിൽക്കുമ്പോൾ ക്ഷീരകർഷകർക്ക് ലഭിക്കുന്നത് 36 രൂപയോളം മാത്രമാണെന്നിരിക്കെ ക്ഷീരകർഷകർ വിൽക്കുന്ന പാലിന് ന്യായമായ വില ഉറപ്പുവരുത്തുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കർഷകർ വിൽക്കുന്ന പാലിന് ന്യായമായ വില ഉറപ്പുവരുത്തുന്നതിനുവേണ്ട നടപടികൾ ക്ഷീരവികസന വകുപ്പ് കൈകൊണ്ടിട്ടുണ്ട്. ക്ഷീരസംഘങ്ങളിൽനിന്നും ലഭിക്കുന്ന പാൽ വില സംബന്ധിച്ച പരാതികൾ ജില്ലാതലത്തിൽ ക്വാളിറ്റി കൺട്രോൾ ഓഫീസർമാരുടെ നേതൃത്വത്തിൽ പരിഹരിക്കുന്നുണ്ട്. നിലവിൽ ഭൂരിഭാഗം ക്ഷീരസംഘങ്ങളിലും ആട്ടോമാറ്റിക് മിൽക്ക് കളക്ഷൻ യൂണിറ്റ് മുഖേനയാണ് പാൽ സംഭരിക്കുന്നത്. ഇത്തരം സംഘങ്ങളിൽ പാൽ വില നിർണ്ണയം സുതാര്യമായ രീതിയിൽ നടക്കുന്നതിനാൽ ഒരു പരിധിവരെ പരാതി കുറവാണ്.

## ക്ഷീരമേഖലയിലുള്ളവരെ സഹായിക്കുന്നതിന് നടപടികൾ

327(3687) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യത്തിന് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ക്ഷീരമേഖലയിലുള്ള കർഷകർക്കാവശ്യമായ വൈക്കോൽ ലഭ്യമാക്കാനും കാലിത്തീറ്റയുടെ അനിയന്ത്രിതമായ വില നിയന്ത്രിക്കാനുമുള്ള നടപടികളുണ്ടാകുമോ; അറിയിക്കാമോ?

കാലിത്തീറ്റയുടെ അമിത വിലവർദ്ധനവും കാലവർഷക്കെടുതിയുംമൂലം സംഭവിച്ച തീറ്റവസ്തുക്കളുടെ ലഭ്യതക്കുറവും പരിഹരിക്കുന്നതിനായി ക്ഷീരവികസന വകുപ്പ് ക്ഷീരകർഷകർക്ക് പച്ചപ്പുല്ലും വൈക്കോലും സബ്സിഡി നിരക്കിൽ നൽകിവരുന്നു. ഈ വർഷം 257 ലക്ഷം രൂപ ഈയിനത്തിൽ ചെലവഴിക്കുന്നതിനായി മാറ്റിവച്ചിട്ടുണ്ട്. കൂടാതെ ആലപ്പുഴ, പാലക്കാട്, തൃശ്ശൂർ എന്നീ ജില്ലകളിൽ നെൽകൃഷി കൂടുതലുള്ള പ്രദേശങ്ങളിൽ നിന്നും വൈക്കോൽ ശേഖരിച്ച് ബെയിൽ ചെയ്ത് മറ്റ് പ്രദേശത്തെ കർഷകർക്ക് എത്തിച്ചുകൊടുക്കുന്നതിനായി വൈക്കോൽ ബെയിലിംഗ് യൂണിറ്റുകൾ ക്ഷീരസംഘങ്ങൾക്ക് നൽകുന്ന പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. കാലിത്തീറ്റയുടെ അസംസ്കൃത വസ്തുക്കൾ സംസ്ഥാനത്ത് ലഭ്യമല്ലാത്തതിനാലാണ് കാലിത്തീറ്റവില നിയന്ത്രണത്തിനുള്ള ബുദ്ധിമുട്ട് നേരിടുന്നത്. സമീകൃത കാലിത്തീറ്റയെ ആശ്രയിച്ചുകൊണ്ടുള്ള പാലുല്പാദനം

വളരെ ചെലവേറിയതാണ്. ക്ഷീരകർഷകരെ സഹായിക്കാൻ ക്ഷീരവികസന വകുപ്പ് പുൽകൃഷി പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. കാലിത്തീറ്റ വില നിയന്ത്രിക്കുവാനുള്ള എല്ലാ നടപടികളും ക്ഷീരവികസന വകുപ്പ് സ്വീകരിച്ചുവരുന്നുണ്ട്.

ക്ഷീരകർഷകർക്കാവശ്യമായ വൈക്കോൽ ലഭ്യമാക്കാനും കാലിത്തീറ്റയുടെ അനിയന്ത്രിതമായ വില നിയന്ത്രിക്കാനുമുള്ള വിവിധ നടപടികൾ മിൽമ മേഖലാ യൂണിയനുകൾ നടപ്പിലാക്കിവരുന്നു. ഗുണനിലവാരമുള്ള മിൽമ കാലിത്തീറ്റ ക്ഷീരസംഘങ്ങൾ വഴി കർഷകർക്ക് ലഭ്യമാക്കിവരുന്നുണ്ട്. കഴിഞ്ഞ രണ്ട് വർഷക്കാലമായി മിൽമ കാലിത്തീറ്റയ്ക്ക് വില വർദ്ധിപ്പിച്ചിട്ടില്ല.

മലബാർ, എറണാകുളം മേഖലാ യൂണിയനുകൾ അയൽസംസ്ഥാനങ്ങളിൽ ലഭ്യമായ മികച്ചതും വില കുറഞ്ഞതുമായ പച്ചപ്പുല്ല്, ചോളപ്പുല്ല്, സൈലേജ് എന്നീ തീറ്റവസ്തുക്കൾ ക്ഷീരസംഘം മുഖാന്തരം ആവശ്യമുള്ള ക്ഷീരകർഷകർക്ക് കിലോഗ്രാമിന് രണ്ട് രൂപ തോതിൽ സബ്സിഡിയോടുകൂടി ആവശ്യാനുസരണം നൽകുന്നുണ്ട്.

അസംസ്കൃത വസ്തുകൾക്ക് വില വർദ്ധനവുണ്ടായിട്ടും കേരള ഫീഡ്സ് കാലിത്തീറ്റയുടെ വിലയിൽ ആനുപാതികമായി വർദ്ധനവ് വരുത്തിയിട്ടില്ല.

അസംസ്കൃതവസ്തുക്കളുടെ വിലയിൽ കുറവുണ്ടായപ്പോഴെല്ലാംതന്നെ സർക്കാർ നയത്തിനനുസൃതമായി വിലക്കിഴിവ് കമ്പനി നൽകിയിട്ടുണ്ട്. നിലവിൽ കേരള ഫീഡ്സ്-മിടുക്കി കാലിത്തീറ്റയ്ക്ക് ചാക്കൊന്നിന് 20/-രൂപ വിലക്കിഴിവ് കമ്പനി നൽകിവരുന്നുണ്ട്. കേരള ഫീഡ്സ്-എലൈറ്റ് കാലിത്തീറ്റയ്ക്ക് സ്വകാര്യമേഖലയിലെ സമാനമായ കാലിത്തീറ്റയെക്കാൾ 135/- രൂപയും കേരള ഫീഡ്സ്-മിടുക്കി കാലിത്തീറ്റയ്ക്ക് 90/- രൂപയും നിലവിൽ വില കുറവുണ്ട്.

## ക്ഷീര കർഷകസംഘങ്ങൾ

328(3688) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ക്ഷീരകർഷകർ നിലവിലുണ്ടെന്നും ക്ഷീരകർഷകരുടെ ഉന്നമനത്തിനായി എത്ര ക്ഷീര സഹകരണ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നും അറിയിക്കാമോ; പ്രസ്തുത സ്ഥാപനങ്ങൾ വഴി 2021-22 കാലയളവിൽ എത്രപേർക്ക് സാമ്പത്തികസഹായം നൽകാൻ കഴിഞ്ഞിട്ടുണ്ട്; വിശദമാക്കാമോ?

കേരളത്തിൽ ഏകദേശം എട്ട് ലക്ഷം കുടുംബങ്ങൾ പശു വളർത്തലിൽ ഏർപ്പെട്ടിരിക്കുന്നു. ഇതിൽ 3.97 ലക്ഷം കർഷകർ ക്ഷീരസഹകരണ

സംഘങ്ങളിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. നിലവിലെ കണക്കുപ്രകാരം കേരളത്തിൽ 3634 പ്രാഥമിക ക്ഷീരസഹകരണ സംഘങ്ങളാണുള്ളത്. 2021-22 കാലയളവിൽ 412211 കർഷകർക്ക് വകുപ്പുതല പദ്ധതികൾ വഴി സാമ്പത്തികസഹായം നൽകാൻ കഴിഞ്ഞിട്ടുണ്ട്.

(ബി) പാലക്കാട് ജില്ലയിലെ ക്ഷീരസഹകരണ സംഘങ്ങളിൽ എത്ര രജിസ്റ്റേർഡ് ക്ഷീരകർഷകർ അംഗങ്ങളാണ്; ഈ കർഷകർക്ക് എല്ലാവർഷവും എന്തെല്ലാം ആനുകൂല്യങ്ങൾ നൽകിവരുന്നുവെന്ന് വിശദമാക്കാമോ?

പാലക്കാട് ജില്ലയിൽ ക്ഷീരസഹകരണ സംഘങ്ങളിൽ 47290 രജിസ്റ്റേർഡ് ക്ഷീരകർഷകർ അംഗങ്ങളായുണ്ട്. ക്ഷീരകർഷകർക്ക് വർഷംതോറും നൽകിവരുന്ന ആനുകൂല്യങ്ങൾ താഴെപ്പറയും പ്രകാരമാണ്.

1. ത്രിതല പഞ്ചായത്തുകൾ വഴി ക്ഷീരകർഷകർ ക്ഷീരസംഘങ്ങളിൽ ഒഴിക്കുന്ന പാലിന് ഒരു ലിറ്റർ പാലിന് പരമാവധി 3/- രൂപ നിരക്കിൽ മിൽക്ക് ഇൻസെന്റീവ് നൽകിവരുന്നു.
2. പഞ്ചായത്ത് പദ്ധതികൾ പ്രകാരം ക്ഷീരകർഷകർക്ക് കാലിത്തീറ്റ സബ്സിഡി നൽകുന്നു.

<u>തീറ്റപ്പുൽ കൃഷി ധനസഹായം</u>

3. 20 സെന്റ് സ്ഥലത്തിനുമുകളിൽ തീറ്റപ്പുൽ കൃഷി ചെയ്യുന്നതിന് ധനസഹായം, 20 സെന്റിന് താഴെ കൃഷി ചെയ്യുന്നവർക്ക് സൗജന്യമായി തീറ്റപ്പുൽക്കടകൾ നൽകുന്നു.
4. ഒരു ഏക്കറിൽ താഴെയുള്ള തീറ്റപ്പുൽ കൃഷി തോട്ടങ്ങൾക്ക് ജലസേചന സൗകര്യം ഒരുക്കുന്നതിനുള്ള ധനസഹായം.
5. ഒരു ഏക്കറിന് മുകളിൽ തീറ്റപ്പുൽ കൃഷി തോട്ടങ്ങൾക്ക് ജലസേചന സൗകര്യം ഒരുക്കുന്നതിനുള്ള ധനസഹായം.
6. തരിശുനിലത്ത് തീറ്റപ്പുൽ കൃഷി നടത്തുന്നതിനുള്ള ധനസഹായം
7. തീറ്റപ്പുൽ കൃഷി യന്ത്രവൽക്കരണത്തിനായി ക്ഷീരകർഷകർക്ക് ധനസഹായം നൽകുന്ന പദ്ധതി
8. കാലിത്തീറ്റയ്ക്കായി വൃക്ഷവിളകൾ കൃഷിചെയ്യുന്നതിന് ധനസഹായം
9. ഹൈഡ്രോപോണിക്സ് തീറ്റപ്പുൽ കൃഷി പദ്ധതി
10. മക്കച്ചോളം കൃഷി ചെയ്യുന്നതിന് ധനസഹായം
11. മക്കച്ചോളം, പയർ, കോംഗോസിഗ്നൽ മുതലായവയുടെ വിത്തുകൾ സൗജന്യമായി നൽകുന്നു.
12. മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പ്രോഗ്രാം വഴിയുള്ള വിവിധ ധനസഹായ പദ്ധതികൾ

റൂറൽ ഡയറി എക്സ്റ്റൻഷൻ ആൻഡ്  അഡ്വൈസറി സർവ്വീസ്

13. ക്ഷീരകർഷക സംഗമങ്ങൾ ജില്ലാതലത്തിലും ബ്ലോക്കുതലത്തിലും കർഷക ബോധവൽക്കരണത്തിനും വിജ്ഞാനവ്യാപനത്തിനുമായി സംഘടിപ്പിക്കുന്നു.

14. വകുപ്പിന്റെ പദ്ധതികളെക്കുറിച്ച് കർഷകർക്ക് അറിയിപ്പ് നൽകുന്നതിനും വിജ്ഞാനവ്യാപനത്തിനുമായി സംഘടിപ്പിക്കുന്നു.

സ്ട്രെങ്ത്തനിംഗ് ക്വാളിറ്റി കൺട്രോൾ ആക്ടിവിറ്റീസ്

15. സ്ട്രെങ്ത്തനിംഗ് ഓഫ് ക്വാളിറ്റി കൺട്രോൾ ആക്ടിവിറ്റീസിൽ ഉൾപ്പെടുത്തി ക്ഷീരകർഷകർക്ക് തൊഴുത്ത്, തറ എന്നിവയുടെ ശുചിത്വം ഉറപ്പുവരുത്തുന്നതിന് ധനസഹായം നൽകുന്നു.

ക്ഷീരകർഷക ക്ഷേമനിധി

16. അർഹതയുള്ള ക്ഷീരകർഷകർക്ക് പ്രതിമാസം 1,600/- രൂപ പെൻഷൻ

17. ക്ഷീരകർഷക ക്ഷേമനിധി മുഖേന കുടുംബപെൻഷൻ, വിവാഹ ധനസഹായം, മരണാനന്തര ധനസഹായം, വിദ്യാഭ്യാസ സ്കോളർഷിപ്പ് എന്നിവ നൽകുന്നു.

ക്ഷീരസാന്ത്വനം ഇൻഷ്വറൻസ് പദ്ധതി

18. ക്ഷീരസാന്ത്വനം പദ്ധതി പ്രകാരം ക്ഷീരകർഷകർക്കും സംഘം ജീവനക്കാർക്കും പശുക്കൾക്കുമുള്ള ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നു.

ക്ഷീരവികസന വകുപ്പിൽനിന്നുള്ള സേവനങ്ങൾ

329(3689) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യത്തിന് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ക്ഷീരവികസന വകുപ്പിൽനിന്നും എന്തെല്ലാം സേവനങ്ങളാണ് ക്ഷീരകർഷകർക്ക് നൽകുന്നതെന്ന് വിശദമാക്കുമോ?

ക്ഷീരവികസന വകുപ്പിൽനിന്നും ക്ഷീരകർഷകർക്ക് ലഭിക്കുന്ന സേവനങ്ങൾ ചുവടെ ചേർക്കുന്നു.

(1) മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതി

മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതിയിൽ സർക്കാർ സബ്സിഡിയോടെ ഉരുക്കളെ വാങ്ങി നൽകുന്നു. കിടാരി പാർക്ക്, ക്ഷീരഗ്രാമം എന്നീ പദ്ധതികൾക്കായി ധനസഹായം നൽകിവരുന്നു.

(2) തീറ്റപ്പുൽ കൃഷി വ്യാപന പദ്ധതി

സർക്കാർ ധനസഹായത്തോടെ തീറ്റപ്പുൽ കൃഷി വ്യാപന പദ്ധതിയിലെ തീറ്റപ്പുൽ കൃഷിയും വിപണനവും എന്ന ഘടകപദ്ധതിയിലൂടെ

തരിശുഭൂമിയിലെ തീറ്റപ്പുൽ കൃഷി, യന്ത്രവൽക്കരണ പദ്ധതികൾ, മക്കച്ചോളം കൃഷി ചെയ്യുന്നതിനുള്ള പദ്ധതികൾ ജലസേചന സൗകര്യത്തിനായുള്ള പദ്ധതികൾ എന്നിവ നടപ്പിലാക്കിവരുന്നു.

(3) എല്ലാ ജില്ലകളിലും പ്രവർത്തിക്കുന്ന ഗുണനിയന്ത്രണലാബുകളിൽ സൗജന്യമായി പാൽ പരിശോധിച്ചുനൽകുന്നതിനുള്ള സംവിധാനം നിലവിലുണ്ട്.

(4) <u>ക്ഷീരസാന്ത്വനം ഇൻഷ്വറൻസ് പരിരക്ഷ പദ്ധതി</u>

സർക്കാർ ധനസഹായത്തോടെ കേരളത്തിലെ ക്ഷീരകർഷകർക്ക് സാമൂഹിക-സാമ്പത്തിക സുരക്ഷ ഉറപ്പുവരുത്തുന്നതിനായി ക്ഷീരസാന്ത്വനം ഇൻഷ്വറൻസ് പരിരക്ഷ പദ്ധതി ക്ഷീരവികസന വകുപ്പ് നടപ്പാക്കിവരുന്നു. ക്ഷീരസാന്ത്വനം ഇൻഷ്വറൻസ് പദ്ധതി വഴി ക്ഷീരകർഷകർ അവരുടെ കുടുംബാംഗങ്ങൾ, കറവമാടുകൾ, ക്ഷീരസംഘം ജീവനക്കാർ എന്നിവർക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നുണ്ട്. കൂടാതെ ക്ഷീരകർഷക ക്ഷേമനിധിയിൽ അംഗങ്ങളായ ക്ഷീരകർഷകർക്ക് പെൻഷൻ കുടുംബപെൻഷൻ, വിവാഹ ധനസഹായം, വിദ്യാഭ്യാസ ധനസഹായം മരണാനന്തര ധനസഹായം, കോവിഡ് ആശ്വാസ ധനസഹായം തുടങ്ങിയ ക്ഷേമപ്രവർത്തനങ്ങളും നടപ്പിലാക്കിവരുന്നു.

## ക്ഷീരമേഖലയിലെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് നടപടി

330(3690) ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്ഷീരമേഖലയുടെ പുരോഗതിയെ ബാധിക്കുന്ന പ്രധാന തടസ്സങ്ങൾ എന്തൊക്കെയാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

സംസ്ഥാനത്ത് ക്ഷീരമേഖലയുടെ പുരോഗതിയെ ബാധിക്കുന്ന പ്രധാന തടസ്സങ്ങൾ ചുവടെ ചേർക്കുന്നു.

1. പച്ചപ്പുല്ലിന്റെ ലഭ്യതകുറവ്.

2. കൂടിയ ഉല്പാദനച്ചെലവും തദ്വാര മേഖലയിൽനിന്നും കുറഞ്ഞ ലാഭവും.

3. കാലിത്തീറ്റ നിർമ്മാണത്തിനുള്ള അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കുറവ്.

4. കാലികളുടെ ചികിത്സാച്ചെലവ്.

5. ക്ഷീരമേഖലയിലെ സംരംഭകരുടെ കുറവ്.

6. കേരളത്തിൽ അടിക്കടിയുണ്ടാകുന്ന പ്രകൃതിക്ഷോഭങ്ങൾ.

7. ആധുനികവൽക്കരണംമൂലം സ്ഥല ലഭ്യതക്കുറവ്.

8. അശാസ്ത്രീയമായ മലിനീകരണനിയന്ത്രണ നിയമങ്ങളും ലൈസൻസിംഗ് നിയമങ്ങളും.

9. സഹകരണമേഖലയിൽ സ്വയംപര്യാപ്തത കൈവരിച്ച ഈയവസരത്തിൽ കൂടുതൽ പാൽ കൈകാര്യം ചെയ്യാനുള്ള പ്രായോഗിക ബുദ്ധിമുട്ട്. ഇതിനുപരിഹാരമായി നിലവിൽ മലപ്പുറം ജില്ലയിൽ മൂർക്കനാട് പാൽപ്പൊടി നിർമ്മാണ ഫാക്ടറി ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്.

(ബി) ക്ഷീരമേഖലയിലെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് എന്തെങ്കിലും പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉണ്ട്. ശാസ്ത്രീയമായ പശുപരിപാലനത്തിലൂടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ ക്ഷീരവികസന വകുപ്പ് ഏറ്റെടുത്ത് നടപ്പാക്കിവരുന്നു. ഇതിനായി ക്ഷീരപരിശീലനകേന്ദ്രങ്ങൾ മുഖേനയും ഗ്രാമീണ വിജ്ഞാനവ്യാപന പ്രവർത്തന പദ്ധതികൾ മുഖേനയും ക്ഷീരകർഷകർക്കാവശ്യമായ പരിശീലനങ്ങൾ നൽകിവരുന്നു. ക്ഷീര മേഖലയിലെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് മിൽമയുടെ മലബാർ

മേഖലാ യൂണിയൻ കറവപശുക്കളുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി 70 ശതമാനം സബ്സിഡിയോടുകൂടി ബൈപ്പാസ് ഫാറ്റ്, ധാതുലവണ മിശ്രിതം എന്നിവ ക്ഷീരകർഷകർക്ക് നൽകിവരുന്നു. 2022-23 സാമ്പത്തികവർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ ക്ഷീരവികസനത്തിനായി പുതിയ പദ്ധതിയായ " കർഷക ഉല്പാദക സംഘം പ്രോത്സാഹന സ്ഥാപന രൂപീകരണം" നടപ്പിലാക്കുന്നതിനായി 96.98 ലക്ഷം രൂപ കെ.എൽ.ഡി. ബോർഡിന് അനുവദിച്ചിട്ടുണ്ട്. സുസ്ഥിരവും സമതുലിതവുമായ കൃഷിയും ഗ്രാമീണ സമൃദ്ധിയും പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി കർഷകർ ഉല്പാദന സംഘങ്ങൾ വികസിപ്പിച്ചെടുക്കുകയെന്നതാണ് ഈ പദ്ധതി നടപ്പിലാക്കുന്നതിലൂടെ ലക്ഷ്യമിടുന്നത്. കൂടാതെ ഒരു സംഘടിത സംവിധാനത്തിലൂടെ മെച്ചപ്പെട്ട വരുമാനം ചെറുകിട ഉല്പാദകർക്ക് ഉറപ്പാക്കുന്നതിനും പദ്ധതി ലക്ഷ്യമിടുന്നു.

(സി) കാലിത്തീറ്റ, തീറ്റപ്പുൽ എന്നിവയുടെ മിനറൽ മാപ്പിംഗ് നടത്തുന്നതിനും പോഷക സമ്പുഷ്ടമായ തീറ്റ സമ്പ്രദായം, ഗുണനിലവാരമുള്ള അടിസ്ഥാനസൗകര്യങ്ങൾ തുടങ്ങിയവ ഉറപ്പാക്കുന്നതിനും കർമ്മപദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുമോ; വിശദാംശം നൽകുമോ?

കാലിത്തീറ്റ, തീറ്റപ്പുൽ എന്നിവയുടെ മിനറൽ മാപ്പിംഗ്

നടത്തുന്നതിനുള്ള പദ്ധതികൾ പരിഗണനയിലില്ല. ഗുണനിലവാരമുള്ള അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഗ്രാമപഞ്ചായത്ത് തലത്തിൽ ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സഹായത്തോടെ തൊഴുത്തുകളുടെ നിർമ്മാണം നടപ്പാക്കിവരുന്നു. കൂടാതെ ക്ഷീരവികസന വകുപ്പിന്റെ പദ്ധതികളിൽ അടിസ്ഥാനസൗകര്യ വികസനത്തിനും യന്ത്രവൽക്കരണത്തിനും ധനസഹായം നൽകിവരുന്നുണ്ട്. മിൽമയുടെ മലബാർ മേഖലാ യൂണിയൻ ഗുണനിലവാരമുള്ള തീറ്റപ്പുല്ല്, ചോളപ്പുല്ല്, ചോളം സൈലേജ്, വൈക്കോൽ എന്നീ പോഷകാഹാരങ്ങൾ സബ്സിഡിയോടെ ആവശ്യമുള്ള കർഷകർക്ക് വിതരണം ചെയ്തുവരുന്നുണ്ട്. പശുക്കളിൽ പോഷകസമ്പുഷ്ടമായ തീറ്റ സമ്പ്രദായം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ആവശ്യമുള്ള കർഷകർക്ക് മിനറൽ മിക്സ്ച്ചർ, ബൈപ്പാസ്സ് ഫാറ്റ് എന്നിവ സബ്സിഡി നിരക്കിൽ ലഭ്യമാക്കുന്നുമുണ്ട്.

<u>ഡയറി യൂണിറ്റിനുള്ള അപേക്ഷ</u>

331(3691) <u>ശ്രീ. കെ. പി. എ. മജീദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി മണ്ഡലത്തിലെ പരപ്പനങ്ങാടി വില്ലേജിൽപ്പെട്ട ശ്രീ. എം. പി. മുഹമ്മദ് പുതിയ ഡയറി യൂണിറ്റ് അനുവദിക്കുന്നതിന്

സമർപ്പിച്ച അപേക്ഷയിൽ അനുകൂല നടപടികൾ സ്വീകരിക്കുമോ;

(ബി) ടിയാന്റെ അപേക്ഷയിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത ആവശ്യമുന്നയിച്ചുകൊണ്ടുള്ള ടിയാന്റെ അപേക്ഷ കഴിഞ്ഞ രണ്ടുവർഷമായി പരിഗണിക്കാത്തതിന്റെ കാരണം വിശദമാക്കാമോ?

(എ-സി) ശ്രീ. എം. പി. മുഹമ്മദ്, മേലേപുറത്ത് വീട്, ഉള്ളണം പി.ഒ., പാലത്തിങ്ങൽ എന്ന വ്യക്തിയുടെ 10 പശു യൂണിറ്റ് ലഭിക്കുന്നതിനുള്ള അപേക്ഷ പരപ്പനങ്ങാടി ക്ഷീരവികസന യൂണിറ്റ് മുഖേന 2021-22 സാമ്പത്തികവർഷത്തിൽ ലഭിച്ചിരുന്നു. ടാർജറ്റായി ജില്ലയ്ക്ക് ഒരെണ്ണം മാത്രമാണ് ലഭിച്ചത്. ലഭിച്ച അപേക്ഷകരുടെ ഫീൽഡുതല പരിശോധന നടത്തി മുൻഗണനാക്രമ പ്രകാരം തയ്യാറാക്കിയ ലിസ്റ്റിൽ ഒന്നാമതായി ശ്രീ. എം. പി. മുഹമ്മദ് തെരഞ്ഞെടുക്കപ്പെട്ടിട്ടില്ല. ഫീൽഡ് പരിശോധന നടത്തി തെരഞ്ഞെടുക്കപ്പെട്ട ഒരു അപേക്ഷകന് സബ്സിഡി അനുവദിച്ചുനൽകി. ശ്രീ. എം. പി. മുഹമ്മദിന്റെ അപേക്ഷ ലഭിക്കുന്നമുറയ്ക്ക് 2022-23 വർഷത്തെ പദ്ധതിയിൽ പരിശോധന നടത്തി മുൻഗണനപ്രകാരം നടപടി സ്വീകരിക്കുന്നതാണ്.

ക്ഷീരവികസനത്തിനുപുതിയ പദ്ധതികൾ

332(3692) ശ്രീ. വി. ശശി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 വർഷത്തെ ബഡ്ജറ്റിൽ ക്ഷീരവികസനത്തിനായി പുതിയ പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ടോ?

ഉണ്ട്, ക്ഷീരവികസന വകുപ്പിന്റെ നിലവിലുള്ള പദ്ധതികളിൽ പുതിയ ഘടക പദ്ധതികളുൾപ്പെടുത്തിയിട്ടുണ്ട്.

(ബി) എങ്കിൽ പുതിയ പദ്ധതികളുടെ വിശദീകരണവും ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുള്ള തുകയും വ്യക്തമാക്കാമോ?

ക്ഷീരവികസന വകുപ്പ് ഈ വർഷം നടപ്പാക്കാനുദ്ദേശിക്കുന്ന പുതിയ പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. ദാരിദ്ര്യനിർമ്മാർജ്ജന പദ്ധതിയുടെ ഭാഗമായി അതിദരിദ്രർ വിഭാഗത്തിൽപ്പെട്ട വനിതകൾക്ക് ഒരു പശു യൂണിറ്റ് നൽകുന്ന പദ്ധതി.

2. സ്വയംസഹായസംഘങ്ങൾക്കും ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾക്കും കോമേഴ്സ്യൽ ഫാമുകൾക്കും കിടാരി പാർക്കുകൾ ആരംഭിക്കുന്നതിനുള്ള പദ്ധതി.

3. അതിർത്തിപ്രദേശങ്ങളിലുള്ള ക്ഷീരസഹകരണ സംഘങ്ങൾ

കേന്ദ്രീകരിച്ച് അന്യസംസ്ഥാനത്തുനിന്നും സംസ്ഥാനത്തേയ്ക്ക് കൊണ്ടുവരുന്ന കന്നുകാലികൾക്കായി ക്വാറന്റൈൻ സെന്ററുകളും ഉരുക്കളുടെ വില്പന കേന്ദ്രങ്ങളും ആരംഭിക്കുന്നതിനുള്ള പദ്ധതി.

4. ക്ഷീരസംഘങ്ങൾക്കുള്ള ബൂസ്റ്റർ സ്കീം-പാലുല്പാദനം കുറഞ്ഞതും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നതുമായ ക്ഷീരസംഘങ്ങളെ ഉയർത്തികൊണ്ടുവരുവാനുള്ള പദ്ധതിയാണിത്. ഇത്തരം സംഘങ്ങളുടെ കീഴിലുള്ള ക്ഷീരകർഷകർക്ക് വകുപ്പിന്റെ വിവിധ ധനസഹായങ്ങൾ (inputs) ലഭ്യമാക്കി പാലുല്പാദനം വർദ്ധിപ്പിച്ച് അതുവഴി ക്ഷീരസംഘങ്ങളെ മെച്ചപ്പെടുത്തുകയെന്നതാണ് ഈ പദ്ധതി വഴി ലക്ഷ്യമിടുന്നത്.

5. ബാങ്ക് ഇന്ററസ്റ്റ് സബ്‌വെൻഷൻ സ്കീം-ഫാം ആധുനികവൽക്കരണത്തിനായി കർഷകൻ ബാങ്ക് ലോൺ മുഖേന ചെലവഴിച്ച തുകയുടെ പലിശയ്ക്ക് സർക്കാർ ധനസഹായം നൽകുന്നതാണ് പദ്ധതി.

ക്ഷീരമേഖലയുടെ വിവിധ പ്രവർത്തനങ്ങൾക്കായി ബഡ്ജറ്റിൽ 9931 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്

## വടക്കാഞ്ചേരി മണ്ഡലത്തിൽ ക്ഷീരവികസന പദ്ധതികൾ

333(3693) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യത്തിന്

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ക്ഷീരവികസനവകുപ്പ് 2016 മുതൽ നാളിതുവരെ വടക്കാഞ്ചേരി മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം പഞ്ചായത്ത്/മുനിസിപ്പാലിറ്റി അടിസ്ഥാനത്തിൽ പട്ടികരൂപത്തിൽ ലഭ്യമാക്കാമോ?

ക്ഷീരവികസനവകുപ്പ് 2016 മുതൽ നാളിതുവരെ വടക്കാഞ്ചേരി മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം പഞ്ചായത്ത്/മുനിസിപ്പാലിറ്റി അടിസ്ഥാനത്തിൽ പട്ടിക രൂപത്തിൽ അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.+

## പാറൽ ക്ഷീരോല്പാദന സംഘം മിൽക്ക് പ്രോസസിംഗ് പ്ലാന്റ്

334(3694) ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ മണ്ഡലത്തിലെ പാറൽ ക്ഷീരോല്പാദന സംഘത്തിനുകീഴിലുള്ള മിൽക്ക് പ്രോസസിംഗ് പ്ലാന്റിന്റെ പ്രവർത്തനം നിലച്ച സംഭവം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പെരിന്തൽമണ്ണ മണ്ഡലത്തിലെ പാറൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ക്ഷീരോല്പാദന സംഘത്തിനുകീഴിലുള്ള മിൽക്ക് പ്രോസസിംഗ് പ്ലാന്റിന്റെ ലൈസൻസ് ആലിപ്പറമ്പ് ഗ്രാമപഞ്ചായത്ത് സെക്രട്ടറി റദ്ദാക്കിയതിന്റെ അടിസ്ഥാനത്തിൽ ടി പ്ലാന്റിന്റെ പ്രവർത്തനം നിർത്തിവച്ചിരിക്കുന്നു.

(ബി) ഇത് പുനരാരംഭിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത പ്ലാന്റിന്റെ പ്രവർത്തനം പുനരാരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(ബി & സി) നിലവിലെ സ്ഥലത്തുനിന്നും കൂടുതൽ സൗകര്യങ്ങളുള്ള മറ്റൊരു സ്ഥലത്തേയ്ക്ക് പ്ലാന്റ് മാറ്റി സ്ഥാപിക്കുവാനുള്ള നടപടികൾ പുരോഗമിക്കുന്നു.

(ഡി) പ്രസ്തുത പ്ലാന്റ് ആരംഭിക്കുന്നതിനായി എത്ര തുക ചെലവഴിച്ചുവെന്നും എന്തെല്ലാം യന്ത്രസാമഗ്രികൾ ഇവിടെ സ്ഥാപിച്ചിട്ടുണ്ടെന്നും പ്ലാന്റിന്റെ പ്രവർത്തനങ്ങൾക്കായി എന്തെല്ലാം സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ടെന്നും വിശദമാക്കുമോ?

പ്ലാന്റിലേയ്ക്കുള്ള ഉപകരണങ്ങൾ, മറ്റ് ചെലവുകൾ അടക്കം 65 ലക്ഷം രൂപ ചെലവഴിച്ചു. കൂടാതെ മാലിന്യനിർമ്മാർജ്ജനത്തിനായി സ്ഥാപിച്ച ETP-ക്കായി 8,50,000/- രൂപയും അടിസ്ഥാന സൗകര്യങ്ങൾക്കായി

5,00,000/- രൂപയും ചെലവഴിച്ചു.

1. പാൽ റിസപ്ഷൻ ആവശ്യത്തിനായി റോളർ കൺവേയർ, കാൻടിപ്പിംഗ് ബാർ വെയിംഗ് ബോൾ ( 250 L) വെയിംഗ് മെഷീൻ, മിൽക്ക് ഡംപ് ടാങ്ക് (500 L) മിൽക്ക് പമ്പ്, മിൽക്ക് ചില്ലർ (5 KL)
2. സ്കിഡ് മൗണ്ടഡ് (HTST) മിൽക്ക് പാസ്ചുറൈസർ (2000 LPH) അനുബന്ധ ഉപകരണങ്ങൾ.
3. ഓഫ് ലൈൻ ക്രീം സെപ്പറേറ്റർ (500 LPH) അനുബന്ധ ഉപകരണങ്ങൾ.
4. ഗ്യാസിൽ പ്രവർത്തിക്കുന്ന ഖോവ മെയ്ക്കിംഗ് മെഷീൻ 180 L കപ്പാസിറ്റി.
5. ഫുള്ളി ആട്ടോമാറ്റിക്, സിംഗിൾ ഹെഡ് ഫോം-ഫിൽ സീൽ പാക്കിംഗ് മെഷീൻ (മെക്കാനിക്കൽ ടൈപ്പ് ) 1200 PKT/HOUR
6. ഫുള്ളി ആട്ടോമാറ്റിക്, സിംഗിൾ ഹെഡ് ഫോം-ഫിൽ സീൽ പാക്കിംഗ് മെഷീൻ (മെക്കാനിക്കൽ ടൈപ്പ്) 2000 PKT/HOUR
7. ഹൊറിസോണ്ടൽ മിൽക്ക് സ്റ്റോറേജ് ടാങ്ക്, ഡബിൾ കമ്പാർട്ട്മെന്റ് - 5000 LTS കപ്പാസിറ്റി
8. ഡീസൽ ഫയേർഡ് ഹോട്ട് വാട്ടർ ജനറേറ്റർ.

9. SS സെൻട്രിഫ്യൂഗൽ മിൽക്ക് പമ്പ്

10. ഫ്രിയോൺ റെഫ്രിജറേഷൻ പ്ലാന്റ്

11. PUF ഇൻസുലേറ്റഡ് കോൾഡ് സ്റ്റോർ

12. MS, SS പൈപ്പുകൾ വാൽവുകൾ

13. ഡീസൽ ജനറേറ്റർ

14. ഇലക്ട്രിക് വയറിംഗ്, മറ്റ് അനുബന്ധ സജ്ജീകരണങ്ങൾ

15. SS ബാലൻസ് ടാങ്ക്

16. SS ടാങ്ക് - 300 L

17. CURD(തൈര്) നിർമ്മാണത്തിനുള്ള ടാങ്ക്

18. തൈര് നിർമ്മാണത്തിനുള്ള പ്രോസസിംഗ് ലൈൻ

## ക്ഷീരഗ്രാമം പദ്ധതി

335(3695) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി മണ്ഡലത്തിലെ തൃക്കലങ്ങോട് ഗ്രാമപഞ്ചായത്തിനെ ക്ഷീരഗ്രാമം പദ്ധതിയിലുൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

മഞ്ചേരി മണ്ഡലത്തിലെ തൃക്കലങ്ങോട് ഗ്രാമപഞ്ചായത്തിനെ ക്ഷീരഗ്രാമം പദ്ധതിയിലുൾപ്പെടുത്തുന്നതിനുള്ള അപേക്ഷ ലഭിച്ചിട്ടില്ല.

അപേക്ഷ ലഭിക്കുന്നമുറയ്ക്ക് പരിശോധന നടത്തി ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് തൃക്കലങ്ങോട് ഗ്രാമപഞ്ചായത്തിനെ ക്ഷീരഗ്രാമം പദ്ധതിയിലുൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുന്നതാണ്.

(ബി) മിൽമ ക്ഷീരകർഷകന് കൊടുക്കുന്ന പാൽ വില വളരെ തുച്ഛമാണെന്നുള്ള വസ്തുത മനസ്സിലാക്കി ഇത് വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

പാലിന് ഏറ്റവും കൂടുതൽ വില നൽകുന്ന സംസ്ഥാനം കേരളമാണ്. മിൽമ ക്ഷീരസംഘങ്ങൾക്ക് നൽകുന്ന പാൽ വില വർദ്ധിപ്പിച്ചിട്ടില്ല. എങ്കിലും ക്ഷീരകർഷകൻ പാലിന്റെ ഫാറ്റും എസ്.എൻ.എഫ്.-ഉം അടിസ്ഥാനമാക്കിയുള്ള ഏകീകൃത പാൽ വില ചാർട്ട് പ്രകാരമുള്ള പാൽ വില ഓരോ പത്ത് ദിവസം കൂടുംതോറും കൃത്യമായി ക്ഷീരസംഘങ്ങൾക്ക് മിൽമ കൈമാറുന്നുണ്ട്. പാൽ വില വർദ്ധിപ്പിച്ചിട്ടില്ല എങ്കിലും ക്ഷീരകർഷകരുടെ പാലുല്പാദന ചെലവ് കുറയ്ക്കുന്നതിനുവേണ്ടി മേഖലാ യൂണിയനുകൾ ഗുണനിലവാരമുള്ള മിൽമ കാലിത്തീറ്റ ക്ഷീരസംഘങ്ങൾ വഴി കർഷകർക്ക് ലഭ്യമാക്കിവരുന്നുണ്ട്. കഴിഞ്ഞ രണ്ട് വർഷക്കാലമായി മിൽമ കാലിത്തീറ്റയ്ക്ക് വില വർദ്ധിപ്പിച്ചിട്ടില്ല. കേരളത്തിലെ ഉല്പാദനച്ചെലവ് കൂടുതലായതിനാലാണ് ഈ മേഖലയിൽ ലാഭം കുറയുന്നത്. തീറ്റപ്പുൽ കൃഷി

വ്യാപന പദ്ധതികൾ, യന്ത്രവൽക്കരണത്തിനുള്ള ധനസഹായ പദ്ധതികൾ കൂടാതെ ശാസ്ത്രീയമായ പശുപരിപാലന പരിശീലനങ്ങൾ തുടങ്ങിയ പദ്ധതികളിലൂടെ ഉല്പാദനച്ചെലവ് കുറയ്ക്കുവാനുള്ള മാർഗ്ഗങ്ങൾ നടപ്പാക്കിവരുന്നു.

(സി) വേനൽക്കാലത്ത് ക്ഷീരകർഷകർക്കാവശ്യമായ വൈക്കോൽ സബ്സിഡിയിൽ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

വേനൽക്കാലത്ത് തീറ്റവസ്തുക്കളുടെ ലഭ്യതക്കുറവ് പരിഹരിക്കുന്നതിനായി ക്ഷീരകർഷകർക്ക് പച്ചപ്പുല്ലും വൈക്കോലും സബ്സിഡി നിരക്കിൽ ക്ഷീരവികസന വകുപ്പ് നൽകിവരുന്നു. മിൽമയുടെ കീഴിലുള്ള മലബാർ മേഖലാ യൂണിയൻ എം.ആർ.ഡി.എഫ്. വഴി ഗുണനിലവാരമുള്ള വൈക്കോൽ മിതമായ വിലയിൽ ക്ഷീരകർഷകർക്ക് ലഭ്യമാക്കുന്നുണ്ട്. എറണാകുളം മേഖലാ യൂണിയൻ വൈക്കോൽ/സൈലേജ് വിതരണത്തിനായി പ്രത്യേക സംവിധാനങ്ങളൊരുക്കി അന്യസംസ്ഥാനങ്ങളിൽനിന്നും ഏറ്റവും കുറഞ്ഞ നിരക്കിൽ ഗുണമേന്മയുള്ള വൈക്കോൽ, സൈലേജ് എന്നിവ കർഷകർക്ക് എല്ലാവർഷവും ലഭ്യമാക്കുന്നുണ്ട്. വൈക്കോൽ/സൈലേജ് എന്നിവയ്ക്ക് കിലോഗ്രാമിന് രണ്ട് രൂപ നിരക്കിൽ സബ്സിഡിയും നൽകിവരുന്നു.

(ഡി) 8.3 എസ്.എൻ.എഫ്.-ഉം 3.5 ഫാറ്റും ലഭിക്കുന്ന ക്ഷീരകർഷകർക്ക് മാത്രമെ മിൽമയുടെ ആനുകൂല്യം ലഭിക്കുന്നുള്ളൂവെന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽവന്നിട്ടുണ്ടോ; എങ്കിൽ എല്ലാ ക്ഷീരകർഷകർക്കും ആനുകൂല്യം ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ക്ഷീരസംഘങ്ങളിൽ പാലളക്കുന്ന എല്ലാ ക്ഷീരകർഷകർക്കും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയുള്ള പാലിന് ഇൻസെന്റീവ്, കാലിത്തീറ്റ സബ്സിഡി തുടങ്ങിയ ആനുകൂല്യങ്ങൾ ലഭിക്കുന്നുണ്ട്. മിൽമയുടെ മേഖലാ യൂണിയനുകൾ കർഷകർക്ക് നൽകുന്ന ഇൻസന്റീവുകൾക്കും പാലിന്റെ ഗുണനിലവാരം മാത്രമായി മാനദണ്ഡം നിശ്ചയിച്ചിട്ടില്ല. പാലിന്റെ ഗുണനിലവാരത്തിനനുസരിച്ച് ഏകീകൃത പാൽ വില ചാർട്ട് പ്രകാരം മിൽമ പാൽ വില ഓരോ പത്ത് ദിവസം കൂടുംതോറും കൃത്യമായി ക്ഷീരസംഘങ്ങൾക്ക് കൈമാറുന്നുണ്ട്. മലബാർ മേഖലാ യൂണിയൻ അധികമായുള്ള ചില ആനുകൂല്യങ്ങൾ നൽകുമ്പോൾ കൂടുതൽ ഗുണനിലവാരമുള്ള പാൽ നൽകുന്ന കർഷകരെ സഹായിക്കുന്നതിനായി കർഷകർക്ക് അത്തരം പരിഗണന നൽകിവരുന്നുണ്ട്. അതുപോലെ പാൽ വില ചാർട്ട് പ്രകാരം വില ലഭിക്കാത്ത പാൽ സംഘങ്ങളിൽ സ്വീകരിക്കുന്നതിന് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

<u>കുറ്റ്യാടി മണ്ഡലത്തിലെ ക്ഷീരോല്പാദന പുരോഗതി</u>

336(3696) <u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി മണ്ഡലത്തിൽ ക്ഷീരോല്പാദനം വർദ്ധിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ?

കുറ്റ്യാടി മണ്ഡലത്തിൽ (വേളം, കുറ്റ്യാടി, കുന്നുമ്മൽ, ആയഞ്ചേരി, മണിയൂർ, വില്യാപ്പള്ളി, തിരുവള്ളൂർ, പുറമേരി) തുടങ്ങിയ എട്ട് പഞ്ചായത്തുകളിലായി 33 ക്ഷീരസംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. കുറ്റ്യാടി മണ്ഡലത്തിൽ ക്ഷീരോല്പാദനം വർദ്ധിപ്പിക്കുന്നതിൽ ക്ഷീരവികസന വകുപ്പിന്റെ പദ്ധതികളും ത്രിതല പഞ്ചായത്ത് പദ്ധതികളും മുഖ്യപങ്കുവഹിക്കുന്നുണ്ട്. പാലുല്പാദനം വർദ്ധിപ്പിക്കുന്നതിനായി തീറ്റപ്പുൽ കൃഷി പഞ്ചായത്തുകൾ തോറും നടപ്പിലാക്കിയിട്ടുണ്ട്. ക്ഷീരകർഷകരെ ക്ഷീരമേഖലയിൽതന്നെ നിലനിർത്തുന്നതിനായി പാലിന് സബ്സിഡി നൽകിവരുന്നു. കൂടാതെ മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതി, ക്ഷീര സഹകരണസംഘങ്ങൾക്കുള്ള ധനസഹായ പദ്ധതി എന്നിവയും നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ പുതിയ സംഘങ്ങൾ രൂപീകരിക്കുന്നതിനുള്ള

നടപടിയും ചെയ്തുവരുന്നു. ആയതിലൂടെ പാലുല്പാദനം വർദ്ധിപ്പിക്കാൻ സാധിക്കുന്നതാണ്.

1. തോടന്നൂർ ബ്ലോക്കിലെ തിരുവള്ളൂർ, വില്യാപ്പള്ളി, ആയഞ്ചേരി, മണിയൂർ പഞ്ചായത്തുകളിൽ ക്ഷീരവികസന വകുപ്പുമുഖേന നടപ്പിലാക്കിയ പദ്ധതികളും ചെലവഴിച്ച തുകയും താഴെ ചേർക്കുന്നു.

| പദ്ധതി | ചെലവഴിച്ച തുക 2020-21 | ചെലവഴിച്ച തുക 2021-22 |
|---|---|---|
| തീറ്റപ്പുൽ കൃഷി 2404-00-102-77 | 189500 | 248250 |
| മിൽക്ക്ഷെഡ് ഡെവലപ്മെന്റ് പ്രോഗ്രാം 2404-00-109-93 | 1044750 | 944750 |
| അസിസ്റ്റൻസ് ടു ഡയറി കോപ്പറേറ്റീവ് സൊസൈറ്റി | 128015 | 448000 |
| കാറ്റിൽഫീഡിംഗ് സബ്സിഡി | - | 100000 |

കൂടാതെ വിജ്ഞാനവ്യാപന പരിപാടിയിലുൾപ്പെടുത്തി 11,150 രൂപ ചെലവഴിച്ച് 2020-21-ൽ കർഷക സമ്പർക്ക പരിപാടികളും ക്ഷീരകർഷക സംഗമവും 2021-22-ൽ 57,000 രൂപ ചെലവഴിച്ച് അഞ്ച് കർഷക സമ്പർക്ക പരിപാടിയും ക്ഷീരകർഷക സംഗമവും നടപ്പാക്കിയിട്ടുണ്ട്.

തദ്ദേശസ്വയംഭരണ വകുപ്പുമുഖേന ചെലവഴിച്ച ഫണ്ടും പദ്ധതികളും താഴെ ചേർക്കുന്നു.

| പദ്ധതി | ചെലവഴിച്ച തുക 2020-21 | ചെലവഴിച്ച തുക 2021-22 |
|---|---|---|
| കാലിത്തീറ്റ സബ്സിഡി | 2800000 | 2968229 |

| | | |
|---|---|---|
| ക്ഷീരകർഷകർക്ക് പാലിന് ഇൻസെന്റീവ് | 5929796 | 3011199 |
| സുഭിക്ഷ കേരളം | 275000 | - |
| ക്ഷീരഗ്രാമം | 770000 | - |
| കാലിത്തൊഴുത്ത് നവീകരണം | 300000 | - |

2) തൂണേരി ബ്ലോക്കിലെ പുറമേരി പഞ്ചായത്തിൽ ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി പദ്ധതിയിലുൾപ്പെടുത്തി 2020-21 വർഷത്തിൽ 7,60,000 രൂപയും 2021-22-ൽ 9,00,000 രൂപയും നൽകിയിട്ടുണ്ട്. കൂടാതെ ക്ഷീരവികസന വകുപ്പിന്റെ പദ്ധതിയിലുൾപ്പെടുത്തി തീറ്റപ്പുൽ കൃഷി വികസനം, മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതി, ക്ഷീരസഹകരണ സംഘങ്ങൾക്കുള്ള ഫണ്ട് എന്നീ പദ്ധതികളിലായി 2020-21 വർഷത്തിൽ 29,424 രൂപയും 2021-22 വർഷത്തിൽ 1,86,431 രൂപയും ചെലവഴിച്ചിട്ടുണ്ട്.

3) കുന്നുമ്മൽ ബ്ലോക്കിലെ കുറ്റ്യാടി, വേളം, കുന്നുമ്മൽ പഞ്ചായത്തുകളിൽ ത്രിതല പഞ്ചായത്തുകളുടെയും ക്ഷീരവികസന വകുപ്പ് മുഖാന്തരവും നടപ്പിലാക്കിയ പദ്ധതികളിലും ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പഞ്ചായത്ത് | LSGD 2020-21 ചെലവഴിച്ച തുക | LSGD 2021-22 ചെലവഴിച്ച തുക | ക്ഷീരവികസന വകുപ്പിന്റെ പദ്ധതികളിൽ ചെലവഴിച്ച തുക 2020-21 | ക്ഷീരവികസന വകുപ്പിന്റെ പദ്ധതികളിൽ ചെലവഴിച്ച തുക 2021-22 |
|---|---|---|---|---|
| കുറ്റ്യാടി | 1119378 | 261159 | 252300 | 74000 |

| | | | | |
|---|---|---|---|---|
| വേളം | 736272 | 1483840 | 82000 | 2615500 |
| കുന്നുമ്മൽ | 1511119 | 669205 | 158000 | 195000 |

LSGD പദ്ധതികളിലായി ആകെ 2020-21 വർഷത്തിൽ 38,59,069/- (മുപ്പത്തിയെട്ടു ലക്ഷത്തി അമ്പത്തിയൊമ്പതിനായിരത്തി അറുപത്തി ഒമ്പത് രൂപയും) 2021-22 വർഷത്തിൽ 52,98,704/- (അമ്പത്തിരണ്ട് ലക്ഷത്തി തൊണ്ണൂറ്റി എട്ടായിരത്തി എഴുന്നൂറ്റി നാല്) രൂപയും ചെലവഴിച്ചിട്ടുണ്ട്.

വകുപ്പ് പദ്ധതികളിലായി ആകെ 2020-21 വർഷത്തിൽ 4,92,300 രൂപയും 2021-22 വർഷത്തിൽ 28,84,500 രൂപയും ചെലവഴിച്ചിട്ടുണ്ട്

(ബി) കുറ്റ്യാടി മണ്ഡലത്തിലെ ക്ഷീരോല്പാദനത്തിൽ കഴിഞ്ഞ രണ്ട് വർഷത്തിനിടെ പുരോഗതി ഉണ്ടായിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

പുരോഗതി ഉണ്ടായിട്ടുണ്ട്. 2020-21 വർഷത്തിൽ ആകെ 3353343 ലിറ്റർ പാലുല്പാദിപ്പിച്ചിട്ടുണ്ട്. 2021-22 വർഷത്തിൽ 3694670 ലിറ്റർ പാലുല്പാദിപ്പിച്ചിട്ടുണ്ട്. 2021-22-ൽ 341327 ലിറ്റർ പാൽ ഉൽപ്പാദന വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

<u>മൂർക്കനാട് പാൽപ്പൊടി ഉല്പാദന കേന്ദ്രം</u>

337(3697) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട മണ്ഡലത്തിൽ ആർ.ഐ.ഡി.എഫ്. സ്കീമിന്റെ സഹായത്തോടെ 32.72 കോടി രൂപ വിനയോഗിച്ച് നടപ്പിലാക്കുമെന്ന് ബഡ്ജറ്റിൽ പ്രഖ്യാപിച്ച മൂർക്കനാട് പാൽപ്പൊടി ഉല്പാദന കേന്ദ്രത്തിന്റെ പൂർത്തീകരണത്തിനായി നാളിതുവരെ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ?

സംസ്ഥാനത്ത് അധികം വരുന്ന പാലിൽനിന്നും പാൽപ്പൊടി നിർമ്മിക്കുന്നതിന് കേരളത്തിൽ ഒരു പാൽപ്പൊടി നിർമ്മാണശാല സ്ഥാപിക്കുന്ന പദ്ധതിക്ക് അനുമതി നൽകിയിട്ടുണ്ട്. ഈ പാൽപ്പൊടി നിർമ്മാണശാല മലപ്പുറം ജില്ലയിലെ മൂർക്കനാട് സ്ഥാപിക്കുന്നതിനായി 53.93 കോടി രൂപ അടങ്കൽ തുക വരുന്ന പദ്ധതിക്ക് മിൽമയുടെ മലബാർ മേഖലാ യൂണിയന് അനുമതി നൽകിയിട്ടുണ്ട്. ഇതിനായി സംസ്ഥാന വിഹിതമായി 15.50 കോടി രൂപയും നബാർഡ് ധനസഹായമായി 32.72 കോടി രൂപയും മേഖലാ യൂണിയൻ വിഹിതമായി 6.21 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്.

(ബി) പ്രസ്തുത പാൽപ്പൊടി ഉല്പാദന കേന്ദ്രത്തിൽ എന്തെല്ലാം പ്രവൃത്തികൾ നടപ്പിലാക്കുന്നതിനാണുദ്ദേശിക്കുന്നത്; അവ എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് അറിയിക്കുമോ?

പദ്ധതി പ്രവർത്തനങ്ങൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. ആയത്

പ്രകാരം പാൽപ്പൊടി നിർമ്മാണശാലയ്ക്കാവശ്യമായ യന്ത്രസാമഗ്രികളുടെ വിതരണം ടെട്രാപ്പാക്ക് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന് കരാർ നൽകിയ പ്രകാരം അവയുടെ രൂപകല്പനയും ഫാബ്രിക്കേഷൻ ജോലികളും പുരോഗമിച്ചുവരികയാണ്. യന്ത്രസാമഗ്രികളുടെ വിതരണം 2022 ജൂൺ മാസത്തോടെ ആരംഭിച്ചു. ഇതിനനുസൃതമായി പാൽപ്പൊടി നിർമ്മാണ ശാലയുടെ സിവിൽ ജോലികൾ എത്രയും പെട്ടെന്ന് പൂർത്തീകരിക്കേണ്ടത് മുന്നിൽ കണ്ട് ടെണ്ടർ ക്ഷണിച്ചതുപ്രകാരം 14.34 കോടി രൂപയ്ക്ക് മാപ്സ് ഗ്ലോബൽ കൺസ്ട്രക്ഷൻ പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിക്ക് സിവിൽ ജോലികളുടെ കരാർ നൽകിയിട്ടുണ്ട്. 2023 ജൂൺ മാസത്തോടെ ഈ പദ്ധതി പ്രവർത്തനക്ഷമമാകുമെന്ന് പ്രതീക്ഷിക്കുന്നു.

## ക്ഷീരകർഷക ക്ഷേമനിധിയിൽനിന്നുള്ള പെൻഷൻ

338(3698) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീരകർഷക ക്ഷേമനിധിയിലടച്ച വരിസംഖ്യ പെൻഷന് അർഹരാകുമ്പോൾ തിരികെ ലഭിക്കുന്നില്ലെന്ന ക്ഷീരകർഷകരുടെ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ക്ഷീരകർഷകർ ക്ഷീരസംഘം മുഖേന അടവാക്കുന്ന വരിസംഖ്യ ക്ഷേമനിധിയുടെ വരുമാന മാർഗ്ഗങ്ങളിലൊന്നാണ്. ടി തുക ഉൾപ്പെടെയുള്ള മറ്റ് അംശദായ തുകകളിൽനിന്നുമാണ് പെൻഷൻ (ക്ഷേമനിധി വിഹിതം) ഉൾപ്പെടെയുള്ള എല്ലാ ധനസഹായങ്ങളും വിതരണം ചെയ്തുവരുന്നത്. ക്ഷേമനിധി നിയമപ്രകാരം അംശദായമായി അടവാക്കുന്ന തുക തിരികെ നൽകുന്നതിന് നിലവിൽ വ്യവസ്ഥയില്ല.

(ബി) മറ്റ് ഏത് പെൻഷനൊപ്പവും ക്ഷീരകർഷക പെൻഷൻ ലഭിക്കുമായിരുന്നുവെന്നിരിക്കെ ആയത് ഇപ്പോൾ ലഭിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ?

2017 ജനുവരി മാസം മുതൽ സർക്കാർ ധനസഹായത്തോടുകൂടിയാണ് ക്ഷീരകർഷക ക്ഷേമനിധി പെൻഷൻ അനുവദിച്ചുവരുന്നത്. 06-02-2017 മുതൽ പുതിയ അപേക്ഷകർക്ക് ഏതെങ്കിലും ഒരു പെൻഷന് (ക്ഷേമനിധി ബോർഡ് പെൻഷനോ സാമൂഹ്യസുരക്ഷാ പെൻഷനോ) മാത്രമെ അർഹതയുണ്ടായിരിക്കുകയുള്ളൂവെന്ന സർക്കാർ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് ക്ഷീരകർഷക ക്ഷേമനിധി ബോർഡ് പെൻഷൻ അനുവദിച്ചുവരുന്നത്. ആകയാൽ മറ്റ് ഏത് പെൻഷനൊപ്പവും ക്ഷീരകർഷക

പെൻഷൻ നൽകുവാൻ നിലവിൽ വ്യവസ്ഥയില്ല.

(സി) ക്ഷീരകർഷക ക്ഷേമനിധി പെൻഷൻ ലഭിക്കാത്തവർക്ക് അംശാദായ തുക തിരികെ നൽകുന്നതിന് തടസ്സമുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ?

നിലവിലെ ക്ഷേമനിധി നിയമപ്രകാരം അംശദായമായി അടവാക്കുന്ന തുക തിരികെ നൽകുന്നതിന് വ്യവസ്ഥയില്ല. ക്ഷീരകർഷകർ 20/- രൂപ അംശദായയിനത്തിൽ ക്ഷേമനിധിയിൽ ഒടുക്കുന്ന തുക ഉൾപ്പെടെയുള്ള മറ്റ് അംശദായ തുകകളാണ് ക്ഷേമനിധിയുടെ പ്രധാന വരുമാന സ്രോതസ്. പെൻഷൻ തുകയായ 1,600 രൂപയിൽ 1,300 രൂപ സർക്കാരും 300 രൂപ ക്ഷേമനിധിയിൽനിന്നുമാണ് നൽകുന്നത്. പ്രസ്തുത തുകയിൽനിന്നുമാണ് പെൻഷൻ (ക്ഷേമനിധി വിഹിതം) ഉൾപ്പെടെയുള്ള എല്ലാ ധനസഹായങ്ങളും വിതരണം ചെയ്തുവരുന്നത്.

ക്ഷീരകർഷകർക്ക് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

339(3699) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽവന്നശേഷം

ക്ഷീരകർഷകർക്കായി എന്തെല്ലാം ആനുകൂല്യങ്ങളാണ് പുതുതായി നൽകിവരുന്നത്; വിശദമാക്കാമോ?

ക്ഷീര വികസന വകുപ്പിന്റെ പ്രധാന പദ്ധതികൾക്കുപുറമെ ഈ വർഷം താഴെപ്പറയുന്ന പുതിയ പദ്ധതികൾ കൂടി നടപ്പാക്കാനുദ്ദേശിക്കുന്നു.

1. ദാരിദ്ര്യനിർമ്മാർജ്ജന പദ്ധതിയുടെ ഭാഗമായി അതിദരിദ്രർ വിഭാഗത്തിൽപ്പെട്ട വനിതകൾക്ക് ഒരു പശു യൂണിറ്റ് നൽകുന്ന പദ്ധതി.

2. സ്വയംസഹായസംഘങ്ങൾക്കും ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾക്കും കോമേഴ്സ്യൽ ഫാമുകൾക്കും കിടാരി പാർക്കുകൾ ആരംഭിക്കുന്നതിനുള്ള പദ്ധതി.

3. അതിർത്തി പ്രദേശങ്ങളിലുള്ള ക്ഷീരസഹകരണസംഘങ്ങൾ കേന്ദ്രീകരിച്ച് അന്യസംസ്ഥാനത്തുനിന്നും സംസ്ഥാനത്തേയ്ക്ക് കൊണ്ടുവരുന്ന കന്നുകാലികൾക്കായി ക്വാറന്റൈൻ സെന്ററുകളും ഉരുക്കളുടെ വില്പന കേന്ദ്രങ്ങളും ആരംഭിക്കുന്നതിനുള്ള പദ്ധതി.

4. ക്ഷീരസംഘങ്ങൾക്കുള്ള ബൂസ്റ്റർ സ്കീം-പാലുല്പാദനം കുറഞ്ഞതും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നതുമായ ക്ഷീരസംഘങ്ങളെ ഉയർത്തികൊണ്ടുവരാനുള്ള പദ്ധതിയാണിത്. ഇത്തരം സംഘങ്ങളുടെ കീഴിലുള്ള ക്ഷീരകർഷകർക്ക് വകുപ്പിന്റെ വിവിധ ധനസഹായങ്ങൾ

ലഭ്യമാക്കി പാലുല്പാദനം വർദ്ധിപ്പിച്ച് അതുവഴി ക്ഷീരസംഘങ്ങളെ മെച്ചപ്പെടുത്തുകയെന്നതാണ് ഈ പദ്ധതി വഴി ലക്ഷ്യമിടുന്നത്.

5. ബാങ്ക് ഇന്ററസ്റ്റ് സബ്‌വെൻഷൻ സ്കീം-ഫാം ആധുനികവൽക്കരണത്തിനായി കർഷകൻ ബാങ്ക് ലോൺ മുഖേന ചെലവഴിച്ച തുകയുടെ പലിശയ്ക്ക് സർക്കാർ ധനസഹായം നൽകുന്നതാണ് പദ്ധതി.

(ബി) ക്ഷീരകർഷകർക്കായി ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കാനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ?

കേരളത്തിലെ ക്ഷീരകർഷകർക്ക് സാമൂഹിക സാമ്പത്തിക സുരക്ഷ ഉറപ്പുവരുത്തുന്നതിനായി ക്ഷീരസാന്ത്വനം ഇൻഷ്വറൻസ് പരിരക്ഷ പദ്ധതി ക്ഷീരവികസന വകുപ്പ് നടപ്പാക്കിവരുന്നു. ക്ഷീരസാന്ത്വനം ഇൻഷ്വറൻസ് പദ്ധതി വഴി ക്ഷീരകർഷകർ അവരുടെ കുടുംബാംഗങ്ങൾ, കറവമാടുകൾ, ക്ഷീരസംഘം ജീവനക്കാർ എന്നിവർക്ക് ആരോഗ്യ ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നുണ്ട്.

(സി) പ്രസ്തുത പദ്ധതിയിലേയ്ക്ക് കർഷകർ എത്ര തുകയാണ് പ്രീമിയമിനത്തിൽ അടയ്ക്കേണ്ടത്; ഏതെല്ലാം ഏജൻസികളുമായി ചേർന്നാണ് ഇത് നടപ്പിലാക്കിവരുന്നത്; വിശദമാക്കാമോ?

പ്രസ്തുത പദ്ധതിയുടെ പ്രീമിയം നിരക്കുകൾ ഉള്ളടക്കം ചെയ്യുന്നു. ന്യൂ ഇൻഡ്യ അഷ്വറൻസ് കമ്പനി ലിമിറ്റഡ്, ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷൻ എന്നീ ഇൻഷ്വറൻസ് കമ്പനികളാണ് പദ്ധതി നടപ്പാക്കിവരുന്നത്.

(ഡി) പ്രസ്തുത പദ്ധതി വഴി ഏതെല്ലാം ആശുപത്രി ചെലവുകളിന്മേലാണ് കർഷകർക്ക് ആനുകൂല്യം ലഭ്യമാക്കുന്നത്; വിശദമാക്കാമോ?

നിലവിലുള്ള അസുഖങ്ങൾക്ക് 50,000 രൂപ വരെ പരിരക്ഷ ലഭിക്കുന്നതാണ്. ആശുപത്രിയിൽ കിടത്തി ചികിത്സിക്കേണ്ടിവന്നാൽ മുറി വാടക + നഴ്സിംഗ് ചാർജ്ജ് 1 ശതമാനം of sum insured (പ്രതിദിനം 1,000/- രൂപ) ഐ.സി.യു. ചാർജ്ജ് + നഴ്സിംഗ് ചാർജ്ജ് 2 ശതമാനം of insured (പ്രതിദിനം 2,000/- രൂപ) അനസ്തേഷ്യ, രക്തം, ഓക്സിജൻ, ലബോറട്ടറി, എക്സ്റേ, സ്കാനിംഗ് മുതലായവ പോളിസി ആനുകൂല്യത്തിൽ ലഭിക്കുന്നതാണ്.

## മൃഗശാലകളുടെ നവീകരണം

340(3700) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മൃഗശാലകളുടെ നവീകരണത്തിനും സൗന്ദര്യവൽക്കരണത്തിനുമായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

തിരുവനന്തപുരം മൃഗശാലയുടെ വികസന പ്രവർത്തനങ്ങൾക്കായി 20 വർഷത്തെ മാസ്റ്റർപ്ലാൻ തയ്യാറാക്കി കേന്ദ്ര മൃഗശാലാ അതോറിറ്റിയുടെ അംഗീകാരം വാങ്ങി മാസ്റ്റർപ്ലാനിൽ വിഭാവനം ചെയ്ത നവീകരണ പ്രവൃത്തികൾ നടത്തിവരികയാണ്. തിരുവനന്തപുരം മൃഗശാലയിൽ ഇതുവരെ പൂർത്തീകരിച്ചിട്ടുള്ളതും നടപ്പിലാക്കിവരുന്നതുമായ പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.

1. അക്വേറിയത്തിന്റെ നവീകരണം.

2. വിദേശപക്ഷികളെ പാർപ്പിച്ചിരിക്കുന്ന പരിബന്ധനത്തിന്റെ നവീകരണം.

3. കാട്ടുപോത്തുകൾക്കുവേണ്ടിയുള്ള വിശാലമായ പരിബന്ധനം.

4. ഹിമാലയൻ കരടിയെ പാർപ്പിക്കുന്ന പരിബന്ധനത്തിൽ സ്ക്വീസ് കൂടിന്റെ നിർമ്മാണവും നവീകരണ പ്രവൃത്തികളും.

5. സ്മാർട്ട് ഷീ ടോയ്‌ലറ്റ്.

6. കറുത്ത അരയന്നങ്ങളെ പാർപ്പിക്കുന്നതിനുള്ള പരിബന്ധനം.

7. കടുവകളെ പാർപ്പിച്ചിരിക്കുന്ന കൂടുകളുടെ നവീകരണം.

8. ചിത്രശലഭ പാർക്ക്

9. കോമ്പൗണ്ട് മതിലിന്റെയും ഫെൻസിംഗിന്റെയും നവീകരണം.

10. കുരങ്ങ് വർഗ്ഗത്തിൽപ്പെട്ട മൃഗങ്ങളെ പാർപ്പിക്കുന്നതിനുള്ള പരിബന്ധനങ്ങളുടെ നവീകരണം.

11. ഒട്ടകപ്പക്ഷികളെ പാർപ്പിക്കുന്ന പരിബന്ധനത്തിന്റെ നവീകരണം.

12. പന്നിമാൻ, കൃഷ്ണമൃഗം, സിംഹം എന്നിവയെ പാർപ്പിക്കുന്ന പരിബന്ധനങ്ങളുടെ നവീകരണം.

13. മൃഗശാലാ പ്രവേശനകവാട കോംപ്ലക്സിന്റെയും കോമ്പൗണ്ട് മതിലിന്റെയും സംരക്ഷണ പ്രവർത്തികൾ.

14. കാണ്ടാമൃഗത്തിനെ പാർപ്പിച്ചിരിക്കുന്ന പരിബന്ധനത്തിന്റെ നവീകരണം.

15. ലംഗുറുകളെ പാർപ്പിച്ചിരിക്കുന്ന പരിബന്ധനങ്ങളുടെ നവീകരണം.

16. ആഫ്രിക്കൻ കാട്ട്പോത്തിനെ പാർപ്പിക്കുന്ന പരിബന്ധനത്തിന്റെ നവീകരണം.

17. മയിലുകളെ പാർപ്പിച്ചിരിക്കുന്ന പരിബന്ധനത്തിന്റെ നവീകരണം.

18. ഹിപ്പോപോട്ടാമസിനെ പാർപ്പിച്ചിരിക്കുന്ന പരിബന്ധനത്തിന്റെ നവീകരണം.

19. പുള്ളിപ്പുലികളെ പാർപ്പിച്ചിരിക്കുന്ന പരിബന്ധനത്തിന്റെ നവീകരണം.

20. പാമ്പുകളെ പാർപ്പിക്കുന്ന പരിബന്ധനത്തിന്റെ നവീകരണം.

21. മൃഗശാലാ ആശുപത്രിയുടെ സംരക്ഷണ പ്രവൃത്തി.

22. സന്ദർശകർക്കായി റെയിൻ ഷെൽട്ടറിന്റെ നിർമ്മാണം.

23. മൃഗശാലയിലെ ബാരിക്കേഡുകളുടെ അറ്റകുറ്റപ്പണികളും പുതിയവ സ്ഥാപിക്കലും.

24. പോസ്റ്റ്മോർട്ടം മുറിയുടെ നിർമ്മാണം.

25. ഇന്റർപ്രിട്ടേഷൻ സെന്ററുകൾ സ്ഥാപിക്കുന്ന നടപടി പുരോഗമിച്ചുവരുന്നു.

26. ക്വാറന്റൈൻ സ്റ്റേഷന്റെ നിർമ്മാണം പുരോഗമിച്ചുവരുന്നു.

27. കരപക്ഷികൾക്കുവേണ്ടിയുള്ള വിശാലമായ പരിബന്ധനത്തിന്റെ നിർമ്മാണം പുരോഗമിച്ചുവരുന്നു.

28. കോഫി ടേബിൾ ബുക്ക് പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു.

തിരുവനന്തപുരം മൃഗശാലയിൽ സന്ദർശകർക്കായി ബാറ്ററി വാഹനങ്ങൾ, കുടിവെള്ള കിയോസ്കുകൾ, ഇ-ടോയ്ലറ്റുകൾ, സ്മാർട്ട് ഷീ

ടോയ്‌ലറ്റ്, ഭിന്നശേഷിക്കാർക്കായി വീൽചെയറുകൾ, റാമ്പുകളോട് കൂടിയ ഇ-ടോയ്‌ലറ്റ്, ഭക്ഷണം കഴിക്കുന്നതിനുള്ള ഡൈനിംഗ് ഏരിയ എന്നീ സൗകര്യങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്.

തൃശ്ശൂർ മൃഗശാല പുത്തൂരിലേയ്ക്ക് മാറ്റുന്നതിനാൽ നവീകരണ പ്രവൃത്തികൾ നടത്തുന്നില്ല.

(ബി) മൃഗശാലകളിൽ ഓൺലൈൻ ടിക്കറ്റ് ബുക്കിംഗ് സംവിധാനം നിലവിലുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

മൃഗശാലകളിൽ ഓൺലൈൻ ടിക്കറ്റ് ബുക്കിംഗ് സംവിധാനം നിലവിലില്ല. NIC കേരള സ്റ്റേറ്റ് സെന്ററുമായി ചേർന്ന് സന്ദർശകർക്ക് ഓൺലൈൻ ടിക്കറ്റ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു.

(സി) പൊതുജനങ്ങൾക്ക് മൃഗശാലകളെക്കുറിച്ച് അറിയുന്നതിനായി മൊബൈൽ ആപ്പ് പുറത്തിറക്കിയിട്ടുണ്ടോ; എങ്കിൽ വിവരങ്ങൾ നൽകാമോ?

പൊതുജനങ്ങൾക്കും വിദ്യാർത്ഥികൾക്കും ഉപയോഗപ്രദമായ രീതിയിൽ മൃഗശാലയെക്കുറിച്ചുള്ള വിവരങ്ങളടങ്ങിയ മൊബൈൽ ആപ്ലിക്കേഷൻ "Trivandrum Zoo App" കെൽട്രോൺ മുഖേന തയ്യാറാക്കി പൊതുജനങ്ങൾക്ക് ഉപയോഗിക്കുന്നതിനായി പ്ലേ സ്റ്റോറിൽ

ലഭ്യമാക്കിയിട്ടുണ്ട്. മൊബൈൽ ആപ്ലിക്കേഷൻ ഐ ഫോണിന്റെ ഒ.എസ്. പ്ലാറ്റ്ഫോമിലും ആൻഡ്രോയിഡിലും പ്രവർത്തിക്കുന്നവിധമായാണ് തയ്യാറാക്കിയിട്ടുള്ളത്. മികച്ച മൊബൈൽ ആപ്ലിക്കേഷന്റെ അവാർഡിനുള്ള സർക്കാരിന്റെ ചുരുക്കപ്പട്ടികയിൽ മൃഗശാലയെക്കുറിച്ചുള്ള ആപ്പ് ഇടം നേടിയിട്ടുണ്ട്.

## സെൻട്രൽ ഡയഗ്നോസ്റ്റിക് ലബോറട്ടറി

341(3701) ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ. പി. മമ്മിക്കുട്ടി:
ശ്രീ. എ. രാജ:
ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വെറ്ററിനറി & അനിമൽ സയൻസസ് സർവ്വകലാശാലയുടെ കീഴിൽ നടത്തിവരുന്ന പ്രവർത്തനങ്ങൾ അവലോകനം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

ഉണ്ട്.

- താറാവുകളിൽ മരണകാരണമാകുന്ന പ്രധാന ബാക്ടീരിയ രോഗമായ റൈമെറോലോസിസ് രോഗത്തിന് ഫലപ്രദമായ ഒരു അണുനിഷ്ക്രിയ (inactivated) വാക്സിന്റെ സാങ്കേതികവിദ്യ മണ്ണുത്തി വെറ്ററിനറി കോളേജിലെ മൈക്രോബയോളജി വിഭാഗം വികസിപ്പിച്ചെടുത്തിട്ടുണ്ട്.

ഈ വാക്സിന്റെ സാങ്കേതികവിദ്യ മൃഗസംരക്ഷണ വകുപ്പിന് കൈമാറിയിട്ടുണ്ട്.

- വിരമരുന്നുകളുടെ വിവേചന പൂർണ്ണമായ ഉപയോഗത്തിന് കർഷകരെ പ്രാപ്തരാക്കുകയെന്ന ലക്ഷ്യത്തോടെ ആടുകളിലെ വിരബാധയുടെ തോത് അറിയുന്നതിലേയ്ക്കായി Haemocheck എന്ന വിളർച്ച സൂചിക കാർഡ് വികസിപ്പിച്ചെടുത്തിട്ടുണ്ട്.
- സർവകലാശാലയുടെ വികസന പ്രവർത്തനങ്ങൾ കൂടുതൽ മികവുറ്റതാക്കുന്നതിനും വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും അന്താരാഷ്ട്ര നിലവാരത്തിലുള്ള മികച്ച ഗവേഷണ പ്രവർത്തനങ്ങൾ നടത്തുന്നതിനുമായി നബാർഡിന്റെ ധനസഹായത്തോടുകൂടി "Central Diagnostic Laboratory" എന്ന പേരിൽ State of Art Laboratory സൗകര്യം നടപ്പിലാക്കുന്നതിനുള്ള പ്രാരംഭപ്രവർത്തനങ്ങൾ മണ്ണുത്തി കാമ്പസ് അടിസ്ഥാനമാക്കി നടന്നുവരുന്നുണ്ട്.
- മണ്ണുത്തി പൗൾട്രി വിഭാഗത്തിന്റെ നേതൃത്വത്തിൽ ഹാച്ചറി മാലിന്യം മികച്ച ജൈവവളമാക്കി മാറ്റുന്നതിനുള്ള സാങ്കേതികവിദ്യ വികസിപ്പിച്ചെടുക്കുകയും കർഷകർക്ക് വിതരണം ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിവരികയും ചെയ്യുന്നുണ്ട്.

മണ്ണുത്തി കോളേജിലെ ന്യൂട്രീഷൻ വിഭാഗത്തിന്റെ നേതൃത്വത്തിൽ വിവിധ മൃഗങ്ങൾക്കായി അവരുടെ ഉല്പാദന ഘട്ടങ്ങൾക്കനുയോജ്യമാകുംവിധം നൽകാവുന്ന വിധത്തിലുള്ള പതിമൂന്ന് തരം കാലിത്തീറ്റകൾ വികസിപ്പിച്ചെടുക്കുകയും വിതരണം നടത്തുകയും ചെയ്തുവരുന്നു. കർഷകർക്ക് അവരുടെ കാലിത്തീറ്റയുടെ ഗുണനിലവാര പരിശോധന നടത്തുവാനുള്ള ലബോറട്ടറി സൗകര്യവും ഈ ഡിപ്പാർട്ട്മെന്റിന്റെ നേതൃത്വത്തിൽ ലഭ്യമാണ്.

- മണ്ണുത്തി കോളേജിലെ മീറ്റ് ടെക്നോളജി വിഭാഗത്തിന്റെ വിവിധതരം മൂല്യവർദ്ധിത ഉല്പന്നങ്ങളും നായ്ക്കൾക്ക് ഭക്ഷ്യയോഗ്യമായ പെറ്റ് പാസ്ത എന്ന ഉല്പന്നവും വിതരണം നടത്തിവരുന്നു. കൂടാതെ അറവ് മാലിന്യം മികച്ച വളമാക്കിമാറ്റി വിതരണം നടത്തിവരുന്നുണ്ട്.
- മണ്ണുത്തി കാമ്പസിൽ സ്ഥാപിതമായിട്ടുള്ള ഇക്കോ ഫാം വിവിധ ജൈവകൃഷിക്കും സങ്കരകൃഷിരീതിക്കും ആവശ്യമായ വിവിധ തരം ജൈവ ഉല്പന്നങ്ങളുടെ വിതരണം നടത്തിവരുന്നു.
- മണ്ണുത്തി കോളേജ് എക്സ്റ്റൻഷൻ ഡിപ്പാർട്ട്മെന്റിന്റെ നേതൃത്വത്തിൽ "വിജ്ഞാനജാലകം പാടത്തിൽനിന്നും പാഠശാലയിലേയ്ക്ക്" എന്ന പേരിൽ വിദ്യാർത്ഥികൾക്ക് കർഷകരുമായി സംവദിക്കുന്നതിനും

കൃഷികളിലെ പ്രായോഗിക അറിവുകൾ നേടുന്നതിനും നേതൃപാടവവും വിജ്ഞാന വ്യാപനശേഷിയും വളർത്തിയെടുക്കുന്നതിനും പദ്ധതി നടപ്പിലാക്കി.

- മണ്ണുത്തി കാമ്പസിലെ ജലദൗർലഭ്യം പരിഹരിക്കുന്നതിനായി കാമ്പസിലെ ഉയർന്ന പ്രദേശങ്ങൾ ഉൾപ്പെടുന്ന നൂറ് ഏക്കർ സ്ഥലത്തെ ജലവാർച്ച ഉപയോഗപ്പെടുത്തുംവിധം ഒരു മിനി റിസർവോയർ സ്ഥാപിച്ചു.
- മണ്ണുത്തി കോളേജിനുകീഴിലുള്ള വിവിധതരം ഡിപ്പാർട്ട്മെന്റുകളുടെയും ആശുപത്രികളുടെയും നേതൃത്വത്തിൽ മൃഗങ്ങളിലെ വിവിധ രോഗങ്ങളുടെ നിർണ്ണയവും ചികിത്സയും ലഭ്യമാക്കുന്നുണ്ട്. കൂടാതെ ജനങ്ങൾക്കായി അവരുടെ വീടുകളിലെ വെള്ളത്തിന്റെ ഗുണമേന്മ പരിശോധിക്കുന്നതിനുള്ള സൗകര്യവും ഇവിടെ ലഭ്യമാണ്.

(ബി) സർവ്വകലാശാലയുടെ ഗവേഷണപ്രവർത്തനങ്ങൾ കൂടുതൽ മികവുറ്റതാക്കുന്നതിനും വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും അന്താരാഷ്ട്ര നിലവാരത്തിലുള്ള മികച്ച ഗവേഷണ പ്രവർത്തനങ്ങൾ നടത്തുന്നതിനുമായി സെൻട്രൽ ഡയഗ്നോസ്റ്റിക് ലബോറട്ടറി എന്ന പേരിൽ സ്റ്റേറ്റ് ഓഫ് ആർട്ട് ലബോറട്ടറി സൗകര്യം നടപ്പാക്കുന്നതിനുള്ള പ്രവൃത്തിയുടെ പുരോഗതി

വ്യക്തമാക്കാമോ?

സർവകലാശാലയുടെ കീഴിലുള്ള മണ്ണുത്തി കോളേജ് ഓഫ് വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് കാമ്പസിൽ നബാർഡിന്റെ സഹായത്തോടെ "Establishment of referral analytical and diagnostic laboratory for supporting livestock farming and diagnosis of Zoonotic diseases" എന്ന പേരിൽ RIDF പദ്ധതിക്ക് അനുമതി നൽകുകയും ഈ പദ്ധതിയുടെ നിർമ്മാണപ്രവർത്തനത്തിന് Central Public Works Department-നെ ചുമതലപ്പെടുത്തുകയും 2024-ഓടെ പൂർത്തിയാക്കാൻ സാധിക്കുന്ന വിധത്തിൽ പ്രവർത്തികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ RKVY പദ്ധതിയുടെ കീഴിൽ " Establishment of state of art large animal surgical teaching facility in the Dept. of Surgery & Radiology", എന്ന പേരിലുള്ള പദ്ധതിയിലും " Establishment of State of art laboratories for diagnosis, research, teaching and demonstration facilities in the field of tick & tick borne disease for the mitigation of economic losses to the livestock farmers" എന്ന പദ്ധതിയിലും സർവകലാശാലയിൽ State of the Art Laboratory-കൾ നിർമ്മിച്ചിട്ടുണ്ട്.

(സി) മണ്ണുത്തി പൗൾട്രി വിഭാഗത്തിന്റെ നേതൃത്വത്തിൽ ഹാച്ചറി

മാലിന്യങ്ങൾ മികച്ച ജൈവവളമാക്കിമാറ്റുന്ന സാങ്കേതികവിദ്യ വികസിപ്പിച്ചെടുത്തിട്ടുണ്ടോ; എങ്കിൽ അതിന്റെ ഗുണനിലവാരം വിലയിരുത്തിയിട്ടുണ്ടോ?

ഉണ്ട്. പ്രസ്തുത സാങ്കേതികവിദ്യ ഉപയോഗിച്ച് സംസ്കരിച്ച ഹാച്ചറി മാലിന്യം കാർഷികാവശ്യത്തിനായി ഉപയോഗിക്കാമെന്നും അവയുടെ ഗുണനിലവാരം മികച്ചതാണെന്നും കാർഷിക സർവകലാശാലയിൽനിന്നും ലഭിച്ച പഠന റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുണ്ട്.

(ഡി) ഹാച്ചറി മാലിന്യങ്ങളും മറ്റുമാലിന്യങ്ങളും മികച്ച ജൈവവളമാക്കി മാറ്റുന്നതിനും അവ കർഷകർക്ക് കുറഞ്ഞ വിലയ്ക്ക് വിതരണം ചെയ്യുന്നതിനുമുള്ള നടപടി സ്വീകരിക്കുമോ?

ഹാച്ചറി മാലിന്യങ്ങൾ ജൈവവളമാക്കുന്നതിന് രാസവസ്തുക്കളും വൈദ്യുതിയും ആവശ്യമായതിനാൽ പുതിയ ചെലവ് കുറഞ്ഞ കമ്പോസ്റ്റിംഗ് രീതികളുടെ പരീക്ഷണം നടന്നുവരുന്നു. അവ പൂർത്തിയാകുന്നമുറയ്ക്ക് കുറഞ്ഞ ചെലവിൽ കർഷകർക്ക് ജൈവവളം ലഭ്യമാക്കാൻ സാധിക്കുന്നതാണ്.

(നക്ഷത്രചിഹ്നമിടാത്ത 3477, 3478 എന്നീ നമ്പർ ചോദ്യങ്ങൾ ഒഴിവാക്കിയിരിക്കുന്നു.)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

**[10.00 AM]**

## II. അടിയന്തരപ്രമേയം

അട്ടപ്പാടിയിലെ ശിശുമരണം

മി. സ്പീക്കർ: അട്ടപ്പാടി മുരുഗള ഊരിൽ നാല് മാസം പ്രായമായ കുഞ്ഞ് മരണമടഞ്ഞതുൾപ്പെടെ അട്ടപ്പാടിയിലെ ആദിവാസി മേഖലയിൽ ശിശുമരണം തുടർക്കഥയാകുന്നതായി പറയപ്പെടുന്ന സാഹചര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ. എൻ. ഷംസുദ്ദീൻ, ടി. ജെ. വിനോദ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, അട്ടപ്പാടിയിലെ ശിശുമരണത്തെ സംബന്ധിച്ചാണ് ബഹുമാനപ്പെട്ട മണ്ണാർക്കാട് അംഗം അടിയന്തരപ്രമേയം ഉന്നയിച്ചിരിക്കുന്നത്. അട്ടപ്പാടിയിൽ ശിശുമരണം സംഭവിച്ചത് വളരെയധികം ദുഃഖകരമാണ്. ഇക്കഴിഞ്ഞ ജൂലൈ 11-നാണ് അട്ടപ്പാടിയിലെ മുരുഗള ഊരിലെ അയ്യപ്പൻ-സരസ്വതി ദമ്പതികളുടെ നാല് മാസം പ്രായമായ പെൺകുഞ്ഞ്

മരണമടഞ്ഞത്. ഇത് ഈ ദമ്പതികളുടെ ആറാമത്തെ കുഞ്ഞായിരുന്നു. രാത്രിയോടെ മുലപ്പാൽ നൽകി ഉറക്കിക്കിടത്തിയ കുട്ടിയെ രാവിലെ മരണപ്പെട്ട നിലയിൽ കാണപ്പെടുകയായിരുന്നു. കുട്ടി മരണപ്പെട്ട വിവരം അറിഞ്ഞയുടൻ പുതൂർ, അഗളി ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർ പ്രസ്തുത ഊരിലെത്തുകയും അഗളി സാമൂഹികാരോഗ്യ കേന്ദ്രത്തിന്റെ മോർച്ചറിയിൽ കുട്ടിയുടെ മൃതദേഹം എത്തിക്കുകയും ചെയ്തു. പിന്നീട് പാലക്കാട് ജില്ലാ ആശുപത്രിയിൽവച്ചാണ് കുട്ടിയുടെ ബോഡി പോസ്റ്റ്മോർട്ടം നടത്തിയത്. മിൽക്ക് ആസ്പിറേഷനോ അല്ലെങ്കിൽ കുട്ടിയുടെ കാലിൽ കണ്ടെത്തിയ മുറിപ്പാടാണോ മരണകാരണം എന്നുള്ളത് പോസ്റ്റ്മോർട്ടം റിപ്പോർട്ട് ലഭിച്ചാൽ മാത്രമെ വ്യക്തമാകുകയുള്ളൂ. പോസ്റ്റ്മോർട്ടത്തിനുശേഷം മൃതദേഹം അട്ടപ്പാടിയിലെ ഗതാഗതയോഗ്യമായ കോൺക്രീറ്റ് റോഡ് അവസാനിക്കുന്ന പാലപ്പട വരെ ആംബുലൻസിൽ എത്തിക്കുകയും തുടർന്ന് വനത്തിലൂടെ രണ്ട് കിലോമീറ്ററിനുതാഴെ ദൂരം കാൽനടയായി സഞ്ചരിച്ച് ഊരിൽ എത്തുകയുമാണ് ചെയ്തത്. മഴയില്ലാത്ത കാലാവസ്ഥയിൽ മുക്കാലി-ആനവായ് റോഡിൽനിന്നും രണ്ട് കിലോമീറ്ററോളം ദൂരം ഉള്ളിലേയ്ക്കെത്തുവാൻ കഴിയുമായിരുന്നു. എന്നാൽ കനത്ത മഴയായതുകൊണ്ട് മുരുഗള ഊരിലേയ്ക്കുള്ള റോഡിൽ ചെളി

നിറഞ്ഞിരുന്നു. അവിടേയ്ക്ക് വാഹനസൗകര്യമില്ലെന്നുള്ളത് യാഥാർത്ഥ്യമാണ്. ഈ അടുത്ത കാലത്താണ് അവിടെ രണ്ട് ഇൂക്കുപാലങ്ങൾ നിർമ്മിച്ചത്; അതുകൊണ്ടുതന്നെ ഇൂക്കുപാലംവരെ വാഹനങ്ങൾക്ക് പോകാൻ സാധിച്ചില്ല. ഈ ദൃശ്യങ്ങളാണ് പത്രമാധ്യമങ്ങളിൽ വാർത്തയായി കണ്ടത്. എല്ലാവിധ സഹായങ്ങളും ഉറപ്പാക്കുന്നതിനായി രണ്ട് ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാരും ട്രൈബൽ പ്രൊമോട്ടർമാരും പൂർണ്ണമായും കുടുംബത്തോടൊപ്പം ഉണ്ടായിരുന്നു, സംസ്കാരത്തിനുള്ള അടിയന്തര സഹായം നൽകുകയുമുണ്ടായി. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുമ്പെങ്ങുമുണ്ടാകാത്ത വിധത്തിൽ ശക്തമായ ഇടപെടലാണ് അവിടെ നടത്തിയത്. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ നേതൃത്വത്തിൽ എല്ലാ വകുപ്പുകളും യോജിച്ചുകൊണ്ട് ആവശ്യമായ കാര്യങ്ങൾ നിർവ്വഹിക്കുന്നതിനുള്ള ഇടപെടൽ നടത്തുകയുണ്ടായി. 2021-ലെ ശിശുമരണം ശ്രദ്ധയിൽപ്പെട്ടപ്പോൾ 27-11-2021-ന് ഞാൻ നേരിട്ട് അട്ടപ്പാടിയിൽ എത്തുകയും ബഹുമാനപ്പെട്ട പാലക്കാട് എം.പി.-യുടെയും അടിയന്തരപ്രമേയം അവതരിപ്പിച്ച ബഹുമാനപ്പെട്ട മണ്ണാർക്കാട് അംഗത്തിന്റെയും സാന്നിദ്ധ്യത്തിൽ ജില്ലാ കളക്ടർ, വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ, വിവിധ രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ, സന്നദ്ധ

സംഘടനകൾ എന്നിവരുമായി അവിടെ യോഗം ചേരുകയും അതിന്റെ അടിസ്ഥാനത്തിൽ ആക്ഷൻ പ്ലാൻ തയ്യാറാക്കുകയും ചെയ്തിരുന്നു. അതിനുശേഷം അതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തുന്നതിന് ബഹുമാനപ്പെട്ട എം.പി.-യും മണ്ണാർക്കാട് എം.എൽ.എ.-യും ഉൾപ്പെടുന്ന സമിതിയെ ചുമതലപ്പെടുത്തുകയും ചെയ്തു. 01-12-2021-ൽ പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം, ആരോഗ്യം, ധനകാര്യം, തദ്ദേശസ്വയംഭരണം, ഭക്ഷ്യ-സിവിൽ സപ്ലൈസ് എന്നീ വകുപ്പുമന്ത്രിമാരുൾപ്പെടെ ഉന്നത ഉദ്യോഗസ്ഥരുടെ പ്രത്യേക യോഗം ചേരുകയും അതിന്റെ അടിസ്ഥാനത്തിൽ അട്ടപ്പാടിയിൽ ഓരോ വകുപ്പും ചെയ്യേണ്ട കാര്യങ്ങളെ സംബന്ധിച്ച് കൃത്യമായ ധാരണയുണ്ടാക്കുകയും അതനുസരിച്ചുള്ള പ്രവർത്തനങ്ങൾ നടത്തിവരികയുമാണ്. 2021 ഡിസംബർ 20-ന് ഞാൻ വീണ്ടും അഗളിയിൽ നേരിട്ടെത്തി അവലോകനം നടത്തുകയുണ്ടായി. ഇതിന്റെയെല്ലാം ഫലമായി ഹൈ റിസ്ക് കാറ്റഗറിയിലുൾപ്പെട്ടതും സിക്കിൾസെൽ അനീമിയ രോഗികളുമായ ഗർഭിണികളെ നിരീക്ഷിക്കുന്നതിനായി പ്രത്യേക സംവിധാനമൊരുക്കി. കോട്ടത്തറ ആശുപത്രിയിൽ നിലവിലുള്ള സംവിധാനത്തിന് പുറമെ പാലക്കാട് മെഡിക്കൽ കോളേജിലുള്ള ഡോക്ടർമാരെയും പാരാമെഡിക്കൽ ജീവനക്കാരെയും അധികമായി

നിയോഗിക്കുകയും ആംബുലൻസ് സംവിധാനം അധികമായി ഏർപ്പെടുത്തുകയുമുണ്ടായി. ജനനി-ജന്മരക്ഷ പദ്ധതിയനുസരിച്ച് ഗർഭിണികളായ സഹോദരിമാർക്ക് കൊടുക്കുന്ന ഫണ്ടുമായി ബന്ധപ്പെട്ടുണ്ടായിരുന്ന വീഴ്ച പരിഹരിക്കുന്നതിനായി ഈ ഗവൺമെന്റ് വേണ്ട ഇടപെടൽ നടത്തുകയും കുടിശ്ശികയുണ്ടായിരുന്ന ഏകദേശം 1,75,62,000/- രൂപയും നിലവിൽ കൊടുക്കാനുണ്ടായിരുന്ന മുഴുവൻ തുകയും കൊടുത്തുതീർക്കുകയുമുണ്ടായി. എല്ലാ ഗർഭിണികൾക്കും പ്രത്യേക പോഷകാഹാര കിറ്റ് വിതരണം ചെയ്യുകയും എല്ലാ ഊരുകളിലും ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിനായി സിവിൽ സപ്ലൈസ് വകുപ്പ് പ്രധാനപ്പെട്ട പങ്ക് വഹിച്ചുകൊണ്ട് കമ്മ്യൂണിറ്റി കിച്ചൺ പദ്ധതി വ്യാപകമാക്കുന്ന നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. അട്ടപ്പാടി ആദിവാസി മേഖലയിലെ ആരോഗ്യ പോഷക ക്ഷേമ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി യുണിസെഫിന്റെ സാമ്പത്തിക സഹായത്തോടുകൂടി കൺസൾട്ടന്റിനെ നിയമിച്ച് നടപടി ആരംഭിച്ചിട്ടുണ്ട്. അട്ടപ്പാടിയുൾപ്പെടെയുള്ള എല്ലാ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും ഹെൽത്ത് കാർഡ് വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഇത്തരത്തിൽ മികച്ച ഇടപെടലുകൾ സർക്കാർ നടത്തിവരികയാണ്. ഈ ദൗർഭാഗ്യകരമായ സംഭവം

തീർച്ചയായും ഉണ്ടാകാൻ പാടില്ലാത്തതായിരുന്നു. എന്നാൽ ഇതിനെ മറ്റൊരു ദിശയിലേയ്ക്ക് വഴിതിരിച്ചുവിട്ട് വിവാദമാക്കാനാണ് ചില കേന്ദ്രങ്ങൾ ശ്രമിക്കുന്നത്. അവിടെ റോഡ് നിർമ്മിക്കാനുള്ള ബുദ്ധിമുട്ടെന്താണെന്ന് എല്ലാവർക്കും അറിയാവുന്നതാണ്. നാഷണൽ ബയോസ്പിയർ റിസർവ് വനത്തിലൂടെയാണ് അവിടെ റോഡ് നിർമ്മിക്കേണ്ടത്. 2010-11 കാലയളവിൽ പ്രസ്തുത പ്രവൃത്തിക്കുവേണ്ടി ശ്രമിച്ചെങ്കിലും അത് നടപ്പാക്കാൻ സാധിച്ചില്ല. മഴക്കാലമായാൽ ഭവാനിപുഴയുടെ കുറുകെ പോകാൻ സംവിധാനമില്ലാത്തതുകൊണ്ടാണ് ഈ ഗവൺമെന്റ് വന്നതിനുശേഷം രണ്ട് തൂക്കുപാലങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ചത്. ആ പാലത്തിലൂടെ കടന്നുപോകാനുള്ള സൗകര്യത്തിനായി ഇന്ന് ജില്ലാ കളക്ടറും ഉന്നത ഉദ്യോഗസ്ഥരും സ്ഥലം സന്ദർശിച്ച് ആവശ്യമായ കാര്യങ്ങൾ ചെയ്യുന്നതാണ്. റോഡ് വെട്ടുക എന്നത് പെട്ടെന്ന് നടപ്പാക്കാൻ കഴിയുന്ന കാര്യമല്ലെന്ന് ബഹുമാനപ്പെട്ട അംഗത്തിന് അറിയാവുന്നതാണ്. സാധ്യമായ എല്ലാ കാര്യങ്ങളും സൗകര്യങ്ങളും ചെയ്തുകൊടുക്കാൻ ഗവൺമെന്റ് ശ്രമിക്കുന്നുണ്ട്. തീർച്ചയായും ആദിവാസി ഊരുകളിലെത്താനുള്ള അസൗകര്യം ഗവൺമെന്റ് തിരിച്ചറിഞ്ഞിട്ടുണ്ട്. സംസ്ഥാനത്ത് വാഹനങ്ങൾ എത്താൻ കഴിയാത്ത ഊരുകളിൽ താമസിക്കുന്ന നൂറിലധികം കുടുംബങ്ങളുണ്ട്. പത്തോ

ഇരുപതോ ഊരുകളിലാണ് വാഹനമെത്താൻ കഴിയാത്തത്. മുരുഗള ഊരിൽ പതിമൂന്ന് വീടുകളിലായി 15 കുടുംബങ്ങളിൽ ഏകദേശം 55 ആളുകളാണ് താമസിക്കുന്നത്. അവിടേയ്ക്ക് പോകുന്നതിനുള്ള റോഡ് വെട്ടുന്നത് ഏറ്റവും പ്രയാസകരമാണ്. ഇത്തരത്തിൽ എത്തിപ്പെടാൻ കഴിയാത്ത ഊരുകളിൽ കഴിയുന്നിടത്തോളം വാഹനമെത്തിക്കാനുള്ള ശ്രമമാണ് നടത്തുന്നത്. ആദിവാസി ഊരുകളിൽ വാഹനമെത്തിക്കാനും അവർക്ക് സൗകര്യപ്രദമായി യാത്രചെയ്യാനുമുള്ള പ്രത്യേക പദ്ധതി ഗവൺമെന്റ് നടപ്പാക്കാനുദ്ദേശിക്കുന്നുണ്ട്. അട്ടപ്പാടിയിൽ കഴിഞ്ഞ കാലങ്ങളിൽ തുടർച്ചയായി സർക്കാർ ഇടപെട്ടുകൊണ്ടിരിക്കുന്ന കാര്യങ്ങളെക്കുറിച്ച് ബഹുമാനപ്പെട്ട അംഗത്തിന് അറിയാവുന്നതാണ്. 2015-16-ൽ ആരംഭിക്കേണ്ട ഏകലവ്യ മോഡൽ റസിഡൻഷ്യൽ സ്കൂൾ 20-06-2022-നാണ് ബഹുമാനപ്പെട്ട എം.പി.-യുടെയും അംഗത്തിന്റെയും സാന്നിദ്ധ്യത്തിൽ ഉദ്ഘാടനം ചെയ്ത് ഉൾപ്രദേശങ്ങളിലുള്ള അറുപതോളം കുട്ടികൾക്ക് ആറാം ക്ലാസ് മുതൽ പന്ത്രണ്ടാം ക്ലാസ് വരെ പഠിക്കാനുള്ള സൗകര്യമുണ്ടാക്കിയത്. അവിടെ പോസ്റ്റ്മെട്രിക് പഠനത്തിന് സൗകര്യമില്ലായിരുന്നു. ഇക്കാര്യം ബഹുമാനപ്പെട്ട എം.പി.-യും എം.എൽ.എ.-യും ശ്രദ്ധയിൽപ്പെടുത്തിയതിന്റെ ഫലമായി നാല്

മണിക്കൂറിനുള്ളിൽത്തന്നെ പ്രീ-മെട്രിക് ഹോസ്റ്റലിനെ പോസ്റ്റ്-മെട്രിക് ഹോസ്റ്റലായി ഉയർത്തി കുട്ടികൾക്ക് പഠിക്കാനുള്ള സൗകര്യമൊരുക്കിക്കൊടുത്തു. ആശുപത്രികളുടെ സൗകര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിന് വിവിധ തരത്തിലുള്ള ഇടപെടലുകൾ നടത്തിയിട്ടുണ്ട്. ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി അട്ടപ്പാടിയിലെത്തി കോട്ടത്തറ ട്രൈബൽ ആശുപത്രിയുടെ ശോചനീയാവസ്ഥ മനസ്സിലാക്കുകയും പരിഹാരനടപടി സ്വീകരിക്കുകയുമുണ്ടായി. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം അട്ടപ്പാടിയിലെ കോട്ടത്തറ ആശുപത്രിയുടെ വികസനത്തിനുവേണ്ടി ഏകദേശം 6,98,00,000/- രൂപയുടെ ഭരണാനുമതി നൽകുകയും ചില പ്രവൃത്തികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ആശുപത്രിയുടെ സൗകര്യം കുറച്ചുകൂടി മെച്ചപ്പെടുത്തേണ്ടതുണ്ട്. അടിയന്തരപ്രമേയ നോട്ടീസിൽ ഉന്നയിച്ച അട്ടപ്പാടിയിലുണ്ടായ ശിശുമരണം പോലുള്ള ദാരുണമായ സംഭവങ്ങൾ ഉണ്ടാകാതിരിക്കാനുള്ള ശ്രദ്ധയും കരുതലും ഗവൺമെന്റിന്റെ ഭാഗത്തുനിന്നും തീർച്ചയായും ഉണ്ടാകുന്നതാണ്. ഇതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട എം.എൽ.എ.-മാരുടെ നേതൃത്വത്തിൽ മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഇത്തരം സംഭവങ്ങൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമാത്രം പരിഹരിക്കാൻ കഴിയുന്നതല്ല. ത്രിതല

പഞ്ചായത്തുകൾ, എം.എൽ.എ.-മാർ, എം.പി.-മാർ, എന്നിങ്ങനെ എല്ലാ തലങ്ങളിൽനിന്നും ഇടപെട്ടുകൊണ്ട് ഈ മേഖലയിലെ കുറവുകൾ പരിഹരിച്ച് ഇത്തരം സംഭവങ്ങൾ ഉണ്ടാകാതിരിക്കാനുള്ള ശ്രദ്ധയുണ്ടാകണം; അതിന് ഗവൺമെന്റ് സാധ്യമായ കാര്യങ്ങൾ നിർവ്വഹിച്ചിട്ടുണ്ട്, ഇനിയും അക്കാര്യത്തിൽ മുന്നോട്ടുപോകാനാണ് തീരുമാനിച്ചിരിക്കുന്നത്. ഇന്ന് ജില്ലാ കളക്ടർ സ്ഥലം സന്ദർശിക്കുന്നുണ്ട്. അദ്ദേഹത്തിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, കേരളത്തിന്റെ സമൂഹ മനസ്സാക്ഷിയെ ഞെട്ടിച്ച ദൈന്യതയാർന്ന ചിത്രമാണ് ഇന്നലെ അട്ടപ്പാടിയിലെ മുരുഗള ഊരിൽ കണ്ടത്. മുരുഗള ഊരിലെ അയ്യപ്പൻ തന്റെ നാലുമാസം പ്രായമായ കുഞ്ഞിന്റെ മൃതശരീരവുമായി മൂന്ന് കിലോ മീറ്ററോളം ദൂരം മഴയത്ത് നടന്നുപോകുന്നത് അത്യന്തം സങ്കടകരമായ കാഴ്ചയായിരുന്നു. വടക്കേ ഇന്ത്യൻ സംസ്ഥാനങ്ങളിലാണ് ഇത്തരം കാഴ്ചകൾ കണ്ടിരുന്നത്. ഉത്തർപ്രദേശിലും മദ്ധ്യപ്രദേശിലും ഇത്തരം സംഭവങ്ങൾ ഉണ്ടാകുന്നത് വാർത്തയാകാറുണ്ട്. എന്നാൽ ഏറെ സങ്കടകരമായ, ദൈന്യതയാർന്ന ചിത്രം നമ്മൾ കണ്ടത് ഇടതുപക്ഷം ഭരിക്കുന്ന കേരളത്തിൽ നിന്നാണ്. (......ബഹളം......) സർക്കാർ സംവിധാനങ്ങളുടെ പിടിപ്പുകേടുകൊണ്ടാണ്

ഇന്നലെവരെ കാണാത്ത കാഴ്ചകൾ ഇന്ന് നമുക്ക് കാണേണ്ടിവരുന്നത്. കേരളം ഭരിക്കുന്ന സർക്കാരാണ് ഈ ദുരവസ്ഥയ്ക്ക് സമാധാനം പറയേണ്ടത്. 'ഒരോ ശിശുരോദനത്തിലും കേൾപ്പൂ ഞാൻ ഒരുകോടി ഈശ്വര വിലാപം' എന്നുപറഞ്ഞപ്പോൾപ്പോലും അപ്പുറത്തുനിന്ന് ഓരിയിടുകയാണ്. ആ കാവ്യശകലങ്ങൾ ഇവിടെ അപ്രസക്തമാകുകയാണ്. ബധിര കർണ്ണങ്ങളിലാണ് ഇവിടെപ്പറഞ്ഞ കാര്യങ്ങൾ പതിക്കുന്നത്. അട്ടപ്പാടിയിൽ ഓരോ കുഞ്ഞും മരിച്ചുവീഴുന്നത് ഈ ഗവൺമെന്റ് കാണാതെ പോകുന്നത് ഏറെ സങ്കടകരമാണ്. സർക്കാരിന്റെ അലംഭാവവും നിഷ്ക്രിയത്വവും കൊണ്ടാണ് അട്ടപ്പാടിയിലെ ആദിവാസി സമൂഹങ്ങൾക്കിടയിൽ ശിശു മരണം തുടർക്കഥയാകുന്നത്. ഒരു ഘട്ടത്തിൽ ഇല്ലാതായ ശിശുമരണം ഇന്ന് സർക്കാർ മിഷണറിയുടെ തികഞ്ഞ പരാജയത്തിന്റ ഫലമായി വർദ്ധിച്ചുവരികയാണ്. കഴിഞ്ഞ എട്ട് മാസത്തിൽ വലിയ തോതിലുള്ള ശിശുമരണം ഉണ്ടായിട്ടുണ്ടെന്നും അതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനായി മന്ത്രിമാരെല്ലാം അട്ടപ്പാടിയിൽ വന്നിരുന്നുവെന്നുമാണ് ബഹുമാനപ്പെട്ട മന്ത്രി മറുപടിയിൽ സൂചിപ്പിച്ചത്. എന്നിട്ടും അതൊന്നും പരിഹരിക്കപ്പെടാതെ നിലനിൽക്കുകയാണ്. വളരെയേറെ പരിഗണന ലഭിക്കേണ്ട ഒരു വിഭാഗത്തോട് ഈ സർക്കാർ കാണിക്കുന്ന

അവഗണനയാണ് ഇതിലൂടെ വ്യക്തമാകുന്നത്. ശിശു മരണം മുമ്പും അട്ടപ്പാടിയിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ടെങ്കിലും 2006 മുതലാണ് ഇത് സമൂഹത്തിന്റെ ശ്രദ്ധയിൽപ്പെട്ടത്. എന്നാൽ 2012-13-ൽ ഇത് രൂക്ഷമായ സാഹചര്യത്തിൽ അന്നത്തെ സർക്കാർ ഇതിനെതിരെ ഹ്രസ്വകാല-ദീർഘകാല നടപടിയടുത്തത് ബഹുമാനപ്പെട്ട ചെയറിനും അറിയാവുന്നതാണ്. അങ്ങ് ആ അവസരത്തിൽ അവിടത്തെ പാർലമെന്റംഗമായിരുന്നു. അന്നത്തെ സർക്കാർ പ്രശ്നപരിഹാരത്തിനായി മുന്നൂറോളം പുതിയ ജീവനക്കാരെ നിയമിക്കുകയും ഇന്ത്യയിൽ ആദ്യമായി ആദിവാസികൾക്ക് ഭക്ഷണം പാകം ചെയ്തുകൊടുക്കുന്ന കമ്മ്യൂണിറ്റി കിച്ചൺ പദ്ധതി അട്ടപ്പാടിയിൽ നടപ്പിലാക്കുകയും ചെയ്തിരുന്നു. അന്ന് വിദൂര ഊരുകളിലേയ്ക്ക് യാത്ര ചെയ്യാനായി പ്രധാനമന്ത്രി ഗ്രാമ സഡക് യോജന (പി.എം.ജി.എസ്.വൈ.)-യിൽ ഈ പ്രദേശം ഉൾപ്പെടുത്തിയതിന്റെ ഫലമായി നൂറ് കിലോമീറ്റർ റോഡിന്റെ നിർമ്മാണപ്രവർത്തനം നടത്തുകയുണ്ടായി. അന്ന് എല്ലാ വകുപ്പുകളും ഉണർന്നുപ്രവർത്തിച്ച് കുറച്ച് പദ്ധതികൾ ആവിഷ്കരിച്ചതുകൊണ്ട് ശിശു മരണം കുറച്ചുകൊണ്ടുവരാൻ സാധിച്ചു. എന്നാൽ ഇന്നത്തെ സംവിധാനങ്ങൾ ആകെ തകർന്നിരിക്കുന്ന അവസ്ഥയിലാണ് ശിശു മരണം വീണ്ടും ഉണ്ടാകുന്നത്. ഇതിന്റെ കാരണം

പറയുമ്പോൾ നിങ്ങൾ പ്രകോപിതരായതുകൊണ്ട് കാര്യമില്ല. സംവിധാനങ്ങളെ നേരായ മാർഗ്ഗത്തിൽ കൊണ്ടുപോകേണ്ടത് ഗവൺമെന്റിന്റെ ഉത്തരവാദിത്വമാണ്. 2017-ലും 2018-ലുമായി മുപ്പതോളം ശിശുമരണമുണ്ടായ വാർത്ത അറിഞ്ഞപ്പോൾത്തന്നെ അട്ടപ്പാടിയിൽ ശിശുമരണം വീണ്ടും വരുന്നുണ്ടെന്നും ജാഗ്രത വേണമെന്നും സർക്കാരിന് ഞങ്ങൾ മുന്നറിയിപ്പ് കൊടുത്തിരുന്നു; എന്നാൽ സർക്കാർ അനങ്ങിയില്ല. 2019-ലും 2020-ലും വലിയ തോതിൽ ശിശു മരണമുണ്ടായി. 2021-ൽ പന്ത്രണ്ട് മരണവും 2022-ൽ ഇവിടെ സൂചിപ്പിച്ച കുട്ടിയുടെ മരണമുൾപ്പെടെ ഒൻപത് മരണവുമുണ്ടായി. കഴിഞ്ഞ ഒരു മാസത്തിനിടയിൽ നാല് കുട്ടികളാണ് അട്ടപ്പാടിയിലെ ആദിവാസി സമൂഹത്തിന് നഷ്ടപ്പെട്ടത്. ആ വിഷയമാണ് ഞങ്ങൾ ഇവിടെ അവതരിപ്പിക്കുന്നത്. അത് പറയേണ്ട വേദിയല്ലേ ഇത്? ഗർഭിണികളെ നിരീക്ഷണത്തിലാക്കി പരിചരിക്കുന്ന രീതി 2013-ൽ ആവിഷ്കരിച്ചു. ഒരു ആദിവാസി യുവതി ഗർഭിണിയായാൽ അവരെ നിരീക്ഷിച്ച് അവരിലെ ഹൈ റിസ്ക് കേസുകൾ കണ്ടെത്തി പ്രസവംവരെ അവർക്ക് സർക്കാർ സംവിധാനങ്ങളുടെ നിരീക്ഷണമുണ്ടാകും. അറുന്നൂറോളം ജീവനക്കാർ അട്ടപ്പാടിയിലുണ്ട്. ഒരേ സമയം അട്ടപ്പാടിയിൽ ഏകദേശം നാന്നൂറ് ഗർഭിണികൾ ഉണ്ടാകാറുണ്ട്. അന്ന് ഒരു ഗർഭിണിക്ക് ഒന്നര

ജീവനക്കാരന്റെ സേവനം ലഭിച്ചുകൊണ്ടിരുന്ന സ്ഥിതിയിൽനിന്നാണ് ഇത്തരം സംഭവങ്ങൾ ഉണ്ടായിരിക്കുന്നത് എന്നത് ലജ്ജാകരമാണ്. ഓരോ സമയവും നിരീക്ഷിച്ച് റിസ്ക് കേസുകൾക്കും ഹൈ റിസ്ക് കേസുകൾക്കും പ്രത്യേക പരിഗണന നൽകണം. ഹൈ റിസ്ക് കേസാണെങ്കിൽ ദിവസങ്ങൾക്കുമുമ്പ് ആശുപത്രിയിൽ അഡ്മിറ്റ് ചെയ്ത് പ്രസവത്തിലെ കോംപ്ലിക്കേഷൻ ഒഴിവാക്കാൻ സാധിക്കും. അന്നത്തെ സർക്കാർ ആവിഷ്കരിച്ച നടപടിയെല്ലാം പാടേ തകിടംമറിഞ്ഞിരിക്കുന്നു. ഇന്ന് അത്തരം സംവിധാനമോ നിരീക്ഷണമോ ഉണ്ടാകുന്നില്ല. ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ച യോഗങ്ങളിലും ഗർഭിണികളെ കണ്ടെത്തുകയും അവരിൽ ന്യൂനതകളും പ്രയാസങ്ങളുമുള്ളവർക്ക് പ്രത്യേക പരിചരണം നൽകുകയും ചെയ്യണമെന്ന് ഞാൻ ചൂണ്ടിക്കാണിച്ചിരുന്നു. എന്തെങ്കിലും പ്രയാസമുള്ള കുട്ടികൾക്കും തൂക്കക്കുറവുള്ള കുട്ടികൾക്കുംവേണ്ടി അന്ന് ന്യൂട്രീഷൻ റീഹാബിലിറ്റേഷൻ സെന്ററുകളുണ്ടായിരുന്നു. അവിടെ അഡ്മിറ്റ് ചെയ്ത് കുട്ടിക്കാവശ്യമുള്ള തൂക്കമായാൽ മാത്രമെ കുട്ടിയെ പുറത്തുവിടുമായിരുന്നുള്ളൂ. ഇത്തരം കുട്ടികൾ അഡ്മിറ്റ് ആകാൻ വിസമ്മതിച്ചപ്പോൾ പോലീസിന്റെ സഹായംപോലും അന്ന് തേടിയിട്ടുണ്ട്. പക്ഷേ ഇന്ന് അതെല്ലാം താറുമാറായിരിക്കുന്നു. ഇവിടത്തെ വിഷയത്തിനാധാരം നിങ്ങൾ അവിടെ

സന്ദർശിക്കാത്തതുകൊണ്ടല്ല, അതിനുശേഷം വേണ്ട വിധത്തിൽ ഇടപെടൽ നടത്താത്തതുകൊണ്ടാണ്. അട്ടപ്പാടിയിലെ പ്രധാനപ്പെട്ട ആശുപത്രിയായ കോട്ടത്തറ ആശുപത്രിയിൽ 54 കിടക്കകളാണുള്ളത്. ബഹുമാനപ്പെട്ട ശ്രീമതി കെ. കെ. ശൈലജ ടീച്ചർ മന്ത്രിയായിരുന്ന കാലഘട്ടത്തിൽ അത് നൂറ് കിടക്കകളായി പ്രഖ്യാപിച്ചെങ്കിലും ഇതുവരെയും അതിനുള്ള ഉത്തരവ് ലഭിച്ചിട്ടില്ലെന്നു മാത്രമല്ല നൂറ് കിടക്കകൾക്കനുസരിച്ചുള്ള സ്റ്റാഫിനെ നിയോഗിച്ചിട്ടുമില്ല. അട്ടപ്പാടി കോട്ടത്തറ ആശുപത്രിയുടെ ഇന്നത്തെ ചിത്രമെന്ന് പറയുന്നത് ഇതൊരു മരുന്നില്ലാത്ത ആശുപത്രിയാണ് എന്നതാണ്. ആവശ്യത്തിന് മരുന്നില്ലാത്ത സ്ഥിതിയാണ് ഇന്ന് കേരളത്തിലെ പല ആശുപത്രികളിലുമുള്ളത്. ഒരു കുട്ടിയെ പട്ടിയോ പൂച്ചയോ കടിച്ച് അവിടെ കൊണ്ടുപോയാൽ ടി.ടി. എടുക്കാനുള്ള സംവിധാനംപോലുമില്ലാത്ത സ്ഥിതിയാണുള്ളത്. കിലോമീറ്ററുകൾ താണ്ടി ഉൾവനത്തിൽനിന്നും ഗർഭിണികൾ സ്കാനിംഗിന് എത്തുമ്പോൾ അവിടെ സ്കാനിംഗ് നടത്താൻ സാധിക്കുന്നില്ല. എന്തെങ്കിലും പ്രയാസമുണ്ടോയെന്ന് സ്കാനിംഗ് നടത്തിയാൽ മാത്രമെ അറിയാൻ സാധിക്കുകയുള്ളൂ. ആശുപത്രിയിൽ പ്രവർത്തിക്കുന്ന ക്യാന്റീൻ കഴിഞ്ഞയാഴ്ച അടച്ചുപൂട്ടിയതിനാൽ അവിടെയെത്തുന്ന രോഗികൾ ഉൾപ്പെടെയുള്ളവർക്ക്

ഭക്ഷണം ലഭിക്കാൻ മാർഗ്ഗമില്ല. അവിടത്തെ ഗൈനക്കോളജി വിഭാഗത്തിൽ ഒരു ഡോക്ടറുടെ സേവനം മാത്രമെ ലഭിക്കുന്നുള്ളൂ; ഗൈനക്കോളജി ഡോക്ടറുടെ ഒരു തസ്തികകൂടി അവിടെ ആവശ്യമാണ്. ഇതിനുപുറമേ രണ്ട് ജൂനിയർ ഡോക്ടർമാരുടെ സേവനം ആവശ്യപ്പെട്ടിട്ട് വർഷങ്ങളായെങ്കിലും സർക്കാർ അക്കാര്യങ്ങളൊന്നും ശ്രദ്ധിക്കുന്നതേയില്ല. ആശുപത്രിയിൽ വെള്ളമില്ല, വൈദ്യുതി കണക്ഷനും വിച്ഛേദിക്കുകയുണ്ടായി. ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രി ഈ കടുംകൈ അട്ടപ്പാടിക്കാരോട് ചെയ്യേണ്ടിയില്ലായിരുന്നു. ആശുപത്രിക്ക് വൈദ്യുതി ചാർജ്ജിനത്തിൽ 35 ലക്ഷം രൂപ അടയ്ക്കാനുണ്ടെങ്കിലും ഇവിടത്തെ കറണ്ട് കട്ട് ചെയ്തത് മനഃസാക്ഷിയില്ലാത്ത പണിയായിപ്പോയി. അവിടെ ജോലി ചെയ്തിരുന്ന താൽക്കാലിക ജീവനക്കാരെ മുഴുവനും പിരിച്ചുവിടുകയുണ്ടായി. രാഷ്ട്രീയ എതിർപ്പുമൂലം അട്ടപ്പാടിയിൽ ഇരുപത്തിയഞ്ച് വർഷം പ്രവർത്തിച്ചിരുന്ന, ആദിവാസികളുടെ കൂട്ടത്തിൽനിന്നും വളർന്നുവന്ന, ആദിവാസികളുടെ പ്രശ്നങ്ങൾ മനസ്സിലാക്കുന്ന പ്രഭുദാസ് എന്ന ഡോക്ടറെ രാഷ്ട്രീയ വിരോധംകൊണ്ട് അട്ടപ്പാടിയിൽനിന്നും സ്ഥലംമാറ്റി നിയമിച്ചു. പകരം വന്ന ഡോക്ടർക്ക് കാര്യങ്ങൾ കൃത്യമായി അറിയില്ല. ഈ ആശുപത്രിയിൽ നിലനിന്നിരുന്ന സംവിധാനങ്ങൾ നിങ്ങൾ തകർക്കുകയാണ് ചെയ്തത്.

അട്ടപ്പാടിയിലെ പ്രശ്നങ്ങൾക്കൊന്നും ഈ ഗവൺമെന്റ് പരിഗണന കൊടുക്കുന്നില്ല. ഇവിടെ പ്രവർത്തിച്ചിരുന്ന കമ്മ്യൂണിറ്റി കിച്ചണുകളിൽ പലതും നിശ്ചലമായി. കോൺഗ്രസ് ഭരിച്ചുകൊണ്ടിരുന്നപ്പോൾ ആവിഷ്കരിച്ചിരുന്ന ഭക്ഷണ പദ്ധതിയാണിത്. കോട്ടത്തറ ആശുപത്രിയെക്കുറിച്ച് പറയുന്നതൊന്നും നിങ്ങൾ കേൾക്കുന്നില്ല, അവിടത്തെ കാര്യങ്ങൾക്കാവശ്യമായ പണം നൽകുന്നില്ല, ഏറ്റവും കൂടുതൽ അപകടമുണ്ടാക്കുന്ന അട്ടപ്പാടിയിലെ 54 കിലോമീറ്ററുള്ള റോഡ് പുനരുദ്ധരിക്കണമെന്നാവശ്യപ്പെട്ടിട്ടും ഈ സർക്കാർ ആ പ്രവൃത്തി കിഫ്ബിയിലുൾപ്പെടുത്തുക മാത്രമാണ് ചെയ്തത്. ഇതുവരെയും റോഡിന്റെ യാതൊരു പ്രവൃത്തിയും നടത്തിയിട്ടില്ല. ആ റോഡിലൂടെ ഗർഭിണി സഞ്ചരിച്ച് താഴെ എത്തുമ്പോഴേയ്ക്കും അത് വലിയ പ്രയാസകരമാകുന്ന സ്ഥിതിയുണ്ടാകുന്നതാണ്. എന്നാൽ കോട്ടത്തറ ആശുപത്രിയിൽ അവർക്ക് ചികിത്സ ലഭിക്കുകയില്ല. തൃശ്ശൂരിലോ പെരിന്തൽമണ്ണയിലോ മലപ്പുറത്തോ കൊണ്ടുപോകുന്നതിനും ഈ റോഡിലൂടെയാണ് സഞ്ചരിക്കേണ്ടത്. 54 കിലോമീറ്ററുള്ള റോഡ് കിഫ്ബി ഏറ്റെടുത്തെങ്കിലും പ്രവൃത്തി ഇന്നോ നാളെയോ ആരംഭിക്കുമെന്ന് പറഞ്ഞ് ആറ് കൊല്ലം പാഴാക്കിയിരിക്കുകയാണ്. ആ റോഡിന് നിങ്ങൾ ഒരു പരിഗണനയും

നൽകിയിട്ടില്ല. കേരളത്തിൽ ആദിവാസികൾ ഏറ്റവും കൂടുതൽ താമസിക്കുന്ന കേന്ദ്രങ്ങളിലൊന്നായ അട്ടപ്പാടിയിലെ റോഡിന്റെ സ്ഥിതിയിതാണ്. ഈ സഭയിൽ അട്ടപ്പാടി റോഡിന്റെ കാര്യം ഞാൻ എത്രയോ തവണ ആവർത്തിച്ച് പറഞ്ഞിട്ടുണ്ട്. ഇതൊന്നും ശ്രദ്ധിക്കാതെ വിഷയങ്ങളുണ്ടാകുമ്പോൾ മാത്രം നമ്മളെല്ലാംകൂടിയാണ് പരിഹരിക്കേണ്ടതെന്ന് പറഞ്ഞിട്ട് കാര്യമില്ല. പരിഹരിക്കാൻ ഞങ്ങളെന്താണ് ചെയ്യേണ്ടത്? ഞങ്ങൾ ഈ സർക്കാരിന്റെകൂടെ നിന്നിട്ടുണ്ട്. നിങ്ങൾ പറയുന്ന എല്ലാ കാര്യങ്ങളോടും സഹകരിച്ചിട്ടുണ്ട്. പക്ഷെ, നിങ്ങളുടെ അലംഭാവവും അവഗണനയുമാണ് ഈ പ്രശ്നങ്ങൾക്ക് കാരണമായിരിക്കുന്നത്. ഭരണഘടനാ പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് ഞങ്ങൾ ഡോ. ഭീം റാവു അംബേദ്കറെക്കുറിച്ച് പറഞ്ഞ് ഭീം ഭീം സിന്ദാബാദ് വിളിച്ചപ്പോൾ ഭീം റാവുവിനെ പാലത്തിന്റെ തൂണാക്കി മാറ്റി പരിഹസിച്ചവരും അപഹസിച്ചവരുമാണ് നിങ്ങൾ. അപ്പോൾ അധ:സ്ഥിത വിഭാഗത്തോടുള്ള നിങ്ങളുടെ സമീപനം വളരെ കൃത്യമാണ്. അധ:സ്ഥിത പിന്നാക്ക വിഭാഗങ്ങളോട് ഈ സർക്കാരിന് അവഗണനയുണ്ട്. ഫണ്ട് വിനിയോഗത്തിലും ബഡ്ജറ്റ് വിനിയോഗത്തിലും കിഫ്ബിയുടെ കാര്യത്തിലും അത് കാണാൻ സാധിക്കും. ഇത് പാവപ്പെട്ട ആദിവാസി

കുഞ്ഞുങ്ങൾ മരിക്കുന്ന പ്രശ്നമാണെന്ന് മനസ്സിലാക്കി ഇക്കാര്യത്തിലെങ്കിലും അവഗണന അവസാനിപ്പിച്ച്, 2013-ൽ തയ്യാറാക്കിയതുപോലെ പ്രത്യേക പദ്ധതിയുണ്ടാക്കി പ്രശ്നങ്ങൾ പരിഹരിക്കാൻ സർക്കാർ മുന്നോട്ടുവരണം. അല്ലെങ്കിൽ നിങ്ങൾ വംശഹത്യയ്ക്കാണ് കൂട്ടുനിൽക്കുന്നതെന്ന് പറയേണ്ടിവരുമെന്ന് ഈ സന്ദർഭത്തിൽ പറയാൻ ആഗ്രഹിക്കുകയാണ്. അതുകൊണ്ട് ആദിവാസികളുടെയും അധ:സ്ഥിതരുടെയും പ്രശ്നങ്ങൾ സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യാൻ മുന്നോട്ടുവരണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ബഹുമാനപ്പെട്ട അംഗം മൂന്നാമത്തെ തവണയാണ് മണ്ണാർക്കാട് എം.എൽ.എ. ആകുന്നത്. ഒരു ഘട്ടത്തിൽ ഭരണകക്ഷിയായിരുന്നു, പിന്നീട് രണ്ട് ഘട്ടങ്ങളിൽ പ്രതിപക്ഷത്തായിരുന്നു. അട്ടപ്പാടിയിലെ സർക്കാർ നടത്തിയ ഇടപെടലിനെക്കുറിച്ച് അങ്ങ് നന്നായി പരിശോധിക്കണം. അങ്ങ് ഇങ്ങനെയൊന്നും പറയാൻ പാടില്ലായിരുന്നു. മൂന്ന് പ്രാവശ്യം ഞാൻ നേരിട്ട് വന്ന് അങ്ങയുടെയും എം.പി.-യുടെയും സാന്നിദ്ധ്യത്തിൽ അവിടെയുള്ള ഓരോ പ്രശ്നങ്ങളും ചർച്ച ചെയ്തത് അങ്ങേയ്ക്കുതന്നെ അറിയാവുന്നതാണ്.

അവിടെ വിവിധ വകുപ്പുകളെ സംയോജിപ്പിച്ചുകൊണ്ട് കളക്ടറുടെ സാന്നിദ്ധ്യത്തിൽ ഓരോ വകുപ്പിലെ ഉദ്യോഗസ്ഥരും ഓരോ ദിവസം ഓരോ ഊരുകളിലെത്തി ആദിവാസികളുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യുകയും അതിന് പരിഹാരം കാണുകയും ചെയ്യുന്നുണ്ട്. അതിപ്പോഴും തുടരുകയാണ്. അങ്ങ് പറഞ്ഞതുപോലെ ആശുപത്രിയിൽനിന്നുള്ള സഹായം ലഭിക്കാത്തതുകൊണ്ടല്ല ഈ കുട്ടി മരണപ്പെട്ടത്. കാരണം നല്ല ആരോഗ്യമുള്ള, യാതൊരു അസുഖവുമില്ലാത്ത കുട്ടി വൈകുന്നേരം അമ്മയോടൊപ്പം കിടന്നുറങ്ങിയിട്ട് രാവിലെ മരിച്ച് കിടക്കുന്നതാണ് കണ്ടത്. മിൽക്ക് ആസ്പിറേഷനാണോ അതോ കുട്ടിയുടെ കാലിലിലുണ്ടായിരുന്ന മുറിവാണോ മരണകാരണമെന്ന് പോസ്റ്റ്മോർട്ടം റിപ്പോർട്ട് ലഭിച്ചാൽ മാത്രമെ അറിയാൻ കഴിയുകയുള്ളൂ. എല്ലാ മരണവും രോഗം കൊണ്ടാണെന്നുള്ള രീതിയിലാണ് കാണുന്നത്. അങ്ങനെയാണെങ്കിൽ നമ്മുടെ നാട്ടിൽ എത്ര ആളുകൾ മരിക്കുന്നുണ്ട്. അതെല്ലാം ഈ രീതിയിലാണോ? യാഥാർത്ഥ്യം മനസ്സിലാക്കിയശേഷമാണ് കാര്യങ്ങൾ പറയേണ്ടത്. അലംഭാവം കാണിച്ചു, നിഷ്ക്രിയത്വം കാണിച്ചുവെന്നൊക്കെ പറയുന്നത് അങ്ങുകൂടി പങ്കെടുത്തുകൊണ്ടുള്ള റിവ്യൂ മീറ്റിംഗിന്റെ കുഴപ്പമാണോ? ബഹുമാനപ്പെട്ട എം.പി.-യുടെ നേതൃത്വത്തിലുള്ള

റിവ്യൂ കമ്മിറ്റി പുന:സംഘടിപ്പിച്ചിരുന്നില്ല. അത് ബഹുമാനപ്പെട്ട ചെയർ ചെയർമാനായിരുന്ന കമ്മിറ്റിയായിരുന്നു. ആ കമ്മിറ്റി പുന:സംഘടിപ്പിച്ചുകൊണ്ട് എം.പി.-യുടെ ചെയർമാൻഷിപ്പിൽ അവിടെ പ്രവർത്തനം ആരംഭിച്ചിരുന്നു. എം.എൽ.എ. അതിൽ പങ്കാളിയാണ്. എം.എൽ.എ.-യെയും എം.പി.-യെയും അറിയിക്കാതെ അവിടെ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത്, 2015-2016-ൽ അനുവാദം ലഭിച്ച ഏകലവ്യ മോഡൽ റസിഡൻഷ്യൽ സ്കൂൾ ആരംഭിച്ചത് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷമാണ്. ആദിവാസി ഊരുകളിൽനിന്നും അറുപത് കുട്ടികളെ കൊണ്ടുവന്ന് അവർക്ക് ഏറ്റവും മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകുന്നതിനുവേണ്ടിയുള്ള പദ്ധതിയായിരുന്നു അത്. ഓരോ ആദിവാസിയുടെയും പ്രശ്നപരിഹാരത്തിനായി ഓരോ ഊരുകളിലും പ്രത്യേകം ചുമതല കൊടുത്തിരിക്കുകയാണ്. ഇപ്പോൾ കൂടുതൽ ട്രൈബൽ ഓഫീസർമാരും എസ്.ടി. പ്രൊമോട്ടർമാരും ഓരോ പ്രദേശത്തും പോകുകയാണ്. എസ്.ടി. പ്രൊമോട്ടർമാരും സേവനം നല്ലരീതിയിൽ ഉപയോഗപ്പെടുത്താനാണ് ശ്രമിക്കുന്നത്. ഈ സംഭവമുണ്ടായപ്പോൾ പാവപ്പെട്ടവർക്ക് ഒരു സഹായവും ലഭിച്ചില്ലെന്ന് പറയുന്നില്ലല്ലോ. കുട്ടി

മരിച്ചുവെന്ന് അറിഞ്ഞയുടനെ രണ്ട് ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർ അവരുടെ വീട്ടിൽ പോയി കുട്ടിയെ കോട്ടത്തറ ആശുപത്രിയിലും തുടർന്ന് പാലക്കാട് ജില്ലാ മെഡിക്കൽ ആശുപത്രിയിലേയ്ക്കും കൊണ്ടുപോയി. അവിടെനിന്ന് പോസ്റ്റ്മോർട്ടം കഴിഞ്ഞ് കുട്ടിയുടെ വീടിന്റെ അടുത്തുവരെയെത്തി. അവിടത്തെ കാലാവസ്ഥ എന്താണെന്നത് അങ്ങേയ്ക്ക് നല്ലതുപോലെ അറിയാവുന്നതാണല്ലോ. അങ്ങ് അവിടെ പോയിട്ടുണ്ടോ? (....ബഹളം....) അവിടെ അത്രയും റിമോട്ട് ഏരിയയാണ്. പതിമൂന്ന് കുടുംബങ്ങളാണ് അവിടെ താമസിക്കുന്നത്. അവിടെ എത്തിപ്പെടാൻ വളരെ പ്രയാസമാണ്. അങ്ങ് അവിടെ പോയിട്ടില്ലല്ലോ? വനത്തിനുള്ളിൽക്കൂടി അവിടെ വാഹനത്തിൽ പോകുന്നതിനുള്ള സൗകര്യമില്ല. അത്തരത്തിലുള്ള പ്രദേശങ്ങൾ കണ്ടെത്തി അവിടെ വാഹനസൗകര്യമെത്തിക്കുന്നതിനുള്ള നടപടി സർക്കാർ സ്വീകരിച്ചുവരികയാണ്. എത്രയുംവേഗം അവർക്ക് വാഹനസൗകര്യം ലഭ്യമാക്കുന്നതാണ്. ഈ പ്രദേശത്ത് റോഡ് വെട്ടണമെങ്കിൽ ഏകദേശം 30 കോടി രൂപ വേണ്ടിവരും. പത്തോ ഇരുപതോ വീടുകൾ മാത്രമുള്ള പ്രദേശത്തേയ്ക്കാണ് ഏകദേശം മുപ്പത് കോടി രൂപ ആവശ്യമായി വരുന്നത്. അവിടെയുള്ള കുടുംബങ്ങളെ സൗകര്യപ്രദമായ പ്രദേശത്തേയ്ക്ക് കൊണ്ടുവരാനുള്ള ശ്രമം നടത്തുന്നുണ്ട്. പതിമൂന്ന്

കുടുംബങ്ങളെ കുറേക്കൂടി സൗകര്യമുള്ള പ്രദേശത്തേയ്ക്ക് കൊണ്ടുവരുന്ന കാര്യം പലതവണ ചർച്ച ചെയ്തിരുന്നതാണ്. അവിടെ റോഡ് നിർമ്മിക്കുന്നതിനും ജലം എത്തിക്കുന്നതിനും വൈദ്യുതി കണക്ഷൻ സ്ഥാപിക്കുന്നതിനും കോടിക്കണക്കിന് രൂപയാണ് ചെലവഴിക്കേണ്ടിവരുന്നത്. എല്ലാ ഊരുകളിലും കണക്ടിവിറ്റി എത്തിക്കുന്നതിനായി കോടാനുകോടി രൂപയാണ് ചെലവഴിക്കുന്നത്. ഈ തുക ഉപയോഗിച്ച് അവരുടെ പുനരധിവാസം നടത്തുന്നതിനെക്കുറിച്ച് ചർച്ച നടത്തി തീരുമാനമെടുത്തെങ്കിലും പലരും ആ പ്രദേശം വിട്ടുവരാൻ തയ്യാറാകുന്നില്ലെന്നൊരു പ്രയാസംകൂടി ഈ വിഷയത്തിലുണ്ടെന്ന് അങ്ങേയ്ക്ക് അറിയാവുന്നതാണ്. കുറച്ചുകൂടി മെച്ചപ്പെട്ട സ്ഥലങ്ങളിൽ അവരെ പുനരധിവസിപ്പിച്ച് ആവശ്യമായ സൗകര്യങ്ങൾ ചെയ്തുകൊടുക്കാൻ പലതവണ ശ്രമിച്ചിരുന്നെങ്കിലും ഒരു കാരണവശാലും പുറംലോകത്തേയ്ക്ക് വരാൻ തയ്യാറാകാത്ത ചില ആളുകൾ അവരിലുണ്ടെന്ന് നാം മനസ്സിലാക്കണം. എന്നാൽ ചിലർ അവിടെനിന്നും വരാൻ തയ്യാറാകുന്നുമുണ്ട്. ഇക്കാര്യത്തിലുള്ള യാഥാർത്ഥ്യമെന്താണെന്ന് മനസ്സിലാക്കിക്കൊണ്ടുള്ള ഇടപെടലാണ് നടത്തേണ്ടത്. കോട്ടത്തറ ആശുപത്രിയുടെ കാര്യം അങ്ങ് സൂചിപ്പിച്ചു. 1996-ൽ ഞാൻ മന്ത്രിയായ

സമയത്താണ് ആദ്യമായി കോട്ടത്തറയിൽ സ്ഥലം കണ്ടെത്തി 25 കിടക്കകളുള്ള ആശുപത്രി ആരംഭിച്ചത്. 100 കിടക്കകളുള്ള ആശുപത്രി ആരംഭിക്കാനാണ് ആദ്യം തീരുമാനിച്ചത്. അവിടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് അങ്ങുകൂടി പങ്കെടുത്തുകൊണ്ട് നാം ചർച്ചകൾ നടത്തിയിട്ടുണ്ട്. ആശുപത്രിയുടെ പ്രവർത്തനം മോശമായിരുന്നുവെന്ന് അങ്ങ് ഉൾപ്പെടെയുള്ളവർ അറിയിച്ചതിന്റെ അടിസ്ഥാനത്തിലാണ് ആരോഗ്യ വകുപ്പുമന്ത്രി അവിടെവന്ന് പരിശോധന നടത്തി കൂടുതൽ സ്റ്റാഫിനെ അവിടെ നിയമിക്കാൻ തീരുമാനിച്ചത്. ഇക്കാര്യങ്ങളെല്ലാം അങ്ങേയ്ക്ക് അറിയാവുന്നതാണ്. അതുസംബന്ധിച്ച് കൂടുതൽ കാര്യങ്ങൾ മുൻ ആരോഗ്യ വകുപ്പുമന്ത്രി പറയുന്നതാണ്.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, എന്റെ കൈവശം ഇപ്പോൾ അതിന്റെ കണക്കുകളില്ല. പക്ഷെ, 2013-ലായിരുന്നു അട്ടപ്പാടിയിൽ ഏറ്റവും കൂടുതൽ ശിശുമരണമുണ്ടായത്. 2017, 2018, 2019 എന്നീ മൂന്ന് വർഷക്കാലം അട്ടപ്പാടിയിലെ ശിശുമരണ നിരക്ക് നന്നായി കുറഞ്ഞുവെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. അതിന്റെ കണക്ക് ഞാൻ ഹാജരാക്കാം. അട്ടപ്പാടി ആശുപത്രി 100 കിടക്കകളുള്ള ആശുപത്രിയായി ഉയർത്തിയതിന്റെ ഉത്തരവ് ലഭിച്ചില്ലെന്ന് അങ്ങ് സൂചിപ്പിച്ചു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്താണ്

അട്ടപ്പാടി ആശുപത്രിക്കുവേണ്ടി ഏറ്റവും ആധുനികമായ ഉപകരണങ്ങൾ വാങ്ങിയത്.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, ബഹുമാന്യനായ മണ്ണാർക്കാട് അംഗം സഭയെ തെറ്റിദ്ധരിപ്പിക്കുന്ന വിവരങ്ങളാണ് പറഞ്ഞുകൊണ്ടിരുന്നത്. ബഹുമാന്യയായ മുൻ ആരോഗ്യ വകുപ്പുമന്ത്രി പറഞ്ഞതുപോലെ, 2012-13 യു.ഡി.എഫ്. കാലഘട്ടത്തിൽ അവിടെത്തെ ശിശുമരണം 31 ആയിരുന്നു. അതിനുശേഷമാണ് ശിശുമരണം കുറച്ചുകൊണ്ടുവന്നത്. ഇത് വളരെ ദുഃഖകരമാണ്. (….ബഹളം….) ഒരു കുഞ്ഞും മരിക്കാൻ പാടില്ല. ഇവിടെ അടിയന്തരപ്രമേയത്തിൽ പരാമർശിച്ച കുഞ്ഞിന്റെ കാര്യം വളരെ വേദനാജനകമാണ്. ആ കുഞ്ഞിന്റെ ജനന ഭാരം 2.6 കിലോഗ്രാമായിരുന്നു. മൂന്ന് മാസവും 25 ദിവസവും പ്രായമുണ്ടായിരുന്ന ആ കുഞ്ഞിന് ഒരു അസുഖവുമുണ്ടായിരുന്നില്ല. അർദ്ധരാത്രിയിൽ അമ്മ പാലുകൊടുത്ത് കിടത്തിയ കുഞ്ഞാണ് വെളുപ്പിന് മരിച്ചത്. ജനിച്ച് ഒരുവയസ്സിനകം മരിക്കുന്നതാണ് infant death ആയി കണക്കാക്കുന്നത്. ഈ വർഷം ഏഴ് കുഞ്ഞുങ്ങൾ മരിച്ചപ്പോൾ ഇരുപത്തിയാറാമത്തെ ആഴ്ച ജനിച്ച കുഞ്ഞിന് മാത്രമാണ് 0.78 കിലോഗ്രാമുണ്ടായിരുന്നത്. ബാക്കി കുഞ്ഞുങ്ങൾക്കെല്ലാം

ആവശ്യമായ ഭാരമുണ്ടായിരുന്നു. ഇതിന്റെ അർത്ഥം, എല്ലാവർക്കും antenatal care വളരെ കൃത്യമായി കൊടുക്കുന്നുവെന്നതന്നെയാണ്. അട്ടപ്പാടിയിലെ കോട്ടത്തറ ആശുപത്രിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഇവിടെ പറഞ്ഞിരുന്നു. സ്ഥിരം തസ്തികയുൾപ്പെടെ ഈ ആശുപത്രിയിൽ 201 ജീവനക്കാരാണുള്ളത്. അതുസംബന്ധിച്ച് ഗവൺമെന്റ് ഉത്തരവുണ്ടായിട്ടില്ലെന്ന് ബഹുമാന്യനായ അംഗം പറഞ്ഞു. പന്ത്രണ്ട് മാസക്കാലയളവിൽ 1.98 കോടി രൂപയുടെ ഭരണാനുമതിയാണ് പുതിയ കെട്ടിടമുൾപ്പെടെ നിർമ്മിക്കുന്നതിനായി അനുവദിച്ചുനൽകിയത്. NQAS അക്രഡിറ്റേഷന് ഈ വർഷം ലഭിച്ച സ്കോർ 90 ശതമാനമാണ്. ഇത് അങ്ങയുടെ മണ്ഡലത്തിലെ ആശുപത്രിയാണ്. 75 ലക്ഷം രൂപ ചെലവഴിച്ചുകൊണ്ട് അവിടത്തെ പീഡിയാട്രിക് ഐ.സി.യു.-വിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. അങ്ങ് പോയി കാണണം. ന്യൂബോൺ ഐ.സി.യു.-ൽ 64 ലക്ഷം രൂപ മുടക്കി ആധുനിക ഉപകരണങ്ങൾ ലഭ്യമാക്കിക്കൊണ്ട് നവീകരിച്ചു. ബഹുമാന്യനായ മന്ത്രി പറഞ്ഞതുപോലെ, അട്ടപ്പാടിയിൽ സമഗ്രമായ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. തിങ്കളാഴ്ച ആശാവർക്കർമാരും ജെ.പി.എച്ച്.എൻ.-മാരും ബുധനാഴ്ച അങ്കണവാടി പ്രവർത്തകരും കുടുംബശ്രീ പ്രവർത്തകരും

ഒന്നിടവിട്ട ദിവസങ്ങളിൽ പോയി എല്ലാ ഗർഭിണികളെയും കാണുന്നുണ്ട്. ........(ബഹളം)....... ബഹുമാന്യനായ അംഗത്തിന് ചുമതലയുള്ള സമിതിയാണ് ഇതിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നത്. അതുകൊണ്ട് സഭയെ തെറ്റിദ്ധരിപ്പിക്കുന്ന കാര്യങ്ങൾ പറയരുതെന്ന് അഭ്യർത്ഥിക്കുകയാണ്.

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, കുട്ടികൾ മരിച്ചതുമായി ബന്ധപ്പെട്ട കണക്ക് എന്റെ കൈവശമുണ്ട്...... (ബഹളം).......

മി. സ്പീക്കർ: മന്ത്രി സംസാരിക്കുന്നതുമാത്രമെ രേഖയിൽ ഉണ്ടാകൂ......... മന്ത്രി സംസാരിക്കൂ......

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട മുൻ ആരോഗ്യ വകുപ്പുമന്ത്രി പറഞ്ഞല്ലോ കുട്ടികൾ മരിച്ചതിന്റെ കണക്കുണ്ടെന്ന്. ആ കണക്ക് പറഞ്ഞ് ഇരുപക്ഷത്തേയും കുറ്റപ്പെടുത്താനല്ല ഞാൻ ശ്രമിക്കുന്നത്...... (ബഹളം)....... 2013-ൽ മരണപ്പെട്ട കുട്ടികളുടെ കണക്ക് എന്റെ കൈവശമുണ്ടെങ്കിലും ഞാനത് പറയാതിരുന്നതാണ്. കണക്കുകൾ പറയുന്നത് ആരെയും തോൽപ്പിക്കാനല്ല. 2013-ൽ 33 കുട്ടികളാണ് അവിടെ മരിച്ചത്. കണക്ക് പറഞ്ഞ് താരതമ്യം ചെയ്യുന്നുമില്ല. ....... (ബഹളം)....... ഞങ്ങളുടെ ഭരണകാലത്ത് കുറച്ചുപേർ മാത്രമാണ് മരിച്ചതെന്നും നിങ്ങളുടെ

ഭരണകാലത്ത് കൂടുതൽപേർ മരിച്ചുവെന്നും ഞാൻ പറയുന്നത് മേനിനടിക്കാൻ വേണ്ടിയല്ല. ......(ബഹളം).......

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ചെയറിനെ അഭിസംബോധന ചെയ്ത് സംസാരിക്കു. ബഹുമാനപ്പെട്ട മന്ത്രി സംസാരിക്കുമ്പോൾ നിങ്ങൾ തടസ്സപ്പെടുത്തരുത്..... ഇരിക്കൂ.....ഇരിക്കൂ.... വളരെ ഗൗരവമുള്ള പ്രശ്നത്തെക്കുറിച്ചാണ് ബഹുമാനപ്പെട്ട മന്ത്രി സംസാരിക്കുന്നത്.

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ആരോഗ്യ മേഖലയുമായി ബന്ധപ്പെട്ട് ആശുപത്രിയിൽ ചെയ്തുകൊണ്ടിരിക്കുന്ന കാര്യങ്ങളെക്കുറിച്ച് ബഹുമാനപ്പെട്ട ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സൂചിപ്പിച്ചു. ....(ബഹളം)....... കോട്ടത്തറ ആശുപത്രിയിലെ വൈദ്യുതി വിച്ഛേദിച്ചുവെന്ന് ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചു. എന്നെ ഫോണിൽ വിളിച്ച് ഈ വിവരം പറഞ്ഞിരുന്നുവെങ്കിൽ ഒരുമണിക്കൂറിനുള്ളിൽ അവിടെ വൈദ്യുതി പുന:സ്ഥാപിക്കാൻ സാധിക്കുമായിരുന്നു. ......(ബഹളം)....... അല്ലെങ്കിൽ ആ ജില്ലയിലെ ചുമതലപ്പെട്ട മന്ത്രി ഇവിടെയുണ്ടല്ലോ......(ബഹളം).......

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, അതുസംബന്ധിച്ച് എന്നോട് ഫോണിലൂടെ ഒരു വാക്ക് പറഞ്ഞിരുന്നെങ്കിൽ വൈദ്യുതി പുന:സ്ഥാപിക്കുമായിരുന്നല്ലോ; അങ്ങ് പല ആവശ്യങ്ങൾക്കുംവേണ്ടി എന്നെ

ഫോണിൽ വിളിക്കാറുണ്ടല്ലോ, ഈ ആവശ്യത്തിനുവേണ്ടി ഫോൺ വിളിക്കാത്തതെന്തുകൊണ്ടാണ്?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, വിവാദമുണ്ടാക്കാൻ വേണ്ടിയല്ല പറയുന്നത്. കേരളത്തിലെ ആദിവാസി ജനവിഭാഗത്തിന്റെ ജീവിതം കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി എന്തെല്ലാം കാര്യങ്ങൾ ചെയ്യാൻ സാധിക്കുമോ അതെല്ലാം ചെയ്യാൻ ഈ ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണ്. ഇത് രാഷ്ട്രീയമുതലെടുപ്പിനുവേണ്ടി പറയുന്നതല്ല. രാഷ്ട്രീയ മുതലെടുപ്പാണ് ലക്ഷ്യമെങ്കിൽ ആ രീതിയിൽ അത് കൈകാര്യം ചെയ്യാം. ഇത് ഭരണപക്ഷവും പ്രതിപക്ഷവും തമ്മിലടിക്കാൻവേണ്ടിയുള്ളതല്ല. നമ്മുടെ സമൂഹത്തിലെ ഏറ്റവും പാവപ്പെട്ട ആളുകളുടെ ജീവിതത്തിലുണ്ടാകുന്ന ദുരന്തങ്ങൾക്ക് പരിഹാരമുണ്ടാക്കുന്നതിനായി കൂട്ടായ പ്രവർത്തനം നടത്താൻ ഗവൺമെന്റ് സദാ സന്നദ്ധമാണ്. അട്ടപ്പാടിയിൽ യാതൊരു വിധത്തിലുള്ള ദുരന്തങ്ങൾ ഉണ്ടാകാതിരിക്കാൻ ഗവൺമെന്റ് മുൻകരുതൽ സ്വീകരിക്കുന്നതാണ്. അതുകൊണ്ട് ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിയുടെ

വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചിരിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, മുമ്പ് ഞാൻ വായിച്ചൊരു പുസ്തകത്തിൽ പ്രശസ്ത പത്രപ്രവർത്തകനായിരുന്ന ശ്രീ. പി. സായ്നാഥ് സൂചിപ്പിച്ചിരുന്നത് വിശപ്പുകൊണ്ട് ഒരാൾ മരിച്ചാൽ, പട്ടിണിമരണമാണെന്ന് അടയാളപ്പെടുത്തുന്നത് അയാളെ പോസ്റ്റ്മോർട്ടം നടത്തി ഉദരത്തിൽ തലേദിവസം കഴിച്ച ഭക്ഷണത്തിന്റെ അവശിഷ്ടം ഉണ്ടോയെന്ന് നോക്കിയതിനുശേഷമാണ് എന്നാണ്. തലേദിവസം അയാൾ ഭക്ഷണം കഴിച്ചിട്ടുണ്ടെങ്കിൽ അതിന്റെ അവശിഷ്ടം ഉദരത്തിൽ കാണും; അപ്പോഴത് പട്ടിണി മരണമല്ലെന്ന് തീർപ്പാക്കും. യഥാർത്ഥത്തിൽ ഒരാൾ പട്ടിണികൊണ്ട് മരിക്കുന്നത് ഒന്നു-രണ്ട് ദിവസം ഭക്ഷണം കഴിക്കാത്തതുകൊണ്ടല്ല. നിരവധി മാസക്കാലത്തെ/വർഷക്കാലത്തെ പോഷകാഹാരക്കുറവുകൊണ്ടും നിരവധി പ്രാവശ്യം ഭക്ഷണം കഴിക്കാത്തതുകൊണ്ടും അയാളുടെ പ്രതിരോധ സംവിധാനം മുഴുവൻ തകർന്ന് ഏത് രോഗത്തിനും അടിപ്പെടാവുന്ന സാഹചര്യത്തിലേയ്ക്ക് മാറുമ്പോഴുമാണ് അയാൾ പട്ടിണിമരണത്തിന് വിധേയമാകുന്നത്. എന്നാൽ ശ്രീ. പി.

സായ്നാഥ് വിമർശിച്ചത് നമ്മുടെ സംവിധാനങ്ങളെക്കുറിച്ചാണ്. കാരണം തലേദിവസം ഭക്ഷണം കഴിച്ചിട്ടുണ്ടോയെന്നുമാത്രം പരിശോധിച്ചതുകൊണ്ട് പട്ടിണിമരണത്തെ കണക്കാക്കാൻ സാധിക്കില്ല. അതിനാൽ ഇത് വർഷങ്ങൾ കണക്കാക്കി ചർച്ച ചെയ്യപ്പെടേണ്ട വിഷയമല്ല. ബഹുമാന്യനായ മന്ത്രി കെ. രാധാകൃഷ്ണൻ വളരെ സൗമ്യമായി മറുപടി പറയുന്നതാണ് സാധാരണ കാണാറുള്ളത്. ഇതിനുമുമ്പ് ശ്രീ. എ. കെ. ബാലൻ സഭയിൽ മറുപടി പറഞ്ഞപ്പോൾ വളരെ പ്രകോപനപരമായി കാര്യങ്ങൾ പറഞ്ഞത് സഭയുടെ രേഖകളിലുണ്ട്. മരണത്തിന്റെ കണക്ക് പറഞ്ഞപ്പോൾ 'ഞങ്ങളുടെ കാലത്ത് രണ്ട് പേർ ചത്തു, അത് നിങ്ങളുടെ കാലത്തെ ഗർഭമാണ് എന്നൊക്കെ കഴിഞ്ഞ ഭരണകാലത്തെ മന്ത്രി പറഞ്ഞതുപോലെ ഈ മന്ത്രി പറയാത്തതിൽ എനിക്ക് സന്തോഷമുണ്ട്.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ഞാൻ അങ്ങനെ പറഞ്ഞില്ലല്ലോ.

ശ്രീ. വി. ഡി. സതീശൻ: സർ, അങ്ങ് പറഞ്ഞില്ലെന്നുതന്നെയാണ് ഞാനും പറഞ്ഞത്. ഞാൻ നേരത്തേ സൂചിപ്പിച്ചതുപോലെയാണ് അന്നത്തെ മന്ത്രി പ്രതികരിച്ചത്. അന്ന് സഭയിലുള്ള ഞങ്ങളെല്ലാവരും

സ്തബ്ധരായിപ്പോയി; ഏതായാലും അങ്ങ് അങ്ങനെ പറഞ്ഞില്ല.

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, കോട്ടത്തറ അശുപത്രിയിൽ വൈദ്യുതി വിച്ഛേദിച്ചിട്ടില്ല. നിങ്ങൾ അതുസംബന്ധിച്ച് അന്വേഷിച്ചുനോക്കൂ. ഇക്കാര്യം ഞാൻ ഔദ്യോഗികമായി അന്വേഷിച്ചതിനുശേഷമാണ് പറയുന്നത്. വാർത്താപ്രാധാന്യം ലഭിക്കുന്നതിനുവേണ്ടി ഇങ്ങനെയൊന്നും പറയാൻ പാടില്ല. നിങ്ങൾ തെളിവ് കൊണ്ടുവരൂ. .....(ബഹളം)........

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കിയല്ലോ...... ഇരിക്കൂ.......ഇനി പ്രതിപക്ഷ നേതാവ് സംസാരിക്കട്ടെ.....

ശ്രീ. വി. ഡി. സതീശൻ: സർ, അവിടെ 192 ഊരുകളും 11000 കുടുംബങ്ങളുമുള്ള പ്രദേശമാണ്. യു.ഡി.എഫ്.-ഉം എൽ.ഡി.എഫ്.-ഉം ഭരണംനടത്തിയിരുന്ന കാലയളവിലെ മരണത്തിന്റെ കണക്ക് പറഞ്ഞ് തർക്കിക്കേണ്ട. ഇവിടത്തെ മരണനിരക്ക് 2012-13-ലാണ് വളരെ രൂക്ഷമായത്. ഈ പ്രശ്നം ഒരുദിവസം കൊണ്ടുണ്ടായതല്ല, വർഷങ്ങളോളം പഴക്കമുള്ള പ്രശ്നങ്ങളാണ്. ഞങ്ങളെല്ലാം പലപ്രാവശ്യം അവിടെ പോയിട്ടുണ്ട്. അവിടെ സിക്കിൾ സെൽ അനീമിയ രോഗവും പോഷകാഹാരക്കുറവുമുണ്ട്, ചില ഊരുകളിൽ അമിതമായ വ്യാജമദ്യത്തിന്റെ പ്രശ്നവുമുണ്ട്. അന്ന് ആ

വിഷയങ്ങൾ മനസ്സിലാക്കി കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ യോജിച്ചുനിന്നുകൊണ്ട് 125 കോടി രൂപയുടെ പാക്കേജാണ് പ്രഖ്യാപിച്ചത്. അതിന്റെ ഭാഗമായാണ് 192 ഊരുകളിലും പ്രത്യേകം അടുക്കളകൾ (കമ്മ്യൂണിറ്റി കിച്ചനുകൾ) നിർമ്മിക്കുകയും കൂടുതൽ ആരോഗ്യ സംവിധാനങ്ങൾ കോട്ടത്തറ ആശുപത്രിയിൽ ഏർപ്പെടുത്തുകയും ചെയ്തത്. ആശാവർക്കർമാർ, പ്രൊമോട്ടർമാർ, ഗവൺമെന്റിന്റെ വിവിധ വകുപ്പുകളുടെ സംവിധാനങ്ങൾ എന്നിവയെല്ലാം ഇടപെട്ടുകൊണ്ടാണ് മരണനിരക്ക് കുറച്ചുകൊണ്ടുവരാൻ സാധിച്ചത്. അവിടെ സംഭവിക്കുന്ന കാര്യങ്ങളെക്കുറിച്ച് നിരവധി കമ്മിറ്റികൾ പഠനം നടത്തിയിരുന്നു. എന്നാൽ സർക്കാർ സംവിധാനങ്ങളുടെ പരാജയമാണ് പലപ്പോഴും അവിടെ സംഭവിച്ചുകൊണ്ടിരുന്നത്. ഓരോ ശിശുമരണവും വ്യവസ്ഥിതി നടത്തുന്ന കൊലപാതകങ്ങൾപോലെയായി. റേഷൻ കടകൾ, പ്രൊമോട്ടർമാർ എന്നിങ്ങനെയുള്ള വലിയ സംവിധാനങ്ങൾ ഉണ്ടായിരുന്നിട്ടും അവയുടെ ഏകോപനം കൃത്യമായി നടക്കാത്തതുകൊണ്ട് നിരവധി കമ്മിറ്റികൾ പരിശോധിച്ച് അതിന് പരിഹാരം കണ്ടെത്തുകയും അവയ്ക്ക് ഫലമുണ്ടാകുകയും ചെയ്തു. Prenatal Care, Postnatal Care എന്നിവയ്ക്ക് പ്രത്യേകം ശ്രദ്ധനൽകുന്നതിനുള്ള സംവിധാനമൊരുക്കി. ആരോഗ്യ-വനിത-

ശിശുവികസന വകുപ്പുമന്ത്രി പറഞ്ഞതുപോലെ അമ്മമാരുടെ പോഷാകാഹാരക്കുറവാണ് ഗർഭസ്ഥ ശിശുക്കളും നവജാത ശിശുക്കളും മരിക്കാനും കുട്ടികളുടെ തൂക്കം കുറയാനുമുള്ള കാരണം. അത്തരത്തിലുള്ള നിരവധി കാരണങ്ങൾ കണ്ടെത്തി അതിനുള്ള പരിഹാരനടപടിയുമായാണ് മുന്നോട്ടുപോയത്. അതിനുശേഷം കുട്ടികളുടെ മരണനിരക്ക് നന്നായി കുറഞ്ഞുവന്നു. 23-02-2022-ൽ ഈ വിഷയവുമായി ബന്ധപ്പെട്ട് ഒരു സബ്മിഷൻ ഞാൻ അവതരിപ്പിച്ചിരുന്നു. പക്ഷേ അങ്ങ് അന്ന് നൽകിയ മറുപടിതന്നെയാണ് ഇപ്പോഴും ആവർത്തിച്ചിരിക്കുന്നത്. അതിന് മാറ്റമുണ്ടാകുന്നില്ല. ബഹുമാനപ്പെട്ട മന്ത്രി അവിടെ സന്ദർശിച്ചില്ലെന്ന് പറയുന്നില്ല. അവിടെ എം.പി., എം.എൽ.എ., തുടങ്ങി എല്ലാവരുമുണ്ട്. അവർ എല്ലാ കമ്മിറ്റികളിലും പങ്കെടുത്ത് ആവശ്യമായ കാര്യങ്ങൾ ചെയ്യുന്നുണ്ട്. പക്ഷേ നേരത്തെ നമ്മൾ തയ്യാറാക്കി തുടർന്നുകൊണ്ടിരുന്ന സിസ്റ്റം ഇപ്പോൾ തുടരുന്നില്ലെന്നതാണ് ഏറ്റവും പ്രധാനപ്പെട്ട വിഷയം. അമ്മയുടെ അനാരോഗ്യം, മറ്റ് രോഗങ്ങൾ, ഗർഭകാലത്തെ ആരോഗ്യസ്ഥിതി, പോഷകാഹാരക്കുറവ്, ജനനാനന്തര ശുശ്രൂഷ എന്നിവയെല്ലാം ഇപ്പോൾ പ്രശ്നമായിരിക്കുന്നു. നിലവിൽ കമ്മ്യൂണിറ്റി കിച്ചണുകളിൽ പകുതിപോലും പ്രവർത്തിക്കാത്തതും ഗൗരവമായ കാര്യമാണ്. ആശുപത്രിയുടെ ദുരവസ്ഥ

സങ്കടകരമാണ്. ഞങ്ങൾ ആ ആശുപത്രി സന്ദർശിച്ചിരുന്നു. ഒരു മാസം അറുപതോളം പ്രസവങ്ങൾ നടക്കുന്ന ആശുപത്രിയാണത്. അവിടെ നവജാത ശിശുക്കൾക്കായി ഒരു ഡോക്ടറോ പീഡിയാട്രിക് വെന്റിലേറ്ററോ, കാർഡിയോളജിസ്റ്റോ, കാത്ത് ലാബോ ഇല്ല. ആകെ 54 കിടക്കകളാണ് ആ ആശുപത്രിയിലുള്ളതെങ്കിലും അവിടെ കിടത്തി ചികിൽസിക്കുന്നത് 150 പേരെയാണ്. 2017-ൽ അന്നത്തെ ആരോഗ്യ വകുപ്പുമന്ത്രി ഈ ആശുപത്രിയെ 100 കിടക്കകളുള്ള ആശുപത്രിയായി ഉയർത്തുമെന്ന് പ്രഖ്യാപിച്ചെങ്കിലും നാളിതുവരെയും അത് ചെയ്തിട്ടില്ല. 50 കിടക്കകളുള്ള സ്ഥാനത്ത് 100 കിടക്കകളുള്ള സൗകര്യമൊരുക്കുമ്പോൾ സ്റ്റാഫ് പാറ്റേണിലും അതനുസരിച്ച് വ്യത്യാസം വരും. കൂടുതൽ സ്റ്റാഫിനെ നിയമിക്കേണ്ടിവരുന്നതാണ്. ആശുപത്രിയിലെ സ്ഥിതി വളരെ മോശമാണെന്ന് ഞങ്ങൾക്ക് അവിടെ ചെന്നപ്പോൾ ബോദ്ധ്യപ്പെട്ടു. ആ ആശുപത്രിയിൽ ജോലി ചെയ്തിരുന്ന 59 ജീവനക്കാരെയാണ് കൂട്ടത്തോടെ പിരിച്ചുവിട്ടിരിക്കുന്നത്. അവിടത്തെ കൂടുതൽ ജീവനക്കാരും ആദിവാസികളായിരുന്നു. ആശുപത്രിയിൽ സ്ത്രീകൾ ചികിത്സതേടി വരുമ്പോൾ അവരുടെ കൂടെ ഭർത്താക്കന്മാരോ, അമ്മമാരോ ആരുമുണ്ടാകില്ല. കാരണം ഇവരുടെ ഊരുകളിൽ അവരുടെ ആടുമാടുകളെ

സംരക്ഷിക്കേണ്ടതുകൊണ്ട് വീട്ടുകാർ കൂട്ടിരിപ്പുകാരായി വരാറില്ല. അവരെ പരിചരിക്കുന്നതിനായി കൂടെനിന്നിരുന്നവരെ കൂട്ടത്തോടെ പിരിച്ചുവിട്ടു. അട്ടപ്പാടിയിലെ ആരോഗ്യ സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി നൽകിയ 12 കോടി രൂപ ഉപയോഗിച്ച് എന്താണ് ചെയ്തതെന്നറിയാമോ? ഈ തുക പെരിന്തൽമണ്ണയിലെ ഇ.എം.എസ്. സഹകരണ ആശുപത്രിയിലേയ്ക്ക് കൊടുത്തു. ഈ തുക കോട്ടത്തറ ആദിവാസി ആശുപത്രിയുടെ വികസനത്തിനായി ചെലവാക്കിയിരുന്നെങ്കിൽ അവിടെ എല്ലാ സംവിധാനങ്ങളും ഉണ്ടാകുമായിരുന്നു. ഇപ്പോൾ പെരിന്തൽമണ്ണയിലെ ഇ.എം.എസ്. ആശുപത്രി വീണ്ടും ആറ് കോടി രൂപ ആവശ്യപ്പെട്ടിരിക്കുകയാണ്. നമ്മൾ കോട്ടത്തറ ആദിവാസി ആശുപത്രിയിലെ സംവിധാനങ്ങളല്ലേ മെച്ചപ്പെടുത്തേണ്ടത്; പെരിന്തൽമണ്ണ ആശുപത്രിയിലേയ്ക്ക് പോകുന്നതിനെക്കാൾ കൂടുതൽ ആളുകൾ തൃശ്ശൂർ മെഡിക്കൽകോളേജിലേയ്ക്കാണ് പോകുന്നത്. തൃശ്ശൂർ മെഡിക്കൽ കോളേജിലല്ല ആ സംവിധാനമുള്ളത്. ഒരു സർജറി നടത്തി തിരിച്ച് കോട്ടത്തറ ആശുപത്രിയിൽ റിപ്പോർട്ട് ചെയ്തുകഴിഞ്ഞാൽ അവിടെനിന്നും പിന്നീട് അവരെ ചെക്കപ്പിന് കൊണ്ടുപോകാൻ വാഹനസൗകര്യം ഏർപ്പെടുത്തി കൊടുത്തിരുന്നു. എന്നാൽ നേരത്തെ ഉണ്ടായിരുന്ന

സംവിധാനങ്ങൾ ഇപ്പോൾ മുഴുവനായി ഇല്ലാതായിരിക്കുന്ന സ്ഥിതിയാണ്. നിരവധി ആളുകൾ സർജറിക്ക് പോകുന്നത് തൃശ്ശൂർ മെഡിക്കൽ കോളേജിലാണ്. അവിടെ സർജറി കഴിഞ്ഞ് തുടർ ചികിത്സ ലഭിക്കാത്തതിന്റെ ഫലമായി നിരവധി ആളുകൾ മരണപ്പെട്ടു. ഇത്തരം വിഷയങ്ങളാണ് ഏറ്റവും പ്രധാനമായി മുമ്പിൽനിൽക്കുന്നത്. സംവിധാനങ്ങളുടെ ഏകോപനമില്ലെന്ന ഗൗരവമായ പരാതിയാണ് പ്രതിപക്ഷം ഉന്നയിച്ചത്. മരണം കൂടുതലുണ്ടായിരുന്ന കാലത്ത് വകുപ്പുകളുടെ ഏകോപനത്തിലൂടെ ആവിഷ്കരിച്ച് നടപ്പാക്കിയ പദ്ധതികളുടെയും അവിടെ ചെയ്ത സംവിധാനങ്ങളുടെയും ഫലമായാണ് മരണനിരക്ക് ഗണ്യമായി കുറച്ചുകൊണ്ടുവരാൻ സാധിച്ചത്. ഇപ്പോൾ ആ സംവിധാനം പ്രവർത്തിക്കുന്നില്ല. ആ മണ്ഡലത്തെ പ്രതിനിധാനം ചെയ്യുന്ന എം.എൽ.എ. നിയമസഭയിൽവന്ന് അവിടത്തെ വൈദ്യുതി കണക്ഷൻ വിച്ഛേദിച്ചുവെന്ന് വെറുതെ പറയുമോ; അവിടെ വൈദ്യുതി കണക്ഷൻ വിച്ഛേദിക്കപ്പെട്ടു, അവർക്ക് വെള്ളം ലഭിക്കാത്ത അവസ്ഥയുമുണ്ടായി. അതിവിടെ എം.എൽ.എ. വന്ന് പറയുമ്പോൾ അതിനുള്ള മറുപടി മന്ത്രിക്ക് നൽകുന്നത് ഉദ്യോഗസ്ഥരല്ലേ? അങ്ങ് ഇക്കാര്യം ഇവിടെയിരുന്നാണല്ലോ അന്വേഷിച്ചത്; ഉദ്യോഗസ്ഥർ അങ്ങേയ്ക്ക് സഭയിൽത്തന്നെ മറുപടിയല്ലേ;

കോട്ടത്തറ ആദിവാസി ആശുപത്രിയിലെ വൈദ്യുതി കണക്ഷൻ വിച്ഛേദിക്കപ്പെട്ടുവെന്ന് അവിടെ പ്രതിനിധാനം ചെയ്യുന്ന എം.എൽ.എ. വളരെ ഗൗരവത്തോടുകൂടിയുള്ള ആക്ഷേപമാണ് ഉന്നയിച്ചത്. അതുപോലെ ജലലഭ്യതയുടെയും കുറവുണ്ടായിട്ടുണ്ട്. അവിടത്തെ എം.എൽ.എ. ഈ കാര്യങ്ങളെല്ലാം ഇവിടെ വന്നല്ലാതെ എവിടെയാണ് പറയേണ്ടത്? അദ്ദേഹം ആ വിഷയം ഇന്ന് സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് നോട്ടീസ് കൊടുത്തു. അവിടത്തെ എം.എൽ.എ. ആ ആശുപത്രിയിലെ സംവിധാനങ്ങളുടെ അപര്യാപ്തതയെക്കുറിച്ചും വൈദ്യുതി കണക്ഷൻ വിച്ഛേദിക്കപ്പെട്ടുവെന്നും വെള്ളം ലഭിക്കുന്നില്ലെന്നും ഡോക്ടർമാരില്ലെന്നും സ്റ്റാഫില്ലെന്നും പറയുകയുണ്ടായി. ആരോഗ്യ വകുപ്പുമന്ത്രി അറിയിച്ചതുപോലെ ആരോഗ്യവകുപ്പിന്റെ പ്രവർത്തനങ്ങൾ അവിടെ തുടങ്ങിയിട്ടില്ലെന്നാണ് അദ്ദേഹം പറഞ്ഞത്. അവിടെ ബ്ലോക്ക് പഞ്ചായത്തിന്റെ ചില പ്രവൃത്തികൾ നടക്കുന്നുവെന്നല്ലാതെ ആരോഗ്യവകുപ്പിന്റെ പ്രവൃത്തികൾ നടക്കുന്നില്ല. ആരോഗ്യവകുപ്പ് നേരത്തെ ചെയ്ത ചില സംവിധാനങ്ങൾ മാത്രമാണുള്ളത്. അവിടെ ആവശ്യത്തിന് ടെക്നീഷ്യൻമാരില്ലെന്ന കാര്യം ബഹുമാനപ്പെട്ട മന്ത്രി അന്വേഷിച്ചോ; മന്ത്രി അവിടെ ചെന്ന് അവിടത്തെ സൂപ്രണ്ടുമായുണ്ടായ പ്രശ്നത്തിന്റെ പേരിൽ

ഏറ്റവും കമ്മിറ്റഡായി പ്രവർത്തിച്ചിരുന്ന, എല്ലാവർക്കും ഇഷ്ടമുള്ള ആ സൂപ്രണ്ടിനെ സ്ഥലം മാറ്റി. ബഹുമാനപ്പെട്ട മന്ത്രി അവിടെ സന്ദർശിക്കുന്ന അവസരത്തിൽ തിരുവനന്തപുരത്ത് ഒരു യോഗം നടക്കുന്നുണ്ടെന്ന് അദ്ദേഹത്തെ തെറ്റിദ്ധരിപ്പിച്ച് വിളിച്ചുവരുത്തുകയും അദ്ദേഹം യാത്രചെയ്ത് കൊല്ലത്തെത്തിയപ്പോൾ ആശുപത്രിയിൽനിന്ന് വിളിച്ച് മന്ത്രി അവിടെ സന്ദർശനം നടത്തുകയാണെന്നും അറിയിക്കുകയുണ്ടായി. ഇത്തരം കാര്യങ്ങളെല്ലാം ശരിയാണോയെന്ന് നിങ്ങൾ പരിശോധിക്കണം. ഇതുപോലെ നിരവധി പ്രശ്നങ്ങളുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിക്ക് എന്തോ പറയാനുണ്ടെന്ന് പറഞ്ഞല്ലോ; ബഹുമാനപ്പെട്ട അംഗം പറഞ്ഞ് അവസാനിപ്പിക്കുന്നതിനുമുമ്പ് ഒന്ന് വഴങ്ങിയാൽ നല്ലതായിരിക്കും.

ശ്രീ. വി. ഡി. സതീശൻ: സർ, ആരോഗ്യവകുപ്പുമായി ബന്ധപ്പെട്ട ഗൗരവമായ കുറെ വിഷയങ്ങളുണ്ട്. ഞാൻ അത് പറഞ്ഞ് തീർത്തതിനുശേഷം ബഹുമാനപ്പെട്ട മന്ത്രിക്ക് വഴങ്ങാം. അപ്പോൾ മന്ത്രിക്ക് ഒരുമിച്ച് മറുപടി പറയാമല്ലോ; ഓരോ കാര്യവും പറയുമ്പോൾ മന്ത്രി എഴുന്നേറ്റ് മറുപടി പറയേണ്ട. പ്രീനേറ്റൽ കെയറും പോസ്റ്റ്നേറ്റൽ കെയറും അവിടെ ശരിയായ

രീതിയിൽ പ്രവർത്തിക്കുന്നില്ല. പോഷകാഹാരം നേരത്തെ കൊടുത്തുകൊണ്ടിരുന്നത് കൃത്യമായി നൽകുന്നില്ല. ഈ ആശുപത്രിയിൽ ജീവനക്കാരുടെ കുറവുണ്ട്, 59 ജീവനക്കാരെ കൂട്ടത്തോടെ പിരിച്ചുവിട്ടു. മാത്രമല്ല, ആവശ്യത്തിന് ലാബ് ടെക്നീഷ്യൻമാരും ഡോക്ടർമാരുമില്ല. ഫെബ്രുവരി മാസത്തിൽ നൽകിയ അതേ മറുപടി ജൂലൈ മാസത്തിലും ആവർത്തിക്കുകയാണ് ചെയ്യുന്നത്. അന്ന് മന്ത്രി പറഞ്ഞതിൽനിന്നും യാതൊരു മാറ്റവും അവിടെ ഉണ്ടായിട്ടില്ല.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (<u>ശ്രീമതി വീണാ ജോർജ്</u>): സർ, ബഹുമാന്യനായ പ്രതിപക്ഷ നേതാവ് ഇ.എം.എസ്. സഹകരണ ആശുപത്രിക്ക് അധികംതുക കൊടുത്തുവെന്ന് സഭയിൽ സൂചിപ്പിച്ചത് വസ്തുതാവിരുദ്ധമാണ്. സഹകരണവകുപ്പ് അതിനായി നീക്കിവച്ച തുകയിൽ സി.എസ്.ആർ. ഫണ്ടിൽനിന്നോ അല്ലാതെയോ അതവിടെ ഉപയോഗിച്ചിട്ടുണ്ടാവാം. പക്ഷേ ഇത്തരത്തിലുള്ള കാര്യങ്ങൾ വസ്തുതാവിരുദ്ധമാണെന്ന് പ്രത്യേകമായി പറയുകയാണ്. ആരോഗ്യവകുപ്പ് അങ്ങനെ പണം കൊടുത്തിട്ടില്ല. കോട്ടത്തറ ആശുപത്രിയിലെ സ്റ്റാഫുമായി ബന്ധപ്പെട്ട് പറയാനുള്ളത്, അവിടെ 84 സ്ഥിരതസ്തികകളുണ്ട്. അതുകൂടാതെ എച്ച്.എം.സി. മുഖേന 46 പേർ, കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി

(KASP) മുഖേന 34 പേർ, എൻ.എച്ച്.എം. വഴി 29 പേർ, കൂടാതെ 8 പേർ, 117 താൽക്കാലിക ജീവനക്കാർ എന്നിങ്ങനെ ആകെ 201 ജീവനക്കാരാണുള്ളത്. അട്ടപ്പാടി കോട്ടത്തറ ആദിവാസി ആശുപത്രിക്കുവേണ്ടി നവജാതശിശുക്കൾക്കുള്ള തീവ്രപരിചരണ യൂണിറ്റ് 64 ലക്ഷം രൂപ ചെലവഴിച്ചുകൊണ്ട് നവീകരിച്ചു. ഈ വിഷയങ്ങളൊക്കെ ബഹുമാനപ്പെട്ട എം.എൽ.എ.-യ്ക്ക് നേരിട്ടറിയാവുന്നതല്ലേ. ബഹുമാനപ്പെട്ട അംഗം ആ ആശുപത്രി സന്ദർശിക്കണം. ......(ബഹളം).....

മി. സ്പീക്കർ: ഇതിലെന്താണ് പ്രശ്നം; ബഹുമാനപ്പെട്ട മന്ത്രി കാര്യങ്ങൾ വിശദീകരിക്കുകയല്ലേ. അതിനെന്തിനാണ് പ്രകോപിതരാകുന്നതെന്ന് മനസ്സിലാകുന്നില്ല.

ശ്രീമതി വീണ ജോർജ്: സർ, ഇത് വളരെ പ്രധാനപ്പെട്ട വിഷയമാണ്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയുകയല്ലേ; അതൊക്കെ അങ്ങോട്ടുമിങ്ങോട്ടും എല്ലാവരും പറയും. മന്ത്രി കാര്യങ്ങൾ വിശദീകരിക്കുകയാണ്. .......(ബഹളം)....സഭ അല്പസമയത്തേയ്ക്ക് നിർത്തിവയ്ക്കുന്നു.

(ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി നടത്തിയ പരാമർശത്തിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ബഹു. സ്പീക്കറുടെ

ഡയസ്സിനുമുന്നിൽ വന്നുനിന്ന് ബഹളം വച്ചുകൊണ്ടിരുന്നതിനെത്തുടർന്ന് രാവിലെ 10.50-ന് താത്കാലികമായി നിർത്തിവച്ച സഭ 11.11-ന് പുനരാരംഭിച്ചു.)

മി. സ്പീക്കർ: ഓർഡർ.....ഓർഡർ......സഭാനടപടികൾ സുഗമമായി നടത്തിക്കൊണ്ടു പോകാൻ കഴിയാത്ത സാഹചര്യത്തിലാണ് സഭ നിർത്തിവച്ചത്. അടുത്ത നടപടികളിലേയ്ക്ക് കടക്കുന്നതാണ് ഉചിതമെന്ന് തോന്നുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഞാൻ ബഹുമാനപ്പെട്ട മന്ത്രിക്ക് വഴങ്ങിയതല്ലേ; എന്റെ പ്രസംഗം പൂർത്തിയാക്കണ്ടേ?

മി. സ്പീക്കർ: ദയവായി ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഔപചാരികമായി അവസാനിപ്പിക്കണം.

ശ്രീ. വി. ഡി. സതീശൻ: സർ, സാധാരണ അടിയന്തരപ്രമേയത്തിന് നോട്ടീസ് അവതരിപ്പിച്ചു കഴിഞ്ഞാൽ ബഹുമാനപ്പെട്ട മന്ത്രി മറുപടി നൽകും; അദ്ദേഹം ഇവിടെ മറുപടി നൽകുകയും ചെയ്തു. കണക്ക് ചെയ്തിട്ടുള്ള ഏതെങ്കിലും കേസ് വരികയോ അവതാരകൻ എന്തെങ്കിലും പറഞ്ഞിട്ടുണ്ടെങ്കിലോ മറ്റൊരു മന്ത്രിക്ക് മറുപടി നൽകണമെങ്കിൽ അപ്പോൾ

പറയാവുന്നതാണ്. ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി അപ്പോഴൊന്നും മറുപടി നൽകിയില്ല. എന്റെ വാക്കൗട്ട് പ്രസംഗത്തിനിടയിൽ ഞാൻ വഴങ്ങിയതിനുശേഷമാണ് മറുപടി നൽകിയത്. അങ്ങനെ അവസരം ലഭിക്കുമ്പോൾ ഞാൻ സൂചിപ്പിച്ച കാര്യങ്ങൾ ക്ലാരിഫൈ ചെയ്യാൻ വേണ്ടിയല്ലേ അത് ഉപയോഗിക്കേണ്ടത്. അതിനുപകരം ഇവിടെ അടിയന്തരപ്രമേയം അവതരിപ്പിച്ച എം.എൽ.എ.-യെ അധിക്ഷേപിച്ചുകൊണ്ട് സംസാരിച്ചത് തികഞ്ഞ അനൗചിത്യവും ദൗർഭാഗ്യകരവുമായിപ്പോയി. ശ്രീ. എൻ. ഷംസുദ്ദീൻ അവിടെ പോകാത്തതുകൊണ്ടല്ലല്ലോ മൂന്നാമത്തെ തവണയും ജയിച്ച് ഇവിടെ വന്നിരിക്കുന്നത്. ശ്രീ. എൻ. ഷംസുദ്ദീൻ ഓട് പൊളിച്ച് വന്നതല്ലല്ലോ? സ്വന്തം നിയോജകമണ്ഡലത്തിലെ ഗൗരവതരമായ പ്രശ്നം നിയമസഭയിൽ ഒരു എം.എൽ.എ. ഉന്നയിക്കുമ്പോൾ ബന്ധപ്പെട്ട, ഉത്തരവാദിത്വമുള്ള ഒരു മന്ത്രി എം.എൽ.എ.-യെ അധിക്ഷേപിച്ച് സംസാരിച്ചത് ദൗർഭാഗ്യകരമായിപ്പോയെന്ന് ഒരിക്കൽക്കൂടി സൂചിപ്പിച്ചുകൊണ്ട് എന്റെ പ്രൊട്ടസ്റ്റ് ഇവിടെ രജിസ്റ്റർ ചെയ്യാൻ ആഗ്രഹിക്കുന്നു. ഇവിടെ ഞങ്ങൾ പറഞ്ഞതിൽ ഒന്നാമത്തെ കാര്യം, സർക്കാരിന് കോ-ഓർഡിനേഷനില്ല; അത് ഗൗരവതരമായി പരാജയപ്പെട്ടുവെന്നാണ്. രണ്ടാമതായി, ആരോഗ്യ

വകുപ്പ് ദയനീയമായി പരാജയപ്പെട്ടിരിക്കുകയാണ്. വാചകമടിയല്ലാതെ അവിടെയുള്ള പാവങ്ങളെയും കുഞ്ഞുങ്ങളെയും അവിടെയുള്ള ഗർഭിണികളെയും സംരക്ഷിക്കാനുള്ള യാതൊരു നടപടിയും ആരോഗ്യവകുപ്പുമന്ത്രിയുടെ ഭാഗത്തുനിന്നുമുണ്ടാകുന്നില്ല. എല്ലാ നടപടിയും കടലാസിലാണുള്ളത്. അതുകൊണ്ട് ഇത് കേരളത്തിന് മുഴുവൻ അപമാനകരമാണ്. ഇത് ശിശുമരണമല്ല, നമ്മുടെ സിസ്റ്റത്തിന്റെ failure കൊണ്ടുണ്ടാകുന്ന കൊലപാതകങ്ങളാണ്. അക്കാര്യങ്ങൾ ഗൗരവതരമായി സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷനേതാവും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

<u>ഡോ. എം. കെ. മുനീർ</u>: സർ, വളരെ ഗൗരവമുള്ള വിഷയമാണ് ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ചത്. ഞാൻ അതിന്റെ ആഴത്തിലേയ്ക്കൊന്നും കടക്കുന്നില്ല. ഇത് ചർച്ച ചെയ്യേണ്ട വിഷയമാണെന്ന അഭിപ്രായത്തിൽ ഞാൻ ഉറച്ച് നിൽക്കുന്നു. ഇക്കാര്യത്തിൽ രണ്ട് വിഭാഗത്തിലുള്ളവർക്ക് രണ്ട് അഭിപ്രായമുണ്ടാകാൻ സാധ്യതയില്ല. കാരണം, അട്ടപ്പാടിയിലെ ജനങ്ങളുടെ പ്രശ്നം, അവിടത്തെ ശിശുമരണം

എന്നിവയെക്കുറിച്ച് എല്ലാവർക്കും ഒരുപോലെ താല്പര്യമുള്ള വിഷയമല്ലേ? കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്തെക്കുറിച്ച് ഇവിടെ സൂചിപ്പിച്ചെങ്കിലും ഞങ്ങൾ അതിലേയ്ക്കൊന്നും കടക്കുന്നില്ല. പക്ഷേ, ചരിത്രത്തിൽ ആദ്യമായി കമ്മ്യൂണിറ്റി കിച്ചൻ എന്ന സംവിധാനമുണ്ടാക്കിയത് ഐക്യജനാധിപത്യ മുന്നണിയുടെ കാലഘട്ടത്തിലാണ്. അന്നാണ് ന്യൂട്രീഷൻ പോളിസിയുണ്ടാക്കിയത്. 'Ash in the Belly' എന്ന പ്രശസ്തമായ പുസ്തകമെഴുതിയതും ഭക്ഷ്യ സുരക്ഷാ നിയമമുണ്ടാക്കിയതുമായ ശ്രീ. ഹർഷ് മന്ദെർ ആണ് കേരളത്തിനുവേണ്ടി ന്യൂട്രീഷൻ പോളിസിയുണ്ടാക്കിയത്. ആ പോളിസിയിലാണ് ആദ്യമായി കമ്മ്യൂണിറ്റി കിച്ചൻ എന്ന ആശയത്തെക്കുറിച്ച് അദ്ദേഹം പറയുന്നത്. ആ കമ്മ്യൂണിറ്റി കിച്ചൻ ആദ്യം നടപ്പിലാക്കിയത് അട്ടപ്പാടിയിലാണ്. മാത്രമല്ല റാഗിയിലും തെനയിലുമുണ്ടാകുന്ന പ്രാദേശികമായ ഭക്ഷണങ്ങൾ അവർക്ക് കോംപ്ലിമെന്ററിയായി കൊടുക്കുമായിരുന്നു; അല്ലാതെ അവിടെയുള്ള ഭക്ഷണത്തിന്റെ ഭാഗമായി നൽകുന്നതല്ല. ഇതെല്ലാം നൽകുന്നത് അവരുടെ അനീമിയ കുറയ്ക്കാനും ന്യൂട്രീഷൻ ശക്തിപ്പെടുത്താനും അതിലൂടെ ശിശുമരണ നിരക്ക് ഇല്ലാതാക്കാനും വേണ്ടിയാണ്. ഈ വിഷയം ഇന്ന് ചർച്ച ചെയ്യാൻ അനുവദിച്ചില്ലെങ്കിലും ഒരു കാര്യം വ്യക്തമാക്കാൻ ആഗ്രഹിക്കുന്നു.

സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമം സംബന്ധിച്ച കമ്മിറ്റിയിലെ ഒരംഗംകൂടിയാണ് ഞാൻ. ഞങ്ങൾ ഒരു റിപ്പോർട്ട് സഭയിൽ സമർപ്പിക്കുന്നുണ്ട്. റിപ്പോർട്ടുകൾ സഭയിൽ ചർച്ചചെയ്യാമെന്ന് മുമ്പ് പറഞ്ഞിരുന്നു; ദയവുചെയ്ത് ആ റിപ്പോർട്ട് ചർച്ചയ്ക്കെടുക്കാൻ തയ്യാറാകണം. അതിനോട് ശ്രീമതി യു. പ്രതിഭ അടക്കം അനുകൂലിക്കുമെന്ന് വിശ്വസിക്കുന്നു. പ്രസ്തുത റിപ്പോർട്ടെങ്കിലും ചർച്ചയ്ക്കെടുക്കണമെന്ന് പറഞ്ഞുകൊണ്ട് ഈ വിഷയം ചർച്ചയ്ക്കെടുക്കാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ഡോ. എം. കെ. മുനീറും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

ശ്രീ. അനൂപ് ജേക്കബ്: സർ, 2013-ന് ശേഷം അട്ടപ്പാടിയിലെ ശിശുമരണങ്ങൾ അടക്കമുള്ളവ കുറച്ചുകൊണ്ടുവരാൻ സാധിച്ചിട്ടുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ച കണക്കുകളിൽനിന്നും വ്യക്തമാണ്. 2017-നുശേഷം 2018 കാലയളവിൽ അത് വീണ്ടും വർദ്ധിച്ചുവരുന്നു. അതിനുശേഷമുണ്ടാകുന്ന പ്രശ്നങ്ങളാണ് ഇവിടെ ചൂണ്ടിക്കാണിച്ചത്. കഴിഞ്ഞ ഭരണകാലത്തെ ശിശുമരണ നിരക്കും കഴിഞ്ഞ ആറുമാസക്കാലത്തെ ശിശുമരണ നിരക്കിന്റെ കണക്കുകളും വായിക്കാൻ ആഗ്രഹിക്കുന്നില്ല.

ശിശുമരണം ഒരിക്കലും ഒരു പ്രദേശത്തുമുണ്ടാകാൻ പാടില്ല. ഈ അടിയന്തര പ്രമേയത്തിന്റെ പൂർണ്ണമായ സ്പിരിറ്റ് ഗവൺമെന്റ് ഉൾക്കൊണ്ടിട്ടുണ്ടോയെന്ന് സംശയമുണ്ട്. ഈ വിഷയം സഭയിൽ അവതരിപ്പിച്ചത് ഒരു വാക്കൗട്ടിനുവേണ്ടിയോ ഒരു വാദപ്രതിവാദത്തിനുവേണ്ടിയോ അല്ല; മറിച്ച്, ഒരു പ്രദേശത്തെ ജനസമൂഹം അനുഭവിക്കുന്ന, പ്രത്യേകിച്ച് ആദിവാസി വിഭാഗങ്ങളനുഭവിക്കുന്ന ഏറ്റവും ഗുരുതരമായ പ്രതിസന്ധി സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനാണ്. മുമ്പ് അവിടെയുണ്ടായിരുന്ന കോ-ഓർഡിനേഷൻ ഇപ്പോഴുണ്ടാകുന്നില്ലെന്നത് യാഥാർത്ഥ്യമാണ്. ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചതുപോലെ അവരെ പുനരധിവാസിപ്പിക്കണമെന്ന ആലോചനയിലേയ്ക്ക് സർക്കാർ പോകരുതെന്നാണ് എന്റെ അഭിപ്രായം. അവരുടെ ആവാസവ്യവസ്ഥയിൽനിന്ന് മാറ്റി മറ്റൊരു പ്രദേശത്തേയ്ക്ക് പുനരധിവസിപ്പിക്കുന്നത് പ്രായോഗികമല്ല. ഈ പ്രദേശങ്ങളിലേയ്ക്കുള്ള റോഡ്, വൈദ്യുതി എന്നിവയ്ക്കായി കോടിക്കണക്കിന് രൂപ ചെലവാകുമെന്ന് ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചു. എത്രകോടി രൂപ മുടക്കേണ്ടിവന്നാലും അവരെ ആ പ്രദേശങ്ങളിൽത്തന്നെ നിലനിർത്താനുള്ള നടപടിയുണ്ടാകണം. ഈ വിഷയം ചർച്ച ചെയ്യേണ്ടതായിരുന്നു. അത് ചർച്ച ചെയ്യാത്തതിൽ

പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭ വിട്ട് പുറത്തുപോയി. സഭവിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അല്പസമയത്തിനുള്ളിൽ വീണ്ടും സഭയിൽ ഹാജരായി.)

**[11.16 AM]**

## III. ശ്രദ്ധ ക്ഷണിക്കൽ

### (1) ശങ്കരൻ കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കൽ

ശ്രീ. പ്രമോദ് നാരായൺ: സർ, 'വിശ്വം നിർമ്മിച്ച പരമ പിതാക്കന്മാരെന്ന് വേദങ്ങൾ; ശ്രേഷ്ഠ ശില്പികളെന്ന് പുരാണങ്ങൾ; ഹൃദയത്തിൽ കവിയുടെ ഭാവനയും വിരലുകളിൽ ദൈവത്തിന്റെ സ്പർശവുമുള്ള മഹാമാന്ത്രികരെന്ന് എഴുത്തുകാർ'; ഇങ്ങനെയെല്ലാം വിശേഷിപ്പിക്കപ്പെട്ട വിശ്വകർമ്മ സമുദായത്തിന്റെ സാമൂഹിക സാമ്പത്തിക പിന്നാക്കാവസ്ഥയും അത് സൃഷ്ടിക്കുന്ന സങ്കടങ്ങളിലേയ്ക്കുമാണ് ഞാൻ സഭയുടെ ശ്രദ്ധ ക്ഷണിക്കുന്നത്. പുരാതന ക്ഷേത്രങ്ങളും പ്രണയ പ്രതീകമായ താജ്മഹലും നാമെല്ലാമിരിക്കുന്ന ബൃഹത്തായ ഈ നിയമസഭാസമുച്ചയവും കോടാനുകോടി പാർപ്പിടങ്ങളും നാനാജാതി മതസ്ഥർ അണിയുന്ന ആഭരണങ്ങളും കർഷകരും തൊഴിലാളികളും കയ്യിലേന്തുന്ന പണിയായുധങ്ങളും

ലോഹക്കൂട്ടിൽനിന്ന് ഇന്ദ്രജാലങ്ങൾ തീർക്കാമെന്ന് തെളിയിച്ച, സാംസ്കാരിക മുദ്രയായിത്തീർന്ന ആറന്മുള കണ്ണാടിയും വരെ ഈ നാടിന് സമ്മാനിച്ച ജനതയാണ് വിശ്വകർമ്മ സമുദായം. അവർ പരമ്പരാഗതമായി ചെയ്തിരുന്ന കല്ലുപണി, മരപ്പണി, വാർക്കപ്പണി, ആഭരണ നിർമ്മാണം എന്നീ മേഖലയിലെല്ലാം സ്വാഭാവികമായ യന്ത്രവൽക്കരണം കടന്നുവന്നപ്പോൾ പരമ്പരാഗത തൊഴിൽ ചെയ്തിരുന്നവർക്ക് തൊഴിൽ നഷ്ടമായി. കേരളത്തിൽ 40 ലക്ഷത്തോളം വരുന്ന വിശ്വകർമ്മ സമുദായത്തിന്റെ തൊഴിൽനഷ്ടവും സാമൂഹ്യ സാമ്പത്തിക പിന്നോക്കാവസ്ഥയെയുംകുറിച്ച് പഠനം നടത്തുന്നതിനായി നിയോഗിച്ച ഡോ. പി. എൻ. ശങ്കരൻ കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശകൾ പരിഗണിക്കപ്പെടാത്തത് ഖേദകരമാണ്. ഒട്ടേറെ നീറുന്ന പ്രശ്നങ്ങളാണ് ആ മേഖലയിൽ നിലനിൽക്കുന്നത്. ക്ഷേമപെൻഷന്റെ കാര്യത്തിൽപ്പോലും വിവേചനവും വേർതിരിവും നിൽക്കുന്നുയെന്നുള്ളതാണ് യാഥാർത്ഥ്യം. അവർക്ക് ലഭിക്കുന്ന പെൻഷൻ കുറവാണെന്ന് ആ മേഖലയിലുള്ള സംഘടനകൾ അഭിപ്രായപ്പെടുന്നുണ്ട്. ഉന്നത വിദ്യാഭ്യാസ രംഗത്ത് അനുവദിച്ച രണ്ട് ശതമാനം സംവരണം മറ്റ് മേഖലകളിലേയ്ക്കും വ്യാപിപ്പിക്കണമെന്ന ആവശ്യവും ഉയർന്നുവരുന്നുണ്ട്. നമുക്ക് പിന്നാക്ക വികസന വകുപ്പും പിന്നാക്ക വികസന കോർപ്പറേഷനും ആർട്ടിസാൻസ്

വികസന കോർപ്പറേഷനമെല്ലാമുണ്ട്. ഈ വിഭാഗക്കാർക്ക് നൽകുന്ന സാമ്പത്തിക സഹായവും വിദ്യാഭ്യാസാനുകൂല്യങ്ങളും വിപുലമാക്കണം. നിരവധി അവാന്തര വിഭാഗങ്ങളിലുള്ള വിശ്വകർമ്മജർ ഈ ആനുകൂല്യം ലഭിക്കണമെന്ന ആവശ്യം ഉന്നയിക്കുന്നുണ്ട്. എന്റെ മണ്ഡലമായ റാന്നിയിൽ ഒരു വിശ്വബ്രാഹ്മണ കോളേജിനെ എയ്ഡഡ് കോളേജ് ആക്കണമെന്ന ആവശ്യം കാലങ്ങളായി സർക്കാരിന്റെ മുമ്പിലുണ്ട്. ടൂറിസം മേഖലയിൽ പരമ്പരാഗത ടൂറിസം, പൈതൃക ഗ്രാമങ്ങൾ എന്നിവയ്ക്ക് വലിയ സാദ്ധ്യതയാണുള്ളത്. 'ഇന്ദ്രജാലം പുഷ്പിക്കുന്ന ആറന്മുള കണ്ണാടിയിൽ' എന്ന ലോക ടൂറിസത്തിലെ പ്രശസ്തരായ ബ്ലോഗ്, എഴുത്തുകാർ വിശേഷിപ്പിച്ച ആറന്മുള കണ്ണാടിയും മാന്നാറിലെ ഓട് നിർമ്മാണവുമെല്ലാം വലിയ ക്രാഫ്റ്റ് വില്ലേജുകളാക്കി ടൂറിസം മേഖലയിൽ ഉപയോഗപ്പെടുത്താൻ കഴിയും. ആഭരണത്തൊഴിലാളികളുടെ ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം വിപുലപ്പെടുത്തണം. തമിഴ്നാട് ഇക്കാര്യത്തിൽ പൈതൃക ഗ്രാമങ്ങളുണ്ടാക്കി പരമ്പരാഗത തൊഴിലാളികളെ സംരക്ഷിക്കുന്നതിന് ഏറെ ശ്രമങ്ങൾ നടത്തിയിട്ടുണ്ട്. പിന്നാക്ക വിഭാഗത്തിലുള്ളവർക്കുവേണ്ടി പ്രതിജ്ഞാബദ്ധതയോടെ പ്രവർത്തിക്കുന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് തീർച്ചയായും ഇക്കാര്യത്തിൽ ഇടപെടുമെന്ന്

പ്രതീക്ഷിക്കുകയാണ്. ഈ മേഖലയിലെ അടിസ്ഥാന പ്രശ്നങ്ങൾ പരിഹരിക്കാനും സമയബന്ധിതമായി പഠിച്ച് പരിഹാരം നിർദ്ദേശിക്കുന്നതിനും ഒരു കമ്മീഷനെ നിയോഗിക്കണമെന്നും അത് കൃത്യമായി നടപ്പിലാക്കണമെന്നുമുള്ള ആവശ്യമാണ് അങ്ങയുടെയും സഭയുടെയും ശ്രദ്ധയിൽ കൊണ്ടുവരുന്നത്.

[അദ്ധ്യക്ഷവേദയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ബഹുമാനപ്പെട്ട അംഗം പ്രമോദ് നാരായൺ വിശ്വകർമ്മജരെക്കുറിച്ച് വിശേഷിപ്പിച്ച കാര്യങ്ങൾ ആവർത്തിക്കുന്നില്ല. ഇതെല്ലാം ചെയ്തതിനുശേഷം എല്ലാം ദൈവങ്ങളായിക്കഴിഞ്ഞാൽ അവർക്ക് വലിയ സ്ഥാനമില്ല; പുറത്താണ് പിന്നെ അവർക്ക് സ്ഥാനം. അതുസംബന്ധിച്ച് അങ്ങ് പറഞ്ഞത് ശരിയാണ്. അതുകൊണ്ട് അവരുടെ കാര്യങ്ങൾക്ക് പ്രത്യേക പരിഗണന കൊടുക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. സംസ്ഥാനത്ത് പിന്നാക്ക വിഭാഗത്തിലുൾപ്പെടുന്ന വിശ്വകർമ്മജരുടെ വിവിധ പ്രശ്നങ്ങൾ പഠിക്കുന്നതിന് 2012-ൽ ഡോ. പി. എൻ. ശങ്കരനെ ഏകാംഗ കമ്മീഷനായി നിയമിക്കുകയും കമ്മീഷൻ 31-12-2014-ൽ റിപ്പോർട്ട് സർക്കാരിന്

സമർപ്പിക്കുകയും ചെയ്തു. 21 ശിപാർശകളാണ് കമ്മീഷൻ റിപ്പോർട്ടിലുണ്ടായിരുന്നത്. അതിൽ 13 ശിപാർശകളിന്മേൽ തുടർനടപടി സ്വീകരിക്കേണ്ടതില്ലെന്ന് സർക്കാർ ഉത്തരവായിരുന്നു. വിശ്വകർമ്മജരുടെ പെൻഷനുമായി ബന്ധപ്പെട്ട കാര്യങ്ങളാണ് പ്രധാനമായും ശിപാർശകളായി വന്നത്. പെൻഷൻ പദ്ധതിയിൽ വിശ്വകർമ്മജരായ എല്ലാ വിഭാഗങ്ങളെയും ഉൾപ്പെടുത്തണമെന്നും അവരുടെ പെൻഷൻ തുക വർദ്ധിപ്പിക്കണമെന്നുള്ളതുമായിരുന്നു ആവശ്യം. അവരുടെ എല്ലാ അവകാശങ്ങളും എല്ലാ വിഭാഗങ്ങൾക്കുമുൾപ്പെടെ നൽകുന്നതിനും പെൻഷൻ തുക മറ്റ് സാമൂഹിക പെൻഷനുകൾക്ക് തുല്യമായി വർദ്ധിപ്പിക്കുന്നതിനും പ്രത്യേക ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. മറ്റ് സാമൂഹ്യക്ഷേമ പെൻഷനോടൊപ്പം അവരുടെയും പെൻഷൻ വർദ്ധിപ്പിച്ചിട്ടുണ്ട്. പ്രത്യേക ഉത്തരവുകൾ പുറപ്പെടുവിച്ച സാഹചര്യത്തിൽ അക്കാര്യത്തിൽ തുടർനടപടി ആവശ്യമില്ലെന്നാണ് തോന്നുന്നത്. കമ്മീഷന്റെ ശിപാർശകളിന്മേൽ ഓരോ വകുപ്പുകളും സ്വീകരിക്കേണ്ട നടപടികളെക്കുറിച്ച് തീരുമാനമെടുത്തിരുന്നു. തൊഴിലും നൈപുണ്യവും, സഹകരണം, റവന്യൂ, വ്യവസായം തുടങ്ങിയ വകുപ്പുകൾ നടപ്പാക്കേണ്ട കാര്യങ്ങൾ സംബന്ധിച്ച് അവർക്ക് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. വിശ്വകർമ്മജർക്ക് ഉദ്യോഗമേഖലയിൽ 3 ശതമാനം

സംവരണം അനുവദിക്കുന്നുണ്ട്. പ്രൊഫഷണൽ ഡിഗ്രി, ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി കോഴ്സുകൾക്ക് രണ്ടുശതമാനം സംവരണം നിലവിൽ അനുവദിക്കുന്നുണ്ട്. ആർട്സ് ആൻഡ് സയൻസ് ഡിഗ്രി/പി.ജി കോഴ്സുകൾക്ക് ഒ.ബി.എച്ച്. (അദർ ബാക്ക്വേർഡ് ഹിന്ദു) വിഭാഗങ്ങളോടൊപ്പം 3 ശതമാനം സംവരണം അനുവദിക്കുന്നുണ്ട്. മെഡിക്കൽ പി.ജി. കോഴ്സുകളിൽ ഒ.ബി.എച്ച്. വിഭാഗങ്ങളോടൊപ്പം ഏഴ് ശതമാനം സംവരണം അനുവദിക്കുന്നുണ്ട്. സംസ്ഥാനത്തെ വിവിധ പിന്നാക്ക വിഭാഗങ്ങളുടെ കൃത്യമായ ജനസംഖ്യാക്കണക്കുകൾ ഔദ്യോഗികമായി ലഭ്യമല്ലാത്തതിനാൽ നിലവിലെ സംവരണ വിഹിതം പുനഃക്രമീകരിക്കുന്നത് പ്രായോഗികമല്ല. ജാതി തിരിച്ചുള്ള സെൻസസിന്റെ കണക്കെടുത്തിട്ടില്ല. അത് കേന്ദ്രഗവൺമെന്റ് ശ്രമിച്ചിട്ടും നടപ്പിലാക്കേണ്ടെന്ന നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്; എന്നുമാത്രമല്ല, അത് പ്രായോഗികമല്ലെന്നും കണ്ടെത്തിയിട്ടുണ്ട്. വിശ്വകർമ്മജരുടെ പ്രശ്നങ്ങൾ പഠിക്കുന്നതിന് മാത്രമായി നിയോഗിച്ച പ്രത്യേക കമ്മീഷൻ റിപ്പോർട്ട് നൽകിയതിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുന്നുണ്ട്. അതിനാൽ വീണ്ടും പ്രത്യേക കമ്മീഷനെ നിയോഗിച്ച് പഠനം നടത്തേണ്ട ആവശ്യമില്ല. പിന്നാക്ക വിഭാഗത്തിൽപ്പെട്ട സമുദായങ്ങളുടെ പ്രത്യേക പ്രശ്നങ്ങൾ

പഠിക്കേണ്ട സാഹചര്യമുണ്ടായാൽ അതിലേയ്ക്കായി സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷനെ ചുമതലപ്പെടുത്തുന്നുണ്ട്. ഏതെങ്കിലും വിഭാഗത്തെ സംബന്ധിച്ച് ആവശ്യമായ പഠനങ്ങൾ നടത്തുന്നതിന് കമ്മീഷനുണ്ട്. ആ കമ്മീഷൻതന്നെ ഓരോ വിഭാഗത്തിന്റെയും പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ട് നൽകുന്നുണ്ട്. അതിന്റെയടിസ്ഥാനത്തിൽ പ്രത്യേക കമ്മീഷനെ പഠനത്തിനായി നിയോഗിക്കേണ്ടതില്ല. വിശ്വകർമ്മജരുടെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കുന്നതിന് ഗവൺമെന്റ് തീർച്ചയായും മുൻഗണന നൽകുന്നതാണ്.

<u>ശ്രീ. പ്രമോദ് നാരായൺ</u>: സർ, പരമ്പരാഗത മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ വിശദമായ രജിസ്ട്രേഷനും ബാങ്കുകളിൽനിന്നും അവർക്കാവശ്യമായ സാമ്പത്തിക സഹായവും ലഭ്യമാക്കുന്നതിനായി ആർട്ടിസാൻസ് സ്കിൽ ബാങ്ക് രൂപീകരിക്കാൻ തയ്യാറാകുമോ?

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u>: സർ, പിന്നാക്ക വികസന കോർപ്പറേഷൻ ആർട്ടിസാൻസിനുവേണ്ടി നിരവധി പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. അവർക്ക് ടൂൾസ് വാങ്ങാനും മറ്റുകാര്യങ്ങൾക്കുംവേണ്ടി എല്ലാ സഹായങ്ങളും ചെയ്തുകൊടുക്കുന്നുണ്ട്. അവർക്ക് കൂടുതൽ സൗകര്യങ്ങൾ ചെയ്തുകൊടുക്കുന്നതിന് പിന്നാക്ക വികസന കോർപ്പറേഷനെ

ചുമതലപ്പെടുത്താവുന്നതാണ്. അക്കാര്യം അവർ ചെയ്തുകൊണ്ടിരിക്കുകയാണ്. ഇതിലേയ്ക്കായി പ്രത്യേക ബാങ്കിംഗ് സംവിധാനം കൊണ്ടുവരേണ്ട ആവശ്യമില്ല. ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷനിലൂടെ ഇവരുടെ താൽപ്പര്യം സംരക്ഷിക്കാനുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. അതുകൊണ്ട് അഡീഷണലായി ഒരു കോർപ്പറേഷനോ, ഒരു സ്ഥാപനമോ കൊണ്ടുവരേണ്ട ആവശ്യമുണ്ടെന്ന് തോന്നുന്നില്ല.

## (2) കൊച്ചി ടൂറിസം ആക്ഷൻ പ്ലാൻ

ശ്രീ. ടി. ജെ. വിനോദ്: സർ, പ്രകൃതി സൗന്ദര്യം, പൈതൃക കേന്ദ്രങ്ങൾ, സാംസ്കാരിക ഭാഷാ വൈദഗ്ധ്യം എന്നിവയാൽ സമ്പന്നമായ കൊച്ചിയാണ് ലോകത്തിലെ അമ്പത് ട്രാവൽ ഡെസ്റ്റിനേഷനുകളിൽ ഒന്നാം സ്ഥാനത്ത് നിൽക്കുന്നത്. വിനോദസഞ്ചാര മേഖലയുടെ പടിവാതിലെന്ന നിലയിൽനിന്ന് കേരള വിനോദസഞ്ചാര മേഖലയുടെ ക്യാമ്പ് ഹൗസാക്കി കൊച്ചിയെ മാറ്റുന്നതിനുള്ള ശ്രമമാണ് അത്യന്താപേക്ഷിതമായിട്ടുള്ളത്. ഇന്ന് കൊച്ചിയിലെത്തുന്ന വിദേശ വിനോദസഞ്ചാരികൾ, ആകർഷകമായ കൊച്ചിയിലെ ലക്ഷ്യസ്ഥാനങ്ങൾ ഒറ്റദിവസംകൊണ്ടുതന്നെ കണ്ടശേഷം മൂന്നാറിലേയ്ക്കോ തേക്കടിയിലേയ്ക്കോ മറ്റ് ടൂറിസ്റ്റ് കേന്ദ്രങ്ങളിലേയ്ക്കോ

യാത്ര ചെയ്യുന്ന രീതിയാണുള്ളത്. ട്രാവലേഴ്സ് ചോയിസ് ഡെസ്റ്റിനേഷൻ അവാർഡ്, ലോൺലി പ്ലാനറ്റ് അവാർഡടക്കമുള്ള നിരവധി പ്രസ്റ്റീജ്യസ് അവാർഡുകൾ കൊച്ചി ടൂറിസത്തിന് ലഭിച്ചിട്ടുണ്ട്. നാഷണൽ ജ്യോഗ്രഫിക്കിൽ കണ്ടിരിക്കേണ്ട അൻപത് സ്ഥലങ്ങളിലൊന്നായി കൊച്ചിയെ പ്രഖ്യാപിച്ചിട്ടുണ്ട്. ടൂറിസം അവാർഡുകളുടെ അടിസ്ഥാനത്തിൽ കൊച്ചിയിലെത്തുന്ന ടൂറിസ്റ്റുകൾക്ക് അവരുടെ പ്രതീക്ഷ നിലനിർത്തുന്ന രീതിയിലുള്ള പ്ലാൻ തയ്യാറാക്കേണ്ടതുണ്ട്. അതിനാൽ ടൂറിസം മാർക്കറ്റിംഗിനും ടൂറിസം ഡെസ്റ്റിനേഷനുമായി ചെലവാക്കുന്ന തുക ടൂറിസം ഡെസ്റ്റിനേഷൻ ഡെവലപ്മെന്റിനായി ചെലവാക്കേണ്ടത് അത്യന്താപേക്ഷിതമാണ്. അടുത്തകാലത്ത് ചെറായി, ഫോർട്ട് കൊച്ചി, മട്ടാഞ്ചേരി, കുമ്പളങ്ങി എന്നിങ്ങനെ ചെറിയ ടൂറിസം ഡെസ്റ്റിനേഷനുകൾ ഉയർന്നുവന്നിട്ടുണ്ട്. അത്തരത്തിൽ നിരവധി ചെറിയ ടൂറിസം ഡെസ്റ്റിനേഷനുകൾ ഇനിയും വളർത്തിയെടുക്കേണ്ടതുണ്ട്. രണ്ടുവർഷം കൂടുമ്പോൾ ബിനാലെ നടത്താറുണ്ടെങ്കിലും കൊച്ചിയിൽ സ്ഥിരമായ ആധുനിക രീതിയിലുള്ള ആർട്ട് ഗാലറിയുടെയും ഒരു കൾച്ചറൽ സെന്ററിന്റെയും അഭാവം കണക്കിലെടുത്ത് അവ അടിയന്തരമായി സ്ഥാപിക്കേണ്ടതുണ്ട്. ഒരു വിനോദസഞ്ചാരി ചുരുങ്ങിയത് 10 ദിവസമെങ്കിലും

കൊച്ചിയിൽ തങ്ങുന്ന രീതിയിലുള്ള മൈക്രോ ഹൈഡൽ ടൂറിസം പ്ലാൻ അടിയന്തരമായി നടപ്പാക്കണം. ട്രഡീഷണൽ നോളഡ്ജ് സിസ്റ്റം, കുമ്പളങ്ങിയിലെ പഴയ പായ നെയ്ത്തടക്കമുള്ള ചൈനീസ് ഫിഷിംഗ് നെറ്റും മീൻപിടിത്തവും അതുമായി ബന്ധപ്പെട്ട അറിവുകളും മൺപാത്രങ്ങളുണ്ടാക്കുന്ന സ്ഥലങ്ങൾ, നെയ്ത്തുശാലകൾ എന്നിങ്ങനെ നിരവധി സ്ഥാപനങ്ങൾ ആരംഭിക്കേണ്ടതുണ്ട്. നിലവിലുള്ള സ്ഥാപനങ്ങൾ പരിപാലിക്കേണ്ടതും അത്യന്താപേക്ഷിതമാണ്. കൊച്ചി ടൂറിസം ഡെസ്റ്റിനേഷന്റെ ഡെവലപ്മെന്റ്, സ്ട്രീറ്റുകളുടെ വികസനം, സൈനേജുകൾ, ഇലക്ട്രിക് മൊബിലിറ്റി, പെഡസ്റ്റലൈസേഷൻ, സൈക്ലിംഗ് പോലുള്ള സൗകര്യങ്ങൾ എന്നിവ നമുക്കൊരുക്കാൻ സാധിക്കണം. ഇതിലേയ്ക്കായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകളും ഏകോപിച്ച് പ്രവർത്തനങ്ങൾ നടത്തേണ്ടിയിരിക്കുന്നു. കൊച്ചിയിലെ കായൽ മഴക്കാലത്ത് മനോഹരമായ കാഴ്ചയാണ്. കൊച്ചി കായലിന്റെ സൗന്ദര്യം ആസ്വദിക്കുന്നതിനായി കൊച്ചിയിൽ മൺസൂൺ ടൂറിസം ഒരുക്കേണ്ടതുണ്ട്. ചേപ്പനം, തൃപ്പൂണിത്തുറ ഹിൽ പാലസ് എന്നിവിടങ്ങളിൽ വിദേശസഞ്ചാരികൾ അധികം സന്ദർശിക്കുന്ന സ്ഥലങ്ങളായി മാറിയിട്ടില്ല. തൃപ്പൂണിത്തുറ പെരിയാർ നദിയുടെ ചരിത്രം, മുസിരിസ്, കൊച്ചിയെയും

കൊടുങ്ങല്ലൂരിനെയും ബന്ധിപ്പിക്കുന്ന ടൂറിസം സർക്യൂട്ടുകൾ എന്നിവ നിർമ്മിക്കേണ്ടതുണ്ട്. ഇത്തരം പദ്ധതികളെല്ലാം ഉൾപ്പെടുത്തി ടൂറിസം ആക്ഷൻപ്ലാൻ തയ്യാറാക്കുമോ?

പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, കേരളത്തിന്റെ ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ വളരെ പ്രധാനപ്പെട്ട കേന്ദ്രമാണ് കൊച്ചി. നഗരമേഖല, ഫോർട്ട് കൊച്ചി, മട്ടാഞ്ചേരി, കുമ്പളങ്ങി, ചെറായി, വൈപ്പിൻ തുടങ്ങിയ പ്രദേശങ്ങളുൾപ്പെടുന്ന കൊച്ചിയുടെ ടൂറിസം സാധ്യതകളെ ഏറ്റവും ഫലപ്രദമായി ഉപയോഗിക്കുന്നതിനുള്ള നിലപാടാണ് ടൂറിസം വകുപ്പ് എടുത്തിരിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട് ഞങ്ങൾ പലതവണ കൊച്ചിയിൽ പോകുകയും അവിടത്തെ ജനപ്രതിനിധികളുമായും ടൂറിസം സ്റ്റേക്ക്ഹോൾഡേഴ്സുമായും ചർച്ച നടത്തുകയുണ്ടായി. കേരളത്തിൽ ഏറ്റവും കൂടുതൽ വിനോദസഞ്ചാരികൾ എത്തിച്ചേരുന്നത് കൊച്ചിയുൾപ്പെടുന്ന എറണാകുളം ജില്ലയിലാണ്. ഏറ്റവും പുതിയ കണക്കനുസരിച്ച് 2022 ജനുവരി, ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ 8,11,426 ആഭ്യന്തര വിനോദസഞ്ചാരികൾ എത്തിയ എറണാകുളം ജില്ലയാണ് വിനോദസഞ്ചാരികളുടെ വരവിൽ കേരളത്തിൽ ഒന്നാമതെത്തിയ സംസ്ഥാനം. നേരത്തേ ലഭ്യമായ

കണക്കുകൾപ്രകാരം വിദേശ വിനോദസഞ്ചാരികളുടെ വരവിലും മുന്നിൽനിൽക്കുന്നത് എറണാകുളം ജില്ലയാണ്. ഇപ്പോൾ കോവിഡ് സാഹചര്യമായതിനാൽ വിനോദസഞ്ചാരികളുടെ വരവ് പൊതുവെ കുറഞ്ഞിരിക്കുകയാണ്. കേരളത്തെ മേഖല തിരിച്ച് പരിശോധിക്കുമ്പോൾ 52 ശതമാനം വിദേശ വിനോദസഞ്ചാരികളും മധ്യകേരളത്തിലേയ്ക്കാണ് എത്തുന്നത്. നൂറ് വിനോദസഞ്ചാരികൾ കേരളത്തിലെത്തിയാൽ 52 പേരും കൊച്ചി കേന്ദ്രീകരിച്ചാണ് പോകുന്നത്. ഹോസ്പിറ്റാലിറ്റി സെക്ടറുകളുടെ കാര്യത്തിലും കൊച്ചി മറ്റ് പ്രദേശങ്ങളെ അപേക്ഷിച്ച് ഏറെ മുന്നിലാണ്. ഈ സാഹചര്യങ്ങൾ കണക്കിലെടുക്കുമ്പോൾ കൊച്ചിയുടെ ഒട്ടേറെ വികസന സാധ്യതകൾ ഫലപ്രദമായി ഉപയോഗപ്പെടുത്താനാണ് ടൂറിസം വകുപ്പ് പ്രധാനമായും ലക്ഷ്യമിടുന്നത്. വാട്ടർ ടൂറിസത്തിന്റെ സാദ്ധ്യതകൾ കൂടുതൽ പ്രയോജനപ്പെടുത്താൻ കഴിയുന്ന സാഹചര്യം കൊച്ചിയിലുണ്ട്. വാട്ടർ മെട്രോയുടെ വരവോടുകൂടി അത് വർദ്ധിപ്പിക്കാനാകുമെന്നും വാട്ടർ മെട്രോ ടൂറിസം ആകർഷണീയതയായി മാറുമെന്നാണ് പ്രതീക്ഷിക്കുന്നത്. വാട്ടർ മെട്രോയുടെ സാധ്യതയനുസരിച്ച് ഓരോ മേഖലയേയും നമുക്ക് വികസിപ്പിക്കാനാകണം. തുരുത്തുകളെ ടൂറിസം വികസനത്തിനായി എപ്രകാരം ഉപയോഗപ്പെടുത്താമെന്നതിനെ സംബന്ധിച്ച് മൈക്രോപ്ലാൻ

തയ്യാറാക്കിവരികയാണ്. ഇതുമായി ബന്ധപ്പെട്ട് കൊച്ചി കോർപ്പറേഷൻ മുൻകയ്യെടുത്ത് ഒട്ടേറെ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. ഇക്കാര്യങ്ങളുമായി ബന്ധപ്പെട്ട് കൊച്ചി മേയർ പ്രത്യേകം ഇടപെടൽ നടത്തിയിട്ടുണ്ട്. കൊച്ചി കോർപ്പറേഷനുമായി ചേർന്നുനടത്താവുന്ന ടൂറിസം പദ്ധതികളെക്കുറിച്ചുള്ള ചർച്ചകൾ നടത്തിയിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം ടി. ജെ. വിനോദ് ഇതുമായി ബന്ധപ്പെട്ട് ഒട്ടേറെ നിർദ്ദേശങ്ങൾ മുന്നോട്ടുവയ്ക്കുകയും ചർച്ച നടത്തുകയും ചെയ്തിട്ടുണ്ട്. കൊച്ചി നിയോജകമണ്ഡലത്തിലെ എം.എൽ.എ. ശ്രീ. കെ. ജെ. മാക്സിയും എറണാകുളം ജില്ലയുടെ ചുമതലയുള്ള നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി ശ്രീ. പി. രാജീവും ഇതുമായി ബന്ധപ്പെട്ട് ആവശ്യമായ ഇടപെടൽ നടത്തി ചർച്ച ചെയ്തിട്ടുണ്ട്. ഈ നിർദ്ദേശങ്ങളെല്ലാം പരിഗണിച്ച് കൂട്ടായ ചർച്ചയിലൂടെ തീരുമാനമെടുക്കുന്നതാണ്. അവിടത്തെ എം.പി.-യും ചില നിർദ്ദേശങ്ങൾ മുന്നോട്ടുവച്ചിട്ടുണ്ട്. കൊച്ചി കേന്ദ്രമായി സംസ്ഥാനത്ത് ക്രൂയിസ് ടൂറിസം പദ്ധതി നടപ്പിലാക്കുന്ന കാര്യം ആലോചിച്ചുവരികയാണ്. ഇതിനോടൊപ്പം ഫുഡ് ടൂറിസവും ഉൾപ്പെടുത്താനാണുദ്ദേശിക്കുന്നത്. അതിന്റെ ഭാഗമായി കൊച്ചി-വെണ്ടുരുത്തി പഴയ പാലം ഫുഡ് സ്ട്രീറ്റായി മാറ്റാനുള്ള പ്രവർത്തനം പുരോഗമിക്കുകയാണ്. പഴയ പാലം ഫുഡ് സ്ട്രീറ്റായി മാറുകയാണെങ്കിൽ കേരളത്തിലാകെ ഇത്

വ്യാപിപ്പിക്കാൻ സാധിക്കും. കേരളത്തിലെ ആദ്യ ഫുഡ് സ്ട്രീറ്റ് കൊച്ചിയിൽ കൊണ്ടുവരാനുള്ള ശ്രമമാണ് വകുപ്പ് നടത്തിക്കൊണ്ടിരിക്കുന്നത്. അത് വിജയിച്ചാൽ മറ്റ് സ്ഥലങ്ങളിലെ ഉപയോഗമില്ലാത്ത പാലങ്ങൾക്ക് സ്റ്റെബിലിറ്റി സർട്ടിഫിക്കറ്റുണ്ടെങ്കിൽ അവിടെ ഫുഡ് സ്ട്രീറ്റാക്കി മാറ്റുന്നതിനുള്ള പ്രവർത്തനം നടത്താൻ സാധിക്കുന്നതാണ്. വ്യത്യസ്ത പൈതൃകമുൾക്കൊള്ളുന്ന ഫോർട്ട് കൊച്ചിയും മട്ടാഞ്ചേരിയും സ്പൈസ് ടൂറിസത്തിന്റെ ഭാഗമായി മാറ്റാൻ ആലോചിക്കുന്നുണ്ട്. ഇതനുസരിച്ച് കൊച്ചിയിലെ അടിസ്ഥാനസൗകര്യവികസനം അനിവാര്യമാണ്. സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പ് റെസ്റ്റ് ഹൗസുകൾ നവീകരിക്കാൻ തീരുമാനിച്ചപ്പോൾ ഫോർട്ട് കൊച്ചിയിലെ റെസ്റ്റ് ഹൗസാണ് ആദ്യം തെരഞ്ഞെടുത്തത്. ടൂറിസം കേന്ദ്രങ്ങളിൽ കൂടുതൽ താമസസൗകര്യമൊരുക്കുക എന്ന ലക്ഷ്യമാണ് ഇതിലൂടെ ഉദ്ദേശിക്കുന്നത്. കൊച്ചിയിൽ ഇത്തരം വളർച്ച സാധ്യമാക്കാനാണ് ലക്ഷ്യമിടുന്നത്. ഈ കേന്ദ്രങ്ങളുടെ പരിപാലനം പ്രധാനമാണ്. പരിപാലനം ഉറപ്പാക്കാൻ ടൂറിസം ക്ലബ്ബുകൾ കോളേജുകളിൽ രൂപീകരിക്കുമ്പോൾ അതിൽ ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകൾ ഏറ്റെടുക്കേണ്ട കാര്യത്തിൽ കൊച്ചിയിലെ കലാലയങ്ങൾക്ക് പ്രധാന പരിഗണന നൽകുന്നതാണ്. ഇപ്രകാരം

കൊച്ചിയിലെ ടൂറിസം വളർത്താനുള്ള എല്ലാ ശ്രമവും ടൂറിസം വകുപ്പ് നടത്തുന്നതാണ്.

ശ്രീ. ടി. ജെ. വിനോദ്: കൊച്ചിയിലെത്തുന്ന ടൂറിസ്റ്റുകൾക്ക് ഇവിടെനിന്നും ഒരുമണിക്കൂർ യാത്ര ചെയ്ത് തിരികെ കൊച്ചിയിലെത്തുന്ന രീതിയിൽ ഒരു മൈക്രോ ടൂറിസം പദ്ധതി ഗവൺമെന്റ് ആവിഷ്കരിക്കുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: തീർച്ചയായും. എന്റെ മറുപടിയിൽ ഇക്കാര്യം സൂചിപ്പിച്ചിരുന്നു. ഇത് പരിഗണിച്ച് മുന്നോട്ടുപോകാവുന്നതാണ്.

**[11.33 AM]**

## IV. സബ്മിഷൻ

മി. ഡെപ്യൂട്ടി സ്പീക്കർ: ഇന്ന് ഏഴ് ധനാഭ്യർത്ഥനകളുണ്ട്. ഇവ പരിഗണിക്കുന്നതിന് ദീർഘമായ സമയം വേണ്ടിവരും. അതുകൊണ്ട് സബ്മിഷൻ അവതരിപ്പിക്കുന്ന അംഗങ്ങളും മറുപടി പറയേണ്ട ബഹുമാനപ്പെട്ട മന്ത്രിമാരും പ്രധാനപ്പെട്ട കാര്യങ്ങൾ മാത്രം പറയുകയും മറുപടി നീണ്ടതാണെങ്കിൽ മേശപ്പുറത്തുവയ്ക്കുകയും ചെയ്യണം.

### (1) പൂഞ്ഞാറിലെ ഗ്രാമീണ റോഡുകളുടെയും പാലങ്ങളുടെയും പുനരുദ്ധാരണം

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, കഴിഞ്ഞ

നാലുവർഷങ്ങളിലായുണ്ടായ പ്രളയത്തിൽ ഏറ്റവുമധികം ദുരിതമനുഭവിച്ച പ്രദേശമാണ് പൂഞ്ഞാർ നിയോജകമണ്ഡലം. 2021 ഒക്ടോബർ 16-ലെ പ്രളയത്തിൽ പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ കൂട്ടിക്കലടക്കമുള്ള പ്രദേശങ്ങൾ തകർന്നടിഞ്ഞതിനെത്തുടർന്ന് ഗവൺമെന്റ് ശ്രദ്ധേയമായ ഒട്ടേറെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തുകയും ഒട്ടുമിക്ക വിഷയങ്ങൾക്കും പരിഹാരമുണ്ടാക്കുകയും ചെയ്തിട്ടുണ്ട്. പക്ഷേ, അവശേഷിക്കുന്ന ഏറ്റവും ഗൗരവമായ വിഷയം ഗ്രാമീണ റോഡുകളുടെയും പാലങ്ങളുടെയും പുനഃസ്ഥാപനവും പുനരുദ്ധാരണവുമാണ്. അതിലേയ്ക്കായി പഞ്ചായത്തുകൾക്ക് ആവശ്യമായ ഫണ്ടില്ല. 2018-ലെ പ്രളയത്തിൽ തകർന്നുപോയ പാലങ്ങളും കോരുത്തോട് പഞ്ചായത്തിലെ തോപ്പുംപടി പാലം, ഈരാറ്റുപേട്ട മുനിസിപ്പാലിറ്റിയിലെ തടവനാൽ, മുണ്ടയ്ക്കപ്പറമ്പ്, കാരയ്ക്കാട് എന്നീ റോഡുകളും റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നതാണ്. ഇവ ഫെയ്സ് രണ്ടിൽ ഉൾപ്പെട്ടുവെന്ന കാരണത്താൽ നാളിതുവരെ അതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. ഇപ്പോഴും ആ പ്രദേശത്തെ ജനങ്ങൾ ദുരിതത്തിലാണ്. ഇത്തവണത്തെ പ്രളയത്തിൽ ഏകദേശം അൻപത് പാലങ്ങൾ തകരുകയുണ്ടായി. പൂഞ്ഞാർ ഏകദേശം 500 സ്ക്വയർ

കിലോമീറ്ററിലധികം വലിപ്പമുള്ള വളരെ വിസ്തൃതമായ നിയോജകമണ്ഡലമാണ്. ഇതിൽ 600 കിലോമീറ്ററിലധികം പൊതുമരാമത്ത് റോഡുകൾ ഉൾപ്പെടുന്നുണ്ട്. അതിന്റെ പത്തിരട്ടിയിലധികം പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള ഗ്രാമീണ റോഡുകളുമുണ്ട്. ഇവയിൽ ഏതാണ്ട് റോഡുകളെല്ലാം വലിയ അളവിൽ തകർന്നിരിക്കുന്നു. അവയുടെ പുനരുദ്ധാരണത്തിന് ഒട്ടേറെ ശ്രമങ്ങൾ നടത്തിയെങ്കിലും ഫലപ്രാപ്തിയിലെത്തുന്നില്ല. പ്രധാനപ്പെട്ട പാലങ്ങളായ മുണ്ടക്കയം പഞ്ചായത്ത് വാർഡ് 17-ലെ വള്ളക്കടവ് പാലം, ഈരാറ്റുപേട്ട മുനിസിപ്പാലിറ്റിയിലെ കാരയ്ക്കാട്-ചങ്ങാരക്കടവ് പാലം, കൂട്ടിക്കലിലെ ഏന്തയാർ- മുക്കളം പാലം, മൂപ്പൻമലപ്പാലം എന്നിവയും ഏതാണ്ട് 200 കിലോമീറ്ററിലധികം ഗ്രാമീണ റോഡുകളും ഇനിയും പുനരുദ്ധരിക്കാത്തതിനാൽ ജനങ്ങൾ വലിയ ദുരിതത്തിൽപ്പെട്ടിരിക്കുകയാണ്. ഏതെങ്കിലുമൊരു പ്രത്യേക പാക്കേജ് പ്രഖ്യാപിച്ചോ റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തിയോ തകർന്ന പതിനേഴോളം പാലങ്ങളും റോഡുകളും പുനഃസ്ഥാപിക്കാൻ നടപടി സ്വീകരിക്കണമെന്നഭ്യർത്ഥിക്കുന്നു.

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (<u>ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ</u>): സർ, ബഹുമാനപ്പെട്ട സെബാസ്റ്റ്യൻ കുളത്തുങ്കൽ അവതരിപ്പിച്ച സബ്മിഷൻ വളരെ ഗൗരവമുള്ള പ്രശ്നങ്ങൾ ഉൾക്കൊള്ളുന്നതാണ്. പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ കൂട്ടിക്കൽ, മുണ്ടക്കയം, പൂഞ്ഞാർ തെക്കേക്കര, ഈരാറ്റുപേട്ട, എരുമേലി, മാറത്തോട്, കോരുത്തോട്, തീക്കോയി എന്നിവിടങ്ങളിൽ 2021 ഒക്ടോബർ മാസത്തിലുണ്ടായ തീവ്രമഴയെത്തുടർന്നും പ്രദേശങ്ങളിലെ മലയോരമേഖലയിൽ വ്യാപകവും ഭീകരവുമായ ഉരുൾപൊട്ടലും മണ്ണിടിച്ചിലും മഴവെള്ളപ്പാച്ചിലിനെയുംതുടർന്ന് കനത്ത നാശനഷ്ടമുണ്ടായിട്ടുണ്ട്. നിരവധി റോഡുകൾ, കലിങ്കുകൾ, പാലങ്ങൾ എന്നിവയ്ക്ക് വ്യാപകമായ നാശനഷ്ടമുണ്ടാകുകയും ഉപയോഗശൂന്യമാകുകയും ചെയ്തിട്ടുണ്ട്. മണ്ണിടിഞ്ഞ് റോഡുകൾ ഉപയോഗശൂന്യമായത് അവിടെ വലിയ തോതിൽ പ്രയാസം സൃഷ്ടിച്ചിരിക്കുകയാണ്. ജെ.സി.ബി. ഉപയോഗിച്ച് മണ്ണുമാറ്റി താല്ക്കാലികമായി ഗതാഗതം പുനഃസ്ഥാപിക്കാനുള്ള നടപടിയാണ് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിച്ചത്. ഇവിടത്തെ റോഡുകളും കലിങ്കുകളും പാലങ്ങളും തകർന്നതിനാലും മണ്ണിടിച്ചിലിന്റെ ആഘാതത്തിന്റെ ഫലമായും ഈ പ്രദേശം ഒറ്റപ്പെട്ട അവസ്ഥയിലായിരിക്കുകയാണ്.

ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ പുനരുദ്ധാരണ പദ്ധതിയിൽ 2020-22 കാലയളവിൽ ഇതുവരെ പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ 34 പ്രവൃത്തികൾക്കായി 5.80 കോടി രൂപ അനുവദിക്കുകയും 21 പ്രവൃത്തികൾ പൂർത്തീകരിക്കുകയും 13 പ്രവൃത്തികൾ പുരോഗമിച്ചുകൊണ്ടിരിക്കുകയുമാണ്. 102 കിലോമീറ്റർ റോഡ് ഭാഗികമായും ഏകദേശം 32 കലുങ്കുകളും പാലങ്ങളും ഗതാഗതയോഗ്യമല്ലാതെയും ആയിട്ടുണ്ട്. ഇവ SDRF (State Disaster Response Fund), RKI (Rebuild Kerala Initiative), CMLRRP (Chief Minister's Local Road Rebuild Project) തുടങ്ങിയ പദ്ധതികളിലൂടെ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പരിഗണിക്കാവുന്നതാണ്.

## (2) <u>കാലിത്തീറ്റയുടെ വില വർദ്ധനവ്</u>

<u>ശ്രീ. ടി. സിദ്ദിഖ്</u>: സർ, ക്ഷീരകർഷകർ നേരിടുന്ന ഏറെ ഗൗരവകരവും വൈവിദ്ധ്യവുമായ പ്രശ്നങ്ങളെ ബഹുമാനപ്പെട്ട മന്ത്രിയുടെയും ഗവൺമെന്റിന്റെയും ശ്രദ്ധയിൽകൊണ്ടുവരികയാണ്. മിൽമ പാൽസംഭരണം നടത്തുന്ന സംഘങ്ങളിൽ ഒരു ലിറ്ററിന് 36 മുതൽ 38 രൂപവരെ ലഭിക്കുന്നു. സംസ്ഥാനത്തെ മൂന്നുലക്ഷം ക്ഷീരകർഷകരിൽ 25000-ത്തോളം ക്ഷീരകർഷകരും വയനാട് ജില്ലയിലുള്ളവരാണ്. കേരളത്തിൽ പാലുൽപ്പാദനത്തിൽ വയനാട് ജില്ല രണ്ടാം സ്ഥാനത്താണ്. നാല്

ലക്ഷത്തിലധികം ലിറ്റർ പാൽ ഒരു ദിവസം വയനാട് ജില്ലയിൽ ഉൽപ്പാദിപ്പിക്കുന്നുണ്ട്. പാലുൽപ്പാദനക്ഷമതയുമായി ബന്ധപ്പെട്ട ഏറ്റവും പ്രധാനപ്പെട്ട ഘടകം കാലത്തീറ്റയുടേതാണ്. 50 കിലോഗ്രാമുള്ള കെ.എസ്. കാലിത്തീറ്റയുടെ ഒരു ചാക്കിന് ആയിരത്തി അഞ്ഞൂറോളം രൂപ ചെലവുവരികയാണ്. ഇതിന്റെ വിലയിൽ ആറുമാസത്തിനകം 400 രൂപവരെ വർദ്ധനവുണ്ടായിട്ടുണ്ട്. മിൽമയുടെ ഒരു ചാക്ക് കാലിത്തീറ്റയ്ക്കുണ്ടായിരുന്ന വില 1370 രൂപയായിരുന്നു. അതിൽ സബ്സിഡിയായി നൽകിയിരുന്ന 70 രൂപ ഇപ്പോൾ മിൽമ ഒഴിവാക്കിയതിന്റെ ഫലമായി കർഷകർക്ക് 1370 രൂപതന്നെ നൽകേണ്ട സാഹചര്യമാണുള്ളത്. കേരള ഗവൺമെന്റിനുകീഴിൽ പ്രവർത്തിക്കുന്ന കേരള ഫീഡ്സിൽ ഉൽപ്പാദനം കൃത്യമായി നടക്കുന്നുണ്ടോ? കാലിത്തീറ്റ നിർമ്മിക്കുന്നതിനാവശ്യമായ 18 ഇൻഗ്രീഡിയൻസും ഇറക്കുമതി ചെയ്യുകയാണ്. ഇവയുടെയെല്ലാം വില വർദ്ധിച്ചിരിക്കുകയാണ്. പച്ചപ്പുല്ലിന്റെയടക്കം വില വർദ്ധിച്ചു. സാധാരണക്കാരായ ക്ഷീരകർഷകർക്ക് താങ്ങാവുന്നതിനപ്പുറം സാഹചര്യത്തിലേയ്ക്ക് വിലവർദ്ധനവ് എത്തിയിരിക്കുന്നു. ഒരു ചാക്ക് കാലിത്തീറ്റയ്ക്ക് 250 രൂപയെങ്കിലും മിനിമം സബ്സിഡി കൊടുക്കാനുള്ള നടപടി സർക്കാർ തലത്തിൽ തീരുമാനമെടുത്ത് ക്ഷീരകർഷകരെ

സംരക്ഷിക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു.

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, കേരളത്തിലെ ക്ഷീരമേഖലയിൽ ഉത്പാദനച്ചെലവ് കൂടുതലാണെങ്കിലും പാലുല്പാദന വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ട്. കൃഷി ചെയ്തിട്ടുള്ള തീറ്റപ്പുൽ, കാർഷികവിളകളിൽനിന്നുള്ള മറ്റ് തീറ്റവസ്തുക്കൾ, വൃക്ഷവിളകൾ തുടങ്ങിയവയും കാലിത്തീറ്റയ്ക്ക് പകരമായി ഉപയോഗിച്ചുവരുന്നു. കാലിത്തീറ്റയുടെ വില നിയന്ത്രിക്കാനുള്ള എല്ലാ നടപടികളും സർക്കാർതലത്തിൽ സ്വീകരിച്ചുവരുന്നുണ്ട്. കാലിത്തീറ്റയുടെ അമിത വിലവർദ്ധനവും കാലവർഷക്കെടുതിയുംമൂലം സംഭവിച്ച തീറ്റവസ്തുക്കളുടെ ലഭ്യതക്കുറവും പരിഹരിക്കുന്നതിനായി ക്ഷീരകർഷകർക്ക് പച്ചപ്പുല്ലും വയ്ക്കോലും സബ്സിഡി നിരക്കിൽ നൽകിവരുന്നു. 2021-22 സാമ്പത്തികവർഷം 314.77 ലക്ഷം രൂപ ഇതിനായി ചെലവഴിച്ചിട്ടുണ്ട്. 2022-23 വർഷം പച്ചപ്പുല്ലും വയ്ക്കോലും സബ്സിഡി നിരക്കിൽ നൽകുന്നതിനായി 257 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ക്ഷീരസംഘങ്ങളിൽ പാൽ നൽകുന്ന കർഷകർക്ക് ക്ഷീരവികസന വകുപ്പിന്റെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും ആഭിമുഖ്യത്തിൽ

ഈമാസം മുതൽ പാലിന് 4 രൂപവരെ ഇൻസെന്റീവ് നൽകിത്തുടങ്ങുകയാണ്. ക്ഷീരസംഘങ്ങളിൽ പാൽ നൽകുന്ന ക്ഷീരകർഷകർക്ക് വിവിധ ഏജൻസികളുടെ ധനസഹായങ്ങളും ലഭിക്കുന്നുണ്ട്. അയൽ സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിലെ ക്ഷീരമേഖലയിൽ ഉത്പാദനച്ചെലവ് വർദ്ധിക്കുന്നതിനുള്ള പ്രധാന കാരണം തീറ്റപ്പുല്ലിന്റെ ദൗർല്ലഭ്യമാണ്. കേരളത്തിനാവശ്യമായ തീറ്റപ്പുല്ലിന്റെ 46 ശതമാനം മാത്രമാണ് സംസ്ഥാനത്ത് ഉത്പാദിപ്പിക്കപ്പെടുന്നത്. തീറ്റപ്പുൽ കൃഷിയുടെ നോഡൽ ഏജൻസി എന്നനിലയിൽ ക്ഷീരവികസന വകുപ്പ് വിവിധ തീറ്റപ്പുൽകൃഷി വികസന പദ്ധതികൾ നടപ്പിലാക്കിവരുന്നു. നടപ്പുസാമ്പത്തിക വർഷം 2231 ഹെക്ടർ സ്ഥലത്തുകൂടി പദ്ധതി വ്യാപിപ്പിക്കാനുദ്ദേശിക്കുന്നു. ഇതുമൂലം പതിനയ്യായിരത്തോളം ക്ഷീരകർഷകർക്ക് പ്രയോജനം ലഭിക്കും. 5.57 ലക്ഷം മെട്രിക് ടൺ പച്ചപ്പുൽ അധികമായി ഉത്പാദിപ്പിക്കാൻ ലക്ഷ്യമിടുന്നു. തീറ്റപ്പുൽ കൃഷി നടപ്പാക്കുന്നതിനും ചോളം കൃഷി ചെയ്യുന്നതിനും വൃക്ഷ വിളകൾ വിതരണം ചെയ്യുന്നതിനും തീറ്റപ്പുൽ കൃഷി യന്ത്രവൽക്കരിക്കുന്നതിനും ധനസഹായം നൽകുക, തീറ്റപ്പുൽ കൃഷിക്ക് ജലസേചന സൗകര്യം ഏർപ്പെടുത്തുക, ഹൈഡ്രോപോണിക് ഫോഡർ ഉത്പാദനത്തിനാവശ്യമായ ആധുനിക

സൗകര്യങ്ങൾ കർഷകർക്ക് ലഭ്യമാക്കുക, സ്വയംസഹായ സംഘങ്ങളുൾപ്പെടെയുള്ള ഗ്രൂപ്പുകൾക്ക് യൂണിറ്റുകൾ മുഖേനയുള്ള തീറ്റപ്പുൽകൃഷിയും വിപണനവും പൊതു/സ്വകാര്യ/വ്യക്തിഗത മേഖലയിലുള്ള തരിശുഭൂമികളിലും ഉപയോഗശൂന്യമായ സ്ഥലങ്ങളിലും വാണിജ്യാടിസ്ഥാനത്തിൽ തീറ്റപ്പുൽ വ്യാപകമാക്കുന്നതിനുള്ള പദ്ധതി നടപ്പാക്കുക എന്നിവയും ലക്ഷ്യമിടുന്നുണ്ട്. പദ്ധതി നടത്തിപ്പ് ചെലവുകൾക്ക് 760 ലക്ഷം രൂപയാണ് 2022-23 വർഷത്തെ ബഡ്ജറ്റിൽ സംസ്ഥാന സർക്കാർ അനുവദിച്ചിരിക്കുന്നത്. ഗുണമേന്മയുള്ള കാലിത്തീറ്റകൾക്കും മറ്റ് ബദൽ തീറ്റകൾക്കും പരമാവധി വിലകുറച്ച് വിതരണം ചെയ്യുന്നതിന് മിൽമയും കേരള ഫീഡ്സും ശ്രമിച്ചുവരികയാണ്. മിൽമ ഗോമതി റിച്ച്, മിൽമ ഗോമതി ഗോൾഡ് എന്നീ കാലിത്തീറ്റകളും എസ്.എൽ.ബി.പി. (Special Live Stock Breeding Programme) സ്കീംവഴി മിൽമ പ്ലസ് കാലിത്തീറ്റയുമാണ് വിപണിയിലെത്തിക്കുന്നത്. മിൽമയുടെ 50 കിലോയുടെ കാലിത്തീറ്റകളായ മിൽമ പ്ലസിന് 1125 രൂപയും മിൽമ ഗോമതി റിച്ചിന് 1240 രൂപയും മിൽമ ഗോമതി ഗോൾഡിന് 1370 രൂപയുമാണ് ഒരു ചാക്കിന്റെ പരമാവധി വിൽപ്പന വില. 1585 രൂപ നിരക്കിലുള്ള കാലിത്തീറ്റകളൊന്നും മിൽമ വിതരണം ചെയ്യുന്നില്ല. 2019-

നശേഷം മിൽമ കാലിത്തീറ്റയുടെ വില വർദ്ധിപ്പിച്ചിട്ടില്ല. 2022 ജൂൺ 30-ാം തീയതിവരെ ഗോമതി റിച്ച് കാലിത്തീറ്റയ്ക്ക് ചാക്കൊന്നിന് 25 രൂപയും ഗോമതി ഗോൾഡ് കാലിത്തീറ്റയ്ക്ക് ചാക്കൊന്നിന് 70 രൂപയും ഇളവ് നൽകിയാണ് കർഷകർക്ക് ലഭ്യമാക്കിയിരിക്കുന്നത്. കാലിത്തീറ്റ ഉത്പാദനത്തിനാവശ്യമായ എല്ലാ അസംസ്കൃതവസ്തുക്കളും അന്യസംസ്ഥാനങ്ങളിൽനിന്നും വാങ്ങുന്നവർക്കാണ് പ്രസ്തുത അസംസ്കൃത വസ്തുക്കൾ കേന്ദ്ര സർക്കാരിന്റെ കിസാൻ റെയിൽ പദ്ധതിവഴി കേരളത്തിൽ എത്തിക്കാനുള്ള വലിയ പരിശ്രമം നടത്തിക്കൊണ്ടിരിക്കുന്നത്. മുഖ്യമന്ത്രി വിളിച്ച എം.പി.-മാരുടെ യോഗത്തിലെ ഒരു അജണ്ട കാലിത്തീറ്റ കൊണ്ടുവരുന്നതുമായി ബന്ധപ്പെട്ടതായിരുന്നു. അടുത്ത പാർലമെന്റ് സമ്മേളനത്തിൽ ടി വിഷയം ഉന്നയിക്കണമെന്ന് എം.പി.-മാരോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇപ്പോൾ പച്ചക്കറികൾ മാത്രമാണ് കിസാൻ റെയിൽ പദ്ധതിവഴി കൊണ്ടുവരുന്നത്. കിസാൻ റെയിൽ വഴി ഗതാഗതം സാദ്ധ്യമായാൽ വളരെ കുറഞ്ഞ ചെലവിൽ കാലിത്തീറ്റ കൊടുക്കാൻ സാധിക്കും. ഇതുമായി ബന്ധപ്പെട്ട വിശദമായ മറുപടി മേശപ്പുറത്തുവയ്ക്കുന്നു.+

## (3) തൃപ്പൂണിത്തുറയിലെ ഇരുമ്പുപാലം

\+ അനുബന്ധമായി ചേർത്തിരിക്കുന്നു.

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, തൃപ്പൂണിത്തുറ നഗരത്തെയും കൊച്ചി നഗരത്തെയും ബന്ധിപ്പിക്കുന്ന ഇരുമ്പുപാലം ബലക്ഷയത്തെത്തുടർന്ന് മൂന്നുവർഷമായി അടച്ചിട്ടിരിക്കുകയാണ്. 1890-ൽ നിർമ്മിച്ച ഈ പാലം കാലപ്പഴക്കംകൊണ്ട് ഗതാഗതയോഗ്യമല്ലാതായി. ഈ പാലം പുതുക്കി നിർമ്മിക്കേണ്ടതായതിനാൽ അറ്റകുറ്റപ്പണി നടത്താൻ പി.ഡബ്ല്യൂ.ഡി. തയ്യാറാകുന്നില്ല. ഇതുമായി ബന്ധപ്പെട്ട് കഴിഞ്ഞ ഫെബ്രുവരി മാസം 21-ാം തീയതി ഞാൻ അങ്ങേയ്ക്ക് കത്ത് നൽകുകയും നേരിട്ട് ചർച്ചനടത്തുകയും ചെയ്തിരുന്നു. അങ്ങ് മറുപടി പറയാൻ പോകുന്നത് ഇത് ക്ലിയർ ചെയ്തുവെന്നായിരിക്കും. ആറുമാസമായി ഞാൻ ഈ വിഷയവുമായി ബന്ധപ്പെട്ട് അങ്ങേയ്ക്ക് കത്ത് നൽകിയെങ്കിലും പരിഹാമുണ്ടായിട്ടില്ല. എന്നാൽ നാളിതുവരെയായി അങ്ങത് ക്ലിയർ ചെയ്ത വിവരം എന്നോട് വിളിച്ചുപറയുകയോ കത്ത് നൽകുകയോ ചെയ്തില്ല. ഇത് തികച്ചും അന്യായമാണ്. ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>): സർ, തൃപ്പൂണിത്തുറ നഗരത്തെയും കൊച്ചി നഗരത്തെയും ബന്ധിപ്പിക്കുന്ന തട്ടപ്പിള്ളിക്കാട്ടുപുഴയ്ക്ക് കുറുകെയുള്ള തൃപ്പൂണിത്തുറയിലെ പൈതൃകപാലം

എന്നറിയപ്പെടുന്ന ഇരുമ്പുപാലം ബ്രിട്ടീഷ് കാലഘട്ടത്തിൽ നിർമ്മിക്കപ്പെട്ടതാണ്. ഏകദേശം 132 വർഷം പഴക്കമുള്ള ഈ ഇരുമ്പുപാലം ദുർബ്ബലാവസ്ഥയിലാണെന്ന റിപ്പോർട്ടിനെത്തുടർന്ന് അവിടെ പുതിയ പാലം നിർമ്മിക്കുന്നതിനായി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഡീറ്റെയിൽഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നു. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എം.എൽ.എ. ആയിരുന്ന ശ്രീ. എം. സ്വരാജ് ഈ വിഷയം സബ്മിഷനിലൂടെ നിയമസഭയിൽ ഉന്നയിച്ചിരുന്നു. കോവിഡിന്റെ പശ്ചാത്തലത്തിൽ ഈ പദ്ധതിക്ക് അനുമതി ലഭ്യമാക്കുന്നതിന് കാലതാമസം നേരിട്ടിട്ടുണ്ട്. ബഹുമാനപ്പെട്ട കെ. ബാബു (തൃപ്പൂണിത്തുറ) ഇക്കാര്യത്തിൽ ആവശ്യമായ ഇടപെടൽ നടത്തിയിട്ടുണ്ട്. ഇതുസംബന്ധിച്ച ഫയൽ പരിശോധിക്കുമ്പോഴാണ് തെരഞ്ഞെടുപ്പ് പ്രഖ്യാപനം വന്നത്. പ്രസ്തുത അവസരത്തിൽ ഇത്തരം കാര്യങ്ങൾക്ക് ഉത്തരവ് നൽകാൻ സാധിക്കില്ല. തെരഞ്ഞെടുപ്പിനുശേഷം ഫയൽ വീണ്ടും പരിശോധിക്കുകയും രണ്ടുതവണ അതിൽ ചില ടെക്നിക്കൽ തിരുത്തലുകൾ വരുത്തുകയുമുണ്ടായി. 29 കോടി രൂപയുടെ പ്രൊപ്പോസൽ ആദ്യം ലഭിച്ച്, പിന്നീട് ഡി.എസ്.ആർ.-ന്റെ പുനഃപരിശോധനവഴി 30 കോടി രൂപയുടെ പ്രൊപ്പോസൽകൂടി ലഭിച്ചതിനെതുടർന്ന് അനുമതി കൊടുത്തിട്ടുണ്ട്. ഇത്

നേരത്തെയുള്ള ഒരാവശ്യമാണ്. ഇത്തരത്തിലൊരു പാലം പുനർനിർമ്മിക്കേണ്ടത് അവിടത്തെ ആളുകളുടെ വലിയൊരാവശ്യമാണെന്ന് മനസ്സിലാക്കി അതിനുള്ള അനുമതി കൊടുത്തിട്ടുണ്ട്.

(4) കോട്ടായി ഐ.എച്ച്.ആർ.ഡി. കോളേജിന്റെ കെട്ടിട നിർമ്മാണം

ശ്രീ. പി. പി. സുമോദ്: സർ, എന്റെ നിയോജകമണ്ഡലത്തിലെ കോട്ടായി പഞ്ചായത്തിൽ 2009-ൽ ആരംഭിച്ച ഐ.എച്ച്.ആർ.ഡി.-ക്ക് കീഴിലുള്ള കോളേജ് ഓഫ് അപ്ലൈഡ് സയൻസസ് എന്ന സ്ഥാപനം 14 വർഷമായി വാടക കെട്ടിടത്തിലാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. 2019-ലെയും 2021-ലെയും വാർഷിക ബഡ്ജറ്റിൽ, ആദ്യഘട്ടത്തിൽ 4 കോടി രൂപയും പിന്നീട് 5 കോടി രൂപയുൾപ്പെടെ ആകെ 9 കോടി രൂപ വകയിരുത്തിയിരുന്നു. എന്നാൽ ഇപ്പോൾ ഒരു കോടി രൂപയുടെ എസ്റ്റിമേറ്റായി ചുരുക്കി നിർമ്മാണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കാൻ പോകുകയാണ്. പലപ്പോഴും അഫിലിയേഷൻ ഉൾപ്പെടെ നഷ്ടപ്പെടുന്ന ഘട്ടത്തിലാണ് ആ കോളേജ് നിലനിൽക്കുന്നത്. ആയതിനാൽ 9 കോടി രൂപയുംകൂടി അനുവദിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാനാവശ്യമായ നടപടിക്രമങ്ങൾ വേഗത്തിലാക്കണമെന്ന് ആവശ്യപ്പെടുന്നു.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, ഐ.എച്ച്.ആർ.ഡി.-യുടെ കീഴിലുള്ള കുഴൽമന്ദം കോളേജ് ഓഫ് അപ്ലൈഡ് സയൻസസ് എന്ന സ്ഥാപനം 2008 മുതൽ കോട്ടായി ഗ്രാമപഞ്ചായത്തിലെ പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിലാണ് പ്രവർത്തിച്ചുവരുന്നത്. 19-11-2010-ലെ തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഉത്തരവുപ്രകാരം കോട്ടായി ഗ്രാമപഞ്ചായത്തിന്റെ 0.3635 ഹെക്ടർ സ്ഥലത്തിന്റെ ഉടമസ്ഥാവകാശം ഗ്രാമപഞ്ചായത്തിൽ നിലനിർത്തിക്കൊണ്ട് കുഴൽമന്ദം കോളേജ് ഓഫ് അപ്ലൈഡ് സയൻസസിന് കെട്ടിടം നിർമ്മിക്കാൻ കോട്ടായി ഗ്രാമപഞ്ചായത്തിന് അനുമതി നൽകിയിരുന്നു. എന്നാൽ ഇതിൽപ്പെടുന്ന 0.1832 ഹെക്ടർ സ്ഥലം മാത്രമാണ് ഗ്രാമപഞ്ചായത്ത് കോളേജിനായി അനുവദിച്ചത്. പ്രസ്തുത സ്ഥലത്ത് 2017-18-ലെ ആസ്തിവികസന ഫണ്ടുപയോഗിച്ച് 99 ലക്ഷം രൂപയ്ക്ക് കോളേജിനുള്ള പ്രധാന കെട്ടിടത്തിന്റെ ഒന്നാംഘട്ട നിർമ്മാണം 2021-ൽ പൂർത്തീകരിച്ചു. 2019-20-ലെ സംസ്ഥാന ബഡ്ജറ്റിൽ കുഴൽമന്ദം കോളേജ് ഓഫ് അപ്ലൈഡ് സയൻസസിന്റെ പ്രധാന കെട്ടിടത്തിന്റെ രണ്ടാംഘട്ട നിർമ്മാണമെന്ന പദ്ധതിക്കായി നാല് കോടി രൂപയുടെ അടങ്കൽ തുക പൊതുമരാമത്ത് വകുപ്പിന്റെ ഹെഡ്ഡിൽ ഉൾക്കൊള്ളിച്ചിരുന്നു.

29-03-2020-ലെ ഗവൺമെന്റ് ഉത്തരവിലൂടെ ഐ.എച്ച്.ആർ.ഡി.-യുടെ പ്ലാൻഫണ്ടിൽനിന്ന് ഈ പദ്ധതിക്കുള്ള തുക കണ്ടെത്തണമെന്ന നിബന്ധനയോടെ നാല് കോടി രൂപയുടെ ഭരണാനുമതി നൽകി. 2019-20-ൽ സംസ്ഥാന ബഡ്ജറ്റിൽ ഐ.എച്ച്.ആർ.ഡി.-യുടെ പ്ലാൻഫണ്ടിനത്തിൽ 13.625 കോടി രൂപ ഉൾപ്പെടുത്തിയിരുന്നെങ്കിലും 3.44 കോടി രൂപയാണ് അനുവദിക്കപ്പെട്ടത്. അതിനാൽ കോളേജ് കെട്ടിടത്തിന്റെ രണ്ടാംഘട്ട നിർമ്മാണത്തിനാവശ്യമായ തുക ലഭ്യമാക്കാൻ സാധിക്കാതെവന്നു. തുടർന്ന് 2022-23 സാമ്പത്തിക വർഷത്തിലെ പ്ലാൻ ഫണ്ടിൽനിന്നും രണ്ടാംഘട്ട നിർമ്മാണത്തിനാവശ്യമായ തുക കണ്ടെത്തുന്നതിന് 25-03-2021-ലെ കത്തിലൂടെ സർക്കാർ ഐ.എച്ച്.ആർ.ഡി.-ക്ക് നിർദ്ദേശം നൽകിയിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ നടപ്പ് സാമ്പത്തികവർഷം ഒരു കോടി രൂപ വിനിയോഗിച്ച് കെട്ടിടത്തിന്റെ രണ്ടാംഘട്ട നിർമ്മാണം പൂർത്തിയാക്കാൻ ഐ.എച്ച്.ആർ.ഡി. തീരുമാനിച്ചിട്ടുണ്ട്. ഇതിലേയ്ക്കുള്ള പുതുക്കിയ എസ്റ്റിമേറ്റ് വർക്കിംഗ് ഗ്രൂപ്പ് മുമ്പാകെ സമർപ്പിക്കുന്നമുറയ്ക്ക് ഭരണാനുമതി നൽകി പ്രവൃത്തി നടപ്പാക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്. 2021-22-ലെ സംസ്ഥാന ബഡ്ജറ്റിൽ കുഴൽമന്ദം കോളേജ് ഓഫ് അപ്ലൈഡ് സയൻസസിന് അഞ്ച്

കോടി രൂപയുടെ അടങ്കൽ തുക കെട്ടിടനിർമ്മാണമെന്ന പദ്ധതിയിലുൾപ്പെടുത്തിയിരുന്നു. എന്നാൽ ഒന്നാംഘട്ടത്തിൽ നിർമ്മിച്ച പ്രധാന കെട്ടിടം കൂടാതെ പുതിയ ഒരു കെട്ടിടം നിർമ്മിക്കാനുള്ള സ്ഥലസൗകര്യം കോളേജ് ക്യാമ്പസ്സിലില്ല. അതിനാൽ പ്രധാന കെട്ടിടത്തിന്റെ രണ്ടാംഘട്ട നിർമ്മാണം പൂർത്തിയായതിനുശേഷം മാത്രമെ 2021-22 ബഡ്ജറ്റിൽ പരാമർശിക്കുന്ന അഞ്ച് കോടി രൂപയുടെ നിർമ്മാണ പ്രവർത്തനം ആരംഭിക്കാൻ സാധിക്കുകയുള്ളൂ. രണ്ടാംഘട്ട നിർമ്മാണം പൂർത്തിയാകുന്നമുറയ്ക്ക് ആവശ്യമായ ഭരണാനുമതി ലഭ്യമാക്കി കോട്ടായി ഐ.എച്ച്.ആർ.ഡി. കോളേജിന്റെ കെട്ടിട നിർമ്മാണം പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## (5) സ്കൂൾ വിദ്യാർത്ഥികൾക്ക് ഉച്ചഭക്ഷണം

ശ്രീ. വി. ആർ. സുനിൽ കുമാർ: സർ, സ്കൂൾ വിദ്യാർത്ഥികൾക്ക് ഉച്ചഭക്ഷണം നൽകുന്നതിനായി നിലവിൽ ഒരു കുട്ടിക്ക് എട്ട് രൂപയാണ് അനുവദിച്ചിട്ടുള്ളത്. നാല് വർഷം മുമ്പ് നിലവിൽവന്ന നിരക്കാണിത്. അന്ന് കുട്ടികൾക്ക് ആഴ്ചയിൽ ഒരു ദിവസം പാലും മുട്ടയും നൽകിയിരുന്നെങ്കിൽ ഇന്ന് രണ്ട് ദിവസം പാലും മുട്ടയും നൽകുന്നുണ്ട്. ഉച്ചഭക്ഷണത്തിനുള്ള ചോറിനോടൊപ്പം നൽകുന്ന കറികളുടെ എണ്ണത്തിലും വർദ്ധനവുണ്ടായി.

പാചകവാതകത്തിന്റെ വിലയും ഇരട്ടിയിലധികം വർദ്ധിക്കുകയുണ്ടായി. ഇത്തരത്തിൽ കുട്ടികൾക്ക് നൽകുന്ന ഭക്ഷണ വിഭവങ്ങളിൽവന്ന വർദ്ധനവും പാചകവാതകത്തിനുവന്ന വിലവർദ്ധനവും കാരണം സ്കൂൾ പി.ടി.എ.-യ്ക്ക് ഉച്ചഭക്ഷണം നൽകുന്നതിന് വലിയ ബുദ്ധിമുട്ടാണ് അനുഭവപ്പെടുന്നത്. ആയതിനാൽ ഒരു കുട്ടിക്ക് നിലവിൽ നൽകിവരുന്ന എട്ട് രൂപ നിരക്ക് കാലോചിതമായി വർദ്ധിപ്പിക്കണമെന്നും നഴ്സറിതലം മുതൽ 12-ാം ക്ലാസ്സ് വരെയുള്ള വിദ്യാർത്ഥികൾക്ക് പ്രഭാതഭക്ഷണവും ഉച്ചഭക്ഷണവും അനുവദിക്കണമെന്നും അഭ്യർത്ഥിക്കുകയാണ്.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, ഇത് വളരെ പ്രധാനപ്പെട്ട സബ്മിഷനാണ്. സ്കൂൾ വിദ്യാർത്ഥികൾക്ക് ഉച്ചഭക്ഷണം വിതരണം ചെയ്യുന്നതിനായി നിലവിൽ സർക്കാർ നൽകിവരുന്ന തുക കാലോചിതമായി പരിഷ്കരിക്കേണ്ടതുണ്ട്. സ്കൂൾ കുട്ടികൾക്ക് ഉച്ചഭക്ഷണ പദ്ധതി നടത്തുന്നതിനായി സ്കൂളുകൾക്ക് അനുവദിക്കുന്ന തുകയാണ് കുക്കിംഗ് കോസ്റ്റ് അഥവ കണ്ടിജൻസി തുക. 60:40 എന്ന മാൻഡേറ്ററി അനുപാതത്തിലുള്ള കേന്ദ്ര-സംസ്ഥാന പദ്ധതിയായ സ്കൂൾ ഉച്ചഭക്ഷണ പദ്ധതി നടത്തിപ്പിന് സ്കൂളുകൾക്ക് ഉച്ചഭക്ഷണം പാചകം ചെയ്യുന്നതിനാണ് കുക്കിംഗ് കോസ്റ്റ്

അനുവദിച്ചിരിക്കുന്നത്. പ്രസ്തുത തുക പച്ചക്കറി, പലവ്യഞ്ജനം, പാചകവാതകം എന്നിവ വാങ്ങുന്നതിനും സപ്ലിമെന്ററി ന്യൂട്രീഷ്യന്റെ ഭാഗമായി കുട്ടികൾക്ക് നൽകുന്ന പാൽ, മുട്ട, നേന്ത്രപ്പഴം എന്നിവയുടെ ചെലവുകൾക്കുമായാണ് വിനിയോഗിക്കുന്നത്. ഏറ്റവും ഒടുവിലായി സംസ്ഥാന സർക്കാർ പാചക ചെലവ് തുക പരിഷ്കരിച്ചത് 05-09-2016-ലാണ്. ആയതുപ്രകാരം ഉച്ചഭക്ഷണം കഴിക്കുന്ന കുട്ടികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ ചുവടെ പറയുന്ന നിരക്കുകളാണ് സംസ്ഥാനത്ത് നിലവിലുള്ളത്. സ്ലാബ് 1 - 150 കുട്ടികൾ വരെയുള്ള സ്കൂളുകൾക്ക് കുട്ടി ഒന്നിന് 8 രൂപ. സ്ലാബ് 2, 151 മുതൽ 500 കുട്ടികൾ വരെയുള്ള സ്കൂളുകൾക്ക് കുട്ടി ഒന്നിന് 7 രൂപ, സ്ലാബ് 3, 500-ന് മുകളിൽ കുട്ടികളുള്ള സ്കൂളുകൾക്ക് കുട്ടി ഒന്നിന് 6 ആറ് രൂപ. പ്രൈമറി വിഭാഗത്തിൽ ഒരു കുട്ടിക്ക് പ്രതിദിനം 4.97 രൂപയും അപ്പർപ്രൈമറി വിഭാഗത്തിൽ ഒരു കുട്ടിക്ക് പ്രതിദിനം 7.45 രൂപയുമാണ് പാചക ചെലവിനായി അനുവദിക്കുന്ന നിരക്കുകൾ. സ്കൂൾ കുട്ടികൾക്ക് പാൽ, മുട്ട എന്നിവ നൽകുന്ന സപ്ലിമെന്ററി ന്യൂട്രീഷ്യൻ പദ്ധതി പൂർണ്ണമായും സംസ്ഥാന പദ്ധതിയാണ്. എന്നാൽ ഇതിനുള്ള ചെലവുകൂടി ഉച്ചഭക്ഷണത്തിന് നൽകുന്ന തുകയിൽനിന്നാണ് കണ്ടെത്തുന്നത്. ആഴ്ചയിൽ രണ്ട് ദിവസം പാൽ, ഒരു ദിവസം മുട്ട, നേന്ത്രപ്പഴം

എന്നിവ നൽകുന്നതിന് ഒരു കുട്ടിക്ക് 20 രൂപയോളം ചെലവ് വരുന്നുണ്ട്. പാചകവാതകം, പച്ചക്കറി, പയർവർഗ്ഗങ്ങൾ, ഭക്ഷ്യഎണ്ണ തുടങ്ങിയവയ്ക്ക് വിലവർദ്ധനവുണ്ടായതിനാൽ നിലവിൽ പാചകചെലവിനത്തിൽ അനുവദിക്കുന്ന തുക അപര്യാപ്തമാണെന്നും അത് വർദ്ധിപ്പിക്കണമെന്നും ആവശ്യപ്പെട്ട് നിരവധി നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്. പ്രസ്തുത നിവേദനങ്ങൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള കുക്കിംഗ് കോസ്റ്റ് സ്ലാബ് സമ്പ്രദായമായ 8 രൂപ, 7 രൂപ, 6 രൂപ എന്നതിനുപകരം പരിഷ്കരിച്ച് പ്രൈമറി, അപ്പർപ്രൈമറി എന്നിങ്ങനെ വേർതിരിച്ച് 6 രൂപ, 8 രൂപ എന്നീ നിരക്കുകളിൽ കേന്ദ്ര-സംസ്ഥാന വിഹിതമുൾപ്പെടെ കുക്കിംഗ് കോസ്റ്റ് പരിഷ്കരിക്കുന്ന കാര്യവും സപ്ലിമെന്ററി ന്യൂട്രീഷ്യന്റെ ഭാഗമായി ഏർപ്പെടുത്തിയിട്ടുള്ള പാൽ, മുട്ട, നേന്ത്രപ്പഴം എന്നിവയുടെ വിതരണത്തിനായി ഒരു കുട്ടിക്ക് ആഴ്ചയിൽ 20 രൂപ അനുവദിക്കുന്ന കാര്യവും സർക്കാർ പരിശോധിച്ചുവരികയാണ്. 2013-ലെ ദേശീയ ഭക്ഷ്യഭദ്രത നിയമപ്രകാരം സർക്കാർ എയ്ഡഡ് വിദ്യാലയങ്ങളിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിൻകീഴിൽവരുന്ന വിദ്യാലയങ്ങളിലും ഒന്നുമുതൽ എട്ടാം ക്ലാസ്സ് വരെ പഠിക്കുന്നതോ അല്ലെങ്കിൽ ആറ് മുതൽ 14 വയസ്സുവരെ പ്രായമുള്ള വിദ്യാർത്ഥികൾക്കും സ്കൂൾ അവധി ദിവസങ്ങൾ

ഒഴികെയുള്ള എല്ലാ ദിവസവും ഉച്ചഭക്ഷണം ലഭിക്കുന്നതിന് അവകാശമുണ്ട്. പ്രസ്തുത നിയമത്തിൽ പരാമർശിച്ച ടി വിഭാഗം സ്കൂൾ കുട്ടികൾക്ക് മാത്രമാണ് സൗജന്യ ഭക്ഷ്യധാന്യവും ധനസഹായവും കേന്ദ്ര സർക്കാർ അനുവദിച്ചിരിക്കുന്നത്. 2022-23 വർഷം മുതൽ 'സമഗ്ര ശിക്ഷ'-യുടെ പിന്തുണ ലഭിക്കുന്ന സർക്കാർ സ്കൂളുകളിലെ പ്രീ-പ്രൈമറി- ബാലവാടികളിലെ കുട്ടികളെക്കൂടി ഉച്ചഭക്ഷണ പദ്ധതിയിലുൾപ്പെടുത്തിയിട്ടുണ്ട്. സർക്കാർ വിദ്യാലയങ്ങളോടനുബന്ധിച്ച് പ്രവർത്തിക്കുന്ന അംഗീകൃത പ്രീ-പ്രൈമറികളിലേയും 2011-12 അദ്ധ്യയന വർഷംവരെ ഉച്ചഭക്ഷണം നൽകിവന്നിരുന്ന എയ്ഡഡ് വിദ്യാലയങ്ങളിൽ പ്രവർത്തിക്കുന്ന പ്രീ-പ്രൈമറി വിദ്യാലയങ്ങളിലേയും 239135 കുട്ടികളെക്കൂടി പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തി ഉച്ചഭക്ഷണം നൽകിവരികയാണ്. ഉത്തരത്തിന്റെ വിശദാംശങ്ങൾ മേശപ്പുറത്തുവയ്ക്കുന്നു.+

ഈ വിഷയം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയും ഇക്കാര്യം പരിഗണിക്കാമെന്ന് ഉറപ്പുനൽകുകയും ചെയ്തിട്ടുണ്ട്. ഗവൺമെന്റിനെമാത്രം ആശ്രയിക്കാതെ പല വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പി.ടി.എ.-യുടെ നേതൃത്വത്തിലും സ്കൂൾ സപ്പോർട്ടിംഗ് കമ്മിറ്റിയുടെ നേതൃത്വത്തിലും കുട്ടികൾക്ക് ഉച്ചഭക്ഷണവും പ്രഭാത ഭക്ഷണവും

+ അനുബന്ധമായി ചേർത്തിട്ടുണ്ട്.

അതിനുപരി ചില സ്കൂളുകളിൽ ക്ലാസ്സ് സമയം കഴിഞ്ഞതിനുശേഷം എക്സ്ട്രാ ക്ലാസ്സ് എടുക്കുന്ന സമയത്തും ഭക്ഷണം നൽകുന്നുണ്ട്. അങ്ങനെ ഒരു ഇടപെടൽ നമ്മുടെ പൊതുസമൂഹം നടത്തുന്നതിനാവശ്യമായ നടപടി ബഹുമാനപ്പെട്ട എം.എൽ.എ.-മാർ കൈക്കൊള്ളണമെന്ന് അഭ്യർത്ഥിക്കുകയാണ്.

(6) അമ്പലപ്പുഴയിലെ റോഡുകളുടെ ശോച്യാവസ്ഥ

ശ്രീ. എച്ച്. സലാം: സർ, ദേശീയപാതയിൽ രൂപപ്പെട്ട കുഴികളിൽ വീണ് നിരവധി വാഹനാപകടങ്ങളുണ്ടാകുകയാണ്. എന്റെ നിയോജകമണ്ഡലത്തിലെ അമ്പലപ്പുഴ-കാക്കാഴം മേൽപ്പാലത്തിൽ വലിയ കുഴികൾ രൂപപ്പെട്ട് ഇതിനോടകം പത്ത് അപകടങ്ങളാണ് രണ്ട് മാസത്തിനുള്ളിലുണ്ടായത്. ഇരുചക്രവാഹന യാത്രക്കാർക്ക് ഗുരുതരമായി പരിക്കേല്ക്കുന്ന സാഹചര്യമാണുള്ളത്. എൻ.എച്ച്.66-ൽ ഉൾപ്പെടെ 70 ശതമാനത്തോളം ദേശീയപാത അതോറിറ്റിയുടെ കീഴിലാണെങ്കിലും കേന്ദ്രമന്ത്രി ശ്രീ. വി. മുരളീധരൻ അടക്കമുള്ളവർ സംസാരിക്കുന്നതും പെരുമാറുന്നതും യാതൊരു ഉത്തരവാദിത്വവുമില്ലാതെയാണ്. ദേശീയപാതയിലെ കുഴികളെക്കുറിച്ച് പറയുമ്പോൾ മറ്റ് റോഡുകളിൽ കുഴിയില്ലേ എന്ന ചോദ്യമാണ് കേന്ദ്രമന്ത്രി ഉന്നയിക്കുന്നത്.

ചോദ്യങ്ങൾകൊണ്ട് കുഴിയടയ്ക്കാൻ സാധിക്കില്ല. ഈ പ്രശ്നം മൺസൂൺകാലത്ത് മാത്രമുണ്ടാകുന്നതല്ല. നിലവിൽ ദേശീയപാത 66-ന്റെ വികസനത്തിന്റെ ഭാഗമായി പ്രവൃത്തി ആരംഭിച്ചിരിക്കുകയാണ്. പ്രസ്തുത നിർമ്മാണം നടക്കുന്ന അവസരത്തിൽ വാഹനം ഓടുന്ന പാതയിൽ സ്വാഭാവികമായ അറ്റകുറ്റപ്പണി യഥാസമയം ചെയ്യാൻ കഴിഞ്ഞില്ലെങ്കിൽ കുഴികൾ രൂപപ്പെടുകയും വീണ്ടും ഇതേസാഹചര്യമുണ്ടാകുകയും ചെയ്യും. സംസ്ഥാന സർക്കാരിന്റെ നേരിട്ടുള്ള ചുമതലയിൽവരുന്ന കാര്യമല്ലെങ്കിലും ദേശീയപാത അതോറിറ്റിയുമായി ആലോചിച്ച് പരിപാലനം ഉറപ്പുവരുത്താനാവശ്യമായ സാഹചര്യം സൃഷ്ടിക്കണം. കാക്കാഴം മേൽപ്പാലത്തിലേതുൾപ്പെടെയുള്ള അറ്റകുറ്റപ്പണികൾ സമയബന്ധിതമായി നടപ്പാക്കുന്നതിനാവശ്യമായ ഇടപെടൽ കൂടിയുണ്ടാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കുന്നുള്ളത്.

പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>): സർ, ഇത് ബഹുമാനപ്പെട്ട അംഗത്തിന്റെ നിയോജകമണ്ഡലത്തിലെ പ്രശ്നം മാത്രമല്ല, ഒരു പൊതുവിഷയമെന്ന നിലയിലാണ് ഉന്നയിച്ചിരിക്കുന്നത്. ദേശീയപാതയിലെ കുഴിയുമായി ബന്ധപ്പെട്ട വിഷയം കഴിഞ്ഞവർഷം നിയമസഭയിൽ ചർച്ചചെയ്തിരുന്നു.

അന്നും ആലപ്പുഴ ജില്ലയിലെ വിഷയമാണ് പ്രധാനമായി ഉന്നയിക്കപ്പെട്ടത്. മുൻ പ്രതിപക്ഷനേതാവ് ശ്രീ. രമേശ് ചെന്നിത്തല, ശ്രീമതി യു. പ്രതിഭ, ശ്രീ. എച്ച്. സലാം എന്നിവരും ഈ വിഷയം ചൂണ്ടിക്കാണിച്ചിരുന്നു. ശ്രീ. എച്ച്. സലാം ഈ വിഷയം ശ്രദ്ധയിൽപ്പെടുത്തിയതിനെത്തുടർന്ന് അഞ്ച് തവണ എൻ.എച്ച്.എ.ഐ. അധികൃതരുമായി ചർച്ചനടത്തി ചില കാര്യങ്ങൾക്ക് പരിഹാരം കണ്ടെത്തിയിട്ടുണ്ട്. അന്ന് ഈ വിഷയം നിയമസഭയിൽ ഉന്നയിക്കപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട കേന്ദ്രമന്ത്രി ശ്രീ. നിതിൻ ഗഡ്കരിയുമായി ഡൽഹിയിൽവച്ച് ചർച്ച ചെയ്യുകയും അദ്ദേഹം വളരെ പോസിറ്റീവായ സമീപനം സ്വീകരിച്ചതിന്റെ ഭാഗമായി മുന്നോട്ടുപോകുകയുമാണുണ്ടായത്. പൊതുവെ പരിശോധിച്ചുനോക്കുമ്പോൾ കേന്ദ്ര-സംസ്ഥാന മന്ത്രിമാർ ഈ വിഷയം പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെടുത്തി പറയുന്നത് ദൗർഭാഗ്യകരമാണ്. സംസ്ഥാനത്താകെ 1781.5 കിലോമീറ്റർ ദേശീയപാതയാണുള്ളത്. ഇതിൽ 1233.5 കിലോമീറ്റർ റോഡും പരിപാലിക്കുന്നത് ദേശീയപാത അതോറിറ്റിയാണ്. കേന്ദ്ര സർക്കാരിന്റെ കീഴിലാണ് ദേശീയപാത അതോറിറ്റി പ്രവർത്തിക്കുന്നത്. പൊതുമരാമത്ത് വകുപ്പിന്റെ ദേശീയപാത വിഭാഗം 548 കിലോമീറ്റർ റോഡാണ് കൈകാര്യം ചെയ്യുന്നത്. ഇത് ഗൗരവമായ വിഷയമാണ്. ഈ

പ്രത്യേക സാഹചര്യത്തിലാണ് ദേശീയപാത പരിപാലനം പ്രാധാന്യമർഹിക്കുന്നത്. ഈ പ്രശ്നത്തെ പൊതുമരാമത്ത് വകുപ്പിന്റെ റോഡുകളുമായി ബന്ധപ്പെടുത്തി ആക്ഷേപം ഉന്നയിച്ച് മറുപടി പറഞ്ഞുപോകുന്ന രീതി പൊതുവെ ശരിയല്ലെന്ന് ആവർത്തിക്കുകയാണ്. ജനങ്ങളെയും സർക്കാരിനെയും സംബന്ധിച്ചിടത്തോളം ഏത് പാതയെന്നുള്ളതല്ല, ഒരു കുഴിയും ഉണ്ടാകരുതെന്നുള്ളതാണ്; അത് പരിഹരിക്കാനാണ് നമ്മൾ ഇടപെട്ടുപോകേണ്ടത്. അതിൽ ഉത്തരവാദിത്വപ്പെട്ടവർ പൊതുമരാമത്ത് വകുപ്പിനെ ചൂണ്ടിക്കാണിച്ച് മറുപടി പറയുന്ന രീതി തെറ്റാണ്. ആ സമീപനം ദൗർഭാഗ്യകരമാണ്. പ്രശ്നം പരിഹരിക്കാനുള്ള ഇടപെടൽ നടത്തേണ്ടത് അനിവാര്യമാണ്.

കേരളത്തിലാകെ 29,522 കിലോമീറ്റർ പി.ഡബ്ല്യൂ.ഡി. റോഡുകളാണുള്ളത്. കേരളത്തിലെ ആകെ റോഡുകൾ മൂന്നുലക്ഷം കിലോമീറ്ററാണ്. ഈ വിവാദം കൊണ്ടുണ്ടായ ഗുണമെന്നുപറയുന്നത്, ഈ വിഷയങ്ങളെല്ലാം ജനങ്ങളിലെത്തിക്കാൻ സാധിച്ചുവെന്നുള്ളതാണ്. കേരളത്തിൽ ആകെയുള്ള മൂന്നുലക്ഷം കിലോമീറ്റർ റോഡുകൾ വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ടതാണ്. ഇതിൽ പത്തിലൊന്ന് മാത്രമാണ് പി.ഡബ്ല്യൂ.ഡി. റോഡുകൾ. എന്നാൽ റോഡ് എന്നുകേൾക്കുമ്പോൾത്തന്നെ

അവയെല്ലാം പി.ഡബ്ല്യൂ.ഡി.-യുടേതാണെന്ന പൊതുബോധമാണ് എല്ലാവർക്കുമുള്ളത്. ഒരു റോഡിലും ഒരുതരത്തിലുള്ള കുഴിയുമുണ്ടാകരുതെന്ന കാഴ്ചപ്പാടോടുകൂടിയാണ് സർക്കാർ മുന്നോട്ടുപോകുന്നത്. പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള 29,522 കിലോമീറ്റർ റോഡുകളിൽ ഒരു ചെറിയ കുഴിപോലും ഉണ്ടാകാതിരിക്കാനാണ് വകുപ്പ് ലക്ഷ്യമിടുന്നത്. കുഴിയുണ്ടാകാൻ പാടില്ലെന്നു തന്നെയാണ് ജനങ്ങളും ആഗ്രഹിക്കുന്നത്. റോഡുകളിൽ രൂപപ്പെടുന്ന കുഴികളുമായി ബന്ധപ്പെട്ട പ്രശ്നം കേരളം രൂപംകൊണ്ട കാലംമുതൽ ചർച്ച ചെയ്യുന്ന വിഷയമാണ്. കേരളത്തെ സംബന്ധിച്ച് മഴ മാത്രമാണ് ഇതിന് കാരണമെന്ന് കരുതേണ്ടതില്ല. കേരളത്തിന്റെ കാലാവസ്ഥയിലുള്ള പ്രത്യേകതയും ശരിയായ ഡ്രെയിനേജ് സംവിധാനമില്ലാത്തതും ഇതിന്റെ കാരണങ്ങളിൽപ്പെടുന്നു. ഇതിന് കാരണമായി മാറുന്ന ചില തെറ്റായ പ്രവണതകൾക്കെതിരെ ശക്തമായ നിലപാടുകൾ സ്വീകരിച്ചാണ് എൽ.ഡി.എഫ്. സർക്കാർ എക്കാലവും മുന്നോട്ടുപോയിട്ടുള്ളത്. പി.ഡബ്ല്യൂ.ഡി.-യുടെ 29,522 കിലോമീറ്റർ റോഡുകളിൽ നിർമ്മാണപ്രവൃത്തി നടക്കുന്നവ മാറ്റിനിർത്തിയാൽ വളരെ ചെറിയ ശതമാനം റോഡുകളിലാണ് ഈ പ്രശ്നം നിലവിലുള്ളത്. ദേശീയപാത അതോറിറ്റിയുടെ കീഴിലുള്ള റോഡുകളിലെ കുഴികളുമായി

താരതമ്യം ചെയ്യുമ്പോൾ പൊതുമരാമത്ത് വകുപ്പിന്റെ റോഡുകളിൽ രൂപപ്പെട്ടിട്ടുള്ള കുഴികൾ വളരെ കുറവാണ്. ഒരു കുഴിപോലുമുണ്ടാകാത്ത റോഡുകളായി പൊതുമരാമത്ത് വകുപ്പ് റോഡുകളെ മാറ്റാനുള്ള കഠിന ശ്രമമാണ് വകുപ്പ് നടത്തിക്കൊണ്ടിരിക്കുന്നത്. കഴിഞ്ഞ ഒരുവർഷം കേരളത്തിലെ പൊതുമരാമത്ത് വകുപ്പ് റോഡുകളിലെ പരിപാലനത്തിനായി റണ്ണിംഗ് കോൺട്രാക്ട് സംവിധാനം, ഡി.എൽ.പി. ബോർഡുകൾ, പ്രീ-മൺസൂൺ പ്രവൃത്തികൾ, OPBRC (Output and Performance based Road Contract), കൺട്രോൾ റൂം സംവിധാനം, സ്പെഷ്യൽ ടാസ്ക് ഫോഴ്സ് എന്നിങ്ങനെ നിരവധി കാര്യങ്ങൾ ചെയ്തിട്ടുണ്ട്. റോഡിന്റെ ഗുണനിലവാരം ഉറപ്പുവരുത്താൻ അടുത്ത 5 വർഷത്തിനുള്ളിൽ പി.ഡബ്ല്യു.ഡി. റോഡുകളുടെ 50 ശതമാനവും BM&BC (Bituminous Macadam and Bituminous Concrete) ആക്കുന്നതിനുള്ള ലക്ഷ്യത്തിലേയ്ക്ക് നാടിനെ എത്തിക്കാൻ സർക്കാരിന് സാധിക്കുന്നതാണ്. ദേശീയപാതാ അതോറിറ്റിയെ സംബന്ധിച്ച് വളരെ പോസിറ്റീവായ നിലപാടാണ് കേന്ദ്രസർക്കാർ സ്വീകരിക്കേണ്ടത്. കേരളത്തിൽ നിന്നുള്ള കേന്ദ്രമന്ത്രി പറഞ്ഞത് ദൗർഭാഗ്യകരമാണ്. കേരളത്തിന്റെ വികസനത്തെ സഹായിക്കുന്ന കാര്യങ്ങളൊന്നും അദ്ദേഹം പറയാറില്ല. കേരളത്തിന്റെ വികസനത്തെ

തടയാനും കേരള സർക്കാരിനെ ആക്ഷേപിക്കുവാനും മാത്രമാണ് അദ്ദേഹം നാവ് ചലിപ്പിക്കുന്നത്. അദ്ദേഹം ഇത്തരത്തിൽ നാവ് ചലിപ്പിക്കുന്നത് അവസാനിപ്പിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

(7) തിരൂർ-പൊൻമുണ്ടം റെയിൽവേ ഓവർബ്രിഡ്ജ്

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, എന്റെ മണ്ഡലത്തിലെ തിരൂർ-പൊൻമുണ്ടം ബൈപ്പാസിലെ റെയിൽവേ ഓവർബ്രിഡ്ജിന് അപ്രോച്ച് റോഡ് എത്രയുംവേഗം നിർമ്മിച്ച് ഗതാഗതയോഗ്യമാക്കണമെന്ന് ആവശ്യപ്പെടുകയാണ്. നാൾക്കുനാൾ വർദ്ധിച്ചുവരുന്ന ജനത്തിരക്കും ഗതാഗതക്കുരുക്കുംമൂലം യാത്രക്കാർ അനുഭവിക്കുന്ന ബുദ്ധിമുട്ടിന് പരിഹാരം കാണുന്നതിനാണ് 2005-ൽ ഈ ബൈപ്പാസ് രൂപകൽപ്പന ചെയ്തത്. 2014-ലാണ് റോഡുകളുടെ പണി മൂന്നുഘട്ടങ്ങളിലായി അല്പമെങ്കിലും പൂർത്തീകരിക്കാൻ കഴിഞ്ഞത്. അതിനോടനുബന്ധിച്ച് ഓവർബ്രിഡ്ജ് നിർമ്മിച്ചെങ്കിലും അപ്രോച്ച് റോഡില്ലാത്തതുകൊണ്ട് കഴിഞ്ഞ 8 വർഷമായി ഉപയോഗിക്കാൻ സാധിക്കുന്നില്ല. അത് എത്രയുംവേഗം ഗതാഗതയോഗ്യമാക്കുന്നതിന് അടിയന്തര നടപടിയുണ്ടാകണം. തിരൂർ-പുത്തനത്താണി റോഡിലേയ്ക്ക് കടന്നുപോകുന്നതിനായി നിർമ്മിച്ച ഒന്നാംഘട്ട റോഡിന്റെ പണി നിർത്തിവച്ചിരിക്കുകയാണ്. ഈ പാലത്തിന്റെ പണി

പൂർത്തീകരിച്ചിരുന്നെങ്കിൽ ചമ്രവട്ടം-തിരൂർ റോഡിൽനിന്നുള്ള യാത്രക്കാർക്ക് തിരൂർ-പൂത്തനത്താണി റോഡിലേയ്ക്ക് എളുപ്പത്തിൽ കടന്നുപോകുന്നതിന് സാധിക്കുമായിരുന്നു. ബൈപ്പാസ് റോഡ് പൂർത്തിയാകുന്നതോടുകൂടി 9 കിലോമീറ്ററാണ് തൃശ്ശൂർ ഭാഗത്തുനിന്നും കോഴിക്കോട് ഭാഗങ്ങളിൽനിന്നും വരുന്ന ആളുകൾക്ക് യാത്ര ചെയ്യേണ്ടി വരുന്നത്. ദൂരത്തിൽ 2 കിലോമീറ്ററിന്റെ കുറവാണ് വരുന്നതെങ്കിൽപ്പോലും സമയലാഭം അതിനേക്കാൾ ഏറെയാണ്. അതുകൊണ്ട് രണ്ട് നിയോജകമണ്ഡലങ്ങളിലൂടെ കടന്നുപോകുന്ന, മൂന്ന് പഞ്ചായത്തുകളെയും ഒരു മുനിസിപ്പാലിറ്റിയെയും കോർത്തിണക്കുന്ന ബൈപ്പാസ് റോഡ് ജനങ്ങൾക്ക് ഉപകാരപ്രദമാക്കുന്നതിനായി അപ്രോച്ച് റോഡിന്റെ പണി അടിയന്തരമായി ആരംഭിക്കാൻ നടപടിയുണ്ടാകണമെന്ന് വിനീതമായി അപേക്ഷിക്കുന്നു.

പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ബഹുമാനപ്പെട്ട കുറുക്കോളി മൊയ്തീൻ അദ്ദേഹത്തിന്റെ മണ്ഡലത്തിലെ അപ്രോച്ച് റോഡുമായി ബന്ധപ്പെട്ട് ഉന്നയിച്ച വിഷയം വളരെ അനിവാര്യമാണ്. തിരൂർ നഗരത്തിലെ ഗതാഗതക്കുരുക്കിന് പരിഹാരമാകുവാൻ ഇത് സഹായകരമാകും. സമീപറോഡ് നിർമ്മാണത്തിനായി ചീഫ് എഞ്ചിനീയർ നൽകിയ 27.40

കോടി രൂപയുടെ പ്രൊപ്പോസൽ വകുപ്പ് പരിശോധിച്ചുവരികയാണ്; സാമ്പത്തിക ലഭ്യതയനുസരിച്ച് അക്കാര്യത്തിൽ തീരുമാനമെടുക്കുന്നതാണ്. തിരൂർ മുനിസിപ്പാലിറ്റിയുടെ സ്ഥലവുമായി ബന്ധപ്പെട്ട പ്രശ്നമെന്ന നിലയിൽ ബഹുമാനപ്പെട്ട എം.എൽ.എ. ഇക്കാര്യത്തിൽ മുൻകയ്യെടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. തിരൂർ മുനിസിപ്പാലിറ്റി അധികൃതരെക്കൂടി ഉൾപ്പെടുത്തി ഒരു യോഗം വിളിച്ചുചേർത്ത് ആവശ്യമായ ഇടപെടൽ നടത്തണമെന്ന് ബഹുമാനപ്പെട്ട അംഗത്തോട് അഭ്യർത്ഥിക്കുകയാണ്.

(8) ചാലക്കുടിയിലെ അടിപ്പാത നിർമ്മാണം

ശ്രീ. സനീഷ്കുമാർ ജോസഫ്: സർ, തൃശ്ശൂർ-എറണാകുളം ദേശീയപാതയിൽ ചാലക്കുടി നഗരസഭ ജംഗ്ഷന് സമീപത്തെ ഗതാഗതക്കുരുക്കിനും അപകട പരമ്പരകൾക്കും പരിഹാരമായി നിർമ്മാണം ആരംഭിച്ച അടിപ്പാതയുടെ പ്രവൃത്തികൾ നിലച്ചിരിക്കുകയാണ്. ദേശീയപാതയിലൂടെ കടന്നുപോകുന്ന ഓരോ വാഹനങ്ങളും നഗരസഭാ ജംഗ്ഷനിലെ കുരുക്കിലകപ്പെടുന്നത് പതിവ് കാഴ്ചയാണ്. അടിപ്പാതയുടെ നിർമ്മാണം ആരംഭിച്ച് നാലുവർഷമായെങ്കിലും നിലവിൽ ഇതിന്റെ നിർമ്മാണ പുരോഗതി 24 ശതമാനം മാത്രമാണ്. 250 ദിവസംകൊണ്ട് പണി പൂർത്തിയാക്കാൻ ലക്ഷ്യമിട്ട ടി പ്രവൃത്തിയുടെ നിർമ്മാണം

ആരംഭിച്ചത് 2018 മാർച്ച് 18-നാണ്. ഈ വിഷയം സബ്മിഷനായും കത്തുകളായും പലതവണ ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. 04-08-2021-ന് ഞാൻ സബ്മിഷൻ അവതരിപ്പിച്ചപ്പോൾ 31-03-2022-ന് നിർമ്മാണം പൂർത്തീകരിക്കാൻ സാധിക്കുമെന്ന് എൻ.എച്ച്.എ.ഐ. അറിയിച്ചതായി ബഹുമാനപ്പെട്ട മന്ത്രി മറുപടി നൽകിയിരുന്നു. ദേശീയപാതയുടെ ഒരു വശം പൂർണ്ണമായി കെട്ടിയടച്ച് ഗതാഗതം ഒരുവരിയാക്കി നിയന്ത്രിച്ചുകൊണ്ടാണ് നിർമ്മാണം നടത്തുന്നത്; ആയതിനാൽ രൂക്ഷമായ ഗതാഗതക്കുരുക്കാണ് അനുഭവപ്പെടുന്നത്. ദേശീയപാതയിൽ വാഹനങ്ങളുടെ നീണ്ടനിരയാണ് കാണപ്പെടുന്നത്. നഗരസഭാ ജംഗ്ഷനിൽ നിരവധി അപകടങ്ങളാണ് നിത്യേന സംഭവിച്ചുകൊണ്ടിരിക്കുന്നത്. നിരവധിപേർക്ക് പരിക്കേല്ക്കുന്നതും നിരവധിപേർ അപകടത്തിൽ മരണപ്പെടുന്നതും നിത്യസംഭവമായി മാറിയിരിക്കുന്നു. ദേശീയപാതയിലെ സർവ്വീസ് റോഡുകൾ തകർന്ന അവസ്ഥയിലാണ്. ഡ്രെയിനേജ് സംവിധാനങ്ങളും പൂർത്തീകരിച്ചിട്ടില്ല. ഒരു പ്രാവശ്യം മഴപെയ്താൽ കൊരട്ടി, പേരാമ്പ്ര, ചാലക്കുടി, കൊടകര ഉൾപ്പെടെയുള്ള പ്രദേശത്തുള്ളവർ വെള്ളക്കെട്ടുമൂലം വലിയതോതിൽ പ്രയാസം അനുഭവിക്കേണ്ടിവരുന്നു. കേരളത്തിലെ ദേശീയപാതയിലെ

മേൽപ്പാലങ്ങൾ പരിശോധിക്കാനെത്തുന്ന കേന്ദ്രമന്ത്രിമാരോട് ഈ അടിപ്പാതയുടെ കാര്യം ശ്രദ്ധയിൽപ്പെടുത്തണം. ഇക്കാര്യത്തിൽ സംസ്ഥാന സർക്കാർ അടിയന്തരമായി ഇടപെടണം. അടിപ്പാതയുടെ നിർമ്മാണം പൂർത്തീകരിക്കാനുള്ള സത്വരനടപടി സ്വീകരിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, പ്രധാനപ്പെട്ട പ്രശ്നമാണ് ബഹുമാനപ്പെട്ട സനീഷ്കുമാർ ജോസഫ് ഉന്നയിച്ചിട്ടുള്ളത്. ബഹുമാനപ്പെട്ട റവന്യൂ-ഭവന നിർമ്മാണ വകുപ്പുമന്ത്രി കെ. രാജൻ ഉൾപ്പെടെയുള്ള തൃശ്ശൂർ ജില്ലയിലെ എല്ലാ മന്ത്രിമാരും ഈ വിഷയം ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. ദേശീയപാതാ വികസനവുമായി ബന്ധപ്പെട്ടാണ് ഈ പ്രശ്നവും നിലനിൽക്കുന്നത്. ചാലക്കുടി അടിപ്പാതയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട വിഷയം കഴിഞ്ഞ സഭയിലും സബ്മിഷനായി ഉന്നയിച്ചിട്ടുണ്ട്. ഇക്കാര്യം ആ ഘട്ടത്തിലും പിന്നീട് ദേശീയപാത അതോറിറ്റിയുമായുള്ള യോഗത്തിലും വളരെ ഗൗരവമായി ഉന്നയിച്ചതാണ്. കഴിഞ്ഞതവണ ദേശീയപാത അതോറിറ്റി നൽകിയ മറുപടി ആഗസ്റ്റ് മാസത്തിൽ പണി പൂർത്തീകരിക്കാമെന്നായിരുന്നു. കരാറുകാർ അതുമായി ബന്ധപ്പെട്ട് ഉറപ്പും നൽകിയിരുന്നു. എന്നാൽ

ആശാവഹമായ പുരോഗതിയൊന്നും റിപ്പോർട്ട് ചെയ്തുകാണുന്നില്ല. ആ സാഹചര്യത്തിൽ കരാറുകാർക്കെതിരെ നടപടി സ്വീകരിക്കുമെന്നാണ് എൻ.എച്ച്.എ.ഐ. അറിയിച്ചിട്ടുള്ളത്. 24-06-2022-ലെ കൺസഷൻ എഗ്രിമെന്റ് പ്രകാരം 30 ദിവസം ക്യൂവർ പീരിയഡായി കണക്കാക്കി കൺസഷണർക്ക് എൻ.എച്ച്.എ.ഐ. നോട്ടീസ് നൽകിയിട്ടുണ്ട്. ഈ കാലയളവിൽ കൺസഷണർ നിർമ്മാണപ്രവർത്തനങ്ങൾ നടപ്പിലാക്കാതിരുന്നാൽ ഇവരുടെ risk and cost-ൽ ബാധകമായ പെനാൽറ്റി കണക്കാക്കി മൂന്നാമതൊരു കൺസഷണറെക്കൊണ്ട് പ്രസ്തുത പദ്ധതി നടപ്പാക്കുമെന്നാണ് എൻ.എച്ച്.എ.ഐ. അറിയിച്ചിട്ടുള്ളത്. ഇക്കാര്യത്തിൽ തുടർന്നും ദേശീയപാത അതോറിറ്റിയുമായി ചർച്ചചെയ്ത് പ്രവൃത്തി പൂർത്തിയാക്കാനുള്ള ശ്രമം നടത്തുന്നതാണ്.

## (9) മോട്ടോർ തൊഴിലാളി മേഖലയിലെ പ്രശ്നങ്ങൾ

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, സംസ്ഥാനത്ത് കാർഷിക മേഖല കഴിഞ്ഞാൽ ഏറ്റവും കൂടുതൽപേർ ജീവസന്ധാരണം നടത്തുന്ന മേഖലയാണ് മോട്ടോർ തൊഴിലാളി മേഖല. ഈ മേഖലയിൽ ജോലി ചെയ്യുന്നവരുടെ കൃത്യമായ കണക്കെടുക്കാൻ ഇനിയും നമുക്ക് സാധിച്ചിട്ടില്ല. കേന്ദ്ര ഗവൺമെന്റിന്റെ പുത്തൻ ഗതാഗതനയവും തൊഴിലാളി വിരുദ്ധനയങ്ങളും

ഈ മേഖലയിൽ കനത്ത പ്രതിസന്ധിയാണ് സൃഷ്ടിച്ചിരിക്കുന്നത്. മോട്ടോർ വാഹന നിയമ ഭേദഗതിയും അതിനെത്തുടർന്നുണ്ടായ കേന്ദ്ര ഉത്തരവുകളും ഈ മേഖലയെ കുത്തകവൽക്കരിക്കാൻ ഇടയാക്കുകയാണ്. മോട്ടോർ വാഹന നിയമ ഭേദഗതിയിലെ പ്രതിലോമ വകുപ്പുകൾ കേരളത്തിൽ നടപ്പിലാക്കുകയില്ലെന്ന ഒന്നാം പിണറായി സർക്കാരിന്റെ ഉറപ്പ് മറികടന്നുകൊണ്ട് കേന്ദ്ര ഉത്തരവ് പുറപ്പെടുവിക്കുമ്പോൾ കേരളത്തിലെ മോട്ടോർ വാഹന വകുപ്പ് അതിവിടെ നടപ്പിലാക്കാൻ ശ്രമിക്കുകയാണ്. മറ്റു സംസ്ഥാനങ്ങൾ ഇക്കാര്യത്തിൽ നിർബന്ധബുദ്ധി പ്രകടിപ്പിക്കാതിരിക്കുകയും കണ്ടില്ലെന്ന് നടിക്കുകയും ചെയ്യുകയാണ്. സ്പീഡ് ഗവർണർ, ജി.പി.എസ്., വാഹനങ്ങളുടെ രജിസ്ട്രേഷൻ ഫീസിലും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നിരക്കിലും വരുത്തിയ വർദ്ധനവ് എന്നിങ്ങനെ നിരവധി പ്രശ്നങ്ങളുണ്ട്. പെട്രോൾ, ഡീസൽ വില വർദ്ധനവ്, ഇൻഷ്വറൻസ് പ്രീമിയം വർദ്ധനവ്, സർവ്വീസ് ചാർജ്ജുകളിലും സർചാർജ്ജുകളിലും വരുത്തിയിട്ടുള്ള ഭീമമായ വർദ്ധനവ്, വ്യക്തിഗത വാഹനങ്ങൾ പെരുകുന്നതുമൂലമുള്ള തൊഴിൽ നഷ്ടം എന്നിവയുടെ ഫലമായി അന്നന്നുള്ള ആഹാരത്തിന് വകയില്ലാതെ മോട്ടോർ തൊഴിലാളികൾ ബുദ്ധിമുട്ടുകയാണ്. അതുകൂടാതെ മോട്ടോർ വാഹന വകുപ്പിലെ ചില ഉദ്യോഗസ്ഥരെടുക്കുന്ന നടപടിയുടെ ഭാഗമായുണ്ടാകുന്ന

ബുദ്ധിമുട്ടുകൾ വളരെ വലുതാണ്. 15 വർഷം പഴക്കമുള്ള വാഹനങ്ങൾ പൊളിക്കണമെന്ന കേന്ദ്ര സർക്കാർ ഉത്തരവ് സൃഷ്ടിച്ചിരിക്കുന്ന പ്രത്യാഘാതം വലുതാണ്. കേരളത്തിൽ നിന്നുള്ള വാഹനങ്ങൾ അന്യസംസ്ഥാനങ്ങളിൽ പ്രവേശിക്കുന്നതിന് ഈടാക്കുന്ന എൻട്രി ടാക്സ് താങ്ങാൻ സാധിക്കാത്തതാണ്. ഈ ടാക്സ് തന്നെ വലിയ ബുദ്ധിമുട്ടായി തുടരുമ്പോൾ മുൻകാല പ്രാബല്യത്തോടെ ഇവയ്ക്ക് സർവ്വീസ് ചാർജ്ജ് ഈടാക്കാൻ സംസ്ഥാന ഗവൺമെന്റ് നടപടി സ്വീകരിക്കുകയാണ്. വാഹനങ്ങളുടെ പാതയോര പാർക്കിംഗ് നിരോധിച്ചുകൊണ്ടുള്ള കോടതി വിധി ചിലയിടങ്ങളിൽ ഗുരുതര പ്രശ്നമുണ്ടാക്കുന്നുണ്ട്. ഈ വിധി മറികടക്കുന്നതിനായി നിയമനിർമ്മാണം നടത്തുന്നതിനെക്കുറിച്ച് ആലോചിക്കണം. തകർച്ചയിൽപ്പെട്ട സ്വകാര്യ ബസ് വ്യവസായ മേഖലയെ സംരക്ഷിക്കാൻ പ്രത്യേക പാക്കേജിന് രൂപംനൽകണം. ചരക്ക് കടത്ത് വാഹനങ്ങളുടെ വാടക നിരക്കും തൊഴിലാളികളുടെ വേതനവും പുതുക്കണം. മോട്ടോർ വാഹന വകുപ്പ്, ലീഗൽ മെട്രോളജി, റവന്യൂ, പോലീസ് എന്നീ വിഭാഗങ്ങളുടെ വേട്ടയാടലുകൾ മോട്ടോർ തൊഴിലാളികൾ നേരിടുന്നുണ്ട്. കരമണ്ണ്, കരിങ്കല്ല്, കരിങ്കൽ ഉൽപ്പന്നങ്ങൾ എന്നിവ ഉൽപ്പാദന മേഖലയിൽ വച്ചുതന്നെ പരിശോധിക്കാനുള്ള നടപടിയുണ്ടാകണം. ഡ്രൈവിംഗ്

ടെസ്റ്റിനുള്ള ഗ്രൗണ്ടുകൾ തയ്യാറാക്കുന്ന ജോലി വകുപ്പ് ഏറ്റെടുക്കണം. ഡ്രൈവിംഗ് സ്കൂൾ മേഖലയിൽ ചുവടുറപ്പിക്കാൻ ശ്രമിക്കുന്ന കുത്തകകളിൽനിന്നും ഈ വിഭാഗത്തിലെ ചെറുകിടക്കാരെ സംരക്ഷിക്കുന്നതിനായി സഹകരണ സംരംഭങ്ങൾക്ക് രൂപം നൽകണം. ഗതാഗത രംഗത്തെ മുഴുവൻ മേഖലകൾക്കും ബാധകമായതും പൊതുഗതാഗത സംവിധാനത്തെ പ്രോൽസാഹിപ്പിക്കുന്നതുമായ സമഗ്ര ഗതാഗത നയത്തിന് രൂപം നൽകാൻ ഗവൺമെന്റ് തയ്യാറാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (<u>ശ്രീ. ആന്റണി രാജു</u>): സർ, മോട്ടോർ തൊഴിലാളി മേഖലയുമായി ബന്ധപ്പെട്ട് വളരെ പ്രധാനപ്പെട്ട ആശങ്കകളാണ് ബഹുമാനപ്പെട്ട കടകംപള്ളി സുരേന്ദ്രൻ ഉന്നയിച്ചിരിക്കുന്നത്. 1988-ലെ കേന്ദ്ര മോട്ടോർ വാഹന നിയമത്തിൽ 2019-ൽ അക്രഡിറ്റഡ് ഡ്രൈവിംഗ് സെന്റേഴ്സ്, അഗ്രിഗേറ്റർ പോളിസി, ആട്ടോമാറ്റിക് ടെസ്റ്റിംഗ് സ്റ്റേഷൻ, സ്ക്രാപ്പിംഗ് പോളിസി എന്നിവയിൽ വലിയ ഭേദഗതിയാണ് കേന്ദ്ര സർക്കാർ വരുത്തിയിരിക്കുന്നത്. ഗതാഗത മേഖലയിൽ പ്രവർത്തിക്കുന്ന തൊഴിലാളികൾക്ക് ദോഷകരമാകാതെ പ്രസ്തുത ഭേദഗതികളിൽ നിലപാട് കൈക്കൊള്ളാനാണ് സർക്കാർ ആലോചിക്കുന്നത്. പല വിഷയങ്ങളിലും നിയമപരമായ തീരുമാനമെടുക്കാൻ സംസ്ഥാന സർക്കാരിന് അധികാരം

നൽകിയിട്ടില്ല എന്നതാണ് ഇതിലുള്ള പ്രതിസന്ധി. എന്നിരുന്നാലും ഗതാഗത മേഖലയെ പൊതുവിൽ ബാധിക്കുന്ന വിഷയങ്ങളിൽ കേന്ദ്രസർക്കാരിനെ സംസ്ഥാന സർക്കാർ സമയാസമയങ്ങളിൽ അഭിസംബോധന ചെയ്തുകൊണ്ടിരിക്കുകയാണ്. കോവിഡ് മഹാമാരി കാലത്ത് തകർന്ന ഗതാഗത മേഖലയെ പുനരുജ്ജീവിപ്പിക്കുവാനായി പല ഘട്ടങ്ങളിലായി സംസ്ഥാന സർക്കാർ നികുതിയിളവുകൾ നൽകിയിരുന്നു. കഴിഞ്ഞ രണ്ടര വർഷക്കാലയളവിൽ സ്റ്റേജ് കാര്യേജുകളുടെ പതിമൂന്നര മാസത്തെ നികുതിയും കോൺട്രാക്ട് കാര്യേജുകളുടെ ഏകദേശം പതിനൊന്ന് മാസത്തെ നികുതിയും സ്കൂൾ കോളേജ് ബസ്സുകളുടെ പതിനെട്ട് മാസത്തെ നികുതിയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നിർദ്ദേശാനുസരണം സർക്കാർ പൂർണ്ണമായും ഒഴിവാക്കിയിരുന്നു. കൂടാതെ ടി വാഹനങ്ങൾക്ക് നികുതി അടയ്ക്കുന്നതിനുള്ള തീയതി പലപ്പോഴായി സർക്കാർ ദീർഘിപ്പിച്ചു നൽകുകയും ചെയ്തു. മോട്ടോർ വാഹന നിയമപ്രകാരമുള്ള രേഖകളായ ഫിറ്റ്നസ്സ്, രജിസ്ട്രേഷൻ, ലൈസൻസ്, പെർമിറ്റ് തുടങ്ങിയവയുടെ കാലാവധി 31-12-2021 വരെ സർക്കാർ ദീർഘിപ്പിച്ചു. കോൺട്രാക്ട് കാര്യേജുകളുടെ ഈ ക്വാർട്ടറിലെ നികുതി അടയ്ക്കേണ്ട സമയപരിധി ഇന്ന് അവസാനിക്കേണ്ടതായിരുന്നു. എന്നാൽ ഭരണ-പ്രതിപക്ഷ

വ്യത്യാസമില്ലാതെ ജനപ്രതിനിധികളുടെയും തൊഴിലാളികളുടെയും തൊഴിലാളി സംഘടനകളുടെയും അഭ്യർത്ഥന മാനിച്ചുകൊണ്ട് കോൺട്രാക്ട് കാര്യേജുകൾക്ക് നികുതി അടയ്ക്കാനുള്ള സമയപരിധി ഒരു മാസംകൂടി നീട്ടി കൊടുക്കുകയാണ്. കേന്ദ്ര സർക്കാർ പിന്തുടരുന്ന തൊഴിലാളി-ജനവിരുദ്ധ നയങ്ങൾ ഗതാഗതമേഖലയെ കടുത്ത പ്രതിസന്ധിയിലെത്തിച്ചിരിക്കുകയാണ്. മോട്ടോർ വാഹന നിയമത്തിലെ പ്രതിലോമ വകുപ്പുകൾ കേരളത്തിൽ നടപ്പിലാക്കുന്നത് സംബന്ധിച്ച് കേരളത്തിലെ ഒന്നാം പിണറായി സർക്കാർ നൽകിയ ഉറപ്പ് സംസ്ഥാന സർക്കാരിന്റെ പരിധിയിൽ നിന്നുകൊണ്ട് പാലിക്കാൻ ശ്രമിക്കുകയാണ്. സ്പീഡ് ഗവർണർ, ജി.പി.എസ്., വാഹനങ്ങളുടെ രജിസ്ട്രേഷൻ ഫീസിലും ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് നിരക്കിലും വരുത്തിയിട്ടുള്ള കുത്തനെയുള്ള വർദ്ധനവ് തുടങ്ങിയ പ്രശ്നങ്ങൾ അനുഭാവപൂർവ്വം കൈകാര്യം ചെയ്യാനാണ് ഗവൺമെന്റ് ശ്രമിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി കാലാകാലങ്ങളായി ചില ഉത്തരവുകൾ പുറപ്പെടുവിക്കുന്നതിനാൽ ഇത്തരം കാര്യങ്ങളിൽ സംസ്ഥാന ഗവൺമെന്റിന് ഇടപെടാനുള്ള പരിമിതികൾ നിശ്ചയിക്കുകയും അത് ബുദ്ധിമുട്ടുണ്ടാക്കുകയും ചെയ്യുന്നുണ്ട്. 15 വർഷം പഴക്കമുള്ള വാഹനങ്ങൾ പൊളിക്കണമെന്ന കേന്ദ്ര

ഗവൺമെന്റ് ഉത്തരവിനെതിരെ ആദ്യം പ്രതികരിച്ച സംസ്ഥാനമാണ് കേരളം. ഇപ്പോഴും ഈ ഗവൺമെന്റിന്റെ സമീപനം അതുതന്നെയാണ്.

കേരളത്തിൽനിന്നുള്ള വാഹനങ്ങൾക്ക് അന്യ സംസ്ഥാനങ്ങളിൽ പ്രവേശിക്കുന്നതിന് ഈടാക്കുന്ന ഉയർന്ന എൻട്രി ടാക്സ് കുറയ്ക്കണമെന്നുതന്നെയാണ് ഗവൺമെന്റിന്റെ താൽപ്പര്യം. ഇക്കാര്യത്തിൽ അയൽ സംസ്ഥാനങ്ങളുമായി സർക്കാർതലത്തിൽ ഇടപെടൽ നടത്തിയിട്ടുണ്ട്. തമിഴ്നാട്ടിലെ ധനകാര്യ-ട്രാൻസ്പോർട്ട് വകുപ്പുമന്ത്രിമാരുമായി ഞാൻ നേരിട്ട് ഇക്കാര്യം ചർച്ച ചെയ്തിരുന്നു. പക്ഷെ അന്യ സംസ്ഥാനങ്ങൾ ഇക്കാര്യത്തിൽ അനുകൂലമായ പ്രതികരണമല്ല നടത്തിയിരിക്കുന്നത്. ചരക്കുവാഹനങ്ങൾക്ക് വാടക നിരക്ക് പുതുക്കി നിശ്ചയിക്കുന്നതിന് ഫെയർ റിവിഷൻ കമ്മിറ്റിയെ ചുമതലപ്പെടുത്തിക്കഴിഞ്ഞു. തൊഴിലാളികളുടെ വേതനം പുതുക്കുന്നത് സംബന്ധിച്ച് ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രിയുമായി ആലോചിച്ച് ഉടനെ തീരുമാനം കൈക്കൊള്ളുന്നതാണ്. ഡ്രൈവിംഗ് ടെസ്റ്റുകൾക്കുള്ള ഗ്രൗണ്ടുകൾ വകുപ്പുതന്നെ കണ്ടെത്തണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഗതാഗതമേഖലയാകമാനം ബാധിക്കുന്ന സമഗ്രമായ ഗതാഗതനയം രൂപീകരിക്കുന്നതിന് സർക്കാർ ആലോചിക്കുന്നുണ്ട്. അങ്ങനെയുള്ള നയരൂപീകരണത്തിൽ തൊഴിലാളികളും

തൊഴിൽ സംഘടനകളുമായും കൂടിയാലോചിച്ചും അവരെക്കൂടി വിശ്വാസത്തിലെടുത്തും അവരുടെ അഭിപ്രായം തേടിയും സമഗ്രമായൊരു നയം ഗവൺമെന്റ് കൊണ്ടുവരണമെന്ന ബഹുമാനപ്പെട്ട മെമ്പറുടെ അഭിപ്രായംകൂടി കണക്കിലെടുത്തും എത്രയുംവേഗം ഒരു സമഗ്ര ഗതാഗത നയം കൊണ്ടുവരാൻ ഗവൺമെന്റ് പരിശ്രമിക്കുന്നതാണ്.

(10) മരബോട്ടുകളുടെ ലൈസൻസ്

ശ്രീ. കെ. വി. സുമേഷ്: സർ, മലബാറിലെ വളരെ പ്രധാനപ്പെട്ട അഴീക്കൽ ഹാർബറിൽ ഏകദേശം 260 മരബോട്ടുകളുണ്ട്. 15 വർഷമായ ബോട്ടുകൾക്ക് ലൈസൻസ് പുതുക്കി നൽകാത്തത് മത്സ്യത്തൊഴിലാളികളെയും ആ ഹാർബറിന്റെയും പ്രവർത്തനത്തെയും സാരമായി ബാധിച്ചിരിക്കുകയാണ്. എല്ലാ വർഷവും സീസൺ സമയത്ത് യാർഡിൽ കയറ്റി പണി പൂർത്തിയാക്കിയശേഷമാണ് ബോട്ടുകൾ മത്സ്യബന്ധനത്തിനിറക്കുന്നത്. തൊഴിലാളികളും ബോട്ടുടമകളുമെല്ലാം സാധാരണക്കാരാണ്. ഇത് അഴീക്കൽ ഹാർബറിന്റെ മാത്രമല്ല മലബാറിൽ ആകെയുള്ള ഹാർബറിനെ ബാധിക്കുന്ന വിഷയംകൂടിയാണ്. ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യത്തിൽ അടിയന്തരമായി ഇടപെട്ട് ബോട്ടുകൾക്ക് ലൈസൻസ് ലഭ്യമാക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): സർ, ബഹുമാനപ്പെട്ട അംഗം കെ. വി. സുമേഷ് ഉന്നയിച്ചത് വളരെ ഗൗരവമേറിയ പ്രശ്നമാണ്. കാലപ്പഴക്കം ചെന്നതും കടലിൽ മത്സ്യബന്ധക്ഷമതയില്ലാത്തതുമായ നിരവധി യാനങ്ങൾ സംസ്ഥാന തീരത്ത് മത്സ്യബന്ധനം നടത്തിവരുന്നതായും അവ അപകടത്തിൽപ്പെടുന്നതായും ശ്രദ്ധയിൽപ്പെട്ടിരുന്നു. ഇതിന്റെയടിസ്ഥാനത്തിൽ മത്സ്യബന്ധന മേഖലയിൽ പ്രവർത്തിക്കുന്ന ഇത്തരം യാനങ്ങളുമായി ബന്ധപ്പെട്ട പ്രശ്നം കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള സാങ്കേതിക സ്ഥാപനമായ സിഫ്റ്റ് (Central Institute of Fisheries Technology), സിഫ്റ്റ് നെറ്റ്, മെർക്കന്റയിൽ മറൈൻ ഡിപ്പാർട്ടുമെന്റ്, ഇന്ത്യൻ കോസ്റ്റൽ ഗാർഡ്, ഫിഷറീസ് വകുപ്പ് എന്നീ സ്ഥാപനങ്ങളുമായി 06-12-2018-ന് ചർച്ച നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ ടെക്നിക്കൽ കമ്മിറ്റി രൂപീകരിക്കുകയും ചെയ്തു. ടെക്നിക്കൽ കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ 12-11-2020-ലെ സ.ഉ.23/2020 പ്രകാരം യാനങ്ങളുടെ കാലാവധി നിശ്ചയിച്ച് വിജ്ഞാപനം പുറപ്പെടുവിക്കുകയുണ്ടായി. ടി ഉത്തരവിന്റെ അടിസ്ഥാനത്തിലെ എസ്.ആർ.ഒ. നം. 827/2020 വിജ്ഞാപനപ്രകാരം വീൽ ഹൗസുള്ള

മരബോട്ടുകൾക്ക് 12 വർഷവും വീൽ ഹൗസില്ലാത്ത മരബോട്ടുകൾക്ക് 8 വർഷവുമാണ് കാലാവധി നിശ്ചയിച്ചിരിക്കുന്നത്. എന്നാൽ ഭൂരിഭാഗം മത്സ്യബന്ധന യാനങ്ങളും വർഷംതോറും അറ്റകുറ്റപ്പണി നടത്തിയാണ് ഉപയോഗിക്കുന്നതെന്നും മോട്ടോർ വാഹനങ്ങൾക്ക് റീടെസ്റ്റ് നടത്തി നിശ്ചിത കാലത്തേയ്ക്കുകൂടി കാലാവധി ദീർഘിപ്പിച്ചു നൽകുന്നതുപോലെ മത്സ്യബന്ധന യാനങ്ങളുടെ കാര്യത്തിലും seaworthiness പരിശോധിച്ച് ഉറപ്പുവരുത്തി ഒരു നിശ്ചിത കാലത്തേയ്ക്കുകൂടി കാലപരിധി ദീർഘിപ്പിച്ച് ലൈസൻസ് അനുവദിക്കണമെന്ന് മത്സ്യബന്ധന മേഖലയിൽനിന്നും ആവശ്യം ഉയർന്നിരുന്നു. ഇതിന്റെയടിസ്ഥാനത്തിൽ കേരള സംസ്ഥാന മാരിടൈം ബോർഡിന്റെ പ്രതിനിധിയെക്കൂടി ഉൾപ്പെടുത്തി ടെക്നിക്കൽ കമ്മിറ്റി പുനഃസംഘടിപ്പിക്കുകയും തടി കൊണ്ട് നിർമ്മിക്കുന്നതുൾപ്പെടെയുള്ള മത്സ്യബന്ധന യാനങ്ങൾക്ക് നിലവിലുള്ള വിജ്ഞാപനപ്രകാരം കാലാവധി കഴിഞ്ഞതിനുശേഷം മൂന്ന് വർഷത്തേയ്ക്കുകൂടി കാലാവധി ദീർഘിപ്പിച്ച് നൽകണമെന്നും ശിപാർശ ചെയ്യുകയുണ്ടായി. ഈ ശിപാർശയുടെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

**[12.20 PM]**

## V. റിപ്പോർട്ടുകളുടെ സമർപ്പണം

1. സബ്ജക്ട് കമ്മിറ്റി II-ന്റെ 2021 ഏപ്രിൽ 1 മുതൽ 2022 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട്, 2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ 2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്, 2021 ഏപ്രിൽ 1 മുതൽ 2022 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് എന്നിവ സമർപ്പിക്കുന്നു.

2. സബ്ജക്ട് കമ്മിറ്റി VIII-ന്റെ 2022-ലെ കേരള ധനകാര്യ ബിൽ, 2022-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ സംബന്ധിച്ച റിപ്പോർട്ടുകൾ

ധനകാര്യ വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതനുസരിച്ച് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, സാമ്പത്തിക കാര്യങ്ങളെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ എക്സ്-ഒഫീഷ്യോ അംഗമായ ഞാൻ 2022-ലെ കേരള ധനകാര്യ ബിൽ, 2022-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ എന്നിവ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

3. സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റിയുടെ ആറ് മുതൽ പത്ത് വരെയുള്ള റിപ്പോർട്ടുകൾ

ശ്രീ. എം. എം മണി: സർ, സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ ആറ് മുതൽ പത്ത് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

4. അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ ആറാമത് റിപ്പോർട്ട്

ശ്രീ. പ്രമോദ് നാരായൺ: സർ, അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ ആറാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിച്ചിരിക്കുന്നു.

## VI. വ്യക്തിപരമായ വിശദീകരണം

### കോട്ടത്തറ ആശുപത്രിയുമായി ബന്ധപ്പെട്ട് ശ്രീ. എൻ. ഷംസുദ്ദീൻ എം.എൽ.എ. നടത്തിയ പരാമർശം

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, ബഹുമാന്യനായ പ്രതിപക്ഷനേതാവ് വാക്കൗട്ട് പ്രസംഗം നടത്തിയപ്പോൾ ബഹുമാന്യനായ മണ്ണാർക്കാട് എം.എൽ.എ.-യെ ഞാൻ വ്യക്തിപരമായി അധിക്ഷേപിച്ചുവെന്ന് പറയുകയുണ്ടായി. ചട്ടം 288 പ്രകാരം

ഇതിന് വ്യക്തിപരമായ വിശദീകരണം നൽകണമെന്ന് ഞാൻ ആഗ്രഹിക്കുകയാണ്. അട്ടപ്പാടി കോട്ടത്തറ ആശുപത്രിയുടെ പ്രവർത്തനങ്ങളും അട്ടപ്പാടിയിലെ ആരോഗ്യമേഖലയിലെ പ്രവർത്തനങ്ങളും ഇക്കാലയളവിൽ ബഹുമാന്യനായ എം.എൽ.എ.-യെക്കൂടി പങ്കെടുപ്പിച്ചുകൊണ്ട് ചെയ്യാനാണ് ശ്രമിച്ചിട്ടുള്ളത്; തുടർന്നും അങ്ങനെതന്നെയായിരിക്കും. ഒരംഗത്തെയും വ്യക്തിപരമായി അധിക്ഷേപിക്കാൻ ഉദ്ദേശിച്ചിട്ടില്ല; അങ്ങനെ ചെയ്യുന്നത് എന്റെ രീതിയും സമീപനവുമല്ല. തൊട്ടടുത്ത ദിവസങ്ങളിലാണ് ദേശീയ ഗുണനിലവാര സർട്ടിഫിക്കേഷൻ (NQAS) 90 ശതമാനം സ്കോറോടുകൂടി അട്ടപ്പാടി കോട്ടത്തറ ആശുപത്രിക്ക് ലഭിച്ചത്. അവിടെ നവജാത തീവ്രപരിചരണ വിഭാഗത്തിൽ പുതിയ രണ്ട് വെന്റിലേറ്ററുകളും മറ്റ് പുതിയ ഉപകരണങ്ങളും ഉൾപ്പെടെ 64 ലക്ഷം രൂപയ്ക്ക് ആധുനികവൽക്കരണം നടക്കുകയുണ്ടായി. പീഡിയാട്രിക് ഐ.സി.യു.-വിൽ നാല് പുതിയ വെന്റിലേറ്ററുകളാണ് സ്ഥാപിക്കാൻ പോകുന്നത്. എല്ലാ ഉപകരണങ്ങളും ആശുപത്രിയിൽ എത്തിക്കഴിഞ്ഞു. ഇത്തരത്തിലുള്ള നിരവധി കാര്യങ്ങൾ ചെയ്തിട്ടും വകുപ്പ് കാര്യങ്ങളൊന്നും ചെയ്യുന്നില്ലെന്ന് പറയുന്ന സാഹചര്യത്തിൽ ബഹുമാനപ്പെട്ട എം.എൽ.എ. ആരോഗ്യ വകുപ്പ് ചെയ്യുന്ന ഈ പ്രവർത്തനങ്ങൾ നേരിട്ട്

കാണണമെന്നുതന്നെയാണ് ഞാൻ അദ്ദേഹത്തോട് അഭ്യർത്ഥിച്ചിട്ടുള്ളത്. അട്ടപ്പാടി സന്ദർശിച്ചപ്പോഴെല്ലാം ആദ്യം വിളിച്ചറിയിച്ചത് ബഹുമാനപ്പെട്ട മണ്ണാർക്കാട് എം.എൽ.എ.-യെ തന്നെയാണ്. അതേ ആദരവോടും സൗഹാർദ്ദത്തോടുംതന്നെയാണ് ഇക്കാര്യം അദ്ദേഹത്തോട് പറഞ്ഞിട്ടുള്ളതെന്ന് പറയാൻ ഞാൻ ഈ അവസരം ഉപയോഗിക്കുന്നു.

**[12.23 PM]**

**VII. ധനകാര്യം**

2022-23 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ
ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

ധനാഭ്യർത്ഥന നമ്പർ XVII – വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം
ധനാഭ്യർത്ഥന നമ്പർ XXIV - തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും
ധനാഭ്യർത്ഥന നമ്പർ XLVI - സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത

ധനാഭ്യർത്ഥനകൾക്കുനേരെ 7-ാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുകകൾ 2022-23 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2022-23 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | ധനാഭ്യർത്ഥനയുടെ പേര് | ബഡ്ജറ്റ് എസ്റ്റിമേറ്റ് 2022-2023 | | | | |
|---|---|---|---|---|---|---|
| | | 18.03.2022-ന് സഭയുടെ വോട്ടിന് സമർപ്പിച്ച ധനാഭ്യർത്ഥന തുക | | സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥന തുക | | |
| | | റവന്യൂ (രൂപ) | മൂലധനം (രൂപ) | റവന്യൂ (രൂപ) | മൂലധനം (രൂപ) | ആകെ (രൂപ) |
| (1) | (2) | (3) | (4) | (5) | (6) | (7) |
| XVII | വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം | 8406,76,12,000 | 145,23,02,000 | 16813,52,25,000 | 290,46,03,000 | 17103,98,28,000 |
| XXIV | തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും | 411,28,23,000 | 62,66,67,000 | 822,56,45,000 | 125,33,35,000 | 947,89,80,000 |
| XLV | സാമൂഹ്യസുരക്ഷിത ത്വവും ക്ഷേമവും | 4384,82,12,000 | 21,21,50,000 | 8769,64,23,000 | 42,43,01,000 | 8812,07,24,000 |

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വം പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ഞാൻ പ്രമേയങ്ങളെ പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയേയും തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുയേയും സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിക്കുന്ന സബ്ജക്ട് കമ്മിറ്റികളുടെ റിപ്പോർട്ടിലെ ശിപാർശകളിന്മേൽ ചട്ടം 236 (3) പ്രകാരമുള്ള പ്രസ്താവന ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

മി. സ്പീക്കർ: ഇനി പറയുന്ന ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കാവുന്നതാണ്.

ധനാഭ്യർത്ഥന നമ്പർ XVII - വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം

നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ:

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 17103,98,28,000 രൂപ ഒരു രൂപയായി

കുറവുചെയ്യേണ്ടതാണ് (അദ്ധ്യയന വർഷാരംഭത്തിന്റെ മുന്നൊരുക്കങ്ങൾ നടത്തുന്നതിൽ വീഴ്ച സംഭവിച്ചതായും അതുമൂലം വിദ്യാർത്ഥികൾക്ക് സ്കൂളുകളിൽ നൽകിയ ഉച്ചഭക്ഷണത്തിൽനിന്നും ഭക്ഷ്യവിഷബാധയേറ്റതായും പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 17103,98,28,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ഗുണനിലവാരമില്ലാത്ത ഭക്ഷ്യ ഉൽപ്പന്നങ്ങൾ ഉപയോഗിച്ച് ഉച്ചഭക്ഷണം വിതരണം നടത്തി കുട്ടികളുടെ ആരോഗ്യസംരക്ഷണം അവഗണിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 17103,98,28,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (വിദ്യാലയങ്ങളിൽ ഭക്ഷ്യസുരക്ഷ ഉറപ്പ് വരുത്തുന്നതിൽ വീഴ്ച ഉണ്ടായതായും അതുമൂലം ഭക്ഷ്യവിഷബാധ

ഉണ്ടായതായും പറയപ്പെടുന്ന സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ്: സർ, വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 17103,98,28,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സ്പോർട്സ് സ്കൂളുകളിലെയും സ്പോർട്സ് ഡിവിഷനുകളിലെയും വിദ്യാർത്ഥികൾക്കുള്ള ധനസഹായം നൽകുന്നത് വൈകുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. നജീബ് കാന്തപുരം: സർ, വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 17103,98,28,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പൊതുവിദ്യാലയങ്ങളുടെ ഗുണനിലവാരം ഉയർത്തുവാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, വിദ്യാഭ്യാസം, കായിക വിനോദം, കല,

സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 17103,98,28,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പൊതുവിദ്യാലയങ്ങളിലെ കളിസ്ഥലങ്ങൾ, ലൈബ്രറികൾ, ലാബുകൾ എന്നിവയുടെ നിലവാരം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. യു. എ. ലത്തീഫ്</u>: സർ, വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 17103,98,28,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പൊതുവിദ്യാഭ്യാസ രംഗത്ത് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: സർ, വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 17103,98,28,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സ്കൂളുകളോട് ചേർന്ന് പി.ടി.എ. നിയന്ത്രണത്തിൽ

നടത്തുന്ന പ്രീപ്രൈമറി സ്കൂളിലെ അദ്ധ്യാപകർക്കും ആയമാർക്കും നൽകുന്ന വേതനം വർദ്ധിപ്പിച്ച് നൽകാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 17103,98,28,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പ്രീപ്രൈമറി സ്കൂളുകളിലെ അമിത ഫീസും ചൂഷണവും ഒഴിവാക്കാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 17103,98,28,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ഏകാദ്ധ്യാപക വിദ്യാലയങ്ങളുടെ പ്രവർത്തനം അവസാനിപ്പിക്കാൻ തീരുമാനിച്ചതിനെത്തുടർന്ന്, പ്രസ്തുത വിദ്യാലയങ്ങളിൽ അദ്ധ്യാപകരായിരുന്നവരെ അദ്ധ്യാപകരായിതന്നെ നിയമിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം

ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 17103,98,28,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സംസ്ഥാനത്തെ വിവിധ സർവ്വകലാശാലകളിൽ ബന്ധുനിയമനങ്ങളും മാർക്ക് ദാനവും ഉൾപ്പെടെയുള്ള ക്രമക്കേടുകൾ നടക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സനീഷ്കുമാർ ജോസഫ്: സർ, വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 17103,98,28,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ്. (ഹയർ സെക്കണ്ടറി രസതന്ത്രം പരീക്ഷയുടെ മൂല്യനിർണ്ണയവുമായി ബന്ധപ്പെട്ട് ഉയർന്നുവന്ന വിവാദങ്ങൾ വിദ്യാർത്ഥികളിൽ ആശങ്ക ഉളവാക്കിയതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ഡോ. മാത്യു കുഴൽനാടൻ: സർ, വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ

വകകൊള്ളിച്ചിട്ടുള്ള 17103,98,28,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സ്കൂൾ വിദ്യാഭ്യാസ മേഖലയിലും ഉന്നതവിദ്യാഭ്യാസ മേഖലയിലും കാലാനുസൃതമായി സിലബസ് പരിഷ്കരണം നടത്തുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 17103,98,28,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (വിദ്യാലയങ്ങളിലും പരിസരത്തും നടക്കുന്നതായി പറയപ്പെടുന്ന ലഹരി ഉപയോഗവും വിപണനവും തടയുവാൻ അടിയന്തര നടപടി സ്വീകരിക്കണമെന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അൻവർ സാദത്ത്: സർ, വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 17103,98,28,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പ്ലസ് വൺ അഡ്മിഷൻ മാർഗ്ഗനിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തിയിട്ടുള്ള ബോണസ് മാർക്ക് നിബന്ധനകൾ വിദ്യാർത്ഥികൾക്ക് സ്വാഭാവിക നീതി നിഷേധിക്കുന്നതിന് ഇടയാക്കുന്നതായി പറയപ്പെടുന്ന

വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXIV - തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും

നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ:

ശ്രീ. ടി. വി. ഇബ്രാഹിം: സർ, തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 947,89,80,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (വിമാനയാത്രക്കൂലി വർദ്ധിപ്പിക്കുന്നതുമൂലം ഗൾഫ് മലയാളികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. നജീബ് കാന്തപുരം: സർ, തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 947,89,80,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ഇ.എസ്.ഐ. ആശുപത്രികളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം

ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. യു. എ. ലത്തീഫ്: സർ, തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 947,89,80,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (അസംഘടിത മേഖലകളിലെ മുഴുവൻ തൊഴിലാളികൾക്കും മിനിമം വേതനം ഉറപ്പാക്കാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ്: സർ, തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 947,89,80,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റിനെ (KILE) ദേശീയ തലത്തിലുള്ള സ്ഥാപനമായി വികസിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും എന്ന XXIV-ാം നമ്പർ

ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 947,89,80,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പ്രകൃതി ദുരന്തങ്ങളുടെയും കോവിഡിന്റെയും പശ്ചാത്തലത്തിൽ പ്രവാസികൾ സംസ്ഥാന സർക്കാരിന് നൽകിയ സംഭാവനകളുടെ വിനിയോഗത്തിൽ ക്രമക്കേട് നടന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 947,89,80,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (കോവിഡ് പ്രതിസന്ധി കാരണം തൊഴിൽ നഷ്ടപ്പെട്ട് തിരിച്ചുവന്ന പ്രവാസികളുടെ ക്ഷേമത്തിനും പുനരധിവാസത്തിനും പ്രത്യേക പാക്കേജ് നടപ്പിലാക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ഡോ. മാത്യു കുഴൽനാടൻ: സർ, തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 947,89,80,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (കോവിഡ് പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ

തൊഴിൽ നഷ്ടപ്പെട്ട് തിരികെയെത്തിയ പ്രവാസികൾക്കായി ഫലപ്രദമായ സംരംഭകത്വ പദ്ധതികൾ ആവിഷ്കരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 947,89,80,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പരമ്പരാഗത വ്യവസായ മേഖലകളിലെ തൊഴിലാളികളുടെ ക്ഷേമത്തിനായി പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കണമെന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. സനീഷ്കുമാർ ജോസഫ്</u>: സർ, തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 947,89,80,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (തൊഴിൽ അന്വേഷകർക്ക് യോഗ്യതകൾക്കനുസൃതമായി തൊഴിൽ കണ്ടെത്തുന്നതിനും നേടിയെടുക്കുന്നതിനും പര്യാപ്തമായ രീതിയിൽ കേരള സ്റ്റേറ്റ് ജോബ് പോർട്ടലിന്റെ സേവനങ്ങൾ പരിഷ്കരിക്കാത്തതായി പറയപ്പെടുന്ന വിഷയം

ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 947,89,80,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സംസ്ഥാന സർക്കാരിന് കീഴിലുള്ള ഓഫീസുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും താത്കാലിക നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന മാത്രം നടത്തുവാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 947,89,80,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയുള്ള നിയമനങ്ങൾ കുറഞ്ഞുവരുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ

വകകൊള്ളിച്ചിട്ടുള്ള 947,89,80,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിന് കൂടുതൽ നൈപുണ്യ വികസന പദ്ധതികൾ ആവിഷ്കരിക്കുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 947,89,80,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സംസ്ഥാനത്ത് എത്തിച്ചേരുന്ന അതിഥിത്തൊഴിലാളികളെ സംബന്ധിച്ച വിവരശേഖരണത്തിലും ക്രിമിനൽ സ്വഭാവമുള്ളവരെ തിരിച്ചറിയുന്നതിനും കാര്യക്ഷമമായ സംവിധാനം എർപ്പെടുത്താത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 947,89,80,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ഇതര സംസ്ഥാനങ്ങളിൽനിന്നും സംസ്ഥാനത്ത്

ജോലി ചെയ്യുന്ന മുഴവൻ അതിഥി തൊഴിലാളികളേയും രജിസ്ട്രേഷൻ പരിധിയിൽ കൊണ്ടുവരുന്നതിനും അനധികൃതമായി താമസിക്കുന്നവരെ തിരിച്ചയയ്ക്കുന്നതിനും നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. പി. അനിൽകുമാർ: സർ, തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 947,89,80,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സംസ്ഥാനത്ത് എത്തിച്ചേരുന്ന അതിഥി തൊഴിലാളികളുടെ വിവരശേഖരണത്തിനും അവരുടെ ക്രിമിനൽ പശ്ചാത്തലം മനസ്സിലാക്കുന്നതിനും ഫലപ്രദമായ സംവിധാനം ഏർപ്പെടുത്താത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

സൂചക വെട്ടിക്കുറയ്ക്കൽ:

തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 947,89,80,000 രൂപയിൽനിന്ന് നൂറ് രൂപ കുറവ് ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന അംഗങ്ങൾ

അവതരിപ്പിച്ചു.

1. ശ്രീ. റോജി എം. ജോൺ

2. ശ്രീ. അൻവർ സാദത്ത്

ധനാഭ്യർത്ഥന നമ്പർ XLVI - സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ:

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 8812,07,24,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സോഷ്യൽ സെക്യൂരിറ്റി മിഷൻ മുഖേന നടപ്പിലാക്കിയിരുന്ന ആശ്വാസകിരണം, കോക്ലിയർ ഇംപ്ലാന്റേഷൻ തുടങ്ങിയ വിവിധ പദ്ധതികൾക്ക് മതിയായ ഫണ്ട് അനുവദിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 8812,07,24,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സോഷ്യൽ സെക്യൂരിറ്റി മിഷൻ വഴിയുള്ള ചികിത്സാ ധനസഹായത്തിൽ സർക്കാർ

കുടിശ്ശിക വരുത്തിയതായി പറയപ്പെടുന്നതുമൂലം രോഗികൾ അനുഭവിക്കുന്ന പ്രയാസങ്ങൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കണമെന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. പി. അനിൽകുമാർ: സർ, സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 8812,07,24,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ്. (സംസ്ഥാനത്തെ അങ്കണവാടികളിൽ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളും ശിശുസൗഹൃദ അന്തരീക്ഷവും ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 8812,07,24,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (അംഗൻവാടികളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 8812,07,24,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ഓട്ടിസം, സെറിബ്രൽ പാൾസി, ബുദ്ധിമാന്ദ്യം എന്നിവ ബാധിച്ചവരുടെ പരിചരണത്തിനായി കൂടുതൽ സ്ഥാപനങ്ങൾ ആരംഭിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. നജീബ് കാന്തപുരം</u>: സർ, സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 8812,07,24,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (അഗതി മന്ദിരങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 8812,07,24,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (വയോജനങ്ങളുടെ സംരക്ഷണം ഉറപ്പാക്കുന്നതിന് നടപടി

സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. യു. എ. ലത്തീഫ്: സർ, സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 8812,07,24,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (നിർഭയ പാർപ്പിട കേന്ദ്രങ്ങളിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 8812,07,24,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ്. (ഭിന്നശേഷിക്കാർക്കുള്ള ക്ഷേമപദ്ധതികൾ വിപുലീകരിക്കാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അൻവർ സാദത്ത്: സർ, സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 8812,07,24,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സാമ്പത്തിക

പ്രതിസന്ധിയുടെ പേരിൽ സാമൂഹ്യക്ഷേമ പദ്ധതികൾ മരവിപ്പിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. റോജി എം. ജോൺ: സർ, സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 8812,07,24,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (എൻഡോസൾഫാൻ പുനരധിവാസപദ്ധതി ഫലപ്രദമായി നടപ്പാക്കുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 8812,07,24,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (എൻഡോസൾഫാൻ ഇരകൾക്ക് അഞ്ച് ലക്ഷം രൂപ വീതം നഷ്ടപരിഹാരം അനുവദിക്കണമെന്ന സുപ്രീംകോടതി വിധി നടപ്പാക്കുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, സാമൂഹ്യസുരക്ഷിതത്വവും

ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 8812,07,24,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ട്രാൻസ്ജെൻഡർ സമൂഹത്തിന് പൊതുയിടങ്ങളിൽ തുല്യനീതി ഉറപ്പാക്കുന്നതിൽ പരാജയപ്പെട്ടതായും വസ്ത്രധാരണത്തിന്റെ പേരിൽ പൊതുയിടങ്ങളിൽ അധിക്ഷേപിക്കപ്പെട്ടതായും പറയപ്പെടുന്ന സ്ഥിതിവിശേഷം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ്: സർ, സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 8812,07,24,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (കോവിഡ്-19 മൂലം അനാഥരാക്കപ്പെട്ട കുട്ടികൾക്കുള്ള ധനസഹായം വിതരണം ചെയ്യുന്നതിൽ കാലതാമസം നേരിടുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

സൂചക വെട്ടിക്കുറയ്ക്കൽ:

സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 8812,07,24,000 രൂപയിൽ

നിന്ന് നൂറ് രൂപ കുറവുചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന അംഗങ്ങൾ അവതരിപ്പിച്ചു.

1. ശ്രീ. സനീഷ്കുമാർ ജോസഫ്
2. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ
3. ഡോ. മാത്യു കുഴൽനാടൻ

മി. സ്പീക്കർ: ചർച്ച ആരംഭിക്കുകയാണ്. ചർച്ചയിൽ പങ്കെടുക്കുന്ന എല്ലാ ബഹുമാനപ്പെട്ട അംഗങ്ങളും സമയപരിധി കർശനമായി പാലിക്കണം.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ)

ശ്രീ. കെ. എം. സച്ചിൻദേവ്: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ പൂർണ്ണമായി പിന്തുണയ്ക്കുകയാണ്. കേരളത്തിലെ സർവ്വമേഖലകളിലും സമഗ്ര വികസനം ലക്ഷ്യംവച്ചുള്ള പ്രവർത്തനങ്ങളാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ നേതൃത്വത്തിലുള്ള ഗവൺമെന്റ് നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. അതിൽ വിദ്യാഭ്യാസ മേഖലയ്ക്ക് അഭിമാനകരമായ നേട്ടം കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. കേരളത്തിന്റെ വിദ്യാഭ്യാസമേഖലയെ വളരെ പ്രതീക്ഷയോടെയാണ് വിദ്യാർത്ഥികളും രക്ഷിതാക്കളും അദ്ധ്യാപകരും കാണുന്നത്. ഈ മേഖലയിൽ വലിയ മാറ്റമുണ്ടായിയെന്നത് കക്ഷി-രാഷ്ട്രീയ

വ്യത്യാസമില്ലാതെ എല്ലാവരും അംഗീകരിക്കുന്ന കാര്യമാണ്. പൊതുവിദ്യാഭ്യാസരംഗത്ത് ധാരാളം നേട്ടങ്ങൾ ഈ കാലയളവിൽ നമുക്ക് കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. വിദ്യാഭ്യാസരംഗത്ത് നിരവധി പ്രവർത്തനപദ്ധതികൾ തയ്യാറാക്കിയാണ് സർക്കാർ മുന്നോട്ടുപോകുന്നത്. വിദ്യാഭ്യാസനേട്ടങ്ങൾ കൈവരിക്കുന്നതിൽ ചരിത്രപരമായ പ്രക്ഷോഭങ്ങൾക്കും പോരാട്ടങ്ങൾക്കും വലിയ പങ്കുണ്ട്. കഴിഞ്ഞ അഞ്ചുവർഷക്കാലവും തുടർന്ന് രണ്ടാം പിണറായി സർക്കാർ എന്ന നിലയിൽ തെരഞ്ഞെടുക്കപ്പെട്ട ഈ സർക്കാരും കേരളത്തിൽ വിദ്യാഭ്യാസരംഗത്ത് നടപ്പാക്കിയ വികസനപ്രവർത്തനങ്ങളെ സംബന്ധിച്ച് ചർച്ചചെയ്യുന്ന അതേ സന്ദർഭത്തിലാണ് 2011 മുതൽ 2016 വരെയുള്ള കാലയളവിൽ കേരളത്തിന്റെ വിദ്യാഭ്യാസമണ്ഡലത്തെ നാം വിശകലനം ചെയ്യേണ്ടത്. നിയമസഭയിലെ ഞാനുൾപ്പെടുന്ന നിരവധി അംഗങ്ങൾ ആ കാലയളവിൽ കേരളത്തിലെ വിദ്യാർത്ഥി പ്രസ്ഥാനത്തിന് നേതൃത്വംനൽകി പ്രവർത്തിച്ചവരായിരുന്നു. അഴീക്കോട് അംഗം ശ്രീ കെ. വി. സുമേഷ്, കല്യാശ്ശേരി അംഗം ശ്രീ. എം. വിജിൻ, തിരുവമ്പാടി അംഗം ശ്രീ. ലിന്റോ ജോസഫ്, മാവേലിക്കര അംഗം ശ്രീ. എം. എസ്. അരുൺ കുമാർ ഉൾപ്പെടെയുള്ളവർ അന്ന് വിദ്യാഭ്യാസമണ്ഡലത്തെ സംരക്ഷിക്കാനുള്ള വലിയ പോരാട്ടത്തിന്റെ

ഭാഗമായി കേരളത്തിലെ സമരങ്ങളിൽ അണിനിരന്നവരാണ്. ആ ഘട്ടത്തിലാണ് കേരളത്തിന്റെ വിദ്യാഭ്യാസമണ്ഡലത്തെ പൂർണ്ണമായും കച്ചവടവൽക്കരിക്കുന്ന നയം സ്വീകരിച്ചുകൊണ്ട് അക്കാലത്തെ ഉമ്മൻ ചാണ്ടി സർക്കാർ മുന്നോട്ടുപോയത്. കേരളത്തിലെ വിദ്യാഭ്യാസമണ്ഡലം കൈവരിച്ച എല്ലാ നേട്ടങ്ങളെയും തകർക്കുന്ന നിലയിലായിരുന്നു 2011 മുതൽ 2016 വരെയുള്ള സംസ്ഥാനസർക്കാർ മുന്നോട്ടുപോയത്. പാവപ്പെട്ട വിദ്യാർത്ഥികൾക്ക് കേരളത്തിന്റെ മണ്ണിൽ വിദ്യാഭ്യാസം നേടാൻ കഴിയാത്ത സ്ഥിതിയിലേയ്ക്ക് സംസ്ഥാനത്തെ മാറ്റിത്തീർത്ത കാലമായിരുന്നു യു.ഡി.എഫ്. ഭരണകാലത്തുണ്ടായിരുന്നത്. അക്കാലയളവിൽ പണമുള്ളവർക്ക് പഠിക്കാനുള്ള സൗകര്യവും പാവപ്പെട്ടവർക്ക് പഠിക്കാൻ കഴിയാത്ത സ്ഥിതിയുമാണുണ്ടായിരുന്നത്. 2011 മുതൽ 2016 വരെയുള്ള കാലയളവിൽ കേരളത്തിലെ വിദ്യാർത്ഥികൾക്ക് പാഠപുസ്തകം ലഭിക്കാതെ വന്നപ്പോൾ വിദ്യാർത്ഥികൾ സർക്കാർ ഓഫീസുകളിലേയ്ക്ക് സമരം നടത്തിയാണ് പാഠപുസ്തകം വേണമെന്ന ആവശ്യം മുന്നോട്ടുവച്ചത്. പാഠപുസ്തകത്തിനുവേണ്ടി കേരളത്തിന്റെ സമീപകാല ചരിത്രത്തിൽ ഏറ്റവും വലിയ പ്രക്ഷോഭം നടന്ന കാലമായി ശ്രീ. ഉമ്മൻ ചാണ്ടിയുടെ ഭരണകാലം മാറിയില്ലേ? കേരളത്തിന്റെ വിദ്യാഭ്യാസരംഗത്തെ നേട്ടത്തെ സംബന്ധിച്ച്

വലിയ രൂപത്തിൽ വിമർശിക്കുന്ന പ്രതിപക്ഷം ഓർക്കേണ്ടത് നിങ്ങൾ സൗജന്യ യൂണിഫോമും ഉച്ചക്കഞ്ഞിയുമുൾപ്പെടെയുള്ള പദ്ധതികളെ അട്ടിമറിച്ചവരാണ് എന്നതാണ്. അവരാണ് കേരളത്തിലെ ഈ നേട്ടങ്ങളെ വിലകുറച്ചുകാണിക്കാനുള്ള സമീപനം സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. മെറിറ്റ് അട്ടിമറി കേരളത്തിൽ ദൈനംദിനം നടന്നുപോകുന്ന പ്രശ്നമായി ഞങ്ങൾ ചൂണ്ടിക്കാണിച്ചിരുന്നു. ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയായിരുന്ന 2011 മുതൽ 2016 വരെയുള്ള ഭരണകാലത്ത് വലിയ രീതിയിലുള്ള മെറിറ്റ് അട്ടിമറിയാണ് കേരളത്തിന്റെ മണ്ണിലുണ്ടായത്. ആ കാലത്താണ് നിർമ്മൽ മാധവ് എന്ന വിദ്യാർത്ഥിയുടെ മെറിറ്റ് അട്ടിമറിച്ചുകൊണ്ട് കോഴിക്കോട് സർക്കാർ വെസ്റ്റ് ഹിൽ എഞ്ചിനീയറിംഗ് കോളേജിൽ പ്രവേശിപ്പിച്ചതിനെതിരെ സമരം നടന്നത്. ഏറ്റവും തെറ്റായ നിലയിൽ വിദ്യാഭ്യാസമണ്ഡലത്തെ മാറ്റിയതും പൊതുവിദ്യാലയങ്ങളെ സംരക്ഷിക്കാൻ കഴിയാത്തതുമായ കാലമായിരുന്നു അന്നുണ്ടായിരുന്നത്. പൊതുവിദ്യാലയങ്ങളെല്ലാം അടച്ചുപൂട്ടുന്ന, ഇടിച്ചുപൊളിക്കുന്ന നിലയിലേയ്ക്ക് ആ കാലഘട്ടം മാറുകയുണ്ടായി. അതിൽനിന്നെല്ലാമാണ് ഇന്ന് നാം കാണുന്ന ഏറ്റവും ശ്രദ്ധേയമായ നേട്ടങ്ങളുടെ നെറുകയിലേയ്ക്ക് കേരളം മാറിയിരിക്കുന്നത്. ആദിവാസി മേഖലയിലെയും അട്ടപ്പാടി

കോളനിയിലെയും പ്രശ്നങ്ങളെക്കുറിച്ച് ഇന്ന് രാവിലെ അടിയന്തരപ്രമേയ നോട്ടീസിന്റെ ഭാഗമായി സൂചിപ്പിച്ചിരുന്നു. വലിയ വാചാലതയോടുകൂടിയാണ് പ്രതിപക്ഷമാകെ സഭയുടെ നടുത്തളത്തിലിറങ്ങി ബഹളം വച്ച് നാടകങ്ങൾ സൃഷ്ടിച്ചത്. ആദിവാസി മേഖലയിലെയും പിന്നാക്കമേഖലയിലെയും പ്രശ്നങ്ങൾ ചർച്ച ചെയ്യുന്ന സന്ദർഭത്തിൽ ആദിവാസി ജനവിഭാഗങ്ങൾക്കിടയിൽ ശ്രദ്ധേയമായ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്ന സർക്കാരാണിതെന്നത് അഭിമാനത്തോടുകൂടി പറയാൻ സാധിക്കും. അട്ടപ്പാടി സമ്പൂർണ്ണ ആദിവാസി സാക്ഷരതാ പദ്ധതി 138 ഊരുകളിൽ നടപ്പാക്കിയത് സഖാവ് പിണറായി വിജയന്റെ നേതൃത്തിലുള്ള സർക്കാരാണെന്ന് തിരിച്ചറിയാൻ കഴിയണം. പഠനവിടവ് നികത്തുന്നതിനുവേണ്ടി ആദിവാസി ഊരുകളിൽ 'ഊരുവിദ്യാ കേന്ദ്രം' പദ്ധതിയാരംഭിക്കുകയും ബഹുഭൂരിപക്ഷം വരുന്ന ആദിവാസി ഊരുകളിലും പ്രത്യേകമായി വിദ്യാകേന്ദ്രങ്ങളുണ്ടാക്കി ആദിവാസി വിദ്യാർത്ഥികളുടെ പഠനപ്രവർത്തനങ്ങൾ ഏകോപിപ്പിക്കാനുള്ള നടപടികളുമായി മുന്നോട്ടുപോകുകയും ചെയ്തിട്ടുണ്ട്. വയനാട് സമ്പൂർണ്ണ ആദിവാസി സാക്ഷരതാ പദ്ധതിയിലൂടെ 12633 പേരെ സാക്ഷരരാക്കി മാറ്റിയത് സഖാവ് പിണറായി വിജയൻ സർക്കാരിന്റെ കാലത്താണ്. ആദിവാസി മേഖലയിലെ

വിദ്യാഭ്യാസ പ്രവർത്തനങ്ങൾ ശക്തമായ നിലയിൽ ഏറ്റെടുക്കുന്ന കാലമായി മാറുകയാണ്. ചില സമരങ്ങളുടെ ഭാഗമായുണ്ടായ പ്രശ്നങ്ങളിൽ വലിയ ആരോപണങ്ങൾ വരികയുണ്ടായി. വയനാട്ടിലുണ്ടായ സമരത്തെത്തുടർന്ന് കേരളത്തിലെ ഏറ്റവും പ്രബലമായ വിദ്യാർത്ഥി പ്രസ്ഥാനത്തെ മോശമാക്കിക്കൊണ്ടുള്ള കോലാഹലങ്ങൾ നിയമസഭയിൽ പ്രതിപക്ഷം സംഘടിപ്പിക്കുകയുണ്ടായി. അക്രമത്തെ സംബന്ധിച്ച് പ്രസംഗിക്കാൻ കേരളത്തിലെ കോൺഗ്രസ്സിനും യു.ഡി.എഫ്.-നും മുസ്ലീംലീഗിനും എന്തവകാശമാണുള്ളതെന്ന് ഞങ്ങൾക്കാർക്കും മനസ്സിലാകുന്നില്ല. കേരളത്തിൽ ഏറ്റവുമധികം വിദ്യാർത്ഥി പ്രവർത്തകരെ അരിഞ്ഞുവീഴ്ത്തിയത് കോൺഗ്രസ്സല്ലേ? എസ്.എഫ്.ഐ. പ്രവർത്തകരായിരുന്ന പതിനൊന്ന് പേരെയാണ് വിവിധ കാലയളവിൽ കെ.എസ്.യു.-വും യൂത്ത് കോൺഗ്രസ്സും ഐ.എൻ.ടി.യു.സി.-യുൾപ്പെടെയുള്ള വലതുപക്ഷവും വർഗ്ഗീയ മതതീവ്രവാദ ശക്തികളും ചേർന്ന് കേരളത്തിന്റെ കാമ്പസിനകത്തും പുറത്തുമിട്ട് അരുംകൊല ചെയ്തത്. 1974-ൽ തലശ്ശേരി ബ്രണ്ണൻ കോളേജിലെ അഷ്റഫിനെയും 1977-ൽ പന്തളം എൻ.എസ്.എസ്. കോളേജിൽ ജി. ഭുവനേശനെയും 1979-ൽ തൃപ്പൂണിത്തുറ ആയുർവേദ കോളേജിലെ വിദ്യാർത്ഥി സഖാവ് പി. കെ. രാജനെയും കൊലപ്പെടുത്തുകയുണ്ടായി. 1982-

ൽ കാത്തലിക് കോളേജിലെ വിദ്യാർത്ഥി സി. വി. ജോസിനെ കെ.എസ്.യു.-ക്കാർ കുത്തിക്കൊലപ്പെടുത്തി; തുടർന്ന് ആ കൊലപാതകത്തിന്റെ സാക്ഷിയായിരുന്ന എം. എസ്. പ്രസാദിനെ 1984-ൽ കൊലപ്പെടുത്തുകയുണ്ടായി. 1988-ൽ മണ്ണാർക്കാട് സാബു, 1992-ൽ സഖാവ് കൊച്ചനിയൻ, ജോബി ആൻഡ്രൂസ്, 2012-ൽ അനീഷ് രാജൻ എന്നിവരെയും കൊലപ്പെടുത്തി. 2022 ജനുവരി മാസം 10-ാം തീയതി നമ്മളെല്ലാവരും ഈ സഭയുടെ ഭാഗമായി പൊതുപ്രവർത്തനം നടത്തിക്കൊണ്ടിരിക്കുന്ന സന്ദർഭത്തിൽ, ഇടുക്കി പൈനാവ് എഞ്ചിനീയറിംഗ് കോളേജിലെ വിദ്യാർത്ഥി സഖാവ് ധീരജിനെ തെരഞ്ഞെടുപ്പ് പ്രവർത്തനത്തിന്റെ ഭാഗമായി യൂത്ത് കോൺഗ്രസ്സ് നരാധമന്മാർ കാമ്പസിനകത്തേയ്ക്ക് ഇരച്ചുകയറി ഭീകരമാംവിധം കുത്തിക്കൊലപ്പെടുത്തി. ഈ പതിനൊന്ന് പേരെ കേരളത്തിലെ കാമ്പസുകൾക്കകത്തും പുറത്തുമിട്ട് വെട്ടിപ്പിളർന്ന കോൺഗ്രസ്സാണ് കേരളത്തിലെ അക്രമ രാഷ്ട്രീയത്തെ സംബന്ധിച്ച് സംസാരിക്കുന്നത്. കേരള സർക്കാരിനെ ദുർബ്ബലപ്പെടുത്തുക, മുഖ്യമന്ത്രിയെ വലിയ രൂപത്തിൽ ആക്രമിക്കുക എന്നതാണ് യു.ഡി.എഫ്.-ന്റെ പദ്ധതി. കഴിഞ്ഞ ദിവസമാണ് നിയമസഭയിൽ ഒരു പഠനക്ലാസ് നടന്നത്. അതിന്റെ ഭാഗമായി

മുഖ്യമന്ത്രിയെയും അദ്ദേഹത്തിന്റെ മകളെയുംകുറിച്ച് ഒരു ബഹുമാനപ്പെട്ട അംഗം ചില ആരോപണങ്ങൾ ഉന്നയിച്ചു. അദ്ദേഹം ഇവിടെ സത്യസന്ധതയെയും ധാർമ്മികതയെയും വിശ്വാസ്യതയെയുംകുറിച്ച് വാതോരാതെ പ്രസംഗിക്കുന്ന ആളാണ്. എന്നാൽ ആരോപണങ്ങൾ ഉന്നയിച്ച അംഗത്തെക്കുറിച്ച് അന്വേഷിച്ചപ്പോഴാണ് ഒരു കാര്യം മനസ്സിലായത്. 1992-94 കാലയളവിൽ കോതമംഗലം എം.എ. കോളേജിൽ രജിസ്റ്റർ നമ്പർ 35769 പ്രകാരം പഠിച്ചിരുന്ന ബഹുമാനപ്പെട്ട അംഗം പരീക്ഷയിൽ ക്രമക്കേട് നടത്തിയതിന്റെ ഭാഗമായി 1995 ഏപ്രിലിനുമുമ്പുള്ള എല്ലാ സർവ്വകലാശാലാ പരീക്ഷകളിൽനിന്നും അദ്ദേഹത്തെ ഡീബാർ ചെയ്തിരുന്നുവെന്നത് സത്യസന്ധമായ കാര്യമാണ്. അദ്ദേഹത്തിന്റെ പേര് ഞാനിവിടെ പരാമർശിക്കുന്നില്ല. വിശ്വാസ്യതയെയും ധാർമ്മികതയെയും കുറിച്ച് പ്രസംഗിക്കുന്നവർ സ്വന്തം ജീവിതത്തിന്റെ ഭാഗമായി ഉയർത്തിപ്പിടിക്കുന്ന വിശ്വാസത്തെക്കുറിച്ചുകൂടി പരിശോധിക്കണമെന്ന് സൂചിപ്പിച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. സനീഷ്കുമാർ ജോസഫ്: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കോവിഡ് രണ്ടാം തരംഗത്തിലെ അടച്ചിടലുകളും അത് സൃഷ്ടിച്ച ആഘാതവുംപേറി മൂന്നാം തരംഗ കാലത്ത് പ്രതിസന്ധികൾ തരണം

ചെയ്ത് എസ്.എസ്.എൽ.സി., പ്ലസ് ടു പരീക്ഷ വിജയിച്ച എല്ലാ വിദ്യാർത്ഥികളെയും ഞാൻ അഭിനന്ദിക്കുന്നു. രണ്ട് വിദ്യാഭ്യാസ വകുപ്പുമന്ത്രിമാർ ഒരേസമയം കൈകാര്യം ചെയ്തിട്ടും ഭാഗികമായിപ്പോലും സംതൃപ്തമല്ലാതെയാണ് കേരളത്തിലെ വിദ്യാഭ്യാസ വകുപ്പ് മുന്നോട്ടുപോകുന്നത്. ഇത്തവണയും എസ്.എസ്.എൽ.സി. പരീക്ഷയിലെ വിജയശതമാനം തൊണ്ണൂറ്റിയൊമ്പതിന് മുകളിലായെങ്കിലും 'എ' പ്ലസ് നേടിയവരുടെ എണ്ണം മൂന്നിലൊന്നായി കുറഞ്ഞു. ഫലം വന്നതോടെ പ്ലസ് വൺ പ്രവേശനവുമായി ബന്ധപ്പെട്ട വേവലാതി തുടങ്ങിയിരിക്കുന്നു. ആഗ്രഹിക്കുന്ന എല്ലാവർക്കും പ്രവേശനം ലഭിക്കുമെന്ന് ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കിയെങ്കിലും മുൻ വർഷത്തെ അനുഭവം രക്ഷിതാക്കളെ ആശങ്കപ്പെടുത്തുന്നുണ്ട്. ശരിയായ പഠനം നടത്തി കൂടുതൽ അപേക്ഷകരുള്ള ജില്ലകളിൽ കൂടുതൽ കോഴ്സും ബാച്ചും അനുവദിക്കുകയാണ് വേണ്ടത്. ജില്ലകളിൽത്തന്നെ മേഖലാതലത്തിലുള്ള സന്തുലിതത്വം ഉറപ്പാക്കണം. കഴിഞ്ഞ വർഷത്തെ എസ്.എസ്.എൽ.സി. ഫലം ദേശീയ തമാശയാണെന്ന് വിദ്യാഭ്യാസ വകുപ്പുമന്ത്രി നടത്തിയ പ്രസ്താവന കോവിഡ് കാലത്ത് പ്രതിസന്ധികളെ അതിജീവിച്ച് കഷ്ടപ്പെട്ട് പഠിച്ച് മികച്ച വിജയം നേടിയ വിദ്യാർത്ഥികളെ അവഹേളിക്കലാണ്. ഇത് പ്രതിഷേധാർഹമാണ്. പ്ലസ് ടു

വിജയശതമാനവും മുൻ വർഷത്തെക്കാൾ കുറവാണ്. പൊതുവിദ്യാഭ്യാസ മേഖലയെ തകർക്കുന്ന സമീപനമാണ് സർക്കാർ സ്വീകരിക്കുന്നത്. ഈ വർഷം ഒന്നാം ക്ലാസ്സിൽ 45573 കുട്ടികളുടെ കുറവാണുണ്ടായത്. സർക്കാർ സ്കൂളുകളിൽ 8136 അദ്ധ്യാപക തസ്തികകൾ ഒഴിഞ്ഞുകിടക്കുകയാണ്. സ്കൂൾ തുറക്കുന്നതിനുമുമ്പ് അദ്ധ്യാപകരെ നിയമിക്കുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒരു വർഷം മുമ്പ് ഈ സഭയിൽ പറഞ്ഞെങ്കിലും അതൊന്നും നടപ്പാക്കിയിട്ടില്ല. അദ്ധ്യാപകരെ നിയമിക്കാനോ നിയമനം അംഗീകരിക്കാനോ സർക്കാർ തയ്യാറാകുന്നില്ല. ഭിന്നശേഷി അദ്ധ്യാപക നിയമനം സംബന്ധിച്ച കോടതി വിധിയുടെ മറവിൽ അപ്രഖ്യാപിത നിയമന നിരോധനമാണ് ഇവിടെ നടക്കുന്നത്. സി.പി.ഐ.(എം) ജില്ലാ സെക്രട്ടറിയുടെ മകന് നിയമനം ഉറപ്പിക്കുന്നതിനായി വയനാട് ജില്ലയിലെ തരുവണ ഗവൺമെന്റ് യു. പി. സ്കൂളിൽനിന്ന്, ആറാം പ്രവൃത്തി ദിവസം ടി.സി. നൽകാൻ പാടില്ലെന്ന ഉത്തരവ് നിലനിൽക്കെ, വിദ്യാഭ്യാസ വകുപ്പിന്റെ 'സമ്പൂർണ്ണ' വെബ്സൈറ്റ് റീസെറ്റ് ചെയ്ത് എയ്ഡഡ് സ്കൂളിലേയ്ക്ക് ടി. സി. നൽകി പൊതുവിദ്യാഭ്യാസത്തെ തകർക്കാൻ കൂട്ടുനിൽക്കുന്നതും ഈ സർക്കാരാണ്. ഏഴാം ക്ലാസ്സിലെ സാമൂഹ്യശാസ്ത്രം പുസ്തകത്തിലെ 'നവകേരള സൃഷ്ടിക്കായി' എന്ന അദ്ധ്യായത്തിൽ ചാവറയച്ചനെ ഒഴിവാക്കിയ നടപടി

പ്രതിഷേധാർഹമാണ്. 'പള്ളിക്കൊരു പള്ളിക്കൂടം' എന്ന മുദ്രാവാക്യം സ്വീകരിച്ചുകൊണ്ട് ഒട്ടേറെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിക്കുകയും ജാതിമതഭേദം കൂടാതെയെല്ലാവർക്കും പഠിക്കാൻ അവസരം നൽകുകയും ചെയ്തതുമൂലം കേരളത്തിലെ ദുർബ്ബല വിഭാഗത്തിനുണ്ടായ നേട്ടങ്ങൾ വിവരണാതീതമാണ്. കേരളത്തിലെ നവോത്ഥാന നായകരിൽ പ്രഥമഗണനീയനായിരുന്നു ചാവറയച്ചൻ. രാഷ്ട്രീയലക്ഷ്യത്തോടുകൂടി, ഖാദർ കമ്മീഷന്റെ പേരുപറഞ്ഞ് ഹൈസ്കൂൾ-പ്ലസ് ടു ലയനം നടപ്പിലാക്കി ഹയർ സെക്കണ്ടറി മേഖലയുടെ ഗുണനിലവാരം തകർക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. പങ്കാളിത്ത പെൻഷൻ പിൻവലിക്കുമെന്ന് പ്രകടനപത്രികയിൽ പറഞ്ഞതും വെറും വാക്കായി. ജൂനിയർ അദ്ധ്യാപകരെ അഞ്ചുവർഷം പൂർത്തിയാകുന്ന മുറയ്ക്ക് സീനിയർ ആക്കാമെന്ന മുൻ ഉമ്മൻ ചാണ്ടി സർക്കാരിന്റെ തീരുമാനം ഈ സർക്കാർ നടപ്പിലാക്കാത്തത് വഞ്ചനയാണ്; ഇതുതിരുത്താൻ സർക്കാർ തയ്യാറാകണം. പുതിയ അദ്ധ്യയന വർഷം കേരളം കേൾക്കുന്ന വാർത്തകൾ ആശങ്കയുണ്ടാക്കുന്നതാണ്. അങ്കണവാടികളിലും സ്കൂളുകളിലും സൂക്ഷ്മശ്രദ്ധയോടും ശുചിത്വത്തോടുകൂടിയുമാണ് ഭക്ഷണം തയ്യാറാക്കി കുട്ടികൾക്ക് നൽകേണ്ടത്. കൊല്ലം ജില്ലയിലെ കൊട്ടാരക്കര-കല്ലുവാതുക്കൽ അങ്കണവാടി,

തിരുവനന്തപുരം ജില്ലയിലെ വിഴിഞ്ഞം-ഉച്ചക്കട എൽ.പി. സ്കൂൾ, കായംകുളം ടൗൺ യു.പി.എസ്. എന്നിവിടങ്ങളിലെ കുട്ടികൾക്ക് ഭക്ഷ്യ വിഷബാധയുണ്ടായ സംഭവത്തിൽ ഗൗരവശ്രദ്ധയും അടിയന്തര നടപടിയും ആവശ്യപ്പെടുകയാണ്. തിരുവനന്തപുരത്ത് കുട്ടികൾക്കൊപ്പം ഭക്ഷണം കഴിക്കാൻ പോയ മന്ത്രിക്ക് ലഭിച്ചത് മുടിയാണ്. വീടുകളിലെന്നപോലെ സ്കൂളുകളിലും വൃത്തിയുള്ള സുരക്ഷിത ഭക്ഷണമാണ് കുട്ടികൾക്ക് ലഭിക്കുന്നതെന്ന രക്ഷിതാക്കളുടെ വിശ്വാസത്തിന് മങ്ങലേൽപ്പിക്കുന്നതാണ് ഈ സംഭവങ്ങൾ. ഇത് ആവർത്തിക്കാതിരിക്കാനുള്ള നടപടി സ്വീകരിക്കണം. രാജ്യാന്തര നിലവാരമെന്ന് കേൾക്കുമ്പോൾ ആശങ്കയാണ്. മൂന്നുകോടി എഴുപത്തിയഞ്ച് ലക്ഷം രൂപ ചെലവഴിച്ച് നിർമ്മിച്ച ചെമ്പൂച്ചിറ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ കെട്ടിടം തകർന്നുവീണു. മുൻ വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ മണ്ഡലത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്ത സ്കൂളിലാണ് ഈ ദുർഗതി ഉണ്ടായിരിക്കുന്നത്. വലിയ അഴിമതിയാണ് കെട്ടിടനിർമ്മാണങ്ങളുടെ പേരിൽ നടന്നുകൊണ്ടിരിക്കുന്നത്. വാക്കുകൾകൊണ്ടുമാത്രം പ്രവാസി ക്ഷേമം നടത്തുന്ന സർക്കാരാണ് കേരളം ഭരിക്കുന്നത്. കോവിഡ് കാലത്ത് വൈകുന്നേരങ്ങളിൽ നടന്ന വാർത്താ സമ്മേളനങ്ങളിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി വാചാലനായത്

പ്രവാസികളെക്കുറിച്ചാണ്. എന്തെല്ലാം പദ്ധതികളായിരുന്നു അദ്ദേഹം പ്രഖ്യാപിച്ചത്; ഉപദേശകർ എഴുതിനൽകുന്ന പ്രവാസി ക്ഷേമ പദ്ധതികൾ വള്ളിപുള്ളി തെറ്റാതെ വായിച്ച് അദ്ദേഹം നല്ലൊരു വാർത്താ വായനക്കാരനാണെന്ന് തെളിയിച്ചതല്ലാതെ എന്ത് ഗുണമാണുണ്ടായത്? കോവിഡ് കാലത്ത് ജോലി നഷ്ടപ്പെട്ട് നാട്ടിലെത്തിയ പ്രവാസികൾക്ക് ക്വാറന്റൈൻ സൗകര്യം നൽകുന്നതിന് പണം ഈടാക്കാനല്ലേ തീരുമാനിച്ചത്. തൊഴിൽ നഷ്ടപ്പെട്ട് നാട്ടിലേയ്ക്ക് മടങ്ങുന്നവർക്ക് അടുത്ത ജോലി ലഭിക്കുന്നതുവരെ പരമാവധി 6 മാസത്തെ ശമ്പളം നൽകുമെന്ന് 2016-ൽ പ്രഖ്യാപിച്ചു. എത്ര പ്രവാസികൾക്ക് ഇതിന്റെ ഗുണം ലഭിച്ചു? ജയിലിൽ കഴിയുന്ന മലയാളികൾക്ക് നിയമസഹായം നൽകാൻ അഭിഭാഷക പാനലിന്റെ സേവനം ലഭ്യമാക്കുമെന്നുള്ള പ്രഖ്യാപനം എവിടെയെത്തി? ഗൾഫിൽവച്ച് അസുഖം ബാധിച്ചവരെ അടിയന്തര ചികിത്സയ്ക്ക് നാട്ടിലെത്തിക്കാൻ പ്രത്യേക സൗകര്യമൊരുക്കുമെന്ന് പ്രഖ്യാപിച്ചതും 2016-ലാണ്. 2022 എത്തുമ്പോഴും മരിച്ച പ്രവാസികളുടെ മൃതദേഹംപോലും നാട്ടിലെത്തിക്കാൻ കഴിയാതെ മനസ്സാക്ഷി മരവിച്ച ഒരു സർക്കാരായി മാറിയിരിക്കുകയാണ്. തിരുവനന്തപുരം നെടുമങ്ങാട് സ്വദേശി എബിന് തന്റെ അച്ഛന്റെ മൃതദേഹം നാട്ടിലെത്തിക്കുന്നതിന് പ്രവാസി വ്യവസായിയെ

സമീപിക്കേണ്ട ഗതികേടാണുണ്ടായത്. ലോക കേരള സഭയ്ക്ക് നേതൃത്വം കൊടുക്കാനെന്ന് പറഞ്ഞ് വർഷംതോറും കോടിക്കണക്കിന് രൂപ ചെലവഴിക്കുന്ന സർക്കാരിന് ഇതിന്റെ മൂന്നാം സമ്മേളനം എഡിഷൻ കഴിഞ്ഞപ്പോഴെങ്കിലും എടുത്തുപറയാൻ ഒരു നേട്ടമുണ്ടായിട്ടുണ്ടോ? തൊഴിൽ നഷ്ടമായി മടങ്ങിയെത്തുന്ന പ്രവാസികൾക്കായി 2020-ൽ പ്രഖ്യാപിച്ച 'ഡ്രീം കേരള' പദ്ധതിയിലൂടെ എന്ത് നേട്ടമാണുണ്ടായത്? ആന്തൂരിൽ വ്യവസായം തുടങ്ങി നാട്ടിൽ നിലയുറപ്പിക്കാൻ ശ്രമിച്ച സാജനെന്ന വ്യവസായിയെ എങ്ങനെയാണ് ഈ സർക്കാർ കൈകാര്യം ചെയ്തതെന്ന് നാട്ടിലെല്ലാവർക്കുമറിയാം. നിൽക്കക്കള്ളിയില്ലാതെ ആത്മഹത്യ ചെയ്ത സാജനെ മരണശേഷവും പിന്തുടർന്ന് വേട്ടയാടിയതും ഈ സർക്കാരിന്റെ ഭാഗമായുള്ളവരല്ലേ. പ്രവാസിയുടെ ആശ്രയകേന്ദ്രമായി മാറേണ്ട നോർക്കയുടെ പ്രവർത്തനംപോലും സുഗമമായി കൊണ്ടുപോകാൻ കഴിയാത്ത സർക്കാരാണിത്.

രണ്ട് പതിറ്റാണ്ടുമുമ്പ് ആകാശത്തുനിന്ന് എൻഡോസൾഫാൻ കീടനാശിനി തളിച്ചതിന്റെ ദുരന്തം ഇന്നും അനുഭവിക്കുന്നവരാണ് കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതർ. നിരന്തരമായ ഓർമ്മപ്പെടുത്തലുകളുണ്ടായിട്ടും ഇവരുടെ ജീവിതവും ആരോഗ്യ

സംരക്ഷണവും സർക്കാരിന്റെ പരിഗണനയിൽപ്പോലും വരുന്നില്ല. 28 വർഷമായി തുടരുന്ന ദുരന്തത്തിനൊടുവിലാണ് പനത്തടി പഞ്ചായത്തിലെ ഓട്ടമല ചാമുണ്ടിക്കുന്നിൽ വിമലാകുമാരി എന്ന അമ്മ 28-കാരിയായ മകൾ രേഷ്മയെ കൊന്നശേഷം തൂങ്ങിമരിച്ചത്. ദുരിതബാധിതരുടെ പട്ടികയിൽപ്പെട്ട ആളാണ് രേഷ്മ. മാനസിക ഭിന്നശേഷിയുള്ള ആ അമ്മയും മകളും ഇത്രയും വർഷം അനുഭവിച്ച സംഘർഷങ്ങൾ ഊഹിക്കാവുന്നതിലുമപ്പുറമാണ്. കാസർഗോഡ് ജില്ലയിലെ ഭൂരിപക്ഷം എൻഡോസൾഫാൻ ബാധിതരും ആ വീട്ടിലെ അനുഭവംതന്നെയാണ് നേരിട്ടുകൊണ്ടിരിക്കുന്നത്. ഇത്തരം ദൗർഭാഗ്യകരമായ സംഭവം നടന്നിട്ടും അതിന്റെ ഗൗരവം അധികൃതരുടെ ഭാഗത്തുനിന്നുമുണ്ടായിട്ടില്ല. ഇപ്പോഴും ഇരകൾക്കുള്ള ധനസഹായം എങ്ങനെ കൊടുക്കാതിരിക്കാമെന്നാണ് ശ്രമിക്കുന്നത്. എൻഡോസൾഫാൻ ഇരകൾക്ക് നഷ്ടപരിഹാരവും വൈദ്യസഹായവും നൽകുന്നതിൽ പരാജയപ്പെട്ടെന്ന് ബഹുമാനപ്പെട്ട സുപ്രീംകോടതിതന്നെ സംസ്ഥാന സർക്കാരിനെ വിമർശിച്ച ദയനീയ സാഹചര്യമാണുള്ളത്. കിടപ്പുരോഗികളെയും ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവരെയും പരിചരിക്കുന്നവർക്കുള്ള പ്രതിമാസ ധനസഹായ പദ്ധതിയായ "ആശ്വാസകിരണം പദ്ധതി" മുടങ്ങിയിട്ട് 6 മാസമായി. പ്രസ്തുത ധനസഹായം വർദ്ധിപ്പിക്കുന്നതിനും മുടക്കമില്ലാതെ

നൽകുന്നതിനുമുള്ള നടപടി സ്വീകരിക്കണം.

ഇന്ത്യയുടെ അഭിമാനവും മലയാളിയുമായ ശ്രീമതി പി. ടി. ഉഷ രാജ്യസഭയിലെത്തുന്നത് ഇന്ത്യൻ കായിക മേഖലയ്ക്ക് പ്രത്യേകിച്ച് അത്‌ലറ്റിക്സിന് ലഭിക്കുന്ന അംഗീകാരവും ആദരവുമാണ്. എന്നാൽ രോഗാതുരമായ മനസ്സുള്ള ചിലർക്ക് ഇതൊക്കെ ആക്ഷേപമാണ്. ശ്രീമതി പി. ടി. ഉഷയ്ക്കും ശ്രീമതി കെ. കെ. രമയ്ക്കുമെല്ലാം ലഭിക്കുന്ന അംഗീകാരം ഇവരെ അലോസരപ്പെടുത്തുന്നു. എന്തായാലും ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി പറഞ്ഞതുപോലെ, ഇതിനൊക്കെ കൃത്യമായ ചികിത്സയുണ്ട് എന്നത് ആശ്വാസകരമാണ്. എന്റെ നിയോജകമണ്ഡലത്തിൽ കിഫ്ബിവഴി നടപ്പാക്കിയ ഇൻഡോർ സ്റ്റേഡിയത്തിന്റെ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നുകൂടി പറഞ്ഞുകൊണ്ട്, ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി എതിർത്തുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. വി. ശശി</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുന്നു. ഇന്ന് കാണുന്ന കേരളത്തെ വാർത്തെടുത്തതിൽ വിദ്യാഭ്യാസ മേഖലയിൽ നടത്തിയിട്ടുള്ള ഇടപെടലുകൾക്ക് വളരെയേറെ പ്രാധാന്യമുണ്ടെന്ന് എല്ലാവർക്കും അറിയാവുന്നതാണ്. നവോത്ഥാന മുന്നേറ്റങ്ങളുടെ തുടക്കംതന്നെ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട വിഷയത്തെ

കേന്ദ്രീകരിച്ചായിരുന്നു. അതിനെത്തുടർന്നാണ് സൗജന്യവും സാർവ്വത്രികവുമായ വിദ്യാഭ്യാസത്തിനായുള്ള സമരമുന്നേറ്റങ്ങൾ സംസ്ഥാനത്ത് നടന്നത്. അവ മുന്നോട്ടുവച്ച ആശയങ്ങളുടെ സാക്ഷാത്കാരമാണ് വിദ്യാഭ്യാസ ബില്ലിലൂടെ ഐക്യകേരളത്തിലെ ആദ്യത്തെ കമ്മ്യൂണിസ്റ്റ് സർക്കാർ നടപ്പാക്കിയത്. ആ വിദ്യാഭ്യാസ ബിൽ പാകിയ അടിത്തറയിലാണ് ആഗോള ശ്രദ്ധയാകർഷിക്കുന്ന വിധത്തിൽ കേരളത്തിലെ വിദ്യാഭ്യാസ മേഖല വളർന്നത്. അതുകൊണ്ടുതന്നെയാണ് ഇന്ന് ലോകശ്രദ്ധയാർജ്ജിച്ച കേരള വികസന മാതൃകയുടെ സുപ്രധാന ഘടകമായി പൊതുവിദ്യാഭ്യാസം അംഗീകരിക്കപ്പെടുന്നത്. കാലാനുസൃതമായ മറ്റൊരു മുന്നേറ്റമാണ് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പൊതുവിദ്യാഭ്യാസ രംഗത്തുണ്ടായത്. ഈ രംഗത്ത് പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം വിപ്ലവകരമായ മാറ്റങ്ങളാണ് സൃഷ്ടിച്ചത്. വിദ്യാലയങ്ങളുടെ ഭൗതിക സൗകര്യങ്ങളിലും പഠനമികവിലും അഭൂതപൂർവ്വമായ കുതിച്ചുചാട്ടമാണുണ്ടായത്. പൊതുവിദ്യാലയങ്ങൾ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്കുയർത്താൻ സാധിച്ചതിന്റെ ഫലമായി 'നീതി ആയോഗിന്റെ സ്കൂൾ വിദ്യാഭ്യാസ ഗുണനിലവാര സൂചികയിലും ഭാരത സർക്കാർ തയ്യാറാക്കിയ performance grading index-ലും കേരളത്തിന്

ഒന്നാം സ്ഥാനം നേടാനും ഭൗതിക സൗകര്യ വികസനത്തിൽ നാളിതുവരെയില്ലാത്ത മുന്നേറ്റം നടത്താനും സാധിച്ചിട്ടുണ്ട്. 2,309 കോടി രൂപയുടെ കിഫ്ബി ധനസഹായത്തോടെ 973 സ്കൂളുകൾക്ക് ആധുനിക രീതിയിലുള്ള കെട്ടിടങ്ങൾ നിർമ്മിക്കാനും പ്ലാൻ ഫണ്ടിലൂടെ 1,375 കോടി രൂപ ചെലവിൽ 1100 വിദ്യാലയങ്ങളുടെ ഭൗതിക സൗകര്യ വികസനപ്രവർത്തനം നടത്താനും ജനപ്രതിനിധികളുടെ ആസ്തി വികസന ഫണ്ടും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ടും മറ്റ് ഫണ്ടുകളും വിനിയോഗിച്ച് ആധുനിക രീതിയിലുള്ള സ്കൂൾ കെട്ടിടങ്ങൾ നിർമ്മിക്കാനും വിദ്യാലയങ്ങളിൽ ജൈവ വൈവിദ്ധ്യ പാർക്കുകൾ ഒരുക്കാനും എല്ലാ വിദ്യാലയങ്ങളിലും 8 മുതൽ 12 വരെയുള്ള ക്ലാസ്സുകൾ ഹൈടെക് ആക്കാനും സാധിച്ചിട്ടുണ്ട്. അതുകൂടാതെ എല്ലാ സ്കൂൾ കുട്ടികൾക്കും പ്രാപ്യത ഉറപ്പാക്കിക്കൊണ്ട് ഡിജിറ്റൽ ക്ലാസ് നടത്തിയ ഇന്ത്യയിലെ ഏക സംസ്ഥാനം കേരളമാണ്. പഠന പിന്തുണ ആവശ്യമുള്ള കുട്ടികൾക്ക് വൈവിദ്ധ്യമാർന്ന പദ്ധതികൾ ആവിഷ്കരിക്കാനും ഭാഷാശാസ്ത്രം, സാമൂഹികശാസ്ത്രം, ഗണിതം എന്നിവയ്ക്ക് പ്രത്യേക പഠന പരിശീലന പദ്ധതികൾ നടപ്പാക്കാനും അദ്ധ്യാപകർക്ക് പരിശീലനം നൽകാനും കഴിഞ്ഞിട്ടുണ്ട്. കോവിഡ് കാലത്ത് കുട്ടികൾക്കായി നടത്തിയ

'അക്ഷരവൃക്ഷം' പദ്ധതിക്ക് ഇൻഡ്യാ ബുക്ക് ഓഫ് റെക്കോർഡ്സിന്റെ ദേശീയ അവാർഡ് നേടാനും സാധിച്ചിട്ടുണ്ട്. ഇത്തരത്തിൽ നീണ്ടുപോകുന്ന നിരവധി വികസന പ്രവർത്തനങ്ങളാണ് കഴിഞ്ഞ 6 വർഷക്കാലമായി സംസ്ഥാനത്ത് നടപ്പാക്കിവന്നിട്ടുള്ളത്. പൊതുവിദ്യാഭ്യാസ രംഗത്ത് നടന്ന ഈ മുന്നേറ്റത്തിന് ആനുപാതികമായ നേട്ടം ഉന്നതവിദ്യാഭ്യാസ മേഖലയിലുണ്ടായില്ലെന്നത് വസ്തുതയാണ്. അയൽ സംസ്ഥാനങ്ങളിലെ സ്വകാര്യ ഡീംഡ് സർവ്വകലാശാലകളിലും വിദേശ രാജ്യങ്ങളിലും ഉപരിപഠനത്തിന് പോകുന്ന വിദ്യാർത്ഥികളിൽ കേരളം വളരെ മുന്നിലാണ്. പ്രതിവർഷം 1500 വിദ്യാർത്ഥികളാണ് യുക്രൈനിൽ മെഡിക്കൽ പഠനത്തിന് പോയിവന്നിരുന്നത്. ഇതിലൂടെമാത്രം 6000 കോടി രൂപ യുക്രൈനിലേയ്ക്ക് പോകുകയാണ്. ഇന്ത്യയിൽനിന്നും പ്രതിവർഷം 5 ലക്ഷം വിദ്യാർത്ഥികൾ വിദേശ രാജ്യങ്ങളിലേയ്ക്ക് ഉപരിപഠനത്തിന് പോകുന്നുവെന്ന് കണക്കാക്കപ്പെടുന്നു. പന്ത്രണ്ടാം ക്ലാസ് കഴിഞ്ഞവർ അണ്ടർ ഗ്രാഡ്യൂവേറ്റ് പഠനത്തിനും ബിരുദം പൂർത്തിയാക്കിയവർ ഗ്രാജ്യൂവേറ്റ് പഠനത്തിനും മറ്റുള്ളവർ ഡോക്ടറൽ, പോസ്റ്റ് ഡോക്ടറൽ, സ്കില്ലിംഗ് കോഴ്സുകൾ പഠിക്കുന്നതിനും പോകുന്നുണ്ട്. ഉപരിപഠനത്തിന് വിദേശരാജ്യങ്ങളിലേയ്ക്ക് കേരളത്തിൽനിന്ന് മാത്രം 25000 പേർ പോകുന്നുവെന്നാണ് കണക്കുകൾ

സൂചിപ്പിക്കുന്നത്. ഇതിന്റെ ഫലമായി ഏകദേശം 37,500 കോടി രൂപ വിദേശത്തേയ്ക്ക് ഒഴുകുന്നു. ഇതുകൂടാതെ പ്രതിവർഷം 7000 പേർ പ്രൊഫഷണൽ കോഴ്സുകളടക്കം പഠിക്കുന്നതിന് അന്യസംസ്ഥാനങ്ങളിലേയ്ക്ക് പോകുന്നതിലൂടെ ഏകദേശം 10,000 കോടി രൂപ കേരളത്തിൽനിന്നും പോകുന്നുവെന്നാണ് കണക്കാക്കപ്പെടുന്നത്. ഇപ്രകാരം സംഭവിക്കുന്നതിന്റെ കാരണമെന്താണെന്ന് നാം വിലയിരുത്തണം. മികച്ച ഭൗതിക സൗകര്യം, പുത്തൻ കോഴ്സുകൾ, ഉന്നത അക്കാദമിക് ഗവേഷണ സാഹചര്യം, സ്കിൽ വികസനത്തിൽ ഊന്നൽ നൽകിയുള്ള പഠനം, ഇന്റേൺഷിപ്പ് സൗകര്യം, മികച്ച പ്ലേസ്മെന്റ്, അന്താരാഷ്ട്ര നിലവാരത്തിലുള്ള കരിക്കുലം, സമയബന്ധിത കോഴ്സുകൾ, വ്യവസായ സ്ഥാപനങ്ങളുമായി അക്കാദമിക സ്ഥാപനങ്ങൾക്കുള്ള പങ്കാളിത്തം, പരമ്പരാഗത കോഴ്സുകൾക്കുപകരം കാലാനുസൃതമായ കോഴ്സുകൾ, സാങ്കേതികവിദ്യകൾ, പ്രവർത്തനക്ഷമത, ഗുണനിലവാരം എന്നിവ മലയാളി വിദ്യാർത്ഥികളെ ആകർഷിക്കുന്ന ഘടകങ്ങളാണ്. ILO (International Labour Organization)-യുടെ കണക്കുപ്രകാരം ഇപ്പോഴുള്ള 40 ശതമാനം തൊഴിലുകൾ 2040-ഓടുകൂടി അപ്രത്യക്ഷമാകുമെന്നും അതിനുപകരം അറിയപ്പെടാത്ത പുതിയ തൊഴിലുകൾ രൂപപ്പെടുമെന്നുമാണ് വിലയിരുത്തപ്പെടുന്നത്. ഭാവിയിലെ

തൊഴിൽ സാദ്ധ്യതകൾ വരാനിരിക്കുന്ന ഇന്നൊവേഷനുകളെ ആശ്രയിച്ചിരിക്കും. സ്റ്റാർട്ടപ്പുകളുടെ കാര്യത്തിൽ ഇന്ന് കേരളം മുന്നിൽ നിൽക്കുന്നു. ഈ രംഗത്ത് വളർച്ച കൈവരിക്കാൻ നമുക്ക് സാധിക്കുന്നതാണ്. നിരവധി പുത്തൻ സാങ്കേതികവിദ്യകൾ ലോകം കാണാൻ പോകുകയാണ്. Artificial Intelligence, Machine learning, Data Analytics, Blockchain Technology, Cyber Security, Automation, E-commerce മുതലായവ പ്രയോജനപ്പെടുത്തി ലോകം മാറുകയാണ്. ഈ മാറ്റത്തിനനുസരിച്ച് പുതിയ കോഴ്സുകളും തൊഴിൽ മേഖലകളും രൂപപ്പെടുന്നതാണ്. ഈ വിഷയങ്ങളെല്ലാം കണക്കിലെടുത്തുകൊണ്ട് സമഗ്രമായ മാറ്റത്തിനുതകുന്ന സവിശേഷമായ ഇടപെടലുകളാണ് സംസ്ഥാന ബഡ്ജറ്റിലൂടെ സർക്കാർ നടത്തുന്നത്. കേരളത്തെ ഉന്നത വിദ്യാഭ്യാസത്തിന്റെ ഹബ്ബാക്കി മാറ്റാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. അന്താരാഷ്ട്ര നിലവാരത്തിലുള്ള ഹോസ്റ്റൽ സമുച്ചയം, സാങ്കേതിക വിദ്യാഭ്യാസങ്ങളോട് ചേർന്ന വ്യവസായ യൂണിറ്റുകൾ, എഞ്ചിനീയറിംഗ് കോളേജുകൾ, പോളിടെക്നിക്കുകൾ, ഐ.ഐ.റ്റി.-കൾ, ഐ.എച്ച്.ആർ.ഡി. സ്ഥാപനങ്ങൾ എന്നിവയുടെ അടിസ്ഥാന സൗകര്യ വികസനം, ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നൈപുണ്യ വികസനത്തിനുള്ള സംവിധാനം, അസാപ് സ്കിൽ പാർക്കുകളിൽ

Augmented reality, Virtual reality ലാബുകൾ, കൂടുതൽ സ്റ്റാർട്ടപ്പ് ഇൻക്യൂബേഷൻ സെന്ററുകൾ എന്നിവയ്ക്കെല്ലാം ബഡ്ജറ്റിൽ ആവശ്യമായ തുക വകകൊള്ളിച്ചിട്ടുണ്ട്. സർവ്വകലാശാലകൾക്ക് യു.ജി.സി. നൽകിവരുന്ന ഇ-ജേർണൽ പദ്ധതി നിർത്തലാക്കിയ സാഹചര്യത്തിൽ സംസ്ഥാനത്തെ എല്ലാ സർവ്വകലാശാലകൾക്കും ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ഇ-ജേർണൽ വിഭവങ്ങൾ ലഭ്യമാക്കാനുള്ള ഉത്തരവാദിത്വം സംസ്ഥാന സർക്കാർ ഏറ്റെടുത്തത് നല്ലൊരു കാര്യമാണ്. ഇ-ജേർണൽ കൺസോർഷ്യത്തിന് 20 കോടി രൂപയാണ് ബഡ്ജറ്റിൽ നീക്കി വച്ചിട്ടുള്ളത്. ഗുണനിലവാരമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽനിന്നുമാത്രമെ ഗുണനിലവാരമുള്ള ഉന്നതവിദ്യാഭ്യാസം സാധ്യമാകുകയുള്ളൂ. ഇത് ഉറപ്പാക്കാനുള്ള പദ്ധതിയും സർക്കാർ നടപ്പാക്കുകയാണ്. ഇതിനായി State Assessment and Accreditation Centre (SAAC) സ്ഥാപിക്കുന്നു. സർക്കാർ, എയ്ഡഡ്, സ്വയംഭരണ, സ്വാശ്രയ കോളേജുകളെല്ലാം ഇതിന്റെ അവലോകന പഠനത്തിൽ ഉൾപ്പെടുന്നതാണ്. NAAC accreditation പിന്തുടർന്നുവരുന്ന 5 കോർ വാല്യുവേഷന് പുറമെ social inclusiveness, equity and excellence, scientific temper, secular outlook എന്നീ മൂല്യങ്ങൾകൂടി പരിശോധിച്ചതിനുശേഷമാണ് ഗുണനിലവാര ഗ്രേഡ്

ഉറപ്പുവരുത്തുന്നത്. വിജ്ഞാന വിതരണത്തോടൊപ്പം സാമൂഹിക മൂല്യങ്ങൾകൂടി ഉയർത്തിപ്പിടിച്ചാൽ മാത്രമെ സ്ഥാപനങ്ങൾക്ക് മികച്ച റാങ്കിംഗ് ലഭ്യമാകുകയുള്ളൂ. ഇതുതന്നെയാണ് കേരളം ഉയർത്തുന്ന ബദൽ കാഴ്ചപ്പാടിന്റെ അന്ത:സത്ത എന്നുപറഞ്ഞുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി പിന്താങ്ങിക്കൊണ്ട് നിർത്തുന്നു.

ശ്രീ. യു. എ. ലത്തീഫ്: സർ, ഞാൻ ധനാഭ്യർത്ഥനകളെ എതിർക്കുന്നു. വിദ്യാഭ്യാസ രംഗത്ത് കേരളം ലോകോത്തര നിലവാരത്തിൽ എത്തിയെന്നാണ് ഭരണപക്ഷം പ്രസംഗിച്ചുകൊണ്ടിരിക്കുന്നത്. റാങ്കിംഗിൽ ലോകോത്തര ഏജൻസികളായ Quacquarelli Symonds (QS), The Times Higher Education എന്നിവയുടെ ലിസ്റ്റിൽ ആദ്യത്തെ ആയിരം റാങ്കിൽ ഒന്നിൽപ്പോലും നമ്മുടെ യൂണിവേഴ്സിറ്റികൾ ഉൾപ്പെടുന്നില്ല. ഇവയുടെ റാങ്കിംഗിൽ അക്കാഡമിക് റെപ്യൂട്ടേഷൻ - 40 ശതമാനം, എംപ്ലോയർ റെപ്യൂട്ടേഷൻ - 10 ശതമാനം, ഫാക്കൽറ്റി-സ്റ്റുഡന്റ് റേഷ്യോ - 20 ശതമാനം, ഇന്റർനാഷണൽ സ്റ്റുഡന്റ് റേഷ്യോ, ഇന്റർനാഷണൽ റിസർച്ച് വർക്ക് എന്നിങ്ങനെ അഞ്ച് ഘടകങ്ങളാണുള്ളത്. ഈ ഘടകങ്ങൾ ഒരു പരിധിക്കപ്പുറം നമുക്ക് പാലിക്കാൻ സാധിക്കാത്തത് എന്തുകൊണ്ടാണെന്ന് പരിശോധിക്കണം. 2018-19-ലെ ഉന്നതവിദ്യാഭ്യാസ സർവ്വേ പ്രകാരം, 49

ശതമാനം ഗ്രോസ് എൻറോൾമെന്റ് റേഷ്യോയുമായി (ജി.ഇ.ആർ.) തമിഴ്നാടാണ് മുൻപിൽനിൽക്കുന്നത്. 2030-ഓടെ കൈവരിക്കാൻ ലക്ഷ്യമിടുന്ന ജി.ഇ.ആർ. ഇപ്പോൾത്തന്നെ അവർ നേടിയെടുത്തിട്ടുണ്ട്. അക്കാര്യത്തിൽ കേരള സംസ്ഥാനം തമിഴ്നാടിന്റെ പിന്നിലാണ്. സംസ്ഥാനത്തെ സർവ്വകലാശാലകളിൽ വിദൂരവിദ്യാഭ്യാസം, പ്രൈവറ്റ് രജിസ്ട്രേഷൻ എന്നിവ നിർത്തലാക്കി. യു.ജി.സി. അംഗീകാരം ലഭിച്ചിട്ടില്ലാത്ത ശ്രീനാരായണഗുരു സർവ്വകലാശാലയ്ക്കുവേണ്ടിയാണ് അബദ്ധജഡിലമായ ഈ നീക്കം നടത്തിയിരിക്കുന്നത്. അതിന്റെ ഫലമായി മലബാറിൽ നിന്ന് കഴിഞ്ഞ വർഷം വിദൂരവിദ്യാഭ്യാസത്തിനുവേണ്ടി രജിസ്റ്റർ ചെയ്ത ഏകദേശം ഒരുലക്ഷം കുട്ടികളുടെ ആഗ്രഹങ്ങൾ അവതാളത്തിലാവുകയും അവർക്ക് മറ്റ് സംസ്ഥാനങ്ങളിൽപോയി രജിസ്റ്റർ ചെയ്യേണ്ട സാഹചര്യമുണ്ടാകുകയും ചെയ്തു. അതുപോലെ കേന്ദ്ര നയങ്ങൾ എല്ലാവരെയും ആശങ്കപ്പെടുത്തുകയാണ്. ഒന്നാം മോദി സർക്കാരിന്റെ അവസാനഘട്ടത്തിൽ ആരംഭിച്ച ദേശീയ വിദ്യാഭ്യാസനയത്തെ താഴെപ്പറയുന്ന അഞ്ച് പരിഷ്കാരങ്ങളോടെയാണ് അവർ നടപ്പാക്കുന്നത്. ഒന്ന് - ബ്ലന്റഡ് ലേണിംഗ്, രണ്ട് - അക്കാഡമിക് ബാങ്ക് ഓഫ് ക്രെഡിറ്റ്, മൂന്ന് - ഉന്നതവിദ്യാഭ്യാസ യോഗ്യതാ ചട്ടക്കൂട്, നാല് - പി.എച്ച്.ഡി.

റഗുലേഷൻ, അഞ്ച് - ഒരേ സമയം രണ്ട് പ്രോഗ്രാമിനുള്ള അനുമതി. ഈ പരിഷ്കാരങ്ങൾ നടപ്പാക്കിയാൽ സാധാരണക്കാരുടെ മക്കൾക്ക് ഉന്നതവിദ്യാഭ്യാസ രംഗം ഒരു മരീചികയായി മാറുന്നതാണ്. അതുകൊണ്ട് ഇക്കാര്യത്തിൽ സംസ്ഥാന സർക്കാർ ഇടപെടണം. സംസ്ഥാനത്ത് എസ്.എസ്.എൽ.സി.-ക്കും പ്ലസ് ടു-വിനും ഏറ്റവുമധികം എ പ്ലസ് ലഭിച്ചത് മലപ്പുറം ജില്ലയ്ക്കാണ്. മലപ്പുറം ജില്ലയിൽ ഈ വർഷവും ഡിഗ്രിക്ക് പ്രവേശനം ലഭിക്കാതെപോകുന്ന ആയിരക്കണക്കിന് കുട്ടികൾ ഉണ്ടാകുമെന്നാണ് കണക്കാക്കപ്പെടുന്നത്. കഴിഞ്ഞ വർഷത്തെപ്പോലെ ചെറിയൊരു ശതമാനം സീറ്റ് വർദ്ധനവ് വരുത്തിയതുകൊണ്ട് പ്രയോജനമുണ്ടാകുകയില്ല. പുതിയ ബാച്ചും പുതിയ കോഴ്സും നൽകി കുട്ടികൾക്ക് പഠിക്കാനുള്ള അവസരം നൽകണം. എസ്.എസ്.എൽ.സി. വിജയിച്ച ഇരുപത്തൊന്നായിരത്തിൽപ്പരം കുട്ടികൾക്ക് പ്ലസ് ടു-വിന് ഈ വർഷം സീറ്റ് ലഭിച്ചില്ല. 2009-ൽ നിയോഗിച്ച ഖാദർ കമ്മിറ്റി റിപ്പോർട്ടിന്റെ ആദ്യഭാഗം 2019 ജനുവരിയിൽ നൽകുകയുണ്ടായി. അതിൽ ഒന്ന് മുതൽ പത്ത് വരെയുള്ള ക്ലാസ്സുകൾ, ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി എന്നിവ യോജിപ്പിച്ച് ഒരേ ഡയറക്ടറേറ്റിലാക്കുക, പ്രിൻസിപ്പാളിനെ സ്കൂളിന്റെ അധികാരിയാക്കുക, ഹെഡ്മാസ്റ്ററെ വൈസ്

പ്രസിഡന്റാക്കുക, ബിരുദാനന്തര ബിരുദമുള്ളവരെ അദ്ധ്യാപകരാക്കുക തുടങ്ങിയ നിർദ്ദേശങ്ങളായിരുന്നു ഉണ്ടായിരുന്നത്. എന്നാൽ അക്കാഡമിക് നിർദ്ദേശങ്ങളടങ്ങിയ അതിന്റെ രണ്ടാം ഭാഗം ഈ കമ്മിറ്റിക്ക് ഇതുവരെയും സമർപ്പിക്കാൻ സാധിച്ചിട്ടില്ല. പ്രസ്തുത റിപ്പോർട്ട് സമർപ്പിക്കാൻ മൂന്നുമാസത്തെ കാലാവധി നൽകിയിരുന്നെങ്കിലും അഞ്ച് വർഷമായിട്ടും സമർപ്പിച്ചിട്ടില്ല; അക്കാര്യത്തിൽ ഗവൺമെന്റിന് യാതൊരു താൽപ്പര്യവുമില്ല. എയ്ഡഡ് സ്കൂളുകളിലെ 71980 നിയമനങ്ങൾക്കാണ് ഗവൺമെന്റിന്റെ അംഗീകാരം ലഭിക്കേണ്ടത്. സർക്കാർ സ്കൂളുകളിൽ 8136 അദ്ധ്യാപക തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നു. അദ്ധ്യാപകരില്ലാതെ എങ്ങനെയാണ് കുട്ടികളെ പഠിപ്പിക്കുന്നത്? കോളേജുകളിൽ അഞ്ച് വർഷം ജോലി ചെയ്ത ആയിരക്കണക്കിന് ഗസ്റ്റ് അദ്ധ്യാപകർക്ക് ശമ്പളം നൽകിയിട്ടില്ല. 7.82 കോടി രൂപ ഇപ്പോൾ കുടിശ്ശികയായിരിക്കുന്നു. ഈ അദ്ധ്യാപകർ പിഎച്ച്.ഡി.-യും നെറ്റും പാസ്സായിട്ടുള്ളവരാണെന്ന കാര്യം മറക്കരുത്. 'വിദ്യാകിരണം' പദ്ധതി അവതാളത്തിലായി, ഉപയോഗിക്കാത്ത ലാപ്ടോപ്പുകൾ കിട്ടുന്നവിലയ്ക്ക് കെ.എസ്.എഫ്.ഇ. ജീവനക്കാർക്ക് വിൽക്കാൻ ഉത്തരവായിരിക്കുന്നു, അസാപ് കമേഴ്സ്യലൈസ് ചെയ്തു, ബദൽ സ്കൂളുകൾ അടച്ചുപൂട്ടുന്നു ഇങ്ങനെയുള്ള അവസ്ഥയാണുള്ളത്. ആ നയത്തിൽ

മാറ്റംവരുത്തി ഈ പാവങ്ങളെ സംരക്ഷിക്കണമെന്നാണ് ആവശ്യപ്പെടാനുള്ളത്. കോളേജുകളിൽ സർക്കാർ നിശ്ചയിച്ച യോഗ്യതയുള്ള പ്രിൻസിപ്പാൾമാരെ ലഭിക്കാത്ത അവസ്ഥയാണുള്ളത്. അധികം കോളേജുകളിലും ഇപ്പോൾ പ്രിൻസിപ്പാൾ- ഇൻ-ചാർജ്ജാണുള്ളത്. അവർക്ക് 9 മാസം മാത്രമെ ശമ്പളബിൽ ഒപ്പിടാൻ സാധിക്കുകയുള്ളൂ, അതുകഴിഞ്ഞാൽ ഡെപ്യൂട്ടി ഡയറക്ടർ ഓഫ് കൊളീജിയേറ്റ് എഡ്യൂക്കേഷനാണ് അത് ചെയ്യേണ്ടത്. മാനേജുമെന്റുകൾ വളരെയധികം ബുദ്ധിമുട്ട് നേരിടുകയാണ്. മലപ്പുറം, കോഴിക്കോട്, കണ്ണൂർ ജില്ലകൾക്ക് ഒരു ഡി.ഡി. ഓഫീസ് മാത്രമാണുള്ളത്. മലപ്പുറത്തിനും പാലക്കാടിനുംകൂടി ഒരു ഡെപ്യൂട്ടി ഡയറക്ടറുടെ റീജിയണൽ ഓഫീസ് ആരംഭിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മുൻപ് കോളേജുകളിൽ 9 മണിക്കൂർ ക്ലാസ്സെടുക്കുന്നതിന് ഒരു സ്ഥിരം തസ്തിക സൃഷ്ടിച്ചിരുന്നു. ഇപ്പോൾ 16 മണിക്കൂറിനാണ് ഒരു തസ്തികയുള്ളത്. ഇങ്ങനെയായാൽ സിംഗിൾ ഫാക്കൽറ്റി എങ്ങനെയാണ് മുന്നോട്ടുപോകുന്നത്? അതിന്റെ ഫലമായി 1600 തസ്തികകൾ നഷ്ടപ്പെട്ടു. എൻ.ടി.എസ്. (നോൺ ടീച്ചിംഗ് സ്റ്റാഫ്) തസ്തികകൾ വെട്ടിക്കുറയ്ക്കുകയും ചെയ്തു. ഈ നിലയിൽ എങ്ങനെയാണ് ഉന്നതവിദ്യാഭ്യാസരംഗം രക്ഷപ്പെടുന്നത്? എൽ.ഡി.എഫ്. അധികാരത്തിൽ വന്നപ്പോൾ എന്തൊക്കെ

മാറ്റങ്ങളാണ് പ്രഖ്യാപിച്ചത്? ഏകീകൃത കലണ്ടർ, കൃത്യസമയങ്ങളിൽ പരീക്ഷ, എല്ലാ യൂണിവേഴ്സിറ്റികളിലും ഒരുമിച്ച് പരീക്ഷ, വിദ്യാഭ്യാസ അസന്തുലിതാവസ്ഥ പരിഹരിക്കും എന്നൊക്കെയാണ് പറഞ്ഞിരുന്നത്. വിദ്യാഭ്യാസ പുരോഗതിക്കായി എക്സലൻസ് ഫോർ ഓൾ, ഇക്വിറ്റി, ഇൻക്ലൂസീവ്നെസ്സ്, ആക്സസ് എന്നീ നാല് തത്വങ്ങളാണ് അംഗീകരിച്ചിട്ടുള്ളത്. ഒന്നാം പിണറായി സർക്കാർ അധികാരമൊഴിയുന്ന സമയത്ത് നിരവധി നൂതന കോഴ്സുകൾ പ്രഖ്യാപിക്കുകയും അതിലേയ്ക്കായി ശ്രീ. സാബു തോമസിന്റെ നേതൃത്വത്തിൽ ഒരു കമ്മിറ്റി രൂപീകരിക്കുകയും ചെയ്തിരുന്നു. അങ്ങനെ മേൽപ്പറഞ്ഞ തത്വങ്ങൾ മുഴുവൻ കാറ്റിൽപറത്തിക്കൊണ്ട് NAAC A++ ഉള്ളവർക്ക് മാത്രം കോഴ്സുകൾ നൽകിയാൽ മതിയെന്നാണ് ആ കമ്മിറ്റി തീരുമാനിച്ചത്. മലബാറുകാരുടെ അവസ്ഥയും തഥൈവ. വിദ്യാഭ്യാസത്തിൽ മലബാർ പ്രദേശം അവഗണിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. കേരളപ്പിറവിക്കുശേഷം 187 ആർട്സ് ആൻഡ് സയൻസ് കോളേജുകൾ ഉണ്ടായിരുന്നതിൽ 111-ഉം തിരു-കൊച്ചി മേഖലയിലായിരുന്നു. 2020-21 കാലഘട്ടത്തിൽ അനുവദിച്ച ഇരുന്നൂറിൽപ്പരം കോഴ്സുകളിൽ 30 ശതമാനവും 11970 പോളിടെക്നിക് സീറ്റുകളിൽ 32 ശതമാനവും 100 ഐ.ടി.ഐ.-ലെ 33326 സീറ്റുകളിൽ 30

ശതമാനവും മാത്രമാണ് മലബാർ മേഖലയ്ക്ക് നൽകിയത്. ജനസംഖ്യാനുപാതികമായി ഡിഗ്രിക്ക് ഏറ്റവും കുറവ് സീറ്റുള്ളത് മലപ്പുറത്താണ്; ആയിരം പേരിൽ 78 പേർക്കാണ് സീറ്റുകളുള്ളത്. പി.ജി. ഡിഗ്രിക്ക് ആയിരം പേരുള്ളതിൽ 19 സീറ്റുകളും ഐ.ടി.ഐ.-യിൽ ആയിരം പേരിൽ 15 സീറ്റുകളും മാത്രമാണ് മലപ്പുറം ജില്ലയ്ക്ക് ലഭിച്ചത്. പൊതുഫണ്ട് ഉപയോഗിക്കുമ്പോൾ ജനസംഖ്യാനുപാതികമായി അത് വിതരണം ചെയ്യാൻ സർക്കാർ ശ്രദ്ധിക്കണമെന്നഭ്യർത്ഥിക്കുന്നു. സർവ്വകലാശാലകളിലെ അദ്ധ്യാപക നിയമനങ്ങളിൽ സംവരണമില്ല, സംവരണ ബാക്ക് ലോഗ് നികത്താൻ യൂണിവേഴ്സിറ്റികൾ തയ്യാറാകുന്നില്ല. സർവ്വകലാശാലകളിൽ അദ്ധ്യാപക നിയമനം പി.എസ്.സി.-ക്ക് വിടണം. കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ ഉത്തരക്കടലാസ്സുകൾ നഷ്ടപ്പെടുന്നതും ചോദ്യപേപ്പറുകൾ ആവർത്തിക്കുന്നതും നിത്യസംഭവമായി മാറുന്നു. സർവ്വകലാശാലകളിൽ പി.എച്ച്.ഡി. അഡ്മിഷന് സംവരണം പാലിക്കുന്നില്ല. കാലിക്കറ്റ് യൂണിവേഴ്സിറ്റി സിൻഡിക്കേറ്റ് യോഗത്തിൽ വിയോജിപ്പ് രേഖപ്പെടുത്താൻ ഭൂരിപക്ഷത്തിന്റെ അനുവാദം വേണമെന്ന ജനാധിപത്യവിരുദ്ധനയമാണ് സ്വീകരിക്കുന്നത്. ദേശീയ വിദ്യാഭ്യാസ നയം നടപ്പിലാക്കുമ്പോൾ ഭാഷാ പഠനം നിലനിർത്തുന്നതിന് നടപടി സ്വീകരിക്കണം. പ്രവാസി

ക്ഷേമത്തെക്കുറിച്ച് ഈ ഗവൺമെന്റ് നിരവധി കാര്യങ്ങൾ സൂചിപ്പിക്കുകയുണ്ടായി. ആഘോഷവേളകളിൽ കമ്പനികൾ വിമാന ടിക്കറ്റുകൾക്ക് എത്രയോ ഇരട്ടി ചാർജ്ജ് വർദ്ധിപ്പിക്കുന്ന നടപടി പിൻവലിക്കാനും വിദേശത്ത് മരിക്കുന്നവരുടെ മൃതദേഹങ്ങൾ നാട്ടിൽ കൊണ്ടുവരാനും അസുഖംമൂലം ബുദ്ധിമുട്ടനുഭവിക്കുന്നവരെ നാട്ടിലെത്തിക്കാനും പ്രവാസം കഴിഞ്ഞ് തിരിച്ചുവരുന്നവർക്ക് പലിശരഹിത വായ്പ അനുവദിക്കാനും പ്രവാസികളുടെ മക്കൾക്ക് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംവരണം ഏർപ്പെടുത്താനും ഗവൺമെന്റ് തയ്യാറാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. എം. എസ്. അരുൺകുമാർ</u>: സർ, ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പൊതുവിദ്യാഭ്യാസ രംഗത്താകമാനം എന്തോ ബാധിച്ചിട്ടുണ്ടെന്ന നിലയിലാണ് എനിക്ക് മുമ്പ് സംസാരിച്ച പ്രതിപക്ഷാംഗം ഇവിടെ സൂചിപ്പിച്ചത്. നിങ്ങളുടെ ഭരണകാലത്ത് പൊതുവിദ്യാഭ്യാസ രംഗത്തെ തകർത്തുകളയുന്ന സമീപനമാണ് സ്വീകരിച്ചത്. ഇവിടെ പറഞ്ഞ കാര്യങ്ങൾ കേൾക്കുമ്പോൾ തോന്നുന്നത് അദ്ദേഹം കേരളത്തിലല്ല ജീവിക്കുന്നത് എന്നാണ്. ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് ഏറെ ശ്രദ്ധേയമായ നേട്ടങ്ങളുണ്ടാക്കിയത് പൊതുവിദ്യാഭ്യാസ മേഖലയിലാണ്.

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ കേരളത്തിലെ മുഴുവൻ വിദ്യാലയങ്ങൾക്കും അഭിമാനകരമായ നേട്ടം കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. രാജ്യത്തിന്റെയും ലോകത്തിന്റെയും ശ്രദ്ധയാകർഷിക്കുന്ന നിലയിലേയ്ക്ക് സർക്കാർ സ്കൂളുകൾ മാറുന്ന കാഴ്ചയാണ് നാം കണ്ടുകൊണ്ടിരിക്കുന്നത്. കേരള വികസനത്തിന് നാഴികക്കല്ലായി പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം മാറിയെന്നുള്ളതാണ് യാഥാർത്ഥ്യം. ഒരു വർഷക്കാലമായി പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി ശ്രീ. വി. ശിവൻകുട്ടിയുടെ നേതൃത്വത്തിൽ എണ്ണയിട്ട യന്ത്രംപോലെ കേരളത്തിലെ പൊതുവിദ്യാഭ്യാസ മേഖല പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. വളരെ സൂക്ഷ്മതലത്തിലുള്ള പ്രവർത്തനങ്ങളും കൃത്യമായ ആസൂത്രണമികവും ചിട്ടപ്പെടുത്തിയ പ്രവർത്തനങ്ങളും കൂടിച്ചേർന്ന് ലോകമാകെ ശ്രദ്ധിക്കുന്ന നിലയിലേയ്ക്ക് വിദ്യാഭ്യാസ മേഖല മാറിയിരിക്കുന്നു. കോവിഡ് മഹാമാരി തീർത്ത വലിയ പ്രതിസന്ധികൾ അതിജീവിച്ചുകൊണ്ടും ഡിജിറ്റൽ ഡിവൈഡ് ഇല്ലാതാക്കിക്കൊണ്ടും സംസ്ഥാനത്തെ മുഴുവൻ വിദ്യാർത്ഥികളെയും ഒരേ നൂലിൽ കെട്ടിയ മുത്തുമണികൾപോലെ കോർത്തിണക്കി മുന്നോട്ട് കൊണ്ടുപോകാൻ പൊതുവിദ്യാഭ്യാസ വകുപ്പിന് സാധിച്ചിട്ടുണ്ട്. ഒരു വിദ്യാർത്ഥിക്കുപോലും വിദ്യാഭ്യാസം മുടങ്ങേണ്ട സാഹചര്യം ഈ

പ്രതിസന്ധിഘട്ടത്തിൽ ഉണ്ടായിട്ടില്ല. സ്കൂൾ തുറന്നതുമുതൽ എല്ലാ സാഹചര്യങ്ങളും ഒരുക്കിക്കൊണ്ട് ഒരു ആക്ഷേപംപോലും ക്ഷണിച്ചുവരുത്താതെ സുഗമമായി നടത്തിക്കൊണ്ടുപോകാൻ വിദ്യാഭ്യാസ വകുപ്പിന് സാധിച്ചുവെന്നത് അഭിനന്ദനാർഹമാണ്. മഹാമാരിയുടെ മൂന്നാം തരംഗത്തിലും എസ്.എസ്.എൽ.സി., ഹയർസെക്കണ്ടറി പരീക്ഷകൾ കൃത്യമായി നടത്താൻ വകുപ്പിന് സാധിച്ചിട്ടുണ്ട്. എസ്.എസ്.എൽ.സി.-ക്ക് 426469 പേർ പരീക്ഷ എഴുതുകയും 99.26 ശതമാനം വിജയം കൈവരിച്ചുകൊണ്ട് 423303 പേർ ഉപരിപഠനത്തിന് അർഹത നേടുകയും ചെയ്തിട്ടുണ്ട്. ഹയർസെക്കണ്ടറിയുടെ വിജയശതമാനം 87.94 ആണ്. National Skills Qualification Framework (NSQF) പൂർണ്ണമായും നടപ്പിലാക്കിയതിനുശേഷമുള്ള വൊക്കേഷണൽ ഹയർസെക്കണ്ടറി പൊതുപരീക്ഷയുടെ വിജയ ശതമാനം 78.26 ആണ്. കോവിഡ് പ്രതിസന്ധികൾക്കിടയിൽ ഒരു പിഴവും വരുത്താതെ കൃത്യസമയത്ത് ഫലപ്രഖ്യാപനം നടത്തുന്നതിന് പ്രയത്നിച്ച വകുപ്പിനെയും മന്ത്രിയെയും അദ്ധ്യാപകരെയും ഉദ്യോഗസ്ഥരെയും പ്രത്യേകം അഭിനന്ദിക്കുന്നു. യു.ഡി.എഫ്. ഭരണകാലത്ത് എസ്.എസ്.എൽ.സി. ഫലപ്രഖ്യാപനത്തിൽ വലിയ വീഴ്ചയുണ്ടായിട്ടില്ലേ; പരീക്ഷാഭവന് വലിയ വീഴ്ചയുണ്ടായെന്ന് നമുക്ക്

മനസ്സിലാക്കാൻ സാധിച്ചിട്ടില്ലേ; പരീക്ഷയെഴുതിയവർക്ക് ഗ്രേഡ് നൽകാതെ പരീക്ഷയെഴുതാത്ത കുട്ടിക്ക് ഗ്രേഡ് കൊടുക്കുന്ന സാഹചര്യം നിങ്ങൾ ഭരിച്ചുകൊണ്ടിരിക്കുമ്പോഴല്ലേ ഉണ്ടായത്? ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം നിരവധി വികസന പ്രവർത്തനങ്ങൾ പൊതുവിദ്യാഭ്യാസ വകുപ്പിലുണ്ടായിട്ടുണ്ട്. ഈ വർഷം വികസന പ്രവർത്തനത്തിന്റെ ആദ്യഘട്ടത്തിൽ 122 സ്കൂളുകളും രണ്ടാം ഘട്ടത്തിൽ 53 സ്കൂളുകളും മൂന്നാം ഘട്ടത്തിൽ 75 സ്കൂളുകളും ഉദ്ഘാടനം ചെയ്യപ്പെട്ടു. ഇപ്രകാരം കേരളത്തിൽ ഈ വർഷം 250 പുതിയ സ്കൂൾകെട്ടിടങ്ങൾ ഉദ്ഘാടനം ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്. മുഖ്യമന്ത്രിയുടെയും വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെയും നേതൃത്വത്തിൽ കേരളത്തിലെ വിദ്യാഭ്യാസമേഖല നല്ലരീതിയിൽ പുരോഗമിച്ചുകൊണ്ടിരിക്കുന്നതിന്റെ സൂചനയാണിത്. സ്കൂളുകളുടെ ഉദ്ഘാടനങ്ങൾ ഉത്സവമായി മാറുന്ന കാഴ്ചയല്ലേ കേരളത്തിൽ കണ്ടുകൊണ്ടിരിക്കുന്നത്. ഓരോ ഉദ്ഘാടനവും നാടിന്റെ ആഘോഷമായി മാറുന്ന സാഹചര്യമാണുള്ളത്. 5 കോടി രൂപ നൽകുന്ന പദ്ധതിയിൽ 141 സ്കൂളുകളിൽ 125 എണ്ണവും പൂർത്തീകരിച്ചു. 3 കോടി രൂപ നൽകുന്ന പദ്ധതിയിൽ 114 സ്കൂളുകളുടെ പ്രവർത്തനം പൂർത്തീകരിച്ചു. ഒരു കോടി രൂപ വീതം നൽകുന്ന പദ്ധതിയിൽ 446 സ്കൂളുകളെ ഉൾപ്പെടുത്തുകയും ഇതിൽ 399

സ്കൂളുകളുടെ ഡി.പി.ആർ. കിഫ്ബി അംഗീകരിക്കുകയും ചെയ്തതിൽ 182 സ്കൂളുകളുടെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. പൊതുവിദ്യാഭ്യാസ വകുപ്പിന്റെ പ്ലാൻഫണ്ടുപയോഗിച്ച് 219 സ്കൂളുകളുടെയും നബാർഡ് ഫണ്ടുപയോഗിച്ച് 7 സ്കൂൾ കെട്ടിടങ്ങളുടെയും നിർമ്മാണം പുരോഗമിക്കുന്നു. ഇവിടെ കിഫ്ബിക്കെതിരായി പ്രതിപക്ഷം നിരന്തരം സംസാരിക്കുന്നുണ്ട്. കഴിഞ്ഞ 30-ാം തീയതി കേരളത്തിലെ മിക്ക നിയോജകമണ്ഡലങ്ങളിലും സ്കൂളുകളുടെ ഉദ്ഘാടനം നടക്കുമ്പോൾ ഒരു പ്രതിപക്ഷാംഗം കിഫ്ബിയെയും പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രിയെയും അഭിനന്ദിക്കാൻ തയ്യാറാകുന്ന കാഴ്ചയാണ് കണ്ടത്. പ്രതിപക്ഷംപോലും മനസ്സുകൊണ്ട് അംഗീകരിച്ച പ്രവർത്തനമാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി കേരളത്തിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്നതെന്നാണ് ഇത് സൂചിപ്പിക്കുന്നത്.

ഈ ഗവൺമെന്റ് നിരവധി സ്കൂൾ കെട്ടിടങ്ങളുടെ പ്രവൃത്തി പൂർത്തികരിച്ചിട്ടുണ്ട്. സ്കൂൾ കെട്ടിടങ്ങൾ പൊളിച്ചുകളയുന്ന സാഹചര്യം സൃഷ്ടിക്കപ്പെട്ടത് യു.ഡി.എഫ്.-ന്റെ കാലത്തല്ലേ? വാണിജ്യസമുച്ചയം നിർമ്മിക്കുന്നതിനുവേണ്ടി അട്ടക്കുളങ്ങരയിൽ പ്രവർത്തിച്ചിരുന്ന സ്കൂൾ പൊളിച്ചുകളയാൻ നിങ്ങൾ തീരുമാനിച്ചില്ലേ? വിദ്യാഭ്യാസം ആദായകരമല്ലെന്ന കണ്ടുപിടുത്തം നടത്തിയത് യു.ഡി.എഫ്. ആണ്.

അങ്ങനെ കേരളത്തിലെ എത്രയോ സ്കൂളുകൾ നിങ്ങൾ പൊളിച്ചുകളയാൻ തീരുമാനിച്ചു. പൊതുവിദ്യാലയങ്ങളിൽ ലക്ഷക്കണക്കിന് വിദ്യാർത്ഥികൾ കുറയുന്നത് യു.ഡി.എഫ്. ഭരിക്കുന്ന കാലഘട്ടത്തിലായിരുന്നു. കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ഗവൺമെന്റ് അധികാരത്തിലിരിക്കുമ്പോൾ 10 ലക്ഷത്തിലധികം കുട്ടികൾ പുതുതായി പൊതുവിദ്യാലയങ്ങളിലേയ്ക്ക് കടന്നുവരുന്ന സാഹചര്യമുണ്ടായി. കേരളത്തിൽ കോഴയുണ്ടെങ്കിലേ കാര്യങ്ങൾ നടക്കുകയുള്ളൂവെന്ന് ശ്രീ. എ. കെ. ആന്റണി പറഞ്ഞത് നിങ്ങളുടെ ഭരണകാലത്താണ്. വിദ്യാഭ്യാസ മേഖലയിൽ ഏറ്റവും കൂടുതൽ അഴിമതി നടന്നത് യു.ഡി.എഫ്. ഭരിക്കുമ്പോഴായിരുന്നു. ഇക്കാര്യങ്ങൾ പറഞ്ഞത് ഞാനോ ഇടതുപക്ഷ നേതാക്കളോ അല്ല; നിങ്ങളുടെ പ്രിയപ്പെട്ട നേതാക്കൾ തന്നെയാണ്.

ശ്രീ. കെ. എം. സച്ചിൻദേവ് പാഠപുസ്തകവുമായി ബന്ധപ്പെട്ട വിഷയത്തെക്കുറിച്ച് സൂചിപ്പിച്ചു. യു.ഡി.എഫ്. ഭരണകാലത്ത് സ്കൂൾ കുട്ടികൾക്ക് യഥാസമയം പാഠപുസ്തകം വിതരണം ചെയ്യാൻ സാധിച്ചില്ല. നിങ്ങൾക്ക് കൊടുക്കാൻ സാധിക്കാത്ത പാഠപുസ്തകങ്ങളെ പേപ്പർ പ്ലേറ്റാക്കി വിതരണം ചെയ്ത വാർത്ത പുറത്തുവന്നപ്പോഴാണ് ഇത് ഏവരുടെയും ശ്രദ്ധയിൽപ്പെട്ടത്. എന്നാൽ ഈ ഗവൺമെന്റിന് 26 ലക്ഷം

വിദ്യാർത്ഥികൾക്ക് പാഠപുസ്തകങ്ങളും 9 ലക്ഷം യൂണിഫോമും സൗജന്യമായി വിതരണം ചെയ്യാൻ സാധിച്ചിട്ടുണ്ട്.

ജ്ഞാന സമൂഹത്തിലൂടെ നവകേരളം എന്ന ലക്ഷ്യത്തിലേയ്ക്കുള്ള സുപ്രധാന ചുവടുവയ്പ്പായി പാഠ്യപദ്ധതി പരിഷ്കരണം ആരംഭിക്കുകയാണ്. ദേശീയ വിദ്യാഭ്യാസനയത്തിന്റെ അടിസ്ഥാനസ്വഭാവങ്ങൾ എന്താണെന്ന് നമുക്കറിയാം. കേന്ദ്രീകരണവും കമ്പോളവത്കരണവും വർഗ്ഗീയവത്കരണവുംവഴി വർഗ്ഗീയപരമായി നാടിനെയും വിദ്യാഭ്യാസത്തെയും കൊണ്ടുപോകാൻ ശ്രമിക്കുമ്പോൾ മതനിരപേക്ഷ ജനാധിപത്യ കാഴ്ചപ്പാടുകൾ ഉയർത്തിപ്പിടിച്ചുകൊണ്ട് ഇടതുപക്ഷ ജനാധിപത്യമുന്നണി പാഠ്യപദ്ധതി പരിഷ്കരണം കേരളത്തിൽ നടപ്പിലാക്കാൻ പോകുകയാണ്. തന്റെ ചുറ്റും നടക്കുന്ന വിവരങ്ങളെയും വികസിച്ചുവരുന്ന അറിവിനെയും വിശകലനം ചെയ്യാനും സന്ദർഭത്തിനനുസരിച്ച് പുതിയ അറിവ് നിർമ്മിക്കാനും കഴിയുന്ന വിദ്യാർത്ഥികൾക്ക് മാത്രമെ ആധുനികകാലത്ത് ജീവിക്കാൻ സാധിക്കുകയുള്ളൂ. പുതിയ കാലത്തെ അതിജീവിക്കാൻ കഴിയുന്ന നിലയിൽ വിദ്യാർത്ഥികളെ പ്രാപ്തരാക്കാൻ പുതിയ പാഠ്യപദ്ധതി പരിഷ്കരണത്തിന് കഴിയുമെന്നുള്ളതിൽ യാതൊരു സംശയവുമില്ല.

സാഹിത്യമേഖലയും സംസ്കാരവും ലോകത്തിനാകെ അഭിമാനമായിട്ടുള്ളതാണ്. പുതിയകാലത്ത് വായന കുഞ്ഞുങ്ങളിലേയ്ക്ക് എത്തിക്കുന്നതിന് 'വായനാ വസന്തം' പദ്ധതി, വിദ്യാർത്ഥികളുടെ സാഹിത്യരചനകൾ ക്രോഡീകരിച്ചുകൊണ്ട് പ്രിന്റ് ചെയ്ത് സ്കൂളുകൾക്ക് നൽകുന്ന പദ്ധതി, മലയാളത്തിന്റെ നാളത്തെ എഴുത്തുകാരെ വാർത്തെടുക്കുന്ന 'എഴുത്തു പച്ച' പദ്ധതി, സ്കൂളുകൾ മികവിന്റെ കേന്ദ്രങ്ങളാണെന്നും സ്കൂളുകളെ പൊതുജനങ്ങളുമായി ബന്ധപ്പെടുത്തണമെന്നുമുള്ള സർക്കാരിന്റെ കാഴ്ചപ്പാട്, സ്കൂളുകളിൽ നടക്കേണ്ട ജ്ഞാനനിർമ്മാണം സമൂഹത്തിന് പ്രയോജനപ്പെടുത്തുന്നതിന്റെ ആശയസാക്ഷാത്കാരത്തിനായി സ്കൂളുകളിൽ വെതർ സ്റ്റേഷനാരംഭിക്കുന്ന പദ്ധതി എന്നിങ്ങനെ ഒരു ദിവസം മുഴുവൻ സംസാരിച്ചാലും തീരാത്തയത്രയും പദ്ധതികൾ നടപ്പാക്കിയതിലൂടെ പൊതുവിദ്യാഭ്യാസ മേഖല മെച്ചപ്പെടുകയാണ്.

നമ്മുടെ വീടും അഭയവും സാദ്ധ്യതയും അർത്ഥവും അമ്മയുമൊക്കെയായ നമ്മുടെ മാതൃഭാഷയെ ചേർത്തുപിടിക്കുന്ന നിലയിലേയ്ക്ക് ഈ സർക്കാരിന്റെ പ്രധാനപ്പെട്ട കടമയായി അദ്ധ്യാപക ശാക്തീകരണ പദ്ധതി 'ഭാഷാമൃതം' നടപ്പിലാക്കി. ഇത്തരം നിരവധി പദ്ധതികൾ നടപ്പിലാക്കുന്നതോടൊപ്പം

ഉന്നതവിദ്യാഭ്യാസത്തെയും മുന്നോട്ടുകൊണ്ടുപോകുകയാണ്. ഞാൻ ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി അനുകൂലിച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. പ്രമോദ് നാരായൺ: സർ, ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. 460 കോടി വർഷം മുമ്പുള്ള പ്രപഞ്ച കാഴ്ചകളിലേയ്ക്ക് ജെയിംസ് ടെലസ്കോപ്പ് കൺതുറന്നതിന്റെ വിസ്മയവും നിളയിലെ അലകളെപ്പോലെ പരന്നൊഴുകിയ വാക്കുകളുടെ വസന്തകാലത്താൽ കാലത്തിന്റെ കഥ പറഞ്ഞ ശ്രീ. എം. ടി. വാസുദേവൻ നായർക്ക് കൈരളി പിറന്നാൾ ആശംസകൾ നേരുന്നതിന്റെ ആഹ്ലാദവും സ്മരിച്ചുകൊണ്ട് മനസ്സിൽ പുലരുന്ന ഈ ദിനത്തിൽ അവതരിപ്പിക്കപ്പെട്ട ധനാഭ്യർത്ഥനകളെ ഞാൻ പൂർണ്ണമായി പിന്തുണയ്ക്കുകയാണ്. എല്ലാ നിർവ്വചനങ്ങൾക്കുമപ്പുറത്തേയ്ക്ക് ഒരു സ്വതന്ത്ര മനുഷ്യൻ രൂപപ്പെടുന്ന ചേതോഹരമായ വിപ്ലവമാണ് വിദ്യാഭ്യാസം എന്ന കാര്യത്തിൽ സംശയമില്ല. അത്തരമൊരു വിദ്യാഭ്യാസ പ്രക്രിയയ്ക്ക് ഉണർവ് നൽകുന്ന Knowledge ecosystem (വൈജ്ഞാനിക ആവാസ വ്യവസ്ഥ)-ത്തിനുവേണ്ടി കോടിക്കണക്കിന് രൂപ ചെലവഴിച്ച് കെട്ടിടങ്ങൾ നിർമ്മിച്ചും ആധുനിക സൗകര്യങ്ങൾ ഏർപ്പെടുത്തിയും എൽ.ഡി.എഫ്. സർക്കാർ ഇന്നത്തെ കേരളത്തിനുവേണ്ടി മാത്രമല്ല വരുംകാലതലമുറകൾക്കുകൂടി സജ്ജമാക്കിക്കൊണ്ടിരിക്കുകയാണെന്ന വസ്തുത അഭിമാനത്തോടെ ഞങ്ങൾ

ഉയർത്തിക്കാട്ടുകയാണ്. വിദ്യാഭ്യാസത്തെക്കുറിച്ചുള്ള ഏത് ചർച്ചകളിലും access, quality, equity എന്നീ മൂന്ന് ഘടകങ്ങളെക്കുറിച്ച് നാം പറയാറുണ്ട്. Access-ന്റെ കാര്യത്തിൽ നാം ഒരുപാട് മുന്നിലെത്തിയിട്ടുണ്ട്. ഗുണമേന്മ നമ്മുടെ ലക്ഷ്യവും വഴിയുമാകണം. കേരളത്തിന്റെ പൊതുവിദ്യാഭ്യാസത്തിനുവേണ്ടിയുള്ള ഉജ്ജ്വലമായ പോരാട്ടത്തിൽ ഇന്നും കേരളം വീര്യത്തോടെ ഓർക്കുന്ന ശ്രീ. വി. ശിവൻകുട്ടി എന്ന വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ പാഠ്യപദ്ധതി പരിഷ്കരണത്തിനുള്ള ശ്രമങ്ങൾ നടക്കുകയാണ്. 'Child is Father of the Man' എന്ന് വില്യം വേഡ്സ്‌വർത്ത് പറഞ്ഞിട്ടുണ്ട്. 'അറിവ് ആർജ്ജിക്കുന്ന കുട്ടിയിൽനിന്നും അറിവ് സൃഷ്ടിക്കുന്ന കുട്ടിയിലേയ്ക്കാകണം നമ്മുടെ പാഠ്യപദ്ധതി പരിഷ്കരണ സമീപനത്തിന്റെ ആധാരം', എന്നാണ് കേരളം കരുതുന്നത്. നമ്മൾ പാഠ്യപദ്ധതി പരിഷ്കരണത്തോടെ ഫോക്കസ് ഏരിയകൾ നിർണ്ണയിക്കുകയും കേരള കരിക്കുലം ഫ്രെയിം വർക്ക് നിശ്ചയിക്കുകയും ചെയ്യുന്നു. ഇരുപതോ ഇരുപത്തിയഞ്ചോ ഫോക്കസ് ഏരിയകൾ നമുക്ക് നിശ്ചയിക്കാം. ഏത് വിദ്യാഭ്യാസ പ്രക്രിയയിലും പാഠ്യപദ്ധതി പരിഷ്കരണത്തിൽ ഒരു സാംസ്കാരിക ചരിത്രപശ്ചാത്തലമുണ്ട്. ഇവിടെ ആ ചരിത്ര പശ്ചാത്തലം നാഷണൽ എഡ്യൂക്കേഷൻ പോളിസിയാണ്. ഒരു കുട്ടിയുടെ മനസ്സിൽ അവൻ

രുചിക്കുന്ന, അനുഭവിക്കുന്ന, അവനിലേയ്ക്ക് നിർവ്വചിക്കപ്പെടുന്ന ഇന്ത്യ എന്ന സങ്കല്പത്തിന്റെ ആധാരപ്രേരണയായി നിൽക്കുന്നത് ജനാധിപത്യവും മതേതരത്വവുമാണ്. അതിനെക്കുറിച്ചെല്ലാം നിശബ്ദമാകുന്ന ദേശീയ വിദ്യാഭ്യാസനയത്തിന്റെ പ്രകാശത്തിനുപോലും കാണാനാകാത്ത ഇരുട്ട് സമ്മാനിക്കുന്ന നിശബ്ദതയിലേയ്ക്കാണ് വിദ്യാഭ്യാസത്തിന്റെ പാഠ്യപദ്ധതി പരിഷ്കരണത്തിൽ ഫോക്കസ് ഏരിയയായി നവോത്ഥാനത്തെ നാം ഉയർത്തിപ്പിടിക്കേണ്ടത്. കേരളത്തിലെ നവോത്ഥാന നായകന്മാർക്കൊപ്പം ചാവറ പിതാവിന്റെ ജീവിതവും അദ്ദേഹത്തിന്റെ സംഭാവനകളും നാം കൂടുതലായി ഉൾപ്പെടുത്തേണ്ടതുണ്ട്. കോവിഡാനന്തര വിദ്യാഭ്യാസ കാലഘട്ടത്തിലാണ് നമ്മൾ നിൽക്കുന്നത് എന്നത് പ്രധാനപ്പെട്ട കാര്യമാണ്. National achievement survey നടത്തിയപ്പോൾ learning objectives-ന്റെ നഷ്ടത്തെക്കുറിച്ച് തിരിച്ചറിയുകയുണ്ടായി. സാമ്പ്രദായികമായ പഠനരീതികൾപോലും കുട്ടിക്ക് ലഭിക്കുന്ന വിദ്യാഭ്യാസത്തിന്റെ ഉള്ളടക്കത്തിലും ഗുണമേന്മയിലും വലിയ നഷ്ടമുണ്ടാക്കിയിട്ടുണ്ട്. ആ ലേണിംഗ് ഗ്യാപ്പ് പരിഹരിക്കാൻ നമുക്ക് എന്ത് ചെയ്യാൻ കഴിയും? ലേണിംഗ് ഗ്യാപ്പ് പരിഹരിക്കാനാവശ്യമായ ബ്രിഡ്ജ് കോഴ്സുകൾ സംഘടിപ്പിക്കുന്നതിനെക്കുറിച്ച് ആലോചിക്കണം. സ്ത്രീകൾ പുരുഷന്റെ

ഇരയായിത്തീരുന്നതിനെക്കുറിച്ച് ചുട്ടുപൊള്ളുന്ന വാർത്തകൾ വരുന്ന കാലമാണിത്. വിദ്യാഭ്യാസത്തിന്റെ പ്രധാനപ്പെട്ട ഘടകമായ നൈതികതയുണ്ടാകുന്നത് equality-യിൽ നിന്നാണ്. ആണും പെണ്ണും ട്രാൻസ്ജെൻഡറും ഉൾപ്പെടെയുള്ളവർ ചേരുമ്പോഴുണ്ടാകുന്ന മഴവിൽ നിറങ്ങളുടെ മനോഹാരിതയുടെ തുല്യത ആർജ്ജിക്കുന്ന തരത്തിലുള്ള 'gender equality' കേരളത്തിന്റെ പാഠ്യപദ്ധതി പരിഷ്കരണത്തിന്റെ ആധാരമാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ടെക്നോളജിക്ക് വളരെയധികം പ്രാധാന്യമുണ്ട്. നാം ടെക്നോളജിയെക്കുറിച്ച് ഒരുപാട് പറയാറുണ്ട്. Technology redefines and rebalances the world; പക്ഷേ ടെക്നോളജിയുടെ കുരുക്കുകളിലേയ്ക്കും സങ്കീർണ്ണതകളിലേയ്ക്കും കുട്ടികളെ വിടരുത്. അവിടെയാണ് പ്രീ-പ്രൈമറി വിദ്യാഭ്യാസത്തിന്റെ ആവശ്യകതവരുന്നത്. ഞാൻ മോണ്ടിസോറി വിദ്യാഭ്യാസത്തിന്റെ ആവശ്യകതയെക്കുറിച്ച് മുമ്പ് ചൂണ്ടിക്കാണിച്ചിരുന്നു. ചിരിയും കരച്ചിലും ഭാവനയുമായി വരുന്ന ഈ മൃദുമനസ്സുകളെ ടെക്നോളജിയുടെ തലത്തിലേയ്ക്ക്മാത്രം വിടാതെ മോണ്ടിസോറി വിദ്യാഭ്യാസത്തെ ആധാരമാക്കുന്ന പ്രീ-പ്രൈമറിക്കുവേണ്ടിയുള്ള പ്രത്യേകമായ ഒരു സമീപനം കേരളത്തിലുണ്ടാകണമെന്ന്

അഭ്യർത്ഥിക്കുകയാണ്. പരീക്ഷാ പരിഷ്കരണം സംബന്ധിച്ച് പരിശോധിക്കുമ്പോൾ മനസ്സിലാകുന്നത്, നമ്മുടെ പരീക്ഷകൾ പരിഷ്കരിക്കപ്പെട്ടിട്ട് എത്രയോ കാലമായിയെന്നാണ്. പരീക്ഷാ പരിഷ്കരണത്തിനുവേണ്ടി പാഠ്യപദ്ധതി പരിഷ്കരണം നടത്താൻ ബഹുമാനപ്പെട്ട പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി വി. ശിവൻകുട്ടി കാണിക്കുന്ന ഇച്ഛാശക്തി നാം കാണേണ്ടതാണ്. SCERT, SIET, SIEMAT തുടങ്ങി വിദ്യാഭ്യാസ രംഗത്തെ സ്ഥാപനങ്ങളെ ഒരുമിപ്പിച്ചുകൊണ്ട് കേരളത്തിന്റെ പരീക്ഷാ പരിഷ്കരണത്തിനായി ഒരു സമിതിയുണ്ടാക്കണം. പരീക്ഷാപരിഷ്കരണത്തിന്റെ കാര്യത്തിൽ കുട്ടിയെയും അദ്ധ്യാപകനെയും നാം കുറ്റപ്പെടുത്താറുണ്ട്. Programme for International Student Assessment (PISA) എഴുപത്തിമൂന്ന് രാജ്യങ്ങളിൽ നടത്തിയപ്പോൾ 72-ാമത്തെ സ്ഥാനമാണ് ഇന്ത്യയ്ക്കുള്ളത്. ഇത്രയും കാലം പിന്നിട്ടെങ്കിലും ബോധനശാസ്ത്രത്തിൽ, pedagogy (അദ്ധ്യാപനശാസ്ത്രം)-ൽ വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ച് നാം ചിന്തിച്ചിട്ടില്ല. ഫിൻലാൻഡും ചൈനയുമൊക്ക ഇക്കാര്യത്തിൽ ഇന്ത്യയെക്കാൾ എത്രയോ മുന്നിലാണ്. പരീക്ഷാ പരിഷ്കരണത്തിനായി ഒരു പ്രത്യേക സമിതിയെ നിശ്ചയിച്ചുകൊണ്ട് അക്കാര്യത്തിൽ മാറ്റമുണ്ടാക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ടും ഈ

ധനാഭ്യർത്ഥനകളെ പൂർണ്ണമായി പിന്തുണച്ചുകൊണ്ടും ഞാൻ അവസാനിപ്പിക്കുകയാണ്.

ശ്രീ. എം. മുകേഷ്: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പൂർണ്ണമായി പിന്തുണയ്ക്കുകയാണ്. അടുത്തകാലത്ത് തിരുവനന്തപുരത്തുനിന്നും കൊല്ലത്തേയ്ക്ക് പോകുമ്പോൾ വഴിയിൽ വലിയൊരു ബോർഡ് കണ്ടു, അത് ഒരു സ്കൂളിന്റെ പരസ്യമായിരുന്നു, അതിൽ എഴുതിവച്ചിരുന്നത് 'ഞങ്ങളുടെ സ്കൂളിൽ ചാക്കോ മാഷന്മാരില്ല' എന്നായിരുന്നു. ആദ്യം എനിക്കത് മനസ്സിലായില്ല, പിന്നീടാണ് ഓർത്തത്, മലയാളി മറക്കാത്ത, മോഹൻലാൽ അഭിനയിച്ച 'സ്ഫടികം' എന്ന സിനിമയിലെ കഥാപാത്രമാണ് ചാക്കോമാഷ്. പിന്തിരിപ്പനായ, പിടിവാശിക്കാരനായ, കുട്ടികളെ മനസ്സിലാക്കാത്ത, അദ്ധ്യാപകനായ, പിതാവായ തിലകൻചേട്ടനാണ് ആ റോളിലുണ്ടായിരുന്നത്. ഒരുപാട് സ്വപ്നങ്ങളും പ്രതീക്ഷകളും കണ്ടുപിടിത്തങ്ങളും പരീക്ഷണങ്ങളുമൊക്കെ മനസ്സിൽ കൊണ്ടുനടന്ന സ്വന്തം മകനെ അടിച്ചമർത്തി അദ്ദേഹത്തെ ഒരു തെരുവു ഗുണ്ടയായ 'ആടുതോമ'യാക്കി മാറ്റിയ കഥാപാത്രമാണ് 'ചാക്കോ മാഷ്'. അതുതന്നെയാണ് സ്കൂളിന്റെ പരസ്യവാചകത്തിന്റെ ഫോക്കസ്, ഇവിടെ അങ്ങനെ സ്വപ്നങ്ങൾ തച്ചുടയ്ക്കുന്ന ഒരു മാഷന്മാരുമില്ലെന്ന് അവർ

പറയുകയാണ്. ഞാൻ ഇക്കാര്യം ആമുഖമായി പറഞ്ഞത്, കുട്ടികൾക്കുമാത്രമല്ല, പൊതുസമൂഹത്തിനും ഇത്തരം ചാക്കോമാഷന്മാരെ ആവശ്യമില്ല എന്നുസൂചിപ്പിക്കാനാണ്. പുതിയ ചിന്തകളെയും അഭിലാഷങ്ങളെയും സമൂഹത്തിന്റെ വികസന ആവശ്യങ്ങളെയും ഉൾക്കൊള്ളാൻ കഴിയാതെ, എല്ലായ്പ്പോഴും തർക്കവും പിടിവാശിയും നടത്തുന്ന ചാക്കോമാഷന്മാർ നമുക്കിടയിലും ഉണ്ടല്ലോ! ഇവർക്ക് വികസനത്തെക്കുറിച്ചും ഭാവികേരളം എങ്ങനെയിരിക്കണമെന്നതിനെക്കുറിച്ചും ചർച്ചചെയ്യാൻ താത്പര്യമില്ല. ചെറിയ രാഷ്ട്രീയ താത്പര്യങ്ങൾക്കുവേണ്ടി ഇവർ അജണ്ട തയ്യാറാക്കുന്നു. കുട്ടികൾപോലും നിരസിക്കുന്ന 'ചാക്കോമാഷ് സിൻഡ്രോം' സർക്കാർ വിരുദ്ധ പ്രക്ഷോഭങ്ങളിലും പ്രചാരണങ്ങളിലും പ്രകടമാണ്. ഭാവികേരളം എങ്ങനെയാകണമെന്നത് ചർച്ചചെയ്യേണ്ടത് ഓരോ പൗരന്റെയും ഉത്തരവാദിത്വം മാത്രമല്ല, ഓരോ രാഷ്ട്രീയ പാർട്ടിയുടെയും ദൗത്യം കൂടിയാണ്. ഇവിടെ വിവാദ കഥാപാത്രങ്ങൾക്കുപിന്നാലെ പായുന്ന രാഷ്ട്രീയ നേതാക്കളെയും മാധ്യമങ്ങളെയുമാണ് നാം കാണുന്നത്. ഇവർ വികസനവിരുദ്ധതയെ പരിപോഷിപ്പിക്കുകയാണ് ചെയ്യുന്നത്. കെ-റെയിലും കെ-ഫോണും ഉന്നതവിദ്യാഭ്യാസ രംഗത്തുണ്ടാകുന്ന വൻമാറ്റങ്ങളും

ചർച്ചചെയ്യാൻ ഇവർക്ക് താത്പര്യമില്ല. ഇവരുടെ താത്പര്യം 'വെളിപ്പെടുത്തലുകൾ' എന്ന ബ്ലാക്ക്മെയിലിംഗ് പരിപാടിയാണ്. നാടിനെ പിറകിലെത്തിക്കാൻ മത്സരിക്കുന്നവരാണ് അപ്രകാരം പ്രവർത്തിക്കുന്നത്. വികസനത്തെക്കുറിച്ചുള്ള നിരീക്ഷണം ഭൗതികതലത്തിൽ ചർച്ച ചെയ്യപ്പെടേണ്ടതാണ്. വൻകിട പദ്ധതികളും സാമൂഹ്യക്ഷേമ പദ്ധതികളും അടിസ്ഥാനസൗകര്യ വികസനവുമൊക്കെ നാടിന്റെ മുഖച്ഛായ മാറ്റിമറിക്കുമെന്ന കാര്യത്തിൽ തർക്കമില്ല. എന്നാൽ അതിനോടൊപ്പം നമ്മുടെ സാമൂഹ്യ പുരോഗതിയുടെ ഗുണകരമായ മാറ്റംകൂടി ചർച്ചചെയ്യപ്പെടണം. വിദ്യാഭ്യാസ-സാംസ്കാരിക മേഖലകളിലുണ്ടാകുന്ന സർഗ്ഗാത്മക മുന്നേറ്റങ്ങൾ എക്കാലത്തും നാടിന്റെ നവോത്ഥാന നിലവാരം ഉയർത്തിയിട്ടുണ്ട്. സംസ്ഥാന ബഡ്ജറ്റിലെ ചില പ്രഖ്യാപനങ്ങളിലൂടെ സർക്കാർ സാംസ്കാരിക-സർഗ്ഗാത്മക പ്രവർത്തനങ്ങൾക്ക് എത്രത്തോളം ഊന്നൽ നൽകുന്നുവെന്നതിന്റെ ഒന്നാംതരം തെളിവാണ് ഇതിലൂടെ ബോദ്ധ്യപ്പെടുത്തുന്നത്. മലയാളത്തിൽ എക്കാലത്തും ചർച്ച ചെയ്യപ്പെടുന്ന ഉന്നതനിലവാരമുള്ള കാവ്യമാണ് ചെറുശ്ശേരിയുടെ കൃഷ്ണഗാഥ. കണ്ണൂരിലെ ചിറയ്ക്കലിൽ ചെറുശ്ശേരിയുടെ പേരിലുള്ള സ്മാരക കേന്ദ്രത്തിന് 2 കോടി രൂപ അനുവദിച്ചിരിക്കുന്നു. തിരൂർ തുഞ്ചൻപറമ്പിൽ ഗവേഷണ

വിപുലീകരണത്തിനായി 1 കോടി രൂപയും പ്രശസ്ത സംഗീത സംവിധായകൻ എം. എസ്. വിശ്വനാഥന് പാലക്കാട് സ്മാരകം നിർമ്മിക്കുന്നതിനായി 1 കോടി രൂപയും സാമൂഹ്യപരിഷ്കർത്താവായിരുന്ന പണ്ഡിറ്റ് കറുപ്പന് എറണാകുളം ചേരാനല്ലൂരിൽ സ്മൃതിമണ്ഡപം സ്ഥാപിക്കുന്നതിനായി 30 ലക്ഷം രൂപയും ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നു. ഭാഷയ്ക്കും വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്കും സംഭാവന നൽകിയ ചാവറ അച്ചന്റെ പേരിൽ കോട്ടയത്തുള്ള ചാവറ സാംസ്കാരിക ഗവേഷണ കേന്ദ്രത്തിന് 1 കോടി രൂപയും കഥകളിയുടെ ഉപജ്ഞാതാവായ കൊട്ടാരക്കര തമ്പുരാന്റെ പേരിലുള്ള പഠനകേന്ദ്രത്തിന് 2 കോടി രൂപയും നവോത്ഥാന നായകനും കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ അനിഷേധ്യ നേതാവുമായിരുന്ന സഃ പി. കൃഷ്ണപിള്ളയുടെ പേരിൽ വൈക്കത്ത് സ്ഥാപിക്കാനുദ്ദേശിക്കുന്ന നവോത്ഥാന പഠനകേന്ദ്രത്തിനായി 2 കോടി രൂപയുമാണ് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നത്. വ്യത്യസ്ത ധാരകളിലെ എഴുത്തുകാർ, ചിന്തകർ, മറ്റ് കലാകാരന്മാർ തുടങ്ങിയവരുടെ സംഭാവനകൾ വരുംതലമുറകൾക്ക് കൈമാറ്റം ചെയ്യപ്പെടാനുള്ള സാംസ്കാരിക പ്രവർത്തനമാണ് മേൽപ്പറഞ്ഞ കണക്കുകൾ വ്യക്തമാക്കുന്നത്. ഇത് വളരെ പ്രാധാന്യത്തോടെയാണ് കാണേണ്ടത്. ഞാൻ അടുത്തകാലത്ത് ഒരു ചാനലിലെ ക്വിസ്

മത്സരപരിപാടിയിൽ പങ്കെടുത്ത അവസരത്തിൽ മത്സരാർത്ഥിക്ക് 50,000 രൂപ സമ്മാനമായി ലഭിക്കുന്ന ഒരു ചോദ്യം വന്നിരുന്നു. മത്സരാർത്ഥി ഇന്നത്തെ യുവതലമുറയിലെ കോളേജിൽ പഠിക്കുന്ന ഒരു പെൺകുട്ടിയാണ്. 50,000 രൂപയുടെ ചോദ്യത്തിനായി സ്ക്രീനിൽ നമ്മുടെ പ്രിയങ്കരനായിരുന്ന നടൻ ബാലൻ കെ. നായരുടെ ചിത്രമായിരുന്നു തെളിഞ്ഞിരുന്നത്. വളരെ എളുപ്പമുള്ള ചോദ്യമായിപ്പോയെന്നും 50,000 രൂപ നൽകുന്നതിന് ഈ ചോദ്യം വേണ്ടായിരുന്നെന്നും ഞാൻ മനസ്സിൽ വിചാരിച്ചു. ഉടനെ ഞാൻ ആ കുട്ടിയോട് പറഞ്ഞു, 'കോളടിച്ചു, ഈ ചിത്രത്തിൽ കാണുന്നത് ആരാണെന്ന് വേഗം പറഞ്ഞോളൂ' എന്ന്. എന്നാൽ കുട്ടി ഉടനെ ഉത്തരം പറയാതെ എന്നോട് ഒരു ക്ലൂ തരുമോയെന്നും ഇദ്ദേഹം രാഷ്ട്രീയക്കാരനാണോയെന്നും ശാസ്ത്രജ്ഞനാണോയെന്നും ചോദിച്ചപ്പോൾ ഞാൻ ശരിക്കും ഞെട്ടിപ്പോയി. 'ഓപ്പോൾ' എന്ന സിനിമയിലൂടെ ദേശീയ അവാർഡ് മലയാളത്തിന് വാങ്ങിത്തന്ന, പതിറ്റാണ്ടുകൾ നമ്മുടെ മനസ്സിൽ നിറഞ്ഞുനിന്ന ബാലൻ കെ. നായരെപ്പോലും പുതിയ തലമുറയ്ക്ക് അറിയില്ല, അവരെ കുറ്റംപറഞ്ഞിട്ട് കാര്യമില്ല. ഇപ്പറഞ്ഞത് ബാലൻ കെ. നായരുടെ മാത്രം അവസ്ഥയല്ല, മറ്റ് പല കലാകാരന്മാരും സാമൂഹ്യപ്രവർത്തകരും നവോത്ഥാന നായകന്മാരും നേരിടാനിടയുള്ള, നേരിട്ടുകൊണ്ടിരിക്കുന്ന അവസ്ഥയാണ്.

മൺമറഞ്ഞുപോയ കലാകാരന്മാരുടെയും നവോത്ഥാന നായകന്മാരുടെയും പ്രാധാന്യം പുതിയ തലമുറയ്ക്ക് ബോധ്യമാക്കിക്കൊടുക്കാനുള്ള ശ്രമമാണ് നവോത്ഥാന സമുച്ചയങ്ങൾ സ്ഥാപിച്ചുകൊണ്ട് സർക്കാർ നടത്തുന്നത്. കൊല്ലം, പാലക്കാട്, കാസർഗോഡ്, ജില്ലകളിൽ തുടക്കമിട്ട സാംസ്കാരിക സമുച്ചയങ്ങൾ പൂർത്തീകരണ ഘട്ടത്തിലാണ്. 57 കോടി രൂപ ചെലവിൽ കൊല്ലത്തെ ആശ്രാമം മൈതാനത്ത് നിർമ്മിച്ച സാംസ്കാരിക സമുച്ചയം ഉദ്ഘാടനത്തിനായി തയ്യാറെടുക്കുകയാണ്. ആഡിറ്റോറിയങ്ങൾ, ആർട്ട് ഗാലറി, ഓപ്പൺ എയർ തിയേറ്റർ, കഫറ്റേരിയ തുടങ്ങി എല്ലാവിധ ആധുനിക സജ്ജീകരണങ്ങളോടുംകൂടിയ കൾച്ചറൽ സെന്ററാണിത്. ഇത്രയും വലിയൊരു പ്രസ്ഥാനം തീർച്ചയായും പ്രൊഫഷണൽസിനെക്കൊണ്ടുമാത്രമെ നടത്താൻ പാടുള്ളൂ. പരിശീലനം നേടിയവരെയും പ്രസ്തുത കാര്യങ്ങളിൽ യോഗ്യതയുള്ളവരെയും കണ്ടുപിടിച്ച് അതിനുള്ള തുടക്കമിടണം. അല്ലെങ്കിൽ ഇതുകൊണ്ട് ആർക്കും ഉപകാരമില്ലാതാകുമെന്ന കാര്യം ബഹുമാനപ്പെട്ട സാംസ്കാരിക വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. അടുത്തിടെ ഡയറക്ടർ ശ്രീ. ജയരാജ് സംവിധാനംചെയ്ത 'കാഥികൻ' എന്ന സിനിമയിൽ എനിക്ക് വളരെ വ്യത്യസ്തമായ ഒരു കഥാപാത്രം അഭിനയിക്കാൻ അവസരം ലഭിക്കുകയുണ്ടായി; അതിൽ കാഥികനായാണ് ഞാൻ അഭിനയിച്ചത്.

കഥാപ്രസംഗ ചക്രവർത്തിയെന്ന് അറിയപ്പെടുന്ന വി. സാംബശിവന്റെ ശിഷ്യനായിട്ടാണ് ഞാൻ അതിൽ വേഷമിട്ടത്. ഏറ്റവും വലിയ വിഷമംതോന്നിയത്, ആ സെറ്റിലുണ്ടായിരുന്ന യുവതലമുറയിൽപ്പെട്ട അഭിനേതാക്കൾ, സാങ്കേതിക വിദഗ്ദ്ധർ എന്നിവരിൽ ആർക്കുംതന്നെ കഥാപ്രസംഗം എന്ന കലയെക്കുറിച്ചറിയില്ല, സാംബശിവനെപ്പറ്റി കേട്ടിട്ടുമില്ല. സാംബശിവന്റെ കഥപറച്ചിലിന്റെ ഓർമ്മ വീണ്ടെടുത്തപ്പോൾ എനിക്ക് ആ കഥാപാത്രത്തെ വിജയിപ്പിക്കാനായി എന്നാണ് ഡയറക്ടർ ശ്രീ. ജയരാജ് പറഞ്ഞത്. കൊല്ലം ചവറ തെക്കുംഭാഗത്ത് സാംബശിവന്റെ സ്മരണാർത്ഥം സ്മാരകം യാഥാർത്ഥ്യമാക്കിയ സാംസ്കാരിക വകുപ്പിനെ ഞാൻ പ്രത്യേകം അഭിനന്ദിക്കുകയാണ്. കേരളത്തിലെ ഒരു രക്ഷകർത്താവിനെ മാറ്റിനിർത്തിക്കൊണ്ട് നിങ്ങളുടെ ജീവിതത്തിലെ ഏറ്റവും വലിയ ആഗ്രഹമെന്താണെന്ന് ചോദിച്ചാൽ, നിസ്സംശയം അവർ പറയുന്നത്, എന്റെ കുട്ടികൾക്ക് ഏറ്റവും നല്ല വിദ്യാഭ്യാസം കൊടുക്കണമെന്നായിരിക്കും. അതിനായി മുണ്ട് മുറുക്കിയുടുത്ത് പട്ടിണികിടന്നും ലോണെടുത്തുമൊക്കെ കഷ്ടപ്പെടാൻ അവർ തയ്യാറാകും. കഴിഞ്ഞ ആറ് വർഷംകൊണ്ട് പത്ത് ലക്ഷം കുട്ടികളെയാണ് പേരുകേട്ട സ്കൂളുകളിൽനിന്നും ടി.സി. വാങ്ങി സർക്കാർ സ്കൂളുകളിലേയ്ക്ക് മാറ്റിച്ചേർത്തത്. ഇതുതന്നെ വിദ്യാഭ്യാസ രംഗത്തെ

മാറ്റത്തിന്റെ നല്ലൊരുദാഹരണമാണ്. സ്കൂൾതലത്തിലെ നിശബ്ദ വിപ്ലവത്തോടൊപ്പം ഗുണകരമായ മാറ്റങ്ങൾ ഉന്നതവിദ്യാഭ്യാസ രംഗത്തും പ്രകടമാണ്. ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാലയുടെ പ്രധാന പ്രവർത്തനങ്ങൾക്കായി 7 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്, ഇതിന്റെ ആസ്ഥാനമന്ദിര നിർമ്മാണത്തിനുള്ള തുക അനുവദിച്ചുകഴിഞ്ഞു. വർഷങ്ങൾക്കുമുമ്പ് ഞാനൊരു പ്രോഗ്രാമുമായി ബന്ധപ്പെട്ട് അമേരിക്കയിൽ പോയപ്പോൾ, യാത്രാമദ്ധ്യേ എന്റെ സ്പോൺസർ ഡോ. വിജയൻ എന്നോട് 'പത്ത് മിനിറ്റ് കാത്തിരിക്കണം, ഒരു ഓഫീസിൽ കയറാനുണ്ട് എന്നുപറഞ്ഞു. പത്തുമിനുട്ടിനുശേഷം വളരെ സന്തോഷവാനായി തിരികെവന്ന് ഇങ്ങനെ പറഞ്ഞു, 'വളരെക്കാലത്തെ എന്റെ ഒരാഗ്രഹം സാധിച്ചു'. എന്താണതെന്ന് ഞാൻ ചോദിച്ചപ്പോൾ, 'ഈ സർട്ടിഫിക്കറ്റ് കണ്ടോ, ഇന്നത് ലഭിച്ചു' എന്ന് അദ്ദേഹം പറഞ്ഞു. 'എന്താ പുതിയ ഡിഗ്രിയെടുത്തോ' എന്ന് ഞാൻ ചോദിച്ചു. 'അല്ല, ഭിന്നശേഷിക്കാരൻ എന്ന സർട്ടിഫിക്കറ്റ് ഗവൺമെന്റ് തന്നിരിക്കുകയാണ് എന്നദ്ദേഹം പറഞ്ഞു. 'താങ്കളെ കണ്ടിട്ട് ഭിന്നശേഷിക്കാരനാണെന്ന് തോന്നുന്നില്ലല്ലോ'യെന്ന് ഞാൻ ചോദിച്ചു. ജന്മനാ തനിക്ക് ഒരു കാലിന് ചെറിയ വളർച്ചക്കുറവുണ്ടെന്ന് അദ്ദേഹം പറഞ്ഞു. സാധാരണഗതിയിൽ നമ്മുടെ

നാട്ടുനടപ്പനുസരിച്ച് അങ്ങനെയെന്തെങ്കിലുമുണ്ടെങ്കിൽ നമ്മളത് മറച്ചുവച്ച് ഒരു കുഴപ്പവുമില്ലെന്ന് പറയുന്നതല്ലേ നമ്മുടെ ശീലമെന്ന് ഞാൻ അദ്ദേഹത്തോട് ചോദിച്ചു. 'അമേരിക്കയിൽ ഭിന്നശേഷിക്കാർക്ക് കിട്ടുന്ന മുന്തിയ പരിഗണന നമ്മളെയെല്ലാം അത്ഭുതപ്പെടുത്തും ശ്രീ. മുകേഷ് ' എന്നാണ് അദ്ദേഹം പറഞ്ഞത്. പൊതുയിടങ്ങളിൽ, നിരത്തിൽ, ഓഫീസിൽ, സൂപ്പർമാർക്കറ്റിൽ, തിയേറ്ററിൽ, ഹോസ്പിറ്റലിൽ, പാർക്കിംഗ് ലോബിയിൽ തുടങ്ങി സർവ്വസ്ഥലങ്ങളിലും ഭിന്നശേഷിക്കാർക്ക് മുന്തിയ പരിഗണനയാണ് ലഭിക്കുന്നത്. തനിക്കും ഇനിമുതൽ ആ പരിഗണന ലഭിക്കാൻപോകുന്നുവെന്ന സന്തോഷമായിരുന്നു അദ്ദേഹത്തിനുണ്ടായിരുന്നത്. ഇത്തരത്തിൽ ഭിന്നശേഷിക്കാർക്ക് മുന്തിയ പരിഗണന ലഭിക്കുന്ന നല്ലകാലം നമുക്കും സൃഷ്ടിക്കണം. അടുത്തിടെ 'കടുവ' എന്നൊരു സിനിമ പുറത്തിറങ്ങി. അതിൽ ഭിന്നശേഷിക്കാരെക്കുറിച്ച് മോശപ്പെട്ട രീതിയിൽ ചെറിയൊരു പരാമർശമുണ്ടായിയെന്ന പരാതിയുണ്ടായതിനെത്തുടർന്ന് അതിന്റെ നായകനും സംവിധായകനും മാപ്പ് പറഞ്ഞതിനെ ഞാൻ സ്വാഗതം ചെയ്യുന്നു. നമ്മുടെ ചുറ്റുപാടുകൾ എത്രമാത്രം ബോധവത്ക്കരിക്കപ്പെട്ടുവെന്നതിലേയ്ക്കാണ് ആ സംഭവം വിരൽ ചൂണ്ടുന്നത്. ഭിന്നശേഷിക്കാരെ സംബന്ധിച്ച് സർക്കാരിന്റെ കരുതലിന്റെ പശ്ചാത്തലത്തിൽകൂടിയാണ് ഞാൻ ഈ

സംഭവത്തെ നോക്കിക്കാണുന്നത്. ഇതിന്റെയർത്ഥം, പാർശ്വവത്കരിക്കപ്പെട്ട ആ വിഭാഗത്തിന്റെ ബോധപൂർവ്വമല്ലാത്ത പരാമർശം വന്നതുപോലും പൊതുസമൂഹം ഗൗരവമായി ചർച്ച ചെയ്തുവെന്നാണ്. സംസ്ഥാന ബഡ്ജറ്റിൽ വിദ്യാലയ അന്തരീക്ഷത്തെ ഭിന്നശേഷി സൗഹൃദമാക്കിത്തീർക്കുന്നതിന് 15 കോടി രൂപയാണ് നീക്കിവച്ചിരിക്കുന്നത്. ഉന്നത വിദ്യാഭ്യാസ രംഗത്ത് ആഗോള നിലവാരമുള്ള പദ്ധതികൾ, നയരൂപീകരണം തുടങ്ങിയവ കാണുമ്പോൾ നമ്മുടെ നിലവാരത്തെക്കുറിച്ച് ബോധ്യമുണ്ടാകും. പരമ്പരാഗത മാതൃകകളെ മറികടന്ന ഇച്ഛാശക്തിയാണ് സർക്കാരിനുള്ളത്. എക്കാലത്തും ലാറ്റിൻ അമേരിക്കൻ സാഹിത്യവും അവിടത്തെ രാഷ്ട്രീയ പ്രവണതകളുമെല്ലാം നമുക്ക് പ്രിയങ്കരമാണ്. ഈ ധനാഭ്യർത്ഥനയെ ഒരിക്കൽക്കൂടി പിന്തുണച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീമതി ദെലീമ: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ സർവ്വാത്മനാ പിന്തുണയ്ക്കുന്നു. കലയുടെ വളർച്ചയിൽ അഭിമാനംകൊണ്ട് രണ്ടുവരി പാടുകയാണ്.

" ചന്ദ്രകളഭം ചാർത്തിയുറങ്ങും തീരം

ഇന്ദ്രധനുസ്സിൻ തൂവൽ പൊഴിയും തീരം

ഈ മനോഹര തീരത്തുതരുമോ

ഇനിയൊരു ജന്മം കൂടി

എനിക്കിനിയൊരു ജന്മം കൂടി."

മലയാള സാഹിത്യത്തിലെ പ്രശസ്തനായ കവിയും അനേകം ജനപ്രിയ ചലച്ചിത്ര നാടക ഗാനങ്ങളുടെ രചയിതാവുമായ വയലാറിന്റെ വരികളാണിത്. അദ്ദേഹത്തിന്റെ ജില്ലയായ ആലപ്പുഴയിലെ ചേർത്തല താലൂക്കിൽ അദ്ദേഹം ജനിച്ച മണ്ണിൽ എനിക്കും ജനിക്കാൻ ഭാഗ്യമുണ്ടായല്ലോയെന്നോർത്ത് ഞാൻ എന്നും അഭിമാനം കൊള്ളുന്നു. അദ്ദേഹം കേരള ജനതയുടെ മനസ്സിലേയ്ക്കാണ് ഓരോ വരികളും കോറിയിട്ടത്. ആ മനോഹര ഗാനങ്ങൾ താലോലിക്കുന്ന ഓരോ മലയാളിയുടെയും ഹൃദയത്തിൽ വയലാർ ജീവിക്കുന്നുണ്ട്. മഹാപ്രളയവും കോവിഡും തകർത്താടിയ ഈ മനോഹരതീരത്ത് ജനങ്ങളെ കൈവെള്ളയിൽ ചേർത്ത് നെഞ്ചിലേറ്റിയ സർക്കാരാണ് പിണറായി സർക്കാർ. ലോകത്തെ പല രാജ്യങ്ങളിലും സാമ്പത്തിക പ്രതിസന്ധി അതിരൂക്ഷമായിക്കൊണ്ടിരിക്കുകയാണ്. ആഗോളതാപനത്തെത്തുടർന്നുള്ള കാലാവസ്ഥാവ്യതിയാനങ്ങളും കോവിഡ് മഹാമാരിയും ലോകത്തെ തകർത്തുകൊണ്ടിരിക്കുകയാണ്. ഇന്ത്യയിലെ ഒട്ടനവധി സംസ്ഥാനങ്ങളിലും ഈ അവസ്ഥ നിലനിൽക്കുമ്പോൾ കേരളമെന്ന നമ്മുടെ കൊച്ചുസംസ്ഥാനം പിണറായി സർക്കാരിന്റെ കീഴിൽ സുരക്ഷിതമാണ്. കേരളത്തിന്റെ രാഷ്ട്രീയ

ചരിത്രം തിരുത്തിക്കുറിച്ചുകൊണ്ട് 2021-ൽ അധികാരത്തിലേറിയ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ ഒരു വർഷം പൂർത്തീകരിച്ചപ്പോൾ സാമൂഹ്യക്ഷേമ-വിദ്യാഭ്യാസ-കലാസാംസ്കാരിക-മറ്റിതര മേഖലകളിൽ ദീർഘകാലാടിസ്ഥാനത്തിലുള്ള വികസന മുന്നേറ്റമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. വിദ്യാഭ്യാസ മേഖലയെ കച്ചവടച്ചരക്കായി കാണുന്ന നയം പ്രതിപക്ഷം സ്വീകരിക്കുമ്പോൾ വിദ്യാഭ്യാസം, സാമൂഹ്യ മാറ്റത്തിനുള്ള ഉപാധിയും സോഷ്യൽ ഇൻവെസ്റ്റ്മെന്റുമായാണ് ഇടതുപക്ഷം കാണുന്നത്. പൊതുവിദ്യാഭ്യാസത്തെ ശക്തിപ്പെടുത്താനുള്ള നടപടികളാണ് ഇടതുപക്ഷം എക്കാലവും സ്വീകരിച്ചിട്ടുള്ളത്. അതുകൊണ്ടാണ് 1957-ലെ സർക്കാർ ഭൂപരിഷ്കരണ നിയമം അവതരിപ്പിക്കുന്നതിനുമുമ്പുതന്നെ വിദ്യാഭ്യാസ പരിഷ്കരണത്തിനുള്ള ബിൽ അവതരിപ്പിച്ചത്. ഈ പാരമ്പര്യമാണ് ഇടതുപക്ഷം അധികാരത്തിൽവന്ന സന്ദർഭങ്ങളിലെല്ലാം തുടർന്നുവന്നതെന്ന് അഭിമാനത്തോടെ പറയാൻ സാധിക്കും. തൊട്ടുകൂടായ്മയും തീണ്ടിക്കൂടായ്മയും പിന്നാക്കാവസ്ഥയും നിലനിന്നിരുന്ന നമ്മുടെ സംസ്ഥാനത്തെ ആധുനിക കേരളമായി കെട്ടിപ്പടുത്ത നവോത്ഥാന നായകരെല്ലാം വിദ്യാഭ്യാസത്തെ സാമൂഹ്യ നവീകരണത്തിനുള്ള ആയുധമാക്കിത്തീർക്കുകയാണ് ചെയ്തത്. എന്നാൽ യു.ഡി.എഫ്.

അധികാരത്തിലെത്തുമ്പോഴെല്ലാം ഈ മഹനീയ മാതൃകയെയും പാവപ്പെട്ട മനുഷ്യരുടെ വിദ്യാഭ്യാസാവകാശങ്ങളെയും അട്ടിമറിക്കുന്ന നടപടികളാണ് സ്വീകരിച്ചുകൊണ്ടിരുന്നത്. സ്കൂൾ കെട്ടിടങ്ങൾ നവീകരിക്കാതിരിക്കുക, പാഠപുസ്തകങ്ങൾ സമയത്ത് ലഭ്യമാക്കാതിരിക്കുക, സമയാസമയങ്ങളിൽ പാഠ്യപദ്ധതി പരിഷ്കരിക്കാതിരിക്കുക എന്നിങ്ങനെയുള്ള അട്ടിമറി പദ്ധതികളാണ് ഇന്നത്തെ പ്രതിപക്ഷം അവരുടെ ഭരണകാലത്ത് നടപ്പിലാക്കിക്കൊണ്ടിരുന്നത്. അന്നൊക്കെ സംസ്ഥാനത്ത് പ്രളയമോ കോവിഡോ നിപയോ കൊടുങ്കാറ്റോ ഉരുൾപൊട്ടലോ മറ്റ് പ്രകൃതി ദുരന്തങ്ങളോ ഒന്നുമില്ലാത്ത മെച്ചപ്പെട്ട സാമ്പത്തിക സ്ഥിതിയുടെ കാലഘട്ടമായിരുന്നു. സ്കൂളുകളിൽ കുട്ടികൾ കുറയുമ്പോൾ അത് ആദായകരമല്ലെന്ന് കാണിച്ച് അടച്ചുപൂട്ടുന്ന നയമാണ് യു.ഡി.എഫ്. ഗവൺമെന്റ് നടപ്പിലാക്കിയത്. എന്നാൽ പൊതുവിദ്യാലയങ്ങളെ വീണ്ടെടുക്കുകയാണ് ഇടതുപക്ഷ സർക്കാരുകൾ നടപ്പിലാക്കിയതെന്ന് അടിവരയിട്ട് പറയാൻ സാധിക്കും. പൊതു വിദ്യാഭ്യാസ രംഗത്ത് ഒട്ടനവധി പരിഷ്കാരങ്ങളാണ് ഗവൺമെന്റ് നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. ഹയർ സെക്കണ്ടറി, എസ്.എസ്.എൽ.സി. പരീക്ഷകളും പരീക്ഷാഫലങ്ങളും സമയബന്ധിതമായി പൂർത്തിയാക്കാൻ സർക്കാരിന് സാധിച്ചിട്ടുണ്ട്.

ഭിന്നശേഷി വിദ്യാർത്ഥികളുടെ പഠന പിന്തുണയ്ക്കായി സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ സേവനം ഉറപ്പാക്കി, പാഠ്യപദ്ധതി പരിഷ്കരണത്തിന് തുടക്കം കുറിച്ചു, മാതൃഭാഷാ പഠനത്തിന് പ്രത്യേകം ശ്രദ്ധ നൽകി, പാഠപുസ്തകങ്ങളിൽ അക്ഷരമാല ഉൾപ്പെടുത്താൻ തീരുമാനിച്ചു, സ്കൂളുകളിൽ ലിംഗ സമത്വം യാഥാർത്ഥ്യമാക്കാൻ ബോയ്സ് സ്കൂളുകളെയും ഗേൾസ് സ്കൂളുകളെയും മിക്സഡ് സ്കൂളുകളാക്കാൻ നടപടി ആരംഭിച്ചു, സ്കൂൾ കെട്ടിടങ്ങളെല്ലാം ഹൈടെക് നിലവാരത്തിലേയ്ക്കെത്തിക്കാൻ നടപടി ആരംഭിച്ചതുൾപ്പെടെ ഒട്ടനവധി വികസനപ്രവർത്തനങ്ങളാണ് വിദ്യാഭ്യാസ മേഖലയിൽ നടപ്പിലായത്. ഇന്ന് ഗവൺമെന്റ് സ്കൂളുകളിൽ കുട്ടികൾക്ക് അഡ്മിഷൻ ലഭിക്കുന്നതിനായി മാതാപിതാക്കളുടെ ക്യൂവാണ് കാണാൻ സാധിക്കുന്നത്. വിദ്യാഭ്യാസ നിയമത്തിൽ കാലാനുസൃതമായ മാറ്റം അനിവാര്യമാണ്. കാലം മാറുന്നതനുസരിച്ച് വിദ്യാഭ്യാസ രീതിയിലും മാറ്റമുണ്ടാകണം എന്നതാണ് സർക്കാരിന്റെ മുഖമുദ്ര. എന്റെ കലാജീവിത കാലഘട്ടത്തിൽ നടപ്പാകാത്ത വൻ വികസനക്കുതിപ്പാണ് ഇന്നത്തെ കലാ സാംസ്കാരികരംഗത്ത് സംഭവിച്ചുകൊണ്ടിരിക്കുന്നത്. കലാസാംസ്കാരിക രംഗത്തെ ഇന്നത്തെ വളർച്ചയിൽ പ്രധാന പങ്കുവഹിച്ച സാംസ്കാരിക വകുപ്പുമന്ത്രിയായിരുന്ന ശ്രീ. സജി ചെറിയാനെ ഞാൻ അഭിനന്ദിക്കുകയാണ്.

കോവിഡ് പ്രതിസന്ധി ഏറ്റവും കൂടുതൽ ബാധിച്ച തൊഴിൽ മേഖലകളിലൊന്ന് കലാകാരന്മാരുടേതായിരുന്നു. കലാകാരന്മാരെന്നും അഭിമാനികളാണ്. അനേകം സംഭാവനകൾ സമൂഹത്തിന് നൽകികൊണ്ട് ജീവിതപ്രയാസങ്ങൾ അലട്ടുമ്പോഴും ആരുടെയും നേർക്ക് കൈ നീട്ടാതെ അവർ സ്വയം ഒതുങ്ങി പിന്നാമ്പുറങ്ങളിൽ ജീവിക്കുകയായിരുന്നു. ഇവരുടെ പ്രശ്നങ്ങൾ കണ്ടറിഞ്ഞ സർക്കാർ അവർക്ക് താങ്ങും തണലുമായിനിന്ന് വിവിധ പദ്ധതികൾ നടപ്പിലാക്കി. ഇതിൽ എടുത്തുപറയേണ്ട പദ്ധതിയാണ് സാംസ്കാരിക വകുപ്പിന്റെ കീഴിൽ ഭാരത് ഭവൻ മുഖാന്തരം നടപ്പിലാക്കിവരുന്ന 'മഴമിഴി' എന്ന ഓൺലൈൻ കലാപ്രദർശനം. കോവിഡുകാല പ്രതിസന്ധി നേരിടുന്ന കലാസമൂഹത്തിന് ഉണർവ്വും കൈത്താങ്ങുമേകാനാണ് മഴമിഴി എന്ന പരിപാടിയിലൂടെ ലക്ഷ്യമിട്ടത്. കേരളത്തിൽ അങ്ങോളമിങ്ങോളമുള്ള കലാകാരന്മാരെ സംഘടിപ്പിച്ചുകൊണ്ട് അവർക്ക് പ്രതിഫലം നൽകി പരിപാടികൾ അവതരിപ്പിച്ച് ചിത്രീകരിച്ച് ഓൺലൈൻവഴി പ്രദർശിപ്പിക്കുകയുണ്ടായി. ഈ പദ്ധതിക്ക് കലാകാരന്മാരിൽനിന്നും വലിയ സ്വീകാര്യതയാണ് ലഭിച്ചത്. ഇന്ത്യൻ ഭരണഘടന വാഗ്ദാനം ചെയ്യുന്ന സ്ത്രീ-പുരുഷ തുല്യത സമസ്ത മണ്ഡലങ്ങളിലും വിശേഷിച്ച് ആശയാവിഷ്കാരങ്ങളിൽ നടപ്പാക്കുകയെന്ന ഉദ്ദേശ്യത്തോടെ സാംസ്കാരിക വകുപ്പ് നടപ്പാക്കുന്ന മറ്റൊരു

പദ്ധതിയായിരുന്നു 'സമം'. സമീപകാലത്തായി സ്ത്രീകൾക്കും കുട്ടികൾക്കും നേരെ നടക്കുന്ന അതിക്രമങ്ങൾക്കെതിരെ സർഗ്ഗാത്മകമായി പ്രതികരിച്ച് സമസ്ത മേഖലകളിലും സ്ത്രീ-പുരുഷ സമത്വമെന്ന ആശയം പ്രചരിപ്പിക്കുന്നതിനായി വിഭാവന ചെയ്തിരിക്കുന്ന സമം പദ്ധതിയിൽ വൈവിദ്ധ്യപൂർണ്ണമായ പ്രവർത്തനങ്ങളാണ് ലക്ഷ്യമിടുന്നത്. ഇത്തരത്തിൽ ഒട്ടനവധി പ്രവർത്തനങ്ങൾ കലാസാംസ്കാരിക രംഗത്ത് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന സർക്കാരിന് കേരളത്തിലെ കലാകാരന്മാരുടെ പ്രതിനിധിയെന്ന നിലയിൽ ഞാൻ നന്ദി രേഖപ്പെടുത്തുന്നു. സമൂഹത്തിൽ കേരളത്തിന്റെ തനിമ നിലനിർത്തുന്ന നിരവധി കലാരൂപങ്ങളിൽ പലതും ഇന്ന് അന്യംനിന്നുപോകുന്ന അവസ്ഥയാണുള്ളത്. ശരിയായ പരിശീലനക്കുറവും അംഗീകാരമില്ലായ്മയുമാണ് പ്രശ്നം. ഈ അവസരത്തിലാണ് നമ്മുടെ സർക്കാർ ഈ കലാരൂപങ്ങളെ സംരക്ഷിക്കുന്നതിനുവേണ്ടി നിരവധി പദ്ധതികൾ ആവിഷ്കരിച്ചിരിക്കുന്നത്. ഇത്തരം കലാകാരന്മാരെ പ്രോത്സാഹിപ്പിക്കുന്നതിനും കോവിഡ് കാലഘട്ടത്തിൽ അവരെ സാമ്പത്തികമായി സഹായിക്കുന്നതിനുമായി നിയമസഭാ മന്ദിരത്തിൽ അവരെ ക്ഷണിച്ചുവരുത്തി അവരുടെ കലാരൂപങ്ങൾ നമ്മുടെ മുന്നിലും അവതരിപ്പിക്കാൻ അവസരം നൽകിയത്

കലാകാരന്മാർക്ക് വലിയ പ്രോത്സാഹനമാണ് നൽകിയത്. പലപ്പോഴും ഈ കലാകാരന്മാർ സാമ്പത്തികമായി ബുദ്ധിമുട്ടുന്ന വിഭാഗമാണെന്ന് സർക്കാർ തിരിച്ചറിയുന്നു. ഇവരുടെ കുടുംബങ്ങളിൽ ചില സന്ദർഭങ്ങളിൽ സാമ്പത്തികഭദ്രത തകിടം മറിയുന്ന നിരവധി അനുഭവങ്ങളുണ്ടായിട്ടുള്ളത് എനിക്കുമറിയാവുന്ന കാര്യമാണ്. ആയതിനാൽ ഇവർക്ക് പ്രത്യേക ആരോഗ്യ ഇൻഷ്വറൻസ് പരിരക്ഷ കൊടുക്കുന്നതിന് നടപടി സ്വീകരിക്കണമെന്നഭ്യർത്ഥിക്കുന്നു. സർക്കാർ നേരിട്ടും മറ്റ് സംഘടനകളുടെ ആഭിമുഖ്യത്തിലും നടത്തുന്ന സാംസ്കാരിക മേളകളിലും പൊതുകലാപരിപാടികളിലും ഗാനമേള അടക്കമുള്ള നിരവധി കലാപരിപാടികൾ സംഘടിപ്പിക്കാറുണ്ട്. പക്ഷെ ഈ പരിപാടികളിലെല്ലാം സിനിമാ-ടി.വി. മാധ്യമങ്ങളിലൂടെ പ്രശസ്തരായ കലാകാരന്മാർക്കാണ് കൂടുതൽ അവസരം ലഭിക്കുന്നതെന്ന പരാതി നിലനിൽക്കുന്ന സാഹചര്യത്തിൽ സർക്കാർ സംഘടിപ്പിക്കുന്ന പരിപാടികളിൽ ബഹുഭൂരിപക്ഷം വരുന്ന സാധാരണക്കാരായ കലാകാരന്മാർക്കുകൂടി അവസരം നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

എന്റെ മണ്ഡലമായ അരൂരിലും പരിസരപ്രദേശങ്ങളിലുമുള്ള തനത് നാടൻ കലാരൂപങ്ങളായ ചവിട്ടുനാടകം, പരിചമുട്ട്, കൈകൊട്ടിക്കളി,

കോൽക്കളി എന്നിവ അന്യംനിന്നുപോകുമോയെന്ന് ഞാൻ ഉത്കണ്ഠപ്പെടുന്നു. ആയതിനാൽ ഈ കലകളെയും മറ്റ് സാംസ്കാരിക രംഗത്തെ പ്രഗത്ഭരെയും പ്രോത്സാഹിപ്പിക്കുന്നതിന് ഒരു കലാസാംസ്കാരിക നിലയം എന്റെ മണ്ഡലത്തിൽ അത്യന്താപേക്ഷിതമായതിനാൽ ഈ വിഷയത്തിൽ പ്രത്യേക പരിഗണന ഈ സർക്കാരിന്റെ ഭരണ കാലത്തുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. കോവിഡ് വ്യാപനം മന്ദഗതിയിലാക്കിയ കേരളത്തിന്റെ കായിക മേഖല രോഗവ്യാപനം കുറഞ്ഞതോടുകൂടി സജീവമാകുകയാണ്. സങ്കീർണ്ണമായ പുതിയ ഭാവി നിലനിൽക്കെ കായികവിനോദം അത്യന്താപേക്ഷിതമാണെന്ന് സർക്കാർ തിരിച്ചറിയുന്നുണ്ട്. നമുക്ക് ചുറ്റും ദൈനംദിനം വർദ്ധിച്ചുകൊണ്ടിരിക്കുന്ന ജീവിതശൈലീ രോഗങ്ങളെ തടയുന്നതിനും ആരോഗ്യം നിലനിർത്തിക്കൊണ്ട് ഒരു പുതിയ തലമുറയെ വാർത്തെടുക്കുന്നതിനുംവേണ്ടി കായികപഠനം നിർബന്ധമാക്കണം. വിദേശ രാജ്യങ്ങളിൽ സ്പോർട്സിന്റെ പ്രാധാന്യം വളരെ വലുതാണ്. അതുപോലെ നമ്മുടെ സ്കൂൾകരിക്കുലത്തിൽ സ്പോർട്സ് നിർബന്ധമാക്കുന്നതിന് നടപടി സ്വീകരിക്കണം. 'ഒരു പഞ്ചായത്തിൽ ഒരു കളിക്കളം' എന്ന പദ്ധതി യാഥാർത്ഥ്യമാകുന്നതിലൂടെ കായികരംഗത്ത് വൻകുതിപ്പാണ് ഈ കൊച്ചുകേരളം കാഴ്ചവയ്ക്കാൻ പോകുന്നത്. പ്രതിസന്ധി കാലഘട്ടത്തിലും

കേരളത്തിൽ പിണറായി സർക്കാർ നടപ്പിലാക്കുന്ന വികസന പ്രവർത്തനങ്ങൾ കണ്ടില്ലെന്ന് നടിക്കുക മാത്രമല്ല, അതിനെ തകർക്കുന്ന നടപടികളാണ് പ്രതിപക്ഷം സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലഘട്ടത്തിൽ ഭരണകക്ഷി എം.എൽ.എ.-മാരുടെ മണ്ഡലങ്ങളിൽ മാത്രമായി ഒതുങ്ങിയിരുന്ന വികസന പ്രവർത്തനങ്ങൾ ഇന്ന് ഭരണ-പ്രതിപക്ഷ ഭേദമെന്യേ കേരളത്തിലെ എല്ലാ മണ്ഡലങ്ങളിലും നടപ്പാക്കിക്കൊണ്ടിരിക്കുകയാണെന്ന യാഥാർത്ഥ്യം പ്രതിപക്ഷംപോലും മനസ്സാൽ അംഗീകരിക്കുന്ന കാര്യമാണ്. ഈ സർക്കാർ ജനങ്ങളുടെ യാതൊരുവിധ അവകാശങ്ങളെയും ഘനീഭവിപ്പിച്ചിട്ടില്ല, അവർക്ക് ബുദ്ധിമുട്ടും വരുത്തിയിട്ടില്ല. തുടർന്നും ബുദ്ധിമുട്ട് ഉണ്ടാക്കുകയില്ലെന്ന് ദൃഢമായി വിശ്വസിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ഇന്ന് കേരളത്തിൽ പൊതു വിദ്യാഭ്യാസ വകുപ്പിനും ഉന്നതവിദ്യാഭ്യാസ വകുപ്പിനുമായി രണ്ട് വിദ്യാഭ്യാസ മന്ത്രിമാരാണുള്ളത്. എന്നിട്ടും കേരളത്തിലെ വിദ്യാഭ്യാസ മേഖല ഇഴഞ്ഞുനീങ്ങുന്ന ആമയെപ്പോലെയാണ്. കേരളത്തിൽ കോവിഡ് മഹാമാരി പിടിപെട്ട സാഹചര്യത്തിൽ രണ്ട് വർഷം വിദ്യാലയങ്ങൾ പ്രവർത്തിപ്പിക്കാൻ

സാധിച്ചില്ല. അതിനുശേഷം ഈ അദ്ധ്യയനവർഷം ആരംഭിക്കുന്ന അവസരത്തിൽ സ്കൂളുകളുടെ അടിസ്ഥാന സൗകര്യങ്ങളൊരുക്കേണ്ടതിനുപകരം രണ്ട് മന്ത്രിമാരുംകൂടി തൃക്കാക്കര ഉപതെരഞ്ഞെടുപ്പിന് മത്സരിക്കുന്ന അവരുടെ സ്ഥാനാർത്ഥിയെ വിജയിപ്പിക്കാനുള്ള പോരാട്ടത്തിലായിരുന്നു. സ്കൂൾ തുറന്നതിനുശേഷമുള്ള സ്ഥിതിയെന്താണ്? സ്കൂളുകളിൽ ഭക്ഷ്യവിഷബാധയുണ്ടായി. എത്ര വിദ്യാലയങ്ങളിലായിരുന്നു ഭക്ഷ്യ വിഷബാധയുണ്ടായത്? അത് പരിശോധിക്കാൻപോയ ഭക്ഷ്യ വകുപ്പുമന്ത്രി കഴിച്ച ഭക്ഷണത്തിൽനിന്നും കിട്ടിയത് തലമുടിയാണ്. യഥാർത്ഥത്തിൽ ഇന്ന് വിദ്യാഭ്യാസ മേഖല തകർന്നുകൊണ്ടിരിക്കുകയാണ്. പി.എസ്.സി. പരീക്ഷയെഴുതി അഡ്വൈസ് മെമ്മോ വന്ന് ജോലിക്കായി കാത്തിരിക്കുന്ന ഉദ്യോഗാർത്ഥികൾക്കുവേണ്ടി സഭയിൽ ഉന്നയിച്ച ചോദ്യത്തിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറഞ്ഞത്, അഡ്വൈസ് മെമ്മോ ലഭിച്ച മുഴുവൻ ഉദ്യോഗാർത്ഥികൾക്കും സർക്കാർ സ്കൂളുകളിൽ ജോലി കൊടുക്കുമെന്നാണ്. നിങ്ങൾ ജോലി കൊടുത്തോ? കൊടുത്തില്ല. ഇന്ന് കേരളത്തിൽ 8136 അദ്ധ്യാപക ഒഴിവുകളുണ്ട്. ഇക്കാര്യം വിദ്യാഭ്യാസ വകുപ്പുമന്ത്രി പരിശോധിക്കണം. അങ്ങ് ഇക്കാര്യങ്ങളിൽ ഇടപെടുന്ന ആളാണ്. പക്ഷെ നിങ്ങളെ

തെറ്റിദ്ധരിപ്പിക്കുന്നതിനും വഴിയാധാരമാക്കുന്നതിനുംവേണ്ടി നിരവധി ഉദ്യോഗസ്ഥർ ഈ വകുപ്പിലുണ്ടെന്ന് മറന്നുപോകരുത്. വയനാട് ജില്ലയിലുണ്ടായ സംഭവമെന്താണ്? സാധാരണ ജൂൺ 1-ന് സ്കൂൾ തുറന്നാൽ ആറാമത്തെ പ്രവൃത്തി ദിവസം 5 മണിക്ക് അഡ്മിഷനുള്ള സൈറ്റ് ഓഫ് ചെയ്യും. നിങ്ങളുടെ ജില്ലാസെക്രട്ടറിയുടെ മകന് വെള്ളമുണ്ട എ.യു.പി. സ്കൂളിൽ ജോലി കൊടുക്കുന്നതിനുവേണ്ടി തരുവണ ജി.യു.പി. സ്കൂളിലെ ഓഫ് ചെയ്ത അഡ്മിഷൻ സൈറ്റ് രാത്രി 8 മണിക്ക് വീണ്ടും ഓപ്പൺ ചെയ്ത് കുട്ടികളെക്കൊണ്ട് ടി.സി. വാങ്ങിപ്പിച്ചശേഷം അവർക്ക് തൊട്ടടുത്തുള്ള വെള്ളമുണ്ട എ.യു.പി. സ്കൂളിൽ അഡ്മിഷൻ കൊടുത്തു. ഇവിടെ യു.ഡി.എഫ്.-ന്റെ അഴിമതിയെക്കുറിച്ച് പറഞ്ഞല്ലോ. യു.ഡി.എഫ്. എവിടെയെങ്കിലും അഴിമതി നടത്തിയത് ചൂണ്ടിക്കാണിക്കാൻ കഴിയുമോ? ഇവിടെ ഭരണകക്ഷിയുടെ തെറ്റുകൾ തിരുത്തുന്നതിനുവേണ്ടിയാണ് പ്രതിപക്ഷം പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. ഞാൻ 2011-ൽ ഈ സഭയിൽ വന്നപ്പോൾ യു.ഡി.എഫ്. ഭരണപക്ഷത്തായിരുന്നു. ഭരണപക്ഷത്ത് ഇന്നിരിക്കുന്ന വിദ്യാഭ്യാസ വകുപ്പുമന്ത്രിയടക്കമുള്ളവർ ബഹുമാനപ്പെട്ട സ്പീക്കറുടെ ചെയറും കമ്പ്യൂട്ടറുമൊക്കെ തകർത്ത് ഇവിടെയുള്ള സ്റ്റാഫിനെയടക്കം വലിച്ച് പുറത്തിട്ടപ്പോൾ ഞങ്ങൾ ഇവിടത്തെ ഇരിപ്പിടങ്ങളിൽ മാത്രമാണ് ഇരുന്നത്,

ഒരു യുദ്ധത്തിനുവേണ്ടി നടുത്തളത്തിലേയ്ക്ക് വന്നില്ല. ഇന്ന് എന്താണ് കാണുന്നത്? പ്രതിപക്ഷനേതാവ് വാക്കൗട്ട് പ്രസംഗം നടത്തുമ്പോൾ ആ പ്രസംഗത്തെ കൗണ്ടർ ചെയ്യാൻവേണ്ടി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും പിന്തുണയോടുകൂടി ഭരണകക്ഷി എം.എൽ.എ.-മാർ നടുത്തളത്തിലിറങ്ങുകയാണ്. എന്ത് ആഭാസത്തരമാണിത്; ഇതാണോ ഭരണം; ഇവരെ നിയന്ത്രിക്കണ്ടേ; പ്രതിപക്ഷത്തിന് ശബ്ദിക്കാനുള്ള അവകാശം ഈ സഭയിലില്ലേ; ഇതൊക്കെയാണോ നടപടിക്രമങ്ങൾ?

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ
ശ്രീ. കെ. ഡി. പ്രസേനൻ]

ഇന്ന് വിദ്യാഭ്യാസ മേഖല തകർന്നുകൊണ്ടിരിക്കുന്നുവെന്ന് പറയാനുള്ള കാരണം ഇന്നത്തെ സാഹചര്യത്തിൽ ഒന്നാം ക്ലാസ്സിൽ അഡ്മിഷനെടുക്കുന്ന കുട്ടികളുടെ എണ്ണം കുറഞ്ഞിരിക്കുന്നു; എന്നാൽ രണ്ട് മുതൽ പത്ത് വരെ ക്ലാസ്സുകളിൽ കുട്ടികളുടെ എണ്ണം വർദ്ധിച്ചു. ഒന്നാം ക്ലാസ്സിൽ കുട്ടികൾ കുറയാനുള്ള കാരണമെന്താണ്? ഇന്ന് ചില അംഗങ്ങൾ വിദ്യാഭ്യാസ വകുപ്പിനെ പുകഴ്ത്തി സംസാരിച്ചല്ലോ, എന്തുകൊണ്ടാണ് ഒന്നാം ക്ലാസ്സിൽ കുട്ടികൾ കുറഞ്ഞതെന്ന് ഗവൺമെന്റ് മറുപടി പറയണ്ടേ? ഇന്ന് ഏകാദ്ധ്യാപക വിദ്യാലയങ്ങളുടെ സിൽവർ ജൂബിലി

ആഘോഷിക്കുകയാണ്. ഈ ഘട്ടത്തിൽ 272 ഏകാദ്ധ്യാപക വിദ്യാലയങ്ങളാണ് അടച്ചുപൂട്ടിയത്. അവിടെ അത്രയും വർഷം ജോലി ചെയ്തു, എല്ലാ ജോലിയും ചെയ്യാൻ തയ്യാറായ അദ്ധ്യാപകരെ നിങ്ങൾ എന്താണ് ചെയ്തത്? സുന്ദര കേരളം, ശുചിത്വ കേരളം, ഐക്യ കേരളം എന്നുപറയുന്ന ഈ സംസ്ഥാനത്തെ അദ്ധ്യാപകർക്കുണ്ടായ ഗതികേടെന്ന് പറയുന്നത്, നിങ്ങൾ അവർക്ക് സ്കൂളുകളിൽ ചൂലും ബക്കറ്റുമെടുത്ത് വൃത്തിയാക്കുന്ന സ്വീപ്പർ തസ്തികയിലേയ്ക്ക് നിയമനം കൊടുത്തുവെന്നതാണ്. ഏകാദ്ധ്യാപക വിദ്യാലയങ്ങൾ സിൽവർ ജൂബിലി ആഘോഷിക്കുന്ന ഈ വേളയിൽ അവിടത്തെ അദ്ധ്യാപകരെ നിങ്ങൾ തരംതാഴ്ത്തി. പല ആദിവാസി കോളനികളിലെയും കുട്ടികൾക്ക് ഇന്ന് വിദ്യാലയങ്ങളിലേയ്ക്ക് പോകാൻ കഴിയുന്നുണ്ടോ? കൊഴിഞ്ഞുപോക്ക് എന്ന് പത്രങ്ങളിൽ വാർത്തകൾ വരുന്നുണ്ട്. യു.ഡി.എഫ്.-ന്റെ കാലത്ത് കൊണ്ടുവന്ന ഗോത്രസാരഥി പദ്ധതി ഇന്ന് അട്ടിമറിക്കപ്പെട്ടിരിക്കുകയാണ്. വനാന്തരങ്ങളിൽ താമസിക്കുന്ന ആദിവാസി കുട്ടികളെ വിദ്യാലയങ്ങളിലേയ്ക്കെത്തിക്കുന്ന ഗോത്രസാരഥി പദ്ധതിക്കുവേണ്ടി ഉപയോഗിച്ച വാഹനങ്ങൾക്ക് പണം കൊടുത്തിട്ടില്ല. വിദ്യാഭ്യാസ വകുപ്പ് പട്ടികവർഗ്ഗ വകുപ്പുമായി ബന്ധപ്പെട്ടുകൊണ്ട് യോജിച്ചുള്ള നിലപാടല്ലേ സ്വീകരിക്കേണ്ടത്. അത്തരത്തിലുള്ള യോജിപ്പ് ഇന്ന്

കാണുന്നില്ല. അട്ടപ്പാടിയിൽ ഏകലവ്യ മോഡൽ റസിഡൻഷ്യൽ സ്കൂൾ ആരംഭിച്ചത് സ്വാഗതാർഹമാണ്. അക്കാര്യത്തിൽ എതിർപ്പില്ല; പക്ഷെ ഇന്ന് പ്ലസ് ടു പരീക്ഷ പാസ്സായ പല കുട്ടികൾക്കും ജില്ലയിൽ സീറ്റ് നിഷേധിക്കുന്ന നിലവന്നിരിക്കുകയാണ്. ഇവിടങ്ങളിൽ നിലവിലുള്ളതിനേക്കാൾ കൂടുതൽ സീറ്റ് വർദ്ധിപ്പിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ? വയനാട് പോലുള്ള ജില്ലകളിൽ 46 ശതമാനം വനാന്തരങ്ങളിൽ കഴിയുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ സ്ഥിതി വളരെ ദയനീയമാണ്. അവർക്ക് അഡ്മിഷൻ ലഭിക്കാതെ എവിടെയാണ് പോകേണ്ടത്; അവർക്ക് പഠിക്കണ്ടേ; അവർക്ക് ഉന്നത മേഖലകളിൽ എത്തണ്ടേ? അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി ഇടപെട്ട് ഇത്തവണ വയനാട് ജില്ലയിൽ പ്ലസ് ടു സീറ്റുകൾ വർദ്ധിപ്പിക്കുന്നതിനുള്ള സാഹചര്യമൊരുക്കണം. വിദ്യാലയങ്ങളിലെ രാഷ്ട്രീയത്തെക്കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. കെ.എസ്.യു., എം.എസ്.എഫ്. വിദ്യാർത്ഥികൾ ഒരിക്കലും ജനപ്രതിനിധികളുടെ ഓഫീസുകൾ അടിച്ചുതകർക്കില്ല. ശ്രീ. രാഹുൽഗാന്ധി എം.പി.-യുടെ ഓഫീസ് തകർത്തത് ഇവിടത്തെ എസ്.എഫ്.ഐ.-ക്കാരാണ്. xxxxxxxxx+.

\+ ബഹു. സഭാദ്ധ്യക്ഷന്റെ ഉത്തരവുപ്രകാരം (ഫയൽ നം.12643/ഇ.ബി./2022/നി.സെ. തീയതി 15-07-2022) രേഖയിൽ നിന്നും നീക്കംചെയ്തു.

ശ്രീ. എ. എൻ. ഷംസീർ: സർ, പോയിന്റ് ഓഫ് ഓർഡർ.

മി. ചെയർമാൻ: എന്താണ് പോയിന്റ് ഓഫ് ഓർഡർ?

ശ്രീ. എ. എൻ. ഷംസീർ: സർ, എസ്.എഫ്.ഐ.-യെക്കുറിച്ച് പരാമർശിക്കുമ്പോൾ XXXXXX+ എന്ന പരാമർശം രേഖയിലുണ്ടാകാൻ പാടില്ല. അങ്ങനെ പറയാൻ തുടങ്ങിയാൽ ഞങ്ങൾക്കും പലതും പറയേണ്ടിവരും. അതൊന്നും ഞങ്ങളെക്കൊണ്ട് പറയിക്കേണ്ട.

മി. ചെയർമാൻ: പരിശോധിച്ച് തീരുമാനിക്കാം.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, ഈ സംസ്ഥാനത്തെ കെ.എസ്.യു., എം.എസ്.എഫ്. പ്രവർത്തകർ നീതിക്കുവേണ്ടിയുള്ള പോരാട്ടമാണ് നടത്തുന്നത്. വയനാട് ജില്ലയിലെ തരുവണ ജി.യു.പി. സ്കൂളിൽ നിങ്ങളുടെ ജില്ലാ സെക്രട്ടറിയുടെ മകന് ജോലി കൊടുക്കുന്നതിനുവേണ്ടി കൈവിട്ട നിലപാടെടുത്തപ്പോൾ അതിനെതിരെ സർക്കാർ പ്രതികരിച്ചോ; ആ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചോ? ഇന്നും വിദ്യാഭ്യാസ വകുപ്പ് എ.ഇ.ഒ. ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരെ സംരക്ഷിക്കുകയാണ് ചെയ്യുന്നത്. ഇതുസംബന്ധിച്ച് വന്നിട്ടുള്ള റിപ്പോർട്ട് മന്ത്രി പുറത്തുവിടണ്ടേ; ഇതാണോ ഭരണം? ഈ ഭരണത്തിനോടാണ് പ്രതിപക്ഷം വളരെ വ്യക്തമായി തെറ്റുകൾ

\+ ബഹു. സഭാദ്ധ്യക്ഷന്റെ ഉത്തരവുപ്രകാരം (ഫയൽ നം.12643/ഇ.ബി./2022/നി.സെ. തീയതി 15-07-2022) രേഖയിൽ നിന്നും നീക്കംചെയ്തു.

ചൂണ്ടിക്കാണിക്കുന്നത്. തെറ്റുകൾ ചൂണ്ടിക്കാണിക്കുമ്പോൾ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് കൊള്ളരുതാത്തവനായി. ഇതല്ലേ നിലപാട്. ഐക്യജനാധിപത്യ മുന്നണി കേരളം ഭരിക്കുമ്പോൾ വിദ്യാഭ്യാസ മേഖലയിൽ ദിശാബോധവും കാഴ്ചപ്പാടുമുണ്ടായിരുന്നു. അന്ന് എസ്.എഫ്.ഐ.-ക്കാർ എന്തെങ്കിലും സമരം ചെയ്തിട്ടുണ്ടോ? ഇല്ല. നയപരമായ തീരുമാനങ്ങളെടുത്ത് പോയിട്ടുണ്ട്. ഇന്ന് കെട്ടിടങ്ങളും അടിസ്ഥാന സൗകര്യങ്ങളും വർദ്ധിച്ചുവെന്നത് യാഥാർത്ഥ്യമാണ്, അതൊന്നും എതിർക്കുന്നില്ല. നിങ്ങളുടെ സംസാരം കേൾക്കുമ്പാൾ തോന്നുന്നത്, 2016-ലാണ് കേരളത്തിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങിയതെന്നാണ്. കഴിഞ്ഞ കാലങ്ങളിൽ യു.ഡി.എഫ്. ചെയ്ത കാര്യങ്ങൾ മറച്ചുവച്ചുകൊണ്ട്, നിങ്ങളുടെ കോട്ടങ്ങൾ പറയാൻ തയ്യാറാകാതെ നേട്ടങ്ങൾ മാത്രം എടുത്തുപറഞ്ഞുകൊണ്ടാണ് നിങ്ങൾ മുന്നോട്ടുപോകുന്നത്. അന്തസ്സുള്ള ഭരണവും രാഷ്ട്രീയവുമാകണമെങ്കിൽ നിങ്ങളുടെ തെറ്റുകൾ ചൂണ്ടിക്കാണിച്ചുകൊണ്ട് അത് തിരുത്താനുള്ള നിർദ്ദേശങ്ങളാണ് മുന്നോട്ടുവയ്ക്കേണ്ടത്.

ശ്രീ. എം. വിജിൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുകയാണ്. പുതിയ കാലത്തിനനുയോജ്യമായ വികസന

പദ്ധതികളാണ് നമ്മുടെ നാട് ആവശ്യപ്പെടുന്നത്. അത്തരമൊരു മഹാമുന്നേറ്റത്തിനാണ് പിണറായി സർക്കാർ നേതൃത്വം നൽകുന്നത്. നേരത്തെ പ്രതിപക്ഷനിരയിൽനിന്നും സംസാരിച്ച ബഹുമാനപ്പെട്ട അംഗം പറഞ്ഞത് നേട്ടങ്ങളെക്കുറിച്ച് പറയാൻ തയ്യാറാകുന്നില്ല എന്നാണ്. ആരുടെ കാലത്തെ നേട്ടങ്ങളെക്കുറിച്ചാണ് ഉദ്ദേശിച്ചത്? യു.ഡി.എഫ്. ഭരണകാലത്തെ നേട്ടങ്ങളെക്കുറിച്ചാണ് അദ്ദേഹം പറഞ്ഞത്. യു.ഡി.എഫ്. ഭരണകാലത്തെ അവസ്ഥയെക്കുറിച്ചറിയാൻ കേരളത്തിലെ വിദ്യാഭ്യാസ മേഖലയുടെ കാര്യം മാത്രം പരിശോധിച്ചാൽ മതി. അന്നത്തെ കാലത്ത് കുട്ടികൾക്ക് യഥാസമയം പാഠപുസ്തകം കൊടുക്കാൻ ഇവർ തയ്യാറായില്ല. 2015-ൽ മുഖ്യമന്ത്രിയായിരുന്ന ശ്രീ. ഉമ്മൻ ചാണ്ടിയുടെയും വിദ്യാഭ്യാസ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. പി. കെ. അബ്ദു റബ്ബിന്റെയും ഓഫീസിൽ പാഠപുസ്തകം തരുമോയെന്ന് ചോദിച്ച് ഞങ്ങൾ കയറിയിറങ്ങിയിട്ടുണ്ട്. ഒരു വർഷക്കാലം കേരളത്തിലെ കുട്ടികൾക്ക് പാഠപുസ്തകങ്ങൾ വിതരണം ചെയ്യാതെ ലാഭത്തിന്റെയും നഷ്ടത്തിന്റെയും പേരിൽ കേരളത്തിലെ പൊതുവിദ്യാലയങ്ങൾ അടച്ചുപൂട്ടാൻ തീരുമാനിച്ചവരാണ് ഇവരുടെ നേട്ടങ്ങളെക്കുറിച്ച് പറയുന്നില്ലെന്ന് പരാതിപ്പെടുന്നത്. യു.ഡി.എഫ്.-ന്റെ കാലഘട്ടത്തെ വിദ്യാഭ്യാസ മേഖലയിലെയും മറ്റ് മേഖലകളുടെയും

പ്രവർത്തനത്തെക്കുറിച്ച് എന്ത് നേട്ടമാണ് പറയാനുള്ളത്? വയനാട് എം.പി.-യുടെ ഓഫീസ് തകർത്തതുമായി ബന്ധപ്പെട്ട് xxxxxxxxxx+ ഇവിടെ പറയുന്നത്. വയനാട് എം.പി.-യുടെ ഓഫീസ് തകർത്തത് തെറ്റാണെന്ന് ഞങ്ങളെല്ലാവരും പറഞ്ഞിട്ടുണ്ട്. എല്ലാവരും തെറ്റാണെന്ന് ഏറ്റുപറഞ്ഞ ഒരു വിഷയത്തെക്കുറിച്ച് അവർ പറയുന്നത് കെ.എസ്.യു.-വും എം.എസ്.എഫ്.-ഉം ജനപ്രതിനിധികളുടെ ഓഫീസ് തകർത്തിട്ടില്ലെന്നാണ്. പക്ഷെ അവർ കേരളത്തിന്റെ വിദ്യാർത്ഥി രാഷ്ട്രീയ പ്രവർത്തനത്തിന്റെ ഭാഗമായി 12 എസ്.എഫ്.ഐ. പ്രവർത്തകരെ കൊലചെയ്തിട്ടുണ്ട്. ഇടുക്കി എഞ്ചിനീയറിംഗ് കോളേജിലെ പ്രിയപ്പെട്ട അനുജൻ ധീരജിനെ കുത്തിക്കൊലപ്പെടുത്തിയവരാണ് നിങ്ങളെന്നകാര്യം മറന്നുപോകരുത്. അക്രമ രാഷ്ട്രീയത്തിന്റെ വക്താക്കൾ ആരാണെന്ന് കേരളത്തിന്റെ കലാലയങ്ങളിലെ കെ.എസ്.യു.-വിനെയും എം.എസ്.എഫ്.-നെയും ചൂണ്ടിക്കാണിച്ചുകൊണ്ടും നിരവധി വസ്തുതകൾനിരത്തിക്കൊണ്ടും പങ്കുവയ്ക്കുവാൻ സാധിക്കുന്നതാണ്. കേരളത്തിന്റെ വിദ്യാഭ്യാസ മേഖലയിൽ ഇന്നുണ്ടായ മാറ്റമെന്താണ്? കേരളത്തിന്റെ വിദ്യാഭ്യാസ മേഖലയ്ക്ക് ആമയുടെ വേഗമാണുള്ളതെന്ന് പറയുകയുണ്ടായി. എങ്കിൽ അങ്ങനെയല്ല.

+ ബഹു. സഭാദ്ധ്യക്ഷന്റെ ഉത്തരവുപ്രകാരം (ഫയൽ നം.12643/ഇ.ബി./2022/നി.സെ. തീയതി 15-07-2022) രേഖയിൽ നിന്നും നീക്കംചെയ്തു.

കേരളത്തിന്റെ വിദ്യാഭ്യാസ മേഖല കുതിച്ചുപായുകയാണ്. പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം എന്ന കരുത്തുറ്റ പദ്ധതിയിലൂടെ കേരളത്തിന്റെ പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളായി മാറ്റി. കിഫ്ബി ഫണ്ടുഉപയോഗിച്ച് കേരളത്തിന്റെ പൊതുവിദ്യാലയങ്ങൾ ഹൈടെക്ക് നിലവാരത്തിലേയ്ക്കെത്തിച്ചു. കേരളത്തിന്റെ പൊതുവിദ്യാലയങ്ങളിലേയ്ക്ക് കുട്ടികൾ അധികമായി കടന്നുവരുന്ന സാഹചര്യമാണുള്ളത്. 1.2 ലക്ഷം കുട്ടികളാണ് രണ്ടുമുതൽ പത്തുവരെയുള്ള ക്ലാസ്സുകളിൽ ഈ അദ്ധ്യയന വർഷത്തിൽ അധികമായി കടന്നുവന്നതെന്ന് അഭിമാനത്തോടെ പറയാൻ സാധിക്കും. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ തുടർച്ചയെന്ന നിലയിലാണ് വിദ്യാകിരണം പദ്ധതി രണ്ടാം പിണറായി സർക്കാർ സംസ്ഥാനത്ത് നടപ്പിലാക്കുന്നത്. കുട്ടികളുടെ അക്കാദമിക മികവിന് ഊന്നൽ കൊടുത്തുകൊണ്ട് കേരളത്തിന്റെ വിദ്യാഭ്യാസ മേഖലയുൾപ്പെടെയുള്ള എല്ലാ മേഖലകളെയും കരുത്തുറ്റതാക്കാനുള്ള പദ്ധതിയായി വിദ്യാകിരണം പദ്ധതി മാറിയിട്ടുണ്ട്. രണ്ടാം പിണറായി സർക്കാരിന്റെ കാലത്തുമാത്രം 226 സ്കൂൾ കെട്ടിടങ്ങൾ പണി പൂർത്തീകരിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തിട്ടുള്ളതായി മനസ്സിലാക്കാൻ സാധിക്കും. ബഹുമാനപ്പെട്ട വിദ്യാഭ്യാസ

വകുപ്പുമന്ത്രി ക്രിയാത്മകമായി ഇടപെട്ടതിന്റെ ഭാഗമായി എന്റെ മണ്ഡലത്തിലെ അഞ്ച് വിദ്യാലയങ്ങളുടെ നിർമ്മാണം കിഫ്ബി മുഖേന നാല് കോടി രൂപ ചെലവഴിച്ച് പ്രവൃത്തി ആരംഭിച്ചിരിക്കുന്നു. ഏറ്റവും മികവാർന്ന നിലയിൽ ഈ ഗവൺമെന്റ് അത്തരം പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിവരികയാണ്.

കോവിഡിന്റെ കാലഘട്ടത്തിൽ കേരളത്തിന്റെ വിദ്യാഭ്യാസ മേഖല അടച്ചുപൂട്ടാതെ ഓൺലൈനായി കുട്ടികൾക്ക് പഠനം നടത്താനും പഠന പാതയിൽ കുട്ടികളെ നിലനിർത്താനും സാധിച്ചില്ലേ? ടി കാലയളവിൽ സർക്കാർ ഏറ്റവും മികവാർന്ന ഇടപെടലാണ് കാഴ്ചവച്ചത്. കേരളത്തിൽ കൃത്യസമയത്ത് എസ്.എസ്.എൽ.സി., പ്ലസ് ടു റിസൾട്ട് പ്രഖ്യാപിക്കാൻ സാധിച്ചിട്ടുണ്ട്. എന്നാൽ സി.ബി.എസ്.ഇ. റിസൾട്ട് ഇതുവരെ പ്രഖ്യാപിക്കാൻ സാധിച്ചിട്ടില്ല. മുൻ വർഷത്തെ അനുഭവത്തെപ്പോലെ പ്ലസ് വൺ സീറ്റിനുവേണ്ടി വിദ്യാർത്ഥികൾ ആശങ്കപ്പെടുന്നുവെന്നാണ് പ്രതിപക്ഷനിരയിൽനിന്ന് പറയുന്നത്. എന്താണ് മുൻ വർഷത്തെ അനുഭവം? പ്ലസ് വണ്ണിന് മുഴുവൻ കുട്ടികൾക്കും പ്രവേശനം കൊടുത്ത അനുഭവമാണ് മുൻ വർഷമുണ്ടായത്. അക്കാര്യത്തിൽ തർക്കത്തിന്റെ ആവശ്യമില്ല. ഈ വർഷവും കേരളത്തിലെ എല്ലാ കുട്ടികൾക്കും പ്ലസ് വൺ സീറ്റിൽ പ്രവേശനം

കൊടുക്കാൻ കേരളത്തിന്റെ വിദ്യാഭ്യാസ വകുപ്പിന് സാധിക്കും. പൊതുപരീക്ഷകളുടെ ചോദ്യപേപ്പർ കുട്ടികളുമായി വിലയിരുത്തുന്നതിനായി ഗവേഷണ പഠന സംവിധാനം ആരംഭിക്കുന്നതിനെ പ്രത്യേകം അഭിനന്ദിക്കേണ്ടതാണ്. 26 ലക്ഷം കുട്ടികൾക്കാണ് സൗജന്യമായി പാഠപുസ്തകങ്ങൾ വിതരണം ചെയ്യാൻ സർക്കാർ നടപടി സ്വീകരിച്ചത്. സർക്കാരിന്റെ ഈ പ്രവർത്തനങ്ങളെല്ലാം യു.ഡി.എഫ്.-ന് അത്ഭുതമായിരിക്കും. കാരണം, നിങ്ങൾ പാഠപുസ്തകം കൊടുത്തിട്ടില്ലല്ലോ; 9 ലക്ഷം കുട്ടികൾക്ക് സൗജന്യ യൂണിഫോം നൽകുന്നതുൾപ്പെടെ നിരവധി പുതിയ പദ്ധതികളാണ് ആരംഭിക്കുന്നത്. വായനാ വസന്തം, ഉല്ലാസ ഗണിതം, ഹലോ ഇംഗ്ലീഷ്, എഴുത്തുപച്ച, പ്രതിഭാതീരം, മുദ്രികാ പാഠം എന്നിവയെല്ലാം എടുത്ത് പറയേണ്ട പ്രവർത്തനങ്ങളായി കേരളത്തിൽ ഇന്ന് മാറിയിരിക്കുകയാണ്. രണ്ട് പുതിയ പദ്ധതികളിലൂടെ വലിയ മാറ്റമാണ് കേരളത്തിന്റെ വിദ്യാഭ്യാസ മേഖലയിലുണ്ടാകുന്നത്. 2022-23 വർഷത്തിൽ സ്കൂളുകളിൽ കുട്ടികളുടെ വർദ്ധനവുണ്ടാകുന്നതും പാഠ്യപദ്ധതിയുടെ പരിഷ്കരണവും വിദ്യാർത്ഥികളുടെ നല്ല ഭാവിയിലേയ്ക്കുള്ള ചുവടുവയ്പ്പായി മാറുമെന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല.

പൊതു വിദ്യാഭ്യാസ മേഖലയിലെ ഈ ഇടപെടലുകളെ പോലെ

തന്നെയാണ് ഉന്നത വിദ്യാഭ്യാസ മേഖലയിൽ വലിയ മാറ്റമുണ്ടാക്കാൻ രണ്ടാം പിണറായി സർക്കാർ ഊന്നൽ കൊടുക്കുന്നത്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 2019-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി കേരള യൂണിവേഴ്സിറ്റി വൈസ് ചാൻസലർമാരെയും സിൻഡിക്കേറ്റ് അംഗങ്ങളെയും പങ്കെടുപ്പിച്ചുകൊണ്ട് ചേർന്ന യോഗത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത് ഇന്ത്യയിലെ പത്ത് യൂണിവേഴ്സിറ്റികളുടെ പട്ടികയിൽ കേരളത്തിലെ ഒരു യൂണിവേഴ്സിറ്റിയെയെങ്കിലും ഉൾപ്പെടുത്താൻ കഴിയുന്ന തരത്തിലേയ്ക്ക് മാറ്റണമെന്നായിരുന്നു. അന്ന് NAAC A+ (National Assessment and Accreditation Council A+) ലഭിച്ച ഒരു യൂണിവേഴ്സിറ്റിപോലും കേരളത്തിലുണ്ടായിരുന്നില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അന്നത്തെ യോഗത്തിൽ പങ്കുവച്ചതുപോലെ, മികവാർന്ന പ്രവർത്തനത്തിലൂടെ NAAC A++ നേടിയ ഒരു യൂണിവേഴ്സിറ്റിയായി കേരള യൂണിവേഴ്സിറ്റിയെ മാറ്റിയെടുക്കാൻ നമുക്ക് സാധിച്ചിട്ടുണ്ട്. സാമൂഹ്യനീതിയിൽ അധിഷ്ഠിതമായ മാറ്റങ്ങളിലൂടെ പുതിയ ജ്ഞാന സമൂഹത്തിന്റെ അടിത്തറയായി ഉന്നത വിദ്യാഭ്യാസ മേഖലയെ മാറ്റുന്നതിനുള്ള വലിയ പ്രവർത്തനങ്ങൾക്കാണ് ഉന്നത വിദ്യാഭ്യാസ വകുപ്പ് നേതൃത്വം കൊടുക്കുന്നത്. ഉന്നത വിദ്യാഭ്യാസ മേഖലയിൽ വിവിധ

പദ്ധതികളുണ്ട്. "Let's Go Digital", പഠനത്തോടൊപ്പം തൊഴിൽ എന്ന സങ്കൽപം ഉൾക്കൊള്ളുന്ന 'Earn While You Learn' എന്നിങ്ങനെയുള്ള വലിയ പദ്ധതികൾക്ക് യൂണിവേഴ്സിറ്റികളിലൂടെ ഉന്നത വിദ്യാഭ്യാസ വകുപ്പ് നേതൃത്വം നൽകിവരികയാണ്. ഇതെല്ലാം മാതൃകാപരമായ പ്രവർത്തങ്ങളല്ലേ? ഈ അവസരത്തിലാണ് നാം കേരളത്തിലെ യു.ഡി.എഫ്. കാലഘട്ടത്തെ വിദ്യാഭ്യാസത്തിന്റെ അവസ്ഥയെക്കുറിച്ച് പരിശോധിക്കേണ്ടത്. ഉന്നത വിദ്യാഭ്യാസ രംഗത്ത് ഒൻപത് വൈസ് ചാൻസലർമാർക്ക് യോഗ്യതയില്ലായിരുന്ന കാലഘട്ടമായിരുന്നു യു.ഡി.എഫ്. ഭരണകാലം. അവരുടെ കാലത്ത് എല്ലാ മേഖലയും തകർക്കുകയും വികസന മുരടിപ്പ് വരുത്തിക്കൊണ്ടുമാണ് മുന്നോട്ടുപോയിട്ടുള്ളത്. ഇപ്പോൾ വികസനക്കുതിപ്പ് കേരളത്തിലുണ്ടാകുമ്പോൾ അതിനെയെല്ലാം എതിർക്കുന്ന സമീപനമാണ് അവർ സ്വീകരിക്കുന്നത്. യു.ഡി.എഫ്. മുന്നണി സഭയുടെ പ്രതിപക്ഷം മാത്രമല്ല കേരളത്തിന്റെ പ്രതിപക്ഷമായാണ് ഇടപെടൽ നടത്തിക്കൊണ്ടിരിക്കുന്നത്. പക്ഷേ കോൺഗ്രസ്സിനെ എവിടെയും കാണാനില്ലാത്ത അവസ്ഥയാണുള്ളത്. ഇന്ത്യയിൽ 27 സംസ്ഥാനങ്ങൾ ഭരിച്ച കോൺഗ്രസ്സ് ഇന്ന് രണ്ട് സ്ഥലങ്ങളിൽ മാത്രമായി ചുരുങ്ങിയില്ലേ? അതിനുള്ള കാരണമെന്താണെന്ന് നിങ്ങൾ പരിശോധിക്കണം.

ഇന്ത്യയൊട്ടാകെ നിങ്ങളുടെ നയങ്ങളിൽ മാറ്റം വരുത്താനുള്ള തീരുമാനമുണ്ടാക്കണം. രാജ്യത്തിന്റെ മതനിരപേക്ഷതാ മൂല്യങ്ങൾ തകർത്തുകൊണ്ട് സംഘ് പരിവാർ ഗവൺമെന്റ് മുന്നോട്ടുപോകുമ്പോൾ നിങ്ങൾ മൗനം പാലിക്കുകയല്ലേ; രാജ്യത്തെ ജനങ്ങൾ ജീവിക്കാനായി സമരം നടത്തുമ്പോൾ മുഖ്യ പ്രതിപക്ഷ പാർട്ടിയായ കോൺഗ്രസ്സ് ഒളിച്ചോടുകയല്ലേ? രാജ്യത്താകെയുള്ള കർഷക ജനത നടത്തിയ സമരം നമ്മുടെ മുന്നിലുണ്ട്. അഗ്നിപഥിനെതിരെ ഇന്ത്യയിലെ യുവജനങ്ങൾ നടത്തുന്ന ഐതിഹാസികമായ പോരാട്ടത്തെക്കുറിച്ച് ഒരക്ഷരം മിണ്ടാനോ സമരമേറ്റെടുക്കാനോ രാജ്യത്തെ കോൺഗ്രസ്സിനും യൂത്ത് കോൺഗ്രസ്സിനും സാധിക്കുന്നുണ്ടോ; മൂന്നാം ദേശീയ വിദ്യാഭ്യാസ നയത്തിനെതിരെ ഒരക്ഷരം മിണ്ടാൻ ഈ രാജ്യത്ത് കോൺഗ്രസ്സിന് സാധിക്കുന്നുണ്ടോ; ദളിത് ജനതയും ന്യൂനപക്ഷങ്ങളും വേട്ടയാടപ്പെടുമ്പോൾ യു.എ.പി.എ. ഇന്ത്യൻ പാർലമെന്റിൽ അംഗീകരിക്കുമ്പോൾ രാജ്യസഭയിൽ അതിനനുകൂലമായി വോട്ട് ചെയ്തവരല്ലേ കോൺഗ്രസ്സുകാർ? ഗുജറാത്ത് കലാപത്തിൽ കൊല ചെയ്യപ്പെട്ട ഇഹ്സാൻ ജാഫ്രിയുടെ ഭാര്യ നടത്തിയ പോരാട്ടത്തിന് പങ്കാളിയാകാനും പിന്തുണ പ്രഖ്യാപിക്കാനും കോൺഗ്രസ്സിന് സാധിച്ചിട്ടുണ്ടോ; എന്താണ് ഇവർ ചെയ്യുന്നത്? രാമക്ഷേത്രത്തിന് ഇഷ്ടിക

അയച്ചുക്കൊടുക്കൽ, പശുവിന്റെ പേരിൽ മനുഷ്യരെ കൊല ചെയ്യുമ്പോൾ കേന്ദ്ര ഗവൺമെന്റിന് പിന്തുണകൊടുക്കൽ എന്നിങ്ങനെയുള്ള കാര്യങ്ങളുമായി ഇന്ത്യ കത്തുമ്പോൾ കോൺഗ്രസ്സ് വീണ വായിക്കുകയാണ് ചെയ്യുന്നത്. കേരളത്തിലെ പ്രിയങ്കരനായ എഴുത്തുകാരൻ വൈക്കം മുഹമ്മദ് ബഷീറിന്റെ പ്രസിദ്ധമായ രചനയാണ് 'മുച്ചീട്ടുകളിക്കാരന്റെ മകൾ'. അതിലെ പ്രധാന കഥാപാത്രങ്ങൾ ഒറ്റക്കണ്ണൻ പോക്കറും അദ്ദേഹത്തിന്റെ മകൾ സൈനബയും മണ്ടൻ മുത്തപ്പായുമാണ്. സൈനബയുടെ കാമുകനാണ് മണ്ടൻ മുത്തപ്പ. ഉപ്പയറിയാതെ തന്റെ കടയിൽ വന്ന് പുട്ട് ചോദിച്ചാൽ പുട്ടിനകത്ത് മുട്ടവച്ച് പ്രേമപൂർവ്വം സൈനബ മണ്ടൻ മുത്തപ്പായ്ക്ക് നൽകുമായിരുന്നു. അതുപോലെ ബി.ജെ.പി.-യുടെ ഹോട്ടലിൽ പോയി പുട്ടിനകത്ത് മുട്ടവാങ്ങിവച്ചുകഴിച്ച് ബി.ജെ.പി.-ക്ക് അനുകൂലമായ നിലപാടുകളാണ് കോൺഗ്രസ്സ് ഇന്നും കേരളത്തിൽ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്.

ഈ ഗവൺമെന്റ് നടത്തുന്ന വികസന പദ്ധതികളെ അട്ടിമറിക്കാനാണ് അവർ സമരം നടത്തുന്നത്. കലാപത്തിനുവേണ്ടിയുള്ള ശ്രമങ്ങളാണ് അവർ കേരളത്തിലുണ്ടാക്കുന്നത്. കുപ്രസിദ്ധമായ സ്വർണ്ണക്കടത്തിന്റെ കാര്യത്തിലേയ്ക്കൊന്നും ഞാൻ പോകുന്നില്ല. കേരളത്തിലെ ജനത അവജ്ഞതയോടെ തള്ളിക്കളഞ്ഞ കുപ്രസിദ്ധ സ്വർണ്ണക്കടത്ത് വിവാദം

വീണ്ടും കേരളത്തിൽ കൊണ്ടുവരാനും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ കുടുംബത്തെപ്പോലും തെറ്റായി പരാമർശിച്ചുകൊണ്ട് നുണപ്രചരണം നടത്താനും നേതൃത്വം കൊടുക്കുന്ന ഏറ്റവും മോശപ്പെട്ട രാഷ്ട്രീയ വക്താക്കളായി ഇന്ന് കേരളത്തിൽ കോൺഗ്രസ് മാറിയിരിക്കുന്നു. മുഖ്യമന്ത്രിയെ വിമാനത്തിൽ വച്ച് ആക്രമിച്ച് കൊലപ്പെടുത്താൻ ശ്രമിക്കുന്നു. എന്താണ് അവരുടെ നയം? ഇതെല്ലാം കേരളത്തിലെ ജനങ്ങൾ തിരിച്ചറിയുന്നുണ്ട്. ഇന്ന് പ്രതിപക്ഷം കൊണ്ടുവന്ന അടിയന്തരപ്രമേയംപോലും പരാജയപ്പെട്ടുപോകുന്ന കാഴ്ചയല്ലേ നിയമസഭയിലുണ്ടായത്. അതുതന്നെയാണ് കേരളത്തിലുടനീളം ജനങ്ങൾ നിങ്ങൾക്ക് കല്പിക്കുന്ന വികാരമെന്ന് തിരിച്ചറിയണം. മഹാനായ എബ്രഹാം ലിങ്കൺ ഭരണാധികാരികളെക്കുറിച്ച് പറഞ്ഞത്, 'ഒരു നല്ല ഭരണാധികാരി വരാനിരിക്കുന്ന നാളുകളെ മുന്നിൽക്കണ്ട് തീരുമാനമെടുക്കാൻ കഴിയുന്നയാളാകണം, ഇന്നിന്റെ വെല്ലുവിളികളെ നാടിന്റെ ഭാവിയെ മുൻനിർത്തി അതിജീവിക്കാൻ കരുത്തുള്ള ആളാകണം' എന്നാണ്. ആ നിലയിൽ കരുത്തുള്ള ഒരു നേതാവാണ് കേരളത്തിന്റെ ആരാധ്യനായ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ പുതിയ കാലഘട്ടങ്ങൾക്ക് അനുയോജ്യമായ വികസന പദ്ധതികളാണ്

നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. മഹാമുന്നേറ്റത്തിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഗവൺമെന്റും നേതൃത്വം കൊടുക്കുന്ന ഈ ഘട്ടത്തിൽ ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി പിന്തുണച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ സമ്പൂർണ്ണമായി പിന്തുണയ്ക്കുകയാണ്. സംസ്ഥാനത്തെ വിദ്യാഭ്യാസ രംഗം സമുജ്ജ്വലമായ മുന്നേറ്റത്തിന്റെ പാതയിലാണ്. ലോകാരാധ്യനായ രാഷ്ട്രപിതാവ് മഹാത്മാഗാന്ധി ഒരു സന്ദേശത്തിൽ പറഞ്ഞത് 'പ്രകൃതിയുടെ വരദാനമായി ലഭിക്കുന്ന വായു, വെള്ളം, വെളിച്ചം എന്നിവപോലെ എല്ലാവർക്കും തുല്യമായി ലഭിക്കേണ്ടതാണ് വിദ്യാഭ്യാസം' എന്നാണ്. അതിന് പക്ഷഭേദം പാടില്ല. പണക്കാരനെന്നോ പാവപ്പെട്ടവനെന്നൊ ഉള്ള വ്യത്യാസം പാടില്ലെന്ന ദർശനം സാർത്ഥകമാക്കുന്ന നിലപാടുകളാണ് സംസ്ഥാനത്തെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. കോത്താരി കമ്മീഷന്റെ മുഖസന്ദേശത്തിൽ പറയുന്ന വാചകം 'ഒരു ക്ലാസ് മുറിയിൽ വച്ചാണ് ഒരു രാഷ്ട്രം ജന്മമെടുക്കുന്നത്' എന്നാണ്. ക്ലാസ്സുകളിൽനിന്നും വിദ്യാർത്ഥികളുടെ മനസ്സിൽ സൃഷ്ടിക്കുന്ന ബോധവൽകരണം, ദേശീയതയും സദ്ഭാവനകളും സദ്ഗുണങ്ങളും തുടങ്ങിയ

ഭാവങ്ങൾ എന്നിവ വളർത്തിയെടുത്താൽ മാത്രമെ ഉത്തമ പൗരന്മാരായി അവർ വളരുകയുള്ളൂയെന്നതാണ് ആ വാക്യങ്ങളിലൂടെ ഉദ്ദേശിക്കുന്നത്. എന്നാൽ നമ്മുടെ വിദ്യാലയങ്ങളിലെ ക്ലാസ് മുറികളെ വികലമാക്കാനുള്ള നീക്കങ്ങളാണ് കേന്ദ്ര ഗവൺമെന്റ് ആരംഭിച്ചിരിക്കുന്നത്. അടുത്ത കാലത്ത് ഗുജറാത്തിലെ വിദ്യാഭ്യാസ വകുപ്പ് കുറച്ച് വിദ്യാർത്ഥികൾക്ക് പ്രസംഗ മത്സരവും പ്രബന്ധ മത്സരവും നടത്തുകയുണ്ടായി. ഈ മത്സരത്തിന് നൽകിയിരുന്ന വിഷയം 'എന്തുകൊണ്ട് ഞാൻ നാഥൂറാം വിനായക് ഗോഡ്സെയെ ഇഷ്ടപ്പെടുന്നു' എന്നതായിരുന്നു. അതാണല്ലോ കേന്ദ്ര ഗവൺമെന്റിന്റെ മുമ്പിൽ രാജ്യം നേരിടുന്ന പ്രധാനപ്പെട്ട വിഷയം. ഈ മത്സരത്തിൽ വിജയിക്കുന്നവർക്ക് ഒന്നാം സമ്മാനമായി നൽകുമെന്ന് പറഞ്ഞിരുന്നത് വലിയൊരു തുകയായിരുന്നു. ഇത് നിസ്സാര കാര്യമല്ല, വളർന്നുവരുന്ന വിദ്യാർത്ഥികളുടെ മനസ്സിൽ ദേശീയ വിരുദ്ധ ചിന്താഗതികൾ നടപ്പിലാക്കുന്ന പ്രവണതയാണിത്. ഗാന്ധിജിയുടെ നെഞ്ചിലേയ്ക്ക് വെടിയുണ്ട ഉതിർത്ത ശക്തികളെ തുറന്നുകാട്ടുന്നതിനായി ഗാന്ധിജി വെടിയേറ്റ ദിനംതൊട്ട് ഒരുവർഷം നീണ്ടുനിൽക്കുന്ന, 'രക്തസാക്ഷ്യം 2018' എന്ന നാമധേയത്തിലൊരു ആചരണ പരിപാടി നടത്തിയത് ശ്രീ. പിണറായി വിജയൻ നയിക്കുന്ന ഗവൺമെന്റാണ്.

കേന്ദ്ര സർക്കാർ വിദ്യാഭ്യാസ രംഗത്തെ മാറ്റിയെടുക്കുന്നതിന് ആപൽക്കരമായ നടപടികളുമായാണ് മുന്നോട്ടുപോകുന്നത്. 'വിദ്യാധനം സർവ്വധനാൽ പ്രധാനം' എന്ന് നമ്മൾ പഠിച്ചിട്ടുണ്ട്, പഠിപ്പിച്ചിട്ടുണ്ട്. വിദ്യാധനത്തിന്റെ ജനാധിപത്യവൽകരണം, സാർവ്വത്രികത, സമഗ്രത എന്നിവയാണ് നമ്മുടെ നാടിന് ആവശ്യം. അതാണ് പൊതുവിദ്യാഭ്യാസ നയത്തിലൂടെ പിണറായി സർക്കാർ നടപ്പിലാക്കുന്നത്. വിദ്യാഭ്യാസ രംഗത്തുണ്ടാകുന്ന ഓരോ ചലനങ്ങളും രാജ്യത്തിന്റെ സുപ്രധാന ഘടകങ്ങളാണ്. ലോകവ്യാപകമായുണ്ടായ കോവിഡ് മഹാമാരിയുടെ പ്രത്യാഘാതങ്ങളുടെ ഫലമായി നമ്മുടെ നാട്ടിലും പരീക്ഷയും ക്ലാസ്സുകളും ഉൾപ്പെടെ പലകാര്യങ്ങളും മാറ്റിവയ്ക്കേണ്ടിവന്നിട്ടുണ്ട്. എന്നാൽ ഓൺലൈൻ വിദ്യാഭ്യാസം നടത്തണമെന്നത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ കർശന നിർദ്ദേശമായിരുന്നു. കുട്ടികളുടെ ഭാവി നഷ്ടപ്പെടാൻ പാടില്ലെന്ന ഉദ്ദേശ്യത്തോടെ ആ കാലയളവിൽപ്പോലും പരീക്ഷകൾ കൃത്യമായി നടത്തുകയുണ്ടായി. ഏഷ്യയിൽ ഏറ്റവും കൂടുതൽ വിദ്യാർത്ഥികൾ പങ്കെടുക്കുന്ന എസ്.എസ്.എൽ.സി. പരീക്ഷയുൾപ്പെടെ നടത്താനും വിദ്യാർത്ഥികൾക്ക് നല്ല വിജയശതമാനം നേടാനും സാധിച്ചിട്ടുണ്ട്. ഇതിൽനിന്നും മനസ്സിലാക്കാൻ സാധിക്കുന്നത്, വിദ്യാഭ്യാസത്തിന്റെ

പ്രാഥമികമായ കണക്കെടുത്തുകൊണ്ടുള്ള ഓരോ പദവിന്യാസങ്ങളാണ് ഈ ഗവൺമെന്റ് സ്വീകരിക്കുന്നതെന്നാണ്. കേന്ദ്ര നയത്തിന്റെ ഭാഗമായി നമ്മുടെ നാട്ടിൽ രണ്ട് കോടിയിൽപ്പരം വിദ്യാർത്ഥികൾക്ക് ദേശീയാടിസ്ഥാനത്തിൽ വിദ്യാഭ്യാസം നൽകാൻ കഴിയാത്ത അവസ്ഥയാണുള്ളത്. പൊതുവിദ്യാഭ്യാസ നയത്തിന്റെ ഭാഗമായി സംസ്ഥാനത്തെ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസം നൽകുന്ന കാര്യത്തിൽ ഗവൺമെന്റ് കാണിക്കുന്ന ശ്രദ്ധയുടെ പ്രസക്തമാകുന്നത് ഈ സാഹചര്യത്തിലാണ്. ഇത്തവണ എസ്.എസ്.എൽ.സി. പരീക്ഷയിൽ ഒന്നാം സ്ഥാനം ലഭിച്ചത് കണ്ണൂർ ജില്ലയ്ക്കും പ്ലസ് ടു പരീക്ഷയിൽ കോഴിക്കോട് ജില്ലയ്ക്കുമാണ്. ഈ നിലയിൽ വിദ്യാഭ്യാസ നയത്തിന്റെ ഭാഗമായി വിദ്യാഭ്യാസ രംഗത്തെ സമൂർത്തമായി പരിഗണിക്കാനാണ് സർക്കാർ ലക്ഷ്യംവയ്ക്കുന്നത്. ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് സ്വീകരിച്ച നയങ്ങളിൽ പ്രധാനപ്പെട്ടതായിരുന്നു വിദ്യാഭ്യാസ നയം. പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്കുയർത്തുന്നതിന്റെ ഭാഗമായി ആയിരം പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളെ അന്തർദേശീയ പ്രാധാന്യമുള്ള സ്ഥാപനങ്ങളാക്കി മാറ്റാനുള്ള പരിപാടികളാണ് ആവിഷ്കരിച്ചത്. ഇതിന്റെ ഭാഗമായി വിദ്യാർത്ഥികൾക്ക്

കൃത്യസമയത്ത് പാഠപുസ്തകങ്ങൾ വിതരണം ചെയ്യാനും പരീക്ഷ നടത്താനും സാധിച്ചിട്ടുണ്ട്. ഇതിൽ എടുത്തുപറയേണ്ടത്, എന്റെ മണ്ഡലത്തിലെ മുണ്ടേരി ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിന്റെ അക്കാദമിക നിലവാരമുയർത്തുന്നതിനും ഇന്ത്യയിലെ ശ്രദ്ധേയമായ ഒരു സ്ഥാപനമായി വളർത്തുന്നതിനുമുള്ള പ്രവർത്തനങ്ങൾക്ക് രാജ്യസഭാംഗമായിരുന്ന ശ്രീ. കെ. കെ. രാഗേഷ്, എം.പി. പ്രത്യേകമായ ചുമതലയും നേതൃത്വവും നൽകുകയുണ്ടായി എന്നതാണ്. ഈ സ്ഥാപനം സന്ദർശിക്കുന്നതിന് ബഹുമാനപ്പെട്ട എം.എൽ.എ.-മാരെ ഞാൻ ക്ഷണിക്കുകയാണ്. ഈ സ്ഥാപനത്തെക്കുറിച്ചുള്ള ശ്രദ്ധേയമായ കാര്യങ്ങൾ വിശദീകരണത്തിൽ മാത്രം ഒതുങ്ങുകയില്ല; നേരിൽ കണ്ടാൽ മാത്രമെ ബോദ്ധ്യമാവുകയുള്ളൂ. നല്ല തലയെടുപ്പുള്ള ഈ വിദ്യാഭ്യാസ സ്ഥാപനം കണ്ടാൽ ദേശീയ നിലവാരത്തിലുള്ള യൂണിവേഴ്സിറ്റിയെന്നോ വിദ്യാഭ്യാസ സ്ഥാപനമെന്നോ തോന്നുന്ന പ്രതീതിയാണുള്ളത്. എം.പി. ഫണ്ട്, എം.എൽ.എ. ഫണ്ട്, മറ്റ് തരത്തിലുള്ള ഫണ്ട് സമാഹരണം, എന്നിവയെല്ലാം ചേർത്താണ് ഈ വിദ്യാഭ്യാസ സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾ നടത്തിയത്. ഇത്തരത്തിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുണ്ടാകുന്നത് നാടിനുതന്നെ എല്ലാതരത്തിലും ശ്രദ്ധേയമായ മാറ്റങ്ങളുണ്ടാക്കുന്നതാണ്. പ്രതിസന്ധിയുടെ

കാലഘട്ടത്തിൽ ഡിജിറ്റൽ വിദ്യാഭ്യാസ രംഗത്ത് അഭിമാനകരമായ മുന്നേറ്റമാണ് നാം നേടിയത്. 9941 പ്രൈമറി വിദ്യാലയങ്ങൾ ഹൈടെക്കാക്കി മാറ്റാൻ സാധിച്ചു. വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് വിവിധ തരത്തിലുള്ള നിലപാടുകളാണ് സർക്കാർ സ്വീകരിച്ചത്.

കലാകാരന്മാരാണ് കോവിഡ് കാലത്ത് ഏറ്റവും കൂടുതൽ ബുദ്ധിമുട്ടനുഭവിച്ചത്. കലാകാരന്മാർക്ക് അവസരങ്ങൾ നൽകുന്നതിനായി ശ്രദ്ധേയമായ നടപടി ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. പ്രതിസന്ധി കാലത്ത് കലാകാരന്മാർക്ക് 1,000/- രൂപ നൽകാൻ തീരുമാനിച്ചത് ശ്രദ്ധേയമാണ്. നമ്മുടെ നാടിന്റെ മക്കളായ അതിഥി തൊഴിലാളികൾക്കാവശ്യമായ പരിരക്ഷ നൽകണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ അക്കാര്യങ്ങൾ സാർത്ഥകമാക്കുന്നതിനായി അവർക്ക് തൊഴിലവസരങ്ങൾ നൽകാനും തൊഴിൽ പരിരക്ഷ നൽകാനുമുള്ള ബഹുമുഖ പരിപാടികളാണ് നടത്തിയത്. അത്തരത്തിൽ നിരവധി കാര്യങ്ങൾ തൊഴിൽ രംഗത്ത് നടപ്പാക്കാൻ സാധിച്ചിട്ടുണ്ട്. ഏറ്റവും സങ്കീർണ്ണമായ തൊഴിൽ മേഖലയിൽ തൊഴിൽരഹിതരും നിരവധി അഭ്യസ്തവിദ്യരുമായ യുവാക്കൾ സംസ്ഥാനത്തെ വിവിധ പ്രദേശങ്ങളിൽ തിങ്ങിപ്പാർക്കുന്നുണ്ട്.

അവർക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും തൊഴിലധിഷ്ഠിതമായ പദ്ധതികളും പരിപാടികളും സംഘടിപ്പിക്കുന്നതിനും എല്ലാ നിലയിലും മുന്നോട്ടുപോകാൻ സാധ്യമാകുന്ന തരത്തിലുള്ള ബഹുമുഖ പരിപാടികൾ സംഘടിപ്പിക്കേണ്ടത് അത്യാവശ്യമാണ്. പ്രവാസികളുടെ കാര്യത്തിൽ സംസ്ഥാനം മാതൃകാപരമായ നിലപാടുകളാണ് സ്വീകരിച്ചിട്ടുള്ളത്. 1980 മുതൽ കേരളത്തിന്റെ സാമ്പത്തിക കുതിപ്പിന് ഏറ്റവും നിർണ്ണായകമായ പ്രാധാന്യം നൽകിയ പ്രവാസികളുടെ പ്രശ്നങ്ങൾ അഭിസംബോധന ചെയ്യുന്നതിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ വിപുലമായ രീതിയിൽ ലോക കേരള സഭ സംഘടിപ്പിക്കുകയുണ്ടായി. നിക്ഷേപ സൗഹൃദ സംസ്ഥാനമായി മാറിയ കേരളത്തിന് കോടിക്കണക്കിന് രൂപയുടെ നിക്ഷേപങ്ങൾ സമർപ്പിക്കാനും പ്രവാസികൾക്ക് ആത്മവിശ്വാസമുണ്ടാക്കുന്ന തരത്തിലുള്ള നിലപാടുകൾ സ്വീകരിക്കാനും ലോക കേരള സഭയ്ക്ക് സാധിച്ചിട്ടുണ്ട്. കലാരംഗത്തും സാംസ്കാരിക രംഗത്തും തൊഴിൽ രംഗത്തുമുൾപ്പെടെ സമസ്തതലങ്ങളിലും കൂടുതൽ പ്രവർത്തനങ്ങൾ സാർത്ഥകമാക്കാനുള്ള പരിപാടികളുമായി ഗവൺമെന്റ് മുന്നോട്ടുപോകുന്നുവെന്നത് വളരെ ശ്രദ്ധേയമാണ്. നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നതിൽ സംസ്ഥാനത്തെ

അച്ചടി, പ്രിന്റിംഗ്, സ്റ്റേഷനറി എന്നീ വകുപ്പുകൾ മുഖ്യ പങ്ക് വഹിക്കുന്നുണ്ട്. കൃത്യനിഷ്ഠ പാലിച്ചതുകൊണ്ടാണ് പാഠപുസ്തകങ്ങൾ കൃത്യസമയത്ത് അച്ചടിച്ച് വിതരണം ചെയ്യാൻ സാധിച്ചത്. ഇത്തരത്തിൽ എല്ലാ വകുപ്പുകളുടെയും സഹകരണത്തിലൂടെ മുന്നേറിക്കൊണ്ടിരിക്കുന്ന വിദ്യാഭ്യാസ വകുപ്പിന്റെ പ്രവർത്തനങ്ങളെയും ഈ വകുപ്പുകളുടെ ധനാഭ്യർത്ഥനകളെയും സമ്പൂർണ്ണമായി പിന്തുണച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ഡോ. കെ. ടി. ജലീൽ: സർ, ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. 'അറിയപ്പെടാത്ത അത്ഭുതങ്ങൾ ഗർഭത്തിൽ വഹിക്കുന്ന മഹാസമുദ്രങ്ങളെക്കാൾ ഞാൻ അറിയുന്ന നിളാനദിയെയാണ് എനിക്കിഷ്ടം' എന്ന് ഉദ്ഘോഷിച്ച് മലയാളത്തോടുള്ള അദമ്യമായ തന്റെ അനുരാഗം പരസ്യമായി പ്രഖ്യാപിച്ച കേരളത്തിന്റെ എക്കാലത്തേയും മഹാനായ എഴുത്തുകാരനും ജ്ഞാനപീഠം ജേതാവുമായ പത്മഭൂഷൺ ശ്രീ. എം. ടി. വാസുദേവൻ നായരുടെ 89-ാം ജന്മദിനം നാളെയാണ്. നൂറ്റാണ്ട് പിന്നിട്ട് വർത്തമാനത്തോട് സല്ലപിച്ച് കാലത്തോടൊപ്പം സഞ്ചരിക്കാൻ മലയാളത്തിന്റെ മഹാപ്രതിഭയ്ക്ക് കഴിയട്ടെയെന്ന് ഞാൻ ആശംസിക്കുന്നു. മാതൃഭാഷ വ്യാപനയജ്ഞം ഊർജ്ജസ്വലമായി മുന്നോട്ടുകൊണ്ടുപോകാൻ ശ്രമിക്കുന്ന രണ്ടാം പിണറായി സർക്കാരിന്റെ 2022-23 സാമ്പത്തിക

വർഷത്തേയ്ക്കുള്ള ധനാഭ്യർത്ഥനകളെ ഞാൻ സർവ്വാത്മനാ പിന്തുണയ്ക്കുന്നു.

സാക്ഷരതയിൽ ഇന്ത്യയിൽ ഒന്നാം സ്ഥാനത്താണ് കേരളം. നീതി ആയോഗിന്റെ ഗുണസൂചികയനുസരിച്ച് വിദ്യാഭ്യാസ കാര്യങ്ങളിൽ നമ്മുടെ രാജ്യത്ത് കേരളം ബഹുദൂരം മുന്നിലാണ്. ഇന്ത്യയിലെ ഏറ്റവും മികച്ച ഭൗതിക സൗകര്യങ്ങളുള്ള സർക്കാർ സ്കൂളുകളുടെ കാര്യത്തിൽ കേരളമാണ് മുന്നിട്ടുനിൽക്കുന്നത്. സ്റ്റാറ്റിസ്റ്റിക്സ് മന്ത്രാലയത്തിന്റെ റിപ്പോർട്ടുപ്രകാരം ഒന്നാം ക്ലാസ് മുതൽ പന്ത്രണ്ടാം ക്ലാസ്സുവരെ പഠിക്കുന്ന പെൺകുട്ടികളുടെ പ്രാതിനിധ്യത്തിൽ ഇന്ത്യയിൽ പ്രഥമസ്ഥാനം കേരളത്തിനാണുള്ളത്. UNICEF-ന്റെ പഠനമനുസരിച്ച് കോവിഡ് കാലത്ത് പ്രചാരം നേടിയ ഓൺലൈൻ വിദ്യാഭ്യാസത്തിൽ രാജ്യത്ത് ഒന്നാം സ്ഥാനത്ത് കേരളമെത്തിയത് ആരും കാണാതെ പോകരുത്. സംസ്ഥാനത്ത് എൽ.പി., യു.പി., ഹൈസ്കൂൾ ഉൾപ്പെടെ 4504 ഗവൺമെന്റ് സ്കൂളുകളും 7277 എയ്ഡഡ് സ്കൂളുകളും 863 അൺഎയ്ഡഡ് സ്കൂളുകളുമാണ് പ്രവർത്തിക്കുന്നത്. ഇതിനുപുറമേ 760 ഗവൺമെന്റ് ഹയർസെക്കണ്ടറി സ്കൂളുകളും 686 എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളും 461 അൺഎയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളും പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ഭാഗമായി പ്രവർത്തിക്കുന്നുണ്ട്. ഒന്നാം പിണറായി സർക്കാർ പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങൾ

നവീകരിച്ചതും ഇപ്പോൾ നവീകരിച്ചുകൊണ്ടിരിക്കുന്നതും 17,052 കോടി രൂപ ചെലവഴിച്ചുകൊണ്ടാണ്. ഇതിനുപുറമെ 2,546 കോടി രൂപയാണ് 2022-23 ബഡ്ജറ്റിൽ പൊതുവിദ്യാഭ്യാസ ശാക്തീകരണത്തിനായി രണ്ടാം പിണറായി സർക്കാർ നീക്കിവച്ചത്. സൗജന്യ പാഠപുസ്തക വിതരണത്തിന്റെ പ്രയോജനം സംസ്ഥാനത്ത് ലഭിച്ചത് 26 ലക്ഷം വിദ്യാർത്ഥികൾക്കാണ്. സൗജന്യ യൂണിഫോം വിതരണത്തിന്റെ ഗുണഭോക്താക്കൾ 9 ലക്ഷം വിദ്യാർത്ഥികളാണ്. പ്രീപ്രൈമറി വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി 42 പ്രീപ്രൈമറി സ്കൂളുകളാണ് ഈ അധ്യയന വർഷം പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി ശ്രീ. വി. ശിവൻകുട്ടിയുടെ നേതൃത്വത്തിൽ ആരംഭിച്ചത്. അതിൽ രണ്ടെണ്ണം എന്റെ നിയോജകമണ്ഡലത്തിലെ മട്ടന്നൂർ, തവന്നൂർ ഗവൺമെന്റ് എൽ.പി. സ്കൂളുകൾക്ക് അനുവദിച്ചതിൽ സർക്കാരിനോടും മന്ത്രിയോടും പ്രത്യേകം നന്ദി രേഖപ്പെടുത്തുന്നു. ഹയർ സെക്കണ്ടറി സ്കൂളുകൾ ആരംഭിച്ച കാലം മുതൽ പ്യൂൺ, ക്ലാർക്ക്, ലൈബ്രേറിയൻ എന്നീ തസ്തികകളില്ലാതെ പ്രവർത്തിക്കുകയും ഹയർ സെക്കൻഡറി പ്രിൻസിപ്പാൾ ഒരു മുഴുഅദ്ധ്യാപകന്റെ ജോലി ചെയ്യേണ്ട സാഹചര്യവുമാണുണ്ടായിരുന്നത്. അതിന്റെ ഫലമായി ഹയർ സെക്കണ്ടറി സ്കൂളുകളിൽ ഭരണനിർവ്വഹണം

പലപ്പോഴും പ്രതിസന്ധിയിൽപ്പെടുന്ന സാഹചര്യമാണുണ്ടായിരുന്നത്. ഇവയ്ക്ക് പരിഹാരം കണ്ടെത്തേണ്ടത് രണ്ട് പതിറ്റാണ്ടുകളായി ഹയർസെക്കണ്ടറിയിൽ ജോലി ചെയ്തിരുന്നവരും ആ മേഖലയുടെ അഭിവൃദ്ധി ആഗ്രഹിക്കുന്നവരും ആവശ്യപ്പെട്ടിരുന്ന കാര്യമാണ്. പ്രസ്തുത പ്രശ്നത്തിന്റെ ആദ്യഘട്ടത്തിന് പരിഹാരം കണ്ടെത്താൻ ഈ സർക്കാരിന് സാധിച്ചുവെന്നതിൽ ഗവൺമെന്റിനെയും മന്ത്രി ശ്രീ. വി. ശിവൻകുട്ടിയെയും ഞാൻ പ്രത്യേകം അനുമോദിക്കുന്നു. ഭരണകാര്യങ്ങളിൽ പ്രിൻസിപ്പാൾമാർക്ക് ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനും അവരുടെ അദ്ധ്യാപന ജോലി നിർവ്വഹിക്കുന്നതിനുമായി ഒരു ഗസ്റ്റ് ടീച്ചറെ ഈ വർഷം മുതൽ നിയമിക്കാൻ അനുവദിച്ചുകൊണ്ട് ഗവൺമെന്റ് ഉത്തരവായിട്ടുണ്ട്. എല്ലാ ഹയർ സെക്കണ്ടറി സ്കൂളുകളിലും ഗസ്റ്റ് അദ്ധ്യാപകരെ നിയമിക്കുന്ന പ്രവൃത്തി പുരോഗമിക്കുകയാണ്. ഖാദർ കമ്മിറ്റി റിപ്പോർട്ട് പൂർണ്ണമായും നടപ്പിലാക്കുമ്പോൾ ക്ലാർക്കിന്റെയും പ്യൂണിന്റെയും ലൈബ്രേറിയന്റെയും സേവനങ്ങൾകൂടി ഹയർ സെക്കൻഡറി സ്കൂളുകളിൽ ലഭ്യമാക്കാൻ സർക്കാർ മുന്നോട്ടുവരുമെന്ന് പ്രതീക്ഷിക്കുന്നു.

ഉന്നത വിദ്യാഭ്യാസരംഗം തിരിച്ചറിയാൻ കഴിയാത്തവിധം മാറിക്കൊണ്ടിരിക്കുകയാണ്. ഉന്നത വിദ്യാഭ്യാസ മേഖലയിൽ എല്ലാ

സാമൂഹിക നിയന്ത്രണങ്ങളും ഇല്ലാതാക്കാൻ കേന്ദ്ര സർക്കാർ ശ്രമിക്കുമ്പോൾ ഏറെ ക്ലേശിച്ചാണ് കേരളം പിടിച്ചുനിൽക്കുന്നത്. സർവ്വകലാശാലകളെ കേവലം സർട്ടിഫിക്കറ്റ് വിതരണ കേന്ദ്രങ്ങളാക്കി മാറ്റുകയും മുഴുവൻ കോളേജുകളെയും സ്വയംനിയന്ത്രിത സ്ഥാപനങ്ങളാക്കി മാറ്റുകയും ചെയ്യുന്നതിലൂടെ ദൂരവ്യാപക പ്രത്യാഘാതങ്ങൾക്ക് വഴിവയ്ക്കുന്ന സർവ്വതന്ത്ര സ്വതന്ത്ര നയമാണ് കേന്ദ്ര സർക്കാർ കൊണ്ടുവന്നിരിക്കുന്നത്. ഇതിന് ബദലായുള്ള പദ്ധതികളാണ് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി ഡോ. ആർ. ബിന്ദുവിന്റെ നേതൃത്വത്തിൽ രണ്ടാം പിണറായി സർക്കാർ ആവിഷ്കരിച്ചുകൊണ്ടിരിക്കുന്നത്. 280 എയ്ഡഡ് കോഴ്സുകൾ ഒറ്റയടിക്ക് ഉന്നതവിദ്യാഭ്യാസ രംഗത്ത് നൽകിക്കൊണ്ട് ഒന്നാം പിണറായി സർക്കാർ തുടക്കമിട്ട വിപ്ലവത്തിന്റെ വീര്യം ചോർന്നുപോകാതെ സംസ്ഥാനത്ത് തുടർന്നുകൊണ്ടിരിക്കുകയാണ്. ഇന്ത്യയിലെ ഉന്നത വിദ്യാഭ്യാസ ഹബ്ബായി കേരളം മാറുമെന്നത് തർക്കമില്ലാത്ത കാര്യമാണ്. ഇന്ത്യയിൽ എല്ലാ ജാതിമതസ്ഥർക്കും നിർഭയം പഠിക്കാനുള്ള സൗകര്യം വർത്തമാനകാലത്ത് കേരളത്തിൽ മാത്രമാണുള്ളതെന്ന് പറഞ്ഞാൽ അത് അതിശയോക്തി കലർന്ന പ്രസ്താവനയാകില്ല. ഡൽഹിയിലെ ജവഹർലാൽ നെഹ്റു യൂണിവേഴ്സിറ്റിയിൽനിന്ന് കാണാതായ നജീബിന്റെ അനുഭവവും

ഹൈദ്രാബാദ് കേന്ദ്ര സർവ്വകലാശാലയിൽനിന്ന് രോഹിത് വെമുല എന്ന മിടുക്കനായ ദളിത് വിദ്യാർത്ഥിക്ക് നേരിടേണ്ടിവന്ന തിക്താനുഭവവും കേരളത്തിലെ ഒരു സ്ഥാപനങ്ങളിൽപ്പോലും ആർക്കും നേരിടേണ്ടി വരില്ല.

പ്രവാസികൾ കേരളത്തിന്റെ നട്ടെല്ലാണ്. അവരുടെ സമ്പാദ്യം മലയാളക്കരയെ സമൃദ്ധമാക്കുകയാണ്. പ്രവാസികളെ അംഗീകരിക്കുകയെന്ന വലിയ ലക്ഷ്യം മുൻനിർത്തിയാണ് ലോക കേരള സഭയ്ക്ക് ഇടതുപക്ഷ സർക്കാർ രൂപം നൽകിയത്. അതിനെ ധൂർത്തെന്ന് ആക്ഷേപിച്ച് അപമാനിക്കാനാണ് പ്രതിപക്ഷം ശ്രമിക്കുന്നത്. ഒരുപക്ഷെ ലോകത്തുതന്നെ ഒരു രാജ്യത്തും പ്രവാസി സമൂഹം ഇത്രമേൽ ആദരിക്കപ്പെട്ടിട്ടുണ്ടാകില്ല. പ്രത്യേക രാഷ്ട്രീയ സാഹചര്യത്തിൽ ഭരണകക്ഷിയുമായി വേദി പങ്കിടാൻ പ്രയാസമുണ്ടെന്നാണ് യു.ഡി.എഫ്. നേതാക്കൾ ലോക കേരളസഭ ബഹിഷ്കരിക്കുന്നതിനുള്ള ന്യായമായി പറയുന്നത്. എന്നാൽ അതേ കാരണങ്ങൾ നിലനിൽക്കെ ഇടതുപക്ഷത്തിന് മേൽകൈയുള്ള ഈ സഭയിൽ എങ്ങനെയാണ് യു.ഡി.എഫ്.-ന് വന്നിരിക്കാൻ സാധിക്കുന്നത്; എന്താണ് ഈ സഭാ സമ്മേളനങ്ങൾ യു.ഡി.എഫ്. ബഹിഷ്കരിക്കാത്തത്? ലോക കേരളസഭയും ഒരു നിയമനിർമ്മാണത്തിലൂടെയാണ് കൊണ്ടുവന്നത്. ആരംഭഘട്ടത്തിൽ

ചെലവുണ്ടാകുന്നത് സ്വാഭാവികമാണ്. ലോക കേരളസഭ രണ്ട് വർഷത്തിലൊരിക്കലെങ്കിലും നടത്തുന്നതിനുള്ള വേദി നിയമസഭാ സമുച്ചയത്തിൽ ഒരുക്കുകയുണ്ടായി. ആർ. ശങ്കരനാരായണൻതമ്പി മെമ്പേഴ്സ് ലോഞ്ച് അതിന്റെ ഏറ്റവും പ്രകടമായ ഉദാഹരണമാണ്. ആർ. ശങ്കരനാരായണൻതമ്പി മെമ്പേഴ്സ് ലോഞ്ച് എത്ര മനോഹരമായി മാറ്റിക്കൊണ്ടാണ് ലോക കേരളസഭയുടെ സ്ഥിരം സമ്മേളന വേദിയാക്കിയത്. അത് നവീകരിക്കുന്നതിന് ഒറ്റത്തവണമാത്രമെ ചെലവുവരുന്നുള്ളൂ; പിന്നീടൊരിക്കലും ഹാൾ ഒരുക്കുന്നതിന് ചെലവ് വരുന്നില്ല. അതിനെയാണ് നിങ്ങൾ ധൂർത്തെന്ന് പറഞ്ഞ് പ്രവാസികളെ അവമതിക്കാൻ ശ്രമിച്ചത്. എല്ലാവർക്കും പ്രവാസികളെ ആവശ്യമാണ്. പ്രതിപക്ഷാംഗങ്ങളും ഭരണപക്ഷാംഗങ്ങളും പ്രവാസികളെ നേരിൽ കാണാനും അവരുടെ സഹായമഭ്യർത്ഥിക്കാനും സംസ്ഥാനത്ത് നടക്കുന്ന നിരവധി ജീവകാരുണ്യ പ്രവർത്തനങ്ങളിൽ അവരുടെ പങ്കാളിത്തം ഉറപ്പുവരുത്താനും സഹായം സ്വീകരിക്കാനും പോകാറുണ്ട്. എന്നാൽ അതിനുള്ള നന്ദി എന്തുകൊണ്ടാണ് യു.ഡി.എഫ്. പ്രകടിപ്പിക്കാത്തത്; അവർക്ക് സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കുന്നത് എങ്ങനെയാണ് ധൂർത്തായി മാറുന്നത്? ലോക കേരളസഭയെ നിങ്ങൾക്ക് രാഷ്ട്രീയ കാരണങ്ങൾ പറഞ്ഞ്

ബഹിഷ്കരിക്കാം. എന്നാൽ അതേ രാഷ്ട്രീയ കാരണങ്ങൾ ഇപ്പോഴും നിലനിൽക്കുന്നുണ്ടല്ലോ; എന്നിട്ടും എന്തിനാണ് യു.ഡി.എഫ്. ഇവിടെയിരിക്കുന്നത്? നിങ്ങൾ ഇവിടെയിരിക്കുകയും ചർച്ചകളിൽ പങ്കെടുത്തുകൊണ്ട് അഭിപ്രായങ്ങൾ പറയുകയും ചെയ്യുന്നു. ലോക കേരളസഭയിലും സമാനമായി നിങ്ങൾക്ക് അഭിപ്രായങ്ങൾ രേഖപ്പെടുത്താമായിരുന്നില്ലേ; എന്തുകൊണ്ടാണ് നിങ്ങളത് ചെയ്യാതിരുന്നത്?

സംസ്ഥാനത്ത് കായിക മേഖലയിൽ വലിയ അഭിവൃദ്ധിയും മുന്നേറ്റവുമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. ഇത്തവണത്തെ സന്തോഷ് ട്രോഫി ഫുട്ബോൾ ടൂർണമെന്റ് എത്ര ജനകീയമായാണ് നടത്തിയത്; ശ്രീ. വി. അബ്ദുറഹിമാന്റെ നേതൃത്വത്തിൽ കുറ്റമറ്റ രീതിയിലാണ് ദേശീയ ഫുട്ബോൾ മേള സംഘടിപ്പിച്ചത്. ഫുട്ബോളിന് കാണികളില്ലെന്ന് പലരും ആക്ഷേപം പറയുമ്പോൾപ്പോലും മഞ്ചേരിയിലും മലപ്പുറത്തുമായി വൻ ജനാവലിയെ സാക്ഷിയാക്കിയാണ് സന്തോഷ് ട്രോഫി ഫുട്ബോൾ ടൂർണമെന്റ് നടന്നത്. സത്യത്തിൽ ബഹുമാനപ്പെട്ട മന്ത്രിയെ അഭിനന്ദിക്കേണ്ടിയിരുന്നത് ശ്രീ. യു. എ. ലത്തീഫ് സാഹിബാണ്. അദ്ദേഹത്തിന്റെ നിയോജകമണ്ഡലത്തിൽ വച്ചാണ് സന്തോഷ് ട്രോഫി

മത്സരത്തിന്റെ ഫൈനലുൾപ്പെടെ ഗംഭീരമായി നടന്നത്. ബഹുമാനപ്പെട്ട മന്ത്രിയെ അഭിനന്ദിക്കാൻ ശ്രീ. യു. എ. ലത്തീഫ് സാഹിബ് ഒരു വാക്കിലെങ്കിലും അഭിനന്ദിക്കാമായിരുന്നു. ശ്രീ. ടി. വി. ഇബ്രാഹിമെങ്കിലും ആ പോരായ്മ നികത്തുമെന്ന് പ്രതീക്ഷിക്കുന്നു. ചെയ്ത കാര്യങ്ങൾ ചെയ്തുവെന്ന് പറയുന്നതിന് ആരെയാണ് ഭയപ്പെടുന്നത്; എന്തിനാണ് ശങ്കിക്കുന്നത്; അഭിനന്ദിക്കേണ്ടതിനെ അഭിനന്ദിക്കുകതന്നെ വേണം. എങ്കിലേ ഇനിയും കായിക കേരളം കാത്തിരിക്കുന്ന നിരവധി പദ്ധതികൾ നമ്മുടെ ജില്ലയിലേയ്ക്ക് വരികയുള്ളൂ. ഈ സർക്കാരിനെ അഭിനന്ദിക്കാൻ പിശുക്കുകാണിക്കാതെ, ചെയ്യുന്ന കാര്യങ്ങളെ അനുമോദിക്കാൻ പ്രതിപക്ഷത്തിരിക്കുന്നവർ തയ്യാറാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുന്നു.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. ഇ. കെ. വിജയൻ]

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ ശക്തമായി എതിർക്കുകയാണ്. 9 വർഷങ്ങൾക്കുശേഷം സ്കൂൾ പാഠ്യപദ്ധതി പരിഷ്കരണപ്രവർത്തനങ്ങൾ നടക്കാൻപോകുന്ന പശ്ചാത്തലത്തിലാണ് ഈ ധനാഭ്യർത്ഥന ചർച്ച നടക്കുന്നത്. നമ്മുടെ വിദ്യാലയങ്ങളിലും ക്യാമ്പസുകളിലും സമൂഹത്തിന് ഗുണകരമല്ലാത്ത പ്രവർത്തനങ്ങൾ

വർദ്ധിച്ചുവരുന്നത് എന്തുകൊണ്ടാണ്; പ്രണയം നിരസിച്ചതിന് ക്യാമ്പസിൽവച്ച് കുത്തിക്കൊലപ്പെടുത്താനും തീവച്ച് കൊല്ലാനും ചില വിദ്യാർത്ഥികൾക്കെങ്കിലും കഴിയുന്നത് എന്തുകൊണ്ടാണ്? ആർജ്ജിത വിജ്ഞാനത്തിലൂടെ സ്വന്തത്തെയും സഹജീവികളെയും പ്രപഞ്ചത്തെയും പ്രകൃതിയെയും അറിയുകയെന്നതാണ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം. തലച്ചോറിന് ഭാരം നൽകുന്നത് മാത്രമാകാതെ മനസ്സിന് ശിക്ഷണം നൽകുന്നതുകൂടിയായിരിക്കണം വിദ്യാഭ്യാസം. ഇതിന് വിദ്യാർത്ഥികളെ സജ്ജമാക്കുന്ന തരത്തിൽ പാഠ്യപദ്ധതി പരിഷ്കരിക്കണം. 2013-ൽ ശ്രീ. പി. കെ. അബ്ദു റബ്ബ് വിദ്യാഭ്യാസ വകുപ്പുമന്ത്രിയായിരുന്നപ്പോഴാണ് പാഠപുസ്തകങ്ങൾ പരിഷ്കരിച്ചത്. ആ പാഠപുസ്തകങ്ങളുമായാണ് ഇന്നേവരെ ഇടതുപക്ഷ സർക്കാർ മുന്നോട്ടുപോയത്. അത് അത്രമാത്രം കുറ്റമറ്റതായതുകൊണ്ടാണ് നിങ്ങൾക്ക് ഇതുവരെ പരിഷ്കരിക്കാൻ തോന്നാത്തത്. 'മതമില്ലാത്ത ജീവൻ' എന്ന പാഠം ഉൾപ്പെടുത്തിയ തരത്തിലുള്ള പരിഷ്കരണമായിരുന്നില്ല യു.ഡി.എഫ്. ഭരണകാലത്ത് നടത്തിയത് എന്നതാണതിന്റെ പ്രത്യേകത. മൈനസ് ടു മുതൽ പ്ലസ്ടുവരെ മാത്രമല്ല, 25 വർഷങ്ങൾവരെ മാറ്റത്തിന് വിധേയമാക്കാത്ത വി.എച്ച്.എസ്.ഇ.-യുടെ പാഠ്യപദ്ധതിപോലും പരിഷ്കരിച്ചാണ് ഞങ്ങൾ

മുന്നോട്ടുപോയത്. എന്നാൽ പുതിയ പാഠ്യപദ്ധതി പരിഷ്കരണത്തിനുവേണ്ടി 74-75 ആളുകളെ കുത്തിനിറച്ചുകൊണ്ട് നിങ്ങൾ രൂപീകരിച്ച കരിക്കുലം കമ്മിറ്റി ഏതുരീതിയിലാണ് കൊണ്ടുപോകാനുദ്ദേശിക്കുന്നതെന്നറിയില്ല. ഇതിന്റെ ഫൈനൽ അതോറിറ്റി എസ്.സി.ഇ.ആർ.ടി. ആയിരിക്കണം. ഇതിൽ പുറത്തുനിന്നുള്ളവരുടെ കൈകടത്തലുകൾ ഒഴിവാക്കാൻ സാധിച്ചാൽ ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിക്ക് ഇത് നല്ലരീതിയിൽ പൂർത്തീകരിക്കാൻ സാധിക്കുന്നതാണ്. വിദ്യാഭ്യാസ പരിഷ്കരണത്തോടൊപ്പം വിദ്യാഭ്യാസത്തിന്റെ നിഷ്പക്ഷതയും ഏറ്റവും പ്രധാനപ്പെട്ടതാണ്. സന്തുലിതമായ വികസനവും അവസരങ്ങളുടെ വിതരണവുംകൂടി ഇതിനോടൊപ്പം നടക്കേണ്ടതാണ്. ഞാൻ പ്രതിനിധാനം ചെയ്യുന്നത് മലപ്പുറം ജില്ലയെയാണ്. എല്ലാവർഷവും മലപ്പുറത്തെയും മലബാറിലെയും എം.എൽ.എ.-മാർ നിരന്തരമായി പറഞ്ഞുകൊണ്ടിരിക്കുന്ന ഒരു പരിദേവനം വീണ്ടും ആവർത്തിക്കുകയല്ലാതെ വേറെ നിവൃത്തിയില്ല. കാരണം നാളിതുവരെ ഇതിനൊരു പരിഹാരമുണ്ടായിട്ടില്ല. പ്ലസ്ടു, എസ്.എസ്.എൽ.സി. പരീക്ഷകളുടെ റിസൾട്ട് വന്നതിന്റെ അടുത്തദിവസം മലയാള മനോരമ പത്രത്തിൽ അതിന്റെ കണക്ക് പ്രസിദ്ധീകരിക്കുകയുണ്ടായി. 421957 കുട്ടികൾ എസ്.എസ്.എൽ.സി.

പരീക്ഷ പാസ്സായപ്പോൾ അതിൽ 60650 കുട്ടികൾക്ക് ഉപരിപഠനത്തിന് സീറ്റുണ്ടാകില്ലെന്ന ഭീകരമായ സത്യമാണ് അവർ വെളിപ്പെടുത്തിയത്. മലപ്പുറത്ത് മാത്രം 466 കുട്ടികൾ അഡ്മിഷൻ ലഭിക്കാതെ പുറത്തുനിൽക്കേണ്ടിവരും. മുഴുവൻ വിഷയങ്ങൾക്കും എ-പ്ലസ് വാങ്ങിയ കുട്ടികൾക്കുപോലും ഇഷ്ടപ്പെട്ട സ്കൂളുകളിൽ ഇഷ്ടപ്പെട്ട കോഴ്സിന് അഡ്മിഷനെടുക്കാൻ കഴിയാത്ത അവസ്ഥയാണ് മലപ്പുറം ജില്ലയിലുള്ളത്. മറ്റുജില്ലകളുടെ കാര്യവും വ്യത്യസ്തമല്ല. പാലക്കാട് 10705-ഉം കോഴിക്കോട് 9024-ഉം സീറ്റുകളുടെ കുറവുണ്ട്. തൃശ്ശൂർ മുതൽ കാസർഗോഡ് വരെയുള്ള എല്ലാ ജില്ലകളിലും ഈ കുറവുണ്ടായിട്ടുണ്ട്. ഇത് പരിഹരിക്കാനുള്ള തീരുമാനമാണ് അടിയന്തരമായി സ്വീകരിക്കേണ്ടത്. ഓപ്പൺ സ്കൂൾ ഇല്ലേ എന്നാണ് പലരും ചോദിക്കുന്നത്; ഓപ്പൺ സ്കൂളിൽ പഠിക്കേണ്ടവർ മലപ്പുറത്തുകാരും മലബാറുകാരുമല്ലെന്ന സത്യം തിരിച്ചറിയേണ്ടതുണ്ട്. ഒന്നാം കേരളനിയമസഭയിൽ ഞങ്ങളുടെ പ്രിയങ്കരനായ നേതാവ് സി.എച്ച്. മുഹമ്മദ്കോയ സാഹിബ് ഒരു പ്രസംഗം നടത്തിയിരുന്നു. ആ പ്രസംഗത്തിൽ അദ്ദേഹം പറഞ്ഞത്, മലബാറിനെ അറ്റാച്ച്ഡ് ഭാഗമായി കാണരുതെന്നും കേരളത്തിന്റെ ഭാഗമായി കാണണമെന്നുമാണ്. അതുകൊണ്ട് മലബാറിനെക്കൂടി ഈ പൊതുധാരയിലേയ്ക്ക് കൊണ്ടുവരണമെന്ന് ഞങ്ങൾ

ആവശ്യപ്പെടുകയാണ്. ഓപ്പൺ സ്കൂളിൽ പഠിക്കേണ്ടത് ഇടയ്ക്ക് വിദ്യാഭ്യാസം നിന്നുപോയവരും പലതിന്റെയും പേരിൽ അവസരങ്ങൾ നഷ്ടപ്പെട്ട കുട്ടികളുമാണ്; അവർക്ക് വന്നുചേരാനുള്ളതാണ് സ്കോൾ കേരള (SCOLE KERALA). ഓപ്പൺ സ്കൂളിന്റെ സ്റ്റാറ്റിസ്റ്റിക്സ് പരിശോധിച്ചാൽ മനസ്സിലാക്കാൻ സാധിക്കുന്നത് അതിൽപ്പെടുന്ന മുപ്പത് ശതമാനം കുട്ടികൾ മലപ്പുറത്തുകാരും ആകെയുള്ള 60 ശതമാനം കുട്ടികൾ മലബാറുകാരാണെന്നുമാണ്. ഇതൊരു യാഥാർത്ഥ്യമാണ്. കേരളത്തിലെ അഞ്ച് ജില്ലകളിൽ കൂടുതൽ സീറ്റുകളുള്ള സാഹചര്യത്തിൽ ഈ അധിക സീറ്റുകൾ മലപ്പുറത്തേയ്ക്കും മലബാറിലേയ്ക്കും മാറ്റുമെന്ന് പറയാൻ തുടങ്ങിയിട്ട് അഞ്ചാറുവർഷമായെങ്കിലും പ്രായോഗികമാക്കാൻ സാധിച്ചിട്ടില്ല. പുതിയ കോഴ്സുകളും ബാച്ചുകളും അനുവദിക്കുന്നതോടൊപ്പം എല്ലാ ഹൈസ്കൂളുകളും അപ്ഗ്രേഡ് ചെയ്യുകയെന്നതാണ് ഇതിനുള്ള പരിഹാരം. ഇതുസംബന്ധിച്ച് താലൂക്കടിസ്ഥാനത്തിൽ കഴിഞ്ഞ വർഷം ബഹുമാനപ്പെട്ട മന്ത്രി കണക്കെടുപ്പ് നടത്തിയതിന്റെ അടിസ്ഥാനത്തിൽ കൂടുതൽ ബാച്ചുകൾ അനുവദിക്കുന്നതോടൊപ്പം എല്ലാ സ്കൂളുകളും അപ്ഗ്രേഡ് ചെയ്യാനുള്ള നടപടിയുമുണ്ടാകണം. കഴിഞ്ഞ വർഷം ആകെ 79 പുതിയ ബാച്ചുകളാണ് താൽക്കാലിക ബാച്ചുകളായി നൽകിയിട്ടുള്ളത്. അവയെല്ലാം ഇപ്രാവശ്യവും

തുടരുമെന്നാണ് പറഞ്ഞിട്ടുള്ളത്. ഇതിന് പരിഹാരം 30 ശതമാനം സീറ്റായി വർദ്ധിപ്പിക്കലല്ല. ഞാൻ ഒരു ഹയർസെക്കൻഡറി സ്കൂളിലെ അദ്ധ്യാപകനായിരുന്നു. അവിടെ 30 ശതമാനം കുട്ടികൾ വർദ്ധിച്ചാൽ ഒരു ക്ലാസ്സ്റൂമിൽ 65 കുട്ടികളുണ്ടാകും. എങ്ങനെയാണ് 65 കുട്ടികളുടെ ഇവാല്യുവേഷനും സയൻസ് ലാബിലെ പ്രാക്ടിക്കലിന് ശിക്ഷണം നൽകാനും സാധിക്കുന്നത്; ഇത് തികച്ചും അപ്രായോഗികമാണ്. അതുകൊണ്ട് കൂടുതൽ ബാച്ചുകളും സ്കൂളുകളുമാണ് അനുവദിക്കേണ്ടത്. ഇക്കാര്യത്തിൽ അടിയന്തര പരിഹാരം കാണേണ്ടതുണ്ട്. ഡോ. കെ. ടി. ജലീൽ പറഞ്ഞത്, ഒരുപാട് കോളേജുകളിൽ ബാച്ചുകൾ അനുവദിച്ചിട്ടുണ്ടെന്നാണ്. ഡോ. കെ. ടി. ജലീലിന്റെയും കല്ല്യാശ്ശേരി എം.എൽ.എ.-യുടെയും ഉൾപ്പെടെയുള്ള എല്ലാ ഇടതുപക്ഷ എം.എൽ.എ.-മാരും നിരന്തരമായി പ്രസംഗിക്കുന്നത് ഞങ്ങൾ കെട്ടിടങ്ങൾ കൊടുത്തിട്ടില്ലേ; അവയിൽ എത്രയെണ്ണത്തിന്റെ ഉദ്ഘാടനം നടത്തിയിരിക്കുന്നുവെന്നാണ്. സത്യത്തിൽ കേരളത്തിൽ കെട്ടിടങ്ങളുടെ നിർമ്മാണം ഈ കാലയളവിൽ മാത്രമല്ല, നേരത്തെയും ഉണ്ടായിട്ടുണ്ട്. പക്ഷേ കേരളത്തിലെ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട മറ്റ് കാര്യങ്ങളുടെ കണക്ക് എന്താണ്? കഴിഞ്ഞ വർഷം എൻ.സി.ഇ.ആർ.ടി.-യുടെ കീഴിലുള്ള National Assessment Survey-യുടെ റിപ്പോർട്ടിൽ കേരളം പല

വിഷയങ്ങളിലും പിന്നിലായിപ്പോയി. പ്രസ്തുത സർവ്വേയിൽ കേരളം നേരത്തെ മുന്നിലായിരുന്നു. 5, 8, 10 ക്ലാസ്സുകളുടെ ഗണിതത്തിന്റെ കാര്യത്തിലാണ് കേരളം വളരെ പിന്നിലായത്. കേരളത്തിലെ ഗണിത വിഷയത്തിന് ഇംഗ്ലണ്ടിലെ മാഞ്ചസ്റ്റർ യൂണിവേഴ്സിറ്റിയിൽപ്പോലും ഒരു ചെയറുണ്ടായിരുന്നു, 'കേരള സ്കൂൾ ഓഫ് മാത്തമാറ്റിക്സ്'. അങ്ങനെ ലോകത്തിന് മാതൃകയായ കേരളത്തിന്റെ ഗണിതത്തിന്റെ പുരോഗതി ഇന്ന് പിന്നിലായിരിക്കുന്നു. ഹരിയാന, പഞ്ചാബ്, രാജസ്ഥാൻ, ഡൽഹി തുടങ്ങിയ സംസ്ഥാനങ്ങളെക്കാളും കേരളം പിന്നിലായ അവസ്ഥയാണുള്ളത്. സംസ്ഥാനത്തെ അക്കാഡമിക രംഗത്തെ ഗുണനിലവാരത്തിന്റെ അവസ്ഥയെന്താണ്? കുറെ കെട്ടിടങ്ങൾ നിർമ്മിച്ചാൽ വിദ്യാഭ്യാസം പൂർണ്ണമാകുമെന്ന തെറ്റിദ്ധാരണ അവസാനിപ്പിക്കണം. നമ്മുടെ learning outcome പരിശോധിക്കപ്പെടുന്നില്ല. എൻ.റ്റി.എസ്.ഇ. (National Talent Search Examination)-യുടെ റിസൾട്ടിന്റെ കാര്യത്തിൽ കേരളത്തിന്റെ സ്ഥാനം മറ്റ് സംസ്ഥാനങ്ങളെക്കാളും പിന്നിലാണെന്ന് എല്ലാവർക്കുമറിയാം. കേരളത്തിൽ കഴിഞ്ഞ വർഷം എൻ.ടി.എസ്.ഇ. പരീക്ഷയെഴുതിയതിൽ 26 കുട്ടികളാണ് യോഗ്യത നേടിയത്. ഇപ്രകാരം അക്കാദമിക കാര്യങ്ങളിലും കേരളം വളരെ പിന്നിലായിരിക്കുന്നുവെന്നാണ് നാം മനസ്സിലാക്കേണ്ടത്.

കേരളത്തിലെ ഉന്നതവിദ്യാഭ്യാസ രംഗവും സമാന അവസ്ഥയിലാണുള്ളത്. മലപ്പുറത്തും കോഴിക്കോട്ടും കൂടുതലും സെൽഫ് ഫിനാൻസിംഗ് കോളേജുകളാണുള്ളത്. അവിടത്തെ കുട്ടികളും രക്ഷിതാക്കളും നികുതി കൊടുക്കുന്നവരാണെങ്കിലും വിദ്യാർത്ഥികൾക്ക് ഗവൺമെന്റ്/എയ്ഡഡ് കോളേജുകളിൽ പഠിക്കാൻ അവസരം ലഭിക്കുന്നില്ല. മലപ്പുറത്ത് ആയിരം കുട്ടികൾ പാസ്സായാൽ അവരിൽ 110 കുട്ടികൾക്ക് മാത്രമാണ് ഗവൺമെന്റ്/എയ്ഡഡ് കോളേജുകളിൽ പഠിക്കാൻ അവസരം ലഭിക്കുന്നത്. എന്നാൽ മറ്റ് ജില്ലകളിൽ 452, 571 എന്നിങ്ങനെ സീറ്റുകളുണ്ട്. ഈ അസന്തുലിതാവസ്ഥ പരിഹരിക്കപ്പെടേണ്ടതാണ്. ഈ അവസ്ഥ പരിഹരിക്കാനുള്ള നിർദ്ദേശങ്ങളില്ലാത്തതുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്.

<u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u>: സർ, വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം, തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസിക്ഷേമവും, സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും എന്നീ ധനാഭ്യർത്ഥനകളെ ഞാൻ സർവ്വാത്മനാ പിന്തുണയ്ക്കുകയാണ്. വികസന സങ്കൽപ്പത്തിനൊരു പുതിയ മാതൃക സൃഷ്ടിച്ചത് ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരാണ്. അനിതരസാധാരണമായി വികസന രംഗത്തുള്ള ധാരാളം കാര്യങ്ങൾക്ക്

കേരളം സാക്ഷ്യം വഹിക്കുകയാണ്. നേരത്തെ സർക്കാർ ഫണ്ടുപയോഗിച്ച് വികസനം നടപ്പാക്കുക എന്ന പൊതുസങ്കൽപ്പമാണ് ജനങ്ങൾക്കുണ്ടായിരുന്നത്. വികസനമെന്നുപറഞ്ഞാൽ ഒരു പോസ്റ്റോഫീസിൽ നടക്കുന്ന ജോലിപോലെയാണ്; കത്തുകൊടുക്കുക, വാങ്ങുക, സീൽ വയ്ക്കുക തുടങ്ങിയ ജോലികളാണ് അവിടെയുണ്ടായിരുന്നത്; എന്നാലിപ്പോൾ അതിൽ മാറ്റം സംഭവിച്ചിരിക്കുന്നു. ഓരോ വികസന പ്രവർത്തനങ്ങളും People's Participation Project എന്ന നിലയിൽ ജനപങ്കാളിത്തത്തോടെയാണ് നടത്തുന്നത്. ഇതുസംബന്ധിച്ച് നിരവധി ഉദാഹരണങ്ങൾ എല്ലാ എം.എൽ.എ.-മാർക്കും ചൂണ്ടിക്കാണിക്കാൻ സാധിക്കുന്നതാണ്. പൊതുവിദ്യാഭ്യാസ വകുപ്പ് കിഫ്ബി ഫണ്ടുവഴി 5 കോടി രൂപ അനുവദിച്ചപ്പോൾ അവിടത്തെ പൂർവ്വവിദ്യാർത്ഥി ഒരു കോടി രൂപയാണ് നൽകിയത്. അദ്ദേഹം 50 ലക്ഷം രൂപ അഡ്വാൻസായി നൽകുകയും 50 ലക്ഷം രൂപ തൊട്ടടുത്ത ദിവസം നൽകാമെന്ന് പറയുകയും ചെയ്തു. ലൈഫ് ഭവന പദ്ധതി പോലെ ഓരോ പ്രദേശത്തെയും ഓരോ പദ്ധതികൾ പരിശോധിക്കുമ്പോൾ മനസ്സിലാക്കാൻ സാധിക്കുന്നത്, നാട്ടുകാർ സർവ്വാത്മനാ പ്രോത്സാഹനം നൽകുകയും അതിലേയ്ക്ക് കൂടുതൽ ആളുകളെ കൊണ്ടുവരികയും ചെയ്യുന്നുവെന്നുള്ള വലിയ മാറ്റമാണ്; അത് ഈ

സർക്കാരിന്റെ പ്രത്യേകതകൂടിയാണ്. ജനങ്ങളെ കൂട്ടിച്ചേർക്കുന്നതോടൊപ്പം ജനപങ്കാളിത്തം നന്നായി ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്. ജനങ്ങൾ അവരുടെ പങ്ക് നിർവ്വഹിക്കപ്പെടുന്നുവെന്നത് എന്തോ മോശപ്പെട്ട കാര്യമാണെന്നാണ് പ്രതിപക്ഷം ചിന്തിക്കുന്നത്. ഈ ഗവൺമെന്റ് ഗ്രാമസഭകളിലും ഊരുകൂട്ടങ്ങളിലും ബന്ധപ്പെട്ട സമിതികളിലും വില്ലേജ് ഓഫീസുകളിലെ വില്ലേജ് സമിതികളിലും ജനങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് വികസന പ്രക്രിയയിൽ നല്ല മാതൃകയായി മാറിക്കൊണ്ടിരിക്കുകയാണ്. ഭരണപക്ഷം ചെയ്യുന്ന കാര്യങ്ങളെയെല്ലാം പ്രതിപക്ഷം എതിർക്കുന്ന പൊതുനയം അവർ തിരുത്തിയേ മതിയാകൂ. ആറേഴ് കൊല്ലംമുമ്പ് പൊതുവിദ്യാഭ്യാസ രംഗത്ത് ചർച്ച ചെയ്ത പ്രധാനപ്പെട്ട വിഷയം അൺഇക്കണോമിക് സ്കൂളുകളെക്കുറിച്ചാണ്. കുട്ടികളുടെ എണ്ണവും അതിന്റെ മറ്റുപല പ്രത്യേകതകളും കണക്കിലെടുത്ത് സ്കൂളുകൾ പൂട്ടപ്പെടുന്ന സ്ഥിതിയാണുണ്ടായിരുന്നത്. ഇപ്പോൾ വിദ്യാഭ്യാസ രംഗത്ത് ജനങ്ങൾ ചർച്ച ചെയ്യുന്ന വിഷയങ്ങളിൽ മാറ്റം വരികയും സ്മാർട്ട്, ഹൈടെക്, ഇന്റർനാഷണൽ, വെർച്വൽ ലാബ്, വർക്ക് അറ്റ് ഹോം, വർക്ക് അറ്റ് നിയർ എന്നിങ്ങനെയുള്ള കാര്യങ്ങളെക്കുറിച്ച് ചർച്ചചെയ്യുന്ന കാലഘട്ടം വരികയും ചെയ്തിരിക്കുന്നു. സംസ്ഥാന ഗവൺമെന്റ് നിരവധി പുതിയ സമ്പ്രദായങ്ങൾ

കൊണ്ടുവരികയും എല്ലാ വകുപ്പുകളും സർക്കാരിന്റെ പൊതുകാഴ്ചപ്പാട് ഉയർത്തുന്നതിനായി പുതിയൊരു തലം സൃഷ്ടിച്ചിരിക്കുന്നുവെന്നും കാണാൻ സാധിക്കുന്നു. കേരളത്തിലെ വിദ്യാഭ്യാസ രംഗത്തെ പുരോഗതിക്ക് ഒരു വലിയ ചരിത്രമുണ്ട്. തിരുവിതാംകൂറിലെ റാണി ഗൗരി പാർവ്വതീഭായിയുടെ വിദ്യാഭ്യാസ വിളംബരം, വൈകുണ്ഠസ്വാമി, ശ്രീനാരായണഗുരു, ചട്ടമ്പിസ്വാമി, അയ്യങ്കാളി, സഹോദരൻ അയ്യപ്പൻ, ചാവറ കുര്യാക്കോസ് ഏല്യാസ് അച്ചൻ, മുഹമ്മദ് അബ്ദുറഹ്മാൻ സാഹിബ് എന്നിങ്ങനെ ചരിത്രകാരന്മാരുടെ നീണ്ടനിരയാണുള്ളത്. കേരളത്തിൽ എല്ലാ രംഗങ്ങളും വികസിച്ചതിനുപിന്നിലുള്ള അടിസ്ഥാനം വിദ്യാഭ്യാസ മേഖലയിലെ പുരോഗതി തന്നെയാണെന്ന് മനസ്സിലാക്കാൻ സാധിക്കും. കേരളത്തിന്റെ ആദ്യ ഗവൺമെന്റിലെ മന്ത്രി പ്രിയപ്പെട്ട പ്രൊഫ. ജോസഫ് മുണ്ടശ്ശേരി മുതൽ ഇപ്പോഴുള്ള ശ്രീ. വി. ശിവൻകുട്ടി, ഡോ. ആർ. ബിന്ദു വരെയുള്ള വിദ്യാഭ്യാസ വകുപ്പുമന്ത്രിമാർ കൂട്ടായ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ നേതൃത്വം അനുസരിച്ചുള്ള പരിപാടികളും പ്രവർത്തനങ്ങളുമാണ് നല്ലരീതിയിൽ നടത്തിക്കൊണ്ടിരിക്കുന്നത്. ജോൺ റസ്കിൻ പറഞ്ഞൊരു വാചകമുണ്ട്; "Quality is never an accident; it is always the result of intelligent effort." ആറ് വർഷക്കാലം നിരന്തരമായി ഉത്തരവാദിത്വത്തോടെ

പണിയെടുത്തതിന്റെ ഫലമായാണ് കേരളത്തിലാകമാനം ഹൈടെക് വിദ്യാലയങ്ങളും സ്ഥാപനങ്ങളും പ്രവർത്തിക്കുന്നത്. എന്നാൽ ഇതിനൊരു മറ സൃഷ്ടിച്ച് പ്രശ്നമുണ്ടാക്കാനും കുഴപ്പമുണ്ടാക്കാനും സാധിക്കുമോയെന്ന കാര്യങ്ങളാണ് പ്രതിപക്ഷം പരിശോധിക്കുന്നത്. കഴിഞ്ഞ തെരഞ്ഞെടുപ്പിലെ നോട്ടീസ് പരിശോധിച്ചാൽ എം.എൽ.എ.-മാർ ഓരോ മണ്ഡലത്തിൽ നടപ്പാക്കിയ നിരവധി പദ്ധതികളുടെ പട്ടിക കാണാൻ സാധിക്കും. ആ പദ്ധതികളുടെ മേന്മയുടെ പേരിലാണ് പ്രചരണം നടത്തി, വോട്ട് നേടി, ജയിച്ചുവന്നിരിക്കുന്നത്; എന്നിട്ടിപ്പോൾ ആ മേന്മയെ തിരസ്കരിക്കാനുള്ള വർത്തമാനം നിയമസഭയിലിരുന്ന് പറയുന്നത് എന്തൊരു വൈരുദ്ധ്യമാണ്. രണ്ടും തമ്മിൽ എങ്ങനെയാണ് യോജിച്ചുപോകുന്നത്. ഇത് പൂച്ച കണ്ണടച്ച് പാല് കുടിക്കുന്നുവെന്ന് പറയുന്നതുപോലെയാണ്. എന്തായാലും ഇതിനെല്ലാം കാലം കണക്ക് പറയുന്നതാണ്. യഥാർത്ഥത്തിൽ പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്നും പക്വതയുള്ള വിമർശനമാണ് കേരള ജനത പ്രതീക്ഷിക്കുന്നത്; ഏതു രംഗമായാലും അത്തരത്തിലുള്ള ഗൗരവമായ ചർച്ചയാണ് നമ്മൾ പ്രതീക്ഷിക്കുന്നത്; അതുതന്നെയാണ് പ്രതിപക്ഷ ധർമ്മവും. കഴിഞ്ഞ ഇടതുപക്ഷ സർക്കാർ പൊതുവിദ്യാലയങ്ങളെ ശാക്തീകരിക്കാനാണ് ശ്രമിച്ചതെങ്കിൽ രണ്ടാം പിണറായി സർക്കാർ

വിജ്ഞാന സമ്പദ് വ്യവസ്ഥയെ (knowledge economy) കെട്ടിപ്പടുക്കാനുള്ള നല്ല ശ്രമമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. കേരളത്തിൽ മാതൃസർവ്വകലാശാലയായ കേരള സർവ്വകലാശാലയ്ക്ക് നാക് അക്രഡിറ്റേഷൻ A++ ലഭിച്ചുവെന്ന് പറയുന്നതിനെക്കാളും വലിയൊരു തെളിവ് വേറയെുണ്ടോ? ഇന്ത്യയിലെ മികച്ച 10 സർവ്വകലാശാലകളിൽ ഒന്നായി കേരള സർവ്വകലാശാല മാറിയിരിക്കുന്നു. 'ജ്ഞാന കേരളം, ക്ഷേമ കേരളം' എന്ന പുതിയ മുദ്രാവാക്യംപോലും രൂപപ്പെട്ടിട്ടുണ്ട്. 'ഒന്ന്' എന്ന് കേൾക്കുന്നത് ഇപ്പോൾ പ്രതിപക്ഷാംഗങ്ങൾക്ക് പേടിയാണ്. ഇപ്പോൽ 'ഒന്ന്' എന്ന സംഖ്യ കേരളത്തിന്റെ പര്യായമായിരിക്കുന്ന കാലമാണ്.

പ്രവാസികളുടെ ജീവിതത്തെക്കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. ലോക കേരള സഭയുമായി ബന്ധപ്പെട്ട് ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ ഒരുമിച്ചു നിൽക്കുമെന്നാണ് എല്ലാവരും പ്രതീക്ഷിച്ചത്. പ്രവാസികളുടെ സങ്കടങ്ങൾ, അനുഭവങ്ങൾ, സാങ്കേതികജ്ഞാനം എന്നിവയെല്ലാം നമുക്ക് അറിയേണ്ടതുണ്ട്. പ്രവാസികൾ കാര്യങ്ങൾ അവതരിപ്പിച്ചപ്പോൾ അവർ പച്ചയായ യാഥാർത്ഥ്യങ്ങളാണ് പറയുന്നതെന്നാണ് മനസ്സിലാക്കാൻ സാധിച്ചത്. ഇതിൽ ഏറ്റവും പ്രയാസമനുഭവിച്ച ശ്രീമതി എലിസബത്ത് മുതൽ ഏറ്റവും ഉയർന്ന നിലയിലുള്ള ശ്രീ. എം. എ. യൂസഫലി ഉൾപ്പടെയുള്ള

വ്യക്തികളുടെ അനുഭവങ്ങളാണ് പങ്കുവച്ചത്. അവർ ഒരുമിച്ചുനിന്ന് ചെയ്യേണ്ട കാര്യങ്ങളെക്കുറിച്ച് പറയുന്നത് കേൾക്കാൻ പ്രതിപക്ഷമില്ലാതിരുന്നത് വലിയ പോരായ്മയാണ്. ഭക്ഷണത്തിന്റെയും യാത്രയുടെയും താമസത്തിന്റെയും കാര്യങ്ങൾ പറഞ്ഞുകൊണ്ടാണ് അവർ ഈ പരിപാടിയിൽനിന്നും വിട്ടുനിന്നത്. അക്കാര്യങ്ങളെല്ലാം നമുക്ക് പിന്നീട് പറയാമല്ലോ? ഇതെല്ലാം പ്രവാസി മലയാളികൾ രാഷ്ട്രീയഭേദമെന്യേ നോക്കിക്കാണുന്നുണ്ട്. എന്നിട്ടും നിങ്ങൾക്ക് ഇതിലൊന്നും ഒരു കൂസലുമുണ്ടാകുന്നില്ല. 'തലപോയ തെങ്ങിന് എന്ത് കൊടുങ്കാറ്റും ഇടിമിന്നലും' എന്നുപറയുന്നതുപോലെയാണ് പ്രതിപക്ഷത്തിന്റെ നിലപാട്.

തൊഴിലും പൊതുവിദ്യാഭ്യാസവും ഒരുമിച്ച് കൈകാര്യം ചെയ്യുന്ന ബഹുമാനപ്പെട്ട മന്ത്രി വി. ശിവൻകുട്ടിക്ക് ഈ മേഖലയിൽ നിരവധി മാറ്റങ്ങൾ കൊണ്ടുവരാൻ കഴിയുന്നതാണ്. വിദ്യാഭ്യാസം തൊഴിലുമായി ബന്ധിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കണം. ഏഴാം ക്ലാസ് പഠനം കഴിയുമ്പോൾ കുട്ടികളെ ബഡ്ഡിംഗ്, ഗ്രാഫ്റ്റിംഗ് പോലെയുള്ള രസകരമായ കാര്യങ്ങൾ പഠിപ്പിച്ചാൽ പുതിയ സസ്യങ്ങളുണ്ടാക്കാനും പുതിയ തരത്തിലുള്ള പൂക്കളുണ്ടാക്കാനും ഇത്തരത്തിലുള്ള നിരവധി പുതിയ കാര്യങ്ങളെക്കുറിച്ച് അവബോധമുണ്ടാക്കാനും സാധിക്കുന്നതാണ്. വിദ്യാഭ്യാസ മേഖലയിൽ

അലകും പിടിയും പൊതുവിദ്യാഭ്യാസ വകുപ്പിലെ രണ്ട് മന്ത്രിമാരുംകൂടി മാറ്റുമെന്ന കാര്യത്തിൽ സംശയമില്ല. നിരവധി കാര്യങ്ങളിൽ കേന്ദ്ര ഗവൺമെന്റിന്റെ നിഷേധാത്മകവും തൊഴിലാളിവിരുദ്ധവുമായ സമീപനങ്ങളെ എതിർക്കണ്ടേ? അത്തരം സമീപനങ്ങളെ എതിർക്കാൻ നമുക്കൊരുമിച്ച് നിൽക്കേണ്ടതുണ്ട്. ബി.ജെ.പി. പറയുന്ന കാര്യങ്ങളെക്കുറിച്ചേ യു.ഡി.എഫ്.-ഉം പറയുന്നുള്ളൂ. 'സൂചിപോകുന്നതിലേ നൂല് പോകൂ' എന്ന സമീപനമെടുക്കരുത് എന്നുമാത്രം സൂചിപ്പിച്ചുകൊണ്ട് ഒരിക്കൽക്കൂടി ഈ ധനാഭ്യർത്ഥനയെ ഞാൻ സർവ്വാത്മനാ പിന്തുണയ്ക്കുന്നു.

ശ്രീ. കെ. കെ.രാമചന്ദ്രൻ: സർ, നവകേരളം കെട്ടിപ്പടുക്കുന്നതിനുള്ള സമഗ്ര പദ്ധതികളുമായി മുന്നോട്ടുപോകുന്ന എൽ.ഡി.എഫ്. സർക്കാരിന്റെ ധനാഭ്യർത്ഥനകളെ ഞാൻ പൂർണ്ണമായും പിന്തുണയ്ക്കുകയാണ്. മുൻ വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെയും എന്റെ മണ്ഡലത്തിൽപ്പെട്ടതുമായ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്ത ചെമ്പൂച്ചിറ സ്കൂൾ തകർന്നുവീണുവെന്ന് ബഹുമാനപ്പെട്ട ഒരംഗം പ്രസംഗത്തിൽ സൂചിപ്പിച്ചത് അവാസ്തവമാണ്. 2019 ജൂൺ മാസം 6-ാം തീയതി സർക്കാർ സ്കൂളുകളിൽവച്ചുനടത്താറുള്ള സംസ്ഥാനതല പ്രവേശനോത്സവം മികച്ച സ്കൂളെന്ന നിലയിൽ ചെമ്പൂച്ചിറ സ്കൂളിൽ വച്ചാണ് നടത്തിയത്.

അതിനുവേണ്ടിയാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവിടെ എത്തിയത്. ഈ സ്കൂളിൽ നടന്നുകൊണ്ടിരുന്ന നിർമ്മാണ പ്രവർത്തനങ്ങളിൽ ചില അപാകത ഉണ്ടായിട്ടുണ്ടെന്നുള്ളത് ശരിയാണ്. അവ ശ്രദ്ധയിൽപ്പെട്ടയുടൻ അവിടത്തെ ജനപ്രതിനിധികളും പി.ടി.എ.-യും പൊതുപ്രവർത്തകരുമുൾപ്പെടെയുള്ളവർ സ്കൂൾ സന്ദർശിക്കുകയും തുടർന്ന് ജനപ്രതിനിധികളും വിവിധ രാഷ്ട്രീയ കക്ഷിനേതാക്കളും പങ്കെടുത്തുകൊണ്ട് രണ്ടുമൂന്ന് യോഗങ്ങൾ ചേരുകയുമുണ്ടായി. ഈ വിഷയത്തിലിടപെട്ട് അപാകത പരിഹരിക്കാനാവശ്യമായ നടപടിയെടുക്കണമെന്ന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിച്ചതിന്റെയടിസ്ഥാനത്തിൽ, 2021 ജൂൺ 8-ാം തീയതി തിരുവനന്തപുരത്ത് ബഹുമാനപ്പെട്ട മന്ത്രിയുടെ നേതൃത്വത്തിൽ യോഗം ചേരുകയും അപാകത പരിഹരിക്കാനുള്ള നടപടി സ്വീകരിക്കാൻ തീരുമാനിക്കുകയും ചെയ്തു. ഈ നിർമ്മാണ പ്രവർത്തനങ്ങളുടെ ഏജൻസി KITE-ഉം സൂപ്പർവിഷൻ നടത്തുന്നത് കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ കേന്ദ്ര സർക്കാരിന്റെ അംഗീകാരമുള്ള വാപ്കോസുമാണ്. ഈ സ്കൂളിലെ അഞ്ച് ക്ലാസ്റൂമുകളുടെ നിർമ്മാണത്തിൽ കണ്ടെത്തിയ അപാകത പരിഹരിക്കുന്നതിനായി പ്രസ്തുത സ്ഥാപനങ്ങളുമായി ഇടപെടലുകൾ നടത്തുകയും ഉയർന്ന ഉദ്യോഗസ്ഥരടക്കം ചേർന്ന

യോഗത്തിൽ തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്യതിന്റെ അടിസ്ഥാനത്തിൽ അഞ്ച് ക്ലാസ് റൂമുകളും അവരുടെ ഉത്തരവാദിത്വത്തിൽ പൊളിച്ച് പുതിയ കെട്ടിടം നിർമ്മിക്കാൻ തീരുമാനിക്കുകയുമുണ്ടായി. അതിനെത്തുടർന്നാണ് ആ സ്കൂളിലെ അഞ്ച് ക്ലാസ്റൂമുകൾ പൊളിച്ചുമാറ്റിയത്. മറ്റത്തൂർ പഞ്ചായത്തിലെ ചെമ്പൂച്ചിറയെന്ന വളരെ മാതൃകാപരവും മനോഹരവുമായ ഗ്രാമപ്രദേശത്ത് പൊതുവിദ്യാലയങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ഈ സ്കൂളും വിവിധ ഘട്ടങ്ങളിലൂടെ ശക്തിപ്പെടുത്തുകയും ജില്ലയിലെ പ്രധാനപ്പെട്ട ഒരു സർക്കാർ സ്കൂളായി മാറുകയുമുണ്ടായി. അതുകൊണ്ടാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവിടെ പ്രവേശനോത്സവം ഉദ്ഘാടനം ചെയ്യാനെത്തിയത്. നിർമ്മാണം പുരോഗമിക്കുന്ന ആ കെട്ടിടത്തിന്റെ ഉദ്ഘാടനം നടന്നിട്ടില്ല. തെറ്റായ രീതിയിലാണ് ഇവിടെയുള്ള ഒരംഗം അതുമായി ബന്ധപ്പെട്ട് സംസാരിച്ചത്. അപാകതകൾ പരിഹരിക്കാനുള്ള നടപടികൾ എത്രയും വേഗത്തിലാക്കണമെന്നുകൂടി ആ മണ്ഡലത്തിലെ ജനപ്രതിനിധിയെന്ന നിലയിൽ ഞാൻ ആവശ്യപ്പെടുകയാണ്.

കേരളത്തിലെ തൊഴിൽ വകുപ്പ് എല്ലാ നിലയിലും മികച്ച പ്രവർത്തനങ്ങളുമായാണ് മുന്നോട്ടുപോകുന്നത്. കേരളത്തിലെ

തൊഴിലാളികളുടെയും അതിഥി തൊഴിലാളികളുടെയും താൽപ്പര്യങ്ങൾ സംരക്ഷിക്കുന്ന സമഗ്രമായ നിലപാടുകളാണ് തൊഴിൽ വകുപ്പ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. അസംഘടിത തൊഴിലാളികളുടെ സാമൂഹ്യ സുരക്ഷാ പദ്ധതികളുമായി ബന്ധപ്പെട്ട് അവരുടെ സംരക്ഷണത്തിനും സാമൂഹ്യ സംരക്ഷണത്തിനുംവേണ്ടി ഫണ്ട് നീക്കിവച്ചിട്ടുണ്ട്. അസംഘടിത മേഖലയിലെ ദിവസവേതനക്കാരെ സംരക്ഷിക്കുന്നതിനായി ആശ്വാസ നിധിക്കാവശ്യമുള്ള ഫണ്ടും നീക്കിവയ്ക്കുന്നുണ്ട്. അതിഥി തൊഴിലാളികളെ സംരക്ഷിക്കുന്നതിനും സഹായിക്കുന്നതിനും അവരുടെ ബോധവത്കരണ പരിപാടികൾക്കുമായി 40 ലക്ഷം രൂപ മാറ്റിവയ്ക്കുകയും ആവശ്യമായ ഇടപെടൽ നടത്തുകയും ചെയ്യുന്നുണ്ട്. അവരുടെ സൗഹാർദ്ദപൂർവ്വമായ ജീവിതത്തിനുള്ള ഇടപെടലെന്ന നിലയിൽ പ്രത്യേകമായി വാടക കൊടുത്ത് വീടുകളിൽ താമസിക്കുന്നതിനും സൗഹൃദാന്തരീക്ഷം രൂപപ്പെടുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നതോടൊപ്പം അവർക്കാവശ്യമായ ആരോഗ്യ സുരക്ഷാ-ഇൻഷ്വറൻസ് പദ്ധതികൾക്കായി തുകയും നീക്കിവയ്ക്കുന്നു. ഇത്തരത്തിൽ അതിഥി തൊഴിലാളികൾക്കും നമ്മുടെ നാട്ടിലെ തൊഴിലാളികൾക്കും ആശ്വാസകരമായ നടപടികൾ സ്വീകരിച്ചുകൊണ്ടാണ് തൊഴിൽ വകുപ്പ് മുന്നോട്ടുപോകുന്നത്. നഗരത്തിലുള്ള

സ്ത്രീ തൊഴിലാളികൾക്ക് പ്രത്യേകമായി താമസിക്കുന്നതിനുള്ള സ്റ്റുഡിയോ അപ്പാർട്ട്മെന്റിനുവേണ്ടി ഒന്നര കോടി രൂപ നീക്കിവച്ചിട്ടുണ്ട്. മൂന്നാറിലെ തോട്ടം തൊഴിലാളികളുടെ തൊഴിലുമായി ബന്ധപ്പെട്ട തർക്കങ്ങളിലും മറ്റ് പ്രശ്നങ്ങളിലും ഇടപെടൽ നടത്തിയ മുൻതൊഴിൽ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. ടി. പി. രാമകൃഷ്ണന്റെ നേതൃത്വത്തിൽ അവിടെ നിർമ്മാണം ആരംഭിച്ച ലേബർ കോംപ്ലക്സിന്റെ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനായി ഈ ഗവൺമെന്റ് 40 ലക്ഷം രൂപ മാറ്റിവയ്ക്കുകയുണ്ടായി. മരംകയറ്റ തൊഴിലാളികൾക്കും അവരുടെ ക്ഷേമനിധിക്കും പ്രത്യേക സഹായ പദ്ധതിക്കുംവേണ്ടി തുക മാറ്റിവച്ചിട്ടുണ്ട്. ഇത്തരത്തിൽ തൊഴിൽമേഖലയിൽ നിരവധി ഇടപെടലുകൾ നടത്തിക്കൊണ്ടാണ് കേരളത്തിലെ സർക്കാരും തൊഴിൽ വകുപ്പും മുന്നോട്ടുപോകുന്നത്.

കേരളത്തിൽ 105 ഗവൺമെന്റ് ഐ.ടി.ഐ.-കളുണ്ട്. സംസ്ഥാന സർക്കാർ ഐ.ടി.ഐ.-കളുടെ നവീകരണത്തിനായും തൊഴിലും നൈപുണ്യവും അടിസ്ഥാനപ്പെടുത്തിയുള്ള പരിശീലനങ്ങൾക്കായും ഫണ്ട് നീക്കിവയ്ക്കുകയും പുതിയ കാലത്തിനനുസരിച്ചുള്ള ആധുനികവത്കരണത്തിനുവേണ്ടി ഇടപെടലുകൾ നടത്തുകയും ചെയ്യുന്നുണ്ട്. സ്ഥലസൗകര്യമുള്ള ഐ.ടി.ഐ.-കൾക്ക് നിർമ്മാണ

പ്രവർത്തനത്തിനുവേണ്ടി ഫണ്ട് അനുവദിക്കുന്നതാണെന്നും പത്ത് പുതിയ ഐ.ടി.ഐ.-കൾ ആരംഭിക്കുമെന്നും സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. പുതുക്കാട് മണ്ഡലത്തിൽ ഐ.ടി.ഐ.-കളില്ലാത്ത സാഹചര്യത്തിൽ ഈ പ്രദേശത്ത് ഒരു ഗവൺമെന്റ് ഐ.ടി.ഐ. ആരംഭിക്കാനുള്ള നടപടിയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. ഇതിലേയ്ക്കായി സ്ഥലസൗകര്യം ലഭ്യമാക്കേണ്ടത് ആവശ്യമാണെങ്കിൽ ഒരുക്കിനൽകുന്നതാണ്. പൊതുവിദ്യാലയങ്ങൾ ശക്തിപ്പെടുത്തിയതിന്റെ ഭാഗമായി പ്രീ-പ്രൈമറി സ്കൂളുകളിൽ ധാരാളം കുട്ടികൾ അഡ്മിഷനെടുത്തിട്ടുണ്ടെന്ന് മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ട്. എന്നാൽ അവിടെ പഠിപ്പിക്കുന്ന അദ്ധ്യാപികമാരുടെയും ആയമാർ ഉൾപ്പെടെയുള്ളവരുടെയും വേതനം വളരെ തുച്ഛമായതിനാൽ അത് വർദ്ധിപ്പിച്ചുനൽകാനുള്ള ഇടപെടലുണ്ടാകണം. കേരളത്തിലെ അൺ-എയ്ഡഡ് മേഖലയിൽ വലിയരീതിയിലുള്ള തൊഴിൽ ചൂഷണമാണ് നടന്നുകൊണ്ടിരിക്കുന്നത്. സേവന വേതന വ്യവസ്ഥകളുടെ അഭാവത്തിന്റെ ഫലമായി ഏത് സമയത്തും അവിടെ സേവനമനുഷ്ഠിക്കുന്നവരെ പിരിച്ചുവിടുന്നതുൾപ്പെടെയുള്ള നടപടി ഉണ്ടാകാമെന്ന അവസ്ഥയ്ക്ക് പരിഹാരമുണ്ടാകേണ്ടതാണ്. തൊഴിൽമേഖലയിൽ ഇടപെട്ട് നടത്തുന്ന മാതൃകാ പ്രവർത്തനങ്ങളോടൊപ്പം ഈ പ്രശ്നം ഇപ്പോഴും

അവശേഷിക്കുകയാണ്. ഈ രംഗത്തെ തൊഴിലാളി പ്രവർത്തകനും ടീച്ചർമാർ ഉൾപ്പെടുന്ന യൂണിയന്റെ സംസ്ഥാന പ്രസിഡന്റ് എന്നുമുള്ള നിലയിലുമാണ് ഞാൻ അക്കാര്യം അഭ്യർത്ഥിക്കുന്നത്. കാലങ്ങളായി ഞങ്ങൾ ഉന്നയിച്ചുകൊണ്ടിരിക്കുന്ന ഈ വിഷയം നിരവധി തവണ സബ്മിഷനായും ഉന്നയിച്ചിട്ടുണ്ട്.

തൊഴിൽ നിയമങ്ങൾ തൊഴിലാളികൾക്കെതിരായി മാറ്റിയെടുക്കുന്ന സമീപനമാണ് കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്നത്. ഇക്കാര്യങ്ങളെക്കുറിച്ച് പല ബഹുമാനപ്പെട്ട അംഗങ്ങളും ചർച്ചയിൽ പങ്കെടുത്ത് സംസാരിക്കുകയുണ്ടായി. നാൽപ്പത്തിനാല് കേന്ദ്ര തൊഴിൽ നിയമങ്ങളുള്ളതിൽ ഇരുപത്തിയൊമ്പതെണ്ണം നാല് കോഡുകളാക്കി തിരിച്ച് തൊഴിലാളികളെ ചൂഷണം ചെയ്യാനുള്ള നടപടികളുമായാണ് കേന്ദ്ര സർക്കാർ മുന്നോട്ടുപോകുന്നത്. പ്രസ്തുത തൊഴിൽനിയമങ്ങളെല്ലാം തൊഴിലാളികൾക്കെതിരാക്കി കൊണ്ടുവരികയും പന്ത്രണ്ട് മണിക്കൂറായി ജോലിസമയം ദീർഘിപ്പിക്കുകയും അവരുടെ ഗ്രാറ്റുവിറ്റി, പി.എഫ്., ഇ.എസ്.ഐ. തുടങ്ങിയ ആനുകൂല്യങ്ങൾ കവർന്നെടുക്കുന്നതിനായി വൈദ്യുതി ഉപയോഗിക്കാത്ത സ്ഥാപനങ്ങളിൽ ഫാക്ടറി നിയമങ്ങൾ ബാധകമല്ലാതാക്കുകയും ചെയ്തിരിക്കുന്നു. ഇത്തരത്തിലുള്ള തൊഴിലാളി

വിരുദ്ധ നയങ്ങളാണ് കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. അതിനെ എതിർക്കാൻ തയ്യാറാകേണ്ട കോൺഗ്രസ് പാർട്ടി അതിനോടൊപ്പമില്ല എന്നുള്ള സങ്കടംകൂടി ഈയവസരത്തിൽ പങ്കുവച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുന്നു.

ശ്രീ. ടി. സിദ്ദിഖ്: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കേരളത്തിലെ പ്രവാസമേഖലയിലുള്ളവരുമായി ബന്ധപ്പെട്ടും ലോക കേരള സഭയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളെക്കുറിച്ചും പലരും സൂചിപ്പിച്ചു. ഈ നിയമസഭയിൽ സമാനമായ രീതിയിൽ നിയമനിർമ്മാണത്തിലൂടെ കൊണ്ടുവന്ന ലോക കേരളസഭ ബഹിഷ്കരിച്ചതിലൂടെ എങ്ങനെയാണ് കേരള നിയമസഭയിൽ പ്രതിപക്ഷത്തിന് ഭരണപക്ഷത്തോടൊപ്പമിരിക്കാൻ സാധിക്കുന്നുവെന്ന് ഡോ. കെ. ടി. ജലീൽ ഇവിടെ ചോദിച്ചതാണ് എനിക്ക് ഏറെ ഗൗരവതരമായി തോന്നിയത്. സത്യത്തിൽ അദ്ദേഹത്തിന്റെ പ്രസ്താവന സഭാരേഖകളിൽനിന്നും നീക്കേണ്ടത് അനിവാര്യമായിരുന്നു. നിയമസഭയുടെ സാങ്റ്റിറ്റിയെയും പവിത്രതയെയും ചോദ്യം ചെയ്യുന്ന പ്രധാനപ്പെട്ട സമീപനമാണ് അദ്ദേഹം സ്വീകരിച്ചിരിക്കുന്നത്. ലോക കേരള സഭയുമായി ബന്ധപ്പെട്ട് ഞങ്ങൾ ഉന്നയിച്ച ചോദ്യങ്ങൾക്ക് ഇതുവരെയും സ്വാഭാവികമായ രീതിയിലൊരു മറുപടി നൽകാൻ നിങ്ങൾ തയ്യാറായിട്ടില്ല.

അന്നത്തെ പത്രസമ്മേളനത്തിൽ ബഹുമാനപ്പെട്ട സ്പീക്കറും നോർക്കയുടെ വൈസ് ചെയർമാനും സെക്രട്ടറിയുമുണ്ടായിരുന്നു. അവിടെ പത്രപ്രവർത്തകർ പ്രധാനമായും ചോദിച്ചത് ലോക കേരളസഭയിൽനിന്ന് ഉരുത്തിരിഞ്ഞുവന്ന തീരുമാനങ്ങളും എടുത്ത നടപടികളും എന്തൊക്കെയാണെന്നായിരുന്നു. അതിനുള്ള മറുപടി നോർക്ക വൈസ് ചെയർമാൻ നൽകുന്നതാണെന്ന് ബഹുമാനപ്പെട്ട സ്പീക്കർ പറഞ്ഞു; എന്നാൽ വൈസ് ചെയർമാൻ പ്രസ്തുത ചോദ്യത്തിനുള്ള മറുപടി നൽകാതെ സെക്രട്ടറിക്ക് മൈക്ക് കൈമാറുകയാണ് ചെയ്തത്. എന്നാൽ അതിന്റെ മറുപടി സെക്രട്ടറിയും പറഞ്ഞില്ല. ലോക കേരളസഭയുമായി ബന്ധപ്പെട്ട് ഇതുവരെ ഉരുത്തിരിഞ്ഞ വിഷയങ്ങളെക്കുറിച്ചും സ്വീകരിച്ച നിലപാടിനെയും നടപടിയെയും കുറിച്ചുള്ള ഒരു പ്രോഗ്രസ് റിപ്പോർട്ടെങ്കിലും കേരളത്തിന്റെ പൊതുസമൂഹത്തിനുമുന്നിൽ കൊണ്ടുവരണമെന്ന് ഭരണപക്ഷത്തോട് അഭ്യർത്ഥിക്കുകയാണ്. ലോക കേരളസഭയുമായി ബന്ധപ്പെട്ട് ഒരു പ്രധാനപ്പെട്ട വിഷയം സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ശ്രീ. പി. വി. അൻവർ പ്രതിപക്ഷനേതാവിന്റെ സ്റ്റാഫിന്റെ എണ്ണത്തെക്കുറിച്ചും അവരുടെ ശമ്പളത്തെക്കുറിച്ചും തിരയുന്ന പരിപാടിയിലായിരുന്നു ഇന്നലെ ഏർപ്പെട്ടുകൊണ്ടിരുന്നത്. 23-01-2018-ന് ശ്രീ. പി. വി. അൻവർ ഉൾപ്പെടെയുള്ള അംഗങ്ങൾ ലോക കേരളസഭയുമായി

ബന്ധപ്പെട്ട് ഉന്നയിച്ച 'സി' ചോദ്യം 'പ്രഥമ സമ്മേളനത്തിൽ ഉരുത്തിരിഞ്ഞുവന്ന മുഖ്യമായ ആശയങ്ങളും നിർദ്ദേശങ്ങളും എന്തെല്ലാമെന്നും ഇവ പരിഗണിക്കുന്നതിനായി സർക്കാരിന്റെ ഇടപെടൽ എന്തുവിധത്തിലായിരിക്കുമെന്നും വ്യക്തമാക്കുമോ?' എന്നായിരുന്നു. ഇതിന് സീരിസ് ഓഫ് റിപ്ലൈയാണ് ലഭ്യമാക്കിയിട്ടുള്ളത്. ഒന്ന്, 'വിദേശത്തുള്ള പ്രവാസി വ്യവസായ-വാണിജ്യ സംരംഭകരുമായി സജീവ ബന്ധം പുലർത്തുന്നതിനുവേണ്ടി ഓരോ വിദേശമേഖലയ്ക്കും പ്രത്യേക ചേംബറുകൾ എന്ന നിലയിൽ പ്രവാസി വാണിജ്യ ചേംബറുകൾക്ക് രൂപം നൽകുക'; ലോകത്തെവിടെയെങ്കിലും നിങ്ങൾ ചേംബറുണ്ടാക്കിയോ? രണ്ട്, 'ഇവരും കേരളത്തിൽ ഫലപ്രദമായി പ്രവർത്തിക്കുന്ന ചേംബറുകളും തമ്മിൽ സൗഹൃദബന്ധം വളർത്തിയെടുത്ത് ആഗോളതലത്തിലെ മലയാളികളായ വ്യവസായ-വാണിജ്യ സംരംഭക കൂട്ടുകെട്ട് ഉറപ്പാക്കുക'. എവിടെയാണ് കൂട്ടുകെട്ടുണ്ടാക്കിയത്? ലോക കേരളസഭയിൽ ഉരുത്തിരിഞ്ഞു വന്ന ആശയങ്ങളും അത് നടപ്പിലാക്കാനെടുത്ത തീരുമാനങ്ങളെക്കുറിച്ചുമാണ് ഞങ്ങൾ ചോദിക്കുന്നത്. എന്തിനുവേണ്ടിയാണ് ഈ സഭയ്ക്ക് രൂപം നൽകിയിരിക്കുന്നത്? ഈ സഭ എന്തിനുവേണ്ടിയാണോ രൂപീകരിച്ചിരിക്കുന്നത്, അതിനുള്ള ഉദ്ദേശ്യലക്ഷ്യങ്ങളെ മുഴുവൻ

തുണവൽക്കരിച്ച് ഒരു വൃഥാവ്യായാമമായി പ്രവാസികളെ അപമാനിക്കുന്നത് പ്രതിപക്ഷമല്ല, മറിച്ച് കേരളത്തിലെ ഭരണപക്ഷമാണെന്ന് ഇവിടെ നടക്കുന്ന ഓരോ കാര്യങ്ങളിലൂടെ തെളിഞ്ഞുവരികയാണ്. മൂന്നാമതായി പറയുന്നത്, 'എല്ലാ രാജ്യങ്ങളിലും പ്രവാസി പ്രൊഫഷണൽ സമിതികൾ രൂപീകരിക്കുക' എന്നാണ്. ലോകത്ത് ഏതെങ്കിലുമൊരു രാജ്യത്ത് ലോക കേരളസഭയുടെ ഭാഗമായി പ്രവാസി പ്രൊഫഷണൽ സമിതികൾ രൂപീകരിച്ചിട്ടുണ്ടോ? പ്രസ്തുത ചോദ്യത്തിനുള്ള മറുപടിയിൽ വീണ്ടും പറഞ്ഞിരിക്കുന്നത്, 'വിദേശത്ത് ജോലി ചെയ്യുന്നവരും തിരിച്ചുവരുന്നവരും മറ്റുസംസ്ഥാനങ്ങളിൽ ജോലി ചെയ്യുന്നവരുമായ മുഴുവൻ മലയാളികൾക്കുംവേണ്ടി പ്രത്യേക വിഭാഗങ്ങൾ നോർക്കയിൽ രൂപീകരിക്കുക. വിദേശത്ത് ജോലി ചെയ്യുന്ന പ്രവാസികൾക്കുവേണ്ടി പ്രത്യേക മേഖലാ ഉപവകുപ്പുകളും ഉണ്ടാക്കുക. ഇതിന്റെ ചുമതല പ്രൊഫഷണലുകളെ ഏൽപ്പിക്കുക' എന്നാണ്. എവിടെയെങ്കിലും നിങ്ങൾ പ്രത്യേക മേഖലാ ഉപവകുപ്പുകളുണ്ടാക്കിയിട്ടുണ്ടോ? എവിടെയെങ്കിലും നിങ്ങൾ ഇതിനുള്ള സമീപനങ്ങൾ സ്വീകരിച്ചിട്ടുണ്ടോ? ഇപ്രകാരം ഒരുകെട്ട് തീരുമാനങ്ങളെടുത്തുവെന്നാണ് നിങ്ങൾ മറുപടിയിൽ സൂചിപ്പിച്ചിരിക്കുന്നത്. എന്നാൽ നിങ്ങൾ നാളിതുവരെ ഒരു തീരുമാനംപോലും നടപ്പാക്കാതെ,

പ്രതിപക്ഷം നിങ്ങളെടുത്ത നയസമീപനങ്ങളെക്കുറിച്ച് ചോദിക്കുമ്പോൾ, ഭക്ഷണത്തിന്റെ കണക്കുപറഞ്ഞ് ഞങ്ങളെ അപമാനിക്കാനാണ് നിങ്ങൾ ശ്രമിക്കുന്നത്. ഞങ്ങളാരും ഭക്ഷണത്തിന്റെ കണക്കുപറഞ്ഞിട്ടില്ല. പ്രവാസികൾ കേരളത്തിന്റെ ഏറ്റവും വലിയ നട്ടെല്ലാണ്. ജീവസന്ധാരണത്തിനുവേണ്ടി വിദേശരാജ്യങ്ങളിൽ ജോലിചെയ്ത് രാജ്യത്തെ ജനങ്ങൾക്കും സമ്പദ്‌വ്യവസ്ഥയ്ക്കുംവേണ്ടി ഉരുകിത്തീരുന്ന പ്രവാസികളെ വിളിച്ചുവരുത്തിയിട്ട് എടുത്ത തീരുമാനങ്ങളിൽ ഒന്നുപോലും നടപ്പാക്കാതെ അവരെ അപമാനിക്കുന്ന രീതിയിൽ ഗവൺമെന്റിന്റെ സമീപനങ്ങൾ മാറിയിരിക്കുന്നു. പ്രതിപക്ഷം പറയുന്ന കാര്യങ്ങളെ നിങ്ങൾ എതിർത്തതുകൊണ്ട് കാര്യമില്ല.

കേരളത്തിന്റെ പൊതുവിദ്യാഭ്യാസത്തിന്റെ ഉയർച്ചയ്ക്കുവേണ്ടി ബഹുമാനപ്പെട്ട മന്ത്രി വലിയ പരിശ്രമങ്ങൾക്ക് നേതൃത്വം കൊടുക്കുന്നുണ്ട്. അങ്ങയുടെ പരിശ്രമങ്ങൾ തരുവണ-വെള്ളമുണ്ട മോഡലിൽ ആകരുതെന്ന് ദയവായി അഭ്യർത്ഥിക്കുകയാണ്. ഇവിടെ ഭരണപക്ഷത്തുള്ള അംഗങ്ങൾ സ്വകാര്യമേഖലയിൽനിന്നും പ്രൈവറ്റ് മേഖലയിൽനിന്നും എയ്ഡഡ് മേഖലയിൽനിന്നും സർക്കാർ മേഖലയിലെ സ്കൂളുകളിലേയ്ക്ക് കുട്ടികൾ ഒഴുകിവരുന്നതിനെക്കുറിച്ച് പറയുകയുണ്ടായി. തരുവണ-വെള്ളമുണ്ട സ്കൂളിൽ

സംഭവിച്ച കഥ നിങ്ങൾക്കറിയാമോ? അവിടത്തെ സർക്കാർ സ്കൂളുകളിൽനിന്ന് രാത്രി 8.00 മണിക്ക് നിരവധി കുട്ടികളുടെ ടി.സി. വാങ്ങി അവരെ ഒരു നേതാവിന്റെ മകൻ പഠിപ്പിക്കുന്ന എയ്ഡഡ് സ്കൂളിലേയ്ക്ക് മാറ്റിച്ചേർക്കുകയുണ്ടായി. സർക്കാർ സ്കൂളുകളിലെ പാസ്‌വേർഡ് ഉപയോഗിച്ച് രാത്രി 8.00 മണിക്ക് സൈറ്റ് ഓപ്പൺ ചെയ്ത് കുട്ടികൾക്ക് ടി.സി. കൊടുത്ത് നേതാവിന്റെ മകൻ പഠിപ്പിക്കുന്ന സ്കൂളിലേയ്ക്ക് മാറ്റിച്ചേർക്കുന്നതാണോ നിങ്ങളുടെ പൊതുവിദ്യാഭ്യാസ സംരക്ഷണനയം? ഇതിനുള്ള മറുപടി നിങ്ങൾ പറയണം. ഇതിനെതിരെ നിങ്ങൾ എന്തെങ്കിലും നടപടി സ്വീകരിക്കുകയോ ഏതെങ്കിലും രീതിയിലുള്ള അന്വേഷണം നടത്തുകയോ ചെയ്തിട്ടുണ്ടോ? അതിനെക്കുറിച്ച് നിങ്ങളുടെ നിലപാട് എന്താണെന്നറിയാൻ ഞങ്ങൾക്കും കേരളത്തിലെ പൊതുവിദ്യാഭ്യാസത്തെ സ്നേഹിക്കുന്നവർക്കും പ്രത്യേക താല്പര്യമുണ്ട്. ഇവിടെ ഡി.വൈ.എഫ്.ഐ.-യുടെയും എസ്.എഫ്.ഐ.-യുടെയും നേതാക്കൾ സംസാരിച്ചപ്പോൾ പറഞ്ഞത് ഞങ്ങൾ കേന്ദ്ര വിദ്യാഭ്യാസ നയത്തെയും എൻ.ഇ.പി. (National Education Policy)-യെയും എതിർക്കുന്നുവെന്നാണ്. നിങ്ങൾ കേരളത്തിൽ നടപ്പിലാക്കുന്നത് കേരളത്തിന്റെ വിദ്യാഭ്യാസ നയമല്ല; മറിച്ച് നിങ്ങൾ നടപ്പിലാക്കുന്നത് 2019-ലെ ദേശീയ വിദ്യാഭ്യാസ കമ്മീഷനായ കസ്തൂരിരംഗൻ

റിപ്പോർട്ടിനെത്തുടർന്ന് ദേശീയതലത്തിൽ 2020-ലുണ്ടാക്കിയ ദേശീയ വിദ്യാഭ്യാസ നയമാണ്. ആ ദേശീയ വിദ്യാഭ്യാസ നയമാണ് നിങ്ങൾ കേരളത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. ആ നയത്തെക്കുറിച്ച് ശ്രീ. സീതാറാം യെച്ചൂരി മൂന്നുകാര്യങ്ങളാണ് പറഞ്ഞത്: സെൻട്രലൈസേഷൻ, കൊമേഴ്സ്യലൈസേഷൻ, കമ്മ്യൂണലൈസേഷൻ. ഈ വിദ്യാഭ്യാസ നയത്തിന്റെ ആദ്യപടിയായ സെൻട്രലൈസേഷനാണ് നിങ്ങൾ കേരളത്തിൽ നടപ്പാക്കിയത്. അതിന്റെ ഭാഗമായി 9, 10, 11, 12 ക്ലാസ്സുകളെ ഒരു ക്രമീകരണത്തിലേയ്ക്കു കൊണ്ടുവരികയാണ്. കഴിഞ്ഞ സമ്മേളനത്തിൽ നിങ്ങൾ അതിൽ ഭേദഗതി കൊണ്ടുവന്നിരുന്നു. ഇതിലെ ജൂനിയർ, സീനിയർ വ്യത്യാസം നിലനിർത്തിക്കൊണ്ട്, പരിഹാര നടപടികളൊന്നും സ്വീകരിക്കാതെ വൈസ് പ്രിൻസിപ്പാൾ, എച്ച്.എം., പ്രിൻസിപ്പാൾ എന്നീ തസ്തികകൾ കൂട്ടിച്ചേർത്തുകൊണ്ടുള്ള ക്രമീകരണത്തിലേയ്ക്ക് കേരളത്തിലെ വിദ്യാഭ്യാസമേഖലയെ നിങ്ങൾ കൊണ്ടുവന്നിരിക്കുന്നു. ദേശീയ വിദ്യാഭ്യാസനയത്തെ ഒരുഭാഗത്ത് എതിർക്കുമ്പോൾ സമാനരീതിയിൽ ആ വിദ്യാഭ്യാസനയം കേരളക്കരയിൽ നടപ്പിലാക്കാനുള്ള നടപടി സ്വീകരിക്കുമോ? ഇന്ത്യാരാജ്യത്ത് എവിടെയെങ്കിലും ഖാദർ കമ്മീഷന്റെ ഒരു പീസ് മീൽ റിപ്പോർട്ട് നടപ്പിലാക്കിയിട്ടുണ്ടോ? ഖാദർ കമ്മീഷൻ

റിപ്പോർട്ടിന്റെ പൂർണ്ണരൂപം ഇവിടെ സമർപ്പിച്ചിട്ടില്ല. അക്കാഡമിക് മേഖലയുമായി ബന്ധപ്പെട്ട റിപ്പോർട്ട് ഇതുവരെയും സമർപ്പിക്കാതെ സ്ട്രക്ച്ചറൽ ചെയ്ഞ്ചസിന്റെ റിപ്പോർട്ട് മാത്രമാണ് സമർപ്പിച്ചത്. ഭാഗിക റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ദേശീയ വിദ്യാഭ്യാസനയം കേരളത്തിൽ നടപ്പിലാക്കാൻവേണ്ടി ഖാദർ കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കിയ നിങ്ങൾ ഒരുമിച്ച് കേന്ദ്രത്തെ എതിർക്കുകയും അതേനയം കേരളത്തിൽ നടപ്പാക്കുകയുമാണ് ചെയ്യുന്നത്. അതിനെയും നിങ്ങൾ സ്വാഗതം ചെയ്യുന്നു. ഈ ഇരട്ട സമീപനം ഗൗരവതരമായ പ്രയാസമുണ്ടാക്കുകയാണ്.

വയനാട് ജില്ലയിലെ ഉന്നത-പൊതുവിദ്യാഭ്യാസ മേഖലകളിൽ ഗൗരവമായ പ്രതിസന്ധി നേരിടുകയാണ്. എസ്.എസ്.എൽ.സി. പാസ്സായ കുട്ടികൾക്ക് 4086 സീറ്റിന്റെ കുറവാണുള്ളത്. ഗൗരവതരമായി അങ്ങയുടെ ശ്രദ്ധ വയനാട് ജില്ലയുടെ കാര്യത്തിലുണ്ടാകണം. വയനാടിന് അയൽ ജില്ലകളല്ല; അയൽ സംസ്ഥാനങ്ങളാണുള്ളത്. കാട് കടന്നാൽ അപ്പുറത്ത് തമിഴ്നാട്ടും തൊട്ടപ്പുറത്ത് കർണ്ണാടകയുമാണ്. അടുത്തുള്ള മൂന്ന് അയൽ ജില്ലകളിലേയ്ക്ക് പോകണമെങ്കിൽ ചുരമിറങ്ങണം. അതുകൊണ്ടുതന്നെ മലപ്പുറം, കോഴിക്കോട്, കണ്ണൂർ തുടങ്ങിയ അയൽ ജില്ലകളിൽ പോയി കുട്ടികൾക്ക് പഠിക്കാൻ സാധിക്കുന്നില്ല. അതുകൊണ്ട് കുട്ടികളുടെ പഠനം

സാധ്യമാകണമെങ്കിൽ ഏക ആശ്രയം വയനാട് ജില്ലയിൽ അനുവദിച്ചിട്ടുള്ള സീറ്റുകൾ വർദ്ധിപ്പിക്കുകയെന്നതാണ്. അതുമാത്രമല്ല, അവിടെ കേവലം സീറ്റുകൾ വർദ്ധിപ്പിച്ചതുകൊണ്ട് കാര്യമില്ല; ദയവുചെയ്ത് സ്ഥിര ബാച്ചുകൾ അനുവദിക്കാനുള്ള സമീപനം സ്വീകരിക്കണം. ബാച്ചുകൾ അനുവദിക്കുമ്പോൾ അതിൽ ട്രൈബൽ വിദ്യാർത്ഥികളുമായി ബന്ധപ്പെട്ടുകൊണ്ട് ഹ്യൂമാനിറ്റീസ് ബാച്ച് പ്രത്യേകമായി പരിഗണിച്ച് നടപ്പാക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു. കേരളത്തിലെ ഉന്നത വിദ്യാഭ്യാസ മേഖലയിലെ മാറ്റങ്ങളെക്കുറിച്ച് ഇവിടെ പ്രതിപാദിക്കുകയുണ്ടായി. കേരളത്തിലെ ഉന്നത വിദ്യാഭ്യാസ മേഖലയിൽ കാതലായ മാറ്റങ്ങൾക്ക് നേതൃത്വം കൊടുക്കുന്നതിന് നിരവധി കമ്മീഷനുകൾ വന്നുവെങ്കിലും എല്ലാത്തിനെയും എതിർത്ത് തരിപ്പണമാക്കുകയായിരുന്നു. അതിനുശേഷം രൂപംകൊണ്ട സ്വാശ്രയ കോളേജിന്റെ സമീപനത്തെയും പ്രീഡിഗ്രി ബോർഡിനെയും സ്വാശ്രയ വിദ്യാഭ്യാസ സമീപനത്തെയും പ്രൈവറ്റ് പബ്ലിക് പാർട്ട്ണർഷിപ്പിനെയും എതിർത്തു. നിങ്ങൾ എല്ലാ സമീപനങ്ങളെയും എതിർത്ത് പരാജയപ്പെടുത്തി കേരളത്തിലെ ഉന്നത വിദ്യാഭ്യാസ മേഖലയെ പുറകോട്ടടുപ്പിക്കുന്ന സമീപനത്തിൽനിന്നും മാറ്റം വരുത്തി കേരളത്തിലെ

പൊതുവിദ്യാഭ്യാസത്തെ സംരക്ഷിക്കാനാവശ്യമായ നടപടികൾക്ക് നേതൃത്വം കൊടുക്കണമെന്നഭ്യർത്ഥിച്ചുകൊണ്ട് നിർത്തുന്നു.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, ബഹുമാനപ്പെട്ട 17 അംഗങ്ങളാണ് ധനാഭ്യർത്ഥന ചർച്ചയിൽ പങ്കെടുത്തത്. ഇവിടെ ഉന്നയിച്ചതിൽ വളരെ ക്രിയാത്മകമായ നിർദ്ദേശങ്ങളും അടിസ്ഥാനരഹിതവും വസ്തുതയുമായി യാതൊരു ബന്ധവുമില്ലാത്ത കാര്യങ്ങളുമുണ്ട്. ക്രിയാത്മകമായി ഉന്നയിക്കപ്പെട്ട നിർദ്ദേശങ്ങൾ അംഗീകരിക്കുന്നതിന് ബുദ്ധിമുട്ടില്ല. ജനകീയ വിദ്യാഭ്യാസമാണ് നാം വിഭാവനം ചെയ്യുന്നത്. കേരളത്തിലെ മുഴുവൻ കുട്ടികൾക്കും ഏറ്റവും മികച്ച വിദ്യാഭ്യാസം ഉറപ്പാക്കാൻ നമുക്ക് കഴിയണം. ഓരോ കുട്ടിയുടെയും നന്മകളെയും കഴിവുകളെയും കണ്ടെത്തി അവ ഏറ്റവും ഉയരങ്ങളിലേയ്ക്കെത്തിക്കാനുള്ള അവസരതുല്യത ഉറപ്പാക്കാനാവശ്യമായ പ്രവർത്തനങ്ങളാണ് ഗവൺമെന്റ് വിഭാവനം ചെയ്യുന്നത്. കമ്പോളലോകം മുന്നോട്ടുവയ്ക്കുന്ന വിദ്യാഭ്യാസ ക്രമത്തിന് ബദലാണ് എല്ലാ കുട്ടികൾക്കും സാമൂഹ്യനീതിയും അവസരസമത്വവും ഉറപ്പാക്കിക്കൊണ്ടുള്ള വിദ്യാഭ്യാസ നയം. ഇങ്ങനെയുള്ള ജനകീയ ബദൽ വളർത്തിക്കൊണ്ടുവരാൻ പൊതുസമൂഹത്തിന്റെ അർത്ഥപൂർണ്ണമായ പങ്കാളിത്തം അനിവാര്യമാണ്.

പൊതുകാഴ്ചപ്പാടിനുള്ളിൽനിന്നുകൊണ്ട് വികേന്ദ്രീകരിച്ചുള്ള ആസൂത്രണം നടപ്പാക്കുന്നതിന്റെ ഭാഗമായി സ്കൂൾതല അക്കാദമിക മാസ്റ്റർ പ്ലാൻ എല്ലാ വിദ്യാലയങ്ങളിലും വികസിപ്പിച്ചിട്ടുണ്ട്. ഇതിനനുസൃതമായ പ്രവർത്തന പദ്ധതികൾ സ്കൂൾതലത്തിൽ ആവിഷ്കരിച്ച് നടപ്പാക്കുന്നതാണ്. പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം വളരെ വലിയ ഉണർവ്വാണ് പൊതുവിദ്യാഭ്യാസ രംഗത്തുണ്ടാക്കിയിട്ടുള്ളത്. അതിന്റെ തുടർച്ചയെന്ന നിലയിൽ നവകേരളം കർമ്മപദ്ധതി-2 വിദ്യാകിരണം മിഷന്റെ ഭാഗമായുണ്ടാകും. പൊതുവിദ്യാലയങ്ങളെ ശക്തിപ്പെടുത്താനും തുല്യതയിലൂന്നിയ ഗുണമേന്മാ വിദ്യാഭ്യാസം ഉറപ്പാക്കാനുമാണ് നവകേരള കർമ്മ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണ്. എല്ലാ വിദ്യാലയങ്ങളെയും മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന്റെ ഭാഗമായി നിലവിലെ പ്രവർത്തനങ്ങൾക്ക് തുടർച്ചയും വളർച്ചയുമുണ്ടാകും. മികവ് എന്നാൽ അക്കാദമിക മികവാണ്. ഇതിനായുള്ള വൈവിദ്ധ്യമാർന്ന പദ്ധതികൾ ഈ അക്കാദമിക വർഷം ആസൂത്രണം ചെയ്തിട്ടുണ്ട്. നാം വിഭാവനം ചെയ്യുന്ന ജനായത്ത വിദ്യാഭ്യാസം എല്ലാ കുട്ടികളെയും ഉൾക്കൊള്ളിച്ചുകൊണ്ടുള്ളതാണ്. ഗുണതാ വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണെന്ന നിലപാട് നാം കൈക്കൊള്ളുന്നുണ്ടെങ്കിലും

അതിനോട് ചേർന്നുപോകുന്നതല്ല കേന്ദ്ര വിദ്യാഭ്യാസ നയം 2020. ഫെഡറൽ സംവിധാനത്തിൽ സംസ്ഥാനങ്ങൾക്ക് ചില പരിമിതികളുണ്ടെങ്കിലും ചില സാധ്യതകളുമുണ്ട്. ഇതിലുള്ള സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തി ഈ രംഗത്തെ മുന്നോട്ടുകൊണ്ടുപോകുന്നതാണ്. 1975 വരെ വിദ്യാഭ്യാസം ഭരണഘടനയുടെ സ്റ്റേറ്റ് ലിസ്റ്റിൽപ്പെട്ടതായിരുന്നു. അതുവഴി തുറന്നുകിട്ടിയ അവസരങ്ങൾ പരമാവധി പ്രയോജനപ്പെടുത്തിയാണ് വിദ്യാഭ്യാസ കാര്യങ്ങളിൽ നാം മുന്നേറിയത്. എന്നാൽ 1975-ലെ രാഷ്ട്രീയ സാഹചര്യങ്ങളാണ് കൺകറന്റ് ലിസ്റ്റിലേയ്ക്ക് വിദ്യാഭ്യാസത്തെ മാറ്റിയതെന്ന് നാം മറന്നുപോകരുത്. വിദ്യാഭ്യാസം കൺകറന്റ് ലിസ്റ്റിലാണെന്നകാര്യം പ്രയോജനപ്പെടുത്തിയാണ് കേന്ദ്രസർക്കാർ വിദ്യാഭ്യാസ കാര്യങ്ങളിൽ ഇടപെടുന്നത്.

ഈ അക്കാദമിക വർഷവും കുട്ടികൾ അധികമായി പൊതുവിദ്യാലയങ്ങളിൽ അഡ്മിഷനെടുത്തിട്ടുണ്ട്. രണ്ടുമുതൽ പത്തുവരെ ക്ലാസുകളിലായി 119970 കുട്ടികളാണ് ഈ അക്കാദമികവർഷം അധികമായി അഡ്മിഷനെടുത്തത്. 2016 മുതൽ ഇത്തവണത്തെ അധ്യയനവർഷം വരെ സർക്കാർ സ്കൂളുകളിലേയ്ക്ക് പുതുതായി 10.54 ലക്ഷം കുട്ടികളാണ് കടന്നുവന്നത്. നമ്മുടെ നേട്ടങ്ങൾ പലയിടങ്ങളിലും

അടയാളപ്പെടുത്തിയിട്ടുമുണ്ട്. കേന്ദ്ര വിദ്യാഭ്യാസ വകുപ്പ് ഏറ്റവും അവസാനം പ്രസിദ്ധീകരിച്ച പെർഫോമൻസ് ഗ്രേഡ് ഇൻഡക്സ് പ്രകാരം കേരളം പ്രഥമ ശ്രേണിയിലാണ്. വിദ്യാഭ്യാസ രംഗത്തോട് പൊതുസമൂഹം വർദ്ധിതമായ താല്പര്യം പ്രകടിപ്പിക്കുന്നുണ്ടെന്നതിനുള്ള പ്രകടമായ ഉദാഹരണമാണ് ഈ വർഷം നടന്ന സ്കൂൾ പ്രവേശനോത്സവം. സമൂഹത്തിന്റെ താല്പര്യവും ഉത്സാഹവും നിലനിർത്താനും പൊതുവിദ്യാഭ്യാസ മികവിനെ പ്രയോജനപ്പെടുത്താനും കഴിയുന്ന തരത്തിലുള്ള പ്രവർത്തന പദ്ധതികൾ ഈ സാമ്പത്തികവർഷം വിഭാവനം ചെയ്തിട്ടുണ്ട്.

പൊതുവിദ്യാഭ്യാസ വകുപ്പിനോടൊപ്പം അനുബന്ധ സ്ഥാപനങ്ങളായ സമഗ്രശിക്ഷാ കേരളം, എസ്.സി.ഇ.ആർ.ടി., സീമാറ്റ്-കേരള, കൈറ്റ്, എസ്.ഐ.ഇ.ടി., എസ്.ഐ.എം.സി., സ്കോൾ-കേരള, സാക്ഷരതാ മിഷൻ എന്നിവയുടെ ഫണ്ട് പ്രയോജനപ്പെടുത്തിക്കൊണ്ടുള്ള പ്രവർത്തനങ്ങളാണ് നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. ഗുണമേന്മയുള്ള വിദ്യാഭ്യാസം എല്ലാ കുട്ടികൾക്കുമെത്തിക്കുക എന്ന ലക്ഷ്യത്തിന്റെ ഭാഗമായി സ്കൂളുകളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് വലിയ പ്രാധാന്യമാണ് 2016 മുതൽ അധികാരത്തിലേറിയ ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള സർക്കാർ നിർവ്വഹിച്ചുവരുന്നത്. 2016 മുതൽ 2021 വരെയുള്ള

കാലഘട്ടത്തിൽ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സർക്കാർ മേഖലയിലെ 141 സ്കൂളുകൾക്ക് 5 കോടി രൂപവീതവും 386 സ്കൂളുകൾക്ക് 3 കോടി രൂപവീതവും 446 സ്കൂളുകൾക്ക് ഒരു കോടി രൂപവീതവും അനുവദിച്ചിട്ടുണ്ട്. ഇങ്ങനെ 973 വിദ്യാലയങ്ങൾക്കായി 2309 കോടി രൂപയുടെ ധനസഹായമാണ് കിഫ്ബിവഴി ലഭിച്ചത്. 2021-22 കാലഘട്ടത്തിന്റെ ആദ്യഘട്ടത്തിൽ 122 സ്കൂൾ കെട്ടിടങ്ങളുടെയും രണ്ടാംഘട്ടത്തിൽ 53 സ്കൂൾ കെട്ടിടങ്ങളുടെയും മൂന്നാംഘട്ടത്തിൽ 75 സ്കൂൾ കെട്ടിടങ്ങളുടെയും അടക്കം 250 കെട്ടിടങ്ങൾ ഉദ്ഘാടനം ചെയ്തു. ആധുനിക ശാസ്ത്ര-സാങ്കേതികവിദ്യ മുഴുവൻ വിദ്യാർത്ഥികൾക്കും ലഭ്യമാക്കുന്നതിന്റെ ഭാഗമായി വിദ്യാഭ്യാസരംഗത്ത് കേരളത്തെ, ഇന്ത്യയിലെ ആദ്യ ഡിജിറ്റൽ സംസ്ഥാനമായി 2020 ഒക്ടോബർ മാസം 12-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രഖ്യാപിച്ചു. ഏതാണ്ട് 752.5 കോടി രൂപ ചെലവഴിച്ച് 440000 ഡിജിറ്റൽ ഉപകരണങ്ങൾ വിദ്യാലയങ്ങളിൽ വിന്യസിപ്പിച്ചിട്ടുണ്ട്. നിലവിലുള്ള ഐ.ടി. സംവിധാനം ശക്തിപ്പെടുത്തുന്നതോടൊപ്പം 10500 ലാപ്ടോപ്പുകൾകൂടി ഐ.ടി. ലാബുകൾക്ക് നൽകുകയുണ്ടായി. ഇതുകൂടാതെ ഒന്നുമുതൽ പന്ത്രണ്ടുവരെയുള്ള ക്ലാസുകളിൽ പഠിക്കുന്ന എല്ലാ പട്ടികവർഗ്ഗ വിഭാഗം കുട്ടികൾക്കും 10, 12 ക്ലാസുകളിലെ പട്ടികജാതി വിഭാഗം കുട്ടികൾക്കുമായി

വിദ്യാകിരണം പദ്ധതിയിലൂടെ 45789 ലാപ്ടോപ്പുകൾ വിതരണം ചെയ്തു. സ്കൂൾ വിക്കി പോർട്ടൽ പരിഷ്കരിക്കുകയും റോബോട്ടിക്സ്, ഐ.ടി., ആർട്ടിഫിഷ്യൽ ഇന്റലിജൻസ് തുടങ്ങിയ മേഖലയിൽ കുട്ടികളെ പരിചയപ്പെടുത്താൻ 50000 റോബോട്ടിക്സ് കിറ്റുകൾ വിന്യസിപ്പിക്കുന്ന പ്രവർത്തനവും നടന്നുവരികയാണ്. എൻ.എസ്.ക്യൂ.എഫ്. ആധാരമാക്കിയുള്ള ഡിജിറ്റൽ ഉള്ളടക്ക നിർമ്മാണം, വിദ്യാർത്ഥികൾക്ക് തൊഴിൽ സംരംഭക പരിശീലനം തുടങ്ങിയ പദ്ധതികൾ എസ്.ഐ.ഇ.ടി. (സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷണൽ ടെക്നോളജി)-യുടെ നേതൃത്വത്തിൽ പുരോഗമിച്ചുവരികയാണ്. മുട്ടയും പാലും നേന്ത്രപ്പഴവും ഉൾപ്പെടെ ഏറ്റവും മികച്ച പോഷകസമൃദ്ധമായ ഉച്ചഭക്ഷണം കുട്ടികൾക്ക് നൽകുന്ന നയമാണ് സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയിലൂടെ സർക്കാർ സ്വീകരിച്ചുവരുന്നത്.

2021-22 സാമ്പത്തികവർഷം ഉച്ചഭക്ഷണ പദ്ധതിക്കായി സംസ്ഥാന സർക്കാർ 526 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കോവിഡുകാലത്ത് സ്കൂളുകളിലെത്താൻ കഴിയാതിരുന്ന മുഴുവൻ കുട്ടികൾക്കും ഉച്ചഭക്ഷണത്തിനായി മാറ്റിവച്ച അരിയും പലവ്യഞ്ജനങ്ങളും ഭക്ഷ്യഭദ്രതാ അലവൻസ് എന്നനിലയിൽ കുട്ടികളുടെ വീടുകളിൽ എത്തിക്കാൻ

സാധിച്ചിട്ടുണ്ട്. സ്കൂളുകൾ അടച്ചിട്ട ഘട്ടത്തിലും പാചകത്തൊഴിലാളികൾക്ക് 1500 രൂപവീതം സമാശ്വാസ പദ്ധതിയായി നൽകാൻ കഴിഞ്ഞു. 2022-23 സാമ്പത്തിക വർഷത്തിൽ സംസ്ഥാന ബഡ്ജറ്റിൽ മുൻവർഷത്തെ അപേക്ഷിച്ച് 41.64 കോടി രൂപയുടെ വർദ്ധനവ് വരുത്തിയിട്ടുണ്ട്. പ്രീ-പ്രൈമറി വിഭാഗത്തിലെ മുഴുവൻ കുട്ടികളെയും ഉച്ചഭക്ഷണ പദ്ധതിയിലുൾപ്പെടുത്തുന്ന കാര്യം ഗവൺമെന്റിന്റെ പരിഗണനയിലാണ്. സ്കൂൾ ഉച്ചഭക്ഷണത്തിന്റെ ഗുണമേന്മ ഉറപ്പാക്കാനായി ലാബുകളിൽ ഭക്ഷ്യവസ്തുക്കളുടെ സാമ്പിളും ജലവും പരിശോധിക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ട്. കുടിവെള്ളത്തിന്റെ ഗുണമേന്മ പരിശോധിക്കാനായി വാട്ടർ അതോറിറ്റിയുടെ ലാബ് സൗകര്യംകൂടി ഉപയോഗപ്പെടുത്തുന്ന കാര്യം ജലവിഭവ വകുപ്പുമന്ത്രിയുമായി ചർച്ച നടത്തിയിട്ടുണ്ട്.

സ്കൂൾ കുട്ടികൾക്ക് കൈത്തറി യൂണിഫോം വിതരണം ചെയ്യുന്നതിന്റെ ഭാഗമായി 958060 കുട്ടികൾക്കാണ് 2022-23 വർഷത്തിൽ യൂണിഫോം വിതരണം ചെയ്തത്. കൈത്തറി യൂണിഫോം പദ്ധതിയിലുൾപ്പെടാത്ത 13.5 ലക്ഷം കുട്ടികൾക്ക് 600 രൂപവീതം യൂണിഫോം അലവൻസായി നൽകുന്നുണ്ട്. 288 ടൈറ്റിലുകളിലായി 27388363 പാഠപുസ്തകങ്ങളാണ് ഒന്നാം വാല്യമായി പ്രിന്റ് ചെയ്തതെങ്കിലും സ്കൂൾ തുറക്കുന്നതിനുമുമ്പുതന്നെ

പാഠപുസ്തകങ്ങൾ സ്കൂളുകളിലെത്തിക്കാൻ സാധിച്ചിട്ടുണ്ട്. രണ്ടാം വാല്യമായി 1.77 കോടി പുസ്തകങ്ങളും മൂന്നാം വാല്യമായി 19.53 ലക്ഷം പുസ്തകങ്ങളും വിതരണം ചെയ്യുന്നതിനുള്ള അച്ചടിപ്രവർത്തനം കെ.ബി.പി.എസ്. നിർവ്വഹിച്ചുവരികയാണ്. വിദ്യാലയങ്ങളെ ഭിന്നശേഷി സൗഹൃദമാക്കി മാറ്റുകയെന്ന സർക്കാരിന്റെ നിലപാടിന്റെ ഭാഗമായി വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ചുവരികയാണ്.

ഈ വർഷം എസ്.എസ്.എൽ.സി. പരീക്ഷയെഴുതിയ ആകെ വിദ്യാർത്ഥികൾ 426469-ഉം അതിൽ വിജയിച്ചവർ 423303-ഉം ആണ് (ആകെ വിജയ ശതമാനം 90.28). ഇതിൽ 44363 വിദ്യാർത്ഥികളാണ് എ- പ്ലസ് നേടിയത്. ഇപ്രാവശ്യം ഉന്നത പഠനമാഗ്രഹിക്കുന്ന എല്ലാ കുട്ടികൾക്കും പ്രവേശനം നൽകുന്നതിനുള്ള നടപടികളുമായാണ് സർക്കാർ മുന്നോട്ടുപോകുന്നത്. കഴിഞ്ഞ വർഷം റിസൾട്ട് പ്രസിദ്ധീകരിച്ചപ്പോൾ ധാരാളം ആശങ്കകളുണ്ടായിരുന്നു. ഇപ്രാവശ്യം സംസ്ഥാനത്താകെ ഓരോ പ്രദേശത്തുമുള്ള സീറ്റുകളുടെ ആവശ്യം മനസ്സിലാക്കുകയും പത്ത് ശതമാനം സീറ്റ് ആദ്യഘട്ടത്തിലും 20 ശതമാനം സീറ്റ് രണ്ടാംഘട്ടത്തിലും ഉൾപ്പെടെ 81 അധിക ബാച്ചുകളും അനുവദിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഈ സീറ്റുകൾ മൊത്തം കണക്കിലെടുത്തുകൊണ്ടാണ് ഇപ്പോൾ പ്രവേശനത്തിനുള്ള

അപേക്ഷ ക്ഷണിച്ചിരിക്കുന്നത്. കഴിഞ്ഞ പ്രാവശ്യം അഡ്മിഷനുമായി ബന്ധപ്പെട്ട് വിദ്യാർത്ഥികൾ ഉത്കണ്ഠ പ്രകടിപ്പിച്ചിരുന്നു. ഇത്തവണ വിദ്യാർത്ഥികൾക്ക് ഉത്കണ്ഠയുടെ ആവശ്യമില്ല. പ്രതിപക്ഷത്തുള്ള ചില അംഗങ്ങൾക്കുമാത്രമാണ് ഉത്കണ്ഠയുള്ളത്. മുഴുവൻ വിദ്യാർത്ഥികൾക്കും പ്രവേശനം ലഭിക്കുന്നതാണ്.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, കഴിഞ്ഞവർഷം സീറ്റ് ലഭിക്കാത്തതുകൊണ്ട് മലപ്പുറം ജില്ലയിലെ പതിനയ്യായിരത്തിലധികം വിദ്യാർത്ഥികൾക്ക് സമാന്തര സംവിധാനങ്ങളെ ആശ്രയിക്കേണ്ടിവന്നു. ആദ്യം പത്ത് ശതമാനവും പിന്നീട് പത്ത് ശതമാനവും സീറ്റ് അനുവദിച്ചെങ്കിലും മലപ്പുറം ജില്ലയിലെ കുട്ടികൾക്ക് പഠിക്കാൻ അവസരം നൽകാൻ സാധിക്കാത്ത സാഹചര്യമാണുണ്ടായിരുന്നത്. ഇപ്രാവശ്യമെങ്കിലും അത്തരം ബുദ്ധിമുട്ട് ഒഴിവാക്കുന്നതിന് മുൻകരുതലോടുകൂടി പരിപാടികൾ തയ്യാറാക്കാൻ കഴിയുമോ? അതിലേയ്ക്കായി പ്രത്യേകം സംവിധാനമൊരുക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ശ്രീ. വി. ശിവൻകുട്ടി: സർ, ഏറ്റവുംകൂടുതൽ വിദ്യാർത്ഥികൾ പരീക്ഷ എഴുതുന്നതും ഏറ്റവുംകൂടുതൽ വിജയം കൈവരിക്കുന്നതും മലപ്പുറം

ജില്ലയിലാണ്. കഴിഞ്ഞ വർഷവും ഇതേ വിഷയം അഭിമുഖീകരിച്ചിരുന്നു. സീറ്റ് വർദ്ധിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ പിന്നീട് ഇതുമായി ബന്ധപ്പെട്ട് പരാതിയുണ്ടായിട്ടില്ല; ഇത്തവണയും അതുണ്ടാകില്ലെന്നാണ് പ്രതീക്ഷിക്കുന്നത്. മറ്റെന്തെങ്കിലും പ്രശ്നമുണ്ടെങ്കിൽ തീർച്ചയായും അതിലിടപെട്ട് പ്രശ്നപരിഹാരത്തിന് ശ്രമിക്കുന്നതാണ്.

ശ്രീ. ഷാഫി പറമ്പിൽ: സർ, ഒരു പൊതുവിദ്യാലയത്തിന്റെ കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. എന്റെ നിയോജകമണ്ഡലത്തിലെ മേപ്പറമ്പ് യു.പി. സ്കൂളിൽ നിരവധി വിദ്യാർത്ഥികൾ പഠിക്കാൻ ക്ലാസ് മുറികളില്ലാതെ കഷ്ടപ്പെടുകയാണ്. കിഫ്ബി പദ്ധതി പ്രഖ്യാപിച്ചെങ്കിലും നാളിതുവരെ നിർമ്മാണം ആരംഭിക്കാൻ സാധിച്ചിട്ടില്ല. അതിനുള്ള കാരണം, നിർമ്മാണവുമായി ബന്ധപ്പെട്ട് റിവൈസ്ഡ് എസ്റ്റിമേറ്റ് വേണ്ടിവരികയും അതിന്റെ പ്ലാനുൾപ്പെടെ മാറ്റേണ്ടി വരികയുണ്ടായി; അതിനുശേഷം ഇത് ഗവൺമെന്റിലേയ്ക്ക് സമർപ്പിച്ചപ്പോൾ കിഫ്ബിയിൽനിന്നും മറുപടി ലഭിച്ചത് അത്തരത്തിലുള്ള പത്ത് പ്രൊപ്പോസലുകൾ ലഭിക്കുമ്പോൾ മാത്രമെ അതൊരു ക്ലസ്റ്ററായി പരിഗണിച്ച് യോഗം ചേർന്ന് പാസ്സാക്കി നൽകുകയുള്ളൂവെന്നാണ്. മേപ്പറമ്പ് സ്കൂളിലെ വിദ്യാർത്ഥികളും അദ്ധ്യാപകരും മാനേജ്മെന്റും നിർമ്മാണം

ആരംഭിക്കുന്നതിനായി കാത്തിരിക്കുകയാണ്. അങ്ങ് അവരുമായി യോഗം ചേരാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ പി.ടി.എ.-യും ജനപ്രതിനിധികളുമുൾപ്പെടെ അങ്ങയുടെ സാന്നിദ്ധ്യത്തിൽ യോഗം ചേരുകയും പ്രസ്തുത യോഗത്തിന്റെ മിനിട്ട്സും അങ്ങയുടെ കത്തുമുൾപ്പെടെ ധനകാര്യ വകുപ്പിന് കൈമാറുകയും ചെയ്തിട്ടുണ്ട്. പക്ഷെ മാസങ്ങളായിട്ടും ഇതുവരെ ഒരു തീരുമാനവും അവർ സ്വീകരിക്കുന്നില്ല. ക്ലാസ് റൂമിൽ ഇരിക്കാൻ സ്ഥലമില്ലാതെ കുട്ടികൾ റോഡിലിറങ്ങിനിൽക്കുന്ന അവസ്ഥയാണുള്ളത്. ഇതൊരു പ്രത്യേക കേസ്സായി പരിഗണിച്ച് റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാകുന്നമുറയ്ക്ക് എ.എസ്. നൽകാനുള്ള തീരുമാനം കൈക്കൊണ്ടില്ലെങ്കിൽ നിർമ്മാണം ഇനിയും അനന്തമായി വൈകുന്നതാണ്. എത്രയുംവേഗം ഇതിനൊരു പരിഹാരമുണ്ടാക്കണമെന്ന് അങ്ങയോട് അഭ്യർത്ഥിക്കുകയാണ്.

ശ്രീ. വി. ശിവൻകുട്ടി: സർ, കുട്ടികൾക്ക് ക്ലാസ് മുറിയിൽ ഇരിക്കാൻ കഴിയാത്ത സാഹചര്യം കേരളത്തിൽ അവിടെ മാത്രമെയുള്ളൂവെന്നാണ് തോന്നുന്നത്. കിഫ്ബിയുടെ ഫണ്ടുപയോഗിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ നടത്താൻ ഏൽപ്പിച്ചിരിക്കുന്ന ചില ഏജൻസികൾ അതിൽ ചില കുറവുകൾ വരുത്തിയിട്ടുണ്ട്. അത് ഒരു പ്രത്യേക പ്രശ്നമായി കണ്ട്, അവരുമായി യോഗം

വിളിച്ച് പ്രശ്നപരിഹാരത്തിന് ശ്രമിക്കുന്നതാണ്.

ഇവിടെ അദ്ധ്യാപക ഒഴിവുകളെ സംബന്ധിച്ച് സൂചിപ്പിച്ചു. 2019-20-ലാണ് അവസാനമായി തസ്തിക നിർണ്ണയം നടന്നത്. കോവിഡ് കാലഘട്ടമായതുകൊണ്ട് 2020-21, 2021-22 വർഷങ്ങളിൽ സ്കൂളുകൾ തുറന്ന് പ്രവർത്തിക്കാത്തതിനാൽ തസ്തിക നിർണ്ണയം നടത്താൻ സാധിച്ചില്ല. അതിനാൽ 2019-20 വർഷത്തെ തസ്തിക നിർണ്ണയംതന്നെയാണ് തുടർന്നുള്ള രണ്ടുവർഷങ്ങളിലും നിലനിർത്തിയത്. 2022-23 അദ്ധ്യയന വർഷത്തെ കുട്ടികളുടെ എണ്ണം അടിസ്ഥാനമാക്കിയുള്ള തസ്തിക നിർണ്ണയം ജൂലൈ മാസമാണ് നടക്കുന്നത്. കഴിഞ്ഞ രണ്ട് വർഷങ്ങളായി നിലവിൽവന്ന അദ്ധ്യാപക ഒഴിവുകളിൽ 2021 ജൂലൈ മാസം 15 മുതൽ നിയമനങ്ങൾ നടത്താൻ സർക്കാർ തയ്യാറായി. നിലവിൽ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുള്ള ജില്ലകളിലെല്ലാംതന്നെ നിയമനങ്ങൾ നൽകുന്ന സ്ഥിതിയുണ്ടായിട്ടുണ്ട്. പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലില്ലാത്ത ഒഴിവുകളിൽ ദിവസവേതനാടിസ്ഥാനത്തിൽ അദ്ധ്യാപകരെ നിയമിക്കുവാൻ അദ്ധ്യയന വർഷം ആരംഭിച്ചപ്പോൾത്തന്നെ സർക്കാർ ഉത്തരവിറക്കുകയുണ്ടായി. എയ്ഡഡ് മേഖലയിൽ 2019-20-ൽ 8657 അദ്ധ്യാപകരുടെയും 2021-22-ൽ 9783 അദ്ധ്യാപകരുടെയും നിയമനത്തിന്

അംഗീകാരം നൽകിയിട്ടുണ്ട്. 2022-23 വർഷം 2019-20 വർഷത്തെ തസ്തിക നിർണ്ണയം അടിസ്ഥാനപ്പെടുത്തി 871 അദ്ധ്യാപകരെ നിയമിക്കാൻ അംഗീകാരം നൽകുകയാണുണ്ടായത്. അധിക തസ്തികകൾ സർക്കാർതലത്തിൽ അനുവദിക്കുന്നത് സംബന്ധിച്ച് കെ.ഇ.ആർ. ഭേദഗതിക്കെതിരെ മാനേജ്മെന്റുകൾ ഹൈക്കോടതിയിൽ ഫയൽചെയ്ത റിട്ട് പെറ്റീഷനുകൾ കൂടാതെ ഭിന്നശേഷി സംവരണം സംബന്ധിച്ച് നിലവിൽവന്ന വിധിന്യായം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട പ്രതിസന്ധി സർക്കാർ ഗൗരവത്തോടെ സമീപിക്കുകയും അതിനനുസൃതമായി നിലപാടുകൾ കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്. കോടതി കേസ്സുകൾ ഗൗരവമായി കൈകാര്യം ചെയ്തുകൊണ്ടും ദിവസവേതന ഗസ്റ്റ് അദ്ധ്യാപകരെ നിയമിച്ചുകൊണ്ടും സർക്കാർ ഈ പ്രതിസന്ധി തരണം ചെയ്യുകയും കുട്ടികളുടെ അദ്ധ്യയനത്തെ ബാധിക്കാത്തവിധം അദ്ധ്യാപകരെ ലഭ്യമാക്കാനുള്ള നടപടി സ്വീകരിച്ചിട്ടുമുണ്ട്. സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിലെ അദ്ധ്യാപക തസ്തികകളിലെ ഒഴിവുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രൈമറി വിഭാഗം | 4733 |
| ഹൈസ്കൂൾ വിഭാഗം | 2086 |
| ഹയർ സെക്കണ്ടറി വിഭാഗം | 554 |

| | |
|---|---|
| വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗം | 571 |
| ആകെ | 7954 |
| ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. | |

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, സ്വകാര്യ സ്കൂളുകളിലെ അദ്ധ്യാപക നിയമനം പി.എസ്.സി.-ക്ക് വിടുന്നതായി ചില വാർത്തകൾ വന്നിരുന്നു. ഗവൺമെന്റ് ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും ആലോചനകൾ നടത്തിയിട്ടുണ്ടോ; ഇത് വസ്തുതാപരമാണോ?

ശ്രീ. വി. ശിവൻകുട്ടി: സർ, സ്വകാര്യ സ്കൂളുകളിലെ അദ്ധ്യാപക നിയമനം പി.എസ്.സി.-ക്ക് വിടുന്നതിനെ സംബന്ധിച്ച് ഗവൺമെന്റ് ഇതുവരെയും ചർച്ച ചെയ്തിട്ടില്ല. നിലവിൽ ഗവൺമെന്റിന്റെ പരിഗണനയിൽ ആ വിഷയം വന്നിട്ടില്ല.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഭിന്നശേഷി സംവരണമാണ് ഇപ്പോൾ അദ്ധ്യാപക നിയമനത്തിന് തടസ്സമായി പറഞ്ഞിട്ടുള്ളത്. എയ്ഡഡ് സ്കൂളുകളിൽ പ്രത്യേകിച്ച്, ഹയർ സെക്കണ്ടറി വിഭാഗത്തിലേയ്ക്ക്, ഏറ്റവും പ്രമുഖ പത്രത്തിൽ വേക്കൻസി നോട്ടിഫൈ ചെയ്ത് ആപ്ലിക്കേഷൻ ക്ഷണിച്ച്, സർക്കാരിന്റെ ഒരു അഡീഷണൽ സെക്രട്ടറിയുടെ അല്ലെങ്കിൽ

അതിനുമുകളിലുള്ള ഒരു ഉദ്യോഗസ്ഥൻ സന്നിഹിതനായ ഇന്റർവ്യൂവിൽവച്ചാണ് അദ്ധ്യാപകരെ തെരഞ്ഞെടുക്കുന്നത്. ഈ ഒഴിവിലേയ്ക്ക് തെരഞ്ഞെടുക്കപ്പെടുന്നതിനായി അപേക്ഷിക്കുന്നവരുടെ വിശദാംശങ്ങൾ പരിശോധിച്ചാൽ ഇവരിൽ ഭിന്നശേഷിക്കാരുണ്ടോയെന്നറിയാൻ സാധിക്കും; അത് ഗവൺമെന്റിന് ബോധ്യപ്പെടുന്ന കാര്യവുമാണ്. എയ്ഡഡ് സ്കൂളിൽ ഭിന്നശേഷിയുടെ പേരിൽ നിയമനം തടഞ്ഞുവയ്ക്കേണ്ട കാര്യമില്ല. സർക്കാർ സ്കൂളുകളിൽ ബൈട്രാൻസ്ഫർ പ്രൊമോഷൻ മുഖേന ഹയർ സെക്കണ്ടറിയിലെ അദ്ധ്യാപക നിയമനം നടത്താവുന്നതാണ്. മൂന്ന് വർഷമായി ബൈട്രാൻസ്ഫർ പ്രൊമോഷന് ഡി.പി.സി. പോലും ചേരാതെ മുന്നോട്ടുപോകുന്ന സ്ഥിതിയാണുള്ളത്.

<u>ശ്രീ. വി. ശിവൻകുട്ടി</u>: സർ, അക്കാര്യം പരിശോധിക്കാം. ഇവിടെ ചില അംഗങ്ങൾ ഖാദർ കമ്മിറ്റിയെക്കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. 1 മുതൽ 12 വരെയുള്ള വിദ്യാഭ്യാസ രംഗത്ത് വർത്തമാന കാലഘട്ടത്തിന്റെ ആവശ്യമനുസരിച്ച് ഏറ്റവും പുതിയ പരിഷ്കാരങ്ങൾ അക്കാദമിക്കായി കൊണ്ടുവരണമെന്ന് ഗവൺമെന്റ് തീരുമാനിച്ചതാണ്. അതനുസരിച്ചാണ് ഖാദർ കമ്മിറ്റിയെ ചുമതലപ്പെടുത്തിയത്. പ്രസ്തുത കമ്മിറ്റിയുടെ ഒന്നാംഘട്ട റിപ്പോർട്ട് സമർപ്പിക്കുകയും അതിലെ ശിപാർശകൾ നടപ്പിലാക്കാൻ

ആരംഭിച്ചിട്ടുമുണ്ട്. രണ്ടാംഘട്ട റിപ്പോർട്ട് ഉടനെ സമർപ്പിക്കുമെന്നാണ് അറിയിച്ചിരിക്കുന്നത്. രണ്ടാംഘട്ട റിപ്പോർട്ട് സമർപ്പിക്കുന്നമുറയ്ക്ക് റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട ശിപാർശകൾ ഈ വർഷംതന്നെ നടപ്പിലാക്കിത്തുടങ്ങുന്നതാണ്.

ഡോ. മാത്യു കുഴൽനാടൻ: സർ, മൂവാറ്റുപുഴയിൽ മാറാടി ഹയർ സെക്കണ്ടറി സ്കൂളിൽ 2015-ൽ ചില ഹയർ സെക്കണ്ടറി കോഴ്സുകൾ അനുവദിച്ചെങ്കിലും നാളിതുവരെയും ഒരു സ്ഥിര അദ്ധ്യാപകനെ നിമിച്ചിട്ടില്ല. കുട്ടികൾ അവിടെനിന്നും പിരിഞ്ഞുപോകുന്ന സ്ഥിതിയാണുള്ളത്. ഇപ്പോൾ വിദ്യാഭ്യാസ വകുപ്പ് കുട്ടികളോട് ടി.സി. വാങ്ങി മാറിപ്പോകാൻ പറയുന്ന സ്ഥിതിയിലെത്തിനിൽക്കുകയാണ്. അതുകൊണ്ട് ആവശ്യമായ ഇടപെടൽ നടത്തി ആ സ്കൂളിനെ രക്ഷിക്കണം. പ്രസ്തുത സ്കൂളിന്റെ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് പഞ്ചായത്തടക്കം വളരെ ക്രിയാത്മകമായ ഇടപെടൽ നടത്തേണ്ടതുണ്ട്. അവിടെ ധാരാളം കുട്ടികൾ പഠനം നടത്തുന്ന നല്ലൊരു സ്കൂളാണ്. പക്ഷെ ഒരു സ്ഥിര അദ്ധ്യാപകൻപോലുമില്ലാത്ത പ്രത്യേക സാഹചര്യം പരിഗണിച്ച് മാറാടി സർക്കാർ ഹയർ സെക്കണ്ടറി സ്കൂളിനെ രക്ഷിക്കാനുള്ള ഇടപെടൽ അങ്ങയുടെ ഭാഗത്തുനിന്നുണ്ടാകണം.

ശ്രീ. സനീഷ്കുമാർ ജോസഫ്: സർ, തൃശ്ശൂർ ജില്ലയിലെ വെറ്റിലപ്പാറ

സ്കൂളിൽ ധാരാളം ആദിവാസി കുട്ടികൾ പഠിക്കുന്നുണ്ട്. മലക്കപ്പാറ പോലെയുള്ള പ്രദേശങ്ങളിലെ വിദ്യാർത്ഥികൾക്കുൾപ്പെടെ സൗകര്യപ്രദമായി പഠിക്കുന്നതിന് അവിടെ ഒരു ഹ്യുമാനിറ്റീസ് ബാച്ച് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

<u>ശ്രീ. വി. ശിവൻകുട്ടി</u>: സർ, ഇവിടെ ചർച്ച ചെയ്ത ഓരോ സ്കൂളിലും ഓരോ ബാച്ച് അനുവദിക്കാൻ സാധിക്കുമോ? അതിനെല്ലാം കുറച്ച് നടപടിക്രമങ്ങളുണ്ട്; അതനുസരിച്ച് മാത്രമെ കാര്യങ്ങൾ തീരുമാനിക്കാൻ സാധിക്കുകയുള്ളൂ. പാഠ്യപദ്ധതി പരിഷ്കരണത്തെ സംബന്ധിച്ച് നിരവധി അംഗങ്ങൾ ആശങ്ക പ്രകടിപ്പിക്കുകയുണ്ടായി. ഗവൺമെന്റ് പാഠ്യപദ്ധതി പരിഷ്കരണം വളരെ ഗൗരവമായി കാണുന്നതുകൊണ്ടുതന്നെയാണ് അർഹതയുള്ള ഒരു കമ്മിറ്റിയെ ചുമതലപ്പെടുത്തിയിരിക്കുന്നത്. പ്രസ്തുത കമ്മിറ്റിയുടെ ആദ്യയോഗം ചേരുകയും സാമൂഹിക പ്രതിബദ്ധതയുള്ള വിഷയങ്ങൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന ഉദ്ദേശ്യത്തോടുകൂടിയുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുകയുമാണ്. ചാവറയച്ചന്റെ ചിത്രം പാഠപുസ്തകത്തിൽനിന്ന് എടുത്തുമാറ്റിയെന്ന ഗൗരവമായ വിമർശനം ഉന്നയിക്കുകയുണ്ടായി. യു.ഡി.എഫ്.-ന്റെ കാലഘട്ടത്തിൽ പ്രിന്റ് ചെയ്ത പാഠപുസ്തകം തന്നെയാണ് ഇപ്പോഴുമുള്ളത്.

ഇവിടെ പല അംഗങ്ങളും കാര്യങ്ങൾ മനസ്സിലാക്കാതെയാണ് സംസാരിക്കുന്നത്. നാലാം ക്ലാസ്സിലെ കേരള ഹിസ്റ്ററിയുടെ പാഠപുസ്തകമാണ് എന്റെ കയ്യിലിരിക്കുന്നത്. ഈ പുസ്തകത്തിലും ഏഴാം ക്ലാസ്സിലെ പാഠപുസ്തകത്തിലും പത്താംക്ലാസ്സിലെ സാമൂഹ്യശാസ്ത്രം പാഠപുസ്തകത്തിലും ചാവറയച്ചന്റെ ചിത്രം പതിച്ചിട്ടുണ്ട്. (പാഠപുസ്തകങ്ങൾ ഉയർത്തിക്കാണിച്ചു).

തൊഴിൽ വകുപ്പിനെ സംബന്ധിച്ച് ഒന്നുരണ്ട് അംഗങ്ങൾ മാത്രമാണ് അഭിപ്രായം രേഖപ്പെടുത്തിയത്. തൊഴിൽ വകുപ്പിന്റെ കീഴിൽ ലേബർ കമ്മീഷണർ, ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ്, ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ്, ഡയറക്ടറേറ്റ് ഓഫ് ഇൻഡസ്ട്രിയൽ ട്രെയിനിംഗ് എന്നിവ പ്രവർത്തിക്കുന്നുണ്ട്. 'കേരള സവാരി' എന്നൊരു പ്രധാനപ്പെട്ട പ്രോഗ്രാം സംസ്ഥാന സർക്കാർ നടപ്പാക്കാനുദ്ദേശിക്കുകയാണ്. സംസ്ഥാനത്തെ ഓട്ടോ-ടാക്സി ശൃംഖലകളെ ഏകോപിപ്പിച്ചുകൊണ്ട് 'കേരള സവാരി' എന്ന പേരിൽ സർക്കാർ മേഖലയിലെ ആദ്യത്തെ ഓൺലൈൻ ടാക്സി സംവിധാനത്തിന് തുടക്കം കുറിക്കാനും ആദ്യഘട്ടത്തിൽ തിരുവനന്തപുരം നഗരത്തിൽ അതിന്റെ ഉദ്ഘാടനം നടത്താനും തീരുമാനിച്ചിട്ടുണ്ട്.

അതിഥി തൊഴിലാളികൾക്ക് താമസസൗകര്യമൊരുക്കുന്നതിനായി ഭവനം ഫൗണ്ടേഷൻ മുഖേന തൊഴിൽ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതിയാണ്

'അപ്നാഘര്‍' . പ്രസ്തുത പദ്ധതിയുടെ ഭാഗമായി വിവിധ സ്ഥലങ്ങളില്‍ ഫ്ലാറ്റ് സമുച്ചയങ്ങള്‍ പൂര്‍ത്തിയാക്കിവരികയാണ്. കൂടാതെ അതിഥി തൊഴിലാളികള്‍ക്കുള്ള സൗജന്യ ആരോഗ്യ ഇന്‍ഷ്വറന്‍സ് പദ്ധതിയായ 'ആവാസ്' സംസ്ഥാനത്ത് നടപ്പിലാക്കിവരികയാണ്. കുറഞ്ഞ വേതനം വാങ്ങുന്ന സ്ത്രീ തൊഴിലാളികള്‍ക്കായി തിരുവനന്തപുരം മേനംകുളത്ത് സ്റ്റുഡിയോ അപ്പാര്‍ട്ട്മെന്റ് നിര്‍മ്മാണത്തിന്റെ പ്രവൃത്തി ആരംഭിച്ചിരിക്കുന്നു. പരമ്പരാഗത മേഖലയിലെ തൊഴിലാളികള്‍ക്ക് income support scheme നടപ്പിലാക്കിവരികയാണ്. വിവിധ മേഖലകളിലെ തൊഴിലാളികളെ അംഗീകരിക്കുന്നതിന്റെ ഭാഗമായി 'തൊഴിലാളി ശ്രേഷ്ഠ അവാര്‍ഡ്' നല്‍കിവരുന്നുണ്ട്. മികച്ച സ്ഥാപനങ്ങളെ കണ്ടെത്തി തൊഴിലാളികള്‍ക്ക് അവരുടെ മികവിന്റെ അടിസ്ഥാനത്തില്‍ ഗ്രേഡിംഗ് ഏര്‍പ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്തുവരുന്ന അതിഥി തൊഴിലാളികളുടെ രജിസ്ട്രേഷന്‍ നടത്തുന്നതിനായി അതിഥി പോര്‍ട്ടല്‍ തയ്യാറാക്കിയിട്ടുണ്ട്. കേന്ദ്ര നിയമങ്ങളെ സംയോജിപ്പിച്ച് നാല് ലേബര്‍ കോഡുകളാക്കി കേന്ദ്ര ഗവണ്‍മെന്റ് വിജ്ഞാപനം പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തില്‍ സംസ്ഥാനത്തെ തൊഴിലാളികളുടെ താല്പര്യം സംരക്ഷിച്ചുകൊണ്ട് ലേബര്‍ കോഡുകളുടെ സംസ്ഥാന ചട്ടങ്ങള്‍ രൂപീകരിക്കുന്നതിനുള്ള നടപടികള്‍

നടന്നുവരുന്നു. e-Shram പോർട്ടലിന്റെ ഭാഗമായി സംസ്ഥാനത്ത് അസംഘടിത പരമ്പരാഗത മേഖലകളിലെയും വിവിധ ക്ഷേമനിധി ബോർഡുകളിൽ അംഗങ്ങളായ 58 ലക്ഷത്തിൽപ്പരം തൊഴിലാളികളുടെയും രജിസ്ട്രേഷൻ നടത്തിയിട്ടുണ്ട്. 16 ക്ഷേമനിധി ബോർഡുകളെയും ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതിനുവേണ്ടി എ.ഐ.ഐ.എസ്. (Advanced Information Interface System) സോഫ്റ്റ്‌വെയർ വികസിപ്പിച്ചിട്ടുണ്ട്. ഈ സോഫ്റ്റ്‌വെയറിലൂടെ ദ്വയാംഗത്വം ഒഴിവാക്കാനും യഥാസമയം ആനുകൂല്യങ്ങൾ വിതരണം ചെയ്യാനും സാധിക്കുന്നതാണ്. കാലാവധി പൂർത്തിയായ എല്ലാ തൊഴിൽമേഖലകളിലും മിനിമം വേതനം പുതുക്കുന്നതിനുള്ള നടപടി തുടർന്നുവരികയാണ്.

ODEPC (Overseas Development and Employment Promotion Consultants) മുഖേന ബെൽജിയം, ജർമനി എന്നീ രാജ്യങ്ങളിലേയ്ക്ക് നഴ്സുമാരുടെ റിക്രൂട്ട്മെന്റ് ഈ വർഷം മുതൽ ആരംഭിച്ചിരിക്കുകയാണ്. ഇത് കൂടുതൽ രാജ്യങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുകയാണ്. Kerala Institute of Labour and Employment (KILE) വിവിധ ക്ഷേമനിധി ബോർഡിലെ അംഗങ്ങളായ തൊഴിലാളികളുടെ മക്കൾക്കുവേണ്ടി സിവിൽ സർവ്വീസ് കോച്ചിംഗ് സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്. ഫാക്ടറീസ് ആൻഡ്

ബോയിലേഴ്സ് ഡിപ്പാർട്ടുമെന്റിന്റെ നേതൃത്വത്തിൽ എറണാകുളത്ത് Chemical Emergency Response Centre, Occupational Safety and Health Administration Training Institute എന്നിവയുടെ പ്രവർത്തനവും ആരംഭിച്ചിട്ടുണ്ട്. ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടറേറ്റിന്റെ കീഴിൽ സംസ്ഥാനത്ത് നിലവിൽ 13 ഇ.എസ്.ഐ. ആശുപത്രികളും 147 ഇ.എസ്.ഐ. ഡിസ്പെൻസറികളും പ്രവർത്തിച്ചുവരുന്നു. ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടറേറ്റിന്റെ കീഴിലുള്ള ഇ.എസ്.ഐ. ആശുപത്രികളായ പേരൂർക്കട, ആലപ്പുഴ, എറണാകുളം, ഫറോക്ക് എന്നിവിടങ്ങളിൽ ലെവൽ 1 ഐ.സി.യു. പ്രവർത്തിപ്പിക്കാനാവശ്യമായ നടപടി സ്വീകരിച്ചുവരികയാണ്.

സംസ്ഥാനത്ത് സർക്കാർ മേഖലയിൽ ആകെ 104 ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളാണുള്ളത്. 258 ഐ.ടി.ഐ.-കൾ പ്രൈവറ്റ് മേഖലയിൽ പ്രവർത്തിച്ചുവരുന്നു. ഐ.ടി.ഐ.-കളിൽ 71 ട്രേഡുകളാണ് ആകെയുള്ളത്. ഈ സർക്കാരിന്റെ കാലയളവിൽ പിണറായി, ചടയമംഗലം എന്നീ ഐ.ടി.ഐ.-കൾക്ക് സ്ഥലം ലഭ്യമാക്കുകയും കയ്യൂർ ഐ.ടി.ഐ.-ക്ക് അമിനിറ്റി സെന്ററും ചാലക്കുടി വനിതാ ഐ.ടി.ഐ.-ക്ക് വർക്ക്ഷോപ്പ് ബിൽഡിംഗ്, കെട്ടിടങ്ങൾ എന്നിവ നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്.

ഐ.ടി.ഐ.-യിൽ പഠിക്കുന്ന മുഴുവൻ കുട്ടികൾക്കും ഇൻഷ്വറൻസ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. മണിയൂർ, വടകര, അരക്കുഴ എന്നീ ഐ.ടി.ഐ.-കൾക്ക് പുതിയ കെട്ടിടനിർമ്മാണത്തിന് അനുമതി നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ 12 ഐ.ടി.ഐ.-കളെ അന്തർദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനും പുതുതായി 13 കോഴ്സുകൾ ആരംഭിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരികയാണ്. ചാക്ക, ധനുവച്ചപുരം എന്നീ ഐ.ടി.ഐ.-കളുടെ ഉദ്ഘാടനം ഉടനെ നടത്തുന്നതാണ്.

നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് (കേരള) മുഖേന ശരണ്യ, കൈവല്യ, നവജീവൻ, മൾട്ടിപർപ്പസ്, ജോബ് ക്ലബ്ബ് എന്നീ സ്വയംതൊഴിൽ പദ്ധതികൾ നടത്തിവരുന്നു. കരിയർ ഡെവലപ്മെന്റ് സെന്റർ, മോഡൽ കരിയർ സെന്റർ എന്നിവയിലൂടെ ഉദ്യോഗാർത്ഥികൾക്ക് പരിശീലനവും തൊഴിലും നൽകിവരികയാണ്. തിരുവനന്തപുരം മാതൃകയിൽ എല്ലാ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെയും മോഡൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളാക്കുന്നതിനും എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ കാർഡുകൾ സ്മാർട്ട് കാർഡുകളാക്കുന്നതിനും അടിയന്തര നടപടികൾ സ്വീകരിച്ചുവരികയാണ്. Kerala Academy for Skills Excellence

(KASE) എന്ന സ്ഥാപനം എല്ലാ ജില്ലകളിലും കൗശൽ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നുണ്ട്. Kerala State Institute of Design (KSID)-ന്റെ നേതൃത്വത്തിൽ ഡിസൈൻ കോൺക്ലേവ് തിരുവനന്തപുരത്ത് സംഘടിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുകൾ നടപ്പാക്കാനുദ്ദേശിക്കുന്ന കാര്യങ്ങളെക്കുറിച്ചും ഇവിടെ നടത്തിയ ചർച്ചയിലെ പ്രധാനപ്പെട്ട കാര്യങ്ങളെക്കുറിച്ചും വിശദീകരിച്ചിട്ടുണ്ട്. ഈ ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, ഐക്യകേരളപിറവിക്കുശേഷം ആദ്യം അധികാരത്തിൽവന്ന സഖാവ് ഇ.എം.എസ്. നമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റ് മുതൽ ഇത:പര്യന്തം കേരളത്തിൽ അധികാരത്തിൽവന്ന ഇടത് ഗവൺമെന്റുകൾ 'സാമൂഹ്യനീതിയിൽ അധിഷ്ഠിതമായ സമഗ്രവികസനം' എന്ന കാഴ്ചപ്പാട് ഉയർത്തിപ്പിടിച്ചുകൊണ്ട് വിദ്യാഭ്യാസം, ആരോഗ്യം, സാമൂഹ്യനീതി എന്നീ മേഖലകളിൽ പ്രത്യേക ഊന്നൽനൽകി രൂപപ്പെടുത്തിയെടുത്ത കേരള മോഡലിന്റെ തിളക്കമാർന്ന മറ്റൊരു അദ്ധ്യായംകൂടി രണ്ടാം പിണറായി സർക്കാർ രചിക്കുകയാണ്. നവകേരള സൃഷ്ടിയുടെ ഭാഗമായി കേരളത്തെ ഒരു നവവൈജ്ഞാനിക സമൂഹമായി വാർത്തെടുക്കാനുള്ള മഹാദൗത്യം ഈ

ഗവൺമെന്റിന്റെ പ്രഖ്യാപിത ലക്ഷ്യങ്ങളിൽ പ്രധാനപ്പെട്ടതാണ്. ആ ദൗത്യത്തെ മുന്നിൽനിന്ന് നയിക്കേണ്ട ഉന്നതവിദ്യാഭ്യാസ മേഖലയ്ക്ക് പ്രഥമ പരിഗണനയാണ് നൽകുന്നതെന്ന് കേരളീയ സമൂഹം മുൻപാകെ ബഹുമാന്യനായ മുഖ്യമന്ത്രി നിരവധി പ്രാവശ്യം പ്രഖ്യാപിച്ചിട്ടുള്ളതാണ്. കഴിഞ്ഞയാഴ്ച സഭ മുമ്പാകെയും അദ്ദേഹം ഈ പ്രഖ്യാപനം നടത്തിയിട്ടുള്ളതാണ്. അതിന്റെ പ്രാധാന്യം ഉൾക്കൊണ്ടുകൊണ്ട് ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റ് അവതരണവേളയിൽ ആദ്യം പരാമർശിച്ചത് ഈ മേഖലയെക്കുറിച്ചാണ്. കേരളത്തിന്റെ ഭാവിയെ സംബന്ധിച്ചിടത്തോളം അതിനിർണ്ണായകമായ ഈ മേഖലയ്ക്ക് ആനുപാതികമായ ഫണ്ട് ബഡ്ജറ്റിലൂടെ പ്രഖ്യാപിച്ചത് ഏറെ സന്തോഷകരമാണ്. സംസ്ഥാനത്തിന്റെ ഏറ്റവും വലിയ ശക്തിയും മൂലധനവുമാണ് വിജ്ഞാനം. ഈ വിജ്ഞാന സമ്പത്തിനെ ഉപയുക്തമാക്കി കേരളത്തെ ജ്ഞാനസമൂഹമാക്കി മാറ്റുക എന്ന സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യം നിറവേറ്റുമ്പോൾ വിജ്ഞാനത്തെ വെറും കച്ചവട ചരക്കാക്കി മാറ്റാതെ ഉല്പാദനപ്രക്രിയയിലെ മുഖ്യഘടകമാക്കി മാറ്റിക്കൊണ്ട് എല്ലാവർക്കും അതിന്റെ ഗുണം ലഭ്യമാക്കുകയെന്നുള്ളതാണ്. ഇതുതന്നെയാണ് കേരളമാതൃകയായി കണക്കാക്കപ്പെടുന്നത്. വിദ്യാസമ്പന്നരായ യുവാക്കളുടെ

തൊഴിൽശേഷി, സംരംഭകത്വം എന്നിവ വളർത്തിയെടുത്ത് സംസ്ഥാനത്തിന്റെ വികസന ആവശ്യങ്ങൾക്കും കേരളത്തിന്റെ സമ്പദ്ഘടനയുടെ വിപുലീകരണത്തിനും അവരുടെ സാദ്ധ്യതകൾ ഉപയോഗപ്പെടുത്താവുന്ന രീതിയിൽ പദ്ധതികൾ ആവിഷ്കരിച്ച് മുന്നോട്ടുപോകാനാണുദ്ദേശിക്കുന്നത്. ഗവേഷണത്തിലൂടെ ലഭിക്കുന്ന പുതിയ അറിവുകൾ കേരളത്തിന്റെ സാമൂഹ്യജീവിതത്തെ പുരോഗമനത്തിന്റെ പാതയിലൂടെ മുന്നോട്ടുനയിക്കുന്നതിനും കേരളീയരുടെ ജീവിതനിലവാരം ഗുണപ്രദമായി ഉയർത്തുന്നതിനും ഉപയോഗിക്കാൻകഴിയുന്ന രീതിയിലാണ് ഈ വൈജ്ഞാനിക സമൂഹത്തെ ചിട്ടപ്പെടുത്താനുദ്ദേശിക്കുന്നത്. അതിന് ഉപയുക്തമായ വിധത്തിലാണ് translational lab-കളും incubation centre-കളും startup park-കളുമൊക്കെ ചേർന്ന് eco-system സൃഷ്ടിക്കുന്നതിനാവശ്യമായ തുക ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ളത്. Incubation Centre-കൾ മനുഷ്യജീവിതത്തിലെ ഏറ്റവും സർഗ്ഗാത്മകമായ കാലയളവിൽ, യൗവ്വനത്തിൽ വിദ്യാർത്ഥികളുടെ യുവമസ്തിഷ്കങ്ങളിൽ രൂപംകൊള്ളുന്ന ഏറ്റവും നൂതനങ്ങളായ ആശയങ്ങളെ അടവച്ച്, വിരിയിച്ച് സ്വച്ഛന്ദമായി വൈജ്ഞാനിക ചക്രവാളങ്ങളിലേയ്ക്ക് അവരെ പറത്തിവിടാനുള്ള കേന്ദ്രങ്ങളാണ്. അവരുടെ ഏറ്റവും നവീനമായ

ആശയങ്ങൾ അവിടെ രൂപംകൊള്ളുകയും പ്രായോഗികതലത്തിലേയ്ക്ക് ആവിഷ്കരിക്കപ്പെടുകയും ചെയ്യുന്നതാണ്.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

സർവ്വകലാശാലകളും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളും ഉൽപ്പാദിപ്പിക്കുന്ന സവിശേഷമായ അറിവുകളെയും ഗവേഷണ നേട്ടങ്ങളെയും കേരളീയ സമൂഹത്തിന്റെ ഗുണാത്മക പരിവർത്തനത്തിനായി കൃഷി, വ്യവസായം, ആരോഗ്യം എന്നിങ്ങനെയുള്ള എല്ലാ അടിസ്ഥാന മേഖലകളിലും വലിയ ചലനങ്ങളും മുന്നേറ്റങ്ങളും ഉണ്ടാക്കുന്നതിനായി പ്രയോജനപ്പെടുത്താവുന്ന രീതിയിൽ താത്വികമായ, സൈദ്ധാന്തികമായ അന്വേഷണങ്ങളെ പ്രയോഗത്തിന്റെ രൂപത്തിലേയ്ക്ക് പരിവർത്തനം ചെയ്യുന്ന ട്രാൻസ്‍ലേഷണൽ റിസർച്ച് സെന്ററുകൾക്ക് രൂപംനൽകിയിട്ടുണ്ട്. ട്രാൻസ്‍ലേഷണൽ ലാബുകളും ഇൻകുബേഷൻ സെന്ററുകളും സ്റ്റാർട്ട് അപ്പ് പാർക്കുകളും ചേർന്നുള്ള ഇക്കോസിസ്റ്റം സൃഷ്ടിക്കുന്നതിന് കേരള, കണ്ണൂർ, കോഴിക്കോട് എം.ജി., ടെക്നിക്കൽ, കുസാറ്റ് തുടങ്ങിയ സർവ്വകലാശാലകൾക്കായി കിഫ്ബിയിൽനിന്നും 200 കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത്. എല്ലാ സർവ്വകലാശാലകളോടും ചേർന്ന് സ്റ്റാർട്ടപ്പ് പാർക്കുകൾ സ്ഥാപിക്കുകയെന്ന ലക്ഷ്യത്തിലേയ്ക്കുള്ള നടപടികൾ ആരംഭിക്കുന്നതിനായി

ചെന്നൈയിലുള്ള ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി-മദ്രാസ് (IITM)-ന്റെ സഹകരണത്തോടെ നടപടി ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്.

വിദ്യാർത്ഥികൾക്ക് പഠനത്തോടൊപ്പം തൊഴിൽ ചെയ്യാനുള്ള സാഹചര്യം സൃഷ്ടിക്കുന്നതിന് 'Earn While You Learn' പദ്ധതി കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെയും സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെയും ആഭിമുഖ്യത്തിൽ ആരംഭിച്ചുകഴിഞ്ഞു. സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ 'Industry on Campus', ASAP-ന്റെയും K-DISC-ന്റെയും സംയുക്ത സഹകരണത്തോടെ ആരംഭിക്കുന്ന Connect Career to Campus എന്നിവ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസകാലയളവിൽത്തന്നെ തൊഴിലിലേയ്ക്കുള്ള അവരുടെ ആഭിമുഖ്യം വർദ്ധിപ്പിക്കാനും തൊഴിൽ പരിചയത്തിലേയ്ക്ക് നയിക്കാനുമുള്ള വലിയ സാധ്യതകൾ തുറക്കുന്നതാണ്.

തൊഴിലും വിദ്യാഭ്യാസവും തമ്മിലുള്ള സ്കിൽ ഗ്യാപ്പ് നികത്താനുതകുന്ന വിധത്തിൽ വൈദഗ്ദ്ധ്യ പോഷണത്തിനുള്ള നിരവധി പദ്ധതികളാണ് ASAP-ന്റെ നേതൃത്വത്തിൽ നടത്തിവരുന്നത്. ഹയർ എഡ്യൂക്കേഷൻ വകുപ്പിന്റെ കീഴിൽ അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം എന്ന പേരിൽ നടപ്പാക്കിവരുന്ന ഈ പദ്ധതി ഏഷ്യൻ ഡെവലപ്മെന്റ് ബാങ്കിന്റെയും നീതി ആയോഗിന്റെയും പ്രത്യേക പരാമർശങ്ങൾ നേടിയെടുത്ത സംവിധാനമാണ്.

ഇന്ത്യാ സ്കിൽസ് റിപ്പോർട്ട്-2022 പ്രകാരം രാജ്യത്തെ ഏറ്റവും തൊഴിൽക്ഷമതയുള്ള സംസ്ഥാനങ്ങളിൽ കേരളം മൂന്നാമതെത്തിയതും അതിൽ അസാപ് വഹിച്ച പ്രശംസനീയമായ പങ്കിനെ സംബന്ധിച്ച് പരാമർശമുണ്ടായതും ഏറെ അഭിമാനകരമാണ്. കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കുന്ന ജില്ലാതല സ്കിൽപാർക്കുകളിൽ അസാപ്-ന്റെ നേതൃത്വത്തിൽ പരിശീലനം നൽകുന്നതിന് സംസ്ഥാനാടിസ്ഥാനത്തിലുള്ള കെ-സ്കിൽ കാമ്പയിൻ ബഹുമാന്യനായ മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യുകയുണ്ടായി. 500 നവകേരള ഫെല്ലോഷിപ്പുകൾ അഞ്ച് വർഷംകൊണ്ട് നൽകുമെന്നാണ് പ്രഖ്യാപിച്ചിട്ടുള്ളത്. കേരളത്തിന്റെ അടിസ്ഥാന മേഖലകളിൽ ആഴത്തിൽ ഗവേഷണം നടത്തി ജനജീവിതം ക്ഷേമകരമാക്കിത്തീർക്കുന്ന തരത്തിലുള്ള സംഭാവനകൾ നൽകുന്നതിന് 77 യുവഗവേഷകരെ ഈ പദ്ധതിപ്രകാരം തെരഞ്ഞെടുത്തിട്ടുണ്ട്. പ്രതിമാസം 50,000/- രൂപ മുതൽ 1,00,000/-രൂപ വരെ ലഭിക്കാവുന്ന രീതിയിലാണ് 77 യുവഗവേഷകരെയും ഇതിലേയ്ക്കായി തെരഞ്ഞെടുത്തിട്ടുള്ളത്. ഈ വർഷം 150 പേരെ തെരഞ്ഞെടുക്കാനാണുദ്ദേശിക്കുന്നത്. 5 വർഷം കൊണ്ട് 500 ഗവേഷകർക്ക് ഇത്തരത്തിൽ സഹായം ചെയ്തുകൊണ്ട് അവരുടെ അറിവിനെയും വൈജ്ഞാനിക അന്വേഷണങ്ങളെയും കേരളത്തിന്റെ

വികസനത്തിനായി പ്രയോജനപ്പെടുത്താനാണുദ്ദേശിക്കുന്നത്.

സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നതും പഠനത്തിൽ മിടുക്കരുമായ 1000 വിദ്യാർത്ഥികൾക്ക് മെറിറ്റിന്റെ അടിസ്ഥാനത്തിൽ മുഖ്യമന്ത്രിയുടെ 'വിദ്യാർത്ഥി പ്രതിഭാ പുരസ്കാരം' നൽകുന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഇതിലേയ്ക്കായി പ്രതിവർഷം 10 കോടി രൂപയാണ് ചെലവ് വരുന്നത്. ഇന്ത്യയിൽ മറ്റൊരു സംസ്ഥാന സർക്കാരും ഇത്ര വലിയ തുക ബിരുദ വിദ്യാർത്ഥികൾക്ക് പുരസ്കാരമായി നൽകുന്നില്ല. ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന 100 കോടി രൂപയുടെ ഉന്നത വിദ്യാഭ്യാസ ശാക്തീകരണ പരിപാടി ഏതാനും ദിവസങ്ങൾക്ക് മുമ്പ് ആദരണീയനായ മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യുകയുണ്ടായി. നമ്മുടെ സർവ്വകലാശാലകൾക്ക് യു.ജി.സി. സൗജന്യമായി നൽകിവന്നിരുന്ന ഇ-ജേർണൽ (UGC INFLIBNET) സംവിധാനം നിർത്തലാക്കിയ സാഹചര്യത്തിൽ, സംസ്ഥാനത്തെ എല്ലാ സർവ്വകലാശാലകൾക്കും/ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ഗവേഷണ പ്രവർത്തനത്തിന് അനിവാര്യമായ ഇ-ജേർണൽ വിഭവങ്ങൾ ലഭ്യമാക്കാനാണ് സംസ്ഥാനതല ഇ-ജേർണൽ കൺസോർഷ്യം (State Level E-Journal Consortium) ആരംഭിക്കുന്നത്. പ്രമുഖ പ്രസാധകരായ Elsevier, Knimbus

തുടങ്ങിയവരുമായി കരാറിലേർപ്പെട്ടുകൊണ്ട് അതിലേയ്ക്കുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. Elsevier ഗ്രൂപ്പിന്റെ പ്രസിദ്ധീകരണങ്ങളായ സയൻസ് ഡയറക്റ്റും സ്കോപ്പസും ഉൾപ്പെടെയാണ് ഈ പദ്ധതിയെന്നത് ഏറെ അഭിമാനകരമാണ്.

കേരളത്തിനുപുറത്ത് വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന മലയാളികളായ പ്രഗത്ഭരുടെ വിജ്ഞാന സമ്പത്ത് സംസ്ഥാനത്തിന്റെ ഉന്നതവിദ്യാഭ്യാസ മേഖലയിൽ പ്രയോജനപ്പെടുത്തുകയെന്ന ലക്ഷ്യത്തോടെയാണ് കേരള സംസ്ഥാന ഉന്നതവിദ്യാഭ്യാസ കൗൺസിൽ 'ബ്രെയിൻ ഗെയിൻ' പദ്ധതി നടപ്പാക്കുന്നത്. Building Up Database of Keralite - Academic Diaspora around the Globe എന്ന പേരിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അക്കാദമിക, ഗവേഷണ പ്രവർത്തനങ്ങളുടെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിന് ഇത് ഏറെ സഹായകമാകും. സംസ്ഥാനത്തെ സർവ്വകലാശാലകളെയും കോളേജുകളെയും ഔപചാരികമായി വിലയിരുത്തിക്കൊണ്ട് അവയെ ഗുണനിലവാര വർദ്ധനവിലേയ്ക്ക് നയിക്കാൻ കഴിയുന്ന രീതിയിലുള്ള അസസ്സ്മെന്റ് ആൻഡ് അക്രഡിറ്റേഷൻ സെന്റർ ആരംഭിച്ചിട്ടുണ്ട്. NAAC വിഭാവനം ചെയ്തിട്ടുള്ള

ഘടകങ്ങൾക്കുപുറമെ കേരളത്തിന്റെ സവിശേഷതകളായ Social Inclusiveness, Equity and Excellence, Scientific Temper and Secular Outlook തുടങ്ങിയ സംസ്ഥാനാധിഷ്ഠിത മാനദണ്ഡങ്ങൾകൂടി ഈ വിലയിരുത്തലിന് മാനകങ്ങളായി സ്വീകരിച്ചിട്ടുണ്ട്.

കേരളത്തിലെ എല്ലാ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഡിജിറ്റൽ വിദ്യാഭ്യാസത്തിന് സൗകര്യമൊരുക്കാൻ ഉദ്ദേശിച്ചിട്ടുള്ള പദ്ധതിയാണ് 'ഡിജികോൾ' (DIGICOL). ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ "Let's go Digital" പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ എല്ലാ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും അദ്ധ്യയനം, പഠനം, വിലയിരുത്തൽ, പരീക്ഷ ഇവയെല്ലാം പൊതുവായ മൂഡിൽ ലേണിംഗ് മാനേജ്മെന്റ് സിസ്റ്റത്തിൽ കൊണ്ടുവരുന്നതിനാണ് ഡിജിറ്റൽ എനേബിൾമെന്റ് ഓഫ് ഹയർ എഡ്യൂക്കേഷൻ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്. LMS (Learning Management System) നടപ്പാക്കുന്നതിന്റെ ഭാഗമായി, സംസ്ഥാനതലത്തിൽ ഓരോ വിദ്യാഭ്യാസസ്ഥാപനതലത്തിലും ആവശ്യമായ ഓൺലൈൻ പഠനസംവിധാനം ഒരുക്കുന്നതാണ്. കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ നേതൃത്വത്തിൽ സംസ്ഥാനത്തെ 11 സർവ്വകലാശാലാ ലൈബ്രറികളിലെ 15 ലക്ഷത്തോളം പുസ്തകങ്ങളും

തീസിസുകളും കൂട്ടിയിണക്കിയ സംസ്ഥാനതല സംവിധാനമാണ് കേരള അക്കാദമിക് ലൈബ്രറി നെറ്റ്‌വർക്ക് (Kerala Academic Library Network -KALNET). വിദ്യാർത്ഥികൾക്കും ഗവേഷകർക്കും ഒരുപോലെ പ്രയോജനപ്പെടുന്ന ഈ ശൃംഖലയിൽ കേരളത്തിലെ കോളേജുകളിലെ ലൈബ്രറികളെയും ഉൾപ്പെടുത്താനുദ്ദേശിക്കുന്നുണ്ട്. ഉന്നതവിദ്യാഭ്യാസ മേഖലയിൽ കടന്നുവരുന്ന വിദ്യാർത്ഥികളെ ഗുണനിലവാരത്തിന്റെ അടിസ്ഥാനത്തിൽ സ്ഥാപനങ്ങൾ തെരഞ്ഞെടുക്കുവാൻ സഹായിക്കുന്ന ഒരു പദ്ധതിയാണ് കേരള ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിംവർക്ക്. ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളെ ദേശീയവും അന്തർദ്ദേശീയവുമായ റാങ്കിംഗ് മെച്ചപ്പെടുത്താൻ സാധിക്കുന്ന വിധത്തിൽ വിവിധ മാനകങ്ങളെ പരിചയപ്പെടുത്താനുള്ള സംവിധാനംകൂടി ഇതിന്റെ ഭാഗമായുണ്ടാകുന്നതാണ്.

അദ്ധ്യാപക പരിശീലന പദ്ധതിയെന്ന നിലയിൽ ഉന്നതവിദ്യാഭ്യാസ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ മികച്ച അദ്ധ്യാപകരെ വാർത്തെടുക്കുന്നതിനും കാലാനുസാരിയായ പഠനബോധന രീതികൾ പരിശീലിപ്പിക്കുന്നതിനും ഡിജിറ്റൽ ഉപകരണങ്ങൾ കൈകാര്യം ചെയ്യുന്നതിനും സഹായകരമായ രീതിയിൽ ഫാക്കൽറ്റി ഡെവലപ്മെന്റ് സെന്റർ ആരംഭിച്ചിട്ടുണ്ട്. ഈ മേഖലയിൽ പുതിയതായി കടന്നുവരുന്ന

നവഅദ്ധ്യാപകർക്ക് ഇൻഡക്ഷൻ കോഴ്സുകൾ ഉൾപ്പെടെ വിപുലങ്ങളായ പരിശീലന സംവിധാനങ്ങളാണ് ഇതിലൂടെ ഒരുക്കാൻ സാധിക്കുന്നത്.

സംസ്ഥാനത്തെ സർവ്വകലാശാലകളിലെ വിവിധ വിഷയങ്ങളിലുള്ള യു.ജി./പി.ജി. പ്രോഗ്രാമുകളുടെ പഠനസാമഗ്രികൾ സമാഹരിച്ചുകൊണ്ട് ഒരു 'ഓൺലൈൻ ഡിജിറ്റൽ ശേഖരം',- ഡിജിറ്റൽ പഠന വിഭവങ്ങളുടെ റെപ്പോസിറ്ററി ഇതിനകം രൂപീകരിച്ചുകഴിഞ്ഞിട്ടുണ്ട്. വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും യഥേഷ്ടം ഇതിൽനിന്നും തെരഞ്ഞെടുക്കാൻ സാധിക്കുന്ന വിധത്തിലാണ് അക്കാദമിക് കോഴ്സുകളുടെ കണ്ടന്റുകൾ അപ്‌ലോഡ് ചെയ്യപ്പെട്ടിട്ടുള്ളത്. രണ്ടായിരത്തിൽപ്പരം pdf, word, audio, video, ppt, e-content ഉള്ളടക്കങ്ങൾ ഈ റെപ്പോസിറ്ററിയിൽ ലഭ്യമാണ്.

ERUDITE- Scholar In Residence Programme പ്രകാരം സംസ്ഥാനത്തെ സർവ്വകലാശാലകളിലെയും കോളേജുകളിലെയും അക്കാദമിക് സമൂഹത്തിന് നോബൽ പുരസ്കാര ജേതാക്കളടക്കമുള്ള അക്കാഡമിക് വിദഗ്ദ്ധരുമായി ആശയവിനിമയം നടത്താനും അവരുടെ വിജ്ഞാനപ്രദമായ പ്രഭാഷണങ്ങൾ കേൾക്കാനുമുള്ള സാഹചര്യം ലഭിക്കുന്നതാണ്. കോളേജുകളുടെ ക്ലസ്റ്റർ പദ്ധതിയിലൂടെ ഒരേ പ്രദേശത്ത് സ്ഥിതിചെയ്യുന്ന ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലെ; പ്രത്യേകിച്ചും

കോളേജുകളെ ബന്ധപ്പെടുത്തിക്കൊണ്ട് മാനുഷികവും ഭൗതികവുമായ വിഭവങ്ങൾ പരസ്പരം പങ്കുവയ്ക്കാനും അതിലൂടെ ഈ വിഭവങ്ങൾ പരമാവധി പ്രയോജനപ്പെടുത്താനുമാണുദ്ദേശിക്കുന്നത്. ഉന്നതവിദ്യാഭ്യാസ രംഗത്ത് ഇതിനകം മേന്മ കൈവരിച്ച പ്രധാന കലാലയങ്ങളെ ലീഡ് കോളേജുകളായി തെരഞ്ഞെടുത്ത് അവയ്ക്ക് ചുറ്റും കൊച്ചുകോളേജുകൾ വിന്യസിക്കുന്ന രീതിയിലാണ് കോളേജ് ക്ലസ്റ്ററുകൾ വിഭാവനം ചെയ്യപ്പെട്ടിട്ടുള്ളത്. ഉന്നതവിദ്യാഭ്യാസ മേഖലയുടെ സമഗ്രമായ വിവരശേഖരണം ലക്ഷ്യമിട്ട്, സംസ്ഥാനത്ത് ആദ്യമായി ഒരു ഉന്നത വിദ്യാഭ്യാസ സർവ്വേയും ആരംഭിച്ചിട്ടുണ്ട്. State specific ആയ എല്ലാ വിവരങ്ങളോടൊപ്പം ദേശീയ/അന്തർദേശീയാടിസ്ഥാനത്തിലുള്ള റാങ്കിംഗ് സംവിധാനത്തിലേയ്ക്ക് പോകാൻ കഴിയുന്ന വിധത്തിൽ സ്ഥാപനങ്ങളെ സഹായിക്കുന്ന തരത്തിലുള്ള പിന്തുണാസംവിധാനംകൂടി ഇതിന്റെ ഭാഗമായി വികസിപ്പിക്കാനാണുദ്ദേശിക്കുന്നത്. ഉന്നതവിദ്യാഭ്യാസരംഗത്തെ സമഗ്ര പരിഷ്കരണം മുൻനിർത്തി മൂന്ന് പ്രധാന കമ്മീഷനുകളെ നിയോഗിച്ചിട്ടുണ്ട്. ഇതിൽ രണ്ട് കമ്മീഷനുകൾ അവരുടെ ഇടക്കാല റിപ്പോർട്ടുകളും പരീക്ഷാ കമ്മീഷൻ അന്തിമ റിപ്പോർട്ടും സമർപ്പിച്ചുകഴിഞ്ഞു. നിയമപരിഷ്കാര കമ്മീഷൻ ഒരാഴ്ചയ്ക്കകം അവരുടെ റിപ്പോർട്ട് സമർപ്പിക്കുമെന്നാണ്

അറിയിച്ചിട്ടുള്ളത്. ഈ റിപ്പോർട്ടുകൾ ലഭിക്കുന്നമുറയ്ക്ക് സമഗ്രവും സമൂലവുമായ പരിഷ്കാരം ഉന്നതവിദ്യാഭ്യാസ മേഖലയിലുണ്ടാകുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ഈ മേഖലയിലെ എല്ലാ വിഭവങ്ങളും കൃത്യമായി ഉപയോഗിക്കാൻ കഴിയുന്ന വിധത്തിലുള്ള എന്റർപ്രൈസ് റിസോഴ്സ് പ്ലാനിംഗ് (ERP) സംവിധാനം K-REAP എന്ന പേരിൽ നടപ്പാക്കാനുദ്ദേശിക്കുന്നത്. ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ കരിക്കുലം പരിഷ്കരണപ്രക്രിയ ഇതിന്റെ ഭാഗമായി ഏറ്റെടുക്കുന്നതാണ്. കരിക്കുലത്തിലും സിലബസിലും തൊഴിൽ നൈപുണ്യം ഉൾപ്പെടെയുള്ള കാര്യങ്ങൾ ഉൾക്കൊള്ളിക്കുന്നതാണ്. വർദ്ധിച്ചുവരുന്ന ലൈംഗികാതിക്രമങ്ങൾക്കെതിരെ സമൂഹത്തെ ബോധവത്കരിക്കുന്നതിനുള്ള "സമഭാവനയുടെ സത്കലാശാലകൾ" എന്ന പേരിലുള്ള പദ്ധതിയുടെ ഒന്നാംഘട്ടം പൂർത്തിയായിക്കഴിഞ്ഞു. വിദ്യാർത്ഥികളുടെ മാനസികാരോഗ്യം നിലനിർത്തുന്ന രീതിയിലുള്ള ഇടപെടലുകൾ നടത്തുന്നതിന് 'ജീവനി' പദ്ധതി എല്ലാ കോളേജുകളിലേയ്ക്കും വ്യാപിപ്പിച്ചിട്ടുണ്ട്. നാഷണൽ സർവ്വീസ് സ്കീം (NSS) മുഖേന "വൺ കാമ്പസ് വൺ ഐ.എ.എസ് " പദ്ധതി നടത്തിവരികയാണ്. 3500 ദത്ത് ഗ്രാമങ്ങളോടൊപ്പം ഭിന്നശേഷിയുള്ളവർക്കും വയോജനങ്ങൾക്കും സ്ത്രീകൾക്കും

കുട്ടികൾക്കുംവേണ്ടി പ്രവർത്തിക്കുന്ന വിശേഷസേവനകേന്ദ്രങ്ങളെക്കൂടി ദത്തെടുക്കാൻ എൻ.എസ്.എസ്. ഈ വർഷം ഉദ്ദേശിക്കുന്നു. എൻ.സി.സി.-യുടെ ആഭിമുഖ്യത്തിൽ, തിരുവനന്തപുരം കല്ലറയിൽ 600 കേഡറ്റുകളെ താമസിപ്പിച്ച് ക്യാമ്പ് പരിശീലനം നൽകാനുള്ള പദ്ധതി രൂപീകരിച്ചിട്ടുണ്ട്. കിഫ്ബി, റൂസ എന്നിവയുടെ ഫണ്ടും പ്ലാൻ ഫണ്ടും ഉപയോഗിച്ച് കഴിഞ്ഞ വർഷങ്ങളിൽ പശ്ചാത്തല സൗകര്യ വികസനത്തിൽ വൻവർദ്ധനവ് ഉണ്ടാക്കാൻ സാധിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി പുതിയ ക്ലാസ്സ്മുറികൾ, സ്റ്റേറ്റ് ഓഫ് ദി ആർട്സ് സൗകര്യങ്ങളുള്ള ലബോറട്ടറികൾ, ഹോസ്റ്റൽ സൗകര്യങ്ങൾ തുടങ്ങിയവ ഒരുക്കാൻ സാധിച്ചിട്ടുണ്ട്. കിഫ്ബി ഫണ്ടിൽനിന്നും സർക്കാർ കോളേജുകൾക്ക് 398.52 കോടി രൂപയും ഹെറിറ്റേജ് കോളേജുകൾക്ക് 87.84 കോടി രൂപയും എഞ്ചിനീയറിംഗ് കോളേജുകൾക്ക് 76.5 കോടി രൂപയും പോളിടെക്നിക് കോളേജുകൾക്ക് 53.5 കോടി രൂപയും സർവ്വകലാശാലകൾക്ക് 322.37 കോടി രൂപയും ലഭ്യമാക്കിയിട്ടുണ്ട്. റൂസ പദ്ധതിയിലുൾപ്പെടുത്തി സർക്കാർ കോളേജുകൾക്ക് 55.034 കോടി രൂപയും എയ്ഡഡ് കോളേജുകൾക്ക് 108.5 കോടി രൂപയും സർവ്വകലാശാലകൾക്ക് 110.68 കോടി രൂപയും പശ്ചാത്തല സൗകര്യ വികസനത്തിന് ലഭ്യമാക്കിയിട്ടുണ്ട്. പ്ലാൻ ഫണ്ടിൽനിന്ന് കഴിഞ്ഞ വർഷം

പശ്ചാത്തല സൗകര്യ വികസനത്തിനായി കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങൾക്ക് 39.07 കോടി രൂപയും സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് 99.78 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്. മലയാള സർവ്വകലാശാല, സാങ്കേതിക സർവ്വകലാശാല, ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാല എന്നിവയുടെ കാമ്പസുകൾ നിർമ്മിക്കുന്നതിന് ഈ ബഡ്ജറ്റ് വിഭാവനം ചെയ്തിട്ടുണ്ട്; അതിന്റെ പ്രവർത്തനങ്ങൾ മുന്നേറിക്കൊണ്ടിരിക്കുകയാണ്.

ദേശീയ വിദ്യാഭ്യാസനയത്തെക്കുറിച്ച് അഭിപ്രായം ഉയർന്നുവന്ന സാഹചര്യത്തിൽ അടിസ്ഥാനപരമായ കാര്യം വ്യക്തമാക്കുകയാണ്. കോൺഗ്രസ് തുടക്കം കുറിച്ചതും ബി.ജെ.പി. സർക്കാർ തുടരുന്നതുമായ അമിത സ്വകാര്യവത്ക്കരണമുൾപ്പെടുന്ന നയത്തോടുള്ള ഞങ്ങളുടെ വിയോജിപ്പിന്റെ അടിത്തറ അത്യന്തം സുശക്തവും സുവ്യക്തവുമാണ്. കേരളം ഉയർത്തിപ്പിടിക്കുന്ന സാമൂഹ്യനീതി സങ്കല്പത്തെ റദ്ദാക്കാനാണ് അവർ ലക്ഷ്യംവയ്ക്കുന്നത്. മതനിരപേക്ഷതയടക്കമുള്ള ഭരണഘടനാ മൂല്യങ്ങൾക്ക് അവരുടെ നയങ്ങളിൽ യാതൊരു പ്രതിബദ്ധതയും കാണുന്നില്ല. സംവരണത്തിന്റെ കാര്യത്തിലും സംസ്ഥാനങ്ങൾക്കുള്ള സാമ്പത്തിക പിന്തുണയുടെ കാര്യത്തിലും അവരുടെ നയത്തിലെ കാഴ്ചപ്പാട് അവ്യക്തമാണ്.

അമിതമായ സ്വകാര്യവല്ക്കരണത്തിൽ ഊന്നുന്ന കോർപ്പറേറ്റ് കാഴ്ചപ്പാടാണ് അതിനെ നയിക്കുന്നത്. കേന്ദ്രനയങ്ങൾ കണ്ണടച്ചുനടപ്പാക്കുന്ന രീതി കേരളത്തിൽ പ്രതീക്ഷിക്കേണ്ടതില്ല. വിദേശ വിദ്യാർത്ഥികളെയടക്കം കേരളത്തിലെ സ്ഥാപനങ്ങളിലേയ്ക്ക് ആകർഷിക്കുന്ന വിധത്തിൽ ഉന്നത വിദ്യാഭ്യാസ രംഗത്തെ വികസിപ്പിക്കുകയെന്ന ലക്ഷ്യമാണ് സർക്കാർ മുന്നോട്ടുവയ്ക്കുന്നത്. ബ്രെയിൻ ഡ്രെയിനിനു പകരം ബ്രെയിൻ ഗെയിൻ നടപ്പാക്കാനും വിദ്യാഭ്യാസ പ്രക്രിയ പ്രവേശനം മുതൽ സർട്ടിഫിക്കേഷൻ വരെ സുതാര്യവും വേഗത്തിലാക്കാനുള്ള നടപടി സ്വീകരിക്കാനും സാധിച്ചിട്ടുണ്ട്. ERP സംവിധാനം, നവീകരിച്ച പരീക്ഷാ സംവിധാനം, കരിക്കുലം പരിഷ്കരണം, വർദ്ധിച്ച പശ്ചാത്തല സൗകര്യം എന്നിവയിലൂടെ ഉന്നത വിദ്യാഭ്യാസത്തിന്റെ ഗുണമേന്മ വർദ്ധിപ്പിക്കുന്നത് പുതിയ കാലത്തിന് അനുയോജ്യമാകും. ഇതിന്റെ ഭാഗമായി തദ്ദേശീയരായ വിദ്യാർത്ഥികൾക്ക് 1500 ഹോസ്റ്റൽ മുറികളും വിദേശ വിദ്യാർത്ഥികൾക്ക് 250 ഹോസ്റ്റൽ മുറികളും നിർമ്മിക്കുന്നതിന് 100 കോടി രൂപയും 30 അന്തർസർവ്വകലാശാല ഗവേഷണ കേന്ദ്രങ്ങൾ സ്ഥാപിച്ച് ഗവേഷണ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് 30 കോടി രൂപവീതവും കിഫ്ബി മുഖേന വകയിരുത്തിയിട്ടുണ്ട്. കേരളത്തെ ഉന്നത വിദ്യാഭ്യാസ ഹബ്ബാക്കുക എന്ന

പ്രഖ്യാപിത ലക്ഷ്യം കൈവരിക്കുന്നതിന് കോളേജുകളുടെയും സർവ്വകലാശാലകളുടെയും വിദ്യാർത്ഥികളുടെയും പൊതുസമൂഹത്തിന്റെയും കാഴ്ചപ്പാടിൽ നിൽക്കുകയെന്നത് പരമപ്രധാനമാണ്. ഇതിനായി NAAC/NBA അക്രഡിറ്റേഷൻ, NIRF റാങ്കിംഗ്, ലോക റാങ്കിംഗ് എന്നിവയിൽ നമ്മുടെ സ്ഥാപനങ്ങൾ ഉയർന്ന സ്ഥാനം കൈവരിക്കുന്നതിനുള്ള പരിശ്രമങ്ങൾ സർക്കാരിന്റെ പരിഗണനയിലാണ്. സർക്കാരിന്റെ ഈ കാഴ്ചപ്പാടിനോട് നല്ല രീതിയിൽ സ്ഥാപനങ്ങൾ പ്രതികരിക്കുന്നുണ്ട്. കേരള സർവ്വകലാശാലയുടെ 3.67 ഗ്രേഡ് പോയിന്റോടെ A ++ NAAC ഗ്രേഡും പട്ടാമ്പി ശ്രീനീലകണ്ഠ സംസ്കൃത കോളേജിന്റെ A + ഗ്രേഡും ഇതിനുദാഹരണങ്ങളാണ്. രാജ്യത്തെ സർവ്വകലാശാലകളിൽ ആദ്യ പത്ത് റാങ്കിൽ കേരളാ സർവ്വകലാശാലയെത്തിയത് അഭിനന്ദനീയമാണ്. ലോക റാങ്കിംഗിൽ കേരളത്തിലെ സർവ്വകലാശാലകൾ ഉൾപ്പെട്ടിട്ടില്ലെന്ന് ശ്രീ. യു. എ. ലത്തീഫ് ചൂണ്ടിക്കാണിക്കുകയുണ്ടായി. മഹാത്മാഗാന്ധി സർവ്വകലാശാല ടൈംസ് റാങ്കിംഗിൽ 702-ാം സ്ഥാനം നേടിയെന്ന കാര്യം അഭിമാനപൂർവ്വം സഭയെ അറിയിക്കുകയാണ്. കാലടി സർവ്വകലാശാലയ്ക്കും കഴിഞ്ഞ വർഷം A + ഗ്രേഡ് ലഭിക്കുകയുണ്ടായി. ഇത്തരത്തിൽ സ്ഥാപനങ്ങളെ

പ്രാപ്തമാക്കുന്നതിന് സ്റ്റേറ്റ് ലെവൽ ക്വാളിറ്റി അഷ്വറൻസ് സെൽ പുനഃസംഘടിപ്പിച്ച്, അതിനെ സ്വതന്ത്ര സ്ഥാപനമാക്കി പ്രവർത്തിപ്പിച്ച് കോളേജുകളുടെയും സർവ്വകലാശാലകളുടെയും അക്രഡിറ്റേഷനും റാങ്കിംഗും വർദ്ധിപ്പിച്ച് കേരളത്തെ ഉന്നത വിദ്യാഭ്യാസ ഹബ്ബാക്കി മാറ്റുമെന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പ്രഖ്യാപനം നൂറ് ശതമാനം നടപ്പാക്കാനാണ് ആഗ്രഹിക്കുന്നത്. ബ്രെയിൻ ഡ്രെയിനിനു പകരം ബ്രെയിൻ ഗെയിൻ നടപ്പാക്കി, സംസ്ഥാനത്തെ ജ്ഞാന സമൂഹമാക്കുന്നതിനുള്ള ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ പരിശ്രമങ്ങൾക്ക് ചാലകശക്തിയാകുന്നതിനുവേണ്ടി, ലോകോത്തര സ്ഥാപനങ്ങളായി നമ്മുടെ വിദ്യാലയങ്ങളെയും കലാലയങ്ങളെയും സർവ്വകലാശാലകളെയും ഉയർത്തേണ്ടതുണ്ട്.

സാമൂഹ്യനീതി മേഖലയിൽ വൃദ്ധജനങ്ങൾ, ഭിന്നശേഷി വിഭാഗങ്ങൾ, ട്രാൻസ്ജെൻഡേഴ്സ് തുടങ്ങിയ പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങളെ സാമൂഹ്യമായി ശാക്തീകരിച്ച് മുഖ്യധാരയിലേയ്ക്കും നേതൃനിരയിലേയ്ക്കും കൊണ്ടുവരുന്നതിന് നാനാമുഖ പദ്ധതികളാണ് നടപ്പാക്കിവരുന്നത്. വയോജനമേഖലയിൽ ഇന്ത്യയിലെ ഏറ്റവും മികച്ച വയോജനപരിപാലനത്തിനുള്ള കേന്ദ്രസർക്കാരിന്റെ "വയോശ്രേഷ്ഠ

സമ്മാൻ" 2021-ൽ കേരളത്തിന്റെ സാമൂഹ്യനീതി വകുപ്പിനാണ് ലഭിച്ചത്. പരിത്യക്തരായ വയോജനങ്ങളെയും സംരക്ഷണം ആവശ്യമുള്ള ഇതര വിഭാഗങ്ങളെയും സംരക്ഷിക്കുന്നതിലേയ്ക്കായി 577 ഹോമുകൾ സാമൂഹ്യനീതി വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്നുണ്ട്. ഇവ പ്രൈവറ്റ് എൻ.ജി.ഒ.-കളുടെ ആഭിമുഖ്യത്തിൽ സർക്കാരിന്റെ ഗ്രാന്റോടുകൂടിയാണ് സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്നത്. 16 വൃദ്ധമന്ദിരങ്ങളും 13 ഭിന്നശേഷി ഹോമുകളുമടക്കം 29 ഹോമുകൾ പൂർണ്ണമായും സർക്കാർ ആഭിമുഖ്യത്തിലാണ് പ്രവർത്തിക്കുന്നത്. വയോജനമേഖലയിലെന്നപോലെ കേരളത്തെ ഏറ്റവും മികച്ച ഭിന്നശേഷി സൗഹൃദ സംസ്ഥാനമാക്കി മാറ്റണമെന്ന ലക്ഷ്യമാണുള്ളത്. 'തടസ്സരഹിത കേരളം' പദ്ധതിയിലൂടെ എല്ലാ പൊതുസ്ഥലങ്ങളും പൊതുസ്ഥാപനങ്ങളും കലാലയങ്ങളും വിദ്യാലയങ്ങളും പൊതുഗതാഗതസംവിധാനങ്ങളും ബാരിയർ ഫ്രീ പദ്ധതിയുടെ ഭാഗമായി ഭിന്നശേഷി സൗഹൃദപരമാക്കുന്നതിനുള്ള ശ്രമങ്ങൾ തുടരുകയാണ്. ഭിന്നശേഷി വിഭാഗങ്ങളുടെ സ്വാതന്ത്ര്യവും സ്വയംപര്യാപ്തവും സ്വച്ഛന്ദവുമായ ജീവിതം ഉറപ്പുവരുത്തുന്നതിനുള്ള ഉത്തരവാദിത്വമാണ് ഈ പദ്ധതിയിലൂടെ നിറവേറ്റപ്പെടുന്നത്. ഭിന്നശേഷി പുനരധിവാസമേഖലയിൽ രണ്ട് പ്രധാന സ്ഥാപനങ്ങളായ NISH (National Institute of Speech and Hearing)-ഉം,

NIPMR (National Institute for Physical Medicine and Rehabilitation)-ഉം സാമൂഹ്യനീതി വകുപ്പിന് കീഴിൽ അഭിമാനകരമായ നിലയിൽ പ്രവർത്തിച്ചുവരുന്നു. ഈ രണ്ട് സ്ഥാപനങ്ങളേയും അന്തർദേശീയ നിലവാരമുള്ള മികവിന്റെ കേന്ദ്രങ്ങളായി വളർത്താനാണ് ലക്ഷ്യമിടുന്നത്. ഓട്ടിസം ഉൾപ്പെടെയുള്ള ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ മാതാപിതാക്കളെ സംബന്ധിച്ച് അവരുടെ കാലശേഷം കുട്ടികളെ ആര് പരിപാലിക്കുമെന്ന വലിയ ചോദ്യമാണ് മുന്നിലുള്ളത്. മുഴുവൻ സമയവും ഇവരെ പരിപാലിക്കേണ്ടതിനാൽ രക്ഷിതാക്കളിൽ പലർക്കും തൊഴിൽ ചെയ്യാൻ സാധിക്കാത്ത സാഹചര്യമാണുള്ളത്. ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കാവശ്യമായ എല്ലാ പിന്തുണയോടുംകൂടിയ വില്ലേജ് കോംപ്ലക്സുകളായി, നാല് മാതൃകാ അസിസ്റ്റീവ് വില്ലേജുകൾ സർക്കാർ ഈ വർഷം ഏറ്റെടുക്കും. ഇവിടെ കുട്ടികൾക്കാവശ്യമായ വൈദ്യസഹായം, ബഡ്സ് സ്കൂൾ തുടങ്ങിയ സംവിധാനങ്ങളുണ്ടാകും. പരീക്ഷണാടിസ്ഥാനത്തിൽ ആരംഭിക്കുന്ന നാല് കേന്ദ്രങ്ങളിൽ ഒന്ന് കാസർഗോഡ് മൂളിയാറിലാണ്. ബഹുമാന്യനായ എം.എൽ.എ. ശ്രീ. സി. എച്ച്. കുഞ്ഞമ്പുവിന്റെ നിയോജകമണ്ഡലത്തിലുള്ള ഈ കേന്ദ്രത്തിന് ഊരാളുങ്കൽ സൊസൈറ്റി പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്; നിലമ്പൂരിൽ

എം.എൽ.എ. ശ്രീ. പി. വി. അൻവർ മുൻകയ്യെടുത്ത് സ്ഥലം നൽകാൻ തയ്യാറായിട്ടുണ്ട്. കാട്ടാക്കട നിയോജകമണ്ഡലത്തിൽ ബഹുമാനപ്പെട്ട അംഗം ഐ. ബി. സതീഷിന്റെ നേതൃത്വത്തിൽ ഓട്ടിസം ബാധിതനായ ഒരു കുട്ടിയുടെ മാതൃപിതാവ് സൗജന്യമായി നൽകിയ 50 സെന്റ് ഭൂമിയുടെ രേഖകൾ ഇന്ന് ബഹുമാന്യനായ മുഖ്യമന്ത്രി ഏറ്റുവാങ്ങുകയുണ്ടായി. പുനലൂരിൽ ശ്രീ. പി. എസ്. സുപാൽ എം.എൽ.എ. സ്ഥലം ലഭ്യമാക്കാമെന്ന് അറിയിച്ചിട്ടുണ്ട്. തീർച്ചയായും ഈ നാല് പദ്ധതികളും ഈ വർഷം തന്നെ ആരംഭിക്കാൻ കഴിയുന്നതാണ്. തുടർപദ്ധതികളെന്ന നിലയിൽ ഭിന്നശേഷി മേഖലയിൽ നിരവധി പദ്ധതികളാണ് നടപ്പാക്കി വരുന്നത്. വിദ്യാകിരണം, വിദ്യാജ്യോതി, പരിരക്ഷ, പരിണയം, മാതൃജ്യോതി, വിജയാമൃതം, പ്രത്യാശ തുടങ്ങി ഭിന്നശേഷിക്കാർക്കായുള്ള 736.75 ലക്ഷം കോടി രൂപയുള്ള വ്യക്തിഗത ഗുണഭോക്തൃ പദ്ധതികൾ തുടർപദ്ധതികളെന്ന രീതിയിൽ നടപ്പാക്കുന്നുണ്ട്. ഇതിൽ മാനസികരോഗ വിമുക്തരായവരുടെ പുനരധിവാസത്തിന്റെ ഭാഗമായി കോഴിക്കോട് ജില്ലയിൽ IMHANS (Institute of Mental Health and Neuro Sciences)-ന്റെ മേൽനോട്ടത്തിൽ നടപ്പാക്കിവരുന്ന 35.459 ലക്ഷം രൂപയുടെ പദ്ധതി, ഭിന്നശേഷിക്കാരായ കുട്ടികൾക്കുള്ള സഹചാരി പദ്ധതി എന്നിവയുൾപ്പെടുന്നു. കലാകായിക

രംഗങ്ങളിൽ കഴിവ് തെളിയിച്ച ഭിന്നശേഷിക്കാർക്കുള്ള 'ശ്രേഷ്ഠം' എന്നത് പുതിയതായി ആരംഭിച്ച പദ്ധതിയാണ്. എല്ലാ നിലയിലും മാനസികവും ശാരീരികവുമായ വെല്ലുവിളികൾ നേരിടുന്നവർക്കുള്ള പുനരധിവാസ പദ്ധതികൾ നല്ല നിലയിൽതന്നെ ഏറ്റെടുക്കപ്പെട്ടിട്ടുണ്ട്. NIPMR-ൽ ഓഗ്മെന്റഡ് റിയാലിറ്റിയും വെർച്വൽ റിയാലിറ്റിയും ഉപയോഗിച്ചുകൊണ്ട് കുട്ടികളെ പരിശീലിപ്പിക്കുന്നതിനുള്ള സംവിധാനങ്ങൾ; അതായത്, ഏറ്റവും ആധുനിക യന്ത്രസംവിധാനങ്ങൾ ഉപയോഗിച്ചുകൊണ്ട് അവർക്ക് കമ്മ്യൂണിക്കേഷൻ സംബന്ധിച്ച അവബോധമുണ്ടാക്കുന്ന പദ്ധതികൾ, സെൻസറി പാർക്കുകൾ എന്നിവ നൽകിയതുവഴി ഈ മേഖല നിരന്തരം വളർന്നുകൊണ്ടിരിക്കുകയാണ്. NISH-ലും കേൾവി പരിമിതി നേരിടുന്ന കുട്ടികൾക്കുവേണ്ടി പുതിയ ചിഹ്ന പദ്ധതി; അതായത് ആൽഫബെറ്റ് തന്നെ തയ്യാറാക്കിക്കൊണ്ട് അവർ മുന്നോട്ടുപോകുകയാണ്. ഈ സ്ഥാപനങ്ങളെ ഏറ്റവും നല്ല രീതിയിൽ വളർത്താനാണ് സർക്കാർ ലക്ഷ്യംവയ്ക്കുന്നത്.

വയോജനക്ഷേമ മേഖലയിൽ വകുപ്പിനുകീഴിലുള്ള വൃദ്ധസദനങ്ങളിലെ താമസക്കാർക്കും പുറത്തുള്ള മുതിർന്ന പൗരന്മാർക്കുള്ള സംരക്ഷണവും ഒരുപോലെ ഉറപ്പുവരുത്തുന്ന സമീപനമാണ് സ്വീകരിച്ചുവരുന്നത്. പോഷകാംശമുള്ള ഭക്ഷണപദാർത്ഥങ്ങൾ വിതരണം ചെയ്യുന്ന

'വയോപോഷണം' പദ്ധതി, മെഡിക്കൽ സുരക്ഷ ഉറപ്പുവരുത്തുന്ന 'വയോമിത്രം' പദ്ധതി, ഭാരതീയ ചികിത്സാ രീതി ലഭ്യമാക്കുന്ന 'വയോ അമൃതം' പദ്ധതി, വയോജനങ്ങൾക്ക് ഗ്ലൂക്കോമീറ്റർ നല്കുകയും ഇൻസുലിൻ നല്കുകയും ചെയ്യുന്ന 'വയോ മധുരം' പദ്ധതി, സർക്കാർ വൃദ്ധ മന്ദിരങ്ങൾ ദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്തുന്ന 'ഇന്നിംഗ്സ് ഹോം' പദ്ധതി, ഡിമെൻഷ്യ ബാധിച്ച വയോജനങ്ങൾക്കുള്ള പ്രത്യേക പദ്ധതി എന്നിവയും നടപ്പാക്കിവരികയാണ്.

ട്രാൻസ്ജെൻഡർ വിഭാഗത്തിൽപ്പെട്ടവരുടെ പഠനപ്രവർത്തനങ്ങൾക്കും അവർക്ക് തൊഴിൽ ലഭ്യമാക്കുന്നതിനും സംരംഭങ്ങൾ ആരംഭിക്കുന്നതിനുമുള്ള ധനസഹായം നൽകുന്നതിനായി 254.80 ലക്ഷം രൂപയുടെ 'മഴവില്ല് പദ്ധതി' സാമൂഹ്യനീതി വകുപ്പ് ആരംഭിച്ചിട്ടുണ്ട്. വനിതാവികസന കോർപ്പറേഷന്റെ സഹായത്തോടെ നടപ്പാക്കുന്ന സംരംഭകർക്കുള്ള ധനസഹായ പദ്ധതി, ട്രാൻസ്ജെൻഡർ വ്യക്തികളുടെ വിവിധ പ്രശ്നങ്ങൾ അറിയിക്കുന്നതിനും കൗൺസിലിംഗ് സേവനം നല്കുന്നതിനുമുള്ള ഹെൽപ് ലൈനിന്റെ പ്രവർത്തനങ്ങൾ, ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് അടിയന്തരഘട്ടങ്ങളിൽ സഹായമെത്തിക്കുന്ന 'കരുതൽ' പദ്ധതി, തൊഴിലധിഷ്ഠിത പരിശീലനം നല്കുന്ന 'കൈവല്യം' പദ്ധതി, ലിംഗമാറ്റ ശസ്ത്രക്രിയയ്ക്ക് വേണ്ട ധനസഹായം

എന്നിങ്ങനെ നിരവധി പദ്ധതികളാണ് ട്രാൻസ്ജെൻഡർ മേഖലയിൽ നടപ്പാക്കി വരുന്നത്.

പ്രൊബേഷൻ ആൻഡ് ആഫ്റ്റർ കെയർ മേഖലയിൽ ജയിൽപുള്ളികളായിരുന്നവർക്കും നിലവിൽ തടവുകാരായികഴിയുന്ന അന്തേവാസികൾക്കും എല്ലാ നിലയിലും ക്ഷേമം ഉറപ്പുവരുത്തുന്നതിനും അവരുടെ കുടുംബാംഗങ്ങളെ പുനരധിവസിപ്പിക്കുന്നതിനും വ്യത്യസ്ത പദ്ധതികൾ ആരംഭിച്ച് നടപ്പാക്കിവരുന്നുണ്ട്. ഇതുമായി ബന്ധപ്പെട്ട് ഇവിടെ ഉയർന്നുവന്ന രണ്ട് ആരോപണങ്ങൾക്ക് മറുപടി പറയുകയാണ്. ഒന്ന്, 'ആശ്വാസ കിരണം' പദ്ധതിയുമായി ബന്ധപ്പെട്ടുകൊണ്ടാണ്. 2021-22 സാമ്പത്തിക വർഷത്തിൽ ആശ്വാസകിരണം പദ്ധതിക്കായി 40 കോടി രൂപയാണ് പദ്ധതി വിഹിതമായി അനുവദിച്ചിരുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രസ്തുത തുക ഉപയോഗിച്ച് ഏഴ് മാസത്തെ കുടിശ്ശിക ഗുണഭോക്താക്കൾക്ക് അനുവദിച്ചിട്ടുണ്ട്. നടപ്പുസാമ്പത്തിക വർഷം 42.5 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. 'ആശ്വാസ കിരണം' പദ്ധതിയിൽ നിലവിൽ 924012 ഗുണഭോക്താക്കളാണുള്ളത്. ഇത്രയും വലിയൊരു സംഖ്യ ഈ പദ്ധതിക്ക് ലഭിച്ചിട്ടും ഗുണഭോക്താക്കൾക്ക് ശരിയായ അളവിലുള്ള സഹായം ചെയ്യാൻ അനുവദിക്കപ്പെടുന്ന തുക

അപര്യാപ്തമായിവരുന്ന ബുദ്ധിമുട്ട് അടുത്തകാലങ്ങളിൽ നേരിട്ടു കൊണ്ടിരിക്കുകയാണ്. അതിനുള്ള പ്രധാന കാരണം ശയ്യാവലംബർക്കുൾപ്പെടെ ഈ ആനുകൂല്യം അനുവദിച്ചുകൊണ്ടുള്ള എക്സ്റ്റൻഷൻ ഉത്തരവ് മുൻകാലത്തെടുത്തതുകൊണ്ടാണ്. വൃദ്ധജനങ്ങൾ ഉൾപ്പെടെയുള്ളവരാണ് ഈ പദ്ധതിയിലേയ്ക്ക് അപേക്ഷ സമർപ്പിക്കുന്നത്.

എൻഡോസൾഫാൻ ദുരിതബാധിതരുടെ പട്ടികയിൽ ആകെ 6727 പേരാണ് ഉൾപ്പെട്ടിരുന്നത്. ബഹു. സുപ്രീംകോടതിയുടെ അന്തിമ വിധിക്കുമുമ്പുതന്നെ 1446 പേർക്ക് 5 ലക്ഷം രൂപ വീതവും 1568 പേർക്ക് 3 ലക്ഷം രൂപ വീതവും നഷ്ടപരിഹാരമായി അനുവദിച്ചിട്ടുണ്ട്. ബഹു. സുപ്രീംകോടതിയുടെ അന്തിമ വിധിയുടെ അടിസ്ഥാനത്തിൽ ഇതുവരെ ലഭ്യമായ അപേക്ഷകളിൽ 5064 പേർക്കാണ് 199,68,50,000 രൂപ സർക്കാർ അനുവദിച്ചിട്ടുള്ളത്. നാളിതുവരെ ലഭിച്ച എല്ലാ അപേക്ഷകളിന്മേലും തീർപ്പ് കല്പിച്ചിട്ടുണ്ടെന്ന് ഇതുമായി ബന്ധപ്പെട്ട് വിമർശനമുയർത്തിയ എം.എൽ.എ.-മാരെ അറിയിക്കുകയാണ്. ഏറ്റവും പ്രയാസമനുഭവിക്കുന്നതും സങ്കടങ്ങളും നിവൃത്തികേടുകളും അനുഭവിക്കുന്നതും അതിരുകളിലേയ്ക്ക് ആട്ടിപ്പായിക്കപ്പെട്ടതുമായ നിസ്സഹായരെ ഉദ്ദേശിച്ചുകൊണ്ടുള്ള സാമൂഹ്യക്ഷേമ പദ്ധതികൾക്കാവശ്യമായ ധനസഹായം

ഈ ധനാഭ്യർത്ഥനകളുമായി ബന്ധപ്പെട്ടുള്ളത്. ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാനെന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വകുപ്പുകളുമായി ബന്ധപ്പെട്ട നാല് ധനാഭ്യർത്ഥനകൾകൂടി സഭ ഇന്ന് ചർച്ച ചെയ്ത് പാസ്സാക്കേണ്ടതായിട്ടുണ്ട്. ഇപ്പോഴത്തെ സ്ഥിതിയിൽ അത് പരിഗണനയ്ക്കെടുത്താൽ ചുരുങ്ങിയത് 8 മണിവരെയെങ്കിലും സഭ ചേരേണ്ടി വരും. ഇനി മറുപടി പറയാനുള്ള മൂന്ന് മന്ത്രിമാർ അക്കാര്യംകൂടി കണക്കിലെടുത്ത് സംക്ഷിപ്തമായി ഏറ്റവും അത്യാവശ്യമുള്ള കാര്യങ്ങൾ മാത്രം പറയുകയും ബാക്കി പ്രസംഗം മേശപ്പുറത്ത് വയ്ക്കുകയും ചെയ്യുന്നതായിരിക്കും ഉചിതം.

സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, ബഹുമാനപ്പെട്ട സ്പീക്കർ പ്രസംഗം മേശപ്പുറത്ത് വയ്ക്കാൻ ആവശ്യപ്പെട്ടതുകൊണ്ട് പറയുകയാണ്, ഞാൻ പ്രസംഗം എഴുതി തയ്യാറാക്കിയിട്ടില്ല. ഇന്നത്തെ ധനാഭ്യർത്ഥന ചർച്ചയിൽ പൊതുവിൽ കല, സംസ്കാരം എന്നീ വിഷയങ്ങളെക്കുറിച്ച് ഉയർന്നുവന്ന വിമർശനങ്ങളെയും ക്രിയാത്മക നിർദ്ദേശങ്ങളെയും സ്വാഗതം ചെയ്യുകയാണ്.

സാംസ്കാരിക കേരളത്തിന്റെ പ്രകാശഗോപുരമായ സർഗ്ഗ സാഹിത്യകാരനും മലയാളികളുടെ ഹൃദയത്തിൽ എന്നും സ്ഥാനവുമുള്ള ശ്രീ. എം. ടി. വാസുദേവൻ നായർ എന്ന എം.ടി.-യുടെ 89-ാം പിറന്നാൾ നാളെയാണ്. അദ്ദേഹം നവതിയിലേയ്ക്ക് കടക്കുകയാണ്. സഭയുടെ പേരിൽ ജന്മദിനാശംസകൾ അറിയിക്കേണ്ടത് ചെയറാണെങ്കിലും സാംസ്കാരിക വകുപ്പിന്റെ പേരിൽ ഞാൻ അദ്ദേഹത്തിന് ജന്മദിനാശംസകൾ നേരുന്നു.

മി. സ്പീക്കർ: ചെയറും അതിൽ പങ്കുചേരുന്നു.

ശ്രീ. വി. എൻ. വാസവൻ: സർ, You are welcome Sir. ബഹുമാന്യനായ മുൻ സാംസ്കാരിക വകുപ്പുമന്ത്രി ശ്രീ. സജി ചെറിയാൻ, സാംസ്കാരിക വകുപ്പ് വളരെ ഭംഗിയായി കൈകാര്യം ചെയ്ത് നേട്ടങ്ങൾ ഉണ്ടാക്കിയെടുത്തതിൽ ഞാൻ അദ്ദേഹത്തെ അഭിനന്ദിക്കുകയാണ്. സാംസ്കാരിക വകുപ്പുമായി ബന്ധപ്പെട്ട് ക്രിയാത്മക നിർദ്ദേശങ്ങൾ മുന്നോട്ടുവയ്ക്കുന്നതിന് അനുഗ്രഹീത കലാകാരനായ ശ്രീ. എം. മുകേഷ് സർവ്വാത്മനാ യോഗ്യനാണ്. കൊല്ലത്തെ സാംസ്കാരിക കേന്ദ്രത്തിന്റെ നിർമ്മാണം അറിവും പരിചയവുമുള്ള പ്രൊഫഷണലുകളെ ഉപയോഗിച്ച് നടപ്പാക്കുന്നതിനെക്കുറിച്ചും നിലവിൽ അത് കൈകാര്യം ചെയ്തുകൊണ്ടിരിക്കുന്ന രീതിയെക്കുറിച്ചും അദ്ദേഹം നിരവധി നിർദ്ദേശങ്ങൾ

മുന്നോട്ടുവച്ചതിനെ സ്വാഗതം ചെയ്യുന്നു; അത് ആ രൂപത്തിൽ നടപ്പാക്കാൻ ശ്രമിക്കുന്നതാണ്. കഥാപ്രസംഗത്തെ എല്ലാ അർത്ഥത്തിലും പരിഗണിക്കണമെന്നും അദ്ദേഹം നിർദ്ദേശംവച്ചിരുന്നു. നിശ്ചയമായും സാംസ്കാരിക കേരളത്തിൽ നാം കാണുന്ന പുരോഗതിയിൽ നാടകം, കഥാപ്രസംഗം എന്നിങ്ങനെയുള്ള ജനകീയ കലകൾക്ക് നൽകിയിരിക്കുന്ന സ്ഥാനം ചെറുതല്ല.

'ഒഥല്ലോ', 'റോമിയോ ആൻഡ് ജൂലിയറ്റ്', 'നെല്ലിന്റെ ഗീതം', 'വിലയ്ക്കുവാങ്ങാം' തുടങ്ങിയവയെല്ലാം മലയാളികളുടെ ചുണ്ടിൽ തത്തിക്കളിക്കുന്ന രൂപത്തിലുള്ള ഉള്ളടക്കങ്ങളാക്കി മാറ്റിയത് അനുഗ്രഹീതനും വിശ്വവിഖ്യാതനും കഥാപ്രാസംഗികനുമായ സാംബശിവനായിരുന്നെന്ന കാര്യത്തിൽ സംശയമില്ല. അതുകൊണ്ട് ആ കലയെ പ്രോൽസാഹിപ്പിക്കുന്നതിനായി 40,000 രൂപ ഒരു സംഘത്തിന് മാറ്റിവച്ചിട്ടുണ്ടെന്ന് അറിയിക്കുകയാണ്. ശ്രീമതി ദെലീമ മനോഹരമായൊരു ചലച്ചിത്രഗാനം ആലപിച്ചുകൊണ്ടാണ് പ്രസംഗം ആരംഭിച്ചത്. ഇതിനെ വയലാർ രാമവർമ്മയുടെ അനുഗ്രഹീതമായ കവിതയെന്ന രൂപത്തിൽ കാണരുത്. വയലാറിന്റെ കാവ്യഭാവനയിലെ ഏറ്റവും ശ്രദ്ധേയമായത്,

"സ്നേഹിക്കയില്ല ഞാൻ, നോവുമാത്മാവിനെ

സ്നേഹിച്ചിടാത്തൊരു തത്വശാസ്ത്രത്തെയും"

എന്ന വരികളാണ്. യഥാർത്ഥത്തിൽ ഇവിടെ ബഹുമാന്യയായ അംഗം ആലപിച്ചത് അദ്ദേഹത്തിന്റെ മനോഹരമായ ചലച്ചിത്രഗാനമാണ്. ബഹുമാന്യയായ അംഗം ആവശ്യപ്പെട്ടത് നാടൻ കലാരൂപങ്ങളെ ആവശ്യമായ രൂപത്തിൽ സംരക്ഷിക്കുന്നതിന് വലിയൊരു കേന്ദ്രം അരൂരിൽ ആരംഭിക്കണമെന്നാണ്. ആലപ്പുഴയിൽ പി. കൃഷ്ണപിള്ളയുടെ പേരിലും സംസ്ഥാനത്ത് പൊതുവിൽ ആരംഭിക്കുന്ന സാംസ്കാരിക സമുച്ചയങ്ങളുടെ ഭാഗമായും ഇപ്പോൾത്തന്നെ രണ്ട് സാംസ്കാരിക സമുച്ചയങ്ങൾ നിർമ്മിക്കുന്നുണ്ട്. ഇക്കൂട്ടത്തിൽ കേരള ഫോക്‌ലോർ അക്കാദമി പഠനത്തിനും ഇത്തരത്തിലുള്ള സങ്കേതങ്ങളിൽ പുതിയ സ്ഥാപനങ്ങൾ ആരംഭിക്കാനുള്ള നീക്കങ്ങൾക്കും തുടക്കം കുറിച്ചിട്ടുണ്ട്. ഇക്കാര്യംകൂടി ഉൾപ്പെടുത്തണമെന്ന് അവരോട് നിർദ്ദേശിക്കുന്നതാണ്. മെഡിസെപ് പോലുള്ള ആരോഗ്യ ഇൻഷ്വറൻസ് പദ്ധതികൾ കലാകാരന്മാർക്കുകൂടി ബാധകമാക്കുന്നത് സംബന്ധിച്ച് ആവശ്യം ഉയർന്നിരുന്നു. കലാകാരന്മാർക്ക് ആശ്വാസ പദ്ധതികളും മെഡിക്കൽ അലവൻസുകളും നൽകുന്നതിനായി നിലവിൽ സ്കീമുണ്ട്. മെഡിസെപ് അതിന്റെ പരിധിയിൽ ഉൾപ്പെടുന്നില്ല. അവർക്ക് ഭാവിയിൽ ചികിത്സാസഹായം തുടർന്നും നൽകുന്നതാണ്.

പൊതുപരിപാടികളിൽ മറ്റ് കലാകാരന്മാരെക്കൂടി പങ്കെടുപ്പിക്കണമെന്ന ക്രിയാത്മകമായ നിർദ്ദേശത്തെ സ്വാഗതം ചെയ്യുന്നു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ ശ്രീമതി കെ. എസ്. ചിത്രയെ അംബാസിഡറാക്കിക്കൊണ്ട് നടപ്പിലാക്കിയ 'സമം പദ്ധതി' കേരളത്തിൽ വളരെ വിജയകരമായി മുന്നോട്ടുപോകുകയാണ്. കലാകാരന്മാർക്ക് കോവിഡ് കാലഘട്ടത്തിൽ വരുമാനമുണ്ടാക്കുന്നതിനായി ഓൺലൈനായി സംഘടിപ്പിച്ച 'മഴമിഴി' പരിപാടി വിജയകരമായി മുന്നോട്ടുപോകുകയാണ്. നാട്ടരങ്ങ് പോലുള്ള കലാവിരുന്നുകളെല്ലാം ഈ കാലഘട്ടത്തിൽ വിജയകരമായി മുന്നോട്ടുപോകുന്നുണ്ട്. ശ്രീ. സനീഷ്കുമാർ ജോസഫ് ഉന്നയിച്ച രണ്ടുകാര്യങ്ങൾ അംഗീകരിക്കാൻ കഴിയാത്തതാണ്. ഒന്നാമതായി, ചാവറയച്ചനെ വേണ്ട രൂപത്തിൽ ഈ ഗവൺമെന്റ് പരിഗണിക്കുന്നില്ലെന്ന് അദ്ദേഹം സൂചിപ്പിച്ചു. നവോത്ഥാന നായകരിൽ മുൻനിരക്കാരനാണ് 1805-ൽ ജനിച്ച ചാവറയച്ചനെന്ന കാര്യം എല്ലാവർക്കുമറിയാം. വിദ്യാഭ്യാസരംഗത്തും മറ്റു പുരോഗമന കാര്യങ്ങളിലും അദ്ദേഹം നൽകിയ സംഭാവനകൾ പരിഗണിച്ചാണ് സാംസ്കാരിക വകുപ്പ് മാന്നാനത്ത് രണ്ടുകോടി രൂപ ചെലവാക്കി സാംസ്കാരിക നിലയം സ്ഥാപിക്കുന്നത്. അതിപ്പോൾ on going പ്രോജക്ടാണ്; ഡി.പി.ആർ.

തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ടുതന്നെ ചാവറയച്ചനെ അവഗണിച്ചുവെന്ന് പറയുന്നത് ശരിയല്ല. മറ്റൊന്ന്, കേരളത്തിന്റെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി സായാഹ്നങ്ങളിൽ വാർത്താവായനക്കാരനായി അധ:പതിക്കുന്നുവെന്ന് അങ്ങ് പറഞ്ഞതാണ്. ഈ പരാമർശം സഭയ്ക്ക് ഒട്ടും അനുയോജ്യമല്ല. കാരണം, മഹാപ്രളയം വന്നപ്പോഴും കോവിഡ് മഹാമാരി രൗദ്രഭാവം പൂണ്ടുവന്നപ്പോഴും ഭീതിയോടെ കണ്ടിരുന്ന കേരള ജനതയ്ക്ക് യഥാർത്ഥത്തിൽ ആശ്വാസത്തിന്റെ കിരണങ്ങൾ പകർന്ന് രക്ഷാകവചം തീർത്ത് മുന്നോട്ടുവന്നയാളാണ് കേരളത്തിന്റെ മുഖ്യമന്ത്രി. ചില സായാഹ്നങ്ങളിൽ സീരിയൽ കാണാൻ ഇരിക്കുന്നതുപോലെ ആബാലവൃദ്ധം ജനങ്ങളും ടി.വി.-യുടെ മുമ്പിൽ കൂടിയിരുന്ന് അദ്ദേഹത്തിന്റെ വാർത്താസമ്മേളനം ശ്രദ്ധയോടെ കേൾക്കുമായിരുന്നു. ഓരോ ദിവസവും സംഭവിക്കുന്ന കാര്യങ്ങൾ, പ്രളയക്കെടുതിയുടെ ഭീകരത നിലൽക്കുമ്പോൾ അതിൽ രക്ഷിക്കാൻ വരുന്ന കര-വ്യോമ-നാവിക സേനകളെ സമന്വയിപ്പിച്ചുകൊണ്ടുള്ള രക്ഷാദൗത്യങ്ങൾ, കോവിഡിന്റെ കാലഘട്ടത്തിൽ മനുഷ്യൻ മുതൽ കുരങ്ങൻ വരെയുള്ളവർക്ക് ഭക്ഷണം ഒരുക്കികൊടുത്തുകൊണ്ട് നടത്തിയ ദൗത്യങ്ങൾ തുടങ്ങിയവയെ കേവലം വാർത്താവായനക്കാരന്റെ രൂപത്തിൽ കാണുന്നത് യഥാർത്ഥത്തിൽ

ഉദിച്ചുയരുന്ന ചന്ദ്രബിംബത്തെ നോക്കി സായാഹ്നങ്ങളിൽ നടവരമ്പത്തിരിക്കുന്ന ക്ഷുദ്രജീവികൾ ചിലയ്ക്കുന്നതുപോലെ മാത്രമെ കാണാൻ കഴിയുകയുള്ളൂ. ബഹുമാനപ്പെട്ട അംഗം ഇത്തരമൊരു പരാമർശം നടത്തിയത് അങ്ങേയറ്റം തെറ്റായിപ്പോയി. ഈ കാലഘട്ടത്തിൽ അത്തരത്തിലുള്ള വിമർശനം നിങ്ങൾ ഉന്നയിക്കുമ്പോൾ മനസ്സിലാക്കേണ്ടത്, ലോകപ്രശസ്തനും സാംസ്കാരിക കേരളം നെഞ്ചിലേറ്റിയ പ്രഗൽഭനും പ്രശസ്തനും പ്രതിഭാശാലിയുമായ ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം തിരുമേനി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെക്കുറിച്ച് അന്ന് ഡോക്ടർമാരോട് പറഞ്ഞ ഒരു വാചകം ബോക്സ് ന്യൂസായി പത്രങ്ങളിൽവരികയുണ്ടായി. അദ്ദേഹം പറഞ്ഞത് "കേരളത്തിന്റെ മുഖ്യമന്ത്രി പിണറായി വിജയൻ ഇല്ലായിരുന്നുവെങ്കിൽ", എന്നിട്ട് അദ്ദേഹം പറഞ്ഞ അടുത്ത വാചകം "കേരളത്തിന് ദൈവംതന്ന വരദാനമാണ് ഈ പിണറായി വിജയൻ" എന്നാണ്. അങ്ങനെ സാംസ്കാരിക കേരളം, രാഷ്ട്രീയ കേരളം നെഞ്ചിലേറ്റിയ ബഹുമാനപ്പെട്ട മുഖ്യമന്ത്രി വാർത്താവായനക്കാരനായി അധ:പതിച്ചുവെന്ന് അങ്ങ് പറഞ്ഞത് തിരുത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

സാംസ്കാരിക ഡയറക്ടറേറ്റിന്റെ ആസ്ഥാനമന്ദിരം പുതുക്കി പണിയാനുള്ള നീക്കങ്ങൾ ആരംഭിച്ചിട്ടുണ്ട്. കേരളത്തിലെ പതിനാല്

ജില്ലകളിലും സാംസ്കാരിക സമുച്ചയങ്ങൾ നിർമ്മിക്കാനുള്ള നീക്കങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. ഇതിനായി പാലക്കാട്, കാസർഗോഡ്, കൊല്ലം, മലപ്പുറം, തൃശ്ശൂർ, ആലപ്പുഴ എന്നീ ജില്ലകളിൽ സർക്കാർ ഭൂമിയും മൂന്ന് ജില്ലകളിൽ സ്വകാര്യഭൂമിയും ഏറ്റെടുത്തിട്ടുണ്ട്. ബാക്കി നാല് ജില്ലകളിൽ ഭൂമി കണ്ടെത്തുന്ന നടപടികൾ പുരോഗമിക്കുന്നു. പത്തനംതിട്ടയിൽ ചട്ടമ്പിസ്വാമിയുടെ സാംസ്കാരിക സമുച്ചയം സ്ഥാപിക്കുന്നതിനുള്ള ഡി.പി.ആർ. തയാറാക്കിക്കഴിഞ്ഞു. ഇത്തരത്തിൽ പതിനാല് ജില്ലകളിലും നവോത്ഥാന നായകരുടെ പേരിലും കേരളത്തിലെ സാംസ്കാരിക പ്രതിഭകളുടെ പേരിലും സാംസ്കാരിക സമുച്ചയങ്ങൾ നിർമ്മിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിലേയ്ക്കായി ഏകദേശം എഴുന്നൂറ് കോടി രൂപ കിഫ്ബി പ്രോജക്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതെല്ലാം ഓൺ-ഗോയിംഗ് പ്രോജക്ടുകളാണ്. തിരുവനന്തപുരത്ത് ബോംബെ മോഡലിൽ ചലച്ചിത്ര ചരിത്ര മ്യൂസിയത്തിനുവേണ്ടിയുള്ള പ്രോജക്ടുകൾ തയ്യാറായിട്ടുണ്ട്, അത് സ്ഥാപിക്കാൻ പോകുകയാണ്. കലയും സംസ്കാരവും ഒരു നാടിന്റെ സമകാലീന സാമൂഹിക ജീവിതത്തിന്റെ നേർകാഴ്ചകളെ പ്രതിഫലിപ്പിക്കുന്ന രംഗമാണ്. പലപ്പോഴും വേണ്ടത്ര രൂപത്തിലുള്ള പരിഗണന അതിന് ലഭിക്കുന്നില്ല, ഒരുപക്ഷേ പ്രതിപക്ഷത്തുനിന്നും വേണ്ടത്ര ചർച്ചകൾപോലും

അക്കാര്യത്തിലുണ്ടായില്ല. യഥാർത്ഥത്തിൽ കലയും സാഹിത്യവും സംസ്കാരവും ഇല്ലെങ്കിൽ എങ്ങനെയാണ് ഒരു നാട് മുന്നോട്ടുപോകുന്നത്? സാമൂഹ്യസാമ്പത്തിക വ്യവസ്ഥയെ ഒരു കെട്ടിടത്തിനോട് ഉപമിച്ചാൽ അതിന്റെ അടിത്തറ സമ്പത്താണെങ്കിൽ സാമൂഹികവും സാംസ്കാരികവും യഥാർത്ഥത്തിൽ ഭിത്തിയും മേൽക്കൂരയും പോലെയാണ്. അത് നമ്മൾ കാണാതെ മുന്നോട്ടുപോകരുത്. ചിലപ്പോൾ സാംസ്കാരികരംഗത്തെ പ്രവർത്തകർ വരാൻപോകുന്ന കാര്യങ്ങളെക്കുറിച്ചും വർത്തമാനകാല സാഹചര്യങ്ങളെക്കുറിച്ചും ദീർഘവീക്ഷണത്തോടുകൂടി നമുക്ക് വരച്ചുകാട്ടിത്തരും. ഒ.എൻ.വി. തന്റെ 'അശാന്തിപർവം' എന്ന കവിതാസമാഹാരത്തിൽ നേരത്തെ ചൂണ്ടിക്കാണിച്ചു.

"വെട്ടുക, മുറിക്കുക, പങ്കുവയ്ക്കുക
ഗ്രാമം, പത്തനം ജനപദമൊക്കെയും!
കൊന്നും തിന്നും വാഴുക
പുലികളായ്, സിംഹങ്ങളായും
മർത്ത്യരാവുക മാത്രം വയ്യ!
ജന്തുത ജയിക്കുന്നു!"

അതാണ് ആലപ്പുഴയിലും പാലക്കാട്ടും രാജസ്ഥാനിലെ തയ്യൽക്കടയിലുണ്ടായ സംഭവമുൾപ്പെടെ കാണിച്ചുതരുന്നത്. മനുഷ്യൻ ജാതിയുടെ, മതത്തിന്റെ, വർണ്ണത്തിന്റെ, വർഗ്ഗത്തിന്റെ, ആചാരത്തിന്റെ, അനുഷ്ഠാനത്തിന്റെ,

ദേശത്തിന്റെ, ഭാഷയുടെ പേരിൽ അന്യോന്യം ഇത്തരത്തിൽ ആഞ്ഞടിക്കുന്ന അന്തരീക്ഷത്തിനെതിരെ ഈ കാലഘട്ടത്തിൽ സാംസ്കാരികരംഗം ഉയരണ്ടേ; ഉണരണ്ടേ; ളുലികകൾ ചലിക്കണ്ടേ? ഈ കാലഘട്ടത്തിലെ സമകാലീന സാംസ്കാരിക പ്രശ്നങ്ങൾ, നമ്മുടെ മുമ്പിലെ വർഗ്ഗീയതയ്ക്കും തീവ്രവാദങ്ങൾക്കുമെതിരെ ഈ കാലഘട്ടത്തിൽ നമുക്കടരാടാൻ കഴിയണം. അതുകൊണ്ട് സംസ്ഥാനത്ത് കൃത്യമായി തലസ്ഥാന നഗരിയിൽ സാംസ്കാരിക ഡയറക്ടറേറ്റിന് ആസ്ഥാനമുണ്ടാക്കും; ചലച്ചിത്ര മ്യൂസിയം, കലാകാരന്മാർക്ക് അഭയകേന്ദ്രം, അവശതയനുഭവിക്കുന്ന കലാകാരന്മാർക്ക് പുനരധിവാസ കേന്ദ്രം എന്നിവയുൾപ്പെടെ സ്ഥാപിക്കുന്നതാണ്. ബാലഗ്രാം പദ്ധതിയും സംസ്ഥാനത്ത് നടപ്പിലാക്കുന്നതാണ്. പ്രവാസിയുമായി ബന്ധപ്പെട്ടുള്ള കാര്യങ്ങളിൽ എന്ത് തീരുമാനമാണ് കൈക്കൊണ്ടതെന്ന് ശ്രീ. ടി. സിദ്ദിഖ് ഇവിടെ ചോദിച്ചു. 59 രാഷ്ട്രങ്ങളിൽ മലയാളം മിഷൻ ചാപ്റ്ററുകൾ സ്ഥാപിച്ച് ഇവിടെ കേന്ദ്രീകരിച്ചുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിരിക്കുന്നുവെന്നത് പ്രവാസികളുമായി ബന്ധപ്പെട്ട വിഷയങ്ങളിലെ സുപ്രധാനമായ തീരുമാനങ്ങളിലൊന്നാണ്. 'നീലക്കുറിഞ്ഞി' എന്ന പരീക്ഷ ഈ മാസം നടത്തുന്നതാണ്. ലോക കേരളസഭയിലെടുത്ത തീരുമാനങ്ങളുടെ സുപ്രധാന നടത്തിപ്പിന്റെ ഒരു ഭാഗമാണിത്. ഈ വർഷംമുതൽ

ലോകത്തെമ്പാടുമുള്ള പ്രവാസി സാഹിത്യകാരന്മാരുടെ സാഹിത്യ സൃഷ്ടിക്ക് പുതുതായി ഒരു പുരസ്കാരംകൂടി പ്രഖ്യാപിക്കുകയാണ്. തൃശ്ശൂർ കേന്ദ്രീകരിച്ച് സംഗീത നാടക അക്കാദമി നാടകോത്സവം നടത്താനും ഇക്കാലയളവിൽ അത് സംഘടിപ്പിക്കാനും തീരുമാനിച്ചിരിക്കുകയാണ്. ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങൾ, വായനയിലേയ്ക്ക് കുട്ടികളെ കൊണ്ടുവരാനുള്ള നീക്കങ്ങൾ, സാംസ്കാരിക രംഗത്ത് വൈവിദ്ധ്യങ്ങളായ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് ഈ കാലഘട്ടത്തിലെ എഴുത്തുകാരുടെ കൂട്ടായ്മ, സാഹിത്യ അക്കാദമിയുമായി ബന്ധപ്പെട്ട സെമിനാറുകൾ, സിംപോസിയങ്ങൾ, കുമാരനാശാന്റെ 150-ാം ജന്മദിന വാർഷികത്തോടനുബന്ധിച്ച് അദ്ദേഹത്തിന്റെ പ്രധാനപ്പെട്ട രചനകളായ ചണ്ഡാലഭിക്ഷുകി, ദുരവസ്ഥ ഉൾപ്പെടെയുള്ള കാവ്യഭാവനകൾ സംബന്ധിച്ച ചർച്ചകളും സിംപോസിയങ്ങളും സംഘടിപ്പിക്കുന്നതോടൊപ്പം മേൽപ്പറഞ്ഞ കാര്യങ്ങളുമായി മുന്നോട്ട് പോകാനും വകുപ്പ് തീരുമാനിച്ചിട്ടുണ്ട്. വൈലോപ്പിള്ളി സംസ്കൃതി ഭവനും കേരള ഫോക്‌ലോർ അക്കാദമിയും നല്ല രീതിയിൽ പ്രവർത്തനങ്ങൾ സംഘടിപ്പിച്ച് മുന്നോട്ടുപോകുന്നു. ലളിതകലാ അക്കാദമി ഈ രംഗത്ത് പുതിയ ദൗത്യങ്ങൾ ഏറ്റെടുത്തിട്ടുണ്ട്. സംഗീത നാടക അക്കാദമി നാടകോത്സവവും വിവിധ കലകളെ പ്രോത്സാഹിപ്പിക്കുന്ന

സമീപനവും സ്വീകരിച്ചുവരുന്നുണ്ട്. ഇത്തരത്തിൽ സാംസ്കാരിക രംഗത്ത് പ്രവർത്തിക്കുന്ന വിവിധ സ്ഥാപനങ്ങൾ അതിന്റേതായ പ്രവർത്തനങ്ങൾ സംഘടിപ്പിച്ച് മുന്നോട്ടുവരികയാണ്. ഭാരത് ഭവൻ മാനവീയത, മതനിരപേക്ഷത, സാംസ്കാരിക മൂല്യങ്ങൾ എന്നിവ പ്രമേയമായി പ്രതിവാര ഓൺലൈൻ മൾട്ടിമീഡിയ ഐ.ക്യു. തിയേറ്റർ ഒരുക്കുന്ന രൂപത്തിലേയ്ക്ക് വരികയാണ്. കലാ-സാംസ്കാരിക രംഗത്ത് ഇതുവരെ നടക്കാത്ത രൂപത്തിലുള്ള ഭാവനാസമ്പന്നമായ പ്രവർത്തനങ്ങൾക്ക് രൂപവും ഭാവവും നൽകി ഈ കാലഘട്ടത്തിൽ സാംസ്കാരിക വകുപ്പ് മുന്നോട്ടുപോകുകയാണ്. ബഹുമാനപ്പെട്ട സജി ചെറിയാന്റെ കാലഘട്ടത്തിൽ ആവിഷ്കരിച്ച പദ്ധതികൾ തുടർന്നും മുന്നോട്ടുകൊണ്ടുപോകുമെന്നുകൂടി സൂചിപ്പിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് വിനയപൂർവ്വം അഭ്യർത്ഥിക്കുകയാണ്.

മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (<u>ശ്രീ. വി. അബ്ദുറഹിമാൻ</u>): സർ, കോവിഡിന്റെ പശ്ചാത്തലത്തിൽ കഴിഞ്ഞ മൂന്ന് വർഷം നിശ്ചലമായിരുന്ന കേരളത്തിലെ കായികരംഗം ഇന്ന് നല്ല രീതിയിൽ മുന്നോട്ടുപോകുന്നുണ്ട്. പ്രസ്തുത കാലയളവിൽ ലോകത്തിന്റെ കായിക ഭൂപടത്തിൽ കായിക മേളകളൊക്കെ നിശ്ചലമായിരുന്നു.

ഒളിമ്പിക്സ്പോലും മാറ്റിവച്ച അവസ്ഥയുണ്ടായി. ലോകത്ത് കായികവുമായി ബന്ധപ്പെട്ട് ശാരീരികക്ഷമത വളർത്തുന്ന രീതിയിലേയ്ക്ക് അതിന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്ന നടപടികളുമായാണ് ഇന്ന് എല്ലാ രാജ്യങ്ങളും മുന്നോട്ടുപോകുന്നത്. മനുഷ്യജീവിതത്തിൽ, അവൻ ജീവിക്കുന്ന സമൂഹത്തിൽ ഏറ്റവും സ്വാധീനം ചെലുത്തുന്ന ഒന്നായി ഇന്ന് കായിക പ്രവർത്തനങ്ങൾ മാറിയിട്ടുണ്ട്. ജനങ്ങളുടെ ആരോഗ്യം പ്രത്യേകിച്ച് അവന്റെ ശാരീരികക്ഷമതയെ ആശ്രയിച്ചാണിരിക്കുന്നത്. ഒരു മനുഷ്യന്റെ സന്തോഷം, ശീലങ്ങൾ, മനോഭാവം തുടങ്ങി മനുഷ്യ ക്ഷേമത്തിന്റെ അളവുകോലായി ഇന്ന് കായികയിനങ്ങൾ മാറിയിട്ടുണ്ട്. ഒരു മനുഷ്യനെ സംബന്ധിച്ചിടത്തോളം പതിവായി കളികളിലും മറ്റ് ശാരീരികക്ഷമതാ പ്രവർത്തനങ്ങളിലുമെല്ലാം ഏർപ്പെടുന്നതുമൂലം എന്നും സന്തോഷവാനായി ജീവിക്കാൻ അവന് സാധിക്കും. സംസ്ഥാനത്ത് കായികരംഗവുമായി ബന്ധപ്പെട്ട് പുതിയ കായികനയം സഭയുടെ മേശപ്പുറത്ത് വയ്ക്കാൻ തീരുമാനിച്ചിരിക്കുകയാണ്. ഈ രംഗത്ത് പുതിയ മാറ്റങ്ങൾക്ക് തുടക്കം കുറിക്കാനാണ് ആലോചിക്കുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അഭിപ്രായം തേടുന്നതിനായി സ്പോർട്സ് പോളിസി സമർപ്പിച്ചിട്ടുണ്ട്; അംഗീകാരം ലഭിക്കുന്നമുറയ്ക്ക് അത് സഭയിൽ സമർപ്പിക്കുന്നതാണ്.

കായികനയം സഭയിൽ സമർപ്പിച്ചശേഷം കൂടുതൽ വിശദാംശങ്ങളിലേയ്ക്ക് കടക്കാവുന്നതാണ്. ഈ രംഗത്ത് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകേണ്ടതുണ്ട്. ഉന്നതവിദ്യാഭ്യാസ രംഗത്ത് കായികം ഒരു വിഷയമായി ഉൾപ്പെടുത്തിക്കൊണ്ട് കൂടുതൽ മേഖലയിലേയ്ക്ക് കടക്കേണ്ടതുണ്ട്. പ്രൈമറി തലംമുതൽ പാഠ്യപദ്ധതികളിൽ കായികം ഒരു ഇനമായി ഉൾപ്പെടുത്തേണ്ട ആവശ്യകതയെക്കുറിച്ച് വിദ്യാഭ്യാസ വകുപ്പ് കൂടുതൽ ശ്രദ്ധചെലുത്തണം. ഈ രംഗങ്ങളിൽ ഏർപ്പെടുമ്പോൾ കൂടുതൽ തൊഴിലവസരങ്ങൾ നേടാൻ കഴിയുമെന്നാണ് വിശ്വസിക്കുന്നത്. സംസ്ഥാനം ഇന്ന് ഏകദേശം 1400 കോടി രൂപ കായിക രംഗത്തെ അടിസ്ഥാന വികസനങ്ങൾക്കുവേണ്ടി മാറ്റിവച്ച് അതിന്റെ പ്രവർത്തനങ്ങൾ നടത്തിവരികയാണ്. എല്ലാ ജില്ലകളിലും ജില്ലാ സ്റ്റേഡിയങ്ങളുടെ പ്രവർത്തനം നടപ്പാക്കിവരുന്നു; പലയിടത്തും അവ പൂർത്തിയായി വരികയാണ്. ഒട്ടുമിക്ക നിയോജകമണ്ഡലങ്ങളിലും കളിക്കളങ്ങളുടെ/സ്റ്റേഡിയങ്ങളുടെ പ്രവൃത്തി നടപ്പാക്കിക്കൊണ്ടിരിക്കുന്നു. എല്ലാ പഞ്ചായത്തുകളിലും കളിക്കളങ്ങൾ നിർമ്മിക്കുന്നതാണ്. ഇതുവരെയും കളിക്കളങ്ങളില്ലാത്ത പഞ്ചായത്തുകളിൽ പുതിയ കളിക്കളങ്ങൾ നിർമ്മിക്കുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നിർദ്ദേശപ്രകാരം

തയ്യാറാക്കിയ ലിസ്റ്റ് പുറത്തുവരാൻ പോകുകയാണ്. എല്ലാ പഞ്ചായത്തുകളിലും സ്പോർട്സ് കൗൺസിലുകൾ നിലവിൽ വരുന്നതിന്റെ ഭാഗമായി അതുമായി ബന്ധപ്പെട്ട തെരഞ്ഞെടുപ്പുകൾ ഏകദേശം പൂർത്തിയായിക്കഴിഞ്ഞിട്ടുണ്ട്. ഇങ്ങനെ കായിക മേഖലയിൽ പുത്തൻ ഉണർവ്വുണ്ടാക്കുന്ന നടപടികളുമായി വകുപ്പ് മുന്നോട്ട് പോകുകയാണ്. ഒളിമ്പിക്സ് പോലുള്ള ഗെയിംസുകളിൽ തെരഞ്ഞെടുക്കപ്പെടുന്ന എല്ലാ ഇനങ്ങളും പ്രത്യേകം ഏറ്റെടുത്തുകൊണ്ടുതന്നെ സംസ്ഥാനത്ത് എലൈറ്റ് സെന്ററുകൾ ആരംഭിക്കുന്നതാണ്. എല്ലാ ജില്ലകളിലും ഇതുമായി ബന്ധപ്പെട്ട സെന്ററുകൾ വരുമ്പോൾ അവിടങ്ങളിൽ  പ്രത്യേകം കോച്ചുമാരെ നിയമിച്ച് അതിനാവശ്യമായ ഉപകരണങ്ങൾ കൊടുക്കുന്ന നടപടികൾ ആരംഭിച്ചിട്ടുണ്ട്. ടൂറിസം വകുപ്പുമായി ചേർന്ന് എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും ഓപ്പൺ ജിമ്മുകൾ ആരംഭിക്കാനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. ഇത്തരത്തിൽ വിവിധ പരിപാടികളാണ് വകുപ്പ് ഏറ്റെടുത്തിരിക്കുന്നത്. അവശ കായികതാരങ്ങൾക്കുള്ള പെൻഷൻ 1300/- രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ഏകദേശം 5 ലക്ഷം വിദ്യാർത്ഥികൾക്ക് ഫുട്ബോൾ പരിശീലനം നടത്തുന്ന 'ഗോൾ' പദ്ധതി ആരംഭിക്കുന്നതാണ്. ഏകദേശം അയ്യായിരം കുട്ടികൾക്ക് അത്‍ലറ്റിക്സിൽ

പരിശീലനം നടത്തുന്നതിനുള്ള നടപടി പൂർത്തീകരിക്കുന്നതാണ്. ഇത്തരത്തിൽ നടപ്പാക്കിവരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ഞാൻ മേശപ്പുറത്ത് വയ്ക്കുകയാണ്+. സ്പോർട്സ് പോളിസിയുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ അടുത്ത ദിവസംതന്നെ സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതുകൊണ്ട് അതുമായി ബന്ധപ്പെട്ട ചർച്ചയിൽ കൂടുതൽ കാര്യങ്ങൾ വിശദീകരിക്കുന്നതാണ്. ഈ ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, യുവജനകാര്യവുമായി ബന്ധപ്പെട്ട് കാര്യമായൊന്നും ചർച്ചയിൽ ഉന്നയിച്ചില്ലെങ്കിലും ഒന്നും പറയാതിരുന്നാൽ യുവതലമുറയോടും യുവജനകാര്യ വകുപ്പിനോടും നീതിപുലർത്തുന്നൊരു സമീപനമായിരിക്കില്ല. വളരെ മാതൃകാപരമായാണ് ശ്രീ. സജി ചെറിയാൻ ഇക്കഴിഞ്ഞ 14 മാസം യുവജനകാര്യ വകുപ്പിനെ മുന്നോട്ടുകൊണ്ടുപോയത്. അദ്ദേഹം യുവജനങ്ങളുമായി ഇടപെടാൻ സാധ്യമാകുന്ന പദ്ധതികളും പുതിയ ആശയങ്ങളുമുൾപ്പെടെ മുന്നോട്ടുവച്ചുകൊണ്ടാണ് കാര്യങ്ങൾ നടപ്പിലാക്കിയിട്ടുള്ളത്. കോവിഡ് പശ്ചാത്തലത്തിൽ കേരളോത്സവം ഓൺലൈനായി സംഘടിപ്പിച്ചു. ഇതിൽ കലാമത്സരങ്ങൾ മാത്രമാണ്

\+ അനുബന്ധമായി ചേർത്തിട്ടുണ്ട്.

സംഘടിപ്പിക്കാൻ സാധിച്ചത്; അവ ഫലപ്രദമായി സംഘടിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. യുവജനങ്ങളെ കാർഷിക മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിന് 'കതിർ' എന്നപേരിൽ 140 ക്ലബ്ബുകൾ സംസ്ഥാനത്ത് രൂപീകരിച്ചിട്ടുണ്ട്. യുവതീശാക്തീകരണത്തിന്റെ ഭാഗമായി തദ്ദേശസ്വയംഭരണസ്ഥാപനതലത്തിൽ യുവതീക്ലബ്ബുകൾ ആരംഭിച്ചു. 806 ക്ലബ്ബുകളാണ് ഇതിന്റെ ഭാഗമായി രൂപീകരിച്ചത്. ഭിന്നശേഷിക്കാർക്കുള്ള ക്ലബ്ബുകളും ട്രാൻസ്ജെൻഡേഴ്സ് ക്ലബുകളും രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. കേരള വോളന്റിയർ യൂത്ത് ആക്ഷൻ ഫോഴ്സ് വ്യത്യസ്ത പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നുണ്ട്. യുവജന കമ്മീഷന്റെ നേതൃത്വത്തിൽ കോളേജുകളും കോളനികളും കേന്ദ്രീകരിച്ച് ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുകയും വിവിധ അദാലത്തുകൾ നടത്തി യുവജനപ്രശ്നങ്ങളിൽ ഇടപെടുകയും ചെയ്യുന്നുണ്ട്. യുവജനക്ഷേമ ബോർഡ് വളരെ മാതൃകാപരമായ ഇടപടലാണ് നടത്തിക്കൊണ്ടിരിക്കുന്നത്. ശ്രീ. സജി ചെറിയാന്റെ നേതൃത്വത്തിൽ എൽ.ഡി.എഫ്. സർക്കാർ തുടക്കമിട്ട വൈവിദ്ധ്യമാർന്ന പ്രവർത്തനങ്ങൾക്ക് വേഗം പകരുകയെന്ന കർത്തവ്യമാണ് ഭാവിയിൽ ഏറ്റെടുത്ത് മുന്നോട്ട് പോകാനുദ്ദേശിക്കുന്നത്. യുവത്വം നേരിടുന്ന ഒട്ടേറെ വെല്ലുവിളികൾ നമ്മുടെ മുമ്പിലുണ്ട്. ഒട്ടേറെ പ്രതിസന്ധികളിലൂടെയാണ്

യുവജനങ്ങൾ ഇന്ന് കടന്നുപോകുന്നത്. മറ്റു വകുപ്പുകളുമായി ചേർന്നുകൊണ്ട് ഇടപെടേണ്ട മേഖലകളുമുണ്ട്. നമ്മുടെ രാജ്യം ഇന്നുവരെ കാണാത്ത നിലയിലേയ്ക്കുള്ള വലിയ പ്രതിസന്ധിയായി തൊഴിലില്ലായ്മ പ്രശ്നം മാറിയിരിക്കുന്നു. നവഉദാരവൽക്കരണ നയത്തിന്റെ ഉൽപ്പന്നമാണ് തൊഴിലില്ലായ്മയെന്ന് എല്ലാവർക്കുമറിയാവുന്നതാണ്. രാജ്യ സുരക്ഷപോലും കരാർവൽക്കരിക്കപ്പെടുന്ന ഈ കാലത്ത് യുവത്വം അഭിമാനമായി കരുതുന്ന സൈനിക സേവനത്തേയും കാവിവൽക്കരിച്ച് നമ്മുടെ നാടിന്റെ സുരക്ഷ അപകടത്തിലാക്കുന്ന തരത്തിൽ 'അഗ്നിപഥ്' നടപ്പിലാക്കുന്ന ഘട്ടമാണിത്. അവിടെയാണ് കേരളം ഒരു ബദൽ നയം ഉയർത്തി മുന്നോട്ടുപോകാൻ ആഗ്രഹിക്കുന്നത്. യുവജനമേഖലയ്ക്കുവേണ്ടി മാത്രമായി ഒരു യുവജന നയത്തിന് ഭാവിയിൽ രൂപം കൊടുക്കാൻ ആഗ്രഹിക്കുന്നകാര്യം സഭയെ അറിയിക്കുകയാണ്. വ്യത്യസ്ത യുവജനവിഭാഗങ്ങളുടെ അഭിപ്രായം ക്രോഡീകരിച്ച് പുതിയ നയം നടപ്പിലാക്കുന്നതാണ്. എല്ലാവരെയും യോജിപ്പിച്ച്, എല്ലാ യുവജനസംഘടനകളും ക്ലബ്ബുകളും ബന്ധപ്പെട്ട മറ്റുള്ളവരുമായി ചർച്ച ചെയ്ത് അത്തരത്തിലൊരു നയം കൊണ്ടുവരേണ്ടതുണ്ട്. വളരെ താഴെത്തട്ടിലുള്ള യുവജനക്ലബ്ബുകളുമായും ഇത്തരത്തിൽ ചർച്ചകൾ നടത്തി മുന്നോട്ടുപോകേണ്ടതുണ്ട്. യുവത്വത്തിന്റെ രക്തത്തിൽ അടങ്ങിയിട്ടുള്ള

സന്നദ്ധസേവനത്തെ വ്യത്യസ്ത മേഖലകളിലൂടെ ചിട്ടയായ പരിശീലനം നൽകി മുന്നോട്ടുകൊണ്ടുപോകാനാണുദ്ദേശിക്കുന്നത്. പ്രകൃതിദുരന്തങ്ങളും മറ്റുമുണ്ടാകുമ്പോൾ അവ മറികടക്കാനും കൂടുതൽ ഫലപ്രദവും ശാസ്ത്രീയവുമായി നേരിടാനും ഒരു യൂത്ത് വോളന്റിയർ ടീം രൂപീകരിക്കാനുദ്ദേശിക്കുന്നു. യുവത്വത്തിന്റെ കഴിവുകളുടെ സംഗമഭൂമിയാക്കി കേരളോത്സവത്തെ മാറ്റാനാവശ്യമായ നടപടി കൊക്കൊള്ളുന്നതാണ്. സാഹസികത ഇഷ്ടപ്പെടുന്ന യുവത്വത്തിന്റെ അഭിരുചിക്കനുസരിച്ച് മുന്നേറാൻ സാധിക്കുന്ന പദ്ധതികളെക്കുറിച്ച് ആലോചിച്ചുവരുന്നു. സമൂഹത്തെ കാർന്നുതിന്നുന്ന പ്രധാനപ്പെട്ട ദുഷ്പ്രവണതകളായ ലഹരി, മയക്കുമരുന്ന് എന്നിവയെ തുടച്ചുനീക്കുന്നതിന് എല്ലാവരും ഒറ്റക്കെട്ടായി കൈകോർത്ത് മുന്നോട്ടുപോകണം. അതിൽ പ്രധാന പങ്കുവഹിക്കാൻ സാധിക്കുന്ന യുവജനങ്ങളുടെ സഹകരണത്തോടെ സംസ്ഥാനത്ത് അതിവിപുലമായ ക്യാമ്പയിൻ നടപ്പാക്കാൻ ആഗ്രഹിക്കുകയാണ്. ലഹരിക്കെതിരെ യുവജന പ്രതിരോധസേന രൂപീകരിച്ച് എപ്രകാരം മുന്നോട്ടുപോകാനാകുമെന്നുള്ളത് യുവജന പ്രസ്ഥാനങ്ങളും ക്ലബ്ബുകളും മറ്റു സംഘടനകളുമായുള്ള ചർച്ചയിലൂടെ രൂപം നൽകേണ്ടതുണ്ട്. ലഹരി മുക്തമാക്കുകയെന്നത് യുവത്വത്തിന്റെ ഉത്തരവാദിത്വമായി കണ്ടുകൊണ്ടാണ് നാം മുന്നോട്ട് പോകേണ്ടത്. വഴി

കാട്ടാനും വഴി തെറ്റിക്കാനും സാധിക്കുന്ന സാധ്യതകളെ ശരിയായ അർത്ഥത്തിൽ മനസ്സിലാക്കി, ശരിയായ പാതയിലേയ്ക്ക് യുവജനങ്ങളെ കൊണ്ടുവരാനുള്ള ശ്രമം ഏറ്റെടുത്തുകൊണ്ടാണ് മുന്നോട്ടുപോകേണ്ടത്. നമ്മുടെ നാട് നേരിടുന്ന ഒരു പ്രധാനപ്പെട്ട പ്രശ്നത്തിൽ ഭാഗഭാക്കാകുന്നത് യുവജനങ്ങളാണ്. അത് മത വർഗ്ഗീയതയാണ്. മതവർഗ്ഗീയത ഏറ്റവുമധികം ആകർഷിക്കാൻ അല്ലെങ്കിൽ മതവർഗ്ഗീയതയുടെ ഭാഗമാക്കി മാറ്റിത്തീർക്കാൻ ശ്രമിക്കുന്ന വിഭാഗം യുവജനങ്ങളാണ്. മതവർഗ്ഗീയതയ്ക്കെതിരെ കേരള യുവത്വത്തിന്റെ പ്രതിരോധം വളരെ പ്രധാനമാണ്. യഥാർത്ഥ വിഷയങ്ങളിൽനിന്നും ജനങ്ങളെ വഴിമാറ്റാൻ, പ്രത്യേകിച്ച് തൊഴിലില്ലായ്മയിൽനിന്നും യുവജനങ്ങൾ നേരിടുന്ന പ്രശ്നങ്ങളിൽനിന്നും യുവജനങ്ങളെ വഴിമാറ്റാൻ ഈ ശക്തികൾ തന്നെയാണ് മതവർഗ്ഗീയത ഉൽപ്പാദിപ്പിക്കുന്നത്. കേന്ദ്ര സർക്കാർതന്നെ സ്പോൺസർ ചെയ്യുന്ന ഭൂരിപക്ഷ വർഗ്ഗീയത എല്ലാ സീമകളും ലംഘിച്ച് കടന്നുപൊയ്ക്കൊണ്ടിരിക്കുകയാണ്. സർക്കാർ സ്പോൺസേർഡ് പ്രോഗ്രാമായ ഭൂരിപക്ഷ വർഗ്ഗീയതയുടെ ഭാഗമായി അരക്ഷിതാവസ്ഥ മതന്യൂനപക്ഷങ്ങൾക്കിടയിലും യുവജനങ്ങൾക്കിടയിലും സൃഷ്ടിക്കപ്പെട്ടുവെന്നത് വസ്തുതയാണ്. ആ അരക്ഷിതാവസ്ഥയെ

ഉപയോഗപ്പെടുത്തിക്കൊണ്ട് ന്യൂനപക്ഷ വിഭാഗങ്ങളെയും യുവജനങ്ങളെയും വഴിതെറ്റിക്കാൻ മറ്റു ചില തെറ്റായ രീതികളും നമ്മുടെ നാട്ടിലുണ്ടാകുന്നുണ്ട്. ഇതിനെതിരെ ശക്തമായ നിലപാട് സ്വീകരിച്ചുപോകേണ്ടതുണ്ട്. രാജ്യത്ത് ഓരോ ദിവസവും മതന്യൂനപക്ഷങ്ങൾക്കിടയിൽ അരക്ഷിതാവസ്ഥ സൃഷ്ടിക്കപ്പെടുന്നത് ഞെട്ടലുളവാക്കുന്നു. എന്നാൽ ആ ഞെട്ടലും അരക്ഷിതാവസ്ഥയും അത്തരം തോന്നലുമില്ലാത്തൊരു സംസ്ഥാനമായി കേരളം നിലനിൽക്കുന്നത് കേരളത്തിൽ എൽ.ഡി.എഫ്. സർക്കാർ ഭരിക്കുന്നതുകൊണ്ടാണ്. മതവർഗ്ഗീയതയ്ക്കെതിരെ എല്ലാവരെയും യോജിപ്പിച്ച് മുന്നോട്ട് കൊണ്ടുപോകുന്ന നിലപാട് സ്വീകരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. മത നിരപേക്ഷതയ്ക്കുവേണ്ടി മതനിരപേക്ഷ യുവകൂട്ടായ്മയും സെക്യൂലർ യൂത്ത് യൂണിറ്റി പ്രോഗ്രാം സംഘടിപ്പിക്കാനും എല്ലാവരെയും യോജിപ്പിച്ചുകൊണ്ടുപോകുന്ന നിലപാടാണ് ഇതിന്റെ ഭാഗമായി സ്വീകരിക്കാനുദ്ദേശിക്കുന്നത്. ഈ സഭയിൽ വച്ച് മതനിരപേക്ഷതയെക്കുറിച്ച് പറയുമ്പോൾ വളരെ അഭിമാനമുണ്ട്. പൗരത്വനിയമത്തിന്റെ ഭാഗമായി ഇന്ത്യ ഞെട്ടി വിറയ്ക്കുമ്പോൾ, ആ ഇന്ത്യയ്ക്ക് ആശ്വാസമായി മാറാൻ, ആത്മവിശ്വാസം പകരാൻ, കരുത്തുനൽകാൻ തയ്യാറായ പ്രമേയം അവതരിപ്പിച്ച് ഒറ്റക്കെട്ടായി പാസ്സാക്കിയ

വേദികൂടിയാണ് ഈ നിയമസഭാ ഹാൾ എന്നുഞാൻ ഓർക്കുകയാണ്. മതവർഗ്ഗീയതയ്ക്കെതിരെ യുവജനങ്ങളെയാകെ അണിനിരത്തുന്ന പദ്ധതികൾകൂടി തീർച്ചയായും നടപ്പിലാക്കണം. ഇതിനായി യുവജനങ്ങളെയാകെ യോജിപ്പിച്ച് മുന്നോട്ട് പോകുന്നതിന് ബഹുമാനപ്പെട്ട അംഗങ്ങളുടെ അഭിപ്രായങ്ങൾകൂടി സ്വീകരിച്ചുകൊണ്ട് നിലപാടെടുക്കുന്നതാണെന്ന് സൂചിപ്പിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

## ധനാഭ്യർത്ഥന നമ്പർ XVII – വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം

മി. സ്പീക്കർ: സർവ്വശ്രീ എൽദോസ് പി. കുന്നപ്പിള്ളിൽ, പി. അബ്ദുൽ ഹമീദ്, മഞ്ഞളാംകുഴി അലി, അനൂപ് ജേക്കബ്, നജീബ് കാന്തപുരം, ടി. വി. ഇബ്രാഹിം, യു. എ. ലത്തീഫ്, എ. കെ. എം. അഷ്റഫ്, എൻ. ഷംസുദ്ദീൻ, എൻ. എ. നെല്ലിക്കുന്ന്, കെ. ബാബു (തൃപ്പൂണിത്തുറ), സനീഷ്കുമാർ ജോസഫ്, തിരുവഞ്ചൂർ രാധാകൃഷ്ണൻ, അൻവർ സാദത്ത്, ഡോ. മാത്യു കുഴൽനാടൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ XVII-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്യുന്നുണ്ടോ?

(ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്തു.)

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2022-23 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി.)

<u>മി. സ്പീക്കർ</u>: പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

<u>ധനാഭ്യർത്ഥന നമ്പർ XXIV – തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും</u>

<u>മി. സ്പീക്കർ</u>: സർവ്വശ്രീ ടി. വി. ഇബ്രാഹിം, നജീബ് കാന്തപുരം, യു. എ. ലത്തീഫ്, അനൂപ് ജേക്കബ്, കെ. ബാബു (തൃപ്പൂണിത്തുറ), പി. അബ്ദുൽ ഹമീദ്, തിരുവഞ്ചൂർ രാധാകൃഷ്ണൻ, സനീഷ്കുമാർ ജോസഫ്, എൽദോസ് പി. കുന്നപ്പിള്ളിൽ, എൻ. ഷംസുദ്ദീൻ, എ. കെ. എം. അഷ്റഫ്, മഞ്ഞളാംകുഴി അലി, എൻ. എ. നെല്ലിക്കുന്ന്, എ. പി. അനിൽ കുമാർ, റോജി എം. ജോൺ, അൻവർ സാദത്ത്, ഡോ. മാത്യു കുഴൽനാടൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ XXIV-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്യുന്നുണ്ടോ?

(ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്തു.)

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2022-23 സാമ്പത്തിക വർഷത്തെ ചെലവുകൾ

പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി.)

<u>മി. സ്പീക്കർ</u>: പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

<u>ധനാഭ്യർത്ഥന നമ്പർ XLVI - സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും</u>

<u>മി. സ്പീക്കർ</u>: സർവ്വശ്രീ പി. അബ്ദുൽ ഹമീദ്, മഞ്ഞളാംകുഴി അലി, എ. പി. അനിൽ കുമാർ, എ. കെ. എം. അഷ്റഫ്, എൻ. എ. നെല്ലിക്കുന്ന്, നജീബ് കാന്തപുരം, ടി. വി. ഇബ്രാഹിം, യു. എ. ലത്തീഫ്, എൻ. ഷംസുദ്ദീൻ, അൻവർ സാദത്ത് , റോജി എം. ജോൺ, കെ. ബാബു (തൃപ്പൂണിത്തുറ), തിരുവഞ്ചൂർ രാധാകൃഷ്ണൻ, അനൂപ് ജേക്കബ്, സനീഷ്കുമാർ ജോസഫ്, എൽദോസ് പി. കുന്നപ്പിള്ളിൽ, ഡോ. മാത്യു കുഴൽനാടൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ XLVI-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്യുന്നുണ്ടോ?

(ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്തു.)

അനുകൂലിക്കുന്നവർ…………

പ്രതികൂലിക്കുന്നവർ…………

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2022-23 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ………

പ്രതികൂലിക്കുന്നവർ………

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി.)

<u>മി. സ്പീക്കർ</u>: പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

**[4.28 PM]**

**അപരാഹ്ന സമ്മേളനം**

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടേയും ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടേയും സ്റ്റേഷനറിയും അച്ചടിയും മറ്റു ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടേയും വാർത്താവിതരണവും പ്രചരണവുമെന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടേയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കുനേരെ 7-ാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുകകൾ 2022-23 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | ധനാഭ്യർത്ഥനയുടെ പേര് | ബഡ്ജറ്റ് എസ്റ്റിമേറ്റ് 2022-2023 | | | | |
|---|---|---|---|---|---|---|
| | | 18.03.2022-ന് സഭയുടെ വോട്ടിന് സമർപ്പിച്ച ധനാഭ്യർത്ഥന തുക | | സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥന തുക | | |
| | | റവന്യൂ (രൂപ) | മൂലധനം (രൂപ) | റവന്യൂ (രൂപ) | മൂലധനം (രൂപ) | ആകെ (രൂപ) |
| (1) | (2) | (3) | (4) | (5) | (6) | (7) |
| XI I | പോലീസ് | 1545,27,01,000 | 18,08,36,000 | 3090,54,02,000 | 36,16,72,000 | 3126,70,74,000 |
| XIII | ജയിലുകൾ | 61,40,52,000 | --- | 122,81,05,000 | --- | 122,81,05,000 |
| XIV | സ്റ്റേഷനറിയും അച്ചടിയും മറ്റു ഭരണപരമായ സർവ്വീസുകളും | 215,01,58,000 | 3,08,67,000 | 430,03,16,000 | 6,17,33,000 | 436,20,49,000 |
| XXIII | വാർത്താ വിതരണവും പ്രചരണവും | 35,11,63,000 | 1,08,33,000 | 70,23,24,000 | 2,16,67,000 | 72,39,91,000 |

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയെയും ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയെയും സ്റ്റേഷനറിയും അച്ചടിയും മറ്റു ഭരണപരമായ സർവ്വീസുകളുമെന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയെയും വാർത്താവിതരണവും പ്രചരണവുമെന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയെയും സംബന്ധിക്കുന്ന സബ്ജക്ട് കമ്മിറ്റിയുടെ റിപ്പോർട്ടിലെ ശിപാർശകളിന്മേൽ ചട്ടം 236(3) പ്രകാരമുള്ള പ്രസ്താവന ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

മി. സ്പീക്കർ: ഇനി പറയുന്ന ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കാവുന്നതാണ്.

ധനാഭ്യർത്ഥന നമ്പർ XII -പോലീസ്

നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ:

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3126,70,74,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (സിൽവർ ലൈൻ പദ്ധതിയുടെ ഭാഗമായി സർവ്വേ നടത്തി കല്ലിടുന്ന നടപടിക്കെതിരെ പ്രതിഷേധിച്ച ഭൂവുടമകളെയും നാട്ടുകാരെയും പോലീസ് തല്ലിച്ചതച്ചതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീമതി ഉമ തോമസ്</u>: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3126,70,74,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (സ്ത്രീ സുരക്ഷ ഉറപ്പാക്കുന്നതിൽ പോലീസ് പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയവും സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായുള്ള അതിക്രമങ്ങൾ തടയുന്നതിനുള്ള നടപടികളെക്കുറിച്ചും ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. സജീവ് ജോസഫ്</u>: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3126,70,74,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിൽ പോലീസ് സംവിധാനം പരാജയപ്പെട്ടതായി

പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. ഷാഫി പറമ്പിൽ</u>: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3126,70,74,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ഭരണകക്ഷി പ്രവർത്തകർ ആരോപണ വിധേയരായ കേസുകൾ വസ്തുനിഷ്ഠമായി അന്വേഷണം നടത്തി കുറ്റവാളികളെ കണ്ടെത്തുന്നതിനുപകരം കേസ് അട്ടിമറിക്കാൻ ശ്രമം നടത്തുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3126,70,74,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ജനമൈത്രി പോലീസ് എന്നതിൽനിന്നും ജനത്തിന്റെ ശത്രുവായി പോലീസ് മാറുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. പി. അബ്ദുൽ ഹമീദ്</u>: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3126,70,74,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (മനുഷ്യക്കടത്ത് തടയുന്നതിൽ

പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3126,70,74,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (കോടതിയുടെ അറസ്റ്റ് വാറന്റ് ഉണ്ടെങ്കിലും ഭരണകക്ഷികളുടെയും പോഷക സംഘടനകളുടെയും നേതാക്കന്മാരെ അറസ്റ്റ് ചെയ്യാൻ ശ്രമിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3126,70,74,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ക്രമസമാധാനം സംരക്ഷിക്കുന്നതിൽ പോലീസ് പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3126,70,74,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ഗുണ്ടാ ആക്രമണങ്ങളും

കൊലപാതകങ്ങളും പോലുള്ള കുറ്റകൃത്യങ്ങൾ മുൻകൂട്ടി മനസ്സിലാക്കി തടയുന്നതിൽ പോലീസ് ഇന്റലിജൻസ് പരാജയപ്പെടുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സി. ആർ. മഹേഷ്: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3126,70,74,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ഗുണ്ടാ അതിക്രമങ്ങളും ക്വട്ടേഷൻ സംഘങ്ങളുടെ കൊലപാതകങ്ങളും വർദ്ധിച്ചുവരുന്നതിനാൽ ക്രമസമാധാനനില തകർന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സനീഷ്കുമാർ ജോസഫ്: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3126,70,74,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (പോലീസ് വകുപ്പിലെ പർച്ചേസുകളിലും നിർമ്മാണ പ്രവർത്തനങ്ങളിലും അഴിമതിയുണ്ടായതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. റോജി എം. ജോൺ: സർ, പോലീസ് എന്ന XII-ാം നമ്പർ

ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3126,70,74,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ടെക്നോപാർക്ക് സമുച്ചയത്തിന് സുരക്ഷാജോലിക്കായി അനധികൃതമായി കൂടുതൽ പോലീസുകാരെ നിയോഗിച്ചതായും അതിലൂടെ സർക്കാരിന് ബാധ്യത ഉണ്ടായതായും പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3126,70,74,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (അടിസ്ഥാനരഹിതമായ ആരോപണങ്ങളുന്നയിച്ച് അലൻ, താഹ എന്നിവർക്കെതിരെ UAPA പ്രകാരം കേസെടുത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ഡോ. എം. കെ. മുനീർ: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3126,70,74,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (പോലീസ് ഒത്താശയോടെ വയനാട്ടിലെ എം.പി.യുടെ ഓഫീസ് വിദ്യാർത്ഥി സംഘടന അടിച്ചു തകർത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം

ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. ടി. സിദ്ദിഖ്</u>: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3126,70,74,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (വയനാട് എം.പി.യുടെ ഓഫീസ് വിദ്യാർത്ഥി സംഘടനാ പ്രവർത്തകർ അടിച്ചുതകർത്തതായും അക്രമം നടക്കുമ്പോൾ പോലീസ് നിഷ്ക്രിയമായിരുന്നതായും പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എ. പി. അനിൽ കുമാർ</u>: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3126,70,74,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ഭരണകക്ഷി യുവജനസംഘടനകളുടെ നേതൃത്വത്തിൽ പ്രതിപക്ഷനേതാവിന്റെ ഔദ്യോഗിക വസതിയിലേക്ക് അതിക്രമിച്ചു കയറിയതായും വയനാട് എം.പി.-യുടെ ഓഫീസും കോൺഗ്രസ്സ് പാർട്ടി ഓഫീസുകളും അടിച്ചു തകർത്തതായും പറയപ്പെടുന്ന വിഷയങ്ങൾ ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3126,70,74,000 രൂപ ഒരു

രൂപയായി കുറവു ചെയ്യേണ്ടതാണ് (ഭരണപക്ഷ രാഷ്ട്രീയ കക്ഷിയുടെയും അവരുടെ യുവജന വിദ്യാർത്ഥി സംഘടനകളുടെയും പ്രവർത്തകർ പ്രതിപക്ഷ രാഷ്ട്രീയ പ്രവർത്തകർക്കെതിരെയും ഓഫീസുകൾക്കുനേരെയും നടത്തുന്നതായി പറയപ്പെടുന്ന അക്രമങ്ങൾ തടയാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സണ്ണി ജോസഫ്: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3126,70,74,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (മുഖ്യമന്ത്രിയുടെ യാത്രകളുടെ പേരിൽ പോലീസ് ജനങ്ങളുടെ സഞ്ചാരസ്വാതന്ത്ര്യം നിഷേധിക്കുന്നതായും വസ്ത്രധാരണത്തിന്റെ പേരിൽ ട്രാൻസ്ജെൻഡറുകൾ ഉൾപ്പെടെയുള്ളവരെ പൊതുസ്ഥലങ്ങളിൽ തടഞ്ഞുനിർത്തുന്നതായും പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. നജീബ് കാന്തപുരം: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3126,70,74,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (മുഖ്യമന്ത്രി പങ്കെടുക്കുന്ന ചടങ്ങുകളിലും യാത്രചെയ്യുന്ന വഴികളിലും കറുത്ത മാസ്കും വസ്ത്രവും ധരിച്ചവരെ പോലീസ്

വിലക്കിയതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3126,70,74,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (സ്വർണ്ണക്കടത്തു കേസിലെ പ്രതിയെ നോട്ടീസ് നൽകാതെ വിജിലൻസ് സംഘം കൂട്ടിക്കൊണ്ടു പോയതായി പറയപ്പെടുന്ന സംഭവം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ഡോ. മാത്യു കുഴൽനാടൻ: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3126,70,74,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (സ്വർണ്ണക്കടത്ത് കേസ് പ്രതിയുമായി ഉന്നത പോലീസ് ഉദ്യോഗസ്ഥരുടെ ഒത്താശയോടെ ഒത്തുതീർപ്പ് ചർച്ചകൾ നടത്തുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3126,70,74,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (സ്വർണ്ണക്കടത്തു കേസിലെ പ്രതിയുടെ

വെളിപ്പെടുത്തലിൽനിന്നും പിന്തിരിപ്പിക്കുവാൻ പോലീസ് ഇടനിലക്കാരെ നിയോഗിച്ചതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. ജെ. വിനോദ്: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3126,70,74,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (സ്വർണ്ണക്കടത്ത് കേസ് പ്രതി മജിസ്ട്രേറ്റ് കോടതിയിൽ നൽകിയ മൊഴി മാറ്റുവാൻ സംസ്ഥാന വിജിലൻസ് മേധാവി മാധ്യമ പ്രവർത്തകൻ മുഖേന ഇടപെടൽ നടത്തിയതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3126,70,74,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (സ്വർണ്ണക്കടത്ത് കേസ് പ്രതി നടത്തിയതായി പറയപ്പെടുന്ന ആരോപണങ്ങളുടെ നിജസ്ഥിതി കണ്ടെത്താതെ ആരോപണം നടത്തിയ വ്യക്തിക്കെതിരെ ഗൂഢാലോചന കുറ്റം ചുമത്തി കേസെടുത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. അൻവർ സാദത്ത്</u>: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3126,70,74,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (നയതന്ത്രപ്രതിനിധി മുഖേന കറൻസി കടത്തിയെന്ന് സ്വർണ്ണക്കടത്ത് കേസ് പ്രതി വെളിപ്പെടുത്തിയത് സംബന്ധിച്ച് അന്വേഷണം നടത്താത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3126,70,74,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (തീരദേശ പോലീസ് സ്റ്റേഷനുകളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തണമെന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3126,70,74,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (വിക്ടിം കോമ്പൻസേഷൻ പദ്ധതി പ്രകാരമുള്ള നഷ്ടപരിഹാരത്തുക സമയബന്ധിതമായി നൽകുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>സൂചക വെട്ടിക്കുറയ്ക്കൽ:</u>

<u>ശ്രീ. അനൂപ് ജേക്കബ്</u>: പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3126,70,74,000 രൂപയിൽനിന്ന് നൂറ് രൂപ കുറവു ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ധനാഭ്യർത്ഥന നമ്പർ XIII - ജയിലുകൾ</u>

<u>നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ:</u>

<u>ശ്രീമതി ഉമ തോമസ്</u>: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 122,81,05,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ജയിലുകളിലെ അടിസ്ഥാന സൗകര്യങ്ങൾ സ്ത്രീ സൗഹൃദമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 122,81,05,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ജയിലുകളിലെ വിവിധ ജോലികളിൽ ഏർപ്പെട്ടിരിക്കുന്നവരുടെ വേതനം കാലോചിതമായി പരിഷ്കരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 122,81,05,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ജയിൽ വകുപ്പിലെ ജീവനക്കാരുടെ ഒഴിവുകൾ നികത്താത്തതുമൂലമുണ്ടായതായി പറയപ്പെടുന്ന ബുദ്ധിമുട്ടുകൾ സംബന്ധിച്ച വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. പി. അബ്ദുൽ ഹമീദ്</u>: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 122,81,05,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (സംസ്ഥാനത്ത് കൂടുതൽ ഓപ്പൺ ജയിലുകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 122,81,05,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (സംസ്ഥാനത്ത് കൂടുതൽ ഓപ്പൺ ജയിലുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതിന്റെ ആവശ്യകത ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 122,81,05,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (തടവുകാരുടെ എണ്ണം കൂടുന്നതിനനുസരിച്ച് ജയിലുകളിൽ സൗകര്യങ്ങൾ ഏർപ്പെടുത്താത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 122,81,05,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (സെൻട്രൽ ജയിലുകളിലെ TETRA കമ്മ്യൂണിക്കേഷൻ സംവിധാനം മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കേണ്ടത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 122,81,05,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ജയിലുകളിലെ ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്താൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. നജീബ് കാന്തപുരം</u>: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 122,81,05,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ജയിലുകളിൽ കഴിയുന്നവരുടെ മാനസിക സംഘർഷം ലഘൂകരിക്കാൻ ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്താത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 122,81,05,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (കുറ്റവാളികളിൽ മാനസികമായ മാറ്റം ഉണ്ടാക്കുന്നതിനാവശ്യമായ പരിശീലനം ജീവനക്കാർക്ക് ലഭ്യമാക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. സണ്ണി ജോസഫ്</u>: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 122,81,05,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ജയിലുകളിൽ പ്രതികൾക്ക് മൊബൈൽ ഫോൺ ഉൾപ്പെടെയുള്ള സൗകര്യങ്ങൾ എത്തിച്ചുനൽകുന്നതിന് ജയിലധികൃതർ ഒത്താശചെയ്യുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച

ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. പി. അനിൽ കുമാർ: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 122,81,05,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (വിവിധ ജയിലുകളിൽ കഴിയുന്ന പ്രതികൾക്ക് മൊബൈൽ ഫോൺ മുഖേന ലഹരി കടത്തും ക്വട്ടേഷൻ പ്രവർത്തനവും നിയന്ത്രിക്കുന്നതിന് അവസരമൊരുക്കി നല്കിയതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ഡോ. എം. കെ. മുനീർ: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 122,81,05,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ലഹരി പദാർത്ഥങ്ങൾ തടവുകാർക്ക് ലഭ്യമാകുന്ന സാഹചര്യം ഒഴിവാക്കാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 122,81,05,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (കോവിഡ് നിയന്ത്രണങ്ങളുടെ പേരിൽ

പരോളിൽ ഇറങ്ങിയ പ്രതികൾ ക്വട്ടേഷൻ പ്രവർത്തനം നടത്തുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>സൂചക വെട്ടിക്കുറയ്ക്കൽ:</u>

ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 122,81,05,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവുചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന അംഗങ്ങൾ അവതരിപ്പിച്ചു.

1. ശ്രീ. അനൂപ് ജേക്കബ്
2. ശ്രീ. ടി. ജെ. വിനോദ്
3. ശ്രീ. സി. ആർ. മഹേഷ്
4. ശ്രീ. റോജി എം. ജോൺ
5. ശ്രീ. ഷാഫി പറമ്പിൽ
6. ശ്രീ. അൻവർ സാദത്ത്
7. ശ്രീ. എം. വിൻസെന്റ്
8. ശ്രീ. സനീഷ്കുമാർ ജോസഫ്

9. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)

10. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

11. ശ്രീ. ടി. സിദ്ദിഖ്

12. ശ്രീ. സജീവ് ജോസഫ്

13. ഡോ. മാത്യു കുഴൽനാടൻ

ധനാഭ്യർത്ഥന നമ്പർ XIV- സ്റ്റേഷനറിയും അച്ചടിയും മറ്റു ഭരണപരമായ സർവ്വീസുകളും

നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ:

ശ്രീ. പി. ഉബൈദുള്ള: സർ, സ്റ്റേഷനറിയും അച്ചടിയും മറ്റു ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 436,20,49,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (സ്റ്റേഷനറി വകുപ്പിലെ ജീവനക്കാരുടെ എണ്ണം കുറയ്ക്കാൻ നീക്കം നടത്തുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ്: സർ, സ്റ്റേഷനറിയും അച്ചടിയും മറ്റു ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 436,20,49,000 രൂപ ഒരു രൂപയായി കുറവു

ചെയ്യേണ്ടതാണ് (അച്ചടി വകുപ്പിലെ തസ്തികകൾ വെട്ടിക്കുറച്ചതുമൂലം ഉണ്ടായതായി പറയപ്പെടുന്ന പ്രതിസന്ധി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എം. വിൻസെന്റ്: സർ, സ്റ്റേഷനറിയും അച്ചടിയും മറ്റു ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 436,20,49,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (സർക്കാർ പ്രസ്സുകളിലെ സാങ്കേതിക സൗകര്യങ്ങൾ ഉപയോഗപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കാതെ സ്വകാര്യ സ്ഥാപനങ്ങൾക്ക് പ്രിന്റിംഗ് കരാറുകൾ നൽകുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. റോജി എം. ജോൺ: സർ, സ്റ്റേഷനറിയും അച്ചടിയും മറ്റു ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 436,20,49,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ഗവൺമെന്റ് പ്രസ്സുകളുടെ സേവനം പ്രയോജനപ്പെടുത്താതെ പ്രിന്റിംഗ് ജോലികൾ സ്വകാര്യസ്ഥാപനങ്ങളെ ഏല്പിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന

ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. അൻവർ സാദത്ത്</u>: സർ, സ്റ്റേഷനറിയും അച്ചടിയും മറ്റു ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 436,20,49,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (സി-ആപ്റ്റിൽ പെൻഷൻ പ്രായം ഉയർത്തി നൽകി യുവാക്കളെ വഞ്ചിച്ചതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. ഷാഫി പറമ്പിൽ</u>: സർ, സ്റ്റേഷനറിയും അച്ചടിയും മറ്റു ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 436,20,49,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (സിൽവർലൈൻ പദ്ധതിയുമായി ബന്ധപ്പെട്ട ലഘുലേഖയുടെ അച്ചടി സർക്കാർ പ്രസ്സുകളിൽ നിന്നും ഒഴിവാക്കി സ്വകാര്യ പ്രസ്സുകൾക്ക് കരാർ നൽകിയതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ഡോ. എം. കെ. മുനീർ</u>: സർ, സ്റ്റേഷനറിയും അച്ചടിയും മറ്റു ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 436,20,49,000 രൂപ ഒരു രൂപയായി കുറവു

ചെയ്യേണ്ടതാണ് (ഗുണനിലവാരമുള്ള സ്റ്റേഷനറി സാധനങ്ങൾ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന സാഹചര്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, സ്റ്റേഷനറിയും അച്ചടിയും മറ്റു ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 436,20,49,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (സർക്കാർ പ്രസ്സുകൾ കാലോചിതമായി നവീകരിക്കുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, സ്റ്റേഷനറിയും അച്ചടിയും മറ്റു ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 436,20,49,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (സ്കൂൾ പാഠപുസ്തകങ്ങൾ പൂർണ്ണമായും സർക്കാർ പ്രസ്സുകളിൽ അച്ചടിക്കുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. നജീബ് കാന്തപുരം: സർ, സ്റ്റേഷനറിയും അച്ചടിയും മറ്റു ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ

പേരിൽ വകകൊള്ളിച്ചിട്ടുള്ള 436,20,49,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (സർക്കാർ ഗസറ്റ് മുടക്കം കൂടാതെ പ്രസിദ്ധീകരിക്കുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, സ്റ്റേഷനറിയും അച്ചടിയും മറ്റു ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 436,20,49,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (തീപിടിത്തങ്ങളും ദുരന്തങ്ങളും വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ കൂടുതൽ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, സ്റ്റേഷനറിയും അച്ചടിയും മറ്റു ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 436,20,49,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ഉയർന്നകെട്ടിടങ്ങളിലെ തീപിടിത്തം അണയ്ക്കുന്നതിന് ആവശ്യമായ ഉപകരണങ്ങൾ വാങ്ങാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം

ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, സ്റ്റേഷനറിയും അച്ചടിയും മറ്റു ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 436,20,49,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (അഗ്നിബാധ തടയുന്നതിന് ആധുനിക ഉപകരണങ്ങൾ വാങ്ങാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, സ്റ്റേഷനറിയും അച്ചടിയും മറ്റു ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 436,20,49,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ്. (ഹോം ഗാർഡുകളുടെ വേതനം കാലോചിതമായി പരിഷ്കരിക്കാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

സൂചക വെട്ടിക്കുറയ്ക്കൽ:

സ്റ്റേഷനറിയും അച്ചടിയും മറ്റു ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 436,20,49,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവുചെയ്യേണ്ടതാണ്

(പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന അംഗങ്ങൾ അവതരിപ്പിച്ചു.

1. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)
2. ശ്രീ. ടി. സിദ്ദിഖ്
3. ഡോ. മാത്യു കുഴൽനാടൻ
4. ശ്രീ. സി. ആർ. മഹേഷ്
5. ശ്രീ. സനീഷ്കുമാർ ജോസഫ്
6. ശ്രീ. സജീവ് ജോസഫ്
7. ശ്രീമതി ഉമ തോമസ്
8. ശ്രീ. ടി. ജെ. വിനോദ്
9. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
10. ശ്രീ. എ. പി. അനിൽ കുമാർ
11. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ
12. ശ്രീ. അനൂപ് ജേക്കബ്
13. ശ്രീ. സണ്ണി ജോസഫ്

ധനാഭ്യർത്ഥന നമ്പർ XXIII - വാർത്താ വിതരണവും പ്രചരണവും

<u>നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ:</u>

<u>ശ്രീ. പി. അബ്ദുൽ ഹമീദ്</u>: സർ, വാർത്താ വിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 72,39,91,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ദൃശ്യമാധ്യമങ്ങളിലൂടെയുള്ള സർക്കാർ പരസ്യങ്ങളിൽ രാഷ്ട്രീയ വിവേചനം കാണിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ഡോ. എം. കെ. മുനീർ</u>: സർ, വാർത്താ വിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 72,39,91,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ്. (നിലനിൽക്കുന്നതായി പറയപ്പെടുന്ന സാമ്പത്തിക പ്രതിസന്ധിക്കിടയിലും സർക്കാരിന്റെ വാർഷികാഘോഷത്തോടനുബന്ധിച്ച് വൻതുക പരസ്യത്തിന് ചെലവഴിച്ചതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, വാർത്താ വിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള

72,39,91,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (പ്രസ്സ് അക്കാഡമിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള സർക്കാർ സഹായം വർദ്ധിപ്പിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, വാർത്താ വിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 72,39,91,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (പത്രപ്രവർത്തക ക്ഷേമനിധിയ്ക്കുള്ള സർക്കാർ സഹായം വർദ്ധിപ്പിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, വാർത്താ വിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 72,39,91,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ്. (പത്രപ്രവർത്തകർക്കെതിരെയുള്ള അതിക്രമങ്ങൾ തടയാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, വാർത്താ വിതരണവും പ്രചരണവും

എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 72,39,91,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ജില്ലാ ഇൻഫർമേഷൻ ഓഫീസുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, വാർത്താ വിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 72,39,91,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ്. (പത്രപ്രതിനിധികൾക്കുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. നജീബ് കാന്തപുരം: സർ, വാർത്താ വിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 72,39,91,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (പത്രപ്രവർത്തകർക്കുള്ള ഭവന നിർമ്മാണ പദ്ധതിയുടെ ആനുകൂല്യങ്ങൾ കൂടുതൽ പേർക്ക് നൽകാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: സർ, വാർത്താ വിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 72,39,91,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (പ്രാദേശിക പത്രപ്രവർത്തകരുടെ ക്ഷേമത്തിന് പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കേണ്ടതിന്റെ ആവശ്യകത ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, വാർത്താ വിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 72,39,91,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (കേരള പത്രപ്രവർത്തക ആരോഗ്യസുരക്ഷാ പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

സർ, വാർത്താ വിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 72,39,91,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (പത്ര പ്രതിനിധികൾക്കുള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, വാർത്താ വിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 72,39,91,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് ("നാം മുന്നോട്ട് " എന്ന പരിപാടിക്കായി വൻതുക ഒരു ചാനലിന് അനുവദിച്ചു നൽകിയതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. സണ്ണി ജോസഫ്</u>: സർ, വാർത്താ വിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 72,39,91,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (സിൽവർലൈൻ പദ്ധതിയുടെ പ്രചരണാർത്ഥം കോടികൾ ചെലവഴിച്ച് കൈപുസ്തകം പ്രിന്റ് ചെയ്യുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. സി. ആർ. മഹേഷ്</u>: സർ, വാർത്താ വിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 72,39,91,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (പത്രപ്രവർത്തകർക്കുള്ള പെൻഷനിൽ സർക്കാർ ആയിരം രൂപ വർദ്ധനവ് പ്രഖ്യാപിച്ചതിനുശേഷം 500 രൂപയായി കുറവ് ചെയ്തതായി പറയപ്പെടുന്ന

വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സജീവ് ജോസഫ്: സർ, വാർത്താ വിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 72,39,91,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (സർക്കാരിന്റെ വാർഷികാഘോഷങ്ങളുടെ പ്രചരണാർത്ഥം വൻതുക ചെലവഴിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ഡോ. മാത്യു കുഴൽനാടൻ: സർ, വാർത്താ വിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 72,39,91,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (നിലനില്ക്കുന്നതായി പറയപ്പെടുന്ന സാമ്പത്തിക പ്രതിസന്ധിക്കിടയിലും പരസ്യപ്രചരണങ്ങൾക്കായി വൻതുക ചെലവ് നടത്തുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

സൂചക വെട്ടിക്കുറയ്ക്കൽ:

വാർത്താ വിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ

ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 72,39,91,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവു ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന അംഗങ്ങൾ അവതരിപ്പിച്ചു.

1. ശ്രീ. അനൂപ് ജേക്കബ്

2. ശ്രീ. അൻവർ സാദത്ത്

3. ശ്രീ. എ. പി. അനിൽ കുമാർ

4. ശ്രീ. എം. വിൻസെന്റ്

5. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

6. ശ്രീ. ടി. സിദ്ദിഖ്

7. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

8. ശ്രീ. സനീഷ്കുമാർ ജോസഫ്

9. ശ്രീ. റോജി എം. ജോൺ

10. ശ്രീ. ഷാഫി പറമ്പിൽ

11. ശ്രീ. ടി. ജെ. വിനോദ്

12. ശ്രീമതി ഉമ തോമസ്

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: സർ, പോലീസ്, ജയിലുകൾ,

സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും വാർത്താ വിതരണവും പ്രചരണവും എന്നീ ധനാഭ്യർത്ഥനകളെ പൂർണ്ണമായും ഞാൻ അനുകൂലിക്കുന്നു. രാജ്യമൊരു മതഭ്രാന്താലയമായി മാറിക്കൊണ്ടിരിക്കുകയാണ്. വർഗ്ഗീയ വിഭജനം ശക്തിപ്പെടുത്തുന്നതിന് കേന്ദ്ര ഭരണാധികാരികൾതന്നെ നേതൃത്വം നൽകുന്ന ഭയാനകമായ കാഴ്ചയാണ് നാം കാണുന്നത്. രാജ്യത്ത് വർഗ്ഗീയ കലാപങ്ങളും സംഘർഷങ്ങളുമില്ലാത്ത ഒരു ദിവസംപോലും ഉണ്ടാകുന്നില്ല. ബി.ജെ.പി.-യും കോൺഗ്രസും ഭരിക്കുന്ന സംസ്ഥാനങ്ങളിൽ വർഗ്ഗീയ സംഘർഷം നിത്യസംഭവങ്ങളായി മാറിയിരിക്കുന്നു. രാജ്യത്തെ മതന്യൂനപക്ഷങ്ങൾ പട്ടികജാതി-പട്ടികവർഗ്ഗക്കാർ, സ്ത്രീകൾ എന്നിവർ ഭയാശങ്കയോടെയാണ് ജീവിക്കുന്നത്. മതന്യൂനപക്ഷങ്ങൾ അരക്ഷിതാവസ്ഥയിലാണ്. ഇത്തരം ദേശീയ പശ്ചാത്തലത്തിൽ ശാന്തിയും സമാധാനവും സൗഹാർദ്ദവും കളിയാടുന്ന പച്ചത്തുരുത്തായി നമ്മുടെ കൊച്ചുകേരളം തലയുയർത്തിനിൽക്കുകയാണ്.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

കഴിഞ്ഞ ആറ് വർഷത്തിനിടയിൽ വർഗ്ഗീയ സംഘർഷങ്ങളിൽ ഒരു മനുഷ്യജീവൻപോലും കേരളത്തിൽ നഷ്ടപ്പെട്ടിട്ടില്ല; വർഗ്ഗീയ

സംഘർഷങ്ങളില്ലാത്ത ആറ് വർഷങ്ങളാണ് പിന്നിട്ടിരിക്കുന്നത്. സംസ്ഥാനത്ത് വർഗ്ഗീയവാദികളും തീവ്രവാദികളും ഇല്ലാത്തതുകൊണ്ടല്ല; വർഗ്ഗീയ ചേരിതിരിവുകളും സംഘർഷങ്ങളും സൃഷ്ടിക്കാനുള്ള നിരന്തരമായ ശ്രമങ്ങളാണ് നടന്നുകൊണ്ടിരിക്കുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിലെ ഗവൺമെന്റ് ശക്തമായ നടപടികൾ സ്വീകരിച്ച് വർഗ്ഗീയ തീവ്രവാദശക്തികളെ അടിച്ചമർത്തുകയാണ്. കേരളത്തിലെ പ്രതിപക്ഷം ഇത്തരം ശക്തികളെ ഒളിഞ്ഞും തെളിഞ്ഞും സഹായിക്കുന്നത് ദൗർഭാഗ്യകരമാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ്, ഗോൾവാൾക്കറുടെ ചിത്രത്തിനുമുന്നിൽ നമ്രശിരസ്കനായി നിൽക്കുന്ന കാഴ്ച നാം കണ്ടതാണ്. ഇത് പുതുതായി തുടങ്ങിയ ബന്ധമല്ല; കുറേക്കാലമായി യു.ഡി.എഫ്.-ആർ.എസ്.എസ്. ബാന്ധവം തുടരുന്നുണ്ട്. ബേപ്പൂർ-വടകര തെരഞ്ഞെടുപ്പുകളും കോ-ലീ-ബി സഖ്യവും നമ്മുടെ മുമ്പിലുണ്ട്. യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് വർഗ്ഗീയവാദികളുടെയും തീവ്രവാദികളുടെയും മുമ്പിൽ യു.ഡി.എഫ്. മുഖ്യമന്ത്രിമാർ മുട്ടിലിഴഞ്ഞ ചിത്രം നമ്മുടെ മനസ്സിൽ തെളിയുകയാണ്. കേരള ചരിത്രത്തിൽ കറുത്ത അദ്ധ്യായം സൃഷ്ടിച്ച തലശ്ശേരി കലാപകാലത്ത് അന്നത്തെ ആഭ്യന്തര വകുപ്പുമന്ത്രി ബോംബെയിലേയ്ക്ക് പറക്കുകയാണ് ചെയ്തത്. മറ്റൊരു കറുത്ത അദ്ധ്യായമായ മാറാട്

കലാപബാധിത പ്രദേശത്ത് അന്നത്തെ മുഖ്യമന്ത്രി ശ്രീ. എ. കെ. ആന്റണി സന്ദർശനം നടത്തിയത് നമ്മുടെ ഓർമ്മയിലുണ്ട്. ആർ.എസ്.എസ്.-ന്റെ ഭീഷണിക്ക് വഴങ്ങി മന്ത്രിമാരായ ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി സാഹിബിനെയും ഡോ. എം. കെ. മുനീറിനെയും കോഴിക്കോട് ഗസ്റ്റ് ഹൗസിലിരുത്തിയശേഷം തനിച്ചാണ് ശ്രീ. എ. കെ. ആന്റണി മാറാട് സന്ദർശിച്ചത്. എന്നിട്ടിപ്പോൾ 'സി.ബി.ഐ. അന്വേഷണം, സി.ബി.ഐ. അന്വേഷണം' എന്ന് മുറവിളി കൂട്ടുന്ന കാഴ്ചയാണ് കണ്ടുകൊണ്ടിരിക്കുന്നത്. മാറാട് അന്വേഷണ കമ്മീഷൻ ഈ സംഭവം സി.ബി.ഐ. അന്വേഷിക്കണമെന്ന് ശിപാർശ ചെയ്യുകയും തുടർന്ന് മുസ്ലീംലീഗിന്റെ സമ്മർദ്ദത്തിന് വിധേയമായി അന്വേഷണം അട്ടിമറിക്കുകയുമാണ് ചെയ്തത്. അന്ന് സി.പി.ഐ.(എം) സംസ്ഥാന സെക്രട്ടറിയായിരുന്ന സഖാവ് പിണറായി വിജയൻ, കൂട്ടക്കൊലപാതകം നടന്ന അടുത്ത ദിവസം മാറാട് സന്ദർശിക്കാൻ കോഴിക്കോട്ടെത്തിയപ്പോൾ മാറാട് സന്ദർശിക്കരുതെന്ന് പോലീസും അങ്ങോട്ട് വരരുതെന്ന് ആർ.എസ്.എസ്സും വിലക്കിയെങ്കിലും ധീരനായ അദ്ദേഹം നിർഭയനായി മാറാട് സന്ദർശിക്കുകയാണുണ്ടായത്.

നിലയ്ക്കൽ സംഭവത്തിൽ വർഗ്ഗീയവാദികളുടെ മുമ്പിൽ അന്നത്തെ യു.ഡി.എഫ്. മുഖ്യമന്ത്രി മുട്ടുമടക്കിയ ചരിത്രം നമ്മുടെ മുമ്പിലുണ്ട്.

കാസർഗോഡും ചേർത്തലയിലുമുള്ള വർഗ്ഗീയ കലാപങ്ങളിൽ മരണപ്പെട്ടവരുടെ എണ്ണം നമുക്കറിയാം. വർഗ്ഗീയ തീവ്രവാദശക്തികളുടെ വസന്തകാലമായിരുന്നു യു.ഡി.എഫ്. ഭരണകാലം. വർഗ്ഗീയ വിഷം ചീറ്റിയ തൊഗാഡിയയ്ക്കെതിരെ സഖാവ് വി. എസ്. അച്ചുതാനന്ദൻ സർക്കാർ ഫയൽ ചെയ്ത കേസ് ആർ.എസ്.എസ്. നിർദ്ദേശമനുസരിച്ച് ബഹുമാനപ്പെട്ട മുൻമുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി പിൻവലിക്കുകയാണ് ചെയ്തത്. തിരുവനന്തപുരം എം.ജി. കോളേജിൽ ഒരു പോലീസ് ഓഫീസറെ ബോംബെറിഞ്ഞ് മാരകമായി പരിക്കേൽപ്പിച്ചപ്പോൾ തലനാരിഴയ്ക്കാണ് അദ്ദേഹം മരണത്തിൽനിന്നും രക്ഷപ്പെട്ടത്. പ്രസ്തുത വധോദ്യമം ആർ.എസ്.എസ്. തിട്ടൂരമനുസരിച്ച് മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി പിൻവലിക്കുകയുണ്ടായി. മലബാറിന്റെ പല ഭാഗങ്ങളിലും അക്രമം അഴിച്ചുവിട്ട എൻ.ഡി.എഫ്., എസ്.ഡി.പി.ഐ. പ്രവർത്തകർക്കെതിരെ എൽ.ഡി.എഫ്. സർക്കാരെടുത്ത കേസുകൾ മുസ്ലീംലീഗിന്റെ സമ്മർദ്ദത്തിനുവഴങ്ങി യു.ഡി.എഫ്. സർക്കാർ പിൻവലിക്കുകയുണ്ടായി. പെരുമ്പാവൂർ ജിഷ കൊലക്കേസിൽ തെളിവായി ലഭിച്ച ചെരിപ്പ് വേലിയിൽ കെട്ടിത്തൂക്കുകയും ചെരുപ്പെടുക്കാൻ പ്രതി വരുമെന്ന് പ്രതീക്ഷിച്ച് പോലീസിനെ കാവലിരുത്തുകയും ചെയ്ത നാണംകെട്ട ചരിത്രമാണ്

യു.ഡി.എഫ്.-നുള്ളത്. സഖാവ് പിണറായി വിജയൻ അധികാരമേറ്റ്, ശാസ്ത്രീയമായ അന്വേഷണത്തിലൂടെ പ്രതികളെ നിയമത്തിനുമുന്നിൽ കൊണ്ടുവന്നു. കേരളത്തെ നടുക്കിയ ഉത്തര വധക്കേസിൽ ശ്ലാഘനീയമാംവിധം പോലീസ് അന്വേഷണം പൂർത്തിയാക്കിയതിലൂടെ രാജ്യത്ത് പാമ്പിനെക്കൊണ്ട് കടിപ്പിച്ചു നടത്തുന്ന കൊലപാതകക്കേസിൽ ആദ്യമായി പ്രതികൾ ശിക്ഷിക്കപ്പെടുന്ന കേസായി ഇത് മാറി. ഭർത്തൃവീട്ടിൽ മരിച്ച നിലയിൽ കണ്ടെത്തിയ വിസ്മയയുടെ മരണം സ്ത്രീപീഡനം കാരണമാണെന്ന് കണ്ടെത്തുകയും പഴുതുകളടച്ച് കുറ്റപത്രത്തിന്റെ വെളിച്ചത്തിൽ പ്രതികൾക്ക് ശിക്ഷ നൽകുകയും ചെയ്തു. യു.ഡി.എഫ്. എന്നെല്ലാം ഭരിച്ചിട്ടുണ്ടോ അന്നെല്ലാം കേരളം വർഗ്ഗീയ സംഘർഷങ്ങളുടെ നാടായിരുന്നു. ഇപ്പോഴിതാ സമാധാനാന്തരീക്ഷം കളിയാടുന്ന കേരളത്തെ സംഘർഷ ഭൂമിയാക്കി മാറ്റാൻ യു.ഡി.എഫ്. ഒത്താശയോടെ ആർ.എസ്.എസ്.-ഉം എസ്.ഡി.പി.ഐ.-യും ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ഇന്ന് ഇന്ത്യാ രാജ്യത്ത് മതന്യൂനപക്ഷങ്ങൾക്ക് ഏറ്റവും സുരക്ഷിതത്വമുള്ള സംസ്ഥാനം കേരളം മാത്രമാണ്. മുസ്ലീം, ക്രിസ്ത്യൻ വിഭാഗങ്ങൾ ഈ വസ്തുത തിരിച്ചറിയുന്നുണ്ട്. മുസ്ലീംലീഗാകട്ടെ ഭരണം നഷ്ടപ്പെട്ട ദുഃഖത്തിൽ നിലകൊള്ളുകയും എന്തുവില കൊടുത്തും ഈ സർക്കാരിനെ

തകർക്കുകയെന്ന മാനസികാവസ്ഥയിലുമാണ് നിൽക്കുന്നത്. ഇത് സാധാരണ മുസ്ലീങ്ങൾ തിരിച്ചറിയുന്നുണ്ട്. മുസ്ലീംലീഗിന്റെ ഇന്നത്തെ അവസ്ഥ ഉപ്പിൽവച്ച ശർക്കരപോലെയാണ്. ബഹുമാനപ്പെട്ട പാണക്കാട് തങ്ങൾ ഇക്കാര്യം മനസ്സിലാക്കിക്കൊണ്ടാണ് സി.പി.ഐ.(എം)-നെക്കുറിച്ച് സമീപകാലത്ത് പ്രതികരണം നടത്തിയത്. എന്നാൽ സഭയ്ക്കകത്തുള്ള മുസ്ലീംലീഗ് അംഗങ്ങളുടെ പ്രതികരണത്തിൽ ഇക്കാര്യം പ്രതിഫലിച്ചുകാണുന്നില്ല. ജനവിരുദ്ധവും മർദ്ദക ഉപകരണവുമായാണ് കേരള പോലീസിനെ കോൺഗ്രസ് ഭരണം വളർത്തിയത്. അത്തരമൊരു പോലീസിന് മനുഷ്യമുഖം നൽകാനുള്ള ശ്രമമാണ് സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിലുള്ള എൽ.ഡി.എഫ്. സർക്കാർ നടത്തിയത്. പ്രളയം, കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ എന്നിവയിൽ കേരള പോലീസ് മാതൃകാപരമായ പ്രവർത്തനമാണ് കാഴ്ചവച്ചത്. എന്നാൽ ഇക്കൂട്ടത്തിൽ യു.ഡി.എഫ്. ഹാങ്ഓവറിൽ കഴിയുന്ന അപൂർവ്വം ചില ഓഫീസർമാരുമുണ്ട്. ഇന്ത്യയിൽ ഏറ്റവുംനല്ല ക്രമസമാധാനം പുലർത്തുന്ന സംസ്ഥാനമായി കേരളത്തെ മാറ്റാൻ കഴിഞ്ഞിട്ടുണ്ട്. കേരളാ പോലീസിന്റെ സോഷ്യൽ മീഡിയാ സെല്ലിനും സൈബർഡോമിനും 2020-21 വർഷത്തെ ദേശീയ ഇ-ഗവേണൻസ് അവാർഡും സൈബർ കുറ്റകൃത്യങ്ങൾ

നിരീക്ഷിക്കുന്നതിനുള്ള മികവ് പരിഗണിച്ച് സൈബർഡോമിന് ഐ.എസ്.ഒ. സർട്ടിഫിക്കറ്റും ലഭിച്ചു. 2021-ൽ പോലീസിന്റെ ഔദ്യോഗിക ഇൻസ്റ്റഗ്രാമിന് ഒരു മില്ല്യൻ ഫോളോവേഴ്സ് എന്നുള്ള അസാധാരണമായ നേട്ടത്തിന് അർഹമായി. സംസ്ഥാനത്തെ ജൈവവൈവിധ്യ സംരക്ഷണ പുരസ്കാരം നീണ്ടകര കോസ്റ്റൽ പോലീസ് സ്റ്റേഷന് ലഭിച്ചു. കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ സംസ്ഥാനത്തെ ഏറ്റവും മികച്ച പോലീസ് സ്റ്റേഷനുള്ള കഴിഞ്ഞ വർഷത്തെ പുരസ്കാരം പാലക്കാട് ജില്ലയിലെ ഒറ്റപ്പാലം പോലീസ് സ്റ്റേഷൻ കരസ്ഥമാക്കി. സ്ത്രീസുരക്ഷ ഉറപ്പാക്കുന്നതിന് പിങ്ക് പ്രൊട്ടക്ഷൻ പ്രോജക്ട് രൂപീകരിച്ചു. ഒരു സ്വതന്ത്ര സംഘടന നൽകുന്ന രാജ്യത്തെ ഏറ്റവും വലിയ അംഗീകാരമായ 'SKOCH AWARD' 2019-ൽ കേരളാ പോലീസിന് ലഭിച്ചു. ഇത്തരത്തിൽ നിരവധി അംഗീകാരങ്ങൾ കേരള പോലീസിന് ലഭിക്കുകയുണ്ടായി. എല്ലാ വർഗ്ഗീയ തീവ്രവാദശക്തികളെയും നിയന്ത്രിക്കാൻ പോലീസ് സേനയ്ക്ക് കഴിഞ്ഞിട്ടുണ്ട്. ശാസ്ത്ര-സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തി കേരളാ പോലീസിനെ ആധുനികവത്കരിക്കാനുള്ള പ്രവർത്തനമാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ നടത്തുന്നത്. ഡ്രോൺ സംവിധാനം, പോലീസ് സൈബർഡോം, ഓപ്പറേഷൻ പി-ഹണ്ട് തുടങ്ങിയ നിരവധി പരിഷ്കാരങ്ങൾ പോലീസ് സേനയിൽ വരുത്തിയിട്ടുണ്ട്.

ഇനിയും ഈ സേനയിൽ നിരവധി മാറ്റങ്ങളുണ്ടാകേണ്ടതുണ്ട്. ജനങ്ങളുടെ അവകാശങ്ങളിലധിഷ്ഠിതമായ പോലീസ് സേന എന്നതിലേയ്ക്കുയർന്ന് പോലീസിന്റെ അക്കൗണ്ടബിലിറ്റി ഉറപ്പുവരുത്തുന്ന സംവിധാനത്തിലേയ്ക്ക് നാം ഇനിയും ഉയരേണ്ടതുണ്ട്. കെ-ഫോൺ യാഥാർത്ഥ്യമാക്കാൻ സാധിച്ചതിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ പ്രത്യേകം അഭിനന്ദിക്കുകയാണ്. കെ-ഫോൺ സഹായത്തോടെ സുരക്ഷിതകേരളം എന്ന ലക്ഷ്യത്തിലേയ്ക്കായി കേരളംമുഴുവൻ CCTV ശൃംഖല സ്ഥാപിക്കുന്നതിനെക്കുറിച്ച് ആലോചിക്കേണ്ടതാണ്. എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾ, ഐ.ടി. പ്രൊഫഷണലുകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ബഹുജനങ്ങൾ എന്നിവരെ അണിനിരത്തി ജനകീയ പങ്കാളിത്തത്തോടെ ഇത് നടപ്പാക്കാൻ കഴിയണം. പരമ്പരാഗത പോലീസ് പട്രോളിംഗിൽനിന്നും വെർച്വൽ പട്രോളിംഗിലേയ്ക്ക് മാറ്റംവരുത്തണം. നിയമ വിദ്യാർത്ഥികളുടെ ഇന്റേൺഷിപ്പ് പോലീസ് സ്റ്റേഷനുകളിൽ നിർബന്ധമാക്കിക്കൊണ്ട് അവരുടെ സേവനം പരാതിക്കാർക്ക് ലഭ്യമാക്കണം. ഹോസ്പിറ്റൽ മാനേജിംഗ് കമ്മിറ്റികളും ഹോസ്പിറ്റൽ ഡെവലപ്മെന്റ് കമ്മിറ്റികളും ആശുപത്രികളുടെ പ്രവർത്തനത്തിൽ ക്രിയാത്മകമായ പങ്ക് വഹിക്കുന്നുണ്ട്. എന്തുകൊണ്ട് പോലീസ്

സ്റ്റേഷനുകളെ സോഷ്യൽ ഓഡിറ്റിന് വിധേയമാക്കിക്കൂടായെന്ന് ചിന്തിക്കേണ്ടതുണ്ട്. തദ്ദേശസ്വയംഭരണ പ്രതിനിധികൾ, അദ്ധ്യാപകർ, ആശാ വർക്കർമാർ തുടങ്ങിയവരെ ഉൾപ്പെടുത്തി ജനകീയ സമിതി രൂപീകരിച്ച് പോലീസ് സ്റ്റേഷനുകൾ ജനപ്രിയമാക്കണം. സ്മാർട്ട് സെൻസേഴ്സ്, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ഫേഷ്യൽ റെക്കഗ്നിഷൻ ടെക്നോളജി തുടങ്ങിയ നൂതന പദ്ധതികൾ പോലീസ് വകുപ്പിൽ നടപ്പിലാക്കണം. സൈബർ കുറ്റകൃത്യങ്ങൾ വളർന്നുവരുന്ന സാഹചര്യത്തിൽ ജില്ലയിൽ ഒരു പോലീസ് സ്റ്റേഷൻ സൈബർ പോലീസ് സ്റ്റേഷനായി ഉയർത്തണം. കഴിഞ്ഞ 6 വർഷത്തിനിടയിൽ ഗൗരവതരമായ എന്തെങ്കിലും ക്രമസമാധാനപ്രശ്നം പ്രതിപക്ഷത്തിന് ഉയർത്താൻ കഴിഞ്ഞിട്ടുണ്ടോ? യു.ഡി.എഫ്.-ഉം യു.ഡി.എഫ്.-ന്റെ ഒത്താശയോടെ ആർ.എസ്.എസ്.-ഉം, എസ്.ഡി.പി.ഐ.-യും ഉണ്ടാക്കുന്ന ക്രമസമാധാനപ്രശ്നങ്ങളാണ് കേരളത്തിലുള്ളത്. നിരപരാധികളായ സി.പി.ഐ.(എം), ഡി.വൈ.എഫ്.ഐ. പ്രവർത്തകരെ കൊലക്കത്തിക്കിരയാക്കുകയാണ്. വെഞ്ഞാറമൂടിലെ മിഥിൽ രാജ്, ഹഖ് മുഹമ്മദ്, ഇടുക്കിയിലെ ധീരജ്, കാസർഗോഡുള്ള അബ്ദുറഹിമാൻ ഔഫ്, തലശ്ശേരിയിലെ ഹരിദാസ്, പത്തനംതിട്ടയിലെ സന്ദീപ്, മഞ്ചേശ്വരം അബൂബക്കർ സിദ്ദിഖ് എന്നിങ്ങനെ

എത്രയെത്ര പേരെയാണ് നിങ്ങൾ കേരളത്തിൽ കൊന്നുതള്ളിയത്. കൊല്ലുകയും അതിനുശേഷം ക്രമസമാധാനം തകർന്നുവെന്ന് വിളിച്ചുപറയുകയും ചെയ്യുന്നതല്ലേ പതിവ്? എൽ.പി. ക്ലാസിൽ പഠിക്കുന്ന കുട്ടികൾ 'സർ, ഇവൻ നുള്ളി, ഇവൻ തള്ളി, ഇവൻ തുപ്പി' എന്നുപറയുന്നതുപോലെയാണ് പ്രതിപക്ഷം പരാതി ഉയർത്തുന്നത്. നിസ്സാര കാര്യങ്ങൾ പറഞ്ഞ് മാർച്ചുകൾ സംഘടിപ്പിക്കുകയാണ്. കോട്ടയത്ത് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ സാന്നിദ്ധ്യത്തിലാണ് പ്രവർത്തകർ പോലീസ് ഓഫീസറുടെ തല തല്ലിത്തകർക്കുകയും ബാരിക്കേഡുകളിൽ കയറി നൃത്തമാടുകയും ചെയ്തത്. പോലീസ് ഭൂമിയോളം ക്ഷമിക്കുന്നത് മാലോകർ തത്സമയം കാണുകയാണ്; ഗത്യന്തരമില്ലാതാകുമ്പോഴാണ് അവർ ജലപീരങ്കി പ്രയോഗിക്കുന്നത്. നേരത്തെ തയ്യാറാക്കിയ ചാനൽ ക്യാമറയ്ക്കുമുമ്പിൽ റോഡിൽകിടന്ന് നേതാക്കൾ നീന്തിക്കളിക്കുകയും തുടർന്ന് വിലാപം നടത്തുകയുമാണ്, 'ഷാഫിയെ തള്ളി, റോജിയെ നുള്ളി, സിദ്ദിഖിനെ തോണ്ടി' എന്നൊക്കെയല്ലേ പറയുന്നത്? ഈ പിള്ളേരുകളി നിങ്ങൾ അവസാനിപ്പിക്കുമോ? അങ്ങനെയെങ്കിൽ കേരളത്തിലെ ക്രമസമാധാനം ഭദ്രമായിരിക്കുമെന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല. "ഒരു രാജ്യത്തെ ജയിലിനുള്ളിലെ കാര്യങ്ങൾ അറിയാത്ത ഒരാളും ആ രാജ്യത്തെക്കുറിച്ച്

ശരിയായി ഒന്നും അറിയുന്നില്ല" - ഇത് മഹാനായ നെൽസൺ മണ്ഡേലയുടെ വാക്കുകളാണ്. കേരളത്തിലെ ജയിലുകളിൽ സന്ദർശനം നടത്തിയാൽ കേരള ഭരണത്തെ സംബന്ധിച്ച് ശരിയായി മനസ്സിലാക്കാൻ കഴിയും. 2010-ൽ കേന്ദ്രസർക്കാർ ഇന്ത്യയിലെ ജയിലുകളുടെ പേര് പ്രിസൺസ് ആൻഡ് കറക്ഷണൽ സർവ്വീസസ് എന്ന് തിരുത്തിക്കൊണ്ട് നിയമം പാസ്സാക്കുകയുണ്ടായി. 2019-ലെ റിപ്പോർട്ട് പ്രകാരം കറക്ഷണൽ സർവ്വീസസ് എന്ന ആശയം നടപ്പിലാക്കിയത് സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിലുള്ള കേരള സർക്കാർ മാത്രമാണ്. ജയിലുകൾ തെറ്റുതിരുത്തൽ കേന്ദ്രങ്ങളാണെന്ന ആധുനിക കാഴ്ചപ്പാടിനനുസൃതമായി ജയിലുകളിലെ അടിസ്ഥാന സൗകര്യവും ആധുനികവത്കരണവും അന്തേവാസികളുടെ പുനരധിവാസവും പൂർത്തീകരിക്കാനുള്ള പദ്ധതികളും ഭക്ഷണ യൂണിറ്റ്, വസ്ത്രനിർമ്മാണ യൂണിറ്റ്, ജൈവ-കാർഷികോത്പന്നങ്ങളുടെ ഉല്പാദനം തുടങ്ങി മാതൃകാപരമായ പ്രവർത്തനങ്ങളും ഈ സർക്കാർ ആവിഷ്കരിച്ചു. തിരുവനന്തപുരം, വിയ്യൂർ സെൻട്രൽ ജയിലുകളിലും ചീമേനി തുറന്ന ജയിലിലും പെട്രോളിയം ഔട്ട്ലെറ്റുകൾ ആരംഭിക്കുകയും ഓരോ ഔട്ട്ലെറ്റിലും 15 അന്തേവാസികൾക്ക് ജോലി നൽകുകയും ചെയ്തു. 12 ജയിലുകളിൽ

നടപ്പിലാക്കിയ ഫ്രീഡം ഫുഡ് ഫാക്ടറി ദേശീയ മാതൃകയായി മാറിയത് കേരളചരിത്രത്തിൽ പുതിയ അദ്ധ്യായമാണ്. ശിക്ഷാകാലാവധി കഴിഞ്ഞ് സ്വയംതൊഴിൽചെയ്ത് ജീവിക്കാനുള്ള പരിശീലനം നടപ്പിലാക്കി. തടവുകാരുടെ ആരോഗ്യസംരക്ഷണത്തിനായി വെർച്വൽ ക്ലിനിക്കുകൾ സ്ഥാപിക്കുന്നതോടൊപ്പം ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച് സുരക്ഷിതത്വം ഉറപ്പാക്കി, സ്വകാര്യത സംരക്ഷിച്ച് സ്മാർട്ട് ജയിൽ എന്ന ലക്ഷ്യം കൈവരിക്കാനും നമുക്ക് സാധിക്കണമെന്ന് പറഞ്ഞുകൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്ററുടെ പ്രസംഗം കഴിഞ്ഞതുകൊണ്ട് ഞാൻ കൂടുതലൊന്നും പറയേണ്ട കാര്യമില്ല. പോലീസ് സ്റ്റേഷൻ സോഷ്യൽ ഓഡിറ്റിന് വിധേയമാക്കണമെന്ന് അദ്ദേഹം സൂചിപ്പിക്കുകയുണ്ടായി. ഇതിനേക്കാൾ കൂടുതൽ വിമർശനം അങ്ങേയ്ക്ക് നടത്താൻ കഴിയുമോ? സത്യം പറയുകയാണെങ്കിൽ അങ്ങ് വായിച്ച കാര്യങ്ങളെല്ലാം പരപ്രേരണകൊണ്ടാണ് പറഞ്ഞതെന്നാണ് ഇവിടെയുള്ളവർക്ക് തോന്നുന്നത്. എന്നാലും ഞാനത് പറയുന്നില്ല, അദ്ദേഹം 'കുട്ടികളെ' എന്നുപറഞ്ഞല്ലോ; മാഷന്മാരെ വച്ച് കളിക്കരുതെന്ന് ഞാൻ

പറയുന്നുമില്ല. രണ്ട് ദിവസം മുമ്പ് മാധ്യമങ്ങളിൽ വന്നൊരു വാർത്തയുണ്ടായിരുന്നു. മട്ടന്നൂരിലെ പഴശ്ശിരാജാ കോളേജിലെ ഒരു പെൺകുട്ടി 'കയ്യും വെട്ടും കാലും വെട്ടും തലയും വെട്ടും' എന്ന് മുദ്രാവാക്യം വിളിച്ചു; ആ പെൺകുട്ടിയുടെ പേര് ഞാൻ പറയുന്നില്ല. ആ പെൺകുട്ടി അങ്ങനെ പറയാൻ കാരണമെന്താണ്; ആലപ്പുഴയിലെ ഒരു എം.എൽ.എ.-യുടെ നേതൃത്വത്തിൽ ഇതേ മുദ്രാവാക്യം വിളിച്ച് വലിയ പ്രകടനം നടത്തിയതുകൊണ്ടാണ് ഇങ്ങനെ സംഭവിച്ചത്. ആലപ്പുഴയും മട്ടന്നൂരും തമ്മിൽ എത്ര ദൂരമുണ്ട്? അങ്ങനെവരുമ്പോൾ ഒരു രാജ്യത്തിന് കൊടുക്കുന്ന മെസ്സേജ് തലവെട്ടണമെന്നുതന്നെയാണ്. ഈ ആഹ്വാനം ചെവിക്കൊണ്ടത് ഒരു പാവപ്പെട്ട പെൺകുട്ടി ആയതുകൊണ്ടാണ് ഞാൻ ആ കുട്ടിയുടെ പേര് പറയാത്തത്. കോഴിക്കോട് സമാന്തര പോലീസ് സ്റ്റേഷൻ വന്നിട്ടും അവിടെ എന്ത് അന്വേഷണമാണ് നടത്തിയത്; കാര്യമായ അന്വേഷണം നടത്തിയിട്ടുണ്ടോ? അങ്ങ് അതിനെക്കുറിച്ച് എന്തെങ്കിലും സൂചിപ്പിക്കുമെന്ന് ഞാൻ കരുതിയെങ്കിലും അതുണ്ടായില്ല. ഇവിടെ ക്രമസമാധാനം വളരെ കൃത്യമാണെന്നല്ലേ പറയുന്നത്, 2019 മുതൽ 2022 മാർച്ച് 8-ാം തീയതി വരെയുള്ള കണക്കനുസരിച്ച് നമ്മുടെ നാട്ടിൽ 1065 കൊലപാതകങ്ങൾ നടന്നുവെന്നാണ് പറയുന്നത്; വളരെ നല്ല ക്രമസമാധാന പാലനം!

ഇതിനേക്കാൾക്കൂടുതൽ ക്രമസമാധാന പാലനം എങ്ങനെയാണ് നടത്തുന്നത്? പ്രതിയെ പിടിച്ച് ജയിലിൽ അടച്ചിട്ടശേഷം അയാൾ ജയിലിനകത്ത് സ്പൂൺ ഉപയോഗിച്ച് ജയിൽഭിത്തി തുരന്ന് പുറത്തുചാടി മറ്റൊരു സ്ഥലത്തുപോയി. എന്നിട്ടിപ്പോൾ പറയുന്നത് 'ഞങ്ങൾ പ്രതിയെ പിടിച്ചില്ലേ' എന്നാണ്. പ്രതി ജയിൽ ചാടിയതാണോ? സ്പൂണുപയോഗിച്ച് തുരന്ന് ജയിൽചാടി എന്ന വാർത്തയാണ് കേൾക്കുന്നത്. ഇത്തരം സംഭവങ്ങൾ നാട്ടിൽ വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ജയിലിൽനിന്ന് പരോളിലിറങ്ങിയ രണ്ടുപേർ കൊലക്കേസുകളിൽ പ്രതിയായി. പരോൾ കൊടുക്കണമെങ്കിൽ അതിന്റെ നിബന്ധനയെന്താണെന്ന് ഞാൻ പറയാതെതന്നെ അങ്ങേയ്ക്കറിയാമല്ലോ; അത്തരത്തിൽ പരോളിലിറങ്ങിയവരാണ് കൊലപാതകം നടത്തിയത്; അതുകൊണ്ടാണ് വളരെ കൃത്യമായ ക്രമസമാധാനമാണ് നിലനിൽക്കുന്നതെന്ന് പറഞ്ഞത്. രാഷ്ട്രീയ കൊലപാതകത്തിന്റെ എണ്ണം വർദ്ധിച്ചില്ലേ; ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ കണക്കുപ്രകാരം 2016 മേയ് മാസം മുതൽ ഇന്നുവരെ 39 രാഷ്ട്രീയ കൊലപാതകങ്ങൾ നമ്മുടെ കൊച്ചുകേരളത്തിൽ നടന്നിട്ടുണ്ട്. ഒരു കാര്യം പറയുമ്പോൾ അങ്ങ് തെറ്റിദ്ധരിക്കരുത്, രണ്ടാം പിണറായി സർക്കാരിന്റെ കാലത്ത് 8 രാഷ്ട്രീയ കൊലപാതകങ്ങളാണ് നടന്നത്; അതിൽ

ഏറ്റവുംകൂടുതൽ നടന്നിട്ടുള്ളത് കണ്ണൂർ ജില്ലയിലാണ്. കൊല ചെയ്യുന്നവരെ ഗ്ലോറിഫൈ ചെയ്തുകൊണ്ട് അവർ വീരന്മാരും ശൂരന്മാരുമാണെന്ന സന്ദേശം കൊടുക്കുന്നതാണ് ഇപ്പോഴത്തെ സ്ഥിതി. അങ്ങനെയൊരു നിലവന്നാൽ നമ്മുടെ രാജ്യം എങ്ങോട്ടുപോകും? അവർ കയ്യറുത്തും തലയറുത്തും നിഷ്ഠൂരമായ രീതിയിലാണ് കൊലപാതകങ്ങൾ നടത്തുന്നത്. വെട്ടിയെടുത്ത കാൽ കൊണ്ടുവന്ന് പ്രദർശിപ്പിച്ചത് തിരുവനന്തപുരത്ത് സെക്രട്ടേറിയറ്റിന്റെ പടിക്കലല്ലേ? ഷാൻ ബാബുവിനെ കൊന്ന് തോളിലിട്ട് പോലീസ് സ്റ്റേഷന്റെ പടിക്കൽവന്ന് പ്രതിയുടെ കൊലവിളി നടത്തിയ കേസ്സിലെ ഒരു പ്രതിയാണ് ജയിലിൽനിന്ന് ചാടിപ്പോയത്. ഇത്തരത്തിൽ നിഷ്ഠൂരമായ കൊലപാതകം നടത്തിയതിനുശേഷമാണ് അവിടെനിന്നും പ്രതി ചാടിപ്പോയത്. പ്രതികളിലൊരാൾ ജില്ലാ ജയിലിൽനിന്നാണ് ചാടിപ്പോയത്. അതീവ സുരക്ഷയുള്ള, ജയിലിലടയ്ക്കേണ്ട ഒരു പ്രതിയെ സ്പൂൺവച്ച് ജയിൽഭിത്തി തുരക്കാൻ കഴിയുന്ന സ്ഥലത്ത് അടച്ചിട്ട അധികൃതരെ നമിക്കുകയല്ലാതെ വേറെ മാർഗ്ഗമില്ല. നമ്മുടെ നാട്ടിലെ കൊച്ചുകുട്ടികൾക്ക് ജീവിക്കാൻ കഴിയുന്നുണ്ടോ? പോക്സോ കേസുകളുടെ അന്വേഷണത്തിനായി പോലീസ് പ്രത്യേക വിഭാഗത്തെ നിയോഗിക്കുന്നുവെന്നാണ് പറഞ്ഞത്. കൊച്ചുകുട്ടികളെ ഉപദ്രവിക്കുന്നവരെ നേരിടുന്നതിന് പ്രത്യേക വിഭാഗത്തെ

നിയോഗിച്ചെന്ന് കേട്ടപ്പോൾ എനിക്ക് ആവേശംതോന്നി. പോക്സോ കേസിൽ ഉൾപ്പെട്ടാൽ ആ കേസ് എങ്ങനെയാണ് കൊണ്ടുപോകേണ്ടത്; വിവരമറിഞ്ഞ് ഇരുപത്തിനാല് മണിക്കൂറിനകം കേസ്സെടുക്കണ്ടേ? ഇവിടെ കേസ് ഒത്തുതീർപ്പാക്കാനാണ് പോലീസ് ശ്രമിക്കുന്നത്. അത്തരം നടപടി വന്നാൽ എന്താകും സ്ഥിതി? വീട്ടിലെത്തി മൊഴിയെടുക്കുന്നതിനുപകരം ഇവരെ സ്റ്റേഷനിലേയ്ക്ക് വിളിച്ചുവരുത്തി മൊഴി റെക്കോർഡ് ചെയ്തുവയ്ക്കുകയാണ്. വനിതാ പോലീസ് ഓഫീസർക്കുപകരം പുരുഷ പോലീസ് ഓഫീസർ മൊഴിയെടുക്കുകയും വൈദ്യപരിശോധനയ്ക്ക് കുട്ടി വിസമ്മതിച്ചുവെന്നൊരു സാധാരണ വാചകമെഴുതി ആ കേസിനെ വിട്ടുകളയുകയുമാണ് ചെയ്യുന്നത്. 2021-ൽ കേരളത്തിൽ 3549 പോക്സോ കേസ്സുകളാണുണ്ടായത്. മനോഹര കേരളം! മധുരമനോഹര കേരളമെന്ന് അങ്ങ് പറഞ്ഞല്ലോ; പക്ഷേ പതിനെട്ട് വയസ്സിന് താഴെയുള്ളവർക്ക് പുറത്തിറങ്ങാൻ നിവൃത്തിയില്ല. ഈ രണ്ടുമാസത്തിനുള്ളിൽ 725 പോക്സോ കേസ്സുകൾ കേരളത്തിലുണ്ടായിട്ടുണ്ട്. എന്നാൽ പല കേസുകളും പോലീസ് അട്ടിമറിക്കുന്ന സാഹചര്യമാണുള്ളത്. പോലീസുതന്നെ ഇത്തരം കേസ്സുകൾ അട്ടിമറിക്കാൻ ശ്രമിച്ചാലോ? പതിനെട്ട് ശതമാനം കേസ്സുകളിലാണ് പ്രതികൾ ശിക്ഷിക്കപ്പെട്ടിട്ടുള്ളത്. ഇത്തരത്തിൽ സംഭവങ്ങളുണ്ടാകുന്ന

കേരളം എവിടേയ്ക്കാണ് പോകുന്നത്?

കിഴക്കമ്പലത്ത് കൂട്ടബലാത്സംഗ കേസ്സിൽ മൊഴിമാറ്റി പറയുന്നതിന് പോലീസ് ഭീഷണിപ്പെടുത്തിയെന്നാണ് മാധ്യമങ്ങളിലൂടെ അറിയാൻ സാധിച്ചത്. മനോഹരമായ കേരളമെന്ന് അങ്ങ് വരച്ചുകാണിച്ചതിന്റെ കറുത്ത ചിത്രങ്ങളാണ് ഞങ്ങൾ കണ്ടുകൊണ്ടിരിക്കുന്നത്. പത്തനംതിട്ടയിൽ ഭിന്നശേഷിക്കാരിയായ ഒരു പെൺകുട്ടിയെ അഞ്ചുപേർ ചേർന്ന് പീഡിപ്പിച്ച കേസ് അട്ടിമറിച്ചത് സർക്കിൾ ഇൻസ്പെക്ടറാണ്. അതിനെക്കാൾ കൂടുതൽ ദയനീയാവസ്ഥ വരാനുണ്ടോ? പരാതി പറയാനെത്തിയ സ്ഥലത്ത് ആ പരാതി സ്വീകരിക്കുന്നവർതന്നെ കേസ് അട്ടിമറിക്കാൻ ആരംഭിച്ചാലുള്ള അവസ്ഥ എന്താകും? ഇത്തരം സംഭവങ്ങളാണ് നാട്ടിൽ നടന്നുകൊണ്ടിരിക്കുന്നത്.

കൊച്ചിയിൽ സാത്താൻ സേവയുടെ മറവിൽ പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ പീഡിപ്പിച്ച കേസ്സിൽ പ്രതികൾക്ക് അനുകൂലമായ മൊഴി നൽകാൻ പോലീസ് നിർബന്ധിച്ചോയെന്ന് അങ്ങ് അന്വേഷിക്കണം. മലപ്പുറം മങ്കടയിൽ രണ്ട് സഹോദരിമാരെയും അരീക്കോട് പന്ത്രണ്ട് പേരെയും പീഡിപ്പിച്ച കേസ്സുകൾ എഴുതിത്തള്ളാൻ ശ്രമിച്ചു. കേരളത്തിലുണ്ടായ ഏറ്റവും പ്രബലമായതും ആവേശത്തോടെ

സംസാരിച്ചിട്ടുള്ളതുമായ കേസ്സുകളിൽ നിങ്ങൾ കേസ്സന്വേഷണം അവസാനിപ്പിച്ചിട്ടുണ്ടല്ലോ?

സ്വാമി സന്ദീപാനന്ദ ഗിരിയുടെ ആശ്രമം കത്തിച്ചുവെന്ന് പറഞ്ഞപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പെട്ടെന്നുതന്നെ അവിടെ പോയതിൽ എനിക്ക് സന്തോഷം തോന്നി. ആ കേസന്വേഷണം എന്തായി? സന്ദീപാനന്ദഗിരിയുടെ ആശ്രമം കത്തിച്ച കേസ്സിൽ ഒരു പ്രതിയെയെങ്കിലും പിടികൂടാൻ സാധിച്ചോ? ഇല്ലെന്നു മാത്രമല്ല, സന്തോഷമായി നമ്മൾ ചിരിച്ചുകൊണ്ടിരിക്കുകയാണ്. മൂന്നര വർഷം കൊണ്ടുപിടിച്ച അന്വേഷണം നടത്തിയശേഷം സംഭവത്തിനുള്ള സുപ്രധാന കണ്ടുപിടുത്തം നടത്തിയത് പെട്രോൾ ഒഴിച്ച് ആശ്രമം കത്തിച്ചുവെന്നാണ്. അതെന്തായാലും നന്നായി; കാരണം പെട്രോളല്ല, പച്ചവെള്ളമാണ് ഒഴിച്ചതെന്ന് പറഞ്ഞാൽ നമ്മൾ വിഷമിച്ചുപോകില്ലേ?

എ.കെ.ജി. സെന്റർ ബോംബാക്രമണ കേസ്സിലെ പ്രതി എവിടെപോയി? സംഭവത്തെക്കുറിച്ച് കേട്ടപ്പോൾ ഭയപ്പെട്ടുപോയി. ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ കിടുങ്ങിപ്പോയി, അവിടെ സ്റ്റീൽ ബോംബാണ് പൊട്ടിയത് എന്നീ കാര്യങ്ങളെല്ലാം പറഞ്ഞത് ഈ കൃത്യത്തെക്കുറിച്ച് അറിയാവുന്ന അത്യുന്നതന്മാരാണ്. അതിന്റെ ഗന്ധം വന്നപ്പോഴാണ് ഇത്

സ്റ്റീൽ ബോംബാണെന്ന് തോന്നിയതെന്ന് ശ്രീ. ഇ. പി. ജയരാജൻ പരസ്യമായി പറഞ്ഞു. എന്നിട്ട് ആരെയാണ് പിടിച്ചത്; എന്താണ് ചെയ്തത്? ബോംബെറിഞ്ഞത് കോൺഗ്രസ്സുകാരാണെന്നും പറഞ്ഞുകൊണ്ട് അതിന്റെ മറവിൽ കോൺഗ്രസ് ഓഫീസുകൾ അടിച്ചുതകർക്കുകയാണ്. കോൺഗ്രസ്സിന്റെ കേരളത്തിലെ എത്ര ഓഫീസുകൾ വ്യാജപ്രചരണത്തിന്റെ പേരിൽ അടിച്ചുതകർത്തിട്ടുണ്ട്? പ്രതിപക്ഷനേതാവ് താമസിക്കുന്ന കന്റോൺമെന്റ് ഹൗസിൽ ചിലർ കയറിയില്ലേ? അവരെ പിടിച്ചശേഷം സ്റ്റേഷൻ ജാമ്യത്തിൽവിടുകയാണ് ചെയ്തത്. ഇവരെ പുറത്തേക്ക് വിട്ടവർതന്നെയാണ് അകത്തേയ്ക്കുംവിട്ടത്. ഇതെന്തൊരു കേസ്സന്വേഷണവും നീതിയും ന്യായവുമാണ്; ഇതിനെ കേസ്സന്വേഷണമെന്ന് പറയാൻ സാധിക്കുമോ? പോലീസും ഗുണ്ടകളും തമ്മിൽ മച്ചാൻ മച്ചാൻ കളിച്ചുകൊണ്ടേയിരിക്കുകയാണ്. പോലീസിൽ രണ്ട് വിഭാഗമുണ്ട്. അതിലെ നല്ലവരിൽ മിടുമിടുക്കന്മാരുണ്ട്. പക്ഷേ പാർട്ടി തണലിൽ വിളയാട്ടം നടത്തുന്ന ഒരു സെറ്റ് ആളുകൾ ഗുണ്ടകളുടെ കളിപ്പാവയായി നിൽക്കുകയാണ്.

ചങ്ങനാശ്ശേരി ഡിവൈ.എസ്.പി.-യെക്കുറിച്ച് ഇവിടെയിരിക്കുന്ന എല്ലാവർക്കുമറിയാം. അദ്ദേഹത്തെ സർവ്വീസിൽനിന്ന് സസ്പെൻഡ്

ചെയ്യാനുള്ള കാരണമെന്താണ്? ഒരു ഗുണ്ടയെ സെല്ലിനകത്തുചെന്നുകണ്ട് വിശദമായി സംസാരിച്ച് അവന് മൊഴി മാറ്റിക്കുന്നതിനുള്ള പരിശ്രമം നടത്തിയെന്നാണ് നാട്ടുകാർ പറയുന്നത്. പക്ഷേ ചങ്ങനാശ്ശേരി ഡിവൈ.എസ്.പി.-യും മാതൃകാപോലീസിന്റെ മുഖമായി കേരളത്തിൽ നിൽക്കുന്നതായാണ് കാണാൻ കഴിയുന്നത്. ഗുണ്ടകളിൽനിന്ന് അകന്ന് നിൽക്കുന്നവർ സമൂഹത്തിൽ കൊള്ളരുതാത്തവരാണെന്ന നിലപാടെടുക്കുകയാണ്. അതുകൊണ്ടുതന്നെ പോലീസിന് സ്വതന്ത്രമായി പ്രവർത്തിക്കാൻ കഴിയുന്നില്ല. ഗുണ്ടകളോടൊപ്പം നിൽക്കുന്നവർക്ക് സംരക്ഷണം ലഭിക്കുന്നുവെന്നതാണ് സത്യം. ഗുണ്ടാ ബന്ധം, അനധികൃത സ്വത്ത് സമ്പാദനം എന്നിവയിൽ അന്വേഷണം നേരിടുന്ന പോലീസ് ഉദ്യോഗസ്ഥരെ ഏത് വിഭാഗത്തിൽ നിയമിച്ചാലും കുഴപ്പമില്ല; അവരെ വിജിലൻസിൽത്തന്നെ നിയമിക്കാമോ? ദക്ഷിണ മേഖല ഐ.ജി.-യുടെ റിപ്പോർട്ട് അവഗണിച്ചുകൊണ്ട് അവരെ വിജിലൻസിൽ തുടരാൻ അനുവദിച്ച കാര്യം അങ്ങ് പരിശോധിക്കണം. ഗുണ്ടകൾ പോലീസ് സ്റ്റേഷനിൽ സെൽഫിയെടുത്ത് ഇൻസ്പെക്ടറുടെ കസേരയിലിരുന്ന് തൊപ്പി തലയിൽവച്ച് രസിച്ച വിവരം കേരളം കണ്ടതല്ലേ? ഞാൻ പറയുന്ന കാര്യങ്ങൾ സത്യവിരുദ്ധമല്ല; നാട്ടുകാർ സംസാരിച്ചുകൊണ്ടിരിക്കുന്ന വിഷയങ്ങളാണ്.

തലശ്ശേരിയിൽ കടൽപ്പാലം കാണാൻ പോയ ഭാര്യയും ഭർത്താവും ഒറ്റയ്ക്കിരിക്കുന്നതിന്റെ നടുക്ക് പോലീസുകാരൻ ഇരിക്കണോ; അതിൽ പോലീസുകാരനെന്ത് കാര്യമാണുള്ളത്? കടൽപ്പാലം കണ്ടതിനുശേഷം അവർക്ക് പോകാനുള്ള സൗകര്യം ഒരുക്കിക്കൊടുക്കുകയല്ലേ ചെയ്യേണ്ടത്; അതിനുപകരം അവരെ വിരട്ടിയശേഷം കൈകാര്യം ചെയ്യാൻ ശ്രമിച്ചു. അതാണോ കേരള പോലീസ്; അതാണോ ടൂറിസം പ്രൊമോഷൻ; അതാണോ സാധുക്കൾക്കുള്ള ആനുകൂല്യം; അതാണോ നീതിപാലനം; ഇപ്രകാരമാണോ ബെസ്റ്റ് പോലീസിംഗ് അവാർഡ് നേടിയ നമ്മൾ നിൽക്കേണ്ടത്?

ദേശാഭിമാനി പത്രത്തിൽവന്ന ശ്രീ. കെ. ചന്ദ്രശേഖര റാവുവിന്റെ പരസ്യത്തിൽ പറഞ്ഞിട്ടുള്ളത് ഇന്ത്യയിലെ ഏറ്റവുംനല്ല സംസ്ഥാനം അദ്ദേഹം മുഖ്യമന്ത്രിയായിരിക്കുന്ന തെലുങ്കാനയാണെന്നാണ്. ഇവിടെ പറഞ്ഞുകൊണ്ടിരിക്കുന്നത് കേരളമാണ് ഏറ്റവുംനല്ല സംസ്ഥാനമെന്നും നമ്മളെ നേരിടാനാരുമില്ലെന്നും എല്ലാകാര്യത്തിലും കേരളമാണ് നമ്പർ വൺ എന്നുമാണ്. ഞാൻ വിശ്വസിക്കുന്നത് ദേശാഭിമാനിയെയാണ്. അതിൽ പറഞ്ഞിരിക്കുന്നത് തെലുങ്കാനയാണ് ഏറ്റവുംനല്ല സംസ്ഥാനം എന്നാണ്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: യെസ്...... പ്ലീസ്........ കൺക്ലൂഡ്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ഇപ്പോൾ അങ്ങ് യെസ് എന്നുപറഞ്ഞതുകൊണ്ട് ഞാൻ പറഞ്ഞ കാര്യങ്ങൾ അംഗീകരിച്ചുവെന്ന് കണക്കാക്കുകയാണ്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: അങ്ങ് പറഞ്ഞ് അവസാനിപ്പിക്കാനാണ് പറഞ്ഞത്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, നമ്മുടെ നാട്ടിലെ നിയമസമാധാന ലംഘനങ്ങളും ക്രൂരമായ അക്രമികളുടെ മുന്നേറ്റവും തടഞ്ഞുനിർത്താൻ തയ്യാറാകണമെന്ന് പറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. വി. ആർ. സുനിൽ കുമാർ</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ബഹുമാന്യനായ തിരുവഞ്ചൂർ രാധാകൃഷ്ണൻ കേരളത്തിൽ നടന്നുകൊണ്ടിരിക്കുന്ന വിഷയങ്ങളെക്കുറിച്ച് പ്രതിപാദിക്കുകയുണ്ടായി. അദ്ദേഹം ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളുടെ കാര്യങ്ങളിലേയ്ക്കുകൂടി തിരിഞ്ഞുനോക്കണം. ഉത്തർപ്രദേശിലെയും കാശ്മീരിലെയും ഗുജറാത്തിലെയും കർണ്ണാടകയിലെയും അവസ്ഥയെക്കുറിച്ച് തിരിഞ്ഞുനോക്കിയാൽ ഇന്ത്യ എന്ന രാജ്യത്തിന്റെ വർഗ്ഗീയ മുഖങ്ങളെയും വർഗ്ഗീയാക്രമണങ്ങളെയുംകുറിച്ച് കാണാൻ സാധിക്കും. ശ്രീ. എ. കെ. ആന്റണിയുടെ കാലഘട്ടത്തിലെ മുത്തങ്ങ ഉൾപ്പെടെയുള്ള

വിഷയങ്ങളിലേയ്ക്കൊന്നും കടക്കാതെതന്നെ ഇന്ത്യയിൽ ഇന്ന് ഉണ്ടായിക്കൊണ്ടിരിക്കുന്ന വർഗ്ഗീയ ധ്രുവീകരണങ്ങളെക്കുറിച്ച് ബഹുമാന്യനായ തിരുവഞ്ചൂർ രാധാകൃഷ്ണൻ ചിന്തിക്കുന്നത് നല്ലതായിരിക്കും. കേരളത്തിൽ മതേതരത്വ മുഖമായി ജാതിയുടെയോ മതത്തിന്റെയോ സങ്കീർണ്ണതകൾ ഒന്നുമില്ലാതെ, വർഗ്ഗീയപരമായ ചിന്തകളില്ലാതെ, ഒരു സമൂഹത്തെ ചേർത്തുപിടിക്കാൻ സാധിച്ചുവെന്നുള്ളതുതന്നെയാണ് ആഭ്യന്തര വകുപ്പിന്റെ ഏറ്റവും വലിയ നേട്ടമായി കാണാനാഗ്രഹിക്കുന്നത്. ഭരണഘടനയെക്കുറിച്ച് വാർത്തകൾ വരുന്ന ഈ കാലഘട്ടത്തിൽ ഇത് ചർച്ച ചെയ്യപ്പെടണമെന്ന അഭിപ്രായം തന്നെയാണ് ഞങ്ങൾക്കുമുള്ളത്. എന്തുകൊണ്ട് ഭരണഘടന ചർച്ച ചെയ്യപ്പെടണം? ഈ ഫാസിസ്റ്റ് കാലഘട്ടത്തിൽ, മൂലധന സാമ്രാജ്യത്വ ശക്തികളുടെ കാലഘട്ടത്തിൽ അതിൽ അടങ്ങിയിട്ടുള്ള അന്ത:സത്ത സംരക്ഷിക്കപ്പെടുന്നത് സംബന്ധിച്ചാണ് ഞങ്ങൾ ചർച്ച ചെയ്യുന്നത്. ആഭ്യന്തര വകുപ്പ്, സി.ബി.ഐ., ഇ.ഡി., മാധ്യമങ്ങൾ എന്നിവ ഉപയോഗപ്പെടുത്തി ഇന്ന് രാജ്യത്തുണ്ടാക്കുന്ന പ്രതിരോധങ്ങളും ആക്രമണങ്ങളും നാം കണ്ടുകൊണ്ടിരിക്കുകയാണ്. രാഷ്ട്രീയ പ്രതിയോഗികളെയും സംസ്ഥാനങ്ങളെത്തന്നെയും പിടിച്ചടക്കുന്ന രീതിയിലേയ്ക്ക് ഇ.ഡി.-യെ ഉപയോഗപ്പെടുത്തുന്ന സംവിധാനങ്ങളല്ലേ

രാജ്യത്ത് നടന്നുകൊണ്ടിരിക്കുന്നത്? ഇൻകംടാക്സ് വകുപ്പിനെ ഉപയോഗിച്ചുകൊണ്ട് വ്യക്തികളെ ആക്ഷേപിക്കുകയും പിടിച്ചടക്കുകയും ചെയ്യുന്ന അവസ്ഥാവിശേഷങ്ങളല്ലേ ഇന്ത്യാ രാജ്യത്തുണ്ടാകുന്നത്? ആഭ്യന്തര വകുപ്പിനെയും ജുഡീഷ്യറിയെയും പൂർണ്ണമായി ഉപയോഗപ്പെടുത്തിക്കൊണ്ട് വംശീയപരമായ കൂട്ടക്കൊലപാതകങ്ങളിലേയ്ക്കല്ലേ രാജ്യം പോകുന്നത്. ഇത്തരം വിഷയങ്ങൾ എങ്ങനെയാണ് കോൺഗ്രസ്സ് അഭിമുഖീകരിക്കുന്നത്? ബാബ്റി മസ്ജിദ് സംഭവം, ഗുജറാത്ത് കലാപം എന്നിവ നടന്ന കാലഘട്ടങ്ങളിൽ ഏത് രീതിയിലാണ് പ്രതിരോധിച്ചതെന്നുകൂടി നിങ്ങൾ വ്യക്തമാക്കണം. ഈ ഘട്ടത്തിലാണ് നമ്മുടെ കൊച്ചുകേരളത്തെ മാതൃകാപരമായി നിർത്താൻ ഇടതുപക്ഷ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന് കഴിഞ്ഞിട്ടുള്ളത്.

ജനാധിപത്യം നിലനിർത്തുന്നതിൽ നിർണ്ണായക പങ്ക് വഹിക്കുന്ന മാധ്യമങ്ങൾ ഇന്ന് ആരുടെ കാൽക്കീഴിലാണെന്ന് നാം തിരിച്ചറിയേണ്ടതുണ്ട്. 2011-ൽ 5400 കോടി രൂപയും 2014-ൽ 4000 കോടി രൂപയും ചെലവഴിച്ച് ശ്രീ. മുകേഷ് അംബാനി എന്ന സമ്പന്ന വ്യവസായി വാങ്ങിക്കൂട്ടിയത് CNBC TV18, CNN, IBN, IBN7 അടക്കമുള്ള മാധ്യമങ്ങളെയാണ്. ശ്രീ. മുകേഷ് അംബാനി അവ മാത്രമാണോ ഇന്ത്യാ

രാജ്യത്ത് വാങ്ങിയത്? ഇന്ത്യൻ ജനാധിപത്യത്തെയാണ് വാങ്ങിയതെന്ന് നാം തിരിച്ചറിയണം. ഇന്ത്യൻ ഭരണഘടനയുടെ സമ്പാദ്യങ്ങളായ ജനാധിപത്യവും മതേതരത്വവും സാഹോദര്യവും ആവിഷ്കാര സ്വാതന്ത്ര്യവും സമത്വവുമെല്ലാം സംരക്ഷിക്കപ്പെടേണ്ടതാണ്. ആ ജനാധിപത്യ സംവിധാനം ഇന്ന് എവിടെയാണെന്നും ആരൊക്കെയാണ് അവരുടെ കൈകളിലേയ്ക്ക് ഇത്തരം സംവിധാനങ്ങൾ എത്തിച്ചുകൊടുത്തതെന്നും നാം തിരിച്ചരിയേണ്ട സാഹചര്യമാണുള്ളത്. മാധ്യമങ്ങളെ ഉപയോഗപ്പെടുത്തിക്കൊണ്ട് ഫാസിസ്റ്റ് ശക്തികൾക്ക് അനുകൂലമായ നിലപാടെടുക്കുകയും ഇന്ത്യയുടെ അജണ്ടയും ബഡ്ജറ്റും തീരുമാനിക്കുന്നത് അംബാനിമാരായി മാറുന്ന രാഷ്ട്രീയ സാഹചര്യത്തിലേയ്ക്കും രാജ്യം മാറിയിരിക്കുകയാണ്. ഭൂരിപക്ഷം മാധ്യമങ്ങളെയും ശ്രീ. മുകേഷ് അംബാനി കയ്യടക്കിയതിന്റെ ഫലമായി ഫാസിസ്റ്റുകളുടെ കൈകളിലെ ഉൽപ്പന്നമായി മാധ്യമങ്ങൾ മാറുമ്പോൾ അതിന് വിഭിന്നമായി നിൽക്കുന്നവരെ ഇല്ലാതാക്കുന്ന പ്രവണത ഉണ്ടാകുകയും അതിന്റെ ഫലമായി അഭിപ്രായസ്വാതന്ത്ര്യം നിഷേധിക്കപ്പെടുന്ന സാഹചര്യമാണ് രാജ്യത്തുള്ളതെന്നും നാം തിരിച്ചറിയണം. ഈ അനുഭവമാണ് മീഡിയ വൺ ചാനലിനുണ്ടായത്. ജാതിയും മതവും ആളുകളെയും നോക്കി വിധി പറയുന്ന ജൂഡീഷ്യറി

സംവിധാനമാണ് ഇന്ത്യാരാജ്യത്ത് നിലനിൽക്കുന്നത്. പ്രതിരോധിക്കുന്ന വ്യക്തികളെ ഇല്ലായ്മ ചെയ്യുന്ന സാഹചര്യത്തിലേയ്ക്ക് രാജ്യം മാറിയതിന്റെ സൂചനയാണ് കണ്ടുകൊണ്ടിരിക്കുന്നത്. ജനാധിപത്യത്തിന്റെ ശിരച്ഛേദത്തിൽ നാല് ചീഫ് ജസ്റ്റിസുമാരുടെ പങ്ക് ചരിത്രത്തിൽ അടയാളപ്പെടുത്തുമെന്ന് പറഞ്ഞതിനാണ് ശ്രീ. പ്രശാന്ത് ഭൂഷണിന്റെ വീട്ടിൽ റെയ്ഡ് നടത്തി അദ്ദേഹത്തെ അറസ്റ്റ് ചെയ്തത്. വീട്ടുതടങ്കലിൽ കഴിയുന്ന ശ്രീ. യൂസഫ് തരിഗാമിയെ കാണാൻ ചെന്ന ശ്രീ. സീതാറാം യെച്ചൂരിയോട് കോടതി എന്താണ് പറഞ്ഞത്? അദ്ദേഹത്തെ കണ്ടോളൂ, പക്ഷെ രാഷ്ട്രീയം പറയരുത് എന്നാണ്. ജുഡീഷ്യറി ഇന്ന് എവിടെയാണ് നിൽക്കുന്നതെന്ന് നമ്മൾ ഇതിൽനിന്നാണ് തിരിച്ചറിയുന്നത്. കോവിഡ് രോഗികളുടെ മൃതശരീരങ്ങൾ ഗംഗയിൽ ഒഴുകുന്നുവെന്ന് റിപ്പോർട്ട് ചെയ്തതുകൊണ്ടാണ് രാജ്യത്തെ ഏറ്റവും വലിയ ഹിന്ദി ദിനപത്രമായ ദൈനിക് ഭാസ്കറിന്റെ 60 യൂണിറ്റുകൾ പൂട്ടിയിടേണ്ട സാഹചര്യമുണ്ടായത്. ഡൽഹി കലാപം അവസാനിപ്പിക്കാൻ കേന്ദ്രസർക്കാർ നടപടി സ്വീകരിച്ചില്ലെന്ന് വാർത്ത നൽകിയതിന്റെ പേരിലാണ് വിനോദ് ദുവ എന്ന മാധ്യമ പ്രവർത്തകനെതിരെ രാജ്യദ്രോഹകുറ്റം ചുമത്തിയത്. ഇതെല്ലാം കേരളത്തിലുണ്ടായ വിഷയങ്ങളാണെന്ന് ധരിക്കേണ്ട; ഇത് ഇന്ത്യാ രാജ്യത്തുണ്ടായ

സംഭവങ്ങളാണ്. പൗരത്വ ഭേദഗതി ബില്ലിനെതിരെ പ്രസംഗിച്ചതിന്റെ പേരിലാണ് ജെ.എൻ.യു.-ന്റെ പൂർവ്വ വിദ്യാർത്ഥിയായ ഷർജീൽ ഇമാമിനെ അറസ്റ്റ് ചെയ്തത്. ജുഡീഷ്യറി, പോലീസ്, സി.ബി.ഐ. എന്നിവരടക്കമുള്ളവർ ഈ ഫാസിസ്റ്റ് ശക്തികളുടെ കീഴാളന്മാരാകുന്ന അവസ്ഥയാണ് ഇന്ത്യാ രാജ്യത്തുണ്ടായിക്കൊണ്ടിരിക്കുന്നതെന്ന് തിരിച്ചറിയണം. ഇതിനായി ബാബറി മസ്ജിദിന്റെ വിധിന്യായം പരിശോധിച്ചാൽ മതി. ഗുജറാത്ത് കലാപത്തിൽ ശ്രീ. അമിത് ഷായെ ശ്രീ. നരേന്ദ്രമോദി വിടുതൽ ചെയ്തതോടുകൂടി ജുഡീഷ്യറി എവിടെയാണ് നിൽക്കുന്നതെന്ന സാഹചര്യവും മനസ്സിലാകുന്നതാണ്. ആഭ്യന്തരവും ജുഡീഷ്യറിയും ഉപയോഗപ്പെടുത്തിക്കൊണ്ട് ഇന്ത്യാരാജ്യത്ത് നടന്നുകൊണ്ടിരിക്കുന്ന ഇത്തരം പ്രവണതകൾക്കെതിരെ ഒറ്റക്കെട്ടായി നിൽക്കണം. അല്ലാതെ 'മ' പ്രസിദ്ധീകരണങ്ങളിലും മറ്റ് മാസികകളിലും കാണുന്ന രീതിയിലുള്ള രാഷ്ട്രീയമല്ല ഇന്ത്യാരാജ്യത്തിന് അനിവാര്യമായത്. ഒറ്റക്കെട്ടായി നിന്നുകൊണ്ട് ഈ ഫാസിസ്റ്റ് ഭരണകൂടത്തിനെതിരെ പോരാട്ടങ്ങൾ നയിക്കുന്നതിൽ ഇടതുപക്ഷ പ്രസ്ഥാനത്തിന് കേരളത്തിലുള്ള പങ്കും അതിൽ ആഭ്യന്തര വകുപ്പിനുള്ള പങ്കും തിരിച്ചറിഞ്ഞുകൊണ്ട് സ്വസ്ഥമായി മനുഷ്യ സമൂഹത്തിന് ജീവിക്കാനുള്ള അവസരമാണ്

നൽകിയിരിക്കുന്നത്. ജാതിയല്ല, മതമല്ല, മനുഷ്യത്വത്തിന് ഊന്നൽ നൽകുന്ന ഒരു ഗവൺമെന്റാണ് കേരളം ഭരിക്കുന്നതെന്ന് തിരിച്ചറിഞ്ഞുകൊണ്ടും നിങ്ങളും ഞങ്ങളോടൊപ്പം നിന്ന് പ്രതിരോധം സൃഷ്ടിക്കണമെന്നും സൂചിപ്പിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങിക്കൊണ്ട് ഞാൻ എന്റെ വാക്കുകൾ ചുരുക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, പോലീസ്, ജയിലുകൾ എന്നിവയുമായി ബന്ധപ്പെട്ട ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ഇവിടെ സംസാരിച്ച ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്ററും ഇന്നലെ സംസാരിച്ചവരുമൊക്കെ ലീഗ് പ്രസിഡന്റ് സയ്യിദ് സാദിഖ് അലി ശിഹാബ് തങ്ങളുടെ ഒരു ഇന്റർവ്യൂവിനെക്കുറിച്ച് തെറ്റായി ചൂണ്ടിക്കാണിക്കുകയുണ്ടായി. സി.പി.ഐ.(എം) നിലനിൽക്കേണ്ടത് ആവശ്യമാണെന്നുപറഞ്ഞുവെന്നാണ് അവർ സൂചിപ്പിച്ചത്. അദ്ദേഹം നടത്തിയ വലിയൊരു ഇന്റർവ്യൂവിന്റെ ചെറിയൊരു ഭാഗം മാത്രമാണ് അവർ ഇവിടെ പറഞ്ഞത്. "We have not taken CPM overtures seriously" - ഇന്ത്യൻ എക്സ്പ്രസിന്റെ സൺഡേ എക്സ്പ്രസിൽ വന്നൊരു അഭിമുഖമാണിത്. ആ അഭിമുഖത്തിൽ അദ്ദേഹം പറഞ്ഞത്, ഇന്ത്യയിൽ ഇന്ന് വളർന്നുകൊണ്ടിരിക്കുന്ന ഭയാനകമായ ഫാസിസത്തിന്റെ കാര്യങ്ങളെക്കുറിച്ച് പറയുന്ന കൂട്ടത്തിൽ ഇന്നത്തെ മതേതര

പ്രസ്ഥാനങ്ങളായ കോൺഗ്രസ്, സി.പി.ഐ.(എം) എന്നിവർ കേരളത്തിന്റെ പശ്ചാത്തലത്തിലേയ്ക്ക് വരുമ്പോൾ ഈ ബാലൻസ് ഇവിടെ നിലനിൽക്കണമെന്നാണ്. അതിന്റെ ഒരു ഭാഗം മാത്രം അടർത്തിയെടുത്തുകൊണ്ട് സി.പി.ഐ.(എം) നിലനിൽക്കണമെന്ന് ശ്രീ. സാദിഖ് അലി ശിഹാബ് തങ്ങൾ പറഞ്ഞുവെന്ന് പറയുന്നതിൽ എന്ത് അർത്ഥമാണുള്ളത്; മാത്രമല്ല അതിൽ ശ്രീ. സാദിഖ് അലി ശിഹാബ് തങ്ങൾ കൃത്യമായി പറയുന്നത് "ഞങ്ങൾ കോൺഗ്രസ്സിന്റെ കൂടെയാണുള്ളത്" എന്നാണ്. ഇന്ത്യാ രാജ്യത്ത് ഫാസിസ്റ്റ് വിരുദ്ധ പോരാട്ടത്തിന് നേതൃത്വം കൊടുക്കാൻ ഇന്ന് കെൽപ്പുള്ളത് കോൺഗ്രസ്സിനാണെന്ന കാര്യം ശ്രീ. സീതാറാം യെച്ചൂരി ഉൾക്കൊള്ളുന്നുണ്ട്. അദ്ദേഹം കോൺഗ്രസ്സുമായി സഹകരിക്കുന്നുണ്ട്. ഇക്കാര്യങ്ങളൊക്കെ ശ്രീ. സാദിഖ് അലി ശിഹാബ് തങ്ങൾ അതിൽ പറയുന്നുണ്ട്. അതിന്റെ ഒരു ഭാഗം മാത്രം അടർത്തിയെടുത്ത് ഇങ്ങനെ പറഞ്ഞുവെന്ന് പ്രചരിപ്പിക്കുന്നത്... ഹാ കഷ്ടം! നിങ്ങളെക്കുറിച്ച് എന്താണ് അധികം പറയാനുള്ളത്.

പോലീസിനെ സംബന്ധിച്ച ധനാഭ്യർത്ഥനയുമായി ബന്ധപ്പെട്ട് പറയാനുള്ളത്, ശക്തമായ പോലീസ് സംവിധാനം ഒരു സംസ്ഥാനത്തിന്റെ മുതൽക്കൂട്ടാണ് എന്നാണ്. നിഷ്ക്രിയമായ പോലീസും തകർന്ന

ക്രമസമാധാനനിലയും ദുർഭരണത്തിന്റെ കൃത്യമായ ദിശാ സൂചകങ്ങളാണ്. ഞങ്ങളുടെ നേതാവായിരുന്ന സി. എച്ച്. മുഹമ്മദ് കോയ സാഹിബ് മുമ്പൊരിക്കൽ പറഞ്ഞിട്ടുണ്ട്, കമ്മ്യൂണിസ്റ്റുകാർ അധികാരത്തിൽ വരുമ്പോൾ മനുഷ്യന്റെ തലയ്ക്കും തെങ്ങിന്റെ കുലയ്ക്കും സംരക്ഷണമുണ്ടാകില്ലെന്ന്. അത് ഇന്നിവിടെ യാഥാർത്ഥ്യമാവുകയാണ്. മനുഷ്യന്റെ തലയുടെ കാര്യത്തെക്കുറിച്ച് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ വിശദമായി എണ്ണിയെണ്ണി ചൂണ്ടിക്കാണിക്കുകയുണ്ടായി. തെങ്ങിന്റെ കുലയെക്കുറിച്ച് പറയുമ്പോൾ, തെങ്ങും തേങ്ങയുമാണ് സമ്പത്തിന്റെ പ്രതീകമായിരുന്നതെങ്കിൽ ഇന്ന് മറ്റുനിലയ്ക്കുള്ള സമ്പത്തുകളാണുള്ളത്. ഇവിടെ ഒന്നിനും സുരക്ഷയില്ലാത്ത അവസ്ഥയാണുള്ളത്. കേരളത്തിലെ പോലീസിന്റെ ഇന്നത്തെ അവസ്ഥയുടെ ഏറ്റവും വലിയ ഉദാഹരണം എ.കെ.ജി. സെന്റർ ആക്രമണം തന്നെയാണ്. എ.കെ.ജി. സെന്റർ സംരക്ഷിക്കാൻ പ്രതിപക്ഷത്തിന് അടിയന്തരപ്രമേയം കൊണ്ടുവരേണ്ടിവന്നു. രണ്ടാഴ്ച കഴിഞ്ഞിട്ടും എ.കെ.ജി. സെന്റർ അക്രമിച്ചവരെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് പിടികൂടാൻ സാധിക്കാത്തത് വലിയ കഷ്ടമായിപ്പോയി. ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ കുലുങ്ങിയ ഈ അപകടത്തിൽ രണ്ടാഴ്ച കഴിഞ്ഞിട്ടും നിങ്ങൾക്ക് ആളെ കിട്ടിയില്ലെന്നുള്ളത് സങ്കടകരമാണ്. പോലീസ് തെക്കോട്ടും വടക്കോട്ടും

കാണിച്ചുകൊടുക്കുന്നുണ്ടെങ്കിലും പോലീസ് നായ എ.കെ.ജി. സെന്ററിന് മുന്നിൽത്തന്നെ നിന്ന് കുരയ്ക്കുകയാണ്. ഇതിൽനിന്നും നമ്മൾ എന്താണ് മനസ്സിലാക്കേണ്ടത്; സഖാവ് ഇ. പി. ജയരാജൻ പറയുന്നത്, "ഇതൊന്നും കാര്യമാക്കേണ്ട, സുകുമാരക്കുറുപ്പിനെ ഇതുവരെ പിടിക്കാൻ സാധിച്ചിട്ടുണ്ടോ" എന്നാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രീ, അങ്ങയെ underestimate ചെയ്യുകയാണ്. കാരണം സുകുമാരക്കുറുപ്പിന്റെ ഗതിയിലേയ്ക്ക് എ.കെ.ജി. സെന്റർ ആക്രമണ കേസ് പോകുകയാണെന്ന് xxxxxxxxx+ ശ്രീ. ഇ. പി. ജയരാജന് മനസ്സിലായിട്ടുണ്ടെന്നുള്ളതാണ്.

ശ്രീ. എ. എൻ. ഷംസീർ: സർ, പോയിന്റ് ഓഫ് ഓർഡർ. ബഹുമാനപ്പെട്ട മണ്ണാർക്കാട് അംഗത്തിന്റെ പ്രസംഗത്തിനിടയിൽ എ.കെ.ജി. സെന്റർ ബോംബാക്രമണത്തിന്റെ xxxxxxxxxx+ എന്നരീതിയിൽ ശ്രീ. ഇ. പി. ജയരാജനെ പരാമർശിച്ചു. അത് സഭാരേഖയിൽ ഉണ്ടാകാൻ പാടില്ല. ചട്ടം 307 പ്രകാരം അത് എക്സ്പഞ്ച് ചെയ്യണം.

മി. ഡെപ്യൂട്ടി സ്പീക്കർ: പരിശോധിച്ച് നടപടി സ്വീകരിക്കാം.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, അങ്ങനെ തോന്നിയാൽ അതിന്

+ ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവുപ്രകാരം (ഫയൽ നം. 12644/ഇ.ബി/202/നി.സെ. തീയതി 15-07-2022) രേഖയിൽനിന്നും നീക്കം ചെയ്തു.

+ ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവുപ്രകാരം (ഫയൽ നം. 12644/ഇ.ബി/202/നി.സെ. തീയതി 15-07-2022) രേഖയിൽനിന്നും നീക്കം ചെയ്തു.

നിവൃത്തിയൊന്നുമില്ല. ഞാൻ ആളെ പറഞ്ഞിട്ടില്ല. (.....ബഹളം......) ഇവിടെ അടിയന്തരപ്രമേയ ചർച്ചാവേളയിൽ ചിലർ പറഞ്ഞു, കള്ളൻ കപ്പലിൽ തന്നെയാണെന്ന്. അതിലെനിക്കൊരു വകഭേദം വരുത്താനുണ്ട്. കള്ളൻ കമ്മിറ്റിയിൽ തന്നെയാണെന്നാണ് അക്കാര്യത്തെക്കുറിച്ച് സൂചിപ്പിക്കാനുള്ളത്. ഇതുപോലെ പോലീസിന്റെ കഴിവുകേടുകളുടെ എത്രയോ ചിത്രങ്ങൾ നമ്മുടെ മുന്നിലുണ്ട്. വളരെ ശക്തമായ ഫാസിസ്റ്റ് വിരുദ്ധ നിലപാട് സ്വീകരിച്ച സ്വാമി സന്ദീപാനന്ദഗിരിയുടെ ഓഫീസ് ആക്രമണത്തിൽ വാഹനങ്ങൾ തകർത്തത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നേരിട്ടുപോയി കാണുകയുണ്ടായി. പക്ഷേ തലസ്ഥാനത്ത് നടന്ന സംഭവത്തിലെ പ്രതികളെ ഇന്നുവരെ പിടിക്കാൻ സാധിക്കാതെ കേസ് അവസാനിപ്പിക്കാൻ പോകുകയാണ്. ഇതിനോട് ചേർത്ത് വായിക്കേണ്ടത്, പോലീസിൽ ആർ.എസ്.എസ്.-ന്റെ സ്വാധീനം വർദ്ധിക്കുന്നുവെന്ന് പറഞ്ഞത് ഞങ്ങളുടെ നേതാക്കന്മാരല്ല, സഖാവ് കോടിയേരി ബാലകൃഷ്ണനാണ്. സി.പി.ഐ.(എം)-ന്റെ സമ്മേളനങ്ങളിലാണ് ആ വിമർശനം ഉയർന്നുവന്നത്. കേരളത്തിലെ പോലീസ് വംശീയമായി പെരുമാറുന്നുവെന്ന് ഞാൻ കഴിഞ്ഞ ധനാഭ്യർത്ഥന ചർച്ചയിലും ചൂണ്ടിക്കാണിച്ചിരുന്നു. അന്ന് ഞാൻ വിമർശിക്കാനുള്ള കാരണം തൃശ്ശൂർ

പോലീസ് അക്കാദമിയിൽ സുരേഷ് രാജ് പുരോഹിത് പറഞ്ഞത് ഇവിടെ ബീഫ് വിളമ്പാൻ പാടില്ലെന്നാണ്. ബീഫ് ആർക്കെങ്കിലും പ്രധാനപ്പെട്ട ഒരു ഭക്ഷണമായിട്ടല്ല, പക്ഷേ അന്ന് അതൊരു നിലപാടായിരുന്നു. അന്ന് ബീഫിന്റെ രാഷ്ട്രീയം ഇന്ത്യയിൽ കൊടുമ്പിരിക്കൊള്ളുമ്പോൾ ഇടതുപക്ഷം ഭരിക്കുന്ന കേരളത്തിൽ പോലീസ് അക്കാദമിയിൽ ബീഫ് വിളമ്പാൻ പാടില്ലെന്ന് പറഞ്ഞാൽ അതൊരു നിലപാടിന്റെ പ്രഖ്യാപനമായിരുന്നു. പോക്സോ കേസ്സിൽനിന്നും അദ്ധ്യാപകനെ ഒഴിവാക്കിക്കൊടുത്തതുപോലുള്ള നിരവധി സംഭവങ്ങൾ ആർ.എസ്.എസ്.-മായി ബന്ധപ്പെട്ട് പോലീസിന്റെ പ്രവർത്തനങ്ങളിൽ കാണാൻ സാധിക്കും. പാലക്കാട്ടും ആലപ്പുഴയിലുമുണ്ടായ രണ്ട് വർഗ്ഗീയ സംഘർഷങ്ങളിലും പോലീസിന്റെ അനാസ്ഥ പ്രകടമാണ്. പോലീസ് ശക്തമായിരുന്നെങ്കിൽ ആ രണ്ട് കൊലപാതകങ്ങളും തടയാൻ കഴിയുമായിരുന്നു. വർഗ്ഗീയവാദികൾ അഴിഞ്ഞാടിയത് പോലീസിന്റെ നിഷ്ക്രിയത്വത്തിലൂടെ തന്നെയാണ്. ചില കാര്യത്തിൽ പോലീസ് ഓവർസ്മാർട്ടാണ്. സ്വപ്നയുടെ വെളിപ്പെടുത്തലിനെത്തുടർന്ന് ബഹുമാനപ്പെട്ട മുൻ മന്ത്രി ഡോ. കെ. ടി. ജലീൽ ഒരു പരാതി കൊടുത്തപ്പോൾ രാജ്യത്തെ ക്രിമിനൽ നിയമങ്ങൾ ഏതടിസ്ഥാനത്തിൽ വ്യാഖ്യാനിച്ചാലും, ആ കേസിന് നിലനിൽപ്പില്ലാത്ത

തരത്തിലാണ് പോലീസ് കേസ്സെടുത്തത്. ഒരു പത്രപ്രസ്താവന കൊടുത്തതിന് ഒരാളിന്റെ പേരിൽ നാട്ടിൽ കലാപമുണ്ടാക്കാൻ ഗൂഢാലോചന നടത്തിയെന്നുപറഞ്ഞാണ് നിങ്ങൾ കേസെടുത്തത്. കെ-റെയിൽ സമരക്കാരോട് പോലീസ് കാട്ടിക്കൂട്ടിയ കോപ്രായങ്ങൾ എന്തായിരുന്നു; അവസാനം നിങ്ങൾ എന്താണ് തീരുമാനിച്ചത്? കല്ല് സ്ഥാപിക്കേണ്ടതില്ലെന്നും കല്ലിടാതെതന്നെ സർവ്വേ നടത്താമെന്നുമാണ് തീരുമാനിച്ചത്. ഈ സമരക്കാർക്കെതിരെ നിങ്ങൾ നൂറോളം കേസെടുത്തിട്ട് എന്തുചെയ്തു? ഇവിടെ പൗരത്വ ഭേദഗതി ബില്ലിന്റെ കാര്യങ്ങളെക്കുറിച്ച് വളരെ ആവേശം കൊള്ളുകയുണ്ടായി. നമ്മൾ ഒരുമിച്ച് പ്രമേയം പാസാക്കി. ശാന്തമായി നടത്തിയ സമരങ്ങളുൾപ്പെടെ പോലീസ് എണ്ണൂറ്റി ചില്വാനം കേസെടുത്തു. തെരഞ്ഞെടുപ്പിനുമുമ്പ് നിങ്ങൾ അത് പിൻവലിക്കുമെന്ന് പറഞ്ഞു. 30 കേസ്സിൽതാഴെയാണ് ഈ ദിവസം വരെ പിൻവലിച്ചിട്ടുള്ളത്. പൗരത്വ നിയമവുമായി ബന്ധപ്പെട്ട കേസിന്റെ കാര്യത്തിൽ അവിടെയും പോലീസിന്റെ ആർ.എസ്.എസ്. സമീപനമാണ് കാണാൻ സാധിക്കുന്നത്.

ജയിലുകളുടെ ഇപ്പോഴത്തെ സ്ഥിതിയെന്താണ്? സി.പി.ഐ.(എം) ബന്ധമുള്ള ക്രിമിനലുകൾക്ക് ജയിലിൽ ഫൈവ്സ്റ്റാർ സൗകര്യമാണൊരുക്കുന്നത്. കേരളത്തിലെ ജയിലുകളിൽ നടക്കുന്ന

അന്യായങ്ങളെക്കുറിച്ച് ശ്രീ. ഋഷിരാജ് സിംഗിനുപോലും തലകുനിച്ച് സമ്മതിക്കേണ്ടിവന്നു. ഫോണും മദ്യവും മയക്കുമരുന്നും എല്ലാ സൗകര്യങ്ങളും ജയിലുകളിലുണ്ട്. ഇക്കാര്യങ്ങളെല്ലാം വളരെ ഗൗരവത്തോടെ ചൂണ്ടിക്കാണിച്ചുകൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീമതി ശാന്തകുമാരി കെ.: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ക്രമസമാധാന പരിപാലനത്തിലും പൊതുഭരണത്തിലും ആരോഗ്യ രംഗത്തും ഇന്ന് കേരളം ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയായി ഒന്നാം സ്ഥാനത്ത് നിൽക്കുകയാണ്. കഴിഞ്ഞ ആറ് വർഷകാലത്തെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ ഭരണം വികസനങ്ങളുടെ പെരുമഴക്കാലമായിരുന്നു. ആധുനിക കേരളത്തിൽ നവകേരളം കെട്ടിപ്പടുക്കുന്നതിനായി ഇരുപത്തിയഞ്ച് വർഷം മുന്നിൽ കണ്ടുകൊണ്ടുള്ള വികസന പദ്ധതികൾ നടപ്പാക്കാൻ ശ്രമിക്കുന്ന എൽ.ഡി.എഫ്. സർക്കാരിന്റെ ഭരണനേട്ടത്തിൽ മൂന്നര കോടി ജനങ്ങളും അഭിമാനം കൊള്ളുകയാണ്. കുറച്ചുനാളുകളായി കേരളത്തെ കലാപ ഭൂമിയാക്കാൻ ചിലർ ബോധപൂർവ്വമായ ശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്. ആലപ്പുഴയിലും പാലക്കാട്ടും നടന്ന രണ്ട് കൊലപാതകങ്ങളിലൂടെ കേരളത്തെ വർഗ്ഗീയ കലാപങ്ങളുടെ നാടാക്കി മാറ്റാനായിരുന്നു വർഗ്ഗീയ ശക്തികൾ

ലക്ഷ്യമിട്ടിരുന്നത്. കേരളത്തിലെ പോലീസ് വളരെ ചടുലമായി പ്രവർത്തിച്ചതിന്റെ അടിസ്ഥാനത്തിൽ ആസൂത്രിത നീക്കങ്ങളെ അടിച്ചമർത്തി എല്ലാ പ്രതികളെയും സമയബന്ധിതമായി അറസ്റ്റ് ചെയ്ത് നിയമത്തിന്റെ മുന്നിൽ കൊണ്ടുവരാൻ സാധിച്ചു. ആഭ്യന്തര വകുപ്പ് ജനമൈത്രി പോലീസ് സംവിധാനം നടപ്പിലാക്കിയതിലൂടെ ഇത് ഭരിക്കുന്ന സർക്കാരിന്റെ മർദ്ദനായുധമല്ല, മറിച്ച് ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്ന ജനകീയ സേനയാണെന്ന ഖ്യാതിയിലേയ്ക്ക് കേരളത്തെകൊണ്ടെത്തിച്ചു. 'വാത്സല്യം' എന്ന പേരിൽ ശിശു സൗഹൃദ സ്റ്റേഷൻ, എസ്.പി.സി. നടപ്പിലാക്കാൻ 15 കോടിരൂപ, ലിംഗ സൗഹൃദ സൗകര്യങ്ങൾക്കുവേണ്ടി 5.25 കോടി രൂപ, ക്രൈംബ്രാഞ്ചിന്റെ കീഴിൽ സാമ്പത്തിക കുറ്റകൃത്യവിഭാഗത്തിനുവേണ്ടി പ്രത്യേക സംവിധാനം, സിറ്റിസൺ സർവ്വീസ് പോർട്ടലിനുകീഴിൽ തുണ പദ്ധതി, സംഘടിത കുറ്റകൃത്യം തടയാൻ ഓർഗനൈസ്ഡ് ക്രൈം സ്ക്വാഡ്, സ്വർണ്ണക്കടത്ത്, മയക്കുമരുന്ന്, ഭൂമാഫിയ, സാമ്പത്തിക കുറ്റകൃത്യം തുടങ്ങിയവ അന്വേഷിക്കുക, പൊതുയിടങ്ങളിലും സ്വകാര്യ സ്ഥലങ്ങളിലും സ്ത്രീകൾക്കെതിരെ നടക്കുന്ന കുറ്റകൃത്യങ്ങൾക്ക് കർശന നടപടി സ്വീകരിക്കാൻ വനിതാ പോലീസ്, വനിതാ സെൽ, വനിതാ ബറ്റാലിയൻ,

പിങ്ക് പോലീസ്, നിഴൽ, സെൽഫ് ഡിഫൻസ്, വനിതാ ബീറ്റ് തുടങ്ങിയ പദ്ധതികളും ഏർപ്പെടുത്തിയിട്ടുണ്ട്. ഗാർഹിക പീഡനവും സ്ത്രീധന പരാതികളും സംബന്ധിച്ച് പരാതി നൽകുന്നതിന് അപരാജിത പോർട്ടൽ ഏർപ്പെടുത്തിയിട്ടുണ്ട്. കേരളത്തിലുണ്ടായ വിസ്മയ കേസ്, ഉത്തര വധക്കേസ് എന്നിവയിന്മേൽ 1961-ലെ സ്ത്രീധന നിരോധന നിയമത്തിന്റെ അടിസ്ഥാനത്തിൽ മാതൃകാപരമായി പ്രതികളെ കണ്ടെത്തി നിയമത്തിനുമുന്നിൽ കൊണ്ടുവരാൻ ഈ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ സാധിച്ചിട്ടുണ്ട്. സ്ത്രീ പീഡനങ്ങളും സ്ത്രീധന പീഡനങ്ങളുമില്ലാത്ത ഒരു 'violence-free കേരളം' എന്നൊരാശയം മുൻനിർത്തി എല്ലാവരും ഒരുമിച്ചുനിന്ന് പ്രവർത്തിക്കണം. സേനയുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ആധുനികവത്ക്കരണത്തിനുംവേണ്ടി 95.47 കോടിരൂപ, കുറ്റവാളികളെ പിടികൂടുന്നതിനായി Integrated core policing system തുടങ്ങിയ പദ്ധതികൾ കേരളത്തിൽ നടപ്പിലാക്കിവരികയാണ്. അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതടക്കം സാമ്പത്തിക-സൈബർ കുറ്റകൃത്യങ്ങൾ അന്വേഷിക്കാൻ പ്രത്യേക വിഭാഗങ്ങളും രൂപീകരിച്ചിട്ടുണ്ട്. നാളിതുവരെയായി 32 പോക്സോ കോടതികൾ ആരംഭിക്കുകയും 1660 പുതിയ തസ്തികകൾ സൃഷ്ടിക്കുകയും സേവനോന്മുഖമായ

സേനയാക്കുന്നതിന്റെ ഭാഗമായി 21 പുതിയ പോലീസ് സ്റ്റേഷനുകൾ സജ്ജമാക്കുകയും പതിനാല് പുതിയ കെട്ടിടങ്ങളുടെ തറക്കല്ലിടുകയും ചെയ്ത് ആഭ്യന്തര വകുപ്പ് മുന്നോട്ടുപൊയ്ക്കൊണ്ടിരിക്കുകയാണ്. ഇത്തരത്തിൽ പോലീസ് സേനയും ആഭ്യന്തര വകുപ്പും കേരളത്തിന്റെ ക്രമസമാധാന പരിപാലനത്തിൽ ശ്രദ്ധേയമായ രീതിയിൽ പ്രവർത്തിച്ച് മുന്നേറുകയാണ്. യു.ഡി.എഫ്.-ന്റെ കാലത്തെ പോലീസ് സ്റ്റേഷൻ യഥാർത്ഥത്തിൽ കുരുതിക്കളമായിരുന്നില്ലേ; അപരിഷ്കൃതമായ, ക്രൂരമായ സിനിമാ കഥകളെ വെല്ലുന്നരീതിയിൽ ലോക്കപ്പുകളിൽ തല്ലിക്കൊന്ന് കെട്ടിത്തൂക്കുകയും മൂന്നാം മുറയിലൂടെ മൃതപ്രായരാക്കി വാഹനത്തിൽ പിന്തുടർന്ന് മരണത്തിലേയ്ക്ക് തള്ളിവിടുകയും ചെയ്യുന്ന അനുഭവവും കേരളത്തിൽ പതിവായിരുന്നില്ലേ?

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. കെ. ഡി. പ്രസേനൻ]

മുത്തങ്ങയിൽ ഭൂമിക്കായി സമരം ചെയ്ത ആദിവാസികളെ വെടിവച്ച സംഭവത്തിൽ ജോഗി എന്ന ചെറുപ്പക്കാരനെ കൊലപ്പെടുത്തിയത് ഓർമ്മയില്ലേ? മുഖ്യമന്ത്രിയുടെ സുരക്ഷയുടെ പേരിൽ ആദിവാസി സഹോദരിമാരുടെ അരക്കച്ച അഴിപ്പിച്ച പോലീസിനെ കേരള ജനത മറന്നിട്ടില്ല. നിയമ വിദ്യാർത്ഥിനിയായിരുന്ന ജിഷ എന്ന പെൺകുട്ടിയുടെ കൊലക്കേസുമായി ബന്ധപ്പെട്ട് പ്രതികളെ പിടികൂടാൻ ചെരുപ്പിന്റെ

പിന്നാലെപോയ പോലീസ് അന്ന് കേരളത്തിലുണ്ടായിരുന്നു. ഇത്തരത്തിൽ ഒട്ടേറെ ക്രൂരകൃത്യങ്ങൾ ഇനിയും പറയാൻ കഴിയുന്നതാണ്. ലോക്കപ്പ് മർദ്ദനത്തിൽ കോട്ടയത്ത് മരിച്ച സിബി, ഓണപ്പരീക്ഷ കഴിഞ്ഞും പാഠപുസ്തകം ലഭിക്കാതെവന്നപ്പോൾ കുട്ടികൾ നടത്തിയ സമരത്തിനെതിരെ അവരെ തലതല്ലിച്ചതച്ച കഥ എന്നിവയൊന്നും കേരളത്തിലെ വിദ്യാർത്ഥിസമൂഹം മറന്നിട്ടില്ല. പുതുവള്ളിയിലെ അജീഷിനെ ക്രൂരമായി മർദ്ദിച്ച് കാന്താരി മുളക് അരച്ച് ജനനേന്ദ്രിയത്തിലും മലദ്വാരത്തിലും തേച്ച സംഭവം, വനിതാ സെല്ലിൽ പരാതി നൽകിയ ദളിത് യുവതിയായ കുന്നിക്കോട് സുരേഷിന്റെ ഭാര്യ സുമയുടെ മുടി മുറിച്ചത്, ദേശീയപാത സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട സമരത്തിൽ വിമുക്തഭടൻ നാരായണൻ നായരുടെ ജനനേന്ദ്രിയം അടിച്ചുതകർത്തത്, വിദ്യാഭ്യാസ സമരവുമായി ബന്ധപ്പെട്ട് 2012 ജൂൺ 20-ന് ഇരുകാലുകളും തല്ലിയൊടിച്ച തിരുവനന്തപുരത്തെ എസ്.എഫ്.ഐ. നേതാവ് ശ്രീമതി അമൃതാ സതീഷ് ഉൾപ്പെടെയുള്ള അഞ്ച് പെൺകുട്ടികളെയും കേരളം മറന്നിട്ടില്ല. നിലമ്പൂരിലെ കോൺഗ്രസ് ഓഫീസിലെ ജീവനക്കാരി രാധയുടെ കൊലപാതകം പോലീസ് അട്ടിമറിക്കാൻ ഉപയോഗപ്പെടുത്തിയ കാര്യം വെളിപ്പെടുത്തിയത് സ്വന്തം സഹോദരൻ ഭാസ്കരനാണ്. ഇത്തരത്തിൽ നിരവധി സംഭവങ്ങൾ

കേരളത്തിൽ നടന്നുകൊണ്ടിരിക്കുകയാണ്. 2003 മേയ് 2-ാം തീയതി കേരളത്തിന്റെ മതസൗഹാർദ്ദത്തെ തച്ചുടച്ചുകൊണ്ട് നടന്ന മാറാട് കലാപവും കേരളത്തെ ഞെട്ടിച്ച തീവ്രവാദ അക്രമത്തിന്റെ അന്വേഷണവും സി.ബി.ഐ.-യെ ഏൽപ്പിക്കണമെന്ന ആവശ്യം മുസ്ലീംലീഗിന്റെ സമ്മർദ്ദത്തിനുവഴങ്ങി അട്ടിമറിക്കുന്ന നിലപാടാണ് ശ്രീ. എ. കെ. ആന്റണിയും തുടർന്ന് ശ്രീ. ഉമ്മൻ ചാണ്ടിയും സ്വീകരിച്ചത്. മാറാട് കൂട്ടക്കൊലയ്ക്ക് പിന്നിൽ വളരെ ശക്തമായ ഗൂഢാലോചനയുണ്ടെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി കണ്ടെത്തിയിട്ടും അന്വേഷണം നടത്താൻ ശിപാർശ ചെയ്യാൻ തയ്യാറാകാത്ത ചരിത്രം കേരളത്തിലുണ്ട്. എൽ.ഡി.എഫ്. അധികാരത്തിൽ വന്നതിനുശേഷം പ്രത്യേക അന്വേഷണ സംഘം രൂപീകരിച്ച് എഫ്.ഐ.ആർ. തയ്യാറാക്കി കോടതിയിൽ സമർപ്പിച്ച അനുഭവം നമ്മളാരും മറന്നിട്ടില്ല. സുൽത്താൻ ബത്തേരിയിൽ ഓഫീസിൽ കയറി എക്സിക്യൂട്ടീവ് എഞ്ചിനീയറെ മർദ്ദിച്ചതിന് നേതൃത്വം കൊടുത്തത് അന്നത്തെ ഒരു ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റാണ്. കോൺഗ്രസ്സുകാർ പ്രതികളായി പോലീസ് സ്റ്റേഷനിൽ നിൽക്കുമ്പോഴാണ് അന്ന് അവിടത്തെ എം.എൽ.എ., ഡി.സി.സി. പ്രസിഡന്റ് എന്നിവർ പോലീസ് സ്റ്റേഷൻ ആക്രമിച്ച് പ്രതികളെ ഇറക്കിക്കൊണ്ടുപോയത്. യൂത്ത് കോൺഗ്രസ്സുകാരും

കെ.എസ്.യു.-വും നിയമം കയ്യിലെടുത്ത് പോലീസിനെ നിഷ്ക്രിയമാക്കുന്ന അനുഭവമാണ് മുൻ കാലഘട്ടങ്ങളിൽ നമ്മുടെ മുമ്പിലുള്ളത്. ഇപ്പോൾ യു.ഡി.എഫ്. പ്രതിഷേധങ്ങളുടെ പേരിൽ മുഖ്യമന്ത്രിയെ വിമാനത്തിൽവച്ചുവരെ ആക്രമിക്കാൻ തയ്യാറാകുന്ന തരത്തിലേയ്ക്ക് കോൺഗ്രസ്സിന്റെ ഗുണ്ടകളെ അയയ്ക്കുകയാണ്. അതുമാത്രമല്ല, പോലീസ് കേസ്സെടുത്ത് തിരിച്ചുവരുമ്പോൾ മാലയിട്ട് സ്വീകരിക്കുന്ന അനുഭവമല്ലേ ഇവിടെയുണ്ടായിട്ടുള്ളത്. ക്രമസമാധാന സംവിധാനങ്ങൾ നിങ്ങളുടെ കാലഘട്ടത്തിൽ നടപ്പിലാക്കിയിട്ടുണ്ടോ? ഇപ്പോഴും കോൺഗ്രസ്സും ബി.ജെ.പി.-യും ആർ.എസ്.എസ്.-ഉം ഒന്നിച്ചുചേർന്ന് കേരളത്തെ കലാപഭൂമിയാക്കാനുള്ള ശ്രമമാണ് നടത്തിവരുന്നത്. ഇവിടെ കുറച്ച് മാസങ്ങളായി ഒട്ടേറെ പ്രതിഷേധങ്ങളുണ്ടാകുകയാണ്. എന്തിനാണ് പ്രതിഷേധം? കുലസ്ത്രീകളുടെ മൊഴി വെളിപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ സ്വർണ്ണക്കടത്തിന്റെ പേരിലാണ്. സ്വർണ്ണക്കടത്ത് കേസ്സിൽ പ്രതിയായ ഒരു സ്ത്രീയുടെ മൊഴിയുമായി ബന്ധപ്പെട്ട് എന്തെല്ലാം കാര്യങ്ങളാണ് കേരളത്തിലുണ്ടായിരുന്നത്. ഇതിൽ ഉന്നത നേതാക്കന്മാരെയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെയും കുടുംബത്തെയും വലിച്ചിഴച്ചു. ഇന്ത്യയിൽ ഏതെങ്കിലും സംസ്ഥാനത്ത് മുഖ്യമന്ത്രിയെ

വിമാനത്തിൽവച്ച് ആക്രമിച്ച ചരിത്രമുണ്ടോ? ആ സംഭവം നടന്നത് കോൺഗ്രസ്സിന്റെ ഭാഗത്തുനിന്നാണ്. ഇത് കേരളത്തിലെ ജനങ്ങൾ കൃത്യമായി മനസ്സിലാക്കി മുന്നോട്ടുപോകുന്നുണ്ട്. വയനാട് നടന്ന ചില സംഭവങ്ങളുമായി ബന്ധപ്പെട്ട് നമ്മുടെ കുട്ടികൾ ചെയ്ത വിഷയത്തെ സംബന്ധിച്ച് വലിയ ചർച്ചയുണ്ടായി; അത് തെറ്റാണെന്നും പറഞ്ഞു. അവരെ അറസ്റ്റ് ചെയ്ത് ഏകദേശം പന്ത്രണ്ട് ദിവസം ജയിലിലടച്ചു. ഇത്തരത്തിൽ കൃത്യമായ നടപടിയെടുക്കാൻ ആർജ്ജവമുള്ള ഗവൺമെന്റാണ് കേരളത്തിലുള്ളത്. പന്ത്രണ്ട് ദിവസത്തിനുശേഷം ജയിലിൽനിന്ന് ആ ചുണക്കുട്ടികൾ പുറത്തുവന്നു. നീതി നടപ്പിലാക്കാൻ, ശരിയുടെ പക്ഷത്തുറച്ചുനിൽക്കാൻ, ഉശിരരായ ധീര രക്ഷസാക്ഷികളുടെ പിൻമുറക്കാരായാണ് അവരെ കാണേണ്ടത്. നിങ്ങൾ ഇവിടെ എന്താണ് ചെയ്തത്? ആറ് മാസം മുമ്പാണ് ഇടുക്കി പൈനാവിൽ കോളേജ് ക്യാമ്പസിൽ വച്ച് ധീരജിനെ കൊലപ്പെടുത്തിയത്. കൊലപ്പെടുത്തിയവരെ ന്യായീകരിക്കാനുള്ള ശ്രമമാണ് നിങ്ങൾ ഇവിടെ നടത്തിയത്. കൊലപാതകത്തിൽ അപലപിക്കാൻ തയ്യാറായില്ല. നാളിതുവരെ ഖദറിന്റെ കൊലക്കത്തിക്കിരയായ 143 പോരാളികളിൽ മുപ്പത്തിനാലോളം പേർ വിദ്യാർത്ഥികളാണ്. ധീരജിനെ കൊലപ്പെടുത്തിയ സംഭവത്തിൽ നിങ്ങളുടെ

കോൺഗ്രസ് നേതാവ് പറഞ്ഞത് ഇരന്നുവാങ്ങിയ രക്തസാക്ഷിത്വമെന്നാണ്. അപലപിക്കാൻപോലും തയ്യാറാകാത്ത രീതിയിൽ കൊലപാതകങ്ങളെ ന്യായീകരിക്കുകയാണ് നിങ്ങൾ. പ്രതികൾ പുറത്തുവരുമ്പോൾ മാലയിട്ട് സ്വീകരിക്കുന്നതിലൂടെ എന്ത് സന്ദേശമാണ് ഈ സമൂഹത്തിന് നൽകുന്നത്? കേരളത്തിന്റെ സമാധാനാന്തരീക്ഷത്തെ തകർക്കാനും കേരളത്തിൽ നടന്നുകൊണ്ടിരിക്കുന്ന വികസന സാധ്യതകളെയും വികസനങ്ങളെയും മാതൃകാപരമായ പ്രവർത്തനങ്ങളെയും അട്ടിമറിക്കാനുമുള്ള ബോധപൂർവ്വമായ ശ്രമമാണ് കോൺഗ്രസ്സ് നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. കോൺഗ്രസ്സിന്റെ ചരിത്രത്തിൽ ഇതിനുമുമ്പും കൂടെനിന്നവരെ ചതിച്ച് കൊലചെയ്ത അനുഭവമാണുണ്ടായിട്ടുള്ളത്. 1995 മാർച്ച് 16-ന് അന്നത്തെ മുഖ്യമന്ത്രിയായിരുന്ന കെ. കരുണാകരൻ രാജിവയ്ക്കുന്നതിന് തൊട്ടുമുമ്പായി വളരെ വ്യക്തമായി സൂചിപ്പിച്ച ഒരു വിഷയമുണ്ട്. ചാരക്കേസ്സുമായി ബന്ധപ്പെട്ട് 2014-ൽ അദ്ദേഹം ആരോപണത്തിന് വിധേയനായപ്പോൾ, 'ഐ' ഗ്രൂപ്പിൽനിന്ന് 9 എം.എൽ.എ.-മാരെ ചാക്കിട്ടുപിടിച്ച് 'എ' ഗ്രൂപ്പിലാക്കി. സ്വന്തം കക്ഷികളിൽനിന്നുള്ള രാഷ്ട്രീയ കൊലച്ചതിയിൽ മനംനൊന്ത് 1995 മാർച്ച് 16-ന് അന്നത്തെ മുഖ്യമന്ത്രി കെ. കരുണാകരൻ രാജിവയ്ക്കുന്ന വേളയിൽ അദ്ദേഹം പറഞ്ഞ വാക്കുകൾ ഇന്നും മറന്നിട്ടില്ല. അദ്ദേഹം

പറഞ്ഞത്, "ഇതുപോലെ ചതിയന്മാരുണ്ടായിട്ടില്ല, ഇത്രയും നാളത്തെ ജീവിതത്തിനിടയിൽ ഇതുപോലുള്ള രാഷ്ട്രീയ നപുംസകങ്ങളെ ഞാൻ കണ്ടിട്ടില്ല. ഒരു മണിക്കൂറിനകം ബഹുമാനപ്പെട്ട ഗവർണ്ണറെ കണ്ട് ഞാൻ എന്റെ രാജി സമർപ്പിക്കുകയാണ്"എന്നാണ്. 110 കൊല്ലം ജനങ്ങളെ സേവിച്ച കോൺഗ്രസ്സിൽ ഇതുപോലെ ചതിയന്മാരുണ്ടായിട്ടില്ല, ചരിത്രം ഇവർക്ക് മാപ്പ് കൊടുക്കില്ല, ജനങ്ങൾ ഇവരോട് പൊറുക്കില്ല എന്നുപറഞ്ഞത് കേരളം ഭരിച്ചിരുന്ന മുൻ മുഖ്യമന്ത്രി ലീഡർ കെ. കരുണാകരനാണ്. യഥാർത്ഥത്തിൽ കോൺഗ്രസ്സിന് കേരളത്തിലെ ജനങ്ങൾ മാപ്പ് കൊടുക്കില്ല. ഇന്ന് കേരളത്തിന്റെ വികസനങ്ങളെ അട്ടിമറിക്കാൻ നിങ്ങൾ സാമുദായിക മതശക്തികളോടൊപ്പം ചേർന്ന് പ്രവർത്തിക്കുന്നത് കേരളത്തിലെ ജനങ്ങൾക്ക് തിരിച്ചറിയാനാകും. ആ തിരിച്ചറിവ് ഒരിക്കലും കോൺഗ്രസ്സിന് മാപ്പുകൊടുക്കില്ലെന്ന നീതിയാണ് നടപ്പിലാക്കാൻ പോകുന്നതെന്ന് ഈ ഘട്ടത്തിൽ സൂചിപ്പിച്ചുകൊണ്ടും ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി പൂർണ്ണമായി പിന്തുണച്ചുകൊണ്ടും ഞാൻ നിർത്തുന്നു.

<u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അഭിമാനപൂർവ്വം അനുകൂലിക്കുന്നു. രാജ്യത്തിനാകെ മാതൃകയാകത്തക്ക നിലയിൽ ഏറ്റവും കാര്യക്ഷമതയോടെ, കുറ്റാന്വേഷണ മികവോടെ,

സാങ്കേതിക തികവോടെ മുന്നോട്ടുപോകുന്ന സംസ്ഥാനത്തെ പോലീസ് സേനയ്ക്ക് ഒരു ബിഗ് സല്യൂട്ട് നൽകാൻ ഞാൻ ആഗ്രഹിക്കുന്നു. അതിന്റെ ഏറ്റവും വലിയ തെളിവാണ് രാജ്യത്തെ അഴിമതി വിമുക്തവും മികച്ച സേവനം നൽകുന്നതുമായ പോലീസ് സേനയായി ഇന്ത്യൻ പോലീസ് ഫൗണ്ടേഷൻ കേരളാ പോലീസിനെ തെരഞ്ഞെടുത്തത്. നമുക്ക് അഭിമാനിക്കാൻ കഴിയുന്ന ഒരു നേട്ടമാണിത്. ഇവിടെ കോൺഗ്രസ്സും യു.ഡി.എഫ്.-ഉം പോലീസിനെ ഏറ്റവും മോശമായി ചിത്രീകരിക്കാൻ ശ്രമിക്കുകയും ക്രിമിനൽവൽക്കരണത്തെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുകയാണ്. കൊലപാതകം നടത്തുന്നവരെ എന്റെ കുട്ടികളെന്ന് വിളിച്ച് ആശ്ലേഷിക്കുന്ന ഒരു നേതാവിന്റെ കീഴിലാണ് സംസ്ഥാനത്ത് കോൺഗ്രസ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. ധീരജ് രാജേന്ദ്രന്റെ അനുഭവം ഓർക്കുന്നത് നന്നായിരിക്കുമെന്ന് ഭീഷണിപ്പെടുത്തുന്ന ഡി.സി.സി. പ്രസിഡന്റുമാരല്ലേ ഈ സംസ്ഥാനത്തുള്ളത്. മുഖ്യമന്ത്രിയെ കൊലപ്പെടുത്താൻ ശ്രമിച്ചവരെ സ്വന്തം പാർട്ടി പതാകയുമായി ഡി.സി.സി. പ്രസിഡന്റിന്റെ നേതൃത്വത്തിൽ ജാഥയായി പോയി സ്വീകരണ സമ്മേളനം നടത്തുന്ന അധഃപതനത്തിലേയ്ക്ക് കോൺഗ്രസ് എത്തിച്ചേരുമ്പോൾ എന്ത് സന്ദേശമാണ് ഇവർ കേരളത്തിന് നൽകുന്നത്? ബഹുമാനപ്പെട്ട മുതിർന്ന അംഗം തിരുവഞ്ചൂർ രാധാകൃഷ്ണനോട്

എനിക്ക് വലിയ ബഹുമാനമുണ്ട്. ഏതോ ഒരു പോലീസ് സ്റ്റേഷനിൽ സബ് ഇൻസ്പെക്ടറുടെ കസേരയിൽ ഒരു പ്രതി കയറിയിരുന്ന് സെൽഫിയെടുത്തുവെന്ന് അദ്ദേഹം സൂചിപ്പിക്കുകയുണ്ടായി. അദ്ദേഹത്തിന്റെകൂടി നേതാവായ ഞങ്ങളൊക്കെ ബഹുമാനിക്കുന്ന ശ്രീ. ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയായിരുന്ന കാലത്ത് ബുദ്ധിസ്ഥിരതയില്ലാത്തയാൾ മുഖ്യമന്ത്രിയുടെ കസേരയിലിരുന്നത് അദ്ദേഹം മറന്നുപോയോ? യു.ഡി.എഫ്. എന്ത് രാഷ്ട്രീയമാണ് ഇന്ത്യാ മഹാരാജ്യത്ത് ഉയർത്തിക്കൊണ്ട് വരുന്നത്? രണ്ട് എം.പി.-മാർ മാത്രമുണ്ടായിരുന്ന ബി.ജെ.പി. ഇന്ന് രാജ്യം ഭരിക്കുന്നെങ്കിൽ അതിന്റെ കാരണക്കാർ നിങ്ങൾ മാത്രമാണെന്ന് ഓർക്കണം. രണ്ടാം യു.പി.എ. സർക്കാരിന്റെ കാലത്ത് കോടാനുകോടികളുടെ സ്പെക്ട്രം അഴിമതി, കോമൺവെൽത്ത് അഴിമതി, കൽക്കരി കുംഭകോണം എന്നിങ്ങനെ എത്രയോ അഴിമതി കഥകളാണുള്ളത്? ഒരു കാലഘട്ടത്തിൽ കോൺഗ്രസ്സിന്റെ ഏറ്റവും വലിയ നെടുങ്കോട്ടയായിരുന്ന യു.പി.-യിലെ നിങ്ങളുടെ സ്ഥിതി ഇന്നെന്താണ്? പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെയും ഇന്ദിരാ ഗാന്ധിയുടെയും ശ്രീ. രാഹുൽ ഗാന്ധിയുടെയും യു.പി.-യിൽ നാനൂറിലധികം അസംബ്ലി സീറ്റുള്ള സ്ഥാനത്ത് രണ്ടേ രണ്ട് സീറ്റുകളാണ് ഇപ്പോൾ കോൺഗ്രസ്സിനുള്ളത്.

'പൊടി പോലുമില്ല കണ്ടുപിടിക്കാൻ' എന്ന് പറഞ്ഞ് അനിക്സ് സ്പ്രേ പാൽപ്പൊടിയുടെ ഒരു പരസ്യം മുമ്പുണ്ടായിരുന്നു. പല ഇന്ത്യൻ സംസ്ഥാനങ്ങളിലും ഇന്ന് കോൺഗ്രസ്സിനെ 'പൊടി പോലുമില്ല കണ്ടുപിടിക്കാൻ' എന്ന സ്ഥിതിയാണുള്ളത്. ഞങ്ങളാരും അതിൽ സന്തോഷിക്കുന്നില്ല. കോൺഗ്രസ് നിലനിൽക്കണമെന്നാണ് ആഗ്രഹിക്കുന്നത്. എന്നാൽ നിങ്ങൾ സ്വയംകൃതാനർത്ഥംകൊണ്ട് ആ സ്ഥിതിയിലേയ്ക്ക് വന്നിരിക്കുകയാണ്. കേരളത്തിൽ ഇപ്പോൾ വി.ഡി. എന്നുകേട്ടാൽ സംഘ്പരിവാറിന്റെ ആളുകൾ ആവേശഭരിതരായി തുള്ളിച്ചാടുകയാണ്. അത് വി. ഡി. സവർക്കറെ മാത്രം കേട്ടുകൊണ്ടല്ലെന്ന് ഓർമ്മപ്പെടുത്തുകയാണ്. ശ്രീ. കെ. സുധാകരനും ശ്രീ. വി. മുരളീധരനും ഒരേതൂവൽപക്ഷികളായി കേരളത്തിൽ പറക്കുകയാണ്. ശ്രീ. വി. ഡി. സതീശനും ശ്രീ. കെ. സുരേന്ദ്രനും ഒരേ തിരക്കഥയ്ക്കൊത്ത് ആടുകയാണ്. നിങ്ങളുടെ കാലിനടിയിലെ മണ്ണ് ചോരുന്നുവെന്ന സത്യം മനസ്സിലാക്കണം. ആ മണ്ണ് കൊണ്ടുപോകുന്നത് ബി.ജെ.പി. ആണ്. നിങ്ങൾ ഇന്ത്യൻ ദേശീയ മതനിരപേക്ഷതയ്ക്ക് തുരങ്കം വയ്ക്കുകയാണ്. എൽ.ഡി.എഫ്.-നെയും മുഖ്യമന്ത്രിയെയും എതിർക്കുമ്പോൾ നിങ്ങൾ നിഴലിനോടാണ് യുദ്ധം ചെയ്യുന്നതെന്നും കാതലായ പ്രശ്നങ്ങളിൽനിന്നാണ് നിങ്ങൾ

ഒളിച്ചോടുന്നതെന്നും ഓർമ്മപ്പെടുത്തുകയാണ്. അഗ്നിപഥിനെതിരെയും സംസ്ഥാനത്തിന്റെ ധനകാര്യ വിഹിതം വെട്ടിക്കുറച്ചതിനെതിരെയും കേന്ദ്ര അവഗണനയ്ക്കെതിരെയും പാചകവാതക ഇന്ധനവില വർദ്ധനവിനെതിരെയും നമ്മുടെ നാടിന്റെ പൊതുസ്വത്ത് വിറ്റഴിക്കുന്നതിനെതിരെയും നിങ്ങൾ സമരം ചെയ്യുകയോ പ്രതിഷേധം രേഖപ്പെടുത്തുകയോ ഒരക്ഷരം ശബ്ദിക്കുകയോ ചെയ്തിട്ടുണ്ടോ? നിങ്ങൾ ജനാധിപത്യ കശാപ്പിന്റെ ഏറ്റവും വലിയ ഇരകളാണ്. കർണ്ണാടകയിലും മദ്ധ്യപ്രദേശിലും ഗോവയിലും മേഘാലയയിലും മണിപ്പൂരിലും മഹാരാഷ്ട്രയിലുമൊന്നും ജനഹിതത്തിലൂടെ അധികാരത്തിൽ വന്ന സർക്കാരുകളല്ല ഭരിക്കുന്നത്. ഇതിനെതിരായി ശബ്ദിക്കാതെ ബി.ജെ.പി.-യെ കൂട്ടുപിടിച്ചുകൊണ്ട് കോൺഗ്രസ് പാർട്ടി എൽ.ഡി.എഫ്.-നെ എതിർക്കുമ്പോൾ നിങ്ങൾ സ്വയം കുഴിതോണ്ടുകയാണെന്ന് മനസ്സിലാക്കണം. 'വൈദ്യാ സ്വയം ചികിത്സിക്കൂ' എന്നാണ് കോൺഗ്രസ്സിനോടും യു.ഡി.എഫ്.-നോടും സൂചിപ്പിക്കാനുള്ളത്. രാജ്യത്തെ തൊഴിൽനിയമങ്ങൾ അട്ടിമറിക്കപ്പെടുകയും കർഷകവിരുദ്ധ നിയമങ്ങളും നയങ്ങളും കൊണ്ടുവരികയും ചെയ്യുമ്പോൾ ബുൾഡോസർ ഉപയോഗിച്ച് ന്യൂനപക്ഷവേട്ട നടത്തുന്ന രാജ്യമായി ഇന്ത്യാമഹാരാജ്യം മാറുന്ന

സാഹചര്യത്തിൽ അതിനെതിരെ 'നോ' എന്ന് പറയാൻകഴിയാത്തവിധം കോൺഗ്രസ് ദുർബ്ബലമായിരിക്കുന്നു. തീർച്ചയായും നമ്മുടെ സംസ്ഥാനം ഏറ്റവും അഭിമാനകരമായ രീതിയിലുള്ള ക്ഷേമ വികസന പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്നതിലും അത്യുജ്ജ്വലമായ രീതിയിൽ ക്രമസമാധാനപാലനം പരിപോഷിപ്പിക്കുന്നതിലും അഭിമാനിക്കുന്നു. ഈ ധനാഭ്യർത്ഥനകളെ പിന്തുണച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. കെ. യു. ജനീഷ് കുമാർ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കേരളത്തിലെ പോലീസ് സംവിധാനത്തെ ആധുനികവത്കരിച്ച നാളുകളാണ് കടന്നുപോയിട്ടുള്ളത്. മുമ്പൊക്കെ ജനങ്ങളുടെ സ്വത്തിനും ജീവനും സംരക്ഷണം നൽകുന്ന ഉത്തരവാദിത്വം മാത്രമായിരുന്നു പോലീസ് സേനയിൽ നിക്ഷിപ്തമായിരുന്നതെങ്കിൽ ഇപ്പോൾ അതിൽനിന്നെല്ലാം മാറി ജനങ്ങളുടെ എല്ലാ ദുരിതത്തിലും അവർക്കൊപ്പം നിൽക്കുന്ന ഒരു സേനയെന്ന നിലയിലാണ് പോലീസിനെ കാണാൻ കഴിയുന്നത്. ആദരണീയനായ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഇവിടെ ചില മുദ്രാവാക്യങ്ങൾ വിളിച്ചത് കേരളത്തിലെ വലിയ ക്രമസമാധാന പ്രശ്നമായി ഉയർത്തിക്കാട്ടാൻ ശ്രമിച്ചുകൊണ്ടായിരുന്നു. അദ്ദേഹം കേരളത്തിലെ ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്ന അവസരത്തിൽ പോലീസിന്റെ

അവസ്ഥയെക്കുറിച്ച് നമുക്കറിയാം. അന്നത്തെ കോൺഗ്രസ്സിന്റെ പ്രമുഖനായ നേതാവ് ശ്രീ. വി. എം. സുധീരൻ പറഞ്ഞത്, ഗുണ്ടാ-മദ്യ-മണൽ മാഫിയകളുടെ നിയന്ത്രണത്തിലാണ് കേരളത്തിലെ പോലീസ് പ്രവർത്തിക്കുന്നതെന്നാണ്. അന്ന് വളപട്ടണത്ത് മണൽ മാഫിയയെ അറസ്റ്റ് ചെയ്ത എസ്.ഐ.-യെ ഇന്നത്തെ കെ.പി.സി.സി. അദ്ധ്യക്ഷൻ സ്റ്റേഷനിൽ ചെന്ന് പിടിച്ചിറക്കിക്കൊണ്ടുപോകുകയും മണൽ മാഫിയയെ അറസ്റ്റുചെയ്ത എസ്.ഐ.-യെ നിമിഷങ്ങൾക്കുള്ളിൽ കോഴിക്കോട്ടേയ്ക്ക് സ്ഥലം മാറ്റുകയും ചെയ്ത കഥ നമുക്കറിയാം. ശ്രീമതി ബിന്ദുകൃഷ്ണ നിയമലംഘനം നടത്തിയതിന്റെ പേരിൽ കേസ്സെടുത്ത എസ്.ഐ.-യോട് അദ്ദേഹത്തിന്റെ തൊപ്പി തെറിപ്പിക്കുമെന്ന് പറഞ്ഞ് മിനിട്ടുകൾക്കുള്ളിൽ എസ്.ഐ. ശ്രീ. ഷാജു ജോസഫിനെ അവിടെനിന്നും സ്ഥലം മാറ്റിയ ആഭ്യന്തര വകുപ്പാണ് കേരളത്തിലുണ്ടായിരുന്നത്. എന്നാലിന്ന് അഭിമാനപൂർവ്വം കേരളത്തിലെ പോലീസ് സ്വതന്ത്രമായി പ്രവർത്തിക്കുകയാണ്. ഇപ്പോൾ പോലീസ് സേനയുടെ ട്രെയിനിംഗ് സംവിധാനം പരിഷ്കരിക്കുന്നതോടൊപ്പം അംഗബലം വർദ്ധിപ്പിക്കുകയും സൈബർ രംഗത്ത് പ്രത്യേക പരിശീലനം ഓരോ മേഖലകളായി തിരിച്ച് നൽകുകയും ചെയ്തതിന്റെ ഭാഗമായാണ് കേരള പോലീസ് ഈ നേട്ടങ്ങളെല്ലാം കൈവരിക്കുന്നത്. നിരവധി

അവാർഡുകളാണ് കേരള പോലീസിനെ ഓരോ ദിവസവും തേടിയെത്തുന്നത്. എന്റെ നിയോജകമണ്ഡലത്തിൽ കഴിഞ്ഞ ദിവസം പത്താം ക്ലാസിൽ പഠിക്കുന്ന പതിനഞ്ച് വയസ്സുള്ള ഒരു കുട്ടിയെ ബസ് ഡ്രൈവർ വശീകരിച്ചുകൊണ്ടുപോയ സംഭവത്തിൽ കേരള പോലീസ് ഊർജ്ജസ്വലമായി ഇടപെട്ട് മിനിട്ടുകൾക്കുള്ളിൽ ആ പ്രതിയുടെ പേരിൽ ലുക്കൗട്ട് നോട്ടീസ് പുറപ്പെടുവിക്കുകയും സൈബർ വിംഗിനെ ഉപയോഗപ്പെടുത്തി മൂന്ന് ജില്ലകൾ താണ്ടിപോയ ആ പ്രതിയെ മണിക്കൂറുകൾക്കുള്ളിൽ അറസ്റ്റ് ചെയ്ത് ഒരു പോറൽപോലുമേൽക്കാതെ ആ കുട്ടിയെ സംരക്ഷിക്കാനും സാധിച്ചു. ഇതൊന്നും കേരളത്തിലെ മാധ്യമങ്ങൾ കാണുന്നില്ലേ? ആദ്യം അവർ ആഘോഷിക്കാൻ ശ്രമിച്ചു. ആ സംഭവവുമായി ഇടപെട്ട് പ്രവർത്തിച്ച പത്തനംതിട്ട എസ്.പി., മൂഴിയാർ സി.ഐ. ഉൾപ്പെടെയുള്ള പോലീസ് സേനയെ ഈ സന്ദർഭത്തിൽ അഭിനന്ദിക്കുകയാണ്. നിങ്ങൾ ഇതൊന്നും കാണുന്നില്ലെന്ന് മാത്രമല്ല, ആർ.എസ്.എസ്.-ന്റെ നിയമസഭാ ടീമിനെപോലെയാണ് നിങ്ങൾ കേരളത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. അവർ ഓരോദിവസവും ഉയർത്തിക്കൊണ്ടുവരുന്ന വിഷയങ്ങൾക്കനുസരിച്ച് കേരളത്തിലെ പ്രതിപക്ഷവും പ്രതിപക്ഷനേതാവും പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്.

കോൺഗ്രസ്സിന്റെ പുന:സംഘടന നടത്തുമ്പോൾ പ്രതിപക്ഷനേതാവ്, കോൺഗ്രസ് പ്രസിഡന്റ്, വൈസ് പ്രസിഡന്റ് എന്നിവരെയെല്ലാം തെരഞ്ഞെടുക്കുന്നത് ഡൽഹിയിലെ കോൺഗ്രസ്സിന്റെ എ.ഐ.സി.സി. ആസ്ഥാനത്തുവച്ചാണോ അതോ നാഗ്പൂരിലെ ആർ.എസ്.എസ്. ആസ്ഥാനത്തുവച്ചാണോയെന്ന് ഞാൻ സംശയിക്കുന്നു. കാരണം, ബി.ജെ.പി.-യിലേയ്ക്ക് പോകാൻ തീരുമാനിച്ചാൽ പോകുമെന്ന് പറയുന്ന ആളാണ് നിങ്ങൾ തെരഞ്ഞെടുത്ത കെ.പി.സി.സി. അദ്ധ്യക്ഷൻ. കെ.പി.സി.സി.-യുടെ വൈസ് പ്രസിഡന്റാണ് ശ്രീ. വി. ടി. ബൽറാം ആർ.എസ്.എസ്.-ന്റെ ഒരു പരിപാടിയിൽ പങ്കെടുക്കുന്നതിന്റെ ചിത്രമാണിത്. (ഫോട്ടോക്ലിപ് ഉയർത്തിക്കാണിച്ചു). ആർ.എസ്.എസ്. സേവാപ്രവർത്തനം സമൂഹത്തിന് മാതൃകയെന്നാണ് അദ്ദേഹം പ്രസംഗിച്ചത്. ഏത് ആർ.എസ്.എസ്.-നെക്കുറിച്ചാണ് ശ്രീ. വി. ടി. ബൽറാം പ്രസംഗിച്ചത്; ഗുജറാത്തിലെ നിങ്ങളുടെ എം.പി.-യെ ചുട്ടുകൊന്ന ആർ.എസ്.എസ്.-നെക്കുറിച്ചാണോ; ഒഡീഷയിൽ ഗ്രഹാം സ്റ്റെയിൻസ് എന്ന മിഷനറിയെയും അദ്ദേഹത്തിന്റെ മക്കളായ ഫിലിപ്പ്, തിമോത്തി എന്നീ പിഞ്ചുകുഞ്ഞുങ്ങളെയും ചുട്ടുകൊന്ന ആർ.എസ്.എസ്.-നെ സംബന്ധിച്ചാണോ പ്രസംഗിക്കുന്നത്? രാജ്യത്താകെ വർഗ്ഗീയ കലാപങ്ങൾ

നടത്താൻ ശ്രമിക്കുന്ന ആർ.എസ്.എസ്.-നെയാണോ സേവാപ്രവർത്തനത്തിന്റെ ഉത്തമ മാതൃകയെന്ന് നിങ്ങൾ വിശേഷിപ്പിക്കുന്നത്. വി. ഡി. സവർക്കറെ സ്മരിക്കപ്പെടുന്ന രീതിയിലാണ് പ്രതിപക്ഷനേതാവ് ശ്രീ. വി. ഡി. സതീശൻ പ്രവർത്തിച്ചു കൊണ്ടിരിക്കുന്നത്. കഴിഞ്ഞ ദിവസങ്ങളിൽ എന്തെല്ലാം വെളിപ്പെടുത്തലുകളാണുണ്ടായത്? ആർ.എസ്.എസ്. നിയന്ത്രിക്കുന്ന ഭാരതീയ വിചാര കേന്ദ്രത്തിന്റെ തൃശ്ശൂർ ജില്ലാ സമ്മേളനത്തിൽ ശ്രീ. വി. ഡി. സതീശൻ പങ്കെടുക്കുന്ന ചിത്രമാണിത് (ഫോട്ടോക്ലിപ് ഉയർത്തിക്കാണിച്ചു). അദ്ദേഹം അത് നിഷേധിച്ചിട്ടില്ല. അദ്ദേഹം അവിടെ നടത്തിയ പ്രസംഗത്തെ സംബന്ധിച്ച ചർച്ചയാണ് ഉയർന്നുവരുന്നത്. അദ്ദേഹം പറഞ്ഞത്, ബി.ജെ.പി.-യുടെ സംസ്ഥാന നേതാവ് ശ്രീ. സദാനന്ദൻ മാസ്റ്റർ, നടത്തിയ പ്രസംഗം ഞങ്ങളെപോലും (സംഘാംഗങ്ങളെപോലും) അത്ഭുതപ്പെടുത്തുന്നതാണെന്നും കരഘോഷത്തോടെയാണ് ഞങ്ങൾ അദ്ദേഹത്തിന്റെ പ്രസംഗത്തെ സ്വീകരിച്ചതെന്നുമാണ്. ഇത് 2006 ഡിസംബർ 21-ാം തീയതി ഞായറാഴ്ച പറവൂരിലെ മനക്കരപ്പടി ശാഖയിൽ ഗോൾവാൾക്കറുടെ ജന്മശതാബ്ദി ആഘോഷത്തിൽ പങ്കെടുത്തതായി സമൂഹമാധ്യമങ്ങളിലെല്ലാം പ്രചരിക്കുന്ന ചിത്രമാണ് (ഫോട്ടോക്ലിപ്

ഉയർത്തിക്കാണിച്ചു). അക്കാര്യവും അദ്ദേഹം നിഷേധിച്ചിട്ടില്ല. അദ്ദേഹം സ്ഥിരമായി ആർ.എസ്.എസ്. വേദികളിൽ പങ്കെടുക്കുന്നു. ബി. ആർ. അംബേദ്കറുടെയും ശ്രീനാരായണ ഗുരുദേവന്റെയും അയ്യങ്കാളിയുടെയും വാഗ്ഭടാനന്ദന്റെയും മന്നത്ത് പത്മനാഭന്റെയും ജന്മശതാബ്ദി പരിപാടികളിൽ അവരോടുള്ള ആദർശത്തോട് യോജിച്ചുകൊണ്ടാണ് നമ്മൾ പങ്കെടുക്കുന്നത്. മാധവ സദാശിവ ഗോൾവാൾക്കറെ അറിയാത്ത ആളല്ല ശ്രീ. വി. ഡി. സതീശൻ. അദ്ദേഹംതന്നെ പറഞ്ഞിട്ടുള്ളത് പ്ലസ്ടുവിന് പഠിക്കുന്ന കാലംമുതൽ 'വിചാരധാര' എന്ന പുസ്തകം അദ്ദേഹം വായിച്ചിട്ടുണ്ടെന്നാണ്. അദ്ദേഹത്തിന്റെ ഏത് ആദർശത്തെയാണ് ഗോൾവാൾക്കറുടെ ജന്മശതാബ്ദിയിൽ പങ്കെടുക്കാൻമാത്രം ആകർഷകനാക്കിയിട്ടുള്ളത്? 'വിചാരധാര' എന്ന പുസത്കത്തിലൂടെ ബ്രീട്ടീഷുകാർക്കെതിരെ സമരം ചെയ്ത സവർണ്ണ ഹൈന്ദവ യുവാക്കളോട് ഗോൾവാൾക്കർ പറഞ്ഞത്, സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്ത് നിങ്ങളുടെ ഊർജ്ജം പാഴാക്കരുത്; ബ്രിട്ടീഷുകാരല്ല നമ്മുടെ ശത്രു, ഒന്നാം നമ്പർ ശത്രു ക്രിസ്ത്യാനികളും രണ്ടാം നമ്പർ ശത്രു മുസ്ലീങ്ങളും മൂന്നാം നമ്പർ ശത്രു കമ്മ്യൂണിസ്റ്റുകാരുമാണെന്നാണ്. ഇന്ത്യയിലെ ക്രിസ്ത്യാനികളും മുസ്ലീങ്ങളുമെല്ലാം രാജ്യത്തിന്റെ ശത്രുക്കളാണെന്ന് പഠിപ്പിച്ച ഗോൾവാൾക്കറുടെ വാക്കുകളാണോ ശ്രീ. വി.

ഡി. സതീശനെ ഗോൾവാൾക്കറുടെ ജന്മശതാബ്ദി പരിപാടിയിൽ പങ്കെടുക്കാൻ ആകർഷിപ്പിച്ചത്. ആദരണീയനായ മുൻപ്രതിപക്ഷ നേതാവ് പറഞ്ഞത്, ഞാനായിരുന്നെങ്കിൽ ആ പരിപാടിക്ക് പോകില്ലെന്നാണ്. അത് ശരിയായിരിക്കാം. പക്ഷേ ഒരു പഞ്ചായത്ത് മെമ്പറോ, ഒരു എം.എൽ.എ.-യോ, ഒരു എം.പി.-യോ അവിടെ പോയാൽ നിങ്ങൾക്കിനി അവരെ തിരുത്താൻ സാധിക്കുമോ; കാരണം ഇപ്പോൾ പോയിരിക്കുന്നത് പ്രതിപക്ഷ നേതാവാണ്. നിങ്ങളുടെ ഒരു മണ്ഡലം പ്രസിഡന്റ്, ഡി.സി.സി. പ്രസിഡന്റ്, ബ്ലോക്ക് പ്രസിഡന്റ് എന്നിവരിൽ ആരെങ്കിലും അവർക്ക് തോന്നുമ്പോൾ കോൺഗ്രസ്സിലേയ്ക്കും ബി.ജെ.പി.-യിലേയ്ക്കും പോകുമെന്ന് പറഞ്ഞാൽ നിങ്ങൾക്ക് തിരുത്താൻ സാധിക്കുമോ? മുസ്ലീംലീഗിന്റെ ശ്രീ. കെ. എൻ. എ. ഖാദർ പോയതുമായി ബന്ധപ്പെട്ട് ഒരു വിഷയം ഉയർന്നുവന്നപ്പോൾ ജനത്തിന്റെ മുന്നിൽ അവരുടെ അണികളെ ബോദ്ധ്യപ്പെടുത്താനെങ്കിലും ഒരു താക്കീത് നൽകിയെന്നാണ് ഞാൻ മാധ്യമങ്ങളിൽനിന്നും വായിച്ചത്. ഞങ്ങൾക്ക് ഇത് പറയുമ്പോൾ വേദനയുണ്ട്; കാരണം നീണ്ടകാലമാണ് ആർ.എസ്.എസ്. കേരളത്തിൽ വേരോട്ടം നടത്താൻ ശ്രമിച്ചത്. ഞങ്ങളുടെ ബ്രാഞ്ച് തലംമുതൽ അഖിലേന്ത്യാതലം വരെയുള്ള എത്രയെത്ര സഖാക്കളെയാണ് കൊലപ്പെടുത്തിയത്; എന്നിട്ടിപ്പോൾ സഖാവ്

പിണറായി വിജയന് വിലയിടാൻ ഇറങ്ങിയിരിക്കുകയാണ്. സഖാവ് പിണറായി വിജയന് വിലയിടാൻ ഇവർക്ക് എന്ത് യോഗ്യതയാണുള്ളത്; ശ്രീ. പിണറായി വിജയനെ കേരളസമൂഹത്തിനറിയാം. തലശ്ശേരി കലാപകാലത്ത് പതിറ്റാണ്ടുകൾക്കുമുമ്പ് ആർ.എസ്.എസ്. പ്രവർത്തകർ മുസ്ലീം വീടുകളും ആരാധനാലയങ്ങളും ആക്രമിക്കുന്ന ഘട്ടത്തിൽ അവിടത്തെ പാർട്ടിയെ ഉപയോഗിച്ച് ക്യാമ്പുകൾ സംഘടിപ്പിച്ചുകൊണ്ട് ധീരമായി അതിനെ ചെറുക്കുകയുണ്ടായി. യു. കെ. കുഞ്ഞിരാമനെന്ന ഞങ്ങളുടെ ബ്രാഞ്ച് സെക്രട്ടറി അവരെ എതിർത്തതിന്റെയും പള്ളി സംരക്ഷിക്കാൻ പോയതിന്റെയും പേരിൽ രക്തസാക്ഷിത്വം വരിച്ചയാളാണ്. യു. കെ. കുഞ്ഞിരാമൻ മാത്രമല്ല, കണ്ണൂർ കൂത്തുപറമ്പിലെ സഖാവ് കെ. വി. സുധീഷും ഇന്ന് കേരള രാഷ്ട്രീയത്തിൽ ജ്വലിക്കുന്ന മുഖമായി കാണേണ്ട വ്യക്തിത്വമായിരുന്നു. എസ്.എഫ്.ഐ.-യുടെ കേന്ദ്രകമ്മിറ്റി അംഗമായി കേരളത്തിലെ വിദ്യാർത്ഥി സംഘടനാ പ്രവർത്തനത്തിന് മാസങ്ങളോളം നേതൃത്വം കൊടുത്തതിനുശേഷം ഒരു ദിവസം ആ ചെറ്റക്കുടിലിൽ അച്ഛനോടും അമ്മയോടുമൊപ്പം കിടന്നുറങ്ങി, ഇത്തിരി കഞ്ഞി കുടിക്കാൻ പോകുമ്പോഴാണ് അന്ന് അവിടെ ആധിപത്യം ഉറപ്പിക്കാൻ ശ്രമിച്ച ആർ.എസ്.എസ്. പ്രവർത്തകർ ആ ചെറ്റക്കുടിലിന്റെ വാതിൽപ്പാളികൾ

ചവിട്ടിപ്പൊളിച്ച് അകത്ത് കടന്ന് അച്ഛന്റെയും അമ്മയുടെയും മുന്നിലിട്ട് ഞങ്ങളുടെ പ്രിയപ്പെട്ട സഖാവ് കെ. വി. സുധീഷിനെ 24 കഷണങ്ങളാക്കി കൊലപ്പെടുത്തിയത്. അതുകൊണ്ടാണ് ഞങ്ങൾ കേരളത്തിൽ ആർ.എസ്.എസ്.-നെ ചെറുത്തിട്ടുള്ളത്. ഇതിലെല്ലാം ഞങ്ങൾക്ക് വേദനയുണ്ട്. നിങ്ങളുടെ ഖദറിനുള്ളിൽ കാവിയായി വീണ്ടും അവർ രൂപപ്പെട്ടുവരികയാണ്. ഇന്ത്യയിലെ മറ്റുപല സംസ്ഥാനങ്ങളിലെയും കാഴ്ച അതുതന്നെയായിരുന്നു. നിങ്ങളുടെ മുഖ്യമന്ത്രിമാരും പ്രതിപക്ഷ നേതാക്കന്മാരും ഗോവയിലെ അമ്പലത്തിൽപ്പോയി സത്യപ്രതിജ്ഞ ചെയ്ത് നിങ്ങൾ കൊണ്ടുവന്നവരെല്ലാം ഇപ്പോൾ പോകാൻ ശ്രമിക്കുകയാണ്. കോൺഗ്രസ്സ് നേതൃത്വത്തിന്റെ ഈ പ്രവർത്തനത്തിൽനിന്നും തിരുത്തണമെന്ന് മുസ്ലീംലീഗെങ്കിലും പറഞ്ഞുകൊടുക്കണം. ഭാവികേരളം മതേതരത്വം സംരക്ഷിക്കുന്ന നാടായി മാറുന്നതിന് നിങ്ങൾകൂടി സഹകരിക്കണമെന്ന് മാത്രം സൂചിപ്പിച്ചുകൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

<u>ശ്രീ. എം. നൗഷാദ്</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ദൈവത്തിന്റെ സ്വന്തം നാടായ കേരളത്തിൽ ജനങ്ങൾക്ക് മനസ്സമാധാനം നൽകി ക്രമസമാധാനം ഉറപ്പുവരുത്തി, യു.ഡി.എഫ്.-ന്റെ

മനസ്സമാധാനം ഇല്ലാതാക്കി മുന്നോട്ടുപോകുന്ന പോലീസ് വകുപ്പിനെയും അതിന് നേതൃത്വം നൽകുന്ന മുഖ്യമന്ത്രിയെയും ഹൃദയപൂർവ്വം അഭിനന്ദിക്കുകയാണ്. ഇന്നലെവരെ പോലീസിന്റെ പ്രധാന ചുമതലകളായി കേസ് അന്വേഷണവും ലാ ആൻഡ് ഓർഡറുമായിരുന്നു. അതിൽനിന്ന് വ്യത്യസ്തമായി ജനങ്ങളുടെ മിത്രവും സേവകരുമായി എന്തിനും ഏതിനും സമീപിക്കുവാൻ കഴിയുന്ന സ്ഥലമായി പോലീസ് സ്റ്റേഷനുകളെയും പോലീസ് സേനയെയും മാറ്റിയ ഭരണമാണ് സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിൽ നടന്നുകൊണ്ടിരിക്കുന്നത്. പ്രതിപക്ഷം കിളിപറന്നുപോയ അവസ്ഥയിലാണ്; ഇനി അതിൽ ചെമ്പരത്തിപ്പൂവ് ചൂടിവയ്ക്കണം. കുറ്റാന്വേഷണങ്ങൾക്കായി കേരള പോലീസിന് ലഭിച്ച അവാർഡുകളെക്കുറിച്ച് കേൾക്കുന്നത് അവർക്ക് കള്ള് കുടിച്ച കുരങ്ങനെ തേള് കുത്തിയ അവസ്ഥയുണ്ടായതുപോലെയാണ്. ആ അവസ്ഥയിലേയ്ക്ക് അവർ മാറിക്കൊണ്ടിരിക്കുകയാണ്. പോലീസ് സേന രക്തം ദാനം ചെയ്യുന്നതിനുവേണ്ടി ആപ്പ് ഡെവലപ് ചെയ്ത് അതിലൂടെ രക്തം ദാനം ചെയ്യുന്നവർക്കും ആവശ്യക്കാർക്കും യഥേഷ്ടം നൽകുന്നതിന് സംവിധാനമൊരുക്കിയിട്ടുണ്ട്. പോലീസ് സ്റ്റേഷനിൽ വരാതെതന്നെ പരാതി നൽകാനുള്ള സംവിധാനം തിരുവനന്തപുരത്തും കൊച്ചിയിലും

ആരംഭിച്ചതുപോലെ സംസ്ഥാനമൊട്ടാകെ വ്യാപിപ്പിക്കാനാണ് തീരുമാനിച്ചിരിക്കുന്നത്. കലാകായികമേഖലയിൽപ്പോലും പോലീസ് സേനയെ ജനോപകാരപ്രദമാക്കി മാറ്റുന്നതിനും അവരുടെ കലാ-കായിക പ്രോത്സാഹനത്തിനുവേണ്ടി, കായിക രംഗത്തെ അഭിമാനമായ ശ്രീ. ഐ. എം. വിജയനെ അതിന്റെ ഡയറക്ടറാക്കി നിയമിച്ചുകൊണ്ട് പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുകയുമാണ്. വിസ്മയകേസ്, ഉത്ര കേസ്, എ.ടി.എം. തട്ടിപ്പ് എന്നീ കേസുകളിലെ പ്രതികളെ നിയമത്തിന്റെ മുന്നിൽക്കൊണ്ടുവരാൻ സംസ്ഥാന പോലീസിന് സാധിച്ചു. ഇവിടെ വർഗ്ഗീയ സംഘർഷമുണ്ടാക്കാൻവേണ്ടി വളരെ ബോധപൂർവ്വം നടത്തിയ വാട്സ്ആപ്പ് ഹർത്താലിന്റെ ആഹ്വാനംകേട്ട് പുളകിതരായി ഹർത്താൽ സംഘടിപ്പിക്കുന്നതിന് നേതൃത്വം കൊടുത്തവർ പ്രതിപക്ഷത്തുണ്ട്. വർഗ്ഗീയ സംഘർഷമുണ്ടാക്കുന്നതിനുവേണ്ടിയാണ് വാട്സ്ആപ്പ് ഹർത്താൽ നടത്തിയതെന്ന് കണ്ടെത്തുകയും അതിലെ പ്രതികളെ നിയമത്തിന്റെ മുമ്പിൽ കൊണ്ടുവരികയും ചെയ്തു. മതന്യൂനപക്ഷങ്ങളുടെ കേന്ദ്രങ്ങളിലേയ്ക്ക് യാതൊരു അറിയിപ്പും കൊടുക്കാതെ, വളരെ രഹസ്യമായി മാർച്ച് സംഘടിപ്പിച്ച സംഘ്പരിവാറിനെ അവരുടെ നീക്കങ്ങളെ തിരിച്ചറിഞ്ഞുകൊണ്ട് ഈ രാജ്യത്തെ കലാപങ്ങളിൽനിന്ന് സംരക്ഷിച്ച പോലീസാണ് കേരളത്തിലെ

പോലീസ് സേന. കേരള പോലീസ് ഈ കാലയളവിനുള്ളിൽ ഇന്ത്യയിലെ ഏറ്റവും മികച്ച പോലീസ് സേനയെന്ന നിലയിൽ നിരവധി അവാർഡുകൾ കരസ്ഥമാക്കിയിട്ടുണ്ട്. ഈ പോലീസ് സേനയെ ഉപയോഗിച്ച് ഗവൺമെന്റ് മുന്നോട്ടുപോകുമ്പോൾ ഇവിടെ ഫാസിസ്റ്റ് ശക്തികളുമായും വർഗ്ഗീയശക്തികളുമായും കൂട്ടുപിടിച്ചുകൊണ്ട്; ആലപ്പുഴയിലും പാലക്കാട്ടും ഇരട്ടക്കൊലകൾ വളരെ ബോധപൂർവ്വം സംഘടിപ്പിച്ച്; നമ്മുടെ സംസ്ഥാനത്തെ കലാപ ഭൂമിയാക്കി മാറ്റുന്നതിനുള്ള പരിശ്രമങ്ങൾ നടത്തിയപ്പോൾ അതിനെ തടയുകയും അതുമായി ബന്ധപ്പെട്ട പ്രശ്നം പരിഹരിക്കുകയും ചെയ്തുകൊണ്ട് കേരളത്തെ സംരക്ഷിച്ച ഭരണമാണ് സഖാവ് പിണറായി വിജയൻ നടത്തിക്കൊണ്ടിരിക്കുന്നത്. ശ്രീ. എൻ. ഷംസുദ്ദീൻ ഫാസിസ്റ്റ് ശക്തികൾക്കെതിരായ പോരാട്ടത്തെക്കുറിച്ച് സൂചിപ്പിച്ചു. കർണ്ണാടകയിൽ എന്താണ് കോൺഗ്രസ്സ് ചെയ്തുകൊണ്ടിരിക്കുന്നത്? ജനം തോൽപ്പിക്കുന്ന ബി.ജെ.പി.-യെ, ജനത്തെ തോൽപ്പിച്ചുകൊണ്ട് ഭരണത്തിലെത്തിക്കുന്ന പണി നടത്തുന്നവരാണ് കോൺഗ്രസ്സ്. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ കർണ്ണാടകയിൽ ജയിച്ചത് ആരാണ്? കഴിഞ്ഞ തെരഞ്ഞെടുപ്പിൽ അവിടെ ഭരണം നടത്തിക്കൊണ്ടിരുന്ന ബി.ജെ.പി.-യെ ജനം തോൽപ്പിക്കുകയും

കോൺഗ്രസ്സിനെ അധികാരത്തിലെത്തിക്കുകയും ചെയ്തു. ഇപ്പോൾ അവിടെ ഭരിക്കുന്നതാരാണ്; ബി.ജെ.പി.-യാണ്. മധ്യപ്രദേശിൽ തുടർച്ചയായി ഭരിച്ചുകൊണ്ടിരുന്ന ബി.ജെ.പി.-യെ സഹികെട്ട് ജനം തോൽപ്പിച്ചു; പക്ഷേ അവിടെ ഭരിക്കുന്നതാരാണ്? ജനം തോൽപ്പിച്ച ബി.ജെ.പി.-യെ അധികാരത്തിലെത്തിക്കുന്ന പണിയാണ് നിങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നത്. ഇപ്പോൾ ഗോവയുടെ കാര്യം സൂചിപ്പിച്ചു, എങ്ങനെയാണ് നിങ്ങൾ ഫാസിസ്റ്റ് വിരുദ്ധ പോരാട്ടം കോൺഗ്രസ്സിനെവച്ച് നടത്തുന്നത്? അമ്പലത്തിലും പള്ളിയിലും കൊണ്ടുപോയി സത്യം ചെയ്യിക്കുന്നു; എന്തൊരു ഗതികേടാണ്; ആ കോൺഗ്രസ്സിനെവച്ചുകൊണ്ട് എങ്ങനെയാണ് നിങ്ങൾക്ക് മുന്നോട്ടുപോകാൻ കഴിയുന്നത്? ഈ യാഥാർത്ഥ്യം മനസ്സിലാക്കണം. ഇപ്പോൾ വി.ഡി.എസ്. എന്ന് കേട്ടാൽ സംഘ്പരിവാറുകാർ പുളകിതരാവുകയാണ്. വി. ഡി. സവർക്കർ എന്നല്ലേ; അതുപോലെ വി.ഡി. സതീശൻ XXXXXXX+ ഇതാണ് യാഥാർത്ഥ്യം; ഇത് കേരളം തിരിച്ചറിഞ്ഞുകൊണ്ടിരിക്കുകയാണ്. തൊട്ടതിനും പിടിച്ചതിനുമെല്ലാം അദ്ദേഹം പ്രതികരണം നടത്തുമല്ലോ; കഴിഞ്ഞ ദിവസം ഈ വാർത്ത വന്നിട്ടും അദ്ദേഹം ഇതുവരെ അതിനോട് പ്രതികരിച്ചിട്ടില്ല. അബദ്ധം

\+ ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവുപ്രകാരം (ഫയൽ നമ്പർ 12645/ഇ.ബി./2022/നി.സെ. തീയതി 15-07-2022) സഭാരേഖയിൽനിന്നും നീക്കം ചെയ്തു.

പറ്റിയതാണെങ്കിൽ അതെങ്കിലുമൊന്ന് പറയണ്ടേ? മാത്രമല്ല, ബഹുമാനപ്പെട്ട മന്ത്രി പി. രാജീവിനെതിരായി ആക്ഷേപവും ഉന്നയിച്ചു. ഞാൻ പറയാം, നമ്മുടെ പ്രിയങ്കരനായ വ്യവസായ വകുപ്പുമന്ത്രി ശ്രീ. പി. രാജീവ് പ്രതിപക്ഷനേതാവിനെ പരസ്യമായി വെല്ലുവിളിച്ചു. അദ്ദേഹമത് കേട്ടതായി നടിക്കുന്നില്ല. ഇതാണ് ശ്രീ. വി. ഡി. സതീശൻ; നിങ്ങളുടെ പ്രതിപക്ഷ നേതാവ്, ഈ നേതാവിനെവച്ചുകൊണ്ടാണ് നിങ്ങൾ മുന്നോട്ടുപോകുന്നതെന്ന് മറക്കണ്ട. ഇവിടത്തെ ക്രമസമാധാനം തകർക്കുന്നതിനുവേണ്ടി കോൺഗ്രസ് ചെയ്തതെന്താണ്; ഇരന്നുവാങ്ങിയ രക്തസാക്ഷിത്വമെന്ന് പറഞ്ഞതാരാണ്? കെ.പി.സി.സി. പ്രസിഡന്റാണ് പറഞ്ഞത്. അദ്ദേഹത്തിന്റെ പൂർവ്വകാല ചരിത്രമെന്താണ്, അദ്ദേഹം ആരുടെ സ്ഥാനാർത്ഥിയായിട്ടാണ് തെരഞ്ഞെടുപ്പിൽ മത്സരിച്ചിട്ടുള്ളത്? ഇവിടെ വന്ന് ഓരോരുത്തരുടേയും ചരിത്രം പരിശോധിക്കുന്നവർ ശ്രീ. കെ. സുധാകരന്റെ ചരിത്രമൊന്ന് പരിശോധിക്കണം. അദ്ദേഹം ഏത് പാർട്ടിയിലായിരുന്നുവെന്നും ആരോടൊപ്പമായിരുന്നെന്നും അദ്ദേഹത്തിന്റെ സന്തതസഹചാരികൾ ആരൊക്കെയായിരുന്നെന്നും പരിശോധിക്കണം. സംഘ്പരിവാറുമായി എന്നും ബന്ധം തുടരുന്നതും പുലർത്തുന്നതും അദ്ദേഹമായതുകൊണ്ടാണ് ബി.ജെ.പി.-യുമായി ചേർന്ന് ഇവിടെ

കലാപമുണ്ടാക്കാൻ ശ്രമിക്കുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ വിമാനത്തിൽ ആക്രമിക്കാൻ ശ്രമിച്ചവരെ 'എന്റെ ചുണക്കുട്ടികൾ' എന്നുപറഞ്ഞതിലൂടെ എന്ത് മെസേജാണ് കേരളത്തിന് അദ്ദേഹം നൽകുന്നത്? ഇവിടെ ഇഷ്ടമുള്ള ഭക്ഷണം കഴിക്കുന്നതിനെക്കുറിച്ചും ബീഫിന്റെ വിവാദത്തെക്കുറിച്ചും സൂചിപ്പിച്ചല്ലോ. ഇന്ത്യയിൽ ഇന്ന് മനസ്സമാധാനത്തോടെ ബീഫ് വെട്ടാനും വിൽക്കാനും കഴിക്കാനും കഴിയുന്നത് സഖാവ് പിണറായി വിജയന്റെ കേരളമാണെന്ന കാര്യം മുസ്ലീംലീഗുകാർ ഓർക്കുന്നത് നല്ലതായിരിക്കും. ഇത്തരത്തിൽ കേരളം മുന്നോട്ടുപോകുന്നത് കേരളത്തിന്റെ കരുത്തനായ നേതാവ് സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിലാണ്. അത് ഇന്നും ഇന്നലെയും തുടങ്ങിയതല്ല, ശ്രീ. പിണറായി വിജയൻ പാർട്ടി സെക്രട്ടറിയായിരുന്ന കാലംമുതൽ അദ്ദേഹത്തിനെതിരെ പ്രവർത്തിക്കാൻ തുടങ്ങിയതാണ്. ആദ്യം എന്താണ് നിങ്ങൾ പ്രചരിപ്പിച്ചത്; ഒരു ഗൾഫുകാരന്റെ വീട് ശ്രീ. പിണറായി വിജയന്റെ വീടാണെന്നുപറഞ്ഞ് പ്രചരിപ്പിച്ചത് മറന്നുപോയോ? അതിനുശേഷം അഴിമതി നടത്തിയെന്നുപറഞ്ഞ് നിങ്ങൾ ലാവ്ലിൻ കേസ് കൊണ്ടുവന്നു; അതിന്റെ അവസ്ഥയെന്താണ്? പിന്നീട് കമല ഇന്റർനാഷണൽ എന്നുപറഞ്ഞ് പതിറ്റാണ്ടുകൾ കഴിഞ്ഞെങ്കിലും ഇന്നുവരെ

അത് തപ്പിയെടുക്കാൻ കഴിഞ്ഞിട്ടില്ല. വ്യക്തിപരമായി ആക്ഷേപിക്കാനാണ് നിങ്ങൾ ഉദ്ദേശിക്കുന്നത്. ഇപ്പോൾ ഒരു സ്വർണ്ണക്കടത്ത് കേസിലെ പ്രതിയുടെ വെളിപ്പെടുത്തലുമായാണ് വന്നിരിക്കുന്നത്. എന്നാൽ നിങ്ങൾ ആ സ്വർണ്ണക്കടത്തുകാരിയുടെ പിറകെക്കൂടി വഷളാകരുതെന്നാണ് അഭ്യർത്ഥിക്കാനുള്ളത്. ആ സ്വർണ്ണക്കടത്തുകാരിയുമായി ഇത്രയും ബന്ധവും അടുപ്പവും സൗഹൃദവുമുണ്ടല്ലോ? ആലോചിച്ചിട്ടാണല്ലോ ഓരോ വെളിപ്പെടുത്തലുകൾ നടത്തുന്നത്. അവർ ആ സ്വർണ്ണം കൊണ്ടുകൊടുത്തത് ആർക്കാണെന്ന് കേരള സമൂഹം മുമ്പാകെ വെളിപ്പെടുത്താൻ പറയണം; നിങ്ങൾക്കാണല്ലോ അതിന് കഴിയുന്നത്. അവർക്കത് കൊടുത്തുവിട്ടതാരാണെന്ന് പറയാനും ആവശ്യപ്പെടണം. പക്ഷെ നിങ്ങൾക്ക് അതിനൊന്നും സമയമില്ല, സഖാവ് പിണറായി വിജയനെ ആക്രമിക്കുക എന്നതാണ് ലക്ഷ്യം. നിങ്ങൾ ആക്രമിക്കുംതോറും അദ്ദേഹം കൂടുതൽ കരുത്തനാകുകയാണ്; കാരണം അദ്ദേഹം ജനങ്ങളുടെ മനസ്സിൽ ചിരപ്രതിഷ്ഠ നേടുകയാണ്. പ്രിയമുള്ളവരെ, നിങ്ങൾ അദ്ദേഹത്തിനെതിരെ ഓരോ ദുരാരോപണങ്ങൾ ഉന്നയിക്കുമ്പോഴും ആ ദുരാരോപണങ്ങളുടെ അഗ്നികുണ്ഡത്തിൽനിന്നും പുറത്തുവരുമ്പോൾ അദ്ദേഹത്തിന്റെ മാറ്റും തിളക്കവും വർദ്ധിക്കുകയാണ്. ഇന്ന് ഇന്ത്യൻ രാഷ്ട്രീയത്തിലെ ധീരതയുടെ

പർവ്വത ശിരസ്സും കമ്മ്യൂണിസ്റ്റ് വിശുദ്ധിയുടെ പ്രതീകവുമാണ് ശ്രീ. പിണറായി വിജയൻ. ഇപ്പോൾ മുഖ്യമന്ത്രിയായപ്പോൾ അദ്ദേഹം കമ്മ്യൂണിസ്റ്റ് ഭരണ വൈഭവത്തിന്റെ സൂര്യ തേജസ്സായിരിക്കുന്നു. ചന്ദ്രനെ കാണുമ്പോൾ ചെന്നായ്ക്കൾ കുരയ്ക്കും; കുരയ്ക്കുമ്പോൾ ചന്ദ്രൻ നീങ്ങിപ്പോകുന്നതായി അവർക്ക് തോന്നും; അപ്പോൾ ചെന്നായയുടെ ധാരണ ഞാൻ കുരയ്ക്കുന്നതുകൊണ്ടാണ് ചന്ദ്രൻ നീങ്ങിപ്പോകുന്നതെന്നാണ്. ഇതാണ് നിങ്ങളുടെ ഇന്നത്തെ അവസ്ഥ. നിങ്ങൾ കള്ളക്കടത്തുകാരുടേയും സ്വർണ്ണക്കടത്തുകാരുടെയും നുണയന്മാരുടെയും നുണച്ചികളുടെയും കഥകൾ കേട്ട് അവർ പറയുന്നതനുസരിച്ച് ആടുന്നവരായി മാറുന്നു. കേരളത്തെ വർഗ്ഗീയ സംഘർഷമില്ലാതെ, മനഃസമാധാനത്തോടുകൂടി ഇഷ്ടമുള്ള ഭക്ഷണം കഴിച്ച്, ഇഷ്ടമുള്ള വസ്ത്രം ധരിച്ച്, ഇഷ്ടമുള്ള പാട്ടും സിനിമയും കണ്ട്, സ്വസ്ഥതയോടെയും സമാധാനത്തോടെയും കഴിയാൻ പറ്റുന്ന നാടാക്കി മുന്നോട്ടുകൊണ്ടുപോകുന്നതിനുള്ള പിന്തുണ അഭ്യർത്ഥിച്ചുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, പോയിന്റ് ഓഫ് ഓർഡർ. ആർ.എസ്.എസ്.-നെ രാഷ്ട്രീയമായും നിയമപരമായും ഇന്ന് ഏറ്റവുമധികം നേരിടുന്ന വ്യക്തിയാണ് കേരളത്തിലെ പ്രതിപക്ഷ നേതാവ്. എല്ലാവർക്കും പേരിൽ ഇനിഷ്യലുണ്ട്. വി. ഡി. എന്നുപറഞ്ഞാൽ അത് XXXXXXX+ ചേർത്ത്

\+ ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവുപ്രകാരം (ഫയൽ നമ്പർ 12645/ഇ.ബി./2022/നി.സെ. തീയതി 15-07-2022)

അദ്ദേഹത്തെ പരാമർശിച്ചു. കെ.പി.സി.സി. അദ്ധ്യക്ഷനെക്കുറിച്ചും പരാമർശിച്ചു. ഈ ഉന്നതമായ സഭയിൽ കേരളത്തിന്റെ പ്രതിപക്ഷ നേതാവിനെയും പ്രതിപക്ഷ പാർട്ടിയുടെ ഏറ്റവും വലിയ രാഷ്ട്രീയ പ്രസ്ഥാനത്തിന്റെ അദ്ധ്യക്ഷനെയും കുറിച്ച് വളരെ മോശമായ, അപകീർത്തികരമായ രീതിയിലുള്ള പരാമർശങ്ങൾ നടത്തുന്ന രേഖയിലുണ്ടാകാൻ പാടില്ല. ആഭ്യന്തരവകുപ്പിനെക്കുറിച്ചൊന്നും പറയാതെ പ്രതിപക്ഷ നേതാക്കന്മാരെ ആക്ഷേപിക്കുന്നതും രേഖയിലുണ്ടാകാൻ പാടില്ല.

മി. ചെയർമാൻ: അത് പരിശോധിച്ച് പറയാം.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, പോയിന്റ് ഓഫ് ഓർഡർ ഒരു ഇനമായിട്ടല്ലെങ്കിലും ഒരവകാശമായി ഉന്നയിക്കുന്നതാണ്. ഇതിലെ പോയിന്റ് എന്താണെന്ന് മനസ്സിലായില്ല. ഒരാളെക്കുറിച്ച് വിമർശനം പാടില്ലെന്നും ഒന്നും പറയാൻ പാടില്ലെന്നും പറയുന്നത് പോയിന്റ് ഓഫ് ഓർഡറിൽ വരുന്നതാണോ? പോയിന്റ് ഓഫ് ഓർഡർ എന്ന് പറഞ്ഞതിനുശേഷം ന്യായീകരിക്കുന്നതല്ല. ഏത് ചട്ടമാണ്, അതിൽ എന്താണ് കണ്ടത്, എന്ത് പ്രശ്നമാണുള്ളതെന്ന് മനസ്സിലാകുന്നില്ല.

ശ്രീ. തോമസ് കെ. തോമസ്: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ

സഭാരേഖയിൽനിന്നും നീക്കം ചെയ്തു.

അനുകൂലിക്കുന്നു. കേരളത്തോടുള്ള കേന്ദ്ര സർക്കാരിന്റെ പ്രതികാര രാഷ്ട്രീയവും പ്രതിപക്ഷത്തിന്റെ നിഷേധാത്മകമായ സമീപനത്തെയും അതിജീവിച്ച് കേരളത്തിലെ ജനങ്ങളുടെ വലിയ പിന്തുണയോടെ പ്രവർത്തിക്കുകയും പദ്ധതികളുമായി മുന്നോട്ടുപോകുകയും ചെയ്യുന്ന സർക്കാരാണ് കേരളം ഭരിക്കുന്നത്. എന്നെ ഏറ്റവുമധികം ചിന്തിപ്പിച്ച വിഷയം പ്രതിപക്ഷത്തുനിന്ന് ഒരു വ്യക്തിപോലും നല്ലൊരഭിപ്രായം പറഞ്ഞിട്ടില്ല എന്നതാണ്. എന്തെങ്കിലുമൊരു നല്ല കാര്യം കേരളാ പോലീസ് ചെയ്യണമെന്നോ ഇന്ന കാര്യം പ്രവർത്തിച്ചാൽ നന്നാകുമെന്നോ ഒരു വ്യക്തിപോലും പറഞ്ഞില്ല. ആദരണീയനായ മുൻ ആഭ്യന്തര വകുപ്പുമന്ത്രിയും എന്റെ പ്രിയ സ്നേഹിതനുമായ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻപോലും പ്രസംഗത്തിൽ ഇക്കാര്യം സൂചിപ്പിക്കാത്തതിൽ വളരെയധികം സങ്കടമുണ്ട്. ഒരു നല്ല കാര്യം നിങ്ങൾ പറഞ്ഞാൽ അവരും നല്ലത് പറയും. നിങ്ങൾ പറയാത്തതാണ് പ്രശ്നം. ലോകം മുഴുവനും സാമ്പത്തിക ഞെരുക്കത്തിലൂടെ കടന്നുപോകുമ്പോഴും കിഫ്ബി പദ്ധതികളുൾപ്പെടെ ഉപയോഗപ്പെടുത്തി കേരളത്തിന്റെ അടിസ്ഥാന വ്യവസായ മേഖലകളിലും ക്ഷേമപ്രവർത്തനങ്ങളിലും ഈ സർക്കാർ വലിയ മാതൃകയായാണ് മുന്നിൽ നിൽക്കുന്നത്. സാമ്പത്തിക മേഖലയിലുൾപ്പെടെ അച്ചടക്കം പാലിച്ചുകൊണ്ട്

നിരവധി കാര്യങ്ങളിൽ ഇന്ത്യയിൽ ഒന്നാമതായി തുടരുന്ന കേരളം സുസ്ഥിര വികസനത്തിലും ക്ഷേമപ്രവർത്തനങ്ങളുടെ കാര്യത്തിലും മുൻപന്തിയിലാണ്. ജീവിത സൂചികയിൽ പല മുൻനിര രാജ്യങ്ങളെക്കാളും നേട്ടങ്ങൾ കൈവരിക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. ക്രമസമാധാനത്തിലും പോലീസ് സംവിധാനത്തിന്റെ മികവാർന്ന പ്രവർത്തനത്തിലും ഇന്ത്യയിൽ മുൻപന്തിയിലാണ് കേരളാ പോലീസ്. കേരളാ പോലീസിൽ റിക്രൂട്ട്മെന്റ് സമയബന്ധിതമായി നടത്തി ഒഴിവുകൾ നികത്തുന്നതിൽ വലിയ വിജയം കൈവരിച്ചിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസം നേടിയവരുൾപ്പെടുന്ന അച്ചടക്കമുള്ള പോലീസ് സേനയെന്നത് നമുക്ക് അഭിമാനമാണ്. ഏതൊരു ഭരണ കൂടത്തിന്റെയും ഏറ്റവും കൂടുതൽ വിമർശന വിധേയമാകുന്നത് പോലീസാണ്. വളരെ വ്യക്തമായി പറഞ്ഞാൽ 'ആക്ഷൻ ഹീറോ ബിജു' എന്ന ചിത്രത്തിൽ ശ്രീ. നിവിൻ പോളി, ബിജു എന്ന എസ്.ഐ. ആയി അഭിനയിക്കുന്നുണ്ട്. അദ്ദേഹം പറഞ്ഞ ഒരു വാക്ക് ഏവരുടെയും ഹൃദയത്തിൽ സ്പർശിക്കുന്നതാണ്. അദ്ദേഹം അതിൽ പറയുന്നത്, 'സാധാരണക്കാരന്റെ സുപ്രീംകോടതിയും ഹൈക്കോടതിയും ജില്ലാകോടതിയും ആശ്രയവും അവലംബവും ഈ പോലീസ് സ്റ്റേഷനാണ്; അതുകൊണ്ട് ഏത് കേസും ഇവിടെ എടുക്കും' എന്നാണ്. വളരെ വ്യക്തമായ രീതിയിൽ

പറയുകയാണെങ്കിൽ എല്ലാ ആശ്രയവും അവലംബവും കേരളാ പോലീസ് തന്നെയാണ്. ശാസ്ത്രീയമായ അന്വേഷണങ്ങളും പക്ഷപാതമില്ലാത്ത ഇടപെടലുകളും കേരളാ പോലീസിന് വലിയ നേട്ടമാണ്. ഇന്റർപോളിൽനിന്നുൾപ്പെടെ പ്രശംസ ലഭിക്കത്തക്ക രീതിയിൽ പോലീസ് സ്റ്റേഷനുകളിൽനിന്നും പൊതുജനങ്ങളോടുള്ള പെരുമാറ്റത്തിൽ വലിയ വ്യത്യാസം വന്നിരിക്കുന്നു.

ജനകീയ പോലീസ് വളരെ ഫലപ്രദമാണെന്ന് തെളിയിച്ചിരിക്കുന്നു. ഒറ്റപ്പെട്ട സംഭവങ്ങൾ ചില പോലീസ് സ്റ്റേഷനുകളിലുണ്ടായിട്ടുണ്ടാകാം. എസ്.ഐ.-യുടെ കസേരയിൽ കയറിയിരുന്നു, തലയിൽ തൊപ്പിവച്ചു എന്നൊക്കെ പ്രതിപക്ഷം പറഞ്ഞു. 471 പോലീസ് സ്റ്റേഷനും 65000 പോലീസുകാരും 11 ബറ്റാലിയനുമുള്ള പോലീസ് സംവിധാനത്തിൽ ഏതെങ്കിലുമൊരു മൂലയിൽ നടക്കുന്ന ഇത്തരം ചെറിയ കാര്യങ്ങളെ ഉയർത്തിപ്പിടിച്ചുകൊണ്ട് ഇതാണ് കേരളത്തിലെ പോലീസെന്നും അത് ശ്രീ. പിണറായി വിജയന്റെ കുഴപ്പമാണെന്നുമൊക്കെ പറഞ്ഞുനടക്കുന്നത് ശരിയല്ല. അങ്ങനെ ഒരിക്കലും നിങ്ങൾ പറയാൻ പാടില്ല. വളരെ നിസ്സാരകാര്യങ്ങൾ പർവ്വതീകരിച്ച് സമാനതകളില്ലാതെ പറയരുത്. 'ഇന്ത്യയാണ് ഇന്ദിര, ഇന്ദിരയാണ് ഇന്ത്യ' എന്ന് ഒരു കാലത്ത് നിങ്ങളുടെ

നേതാവ് ഡി. കെ. ബറുവ പറഞ്ഞിട്ടുണ്ട്; അതിനെ ഞങ്ങളാരും എതിർത്തിട്ടില്ല. എന്നാൽ ഇന്ന്, കേരളമാണ് പിണറായി വിജയൻ, പിണറായി വിജയനാണ് കേരളമെന്ന് ധൈര്യത്തോടെ എല്ലാ എൽ.ഡി.എഫ്. നേതാക്കളും പറയുമെന്നതിൽ ഒരു സംശയവുമില്ല. കാരണം, ആ രീതിയിലാണ് അദ്ദേഹം പ്രവർത്തിക്കുന്നത്. കുട്ടനാട്ടിലെ കാര്യം എനിക്ക് പറയാതിരിക്കാൻ കഴിയില്ല. കുട്ടനാട്ടിൽ ആറ് പോലീസ് സ്റ്റേഷനുകളുള്ളതിൽ അഞ്ചെണ്ണവും നവീകരിച്ചിട്ടുണ്ട്. ഈ സർക്കാർ ആറുവർഷംകൊണ്ടാണ് ഇതെല്ലാം നടത്തിയിരിക്കുന്നത്. നല്ല രീതിയിലുള്ള പോലീസ് സ്റ്റേഷനും സംവിധാനങ്ങളും കൊണ്ടുവരാൻ ഈ സർക്കാർ മുൻകയ്യെടുക്കുന്നുണ്ട്. അതിനുമുമ്പ് കുട്ടനാട്ടിലെ പോലീസ് സ്റ്റേഷനുകൾ വെള്ളത്തിലായിരുന്നതിനാൽ വളരെയധികം ബുദ്ധിമുട്ടുകൾ അനുഭവിച്ചിട്ടുണ്ട്. കേരളത്തിലെ 471 പോലീസ് സ്റ്റേഷനുകളിലും മികച്ച സംവിധാനങ്ങൾ ഏർപ്പെടുത്തണമെങ്കിൽ ബഡ്ജറ്റിൽ പണം വകയിരുത്തേണ്ടേ; അതിന് പണം അനിവാര്യമല്ലേ; ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നവർക്ക് അവരുടെ നിയോജകമണ്ഡലങ്ങളിലെ പോലീസ് സ്റ്റേഷനുകൾ നന്നാകണമെന്നും അതിന് അവർക്ക് പണം അനുവദിക്കണമെന്നും പറയാൻ എന്ത് വകുപ്പാണുള്ളത്; ഇക്കാര്യം അവർക്ക് ഏത് രീതിയിൽ

ആവശ്യപ്പെടാൻ സാധിക്കും? അതിനാൽ എന്റെ സഹോദരങ്ങളോട് അപേക്ഷിക്കാനുള്ളത്, പോലീസിനെയും ഗവൺമെന്റിനെയും വിമർശിക്കുന്ന രീതി നിങ്ങൾ അവസാനിപ്പിക്കണമെന്നാണ്. മിനിഞ്ഞാന്ന് ചമ്പക്കുളം മൂലംവള്ളംകളി ആയിരുന്നതുകൊണ്ടാണ് ഞാൻ സഭയിൽ വരാതിരുന്നത്. ആ വള്ളംകളിയുടെ അദ്ധ്യക്ഷൻ ഞാനായിരുന്നു. പോലീസ് ഡിപ്പാർട്ടുമെന്റിന്റെ വള്ളമാണ് ഒന്നാം സ്ഥാനം നേടിയത്. അവർക്ക് സംഗീതവും പാട്ടുമുണ്ട്. അതിനാൽ വളരെ നല്ല രീതിയിൽ അവർ വള്ളം തുഴഞ്ഞു. പോലീസുകാർക്ക് സംഗീതം ഉള്ളിലുണ്ടെങ്കിൽ മികവാർന്ന രീതിയിൽ പ്രവർത്തിക്കാൻ സാധിക്കും. പ്രതിപക്ഷത്തിന്റെയുള്ളിൽ സംഗീതമില്ലാത്തതാണ് കുഴപ്പം. നിങ്ങൾക്ക് സംഗീതവും നല്ലരീതിയിൽ പ്രവർത്തിക്കാനുള്ള മനസ്സും വേണം. അതുകൊണ്ട് നിങ്ങൾ വിമർശനം മാറ്റിവച്ച് നല്ല രീതിയിൽ മുന്നോട്ടുപോകണം. പോലീസ് സേനയെ ശക്തിപ്പെടുത്താനുള്ള ചുമതല പ്രതിപക്ഷത്തിനും ഭരണപക്ഷത്തിനും ഒരുപോലെയുണ്ട്. എന്റെ മകന്റെ വീട് എറണാകുളത്താണ്. രാത്രി പോലീസുകാരുടെ വണ്ടി അവിടത്തെ വീടുകളുടെ വശങ്ങളിൽ നിർത്തിയിട്ടിരിക്കുമ്പോൾ, അതുവഴി നടക്കാൻ വരുന്നവർ പറയുന്നത്, 'ആശ്വാസമായി പോലീസ് വണ്ടിയുണ്ടെന്നാണ്'. ജനങ്ങൾക്ക് അതൊരു

വലിയ ആശ്വാസമാണ്. അതുതന്നെയാണ് പ്രായമുള്ളവരും സ്ത്രീകളും കുഞ്ഞുങ്ങളും പറയുന്നത്. ഒരു പോലീസ് വണ്ടി വന്നുകഴിഞ്ഞാൽ ഒരു പ്രദേശത്ത് മുഴുവൻ സമാധാനം ലഭിക്കുമെങ്കിൽ 65000 പോലീസുകാരുള്ള, 11 ബറ്റാലിയനുള്ള ഈ കേരളത്തിൽ ഇന്ന് സമാധാനം നിലനിൽക്കുന്നതിനുള്ള ഏകകാരണം അതിനെ നയിക്കാനൊരു നേതാവുള്ളതുകൊണ്ടാണ്. ശ്രീ. പിണറായി വിജയനെതിരെ വിമർശനമുന്നയിക്കുന്ന പ്രതിപക്ഷത്തോട് പറയാനുള്ളത്, വെടിക്കെട്ടുകാരന്റെ കോഴിയെ ഉടുക്കുകൊട്ടി പേടിപ്പിക്കുന്ന നിങ്ങളുടെ സ്വഭാവം നിർത്തണമെന്നാണ്. അത് ജനുസ്സ് വേറെയാണ്, അദ്ദേഹത്തെ ആ രീതിയിലൊന്നും ഭയപ്പെടുത്താൻ കഴിയില്ല. തീയിൽ കുരുത്തതാണ്, വെയിലത്ത് വാടില്ല. പോലീസ് സേനയെ വളരെ നല്ല രീതിയിൽ നയിക്കാനുള്ള കഴിവ് സഖാവ് പിണറായി വിജയനുണ്ട്. പോലീസ് സ്റ്റേഷനുകളിൽ മാത്രമല്ല ജയിലുകളിലും എല്ലാ രീതിയിലുമുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതാണ്. കറപുരളാത്ത കൈകളുമായി കേരളത്തെ നയിക്കാൻ ശക്തനായ ഒരു നേതാവ് ഞങ്ങൾക്കുണ്ട്. മനുഷ്യന്റെ തലയ്ക്കും തെങ്ങിന്റെ കുലയ്ക്കും സംരക്ഷണമില്ലെന്ന് ആദരണീയനായ ഒരംഗം ഇവിടെ പ്രസംഗിച്ചു. ഇന്നത്തെ കാലത്ത്

ഇതുരണ്ടിനും സംരക്ഷണമുള്ള ഏകസംസ്ഥാനം കേരളം മാത്രമാണ്. മനുഷ്യന്റെ തലയ്ക്കും തെങ്ങിന്റെ കുലയ്ക്കും ഇവിടെ സംരക്ഷണമുണ്ട്. അതിന് നേതൃത്വം നൽകുന്ന ഒരാളുള്ളതാണ് ഞങ്ങളുടെ ബലം. ഈയൊരാൾ മാത്രമെയുള്ളൂവെന്ന് നിങ്ങൾ ചോദിക്കും. അപ്പനാണ് എല്ലാവരുടെയും കുടുംബത്തിലെ പ്രധാന ശക്തി. അപ്പൻ ശക്തനാണെങ്കിൽ മക്കളുടെ നേരെ ഒരുത്തനും കൈപൊക്കില്ല. ആ ഒരു പ്രത്യേകതയാണ് ഇന്ന് കേരളത്തിലുള്ളത്. ഞങ്ങളുടെ പിതാവ് ശക്തനാണ്, അതുകൊണ്ട് ഞങ്ങളുടെ നേരെ കൈപൊക്കാൻ നിങ്ങൾക്കും ബി.ജെ.പി./ആർ.എസ്.എസ്.-കാർക്കും ധൈര്യം വരില്ല. കൈപൊങ്ങിയാൽ അതിന്റെ അനുഭവം വേറെയുണ്ടാകും. ചോദിക്കാനും പറയാനും കേരളത്തിൽ ആളുള്ളതാണ് ഞങ്ങളുടെ പ്രത്യേകത. കേരള പോലീസിന്റെ സംവിധാനം വളരെ നല്ല രീതിയിൽ പുരോഗമിച്ചുവരികയാണ്. അവർക്ക് ആവശ്യമായ സംരക്ഷണം എല്ലാ രീതിയിലും നൽകണമെന്നഭ്യർത്ഥിച്ചുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. എ. എൻ. ഷംസീർ</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുന്നു. കേരളത്തിൽ ഇടതുപക്ഷ മുന്നണി സർക്കാർ നടപ്പിലാക്കുന്ന പോലീസ് നയം ഇടതുബദൽ നയമാണ്. 1950-ലെ ഇ.എം.എസ്.-ഉം പിന്നീട് വന്ന ഇ. കെ. നായനാരും ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ

ഭരണകാലത്ത് ശ്രീ. കോടിയേരി ബാലകൃഷ്ണനും ശ്രീ. പിണറായി വിജയന്റെ ഒന്നുംരണ്ടും സർക്കാരുകളുമെല്ലാം നടപ്പിലാക്കുന്നത് ഇടതുബദൽ നയമാണ്. സി. പി. രാമസ്വാമി അയ്യരുടെ കാലത്തെ പോലീസിനെ സ്കാൻഡിനേവിയൻ പോലീസിന്റെ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് ഇക്കഴിഞ്ഞ ആറുവർഷക്കാലംകൊണ്ട് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന് കഴിഞ്ഞു. പോലീസ് people friendly ആണ്. ജനങ്ങൾക്ക് പേടികൂടാതെ പോലീസ് സ്റ്റേഷനെ സമീപിക്കാൻ സാധിക്കുന്ന സാഹചര്യം ഇടതുപക്ഷ സർക്കാരിന്റെ കാലത്തുണ്ടായി. വിമർശനത്തിനുവേണ്ടി ഇവിടെ വിമർശിക്കുന്നവർ എന്തടിസ്ഥാനത്തിലാണ് കേരളത്തിലെ ക്രമസമാധാനം തകർന്നുവെന്ന് പറയുന്നത്? ഇടതുപക്ഷം 2016-ൽ അധികാരത്തിൽ വരുമ്പോൾ കേരളത്തിലെ ക്രൈംറേറ്റ് 2.60 ലക്ഷമായിരുന്നു. 2024-ൽ അത് 1.14 ലക്ഷമാകും. ഇതിൽനിന്നും ക്രൈംറേറ്റിൽ steep decline ആണ് സൂചിപ്പിക്കുന്നതെന്ന് മനസ്സിലാക്കാൻ സാധിക്കും. ഇപ്രകാരം ക്രമസമാധാനപാലനത്തിൽ കേരളം ഒന്നാമത് എത്തിക്കൊണ്ടിരിക്കുകയാണ്. ഇത് മറ്റേതെങ്കിലും സംസ്ഥാനത്ത് ഉയർത്തികാണിക്കാൻ സാധിക്കുമോ? 471 പോലീസ് സ്റ്റേഷനുകൾക്കുപുറമേ 225 പുതിയ സബ്ഡിവിഷനുകൾ ആരംഭിക്കുകയും അതിന്റെ ഭാഗമായി

പോലീസ് സ്റ്റേഷനുകളുടെ എണ്ണം ചുരുക്കുകയും എ.സി.പി., ഡിവൈ.എസ്.പി., എ.എസ്.പി. എന്നിവർക്ക് പോലീസ് ഉദ്യോഗസ്ഥരെ നല്ലരീതിയിൽ മോണിറ്റർ ചെയ്യാൻ സാധിക്കുന്ന സാഹചര്യമുണ്ടാക്കുകയും ചെയ്തിട്ടുണ്ട്. തീരദേശ മേഖലയിൽ 200 പേരെ കോസ്റ്റൽ വാർഡൻമാരായി നിയമിച്ചു. ആദിവാസി വിഭാഗത്തിൽനിന്നും 75 പേരെ പോലീസ് സേനയിലേയ്ക്ക് റിക്രൂട്ട് ചെയ്തു; 125 പേരെക്കൂടി നിയമിക്കുന്നതാണ്. 146 കായികതാരങ്ങളെ കേരള പോലീസ് സേനയിൽ റിക്രൂട്ട് ചെയ്തു. വനിതാപോലീസ് സേനയിൽ 14.43 ശതമാനം റിക്രൂട്ട്മെന്റാണ് ഇപ്പോൾ നടത്തിയത്; അത് ഇനിയും വർദ്ധിപ്പിക്കാനാണ് സംസ്ഥാന സർക്കാർ ലക്ഷ്യംവയ്ക്കുന്നത്. പോലീസ് സേനയുടെ പാസ്സിംഗ് ഔട്ട് പരേഡ് നടക്കുന്ന അടുത്തദിവസത്തെ പത്രം വായിക്കണം; അതിൽനിന്ന് മനസ്സിലാക്കാൻ സാധിക്കുന്നത് പല പോലീസ് കോൺസ്റ്റബിൾമാരുടെയും യോഗ്യത ബി.ടെക്കും എം.ടെക്കും എം.ബി.എ.-യുമാണെന്നാണ്. ഉന്നത ബിരുദധാരികൾക്ക് കടന്നുവരാൻ സാധിക്കുന്ന സേനയായി കേരളത്തിലെ പോലീസ് സേന മാറിയിരിക്കുന്നു. നേരത്തെ പോലീസുകാർക്ക് ഇടിയൻ പരമു, മിന്നൽമാധവൻ എന്നിങ്ങനെയുള്ള ഇരട്ടപേരുകളുണ്ടായിരുന്നു. ഇപ്പോൾ അങ്ങനെയുണ്ടോ; ഇരട്ടപേരുകൾ വിളിക്കാൻ എന്തുകൊണ്ടാണ്

ഇപ്പോൾ കേരളത്തിലെ ജനങ്ങൾക്ക് തോന്നാത്തത്; പോലീസുകാർ people friendly ആയതുകൊണ്ടാണ്. ഇടതുപക്ഷ ഭരണകാലത്ത് പുലിക്കോടൻ നാരായണൻ ശ്രീ. പിണറായി വിജയനെയും സി.പി.ഐ.(എം)-നെയും അന്നത്തെ അടിയന്തരാവസ്ഥക്കാലത്ത് ആക്രമിക്കാൻ നേതൃത്വം കൊടുത്ത പോലീസാണ്. പോലീസിൽ അങ്ങനെ ഇരട്ടപേരുകളുണ്ടായിരുന്ന ഒരു കാലമുണ്ടായിരുന്നു. ഇന്ന് ഇരട്ടപ്പേരില്ലാത്തതിന് കാരണം, കേരളത്തിലെ പോലീസ് സ്റ്റേഷനകത്ത് ഏതൊരു സാധാരണക്കാരനും കടന്നുവരാൻ സാധിക്കുന്ന സാഹചര്യം ഇടതുപക്ഷത്തിന്റെ ആറുവർഷ ഭരണത്തിലൂടെയുണ്ടായി എന്നതുകൊണ്ടാണ്. കോവിഡ് മഹാമാരിയിൽ ലോകം വിറങ്ങലിച്ചുപോയില്ലേ; പ്രധാനമന്ത്രി ഒരു രാത്രി 8 മണിക്കാണ് നാളെമുതൽ ലോക്ഡൗണാണെന്ന് രാഷ്ട്രത്തോട് പറയുന്നത്. ഈ ലോക്ഡൗൺകാലത്ത് ആരായിരുന്നു കേരളത്തിലെ ജനങ്ങൾക്ക് ആശ്വാസമേകിയത്? കോവിഡ് കാലത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോടും റവന്യൂ വകുപ്പിനോടുമൊപ്പം കേരളത്തിലെ പോലീസ് സേനയും കൈകോർത്തു. കോവിഡ് രോഗലക്ഷണംപോലും മനസ്സിലാകാതെ ഈ പാവങ്ങൾ വെയിലെന്നോ മഴയെന്നോ വ്യത്യാസമില്ലാതെ കേരള ജനതയ്ക്ക് ആശ്വാസം പകർന്നു. എന്തുകൊണ്ടാണ്

കേരളത്തിൽ ഇടതുപക്ഷ തുടർഭരണമുണ്ടായത്? തുടർഭരണം കേരളത്തിലുണ്ടായതിൽ ഒരു വലിയ പങ്ക് കേരളാ പോലീസ് വഹിച്ചുവെന്നുള്ളതാണ്. We salute Kerala Police. കോവിഡ് രോഗികൾക്ക് മരുന്നും ഭക്ഷണസാധനങ്ങളും എത്തിക്കുന്നതും രാത്രികാലങ്ങളിൽ മോണിറ്റർ ചെയ്യുന്നതും പോലീസുകാരാണ്. Round the clock പ്രവർത്തിക്കുന്ന സേനയിലെ ചില പോരായ്മകളെക്കുറിച്ച് വിമർശനങ്ങളുന്നയിക്കുമ്പോൾ; constructive criticism ആകാം, പക്ഷെ അത് destructive ആകരുത്. ഒരുപക്ഷെ ആ നൊസ്റ്റാൾജിക് മെമ്മറിയായിരിക്കാം അത്തരത്തിൽ കുറ്റപ്പെടുത്താൻ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനെ പ്രേരിപ്പിച്ചത്. അദ്ദേഹം മുമ്പ് ആഭ്യന്തരവകുപ്പ് മന്ത്രിയായിരുന്നല്ലോ; ഇങ്ങനെ കുറ്റപ്പെടുത്താൻ പാടുണ്ടോ; പോലീസിന്റെ ആത്മവീര്യം തകരുമ്പോൾ എന്താണ് സംഭവിക്കുന്നത്? അവിടെ അരാജകത്വമുണ്ടാകും. മുൻ ആഭ്യന്തര വകുപ്പുമന്ത്രി ഈ നാട്ടിൽ അരാജകത്വം സൃഷ്ടിക്കുന്ന സമീപനം സ്വീകരിച്ചത് നിർഭാഗ്യകരമായിപ്പോയി. പോലീസ് സേനയിൽ എന്തെല്ലാം അവാർഡുകളാണ് ലഭ്യമായത്? കേരളത്തിൽ ഏറ്റവും കൂടുതൽ അവാർഡുകൾ ഏറ്റുവാങ്ങിയ ഡി.ജി.പി.-മാരുണ്ടായിരുന്നത് ഇടതുപക്ഷ മുന്നണി ഗവൺമെന്റിന്റെ ഭരണകാലത്താണ്. കഴിഞ്ഞ

ആറുവർഷം എത്ര അവാർഡുകളാണ് പോലീസ് സേനയ്ക്ക് ലഭിച്ചത്? ശ്രീ. കോടിയേരി ബാലകൃഷ്ണന്റെ കാലത്താണ് സ്റ്റുഡന്റ് പോലീസ് കേഡറ്റ് തുടങ്ങിയത്. അത് രാജ്യമൊട്ടാകെ ആരംഭിക്കുന്നതിനെക്കുറിച്ച് കേന്ദ്രം ആലോചിച്ചുകൊണ്ടിരിക്കുകയാണ്. അതൊരു ചെറിയ കാര്യമാണോ? ബ്ലൂ വെയിൽ ചലഞ്ച് ഗെയിമിന് അഡിക്റ്റഡായി എത്രയാളുകൾ മരിച്ചു. ആ അഡിക്ഷനെതിരെ കേരള പോലീസ് കൊണ്ടുവന്ന സൈബർ സെക്യൂരിറ്റിക്ക് കേന്ദ്ര സർക്കാരിൽനിന്നുൾപ്പെടെ പ്രശംസ പിടിച്ചുപറ്റുന്ന രീതിയിലേയ്ക്ക് മാറിയില്ലേ? ഇങ്ങനെ എന്തെല്ലാം കാര്യങ്ങളുണ്ടായിട്ടുണ്ട്. വിജിലൻസ് ട്രാപ്പ് കേസിൽ എത്ര ആളുകളെ പിടിച്ചു? പല തട്ടിപ്പും വെട്ടിപ്പും ഉഡായിപ്പും പിടികൂടാനും സർക്കാർ സർവ്വീസിലെ ചില കള്ളനാണയങ്ങളെ പിടിക്കാനും നിരവധിപേരെ അറസ്റ്റ് ചെയ്യാനും വിജിലൻസ് വകുപ്പിന് സാധിച്ചിട്ടുണ്ട്. കുറ്റ്യാടി ഗോൾഡ് പാലസ് തട്ടിപ്പ്, കാസർഗോഡ് ജ്വല്ലറി തട്ടിപ്പ്, റെയിൽവേയിൽ ജോലി വാഗ്ദാനം ചെയ്തുകൊണ്ടുള്ള തട്ടിപ്പ് എന്നിങ്ങനെ നിരവധി തട്ടിപ്പുകൾ കണ്ടെത്താനും കുറ്റക്കാരെ അറസ്റ്റുചെയ്യാനും ഫലപ്രദമായി പ്രവർത്തിക്കാനും ഇടതുപക്ഷത്തിന്റെ പോലീസിന് സാധിച്ചുവെന്ന് വിനയപുരസ്സരം ഓർമ്മപ്പെടുത്തുകയാണ്. പോലീസിനെക്കുറിച്ച് ചർച്ച ചെയ്യുമ്പോൾ സ്വാഭാവികമായും രാഷ്ട്രീയം ചർച്ച

ചെയ്യേണ്ടി വരും. എന്റെ പ്രസംഗം ബഹുമാനപ്പെട്ട അംഗം രമേശ് ചെന്നിത്തല കേൾക്കുന്നുണ്ട്. മേരി ഷെല്ലി സയൻസ് ഫിക്ഷന്റെ ആളാണ്. മേരി ഷെല്ലിയുടെ ഒരു ക്യാരക്ടറാണ് ഫ്രാങ്കൻസ്റ്റൈൻ. ആ ഫ്രാങ്കൻസ്റ്റൈന്റെ സൃഷ്ടിയാണ് മോൺസ്റ്റർ. ഫ്രാങ്കൻസ്റ്റൈൻ എന്ന മോൺസ്റ്ററെ സൃഷ്ടിച്ചത് മേരി ഷെല്ലിയാണെങ്കിൽ കോൺഗ്രസ് എന്ന ഫ്രാങ്കൻസ്റ്റൈൻ സൃഷ്ടിച്ച മോൺസ്റ്ററാണ് ശ്രീ. നരേന്ദ്ര മോദി. അത് നിഷേധിക്കാൻ പറ്റുമോ? ആരാണ് ശ്രീ. നരേന്ദ്ര മോദിയെ സൃഷ്ടിച്ചത്? 2002-ലെ ഗുജറാത്ത് കൂട്ടകൊലയെക്കുറിച്ച് നിങ്ങൾ കൃത്യമായ അന്വേഷണം നടത്തിയിരുന്നെങ്കിൽ ഇതിനുള്ള ഉത്തരം ലഭിക്കുമായിരുന്നു; നിങ്ങൾക്കുതന്നെ അതിൽ രണ്ടഭിപ്രായമുണ്ടായിരുന്നില്ലേ? കോൺഗ്രസ്സിന്റെ അന്നത്തെ ആഭ്യന്തര വകുപ്പുമന്ത്രി ശ്രീ. പി. ചിദംബരം പറഞ്ഞത് ഇദ്ദേഹത്തെ പൂട്ടണമെന്നാണ്. പക്ഷേ ഗുജറാത്ത് ലോബി അഹമ്മദ് പട്ടേൽ പറഞ്ഞത് അദ്ദേഹത്തെ പിടിക്കാൻ പാടില്ലെന്നാണ്. ആ ഒരു സമീപനമല്ലേ നിങ്ങളുടെ നാശത്തിലേയ്ക്കെത്തിയത്? 2014 കഴിഞ്ഞ് 8 വർഷം പിന്നിടുമ്പോൾ നിങ്ങൾ അന്ന് സ്വീകരിച്ച നിലപാടിന്റെ പരിണിതഫലമായിട്ടാണ് ശ്രീ. നരേന്ദ്ര മോദിയെന്ന രാഷ്ട്രീയക്കാരൻ, ആ മോൺസ്റ്റർ, ഇന്ന് നിങ്ങളെയും രാജ്യത്തെയും വിഴുങ്ങി ജനാധിപത്യത്തെ

കശാപ്പുചെയ്ത് മുന്നോട്ടുപോകുന്ന സാഹചര്യം സൃഷ്ടിച്ചത്. അതുകൊണ്ട് കോൺഗ്രസ് സൃഷ്ടിച്ച മോൺസ്റ്ററാണ് ശ്രീ. നരേന്ദ്ര മോദി എന്നുപറയുന്നതിൽ യാതൊരു മടിയുമില്ല. വർഗ്ഗീയ കലാപങ്ങളോടുള്ള നിങ്ങളുടെ സമീപനമെന്താണ്? 2003-ലെ മാറാട് കലാപത്തെക്കുറിച്ച് സി.ബി.ഐ. അന്വേഷണം വേണമെന്ന് പിന്നീട് അധികാരത്തിൽവന്ന ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ ഭരണകാലത്ത് ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്ന ശ്രീ. കോടിയേരി ബാലകൃഷ്ണൻ ശിപാർശ ചെയ്തു. എന്തുകൊണ്ട് നിങ്ങൾ അതിനെ അട്ടിമറിച്ചു? നിങ്ങൾ മാറാട് കേസന്വേഷണം അട്ടിമറിച്ചത് നിങ്ങൾക്ക് ഭയമായതുകൊണ്ടാണ്. ആ അന്വേഷണം കൃത്യമായി നടത്തിയാൽ നിങ്ങളിൽ പലരും കുടുങ്ങുമെന്ന് ബോദ്ധ്യമുള്ളതുകൊണ്ടാണ് അങ്ങനെ ചിന്തിക്കാൻ നിങ്ങളെ പ്രേരിപ്പിച്ചത്. ഇതുമാത്രമാണോ? ഇപ്പോൾ കോൺഗ്രസ്സിന്റെ സ്ഥിതിയെന്താണ്? ജവഹർലാൽ നെഹ്റു, ഇന്ദിരാഗാന്ധി, രാജീവ് ഗാന്ധി, ശ്രീമതി സോണിയാ ഗാന്ധി, ശ്രീ. രാഹുൽ ഗാന്ധി എന്നിങ്ങനെ നീളുന്നു. കോൺഗ്രസ്സിന്റെ ഒരു പരിണാമമുണ്ട്. ഡാർവിന്റെ പരിണാമ സിദ്ധാന്തം പോലെ കോൺഗ്രസ്സിന്റെ പരിണാമം സോഷ്യലിസത്തിൽനിന്നും കമ്മ്യൂണലിസത്തിലേയ്ക്കാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനും

കോൺഗ്രസ് നേതാക്കന്മാർക്കും റഫർ ചെയ്യാൻ ഡോ. ഐശ്വര്യാ പണ്ഡിറ്റ് എഴുതിയ 'Claiming Citizenship and Nation' എന്ന പുസ്തകം ഞാൻ നിർദ്ദേശിക്കുകയാണ്. സ്വാതന്ത്ര്യസമരകാലം മുതൽ കോൺഗ്രസ്സിൽ മുസ്ലീം വിരുദ്ധതയുണ്ടായിരുന്നുവെന്നാണ് ആ പുസ്തകത്തിൽ പറയുന്നത്. ഇക്കാര്യം മുസ്ലീംലീഗുകാർ കൃത്യമായി മനസ്സിലാക്കണം. കൂടെ നിൽക്കുന്നവരെ വിശ്വസിക്കരുത്; ഏത് സമയത്തും അവർ കുത്തും. കേരളത്തിലെ കോൺഗ്രസ്സിന്റെ സ്ഥിതിയെന്താണെന്ന് നിങ്ങൾ ആലോചിക്കണം. കോൺഗ്രസ് സെക്യുലറിസം ഉപേക്ഷിച്ചില്ലേ. സെക്യുലറിസം ഉപേക്ഷിച്ചുകൊണ്ട് പൂർണ്ണമായും വർഗ്ഗീയത; സോഫ്റ്റ് ഹിന്ദുത്വം സ്വീകരിച്ചു. ശ്രീ. കമൽനാഥിന്റെ മകൻ ഹിന്ദു കേന്ദ്രങ്ങളിലേയ്ക്ക് പോകുമ്പോൾ നെറ്റിയിൽ ഭസ്മം വാരിത്തേയ്ക്കുകയും മുസ്ലീം കേന്ദ്രങ്ങളിലെത്തുമ്പോൾ അത് മാറ്റുകയും ചെയ്യുന്ന സ്ഥിതിയാണുള്ളത്. ഗുജറാത്ത് തെരഞ്ഞെടുപ്പിന്റെ ഘട്ടത്തിൽ ശ്രീ. രാഹുൽഗാന്ധി അമ്പലങ്ങളിൽനിന്ന് അമ്പലങ്ങളിലേയ്ക്കുള്ള യാത്രയിലാണ് തെരഞ്ഞെടുപ്പ് പൊതുയോഗം നടത്തിയത്. ഇതാണോ കോൺഗ്രസിൽനിന്നും ജനം പ്രതീക്ഷിക്കുന്നത്; കോൺഗ്രസ് എന്ന രാഷ്ട്രീയപാർട്ടിയിൽനിന്നും ജനം പ്രതീക്ഷിക്കുന്ന പ്യൂവർ സെക്യുലറിസം ഉയർത്തിപിടിക്കാൻ ഇവർ തയ്യാറുണ്ടോ? കമ്മ്യൂണലിസത്തിന് ബദലായി

സെക്യുലറിസത്തിന്റെ പക്ഷത്താണെന്ന് പറയാൻ കോൺഗ്രസിന് കരുത്തുണ്ടോ? നെഹ്റുവിൽനിന്നും ശ്രീ. രാഹുൽ ഗാന്ധിയിലേയ്ക്ക് കോൺഗ്രസ് എത്തിയപ്പോൾ ത്രിവർണ്ണത്തിനുപകരം കാക്കി പാർട്ടിയായും കാക്കി പതാക വാഹകരായും കോൺഗ്രസ് എന്ന രാഷ്ട്രീയപാർട്ടി മാറുകയാണ് ചെയ്യുന്നത്. ഇന്ന് കേരളം ഭരിക്കുന്നത് ഇടതുപക്ഷമല്ലായിരുന്നെങ്കിൽ എന്തായിരിക്കും ഇവിടത്തെ സ്ഥിതിയെന്ന് നിങ്ങൾ ആലോചിക്കണം. വർഗ്ഗീയ സംഘടനയായ എസ്.ഡി.പി.ഐ. നിങ്ങളുടെ അടുത്ത ചങ്ങാതിയാണ്. ആലപ്പുഴയിൽ എസ്.ഡി.പി.ഐ. നേതാവ് ഷാനിനെകൊന്ന് മണിക്കൂറുകൾക്കകം അഡ്വ. രഞ്ജിത്തിനെയും സുബൈർ കൊല്ലപ്പെട്ട് മണിക്കൂറുകൾക്കകം ശ്രീനിവാസനും കൊല്ലപ്പെടുന്നു. കേരളം ഇടതുപക്ഷമല്ല ഭരിക്കുന്നതെങ്കിൽ എന്താകുമായിരുന്നു ചിത്രം? വർഗ്ഗീയവാദികൾ പരസ്പരം വാളെടുത്ത് വെട്ടുമെന്നകാര്യത്തിൽ ഒരു സംശയവുമില്ല. മതന്യൂനപക്ഷവും മതഭൂരിപക്ഷവും പരസ്പരം വാളെടുത്തുവെട്ടുകയും ഇവിടെ മാറാടുകളും പൂന്തുറകളുമുണ്ടാകുകയും ചെയ്യുമായിരുന്നു. എന്തുകൊണ്ട് അങ്ങനെ സംഭവിച്ചില്ല? ഇവിടെ നെഞ്ചൂക്കോടെ, കരുത്തോടെ നയിക്കാൻ ഇടതുപക്ഷവും അതിന് നേതൃത്വം കൊടുക്കാനൊരു മുഖ്യമന്ത്രിയും സർക്കാരുമുണ്ട്. ശ്രീനിവാസൻ

വധക്കേസിൽ കൃത്യമായി കുറ്റപത്രം സമർപ്പിച്ചുവെന്ന് ഇന്നലത്തെ പത്രത്തിൽ വാർത്ത വന്നിട്ടുണ്ട്. അത്തരത്തിൽ എല്ലാ കേസുകൾക്കും കുറ്റപത്രം സമർപ്പിക്കും. യു.ഡി.എഫ്.-ന്റെ കാലത്ത് ക്രിക്കറ്റിലെ മാച്ച്ഫിക്സിംഗ് പോലെ ഇന്നയിന്ന ആളുകളാണ് കുറ്റക്കാരെന്ന് കൃത്യമായി ഫിക്സ് ചെയ്യുമായിരുന്നു. ബഹുമാന്യരായ തിരുവഞ്ചൂർ രാധാകൃഷ്ണന്റെയും രമേശ് ചെന്നിത്തലയുടെയും കാലത്ത് ഫിക്സേഷനായിരുന്നില്ലേ? തെളിവുകളുണ്ടാക്കി ഇന്നയാളാണ് പ്രതിയെന്ന് ഫിക്സ് ചെയ്യും. പ്രതികളെ ഫിക്സ് ചെയ്ത് അറസ്റ്റ് ചെയ്യുന്ന കാലമായിരുന്നു മുമ്പെങ്കിൽ ഇന്ന് കാര്യങ്ങൾ വ്യത്യസ്തമാണ്. ഇന്ന് പോലീസിന്റെ കൈകൾ അൺടൈഡ് ആണ്; പ്രതി ഏത് കൊമ്പനായാലും അന്വേഷിച്ച് കണ്ടെത്തി അറസ്റ്റ് ചെയ്യും. പ്രതിയെ കണ്ടെത്തി കൃത്യമായി പിടിക്കണമെന്ന സന്ദേശം കൊടുക്കുന്ന സർക്കാരാണ് കേരളം ഭരിക്കുന്നത്. ഇവിടെ സമരം നടക്കാറുണ്ടല്ലോ, അതിൽ ആർക്കെങ്കിലും തല്ല് ലഭിക്കുന്നുണ്ടോ? ഈ നിരയിലിരിക്കുന്ന ഞങ്ങളെല്ലാം ഒരുപാട് തല്ലുകൊണ്ടവരാണ്. നിങ്ങളുടെ കാലത്തെ പ്രതിഷേധം ഞങ്ങൾ കണ്ടതാണ്. ഗവൺമെന്റിനെ അട്ടിമറിക്കാൻ നിങ്ങൾ പ്രതിഷേധ സമരങ്ങൾ ആഹ്വാനം ചെയ്തില്ലേ; ആ പ്രതിഷേധ സമരങ്ങളോട് പോലീസിന്റെ സമീപനമെന്താണ്; പ്രതിഷേധ സമരങ്ങൾക്കുനേരെ വെടിവയ്ക്കുകയും

ഷോക്ക് ബാറ്റൺ കൊണ്ട് നേരിടുകയും ഗ്രനേഡ് എറിയുകയും ചെയ്ത കാലമുണ്ടായിരുന്ന കേരളത്തിൽ. ഇപ്പോൾ അതൊക്കെയുണ്ടോ? പ്രതിഷേധ സമരങ്ങൾക്കുനേരെ വെടിവയ്ക്കുന്നുണ്ടോ; ഷോക്ക് ബാറ്റൺ പ്രയോഗിക്കുന്നുണ്ടോ; ടിയർ ഗ്യാസ് പൊട്ടിക്കുന്നുണ്ടോ? ഇല്ല. കാരണം സമരമെന്നത് അവകാശമാണ്. റൈറ്റ് ടു പ്രൊട്ടസ്റ്റ് എന്ന ഇന്ത്യൻ ഭരണഘടന നൽകുന്ന അവകാശം പാലിക്കണമെന്ന പക്ഷക്കാരാണ് ഞങ്ങൾ. വയനാടിനെക്കുറിച്ച് ചിലർ വിലപിച്ചത് നിങ്ങൾക്ക് ഓർമ്മയില്ലേ; ആദിവാസിയായ ജോഗിയെ വെടിവച്ചതാരാണ്; ആദിവാസികളെ വെടിവച്ചുകൊന്നവരല്ലേ നിങ്ങൾ; കൂത്തുപറമ്പിൽ ഞങ്ങളുടെ അഞ്ച് കൂടപ്പിറപ്പുകളെ വെടിവച്ചുകൊന്നവരല്ലേ നിങ്ങൾ; കേരളത്തിൽ ജനാധിപത്യ സമരങ്ങൾ അടിച്ചമർത്തി മുന്നോട്ടുപോയ കാലമുണ്ടായിരുന്നു. ജനാധിപത്യ കേരളത്തിൽ ആർക്കും സമരം ചെയ്യാം. ഞങ്ങളുടെ ഡിമാന്റിനെ എതിർക്കുന്നവരോട് പറയാനുള്ളത്, കേരളത്തിലെ പോലീസിന്റെ ആത്മവീര്യം തകർത്ത് കേരളത്തെ രാജസ്ഥാനും ഉത്തർപ്രദേശും പോലെയാക്കാമെന്നാണ് വ്യാമോഹിക്കുന്നതെങ്കിൽ അത് നടക്കില്ല. പോലീസിനെ വിമർശിക്കാം, അവരുടെ പിശകുകൾ തിരുത്താൻ ഗവൺമെന്റ് തയ്യാറുമാണ്. അതിനുപകരം പോലീസിന്റെ ആത്മവീര്യം

തകർത്ത്, കേരളത്തെ കലാപഭൂമിയാക്കി മാറ്റാനാണ് നിങ്ങളുടെ ശ്രമമെങ്കിൽ അതിനെതിരെ ഇടതുപക്ഷ സർക്കാർ സധൈര്യം മുന്നോട്ടുപോകുമെന്ന് മാത്രമല്ല ഇടതുപക്ഷ സർക്കാരിനെ അസ്ഥിരപ്പെടുത്താൻ നടക്കുന്ന എല്ലാ നീക്കങ്ങളെയും ഒറ്റക്കെട്ടായി പ്രതിരോധിക്കുമെന്ന് പറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ഡോ. എം. കെ. മുനീർ: സർ, ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ബഹുമാനപ്പെട്ട തോമസ് കെ. തോമസ് പറഞ്ഞത് നന്നാവാനെങ്കിലും പറയണമെന്നാണ്. അങ്ങനെ പറഞ്ഞില്ലെങ്കിൽ അത് മോശമാകുമെന്ന് അദ്ദേഹം പറഞ്ഞതുകൊണ്ട് ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് പറയുന്നത് അങ്ങൊന്ന് നന്നാവണമെന്നാണ്. ഇപ്പോൾ സംഭവിച്ചുകൊണ്ടിരിക്കുന്ന ഓരോ കേസുകളെക്കുറിച്ച് ഞാൻ പറയുന്നില്ല. കോൺഗ്രസ് ഇപ്പോൾ ആർ.എസ്.എസ്. ആയി മാറിക്കൊണ്ടിരിക്കുന്നുവെന്ന രാഷ്ട്രീയമാണ് ഇവിടെ ചർച്ച ചെയ്തുകൊണ്ടിരിക്കുന്നത്. Rohit De എഴുതിയ A People's Constitution - The Everyday Life of Law in the Indian Republic എന്ന പുസ്തകത്തിലെ 136-ാം പേജിൽ പറയുന്നത് "In 1955 even the Communists joined

hands with orthodox Hindu leaders: trade union leaders and factory workers carrying hammer-and-sickle banners marched with Hindu priests in a procession in New Delhi shouting slogans for a complete ban"എന്നാണ്. It was for the ban of cow slaughter. അതായത് പൂർണ്ണമായിട്ടുള്ള ഗോവധ നിരോധനത്തിനുവേണ്ടി മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി ഹിന്ദു സാധുക്കളോടൊപ്പം അരിവാൾ ചുറ്റിക കയ്യിലേന്തിക്കൊണ്ട് സമരം ചെയ്തത് 1955-ലാണെന്ന് പറയുമ്പോൾ ബഹുമാനപ്പെട്ട എം. നൗഷാദ്, നിങ്ങൾ ബീഫ് കഴിക്കാൻ ഞങ്ങളെ അനുവദിക്കുന്നുവെന്ന് പറയുമ്പോൾ ബീഫ് അറുക്കാനേപാടില്ലെന്ന് പറയുന്ന സമരത്തിന്റെ കൂടെനിന്നവരാണ് നിങ്ങളെന്ന് ഓർക്കുന്നത് നന്നായിരിക്കും.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. ഇ. കെ. വിജയൻ]

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ ഉദ്ധരിച്ച പ്രസക്ത ഭാഗത്തിന്റെ രേഖ മേശപ്പുറത്തുവയ്ക്കണം.

ഡോ. എം. കെ. മുനീർ: സർ, ഇവിടെ ജസ്റ്റിസ് ജോസഫ് വിതയത്തിൽ കമ്മീഷൻ റിപ്പോർട്ടിനെക്കുറിച്ച് പറഞ്ഞല്ലോ. പ്രിയപ്പെട്ട സി.പി.ഐ. അംഗങ്ങളെ, പണ്ട് അച്യുതമേനോന്റെകൂടെ നമ്മളൊരുമിച്ച്

ഭരിച്ചതാണ്. ഈ കലാപമുണ്ടായതെന്തുകൊണ്ടാണെന്ന് പറഞ്ഞുകൊണ്ട് സി.പി.ഐ. അന്നത്തെ കണ്ണൂർ കമ്മിറ്റിക്ക് കൊടുത്ത റിപ്പോർട്ട് എന്റെ കയ്യിലുണ്ട്. അവർ പറയുന്നതെന്താണ്? ആ ഭാഗം ഞാൻ വായിക്കാം. " When the Muslim League joined Shri Achuthamenon's Government after the resignation of Government of Shri E. M. S. Namboothiripad, the Marxist Party regarded it as a betrayal by the League and entertains strong feeling of animosity towards League." മാത്രമല്ല അതിന്റെ കൂടെപറയുന്നു "After the withdrawal of support of the Muslim League to the Marxist-led Government, the Marxist Party had strong ill feeling towards League and they joined hands with Jana Sangh and RSS for making vengeance in the League. (…..ബഹളം...)

<u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: സർ, ഇതിന്റെ കൺക്ലൂഷൻ എന്താണ്?

<u>ഡോ. എം. കെ. മുനീർ</u>: സർ, പ്രിയപ്പെട്ടവരെ, ഇതൊന്നും ഞാൻ പറഞ്ഞതല്ല. ഇത് ജസ്റ്റിസ് ജോസഫ് വിതയത്തിൽ കമ്മീഷൻ റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ളതാണ്. (…..ബഹളം...) ഇങ്ങനെ ഓരോരോ കാര്യങ്ങൾ ഞാൻ പറയുന്നില്ല. ഞങ്ങൾ ഒരേ സമയം രണ്ട് തോണിയിൽ കാൽ

വയ്ക്കുന്നവരല്ല. കോൺഗ്രസ് എന്ന പ്രസ്ഥാനത്തിന്റെ മുന്നണിയിലിരുന്നുകൊണ്ട് മറ്റൊരാൾക്ക് കൈ കൊടുക്കുന്ന നിലപാട് മുസ്ലീംലീഗിനില്ലെന്ന് വളരെ കൃത്യമായി പറയാൻ ആഗ്രഹിക്കുകയാണ്. സാദിഖ് അലി ശിഹാബ് തങ്ങൾ പറഞ്ഞതും നിങ്ങൾക്കുള്ള ഒരു മുന്നറിയിപ്പാണ്. മതേതരചേരികൾ ഒരുമിച്ചുനിൽക്കുമ്പോൾ ഫാസിസത്തെ നേരിടാൻ കോൺഗ്രസ്സിനോടൊപ്പം മാർക്സിസ്റ്റ് പാർട്ടിയുണ്ടാകണമെന്നാണ് ആ ലേഖനത്തിന്റെ ഉള്ളടക്കം. മാത്രമല്ല, ഇവിടെ രണ്ട് മുന്നണികളുള്ളതുകൊണ്ട് ബി.ജെ.പി.-ക്ക് കടന്നുവരാനുള്ള സാധ്യത കുറഞ്ഞിരിക്കുന്നുവെന്ന് പറഞ്ഞാൽ നിങ്ങളെപ്പോലെതന്നെ ഇപ്പുറത്തുള്ളവരും തുല്യമായ പങ്ക് വഹിച്ചതുകൊണ്ടാണ്. നാളത്തെ പ്രധാനമന്ത്രിയോ മുഖ്യമന്ത്രിയോ ആകാൻവേണ്ടി മത്സരിപ്പിച്ച ശ്രീ. ഇ. ശ്രീധരനെ തറപറ്റിച്ചത് കോൺഗ്രസ്സിലെ ശ്രീ. ഷാഫി പറമ്പിൽ ആണെന്ന് നിങ്ങൾ ഓർക്കണം.(....ബഹളം....)

<u>ശ്രീ. എ. എൻ. ഷംസീർ</u>: സർ, നേമം മണ്ഡലത്തിൽനിന്നും വിജയിച്ചുവന്ന അംഗവും ഇവിടെയിരിപ്പുണ്ട്.

<u>ഡോ. എം. കെ. മുനീർ</u>: സർ, അവിടെ ശ്രീ. കെ. മുരളീധരൻ മത്സരിച്ചതുകൊണ്ടാണ് അദ്ദേഹം ഇവിടെയിരിക്കുന്നത്. ആർ.എസ്.എസ്.-

ന്റെ വോട്ട് കുറയ്ക്കുക എന്നുള്ളതാണ് ഞങ്ങളുടെ ലക്ഷ്യം. അദ്ദേഹം ഇവിടെ ഇരിക്കുന്നതിൽ ഞങ്ങൾക്ക് ഖേദമില്ല. കാരണം, അവിടെ ആർ.എസ്.എസ്. വന്നില്ലല്ലോ എന്ന സന്തോഷത്തിൽ ഞങ്ങളും പങ്കുവഹിച്ചിട്ടുണ്ടെന്നാണ് സൂചിപ്പിക്കാനുള്ളത്. മെട്രോ റെയിലിന്റെ ഉദ്ഘാടനത്തിന് പ്രധാനമന്ത്രി വന്നപ്പോൾ പ്രതിപക്ഷനേതാവിനെയും മുൻ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിയെയും അങ്ങ് വിളിച്ചോ? ഇല്ല. എന്നാൽ, പ്രധാനമന്ത്രി കയറിയിരുന്നതിനുശേഷം ഒരു സ്റ്റേറ്റ് കാറിൽ വേറൊരാൾ ആ കംപാർട്ടുമെന്റിലേയ്ക്ക് കയറിയല്ലോ? അവിടെ ശ്രീ. കുമ്മനം രാജശേഖരന് എങ്ങനെയാണ് പെർമിഷൻ ലഭിച്ചത് എന്നതിനെക്കുറിച്ച് മുഖ്യമന്ത്രി മറുപടി പറയണ്ടേ; നിങ്ങൾ മൂന്നാളുകളും സഞ്ചരിക്കേണ്ടതാണോ മെട്രോ റെയിൽ?

ശ്രീ. തോമസ് കെ. തോമസ്: സർ, കേന്ദ്രമന്ത്രിയാണ് അദ്ദേഹത്തെ വിളിച്ചത്.

ഡോ. എം. കെ. മുനീർ: സർ, കേന്ദ്രമന്ത്രിയാണ് വിളിച്ചതെങ്കിൽ അത് പറയാനുള്ള ധൈര്യം മുഖ്യമന്ത്രിക്കുണ്ടാകണം. ഇവിടെ പഴയൊരു മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവുമുണ്ട്. അവരെ വിളിക്കാതെ ഇദ്ദേഹത്തെ കയറ്റാൻ പറ്റില്ലെന്ന് പറയാനുള്ള ധൈര്യം മുഖ്യമന്ത്രിക്കില്ലേ; അങ്ങ് വാളിന്റെ മുന്നിലൂടെ നടന്ന ആളല്ലേ? പോലീസിൽ ആർ.എസ്.എസ്.

ഉണ്ടെന്ന് ഞാനിവിടെ പറഞ്ഞിട്ടുണ്ട്. തത്വമസി എന്നൊരു പ്രസ്ഥാനം അതിൽ പ്രവർത്തിക്കുന്നു. അവർ കന്യാകുമാരിയിൽപ്പോയി അവിടത്തെ ശിബിരത്തിൽ പങ്കെടുക്കുന്നു. ഞാൻ ഇക്കാര്യം പറഞ്ഞപ്പോൾ മുഖ്യമന്ത്രി അതിന് മറുപടി നൽകിയില്ല. പക്ഷേ, അതേകാര്യം പിന്നീട് പറഞ്ഞത് ആരാണെന്നറിയാമോ? പോലീസ് സേനയിൽ ആർ.എസ്.എസ്.-വൽക്കരിക്കപ്പെടുന്നുണ്ടെന്ന കാര്യം അങ്ങയുടെ പാർട്ടി സെക്രട്ടറി ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞപ്പോഴെങ്കിലും അങ്ങ് അതിനെക്കുറിച്ച് അന്വേഷിച്ച് മറുപടി പറയണമെന്ന് ആഗ്രഹിക്കുകയാണ്.

ബോംബ് പൊട്ടിയതിനെക്കുറിച്ച് ഞങ്ങൾ പറഞ്ഞപ്പോൾ അങ്ങ് പറഞ്ഞത് വിഷയദാരിദ്ര്യം കാരണമാണ് ഇക്കാര്യം പറയുന്നതെന്നാണ്. ബോംബ് പൊട്ടി രണ്ടാളുകൾ മരിച്ചിട്ടും അത് അങ്ങേയ്ക്കൊരു വിഷയമല്ലെങ്കിൽ ഞങ്ങളെന്ത് പറയാനാണ്? അങ്ങയുടെ കാലഘട്ടത്തിൽ ബോംബ് സ്ഫോടനത്തിലും തോക്കുകൊണ്ട് വെടിവച്ചും എത്രപേരാണ് മരിച്ചതെന്നുള്ളതിനെക്കുറിച്ച് അങ്ങുതന്നെ ചോദ്യത്തിന് മറുപടി നൽകിയിട്ടുണ്ട്. 2016 മുതൽ 2022 വരെ 31 പേർ മരണപ്പെടുകയും 89 പേർക്ക് പരിക്കേൽക്കുകയും ചെയ്തിട്ടുണ്ട്. ഏകദേശം 257 പ്രതികളുണ്ട്. ഇപ്പോൾ ഇവരെ പിടിക്കുന്ന രീതിയെന്നു പറയുന്നത്, മുൻപ്രതികളെയും

സ്ഫോടകവസ്തുക്കൾ സൂക്ഷിക്കാൻ ലൈസൻസുള്ളവരെയും പോയിനോക്കിയശേഷം ബോംബ് എവിടെനിന്നാണ് വന്നതെന്ന് കണ്ടുപിടിക്കും. ഇത് സ്കാൻഡിനേവിയൻ മാതൃകയാണെന്നാണ് എനിക്ക് തോന്നുന്നത്. ഈ രീതിയിൽ പഴയ പ്രതികളെ പോയി നോക്കിയിട്ട് നീയാണോ ബോംബെറിഞ്ഞതെന്ന് ചോദിക്കുന്ന സ്കാൻഡിനേവിയൻ മാതൃക വളരെ ഗംഭീരമായിട്ടുണ്ട്.

ഇവിടെ പോലീസുകാർ കൊലപ്പെടുത്തിയ ആളുകളുടെ ലിസ്റ്റ് ഞാൻ വായിക്കാം. വണ്ടൂരിലെ അബ്ദുൽ ലത്തീഫ്, തമിഴ് തൊഴിലാളിയായ കാളിമുത്തു, കുണ്ടറയിലെ കുഞ്ഞുമോൻ, പാവറട്ടിയിലെ വിനായകൻ, പട്ടിക്കാട്ടെ ബൈജു, മാറനല്ലൂരിലെ വിക്രമൻ, നൂറനാട്ടെ രാജു, തൊടുപുഴയിലെ രജീഷ്, ആലപ്പുഴ കഞ്ഞിക്കുഴിയിലെ സുമിയും ബിച്ചുവും, തിരുവനന്തപുരം വാളിയോട്ടെ അപ്പുനാടാർ, കാസർഗോഡുള്ള സന്ദീപ്, വാരാക്കുഴിയിലെ ശ്രീജിത്ത്, കൊട്ടാരക്കരയിലെ മനു എന്നിങ്ങനെ നീളുന്ന നീണ്ട പട്ടികയാണ്. ഇപ്പോൾ എല്ലാവരും ചോദിക്കുന്നത് 'കിട്ടിയോ.. കിട്ടിയോ..' എന്നാണ്. ആരെയാണ്? സുകുമാരക്കുറുപ്പിനെ അല്ല. ബഹുമാനപ്പെട്ട ഇ. പി. ജയരാജനാണ് സുകുമാരക്കുറുപ്പിനെ കണ്ടെത്താത്തതുപോലെ ഒരവസ്ഥയിൽ നമ്മളെത്തുമെന്ന് പറയുന്നത്.

മാലപ്പടക്കം എറിഞ്ഞ ആളിനെ ഇതുവരെ കിട്ടിയിട്ടില്ല. ഇതിന്റെ പേരിൽ ആ സ്കൂട്ടറിൽ സഞ്ചരിക്കുന്ന എല്ലാവരെയും പിടിക്കല്ലേ? പ്രതിയെ പിടിക്കാതെ അതേ സ്കൂട്ടർ ഉപയോഗിക്കുന്നുവെന്ന കാരണത്താൽ എല്ലാവരെയും പോലീസ് സ്റ്റേഷനിൽ കൊണ്ടുപോകുന്ന അവസ്ഥ മാറ്റണം. പ്രതി ആരാണെന്ന് കണ്ടുപിടിക്കുന്നതിന് ശ്രീ. ഇ. പി. ജയരാജൻ, ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ എന്നിവരോടൊക്കെ ചോദിച്ച് അത് കണ്ടുപിടിക്കണം. കാരണം, അവർ ഈ കേസിലെ സാക്ഷികളാണ്. സാക്ഷികൾ എന്നനിലയ്ക്ക് പ്രതി ആരാണെന്ന് അവർക്കറിയാം; അക്കാര്യം അവർ മറച്ചുവയ്ക്കുകയാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് പറയാനുള്ളത്, അങ്ങയെ ചെറുതാക്കാൻ സമ്മതിക്കില്ലെന്നും അതുകൊണ്ട് അങ്ങ് നന്നാവണം എന്നുമാണ്.

<u>ശ്രീ. പി. ബാലചന്ദ്രൻ</u>: സർ, ഇന്നേയ്ക്ക് 47 വർഷം മുമ്പ് കേരള നിയമസഭയുടെ സമ്മേളനം നടക്കുന്ന സന്ദർഭത്തിൽ ഒരു ചെറുപ്പക്കാരൻ ശരീരം നിറയെ രക്തക്കറകളായും രക്തത്തിൽ കുതിർന്ന ഷർട്ടുമായും ഈ സഭാതലത്തിൽ എഴുന്നേറ്റുനിന്ന് സംസാരിച്ചു. അന്ന് ഇവിടെയല്ല സഭ കൂടിക്കൊണ്ടിരുന്നതെന്ന് ഇവിടെയുള്ളവർക്കെല്ലാം അറിയാം. പോലീസ് മർദ്ദനത്തിന്റെ ഭീകരമായ മുറിപ്പാടുമായി അന്ന് ഈ സഭാതലത്തിൽ

എഴുന്നേറ്റുനിന്ന് സംസാരിച്ച ധീരനായ ആ ചെറുപ്പക്കാരനാണ് കേരളത്തിന്റെ മുഖ്യമന്ത്രിയായി ഇന്നിവിടെയിരിക്കുന്ന ശ്രീ. പിണറായി വിജയൻ. അദ്ദേഹം ഇന്ന് ആഭ്യന്തര വകുപ്പിന് നേതൃത്വം നൽകുകയാണ്. മുമ്പ് ആഭ്യന്തര വകുപ്പ് കൈകാര്യം ചെയ്തിരുന്ന രണ്ട് മന്ത്രിമാർ ഈ ചർച്ചയിൽ പങ്കെടുത്തു. അവർക്ക് ശംഖുംമുഖത്തുനിന്ന് ഒരു പാട്ട മണൽ നൽകിയാൽ മണലുകൊണ്ട് അവർ കയർ പിരിക്കാൻ കഴിവുള്ള അത്രയും വിദഗ്ദ്ധരായിരുന്നു. അതിന് ചില്ലറ കഴിവൊന്നും മതിയാകില്ല. അത് മുപ്പിരി കയറാണോ; കൊലക്കയറാണോ എന്താണെങ്കിലും അവർ ചെയ്യുമായിരുന്നു. അവർ ചാരിനിൽക്കുന്ന രാഷ്ട്രീയ പ്രസ്ഥാനത്തിന്റെയും അവർക്കുവേണ്ടി സംസാരിക്കുന്ന മുസ്ലീംലീഗിന്റെയും മനസ്സിലിരിപ്പെന്താണ്? കമ്മ്യൂണിസ്റ്റുകാർ ഭരിക്കുമ്പോൾ കൊലയ്ക്കും തലയ്ക്കും രക്ഷയില്ലെന്നാണ് ശ്രീ. എൻ. ഷംസുദ്ദീൻ പറഞ്ഞത്. രാജകിങ്കര സ്വഭാവമുണ്ടായിരുന്ന കേരളത്തിലെ നാട്ടുരാജ്യങ്ങളിലെ പോലീസുകാരുടെ കാലം മുതൽ ലോക്കപ്പിൽ മർദ്ദനമേറ്റ ഒരു വിഭാഗം കേരളത്തിലുണ്ടെങ്കിൽ സൂര്യവെളിച്ചംപോലും നിഷേധിക്കപ്പെട്ട കമ്മ്യൂണിസ്റ്റുകാരായിരുന്നു അവർ. അവർ അനുവഭിച്ചതിന്റെ അത്രയും ത്യാഗമൊന്നും കേരളത്തിലെ പോലീസ് സ്റ്റേഷനുകളിലെ ലോക്കപ്പുകളിലാരും അനുഭവിച്ചിട്ടില്ല. അവരുടെ

രക്തംകൊണ്ട് കുതിർന്നതാണ് കേരളത്തിലെ ഓരോ പോലീസ് ലോക്കപ്പുകളും. കേരളത്തിലെ ഓരോ പട്ടണങ്ങളിലും കമ്മ്യൂണിസ്റ്റുകാരെ വേട്ടയാടാനായി കസബ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുകയുണ്ടായി. രാജകിങ്കര സ്വഭാവമുണ്ടായിരുന്ന ആ പോലീസിനെ, ഫ്യൂഡൽ പോലീസിനെ, പ്രജകളുടെ സിറ്റിസൺ ബോധത്തിലേയ്ക്ക് കൊണ്ടുവന്നതും ജനമൈത്രി പോലീസുവരെയെത്തിച്ചതും കമ്മ്യൂണിസ്റ്റുകാരാണ്. ശ്രീ. പിണറായി വിജയന്റെ കാലത്തുതന്നെയാണ് പോലീസിന്റെ മുഖഭാവമാകെ മാറ്റിയത്. പോലീസ് എന്നുപറഞ്ഞാൽ അതുവരെ മർദ്ദനോപകരണമെന്ന നിലയ്ക്കാണ് കണ്ടിരുന്നതെങ്കിൽ ലോകമാകെ സ്തംഭിച്ചുനിന്ന കഴിഞ്ഞ രണ്ടര വർഷക്കാലം മാലാഖമാരെപ്പോലെ തെരുവിലിറങ്ങിനിന്ന് കേരളത്തെ നിയന്ത്രിച്ച് രക്ഷിച്ച, കേരളത്തിലെ സാധാരണക്കാരന്റെ വീടുകളിലേയ്ക്ക് ഭക്ഷണവും മരുന്നുമെത്തിച്ച് വോളന്റിയർ ദൗത്യം ഏറ്റെടുത്തത് കേരളത്തിലെ പോലീസ് സേനയാണ്. അത് ആർക്കാണ് നിഷേധിക്കാൻ സാധിക്കുന്നത്? പ്രളയം വന്നപ്പോൾ കയ്യിലുള്ള തോണിയും പങ്കായവുമായി നഗരവിധാനങ്ങളിലേയ്ക്കുവന്ന് ടെറസ്സുകളുടെ മുകളിൽനിന്ന് മനുഷ്യജീവനുകളെ രക്ഷിച്ച മത്സ്യത്തൊഴിലാളികളെ നോക്കി അന്ന് ശ്രീ. പിണറായി വിജയൻ പറഞ്ഞു "ഇവർ കേരളത്തിന്റെ സേനയാണ്. ഇവരാണ്

കേരളത്തിന്റെ യഥാർത്ഥ രക്ഷകർ' എന്ന്. ഒരു പ്രത്യേകഘട്ടത്തിൽ കേരളത്തിലെ പോലീസ് സംവിധാനത്തെ കേരളത്തിലെ ജനങ്ങൾ നോക്കിക്കണ്ടില്ലേ; എത്ര മാറ്റമാണുണ്ടായത്; അതെന്താണ് കാണാത്തത്? അപഭ്രംശങ്ങളുണ്ടാകും. ഒരു ചരിത്ര തുടർച്ചയാകുമ്പോൾ ഒന്നോ രണ്ടോ വീഴ്ചകളുടെ പേരിൽ കാടടച്ച് വെടിവയ്ക്കരുത്, മരം തടഞ്ഞ് കാട് കാണാതിരിക്കരുത്, തിരതടഞ്ഞ് കടൽ കാണാതിരിക്കരുതെന്ന് നമ്മൾ പറയില്ലേ? അതുപോലെ ഒറ്റപ്പെട്ട സംഭവങ്ങളുടെ പേരിൽ മുഴുവൻ പോലീസ് സേനയ്ക്കുവന്നിട്ടുള്ള മാറ്റങ്ങളെ നിരാകരിക്കരുതെന്നാണ് ഞാൻ പറഞ്ഞതിന്റെ അർത്ഥം. വിശ്വപ്രസിദ്ധനായ മലയാളത്തിന്റെ പ്രിയപ്പെട്ട എഴുത്തുകാരൻ ശ്രീ. ആനന്ദ് മാതൃഭൂമി ആഴ്ചപ്പതിപ്പിൽ പ്രസിദ്ധീകരിച്ച 'പാൽ പിരിയുന്ന കാലം' എന്ന കഥ പറയാം. ഒരു മുസ്ലീം ചെറുപ്പക്കാരന് വയറിൽ ഒരു അസുഖംവന്ന്, അയാളുടെ കുടലിന്റെ ഒരു ഭാഗം മുറിച്ചെടുത്ത് ഹോർലിക്സ് കുപ്പിയിലിട്ട് പതോളജി പരിശോധനയ്ക്കായി ലാബിലേയ്ക്ക് അയയ്ക്കുന്നതിനായി അദ്ദേഹം ഛത്രപതി ശിവജി ടെർമിനലിൽ ട്രെയിൻ ഇറങ്ങി നടന്നുപോകുമ്പോൾ അവിടെ കിടക്കുന്ന കുറേ പട്ടികൾ കുടലിന്റെ മണംപിടിച്ച് അദ്ദേഹത്തിന്റെ ചുറ്റുംകൂടി. ഇതിനിടയിൽ അവിടെ പുകവലിച്ചുകൊണ്ടിരുന്ന ഹിന്ദുസന്യാസിമാരിൽ ഒരാൾ അദ്ദേഹത്തെ ചവിട്ടി

വീഴ്ത്തി. സ്വന്തം കുടൽ കഷ്ണം കാൻസറാണോയെന്ന് പരിശോധിക്കാൻപോയ ഒരു ചെറുപ്പക്കാരനെ ഛത്രപതി ശിവജി റെയിൽവേ സ്റ്റേഷനിലിട്ട് തല്ലിക്കൊന്നു. അതാണ് 'പാൽ പിരിയുന്ന കാലം' എന്ന കഥയിൽ വിവരിക്കുന്നത്. ആർ.എസ്.എസ്.-ന്റെ കൊടുവാൾ നിസ്കാരത്തഴമ്പുള്ള തലകളുടെ മുകളിൽ പതിക്കാതിരിക്കാൻ.., അതിനെയെല്ലാം നെഞ്ചുകൊണ്ടുതടുക്കുന്ന കമ്മ്യൂണിസ്റ്റുകാരുള്ളതുകൊണ്ടാണ് കേരളത്തിൽ മുസ്ലീം ജനവിഭാഗങ്ങൾക്ക് ജീവിക്കാൻ സാധിക്കുന്നത്. പാതിരാമണൽ ആക്രമിക്കുമെന്ന് പറഞ്ഞില്ലേ? എത്ര മുസ്ലീം മദ്രസകൾ ആക്രമിക്കുമെന്ന് പറഞ്ഞു. കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണിയും അതിന് നേതൃത്വം നൽകുന്ന പോലീസ് വകുപ്പും വകുപ്പുമന്ത്രിയും ധീരതയോടെ നിലനിൽക്കുന്നതുകൊണ്ടാണിത് സാധിച്ചത്. ക്രമസമാധാന പരിപാലനവും നിയമപരിപാലനവും എന്നിങ്ങനെ എത്ര ഉദാരമായ മാറ്റമാണ് പോലീസ് സേനയ്ക്കുള്ളത്. അതോടൊപ്പം കേരളത്തിലെ പോലീസ് സേനയിൽ പിങ്ക് പോലീസ് സേനയുമുണ്ട്. കേരളത്തിലെ ഒരു കോടിയിൽത്താഴെ ജനങ്ങൾ ശബരിമലയിൽ വന്നുപോകുന്നുണ്ട്. ഒരു ഡി.ജി.പി.-യുടെ നേതൃത്വത്തിൽ ശബരിമലയും പുണ്യപൂങ്കാവനവും മുഴുവൻ ഇക്കോ-ഫ്രണ്ട്ലിയായി സംരക്ഷിക്കാൻ പോലീസ് സേന ശ്രമിക്കുകയാണ്. പരിസ്ഥിതി

സംരക്ഷണത്തിലും കുട്ടികളുടെ സംരക്ഷണത്തിലും സ്ത്രീകളുടെ സംരക്ഷണത്തിലും ജനമൈത്രി പോലീസ് എന്നുള്ള മുഖഭാവത്തിൽ മാറ്റംവന്ന പോലീസ് സംവിധാനത്തെ ഉപയോഗപ്പെടുത്തിക്കൊണ്ട് കേരളത്തിൽ നടക്കുന്ന മാറ്റങ്ങൾ ഇവർ കാണുന്നില്ലേ; ഇവർ കണ്ടിട്ടും കണ്ണടയ്ക്കുകയാണോ; ഒറ്റപ്പെട്ട കൊലപാതകങ്ങളെയും കൊലപാതക ശ്രമങ്ങളെയും ഫലിത ബിന്ദുക്കളാക്കിമാറ്റിയതുകൊണ്ട് കാര്യങ്ങൾ നേരെപോകുമോ; കേരളത്തിലെ യഥാർത്ഥ ചിത്രം എന്താണ്; കഴിഞ്ഞ വർഷം രാമവർമ്മപുരം പോലീസ് ക്യാമ്പിൽനിന്ന് പരേഡ് കഴിഞ്ഞ് പുറത്തിറങ്ങിയ പോലീസുകാരുടെ മിനിമം യോഗ്യത B.Tech.-ഉം M.Tech.-ഉം ആയിരുന്നു. അവരാണ് ഇന്ന് പോലീസ് സേനയിൽ ജോലി ചെയ്യുന്നത്. ഇവർക്ക് ഈ തസ്തികയിൽ അപേക്ഷിക്കുന്നതിന് ഡിഗ്രി മാത്രം യോഗ്യത മതി; അല്ലെങ്കിൽ പ്രീഡിഗ്രിയോ എസ്.എസ്.എൽ.സി.-യോ മതിയാകും. അവിടെയാണ് B.Tech.-ഉം M.Tech.-ഉം പാസ്സായ പോലീസ് ഉദ്യോഗസ്ഥരുള്ളത്. ഇവർക്ക് അസഹിഷ്ണുതകാണും. ന്യൂനപക്ഷങ്ങൾക്ക് സംരക്ഷണമുള്ള പ്രദേശം ഏതാണെന്ന് ഇവർ പറഞ്ഞില്ലേ? നമ്മുടെ ഭൂപടം പരിശോധിച്ചാൽ ന്യൂനപക്ഷങ്ങൾക്ക് സംരക്ഷണമുള്ള പ്രദേശം ഏതാണ്? ആ പ്രദേശങ്ങളുടെ മുഖ്യചാലക ശക്തിയായി പ്രവർത്തിക്കുന്നത്

സോഷ്യലിസ്റ്റ് ആഭിമുഖ്യമുള്ള കമ്മ്യൂണിസ്റ്റുകാരായിരിക്കുമെന്ന് കാണാൻ സാധിക്കും. എന്തെങ്കിലും കാര്യങ്ങളിൽ അഭിപ്രായവ്യത്യാസമുണ്ടെങ്കിൽ ഓരോ സ്റ്റേഷനിലേയും എഫ്.ഐ.ആർ. നോക്കിയാണോ മുന്നോട്ട് പോകേണ്ടത്; ഒരു പോലീസ് സേനാവ്യൂഹത്തിൽ ഒന്നോ രണ്ടോ പേർ എന്തെങ്കിലും രീതിയിലുള്ള അപഭ്രംശത്തിന് വിധേയമായാൽ മാതൃകാപരമായി അവരെ ശിക്ഷിക്കുകയെന്നുള്ളതല്ലേ വഴി? കേരളത്തിലെ പോലീസ് സേനയ്ക്ക് എടുത്തുപറയാവുന്ന നേട്ടങ്ങളല്ലാതെ ഏതുവിധത്തിലുള്ള കോട്ടങ്ങളാണുള്ളത്. സ്കോട്ട്ലാന്റ് യാർഡിലെ പോലീസ് സേനയെ വെല്ലുവിളിക്കാവുന്ന ഒരു പോലീസ് സേനയാണ് കേരളത്തിലുള്ളത്. ഇത് ആർക്കാണ് നിഷേധിക്കാൻ സാധിക്കുന്നത്? ലോകത്തിലെ പോലീസ് ഉദ്യോഗസ്ഥ സംവിധാനങ്ങളിലെ പഠനങ്ങളും മന:ശാസ്ത്ര വിദഗ്ദ്ധരും ലോകത്തിലെ കുറ്റാന്വേഷണ സംവിധാനങ്ങളും പുതിയ കുറ്റാന്വേഷണ നോവലുകളിൽപ്പോലും പരാമർശിക്കുന്നത് കേരളാ പോലീസിന്റെ ശാസ്ത്രീയമായ വിന്യാസത്തെ ഉദാഹരിച്ചുകൊണ്ടാണ്. കണ്ണടച്ച് ഇരുട്ടാക്കരുതെന്ന് മാത്രമാണ് പ്രതിപക്ഷത്തോട് സൂചിപ്പിക്കാനുള്ളത്. ആദിവാസി ഊരിലെ ആദിവാസികളുടെ പ്രശ്നങ്ങളെക്കുറിച്ച് ശ്രീ. എൻ. ഷംസുദ്ദീനെ പോലുള്ളവർ നേരത്തെ സംസാരിച്ചില്ലേ? സെക്രട്ടേറിയറ്റിന്റെ

നടുവിൽ ശ്രീമതി സി. കെ. ജാനുവുമായി കോൽക്കളി കളിച്ചതിനുശേഷം രണ്ട് ദിവസം കഴിഞ്ഞ് രാത്രിയിൽ ഒരു ബറ്റാലിയൻ പോലീസുകാരെ നിറതോക്കുമായി ആദിവാസി ഊരിലേയ്ക്കുവിട്ട് 82 പേരെ മൃതപ്രായരാക്കിയ ചരിത്രമല്ലേ കോൺഗ്രസ്സിനുള്ളത്. ശ്രീ. എ. കെ. ആന്റണി ഭരിക്കുന്ന സമയത്ത് മുത്തങ്ങാ സമരാഭാസം ഈ സെക്രട്ടേറിയറ്റിന് മുമ്പിലല്ലേ നടന്നത്? എന്നിട്ടാണ് ആദിവാസി പ്രേമം പറയുന്നത്. ജയിൽ, പോലീസ്, സ്റ്റേഷനറി വകുപ്പുകളുടെ ധനാഭ്യർത്ഥനകളെ ഞാൻ പിൻതുണച്ചുകൊണ്ട് നിർത്തുന്നു.

ശ്രീമതി കെ. കെ. രമ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. നമ്മുടെ പോലീസ് സേന ഇന്ന് കുത്തഴിഞ്ഞ ആൾക്കൂട്ടമായി മാറിയിരിക്കുന്നു. സംസ്ഥാനം ഭരിക്കുന്ന പാർട്ടിയുടെ ആസ്ഥാനത്തേയ്ക്ക് മാവിന് കല്ലെറിയുന്ന ലാഘവത്തോടെ ഒരാൾ സ്ഫോടക വസ്തു എറിഞ്ഞ് കടന്നുകളഞ്ഞ് രണ്ടാഴ്ച കഴിഞ്ഞിട്ടും ഇപ്പോഴും പോലീസ് ഇരുട്ടിൽത്തപ്പുകയാണ്. സ്വന്തം ഓഫീസ് ആക്രമിച്ച പ്രതിയെ പിടികൂടാത്തതിനെക്കുറിച്ച് ചോദിച്ചപ്പോൾ സുകുമാരക്കുറുപ്പിനെ പിടിച്ചോയെന്ന പരിഹാസ്യമായ മറുചോദ്യം ഉന്നയിക്കുന്ന എൽ.ഡി.എഫ്. കൺവീനർ നയിക്കുന്ന മുന്നണി ഭരണത്തിലെ പോലീസിൽനിന്ന് ഈ

നാടിന് എങ്ങനെയാണ് നിഷ്പക്ഷമായ നീതിവാഴ്ച പ്രതീക്ഷിക്കാൻ സാധിക്കുക? നീതിവാഴ്ചയുടെ ജനകീയ വിശ്വാസത്തെ തകർക്കുന്ന സംഭവ വികാസങ്ങളല്ലേ നടക്കുന്നത്; ഇവിടെ പ്രമുഖയായ ഒരു നടിയെ അക്രമിച്ച കേസിലും അതുതന്നെയല്ലേ നടന്നുകൊണ്ടിരിക്കുന്നത്. പതിറ്റാണ്ടുകളുടെ സർവ്വീസ് ജീവിതത്തിനുശേഷം പോലീസിന്റെ ഉന്നതസ്ഥാനത്തുനിന്ന് വിരമിച്ച മുൻ ഡി.ജി.പി. ശ്രീമതി ആർ. ശ്രീലേഖ നടത്തിയ ഗൗരവമേറിയ ആരോപണങ്ങൾ സംസ്ഥാന സർക്കാരിനെയാകെയും ആഭ്യന്തരവകുപ്പിനെയും പ്രതിക്കൂട്ടിൽ നിർത്തിയിരിക്കുകയാണ്. ഇന്നലെവരെ സംസ്ഥാന പോലീസ് ഭരണത്തിന്റെ തലപ്പത്തിരുന്നവരൊക്കെ പ്രതിഭാഗം വക്കാലത്തുമായി ഇന്ന് രംഗത്തുവരുമ്പോൾ എന്താണ് ഈ നാട് മനസ്സിലാക്കേണ്ടത്; കുറ്റാരോപിതരും ഉന്നത പോലീസ് ഉദ്യോഗസ്ഥരും തമ്മിലുള്ള സുദൃഢമായ ബന്ധം അവർ റിട്ടയർ ചെയ്തതിന്റെ പിറ്റേന്ന് പൊട്ടിമുളയ്ക്കുകയാണോ? ഇവിടെ ആഭ്യന്തരവകുപ്പ് ഇരകൾക്കൊപ്പം കിതയ്ക്കുകയും വേട്ടക്കാർക്കൊപ്പം കുതിക്കുകയും ചെയ്യുകയാണെന്ന് നേരത്തെ ഉന്നയിക്കപ്പെട്ട ആരോപണങ്ങൾ കൂടുതൽ ബലപ്പെടുകയാണ്. ഈ കേസിൽ രണ്ട് പബ്ലിക് പ്രോസിക്യൂട്ടർമാർ രാജിവച്ചു. രണ്ടാമത്തെ പബ്ലിക് പ്രോസിക്യൂട്ടർ രാജിവച്ചത് 29-12-2021-നാണ്. അതിനുശേഷം 7 മാസം

കഴിഞ്ഞിട്ടും ഒരു പബ്ലിക് പ്രോസിക്യൂട്ടറെ നിയമിക്കാൻ കഴിഞ്ഞിട്ടില്ല. അഭിഭാഷകർ തെളിവ് നശിപ്പിക്കാൻ കൂട്ടുനിന്നതിന് നിരവധി തെളിവുകൾ ലഭിച്ചിട്ടും അവർക്കെതിരെ കേസെടുക്കാൻ സർക്കാർ തയ്യാറാകാത്തതെന്തുകൊണ്ടാണ്? അഭിഭാഷകരുടെ മുന്നിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മുട്ടുവിറയ്ക്കുകയാണ്. കേരളത്തിലെ പോലീസ് സംവിധാനം കള്ളത്തെളിവുകളും സാക്ഷിമൊഴികളുംകൊണ്ട് ആളുകളെ പ്രതികളാക്കുകയും ശിക്ഷ വാങ്ങിക്കൊടുക്കുകയും ചെയ്യുന്നവരാണ് എന്ന വെളിപ്പെടുത്തൽ നമ്മുടെ നീതിന്യായ വ്യവസ്ഥയെ ആകെ പ്രതിക്കൂട്ടിൽ നിർത്തുന്നതും അങ്ങേയറ്റം ദുരൂഹവുമാണ്. കേരള പോലീസ് ഒന്നാകെ പാർട്ടിക്കാരാൽ വന്ധ്യംകരിക്കപ്പെട്ട സംവിധാനമായി മാറിക്കൊണ്ടിരിക്കുകയാണ്. നിരവധി വധശ്രമക്കേസുകൾ ഉൾപ്പെടെയുള്ള കേസുകളിൽ ഇപ്പോഴും പ്രതികളെ പിടികൂടാൻ കഴിയുന്നില്ല. ഒഞ്ചിയത്ത് Revolutionary Marxist Party (RMP) നേതാവ് കെ. കെ. ജയൻ, മുൻപഞ്ചായത്ത് പ്രസിഡന്റ് പി. ജയരാജൻ എന്നിവരെയുൾപ്പെടെ വധിക്കാൻ ശ്രമിച്ച കേസിൽ വർഷം 12 കഴിഞ്ഞിട്ടും ഒരു പ്രതിയെപ്പോലും പിടികൂടാൻ കഴിഞ്ഞിട്ടില്ല. സി.പി.ഐ.(എം) സംസ്ഥാന സെക്രട്ടറി ശ്രീ. കോടിയേരി ബാലകൃഷ്ണൻ പ്രസംഗിക്കുന്ന വേദിക്കരികിൽ ബോംബെറിഞ്ഞിട്ട് ആ പ്രതിയെ

പിടികൂടാൻ കഴിഞ്ഞിട്ടില്ല. ഇതിന് പോലീസിനെ മാത്രം കുറ്റം പറയാൻ കഴിയുമോ? മുഖ്യമന്ത്രിക്ക് പാതയൊരുക്കാൻവേണ്ടി സമയം ചെലവഴിക്കുകയാണ് ഭൂരിഭാഗം പോലീസ് ഉദ്യോഗസ്ഥരും. ജനങ്ങളെ പൊതുനിരത്തുകളിൽ ബന്ദികളാക്കിവച്ചുകൊണ്ട് ചീറിപ്പായുന്ന മുഖ്യമന്ത്രി ഒരു സഞ്ചരിക്കുന്ന അടിയന്തരാവസ്ഥയായി മാറിക്കൊണ്ടിരിക്കുകയാണ്. 'കക്കാൻ പഠിച്ചവന് ഞാലാനുമറിയാം' എന്നാണ് കണ്ണൂർ ഭാഷയിൽ കഴിഞ്ഞദിവസം എൽ.ഡി.എഫ്. കൺവീനർ പറഞ്ഞ പഴമൊഴി. ഇത് കേൾക്കുമ്പോൾ ആഭ്യന്തരമന്ത്രിയെയും ആഭ്യന്തരവകുപ്പിനെയും കുറിച്ചാണോയെന്ന് സംശയിക്കുകയാണ്. തിരുവനന്തപുരത്ത് ആറ്റിങ്ങലിൽ 7 വയസ്സുകാരിയെയും പിതാവിനെയും മൊബൈൽ ഫോൺ മോഷ്ടിച്ചുവെന്ന് ആരോപിച്ച് അപമാനിച്ച സംഭവത്തിൽ പോലീസുകാർക്ക് ഒരു ട്രാൻസ്ഫർ മാത്രം നൽകി ഒതുക്കാൻ ശ്രമിച്ചപ്പോൾ കോടതി ഇടപെട്ടതോടെ ഒന്നരലക്ഷം രൂപ കൊടുത്ത് നഷ്ടപരിഹാരം നൽകുന്ന ഉത്തരവിറക്കേണ്ടിവന്നത് പോലീസ് സേനയ്ക്കുതന്നെ അപമാനമായി മാറിയിരിക്കുകയാണ്. ലോക്കപ്പിൽ മൂന്നാം മുറ പ്രയോഗിക്കരുതെന്ന് നിർദ്ദേശമുണ്ടെങ്കിലും ലോക്കപ്പ് മരണങ്ങളും മൂന്നാംമുറ മർദ്ദനങ്ങളും നിർബാധം തുടരുകയാണ്. കസ്റ്റഡിയിൽ വച്ച് ചോദ്യം ചെയ്യുകയും

ആകാവുന്നത്ര ഭേദ്യം ചെയ്യുകയും തെളിവുകൾ ശേഖരിക്കാനും പോലീസ് ശ്രമിക്കും. കോടതിയിൽ വിവരങ്ങൾ പറഞ്ഞാൽ തിരികെ ചെല്ലേണ്ടത് ഇതേ പോലീസിന്റെ കയ്യിലേയ്ക്കാണല്ലോ എന്നോർത്ത് പ്രതികൾ കോടതിക്കുമുന്നിൽ വായ് തുറക്കില്ല. ഇത് പോലീസുകാർക്ക് പ്രോത്സാഹനം നൽകുകയാണ്. ജയിലുകൾ ഇന്ന് ഒരു വിഭാഗം തടവുകാരുടെ സ്വൈരവിഹാരകേന്ദ്രങ്ങളായി മാറിക്കൊണ്ടിരിക്കുന്നു. തൃശ്ശൂർ വിയ്യൂർ സെൻട്രൽ ജയിലിലെ ഫോൺവിളി വിവാദവും ചില ഉദ്യോഗസ്ഥരും തടവുകാരും തമ്മിലുള്ള വഴിവിട്ടബന്ധവും ആപൽക്കരമായ സാഹചര്യത്തിലാണ് വിരൽചൂണ്ടുന്നത്. ലൈസൻസില്ലാത്ത തോക്ക് കൈവശം വച്ചതിന് വിയ്യൂർ സെൻട്രൽ ജയിലിൽ കഴിയുന്ന തടവുകാരൻ 5 മാസത്തിനിടെ രണ്ടായിരത്തിലധികം തവണയാണ് മൊബൈൽ ഫോണിൽ വിളിച്ചതെന്ന വാർത്ത കേട്ട് കേരളജനത അന്തംവിട്ടിരിക്കുകയാണ്. ടി. പി. ചന്ദ്രശേഖരൻ വധക്കേസ് ഉൾപ്പെടെ സംസ്ഥാനം ചർച്ച ചെയ്ത ക്രൂരവും പൈശാചികവുമായ കുറ്റകൃത്യങ്ങളിൽപ്പെട്ട സ്വന്തം പാർട്ടിക്കാർക്ക് സി.പി.ഐ.(എം) ജയിലറകളിൽ സംരക്ഷണം ഒരുക്കുകയാണ്. പലവട്ടം ജയിലിൽ ഫോൺ ഉപയോഗിച്ചതിന് പിടിയിലായിട്ടും ജയിൽ സൂപ്രണ്ടിന്റെ ഓഫീസിലെ സഹായിയായി ജോലി ചെയ്യുകയായിരുന്നു ടി. പി.

ചന്ദ്രശേഖരൻ വധക്കേസിലെ പ്രതിയായിരുന്ന ഷാഫി. കുഴപ്പക്കാരെക്കൊണ്ട് ഇത്തരം ജോലികൾ ചെയ്യിക്കാൻ നിർദ്ദേശം നൽകുന്നത് ഇവർക്ക് ബാധകമല്ലേ? (....മൈക്ക് ഓഫ്......)

ശ്രീ. എം. എം. മണി: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഈ ധനാഭ്യർത്ഥനകൾ ബന്ധപ്പെട്ട വകുപ്പുകളുടെ ഫലപ്രദമായ പ്രവർത്തനത്തിന് ഉപകരിക്കുമെന്നുതന്നെയാണ് പ്രതീക്ഷിക്കുന്നത്. ഇവിടെ പോലീസിന്റെ പ്രവർത്തനം വളരെ കാര്യക്ഷമമായ ഒരു കാലമാണ്. പോലീസ് സേനയിൽ നല്ലനിലയിലുള്ള നവീകരണം നടത്തി കാര്യക്ഷമതയോടുകൂടി പ്രവർത്തിക്കുന്നുവെന്ന കാര്യത്തിൽ ആർക്കും സംശയമുണ്ടാകുമെന്ന് തോന്നുന്നില്ല. 2016-ൽ അധികാരത്തിൽ വന്ന സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റ് പോലീസ് സേനയെ നവീകരിച്ചതും അതിന്റെ പ്രവർത്തനം സംഘടിപ്പിച്ചതും ഏറ്റവും ഫലപ്രദമായ രീതിയിലാണ്. പലപ്പോഴും ഗവൺമെന്റുകളെ പ്രതിക്കൂട്ടിലാക്കുന്ന പോലീസാണുള്ളതെങ്കിൽ ഇവിടെ വീണ്ടും തുടർഗവൺമെന്റ് അധികാരത്തിൽ വന്നത് പോലീസിന്റെ ഫലപ്രദമായ പ്രവർത്തനം, ജനസേവനം എന്നിവയുടെ ഫലംകൊണ്ടാണെന്ന് യാതൊരു സംശയവുമില്ലാത്ത കാര്യമാണ്.

ഇക്കാലയളവിൽ പോലീസ് സേനയിൽ പുതിയ വിഭാഗത്തെ റിക്രൂട്ട് ചെയ്യുകയും പോലീസ് സേനയെ ആകെയും പോലീസ് സ്റ്റേഷനുകളിലെ പ്രവർത്തനത്തെ നവീകരിക്കുകയും ഫലപ്രദമാക്കുകയും ചെയ്തിട്ടുണ്ടെന്ന കാര്യം ഈയവസരത്തിൽ ഓർമ്മപ്പെടുത്തുകയാണ്. പോലീസിനെ സംബന്ധിച്ച്, ഇടതുപക്ഷ ജനാധിപത്യമുന്നണിക്കും ഐക്യജനാധിപത്യമുന്നണിക്കും വ്യത്യസ്ത വീക്ഷണമാണുള്ളത്. ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ കാഴ്ചപ്പാടിൽ പോലീസ് സേനയെന്ന് പറയുന്നത് ജനങ്ങളെ അടിച്ചൊതുക്കാനുള്ള സംവിധാനമല്ല; മറിച്ച്, ജനങ്ങൾക്ക് സേവനം ചെയ്യാനും കുറ്റവാളികളെ നിയമത്തിന്റെ മുന്നിൽ കൊണ്ടുവരികയും ശിക്ഷിക്കുകയും ചെയ്യുക എന്നതുമാണ്. എന്നാൽ ഐക്യജനാധിപത്യമുന്നണി-കോൺഗ്രസ്സിന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റുകൾ എന്നും പോലീസിനെ തങ്ങളുടെ രാഷ്ട്രീയ എതിരാളികളെ കൈകാര്യം ചെയ്യാൻ ഉപയോഗിക്കുന്നുവെന്നത് സ്വാതന്ത്ര്യാനന്തര ഇൻഡ്യയുടെ ചരിത്രമുടനീളം പരിശോധിച്ചാൽ മനസ്സിലാക്കാൻ സാധിക്കും. അടിയന്തരാവസ്ഥക്കാലത്ത് മാത്രമല്ല, ഈ രാജ്യത്തെ പോലീസ് സേനയെ കോൺഗ്രസ്സ് നയിച്ചപ്പോൾ കേരളത്തിലെ ജനങ്ങളുടെ അനുഭവം അതാണെന്ന കാര്യം ഓർമ്മപ്പെടുത്തുകയാണ്. അടിയന്തരാവസ്ഥക്കാലത്ത്

ഇവിടെയിരിക്കുന്ന പലരെയും പോലീസ് കൈകാര്യം ചെയ്തിട്ടുണ്ട്; അതിന്റെ വേദന അനുഭവിച്ചവരുമാണ്. കോൺഗ്രസ്സ് എന്നും അങ്ങനെയാണ്. എന്നാൽ കമ്മ്യൂണിസം മാറ്റി ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റുകൾക്ക് പോലീസ് എന്നുപറയുന്നത് ജനങ്ങൾക്ക് സേവനം ചെയ്യാനുള്ളതാണ്; തൊഴിൽസമരങ്ങളിൽ പോലീസ് ഇടപെടാൻ പാടില്ല; നിയമസമാധാന നില പാലിക്കണം എന്നിങ്ങനെയുള്ള അടിസ്ഥാനപരമായ കാഴ്ചപ്പാടാണുള്ളത്. ആ കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിലാണ് കേരള പോലീസ് ഇപ്പോൾ പ്രവർത്തിക്കുന്നത്. ആ രംഗത്ത് വലിയ മുന്നേറ്റമുണ്ടാക്കാൻ കഴിഞ്ഞുവെന്ന ആത്മവിശ്വാസമാണ് ഗവൺമെന്റിനുള്ളത്.

ഇവിടെ രണ്ടാംഘട്ടത്തിൽ രണ്ടാമത് പ്രസംഗിച്ച ബഹുമാനപ്പെട്ട മുൻ ആഭ്യന്തര വകുപ്പുമന്ത്രി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ മഹത്തായ പോലീസ് ഭരണത്തിന്റെ കെടുതി അനുഭവിച്ചവനാണ് ഈയുള്ളവനും എന്ന കാര്യം പ്രത്യേകം ഓർമ്മപ്പെടുത്തുകയാണ്. അന്ന് രണ്ടുലക്ഷം പേരെയെങ്കിലും കസ്റ്റഡിയിലെടുത്ത് പീഡിപ്പിച്ചിട്ടുണ്ട്. എത്ര കേസിന്റെ പേരിലാണ്; എത്ര പീഡനങ്ങളാണ്; എന്തെല്ലാം കേസിന്റെ പേരിലാണ്. ഇവിടെ ഒരു മഹതി ഇപ്പോൾ മുഖ്യമന്ത്രിക്കെതിരെയും ഇടതുപക്ഷ

ജനാധിപത്യമുന്നണി ഗവൺമെന്റിനെതിരെയും പ്രസംഗിച്ചു. ആ മഹതി ഒരു വിധവയായിപ്പോയി, XXXXXXXX+. അതിന് ഞങ്ങളാരും ഉത്തരവാദികളല്ല. അന്നെല്ലാം ...... (........ബഹളം....... ) മിണ്ടാതിരിക്ക് ഞാൻ പറയട്ടെ,

മി. ചെയർമാൻ: അദ്ദേഹം പ്രസംഗിക്കട്ടെ .....

ശ്രീ. എം. എം. മണി: സർ, അതുകൊണ്ട് ഈ കൂവിയിരുത്തലൊന്നും എന്റെയടുത്ത് പറ്റില്ല. അതുമായി ബന്ധപ്പെട്ട് രണ്ടുലക്ഷംപേരെ പീഡിപ്പിച്ച ആളാണ് ആഭ്യന്തരമന്ത്രിയായിരുന്ന ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ. ഈ കേരളം കണ്ടതിൽ ഏറ്റവും വൃത്തികെട്ട ആഭ്യന്തരമന്ത്രിയായിരുന്നു ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ എന്നാണ് എന്റെ അഭിപ്രായം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, പോയിന്റ് ഓഫ് ഓർഡർ. ഇവിടെ ശ്രീ. എം. എം. മണി വാസ്തവവിരുദ്ധമായ കാര്യമാണ് പറയുന്നത്. അതുകൊണ്ട് ചട്ടം 307 ആണ് ഞാൻ പറയുന്ന പോയിന്റ് ഓഫ് ഓർഡർ. ശ്രീ. എം. എം. മണി പറയുന്നത് രണ്ടുലക്ഷം ആളുകളെ പീഡിപ്പിച്ചുവെന്നാണ്. കേരളത്തിലെ ജയിലിൽ ആകപ്പാടെ ഇടാവുന്ന സ്ട്രെംഗ്ത് പതിനായിരത്തിന് താഴെയാണ്. രണ്ടുലക്ഷം ആളുകളെ

\+ 20-07-2022-ന് ബഹുമാനപ്പെട്ട അംഗം പ്രസ്തുത പരാമർശം പിൻവലിച്ചു.

പീഡിപ്പിച്ചുവെന്ന് പറയുന്നത് പച്ചക്കള്ളമാണ്. അദ്ദേഹത്തിന് എന്നോടൊരു വിരോധമുണ്ട്. (........ബഹളം....... ) അദ്ദേഹം 1...2...3... പ്രസംഗം നടത്തിയാണ്... അദ്ദേഹം അഞ്ചേരി ബേബിയെ.... ഫ്രാഞ്ചോയെ... അതാണ് പ്രശ്നം. അതിനെ അദ്ദേഹം വഴിതെറ്റിച്ച് വാസ്തവവിരുദ്ധമായ കാര്യങ്ങൾ ഈ സഭയിൽ പറഞ്ഞ് സമൂഹത്തിൽ തെറ്റിദ്ധാരണയുണ്ടാക്കുകയാണ്. രക്തസാക്ഷിയെ ഇങ്ങനെ പറയാൻ പറ്റുമോ; ടി. പി. ചന്ദ്രശേഖരൻ രക്തസാക്ഷിയല്ലേ; ആ രക്തസാക്ഷിയെ ഇങ്ങനെ പറഞ്ഞത് പിൻവലിച്ചേ മതിയാകൂ. അത് പിൻവലിക്കാതെ സാദ്ധ്യമല്ല. അത് ശരിയല്ല. (........ബഹളം....... )

മി. ചെയർമാൻ: നിങ്ങൾ പോയിന്റ് ഓഫ് ഓർഡർ ആവശ്യപ്പെട്ടില്ലേ... അത് പറഞ്ഞാൽ ചെയർ പറയാം.

(ശ്രീമതി കെ. കെ. രമയെക്കുറിച്ച് ശ്രീ. എം. എം. മണി നടത്തിയ പരാമർശത്തിന് മാപ്പ് പറയണമെന്നാവശ്യപ്പെട്ട് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം ബഹുമാനപ്പെട്ട സ്പീക്കറുടെ ഡയസ്സിനുമുന്നിൽ വന്നുനിന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

മി. ചെയർമാൻ: നിങ്ങൾ സീറ്റിലേയ്ക്ക് പോകൂ.... ചെയർ പറയാം.

(........ബഹളം....... ) പോയിന്റ് ഓഫ് ഓർഡർ ചോദിച്ചപ്പോൾ ചെയർ അനുവദിച്ചതല്ലേ.... നിങ്ങൾ സാവകാശം കേൾക്കൂ... എന്താണെങ്കിലും തീരുമാനിക്കാം. നിങ്ങൾ സീറ്റിലേയ്ക്ക് പോകൂ....

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

മി. സ്പീക്കർ: ദയവായി സീറ്റിലിരിക്കൂ.... ഇപ്പോൾ സീറ്റിലേയ്ക്ക് പോകൂ. എങ്കിൽ മാത്രമെ ബാക്കി കാര്യങ്ങൾ ആലോചിക്കാൻ കഴിയൂ. (........ബഹളം....... ) ദയവായി സീറ്റിലിരിക്കൂ. സഭ അല്പസമയത്തേയ്ക്ക് നിർത്തിവയ്ക്കുന്നു.

(പ്രതിപക്ഷബഹളത്തെത്തുടർന്ന് 6.54-ന് നിർത്തിവച്ച സഭ രാത്രി 7.03-ന് പുനരാരംഭിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, സഭയിലുള്ള ബഹുമാനപ്പെട്ട ഒരംഗത്തിന്റെ; സഹോദരിയുടെ നേർക്ക് ഏറ്റവും ക്രൂരമായ, നിന്ദ്യമായ കാര്യമാണ് ശ്രീ. എം. എം. മണി പറഞ്ഞത്. അവരുടെ ഭർത്താവ് മരിച്ചത് XXXXX+ പറഞ്ഞത്. ശ്രീ. എം. എം. മണി അത് പിൻവലിച്ച് മാപ്പ് പറയാതെ സഭ നടത്തിക്കൊണ്ടുപോകാൻ സാധിക്കില്ല. അതല്ലാതെ ഒരു ഒത്തുതീർപ്പിനും ഞങ്ങൾ തയ്യാറല്ല. ഞങ്ങളുടെ ഒരു സഹോദരിയെ അപമാനിച്ചിട്ട് സഭ നടത്താനാണ് തീരുമാനമെങ്കിൽ അതിന് ഞങ്ങൾ

\+ 20-07-2022-ന് ശ്രീ. എം. എം. മണി പ്രസ്തുത പരാമർശം പിൻവലിച്ചു.

സമ്മതിക്കില്ല. അക്കാര്യത്തിൽ ഒരു കോംപ്രമൈസുമില്ല. മര്യാദകേടും തോന്ന്യവാസവും സഭയിൽ അനുവദിക്കുന്ന പ്രശ്നമില്ല, അനുവദിക്കാൻ സമ്മതിക്കുകയുമില്ല. അത് കേട്ടുകൊണ്ട് ഇവിടെ ഇരിക്കാൻ ഞങ്ങൾ തയ്യാറല്ല. ..... ...(ബഹളം)..

(ശ്രീ. എം. എം. മണി മാപ്പ് പറയണമെന്നാവശ്യപ്പെട്ട് പ്രതിപക്ഷാംഗങ്ങൾ ബഹുമാനപ്പെട്ട സ്പീക്കറുടെ ഡയസിനുമുന്നിൽ വന്നുനിന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

<u>ശ്രീ. എം. എം. മണി</u>: (തുടർച്ച) സർ, ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പോലീസിന്റെ പ്രവർത്തനം ഏറ്റവും കാര്യക്ഷമമായി നടന്നുവരികയാണ്, പോലീസ് സേനയെയാകെ നവീകരിച്ചിട്ടുണ്ട്. .....(ബഹളം)....ഏറ്റവും ഫലപ്രദമായി പോലീസിന്റെ പ്രവർത്തനം നവീകരിച്ചുവെന്ന കാഴ്ചപ്പാടാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിനുമുള്ളത്, ആ മുന്നണിയുടെ ഒരു പ്രവർത്തകനെന്നനിലയിൽ എന്റെ വ്യക്തമായ അഭിപ്രായവും അതാണ്. ..... (ബഹളം)...... ഇടതുപക്ഷ ജനാധിപത്യമുന്നണിക്കും യു.ഡി.എഫ്.-നും എല്ലാകാര്യങ്ങളിലും വ്യത്യസ്ത നിലപാടും കാഴ്ചപ്പാടുമാണുള്ളത്.

അതുകൊണ്ട് നിങ്ങൾ തോന്നുന്നതുപോലെ വർത്തമാനം പറഞ്ഞിട്ട് ഭരണപക്ഷത്തുനിന്നുള്ള അംഗങ്ങളുടെ പ്രസംഗം തടസ്സപ്പെടുത്താൻ ശ്രമിച്ചാൽ അതിനോട് ഞങ്ങൾക്ക് യോജിക്കാൻ സാധിക്കില്ല. ഞങ്ങളെ സംബന്ധിച്ചിടത്തോളം ഈ ധനാഭ്യർത്ഥനകൾ പാസ്സാക്കുകയെന്നത് അതിപ്രധാനമാണ്. കേരളത്തിലെ പോലീസ് സേനയിൽ നവീനമായ ഒട്ടനവധി മാറ്റങ്ങൾ വന്നിട്ടുണ്ട്. കോവിഡ്-19 സാഹചര്യമുണ്ടായപ്പോൾ പോലീസ് സേന മഹത്തായ പങ്കാണ് വഹിച്ചത്. മനുഷ്യത്വപരമായ നിലപാടെടുക്കുന്ന സംവിധാനമായി പോലീസ് സേന മാറിയിരിക്കുന്നു. അതിനായുള്ള ഗവൺമെന്റിന്റെ പ്രവർത്തനത്തെ എല്ലാ അർത്ഥത്തിലും തടസ്സപ്പെടുത്തുകയാണ് യു.ഡി.എഫ്. ചെയ്യുന്നത്. ഞാൻ ആരെയും അപമാനിക്കാൻ ഉദ്ദേശിച്ചിട്ടില്ല; ഒരിക്കലും അങ്ങനെ ചിന്തിച്ചിട്ടുമില്ല. എന്റെ വീക്ഷണത്തിൽ തോന്നിയ കാര്യമാണ് ഞാൻ പരാമർശിച്ചത്. ഇവിടെ പ്രസംഗിച്ചവരിൽ പലരും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ വിമർശിച്ചിട്ടുണ്ട്. അതെല്ലാം സഭയിൽ നടക്കുന്ന കാര്യങ്ങളാണ്. പ്രസംഗിക്കുമ്പോൾ വ്യക്തിപരമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ കേന്ദ്രീകരിച്ച് ആക്ഷേപിച്ച് പ്രസംഗിക്കുന്നത് ശരിയല്ലെന്ന വ്യക്തമായ അഭിപ്രായമാണുള്ളത്. കേരള ഗവൺമെന്റിന്റെ പ്രവർത്തനങ്ങളെ തടസ്സപ്പെടുത്തുന്ന നിലപാടാണ്

പ്രതിപക്ഷത്തിനുള്ളത്. കേരളത്തിലെ പോലീസ് സേന ഇന്ത്യയിലെ ഏത് സംസ്ഥാനത്തെ പോലീസ് സേനയെക്കാളും മഹത്തായ സേനയായി മാറിയിട്ടുണ്ട്. അത് സാധ്യമായത് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ പ്രവർത്തനത്തിന്റെയും നയത്തിന്റെയും ഫലമായിട്ടാണ്. കഴിഞ്ഞ നാളുകളിൽ സംസ്ഥാന ഗവൺമെന്റിന്റെ പ്രവർത്തനങ്ങൾക്ക് തടസ്സമുണ്ടാക്കുകയെന്ന നിഷേധാത്മകമായ നിലപാടാണ് പ്രതിപക്ഷ പാർട്ടികൾ സ്വീകരിച്ചത്. കേരളത്തിലെ പോലീസ് ജനങ്ങൾക്ക് സേവനം ചെയ്യുന്ന പോലീസ് സംവിധാനമായി മാറിയിരിക്കുന്നു. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്നപ്പോൾ ഏറ്റവും മോശപ്പെട്ട നിലയിലാണ് പെരുമാറിയതെന്ന് എന്റെ ജീവിതാനുഭവത്തിലൂടെ ചൂണ്ടിക്കാണിക്കുകയാണ്. ലക്ഷക്കണക്കിനാളുകളെയാണ് അദ്ദേഹം അന്ന് പോലീസ് സ്റ്റേഷനിൽ വിളിച്ച് പീഡിപ്പിച്ചതെന്ന വാദം ഞാൻ വീണ്ടും ശക്തമായി ഉന്നയിക്കുന്നു. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ നേതൃത്വത്തിൽ എന്നെ അറസ്റ്റ് ചെയ്ത് നാട് കടത്തിയത് ഒരിക്കലും മറക്കാൻ കഴിയുന്നതല്ല. അതുകൊണ്ടാണ് ഞാൻ എപ്പോഴും ഈ പ്രശ്നം ഉന്നയിക്കുന്നത്. എന്റെ കേസുമായി ബന്ധപ്പെട്ട് കേരള ഹൈക്കോടതി വിധിച്ചത് തികച്ചും നിയമവിരുദ്ധമായി കേസ് എടുത്തുവെന്നാണ്; ആ കേസ് കേരള

ഹൈക്കോടതി റദ്ദ് ചെയ്യുകയുമുണ്ടായി. അത്തരത്തിൽ പോലീസ് വകുപ്പ് കൈകാര്യം ചെയ്തിരുന്ന ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും ഐക്യജനാധിപത്യ മുന്നണിയുമാണ് എൽ.ഡി.എഫ്. ഗവൺമെന്റിന്റെ പ്രവർത്തനത്തെയും പോലീസ് നയത്തെയും വിമർശിക്കുന്നുവെന്നത് ഏറ്റവും വലിയ അപഹാസ്യമാണ്. നിങ്ങളുടെ നിലപാടുകളോട് ഞങ്ങൾക്ക് യോജിപ്പില്ല. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ഫലപ്രദമായ പ്രവർത്തനങ്ങളുമായി തുടർന്നും മുന്നോട്ടുപോകുന്നതാണ്. ശ്രീ. പിണറായി വിജയൻ പുറംവാതിലിൽക്കൂടി സെക്രട്ടേറിയറ്റ് പൊളിച്ച് അധികാരത്തിൽ വന്നതല്ല. 2016 മുതൽ അഞ്ചുവർഷക്കാലം ചെയ്ത ക്ഷേമ പ്രവർത്തനത്തിന്റെ ഫലമായി ജനങ്ങൾ തുടർഭരണം നൽകിയത് അന്നത്തെ ഗവൺമെന്റിന്റെ സേവനങ്ങൾക്കും ജനോപകാരപ്രദവും ജനക്ഷേമപരവുമായ പ്രവർത്തനങ്ങൾക്കും നൽകിയ അംഗീകാരമാണ്. ആ അംഗീകാരം കണ്ട് കലികയറി സഭയിൽവന്ന് ബഹളമുണ്ടാക്കുന്നതിനോട് ഇവിടെയാർക്കും യോജിക്കാൻ കഴിയില്ലെന്നു മാത്രമല്ല, ഇതിനൊന്നും വഴങ്ങുന്ന പ്രശ്നവുമില്ല. ഞാൻ ആരെയും അപമാനിച്ചിട്ടില്ലെന്ന് പ്രത്യേകിച്ചും ഈയവസരത്തിൽ ഓർമ്മപ്പെടുത്തുന്നു. എന്റെ പേരിൽ മുദ്യാവാക്യം വിളിച്ചൊന്നും എന്നെ പേടിപ്പിക്കേണ്ട. ഈ മുദ്രാവാക്യം വിളികൾ ഞാൻ ഏറെ കേട്ടതാണ്;

ഞാൻ കുറെ മുദ്യാവാക്യം വിളിച്ചതുമാണ്. നിങ്ങളുടെ കാലത്ത് എന്റെ പേരിൽ എത്രമാത്രം കേസെടുത്തിട്ടുണ്ടെന്ന് എനിക്കുതന്നെ നിശ്ചയമില്ല. അതെല്ലാം നേരിട്ടതിനുശേഷമാണ് രാഷ്ട്രീയ പ്രവർത്തകനെന്ന നിലയിൽ സംസ്ഥാന മന്ത്രിവരെയായി മാറിയത്; അതെല്ലാം എന്റെ പാർട്ടിയും പ്രസ്ഥാനവും നൽകിയ മഹത്തായ സംഭാവനയാണെന്ന് ഞാൻ അഭിമാനപൂർവ്വം പറയുകയാണ്. അതുകൊണ്ട് ഞങ്ങളുടെ നേതാക്കന്മാരെ കടന്നാക്രമിച്ചാൽ, ആരാണെങ്കിലും അതിനെ ചോദ്യം ചെയ്യുന്നതാണ്. കേരളത്തിലെ ആദരണീയനായ മുഖ്യമന്ത്രിയെ നിരന്തരം കടന്നാക്രമിക്കുകയാണ്. സഭയിൽ ഒറ്റപ്പെട്ടുവന്ന ഒരു മഹതി അങ്ങനെ ആക്രമിക്കുന്നത് ശരിയാണോ; ശരിയല്ലെന്നാണ് എന്റെ അഭിപ്രായം. ശരിയല്ലെന്ന് നിങ്ങൾ അവരെ ഉപദേശിച്ചില്ലല്ലോ; നിങ്ങൾ അതിന് ചൂട്ട് പിടിക്കുകയാണ് ചെയ്തത്. അതുകൊണ്ടാണ് ഞാൻ അവരെ പരാമർശിച്ചത്. ഞാൻ അവരെ മഹതി എന്നാണ് സംബോധന ചെയ്തത് എന്നകാര്യം പ്രത്യേകം ഓർമ്മപ്പെടുത്തുകയാണ്.

പ്രതിപക്ഷം കേരള ഗവൺമെന്റിന്റെ പ്രവർത്തനങ്ങളെ തടസ്സപ്പെടുത്തുകയാണ്. ഇത്രയും നാൾ സ്വപ്ന സുരേഷ് ആയിരുന്നു. സ്വപ്ന സുരേഷിനെ ഇപ്പോൾ ബി.ജെ.പി.-ക്കാർ കൈവിട്ടു. നിങ്ങളിപ്പോൾ സ്വപ്ന

സുരേഷിന്റെ പേര് പറയാൻപോലും കൂട്ടാക്കുന്നില്ല. സ്വപ്ന സുരേഷ് ഇപ്പോൾ നിങ്ങളുടെ മനസ്സിൽ നിന്നുതന്നെ പോയിരിക്കുന്നു; ആകപ്പാടെ അപമാനകരമായിരിക്കുന്നു, ഇത്രയും ദിവസം നിങ്ങൾ സ്വപ്ന സുരേഷിന്റെ ചിത്രം കാണിച്ചാണ് ഗവൺമെന്റിനെ പ്രതിക്കൂട്ടിലാക്കാൻ ശ്രമിച്ചതെങ്കിൽ എന്റെ പ്രിയപ്പെട്ട പ്രതിപക്ഷ മെമ്പർമാരെ, നിങ്ങൾ അപമാനകരമായ കാര്യമാണ് ചെയ്തതെന്ന് ഈയവസരത്തിൽ ഓർമ്മപ്പെടുത്തുകയാണ്. ....(ബഹളം).... കേരളത്തിലെ ഗവൺമെന്റിന്റെ പ്രവർത്തനങ്ങളെ തടസ്സപ്പെടുത്തുന്ന നിലപാടല്ല നിങ്ങൾ സ്വീകരിക്കേണ്ടത്. ഗവൺമെന്റ് ചെയ്യുന്ന ക്ഷേമ പ്രവർത്തനങ്ങളെ പിന്താങ്ങേണ്ട ബാധ്യതയും തെറ്റുണ്ടെങ്കിൽ വിമർശിച്ച് അത് ചൂണ്ടിക്കാണിക്കേണ്ട ബാധ്യതയും പ്രതിപക്ഷത്തിനുണ്ട്. അതിനുപകരം തുടർഭരണം കിട്ടിയെന്നതിന്റെ അങ്കലാപ്പിൽ സ്ഥലജലവിഭ്രമത്തിലൂടെ എന്ത് വൃത്തികേടും ചെയ്യുന്ന നിലപാടാണ് നിങ്ങൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ....(ബഹളം)....

(പ്രതിപക്ഷാംഗങ്ങൾ ബഹുമാനപ്പെട്ട സ്പീക്കറുടെ ഡയസിനുമുന്നിൽ വന്നുനിന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ശ്രീമതി കെ. കെ. രമയെപ്പോലുള്ള

ബഹുമാനപ്പെട്ട ഒരംഗത്തെ മുൻ മന്ത്രികൂടിയായ ശ്രീ. എം. എം. മണി വളരെ മോശമായാണ് പരാമർശിച്ചത്. അവർ വിധവയായത് XXXXX+ അദ്ദേഹം പറഞ്ഞു. ഒരു രക്തസാക്ഷിയെ അപമാനിച്ചുകൊണ്ട്, ഇത്തരത്തിലൊരു പ്രസ്താവന നടത്തിയശേഷം എങ്ങനെയാണ് ഈ സഭയ്ക്ക് മുന്നോട്ടുപോകാൻ കഴിയുന്നത്? ശ്രീമതി കെ. കെ. രമയുടെ കണ്ണുകൾ നിറഞ്ഞിരിക്കുന്നു. ഞങ്ങൾ അവരുടെ അടുത്തുചെന്ന് ആശ്വസിപ്പിച്ചിരുന്നു. 52 വെട്ടുവെട്ടി കൊലപ്പെടുത്തിയ ടി. പി. ചന്ദ്രശേഖരന്റെ ഭാര്യയെ വേദനിപ്പിക്കുന്ന നടപടിയാണ് സഭയിലുണ്ടായത്. നിങ്ങൾക്ക് ടി. പി.-യുടെ രക്തം കുടിച്ച് മതിയായില്ലേ; ഇനിയും നിങ്ങൾക്ക് വെട്ടണോ; ശ്രീ. എം. എം. മണി മാപ്പുപറയാതെ മുന്നോട്ടുപോകുന്ന പ്രശ്നമില്ല. അതുകൊണ്ട് ബഹുമാനപ്പെട്ട ചെയർ ഇക്കാര്യത്തിൽ ഇടപെട്ട് അദ്ദേഹത്തോട് മാപ്പ് പറയാൻ ആവശ്യപ്പെടണം. ഈ സഭയിൽ ഇതുവരെ ആരും നടത്താത്ത തരത്തിലുള്ള വളരെ മോശമായ പരാമർശമാണ് അദ്ദേഹം നടത്തിയത്. ഭരണപക്ഷത്തും പ്രതിപക്ഷത്തുമുള്ളവർ സംസാരിക്കുമ്പോൾ മാന്യതയുടെ വരമ്പുകൾക്കപ്പുറത്തേയ്ക്ക് ആരും കടന്നുപോകാറില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. എം. എം. മണിയോട് മാപ്പുപറയാൻ ആവശ്യപ്പെടുമെന്ന് കരുതിയെങ്കിലും അദ്ദേഹമത് ചെയ്തില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ

+ 20-07-2022-ന് ശ്രീ. എം. എം. മണി പ്രസ്തുത പരാമർശം പിൻവലിച്ചു.

മനോനില ഇതാണെങ്കിൽ സംസ്ഥാനത്ത് എന്തൊക്കെ കാര്യങ്ങളാണ് സംഭവിക്കാൻ പോകുന്നത? ശ്രീ. എം. എം. മണി പറഞ്ഞത് അദ്ദേഹം മാപ്പുപറയില്ലെന്നാണ്. എനിക്ക് പ്രസംഗിക്കാനുള്ള അവസരമാണിത്; എന്നാൽ പ്രസംഗിക്കുന്നതൊക്കെ വേറെ കാര്യം; ഞാൻ പിന്നീട് പ്രസംഗിച്ചുകൊള്ളാം; അതിന് ഇനിയും ധാരാളം അവസരങ്ങളുണ്ട്. വളരെ മോശമായ തരത്തിൽ സഭ മുന്നോട്ടുപോകുന്നത് ശരിയല്ല. പാർലമെന്ററി ജനാധിപത്യത്തിലും കേരള നിയമസഭയുടെ ചരിത്രത്തിലും ഒരിക്കലും കേട്ടുകേഴ്വിയില്ലാത്തതും സംഭവിക്കാൻ പാടില്ലാത്തതുമായ കാര്യമാണിത്. ടി. പി. ചന്ദ്രശേഖരനെപ്പോലുള്ള ഒരു രക്തസാക്ഷിയെ അപമാനിച്ചുകൊണ്ട് മുന്നോട്ടുപോകാൻ ഞങ്ങൾ സമ്മതിക്കില്ലെന്ന് അസന്ദിഗ്ദ്ധമായി പറയാൻ ആഗ്രഹിക്കുകയാണ്. ....(ബഹളം).....

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ആഭ്യന്തര വകുപ്പിനെക്കുറിച്ച് വിശദമായ ചർച്ചയാണ് ധനാഭ്യർത്ഥനയുമായി ബന്ധപ്പെട്ട് നടത്തിയിരിക്കുന്നത്. ഇതിൽ അവസാനം പ്രസംഗം നടത്തേണ്ടിയിരുന്നത് ബഹുമാനപ്പെട്ട മുൻപ്രതിപക്ഷനേതാവ് രമേശ് ചെന്നിത്തലയായിരുന്നെങ്കിലും അദ്ദേഹം അതിന് തയ്യാറല്ലെന്ന നിലപാടാണ് സ്വീകരിച്ചത്. അതിനുള്ള കാരണമായി അദ്ദേഹം പറഞ്ഞത്,

ശ്രീ. എം. എം. മണി എന്തോ കാര്യം പറഞ്ഞ് അപമാനിച്ചുവെന്നാണ്. ശ്രീ. എം. എം. മണിയുടെ പ്രസംഗത്തിന്റെ ഒരു ഭാഗം ഞാനും കേൾക്കുകയുണ്ടായി. .....(ബഹളം)....

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ...... (മൈക്ക് ഓഫ്)..........ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. എം. എം. മണിയോട് മാപ്പ് പറയാൻ ആവശ്യപ്പെടാത്തത് ദൗർഭാഗ്യകരമായിപ്പോയി. .... (ബഹളം).....ശ്രീ. എം. എം. മണി നടത്തിയ പരാമർശം പിൻവലിച്ച് മാപ്പ് പറയാത്തതിൽ പ്രതിഷേധിച്ച് ഞങ്ങൾ ഒന്നടങ്കം സഭ ബഹിഷ്കരിക്കുകയാണ്. ....(ബഹളം).....

(ശ്രീ. എം. എം. മണി മാപ്പുപറയാത്തതിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം സഭാനടപടികൾ ബഹിഷ്കരിച്ചു.)

ശ്രീ. പിണറായി വിജയൻ: സർ, ശ്രീ. എം. എം. മണിയുടെ പ്രസംഗത്തിൽ പറഞ്ഞത് അവർ വിധവയായതിൽ ഞങ്ങൾക്ക് പങ്കില്ലെന്നാണ്. 'ഞങ്ങൾക്ക്' എന്ന വാക്കുകൊണ്ട് അദ്ദേഹം ഉദ്ദേശിക്കുന്നത് സി.പി.ഐ.(എം)-നെയും എൽ.ഡി.എഫ്.-നെയുമാണ്. അക്കാര്യത്തിൽ ഏതെങ്കിലും തരത്തിലുള്ള തെറ്റ് ശ്രീ. എം. എം. മണിയുടെ

പ്രസംഗഭാഗത്തുണ്ടെന്ന് പറയാൻ സാധിക്കില്ല. അവരെ 'മഹതി' എന്ന് വിളിച്ചത് ഏതെങ്കിലും തരത്തിൽ അപകീർത്തികരമാകുമെന്നും പറയാൻ കഴിയില്ല. അടുത്ത കാലത്തായി ഇത്തരത്തിലുള്ള പ്രവണത കണ്ടുവരുന്നുണ്ട്. കഴിഞ്ഞ തവണ അടിയന്തരപ്രമേയവുമായി ബന്ധപ്പെട്ട ചർച്ച നടന്നപ്പോൾ മുൻപ്രതിപക്ഷനേതാവ് സംസാരിക്കേണ്ട ഘട്ടം വരുന്നതിനുമുമ്പായി സഭയിൽ വലിയരീതിയിൽ ബഹളമുണ്ടായി. ആ ബഹളത്തിനുള്ള കാരണമെന്താണെന്ന് ഇപ്പോഴും നമുക്കാർക്കുമറിയില്ല. പ്രതിപക്ഷം സഭ ബഹിഷ്കരിക്കുകയാണെന്ന് പെട്ടെന്ന് പ്രഖ്യാപിക്കുകയും ഉടനെ അവർ സഭ ബഹിഷ്കരിച്ച് ഇറങ്ങിപ്പോകുകയുമാണ് ചെയ്തത്. ബഹുമാന്യനായ രമേശ് ചെന്നിത്തലയുടെ പ്രസംഗം നടക്കേണ്ടെന്ന ധാരണ പ്രതിപക്ഷത്തുള്ള ചിലർക്കെങ്കിലുമുണ്ടോയെന്ന് സംശയം ഉണ്ടായിരിക്കുന്നു. ഇന്നും അതേനില ആവർത്തിക്കുന്നതായാണ് കണ്ടത്. രണ്ട് മുൻ ആഭ്യന്തര വകുപ്പുമന്ത്രിമാരെയാണ് ഇന്നത്തെ ചർച്ചയിൽ പങ്കെടുത്ത് സംസാരിക്കുന്നതിനായി പ്രതിപക്ഷം നിശ്ചയിച്ചത്. അതിൽ ബഹുമാന്യനായ തിരുവഞ്ചൂർ രാധാകൃഷ്ണൻ നേരത്തെ സംസാരിച്ചു. അദ്ദേഹം പറഞ്ഞ കാര്യങ്ങൾ പരാമർശിച്ചുകൊണ്ട് സംസാരിച്ച ശ്രീ. എം. എം. മണി അദ്ദേഹത്തിനുണ്ടായ അനുഭവം വിശദീകരിക്കുകയും ഇത്തരത്തിൽ

ലക്ഷക്കണക്കിനാളുകൾക്ക് ഈ അനുഭവമുണ്ടായിട്ടുണ്ടെന്ന് സൂചിപ്പിക്കുകയും ചെയ്തു. അങ്ങനെ പറഞ്ഞതിൽ വസ്തുതാവിരുദ്ധമായി എന്താണുള്ളത്? ആ കാലത്തെക്കുറിച്ച് ഓർക്കുന്ന ഏതൊരു പൊതുപ്രവർത്തകനും പ്രത്യേകിച്ച് ഇടതുപക്ഷ പ്രസ്ഥാനത്തിന്റെ ഭാഗമായി നിൽക്കുന്ന ഏതൊരാൾക്കും നന്നായി ഓർക്കാൻ കഴിയുന്ന കാര്യമല്ലേയത്? എല്ലാ നിയമങ്ങളും ചട്ടങ്ങളും കാറ്റിൽപ്പറത്തി, ആളുകളെ പീഡിപ്പിക്കാനുള്ള വലിയ ശ്രമമായിരുന്നു അന്നത്തെ കാലത്ത് നടത്തിയത്. അത്തരം നിയമവിരുദ്ധ പ്രവർത്തനങ്ങൾക്ക് ബഹുമാന്യനായ തിരുവഞ്ചൂർ രാധാകൃഷ്ണൻ നേതൃത്വം കൊടുത്തുവെന്നാണ് ശ്രീ. എം. എം. മണി പറഞ്ഞത്. അതിൽ എന്താണ് തെറ്റ്; അതിന് സഭ ബഹിഷ്കരിച്ചുപോകേണ്ട എന്ത് കാര്യമാണുള്ളത്? ഇവിടെ പറഞ്ഞ കാര്യങ്ങളെക്കുറിച്ചടക്കം ശ്രീ. രമേശ് ചെന്നിത്തലയ്ക്ക് സംസാരിക്കാമല്ലോ; അങ്ങനെ സംസാരിക്കാത്തതെന്താണ്? പാർലമെന്ററി ജനാധിപത്യത്തിന് നിരക്കാത്ത നടപടിയാണ് അവർ സ്വീകരിച്ചത്. ബഹു. സഭാദ്ധ്യക്ഷന്റെ മുന്നിലേയ്ക്ക് ചാടിവരുന്ന ചില പ്രതിപക്ഷാംഗങ്ങളെ പല ഘട്ടങ്ങളിൽ നാം കാണുകയാണ്; അവർ ആരാണെന്ന് എല്ലാവർക്കുമറിയാം. അക്കൂട്ടത്തിൽ ഇന്നൊരു പുതിയ അംഗത്തെക്കൂടി കണ്ടുവെന്ന വ്യത്യാസം മാത്രമെയുള്ളൂ. കഴിഞ്ഞ നിയമസഭാ കാലത്ത് തുടങ്ങിവച്ച അവരുടെ

സംസ്കാരം ഇപ്പോഴും മാറിയിട്ടില്ലെന്നാണ് ഇത് സൂചിപ്പിക്കുന്നത്. ആദ്യഘട്ടത്തിൽത്തന്നെ ഡയസിനുനേരെ ചാടിവന്ന് ബഹുമാനപ്പെട്ട ചെയറിനുമുന്നിൽനിന്ന് മുദ്രാവാക്യം വിളിച്ചത്, പുതിയതായി എ.ഐ.സി.സി.-യുടെ ഭാരവാഹിയായി കോൺഗ്രസ് അവരോധിച്ച ആളാണ്. എന്തെല്ലാം മര്യാദകളാണ് ലംഘിക്കപ്പെടുന്നത്? അതെല്ലാം സാധാരണഗതിയിൽ ചെയ്യേണ്ട കാര്യമാണോയെന്ന് അദ്ദേഹം ആലോചിക്കേണ്ടതാണ്.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

സാധാരണഗതിയിൽ ഇവിടെയിരിക്കുന്നവർക്ക് അത്തരം കാര്യങ്ങളുമായി ബന്ധപ്പെട്ട് നിയമസഭയ്ക്കുള്ള അധികാരത്തെക്കുറിച്ച് അറിയാത്തവരല്ല. അതൊരു ദൗർബല്യമായി കണ്ട് ഇത് ആവർത്തിക്കുന്ന രീതി ശരിയല്ലെന്ന് ഓർമ്മിപ്പിക്കുകയാണ്. ഇവിടെ പറഞ്ഞ കാര്യങ്ങളെല്ലാം നിയമസഭയുടെ രേഖയിൽ വന്നിട്ടുണ്ട്. ഈ സാഹചര്യത്തിൽ പ്രതിപക്ഷം സഭയിൽ കേൾക്കാനില്ലെങ്കിലും ഇതിന് മറുപടി പറയേണ്ട ആളെന്ന നിലയ്ക്ക് ഞാനിതിന് മറുപടി പറയണോ വേണ്ടയോയെന്ന സംശയം സ്വാഭാവികമായും തോന്നുകയാണ്. മറുപടി പറയണമെന്ന് ഭരണപക്ഷം പറയുന്നതുകൊണ്ട് ചുരുക്കി ചില കാര്യങ്ങൾ പറയാം. പക്ഷെ പ്രതിപക്ഷം

സഭയിലില്ലാതെ മറുപടി പറയുന്നതിലും ചെറിയ പ്രശ്നമുണ്ട്. നിയമസഭയുടെ നടപടിക്രമത്തിൽ ഒരു ഭാഗം മാത്രം പറഞ്ഞ് മറുപടി കേൾക്കാൻ തയ്യാറാകാതെ ഒളിച്ചോടുന്നത് പാർലമെന്ററി ജനാധിപത്യത്തിന്റെ സംസ്കാരത്തിന് ചേർന്നതല്ലെന്ന് അവർ ഓർക്കേണ്ടതാണ്.

ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ സംസാരിച്ചപ്പോൾ സംസ്ഥാനത്ത് പോക്സോ കേസുകളുടെ കാര്യത്തിൽ നടക്കാൻ പാടില്ലാത്ത സംഭവങ്ങൾ നടക്കുന്നുണ്ടെന്ന് ചൂണ്ടിക്കാണിക്കുകയുണ്ടായി. രാജ്യത്തെ നടുക്കിയ കത്വ ബലാത്സംഗത്തിനുശേഷം 2012-ലെ പോക്സോ നിയമം കർശനമായി നടപ്പിലാക്കുന്ന സാഹചര്യമാണുണ്ടായത്. ഇതിൽ ഏറ്റവും പ്രധാനം പൊതുജനങ്ങൾക്കിടയിൽ നിയമത്തെ സംബന്ധിച്ച് വേണ്ടത്ര അവബോധം സൃഷ്ടിക്കലായിരുന്നു. അതോടൊപ്പം എല്ലാ സംഭവങ്ങളും ഗൗരവത്തോടെ കണ്ട് കൈകാര്യം ചെയ്യുന്ന സമീപനം സർക്കാർ സ്വീകരിക്കുകയും ചെയ്തു. ഏതെങ്കിലും ഒരു കേസ് ഒതുക്കിത്തീർക്കുന്ന സമീപനം കേരള പോലീസ് സ്വീകരിച്ചിട്ടില്ലെന്ന് മാത്രമല്ല, റിപ്പോർട്ട് ചെയ്യപ്പെടുന്ന എല്ലാ സംഭവങ്ങളിലും കേസ്സെടുക്കാനാണ് ശ്രദ്ധിച്ചിട്ടുള്ളത്. സ്വാഭാവികമായും കേസ്സുകളുടെ എണ്ണം വർദ്ധിച്ചിട്ടുണ്ടെങ്കിലും കേസിലുൾപ്പെട്ടവരെ നിയമത്തിനുമുമ്പിൽ കൊണ്ടുവരാനുള്ള കർശന

നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്. സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്യപ്പെടുന്ന പോക്സോ കേസ്സുകളിൽ നല്ല ജാഗ്രത പുലർത്തി എത്രയുംവേഗം കുറ്റപത്രം സമർപ്പിച്ച് കുറ്റവാളികൾക്ക് പരമാവധി ശിക്ഷ ഉറപ്പാക്കുന്ന നയമാണുള്ളത്. അതിന്റെ ഭാഗമായി പോക്സോ കേസുകൾ അന്വേഷിക്കുന്നതിന് പ്രത്യേക അന്വേഷണവിഭാഗം രൂപീകരിക്കുന്നതോടൊപ്പം അന്വേഷണ ഉദ്യോഗസ്ഥരുടെ എണ്ണവും വർദ്ധിപ്പിച്ചിട്ടുണ്ട്. സമീപകാല സംഭവങ്ങൾ പരിശോധിച്ചാൽ, ഈ സർക്കാർ അധികാരത്തിൽവന്നശേഷം 427 കേസുകളിൽ വിചാരണ പൂർത്തിയാക്കിയിട്ടുണ്ട്. ഇതിൽപ്പെട്ട 431 പ്രതികളെ കോടതി ശിക്ഷിച്ചു. ബഹുമാനപ്പെട്ട ഹൈക്കോടതി ഇതിലിടപ്പെട്ട് ചില നിർദ്ദേശങ്ങൾ നൽകിയിരുന്നു. 14 താൽക്കാലിക കോടതികളെ പോക്സോ കേസുകൾ മാത്രം പരിഗണിക്കുന്ന കോടതികളായി വിജ്ഞാപനം ചെയ്തുകഴിഞ്ഞിട്ടുണ്ട്. 14 ജില്ലകളിലെ പോക്സോ കേസ്സുകൾക്കുള്ള പ്രത്യേക കോടതികൾക്കുപുറമെ ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ നിർദ്ദേശമനുസരിച്ച് പ്രവർത്തിക്കുന്ന 28 താൽക്കാലിക കോടതികളുമുണ്ട്. ഇതിനുപുറമെ 28 താൽക്കാലിക അതിവേഗ പോക്സോ കോടതികളുടെ പ്രവർത്തനമാരംഭിക്കുന്നതിന് സർക്കാർ അനുമതി നൽകുകയും ഇവ സ്ഥാപിക്കേണ്ട സ്ഥലം നിശ്ചയിച്ചിട്ടുമുണ്ട്. ഹൈക്കോടതിയിൽനിന്ന്

നിർദ്ദേശം ലഭിക്കുന്നമുറയ്ക്ക് അവയുടെ പ്രവർത്തനം ആരംഭിക്കുന്നതാണ്. കോഴിക്കോട് തിക്കോടിയിൽ പ്രകോപനപരമായ മുദ്രാവാക്യം വിളിച്ച പ്രശ്നത്തെക്കുറിച്ച് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഉന്നയിച്ചു. അതുസംബന്ധിച്ച് പയ്യോളി പോലീസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയാണ്. പ്രതിപക്ഷനേതാവിന്റെ ഔദ്യോഗിക വസതിയിലുണ്ടായ സംഭവത്തിൽ മ്യൂസിയം പോലീസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്ന കാര്യം നേരത്തെ വ്യക്തമാക്കിയിട്ടുണ്ട്. ജയിലുകളെക്കുറിച്ചും അദ്ദേഹത്തിന്റെ പ്രസംഗത്തിൽ പരാമർശിക്കുകയുണ്ടായി. കേരളത്തിന്റെ ചരിത്രത്തിൽ ജയിലിൽവച്ചുണ്ടായ ആദ്യത്തെ രാഷ്ട്രീയ കൊലപാതകം 2004-ലായിരുന്നു. പ്രസ്തുത കാലയളവിൽ ശ്രീ. എ. കെ. ആന്റണിയുടെ നേതൃത്വത്തിലുള്ള യു.ഡി.എഫ്. സർക്കാരായിരുന്നു ഭരിച്ചിരുന്നത്. അന്ന് ജയിലിലെ അന്തേവാസിയായിരുന്ന സി.പി.ഐ.(എം) പ്രവർത്തകനായ രവീന്ദ്രനെ ഒരു കൂട്ടം ആർ.എസ്.എസ്. തടവുകാർ കൊലചെയ്യുകയായിരുന്നു. കൊലപാതകങ്ങളുടെ എണ്ണത്തെക്കുറിച്ചും ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ സൂചിപ്പിക്കുകയുണ്ടായി. 2011 മുതൽ 2016 വരെ യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് 1677 കൊലപാതകങ്ങളാണ് നടന്നത്. അത്രത്തോളം

കൊലപാതകങ്ങൾ കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്തുണ്ടായോയെന്ന് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനപോലും പറയാൻ കഴിഞ്ഞില്ല. ഇപ്പോൾ ഈ സർക്കാരിന്റെ കാലയളവിൽ 366 കൊലപാതക കേസുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടതിൽ 361 കേസ്സുകൾ തെളിയിക്കപ്പെടുകയും 778 പ്രതികളിൽ 720 പേരെ അറസ്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. അദ്ദേഹം ചങ്ങനാശ്ശേരി ഡിവൈ.എസ്.പി.-യെ സംബന്ധിച്ച് പരാമർശിച്ചു. ചില ആരോപണങ്ങൾ ഉയർന്നതിന്റെ അടിസ്ഥാനത്തിൽ ഫലപ്രദമായ അന്വേഷണം നടത്തിവരിയും അന്വേഷണം പൂർത്തിയാകുന്നമുറയ്ക്ക് ആവശ്യമായ നടപടി സ്വീകരിക്കുകയും ചെയ്യുന്നതാണ്. കോട്ടയത്ത് ഈഴിക്കുന്ന്  സ്വദേശി ഷാൻ ബാബുവിനെ ജോമോൻ ജോസും സംഘവും തട്ടിക്കൊണ്ടുപോയി കൊലപ്പെടുത്തിയ സംഭവത്തിലുൾപ്പെട്ട 5 പ്രതികളെയും സംഭവം നടന്ന തൊട്ടടുത്ത ദിവസം അറസ്റ്റ് ചെയ്യുകയും നിലവിൽ അവർ റിമാൻഡിൽ തുടരുകയുമാണ്. ബഹുമാനപ്പെട്ട അംഗം കിഴക്കമ്പലത്തുണ്ടായ സംഭവത്തെക്കുറിച്ച് പരാമർശിക്കുകയുണ്ടായി. അദ്ദേഹം ഇക്കാര്യത്തെക്കുറിച്ച് സൂചിപ്പിച്ചതിലൊരു വ്യത്യാസമുണ്ടായിട്ടുണ്ട്. കിഴക്കമ്പലം സൺഡേ സ്കൂൾ വിദ്യാർത്ഥിനിയുടെ ബലാത്സംഗക്കേസ് 2015-ലാണുണ്ടായത്.  കുട്ടികൾക്കെതിരായ അതിക്രമങ്ങൾ തടയുന്നതിനുള്ള

പ്രത്യേക കോടതി ആ കേസിലെ നാല് പ്രതികളെയും വിവിധ കുറ്റകൃത്യങ്ങളിലായി ആകെ 32 വർഷത്തെ തടവും പിഴയും വിധിച്ചുകൊണ്ട് ശിക്ഷിച്ചു. ഈ കേസ്സിൽ ഫലപ്രദമായ വിചാരണ നടത്തുന്നതിനുവേണ്ടിയാണ് നടപടി സ്വീകരിച്ചത്. ഒരു തരത്തിലുള്ള ബാഹ്യ ഇടപെടലുമുണ്ടായിട്ടില്ലെന്ന് വിധിയിൽ നിന്നുതന്നെ വ്യക്തമാണ്. മങ്കടയിലെ പ്രായപൂർത്തിയാകാത്ത സഹോദരിമാരെ പീഡിപ്പിച്ച സംഭവത്തെക്കുറിച്ച് അദ്ദേഹം പരാമർശിച്ച കേസ്സിൽ പോക്സോ നിയമത്തിലെ വകുപ്പുകൾ ചേർത്തുകൊണ്ട് രണ്ട് ക്രൈം കേസ്സുകൾ രജിസ്റ്റർ ചെയ്യുകയും പ്രതികൾക്കെതിരെ കോടതിയിൽ കുറ്റപത്രം സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ബഹുമാന്യനായ തിരുവഞ്ചൂർ രാധാകൃഷ്ണൻ ഒരു പരസ്യത്തിന്റെ കാര്യം പറയുകയുണ്ടായി. സാധാരണ സർക്കാരുകൾ കൊടുക്കുന്ന പരസ്യം പത്രങ്ങളിൽ പ്രസിദ്ധീകരിക്കുന്നത് പുതുമയുള്ള കാര്യമല്ല. തെലുങ്കാന സർക്കാർ അവരുടെ മേന്മകൾ വാഴ്ത്തിക്കൊണ്ട് പത്രപരസ്യം കൊടുത്തിരിക്കുന്നു. അതെങ്ങനെയാണ് കേരളത്തിലെ സർക്കാരിനെ ബാധിക്കുന്നത്? കേരളത്തിലെ കാര്യം എല്ലാവരുടെയും അനുഭവത്തിലുള്ളതാണ്. ഏതെല്ലാം തലങ്ങളിലാണ് ദേശീയ തലത്തിലുള്ള അംഗീകാരം സംസ്ഥാനത്തിന് ലഭിച്ചുവെന്നതിനെക്കുറിച്ചും എല്ലാവർക്കും

അറിയാവുന്നതാണ്.

ശ്രീ. എൻ. ഷംസുദ്ദീന് അദ്ദേഹത്തിന്റെ നേതാവായ ശ്രീ. സാദിഖ് അലി ശിഹാബ് തങ്ങൾ നടത്തിയ പ്രസ്താവനയെക്കുറിച്ച് വല്ലാത്ത വിഷമമുണ്ടായെന്നാണ് അദ്ദേഹത്തിന്റെ വാചകത്തിൽനിന്നും മനസ്സിലാകുന്നത്. ഡോ. എം. കെ. മുനീറും അക്കാര്യത്തിൽ വിഷമം അനുഭവിക്കുന്നുണ്ടെന്ന് പ്രസംഗത്തിൽനിന്ന് മനസ്സിലായി. ഇന്ത്യൻ യൂണിയൻ മുസ്ലീംലീഗ് യു.ഡി.എഫ്.-ന്റെ കൂടെയാണെന്ന് എല്ലാവർക്കുമറിയാം. കോൺഗ്രസ്സാണ് യു.ഡി.എഫ്.-ന്റെ നേതൃത്വം വഹിക്കുന്നത്. കോൺഗ്രസ്സിന്റെ കൂടെയാണ് മുസ്ലീംലീഗെന്ന് ആർക്കെങ്കിലും അറിയാത്ത കാര്യമാണോ; ഞങ്ങൾക്ക് അതിനെക്കുറിച്ചെന്തെങ്കിലും തെറ്റിദ്ധാരണയുണ്ടോ? യു.ഡി.എഫ്.-ന്റെ പ്രവർത്തനങ്ങൾ വിജയിപ്പിക്കുന്നതിന് പ്രവർത്തിക്കുന്നവരാണ് മുസ്ലീംലീഗ് എന്ന കാര്യത്തിലും ഞങ്ങൾക്ക് സംശയമില്ല. അതിന്റെ ഭാഗമായി ആർ.എസ്.എസ്.-മായി ബന്ധം സ്ഥാപിക്കാൻ കോൺഗ്രസ് തയ്യാറാകുമ്പോൾ മുസ്ലീംലീഗ് ഒപ്പമുണ്ടെന്ന നിലപാട് ഇവർ സ്വീകരിക്കുന്നത് നമ്മൾ പലപ്പോഴും കണ്ടതല്ലേ. 'കോ-ലീ-ബി' സഖ്യത്തെക്കുറിച്ച് മറന്നുപോയോ? അങ്ങനെ എന്തെല്ലാം കാര്യങ്ങൾ കേരളത്തിൽ

നടന്നിരിക്കുന്നു. അത്തരം ഒരു പാർട്ടിയുടെ പരമോന്നത സ്ഥാനത്തിരിക്കുന്ന ഒരാളാണ് ഇവിടെ സി.പി.ഐ.(എം)-ന്റെ പ്രസക്തിയെക്കുറിച്ച് പറയുന്നത്. അക്കാര്യം ഞങ്ങൾ ചൂണ്ടിക്കാണിച്ചപ്പോൾ സ്വാഭാവികമായും നിങ്ങളിൽ ചിലർക്ക് അസ്വസ്ഥതയുണ്ടായെന്ന് നിങ്ങൾ സ്വീകരിക്കുന്ന സമീപനത്തിൽനിന്ന് മനസ്സിലാക്കാൻ സാധിക്കുന്നുണ്ട്. ഇവിടെ കാണേണ്ട വസ്തുത നിങ്ങൾ ആർ.എസ്.എസ്.-മായും എസ്.ഡി.പി.ഐ.-യുമായും ജമാഅത്തെ ഇസ്ലാമിയുമായും ബന്ധപ്പെട്ട് പ്രവർത്തിക്കുമ്പോൾ അതിനെല്ലാം നിങ്ങളുടെ അണികൾ കൂട്ടുനിൽക്കുകയാണെന്ന തെറ്റിദ്ധാരണ വേണ്ട. ഇതിനെല്ലാം മാതൃകാപരമായ നിലപാടെടുക്കുന്ന മുന്നണിയാണ് കേരളത്തിലെ എൽ.ഡി.എഫ്. അത് പലപ്പോഴും നിങ്ങളുടെ കൂടെ നിൽക്കുന്ന പ്രിയപ്പെട്ട അണികളടക്കം മാനസികമായി അംഗീകരിക്കുന്നുവെന്ന് മറന്നുപോകരുത്. ഇവിടെ പോലീസ് സേനയിൽ ആർ.എസ്.എസ്. സ്വാധീനം വർദ്ധിക്കുന്നുവെന്ന് പറയുകയുണ്ടായി. പോലീസെന്നു പറയുന്നത് വലിയൊരു സേനയാണ്. പോലീസ് സേനയിൽ തെറ്റായ രീതിയിൽ ഏതെങ്കിലും വിഭാഗത്തിനോ; പ്രത്യേകിച്ച് തീവ്രവാദ വിഭാഗങ്ങൾക്കോ വർഗ്ഗീയ സംഘടനകൾക്കോ പ്രവർത്തിക്കാനുള്ള അംഗീകാരം സർക്കാർ നൽകില്ല. അതൊന്നും പോലീസിന്റെ ഭാഗമാകാൻ സമ്മതിക്കുന്ന

പ്രശ്നമേയില്ല. കേരളത്തിന്റെ ഇന്നത്തെ സാഹചര്യത്തിൽ തീവ്രമായ നിലപാടെടുക്കുന്ന ആർ.എസ്.എസ്.-ന്റെയും എസ്.ഡി.പി.ഐ.-യുടെയും ഭാഗമായി പ്രവർത്തിക്കുന്നവർ പോലീസ് സേനയുമായി ബന്ധപ്പെട്ട് എന്തെങ്കിലും കാര്യങ്ങൾ ചെയ്യാൻ ശ്രമിക്കുന്നുണ്ടെങ്കിൽ കർക്കശ നടപടി അക്കാര്യത്തിൽ ഉണ്ടാകുമെന്നതിൽ യാതൊരു സംശയവുമില്ല. പോലീസ് അക്കാദമിയിൽ ബീഫ് വിളമ്പാൻ പാടില്ലെന്ന് പോലീസ് ഉദ്യോഗസ്ഥൻ പറഞ്ഞുവെന്നൊരു പഴയ കാര്യത്തെക്കുറിച്ച് ഇവിടെ പരാമർശമുണ്ടായി. ആ സംഭവത്തിൽ ആരാണ് ഇടപെട്ടത്; ഇവരാരെങ്കിലും പരാതി പറഞ്ഞിട്ടാണോ ഇടപെട്ടത്? ആ വാർത്ത കണ്ടയുടനെ സർക്കാരിന്റെ ഇടപെടലുണ്ടാകുകയും അതിൽ തിരുത്തൽ വരുത്താൻ ആവശ്യപ്പെടുകയും ചെയ്തു. അതാണ് എൽ.ഡി.എഫ്. ആലപ്പുഴയിലും പാലക്കാട്ടും പോലീസ് സേന നിഷ്ക്രിയമാണെന്ന് അദ്ദേഹം എന്തടിസ്ഥാനത്തിലാണ് പറഞ്ഞതെന്ന് മനസ്സിലാകുന്നില്ല. അവിടെ ഫലപ്രദമായി പോലീസ് ഇടപെട്ട കാഴ്ചയാണ് കാണാൻ കഴിഞ്ഞത്. അതിന്റെ ഭാഗമായാണ് അവിടങ്ങളിൽ വലിയ തോതിലുള്ള പ്രശ്നങ്ങൾ പിന്നീടുണ്ടാകാതിരുന്നത്. അതിൽ പോലീസ് വഹിച്ച പങ്ക് മറക്കേണ്ട കാര്യമല്ല. അദ്ദേഹം അഡ്വക്കേറ്റ് കൂടിയാണല്ലോ; അസാധ്യമായ നിയമ പരിജ്ഞാനവുമുണ്ട്. ഡോ. കെ. ടി. ജലീൽ നൽകിയ

പരാതിയുടെ ഭാഗമായി കേസ് നിലനിൽക്കില്ലെന്ന് ഇപ്പോഴേ അദ്ദേഹം പ്രഖ്യാപിച്ചുകഴിഞ്ഞു. അക്കാര്യത്തിൽ എന്താണ് അദ്ദേഹത്തിന് വിഷമം? അതുമായി അദ്ദേഹത്തിന് യാതൊരു തരത്തിലുള്ള ബന്ധവുമില്ല. എന്തിനാണ് ഡോ. കെ. ടി. ജലീലിനെതിരെ അദ്ദേഹം ഇപ്പോൾത്തന്നെ പ്രവചനം നടത്തുകയും ആ കേസ് നിലനിൽക്കില്ലെന്നും പറയുന്നത്? അപ്പോൾ അദ്ദേഹത്തിന്റെ ഉള്ളിലിരുപ്പ് എന്താണെന്ന് വ്യക്തമാണ്. അദ്ദേഹം സഭയിലില്ലാത്തതുകൊണ്ട് കൂടുതൽ കാര്യങ്ങളിലേയ്ക്ക് കടക്കുന്നില്ല. പൗരത്വനിയമത്തിന്റെ ഭാഗമായി കേസ് പിൻവലിക്കുമെന്ന് പറഞ്ഞിട്ട് അത് പിൻവലിച്ചില്ലെന്നാണ് അദ്ദേഹം പറഞ്ഞ മറ്റൊരു കാര്യം. പൗരത്വനിയമത്തിന്റെ ഭാഗമായി സാധാരണഗതിയിൽ പ്രക്ഷോഭം നടന്ന കേസ്സുകൾ പിൻവലിക്കുമെന്നാണ് പറഞ്ഞിട്ടുള്ളത്. അതിന്റെ ഭാഗമായി അക്രമസംഭവങ്ങൾ എന്തെങ്കിലും ഉണ്ടായിട്ടുണ്ടെങ്കിൽ ആ കേസ് കോടതിയിൽ തീരുമാനിക്കും. അതല്ലാതെ അവ പിൻവലിക്കുമെന്ന് സർക്കാർ പറഞ്ഞിട്ടില്ല. ഇപ്പോഴും സർക്കാരിന് ഇതേ അഭിപ്രായമാണുള്ളത്. ജയിലുകളിൽ ഫൈവ് സ്റ്റാർ സൗകര്യമൊരുക്കിയിരിക്കുന്നുവെന്ന് പരാമർശമുണ്ടായി. പഴയ കാലത്തെ അവസ്ഥ വച്ചുനോക്കിയാൽ അത് ശരിയായിരിക്കാം. പഴയകാലത്ത്, അവിടത്തെ ഉണ്ടയെപ്പറ്റി നമ്മൾ

കേട്ടിട്ടില്ലേ? അത് 1957 മുതൽ മാറുകയും പിന്നീട് പടിപടിയായി അതിൽ മാറ്റം വരികയും ചെയ്തു. ഇപ്പോൾ വലിയ രീതിയിലുള്ള മാറ്റമുണ്ടായിട്ടുണ്ട്. ആ മാറ്റം വരുത്തിയത് ജയിലിൽ എത്തപ്പെടുന്ന എല്ലാവർക്കുംവേണ്ടിയാണ്; അതല്ലാതെ ഏതെങ്കിലുമൊരു കൂട്ടർക്കുവേണ്ടി മാത്രമല്ല. ജയിലിൽ കഴിയുന്നവരും മനുഷ്യരാണ്. അവിടെയെത്തുന്നവർക്കെല്ലാം ആ സൗകര്യം ലഭിക്കുന്നുണ്ട്. അവർക്കും മനുഷ്യാവകാശമുണ്ടെന്ന് കണ്ടുകൊണ്ടുതന്നെയാണ് അവർക്കാവശ്യമായ സൗകര്യങ്ങളൊരുക്കാൻ സർക്കാർ ബാദ്ധ്യസ്ഥരായത്. ജയിലിലെ സൗകര്യങ്ങൾ അവിടെയുള്ള ഏതെങ്കിലും ഒരു വിഭാഗത്തിന് മാത്രമല്ല, അക്കാര്യത്തിൽ യാതൊരു തരത്തിലുള്ള വിവേചനവുമില്ല. അദ്ദേഹം എന്തടിസ്ഥാനത്തിലാണ് ഒരു കൂട്ടം തടവുകാർക്കുമാത്രമാണ് ഈ ആനുകൂല്യം നൽകുന്നതെന്ന് പറഞ്ഞത്?

ഡോ. എം. കെ. മുനീർ ഇപ്പോൾ സഭയിൽ ഉണ്ടായിരുന്നെങ്കിൽ അദ്ദേഹത്തോട് ചില കാര്യങ്ങൾ പറയണമെന്ന് ആഗ്രഹിച്ചിരുന്നതാണ്. സാധാരണയായി അദ്ദേഹത്തിന്റെ പ്രസംഗത്തിനൊരു രീതിയുണ്ട്; അത് എന്തിന്റെ ഭാഗമാണെന്ന് നമുക്കറിയാം; അതുകൊണ്ടുതന്നെ അത് പലപ്പോഴും തികട്ടി വരികയാണ്. പക്ഷേ കമ്മ്യൂണിസ്റ്റ് വിരോധത്തിനും ഒരു അതിര് വേണം; അത് അദ്ദേഹം മനസ്സിലാക്കുന്നത് നല്ലതാണ്.

ഒരുതരത്തിലും നാട്ടിൽ ചെലവാകാത്ത പ്രസ്താവനകളുമായി വന്നാൽ ആരാണത് മുഖവിലയ്ക്കെടുക്കുക? ഇവിടെ കമ്മ്യൂണിസ്റ്റുകാരെക്കുറിച്ച് അവർ സാധുക്കളാണെന്ന് പറഞ്ഞാൽ അതിൽ ഉടുത്തവരും ഉടുക്കാത്തവരുമുണ്ടല്ലോ; അങ്ങനെയുള്ള ആളുകളുടെ കൂടെ അരിവാൾ ചുറ്റികയുള്ള കൊടിയും പിടിച്ച് ഗോവധം നിരോധിക്കണമെന്നും പറഞ്ഞുകൊണ്ട് പ്രകടനം നടത്തിയെന്നും അതിനുവേണ്ടി പ്രവർത്തിച്ചുവെന്നും പറഞ്ഞാൽ ആരാണ് വിശ്വസിക്കുന്നത്? ഇത് ഏതെങ്കിലുമൊരു പുസ്തകത്തിൽ എഴുതിവച്ചതുകൊണ്ടുമാത്രം കാര്യമില്ല. രാജ്യത്ത് നടത്തുന്ന പ്രവർത്തനത്തിന്റെ ഭാഗമായിട്ടല്ലേ വരേണ്ടത്; അതിന്റെ ഭാഗമായല്ലേ ആളുകൾ പ്രസ്ഥാനത്തെ വിലയിരുത്തുന്നത്; അവിഭക്ത കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം കമ്മ്യൂണിസ്റ്റ് രീതിയിലല്ലേ പ്രവർത്തിക്കേണ്ടത്; അത് എന്താണെന്ന് അദ്ദേഹത്തിന് അറിയില്ലേ? അദ്ദേഹം വിതയത്തിൽ കമ്മീഷനെക്കുറിച്ച് നടത്തിയ പരാമർശം കേട്ടപ്പോൾ ആശ്ചര്യം തോന്നി. വിതയത്തിൽ കമ്മീഷൻ പറഞ്ഞ കാര്യങ്ങൾ ഇപ്പോഴും കമ്മീഷൻ റിപ്പോർട്ടിലുള്ളവയാണ്. അദ്ദേഹം പറയാൻ ശ്രമിച്ചത്, ആർ.എസ്.എസ്., ജനസംഘം എന്നിവരുമായി സി.പി.ഐ.(എം) കൂട്ടുകൂടാൻ ശ്രമിച്ചുവെന്നാണ്. വിതയത്തിൽ കമ്മീഷന്റെ ഏറ്റവും പ്രധാനപ്പെട്ട പരാമർശം ഞാൻ ഉദ്ധരിക്കുകയാണ്. "It is an undisputed fact that no

leader of the Marxist party was involved in the riots. There is evidence that Marxist workers who came in a car on the evening of December 29, 1971 tried to dissuade the people from indulging in rioting." പ്രതിപക്ഷം സഭയിലില്ലാത്തതുകൊണ്ട് അതിനെക്കുറിച്ച് കൂടുതൽ കാര്യങ്ങൾ പറയുന്നില്ല. മുമ്പ് വേലായുധൻ നമ്പ്യാർ എന്ന ഞങ്ങളുടെ പ്രാദേശിക നേതാവിനെ അറസ്റ്റ് ചെയ്ത് കൊണ്ടുപോയപ്പോൾ മാർക്സിസ്റ്റുകാർക്ക് ഇതിൽ പങ്കുണ്ടെന്ന് കാണിക്കുന്നതിനായി അന്നൊരു ശ്രമം നടത്തുകയും അതിന്റെ ഭാഗമായി ഉമ്മൻചിറയിൽ പോയി വേലായുധൻ നമ്പ്യാരെ പോലീസ് അറസ്റ്റ് ചെയ്യുകയുമുണ്ടായി. പിന്നീട് അവിടെ എന്താണ് സംഭവിച്ചതെന്നറിയാമോ; അവിടെയുള്ള മുസ്ലീം സ്ത്രീകൾ ഓടിവന്ന് ആ വാഹനത്തെ തടയുകയും വേലായുധൻ നമ്പ്യാരെ ഇറക്കിവിട്ടാൽ മാത്രമെ വാഹത്തിന് പോകാൻ കഴിയുകയുള്ളൂവെന്നും പറഞ്ഞു. ഇത്തരത്തിലുള്ള പ്രതികരണമാണ് ജനങ്ങളിൽനിന്നുണ്ടായത്. ശ്രീ. കെ. പി. മോഹനന് അറിയാവുന്ന കെ. പി. ശ്രീധരൻ മാഷിന്റെയും മറ്റും കാര്യങ്ങളെക്കുറിച്ചെല്ലാം പറയാനുണ്ടെങ്കിലും അതിലേയ്ക്ക് കടക്കുന്നില്ല. ബഹുമാനപ്പെട്ട പ്രധാനമന്ത്രി ഒരു പരിപാടിയിൽ പങ്കെടുക്കാൻ വന്നതുമായി ബന്ധപ്പെട്ട് ഡോ. എം. കെ. മുനീർ രസകരമായൊരു കാര്യം പറയുകയുണ്ടായി. അന്ന് ബഹുമാനപ്പെട്ട

പ്രധാനമന്ത്രി അദ്ദേഹത്തിന്റെകൂടെ ഇവിടത്തെ ഒരു പ്രധാനിയെ ഇരുത്തുമ്പോൾ അങ്ങനെ ചെയ്യാൻ പാടില്ലെന്ന് ഞാൻ പറയണമെന്നാണ് അദ്ദേഹം പറയുന്നത്. അതിൽപ്പരമൊരു മര്യാദകേടുണ്ടോ; സാധാരണഗതിയിൽ അങ്ങനെയൊരു നിലപാട് സ്വീകരിക്കാൻ സാധിക്കുമോ; ഓരോ സംഭവങ്ങളെയും എങ്ങനെയെങ്കിലും വക്രീകരിക്കാനുള്ള ശ്രമമാണ് നടത്തുന്നത്. അദ്ദേഹം ഈ സംഭവത്തെക്കുറിച്ച് സൂചിപ്പിച്ചതിലൂടെ എന്താണുദ്ദേശിച്ചത്? എൽ.ഡി.എഫ്. ഗവൺമെന്റ് ബി.ജെ.പി. ഗവൺമെന്റിനെ സുഖിപ്പിക്കാൻ ശ്രമിക്കുന്നുവെന്നാണ് അദ്ദേഹം ഉദ്ദേശിച്ചത്. ഈ രാജ്യത്ത് ഉയർന്നുവന്ന ഏതെങ്കിലും കാര്യത്തിൽ എൽ.ഡി.എഫ്. സർക്കാർ പ്രതികരിക്കേണ്ട ഘട്ടത്തിൽ ഒരു നിമിഷംപോലും അറച്ച് നിന്നിട്ടുണ്ടോ; അത്തരത്തിലുള്ള വ്യക്തതയാണ് എൽ.ഡി.എഫ്.-ന് ഇത്തരം കാര്യങ്ങളിലുള്ളതെന്ന് ഓർക്കണം. എ.കെ.ജി. സെന്റർ ആക്രമണത്തിലെ പ്രതിയെ കണ്ടെത്താത്തതിനെക്കുറിച്ച് അദ്ദേഹം പരാമർശിച്ചു. അതിനോടൊപ്പം പോലീസ് നടപടി തുടരാൻ പാടില്ലെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. കാരണം പ്രതിയെ കണ്ടെത്തുന്നതിനായി പോലീസ് പലരെയും വിളിക്കുമ്പോൾ അപ്രകാരം വിളിക്കാൻ പാടില്ലെന്നാണ് അദ്ദേഹം പറയുന്നത്. അങ്ങനെ

പറയാൻ സാധിക്കുമോ; പോലീസ് അന്വേഷണത്തിന്റെ ഭാഗമായി അവർക്ക് സംശയമുള്ളവരെയെല്ലാം ചോദ്യം ചെയ്യേണ്ടി വരില്ലേ; ഇന്നയാളെ ചോദ്യം ചെയ്യണം, ഇന്നയാളെ ചോദ്യം ചെയ്യേണ്ടെന്ന് ആർക്കെങ്കിലും പറയാൻ സാധിക്കുമോ; അദ്ദേഹം എന്തിനാണ് അങ്ങനെയൊരു നിലപാട് പരസ്യമായെടുത്തത്?

സംസ്ഥാനത്ത് ഭദ്രമായ ക്രമസമാധാനം നിലനിൽക്കുന്നതിന്റെ ഭാഗമായി നല്ലരീതിയിൽ മുന്നേറാൻ സാധിച്ചിട്ടുണ്ട്. പ്രത്യേകിച്ച്, ജനമൈത്രി പോലീസ് സംവിധാനത്തിലൂടെ ജനങ്ങളുമായി ബന്ധപ്പെടുന്ന കാര്യത്തിൽ നല്ല മാറ്റമുണ്ടാക്കാൻ പോലീസിന് കഴിഞ്ഞിട്ടുണ്ട്. ഇന്ന് ഏത് പോലീസ് സ്റ്റേഷനിലും ഏത് ഘട്ടത്തിലും ഏതൊരാൾക്കും; സാധാരണക്കാർക്കും സ്ത്രീകൾക്കും കുട്ടികൾക്കുംവരെ പരാതി കൊടുക്കാൻ സാധിക്കുന്ന അവസ്ഥയാണുള്ളത്. സ്ത്രീ സുരക്ഷ ഉറപ്പാക്കാനുള്ള വ്യത്യസ്ത പദ്ധതികളാണ് സർക്കാർ ആവിഷ്കരിച്ചിട്ടുള്ളത്. വനിതാ പോലീസ് ഉദ്യോഗസ്ഥർ വീടുകൾ സന്ദർശിച്ച് പരാതികൾ സ്വീകരിക്കുന്ന സംവിധാനത്തിലേയ്ക്കുവരെ നാം എത്തിയിട്ടുണ്ട്. അതുകൊണ്ടുതന്നെ സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള കുറ്റകൃത്യങ്ങൾ തടയുന്നതിന് പിങ്ക് പ്രൊട്ടക്ഷൻ പ്രോജക്ട്, വയോജനങ്ങൾക്കുള്ള പ്രശാന്തി സീനിയർ ഹെൽപ്പ് ഡെസ്ക്, ആദിവാസി

സംരക്ഷണത്തിനുള്ള ട്രൈബൽ ജനമൈത്രി പ്രോജക്ട്, അതിഥിത്തൊഴിലാളികൾക്കുള്ള മൈഗ്രന്റ് ലേബർ ജനമൈത്രി എന്നിവയിലൂടെ പോലീസിന്റെ മാറുന്ന മുഖമാണ് വ്യക്തമാക്കുന്നത്. അതോടൊപ്പം ട്രാൻസ്ജെൻഡേഴ്സിന്റെ ഉന്നമനത്തിനുള്ള പദ്ധതികളും ആവിഷ്കരിച്ച് മുന്നോട്ടുപോകുന്നുണ്ട്. സൈബർ പട്രോളിംഗ് സംവിധാനം, സൈബർ ഡോം എന്നിവയിലൂടെ പുതിയ കാലത്തെ സൈബർ കുറ്റകൃത്യങ്ങൾ കണ്ടെത്തി തടയാനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തിന് പുറത്തും വിദേശത്തും പോയി പ്രതികളെ പിടികൂടുന്ന മികവ് കേരളാ പോലീസിനുണ്ട്. അതുകൊണ്ടുതന്നെയാണ് സൈബർ പോലീസ് രംഗത്ത് മാതൃകാ സംസ്ഥാനമായി കേരളാ പോലീസിനെ വിലയിരുത്തുന്നത്. സമൂഹമാധ്യമ രംഗത്ത് വലിയതോതിലുള്ള ഇടപെടൽ നടത്താനും അതിന്റെ ഭാഗമായി ഈ രംഗത്തെ ഉപയോഗിച്ചുകൊണ്ടുള്ള അതിക്രമങ്ങൾ നല്ലരീതിയിൽ തടയാനും സാധിച്ചിട്ടുണ്ട്. സ്റ്റുഡന്റ് പോലീസ് കേഡറ്റ് സംവിധാനം ദേശീയതലത്തിൽ വലിയ രീതിയിൽ പ്രകീർത്തിക്കപ്പെടുകയും അംഗീകാരം നേടിയിരിക്കുകയുമാണ്. സ്റ്റുഡന്റ് പോലീസ് കേഡറ്റിന്റെ ഭാഗമായി ഓരോ പോലീസ് സ്റ്റേഷനിലും ഒരു പോലീസുകാരന് ചുമതല നൽകുകയും വിരമിച്ച പോലീസുകാരുടെ സേവനം

ഉപയോഗപ്പെടുത്താനും ശ്രമിക്കുന്നുണ്ട്. പുതിയ തലമുറ നേരിടുന്ന വലിയൊരു വിപത്തായ മയക്കുമരുന്നിന്റെ ഉപയോഗത്തിനെതിരെ പോലീസ്-വിദ്യാഭ്യാസ-എക്സൈസ്-സാമൂഹ്യനീതി വകുപ്പുകളെ ഏകോപിപ്പിച്ച് ശക്തമായി പ്രതിരോധിക്കാനുള്ള സംവിധാനമാണ് ഒരുക്കിയിട്ടുള്ളത്. ചില മേഖലകളെ ഹോട്ട്സ്പോട്ടായി കണ്ടെത്തുകയും പ്രത്യേകം ശ്രദ്ധ പതിപ്പിക്കുകയും ചെയ്യുന്നുണ്ട്. അതിരുവിട്ട ഓൺലൈൻ ഗെയിം സ്വാധീനം കുറയ്ക്കുന്നതിനായി ഡിജിറ്റൽ ഡീ-അഡിക്ഷൻ സെന്ററുകൾ ആരംഭിക്കുകയും ബോധവൽക്കരണ പരിപാടികളുമായി മുന്നോട്ടുപോകുകയും ചെയ്യുന്നുണ്ട്. സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങൾ വിട്ടുവീഴ്ചയില്ലാതെ കൈകാര്യം ചെയ്യുന്നതിന് പ്രത്യേക നിർദ്ദേശം നൽകുകയും നവകേരള നിർമ്മിതിയിൽ അവർക്കുള്ള പ്രാധാന്യത്തെക്കുറിച്ച് നല്ലരീതിയിൽ ബോധവൽക്കരണം നടത്തുകയും ചെയ്തിട്ടുണ്ട്. മൊബൈൽ ഫോണിലൂടെ സ്ത്രീകൾക്ക് പരാതി നൽകാവുന്ന അപരാജിത പദ്ധതി, പിങ്ക് പ്രൊട്ടക്ഷൻ പ്രോജക്ട് എന്നിവ എടുത്തുപറയേണ്ട പദ്ധതികളാണ്. കേരളാ പോലീസിലെ വനിതാ പ്രാതിനിധ്യം പടിപടിയായി ഉയർത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. 2017-ലാണ് കേരള പോലീസ് വനിതാ സായുധപോലീസ് ബറ്റാലിയൻ രൂപീകരിച്ചത്. ഈ സർക്കാരിന്റെ കാലഘട്ടത്തിൽ 445 വനിതകളെ ഈ ബറ്റാലിയനിൽ

ഉൾപ്പെടുത്തുകയും 111 സ്ത്രീകൾ പരിശീലനം നേടിവരികയും ചെയ്യുന്നു. കൂടുതൽ വനിതകളെ പോലീസ് സേനയിലേയ്ക്ക് റിക്രൂട്ട് ചെയ്യുന്നതാണ്. ഗാർഹിക അതിക്രമങ്ങൾക്കെതിരെയുള്ള നിയമം ഫലപ്രദമാക്കുകയും സർവ്വീസ് പ്രൊവൈഡിംഗ് സെന്ററുകൾ, ഷെൽട്ടർ ഹോമുകൾ, രക്ഷാദൂത് എന്നിവ സാമൂഹ്യനീതി വകുപ്പുവഴി നടപ്പാക്കുകയും ചെയ്തിട്ടുണ്ട്. സാങ്കേതികവിദ്യാഭ്യാസരംഗത്ത് ദിവസേന കുതിച്ചുചാട്ടമുണ്ടാകുന്ന ഈ കാലഘട്ടത്തിനനുസൃതമായ രീതിയിൽ പോലീസ് സേനയെ നവീകരിക്കുന്നതിന്റെ ഭാഗമായി അവരെ സാങ്കേതികവിദ്യയിലും സായുധരാക്കാനാണ് ശ്രമിക്കുന്നത്. ഏറ്റവും പുതിയ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് രംഗം പോലീസ് സേനയും സ്വായത്തമാക്കുകയാണ്. കള്ളക്കടത്തുമുതൽ ഭീകരവാദപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർപോലും ഡ്രോൺ അടക്കമുള്ള സംവിധാനങ്ങൾ ഉപയോഗിക്കുന്ന സാഹചര്യത്തിലാണ് സംസ്ഥാനത്ത് ഡ്രോൺ റിസർച്ച് ലാബ് രൂപീകരിക്കാൻ തീരുമാനിച്ചത്. പോലീസ് സേന സ്വന്തമായി ഡ്രോണുകൾ നിർമ്മിക്കാനുദ്ദേശിക്കുന്നുണ്ട്. ഡ്രോണുകളുടെ ഉപയോഗം പ്രകൃതിക്ഷോഭങ്ങളിലടക്കം പോലീസിനും സമൂഹത്തിനും സഹായകരമാകുന്നതാണ്. പൊതുസ്വകാര്യ പങ്കാളിത്തത്തോടെ ഡ്രോൺ

രംഗത്തെ മുന്നോട്ടുകൊണ്ടുപോകുന്ന ആദ്യ പോലീസ് സേന സംസ്ഥാനത്തിന്റേതാണ്. പോലീസ് സേവനം സംയോജിതമായി ലഭിക്കേണ്ടതിന്റെ പ്രാധാന്യം മുൻനിർത്തി 'തുണ' എന്ന സിറ്റിസൺ പോർട്ടൽ സംവിധാനം, POL-App പോർട്ടൽ, e-VIP (Electronic Verification in Passport) പോർട്ടൽ, ഇ-ചലാൻ, ഓൺലൈൻ പരാതി സ്വീകരിക്കൽ തുടങ്ങിയ സംവിധാനങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. പോലീസ് സേനയിലേയ്ക്ക് പ്രൊഫഷണൽ ബിരുദധാരികളും സാങ്കേതിക വിജ്ഞാനമുള്ളവരും ധാരാളമായി കടന്നുവരുന്ന സാഹചര്യത്തിൽ ഇത്തരക്കാരെ ക്രൈം ഇൻവെസ്റ്റിഗേഷൻ രംഗത്ത് കൂടുതൽ അറിവ് നൽകി സജ്ജരാക്കുന്നതിന് കൊച്ചി സർവ്വകലാശാലയുമായി ചേർന്ന് ഒരു പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. മയക്കുമരുന്ന് വിൽപ്പനമുതൽ മാൽവെയർ അറ്റാക്ക് വരെയുള്ളവയെ നേരിടുന്നതിന് ഡാർക്ക്നെറ്റ്, വെബ് നിഗൂഢതകൾ നീക്കാൻ Grapnel 1.0, കുട്ടികൾക്കെതിരായ ഓൺലൈൻ ലൈംഗികചൂഷണം തടയാൻ പ്രോജക്ട് വിംഗ് സഹായത്തോടെയുള്ള പദ്ധതി എന്നിവയെല്ലാം ആവിഷ്ക്കരിച്ചിട്ടുണ്ട്. പോലീസുമായി ബന്ധപ്പെട്ട് ലഭിക്കുന്ന പരാതികളിൽ 100 മണിക്കൂറിനുള്ളിൽ നടപടി പൂർത്തിയാക്കുന്ന പദ്ധതിയും സാമ്പത്തിക കുറ്റകൃത്യങ്ങൾ തടയാൻ ഇക്കണോമിക് ഒഫൻസസ് വിംഗും

ആരംഭിച്ചിട്ടുണ്ട്. മേൽസൂചിപ്പിച്ചവയിൽനിന്നും കാലാനുസൃതമായി പോലീസ് സേനയെ എപ്രകാരം നവീകരിച്ചിട്ടുണ്ടെന്നതാണ് വ്യക്തമാക്കുന്നത്. ഗുണ്ടാ സംഘങ്ങളെ തടയാൻ ജില്ലാ പോലീസ് മേധാവികളുടെ മേൽനോട്ടത്തിൽ ജില്ലാതല സംവിധാനം, ഓപ്പറേഷൻ കാവൽ പദ്ധതി, ഡേറ്റാബേസും ഹിസ്റ്ററി ഷീറ്റും തയ്യാറാക്കൽ തുടങ്ങിയവ സജീവമായി മുന്നോട്ടുപോകുന്നുണ്ട്. സംഘടിത ആക്രമണങ്ങൾക്കെതിരെ സ്പെഷ്യൽ ആക്ഷൻ ഗ്രൂപ്പ്, ക്രൈം സെൽ എന്നിവ ഫലപ്രദമായി പ്രവർത്തിക്കുന്നു. 'കാപ്പ' നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കാനുള്ള മാതൃകാനിർദ്ദേശം രൂപപ്പെടുത്തുന്നതോടൊപ്പം ലഹരി മരുന്നുകളുടെ പ്രഭവകേന്ദ്രം കണ്ടെത്തി ഉന്മൂലനം ചെയ്യാനുള്ള പദ്ധതികളും ആവിഷ്കരിച്ചിട്ടുണ്ട്. പോലീസിന്റെ ആധുനികവൽക്കരണത്തിന് 2021-22-ൽ പ്ലാൻ ഫണ്ടിൽനിന്ന് 150 കോടി രൂപ അനുവദിച്ചിട്ടുണ്ട്. കേരളാ പോലീസിനെ ഇതര സംസ്ഥാനങ്ങളുമായി ബന്ധിപ്പിക്കുന്ന സി.സി.റ്റി.എൻ.എസ്. (Crime and Criminal Tracking Network and Systems) പ്രോജക്ട് നടപ്പാക്കിയിട്ടുണ്ട്. പോക്സോ കേസ്സുകൾ അന്വേഷിക്കുന്നതിനായി പ്രത്യേക വിഭാഗം പ്രവർത്തിക്കുന്നുണ്ട്. വിജിലൻസ് അഴിമതി തടയുന്നതിനായി വകുപ്പ് വിട്ടുവീഴ്ചയില്ലാതെ പ്രവർത്തിക്കുന്നതിന്റെ ഫലമായി 2021 ജനുവരി മുതൽ 48 ട്രാപ്പ് കേസ്സുകൾ

രജിസ്റ്റർ ചെയ്തിട്ടുണ്ട്. പൊതുജനങ്ങൾക്ക് പരാതി അറിയിക്കാൻ 1064 എന്ന ടോൾഫ്രീ നമ്പരും വാട്ട്സാപ്പ്/ഇ-പെറ്റീഷൻ സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. ഈ കാലഘട്ടത്തിൽ ശ്രദ്ധേയമായ ഒട്ടേറെ പുരസ്കാരങ്ങൾ/ബഹുമതികൾ കേരള പോലീസിന് ലഭിച്ചിട്ടുണ്ട്. കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ അവാർഡുമുതൽ ജൈവ വൈവിദ്ധ്യസംരക്ഷണത്തിന്റെ ബഹുമതികൾ വരെ ആ പട്ടികയിലുണ്ട്. പോലീസ് സേനയിലുള്ളവർക്ക് കാര്യമായ കരുതൽ നൽകുന്നതിന്റെ ഭാഗമായി ഈ സർക്കാർ അവരുടെ പ്രൊമോഷൻ സാധ്യതയിൽ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. പുതിയ 25 സബ് ഡിവിഷനുകൾ കൂടാതെ സാമ്പത്തിക കുറ്റാന്വേഷണത്തിനായി അനുവദിച്ച പുതിയ തസ്തികകൾകൂടി വന്നതോടെ പോലീസ് സേനയിലുള്ളവരുടെ പ്രൊമോഷൻ സാദ്ധ്യതകൾ വർദ്ധിച്ചിട്ടുണ്ട്. പോലീസ് ഡ്രൈവർമാരുടെ അംഗസംഖ്യ നല്ല രീതിയിൽ വർദ്ധിപ്പിക്കുകയും പോലീസ് ബ്യൂഗിൾ വിഭാഗത്തിന് തസ്തികകൾ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. സ്പെഷ്യൽ റൂൾ കൃത്യമായി നടപ്പാക്കിക്കൊണ്ട് സീനിയോറിറ്റി തർക്കങ്ങൾ പരിഹരിക്കാൻ സാധിച്ചിട്ടുണ്ട്.

ജനങ്ങളുടെ സ്വത്തിനും ജീവനും സംരക്ഷണം നൽകുന്നതിനും നാട്ടിൽ സമാധാനം ഉറപ്പുവരുത്തി ജനജീവിതം മുന്നോട്ട് കൊണ്ടുപോകുന്നതിനുമുള്ള

ഉത്തരവാദിത്വമാണ് അഗ്നിരക്ഷാസേന പ്രധാനമായും ഏറ്റെടുത്തിട്ടുള്ളത്. കൃത്യനിർവ്വഹണം ഭംഗിയായി നിർവ്വഹിക്കുന്നതോടൊപ്പം ജനങ്ങളുടെ എല്ലാ ദുരന്തങ്ങളിലും സഹായിയായി പ്രവർത്തിക്കുന്ന സംവിധാനമായി അഗ്നിരക്ഷാ വകുപ്പ് മാറിയിട്ടുള്ളത് സർക്കാരിനെ സംബന്ധിച്ചിടത്തോളം അഭിമാനകരമാണ്. പ്രളയകാലത്തും കോവിഡ് 19-നെ തടയുന്ന നടപടികളിലുമെല്ലാം അഗ്നിരക്ഷാ വകുപ്പിന്റെ സജീവ സാന്നിദ്ധ്യമുണ്ടായിരുന്നു. പോലീസ് സേനയോടൊപ്പം പ്രവർത്തിച്ച വിഭാഗമായിരുന്നു അഗ്നിരക്ഷാസേന. ഭക്ഷണവും മരുന്നും എത്തിക്കൽ തുടങ്ങി നിരവധി പ്രവർത്തനങ്ങളിൽ അവർ സജീവമായി നിലകൊള്ളുകയും ജനകീയസേനാ സംവിധാനമെന്ന നിലയിൽ അഗ്നിരക്ഷാ സേന മാറുകയും ചെയ്തുവെന്നാണ് അനുഭവത്തിൽനിന്നും വ്യക്തമാകുന്നത്. സിവിൽ ഡിഫൻസ് എന്നപേരിൽ രൂപം കൊടുത്ത ജനകീയ സേന, എല്ലാ ഫയർ സ്റ്റേഷനുകളോടുമൊപ്പം സജീവമായി പ്രവർത്തിക്കുന്നു. ആപത്ഘട്ടങ്ങളിൽ ജനങ്ങളോടൊപ്പം ചേർന്ന് ഇവർ നൽകുന്ന സേവനം ചെറുതല്ല. കൂടുതൽ പരിശീലനം നൽകി പ്രൊഫഷണലുകളുടെ സേവനം ഉപയോഗപ്പെടുത്തി സിവിൽ ഡിഫൻസ് സേനയെ കൂടുതൽ കരുത്തുറ്റതാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ജയിലിൽ കുറ്റവാളികളടക്കമുള്ളവരോട്

മനുഷ്യത്വപൂർണ്ണമായി പെരുമാറുന്നതിനും അവരെ മാനസികമായി പരിവർത്തിപ്പിക്കുന്നതിനും പുതിയ ജയിൽ സംസ്കാരം രൂപപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. ജയിൽ ഉൽപ്പന്നങ്ങൾക്ക് വലിയ രീതിയിലുള്ള പ്രോത്സാഹനമാണ് ലഭിക്കുന്നത്. ജയിലുകളുടെ തനതുവരുമാനം വർദ്ധിപ്പിക്കുന്നതിന് പെട്രോൾ പമ്പ് ഉൾപ്പെടെയുള്ള സംവിധാനങ്ങൾക്ക് തുടക്കംകുറിച്ചിട്ടുണ്ട്. ഐക്യകേരളത്തിന്റെ രൂപീകരണത്തിന് ആദ്യമായി ഒരു സെൻട്രൽ ജയിൽ പണികഴിപ്പിച്ചത് ഈ സർക്കാരിന്റെ ഭരണകാലത്താണ്. കേരള പോലീസ് രാജ്യത്തെതന്നെ ഏറ്റവും മികച്ച അന്വേഷണ ഏജൻസിയാണെന്ന് രജിസ്റ്റർ ചെയ്യുന്ന കേസ്സുകളുടെ എണ്ണം, അവയിൽ തെളിയിക്കപ്പെടുന്നവയുടെ എണ്ണം, ശിക്ഷ ലഭ്യമാക്കുന്നവയുടെ എണ്ണം തുടങ്ങിയ കണക്കുകൾ പരിശോധിച്ചാൽ മനസ്സിലാക്കാൻ സാധിക്കുന്നതാണ്. സി.ബി.ഐ.-യെക്കാളും മികവുറ്റ കേസന്വേഷണ ട്രാക്ക് റെക്കോർഡാണ് കേരള പോലീസിനുള്ളത്. പ്രവർത്തനക്ഷമതയുടെ കാര്യത്തിൽ ഇന്ത്യയിലെ ഏറ്റവും മികച്ച സേനകളിലൊന്നാണ് കേരള പോലീസ്. സങ്കീർണ്ണമായ കുറ്റകൃത്യങ്ങൾപോലും ശാസ്ത്രീയമായി ചുരുളഴിച്ച് കുറ്റവാളികളെ നിയമത്തിന്റെ മുന്നിലെത്തിക്കാൻ പോലീസ് സേനയ്ക്ക് കഴിയുന്നുണ്ട്. ജിഷ, ഉത്തര, വിസ്മയ,

കെവിൻ എന്നിങ്ങനെ എത്രയെത്ര കേസ്സുകളാണ് കേരള പോലീസ് തെളിയിച്ചിട്ടുള്ളത്. എ.ടി.എം. തട്ടിപ്പുകൾ, റേഡിയോ ജോക്കിയുടെ കൊലപാതകം, കൂടത്തായി കേസ്, കുട്ടിയെ ആശുപത്രിയിൽനിന്നും തട്ടിക്കൊണ്ടുപോയ കേസ് എന്നിങ്ങനെ നിരവധി ഉദാഹരണങ്ങളാണുള്ളത്. 17 വർഷം മുൻപ് ഇടപ്പള്ളിയിൽ കൊല്ലപ്പെട്ട വയോധികരുടെ കേസ്സുവരെ തെളിയിക്കാൻ കേരള പോലീസിന് സാധിച്ചിട്ടുണ്ട്. സമൂഹത്തിലെ എത്ര ഉന്നതനാണെങ്കിലും തെറ്റ് ചെയ്തിട്ടുണ്ടെങ്കിൽ കർശനമായ നിയമനടപടി നേരിടേണ്ടി വരുന്ന സാഹചര്യമാണ് കേരളത്തിലുള്ളത്. അക്കാര്യത്തിൽ ആർക്കും ഒഴിവ് ലഭിക്കുകയില്ല. പരാതി നൽകുന്നവരെയും കുറ്റാരോപിതരെയും തമ്മിൽ താരതമ്യം ചെയ്തശേഷം സ്വാധീനം കൂടുതലുള്ളവരോടൊപ്പം നിൽക്കുന്ന നിലപാടല്ല; മറിച്ച് നിയമം നടപ്പിലാക്കുകയും നീതിയോടൊപ്പം നിൽക്കുകയും ചെയ്യുന്ന നിലപാടാണ് കേരളത്തിലെ ആഭ്യന്തരവകുപ്പിനുള്ളത്. പോലീസിനെ രാഷ്ട്രീയ നേതൃത്വത്തിന്റെ ചട്ടുകമാക്കുന്ന നിലപാട് സംസ്ഥാന സർക്കാരിനില്ല. പോലീസ് സ്വതന്ത്രരാണ്; ആര് പരാതി സമർപ്പിച്ചാലും ആർക്കെതിരെ പരാതി ലഭിച്ചാലും പോലീസ് അന്വേഷിക്കുകയും കൃത്യമായ നടപടി സ്വീകരിക്കുകയും ചെയ്യും. ഒരു പരാതി ലഭിക്കുമ്പോൾ അത് ആരുടെ

പരാതിയാണെന്നോ, ആർക്കെതിരെയുള്ള പരാതിയാണെന്നോ പരിശോധിച്ചശേഷം പരാതി മുക്കുകയും പൊക്കുകയും ചെയ്യുന്ന നിലപാട് ഇന്നത്തെ പോലീസിനില്ല. ഇന്നലത്തെ ചർച്ചയിൽ സഭാരേഖയിലുൾപ്പെട്ട ചില കാര്യങ്ങളെക്കുറിച്ച് ഈ ഘട്ടത്തിലെങ്കിലും പറഞ്ഞില്ലെങ്കിൽ അത് അംഗീകരിച്ചുവെന്ന് എല്ലാവരും കരുതും.

ഇന്നലെ സഭയിൽ 1977-ലെ ആർ.എസ്.എസ്. ബന്ധം എന്നൊക്കെ ചില ബഹുമാനപ്പെട്ട അംഗങ്ങൾ പറഞ്ഞത് എല്ലാവരും കേട്ടതാണ്. ചരിത്രബോധമില്ലാത്തവർക്കാണ് ഇപ്രകാരം പറയാൻ കഴിയുന്നത്. ഇവിടെ പറഞ്ഞത് ആർ.എസ്.എസ്. ബാന്ധവത്തെക്കുറിച്ചാണ്. ആരാണ് കേരള രാഷ്ട്രീയത്തിൽ ആർ.എസ്.എസ്.-നോടൊപ്പം ഇപ്രകാരം ചേർന്നുനിന്നത്? 1960-ലെ തെരഞ്ഞെടുപ്പിന്റെ കാര്യം പരിശോധിക്കാം; 1957-ൽ ആദ്യ തെരഞ്ഞെടുപ്പിലെ ഗവൺമെന്റ് അട്ടിമറിക്കപ്പെട്ടശേഷം നടന്ന 1960-ലെ തെരഞ്ഞെടുപ്പ് കാലത്ത് ജനസംഘം വലിയ തോതിൽ വർഗ്ഗീയ പ്രചരണങ്ങൾക്ക് കോപ്പ് കൂട്ടുന്ന കാലമായിരുന്നു. കൂടുതൽ സാധ്യതയുള്ള നാല് അസംബ്ലി സീറ്റുകളിൽ മത്സരിക്കാനാണ് ജനസംഘം ആദ്യം തീരുമാനിച്ചത്. അതിൽ ആദ്യത്തെ മണ്ഡലം കോഴിക്കോട്, രണ്ടാമത്തേത് തൃശ്ശൂർ ജില്ലയിലെ അണ്ടത്തോട്, മൂന്നാമത്തേത് ഗുരുവായൂർ, നാലാമത്തെ

മണ്ഡലം ഇ.എം.എസ്. മത്സരിക്കുന്ന പട്ടാമ്പി എന്നിവയായിരുന്നു. പട്ടാമ്പിയിൽ പി. മാധവമേനോനെ മത്സരിപ്പിക്കാനാണ് ജനസംഘം തീരുമാനിച്ചത്. പത്രികാസമർപ്പണം കഴിയുകയും സജീവമായ പ്രചരണവും ആരംഭിച്ചെങ്കിലും ഒരു സുപ്രഭാതത്തിൽ സ്ഥാനാർത്ഥിയെ പിൻവലിച്ച് ജനസംഘം മത്സരരംഗത്തുനിന്ന് പിന്മാറുകയാണ് ചെയ്തത്. അവർ ഇ.എം.എസ്.-നെ തോല്പിക്കാൻ കോൺഗ്രസുമായി തെരഞ്ഞെടുപ്പ് സഹകരണം നടത്തി. ജനസംഘം മത്സരരംഗത്തുണ്ടായാൽ കമ്മ്യൂണിസ്റ്റ് വിരുദ്ധവോട്ടുകൾ ഭിന്നിക്കുമെന്ന പേടിയായിരുന്നു അന്ന് കോൺഗ്രസിനുണ്ടായിരുന്നത്. ജനസംഘം പരസ്യമായി കോൺഗ്രസ് സ്ഥാനാർത്ഥിക്ക് പിന്തുണ നൽകുകയും ഇ.എം.എസ്.-നെ തോല്പിക്കാൻ കോൺഗ്രസുമായി സഹകരിക്കുമെന്ന് അവർ തുറന്നുപറയുകയും ചെയ്തു. കോൺഗ്രസ് നേതാവ് എ. രാഘവൻ നായരായിരുന്നു അന്ന് കോൺഗ്രസ്-ലീഗ്-പി.എസ്.പി. സഖ്യത്തിന്റെ സ്ഥാനാർത്ഥി. ദേശീയ നേതാക്കൾ ഉൾപ്പെടെയെത്തി അന്ന് കോൺഗ്രസ് പാർട്ടിക്കുവേണ്ടി പട്ടാമ്പിയിൽ തെരഞ്ഞെടുപ്പ് നിയന്ത്രിക്കുകയും ജനസംഘം നേതാവ് ദീനദയാൽ ഉപാദ്ധ്യായ കോൺഗ്രസ് സ്ഥാനാർത്ഥിക്കുവേണ്ടി വോട്ട് തേടുന്ന സ്ഥിതിയുമുണ്ടായി. പരസ്യമായ ജനസംഘം ബന്ധം

ഉണ്ടായിരുന്നെങ്കിൽപ്പോലും കോൺഗ്രസിന് അന്ന് രക്ഷപ്പെടാൻ കഴിഞ്ഞില്ല. 7322 വോട്ടുകൾക്കാണ് സഖാവ് ഇ.എം.എസ്. നമ്പൂതിരിപ്പാട് അന്നവിടെ വിജയിച്ചത്.

1977-ലെ തെരഞ്ഞെടുപ്പിൽ ആർ.എസ്.എസ്.-ന്റെ വോട്ടുവാങ്ങിയാണ് ഞാൻ നിയമസഭയിൽ എത്തിയതെന്ന് പ്രതിപക്ഷനേതാവ് പറഞ്ഞതായി കേട്ടു. ഞാൻ നിയമസഭയിൽ എത്തിയത് 1977-ൽ അല്ല; അതിനും ഏഴ് വർഷം മുമ്പാണ്. അന്ന് കോൺഗ്രസ്സിനെയും ജനസംഘത്തെയും പരാജയപ്പെടുത്തിയാണ് കൂത്തുപറമ്പ് മണ്ഡലത്തിൽനിന്നും ഞാൻ നിയമസഭയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ടത്. 1977-ലും ഞാൻ മത്സരിച്ചത് കൂത്തുപറമ്പിലാണ്. തലശ്ശേരി കലാപത്തിലെ ഏക രക്തസാക്ഷി യു. കെ. കുഞ്ഞിരാമന്റെ നാടാണ് കൂത്തുപറമ്പ്. യു. കെ. കുഞ്ഞിരാമനെ കൊന്നത് 1972 ജനവരിയിലാണ്. ആർ.എസ്.എസ്. ഏറ്റവും കടുത്ത ശത്രുവായി സി.പി.ഐ.(എം)-നെ അന്നും ഇന്നും കാണുന്ന നാടാണത് എന്ന കാര്യം അവരിവിടെ ഇല്ലെങ്കിലും ഒരറിവിനുവേണ്ടി പറഞ്ഞുവെന്നേയുള്ളൂ. 1977-ൽ എന്തായിരുന്നു അവസ്ഥ? 'ഇന്ത്യയെന്നാൽ ഇന്ദിര, ഇന്ദിരയെന്നാൽ ഇന്ത്യ' എന്ന് അവർ പറഞ്ഞുനടന്ന കാലമായിരുന്നു. ഭരണഘടനയെ അട്ടിമറിച്ച് ജനാധിപത്യ സംവിധാനങ്ങളെയാകെ വന്ധ്യംകരിച്ചാണ് അടിയന്തരാവസ്ഥ

വാഴ്ച നടത്തുകയും അർദ്ധ ഫാസിസത്തിന്റെ വക്താക്കളാകുകയും ചെയ്തത്. അടിയന്തരാവസ്ഥയ്ക്കെതിരെ രാജ്യത്താകെ ചലനങ്ങളുണ്ടാകുകയും രാജ്യത്തിന്റെ ചില ഭാഗങ്ങളിൽ ഈ അർദ്ധഫാസിസ്റ്റ് ഭീകരത നടമാടുകയും ചെയ്തത് യഥാർത്ഥത്തിൽ 1971 മുതൽ 1973 വരെയുള്ള കാലഘട്ടങ്ങളിലുമായിരുന്നു. പടിഞ്ഞാറൻ ബംഗാളിൽ അന്നത്തെ മുഖ്യമന്ത്രി സിദ്ധാർഥ ശങ്കർ റേയുടെ നേതൃത്വത്തിൽ നടത്തിയ അർദ്ധ ഫാസിസ്റ്റ് ഭീകരതയുടെ ഫലമായി കൂട്ടമായാണ് അവിടെ ആളുകൾ കൊലചെയ്യപ്പെട്ടത്. അതിന്റെ ഭാഗമായി കേരളത്തിലും ചില നീക്കങ്ങളുണ്ടായി. അന്ന് കണ്ണൂർ ജില്ലയിൽ മൂന്ന് കേന്ദ്രങ്ങളുണ്ടായിരുന്നത് തോലമ്പ്ര, മമ്പറം, ഏഴിലോട് എന്നിവിടങ്ങളിലായിരുന്നു. ഇവിടങ്ങളിൽ പോലീസിന്റെ സംരക്ഷണത്തിലായിരുന്ന ഗുണ്ടകൾ പോലീസിനോടൊപ്പം പുറത്തിറങ്ങുമ്പോൾ അവരുടെ കയ്യിൽ കൊടുവാളടക്കമുള്ള എല്ലാ ആയുധങ്ങളുമുള്ള ഒരു ബാഗ് കൂടിയുണ്ടാകും. അതിനുശേഷം അവർ ആളുകളെ ആക്രമിക്കുന്ന രീതിയാണുണ്ടായിരുന്നത്. അന്ന് കാലം ആ രീതിയിലായിരുന്നു; ഇത് അടിയന്തരാവസ്ഥയ്ക്കുശേഷമുള്ള കാലമാണ്. അതുമായി ബന്ധപ്പെട്ട കഥകൾ പ്രതിപക്ഷം സഭയിലില്ലാത്തതുകൊണ്ട് പറയുന്നില്ല. ജയപ്രകാശ് നാരായണന്റെ നേതൃത്വത്തിൽ 'വിശാലമുന്നണി'

1977-ൽ ജനതാപാർട്ടിയായി രൂപപ്പെട്ടു. ഭാരതീയ ലോക് ദൾ, സംഘടനാ കോൺഗ്രസ്, സ്വതന്ത്ര പാർട്ടി, സോഷ്യലിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ തുടങ്ങിയ പാർട്ടികൾ ലയിച്ചാണ് 1977 ജനുവരി 23-ന് ജനതാ പാർട്ടി രൂപീകരിച്ചത്. എല്ലാ പാർട്ടികളും അവരുടെ കമ്മിറ്റികൾ പിരിച്ചുവിട്ട് സംഘടനാസംവിധാനങ്ങൾ താഴെതലംമുതൽ ഇല്ലാതാക്കിയശേഷമാണ് ലയനം നടത്തിയത്. ജനതാപാർട്ടിയിൽ പിന്നീട് ജനസംഘവും ലയിക്കുന്ന നിലയുണ്ടായി. ജനസംഘത്തെ പിരിച്ചുവിട്ടാണ് ലയനം നടത്തിയത്. അന്ന് ചന്ദ്രശേഖറായിരുന്നു ജനതാ പാർട്ടി പ്രസിഡന്റ്; രാമകൃഷ്ണ ഹെഗ്ഡെ ജനറൽ സെക്രട്ടറിയായിരുന്നു; കലപ്പയേന്തിയ കർഷകനായിരുന്നു തെരഞ്ഞെടുപ്പ് ചിഹ്നം. അടിയന്തരാവസ്ഥക്കാലത്ത് കോൺഗ്രസ് ഏകാധിപത്യ ഭരണത്തിനെതിരെ ഉയർന്നുവന്ന വിശാലഐക്യത്തോട് ജനാധിപത്യ വിശ്വാസികളെല്ലാം സഹകരിച്ച സാഹചര്യത്തിൽ അടിയന്തരാവസ്ഥ വിരുദ്ധ പോരാട്ടത്തിന്റെ മുന്നിൽത്തന്നെയുണ്ടായിരുന്ന സി.പി.ഐ.(എം) അന്ന് മുഖ്യപ്രതിപക്ഷമായ ജനതാ പാർട്ടിയുമായി ദേശീയതലത്തിൽ സഹകരിച്ചു. എന്നാൽ ആ സഹകരണം ജനസംഘവുമായിട്ടല്ല. അന്നും സി.പി.ഐ.(എം) കേരളത്തിൽ സംഘ്പരിവാറിന്റെ കണ്ണിലെ കരടായിരുന്നു. അന്ന് ആർ.എസ്.എസ്.

അക്രമങ്ങൾക്കെതിരെ സി.പി.ഐ.(എം) ചെറുത്തുനിൽപ്പ് നടത്തുന്ന കാലഘട്ടംകൂടിയായിരുന്നു. നിരവധി സി.പി.ഐ.(എം) പ്രവർത്തകരാണ് അന്ന് സംഘ്പരിവാറിന്റെ കൊലക്കത്തിക്ക് ഇരയായത്. 1977-79 കാലത്ത് കണ്ണൂർ ജില്ലയിൽ മാത്രം അനവധി രക്തസാക്ഷികളാണ് സി.പി.ഐ.(എം)-ന് ഉണ്ടായത്. ആ ഘട്ടത്തിൽ സി.പി.ഐ.(എം) ആർ.എസ്.എസ്.-മായി ഒരു തരത്തിലും സഹകരിച്ചിരുന്നില്ല. ജയപ്രകാശ് നാരായണന്റെ നേതൃത്വത്തിലുള്ള ജനതാ പാർട്ടിയുമായി സഹകരിക്കുമ്പോഴും ആർ.എസ്.എസ്.-നെ തുറന്നരീതിയിൽ എതിർക്കുന്ന സമീപനമാണ് സ്വീകരിച്ചിരുന്നത്. ഇപ്പോഴത്തെ കെ.പി.സി.സി. പ്രസിഡന്റ് അക്കാലത്ത് സംഘടനാ കോൺഗ്രസിലായിരുന്നു. തന്റെ പാർട്ടി ജനതാ പാർട്ടിയിൽ ലയിച്ചപ്പോൾ ശ്രീ. കെ. സുധാകരനും ജനതാപാർട്ടിയുടെ ഭാഗമായി. അടിയന്തരാവസ്ഥ കാലത്ത് ശ്രീ. കെ. സുധാകരൻ ജനതാ പാർട്ടിയുടെ യുവജനവിഭാഗം സംസ്ഥാന ഭാരവാഹിയായി. ഒരു പാർട്ടിയിൽ ഒന്നിച്ച് പ്രവർത്തിച്ചവർക്ക് പിന്നെയും ഒന്നിക്കാൻ മടിയില്ല എന്ന അവസ്ഥ പിന്നീടുണ്ടായ സാഹചര്യം നാം കണ്ടില്ലേ? 1977-ൽ കെ. ജി. മാരാർ ഉദുമയിൽ മത്സരിച്ചപ്പോൾ ശ്രീ. കെ. സുധാകരൻ അദ്ദേഹത്തിന്റെ തെരഞ്ഞെടുപ്പ് കമ്മിറ്റി ഭാരവാഹിയായിരുന്നു. അതായത് ശ്രീ. എൽ. കെ.

അദ്വാനിയും വാജ്പേയിയും ശ്രീ. കെ. സുധാകരനുമൊക്കെ അന്ന് ഒരേ പാർട്ടിയിലായിരുന്നു. പ്രതിപക്ഷനേതാവിന്റെ തിയറിപ്രകാരം ജനതാപാർട്ടി നേതാവായ ശ്രീ. കെ. സുധാകരനല്ലേ ആർ.എസ്.എസ്. വിശേഷണം ചേരുക? ആർ.എസ്.എസ്.-ഉം ശ്രീ. കെ. സുധാകരനും ഒരേപാർട്ടിയായിരുന്നു, ആർ.എസ്.എസ്. ബന്ധമുണ്ടായത് ഞങ്ങൾക്കല്ല, യു.ഡി.എഫ്.-നെ നയിക്കുന്നവർക്കാണ്. അതുകൊണ്ട് ആർ.എസ്.എസ്.-നെ ഞാനുമായി കൂട്ടിക്കെട്ടാൻ നോക്കണ്ട. കെട്ടേണ്ടവരും കെട്ടിപ്പിടിച്ചുനിൽക്കുന്നവരും അപ്പുറത്താണുള്ളത്. ജനതാപാർട്ടിയിലും ആർ.എസ്.എസ്.-ലും ഒരേസമയം അംഗത്വമാകാമോയെന്ന പ്രശ്നം ഉയർന്നുവന്നപ്പോൾ ആ പാർട്ടിയിൽ അത് അനുവദിക്കാനാവില്ലെന്ന നിലപാടെടുത്തവരോടാണ് സി.പി.ഐ.(എം) ഐക്യപ്പെട്ടത്. ഒരുവലിയ പണ്ഡിതൻ ഇവിടെയൊരു ആരോപണം ഉന്നയിച്ചതുകേട്ടു. അത് സഭയുടെ പുറത്തുവച്ചാണ് ഉന്നയിച്ചത്. ഞാൻ കെ. ജി. മാരാരുടെ തെരഞ്ഞെടുപ്പ് കമ്മിറ്റി ഭാരവാഹിയായിരുന്നുവെന്നായിരുന്നു ആരോപണം. ആരോപണം ഉന്നയിച്ചയാൾ ഇപ്പോൾ കേന്ദ്രമന്ത്രിസ്ഥാനത്ത് ഇരിക്കുന്നയാളാണ്. എന്നാൽ അന്ന് ഞാൻ കൂത്തുപറമ്പ് മണ്ഡലത്തിൽ മത്സരിക്കുകയായിരുന്നു, കൂത്തുപറമ്പിൽ മത്സരിക്കുന്ന ഞാൻ എങ്ങനെയാണ് ഉദുമയിൽ പോയി

തെരഞ്ഞെടുപ്പ് കമ്മിറ്റിയുടെ ഭാരവാഹിയാകുക; ഇതൊക്കെ പറയുമ്പോൾ കോമൺസെൻസ് വേണ്ടേ; പറയുന്ന കാര്യങ്ങൾ സാമാന്യവിവരത്തിന് നിരക്കുന്നതാകണ്ടേ? ആ തെരഞ്ഞെടുപ്പ് കമ്മിറ്റിയുടെ ഭാരവാഹി ശ്രീ. കെ. സുധാകരൻ ആയിരുന്നു. ജനതാപാർട്ടി സർക്കാർ രൂപീകരണശേഷം ഇരട്ട അംഗത്വപ്രശ്നം വന്നപ്പോൾ ജനസംഘം പ്രവർത്തകർ ജനതാപാർട്ടി വിട്ടിറങ്ങി. ജനസംഘം നേതാക്കൾ ആർ.എസ്.എസ്. ബന്ധം തുടർന്നപ്പോഴല്ലേ 1980-ൽ ജനതാപാർട്ടി പിളർന്നത്? ദ്വയാംഗത്വപ്രശ്നത്തിന്റെ പേരിൽ മൊറാർജി ദേശായി രാജിവച്ചു, ചരൺസിംഗ് സർക്കാർ അധികാരത്തിൽവന്നു. അതിനെല്ലാംശേഷമാണ് ബി.ജെ.പി. രൂപീകരിക്കപ്പെടുന്നത്. ഇതൊക്കെ രാഷ്ട്രീയ വിദ്യാർത്ഥികൾക്ക് മറക്കാൻ കഴിയുന്ന കാര്യങ്ങളല്ല. കേരളത്തിലെ തെരഞ്ഞെടുപ്പ് ചരിത്രം 1977-ൽ തീരുന്നതുമല്ല. തൊട്ടുപിന്നാലെ 1979-ൽ കാസർഗോഡ്, തലശ്ശേരി, തിരുവല്ല, പാറശ്ശാല എന്നീ നാല് നിയമസഭാ മണ്ഡലങ്ങളിലെ തെരഞ്ഞെടുപ്പുകൾ നടന്നു. ആ തെരഞ്ഞെടുപ്പിലാണ് സഖാവ് ഇ.എം.എസ്. നമ്പൂതിരിപ്പാടിന്റെ പ്രഖ്യാപനമുണ്ടായത്. അന്നത്തെ യോഗത്തിൽ ഞാനും പങ്കെടുത്തിരുന്നു. അദ്ദേഹം പ്രഖ്യാപിച്ചത്, "ഒരു ആർ.എസ്.എസ്.-കാരന്റെയും വോട്ട് ഇടതുപക്ഷത്തിന് വേണ്ട" എന്നായിരുന്നു.

തെരഞ്ഞെടുപ്പുനടന്ന നാല് മണ്ഡലങ്ങളിലും ഇടതുപക്ഷം ജയിച്ചു. തൊട്ടടുത്ത വർഷം 1980-ൽ നിയമസഭ-ലോക്സഭ തെരഞ്ഞെടുപ്പുകൾ ഒരുമിച്ചുവന്നു. 1980-ലെ പാർലമെന്റ് തെരഞ്ഞെടുപ്പിൽ കാസർഗോഡ് മണ്ഡലത്തിൽ കോൺഗ്രസ് മുന്നണിയുടെ സ്ഥാനാർത്ഥിയായി മത്സരിച്ചത് ആരായിരുന്നു? ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളിക്ക് അക്കാര്യം ഓർമ്മയുണ്ടാകുമല്ലോ. അന്ന് ശ്രീ. ഒ. രാജഗോപാൽ ആയിരുന്നു സ്ഥാനാർത്ഥി. പ്രതിപക്ഷമില്ലാത്തതുകൊണ്ട് അവരോട് ഇക്കാര്യം ഇപ്പോൾ ചോദിക്കാൻ പറ്റില്ലല്ലോ. ആ തെരഞ്ഞെടുപ്പിൽ കോൺഗ്രസ് പാർട്ടി ആർ.എസ്.എസ്.-കാരനുവേണ്ടിയാണ് വോട്ടുതേടിയതെന്ന കാര്യം മറന്നുപോയോ? അന്ന് എതിർ സ്ഥാനാർത്ഥിയായി രംഗത്തുണ്ടായിരുന്നത് സി.പി.ഐ.(എം)-ലെ രാമണ്ണറേ ആയിരുന്നു. 73587 വോട്ടിന്റെ ഭൂരിപക്ഷത്തിനാണ് രാമണ്ണറേ ജയിച്ചത്. 1980-ലെ നിയമസഭാ തെരഞ്ഞെടുപ്പിൽ പെരിങ്ങളം മണ്ഡലത്തിലും ഇതേ അനുഭവമുണ്ടായി. കോൺഗ്രസ് മുന്നണിയിലെ അന്നത്തെ സ്ഥാനാർത്ഥി സാക്ഷാൽ കെ.ജി. മാരാർ ആയിരുന്നു. അന്ന് കോൺഗ്രസ് പിന്തുണച്ച കെ. ജി. മാരാരെ തോൽപ്പിച്ചത് എൽ.ഡി.എഫ്. സ്ഥാനാർത്ഥിയായി അന്ന് മത്സരിച്ച, ഇന്ന് ഈ സഭയിലുള്ള മന്ത്രി ശ്രീ. എ. കെ. ശശീന്ദ്രനായിരുന്നു. അതേവർഷം എടക്കാട് നിയമസഭാ മണ്ഡലത്തിൽ

കോൺഗ്രസ് മുന്നണിയുടെ സ്ഥാനാർത്ഥി ആരായിരുന്നുവെന്ന് പ്രതിപക്ഷനേതാവിന് അറിയുമോയെന്ന് അറിയില്ല. അത് മറ്റാരുമല്ല, നിങ്ങളുടെ കെ.പി.സി.സി. പ്രസിഡന്റ് ശ്രീ. കെ. സുധാകരനായിരുന്നു. ശ്രീ. കെ. സുധാകരൻ അപ്പോഴും ജനതാപാർട്ടിയിലായിരുന്നു, അദ്ദേഹം അന്ന് മത്സരിച്ചത് കോൺഗ്രസ് പാർട്ടിയിലല്ല, അന്ന് ബി.ജെ.പി.-യും രൂപീകരിക്കപ്പെട്ടിട്ടില്ല. കോൺഗ്രസ് അന്ന് അദ്ദേഹത്തിനുവേണ്ടി വോട്ടുതേടി. ഇടതുപക്ഷ സ്ഥാനാർത്ഥി അന്നത്തെ അഖിലേന്ത്യാ ലീഗിലെ പി.പി.വി. മൂസ ആയിരുന്നു, അദ്ദേഹമാണ് ശ്രീ. കെ. സുധാകരനെ എടക്കാട് മണ്ഡലത്തിൽ പരാജയപ്പെടുത്തിയത്. ഒറ്റപ്പാലം മണ്ഡലത്തിൽ ജനതാ പാർട്ടിയിലെ പി. ആർ. നമ്പ്യാർക്കുവേണ്ടിയാണ് കോൺഗ്രസ്സുകാർ പ്രവർത്തിച്ചിരുന്നത്, അന്ന് വിജയിച്ചത് ഇടതുപക്ഷത്തുനിന്ന് മത്സരിച്ച വി. സി. കബീറാണ്. ചവറയിൽ ബേബി ജോണിനെതിരെ കേൺഗ്രസ്-ജനതാപാർട്ടി കൂട്ടുകെട്ടിനായി മത്സരിച്ച് പരാജയപ്പെട്ടത് ജനതാ പാർട്ടിയിലെ സി. രാജേന്ദ്രൻ ആയിരുന്നു. ഇതൊക്കെ പഴയകാലത്തെ കോൺഗ്രസ്-സംഘ്പരിവാർ ബന്ധത്തിന്റെ കഥകളാണ്. 1991-ൽ ബേപ്പൂർ-വടകര 'കോ-ലീ-ബി' സഖ്യമുണ്ടായ കഥ നിരവധി തവണ നാം ചർച്ചചെയ്തതാണ്. അതിൽ സ്ഥാനാർത്ഥികളായിരുന്ന ഡോ. കെ.

മാധവൻകുട്ടിയും അഡ്വ. രത്നസിംഗും ആ കാര്യങ്ങൾ രേഖപ്പെടുത്തിയിരുന്നു. എം.എസ്. ഗോൾവാൾക്കറുടെ ഫോട്ടോയ്ക്കുമുമ്പിൽ താണുവണങ്ങിയതിന്റെ കഥയിലേയ്ക്കൊന്നും ഞാൻ കടക്കുന്നില്ല. ആർ.എസ്.എസ്. വോട്ടുവാങ്ങിയത് ആരാണെന്ന് പ്രതിപക്ഷനേതാവ് സ്വന്തം മനഃസാക്ഷിയോട് ചോദിച്ചുനോക്കണം. ജനാധിപത്യവും ഭരണഘടനാ മൂല്യങ്ങളും കോൺഗ്രസ് ചവിട്ടി മെതിച്ചപ്പോൾ അതിനെതിരെ രാജ്യത്താകെ ഉയർന്ന വികാരം പങ്കിട്ടുവെന്നത് വോട്ട് കൈമാറ്റമായി കോൺഗ്രസിന് ഇന്ന് തോന്നുന്നുണ്ടാകാം, അങ്ങനെ ചെയ്തത് ജനാധിപത്യ സംരക്ഷണത്തിന്റെ ഭാഗമായിരുന്നു. ഈ ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

## ധനാഭ്യർത്ഥന നമ്പർ XII
## പോലീസ്

(പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ച അംഗങ്ങൾ സീറ്റിലില്ലാത്തതിനാൽ പ്രസ് ചെയ്തില്ല.)

മി. ഡെപ്യൂട്ടി സ്പീക്കർ: ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2022-23 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

പ്രമേയം സഭ ഐകകണ്ഠ്യേന പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

## ധനാഭ്യർത്ഥന നമ്പർ XIII
## ജയിലുകൾ

(ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ച അംഗങ്ങൾ സീറ്റിലില്ലാത്തതിനാൽ പ്രസ് ചെയ്തില്ല.)

മി. ഡെപ്യൂട്ടി സ്പീക്കർ: ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത

ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2022-23 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

പ്രമേയം സഭ ഐകകണ്ഠ്യേന പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

## ധനാഭ്യർത്ഥന നമ്പർ XIV
## സ്റ്റേഷനറിയും അച്ചടിയും മറ്റു ഭരണപരമായ സർവ്വീസുകളും

(സ്റ്റേഷനറിയും അച്ചടിയും മറ്റു ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ച അംഗങ്ങൾ സീറ്റിലില്ലാത്തതിനാൽ പ്രസ് ചെയ്തില്ല.)

മി. ഡെപ്യൂട്ടി സ്പീക്കർ: ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

സ്റ്റേഷനറിയും അച്ചടിയും മറ്റു ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ

കാണിച്ചിട്ടുള്ള തുക 2022-23 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

പ്രമേയം സഭ ഐകകണ്ഠ്യേന പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXIII
വാർത്താ വിതരണവും പ്രചരണവും

(വാർത്താ വിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ച അംഗങ്ങൾ സീറ്റിലില്ലാത്തതിനാൽ പ്രസ് ചെയ്തില്ല.)

മി. ഡെപ്യൂട്ടി സ്പീക്കർ: ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

വാർത്താ വിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2022-23 സാമ്പത്തിക വർഷത്തെ ചെലവുകൾ

പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

പ്രമേയം സഭ ഐകകണ്ഠ്യേന പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഓർഡർ...ഓർഡർ... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2022 ജൂലൈ മാസം 15-ാം തീയതി വെള്ളിയാഴ്ച രാവിലെ 9 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ രാത്രി 8.19 -ന് പിരിഞ്ഞു.)

*******

**അനുബന്ധം 1**

(1) <u>നക്ഷത്രചിഹ്നമിട്ട (*272)-ാം നമ്പർ ചോദ്യത്തിന് ബഹുമാനപ്പെട്ട റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി നൽകിയ മറുപടിയുടെ (എ) പിരിവിന്റെ വിശദാംശങ്ങൾ</u>

കൃഷിക്കൂട്ടങ്ങളുടെ 80 ശതമാനം ഉൽപാദന മേഖലയിലും 20 ശതമാനം സേവന വിപണന മൂല്യവർദ്ധന മേഖലയിലും ഉണ്ടാകുന്നതോടെ ഉൽപ്പന്നങ്ങൾക്ക് വിപണി കണ്ടെത്തുക, മൂല്യവർദ്ധന ഉൽപ്പന്നങ്ങളുടെ കയറ്റുമതി വർദ്ധിപ്പിക്കുക, കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുക, കാർഷിക മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്നീ ലക്ഷ്യങ്ങളും കൈവരിക്കാൻ സാധിക്കുന്നു. തരിശുഭൂമികൾ മുഴുവനും യന്ത്രവത്കരണത്തിലൂടെയും സേവനമേഖലയിലെ കൃഷിക്കൂട്ടങ്ങളുടെ ഇടപെടലുകളിലൂടെയും കൃഷിയോഗ്യമാക്കുന്നതോടെ കേരളത്തിലെ കാർഷിക മേഖല യുവാക്കളേയും പ്രവാസികളേയും സ്ത്രീകളെയും ആകർഷിക്കുന്ന തൊഴിൽ മേഖലയായി മാറും.

അന്യസംസ്ഥാനങ്ങളിൽനിന്നും വരുന്ന വിഷലിപ്തമായ പച്ചക്കറികൾ ഒഴിവാക്കി ജൈവ പച്ചക്കറികൾ ഓരോ വീട്ടുമുറ്റത്തും ഉല്പാദിപ്പിക്കുവാൻ വേണ്ട ബോധവൽക്കരണവും ഉല്പാദന ഉപാധികളുടെ ലഭ്യതയും

ഉറപ്പാക്കുന്നതോടൊപ്പം വ്യാവസായികാടിസ്ഥാനത്തിൽ കൃഷി ചെയ്യുന്ന കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനും പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. പദ്ധതിയിലൂടെ കർഷകർക്ക് കൃഷിക്കാവശ്യമായ വിത്ത് മുതൽ വിപണി വരെയുള്ള എല്ലാവിധ സഹായങ്ങളും നൽകിവരുന്നു. വീട്ടുവളപ്പിലെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി സ്കൂൾ വിദ്യാർത്ഥികൾ മുഖേനയും കർഷകർ മുഖേനയും വിവിധ ഇനങ്ങൾ അടങ്ങിയ പച്ചക്കറി വിത്തുകളും തൈകളും കർഷകർക്ക് സൗജന്യമായി വിതരണം നടത്തിവരുന്നു. ഓണക്കാലത്ത് വിഷരഹിത പച്ചക്കറി ഉല്പാദിപ്പിക്കുന്നതിനായി "ഓണത്തിന് ഒരു മുറം പച്ചക്കറി" പദ്ധതിയും നടപ്പിലാക്കിവരുന്നു. സ്ഥലപരിമിതിമൂലം കൃഷി ചെയ്യാൻ സാധിക്കാത്തവർക്ക് ചെടിച്ചട്ടികളിലുള്ള കൃഷി, ലംബകൃഷി (വെർട്ടിക്കൽ ഫാമിംഗ്), ഹൈഡ്രോപോണിക്സ് കൃഷി തുടങ്ങിയ കൃഷി രീതികളും പ്രോത്സാഹിപ്പിച്ചുവരുന്നു.

കൂടാതെ വിദ്യാർത്ഥികളിൽ കൃഷി സംസ്കാരവും അഭിരുചിയും പ്രോത്സാഹിപ്പിക്കുന്നതിനായി സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ സ്ഥാപന അടിസ്ഥാനത്തിലുള്ള പച്ചക്കറി കൃഷി എന്ന ഘടകത്തിൽ ഉൾപ്പെടുത്തി സ്കൂൾ വളപ്പിൽ പ്രോജക്ട് അടിസ്ഥാനത്തിൽ പച്ചക്കറി കൃഷി ചെയ്യുന്നതിന് ധനസഹായം നൽകിവരുന്നു. അദ്ധ്യാപകരുടെ

മേൽനോട്ടത്തിൽ ഇത്തരത്തിൽ പച്ചക്കറി കൃഷി നടപ്പിലാക്കുന്നതിലൂടെ ഒരു കാർഷിക സംസ്കാരം വിദ്യാർത്ഥികളിൽ വളർത്തിയെടുക്കുവാനും വിഷരഹിത പച്ചക്കറിയുടെ പ്രധാന്യം മനസ്സിലാക്കുന്നതിനും ആരോഗ്യമുള്ള തലമുറയെ വാർത്തെടുക്കുന്നതിനും കഴിയുന്നതാണ്.

വ്യാവസായികാടിസ്ഥാനത്തിൽ പച്ചക്കറി കൃഷി ചെയ്യുന്ന കർഷകരെ സഹായിക്കുന്നതിനായി ധനസഹായം നൽകിവരുന്നു. ഇതുകൂടാതെ ശീതകാല പച്ചക്കറി ഇനങ്ങൾ കൃഷി ചെയ്യുന്നതിനും ധനസഹായം നൽകിവരുന്നു. പച്ചക്കറികളുടെ ഗുണനിലവാരം പരിശോധിച്ച് വിഷരഹിത പച്ചക്കറികളുടെ ഉപയോഗം ഉറപ്പുവരുത്തുന്നതിനായി സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ ഒരു ഘടകമായി " സേഫ് ടു ഈറ്റ്" എന്ന പദ്ധതി ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്നു. ജൈവ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് "ജൈവ കൃഷിയും ഉത്തമ കൃഷിമുറകളും പദ്ധതി" കൃഷി വകുപ്പ് നടപ്പിലാക്കിവരുന്നു. പ്രസ്തുത പദ്ധതിപ്രകാരം ജൈവ കൃഷി പ്രോത്സാഹനം എന്ന ഘടകത്തിൽ പച്ചക്കറി ഉൾപ്പെടെയുള്ള വിവിധ വിളകൾ കൃഷി ചെയ്യുന്ന കർഷകർക്ക് ഒരു ഹെക്ടറിന് 7500 രൂപ നിരക്കിൽ ആനുകൂല്യം നൽകുന്നു. അപ്രകാരം 2780 ഹെക്ടറിൽ ജൈവ കൃഷി വ്യാപിപ്പിക്കുന്നതിനായി 208.50 ലക്ഷം രൂപ 2022-23 സാമ്പത്തിക

വർഷത്തിൽ വകയിരുത്തിയിട്ടുണ്ട്.

ഒരു പുരയിടത്തിലെ സാധ്യമായ എല്ലാ ഉൽപ്പാദന ഘടകങ്ങളേയും സമന്വയിപ്പിച്ച് ഒരു കൃഷിയിടാധിഷ്ഠിത ആസൂത്രണം എന്ന സമീപനം നടപ്പിലാക്കാനുദ്ദേശിക്കുന്നു. ആയതിലേയ്ക്കായി 2022-23 സാമ്പത്തിക വർഷത്തിൽ 10760 ഫാം പ്ലാൻ അധിഷ്ഠിത മാതൃകാതോട്ടങ്ങൾ സൃഷ്ടിക്കാൻ ലക്ഷ്യമിടുന്നുണ്ട്. പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി പുരയിട കൃഷിയുടെ ഭാഗമായുള്ള പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും ലക്ഷ്യമിടുന്നുണ്ട്.

കൃഷി വകുപ്പിന്റെ കാര്യക്ഷമമായ ഇടപെടലിലൂടെ സംസ്ഥാനത്തെ പച്ചക്കറി വിസ്തൃതിയും ഉല്പാദനവും വർദ്ധിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. 2017-18 വർഷത്തിൽ പച്ചക്കറി വിസ്തൃതി 0.69047 ലക്ഷം ഹെക്ടറും ഉല്പാദനം 10.01 ലക്ഷം മെട്രിക് ടൺ ആയിരുന്നത് 2021-22 സാമ്പത്തിക വർഷത്തിൽ വിസ്തൃതി 1.08 ലക്ഷം ഹെക്ടറും ഉല്പാദനം 16.01 ലക്ഷം മെട്രിക് ടണ്ണായി വർദ്ധിപ്പിക്കാനും സാധിച്ചിട്ടുണ്ട്.

(2) നക്ഷത്രചിഹ്നമിട്ട (*273)-ാം നമ്പർ ചോദ്യത്തിന് ബഹുമാനപ്പെട്ട റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി നൽകിയ മറുപടിയുടെ (സി) പിരിവിന്റെ വിശദാംശങ്ങൾ

(സി) 01-06-2019 മുതൽ AIMS (Agricultural Information and Management System) പോർട്ടൽ നിലവിൽ വരികയും പ്രകൃതിക്ഷോഭ

ദുരിതാശ്വാസ പദ്ധതിയിൽ വിളനാശത്തിന് നഷ്ടപരിഹാരം നൽകുന്ന ഘടകം ഓൺലൈനായി നടപ്പിലാക്കിവരികയും ചെയ്യുന്നു. അതിനാൽ പ്രകൃതിക്ഷോഭംമൂലമുള്ള കൃഷിനാശത്തിന് നഷ്ടപരിഹാരത്തിനായി സമർപ്പിക്കുന്ന അപേക്ഷയിന്മേൽ പരിശോധന നടത്തി, നഷ്ടപരിഹാരം കർഷകന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് വേഗത്തിലും നേരിട്ടും നൽകാൻ സാധിക്കുന്നു.

വിള ഇൻഷ്വറൻസ് പദ്ധതി മാനദണ്ഡങ്ങളനുസരിച്ച് പദ്ധതിയിൽ അംഗമാകുന്നതിനുള്ള അപേക്ഷകൾ സമർപ്പിക്കൽ, പോളിസി വിതരണം, നഷ്ടപരിഹാരത്തിനുള്ള അപേക്ഷ സമർപ്പിക്കൽ, അപേക്ഷയിന്മേലുള്ള അന്വേഷണം പൂർത്തീകരിക്കൽ എന്നിവയ്ക്കായി സ്വാഭാവികമായ കാലതാമസമുണ്ടാകുമായിരുന്നു. എന്നാൽ കൃഷി വകുപ്പിന്റെ ഓൺലൈൻ സംവിധാനമായ AIMS പോർട്ടൽ നിലവിൽ വന്നതിനെത്തുടർന്ന് 2020 ആഗസ്റ്റ് മാസം മുതൽ വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമാകുന്നതുൾപ്പെടെയുള്ള നടപടിക്രമങ്ങൾ AIMS പോർട്ടൽ മുഖേന ഓൺലൈനായാണ് ചെയ്തുവരുന്നത്. വിള ഇൻഷ്വറൻസ് പദ്ധതി AIMS പോർട്ടലിൽ ഉൾപ്പെടുത്തിയതിലൂടെ കർഷകർക്ക് പദ്ധതിയിൽ അംഗമാകുന്നതിനും, പോളിസി സർട്ടിഫിക്കറ്റ് വേഗത്തിൽ നൽകുന്നതിനും

നഷ്ടപരിഹാരം നേരിട്ട് കർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് Centralised DBT സംവിധാനത്തിലൂടെ നൽകാനും കഴിയുന്നതിനാൽ കാലതാമസം ഒഴിവാക്കി ആനുകൂല്യം കർഷകർക്ക് വേഗത്തിൽ ലഭ്യമാക്കാൻ സാധിക്കുന്നു.

**അനുബന്ധം 2**

(1) കാലിത്തീറ്റയുടെ വിലവർദ്ധനവുമായി ബന്ധപ്പെട്ട് ശ്രീ. ടി. സിദ്ദിഖ് നൽകിയ സബ്മിഷന് ബഹുമാനപ്പെട്ട മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി നൽകിയ മറുപടിയുടെ വിശദാംശങ്ങൾ

നിലവിൽ നഷ്ടം സഹിച്ചുകൊണ്ടാണ് കർഷകർക്ക് കാലിത്തീറ്റ എത്തിക്കാൻ മിൽമ ശ്രമിച്ചുവരുന്നത്. ക്ഷീരകർഷകന് ഏകീകൃത ചാർട്ട് പ്രകാരമുള്ള പാൽ വില ഓരോ പത്ത് ദിവസം കൂടുംതോറും കൃത്യമായി ക്ഷീരസംഘങ്ങൾക്ക് മിൽമ കൈമാറുന്നുണ്ട്. പാൽ വില വർദ്ധിപ്പിച്ചില്ലെങ്കിലും ക്ഷീരകർഷകരുടെ പാലുല്പാദന ചെലവ് കുറയ്ക്കുന്നതിനുവേണ്ടി മേഖലാ യൂണിയനുകൾ ഗുണനിലവാരമുള്ള മിൽമ കാലിത്തീറ്റ ക്ഷീരസംഘങ്ങൾവഴി കർഷകർക്ക് ലഭ്യമാക്കിവരുന്നുണ്ട്. ജൂലൈ 15 മുതൽ കാലിത്തീറ്റ വിലവർദ്ധനവിൽ ആശ്വാസം പകരാൻ മിൽമ ഗോൾഡ് ബ്രാൻഡ് കാലിത്തീറ്റ ഒരു ചാക്ക് വാങ്ങുമ്പോൾ 100 രൂപയുടെ സൗജന്യ കൂപ്പൺ ഏർപ്പെടുത്തുകയാണ്. മലബാർ, എറണാകുളം മേഖലാ

യൂണിയനുകൾ അയൽ സംസ്ഥാനങ്ങളിൽ ലഭ്യമായ മികച്ചതും വില കുറഞ്ഞതുമായ പച്ചപ്പുല്ല്, ചോളപ്പുല്ല്, സൈലേജ് എന്നീ തീറ്റവസ്തുക്കൾ ക്ഷീരസംഘം മുഖാന്തരം ആവശ്യമുള്ള ക്ഷീരകർഷകർക്ക് കിലോഗ്രാമിന് 2 രൂപ നിരക്കിൽ സബ്സിഡിയോടുകൂടി ആവശ്യാനുസരണം നൽകുന്നുണ്ട്. തിരുവനന്തപുരം മേഖലാ യൂണിയൻ സബ്സിഡി നിരക്കിൽ ക്ഷീരകർഷകർക്ക് സംഘങ്ങൾവഴി സൈലേജ് നൽകുന്ന പദ്ധതി തയ്യാറാക്കിവരുന്നു.

കേരള ഫീഡ്സ് ഉത്പാദിപ്പിച്ച് വിതരണം നടത്തുന്ന കേരള ഫീഡ്സ്-എലൈറ്റ്, കേരള ഫീഡ്സ്-മിടുക്കി, പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി (SLBP) എന്നീ കാലിത്തീറ്റകളുടെ വില 11-12-2019-നാണ് നിശ്ചയിച്ചിട്ടുള്ളത്. അസംസ്കൃതവസ്തുക്കളുടെ വിലയിൽ കുറവുണ്ടായപ്പോഴെല്ലാം ഈ വിലയിൽനിന്ന് കാലിത്തീറ്റയ്ക്ക് സർക്കാർ നയത്തിനനുസൃതമായി വിലക്കിഴിവ് കമ്പനി നൽകിയിട്ടുണ്ട്. നിലവിൽ കേരള ഫീഡ്സ്-മിടുക്കി കാലിത്തീറ്റയ്ക്ക് ചാക്കൊന്നിന് 20 രൂപ വിലക്കിഴിവ് കമ്പനി നൽകിവരുന്നുണ്ട്. സ്വകാര്യ മേഖലയിൽ ഡിസംബർ 2020 മുതൽ മാർച്ച് 2022 വരെയുള്ള കാലയളവിൽ പല തവണയായി കാലിത്തീറ്റയുടെ വിലയിൽ വർദ്ധനവുണ്ടായിട്ടുണ്ട്. കേരള ഫീഡ്സ് - എലൈറ്റ്

കാലിത്തീറ്റയ്ക്ക് സ്വകാര്യമേഖലയിലെ സമാനമായ കാലിത്തീറ്റയെക്കാൾ 135 രൂപയും കേരള ഫീഡ്സ്-മിടുക്കി കാലിത്തീറ്റയ്ക്ക് 90 രൂപയും നിലവിൽ വില കുറവുണ്ട്. ഗുണമേന്മയുള്ള കാലിത്തീറ്റ ഏറ്റവും ന്യായമായ വിലയിൽ ക്ഷീരകർഷകർക്ക് ലഭ്യമാക്കുക എന്ന സർക്കാർ നയത്തിന്റെ അടിസ്ഥാനത്തിലാണ് അസംസ്കൃതവസ്തുക്കളുടെ വില അഭൂതപൂർവ്വമായി വർദ്ധിപ്പിച്ചിട്ടുപോലും നഷ്ടം നേരിട്ടുകൊണ്ട് കേരള ഫീഡ്സ് കാലിത്തീറ്റ ക്ഷീരകർഷകർക്ക് ലഭ്യമാക്കിവരുന്നത്.

(2) <u>സ്കൂൾ വിദ്യാർത്ഥികൾക്ക് ഉച്ചഭക്ഷണം വിതരണം ചെയ്യാത്തതുമായി ബന്ധപ്പെട്ട് ശ്രീ. വി. ആർ. സുനിൽ കുമാർ നൽകിയ സബ്മിഷന് ബഹുമാനപ്പെട്ട പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി നൽകിയ മറുപടിയുടെ വിശദാംശങ്ങൾ</u>

നഴ്സറി തലത്തിൽ (പ്രീ-പ്രൈമറി) ഉച്ചഭക്ഷണ പദ്ധതിയുടെ പരിധിയിലുൾപ്പെടാത്ത സ്കൂൾ കുട്ടികളെയും ഒൻപത്, പത്ത്, ഹയർസെക്കണ്ടറി വിഭാഗത്തിലെ കുട്ടികളെയുംകൂടി ഉച്ചഭക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി ഈ പദ്ധതിയിലൂടെ പ്രത്യേകമായി നടപ്പാക്കേണ്ടതുണ്ട്. ആയതിലേയ്ക്കായി ഏകദേശം പ്രതിവർഷം 400 കോടി രൂപയുടെ അധിക ചെലവാണുണ്ടാകുന്നത്. ടി വിദ്യാർത്ഥികളെ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്ന കാര്യം സർക്കാർ പരിശോധിക്കുന്നതാണ്.

## അനുബന്ധം 3

(1) XVII-ാം നമ്പർ ധനാഭ്യർത്ഥനയുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി മേശപ്പുറത്തുവച്ച മറുപടിയുടെ വിശദാംശങ്ങൾ

കളികളും മറ്റ് ശാരീരികക്ഷമതാ പ്രവർത്തനങ്ങളും മനുഷ്യന്റെ ജീവിതത്തിലും സമൂഹത്തിലും ബഹുമുഖ സ്വാധീനമാണ് ചെലുത്തുന്നത്. ഈ പ്രവർത്തനങ്ങൾ ആരോഗ്യം, ശാരീരികക്ഷമത, സന്തോഷം, ശീലങ്ങൾ, മനോഭാവം തുടങ്ങി മനുഷ്യക്ഷേമത്തിന്റെ അളവുകോലുകളായ സൂചകങ്ങളെ ഗുണകരമായി സ്വാധീനിക്കുന്നു. പതിവായി കളികളിലും മറ്റ് ശാരീരികക്ഷമതാ പ്രവർത്തനങ്ങളിലുമേർപ്പെടുന്നത് വ്യക്തികൾക്ക് ശാരീരികവും മാനസികവുമായി ഗുണകരമാണ്. ഇത് കൂടുതൽ ഉൽപ്പാദനക്ഷമമായ ജീവിതം നയിക്കാൻ ആളുകളെ പ്രാപ്തരാക്കുന്നു. സ്പോർട്സ് ഫോർ ഓൾ, സ്പോട്സ് ഫോർ ഹെൽത്ത് എന്ന ആശയം മുൻനിർത്തിയുള്ള കായികവിനോദ പ്രവർത്തനങ്ങൾക്ക് ലോകമെങ്ങും പ്രാധാന്യം ലഭിക്കുന്നുണ്ട്. പല രാജ്യങ്ങളുടെയും പുതിയ കായിക നയത്തിന്റെ അടിസ്ഥാനം തന്നെ ഈ കാഴ്ചപ്പാടാണ്.

പ്രായമായവരും കുട്ടികളും സ്ത്രീകളുമുൾപ്പെടെ മുഴുവൻ ജനങ്ങളെയും കളികളിലേയ്ക്കും ഫിസിക്കൽ ആക്റ്റിവിറ്റികളിലേയ്ക്കും ആകർഷിക്കേണ്ടതുണ്ട്.

അതിലൂടെ ആരോഗ്യമുള്ള ഒരു സമൂഹത്തോടൊപ്പം ഉന്നതമായ കായിക സംസ്കാരവും സൃഷ്ടിക്കാൻ കഴിയും.

വികസിത രാജ്യങ്ങളുമായി താരതമ്യം ചെയ്യാവുന്ന മികച്ച ആരോഗ്യ നിലവാരം കേരളം കൈവരിച്ചിട്ടുണ്ട്. എന്നാൽ, രോഗാവസ്ഥ സൂചികകളുടെ കാര്യത്തിൽ നമ്മുടെ സ്ഥിതി അത്ര ശുഭകരമല്ല. ജീവിതശൈലീ രോഗങ്ങളും സാംക്രമിക രോഗങ്ങളും കേരളത്തിന് വലിയ ഭീഷണിയാണ്. ആളുകളുടെ സ്വാഭാവിക പ്രതിരോധശേഷിയുടെ കുറവാണ് ഇതിനുള്ള പ്രധാന കാരണമായി ചൂണ്ടിക്കാട്ടുന്നത്. ചിട്ടയായ കായിക, വ്യായാമ പ്രവർത്തനങ്ങൾ മാത്രമാണ് ഇതിനുള്ള പ്രതിവിധി. ആരോഗ്യരക്ഷാ പ്രവർത്തനങ്ങൾക്കുള്ള ഭീമമായ ചെലവ് കുറയ്ക്കാനും ഇത് സഹായിക്കും.

കായികരംഗത്തെ വിവിധ മേഖലകളിലെ പ്രകടനം വിശകലനം ചെയ്യുമ്പോൾ ദേശീയതലത്തിൽ കേരളത്തിന് പ്രമുഖ സ്ഥാനമുണ്ട്. സംസ്ഥാനത്തിന്റെ കായിക ആവാസവ്യവസ്ഥ കാലാനുഗതമായി വികസിച്ച ഒന്നാണ്. അംഗീകൃതമായ എല്ലാ കളികൾക്കും നല്ല വേരോട്ടമുള്ള മണ്ണാണിത്. നിരവധി ലോകോത്തര താരങ്ങൾ ഇവിടെ ഉയർന്നുവന്നിട്ടുണ്ട്. കളിയെയും കളിക്കാരെയും ഇഷ്ടപ്പെടുന്ന കാര്യത്തിലും മലയാളികൾ മുന്നിലാണ്. പുതുതലമുറയ്ക്ക് കളികളോടും ഫിസിക്കൽ ആക്റ്റിവിറ്റികളോടും

താൽപ്പര്യം കൂടിവരുന്നതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. വ്യാപകമാകുന്ന സ്വകാര്യ ടർഫുകളും അക്കാദമികളും അതിന് തെളിവാണ്.

കേരളത്തിലെ കായിക സാധ്യതകൾ തിരിച്ചറിഞ്ഞ്, നമ്മളോട് സഹകരിക്കാൻ മുൻനിര വിദേശരാജ്യങ്ങൾ വരെ താൽപ്പര്യപ്പെടുന്നുണ്ട്. ലോകപ്രശസ്ത ക്ലബ്ബുകൾക്കും അന്താരാഷ്ട്ര കായിക സംഘടനകൾക്കും ഇന്ന് കേരളം പ്രിയപ്പെട്ട ഭൂമികയാണ്. ഇങ്ങനെ എല്ലാ അർത്ഥത്തിലും സംസ്ഥാനത്തെ കായിക വികസനത്തിന് അനുകൂലമായ സാഹചര്യമാണ് നിലനിൽക്കുന്നത്. ഈ അവസരം പ്രയോജനപ്പെടുത്തി നമ്മുടെ കായികമേഖലയെ പുതിയ തലത്തിലേയ്ക്ക് ഉയർത്തേണ്ടതുണ്ട്. കേരളത്തിലെ കായികമേഖലയിൽ വലിയ മാറ്റങ്ങൾ സംഭവിച്ച 6 വർഷങ്ങളാണ് കടന്നുപോയത്. കായിക അടിസ്ഥാന സൗകര്യ വികസനത്തിലും കായിക പരിശീലന രംഗത്തുമുൾപ്പെടെ ഈ മാറ്റം പ്രകടമാണ്. കായിക വികസനത്തിന് ശക്തമായ അടിത്തറയിടുന്ന പ്രവർത്തനങ്ങളാണ് ഈ കാലയളവിൽ നടന്നത്. ഈ അടിത്തറയുടെ പിൻബലത്തിൽ കൂടുതൽ ഉയരങ്ങളിലേയ്ക്ക് കുതിക്കാൻ കേരളം തയ്യാറെടുക്കുകയാണ്. നമ്മുടെ ഏറ്റവും പ്രധാനപ്പെട്ട ലക്ഷ്യം കായികമേഖലയെ സ്വയംപര്യാപ്തമാക്കുക എന്നതാണ്. കളികളും കളിക്കളങ്ങളും സ്വയംപര്യാപ്തമാകുന്ന നിലയിലേയ്ക്ക് കാര്യങ്ങൾ

വളരണം. വിദഗ്ദ്ധ പരിശീലനത്തിലൂടെ ലോക നിലവാരമുള്ള കായികതാരങ്ങളെ സൃഷ്ടിക്കണം. കളിയിലൂടെതന്നെ അവർക്ക് മെച്ചപ്പെട്ട ജീവിതം എത്തിപ്പിടിക്കാൻ കഴിയണം. കായികരംഗത്തെ പുതുസാധ്യതകളായ സ്പോർട്സ് സയൻസ്, സ്പോർട്സ് മാനേജ്മെന്റ്, സ്പോർട്സ് റിസർച്ച്, സ്പോർട്സ് ഇൻഡസ്ട്രി തുടങ്ങിയ വൈവിധ്യമുള്ള മേഖലകളിലേയ്ക്ക് നമുക്കും കടന്നുചെല്ലാൻ കഴിയണം. സ്വയംപര്യാപ്തമാകുന്നതിലൂടെ വലിയൊരു തൊഴിൽ ദാതാവായി മാറാൻ കായികമേഖലയ്ക്ക് കഴിയും. അത് ഏറെ ഗുണകരവും ആകർഷകവുമായ ഒരു മാറ്റമായിരിക്കും.

കോവിഡിന്റെ പശ്ചാത്തലത്തിൽ കഴിഞ്ഞ 3 വർഷമായി ലോകത്തെമ്പാടും കായികരംഗം പിന്നോട്ടുപോയ അവസ്ഥയിലായിരുന്നു. എന്നാൽ, കോവിഡാനന്തരം കായികമേഖലയെ സംബന്ധിച്ച് അവസരങ്ങളുടെ വിശാലമായ ലോകമാണ് തുറന്നുകിടക്കുന്നത്. ആഗോളതലത്തിൽ തന്നെ കായികമേഖലയ്ക്ക് വലിയ അംഗീകാരവും പരിഗണനയും ലഭിച്ചുവരികയാണ്. ഈ സാധ്യതകളും അവസരങ്ങളും പ്രയോജനപ്പെടുത്തുന്നതിനായി എല്ലാ സന്നാഹങ്ങളും സജ്ജീകരണങ്ങളും ഒരുക്കുന്ന ദൗത്യമാണ് ഇപ്പോൾ ഗവൺമെന്റ് നിർവഹിക്കുന്നത്.

**അടിസ്ഥാന സൗകര്യ വികസനം**

- കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തേതുൾപ്പെടെ ഏകദേശം 1400 കോടി രൂപയുടെ അടിസ്ഥാന സൗകര്യ വികസനമാണ് സംസ്ഥാനത്തെ കായികമേഖലയിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്നത്.
- എല്ലാ ജില്ലയിലും ജില്ലാ സ്റ്റേഡിയങ്ങൾ ഒരുക്കുന്ന നടപടി പുരോഗമിക്കുകയാണ്. കഴിഞ്ഞ ഒരു വർഷത്തിനിടെ കൊട്ടമൺ, നീലേശ്വരം, മട്ടന്നൂർ, പറളി, തിരുമിറ്റക്കോട്, ചിറ്റൂർ, പ്രീതികുളങ്ങര, കൽപ്പറ്റ എന്നിവിടങ്ങളിൽ കായികസമുച്ചയങ്ങൾ പൂർത്തിയായി.
- സ്പോർട്സ് സ്കൂളുകൾ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തി. ജി. വി. രാജ സ്കൂളിൽ 20 കോടിയുടെയും കണ്ണൂർ സ്പോട്സ് ഡിവിഷനിൽ 10 കോടിയുടെയും വികസനം നടപ്പാക്കി.

**പഞ്ചായത്തിൽ ഒരു കളിക്കളം**

- മുഴവൻ പഞ്ചായത്തിലും കളിക്കളം എന്ന വാഗ്ദാനം യാഥാർത്ഥ്യമാവുകയാണ്. ഇതുസംബന്ധിച്ച ഉത്തരവിറക്കിയിട്ടുണ്ട്. കളിക്കളങ്ങളെ സംബന്ധിക്കുന്ന വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങളും പുറത്തിറക്കിയിട്ടുണ്ട്.
- ബഡ്ജറ്റ് വിഹിതം, എം.എൽ.എ. ഫണ്ട്, പഞ്ചായത്ത് വിഹിതം,

സി.എസ്.ആർ., പൊതുസ്വകാര്യ പങ്കാളിത്തം തുടങ്ങിയവ ഏകോപിപ്പിച്ചാണ് പദ്ധതിക്ക് തുക കണ്ടെത്തുന്നത്. പദ്ധതിയുടെ ഔദ്യോഗിക പ്രഖ്യാപനം ഉടൻ നടത്തുന്നതാണ്.

**ഓപ്പൺ ജിം**

- ടൂറിസം വകുപ്പുമായി ചേർന്ന് 7 ജില്ലകളിലെ തെരഞ്ഞെടുത്ത കേന്ദ്രങ്ങളിൽ ഓപ്പൺ ജിം തുടങ്ങുകയാണ്. കോഴിക്കോട്, കാസർഗോഡ്, കണ്ണൂർ, ആലപ്പുഴ, തിരുവനന്തപുരം, വയനാട്, മലപ്പുറം ജില്ലകളിലാണ് ഓപ്പൺ ജിം ഒരുക്കാനുദ്ദേശിക്കുന്നത്. വിനോദത്തിലൂടെ മുഴുവൻ ജനങ്ങളുടെ കായികക്ഷമത ഉറപ്പുവരുത്താനുള്ള പ്രവർത്തനങ്ങളുടെ ഭാഗമാണിത്.

**സ്പോർട്സ് കേരള ഫൗണ്ടേഷൻ**

- കായികമേഖലയിലെ അടിസ്ഥാന സൗകര്യ വികസനത്തിനും കളിക്കളങ്ങളുടെയും സ്റ്റേഡിയങ്ങളുടെയും പരിപാലനത്തിനും കായികവകുപ്പിന് കീഴിൽ സ്പോർട്സ് കേരള ഫൗണ്ടേഷൻ എന്ന പൊതുമേഖലാ കമ്പനി രൂപീകരിച്ചത് സുപ്രധാന നേട്ടമാണ്.
- കായിക വകുപ്പിന് കീഴിലെ എല്ലാ കളിക്കളങ്ങളുടെയും നടത്തിപ്പ് എസ്.കെ.എഫ്. നിർവ്വഹിക്കും. തദ്ദേശസ്ഥാപനങ്ങളുടെയും മറ്റും

ഉടമസ്ഥതയിലുള്ള കളിക്കളങ്ങളുടെ പരിപാലനവും നടത്തിപ്പും ഏറ്റെടുക്കാനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കിയിട്ടുണ്ട്.

**പഞ്ചായത്ത് സ്പോർട്സ് കൗൺസിൽ**

- കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, പഞ്ചായത്തുതല സ്പോർട്സ് കൗൺസിൽ തെരഞ്ഞെടുപ്പ് ഏറെക്കുറെ പൂർത്തിയായി. താഴേത്തട്ടിലെ കായികവികസനത്തിന് വലിയ കുതിപ്പ് നൽകുന്ന മാറ്റമാണിത്.

**കായികപഠനം നിർബന്ധമാക്കൽ**

- കായിക വിദ്യാഭ്യാസത്തിന് പ്രസക്തി വർദ്ധിച്ച കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. ആരോഗ്യമുള്ള ഒരു തലമുറയെ സൃഷ്ടിക്കുന്നതിന് ചെറുപ്രായത്തിൽതന്നെ കായികപ്രവർത്തനങ്ങളിൽ ഏർപ്പെടേണ്ടത് ആവശ്യമാണ്. അതുകൊണ്ടുതന്നെ സ്കൂൾ തലത്തിൽ സ്പോർട്സ് നന്നായി പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്.

**കായിക പരിശീലന പദ്ധതികൾ**

- ചെറുപ്രായത്തിൽത്തന്നെ കായിക പരിശീലനം നൽകാനുള്ള നിരവധി പദ്ധതികൾ കായികവകുപ്പ് ആവിഷ്കരിച്ച് നടപ്പാക്കുന്നുണ്ട്.
- മുൻകാല കായികതാരങ്ങളുടെ സേവനം പരമാവധി

പ്രയോജനപ്പെടുത്തിയാണ് ഈ പദ്ധതികൾ നടപ്പാക്കുന്നത്. ഒപ്പം, സ്പോട്സ് ക്വാട്ടയിൽ ജോലി ലഭിച്ച കായികതാരങ്ങളുടെ സേവനവും ഫലപ്രദമായി വിനിയോഗിക്കും.

- 5 ലക്ഷം കുട്ടികൾക്ക് ഫുട്ബോൾ പരിശീലനം നൽകാനുള്ള വിപുലമായ പദ്ധതി നടപ്പാക്കുകയാണ്. പഞ്ചായത്ത് തലത്തിൽ ശാസ്ത്രീയ പരിശീലനം നൽകും. അതിനോടൊപ്പം കോച്ചുമാർക്കും റഫറിമാർക്കും പരിശീലനം നൽകാനും അവർക്ക് ലൈസൻസ് ലഭ്യമാക്കാനും സൗകര്യം ഒരുക്കും.
- കണ്ണൂർ, എറണാകുളം, തിരുവനന്തപുരം എന്നിവിടങ്ങളിലായി 3 ഫുട്ബോൾ അക്കാദമികൾ ആരംഭിച്ചിട്ടുണ്ട്.
- ദേശീയ അത്‌ലറ്റിക്സ് ഫെഡറേഷന്റെ സഹകരണത്തോടെ 5000 പേർക്ക് അത്‌ലറ്റിക്സ് പരിശീലനം നൽകുന്നതിനുള്ള പദ്ധതി ഉടൻ നടപ്പാക്കുന്നതാണ്.
- സ്കൂൾ തലത്തിൽ ജൂഡോ പരിശീലനത്തിന് ജൂഡോക്കോ എന്ന പദ്ധതിയും ബോക്സിങ്ങ് പരിശീലനത്തിന് പഞ്ച് എന്ന പദ്ധതിയും ആരംഭിക്കുകയാണ്.

**സ്പോർട്സ് അക്കാദമികൾ**

- സ്പോർട്സ് കൗൺസിലിനുകീഴിലെ അക്കാദമികളുടെ നിലവാരം ഉയർത്തി; നല്ല ഭക്ഷണം നൽകാൻ ക്രമീകരണങ്ങൾ ഏർപ്പെടുത്തി.
- 14 ജില്ലകളിലായി എലൈറ്റ് അക്കാദമികൾ ആരംഭിക്കുകയാണ്. കേരളത്തിന് സാധ്യതയുള്ള അംഗീകൃത കായിക ഇനങ്ങളിൽ ശാസ്ത്രീയ പരിശീലനം നൽകുന്ന മികവിന്റെ കേന്ദ്രങ്ങളായിരിക്കും ഈ അക്കാദമികൾ.

**സ്പോർട്സ് സ്കൂൾ**

- കണ്ണൂർ സ്പോർട്സ് ഡിവിഷൻ മാതൃകയിൽ കുന്നംകുളത്ത് സ്പോർട്സ് ഡിവിഷൻ ആരംഭിച്ചു.
- കാഞ്ഞിരപ്പള്ളി കുന്നുംഭാഗം ഗവൺമെന്റ് സ്കൂൾ സ്പോർട്സ് സ്കൂളായി ഉയർത്തുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്.

**കളരിപ്പയറ്റ് പ്രോത്സാഹനം**

- സംസ്ഥാനത്തിന്റെ തനത് ആയോധനകലയായ കളരിപ്പയറ്റ് പ്രോത്സാഹിപ്പിക്കാൻ മലയാള സർവകലാശാലയുമായി ചേർന്ന് പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ആദ്യഘട്ടമായി, കളരിപ്പയറ്റിനെ സംബന്ധിച്ച് വിശദമായ പഠനം നടത്തി ഗ്രന്ഥം തയ്യാറാക്കുന്ന പ്രവർത്തനം ആരംഭിച്ചു; ഈ ഗ്രന്ഥം മലയാളത്തിലും ഇംഗ്ലീഷിലും

പ്രസിദ്ധീകരിക്കുന്നതാണ്.

**കായികമേഖലയുടെ ഡിജിറ്റലൈസേഷൻ**

- കായിക യുവജനകാര്യ ഡയറക്ടറേറ്റിന്റെയും സ്പോർട്സ് കൗൺസിലിന്റെയും പ്രവർത്തനങ്ങൾ പൂർണ്ണമായും ഡിജിറ്റലൈസ് ചെയ്യാനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. അതിനായി അതത് വെബ്സൈറ്റുകളും സോഫ്റ്റ്‌വെയറുകളും സജ്ജമായിട്ടുണ്ട്.
- കായികതാരങ്ങൾ, പരിശീലകർ, ജീവനക്കാർ, ടൂർണമെന്റുകൾ തുടങ്ങിയവ സംബന്ധിച്ച് വിശദവിവരങ്ങൾ ഈ ഓൺലൈൻ സംവിധാനത്തിൽ ഉൾപ്പെടുത്തുന്നുണ്ട്. സർട്ടിഫിക്കറ്റ് വിതരണം പൂർണമായും ഓൺലൈൻ മുഖേന നൽകാനുള്ള ക്രമീകരണങ്ങളും ഏർപ്പെടുത്തുകയാണ്.

**കായിക അസോസിയേഷനുകളെ സജീവമാക്കി**

- അംഗീകൃത കായിക അസോസിയേഷനുകളുമായി കൂടിക്കാഴ്ച നടത്തി അവരുടെ പ്രശ്നങ്ങൾ തിരിച്ചറിയുകയും അവ പരിഹരിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരികയുമാണ്.
- വിവിധ അസോസിയേഷനുകളുമായി ചേർന്ന് കൂടുതൽ മത്സരങ്ങൾ നടത്താൻ നടപടി സ്വീകരിച്ചുവരികയാണ്.

**സ്പോർട്സ് സയൻസ്**

- നിലവിൽ തിരുവനന്തപുരത്ത് സ്പോർട്സ് മെഡിസിൻ സെന്റർ പ്രവർത്തിക്കുന്നുണ്ട്. കണ്ണൂരും തൃശ്ശൂരും സ്പോർട്സ് മെഡിസിൻ കേന്ദ്രങ്ങളുടെ നിർമ്മാണം പൂർത്തിയായി. ഒരു മാസത്തിനകം പ്രവർത്തനം തുടങ്ങുന്നതാണ്.
- ജി.വി. രാജ സ്പോർട്സ് സ്കൂൾ, കണ്ണൂർ സ്പോർട്സ് ഡിവിഷൻ എന്നിവിടങ്ങളിലെ കുട്ടികളുടെ കായിക ക്ഷമത വിലയിരുത്താൻ സയൻസ് ആൻഡ് ടെക്നോളജി അസസ്സ്മെന്റ് എന്ന പദ്ധതി നടത്തുന്നുണ്ട്.

**ടൂർണമെന്റുകൾ**

- കായിക വികസന പ്രവർത്തനത്തിൽ കൂടുതൽ മത്സരങ്ങൾ നടത്തേണ്ടത് അതിപ്രധാനമാണ്. കോവിഡാനന്തരം സംസ്ഥാനത്ത് കൂടുതൽ ദേശീയ മത്സരങ്ങൾ സംഘടിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്.
- ദേശീയ സീനിയർ വനിതാ ഫുട്ബോൾ ചാമ്പ്യൻഷിപ്പ് ആദ്യമായി കേരളത്തിൽ സംഘടിപ്പിച്ചു.
- സന്തോഷ് ട്രോഫി ഫൈനൽ റൗണ്ട് മത്സരങ്ങൾ മലപ്പുറം ജില്ലയിൽ ഗംഭീരമായി പൂർത്തിയായി.

- ഫെഡറേഷൻ കപ്പ് ദേശീയ അത്‌ലറ്റിക്സ് ചാമ്പ്യൻഷിപ്പിന് കേരളം ആദ്യമായി വേദിയായി.

**സിവിൽ സർവ്വീസ് കായികമേള**

- സിവിൽ സർവ്വീസ് കായികമേള നടത്തിപ്പ് പരിഷ്കരിച്ചു. സംസ്ഥാന സ്പോർട്സ് കൗൺസിലിനാണ് സംസ്ഥാന കായികമേളയുടെ നടത്തിപ്പ് ചുമതല നൽകിയിരിക്കുന്നത്. പഞ്ചായത്ത് ജീവനക്കാർ ഉൾപ്പെടെ മുഴുവൻ സർക്കാർ ജീവനക്കാർക്കും ഇനിമുതൽ സിവിൽ സർവ്വീസ് മീറ്റിൽ പങ്കെടുക്കാൻ സാധിക്കുന്നതാണ്.

**കായികതാരങ്ങൾക്ക് പാരിതോഷികം**

- ടോക്യോ ഒളിമ്പിക്സിൽ വെങ്കല മെഡൽ നേടിയ ഹോക്കി താരം പി.ആർ. ശ്രീജേഷിന് 2 കോടി രൂപയും സർക്കാർ ജോലിയിൽ പ്രൊമോഷനും നൽകി.
- ഒളിമ്പിക്സിൽ പങ്കെടുത്ത മുഴുവൻ മലയാളി താരങ്ങൾക്കും 10 ലക്ഷം രൂപ വീതം നൽകി.
- സന്തോഷ് ട്രോഫി നേടിയ ടീമിലെ മുഴുവൻ താരങ്ങൾക്കും മുഖ്യ പരിശീലകനും 5 ലക്ഷം രൂപ വീതം നൽകി.

- തോമസ് കപ്പ് അന്താരാഷ്ട്ര ബാഡ്മിന്റൺ ചാമ്പ്യൻഷിപ്പിൽ കിരീടം നേടിയ ഇന്ത്യൻ ടീമിലെ മലയാളികളായ എച്ച്.എസ്. പ്രണോയ്, അർജ്ജുൻ എന്നിവർക്ക് 5 ലക്ഷം രൂപ വീതവും പരിശീലകൻ വിമൽകുമാറിന് 3 ലക്ഷം രൂപയും നൽകി.

**കായികതാരങ്ങൾക്കുള്ള സഹായം**

- അവശ കായികതാരങ്ങളുടെ പെൻഷൻ 1300 രൂപയായും പെൻഷന് അർഹതയുള്ള കുടുംബ വാർഷിക വരുമാന പരിധി ഒരു ലക്ഷം രൂപയായും വർദ്ധിപ്പിച്ചു. ഈ വർഷം 80 പേർക്കുകൂടി പെൻഷൻ അനുവദിക്കാനും തീരുമാനിച്ചിട്ടുണ്ട്.
- സ്പോർട്സ് അക്കാദമികളിൽ പഠിക്കുന്ന കുട്ടികൾക്ക് കോവിഡ് സാഹചര്യത്തിൽ കായികപോഷണ ഭക്ഷ്യകിറ്റ് വിതരണം ചെയ്തു.

**സ്പോർട്സ് ക്വാട്ട നിയമനം**

- കഴിഞ്ഞ ഗവൺമെന്റ് സ്പോർട്സ് ക്വാട്ടയിൽ 580 പേർക്ക് നിയമനം നൽകി. ഈ ഗവൺമെന്റ് വന്നശേഷം 2010-14 കാലയളവിലെ 24 നിയമനവും നടത്തുകയുണ്ടായി.
- 2015-19 കാലയളവിലെ സ്പോർട്സ് ക്വാട്ട നിയമനത്തിനുള്ള അപേക്ഷകൾ പ്രോസസ്സ് ചെയ്തുവരികയാണ്.

കേരളത്തിൽ ഉന്നതമായ കായികസംസ്കാരം വളർത്തിയെടുക്കാനുള്ള പ്രവർത്തനങ്ങൾക്കാണ് മുൻഗണന നൽകിയിരിക്കുന്നത്. മികച്ച പരിശീലനത്തിലൂടെ ലോകോത്തര താരങ്ങളെ വളർത്തിയെടുക്കുന്നതോടൊപ്പം, മുഴുവൻ ജനങ്ങളെയും കായികവിനോദങ്ങളിലേയ്ക്ക് ആകർഷിച്ച് ആരോഗ്യമുള്ള ഒരു സമൂഹത്തെ സൃഷ്ടിക്കുന്നതുമാണ്. ഇത്തരത്തിൽ ഒരു ദ്വിമുഖ വികസനനയമാണ് കായികമേഖലയിൽ നടപ്പാക്കുന്നത്. ആരോഗ്യ, വിദ്യാഭ്യാസ രംഗങ്ങളിലെന്നപോലെ കായികരംഗത്തും രാജ്യത്തെ ഒന്നാംനിര സംസ്ഥാനമായി കേരളത്തെ മാറ്റാനാണ് ലക്ഷ്യമിടുന്നത്.